# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


**വാല്യം 1**

## പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

## പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

## അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

## നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

## കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

## വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

## നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

## വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

## കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

## ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

## വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

**കോയിപ്രം ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

**ഇലന്തൂർ ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

**റാന്നി ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

**കോന്നി ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

**പന്തളം ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

**പറക്കോട് ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

**കുളനട ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

**തൈക്കാട്ടുശ്ശേരി ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

**പട്ടണക്കാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

**കഞ്ഞിക്കുഴി ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

**ആര്യാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

**അമ്പലപ്പുഴ ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

**ചമ്പക്കുളം ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

**വെളിയനാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

**ചെങ്ങന്നൂർ ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

### വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

### വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

### വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

### വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

### വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

### വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

### വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

### വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

### വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

### വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

### വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

### വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

### വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

### വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

### വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
[illegible]
6. തി[illegible]ചാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവനൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മഥൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

| വാല്യം 153 |
|---|

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

| വാല്യം 154 |
|---|

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

| വാല്യം 155 |
|---|

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

| വാല്യം 156 |
|---|

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

| വാല്യം 157 |
|---|

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

| വാല്യം 158 |
|---|

### ഇടുക്കി ജില്ല

1. തൊടുപുഴ

| വാല്യം 159 |
|---|

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

| വാല്യം 160 |
|---|

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

| വാല്യം 161 |
|---|

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

| വാല്യം 162 |
|---|

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

| വാല്യം 163 |
|---|

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

| വാല്യം 164 |
|---|

### വയനാട് ജില്ല

1. കൽപ്പറ്റ

| വാല്യം 165 |
|---|

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

| വാല്യം 166 |
|---|

### കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

15


# ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസന രേഖ



കേരളം





"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ തുടിക്കുന്നു"

- ഗാന്ധിജി

ഗ്രാമീണ ജനതയുടെ വികസനം
ഉറപ്പുവരുത്തുവാൻ
ജനകീയാസൂത്രണ പ്രസ്ഥാനത്തിനും
ബഹുജനമുന്നേറ്റത്തിനും
കരുത്ത് പകരുക

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസന രേഖ



ഗ്രാമീണരോട് ഒരു മഹാപരാധം പ്രവർത്തിച്ചു എന്ന കുറ്റം നമുക്കുണ്ട്. അതിനുള്ള ഏക പരിഹാരം നഷ്ടപ്പെട്ട അവരുടെ വ്യവസായങ്ങളേയും കലകളേയും പുനരുദ്ധരിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും അതിനുള്ള കമ്പോളം അവർക്കുണ്ടെന്ന് ഉറപ്പുവരുത്തിക്കൊടുക്കുകയുമാണ്. ഗ്രാമങ്ങളോടുള്ള കർത്തവ്യം അവഗണിക്കുകയാണെങ്കിൽ നാം സ്വയം നാശം വരുത്തിവെക്കുകയായിരിക്കും. ഇത് ഭാരമേറിയ ഒരു കർത്തവ്യമല്ല. അവിശ്വസനീയമാം വിധം ലളിതമാണ്. നമുക്ക് ഗ്രാമീണ മനോഭാവം ഉണ്ടാകണമെന്നു മാത്രം.

ഗ്രാമം നശിക്കുകയാണെങ്കിൽ ഇന്ത്യയും നശിക്കുമെന്ന് പറയേണ്ടിയിരിക്കുന്നു. പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടുകയും ചെയ്യും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതായെങ്കിൽ മാത്രമേ അവയുടെ പുനരുദ്ധാരണം സാധ്യമാവുകയുള്ളൂ.”

# താളുകൾ മറിക്കുമ്പോൾ

ആമുഖം

സാമൂഹ്യ-സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി

കൃഷി

മൃഗസംരക്ഷണം - മത്സ്യബന്ധനം

വ്യവസായം

ഊർജ്ജം

മാർക്കറ്റ്

ഗതാഗതം

പാർപ്പിടം-സാമൂഹ്യക്ഷേമം

പൊതുജനാരോഗ്യം

കുടിവെള്ളം

വിദ്യാഭ്യാസം

സംസ്ക്കാരം

പട്ടികജാതി-വർഗ്ഗക്ഷേമം

വനിതാക്ഷേമം

സഹകരണം

വിഭവം

# പഞ്ചായത്ത് ഭരണസമിതി - സ്റ്റാഫ്



രഘുപുരം രാധ
*പ്രസിഡണ്ട്*



സി.എം. ബാബു
*വൈ.പ്രസിഡണ്ട്*



സി. നാരായണകുറുപ്പ്



കെ.പി. ലക്ഷ്മിയമ്മ



ടി.ഇ.ശാന്ത



എ.കെ. ചന്ദ്രൻമാസ്റ്റർ




സി.ടി. പ്രഭാകരകുറുപ്പ്



കെ. കല്യാണി



കെ.പി. കാർത്യായനി



വി.കെ. അമ്മത് മാസ്റ്റർ



# ആമുഖം

നാളിതുവരെയായി നമ്മുടെ ആസൂത്രിത പഞ്ചവത്സര പദ്ധതികളെല്ലാം മേലെ നിന്നു താഴോട്ട് കെട്ടിയേൽപ്പിക്കുന്ന സമീപനമാണ്, തുടർന്നു വന്നത്. അതിനുപകരമായി 9-ാം പഞ്ചവത്സരപദ്ധതി നമ്മുടെ സംസ്ഥാനത്തിന്റെയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോവുകയാണ്. 9-ാം പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ സംസ്ഥാനത്തിന് ലഭിക്കാൻ പോകുന്ന അടങ്കൽ തുകയുടെ 35--40 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് ലഭിക്കാൻ പോകുകയാണ്. അത്രയും തുകയ്ക്ക് വരുന്ന വികസന പരിപാടികൾ താഴെ തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടു കൂടി രൂപപ്പെടുത്തി എടുക്കുക എന്നുള്ളതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യം. ഈ ലക്ഷ്യ നിർവഹണത്തിന്റെ ആദ്യപടി ഗ്രാമസഭകൾ ചേരുക എന്നുള്ളതായിരുന്നു.

ജനകീയ ആസൂത്രണം പരിപാടികൾ വിജയിപ്പിക്കുന്നതിന് സംസ്ഥന തല പരിശീലനം ലഭിച്ച രണ്ടു പേരും ജില്ലാതലത്തിൽ പരിശീലനം ലഭിച്ച പതിനൊന്നുപേരമാണുള്ളത്. 7-9-96 പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്നു പഞ്ചായത്ത് തല പരിശീലകരായി 40 പേരെ തീരുമാനിച്ചു. 11-9- 96ന് ചെറുവണ്ണൂർ എൽ. പി. സ്കൂളിൽ വെച്ചു ഈ 40 പേർക്കും ഏകദിനപരിശീലനം നൽകി. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന് 9.9-.96ന് ചെറുവണ്ണൂർ ഗവ: യു. പി. സ്കൂളിൽ 100 പേർ പങ്കെടുത്ത ഒരു ആലോചന യോഗം നടക്കുകയുണ്ടായി. വർഡടിസ്ഥാനത്തിൽ സ്വാഗത സംഘം ചേരുന്നതിനും വമ്പിച്ച പ്രചരണം നൽകി

**പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം - 10**

| ചേർന്നു കഴിഞ്ഞ ഗ്രാമസഭയിലെ ജനപങ്കാളിത്തം | വാർഡ് | സ്ത്രീകൾ | പുരുഷൻ | ആകെ | ശതമാനം |
|---|---|---|---|---|---|
| മുയിപ്പോത്ത് യു.പി. സ്കൂൾ | 1 | 60 | 145 | 205 | |
| ആവള കുട്ടോത്ത് എൽ.പി. സ്കൂൾ | 2 | 100 | 468 | 568 | |
| ആവള യു.പി. എസ്. | 3 | 36 | 124 | 160 | |
| ആവള കുട്ടോത്ത് ജി.എച്ച്.എസ്. | 4 | 65 | 256 | 321 | |
| പാമ്പിരികുന്ന് എൽ.പി. എസ്. | 5 | 57 | 206 | 263 | |
| ചെറുവണ്ണൂർ എൽ.പി. എസ്. | 6 | 76 | 182 | 258 | |
| ചെറുവണ്ണൂർ വെസ്റ്റ് എൽ.പി. എസ്. | 7 | 141 | 347 | 488 | |
| മുയിപ്പോത്ത് ഈസ്റ്റ് എൽ.പി.എസ്. | 8 | 57 | 148 | 205 | |
| എ.എൽ.പി. എസ്. മുയിപ്പോത്ത് | 9 | 35 | 167 | 202 | |
| ചെറുവണ്ണൂർ നോർത്ത് എൽ.പി.എസ്. | 10 | 63 | 207 | 270 | |
| | | 690 | 2250 | 2940 | |

ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന്നും ആവശ്യമായ പ്രവർത്തനങ്ങൾക്ക് പ്രസ്തുതയോഗം രൂപം നൽകി. സെപ്തംബർ മാസം 21-ാം തീയതി മുതൽ ഒരു ദിവസം 2 ഗ്രാമസഭകൾ വീതം നടത്തി 10 വാർഡുകളുടേയും ഗ്രമസഭകൾ പൂർത്തിയാക്കി. ഗ്രാമസഭയിലെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിന്റെ പേര് :
***ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്***

അതിലുൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് :
***ചെറുവണ്ണൂർ***

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ:
***ചെറുവണ്ണൂർ***

ബ്ലോക്ക് പഞ്ചായത്ത് :
***പേരാമ്പ്ര***

താലൂക്ക് : ***കൊയിലാണ്ടി***

ജില്ല : ***കോഴിക്കോട്***

അസംബ്ളി മണ്ഡലം: ***മേപ്പയൂർ***

വിസ്തീർണ്ണം: ***5341 ഏക്കർ***

ജനസംഖ്യ : ***20687 (91 ലെ സെൻസസ്)***

വാർഡുകളുടെ എണ്ണം : ***10***

പ്രസിഡണ്ടിന്റെ പേര്: ***ശ്രീമതി. രഘുപുരം രാധ.***

വൈ: പ്രസിഡണ്ടിന്റെ പേര്: ***ശ്രീ. സി. എം. ബാബു.***

പഴയ മദ്രാസ് സംസ്ഥാനത്തിലെ വടക്കെ മലബാറിൽപ്പെട്ട കുറുമ്പ്രനാട് താലൂക്കിലെ ആവള ചെറുവണ്ണൂർ, മുയിപ്പോത്ത്, വെണ്ണറോട്, ചെറുവണ്ണൂർ അംശങ്ങളും പാമ്പിരിക്കുന്ന്, ആവളകുട്ടോത്ത് എന്നീ ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് നമ്മുടെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്.

ചാനിയം കടവ് പുഴയ്ക്കപ്പുറം വടക്ക് പടിഞ്ഞാറ് കടത്തനാടും, ഇപ്പുറം നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെട്ട പയ്യോർമല എന്ന പേരിലും അറിയപ്പെട്ടിരുന്നു.

### *പഞ്ചായത്ത് അതിർത്തികൾ.*

വടക്ക്-കിഴക്ക്-ഗുളികപുഴ

പടിഞ്ഞാറ്-തുറയൂർ പഞ്ചായത്ത്

തെക്ക്-മേപ്പയൂർ, നൊച്ചാട് പഞ്ചായത്തുകൾ

കിഴക്ക്-പേരാമ്പ്ര പഞ്ചായത്ത്.

ബ്രിട്ടീഷ് ഗവൺമെന്റ് ഗ്രാമപഞ്ചായത്ത് രൂപീകരണമായി ബന്ധപ്പെട്ടു 1934ൽ ഇറക്കിയ ഉത്തരവു പ്രകാരം രൂപീകൃതമായ ആദ്യകാല പഞ്ചായത്തുകളിലൊന്നാണ് നമ്മുടേത്. നിശ്ചിത സംഖ്യ ഭൂനികുതി അടയ്ക്കുന്നവർക്ക് മാത്രമേ അക്കാലത്ത് വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. കൈപൊക്കി വോട്ടുചെയ്യുന്ന സമ്പ്രദായമായിരുന്നു നിലാവിലുണ്ടായിരുന്നത്. അത് പ്രകാരം താഴെപറയുന്ന 14 പേരെ തെരഞ്ഞെടുക്കുകയും 7-9--1935ൽ പയ്യോളി ട്രാവലേഴ്സ് ബംഗ്ലാവിൽ വെച്ച് ജനാബ് H. H. ഷാംനാട് സാഹിബ് ബഹദൂർ (സ്പെഷ്യൽ ഓഫീസർ ജില്ലാ പഞ്ചായത്ത് മലബാർ)ന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ശ്രീ. എം. ഗോവിന്ദൻ കിടാവ് പ്രസിഡന്റായും ഇ.സി. കണ്ണൻ എന്ന കുഞ്ഞൂഞ്ഞൻ നമ്പ്യാർ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടതോടെ ആദ്യത്തെ ചെറുവണ്ണൂർ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു.

### *മെമ്പർമാർ*

1. പയ്യിൽ കുഞ്ഞിക്കേളുനമ്പ്യാർ
2. പുത്തലത്ത് പൊയിൽ ശങ്കരക്കുറുപ്പ്
3. ആർ. നാരായണൻ നമ്പ്യാർ
4. അരീക്കൽ രാമൻനായർ
5. തെക്കും താവന രാമൻനമ്പ്യാർ
6. വടക്കേടത്ത് സൂപ്പി.
7. അരീക്കൽ അമ്മത് മുസ്ല്യാർ.
8. ചെറുവോട്ട് കുന്നത്ത് കുഞ്ഞബ്ദുള്ള.
9. മാവിലാട്ട് ശങ്കരക്കുറുപ്പ്
10 പാലോടി കുഞ്ഞിരാമൻ എന്ന ഓമ അടിയോടി
11. എം. അപ്പുക്കുട്ടി കിടാവ്
12. പടയന്റെ വിട കെ. കേളു.

പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യത്തെ യോഗം പാവുള്ളാടാൻ കണ്ടി എന്ന വീട്ടിൽ വെച്ച് 10-.10. 35ന് വൈകുന്നേരം 3.30 മണിക്ക് ചേരുകയുണ്ടായി.

*ഒന്നാമത്തെ തീരുമാനം*

പ്രമേയം I (a)

"ചെറുവണ്ണൂർ നിരത്തിൽ നിന്നും ചാനിയം കടവ് വരെ ഒരു നിരത്തുണ്ടാക്കുവാൻ ഈ ബോർഡ് തീർച്ചപ്പെടുത്തിയിരിക്കുന്നു."

അവതാരകൾ : ***മാരാർ ടി. രാമൻ നമ്പ്യാർ***

അനുവാദകൻ : ***വടക്കേടത്ത് സൂപ്പി.***

**(b) മേപ്പടി ചിലവിലേക്ക് തൽക്കാലം 100 ക ചിലവാക്കുവാൻ നിശ്ചയിച്ച്."**

അവതാരകൻ: ***മാരാര ആർ. നാരായണൻ നമ്പ്യാർ.***

അനുവാദകൻ : ***വടക്കേടത്ത് സൂപ്പി.***

സർവ്വസമ്മതമായി പാസ്സാക്കി.

1960ൽ കേരള പഞ്ചായത്ത് ആക്ട് നിലവിൽ വന്നതിനുശേഷം വിവിധ കാലഘട്ടങ്ങളിലായി താഴെ പറയുന്നവർ പ്രസിഡണ്ടായ ഭരണസമിതികൾ നിലവിൽ വരികയുണ്ടായി.

ആർ. നാരായണൻനമ്പ്യാർ

പി. കൃഷ്ണൻ നായർ

പിലാക്കാട്ട് കുഞ്ഞിക്കേളപ്പൻ

എ. കെ. ചന്ദ്രൻ മാസ്റ്റർ.

1994ൽ ഭരണഘടനാ വിധേയമായി പഞ്ചായത്ത് രാജ് നിയമം പാസ്സാക്കപ്പെടുകയും 95--ലെ തെരഞ്ഞെടുപ്പോടുകൂടി പുതിയ ഗ്രാമ പഞ്ചായത്ത് ഭരണ സമിതികൾ നിലവിൽ വരികയും ചെയ്തു.

***ഭരണസമിതി.***

| | |
|---|---|
| പ്രസിഡണ്ട്: | രാഘുപുരം രാധ |
| വൈ. പ്രസിഡണ്ട് : | സി. എം. ബാബു |
| : | സി. നാരായണക്കുറുപ്പ് |
| : | കെ. പി. ലക്ഷ്മി അമ്മ |
| : | ടി. ഇ. ശാന്ത |
| : | എ.കെ.ചന്ദ്രൻ മാസ്റ്റർ |
| : | സി.ടി.പ്രഭാകരക്കുറുപ്പ് |
| : | കെ. കെ. കല്ല്യാണി |
| : | കെ. പി. കാർത്ത്യായനി |
| | വി. കെ. അമ്മത്. |

പഞ്ചായത്തിന് തുടക്കത്തിൽ ഓഫീസ് ഉണ്ടായിരുന്നില്ല. വാടക കെട്ടിടത്തിൽ ആണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്.

പ്രസിഡണ്ടായിരുന്ന ശ്രീ. ആർ. നാരായണൻ നമ്പ്യാരുടെ വീട്ടുവളപ്പിൽ തന്നെയുള്ള കെട്ടിടത്തിലും പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നു.

ഇപ്പോൾ നമുക്ക് സ്വന്തമായി 10.45 സെന്റ് സ്ഥലവും കെട്ടിടവുമുണ്ട്. പി. കൃഷ്ണൻനായർ പ്രസിഡണ്ടായ കാലത്താണ് പഞ്ചായത്തിന് സ്വന്തമായി കെട്ടിട സൗകര്യമുണ്ടായത്.

പരിമിതമായ വിഭവശേഷിയും ബഹുമുഖങ്ങളായ നിരവധി പ്രശ്നങ്ങളും നിലവിലുള്ള പഞ്ചായത്താണ് നമ്മുടേത്. പ്രശ്ന പരിഹാരങ്ങൾക്ക് സമൂർത്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വിജയിപ്പിക്കണമെന്നുണ്ടെങ്കിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും, വിവിധ വർഗ്ഗ ബഹുജന പ്രസ്ഥാനങ്ങളും സന്നദ്ധസംഘടനകളും മറ്റെല്ലാ വിഭാഗം ജനങ്ങളും വിപുലമായ ഐക്യവും കൂട്ടായ്മവും സൃഷ്ടിച്ച് ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്തിക്കൊണ്ടു വരേണ്ടിയിരിക്കുന്നു. അതിന് പര്യാപ്തമാകട്ടെ ഈ വികസന സെമിനാർ.

# സാമൂഹിക സാംസ്കാരിക ചരിത്രം

വീരേതിഹാസങ്ങളുടെ ചരിത്രമുറങ്ങുന്ന കടത്തനാടൻ പ്രദേശങ്ങളുടെ സമീപപ്രദേശമായിരുന്ന 'പയ്യോർമല' പ്രദേശത്ത് ഉൾപ്പെട്ടിരുന്ന ചെറുവണ്ണൂരിൽ 'കടത്തനാടൻ' കളരികളുടെ ചുവടുപിടിച്ചുള്ള അയോധനമുറകളിൽ പ്രാവീണ്യം നേടിയ ഒട്ടേറെ പേരുണ്ടായിരുന്നു. കളരികൾ മികച്ച കായിക പരിശീലനകേന്ദ്രങ്ങൾ കൂടിയായിരുന്നു.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ചെറുവണ്ണൂരിൽ കൂടി സുൽത്താനും പടയാളികളും കടന്നുപോയിരുന്നതായി പ്രായംചെന്ന കാരണവന്മാർ പറയുന്നുണ്ട്.

ഫ്യൂഡൽ കാലഘട്ടത്തിൽ, പഞ്ചായത്തിലെ ഭൂമി മുഴുവൻ കൂത്താളി മൂപ്പിൽനായർ, ചെറുവത്ത്, കുന്നോത്ത് കീരിപ്പിലാക്കൂൽ, കേളമ്പത്ത്, കേളോത്ത്, വയലാളി എടക്കണ്ടി, ബാണത്തൂരില്ലം തുടങ്ങിയ കുടുംബങ്ങൾ വകയായിരുന്നു. മലബാർ കുടിയായ്മ നിയമവും കേരള ഭൂപരിഷ്കരണം നിയമവും നടപ്പായപ്പോൾ ഭൂവിനിയോഗത്തിൽ ഇന്ന് കാണുന്ന വികേന്ദ്രീകൃതാവസ്ഥ സാജാതമായി.

പഞ്ചായത്തിൽ ആദ്യമായി റോഡ് ഗതാഗതം ആരംഭിക്കുന്നത് മേപ്പയൂരുമായി ബന്ധപ്പെടുത്തിയതാണ്. അന്ന് നിലവിലുണ്ടായിരുന്ന തോട് നികത്തിയാണ് ഇന്നത്തെ ചെറുവണ്ണൂർ മേപ്പയൂർ റോഡ് നിർമ്മിച്ചത്. 1962ൽ പഞ്ചായത്തിൽ ആദ്യമായി മുയിപ്പോത്ത് – കൊയിലാണ്ടി റൂട്ടിൽ ബസ്സ് സർവ്വീസ്സ് ആരംഭിച്ചു. 1959ൽ ആ വളയിൽ പോസ്റ്റാഫീസ് സ്ഥാപിച്ചു. ഫോൺ കണക്ഷൻ ആദ്യമായി ലഭിക്കുന്ന വ്യക്തി പാവുള്ളാടൻകണ്ടി കുഞ്ഞിരാമൻ കിടാവാണ്.

സ്വാതന്ത്ര്യസമരനാളുകളിൽ തിരികൊളുത്തിയ പ്രക്ഷോഭത്തിന്റെ കൈത്തിരി ഏറ്റുവാങ്ങി സമരപഥങ്ങളിൽ അണിനിരന്ന പാരമ്പര്യമുള്ള പഞ്ചായത്താണ് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്. അയിത്തോച്ചാടനം സിവിൽ നിയമലംഘനം. വിദേശവസ്ത്രബഹിഷ്കരണം, ക്വിറ്റിന്ത്യാ സമരം തുടങ്ങിയ ചരിത്രപഥങ്ങളിൽ സ്വാതന്ത്ര്യസമരയോദ്ധാക്കളെ അണിനിരത്തുന്നതിൽ നേതൃത്വം നൽകിയവരാണ് ഇ. സി. അപ്പുനമ്പ്യാർ. ഇ. വാസു എന്നിവർ. ഖാദിപ്രസ്ഥാനത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായും ഹിന്ദി പ്രചാരണവുമായി ബന്ധപ്പെടുത്തിയും എം. കെ. കേളുഏട്ടൻ വിവിധഘട്ടങ്ങളിലായി പഞ്ചായത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ മുൻകൈ എടുത്തിരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ കെ. കേളപ്പൻ. വിഷ്ണു ഭാരതീയൻ, എം. കെ. ജി. എം. കുമാരൻമാസ്റ്റർ. പി. ആർ നമ്പ്യാർ തുടങ്ങിയവർ പഞ്ചായത്തിൽ നടന്ന പ്രവർത്തങ്ങളിൽ ബന്ധപ്പെട്ടിരുന്നു.

പയോളി രാമൻ നമ്പ്യാർ മൂർഖൻകണ്ടി ചാത്തു. ആശാരികണ്ടി കണ്ണച്ചെട്ടിയാർ, പുതുക്കുടിക്കണ്ടി ഗോപാലൻ കാമ്പ്രത്ത് നാരായണൻ നമ്പ്യാർ പി. കെ. ഗോപാലൻമാസ്റ്റർ തെക്കെവീട്ടിൽ അപ്പനായർ ആനിക്കോട്ട് കുഞ്ഞുണ്ണിക്കുറുപ്പ് ഇസി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ, വി. കെ. കേളപ്പൻ വൈദ്യർ എന്നിവർ പഞ്ചായത്തിലെ സമരസേനാനികളായിരുന്നു.

''ചത്താലും ചെത്തും കൂത്താളി എസ്റ്റേറ്റ്'' എന്ന മുദ്രാവാക്യം ഒരു കാലഘട്ടത്തിൽ പഞ്ചായത്തിലാകെ മുഴങ്ങിക്കേട്ടു. കൃഷിഭൂമിയ്ക്കുവേണ്ടിയുള്ള പ്രസിദ്ധമായ കൂത്താളി കർഷകസമരത്തിന്റെ ഭാഗമായി ആനിക്കോട്ട് കുഞ്ഞുണ്ണിക്കുറുപ്പിന്റെ നേതൃത്വത്തിൽ നിരവധിപേർ അണിചേർന്ന് അറസ്റ്റും മർദ്ദനവും നേരിടുകയുണ്ടായി.

സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ രൂപീകരിച്ച I.N.A യിൽ ചേർന്ന് പ്രവർത്തിച്ച് 'മിലിട്ടറി ചാത്തു എന്ന പേരിൽ അറിയപ്പെട്ട കോട്ടച്ചാലിൽ മീത്തൽ ചാത്തുവും മലോൽമീത്തൽ കണ്ണനും ഈ പഞ്ചായത്ത് നിവാസികളായിരുന്നു.

സാമൂഹ്യസാംസ്കാരിക രംഗങ്ങളിലെ ഉജ്വല പ്രതിഭയായിരുന്നു. ആവള ടി. കുഞ്ഞിരാമക്കുറുപ്പ് കലയും സാഹിത്യവും സാമൂഹ്യപരിവർത്തനോപാധികളാക്കി ആവള ടി. നടത്തിയ രാഷ്ട്രീയ പ്രവർത്തനം പഞ്ചായത്തിലെ പൊതു പ്രവർത്തകർക്ക് മാതൃകയായിരുന്നു.

1948-50 കാലയളവിൽ നടന്ന പോലീസ്സ് മർദ്ദനത്തിന് വിധേയരായ നിരവധിപേർ ഇന്നും പഞ്ചായത്തിൽ ജീവിച്ചിരിപ്പുണ്ട്. ദേശീയ തലത്തിൽ അയിത്തത്തിനും ജാതീയതയ്ക്കുമെതിരെ നടന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായി ആവളടിയുടെ നേതൃത്വത്തിൽ മിശ്രഭോജനവും സമൂഹസദ്യയും സംഘടിപ്പിച്ചു. നമ്മുടെ പഞ്ചായത്തിൽ ഇന്ന് കാണുന്ന മത ജാതി ചിന്താഗതികൾക്കതീതമായ പൊതു പ്രവർത്തനങ്ങളിലെ കൂട്ടായ്മ രൂപപ്പെടുത്താൻ ഇത്തരം സംരംഭങ്ങൾ കുറച്ചൊന്നുമല്ല സഹായകമായത്.

1970 കളിൽ പഞ്ചായത്തിലെ ഏറ്റവും സംഘടിതമായ വിഭാഗമായിരുന്നു കർഷകതൊഴിലാളികൾ കൂലിക്കൂട്ടലിനും അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും പഞ്ചായത്തിൽ നടന്ന സമരങ്ങൾ 8 മണിമുതൽ 5 മണിവരെയുള്ള സമയ ക്ലിപ്തതയിലേക്കും കാലാകാലങ്ങളിലുള്ള കൂലി വർദ്ധനവിലേക്കും നയിച്ചു. ട്രേഡ് യൂണിയൻ മേഖലയിൽ ചെങ്കൽ കൈത്തറി, ചുമട്, ആർട്ടിസാൻ തൊഴിലാളി വിഭാഗങ്ങൾ 1980 കളിലെ സംഘം ചേർന്നുള്ള പ്രവർത്തനങ്ങൾക്കു രൂപം കൊടുത്തിരുന്നുള്ളൂ. കർഷകരംഗത്തെ പ്രവർത്തനങ്ങൾ 1950 കളിൽ തന്നെ ആരംഭിച്ചുവെങ്കിലും ഇനിയും സജീവത കൈവരിക്കേണ്ടതുണ്ട്.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആണ് പഞ്ചായത്തിൽ സ്കൂളുകൾ സ്ഥാപിതമാവാൻ തുടങ്ങിയത്. ഗുരുകുല വിദ്യാഭ്യാസത്തിനുശേഷം എഴുത്തുപള്ളിക്കൂടങ്ങളായിരുന്നു ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ചെറുവണ്ണൂർ പാമ്പിരികുന്ന്, മുയിപ്പോത്ത്, ആവള പ്രദേശങ്ങളിൽ ഇത്തരം പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു.

മരുന്നാം പൊയിൽ ചെറിയ കുഞ്ഞൻഗുരുക്കൾ, പെരിയച്ചാലിൽ കോമപ്പൻ ഗുരുക്കൾ, ആലുള്ള കണ്ടി ഗോപാലൻ ഗുരുക്കൾ, പയോളി രാമുണ്ണിനമ്പ്യാർ തുടങ്ങിയവർ ആദ്യകാല എഴുത്തുപള്ളിക്കൂടം അദ്ധ്യാപകരായിരുന്നു.

കാൽ നൂറ്റാണ്ടിനുമുമ്പ് പ്രധാനമായും നാട്ടു വൈദ്യ സമ്പ്രദായങ്ങളെയാണ് ഭൂരിഭാഗം ജനങ്ങളും ആശ്രയിച്ചിരുന്നത്. ആയുർവ്വേദ ചികിത്സാരംഗത്തെ പ്രഗത്ഭരായിരുന്നു വണ്ണാൻകുന്നുമ്മൽ കേളപ്പൻ വൈദ്യർ, കോവുമ്മൽ ഗോവിന്ദൻനായർ, പയോളി രാമുണ്ണിനമ്പ്യാർ എന്നിവർ. ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ വടകര, പേരാമ്പ്ര, പയ്യോളി തുടങ്ങിയ പ്രദേശങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. റോഡ് ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമായിരുന്ന പഴയ കാലത്ത് രോഗികളെ തോണിമാർഗ്ഗമായി പയ്യോളിയിലും വടകരയിലും കോഴിക്കോട്ടും മറ്റും എത്തിച്ചിരുന്ന കാര്യം ആധുനിക സൗകര്യങ്ങൾ അനുഭവിക്കുന്ന പുത്തൻ തലമുറയ്ക്ക് അചിന്ത്യമായി തോനാം. ആദ്യമായി ഒരു അലോപ്പതി ചികിത്സാലയം ആരംഭിക്കുന്നത് ചേറോത്ത് വളപ്പിലാണ്. പരേതനായ ധനകാര്യമന്ത്രി ഡോ: കെ ജി അടിയോടി ഈ സ്ഥാപനത്തിന്റെ സേവനം അനുഷ്ഠിച്ചിരുന്നു. അലോപ്പതി, ഹോമിയോ ആയ്യുർവ്വേദ രംഗങ്ങളിൽ ഇപ്പോൾ ചികിത്സാസൗകര്യങ്ങളുണ്ട്. ആധുനിക ചികിത്സാരംഗത്ത് കേരളത്തിൽ ഉണ്ടായ മൊത്തം പുരോഗതി പഞ്ചായത്തിനെയും സ്വാധീനിച്ചിട്ടുണ്ട്.

നാട്ടിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചു തന്നെ ഗൃഹനിർമ്മാണം നടത്തുന്ന രീതിയായിരുന്നു പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പരമ്പരാഗതമായ രീതിയിൽ പരിശീലനം ലഭിച്ചിരുന്ന തൊഴിലാളികൾ മാത്രമാണ് അക്കാലത്ത് ഗൃഹനിർമ്മാണ ജോലികളിൽ ഏർപ്പെട്ടിരുന്നത്. ആധുനിക കമ്പോള സംസ്കാരത്തിന്റെ കാലഘട്ടത്തിൽ വീട് അന്തസ്സിന്റെ പ്രതീകമായി മാറിയിരിക്കുന്നു. പഞ്ചായത്തിലും കഴിഞ്ഞ പത്തിരുപത് വർഷങ്ങൾക്കുള്ളിൽ ഒട്ടേറെ കോൺക്രീറ്റ് മന്ദിരങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

ഇവയിൽ കുറെയെങ്കിലും ആവശ്യത്തിൽ കൂടുതൽ സൗകര്യങ്ങൾ ഉള്ളവയാണ്.

വിദ്യാഭ്യാസരംഗത്തും മറ്റും അർഹിക്കുന്ന പരിഗണന സ്ത്രീ സമൂഹത്തിനും ലഭിക്കുന്നുണ്ടെങ്കിലും സാമൂഹ്യപരിവർത്തന പ്രക്രിയയിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ സ്ത്രീസമൂഹം വളർച്ച പ്രാപിച്ചിട്ടില്ല. മഹിളാരംഗത്തെ സംഘടനാപ്രവർത്തനങ്ങൾ ദുർബ്ബലമാണ്.

ജനജീവിതത്തിന്റെ നാനാതുറകളിൽ ഒട്ടേറെ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. കാർഷികരംഗത്ത് ഏറെക്കുറെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെങ്കി

ലും ഉല്പാദനരംഗം മുരടിപ്പിനെ നേരിടുകയാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളും വെല്ലുവിളികളെ നേരിടുന്നു. ഗതകാലങ്ങളിൽ കൂട്ടായ്മയിലൂടെ നേടിയ പലതും തകർച്ചയുടെ പാതയിലാണ്. വികസനരംഗത്ത് പുത്തൻ അവബോധത്തിലൂടെ പഞ്ചായത്തിന്റെ സമഗ്രമായ വികാസത്തിന് കഴിഞ്ഞ കാലഅനുഭവങ്ങളിൽ നിന്ന് ഊർജ്ജം ശേഖരിച്ച് മുന്നേറാൻ നമുക്ക് കഴിയണം.

# ഭൂപ്രകൃതി

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിന്റെ വടക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് ചെറുവണ്ണൂർ. പടിഞ്ഞാറും വടക്കും ജലസമൃദ്ധമായ കുറ്റ്യാടി പുഴയും തെക്ക് മേപ്പയൂർ, നൊച്ചാട്, തുറയൂർ പഞ്ചായത്തുകളും കിഴക്ക് പേരാമ്പ്ര നൊച്ചാട് പഞ്ചായത്തുകളുമാണ് അതിരുകൾ. ഏകദേശം അമ്പതോളം കുന്നുകളും ഏതാനും സമതലങ്ങളും അടങ്ങിയതാണ്. ഈ പഞ്ചായത്തിന്റെ ഭൂഘടന.

(വിശദാംശങ്ങൾക്ക് കൃഷി റിപ്പോർട്ട് കാണുക)

5341 ഏക്കർ ഭൂവിസ്തൃതിയുള്ള പ്രദേശമാണ് ഈ പഞ്ചായത്ത്. 3804 ഏക്കർ തോട്ടഭൂമിയും 1302 ഏക്കർ വയൽഭൂമിയും 182 ഏക്കർ പുറമ്പോക്ക് ഭൂമിയും 51 ഏക്കർ നീക്കിയിരിപ്പ് ഭൂമിയും അടങ്ങിയതാണ്. ഈ ഭൂമിവിസ്തൃതി. ഭൂസംബന്ധമായ മറ്റു വിശദാംശങ്ങൾക്ക് കൃഷിറിപ്പോർട്ടിലെ Basic Tax Register പട്ടിക നോക്കുക) കോഴിക്കോട് ജില്ലയിലെ നെല്ലറയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ആവള പാണ്ടിയും കരുവോട് ചിറയും ഈ പഞ്ചായത്തിലാണ്.

തോട്ട ഭൂമികളിൽ പ്രധാനമായും തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക് എന്നീ നാണ്യവിളകളും വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, എന്നീ ഇടവിളകളുമാണ് കൃഷി ചെയ്യുന്നത്. മുൻകാലങ്ങളിൽ വെച്ച്, ചേന, കാച്ചിൽ കൂർക്കൽ, മധുരക്കിഴങ്ങ്, ചെറുകിഴങ്ങ്, മുത്താറി, ചാമ, വിവധ ഇനം പയറുകൾ, എള്ള് എന്നീ വൈവിദ്ധ്യമാർന്ന കൃഷികൾ ഇവിടെ നിലവിലുണ്ടായിരുന്നു. കേരളത്തിൽ കഴിഞ്ഞ മൂന്ന് ദശകങ്ങൾക്കിടയിൽ കാർഷികരംഗത്തുണ്ടായ വിളമാറ്റത്തിന്റെ സ്വാധീനം പഞ്ചായത്തിലെ വിളവൈവിദ്ധ്യത്തെ ഗണ്യമായി സ്വാധീനിച്ചു. മകരക്കൊയ്ത്തിനുശേഷം നെൽവയലുകളിൽ വ്യാപകമായി പലതരം പച്ചക്കറികൾ കൃഷിചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ഈ സമ്പ്രദായം വിരളമായിതീർന്നിരിക്കുന്നു. ഔഷധസസ്യങ്ങൾ കാട്ടുപൂച്ചെടികൾ, വിവിധയിനം പക്ഷികൾ എന്നിവയാൽ സമൃദ്ധമായിരുന്ന വയലാമ്പ്രോൽകുന്ന്, പുറക്കാമല, നിരപ്പക്കുന്ന് എന്നീ പ്രദശങ്ങൾ വ്യാപകമായ വനനശീകരണം മൂലം മൊട്ടക്കുന്നുകളായി മാറയിരിക്കുന്നു.

എക്കൽമണ്ണ്, കളിമണ്ണ്, മണൽമണ്ണ്, ചെമ്മണ്ണ്, വെട്ടുകൽ മണ്ണ്, ചരൽമണ്ണ് എന്നിവയാണ്പഞ്ചായത്തിലെ മൺതരങ്ങൾ വിയ്യഞ്ചിറ മുതൽ ഗുളികപ്പുഴവരെയുള്ള പുഴയോരപ്രദേശം വളക്കൂറുള്ള മണൽമണ്ണാണ്. ഇവിടങ്ങളിൽ പ്രധാനകൃഷി തെങ്ങാണ് ഇടവിളയായി കപ്പ, നേന്ത്രവാഴ എന്നിവയും കൃഷിചെയ്യുന്നു. പരപ്പുവയൽ കഴുക്കോട്, തണ്ണീർപന്തൽ എന്നീ വയൽ പ്രദേശങ്ങളിൽ ഉപരിതലത്തിലെ എക്കൽ മണ്ണിന്റെ നേരിയ പാളിക്കടിയിൽ വ്യാപകമായ തോതിൽ കളിമണ്ണ് കാണപ്പെടുന്നു. കുന്നിൻ പ്രദേശങ്ങളിലെ ചെമ്മണ്ണും ചരൽമണ്ണും പൊതുവെ ഫലപുഷ്ടി കുറഞ്ഞതാണ്. എന്നാൽ ചില പ്രദേശങ്ങളിൽ പാറപ്പൊടി അടങ്ങിയ മണ്ണുണ്ട്. ഇത് തെങ്ങ് കൃഷിക്ക് അനുയോജ്യമാണ്.

ആണ്ടിൽ മുഖ്യമായും ലഭിക്കുന്ന മഴ ഇടവപ്പാതിയാണ്. താഴ്ന്ന പ്രദേശങ്ങളിൽ ജല ലഭ്യത കൂടുതലാണ്. കാല വർഷക്കെടുതിയും അതിന്റെ ഭാഗമായ പ്രളയക്കെടുതിയും സാരമായി ബാധിക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. വിയ്യഞ്ചിറ, പരപ്പിൻനിലം, കഴുങ്ങാട് വെണ്ണാറോട്, ആവളപാണ്ടി, പെരിഞ്ചേരികടവ് എന്നീ പ്രദേശങ്ങൾ വർഷംതോറും ഈ കെടുതി അനുഭവിക്കുന്ന സ്ഥലങ്ങളാണ്. ഇത് പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 50 ശതമാനത്തോളം വരും. ഉയർന്ന ഭൂഭാഗങ്ങളിൽ മഴക്കാലത്ത് ലഭിക്കുന്ന ജലം നീർച്ചാലുകളിലൂടെ കുണ്ടൂർ മുഴിതോട്, പരപ്പിൽതോട് വഴി കുറ്റ്യാടിപ്പുഴയിലേക്ക് ഒഴുകിപ്പോകുന്നു. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജല ദൗർല്ലഭ്യത്തിന് പ്രധാനകാരണം ഇതാണ്.

1991ലെ സെൻസസ്സ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 20687 ആണ്. ഇതിൽ 10346 പേർ സ്ത്രീകളും 10341 പേർ പുരുഷന്മാരുമാണ്. പഞ്ചായത്തിലെ തൊഴിൽ സംബന്ധമായ പട്ടിക താഴെകൊടുക്കുന്നു.

| തൊഴിൽ നില. | പു. | സ്ത്രീ | ആകെ. |
|---|---|---|---|
| തൊഴിലുള്ളവർ | 3718 | 670 | 4388 |
| തൊഴിലുള്ളവർ (ഭാഗികം) | 889 | 572 | 1461 |
| തൊഴിൽ രഹിതർ | 5734 | 9104 | 14838 |
| കർഷകർ | 519 | 22 | 541 |
| കർഷക തൊഴിലാളികൾ | 931 | 194 | 1125 |
| കാർഷികാനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടവർ | 260 | 28 | 288 |
| ഉല്പാദനമേഖലകളിൽ പ്രവർത്തിക്കുന്നവർ | 380 | 248 | 628 |
| വ്യാപാരം | 540 | 5 | 545 |
| നിർമ്മാണ തൊഴിലാളികൾ | 129 | - | 129 |

പഞ്ചായത്തിലെ വിഭവങ്ങൾ സംബന്ധിച്ച് സമഗ്രമായ വിവരശേഖരണം നടക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വിശകലനം. അസാദ്ധ്യമായിരിക്കുന്നു. വിശദമായ വിഭവ ഭൂപടനിർമാണത്തിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടിയിരിക്കുന്നു.

# കൃഷി

ഒരു പിടി നാടുവാഴികളുടേയും ജന്മി കുടുംബങ്ങളുടേയും കൈപ്പിടിയിലായിരുന്ന ചെറുവണ്ണൂർ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമിയും പിൽക്കാലത്ത് കുടിയാൻമാർക്ക് ചാർത്തികൊടുക്കുക വഴി പാട്ട വ്യവസ്ഥയിൽ കുടിയൻ മാർക്ക് ചാർത്തികൊടുക്കുക വഴി പാട്ട വ്യവസ്ഥയിൽ കുടിയാൻമാരുടെ കൈകളിൽ എത്തിച്ചേർന്നിരുന്നുവെങ്കിലും, ജന്മിമാരുടെ ക്രൂരമായ ചൂഷണങ്ങൾക്ക് അവർ സദാ വിധേയരായി കൊണ്ടിരുന്നു. കുടി ഒഴിപ്പിക്കുകയും മേൽ ചാർത്തും നിത്യസംഭവങ്ങളായി മാറി. എന്നാൽ ഇതിന്നെതിരെ ചെറുത്തുനിൽപും നടന്നിരുന്നു. ഇല്ലത്ത് പൊക്കായിയെ കുടിയൊഴിപ്പിച്ച് ജന്മിയും എം. എസ്. പി.ക്കാരും ചേർന്ന് അയാളുടെ കട്ടപുര തട്ടി നശിപ്പിച്ചപ്പോൾ അന്ന് പാതിരാവിൽ പകരം ചെറ്റ കെട്ടികൊടുക്കുവാൻ അവള. ടി. ഗോപാലകുറുപ്പിന്റേയും മറ്റും നേതൃത്വത്തിൽ ജനങ്ങൾ മുന്നോട്ട് വന്നിരുന്നു.

കർഷകസമരങ്ങളിലൂടെ നേടിയെടുത്ത മലബാർ കുടിയായ് മാനിയമവും 1957 ലെ സർക്കാർ കൊണ്ടുവന്ന കുടി ഒഴിപ്പിക്കൽ നിരോധനനിയമവും 1970ൽ നടപ്പിൽ വന്ന ഭൂപരിഷ്കരണനിയമവും ഇന്ന് ജന്മിത്വത്തിനെതിരായ കർഷകജനസാമാന്യം നേടിയ വിജയത്തിന്റെ നാഴികകല്ലുകളായിരുന്നു. ജന്മിത്വം അവസാനിക്കുകയും കൈവശക്കാർ യഥാർത്ഥഭൂമിയുടെ അവകാശികളായി മാറുകയും ചെയ്തതോടെ സാമൂഹ്യരംഗത്ത് അനുകൂലമായ പല മാറ്റങ്ങളും ദൃശ്യമായി. സാക്ഷരത വർദ്ധിക്കുകയും ജനങ്ങളുടെ ആയുർദൈർഘ്യം കൂടിവരികയും ജീവിതനിലവാരം മെച്ചപ്പെടുകയും സംഘടിതബോധം ഉയരുകയും ചെയ്തു. ദേശീയ വിമോചന പ്രസ്ഥാനവും കൂത്താളി എസ്റ്റേറ്റ് സമരം പോലുള്ള കർഷക ബഹുജനമുന്നേറ്റങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ കാർഷിക വികാസചരിത്രം.

(പട്ടിക 1 അടുത്തപേജ് നോക്കുക)

പേരാമ്പ്ര പഞ്ചായത്തിന്റെ പടിഞ്ഞാറും മേപ്പയൂരിന്റെ വടക്കും തുറയൂരിന്റെ വടക്കു കിഴക്കും ഭാഗത്ത് നിമ്നോന്നതമായി കിടക്കുന്ന ചെറുവണ്ണൂർ പഞ്ചായത്തിനെ തൊട്ടുരുമ്മിക്കൊണ്ട് വടക്കു പടിഞ്ഞാറു ഭാഗത്തുകൂടെ 10-ഓളം കിലോമീറ്റർ നീളത്തിൽ കുറ്റ്യാടി പുഴ ഒഴുകി പോകുന്നു. * 5341 ഏക്കർ ഭൂവിസ്തൃതിയുള്ള പ്രദേശമാണിത്. ഉയർന്ന സമതലങ്ങൾ, താഴ്വരകൾ, പുഴതീരമടക്കമുള്ള സമതലപ്രദേശങ്ങൾ വയൽ പ്രദേശങ്ങൾ എന്നിങ്ങനെ ഇതിന്റെ ഭൂപ്രകൃതി വേർതിരിഞ്ഞ് കിടക്കുന്നു. *1302 ഏക്കർ വയൽ പ്രദേശവും *3804 ഏക്കർ തോട്ടഭൂമിയും *182 ഏക്കർ പുറമ്പോക്ക് ഭൂമിയും *53 ഏക്കർ നീക്കിയിരുപ്പ് ഭൂമിയുമാണ് ഇവിടെയുണ്ടായിരുന്നതെങ്കിലും നെൽവയലുകൾ നികത്തപ്പെടുന്നതു മൂലം തോട്ട വിള ഭൂമിയുടെ വിസ്തൃതി ദൈനംദിനം കൂടി കൂടി വരികയാണ്. വില്ലേജ് ഓഫീസ്-കൃഷിഭവൻ രേഖകൾ കാണുക. 10341 പുരുഷൻമാരും 10346 സ്ത്രീകളുമടക്കം 20687 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 541 കൃഷിക്കാരും 931 സ്ത്രീകളടക്കം 1125 പേർ കർഷകതൊഴിലാളികളായി ജോലിചെയ്യുന്നു. 50-%ലധികം ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു എന്നു പറയാം. ഏക്കൽമണ്ണ്, മണൽമണ്ണ്, ചെമ്മണ്ണ്, ചരൽമണ്ണ് എന്നിങ്ങനെ വിവിധതരം മണ്ണുകൾ ഇവിടെയുണ്ട്. മൊത്തത്തിൽ മണ്ണ് അമ്ലാംശം കൂടുതലുള്ളതാണ്. തോട്ടഭൂമികളിൽ മുഖ്യമായ വിള തെങ്ങാണ്. തെങ്ങിന്റെ ഉദ്പാദനക്ഷമത ശരാശരി ഉദ്പാദനമായ 38 എണ്ണത്തേക്കാൾ ഇവിടെ ഉല്പാദനം കുറഞ്ഞുവരുന്നു. ഇക്കാര്യത്തിൽ ആവള, കുട്ടോത്ത് ഭാഗങ്ങൾവളരെ പിന്നണിയിലാണ്. ആസൂത്രണം അനിവാര്യമായ ഒരു മേഖലയാണ് ഇത്. ദൈനംദിനം ഈ മേഖല ദരിദ്രമായി കൊണ്ടിരിക്കുന്നു. കർഷകതൊഴിലാളികൾ സമ്പന്നമായ കെട്ടിട നിർമ്മാണ മേഖലയിലേക്ക് ചേക്കേറുന്നു. ജലസേചനസൗകര്യമില്ലായ്മ ജൈവവളത്തിന്റെ ദൗർല്ലഭ്യം കൃഷിക്കാരന്റെ ഋണബാദ്ധ്യത ഉൽപന്നങ്ങളുടെ വിലയിടിവ് ശാസ്ത്രീയമായ കൃഷിരീതിയുടെ അഭാവം കർഷകതൊഴിലാളികളുടെ കൂലിവർദ്ധനവ്, തൊഴിലിന്നോട് അവർക്കുള്ള ആഭിമുഖ്യമില്ലായ്മ എന്നിവ പഞ്ചായത്തിലെ കൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങ

ളാണ്. തോട്ട ഭൂമികളിൽ കവുങ്ങ്, കുരുമുളക്, കശുമാവ്, പിലാവ്, മാവ് എന്നിവയും കൃഷിചെയ്ത് വരുന്നുണ്ടെങ്കിലും ഈ മേഖലയും മുരടിപ്പിനെ നേരിടുകയാണ്. നെൽവയൽ ഭൂമിയുടെ മൊത്തം വിസ്തൃതിയിൽ പകുതിയോളം ഭൂമി മാത്രമേ ഇന്ന് നെൽകൃഷി ഭൂമിയായി അവശേഷിക്കുന്നുള്ളൂ. അതും ദൈനംദിനമെന്നോണം ശോഷിച്ച് വരികയാണ്. ആവളപ്പാണ്ടി. കരുവോട് ചിറ, പരപ്പ് വയൽ തുടങ്ങിയ വയൽ മേഖലകളിൽ കാലവർഷത്തെ മാത്രം അടിസ്ഥാനമാക്കി നെൽകൃഷി ചെയ്തു വരികയായിരുന്നു. എന്നാൽ 1957ലെ ഗവ:ആസൂത്രണം ചെയ്ത കുറ്റ്യാടി പദ്ധതിയുടെ ജലസേചനം നമ്മുടെ പഞ്ചായത്തിലെ വയൽ മേഖലകളിൽ ആശ്വാസമുണ്ടാക്കിയിട്ടുണ്ട്.

കുറ്റ്യാടി പദ്ധതിയുടെ ജലസേചന രംഗത്തുള്ള കനാൽ ചോർന്നൊലിക്കുന്നതുപോലുള്ള വൈകല്യങ്ങളും ഷട്ടർ പ്രവർത്തിപ്പിക്കുന്നതിലുള്ള വ്യവസ്ഥയില്ലായ്മയും കനാൽ ജലം തുറന്നു വിടുന്നതിലുള്ള അപാകതകളും അധികജല കേന്ദ്രീകരണവും മറ്റും പരിഹരിക്കുമെങ്കിൽ കുറ്റ്യാടി പദ്ധതി പൂർത്തിയാവുന്നതോടെ ഈ പഞ്ചായത്തിന് കൂടുതൽ ആശ്വാസമെത്തിക്കാൻ കഴിയുമെന്ന പ്രതീക്ഷ നിലനിൽക്കുന്നു. കോഴിക്കോട് ജില്ലയുടെ നെല്ലറയെന്നറിയപ്പെടുന്ന ആവളപാണ്ടിയും കരുവോട്ചിറയും മറ്റ് പാടശേഖരങ്ങളും കാർഷികരംഗത്ത് നിരവധി ഭീഷണികൾ നേരിടുകയാണ്. ആഫ്രിക്കൻ പായൽ കനാൽ നീർകെട്ട്, ജൈവവള ലഭ്യതയില്ലായ്മ, കരയൊടികളിൽ വെള്ളമെത്തായ്മ ബ്രൗൺ ഹോപ്പർ, കുണ്ടപ്പുഴു എന്നിവയുടെ ആക്രമണം ഇവ എടുത്തു പറയത്തക്കതാണ്.

എടവരാട് പാണ്ടിയുടെ തെക്കു പടിഞ്ഞാറുഭാഗത്ത് നമ്മുടെ പഞ്ചായത്തിൽ പെട്ട സുമാർ 150 ഏക്കർ സ്ഥലം കനാൽ ജലം ലഭിക്കാത്തതിനാൽ ഇരുപ്പൂ കൃഷി നടത്താൻ സാധിക്കുന്നില്ല. കനാൽ ജലം എത്തിക്കാനുള്ള സംവിധാനം കർഷക സഹകരണത്തിലൂടെ നടത്താവുന്നതാണ്. നീർക്കെട്ട് പ്രദേശങ്ങളായ ഇരീച്ചാൽ കണ്ണങ്കോട്ട് താഴെ കരുവോട് ചിറ, ശാലാതുറ, ചെറുവണ്ണൂർ പരപ്പുഴ പാണ്ടി എന്നിവിടങ്ങളിലെ ജലം ലിഫ്റ്റ് ഇറിഗേഷൻ മുഖേന തോട്ട വിളകളിലെത്തിച്ച് ഇരുപ്പൂ കൃഷി നടത്താൻ കഴിയും.

പച്ചക്കറി ഇലക്കറി ഉദ്പാദന രംഗത്ത് നാം വളരെ പിന്നണിയിലാണ്. ഭൂരിഭാഗം ജനങ്ങളും വിപണിയെ ആശ്രയിക്കുന്നു. അനുകൂല കാലാവസ്ഥയും ഭൂപ്രകൃതിയും ജലസ്രോതസ്സും ജൈവവള നിക്ഷേപവും വേണ്ടത്ര ഉണ്ടായിട്ടും നാം ഈ രംഗം അവഗണിക്കുകയാണ്. ഓരോ വീട്ടുവളപ്പിലും പച്ചക്കറിത്തോട്ടം എന്നതിലുപരി കർഷകരുടെ കൂട്ടായ്മ മൂലവും ഈ രംഗം ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു. "നമുക്ക് വേണ്ട പച്ചക്കറി ഇവിടെയുണ്ടാക്കാം" എന്ന തത്വം സ്വീകരിച്ചേ പറ്റൂ. വാഴ, കറമൂസ്സ, മുരിങ്ങ, പയർ, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കണ്ടിക്കിഴങ്ങ്, പൈച്ചികിഴങ്ങ്, ചെറുകിഴങ്ങ്, കപ്പക്കിഴങ്ങ്, പൂളക്കിഴങ്ങ് തുടങ്ങിയ കൃഷികൾക്ക് വൻ പ്രാധാന്യം നൽകി പ്രോത്സാഹിപ്പിച്ചേ പറ്റൂ. ഇവ നമ്മുടെ ദാരിദ്ര്യത്തെ അകറ്റി നിർത്താൻ ഒട്ടൊന്നുമല്ല സഹായിക്കുന്നത്.

വെറ്റിലക്കൃഷി, പഴക്കൃഷി, കൈതച്ചക്ക, പച്ച പുൽകൃഷി ഔഷധസസ്യങ്ങൾ, തേനീച്ച കൃഷി, കൂൺകൃഷി, എന്നിവ നമുക്കേർപ്പെടാവുന്ന മറ്റു കൃഷി മേഖലകളാണ്. മുല്ലപൂവ്, വാനില, മൾബറി, എന്നിവയും എളുപ്പത്തിൽ കൃഷി ചെയ്യാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിനെ തൊട്ടുരുമ്മി കടന്നുപോകുന്ന കുറ്റ്യാടിപുഴയും, കുട്ടോത്ത്കുളം, പാടിവട്ടത്ത് കുളം കേളമ്പത്ത് കുളം, പുത്തൻ കുളം. എടക്കയിൽ കുളം, വാണിയേടത്ത് താഴകുളം, കണ്ണങ്കോട്ട് കുളം, ചെറുവോട്ട് കുളം, ഇല്ലത്ത് കുളം, പുതിയെടുത്ത് കുളം, കൊളോറക്കണ്ടികുളം, ആറോത്ത് കുളം. കുറങ്ങോട്ടുകുളം കാഞ്ഞോട്ട് കുളം പൈതോത്ത് കുളം, ചെമ്പ്രാട്ട് കുളം, മുയിപ്പോത്ത് പഞ്ചായത്ത് കുളം, കുട്ടോത്ത് അമ്പലക്കുളം, മനത്താനത്ത് കുളം, കോരംകുളങ്ങര കുളം, മുണ്ടയിൽ കുളം, തുടങ്ങിയ നിരവധി ജലസ്രോതസ്സുകളും പുറക്കാമല, മൈലാടിക്കുന്ന്, മൊട്ടക്കുന്ന്, മണിയൻ കുന്ന്.

ആഞ്ഞാംകുന്ന്, നിരപ്പക്കുന്ന്, വെള്ളെടുത്ത് കുന്ന്, തവരാത്ത് കുന്ന്, കരിങ്ങാട് കുന്ന്, മഞ്ചേരിക്കുന്ന്, ചുള്ളിയോത്ത് കുന്ന്, വയാലോമ്പോൽകുന്ന്, കാര്യാട്ട് കുന്ന്, പുളിക്കുഴിക്കുന്ന്, ജഡശേഖരൻകുന്ന്, വേട്ടാറകുന്ന്, പൈക്കാട് കുന്ന്, പിലാക്കാട് മീത്തൽ നിരയിൽകുന്ന് കുണ്ടൂതതറക്കുന്ന്, ലക്ഷംവീട് കോളനികൾ ഉൾപ്പെടുന്ന നിരയിൽ ഒന്ന്, പൂവ്വാലോറകുന്ന്. എന്നീ മലനിരകളും ഈ പഞ്ചായത്തലുണ്ട്. ഈ കുന്നിൻ നെറുകയിൽ ഈ പഞ്ചായത്തിലെ നിരവധി ജലസ്രോതസ്സുകൾക്ക് വിശ്രമം കൊള്ളാനുള്ള വഴിയൊരുക്കുമെങ്കിൽ നമ്മുടെ പഞ്ചായത്തിന്റെ ഐശ്വര്യം അകലെ അല്ലതന്നെ. മനുഷ്യപ്രയത്നവും പദ്ധതിവിഹിതവും സാങ്കേതിക വൈദഗ്ധ്യവും ഇവിടെ അനിവാര്യമാണ്.

ഒരു കാര്യം കൂടി എടുത്തുപറയേണ്ടതായിട്ടുണ്ട്. ഒരു കാർഷിക വികസനബേങ്കിന്റെ അഭാവം ഈ പഞ്ചായത്തിലെ എല്ലാതരം കാർഷിക മേഖലയേയും ജലസേചനരംഗത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇവിടെ ഒരു കാർഷിക വികസനബേങ്ക് സ്ഥാപിക്കുന്നതിന്നുള്ള സത്വര നടപടികൾ സ്വീകരിച്ചേ പറ്റൂ.

ഇന്നുള്ള വായ്പാസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ട തുമുണ്ട്.

## തെങ്ങ്

### *കൃഷിരംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും*

മേൽപറഞ്ഞ ജലസ്രോതസ്സുകൾക്കടുത്തുള്ള മേൽപറഞ്ഞ കുന്നുകളിൽ സ്റ്റോറേജുടേക്കുകൾ കെട്ടി വെള്ളം സംഭരിച്ച് കൃഷിക്കും ഉപജീവനത്തിന്നും ഉപയോഗപ്രദമാക്കണം. മനുഷ്യപ്രയത്നവും, സ്ഥലവും സംഭാവനയായി ലഭിക്കും. ഉയർന്ന പ്രദേശങ്ങളിലെ ഉദ്പാദനക്ഷമമല്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി കശുമാവു കൃഷിനടത്താൻ ഏർപ്പാടുണ്ടാക്കണം. തെങ്ങുകയറ്റ പരിശീലനവും അവർക്ക് ഇൻഷൂറൻസ് ആനുകൂല്യങ്ങളും ഉറപ്പു വരുത്തണം. കനാലിലെ അധിക ജലം പമ്പുചെയ്ത് ലിഫ്ട് ഇറിശേഷൻ വഴി തോട്ട വിളകൾക്ക് ജലസേചന സൗകര്യമുണ്ടാക്കണം. തെങ്ങു കൃഷിക്ക് മുപ്പത് സെന്റ് ഭൂമിയിൽ കുറഞ്ഞ കൃഷിക്കാർക്കും പമ്പുസെറ്റ് വാങ്ങാനുള്ള സൗകര്യമുണ്ടാക്കുക. വൈദ്യുതി വ്യാപകമാക്കിയും ബോധവൽക്കരണം നടത്തിയും ഉദ്പാദനവർദ്ധനവിനുള്ള സംവിധാനമുണ്ടാക്കുക. തെങ്ങ്, കവുങ്ങ്, കുരുമുളക്, നേഴ്സറികൾ പ്രാദേശികമായി പ്രധാന കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നു. കൃഷികാർക്ക് ഹെക്ടറിന് 2500 രൂപ സഹായ ധനമായോ പെൻഷനായോ നൽകുക. കൊപ്രയ്ക്ക് ക്വിന്റലിന് 5000 രൂപ തറവില നിശ്ചയിക്കണം. നാളികേര സംസ്കരാണശാല സ്ഥാപിക്കണം. കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ കൊടുക്കണം. കോളനികൾക്ക് കൊടുക്കുന്ന വിത്ത്, വളം, കീടനാശിനി, എന്നിവ പാഴായിപോകാതിരിക്കാൻ ശ്രദ്ധിക്കണം. ഡ്രിപ്പ് ഇറിഗേഷൻ സബ്സിഡി വർദ്ധിപ്പിക്കുക. ഓട്ടുവയലിൽ കുളം കുഴിച്ച് 150 ഏക്കർ തെങ്ങിൻ തോപ്പ് നനയ്ക്കാൻ ഏർപ്പാടുണ്ടാക്കുക. സ്ഥലം സൗജന്യമായി ലഭിക്കും. മണ്ണ് പരിശോധന കാര്യക്ഷമവും ഫലപ്രദവുമാക്കുക. ഗ്രൂപ്പ് ഇറിഗേഷൻ ഇനത്തിൽ അനുവദിക്കുന് 1 ലക്ഷം രൂപ 10 ലക്ഷമാക്കി വർദ്ധിപ്പിക്കുക. കൃഷിക്കാരും കർഷകതൊഴിലാളിയും യോജിച്ച് കൂലി ഏകീകരിക്കുക. കാർഷിക വികസന ബേങ്കിന്റെ കൂട്ടുപലിശാസമ്പ്രദായം നിർത്തലാക്കി. പലിശസബ്സിഡി പുനസ്ഥാപിക്കണം. തെങ്ങിന്റെ രോഗങ്ങളായ ചെന്നീരൊലിപ്പ്, കൂമ്പ്ചീയൽ എന്നിവയ്ക്കും എലി, ചെള്ള് എന്നിവയുടെ അക്രമണത്തിനും പ്രതിവിധി ഉണ്ടാക്കുക.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

**ചെറുവണ്ണൂർ കൃഷിഭവൻ രേഖകൾ 93-94**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 399.94 ഹെക്ടർ |
| പുരയിടം | |
| പുറമ്പോക്ക് | |
| കൃഷിയോഗ്യതരിശ് | 318.75 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | 718.69 |

## ചെറുവണ്ണൂർ കൃഷിഭവൻ രേഖ

| കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടിൽ വസ്തുക്കളുടെ എണ്ണം. | | | | |
|---|---|---|---|---|
| ഇനം | 1933-94 | 1994-95 | 1995-96 | റിമാർക്സ് |
| തെങ്ങ് | 400 | 450 | 400 | |
| കശുമാവ് | 240 | 160 | | |
| കുരുമുളക് | 9500 | 3500 | 9000 | |
| കവുങ്ങ് | 400 | 100 | 440 | |
| നെൽവിത്ത് | 6926 | 9460 | 7547 | |
| തെങ്ങ് TxD | 65 | 70 | 80 | |
| ഡിടി | 30 | 50 | 75 | |
| പച്ചക്കറി | 750 Pkt. | 636 Pkt. | 1220 Pkt. | |

ബാങ്ക് വായ്പയിൽ മുൻഗണനാ മേഖലയിൽ നീക്കിയതിന്റെ 60-%മെങ്കിലും കാർഷിക വായ്പാ ഇനത്തിൽ കിട്ടണം. ഇന്നത്തെ വിള ഇൻഷൂറൻസ് സമ്പ്രദായം പരിഷ്കരിക്കണം. കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ നേരിട്ട് വന്ന് വിളകൾ പരിശോധിക്കണം കമ്പോസ്റ്റ് വളനിർമ്മാണം കൃഷിഭവൻ നേതൃത്വത്തിൽ വിപുലമായി നടത്തണം. സബ്സിഡി 250 രൂപയായി ഉയർത്തുക. കൃഷിഭവന്റെ ഒരു സബ്സെന്റർ മഠത്തിൽ മുക്കിൽ

സ്ഥാപിക്കണം. സമഗ്രമണ്ണ് സംരക്ഷണ പദ്ധതി സ്ഥാപിക്കാനുള്ള സംവിധാനമുണ്ടാക്കുക. നാലാം വാർഡിൽ കൃഷിവികസനത്തിനുവേണ്ടി കരിങ്ങാടുകുന്നുമുതൽ ഹൈസ്കൂൾ വരേയും, മരുതിയാട്ട് താഴെ മുതൽ എടക്കുനിതാഴെ വരെയും എട്ടോത്ത് ഇരീച്ചാൽ ഭാഗം എന്നിങ്ങനെ മൂന്നായി തിരിക്കണം. കരിങ്ങാടുകുന്നിൽ ടേങ്ക് കെട്ടി കുറ്റ്യാടിപുഴയിലെ വെള്ളമുപയോഗിച്ച് ലിഫ്ട് ഇറിഗേൻ മുഖേന 200 ഏക്കർ ഭൂമിയിൽ ജലസേചനം നടത്താൻ സംവിധാനമുണ്ടാക്കണം. കുട്ടോത്ത് കുളത്തിലെ ജലമുപയോഗിച്ച് 100 ഏക്കർ തോട്ടഭൂമിയിൽ ജലസേചനം നടത്താൻ ഏർപ്പാടുണ്ടാക്കണം. വെള്ളെടുത്തുകുന്നിൽ പഞ്ചായത്ത് കൈവശമുള്ള ഒരേക്കർസ്ഥലത്ത് ടേങ്ക് നിർമ്മിച്ച് കുറ്റ്യാടി പുഴവെള്ളമുപയോഗിച്ച് പരിസരപ്രദേശങ്ങളിലെ തെങ്ങ് നനയ്ക്കാനും കുടിവള്ള ക്ഷാമം പരിഹരിക്കാനും പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്താനും സാധിക്കും. അതിനുള്ള പ്രവർത്തനം നീക്കണം. കേരകർഷകസമിതി കാര്യക്ഷമമാക്കുക. കാർഷികതൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് പോകുന്നത് തടയാൻ ആധുനിക കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കുക യും കൂലി ഏകീകരിക്കുകയും ചെയ്യുക. നീർമറി സ്കീമിൽ വാർഡുകളെ ഉൾപെടുത്തി സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. കൃഷികാർക്കുള്ള ആനുകൂല്യങ്ങൾ എല്ലാ കൃഷികാർക്കും അറിയാനുള്ള സംവിധാനമുണ്ടാക്കണം. സോളാർ പമ്പുസെറ്റുകൾ സ്ഥാപിക്കുക. തെങ്ങ്കയറ്റയന്ത്രങ്ങൾ ഇന്നത്തേത് കാര്യക്ഷമമല്ല. ന്യൂനത പരിഹരിക്കണം. കോട്ടക്കുന്നുമ്മൽ ടാങ്കുകെട്ടി ജലസേചനം നടത്തിയാൽ 500 ഏക്കർ തോട്ട ഭൂമി നനയ്ക്കാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും കഴിയും. ശാലാപ്രദേശത്തെ തുറയിൽ പമ്പു വെച്ച് ജലസേചനം നടത്തി പരിസരത്തെ തെങ്ങു കൃഷി കാര്യക്ഷമമാക്കാൻ കഴിയും.

## *നെൽകൃഷി മേഖലയിലെ പ്രശ്നങ്ങളും സാദ്ധ്യതകളും

പ്രധാന കേന്ദ്രങ്ങളിൽ വളം ഡിപ്പോ സ്ഥാപിക്കു. മുയിപ്പോത്ത് ഒഴിഞ്ഞു കിടക്കുന്ന കൃഷിഭവൻ കെട്ടിടം ഇതിനായി ഉപയോഗിക്കാം. പരപ്പുഴ പാണ്ടിയിലെ നീർകെട്ട് പരിഹരിക്കാൻ മദ്ധ്യഭാഗത്തും ഇരുവശങ്ങളിലും തോട് നിർമ്മിക്കുക. കോമ്പിലത്തു കണ്ടി തോടിന്റെ ഇരുവശങ്ങളും കല്ലുകൊണ്ട് കെട്ടി പുഴ വരെ സംരക്ഷിക്കുക. ഇതിന് ആവശ്യമായ മനുഷ്യാദ്ധ്വാനം ലഭ്യമാണ്. മുയിപ്പോത്ത് മണ്ണിൽ അത്താഴ നിന്നും കുന്നത്തു താഴംവരെ കനാൽ നീട്ടണം. 30 ഏക്കർ സ്ഥലത്ത് ഇരിപ്പുകൃഷി നടത്താൻ കഴിയും.

പട്ടേരി മണ്ണിൽ താഴെനിന്നും ചെറുവള്ളി താഴെ വരെ പുതിയ കനാൽ നിർമ്മിക്കണം. ഇരുപത് ഏക്കർ സ്ഥലത്ത് കൂടി ഇരിപ്പൂകൃഷി നടത്താൻ കഴിയും. ഉരുപ്പുങ്കൽ തോട് 200 മീറ്റർ സൈഡ് കെട്ടി ഷട്ടർ ഇടണം. പാടശേഖര സമിതിയും കാഡാകമ്മറ്റിയും കാര്യക്ഷമമാക്കണം. വയൽ നികത്തുന്നതിന്നെതിരെ കർശനനടപടികൾ വേണം. ജല നിർഗ്ഗമന തോടുകൾ വീതിയും ആഴവും കുട്ടി സുഗമമാക്കുക. മനുഷ്യാദ്ധ്വാനം ഉപയോഗിക്കാം. ജലനിർഗമനം സുഗമമാക്കാൻ റോഡുകൾക്ക് ഓവുചാലുകൾ നിർമ്മിക്കുക. പുഞ്ചകൃഷി നടത്തുന്ന നീരർക്കെട്ടുള്ള ഉമ്മത്തിങ്കൽ, കക്കരമുക്ക്, കണ്ടീത്താഴം, കരുവോട് ചിറ, ശാലാതുറഭാഗങ്ങളിൽ 10HP മോട്ടോർ വെച്ച് ലിഫ്ട് ഇറിഗേഷൻ മുഖേന വെള്ളം തിരിച്ച് ഉയർന്നവയലിൽ ഇരിപ്പു നടത്താനും കൃഷി അഭിവൃദ്ധിപ്പെടുത്താനും കഴിയും. പട്ടേരി മണ്ണിൽ താഴെ പുഴവെള്ളം ലിഫ്ട് ഇറിഗേഷൻ മുഖേന 50 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാം മുയിപ്പോത്ത് മണ്ണിൽതാഴെ ഭാഗത്തെ കുഴികൾ നികത്തണം. കർഷകക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തണം. കാർഷിക ബോധവത്കരണ ലഘുലേഖകൾ വിതരണം ചെയ്യുക. അവളെ ഡിസ്ട്രിബ്യൂട്ടറികനാലിന്റെ ചോർച്ചയും കേടുപാടുകളും പരിഹരിക്കുക. വാല്യക്കോട്ട് നിന്നാരംഭിക്കുന്ന കുണ്ടൂർ മുഴി തോട് വീതിയും ആഴവും കൂട്ടി ജലനിർഗ്ഗമനം സുഗഗമമാക്കുകയും ജലസേചനത്തിന് ഷർട്ടറുകൾ സ്ഥാപിക്കുകയും ചെയ്യുക. കിഴക്കയിൽ താഴെനിന്നും കുറ്റ്യോട്ട് താഴെ വരെ പടിഞ്ഞാറ് ഭാഗത്ത് നടുവിലായി ഒരു കൈത്തോട് നിർമ്മിക്കുക. ഇതിന് കായികാദ്ധ്വാനം ലഭ്യമാണ്. വേവുകണ്ടിത്താഴ നടപ്പാതയുടെ ഓവിന് വീതി കൂടുക കിഴക്കയിൽ താഴ വയലിന്റെ നടുക്കുള്ള കരിങ്കൽ ഭിത്തിമൂലം മേലെകൃഷികാർക്ക് വെള്ളം വേണ്ടതുപോലെ ഉപയോഗിക്കാൻ കഴിയുന്നില്ല. പരിഹാരമുണ്ടാക്കണം. ഈന്തൻ കണ്ടി മുക്ക്. കിഴക്കയിൽ താഴെ ഫാംറോഡ് നിർമ്മിക്കുക. ടില്ലർ, കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുക. അയോൽ പടി താഴെ മുതൽ കുന്നത്ത് താഴെവരെ വയലിന്റെ കിഴക്കുവശം കനാൽ ജലമെത്തിക്കാനുള്ള ഏർപ്പാടുണ്ടാക്കണം. കുറൂരകടവിൽ അവസാനിക്കുന്ന കൈകനാൽ പുഴരെ നീട്ടണം. ചേറോത്ത്താഴെ, കാഞ്ഞോട്ട് താഴ, കണ്ടീത്താഴ സ്വാഭാവിക തോടുകൾ സൈഡ് കെട്ടി സംരക്ഷിക്കുക. കുറ്റ്യാടി സബ്കനാൽ കാര്യക്ഷമമായി വേണ്ട സമയങ്ങ

ളിൽ റിപ്പയർ ചെയ്യുക. ആയോൽ പടിമുതൽ ചെറുവണ്ണൂർ ടൗൺവരെ തരിശായിടുന്ന സ്ഥലം കൃഷിയോഗ്യമാക്കണം. ആവളവലിയ കാപ്പുമുതൽ പെരിങ്ങളത്തുപൊയിൽ തണ്ണീർപന്തൽവരെയുള്ള അരുത്തോട് ആഴം കൂട്ടുക. ഗുളികപ്പുഴയിൽ നിന്നു വെള്ളം പമ്പു ചെയ്ത് അമ്പലത്ത് മണ്ണ് ഭാഗത്ത് കൂടെയുള്ള തോടുവഴി വെള്ളമെത്തിച്ചാൽ 200 ഏക്കർ സ്ഥലത്ത് ഇരിപ്പു കൃഷി നടത്താം. കുറ്റ്യാടി പുഴത്തീരം ചെറുവണ്ണൂർ പഞ്ചായത്ത് അതിർത്തിവരെ കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കുക. കുറ്റ്യാടി പുഴയ്ക്ക് ഗുളിഗപ്പുഴ ഭാഗത്ത് ചെക്ക് ഡാം സ്ഥാപിക്കുക. ആവള പൊന്തത്തോട്-ചാക്കൽ റോഡുവരെ നീട്ടുക. 70 ഏക്കർ സ്ഥലത്ത് ഇരുപ്പു കൃഷി നടത്താൻ കഴിയും. എരവട്ടൂർ കനാലിന്റെ എരവട്ടൂർ ഒതയോത്ത് താഴെ ഭാഗത്ത് നിന്നും എടക്കുനിതാഴം മുതൽ പയ്യിൽതാഴെം വരെ വയലിന്റെ പടിഞ്ഞാറുഭാഗത്ത് കൂടി കനാൽ നിർമ്മിക്കണം. ഇതിനാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കപ്പെടും ഇന്നുള്ള ഫീൽഡ് ബൂത്ത് കാര്യക്ഷമമാക്കണം. മരുതിയാട്ടു താഴെ വന്നു നിൽക്കുന്ന നിലവിലുള്ള തോട് കുന്നോത്ത് താഴെവരെ പുനർനിർമ്മിക്കണം. സേവനമായി ചെയ്യും. രയരോത്തുകുന്നുമ്മൽ താഴമുതൽ കുറ്റ്യോട്ടു നടവരെ വയലിന്റെ നടുവിൽകൂടി തോടുവെട്ടി നടയ്ക്കലുള്ള കാപ്പിലേക്ക് വെള്ളമെത്തിച്ച് അത് റിസർവോയറാക്കി സംരക്ഷിക്കുക. ഇരീച്ചാൽ ഭാഗത്തുനിന്ന് കുറ്റ്യോട്ടു നടവരെയുള്ള തോട് വലുതാക്കുക. പെരുവണ്ണാമുഴിയിൽ നിന്നും കനാൽ ജലം തുറന്നു വിടുന്നതിന് ഒരു നിശ്ചിത തിയ്യതി ഉറപ്പുവരുത്തണം. ചെറുവണ്ണൂർ കൃഷി ഭവൻ മുൻകൈയ്യെടുത്ത് കന്നികൃഷിക്കാവശ്യമായ സ്ഥലം കണ്ടെത്തി കൃഷി നടത്തിയാൽ ഇവിടേക്കാവശ്യമായ നെൽവിത്ത് ഉദ്പാദിപ്പിക്കാം. കുണ്ടൂർ മുഴിതോട് വീതിക്കൂട്ടി സംരക്ഷിച്ചത് തടവിന് തെക്കുവശം വെള്ളം തടഞ്ഞ് കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിലൂടെ തോട് നിർമ്മിച്ച് വെള്ളം തിരിച്ചാൽ മാണിക്കോത്ത് താഴെ, പാണ്ടിക്കരതാഴ, കയ്യൂർച്ചകുനി എന്നീ ഭാഗങ്ങളിലെ 300 ഏക്കർ ഭൂമിഫലഫുയിഷ്ടമാക്കാം. ഇരിപ്പുവാക്കാം? കുറൂർകടവ് ബണ്ട് വീതികൂട്ടി വെള്ളമൊഴിയാൻ മൂന്ന് നാല് സ്ഥലത്ത് പൈപ്പ് സ്ഥാപിക്കണം. അവള തണ്ണീർപ്പന്തൽ മുതൽ മെയിൻ തോടുവരെ വയലിന്റെ മദ്ധ്യഭാഗത്തോടുകൂടെ കൈത്തോട് നിർമ്മിക്കണം. പാണ്ടിക്കര പൊയിൽ മുതൽ കുറൂർ പൊയിൽ വരെയുള്ള നടവരമ്പ് നീളവും വീതിയും ഉയരവും കൂട്ടി സംരക്ഷിക്കണം. മഠത്തും താഴകെട്ടിന്റെ തോണിക്കള്ളി മദ്ധ്യത്തിലാക്കണം. കളങ്കോവുമ്മൽ താഴമുതൽ പാണ്ടിക്കര താഴവഴി വണ്ണത്താൻ മൂലവരെ കൈത്തോട് നിർമ്മിക്കണം. പരപുഴ പാണ്ടിയിൽ കനാൽ സൈഡു കെട്ടി വന്നു നിൽക്കുന്ന സ്ഥലത്ത് നിന്ന് വയലിന്റെ രണ്ട് ഭാഗത്തുകൂടി സൈഡുകനാൽ തിരിച്ചുവിടണം. വാഴാട്ട് മുക്കുമുതൽ കക്കറമുക്ക് കണ്ടീതാഴ റോഡിന്റെ ഭാഗത്തുള്ള കൈക്കനാലുമായി ബന്ധിപ്പിക്കണം. കക്കറമുക്ക് കണ്ടീത്താഴ റോഡ് വീതിയും ആഴവും കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കണം. ക്രംഓക്ലോസ് ബെൽട്ടിന്റെ പലക സൂക്ഷിക്കാൻ ഷെഡ് നിർമ്മിക്കണം. ഈ തോടിന്റെ ഇരുഭാഗത്തുമുള്ള 150 ഏക്കർ വയൽ ഇരിപ്പുവാക്കി മാറ്റാൻ കഴിയും. പുഞ്ചകൃഷിക്ക് കനാൽ ജലം ലഭിക്കാൻ വേണ്ടി കനാലിൽ നിന്നും കൃഷിസ്ഥലം വരെയുള്ള പാടിവട്ടത്ത് കുളംമുതൽ മൊടക്കണ്ണൻ തോടുവരെയുള്ള ഭാഗം സൈഡ്കെട്ടി കോൺക്രീറ്റ് ചെയ്ത് ഷർട്ടർ വെയ്ക്കണം. ജനുവരിമാസത്തിൽ കനാൽ ജലം കഴുക്കോട്ട് വയലിൽ എത്തിക്കാൻ സംവിധാനമുണ്ടാക്കണം. പാടിവട്ടത്ത് കുളവും തുറയും ജലസംഭരണികളായി ഉപയോഗിച്ചാൽ കൂടുതൽ നന്നായി കൃഷി നടത്താം കരുവോത്ത് ചിറഭാഗത്ത് ഫാം റോഡ് വേണം. തുറമുതൽ കരുവോട് ചിറവരെ കൂക്കോട്ട് വയലിന്റെ നാലുഭാഗത്തെ തോട് ജലസേചനത്തിന് ഉപയോഗപ്പെടുത്തുക. ചെറുവണ്ണൂർ പഞ്ചായത്ത് നിർമറി പ്രദേശമാക്കി പ്രഖ്യാപിക്കണം. വിയ്യം ചിറയിൽ നിന്നു പുറത്തേക്ക് അടിക്കുന്ന വെള്ളം എടത്തും താഴവഴി പൈപ്പ് ലൈനിലൂടെ കിണറ്റും കരതാഴംവരെ എത്തിച്ചാൽ നെല്ലുദ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. പുതുതായി കൃഷി ആവശ്യത്തിനായി നിർമ്മിക്കുന്ന തോടിന്റെ ഇരുവശത്തും അനധികൃതമായി യാതൊരു കൃഷിയും നടത്താൻ അനുവദിക്കരുത്. വിയ്യഞ്ചിറനിന്നും പരപ്പിലേക്കുള്ള തോടിന്റെ ഒരു ഭാഗത്ത് ഫാം റോഡ് നിർമ്മിക്കണം. വിയ്യഞ്ചിറ നിന്നുമുള്ള റോഡ് എടത്തും താഴവരെ പുനർനിർമ്മിക്കണം.

ചെറുവണ്ണൂർ പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിയ ജലസേചനപദ്ധതി

കരുവോട് ചിറയിൽ പമ്പ് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്ത് നിലത്തിന്റെ നാലു ഭാഗത്തും തോട് നിർമ്മിച്ച് വെള്ളം നിലനിർത്തിയാൽ 500 ഏക്കർ ഇരിപ്പു കൃഷി നടത്താം. ഏഴുക്കോട്ട് വയലിൽ നെല്ലുദ്പാദകസമിതിക്ക് ഒരു ടില്ലർ ഗ്രാന്റായി അനുവദിക്കണം. വിയ്യഞ്ചിറമുതൽ പരപ്പുവരെയുള്ള തോട് പണി ഉടൻ പൂർത്തിയാക്കണം. ശാലാതുറയിലെ വെള്ളം ടാങ്കിൽ സംഭരിച്ച് കഴുക്കോട്ട്, അനിക്കോട്ട് താഴ വിരിപ്പൊയിൽ എന്നീ ഭാഗങ്ങളിൽ കൃഷി സുഗമമാക്കാൻ ഉപ

## വസ്തു വിസ്തീർണ്ണവും ഉൽപാദനവും കൃഷിഭവൻ, ചെറുവണ്ണൂർ

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം (ഹെയ്ടറിങ്ങ്) |
|---|---|---|
| നെല്ല്-1ാം വിള | 19-.88 ഹെക്ടർ | 2000 K. G. |
| 2-ാം വിള | 149 ഹെ | 2500 K. G |
| 3-ാം വിള | 231.06 ഹെ | 5000 K. G |
| പയർ | - | - |
| എള്ള് | - - | - |
| പച്ചക്കറികൾ | 22ഹെ | |
| തെങ്ങ് | 1417.86 ഹെ. | തെങ്ങ് ഒന്നിന് 3 4 തേങ്ങ |
| വാഴ | 39.84 ഹെ. | |
| മരച്ചീനി | 20.ഹെ | |
| കുരുമുളക് | 22. ഹെ | |
| കശുമാവ് | 12.05 | |
| മാവ് | - | |
| പ്ലാവ് | - | |
| റബ്ബർ | - | |
| കവുങ്ങ് | 11.43 ഹെ. | |
| ഇഞ്ചി | 12 . ഹെ | |
| മഞ്ഞൾ | 12. ഹെ | |

യോഗപ്പെടുത്തുന്നു. ഈ പദ്ധതി മണിയൻകുന്ന് ഭാഗത്തെ ജലക്ഷാമം പരിഹരിക്കുന്നതിനും, തെങ്ങു നനയ്ക്കുന്നതിനും കൂടി ഉപയോഗപ്പെടുത്താവുന്നതാണ്. കനാൽ ജലം കണ്ടീത്താഴം വെണ്ണാറോഡ് എന്നീ ഭാഗങ്ങളിലൂടെ അനാവശ്യമായി ഒഴുകിപോകുന്നതു തടയുകയും പ്രസ്തുതജലം അനിക്കോട്ട് താഴെ, വിരിപ്പൊയിൽ ഭാഗങ്ങളിലും കഴുക്കോട്ട് വഴി പൂങ്കുളം ഭാഗങ്ങളിലും എത്തിക്കാൻ സംവിധാനമുണ്ടാക്കുക. മൈലാടിക്കുന്നിൽ ടാങ്കു കെട്ടി പുഴവെള്ളം ശേഖരിച്ചാൽ തെങ്ങ് നനയ്ക്കാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും കഴിയും. ഈ പദ്ധതി ഉപയോഗിച്ചാൽ 22 ഏക്കർ സ്ഥലം "220" കെ. വി. ലെനിനു കീഴെയുള്ള സ്ഥലം ഉൾപ്പെടെ പച്ചക്കറി നേന്ത്രവാഴ, എന്നീ ഹ്രസ്വകാല വിളകൾ ഉണ്ടാക്കാം. പുതുക്കൈ-പൂങ്കുളം ഭാഗങ്ങൾ ഗ്രൂപ്പു ഫാമിങ്ങിലുൾപ്പെടുത്തുന്ന, വിരിപ്പൊയിൽ കൂട്ടുകൃഷി ഫാമിലേക്ക് ഫാം റോഡ് നിർമ്മിക്കുക. സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. പരപ്പിൽ ഭാഗത്തെ കനാൽ കൃഷി സുഗമമായി നടത്താൻ വേണ്ടിയുള്ള പൈപ്പിടൽ വർക്ക് സാങ്കേതികത്വം നീക്കി ഉടൻ പൂർത്തീകരിക്കുക. കാർഷിക ബേങ്കിന്റെ അഭാവം കൃഷിമേഖലയെ ഒട്ടൊന്നുമല്ല വിപരീതമായി ബാധിച്ചിട്ടുള്ളത്.

## പച്ചക്കറികൃഷിമേഖലയിലെ പ്രശ്നങ്ങളും, സാദ്ധ്യതകളും

വർഷം തോറും നാം കോടിക്കണക്കിന് രൂപാ മുടക്കി പച്ചക്കറിക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ഈ രംഗത്ത് മനസ്സ് വെച്ചാൽ എളുപ്പത്തിൽ സ്വയം പര്യാപ്തത നേടാൻ കഴിയും. വാർഡിന്റെ വിവിധ ഭാഗങ്ങളിലായി കിടക്കുന്ന തരിശ് ഭൂമികളുള്ള കനാൽ സൈഡുകളും പച്ചക്കറിക്ക് ഉപയോഗിക്കാം. കൂടാതെ പച്ചക്കറി കൂട്ടുകൃഷിയും നടത്താവുന്നതാണ്. ഭൂമി നൽകാൻ വ്യക്തികൾ തയ്യാറാണ്. എല്ലാ കിടപ്പാടത്തും പച്ചക്കറി എന്ന തത്വം നാം പ്രയോഗത്തിൽ വരുത്തേണ്ടിയിരിക്കുന്നു.

അമ്പലത്തുമണ്ണിൽ തോടുവഴി ഗുളികപ്പുഴയിലെ വെള്ളം പമ്പുചെയ്ത് എത്തിച്ചാൽ 200 ഏക്കർ സ്ഥലത്ത് പച്ചക്കറി ഉണ്ടാക്കാൻ കഴിയും. സ്കൂൾ കോമ്പൗണ്ടിൽ പച്ചക്കറി പ്ലോട്ടുകൾ നിർമ്മിക്കേണ്ടതാണ്. വാണിയെടുത്തു താഴെ കുളം ആഴം കൂട്ടിയാൽ ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽ പച്ചക്കറി കൃഷി നടത്താൻ കഴിയും. മാവിലപ്പാടിപൊയിൽ പച്ചക്കറിക്കു പറ്റിയ സ്ഥലമാണ് കുളം കുഴിക്കാനും കൃഷി ചെയ്യാനും വേണ്ടി 30 സെന്റ് സ്ഥലം വിട്ടുതരാൻ ആളുകൾ തയ്യാറാണ്. വിരിപ്പൊയിൽ മണ്ണിൽ താഴെ സാംസ്കാരിക നിലയത്തിന്റെ പരിസരം എന്നിവ പച്ചക്കറി കൃഷി ഗ്രൂപ്പ് ഫാമിങ് രീതിയിൽ നടത്താൻ കഴിയുന്ന പ്രദേശങ്ങളാണ്. പച്ചക്കറി കൃഷിക്ക് ആവശ്യമായ വിത്ത്, ജൈവവളം, ജൈവകീട നാശിനി, കുമ്മായം എന്നിവ കുറഞ്ഞ വിലയ്ക്ക് കിട്ടുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം. അടുക്കള തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കാൻ വാർഡുകൾ തോറും സമ്മാനപദ്ധതികൾ ഏർപ്പെടുത്തണം. കൃഷിഭവൻ ഇക്കാര്യത്തിൽ ശ്രദ്ധിക്കണം.

## കൃഷി അനുബന്ധ വ്യവസായങ്ങൾ

### *പ്രശ്നങ്ങളും-സാദ്ധ്യതകളും*

കൊപ്രഡ്രയർ സ്ഥാപിക്കണം. കൊപ്രവ്യവസായം സഹകരണാടിസ്ഥാനത്തിൽ നടത്തണം. ഉദ്പാദകന് ന്യായവില ഉറപ്പുവരുത്താനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചനം നേടാനും സാധിക്കും. കാർഷികോൽപന്നങ്ങളായ കൊപ്ര, അടയ്ക്ക, കുരുമുളക്, കശുവണ്ടി എന്നിവ സംഭരിച്ച് വിപണനം നടത്താൻ ഈ സഹകരണസംഘങ്ങൾക്ക് സാധിക്കണം. പച്ചക്കറി സംഭരണവും സൊസൈറ്റി നടത്തണം. ചികരി, ചിരട്ട എന്നിവ ഉപയോഗിച്ച് അനുബന്ധവ്യവസായങ്ങൾ നടത്താം. ഇതിന് പരിശീലനം ലഭിക്കണം. ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിച്ച് ക്ഷീരവ്യവസായം മെച്ചപ്പെടുത്തണം. കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിച്ച് അവിലിടിയന്ത്രം സ്ഥാപിച്ച് സഹകരണാടിസ്ഥാനത്തിൽ അവിൽ വിൽപനകേന്ദ്രം സ്ഥാപിക്കണം.

വാഴനാരു ഉപയോഗിച്ചുള്ള കരകൗശല വസ്തു നിർമ്മാണം പരിശീലനം ലഭിച്ചവർ മുഖേന നടത്തേണ്ടതാണ്. ജൈവവള നിർമ്മാണത്തിനും കുമ്മായമുണ്ടാക്കുന്നതിനും സംവിധാനമേർപ്പെടുത്തണം. വൈദ്യുതി ലഭ്യമായാൽ സ്റ്റോൺക്രഷർ, കല്ലുവെട്ട്യന്ത്രം എന്നിവ സ്ഥാപിക്കാൻ കഴിയുന്നതാണ്.

വർദ്ധിച്ചു വരുന്ന ഗൾഫ് പണം കാർഷികമേഖലയിൽ പ്രയോജനപ്പെടുത്താൻ ഏർപ്പാടുണ്ടാക്കേണ്ടതാണ്. ഇന്ന് കെട്ടിട നിർമ്മാണരംഗത്ത് നിക്ഷേപിക്കുന്ന പ്രസ്തുത പണം ഉദ്പാദനരംഗത്ത് നിക്ഷേപിക്കത്തക്ക വിധം സഹകരണരംഗം പോഷിപ്പിക്കേണ്ടതാണ്.

പട്ടിക 1

# ചെറുവണ്ണൂർ പഞ്ചായത്തിലെ മൊത്തം ഭൂവിവരം

## ബേസിക് ടാക്സ് രജിസ്റ്റർ - 1986- 87

ചെറുവണ്ണൂർ വില്ലേജ് ഓഫീസ്

| ദേശത്തിന്റെ പേര് | മൊത്തഭൂമി ഏക്കർ | നഞ്ച (നിലം) | | തോട്ട ഭൂമി | ഏക്കർ | | പുറം പോക്ക് | നീക്കിയിരിപ്പ് (ഭൂമി) |
|---|---|---|---|---|---|---|---|---|
| | | ഒരുപുകിൽ നഞ്ച | ഇരുപുകിൽ നഞ്ച | | സ്ഥിരം പുഞ്ച | അസ്ഥിരം പുഞ്ച | | |
| മുയിപ്പോത്ത് | 1361.45 | 118.16 | 5 19.56 | 760.89 | 31.34 | 31.50 | 78.34 | 10.575 |
| വെള്ളാറോട് | 247.55 | 41.39 | 1.76 | 159.22 | 16.86 | 9.86 | 15.03 | 3.43 |
| ന്ന വള | 875.48 | 284.50 | 1.47 | 448.50 | 57.54 | 19.76 | 52.64 | 11.07 |
| കുട്ടോത്ത് | 937.84 | 168.16 | 6.36 | 698.75 | 46.84 | 12.86 | 2.40 | 2.47 |
| ചെറുവണ്ണൂർ | 1151.54 | 160.76 | 24.59 | 933. 74 | 9.09 | - | 15.46 | 8.23 |
| പറമ്പിരിക്കുന്ന് | 769.23 | 174.38 | - | 564.25 | 1.06 | 2.27 | 16.595 | 8.67 |
| ആകെ | 5341.09 | | | | | | | |

# തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

## കൃഷിഭവൻ–ചെറുവണ്ണൂർ

| പഞ്ചായത്ത് | തെങ്ങ് കൃഷി വിസ്തീർണ്ണം | എണ്ണം | | | രോഗംബാധിച്ച തെങ്ങുകൾ (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റൂട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംങ്ങ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| ചെറുവണ്ണൂർ | 1417.86 Hector | " | " | 1,13,360 | " | 8000 | 3000 | 1500 | " | 12,500 |

## കാർഷിക ഉപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | | മരുന്നുതളി ഉപകരണങ്ങൾ | | മെതി യന്ത്രം | തെങ്ങു കയറ്റയന്ത്രം | പോർട്ടബിൾ പമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്സാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 5 | " | 1 | " | 10 | 160 | 2 power sprayer | 1 | 4 | 15 |
| 7 | 1 | " | " | " | " | " | " | " | " |
| 9 | 1 | " | " | " | " | " | " | " | " |

## കൈവശഭൂമി വിസ്തീർണ്ണം

| പഞ്ചായത്ത് | നാമ മാത്ര കർഷകർ (ഒരു ഹെക്ടർറിനു താഴെ) | ചെറുകിട കർഷകർ (ഒന്നുമുതൽ രണ്ടുഹെക്ടർവരെ) | വൻകിട കർഷകർ (രണ്ടു ഹെക്ടർറിനു മുകളിൽ) |
|---|---|---|---|
| | 4193 | 85 | 12 |

## ചെറുവണ്ണൂർ പഞ്ചായത്തിൽ പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ ജലസേചന പദ്ധതിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേർ | ആരംഭിച്ചവർഷം | പൂർത്തിയായവർഷം | എസ്റ്റിമേറ്റു തുക | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|
| 1 | ആവള മരക്കാടി തോടിന്റെ അറ്റകുറ്റപണികൾ | 28.4.95 | 14.3.96. | Rs 1,83,651/- | |
| 2. | വെണ്ണാറോട് കണ്ടീത്താഴതോടിന് കുറുകെ വി.സി.ബി നിർമ്മാണം | 4/92 | 2 26.3.96 | Rs 2,36,389/- | ക്ലാസ്സു 2-വർക്ക്. |
| 3. | കരുവോട് ചിറഡ്രെയിനേജ് തോടിന്റെ കരസംരക്ഷണം | 23.2.95 | - | Rs. 9,1,000/- | അഗ്രികൾച്ചർ വർക് |
| 4. | കണ്ടൂർ മൂഴിത്തോടിന്റെ കരസംരക്ഷണം | - | - | Rs 4,04-,965/- | |
| 5 | മുയ്യിപോത്ത് സാംസ്കാരിക നിലയം മുതൽ പാനിയം കടവുവരെ ബണ്ടു നിർമ്മിക്കൽ. | 1.3.95 | 29.3.96 | Rs 2,83,058/- | ജലധാരാപദ്ധതി |
| 6 | കുണ്ടൂർ മൂഴിതോടിന്റെ കരസംരക്ഷണം | 2.3.95 | - | Rs 4,20000/- | |

* അവലംബം - മൈനർ ഇറിഗേൻ സെക്ഷൻ ഓഫീസ് റജിസ്ട്രർ

# ചെറുവണ്ണൂർ പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേർ | എസ്റ്റിമേറ്റു തുക | മറ്റുവിവരങ്ങൾ |
|---|---|---|---|
| 1 | കുണ്ടൂർ മുഴിത്തോട് കരസംക്ഷണം റീച്ച് I | Rs. 5,25,000/- | അഗ്രിക്കൾച്ചർവർക് |
| | റീച്ച് II | Rs. 4,25,000/- | " |
| 2. | കോവിലകത്തുകണ്ടി വി.സി.ബി.യുടെ അറ്റകുറ്റപ്പണി | Rs. 2,00000/- | ജനറൽവർക് |
| 3 | മുയ്യിപോത്ത് പാറത്തൊടി മുക്കിൽ ബണ്ട് നിർമ്മാണം | Rs. 3,80,000/- | ജലധാര |
| 4 | പരപ്പപ്പിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | | ഇ.ഇ.സി സ്കീം |
| 5 | മരക്കൂട്ടം-പള്ളിത്താഴതോടിന്റെ കര അഭിവൃദ്ധിടുത്തൽ | Rs. 3,00000/- | നബാർഡ്പദ്ധതി |
| 6 | കുണ്ടൂർ മുഴിതോട് - ചിരുക്കുഴി വളവിന്റെ കരസംരക്ഷണം | Rs. 2,00000/- | ജനറൽവർക് |
| 7 | നടുവിലേടത്ത് താഴ മുതൽ കേളമ്പതത്തുതാഴവരെ | Rs. 15,00000/- | ക്ലാസ് വർക് |
| | ഡ്രെയിനേജ് തോട് നിർമ്മിക്കൽ | | എസ്റ്റിമേറ്റ ആയിട്ടില്ല |
| 8 | വിയ്യം ചിറ ഡ്രെയിനേജ് തോടിന്റെ കരസംരക്ഷണം | Rs. 10,00000/- | അഗ്രികൾച്ചർ വർക് |

അവലംബം - മൈനർ ഇറിഗേൻ സെക്ഷൻ ഓഫീസ് റജിസ്ട്രർ, കൊയിലാണ്ടി

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

നമ്മുടെ ഗ്രാമീണ സമ്പത്തിന്റെ 22 ശതമാനത്തോളം ലഭ്യമാകുന്നത് മൃഗസമ്പത്തിൽ നിന്നാണ്. അതുകൊണ്ടുതന്നെ മൃഗസംരക്ഷണം ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നാഡിമിടിപ്പാണെന്ന് പറയാം. സംസ്ഥാനത്തിലെ കന്നുകാലി സമ്പത്തിന്റെ 90 ശതമാനവും ഉൾക്കൊള്ളുന്നത് ഗ്രാമപ്രദേശങ്ങളിലാണ്. ഗ്രാമങ്ങളിലെ കർഷകത്തൊഴിലാളികൾ, കർഷർ എന്നിവരാണ് യുഗസംരക്ഷണത്തിൽ മുഖ്യപങ്കാളികൾ എന്നതിനാൽ ഗ്രമീണ ജനതയുടെ ജീവിതനിലവാരം ഉയർത്താൻ മൃഗസംരക്ഷണത്തിന് പ്രാധാന്യം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒറ്റനോട്ടത്തിൽ മാതൃകാപരമെന്ന് വിശേഷിപ്പിക്കാവുന്ന നേട്ടങ്ങൾ കേരളത്തിലെ മൃഗസംരക്ഷണ രംഗത്ത് ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഈ നേട്ടങ്ങൾ സമൂഹത്തിന്റെ താഴെ തട്ടിലേക്ക് ഇനിയും എത്തിച്ചേർന്നോ എന്ന കാര്യം ചർച്ച ചെയ്യേണ്ടതാണ്. ഉയർന്ന ജനിതകഗുണങ്ങളുള്ള സങ്കരയിനം കന്നുകാലികൾക്ക് പോഷകഗുണമുള്ള ഭക്ഷണത്തിന് പകരം നമ്മുടെ ഗ്രാമീണ കർഷകൻ വൈക്കോലും ഭക്ഷ്യാവശിഷ്ടങ്ങളും തീറ്റയായി നൽകിവരുന്നു. പോഷകഗുണമുള്ള കാലിത്തീറ്റ നൽകാൻ ഉൽപ്പാദനക്ഷമത കുറഞ്ഞ നാടൻ കന്നുകാലികളെത്തന്നെ ആശ്രയിച്ചുവരുന്നു. ഇത് സൂചിപ്പിക്കുന്നത് സമൂഹത്തിലെ സാമ്പത്തിക ഭദ്രതയുള്ള കർഷകർക്കു മാത്രമേ സങ്കരയിനം കന്നുകാലികളെ വളർത്തി മെച്ചപ്പെട്ട ഉൽപ്പാദനം നടത്താൻ കഴിയൂ എന്നാണ്. നിലവിലുള്ള ഈ സ്ഥിതിയിൽ മാറ്റം വന്നാൽ മാത്രമേ നമ്മുടെ മൃഗസമ്പത്തിൽ മാറ്റങ്ങൾ പ്രതീക്ഷിക്കാൻ കഴിയൂ.

ഉൽപ്പാദന ക്ഷമതയുള്ള കന്നുകാലികളെ സംരക്ഷിക്കുന്നതോടൊപ്പം അവയ്ക്കാവശ്യമായ കാലിത്തീറ്റ ശാസ്ത്രീയമായ പരിപാലനം, ശാസ്ത്രീയമായ ചികിൽസാരീതി എന്നിവയും സജീവമാക്കേണ്ടതുണ്ട്. (ചാർട്ട്-4--3, 4-5 നോക്കുക). മൃഗസമ്പത്തിന്റെ സാങ്കേതിക വളർച്ചയ്ക്കൊപ്പം അനുബന്ധ ഘടകങ്ങൾ വികസിച്ചില്ല എന്നുള്ളത് ഈ രംഗത്തുള്ള പോരായ്മയാണ്. പ്രാദേശികമായി ലഭ്യമാകുന്ന കൊപ്രപ്പിണ്ണാക്ക്, തവിട്, കപ്പ, മത്സ്യം, ചകിരിച്ചോറ്, റബർക്കുരു എന്നിവ ഉപയോഗിച്ച് വിലകുറഞ്ഞ തീറ്റ ഉൽപ്പാദിപ്പിക്കാൻ കൂട്ടായ സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ ശ്രമം ആരംഭിക്കുന്നതാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ബഹുരാഷ്ട്രകമ്പനികളും ഇന്ത്യൻ കുത്തകകളും കയ്യടക്കിയിരിക്കുന്ന കേരളത്തിലെ കാലിത്തീറ്റക്കമ്പോളത്തെ അവരിൽനിന്ന് മോചിപ്പിക്കാനും കഴിയും. കാലിത്തീറ്റയുടെ വില കുറയ്ക്കാൻ ഒരു പരിധിവരെ തീറ്റപ്പുൽ കൃഷികൊണ്ട് സാധിക്കും. തുണ്ടുഭൂമികൾ കൂട്ടുകൃഷി അടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യാവുന്നതാണ്.

മാംസാവശ്യങ്ങൾക്കുവേണ്ടി കേരളത്തിൽ പുറത്തുനിന്ന് ആടുമാടുകളെ കൊണ്ടുവരാറുണ്ട്. രോഗം പിടിപെട്ട മൃഗങ്ങൾ വൃത്തിഹീനങ്ങളായ കശാപ്പുശാലകൾ എന്നിവ ഈ രാഗത്തെ അശാസ്ത്രീയ ഘടകങ്ങളാണ്.

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യമായി പരിസ്ഥിതിയോട് ഇണങ്ങി ജീവിക്കുന്ന ആടുവളർത്തൽ ഊർജ്ജിതമാക്കേണ്ടതുണ്ട്. വീട്ടമ്മമാരുടെയും ചെറിയകുട്ടികളുടെയും അദ്ധ്വാനശേഷി ഈ രംഗത്ത് ഉപയോഗിക്കാൻ കഴിയുന്നതാണ്. ഒരു കാലഘട്ടത്തിൽ മുട്ട കയറ്റുമതി ചെയ്തിരുന്ന കേരളത്തിൽ ഇന്ന് മുട്ട ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഉപഭോഗത്തിന്നനുസരിച്ച് ഉൽപ്പാദനം വർദ്ധിക്കുന്നില്ല എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കോഴികൃഷി വ്യാപിക്കുവാനുള്ള നടപടി ഇനിയും തുടരേണ്ടതുണ്ട്.

മൊത്തത്തിൽ മൃഗപരിപാലനരംഗം നേരിടുന്ന

# ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## 4.5 കൃത്രിമ ബീജസങ്കലനവിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ൽ അധികം തവണ ബീസങ്കലനം വേണ്ടിവന്നവ. |
|---|---|---|---|
| പശു | 1809 | 305 | 3 |
| കിടാരി | 430 | 120 | 2 |
| എരുമ | - | - | - |

മുഖ്യപ്രശ്നം ഉൽപ്പന്നത്തിന്റെ വിപണനവും വിലയും മാത്രമല്ല ഈ രംഗത്തുണ്ടായ സാങ്കേതിക പരിജ്ഞാനങ്ങൾ ഇനിയും ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നില്ല എന്നുള്ളതാണ്. മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം തുച്ഛമാണ്. ഇതിന് പ്രധാനകാരണം കൂട്ടമായി വാണിജ്യാടിസ്ഥാനത്തിൽ കന്നുകാലികളെ വളർത്തുന്ന സമ്പ്രദായം വിരളമാണ് എന്നതാണ്. കന്നുകാലികളുടെ പരിപാലനം മറ്റു കാർഷിക ഗാർഹിക വൃത്തികളുടെ ഭാഗമായി നടന്നുപോകുകയും ചെയ്യുന്നു.

നമ്മുടെ ഗ്രാമപ്പഞ്ചായത്തിൽപ്പെട്ട സ്ഥലങ്ങൾ കന്നുകാലികളെ വളർത്താനും സംരക്ഷിക്കാനും യോജ്യമായ പ്രദേശമാണ്. നെല്ലറകളെന്ന് വിശേഷിക്കപ്പെടുന്ന പാണ്ടികളും ചിറകകളും ഉൾകൊണ്ട പഞ്ചായത്തിന്റെ ഗണ്യമായൊരു ഭാഗം നെൽവയലുകളായിരുന്നു. കുന്നുകളും സമതലങ്ങളും ഇടകലർന്ന ഭൂമിയായ ഈ ഗ്രാമപഞ്ചായത്തിൽ കന്നുകാലി സമ്പത്ത് സമൃദ്ധമായിരുന്നു. വർഷത്തിൽ ഒരു കൃഷിമാത്രം ഉണ്ടാക്കിയിരുന്ന കാലഘട്ടത്തിൽ വിളവെടുപ്പ് കഴിഞ്ഞാൽ ബാക്കിസമയമത്രയും കന്നുകാലികൾക്ക് യഥേഷ്ടം മേയാൻ കഴിഞ്ഞിരുന്നു. എന്നാൽ വ്യാപകമായി നെൽവയൽ നികത്തി കൃഷിചെയ്യുന്നതും നെൽവയൽ ദുരുപയോഗം ചെയ്യുന്നതും ഇന്ന് കന്നുകാലിസമ്പത്തിന്റെ വളർച്ചയ്ക്ക് തടസ്സമായിട്ടുണ്ട്. കൂട്ടുകുടുംബങ്ങൾ നിലവിലുണ്ടായിരുന്ന കാലഘട്ടത്തിൽ ഒരു വീട്ടിൽത്തന്നെ നാലും അഞ്ചും പശുക്കളും ഉഴവുകാളയും ഉണ്ടായിരുന്നു. വീട്ടിലെ തൊഴുത്തിലുള്ള കന്നുകാലികളുടെ എണ്ണം അന്തസ്സിന്റെയും അഭിമാനത്തിന്റെയും സൂചനയായിരുന [illegible]ലേലകളിലും പുരയിടങ്ങളിലും അഞ്ചും ആറും ജോഡികളെക്കൊണ്ട് ഉഴവ് നടത്തിയിരുന്നത് ഇന്ന് ഒരു സ്മരണ മാത്രമാണ്.

വിളവിൽ മേനികുറവായിരുന്ന നെൽവിത്തുകളാണ് പണ്ട് കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നതെങ്കിലും തീറ്റപ്പുൽ ധാരാളമായി ലഭിച്ചിരുന്ന. ഉണക്കികുറ്റിക്കിട്ടിരുന്ന പുല്ലുതരികൾ നമ്മുടെ നാട്ടിൻപുറങ്ങളിൽ കാണാറുണ്ടായിരുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തുകളുടെ വരവ്, അമിതമായ രാസവളപ്രയോഗം, കീടനാശിനികളുടെ പ്രയോഗം എന്നിവ ഇതിനെ സാരമായി ബാധിച്ചിട്ടുണ്ട്. ആവള പാണ്ടി പോലുള്ള സ്ഥലങ്ങളിൽ വെള്ളക്കെട്ട് കാരണം വിളവെടുപ്പ് സമയത്ത് പുൽ പൂർണമായും കൊയ്തെടുക്കാൻ കഴിയുന്നില്ല.

കൃഷിഭൂമി തുണ്ടം തുണ്ടമായി വിഭജിക്കപ്പെട്ടത് പുൽ കൃഷി നടത്താൻ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. കൂട്ടായ സഹകരണത്തോടെ മെച്ചപ്പെട്ട രീതിയിൽ പുൽകൃഷികളുടെ ഗ്രാമപ്രദേശത്ത് നടത്തേണ്ടിയിരിക്കുന്നു. മെച്ചപ്പെട്ടയിനം കന്നുകാലികളെ വളർത്തുന്ന സമ്പ്രദായം നമ്മുടെ ഗ്രാമീണരിൽ ഇനിയും എത്തിച്ചേർന്നിട്ടില്ല. കന്നുകാലികളുടെ സംരക്ഷണം മറ്റു കാർഷിക-ഗാർഹിക വൃത്തികളുടെ ഭാഗം എന്ന രീതി മാറ്റി തൊഴിലുള്ളവർക്ക് ഉപതൊഴിലും തൊഴിലില്ലാത്തവർക്ക് മുഖ്യ തൊഴിലും എന്ന രീതി നടപ്പിൽ വരണം.

കന്നുകാലി വളർത്തൽ, പാൽസംഭരണം, തീറ്റപ്പുൽ വളർത്തൽ, കന്നുകാലിത്തീറ്റ, മാംസോല്പാദനം, പാലിന്റെയും മാംസത്തിന്റെയും ശീതീകരണം,

വിപണനം, കോഴിവളർത്തൽ, മുട്ടയുടെ ലഭ്യത, കോഴിത്തീറ്റ, കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ, മറ്റു ഉൽപ്പാദനമേഖലകൾ എന്നിവയെല്ലാം സംബന്ധിച്ച് ഒരു സമഗ്രമായ ആസൂത്രണ പ്രക്രിയ രൂപപ്പെടുത്തുകയും അതിനെ ഗ്രാമത്തിലെ ജനങ്ങളുടെ ആനാരക്രമം, പോഷണ ലഭ്യത, അദ്ധ്വാനം ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വോന്മുഖമായ പുരോഗതിക്ക് സഹായകമാവുകയും ചെയ്യണം.

മൃഗസംരക്ഷണത്തെപ്പറ്റി ചർച്ചചെയ്യുമ്പോൾ സേവനമേഖല എന്നനിലയിൽ മെച്ചപ്പെട്ട ആശുപത്രി സൗകര്യം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ചെറുവണ്ണൂർ പഞ്ചായത്തിലെ ഇന്നത്തെ ആശുപത്രി 19936ജൂലൈ ഒന്നുമുതൽ ആരംഭിച്ചതാണെങ്കിലും ഉപകേന്ദ്രമായി 15-.12-.1991--ൽ ആയിരുന്നു. 5.4-.96ന് അത് മൃഗസംരക്ഷണവകുപ്പിന് കൈമാറിയെങ്കിലും കാര്യമായ സൗകര്യമില്ലാത്തതിനാൽ അവഗണിക്കപ്പെട്ടുകിടക്കുന്നു. വെറ്റിനറി ഡിസ്പെൻസറിയായി ഉയർത്തി എന്നല്ലാതെ സൗകര്യവും സേവനവും 1951ലെ ഉപകേന്ദ്ര തലത്തിൽതന്നെ ഒതുങ്ങുകയായിരുന്നു. ലബോറട്ടറി സൗകര്യങ്ങൾ, വിജ്ഞാന വ്യാപനസൗകര്യങ്ങൾ എന്നിവ ഇനിയും സജ്ജമാക്കേണ്ടിയിരിക്കുന്നു.

### *ഗ്രാമസഭാചർച്ചകൾ*

1. മേൽത്തരം സങ്കരയിനം പശുക്കളെ വളർത്തുന്നതിനെ സംബന്ധിച്ച് വേണ്ടരീതിയിൽ ബോധവൽക്കരണം നടത്തണം.

2. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ചെറുവണ്ണൂരിലും ആവളയിലും മൃഗാശുപത്രിയുടെ സബ്സെൻ്റർ സ്ഥാപിക്കണം. ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

3. തീറ്റപുൽ കൃഷിനടത്താൻ ആവശ്യമായ വിത്തും വളവും സൗജന്യമായി നൽകുക. കൃഷിഭവൻ മുഖേനയോ ക്ഷീരസഹകരണസംഘങ്ങൾ വഴിയോ ഇവ ലഭ്യമാക്കണം.

4. മേൽത്തരം പശുക്കളെ വാങ്ങാൻ നിലവിലുള്ള ബേങ്ക്ലോൺ സമ്പ്രദായം ഉദാരമാക്കുക.

5. കർഷകരിൽ നിന്നും പാൽ ശേഖരിച്ച് വിൽക്കാനുള്ള മിൽക്ക് സൊസൈറ്റികൾ സ്ഥാപിക്കണം.

6. മാംസോൽപ്പാദനത്തിന് മേൽത്തരം ആടുകളെ ലഭ്യമാക്കാൻ നടപടി വേണം.

7. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളേയും കുറുക്കനേയും നശിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

8. മുട്ടക്കോഴികളും ഇറച്ചിക്കോഴികളും വ്യാപാരാടിസ്ഥാനത്തിൽ വളർത്താൻഡ ആവശ്യമായ സൗകര്യമുണ്ടാക്കണം.

9. കോഴികൾക്ക് ഉണ്ടാവുന്ന രോഗങ്ങൾക്ക് പ്രതിരോധകുത്തിവെപ്പ് നടത്താൻ കഴിയണം.

10. കാലിത്തീറ്റ കുറഞ്ഞനിരക്കിൽ ലഭ്യമാക്കാൻ നടപടിവേണം.

11. മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യണം.

12. ഗോബർ ഗ്യാസ് പ്ലാന്റിന്റെ സംബന്ധിച്ച് ക്ഷീരകർഷകന് സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും ചെയ്തുകൊടുക്കുക.

13. കാലിത്തീറ്റ നിർമ്മാണത്തിന് ആവശ്യമായ യൂണിറ്റ് സ്ഥാപിക്കണം.

14. കന്നുകാലികൾക്ക് പിടിപെടുന്ന രോഗങ്ങൾക്ക് യഥാസമയം ചികിത്സയെത്തിക്കുവാനുള്ള സൗകര്യമേർപ്പെടുത്തുക.

15. കോഴിവളർത്തലിന് പരിശീലനം നൽകുക.

16. കാലിത്തൊഴുത്ത് നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം കൃഷിക്കാരന് ലഭ്യമാക്കുക.

17. പന്നി, മുയൽ എന്നിവയുടെ കുഞ്ഞുങ്ങലെ ലഭ്യമാക്കുക.

18. അത്യുൽപ്പാദനശേഷിയുള്ള പശുക്കളെയും മേൽത്തരം ആടുകളെയും കൃഷിക്കാർക്കിടയിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

19. കാലിത്തീറ്റ, ശാസ്ത്രീയ ചികിത്സ, മൃഗപരിപാലനം എന്നിവ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക.

20. കർഷകരെ ബോധവൽക്കരിക്കാൻ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക.

21. തെരഞ്ഞെടുത്ത കർഷകർക്ക് പരീക്ഷണാർത്ഥം വെച്ചൂർ പശുക്കളെ വിതരണം തെയ്യുക.

22 വൃത്തിഹീനമായ അറവുശാലകൾ നവീകരിക്കുക.

### *സാധ്യതകൾ*

1. മൃഗസംരക്ഷണം നടത്തുന്നവർക്ക് ആനുകാലിക സാങ്കേതിക വിവരങ്ങൾ, ആരോഗ്യപരമായ വിവരങ്ങൾ ലഭിക്കുന്നതിന് ചർച്ചകളും, സെമിനാറുകളും സംഘടിപ്പിക്കാൻ കഴിയും. പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഫിലിംഷോകൾ തുടങ്ങിയ സംഘ

## മത്സ്യബന്ധനം

മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളും മത്സ്യം കഴിക്കുന്നവരായ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിക്കും വ്യവസായത്തിനും കച്ചവടത്തിനും തൊഴിലിനുമായി ഈ മേഖലയെ ആശ്രയിക്കുന്ന ആയിരക്കണക്കിന് ആളുകളും ചേർന്നതാണ് മത്സ്യമേഖലയെ പ്രത്യക്ഷത്തിലാശ്രയിക്കുന്ന മനുഷ്യസമ്പത്ത്. സമ്പദ്ശോഷണവും തൊഴിലില്ലായ്മയും ഈ മേഖലയെ ദരിദ്രമാക്കിയിരിക്കുന്നു. ഉൽപ്പാദകന് തന്റെ മത്സ്യവിഭവത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിനും ഉപഭോക്താവിന് ന്യായവിലക്ക് മത്സ്യം ലഭിക്കുന്നതിനും മത്സ്യസംഭരണവും വിപണനവും കൂടുതൽ നിയന്ത്രിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പുഴയോരങ്ങളും തോടുകളും അരുവികളും പാണ്ടിപ്രദേശങ്ങളും ധാരാളം ഉണ്ടായിരുന്നത്കൊണ്ട് മുൻകാലങ്ങളിൽ മത്സ്യം സമൃദ്ധമായി ലഭിച്ചിരുന്നു. സമീപ പഞ്ചായത്തുകളിൽപ്പെട്ടവർപോലും മത്സ്യബന്ധനത്തിനും മത്സ്യം വാങ്ങാനും പണ്ടുകാലം മുതൽ വരാറുണ്ടായിരുന്നു. കോരുവല, വീശുവല, തോടുകളിൽ കുത്തിപ്പിടിക്കുന്ന വല, അക്കിവല മുതലായ വലകൾ ഉപയോഗിച്ചും മുളകൊണ്ട് നിർമ്മിക്കുന്ന ഒറ്റൽ, ഈർക്കിൽ കൊണ്ടുണ്ടാക്കുന്ന കൂട്, ഓടകൾ കൊണ്ടുണ്ടാക്കുന്ന ഊറ്റുവട്ടി മുതലായവ ഉപയോഗിച്ചായിരുന്നു പണ്ടുകാലത്ത് മത്സ്യബന്ധനം നടത്തിയിരുന്നത്. ചോർവിന്, കൈച്ചിൽ (ബ്രാൽ) വാള, കണ്ണിക്കൻ, ചിറ്റാൻ, വാമീൻ, ചെമ്പല്ലി മാലാൺ വിവിധപേരുകളിൽ അറിയപ്പെടുന്ന പരൻമീനുകൾ എന്നിവ അന്ന് സമൃദ്ധമായി ലഭിച്ചിരുന്നു. മത്സ്യബന്ധനത്തിന് 'തണ്ടാടി' പോലുള്ള ഉപകരണങ്ങളും ഉപയോഗിച്ചിരുന്നു.

എന്നാൽ ഇന്നത്തെ സ്ഥിതി പഴയതിൽ നിന്നും വ്യത്യസ്തമാണ്. മാരകശക്തിയുള്ള കീടനാശിനികളുടെ അമിതമായ പ്രയോഗവും രാസവളങ്ങളുടെ അതിപ്രസരവും വീണ്ടുവിചാരമില്ലാത്ത രീതിയിൽ മത്സ്യക്കുഞ്ഞുങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന 'നഞ്ച്' കലക്കൽ സമ്പ്രദായവും നിമിത്തം മത്സ്യങ്ങളിൽ പലതിനും നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ മത്സ്യരോഗങ്ങളും അങ്ങിങ്ങായി കണ്ടുവരുന്നു. ഇക്കാരണങ്ങളാൽ പഴയതോതിൽ ഇപ്പോൾ മത്സ്യം ലഭിക്കാറില്ല. നമ്മുടെ പഞ്ചായത്തിലെ പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനുള്ള സംരംഭകരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കണം. നമ്മുടെ പഞ്ചായത്തിൽ ധാരാളം സ്വകാര്യകുളങ്ങളുണ്ട്. താൽപര്യമുള്ളവർക്ക് മാന്യമായ പാട്ടവ്യവസ്ഥയിൽ മത്സ്യകൃഷിക്ക് ഇവ സംഘടിപ്പിച്ച് കൊടുത്ത് മത്സ്യകൃഷിയിൽ പുരോഗതി നേടാൻ കഴിയണം. ഉൾനാടൻ മത്സ്യമേഖല പൊതുവെ ഇന്ന് അവഗണിക്കപ്പെട്ട സ്ഥിതിയാണ്. ഈ സ്ഥിതിക്ക് മാറ്റം അനിവാര്യമാണ്. പണ്ടുകാലത്തെ അപേക്ഷിച്ച് മത്സ്യ ഉൽപ്പാദനത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ചില ജനുസ്സുകൾ തന്നെ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

## ഗ്രാമസഭാ ചർച്ചകൾ-നിർദ്ദേശങ്ങൾ

1. മത്സ്യബന്ധനം വഴി ഉപജീവനം നടത്തുന്ന കുടുംബങ്ങൾക്ക് അവർക്കാവശ്യമായ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യണം.

2. ആവളപാണ്ടിയിൽ ആഫ്രിക്കൻപായൽ വളരെവേഗത്തിൽ വളരുന്നതുകൊണ്ട് മത്സ്യബന്ധനത്തിന് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുക.

3. മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

4. പുഴയിലും കുളങ്ങളിലും തോട്ടയിട്ട് മത്സ്യം പിടിക്കുന്നത് തടയണം.

5. വെള്ളത്തിൽ നഞ്ച്, തുരിശ് എന്നിവ കലക്കി മീൻ പിടിക്കുന്നത് തടയണം.

6. മത്സ്യത്തിന് പിടിപെടുന്ന രോഗങ്ങൾ തടയാൻ നടപടി സ്വീകരിക്കണം.

7. പാറക്കൂൽ പ്രദേശത്ത് ബണ്ട്കെട്ടി മത്സ്യം വളർത്ത് കേന്ദ്രം സ്ഥാപിക്കാം.

8. പൊതുകുളങ്ങളിലും സ്വകാര്യ കുളങ്ങളിലും മത്സ്യകൃഷി നടത്താൻ കഴിയും. ഇതിനാവശ്യമായ സാങ്കേതിക വിദ്യയും പരിജ്ഞാനവും. ലഭ്യമാകണം.

9. അമിതമായ കീടനാശിനി പ്രയോഗംമൂലം മത്സ്യങ്ങളുടെ വംശനാശം വരെ സംഭവിക്കുന്നു. ഇത് തടയപ്പെടേണ്ടതാണ്.

10. മുയിപ്പോത്ത് - പടിഞ്ഞാറക്കര ഭാഗങ്ങളിലായി കൃഷി ചെയ്യാതെ കിടക്കുന്ന ഏകദേശം 3 ഏക്കർ സ്ഥലമുണ്ട്. ഇവിടെ മത്സ്യം വളർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

11. മത്സ്യത്തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾക്ക് പരിഹാരം കാണാനായി പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുക.

12. മത്സ്യവില്പനയ്ക്കായി പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## 4.2 വളർത്തുപക്ഷിസംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 102 | 302 | 208 | 2 | 4 | |
| 2 | 88 | 320 | 226 | - | - | |
| 3 | 108 | 209 | 216 | 2 | 6 | |
| 4 | 110 | 314 | 232 | - | 2 | |
| 5 | 86 | 312 | 221 | - | - | |
| 6 | 98 | 296 | 212 | 1 | 2 | |
| 7 | 115 | 299 | 281 | 2 | 8 | |
| 8 | 110 | 318 | 214 | 1 | 3 | |
| 9 | 103 | 310 | 205 | - | - | |
| 10 | 107 | 330 | 225 | 1 | 2 | |
| | 1027 | 3080 | 2240 | 9 | 27 | 638 |

ടിപ്പിക്കാൻ കഴിയും.

2. തീറ്റപ്പുൽകൃഷി വിത്തുകൾ സർക്കാർഫാമുകളിൽ ലഭിക്കുന്നു. ജീവിതകർഷകർക്ക് ലഭ്യമാക്കാൻ കഴിയും.

3. മിൽക്ക് സൊസൈറ്റികൾ സ്ഥാപിക്കുന്നതിലൂടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും, ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിക്കാനും കഴിയും. ഇതിലൂടെ ഗ്രാമീണർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നു.

4. ആടുവളർത്തലിലൂടെ മാംസോൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. സ്ത്രീകളുടെയും കുട്ടികളുടെയും അദ്ധ്വാനം ഉപയോഗപ്പെടുത്താൻ കഴിയും.

5. ഉടമസ്ഥനില്ലാതെ അലഞ്ഞുതിരിയുന്ന പട്ടികൾ പേയിളകി മനഷ്യരേയും മൃഗങ്ങളുയും കടിച്ച് ദുരന്തങ്ങളും മരണങ്ങളും സൃഷ്ടിക്കുന്നു. പേവിഷബാധയ്ക്കെതിരെ ജനങ്ങളെ ബോധവാന്മാരാക്കുക. വളർത്തുനായയ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെപ്പ് നടത്തുക. ലൈസൻസ് ഏർപ്പെടുത്തുക എന്നിവ ചെയ്യാൻ കഴിയുന്നതാണ്.

6. വ്യാവസായികാടിസ്ഥാനത്തിലല്ലെങ്കിലും ഇറച്ചിക്കോഴി വളർത്തലും മുട്ടക്കോഴി വളർത്തലും നമ്മുടെ പഞ്ചായത്തിലുണ്ട്. മാംസം മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിക്കുമ്പോൾ സംഭരണം വിപണനം വർദ്ധിക്കുമ്പോൾ സംഭരണം വിപണനം തുടങ്ങിയവ നിയന്ത്രിക്കാൻ സഹകരണമേഖലയിൽ തൊഴിലവസരം ഉണ്ടാകും.

7. കോഴികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് പ്രത്യേക സ്ഥലങ്ങളിൽ വെച്ച് പ്രതിരോധകുത്തിവെപ്പ് നടത്താൻ കഴിയും.

8. പഞ്ചായത്ത് തലത്തിൽ കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയും. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഇതിന് ലഭ്യമാണ്.

9. മൃഗാസ്പത്രി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി നൽകാമെന്ന വാഗ്ദാനം പ്രയോജനപ്പെടുത്തണം.

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
### 4.3 രോഗ വിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ. | 502 | 1 | 132 | | 2 | | | | | |
| 2 | ശ്വാസകോശസംബന്ധമായവ | 420 | 2 | 160 | | 1 | 10 | | | | |
| 3 | ഉഹചായ സംബന്ധമായവ (deficiency disease) | 25 | 1 | 10 | | | | | | | |
| 4 | ത്വക്ക് (skin disease) | 300 | 1 | 25 | | 10 | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 160 | 1 | 20 | | 6 | 10 | | | | |
| 6 | പാദരോഗങ്ങൾ | 480 | – | 20 | | 10 | 20 | 1 | | | |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ (Gynocological disease) | 30 | 2 | 4 | | | | | | | |
| 8 | വന്ധ്യത (Infertility) | 115 | 1 | 6 | | | | | | | |
| 9 | അകിടുവീക്കം (Mardities) | 35 | 1 | 15 | | | | | | | |
| 10 | മുടന്തൻ പനി (Ephemeral fum) | 104 | – | – | | | | | | | |
| 11 | പകർച്ച വ്യാധികൾ (Comagin disease) | 10 | 2 | 20 | | | | | | | |
| | **Total** | | 2241 | 10 | 3[illegible] | | 29 | 60 | 1 | | 2735 |

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## 4.4. പേവിഷബാധ-പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവെപ്പ് നൽകിയവയുടെ എണ്ണം | – | – | – | 10 | - | - |
| കുടിയേറ്റതിന് ശേഷം കുത്തിവെപ്പ് നടത്തിയ വയുടെ എണ്ണം. | | | | – | – | – |

അനുബന്ധം – 4

ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്.

## 4–1 വളർത്തുമൃഗസംഖ്യ

| | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 3 | 2 | 1 | – | 130 | 140 | 19 | 16 | – | – | – | 64 | 18 | - |
| 2 | 2 | 2 | – | – | 80 | 92 | 23 | 13 | – | – | – | 61 | 10 | |
| 3 | 3 | 2 | 1 | – | 76 | 93 | 21 | 14 | 2 | | | 88 | 14 | |
| 4 | 3 | 4 | 1 | – | 82 | 106 | 17 | 12 | – | 4 | – | 52 | 18 | |
| 5 | 2 | 2 | – | – | 68 | 92 | 20 | 16 | – | – | – | 63 | 20 | |
| 6 | 2 | 4 | – | – | 70 | 89 | 16 | 10 | – | – | – | 56 | 17 | |
| 7 | 2 | 2 | – | – | 90 | 112 | 24 | 14 | – | – | – | 62 | 22 | |
| 8 | 3 | 2 | 1 | – | 106 | 123 | 22 | 11 | – | – | – | 61 | 21 | |
| 9 | 2 | 6 | – | – | 83 1 | 09 | 21 | 10 | – | – | – | 66 | 19 | - |
| 10 | 3 | 4 | 1 | – | 62 | 107 | 18 | 12 | – | – | – | 68 | 21 | |
| | **25** | **30** | **5** | | **847** | **1063** | **201** | **128** | **2** | **4** | | **641** | **180** | |

45

# വ്യവസായം

വ്യാവസായികമായി വളരെയധികം പിന്നിൽ നിൽകുന്ന ഒരു പഞ്ചായത്താണല്ലോ നമ്മുടേത്. ഈ പിന്നോക്കാവസ്ഥ മാറ്റിതീർക്കുന്നതിന് ബോധപൂർവ്വമായ യാതൊരു പരിശ്രമവും ഒരു ഭാഗത്തുനിന്നും ഉണ്ടായില്ല എന്നതാണ് വസ്തുത. നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളും വിവിധ മേഖലകളിൽ വൈദഗ്ദ്യം ലഭിച്ച ആളുകളേയും മനുഷ്യ ധ്വാനത്തെയും പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞില്ല. അതിന്റെ ഫലമായിട്ടാണ് എടുത്തു പറയത്തക്ക യാതൊരു വ്യവസായങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇല്ലാതായത്. പൊതുവെ നമ്മുടെ സംസ്ഥാനത്ത് തന്നെ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുടെ ഭാഗമായ കൈത്തറി മേഖലയാണ് ഉള്ളതിൽ പ്രധാനപ്പെട്ടതെന്ന് പറയാം.

ചെറുവണ്ണൂർ അങ്ങാടിക്കു സമീപം പ്രവർത്തിക്കുന്നതും 1955ൽ സ്ഥാപിച്ചതുമായ മാണിക്കോത്ത് നെയ്ത്തു സഹകരണ സംഘത്തിൽ 221 പുരുഷൻമാരും 88 സ്ത്രീകളും ഉൾപെടെ 309 മെമ്പർമാരാണ് ഇപ്പോഴുള്ളത് സ്വന്തം വീടുകളിൽ തന്നെയാണ് മിക്കവരും ജോലി ചെയ്യുന്നത്. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ളതും സ്വന്തമായുള്ള 4 സെന്റ് സ്ഥലത്ത് ഉണ്ടാക്കിയ കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. സ്വന്തമായുള്ള 26 സെന്റ് സ്ഥലത്തിൽ ഉണ്ടാക്കിയ ഒരു വർക് ഷെഡിൽ 25 തറികൾ ഉണ്ടെങ്കിലും 13 പുരുഷൻമാരും 5 സ്ത്രീകളും ഉൾപെടെ 18 തൊഴിലാളികളാണ് പ്രവർത്തിക്കുന്നത്. ലുങ്കി, തോർത്ത്, ദോത്തി, ഷർടിങ്ങ് ബെഡ്ഷീറ്റ് തുടങ്ങിയവയാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. അപ്പക്സ് സംഘം മുഖേനയും സംഘത്തിന്റെ കീഴിലുള്ള കമ്മീഷൻ ഏജന്റുമാർ മുഖേനയുമാണ് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത് ജില്ലാ കൈത്തറി അസോസിയേഷൻ അംഗീകരിക്കുന്ന കൂലിയാണ് തൊഴിലാളികൾക്ക് നൽകുന്നത്.

കുട്ടോത്ത് ഭാഗത്ത് 1977-ൽ പ്രവർത്തനം തുടങ്ങിയ ചെറുവണ്ണൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ വർക് ഷോപ്പിൽ 167 പുരുഷൻമാരും 80 സ്ത്രീകളും ഉൾപ്പെടെ 247 മെമ്പർമാരാണുള്ളത്. കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡവലപ്പ്മെന്റ് കോർപറേഷന്റെ ആഭിമുഖ്യത്തിൽ നൂറ് തറികൾ പ്രവർത്തിപ്പിക്കണമെന്ന ഉദ്ദേശത്തോട് കൂടിയാണ് ഇത് സ്ഥാപിച്ചത്. പ്രവർത്തനക്ഷമമായ 31 തറികളിലായി 21-സ്ത്രീകളും 10 പുരുഷന്മാരുമാണ് ജോലി ചെയ്യുന്നത്. മറ്റ് അനുബന്ധ തൊഴിലുകളിൽ 13 പേരും ഉൾപ്പെടെ ആകെ 44 പേരാണ് ഇപ്പോൾ സംഘത്തിൽ ജോലി ചെയ്യുന്നത്. ഹന്റ്ലൂം കോർപ്പറേഷൻ, ഹന്റ്ക്സ്, സ്വകാര്യമേഖല എന്നിവയിൽ നിന്ന് ഓർഡർ സ്വീകരിച്ചാണ് ഇപ്പോൾ പ്രവർത്തനം നടത്തുന്നത്. തുണിത്തരങ്ങളിൽ ഏറെയും ഫർണിഷിങ്ങ് തുണിത്തരങ്ങളാണ്. പുറമേ ബഡ്ഷീറ്റ്, റഗ്ഗ് തുടങ്ങിയവയും ഉൽപാദിപ്പിക്കുന്നു. 35--70 രൂപം വരെയുള്ള കൂലി നിരക്കുകളാണ് സംഘത്തിൽ പ്രാബല്യത്തിലുള്ളത് തൊഴിലാളികൾക്ക് പി. എഫ്. തുടങ്ങിയ മറ്റെല്ലാ ആനുകൂല്യങ്ങളും ഫാക്ടറി വ്യവസ്ഥയിൽ കൊടുത്തു വരുന്നുണ്ട്. മാസത്തിൽ 500 രൂപ സ്റ്റൈപന്റ് നൽകിക്കൊണ്ട് പ്രൊജക്ട് പാക്കേജ് പദ്ധതി പ്രകാരം 23 പേർക്ക് നെയ്ത്തു പരിശീലനം കൊടുത്തുവരുന്നുണ്ട്. SC-ST വിഭാഗത്തിൽ പെട്ട 10 മെമ്പർമാർക്ക് നെയ്ത്തു പരിശീലനം നൽകുവാൻ ഒരു പരിപാടി ആസൂത്രണം ചെയ്തു വരുന്നുണ്ട്.

പേരാമ്പ്ര അങ്ങാടിക്കു സമീപം പ്രവർത്തിക്കുന്ന പയ്യോർമല നെയ്ത്തു സഹകരണ സംഘത്തിന്റെ കീഴിൽ എടക്കയിൽ പ്രദേശത്തെ സ്ത്രീകൾ ഉൾപ്പെടെ 300ൽ ഏറെ പേർ മെമ്പർമാരായിട്ടുണ്ട്. നിരവധി നെയ്ത്തു തൊഴിലാളി കുടുംബങ്ങൾ ഈ സ്ഥാപനത്തെ ആശ്രയിച്ച് ജീവിക്കുന്നവരാണ്.

നമ്മുടെ പഞ്ചായത്തിൽ തന്നെ ലഭ്യമായ കൈതോലയെ ആശ്രയിച്ച് ഒരു കുടിൽ വ്യവസായം പോലെ ചെയ്തു വരുന്നു പായനെയ്ത്ത് തൊഴിലിനേയും ആശ്രയിച്ച് ജീവിക്കുന്ന നൂറു കണക്കിന് കുടുംബങ്ങൾ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. കുടിൽ വ്യവസായം പോലെ ചെയ്യുന്ന മൺപാത്ര നിർമ്മാണത്തെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്ന നാലോളം കുടുംബങ്ങൾ മുയിപ്പോത്ത് ഭാഗത്തുണ്ട്.

സ്വകാര്യമേഖലയിൽ ഒരു വെൽഡിങ്ങ് യൂണിറ്റ്

ഒരു ഇലക്ട്രോണിക് യൂണിറ്റ്, നാല് റേഡിയോ റിപ്പയറിങ്ങ് സ്ഥാപനങ്ങൾ, 3 പ്രിന്റിങ്ങ് പ്രസുകൾ, 7 ധാന്യം പൊടിക്കുന്ന മില്ലുകൾ, ഒരു യന്ത്രവൽകൃത ഫർണ്ണിച്ചർ നിർമ്മാണ കേന്ദ്രം ഉൾപ്പെടെ മൂന്ന് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

***കൈത്തറി മേഖല***

✠ പ്രവർത്തന മൂലധനമില്ലായ്മ

✠ സർക്കാരിൽ നിന്ന് ലഭിക്കേണ്ട റിബേറ്റ് കുടിശ്ശിക യഥാസമയം കിട്ടുന്നില്ല.

✠ ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് തൊഴിലാളികൾക്ക് കൃത്യമായി കൂലിയും ജോലിയും കൊടുക്കാൻ കഴിയുന്നില്ല.

✠അസംസ്കൃത വസ്തുക്കൾക്കും ഉപകരണങ്ങൾക്കും ദൈനം ദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വില വർദ്ധനവ്.

✠വൻകിട മില്ലുകളുമായി മത്സരിക്കേണ്ടി വരുന്നു.

✠ മൂലധന വായ്പാ സൗകര്യങ്ങളില്ലായ്മ

***മറ്റുള്ളവ***

❖വനിതാ വ്യവസായ സഹകരണ സംഘവും, ഹരിജൻ വനിതാ പായനെയ്ത്ത് സഹകരണ സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.

❖കാർഷിക പ്രധാമായ നമ്മുടെ പഞ്ചായത്തിൽ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഇല്ല. വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനം ലഭിച്ചവരുൾപ്പെടെ അഭ്യസ്ത വിദ്യരെ പ്രയോജനപ്പെടുത്തുന്നതിന് സംരംഭങ്ങളില്ല. ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനും സൗകര്യങ്ങളില്ല.

❖വൈദ്യുതി പ്രയോജനപ്പെടുത്തി പ്രവർത്തിപ്പിക്കേണ്ട ചെറിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വൈദ്യുതി ലഭ്യമല്ല.

❖കഴിയാവുന്ന മൂലധന നിക്ഷേപങ്ങൾ നടത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ പൊതുവെ ജനങ്ങൾ തയ്യാറാകുന്നില്ല.

❖ലഭിക്കുന്ന വിദേശപണം പ്രത്യുൽപാദന വരമല്ലാത്ത മാർഗങ്ങളിലൂടെ ചെലവഴിക്കപ്പെടുന്നു.

❖ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തുന്നില്ല.

❖ ചെറുതും വലുതുമായ സംരംഭങ്ങൾക്കുവേണ്ടി ബന്ധപ്പെട്ട വായ്പാ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കുന്ന സംഖ്യ പ്രസ്തുത ആവശ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നില്ല.

❖ (1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്).

***സാധ്യതകൾ***

◆നാളികേര സംസ്കരണ ശാല സ്ഥാപിക്കണം

◆നാളികേരം സംഭരിച്ച് വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന മിൽ സ്ഥാപിക്കണം

◆ഉപോല്പന്നമായ പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണം, മിഠായി നിർമ്മാണം, ബിസ്ക്കറ്റ് നിർമ്മാണം തുടങ്ങിയവക്ക് സാധ്യതയുണ്ട്.

◆ചകിരി സംസ്കരിച്ച് കയറുൽപന്നങ്ങൾ ഉണ്ടാക്കാനുള്ള ഒരു യൂണിറ്റ്, ചിരട്ടകൊണ്ട് കരകൗശലങ്ങൾ ഉണ്ടാക്കാനുള്ള യൂണിറ്റ്, തേങ്ങാവെള്ളം ഉപയോഗിച്ച് സുർക്ക നിർമ്മിക്കാനുള്ള ഒരു യൂണിറ്റ് എന്നിവയ്ക്ക് സാധ്യതയുണ്ട്.

◆കൈത്തറി മേഖലയിൽ പ്രിന്റിങ്ങ്, കളറിങ്ങ് കലണ്ടറിങ്ങ് വ്യവസായ യൂണിറ്റ് ജില്ലയിൽ സ്ഥാപിക്കണം.

◆ആധുനിക റെഡിമെയ്ഡ് പരിശീലന കേന്ദ്രവും റെഡിമെയ്ഡ് വ്യവസായ കേന്ദ്രവും ആരംഭിക്കണം.

◆ഖാദി നൂൽ നൂൽപുകേന്ദ്രം, പവർലൂം എന്നിവയ്ക്കും ബാധ്യതയുണ്ട്.

◆സമിന്റ, പൂഴി എന്നിവ ഉപയോഗിച്ച് ഹോളോ ബ്രിക്സ് സിമന്റ കട്ട നിർമ്മാണ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

◆മൺപാത്രം, ഓട്, ഇഷ്ടിക, നിർമ്മാണത്തിന് സാധ്യതയുണ്ട്.

◆കരിങ്കല്ല് ഉപയോഗിച്ച് മെറ്റൽ, ജില്ലി എന്നിവ നിർമ്മിക്കാൻ സാധ്യതയുണ്ട്.

◆ഹരിജൻ വ്യവസായ സഹകരണ സംഘവും ഹരിജൻ വനിതകൾ നടത്തുന്ന വായനെയ്ത്ത് സഹകരണസംഘവും വിപുലീകരിക്കണം.

◆നേന്ത്രക്കുലകൾ ഉപയോഗിച്ച് വറുത്തകായ, ശർക്കര ഉപ്പേരി എന്നിവ നിർമ്മിക്കാനുള്ള യൂണിറ്റിന് സാധ്യതയുണ്ട്.

◆മരത്തടി ഉപയോഗിച്ച് ഫർണിച്ചർ കപ്പി, ഉരുൾ, കാർഷിക ഉപകരണങ്ങൾ എന്നിവ നിർമ്മിക്കാൻ സാധ്യതയുണ്ട്.

മാങ്ങ, കൈതച്ചക്ക, കശുമാങ്ങ ഉപയോഗിച്ച് അച്ചാറുകൾ സ്ക്വാഷ്, ജാം. എന്നിവ നിർമ്മിക്കാനുള്ള യൂണിറ്റിന് സാധ്യതയുണ്ട്. റബർ ട്യൂബ്, ഉപയോഗിച്ച് വെള്ളം കോരുന്ന പാള നിർമ്മിക്കുന്ന ഒരു യൂണിറ്റ് മുയിപ്പോത്ത് ഉണ്ട്. ഇത് വിപുലീകരിക്കാനാവശ്യമായ സംവിധാനമുണ്ടാകണം.

ചെങ്കൽപെട്ട് നിർമ്മാണ യൂണിറ്റ്, ഭവന നിർമ്മാണ യൂണിറ്റ് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവയ്ക്ക് സാധ്യതയുണ്ട്.

ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കാനും, ടൂവീലർ റിവയറിങ്ങിനും പരിശീലനം ലഭിച്ചവരുണ്ട്. അവരെ ഉപയോഗപ്പെടുത്തി യൂണിറ്റുകൾ ഉണ്ടാകണം.

ചെറുകിട വ്യവസായ യൂണിറ്റുകൾ എന്ന നിലയിൽ മെഴുകുതിരി നിർമ്മാണം, സോപ്പ് നിർമ്മാണം, വാസനച്ചുണ്ണാമ്പ്, പാൽപൊടി, സ്യൂക്ക, ചോക്ക്, സ്ളേറ്റ്, ബേക്കറി യൂണിറ്റ് മഷി നിർമ്മാണം, പനിനീർ വ്യവസായം, പേപ്പർ ബാഗ്, പ്ലാസ്റ്റിക് ബാഗ്, കസേരകൾ, കരകൗശല വസ്തുക്കൾ, തേനീച്ച വളർത്തൽ ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ, തീപെട്ടി നിർമ്മാണം, അവിൽ നിർമ്മാണം, ചോക്ലേറ്റ്, പപ്പടം, കുമ്മായം, സൂപ്പർവൈറ്റ് എന്നീ കുടിൽ വ്യവസായ യൂണിറ്റുകൾക്കും ഈ പഞ്ചായത്തിൽ നല്ല സാധ്യതകളുണ്ട്.

കാലോചിതമായ മാറ്റങ്ങൾക്കനുസൃതമായി കൈത്തറി മേഖലയെയും മാറ്റേണ്ടിയിരിക്കുന്നു. നാം ശീലിച്ചു പോന്ന വഴികളിലൂടെയുള്ള യാന്ത്രികമായ പ്രവർത്തനം അനുബന്ധ സംരംഭങ്ങളിലേക്ക് തിരിച്ചുവിടണം. വിപുലമായ സൗകര്യങ്ങൾ നിലവിലുള്ള കുട്ടോത്ത് നെയ്ത്ത് ഇൻഡസ്ട്രിയൽ വർക്ഷോപ്പ് കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വികസിപ്പിക്കുന്നതിനും സാധിക്കണം. അതുപോലെ മാണിക്കോത്ത് സൊസൈറ്റിയും ഇന്നുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വികസിപ്പിക്കണം. നെയ്ത്തുകാർക്ക് പുതിയ രീതിയിലും ആകർഷകമായും തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കാൻ വിദഗ്ദ പരിശീലനം നൽകണം. വിദേശ ഓർഡറുകൾ ലഭിക്കുവാൻ സൗകര്യങ്ങൾ ഉണ്ടാകണം.

തൊഴിൽ മേഖലയിൽ കാർഷികാധിഷ്ഠിതമായ ഒരു പാരമ്പര്യമാണ് പൊതുവെ നമ്മുടെ പഞ്ചായത്തിനുള്ളത്. ഇവയെ നൂതനമായ ഒരു കാർഷിക പ്രവർത്തന രീതികളിലേക്ക് വളർത്തി വികസിപ്പിച്ചു കൊണ്ടുവരുന്നതോടൊപ്പം ഒരു വ്യാവസായിക ധിഷ്ഠിത പാരമ്പര്യത്തിനു തുടക്കം കുറിക്കാൻ ഈ സെമിനാർ നാന്ദി കുറിക്കട്ടെ.

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

### വ്യവസായയൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| ചെറുകിട വ്യവസായ യൂണിറ്റുകൾ | | കാർഷികാധിഷ്ഠിതം | വനാധിഷ്ഠിതം | തുണിവ്യവസായം | കെമിക്കൽ | എഞ്ചിനിയറിങ്ങ് | ഇലക്ട്രോണിക്സ് | ധാതുക്കൾ | കെട്ടിടനിർമ്മാണം |
|---|---|---|---|---|---|---|---|---|---|
| യൂണിറ്റുകളുടെ എണ്ണം | മൊത്തം തൊഴിലാളികളുടെ എണ്ണം | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 185 | 2883 | 13 | 68 | 4 | 22 | 24 | 2 | 31 | 21 |

# ഊർജ്ജം

ചെറുവണ്ണൂർ പഞ്ചായത്തിൽ ഊർജ്ജ രംഗത്ത് പ്രധാനമായും ഉപയോഗിക്കുന്നത് വിറക്, മണ്ണെണ്ണ, വൈദ്യുതി, ഗ്യാസ് എന്നിവയാണ്. ഇതിൽ 95% വീട്ടുകാരും പാചകാവശ്യത്തിന് വേണ്ടി വിറകിനെയാണ് ആശ്രയിക്കുന്നത്. ബാക്കി വീട്ടുകാർ ഗ്യാസ് അടുപ്പുകളും മണ്ണെണ്ണ സ്റ്റൗ, കറൻറ് ഉപകരണങ്ങൾ എന്നിവയുമാണ് ഉപയോഗിക്കുന്നത് 35 വർഷം മുമ്പാണ് ഈ പഞ്ചായത്തിൽ വൈദ്യുതി ആദ്യമായി ലഭ്യമായത്. മൊത്തമുള്ള 4486 വീടുകളിൽ 1390 വീടുകൾക്ക് മാത്രമെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളൂ. (29%) വ്യാപാരാ വശ്യത്തിന് 194 കണക്ഷനും വ്യാവസായികാവശ്യാർത്ഥം 11 കണക്ഷനും കാർഷികാവശ്യങ്ങൾക്കായി 46 കണക്ഷനും മാത്രമെ ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളൂ. നിലവിൽ വൈദ്യുതി കണക്ഷൻ ഉള്ള ആളുകൾക്ക് വൈദ്യുതി ലഭിക്കുന്നത് വടകര, കുറ്റ്യാടി സബ്സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും വൈദ്യുത ലൈൻ എത്താത്തത് കാരണം ഗാർഹിക, വ്യാവസായിക, കാർഷിക, വ്യാപാര രംഗത്ത് നാമമാത്രമായ കണക്ഷനുകളെ ലഭിച്ചിട്ടുള്ളൂ. മേൽപറഞ്ഞ ഉപഭോക്താക്കൾക്ക് 9 ട്രാൻസ്ഫോമറുകളിൽ കൂടിയാണ് വൈദ്യുതി വിതരണം നടത്തുന്നത്. തെരുവ് വിളക്കുകളുടെ ആവശ്യാർത്ഥം 48 ബൾബുകളും 8 സോഡിയം വേപ്പർ ലാമ്പുകളും മാത്രമെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളൂ. അടുത്ത കാലത്ത് സ്ഥാപിച്ച സോഡിയം വേപ്പർ ലാമ്പുകൾക്ക് 30000/- ക ചിലവ് വന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലേക്ക് വൈദ്യുതി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് അകലെയുള്ള വടകര, കുറ്റ്യാടി സബ്സ്റ്റേഷനുകളിൽ നിന്നായത് കൊണ്ട് വിതരണത്തിൽ പലപ്പോഴും തടസ്സങ്ങൾ നേരിടുന്നു. നാലഞ്ച് പഞ്ചായത്തുകളിൽ കൂടി കടന്നുവരുന്നതാകയാൽ വഴിയിൽ എവിടെ പ്രശ്നമുണ്ടായാലും ഇങ്ങേ അറ്റത്തുള്ള നമ്മുടെ പഞ്ചായത്തിനെ അത് ബാധിക്കുന്നു.
2. ഇപ്പോഴുള്ള ശക്തി കുറഞ്ഞ ട്രാൻസ്ഫോമറുകൾക്ക് താങ്ങാൻ കഴിയാത്ത കണക്ഷൻ ഉള്ളത് കൊണ്ട് രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു.
3. വോൾട്ടേജ് ക്ഷാമം കാരണം കാർഷികാവശ്യത്തിനുള്ള മോട്ടോറുകൾ പ്രവർത്തിക്കാൻ കഴിയാതിരിക്കുകയും കോടാവുകയും ചെയ്യുന്നു.
4. തുടരെ തുടരെയുള്ള അപ്രഖ്യാപിത കട്ടുകൾ വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നു.
5. ചുരുങ്ങിയ വിസ്തീർണ്ണമുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പാചകാവശ്യത്തിന് ആവശ്യമായ വിറക് ലഭ്യമല്ല.
6. നാടൻ അടുപ്പുകൾ ഉപയോഗിക്കുന്ന കുടുംബങ്ങളിൽ ഊർജ്ജത്തിൻെറ സിംഹഭാഗവും നഷ്ടപ്പെട്ടുപോകുന്നു.
7. വൈദ്യുത ലൈനുകളിൽ തട്ടി നിൽക്കുന്ന വൃക്ഷകമ്പുകൾ വഴി വൈദ്യുതി ചോർന്നു പോകുന്നു.
8. മീറ്ററുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്താത്തതും മീറ്റർ റീഡിങ്ങ് യഥാസമയം നടത്താത്തതും ഉപഭോക്താവിന് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
9. വൈദ്യുതി ഉപഭോഗത്തിനെക്കുറിച്ചും ഊർജ്ജ സ്രോതസ്സിനെക്കുറിച്ചും ബോധവത്കരണം ഇല്ലായ്മ.

## സാധ്യതകൾ

1. നിർദ്ദിഷ്ട മേപ്പയ്യൂർ 110 കെ. വി. സബ് സ്റ്റേഷ ൻെറ ജോലി യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തിയാക്കുക.

2. നിലവിലുള്ള ശക്തി കുറഞ്ഞ ട്രാൻസ്ഫോ മറുകൾ മാറ്റി ശക്തി കൂടിയ ട്രാൻസ്ഫോമറു കൾ സ്ഥാപിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

3. അപ്രഖ്യാപിത കട്ടുകൾ പൂർണ്ണമായി ഒഴിവാ ക്കുക.

4. ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കാൻ ബോധവത്കരണവും ധനസഹായവും നൽകു ക.

5. വൈദ്യുത ലൈനുകളിൽ തട്ടി നിൽക്കുന്ന വൃ ക്ഷ കമ്പുകൾ ഇടക്കിടെ വെട്ടിമാറ്റുക.

6. മീറ്ററുകൾ പ്രവർത്തനക്ഷമമാണെന്നും മീറ്റർ റീഡിങ്ങ് യഥാസമയം എടുക്കുന്നുണ്ടെന്നും ഡി പ്പാർട്ടുമെൻറ് ഉറപ്പുവരുത്തുക.

7. അനാവശ്യമായ ഊർജ്ജ ഉപയോഗത്തെ കുറി ച്ചും ഊർജ്ജ സ്രോതസ്സുകളുടെ പ്രാധാന്യത്തെ കുറിച്ചും ശക്തമായ ബോധവത്കരണം നടത്തുക.

8. പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും ആവശ്യമാ യ എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കാനുള്ള സത്വര നടപടി സ്വീകരിക്കു ക.

9. പഞ്ചായത്തിൽ ആവള, ചെറുവണ്ണൂർ, മുയി പ്പോത്ത് പ്രദേശങ്ങളിൽ സൗരോർജ്ജ പ്ലാൻറു കൾ സ്ഥാപിക്കുക.

10. കാർഷികാവശ്യമായ കണക്ഷനുകൾക്ക് മുൻ ഗണന നൽകുകയും പ്രസ്തുത കണക്ഷനു കൾ സൗജന്യമാക്കുകയും ചെയ്യുക.

11. ഇലക്ട്രോണിക് ചോക്കും കംപാക്റ്റ് ഫ്ളൂറസൻറ് ലാമ്പുകളും (CFL) വ്യാപകമായി പ്രചരിപ്പിക്കു ക.

12. ഗവൺമെൻറ് ഉടമയിലുള്ള ഒരു ഗ്യാസ് ഏജൻ സി പഞ്ചായത്തിൽ അനുവദിച്ചുകിട്ടാൻ വേണ്ട നടപടി സ്വീകരിക്കുക.

13. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടക്കാനുള്ള സൗകര്യം പഞ്ചാ യത്തിൽ ഉണ്ടാക്കുക.

14. പഞ്ചായത്തിലെ ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റുലൈറുകൾ ഉടനെ സ്ഥാപിക്കുകയും നിലവിലുള്ളതടക്കം പ്രവർത്തനക്ഷമമാ ക്കുന്നതിനവേണ്ട നടപടികൾ സ്വീകരിക്കുക.

15. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പരാതിപുസ്തകങ്ങൾ വെക്കുകയും ദിവസേന വന്ന് ഉപഭോക്താവിൻെറ പരാതി പരിശോധി ക്കുകയും പരിഹരിക്കുകം ചെയ്യുക.

16. കണ്ക്ഷൻ നൽകുമ്പോൾ ഉപഭോക്താവിന്ന് ഉണ്ടാകാറുള്ള അമിത ചിലവുകൾ ഇല്ലായ്മ ചെയ്യുക.

17. കണക്ഷൻ കൊടുക്കാനുള്ള കാലതാമസം ഒഴിവാക്കുക.

18. ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാൻ സഹാ യധനം നൽകുക.

പട്ടിക-1

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

| വാർഡ് | ആകെ വീടുകൾ | വൈദ്യുതീകരിച്ചത് | വീട്ടുപകരണങ്ങൾ | | | | |
|---|---|---|---|---|---|---|---|
| | | | ടി.വി. | വി.സി.ആർ. | ഫ്രിഡ്ജ് | വാഷിംഗ് മെഷീൻ | റേഡിയോ |
| I | 330 | 101 | 25 | 11 | 21 | 3 | 244 |
| II | 744 | 321 | 28 | 4 | 24 | 3 | 296 |
| III | 520 | 103 | 16 | 8 | 7 | 3 | 394 |
| IV | 800 | 154 | 25 | 9 | 8 | 7 | 511 |
| V | 299 | 140 | 22 | 5 | 10 | 1 | 249 |
| VI | 336 | 160 | 28 | 6 | 15 | 2 | 250 |
| VII | 512 | 168 | 34 | 9 | 16 | | 334 |
| VIII | 298 | 99 | 16 | 9 | 14 | | 212 |
| IX | 330 | 82 | 13 | | 5 | 2 | 224 |
| X | 317 | 62 | 15 | 6 | 14 | 8 | 248 |
| ആകെ | 4486 | 1390 | 222 | 67 | 134 | 29 | 2962 |

പട്ടിക-2

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ട്രാൻസ്ഫോർമറുകളുടെ വിവരം

| നമ്പർ | വാർഡ് | സെക്ഷൻ |
|---|---|---|
| 1 | മുയിപ്പോത്ത് നമ്പർ 1 | മേപ്പയ്യൂർ |
| 2. | മുയിപ്പോത്ത് നമ്പർ 2 | മേപ്പയ്യൂർ |
| 3. | ചെറുവണ്ണൂർ നമ്പർ 1 | മേപ്പയ്യൂർ |
| 4. | ചെറുവണ്ണൂർ നമ്പർ 2 | മേപ്പയ്യൂർ |
| 5. | കുണ്ടുത്തറ കോളനി | മേപ്പയ്യൂർ |
| 6. | പന്നിമുക്ക് | പേരാമ്പ്ര |
| 7. | മഠത്തിൽ മുക്ക് | പേരാമ്പ്ര |
| 8. | പെരിങ്ങളത്ത്പൊയിൽ | പേരാമ്പ്ര |
| 9. | എടക്കയിൽ | പേരാമ്പ്ര |

## നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

| വിഭാഗം | എണ്ണം |
|---|---|
| ഗാർഹികം | 1390 |
| വ്യാപാരം | 194 |
| വ്യാവസായികം | 11 |
| കാർഷികം | 46 |

# മാർക്കറ്റ്

വർഷങ്ങൾക്ക് മുമ്പ് ചെറുവണ്ണൂർ പഞ്ചായത്തിലെ മുയിപ്പോത്ത്. ചെറുവണ്ണൂർ, ആവള ഭാഗങ്ങളിൽ ആഴ്ച്ചചന്തകൾ നടന്നതായി ചരിത്രങ്ങൾ തെളിയിക്കുന്നു. എന്നാൽ ഗതാഗത സൗകര്യക്കുറവു മൂലവും മറ്റു കാരണങ്ങൾകൊണ്ടും ഇടക്കാലത്ത് പ്രസ്തുത ചന്തകൾ നിന്നുപോയതാണ്- നമ്മുടെ പഞ്ചായത്തിലെ വിവിധ കാർഷികോൽപ്പന്നങ്ങൾ, കൈതോലപ്പായ, വട്ടി, കൂട്ട, മുറം, കന്നുകാലികൾ, നടീൽ വിത്തുകൾ എന്നിവ മറ്റു ദൂര സ്ഥലങ്ങളിൽ കൊണ്ടുപോയാണ് വിപണനം നടത്തുന്നത്. തിരക്കേറിയ അങ്ങാടികളിൽ വാഹനഗതാഗതത്തിനടക്ക് റോഡുകളിൽ വെച്ചു മത്സ്യവിൽപ്പന നടത്തുന്നത് മത്സ്യത്തൊഴിലാളികൾക്കും, കച്ചവടക്കാർക്കും, ജനങ്ങൾക്കും ഒരുപോലെ അസൗകര്യവും അപകടം ഉണ്ടാക്കുകയും ചെയ്യുന്നു. പച്ചക്കറി വിതരണത്തിന്ന് പ്രത്യേക സൗകര്യമൊന്നും ഇല്ലാത്തത് കാരണം ജനങ്ങൾ കച്ചവടക്കാരുടെ ചൂഷണത്തിന് ഇരയാവുകയാണ്. അംഗീകൃത അറവുശാലകൾ ഇല്ലാത്ത്കാരണം ജനങ്ങൾ പഴകയിതും ഗുണനിലവാരമില്ലാത്തതുമായ മാംസം വാങ്ങി ഉപയോഗിക്കാൻ നിർബന്ധിതരായിതീരുകയും അവശിഷ്ടങ്ങൾ നിയമാനുസൃതം മറവുചെയ്യാത്തത്കൊണ്ട് ജനങ്ങൾക്ക് രോഗം പിടികൂടാൻ ഇടയാവുകയും ചെയ്യുന്നു. സർക്കാർ ഉടമയിലുള്ള നിത്യോപയോ ഗ സാധനങ്ങൾ വിതരണം ചെയ്യുന്നസ്റ്റോറുകൾ ഈ പഞ്ചായത്തിൻെറ പ്രധാന ഭാഗങ്ങളിൽ ഇല്ലാത്ത ത്കൊണ്ട് കച്ചവടക്കാരുടെ കൊള്ളലാഭങ്ങൾക്ക് നാട്ടുകാർ ഇരയാവുകയാണ്.

## സാദ്ധ്യതകൾ

1. മുയിപ്പോത്ത്, ചെറുവണ്ണൂർ, ആവള ഭാഗങ്ങളിൽ മുൻകാലങ്ങളിൽ നടന്നുവന്നിരുന്ന ആഴ്ചചന്തകൾ പുനഃസ്ഥാപിക്കുക.
2. മുയിപ്പോത്ത്, ചെറുവണ്ണൂർ, കക്കറമുക്ക്, എടക്കയിൽ, ആവള എന്നീ പ്രദേശങ്ങളിൽ ആധുനിക സ്വകര്യങ്ങളുള്ള മത്സ്യമാർക്കറ്റും, അറവുശാലകളും സ്ഥാപിക്കുക.
3. പച്ചക്കറികളും മറ്റു നിത്യോപയോഗ സാധനങ്ങളും ന്യായമായ വിലക്ക് വിതരണം നടത്തുന്നതിന് മുയിപ്പോത്ത്, ചെറുവണ്ണൂർ, കക്കറമുക്ക്, എടക്കയിൽ, മടത്തിൽ മുക്ക്, ആവളനട എന്നിവിടങ്ങളിൽ പഞ്ചായത്ത് സ്റ്റോറുകൾ ആരംഭിക്കുക.
4. നാളീകേരം, കുരുമുളക്, അടക്ക മുതലായ ഉത്പന്നങ്ങൾ സംഭരിക്കുന്നതിന്നവേണ്ടി മുയിപ്പോത്ത്, ചെറുവണ്ണൂർ,ആവള എന്നീ സ്ഥലങ്ങളിൽ ഓരോ ഡിപ്പോ ആരംഭിക്കുക. ഇതിന്ന് പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ നേതൃത്വം വഹിക്കണ്ടേതാണ്.
5. ശ്രീശാലപുരം കന്നുകാലിച്ചന്ത വിപുലമായ രൂപത്തിൽ നടത്താൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

# ഗതാഗതം

ഇരുപതാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ ചെറുവണ്ണൂർ പഞ്ചായത്തിൽ റോഡ് ഗതാഗതം തീരെ ഉണ്ടായിരുന്നില്ല. താഴ്ന്ന പ്രദേശങ്ങളിൽ തോണി, തെരുപ്പം, ചങ്ങാടം എന്നിവ വഴിയും കരമാർഗം തലച്ചുമടായും കാവടി ഉപയോഗിച്ചും സാധനങ്ങൾ അങ്ങാടികളിലെത്തിക്കാനും ഇതേ മാർഗം തന്നെയായിരുന്നു ഉപയോഗിച്ചിരുന്നത്. തലച്ചുമടായും കാവടി വഴിയും അന്ന് സാധനങ്ങൾ കൊണ്ടുപോയിരുന്നതും ഒട്ടുമുക്കാലും മുസ്‌ലിം സമുദായത്തിലെ സാധാരണക്കാരായിരുന്നു. അധ്വാന ശീലരായ അന്നത്തെ ചുമട്ടുകാർ ദിവസത്തിൽ രണ്ടുപ്രാവശ്യമെങ്കിലും വടകര പോലുള്ള അങ്ങാടികളിൽ തലച്ചുമടുമായിത്തന്നെ ഉൽപന്നങ്ങൾ കമ്പോളത്തിലെത്തിക്കുകയും കടകളിലേക്കാവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ തിരിച്ചെത്തിക്കുന്നതും ഒരു നിത്യ സംഭവമായിരുന്നു.

കുറ്റ്യാടി പോലുള്ള മലയോര പ്രദേശങ്ങളിലേക്ക് മുഴുവൻ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ അന്ന് ഒരു വലിയ വാണിജ്യ കേന്ദ്രമായിരുന്ന പയ്യോളി അങ്ങാടിയിൽ നിന്നും കുറ്റ്യാടി പുഴ വഴിയായിരുന്നു എത്തിച്ചിരുന്നത്. രാത്രി കാലങ്ങളിൽ മേപ്പടി സാധനങ്ങളുമായി വരുന്ന തോണിക്കാരുടെ പഴയ നാടൻ പാട്ടുകളും ബദറുപാട്ടുകളും തീരദേശവാസികളെ പുളകം കൊള്ളിച്ചിരുന്നു. ഫറോക്ക്, കല്ലായി, പുതിയറ ഭാഗങ്ങളിലേക്ക് നമ്മുടെ പഞ്ചായത്തിൽ നിന്ന് മരങ്ങളും മറ്റ് ഉരുപ്പടി സാധനങ്ങളും തെരുപ്പം കെട്ടിയാണ് എത്തിച്ചിരുന്നത്.

നാടുവാഴികളും രാജകുടുംബാംഗങ്ങളും അന്നത്തെ നാട്ടുപ്രമാണിമാരും യാത്രയയക്കുപയോഗിച്ചിരുന്നത് പല്ലക്കും മഞ്ചലുമായിരുന്നു. താഴ്ന്ന സമുദായങ്ങളിലും ജാതികളിലും പെട്ട അവശരായ രോഗികളെ അന്ന് മുളയിൽ ചാക്കുകെട്ടി ചുമലിലെടുത്തായിരുന്നു എത്തിച്ചിരുന്നത്. ഇന്നത്തെ മേപ്പയ്യൂർ-ചെറുവണ്ണൂർ-കക്കറമുക്ക് റോഡിൻെറ സ്ഥാനത്ത് കുണ്ടൂർ മുഴിത്തോട് എന്നറിയപ്പെടുന്ന വലിയൊരു തോടായിരുന്നു. ആ തോട് നികത്തി ചേറോത്ത് താഴവരെ റോഡാക്കി മാറ്റിയത് പഞ്ചായത്തിലെ അന്നത്തെയൊരു പൗരപ്രമുഖനായിരുന്ന ഉള്ളാടൻകണ്ടി ഗോവിന്ദൻ കിടാവ് ആയിരുന്നു. അന്ന് ഈ പഞ്ചായത്തിൽ വാഹനമുള്ള ഏക വ്യക്തിയും ഇദ്ദേഹമായിരുന്നു.

1935 ലാണ് റോഡ് നിർമ്മാണ കാര്യത്തിൽ പഞ്ചായത്ത് ബോർഡ് ആദ്യത്തെ തീരുമാനമെടുക്കുന്നത്. അന്നത്തെ മെമ്പറായിരുന്ന രാമൻ നമ്പ്യാർ അവതരിപ്പിക്കുകയും വടക്കേടുത്ത് സൂപ്പി പിന്താങ്ങുകയും ചെയ്ത ഒരു പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ ചെറുവണ്ണൂർ മുതൽ ചാനിയം കടവ് വരെ റോഡ് നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇങ്ങനെ നിർമ്മിച്ച വീതി കുറഞ്ഞ ചെമ്മൺ റോഡുകളിൽ കൂടി അന്ന് കാണാൻ കഴിഞ്ഞിരുന്ന ഏക വാഹനം കാളവണ്ടി മാത്രമായിരുന്നു. വിവിധ കടവുകളിലേക്ക് ചകിരി കൊണ്ടുപോകാനും തോണികളിൽ കൊണ്ടുവരുന്ന നിത്യോപയോഗ സാധനങ്ങൾ നാമമാത്രമായ കടകളിലേക്കെത്തിക്കാനും ആയിരുന്നു കാളവണ്ടികൾ മുഖ്യമായും ഉപയോഗിച്ചിരുന്നത്.

ക്രമേണ പഞ്ചായത്ത് ബോർഡിൻെറ തീരുമാനമനുസരിച്ചും അല്ലാതെയും വികസന തൽപരരായ ഒട്ടനവധി ആളുകളുടെ നിരന്തര പരിശ്രമത്തിൻെറ ഫലമായിട്ടാണ് ഇന്ന് നാം കാണുന്ന ടാർ ചെയ്ത PWD റോഡുകളടക്കമുള്ള പല റോഡുകളും നിലവിൽ വന്നത്. മേൽ പറഞ്ഞ രീതിയിൽ റോഡുകൾ വെട്ടുമ്പോൾ ദുർലഭം സ്ഥലമുടമകളുടെ രൂക്ഷമായ എതിർപ്പും അന്നത്തെ പൊതുപ്രവർത്തകർക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. കൊല്ലങ്ങളോളം ക്രിമിനൽ കേസുമായി കോടതികളിൽ കയറിയിറങ്ങേണ്ട അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. അക്കാലത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ആർ നാരായണൻ നമ്പ്യാർ പഞ്ചായത്ത് മെമ്പറായിരുന്ന ജ. പട്ടയാട്ട് അഹമ്മദ് സാഹിബ് എന്നിവർ അവരിൽ ചിലർ മാത്രമാണ്.

ഒറ്റപ്പെട്ട നമ്മുടെ പഞ്ചായത്തിനെ പുറംലോകവുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിന് വിയംച്ചിറപാലം ചെറുവോട്ട് താഴപ്പാലം, ചാനിയം കടവ് പാലം, ഗുളികപ്പുഴ പാലം എന്നിവ വളരെ ഏറെ സഹായിച്ചിട്ടുണ്ട്. 1983-ൽ ഗതാഗതത്തിന് തുറന്നുകൊടുത്ത ചാനിയൻകടവ് പാലം ഈ പഞ്ചായത്തിലെ യാത്രാ സൗകര്യത്തിന് വിപ്ലവകരമായ മാറ്റം വരുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിനെ വേളം പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന ഗുളികപ്പുഴ പാലം ഗതാഗതത്തിന് തുറന്നുകൊടുത്തത് കൊണ്ട് ഒരു പരിധിവരെ ഗതാഗത സൗകര്യവും വർദ്ധിച്ചിട്ടുണ്ട്. വേണ്ടത്ര വീതി ഇല്ലാതെ ജലസേചന ആവശ്യത്തിന് വേണ്ടി നിർമ്മിച്ച വിയ്യഞ്ചിറ പാലം കൂടുതൽ ഗതാഗത സൗകര്യത്തിന് വേണ്ടി പുതുക്കി പണിയേണ്ടതാണ്.

പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള 17.200 കിലോമീറ്റർ പി ഡബ്ലിയു ഡി റോഡുകളിൽ 14.100 കി.മീ.ടാർ ചെയ്തതും 3.100 കി.മീ. ടാർ ചെയ്യയാത്തതുമാണ് (അനുബന്ധം-1) മേപ്പയ്യൂർ ചെറുവണ്ണൂർ റോഡിൽ ചെറുവണ്ണൂർ അങ്ങാടിയുമായി ബന്ധപ്പെട്ട ഭാഗത്ത് അഴുക്കുചാൽ ഇല്ലാത്തത് കൊണ്ട് പ്രയാസമനുഭവിക്കുന്നുണ്ട്. ചെറുവണ്ണൂർ ചാനിയൻ കടവ് റോഡിലും ചെറുവണ്ണൂർ പന്നിമുക്ക് ആവള റോഡിലും അഴുക്കുചാലുകൾ ഇല്ലാത്തതും കാലാകാലങ്ങളിൽ ആവശ്യമായ സംരക്ഷണ പ്രവർത്തികൾ നടത്താത്തതും റോഡിൻെറ സുരക്ഷിതത്വത്തിന് ഹാനികരമാണ്. 3.100 കി.മീ. ദൈർഘ്യമുള്ള പള്ളിത്താഴ വിയ്യാഞ്ചിറ റോഡ് 1995 മാർച്ചിൽ ഗവൺമെൻറ് ഏറ്റെടുത്തതെങ്കിലും ഇപ്പോഴും ഭാഗികമായ പ്രവർത്തികൾ മാത്രമേ നടന്നിട്ടുള്ളൂ.അടിയന്തരമായി പ്രവർത്തി മുഴുമിപ്പിക്കേണ്ട റോഡുകളിൽ ഒന്നാണ് ഈ റോഡ്.

പഞ്ചായത്ത് ഏറ്റെടുത്ത 75.89 കി.മീ. റോഡുകളിൽ ചേറോത്ത് താഴമഠത്തിൽ താഴ റോഡിൽ രണ്ടു കിലോമീറ്ററും തട്ടാറമ്പത്ത് മുക്ക്-എടക്കയിൽ-മലപ്പാടി താഴ റോഡിൽ 2 കിലോമീറ്ററും മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. ബാക്കി വരുന്ന ഭാഗങ്ങളിൽ 5.315 കി.മീ. സോളിങ്ങും നടത്തിയിട്ടുണ്ട്. 66.675 കി.മീ. റോഡ് സോളിങ്ങോ, ടാറിങ്ങോ നടക്കാതെ വളരെ ദയനീയാവസ്ഥയിലാണ്. രൂക്ഷമായ ഗതാഗത പ്രശ്നങ്ങൾ പഞ്ചായത്തിൽ ഉള്ളത്കൊണ്ട് തന്നെ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന ആവശ്യങ്ങൾ അനുബന്ധമായി ചേർത്ത പട്ടികകളിൽ ചേർത്തിട്ടുണ്ട്.

## പൊതു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പി ഡബ്ലിയു ഡി അടക്കമുള്ള മുഴുവൻ റോഡുകളും വർഷത്തിൽ ഒരിക്കൽ അറ്റകുറ്റ പണികൾ നടത്തുക.

2.. പ്രധാനപ്പെട്ട പല റോഡുകൾക്കും ആവശ്യമായ വീതി ഇല്ല. ആയത് വീതി കൂട്ടി പരിഹരിക്കേണ്ടതാണ്.

3. റോഡ് നിർമ്മിക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുക.

4. മേപ്പയ്യൂർ-ആവള റോഡിലും പേരാമ്പ്ര-ചാനിയിൻ കടവ് റോഡിലും പ്രധാന ബസ്സ്സ്റ്റോപ്പുകളിൽ ഷെൽട്ടറുകൾ നിർമ്മിക്കുക.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് സിഗ്നൽ ബോർഡുകൾ നിർമ്മിക്കുക.

6. ഗ്രാമത്തിനകത്തുകൂടി നിർമ്മിക്കുന്ന റോഡുകൾക്ക് 8 മീറ്റർ വീതി ഉണ്ടെങ്കിലേ ചില ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന നിബന്ധന സംസ്ഥാന അടിസ്ഥാനത്തിൽ തന്നെ ഭേദഗതി വരുത്തേണ്ടതാണ്.

7. പ്രധാനപ്പെട്ട റോഡിൽ വെച്ച് വാഹനം കഴുകുന്നത് കർശനമായി നിരോധിക്കേണ്ടതാണ്.

8. പൊതുനിരത്തുകളിൽ നിർത്തിയിടുന്ന ടാക്സി വാഹനങ്ങൾ മാറ്റുന്നതിന് വേണ്ടി അവർക്ക് ടാക്സി സ്റ്റാൻറുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

9. പഞ്ചായത്തിൻെറ അതിർത്തിയിൽ കൂടി കടന്നുപോവുന്ന കുറ്റ്യാടി പുഴ ചരക്കുകൾ കൊണ്ടുപോവാനും ബോട്ട് സർവീസിനും ഉപയോഗപ്പെടുത്താവുന്നതാണ്.

10. കുണ്ടൂർ മൂഴി തോട് വീതി കൂട്ടി ജല ഗതാഗത യോഗ്യമാക്കിയാൽ കൃഷിക്കാർക്ക് വളരെയധികം പ്രയോജനപ്പെത്താവുന്നതാണ്.

പട്ടിക-1

| | പഞ്ചായത്തിലെ PWD റോഡുകൾ | നീളം കി.മീ. |
|---|---|---|
| 1. | ചെറുവോട്ട് താഴപ്പാലം-ചാനിയം കടവ് | 6.600 |
| 2 | ആയോൽപടി-ചെറുവണ്ണൂർ | 2.800 |
| 3. | പന്നിമുക്ക്-ആവള | 4.700 |
| 4. | പള്ളിത്താഴ-വിയ്യംചിറ | 3.100 |
| | ആകെ | 17.200 |

## നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ആകെ നീളം | ടാർ | സോളിംഗ് | മൺ റോഡ് |
|---|---|---|---|---|---|
| 1. | ചേറോത്ത്-മഠത്തിത്താഴ | 5.600 | 2.000 | 1.000 | 2.600 |
| 2. | പള്ളിതാഴ-നിരപ്പംറോഡ് | 1.400 | - | - | 1.400 |
| 3. | കുട്ടോത്ത്-എരവട്ടൂർ | 3.600 | - | - | 3.600 |
| 4. | തച്ചറോത്ത്താഴ-പുറമുണ്ടക്കൽ | 2.000 | - | - | 2.000 |
| 5. | ഗ്രാമദീപം വായനശാല-പയ്യിത്താഴ | 0.650 | 0.650 | - | - |
| 6. | തട്ടാറമ്പത്ത് മുക്ക്-മലപ്പാടി താഴ | 2.000 | 2.000 | - | - |
| 7. | പള്ളിക്കൽ മീത്തൽ-കുതിരപ്പെട്ടിതാഴ | 0.680 | - | - | 0.680 |
| 8. | പള്ളിതാഴ-കമ്മ്യംപാറ റോഡ് | 1.000 | - | - | 1.000 |
| 9. | കിണറ്റുംകര-ചാനിയംകടവ് | 1.000 | - | - | 1.000 |
| 10. | കാരയിൽനട-പെരിയക്കമണ്ണ് | 1.000 | - | - | 1.000 |
| 11. | മലയിൽപറമ്പ്-കുപ്പേരി | 0.300 | - | - | 0.300 |
| 12. | മഠത്തിൽമുക്ക്-കുന്നോട്ട്നട | 2.900 | - | - | 2.900 |
| 13. | താവൻെറവിടമുക്ക്-കിണറ്റുംകരതാഴ | 0.400 | - | - | 0.400 |

| ക്രമ നമ്പർ | റോഡിൻെറ പേര് | ആകെ നീളം | ടാർ | സോളിംഗ് | മൺ റോഡ് |
|---|---|---|---|---|---|
| 14. | ചങ്ങൻെറവിട മുക്ക്-മഠത്തിൽ മുക്ക് | 0.200 | - | - | 0.200 |
| 15. | കണ്ടിതാഴ-പുത്തുക്കടവ് | 1.200 | - | - | 1.200 |
| 16 | ചാർത്താങ്കോട്ടക്കത്താഴ-കാരയിൽ നട | 1.200 | - | - | 1.200 |
| 17. | കിഴനതാഴ-കൊമ്പ്രത്ത്പൊയിൽ | 1.100 | - | - | 1.100 |
| 18. | കക്കറപ്പൊയിൽ-കുറ്റൂക്കടവ് | 2.000 | - | - | 2.000 |
| 19. | പൂതക്കണ്ടി താഴ-കുറൂർക്കടവ് | 1.200 | - | - | 1.200 |
| 20. | കോട്ടച്ചാലിൽതാഴ-പെരിഞ്ചേരിക്കടവ് | 3.300 | - | - | 3.300 |
| 21 | നിരപ്പംകുന്ന്-മാവിലാട്ട് താഴ | 0.400 | 2.000 | 1.000 | 2.600 |
| 22. | കുഴിച്ചാലിൽ താഴ-പുത്തൻപുരയിൽ താഴ | 0.315 | - | 0.315 | - |
| 23 | വെണ്ണറോട് സ്കൂൾ-കുളവയൽ | 1.00 | - | - | 1.000 |
| 24. | പൂതക്കണ്ടിതാഴ-കാരയിൽ നട | 2.000 | - | - | 2.000 |
| 25. | പഞ്ചായത്ത് ഓഫീസ്-കായിൽ നട | 1.000 | - | - | 1.000 |
| 26. | അയോൽപടി-എടക്കയിൽ റോഡ് | 1.000 | - | - | 1.000 |
| 27. | മുയിപ്പോത്ത്-കീഴ്പയൂർ റോഡ് | 3.000 | - | 1.000 | 2.000 |
| 28. | പെരിങ്ങളത്ത് പൊയിൽ-കുന്നോത്ത് നട | 1.200 | - | - | 1.200 |
| 29. | എടോളിതാഴ-നിരപ്പംറോഡ് | 1.200 | - | - | 1.200 |
| 30. | മഠത്തിൽ മുക്ക്-ഹൈസ്കൂസ് റോഡ് | 1.000 | - | 1.000 | - |
| 31. | നാഗത്ത്കണ്ടിമുക്ക്-വടക്യെടുത്ത് മുക്ക് | 1.000 | - | - | 1.000 |
| 32 | ഗുളികപുഴ-പെരിഞ്ചേരികടവ് റോഡ് | 2.000 | - | - | 2.000 |
| 33. | നിരപ്പം-പടിഞ്ഞാറെ മാവിലാട്ട്താഴ | 1.000 | - | - | 1.000 |
| 34. | കോരംകുളങ്ങര-ചാക്കലകുനി | 3.000 | - | - | 3.000 |
| 35. | എടോളിതാഴ-ചെമ്പ്രാട്ട് മുക്ക് | 0.800 | - | - | 0.800 |
| 36. | കുറുങ്ങോട്ട് മുക്ക്-കണ്ടീത്താഴ റോഡ് | 1.100 | - | - | 1.100 |
| 37. | പിലാറത്ത് താഴ-ബാലവാടി റോഡ് | 0.700 | - | - | 0.700 |
| 38. | ചെറുവണ്ണൂർമുക്ക്-മിച്ചഭൂമി റോഡ് | 1.500 | - | - | 1.500 |

| ക്രമ നമ്പർ | റോഡിൻെറ പേര് | ആകെ നീളം | ടാർ | സോളിംഗ് | മൺ റോഡ് |
|---|---|---|---|---|---|
| 39. | എടകുനി മുക്ക്-എരവട്ടൂർ റോഡ് | 2.000 | - | - | 2.000 |
| 40. | ഏറോത്ത്മുക്ക്-മാനഞ്ചേരി പൊയിൽ റോഡ് | 1.250 | - | - | 1.200 |
| 41. | ബാലവാടി-തയ്യാട്ട് മുക്ക് റോഡ് | 2.000 | - | - | 0.900 |
| 42. | താഴയിൽ മുക്ക്-പുതുകുടി കണ്ടി താഴ റോഡ് | 0.305 | - | - | - |
| 43 | കൈവേലി-കുട്ടോത്ത്-നടക്കൽ സ്കൂൾ റോഡ് | 0.500 | - | - | 0.500 |
| 44. | എടക്കയിൽ റോഡ് | 1.000 | 1.000 | - | - |
| 45. | ചെറുവണ്ണൂർ-കാരയാട്ട്കുന്ന് റോഡ് | 1.000 | - | - | 1.000 |
| 46. | കുടേട്ടാത്ത് മിനി-പൂളകൂൽ റോഡ് | 1.300 | - | - | 1.000 |
| 47. | മിനി ഇൻറസ്ട്രീൽ-തുരുത്തിയാട്ട് കുന്ന് റോഡ് | 0.750 | - | - | 0.750 |
| 48. | മാത്തിൽ താഴ-ചങ്ങരോത്ത് പൊയിൽ റോഡ് | 0.700 | - | - | 0.700 |

58

## പുതുതായി വെട്ടേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് |
|---|---|
| I | മാവിലാട്ട് താഴ-തീരദേശ റോഡ് |
| I | കരുവിലോട്ട് മുക്കിൽ നിന്നും പാറയുള്ളതിൽ മുക്ക് വഴി ചാനിയം കടവ് റോഡും തവരാത്ത്കുന്ന് റോഡുമായും ബന്ധിപ്പിക്കുക. |
| I | ചെമ്പ്രാട്ട്മുക്ക്-പനയുള്ളതിൽ താഴവഴി നിരപ്പം റോഡിൽ നിന്ന് പള്ളിത്താഴ-നിരപ്പം റോഡുമായി ബന്ധിപ്പിക്കാൻ റോഡ്. |
| I | നമ്പൂരിക്കണ്ടി മുക്ക് ചാത്തോത് മീത്തൽ കോളനി വഴി ചെമ്പ്രാട്ട് മുക്ക്-നിരപ്പം റോഡുമായി ബന്ധിപ്പിക്കാൻ റോഡ്. |
| II | കുറൂറക്കടവ്-കക്കറമുക്ക് റോഡ് വികസിപ്പിക്കുക. |
| II | ഓട്ടുവയൽ കനാൽ ഭാഗം റോഡാക്കുക. |
| | പെരിയക്കാളിൽ താഴ-പീടികയുള്ളതിൽ താഴ റോഡ് ഉയരം കൂട്ടുക. |
| II | ചങ്ങരോത്ത് പൊയിൽ-മടത്തിൽ താഴ-അഴിയോത്ത് മുക്ക് റോഡിൽ നിന്ന് ലക്ഷം വീട് കോളനിയിലേക്ക്. |
| II | ചെറുവണ്ണൂർ കൃഷിഭവൻെറയടുത്ത് നിന്നാരംഭിക്കുന്ന റോഡ് തുരുത്യാട് കുന്ന് ഭാഗത്തേക്ക് റോഡാക്കുക. |
| II | കൂരൂറക്കടവിലേക്കുള്ള കനാൽ ഭാഗം റോഡാക്കുക. |
| II | തോട്ടുമുറി-കാരയിൽ നട-പാറപ്പുറം. |
| II | മാനവ-കുരൂറക്കടവ് ഭാഗത്തേക്ക് ഫുട്പാത്ത് ഫാം റോഡ് |
| III | മാലേരിത്താഴ-കുരൂറക്കടവ് ഫാം റോഡ് |
| III | പ്രൈമറി ഹെൽത്ത്സെൻറർ-പൊറ്റമ്മൽ താഴ വരെ (എടപ്പോത്ത് മീത്തൽ കോളനി വഴി) |
| III | പെരിഞ്ചേരിക്കടവിലേക്ക് പീടികയുടെ അടുത്ത് നിന്നുമുള്ള 60 മീ.ഭാഗം മണ്ണിട്ടുയർത്തി റോഡാക്കുക. |
| IV | മിനി-പൂളക്കൂൽ മുക്ക്-പുതുക്കോട്ട് താഴ-സി.കെ.ജി. കോളേജ് ഭാഗത്തേക്ക് ഏതു കാലാവസ്ഥയിലും ഉപയോഗിക്കത്തക്കവിധം റോഡുണ്ടാക്കുക. |

| വാർഡ് | റോഡിൻെറ പേര് |
|---|---|
| IV | ആവള കുട്ടോത്ത് എൽപി-ഞെച്ചിൽ മീത്തൽ (2) റോഡ് 1/2 KMകൂടി വെട്ടി കുട്ടോത്ത് വായനശാലയുമായി ബന്ധിപ്പിച്ച് ഒരു റോഡ്. |
| IV | തുളിശ്ശേരി മീത്തൽ അംഗൺവാടിയിലേക്ക് ഗതാഗതത്തിന് സൗകര്യത്തിൽ റോഡ് |
| IV | ആവള കുട്ടോത്ത് എൽ പി കൈവേലി റോഡിൽ തൊണ്ടിക്കണ്ടി മുക്ക് മുതൽ വായനശാല വരെ |
| IV | കുട്ടോത്ത് എൽ പി കൈവേലി റോഡ് |
| V | പകുതി വെച്ച് നിർത്തിയ പൈക്കാട്കുന്ന് പൂർത്തിയാക്കുക |
| V | പൈക്കാട്ട്കുന്ന്-എടക്കയിൽ റോഡ് |
| V | പൈക്കാട്ട്കുന്ന്-ഹെൽത്ത്സെൻറർ ഭാഗത്തേക്ക് (ചെറുവണ്ണൂർ-നൊച്ചാട് പഞ്ചായത്തതിർത്തി) കുന്നിൻഭാഗത്തേക്ക് |
| VI | കേളോത്ത്താഴ മുതൽ തെയ്യാട്ട് താഴ ഭാഗം വരെ റോഡ് |
| VI | കിണറുള്ള പറമ്പിൽ താഴ-വടക്കേപറമ്പിൽ താഴ വഴി മേപ്പയ്യൂർ മെയിൻറോഡിൽ പിലാറത്ത് താഴേക്ക് |
| VI | ഓട്ടുവയൽ മുതൽ കൂരൂറക്കടവ് വരെ നീണ്ടുകിടക്കുന്ന ഉപയോഗ ശൂന്യമായ കനാൽ ഭാഗം ഫാം റോഡാക്കുക |
| VI | കൃഷിഭവൻ-കാരയിൽ നട റോഡ് മലയിൽ മുക്ക് വെങ്ങിലാട്ട് ഇടവളി ചാർത്താൻ കോട്ടക്കൽ-കാരയിൽ നട റോഡുമായി ബന്ധിപ്പിച്ച് ഒരു റോഡ് |
| VII | കണ്ടീത്താഴ റോഡ് എടച്ചേരിച്ചാൽ കോളനി റോഡുമായും മുയിപ്പോത്ത്-കീഴ്പയ്യൂർ റോഡുമായും ബന്ധിപ്പിച്ച് രണ്ട് റോഡുകൾ നിർമ്മിക്കുക. |
| VII | കുറിശ്ശീലെടുത്ത് കുളം മനുക്കൽ മീത്തൽ ചാലിൽ വഴി കോളനിയുമായി ബന്ധിപ്പിച്ച് റോഡ് |
| VII | എൻ എസ് എസ് റോഡിൽ നരിവീണകണ്ടി തുടങ്ങി നകണ്ടിത്താഴ വഴി ചങ്ങരോത്ത് കണ്ടി മുക്കിലേക്ക് |
| VII | മരുതിയാട്ട് മുക്ക്-വഴാഞ്ഞി ഇട പൊയിൽ താഴ വഴി മുയിപ്പോത്ത്-തെക്കുംമുറി റോഡുമായി ബന്ധിപ്പിച്ച് ഒരു റോഡ് |
| VII | കണ്ടീത്താഴം മദ്രസ്സ-നാഗത്ത് ഇട, വെങ്ങാറ വഴി എടച്ചേരിച്ചാൽ ഭാഗത്തേക്ക് |
| VII | കണ്ടീത്താഴ-ചെറുവള്ളിത്താഴ വഴി കീഴ്പ്പയ്യൂരുമായി ബന്ധപ്പെടുത്താൻ ഒരു റോഡ്. |
| VII | നാവണ്ണൂർ താഴ കനാൽ റോഡ് കാര്യാട്ട് കുന്ന് റോഡുമായി ബന്ധിപ്പിച്ച് ഒരു റോഡ് |

| വാർഡ് | റോഡിൻെറ പേര് |
|---|---|
| VIII | പുത്തൂക്കടവ്-തെയ്യത്താംകണ്ടിത്താഴ-പുഴവക്ക് വഴി |
| VIII | കീരിയോട്ട് താഴ-എട്ടുകണ്ടം, ജമ്യം പാറ കണ്ടോത്ത് താഴ വരെ റോഡ് |
| VIII | കട്ടയാട്ടുമുക്ക്-എടത്തിൽ താഴ റോഡിൽ നിന്ന് ആപ്പാംകുഴിപ്പാറ-ജമ്യംപാറ റോഡ് |
| VIII | കരുവോട് ചിറയിലേക്ക് ഒരു ഫാം റോഡ് |
| IX | ചാനിയം കടവിൽ നിന്ന് കനാലിന് സമാന്തരമായി പ്രാണിമുണ്ടക്കൽ വരെ. |
| IX | ബാലവാടി മുക്ക് മുതൽ മണ്ണിൽ താഴ വഴി പുത്തൂക്കടവ് മുക്ക് വരെ. |
| IX | താഴത്തെടുത്ത് താഴ നിന്ന് പുതുക്കോട്ട് താഴ വഴി പുത്തൻ വയലിൽ താഴ വരെ |
| IX | വിരിപ്പൊയിൽ കനാൽ വരെ എത്തി നിൽക്കുന്ന റോഡ് വടകര-പേരാമ്പ്ര റോഡുമായി ബന്ധിപ്പിക്കുക. |
| IX | മൈലാടിക്കുന്നിലെ ഭജനമഠത്തിൽ എത്തിനിൽക്കുന്ന റോഡ് പാറക്കണ്ടി മിത്തൽ വഴി സാംസ്കാരിക നിലയം-ചാനിയം കടവ് റോഡുമായി ബന്ധിപ്പിക്കുക. |
| IX | പ്രാണിമുണ്ടക്കൽ റോഡിൽ നിന്ന് തയങ്കൽ കണ്ടോത്ത് ഭാഗത്തേക്ക് |
| IX | പുത്തൂക്കടവിൽ റോഡിൽ നിന്ന് തയങ്കൽ കണ്ടോത്ത് ഭാഗത്തേക്ക് |
| X | നിട്ടം തറ താഴ നിന്ന് പുവ്വാലോറക്കുന്ന് അമ്പലം വരെ എത്തിയ റോഡ് പാറച്ചാൽ താഴ റോഡുമായി ബന്ധിപ്പിക്കുക |
| X | പറാച്ചാലിൽ താഴ നിന്ന് കുരുറക്കടവിലേക്ക് ഫാം റോഡ് |
| X | ചെറിയ പറമ്പിൽ താഴ നിന്ന് ഉരുണിക്കുന്ന് ഭാഗത്തേക്ക് |
| X | പട്ടേരി മണ്ണിൽ താഴ-അറക്കൽ താഴ |
| X | കീരിയോട്ട് താള-ചുങ്കം റോഡിൻെറ ബാക്കിയുള്ള ഭാഗം |
| X | വറയാട്ട് ആറ്റുവാളക്കുനി മുക്കിൽ നിന്ന് വിയ്യഞ്ചിറ റോഡുമായി ബന്ധിപ്പിക്കാൻ കോച്ചേരിത്താഴ വഴി റോഡ്. |

## ഫുട്പാത്ത് ആവശ്യമായവ

| വാർഡ് | സ്ഥലത്തിന്റെ പേര് |
|---|---|
| I | ചെറുവള്ളിപ്പൊയിൽ-ഉരുപ്പുങ്കൽ |
| I | നിരപ്പംകുന്ന്-കുറുങ്ങോട്ട് താഴ-കൽപിത്തൂക്കണ്ടി വഴി തീരദേശ റോഡിലേക്ക് |
| I | കുന്നോത്ത് കുളങ്ങര-വേലിയേരി താഴ |
| I | ചെറുവത്ത് താഴ-ആഞ്ഞാംകുന്ന് വഴി തീരദേശ റോഡിലേക്ക് |
| I | പാവുള്ളാടൻ കണ്ടി താഴ-തോട്ടുമറി ഫുട്പാത്ത് പൂർത്തീകരിക്കുക |
| I | നീലാടൻകണ്ടി ഭാഗത്തേക്ക് തോട്ടുമറിയിൽ നിന്ന് ഫുട്പാത്ത് |
| I | കിഴക്കയിൽ മീത്തൽ നട, മുണ്ടോട്ടില്ലത്ത് വഴി വെണ്ണാരോട് സ്കൂൾ |
| I | അടിയോടിക്കണ്ടി മുക്ക്-കൈപ്രത്ത് താഴയിലേക്ക് |
| I | ഒറ്റപ്പിലാവുള്ളതിൽ താഴ-നെല്ലോളി രയരോത്ത് മീത്തൽ വഴി പശ്ചിമ തീര ദേശ റോഡുമായി ബന്ധിപ്പിച്ച്. |
| II | ഒറ്റപ്പിലാവുള്ളതിൽ മോങ്ങോട്ട്-കുന്നത്ത് മീത്തൽ കക്കറമുക്ക് റോഡ് |
| II | പാറച്ചാലിൽ താഴ ഫുട്പാത്ത് |
| II | ഓട്ടുവയലിൽ നിന്നും മാടത്തൂർ താഴേക്കുള്ള റോഡിന്റെ തുടർച്ചയായിട്ട് ഒരു ഫുട്പാത്ത് |
| II | പെരിയക്കമണ്ണിൽ താഴ റോഡിൽ നിന്ന് തായറോത്ത് വഴി ചേറുള്ളക്കണ്ടി ഭാഗത്തേക്ക് |
| III | കടവൻചാൽ താഴ നിന്ന് കുറൂറക്കടവ് റോഡുമായി ബന്ധപ്പെടുത്താൻ |
| III | ചാക്കലക്കുനി-പെരിഞ്ചേരിക്കടവുമായി ബന്ധിപ്പിക്കാൻ |
| III | കുവ്വുംക്കടവിൽ നിന്ന് ആവള ഭാഗത്തേക്ക് നിലവിലുള്ളത് ഉയർത്തുക. |
| III | ആവള നട-കോട്ടയിൽ താള. |
| III | പെരിഞ്ചേരിക്കടവ്-കാഞ്ഞിരക്കുനി കോളനി |
| III | കക്കറമുക്കിൽ നിന്ന്-ഹൈസ്കൂളിലേക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് മാനവ വഴി ഫുട്പാത്ത്. |

| വാർഡ് | സ്ഥലത്തിൻെറ പേര് |
|---|---|
| III | ആവള-ആശുപത്രി റോഡ്-എടപ്പോത്ത് മീത്തൽ കോളനി ടച്ച് ചെയ്ത് പെരിഞ്ചേരി കടവുമായി ബന്ധപ്പെടുത്തി ഫുട്പാത്ത് |
| IV | ചുള്ളിയോത്ത് മുക്ക്-വാണിയെടുത്ത് കുനി വരെ. |
| IV | പന്നിമുക്ക്-ആവള റോഡിൽ കുട്ടികളുടെ സുരക്ഷക്കായി ഫുട്പാത്ത് |
| IV | പള്ളിക്കൽ മീത്തൽ-കുതിരപ്പെട്ടി താഴ-കാവല്ലൂർ മീത്തൽ വരെ ഫുട്പാത്ത് |
| V | അയോൽപ്പടി-നെല്ലിയുള്ള പറമ്പത്ത് ഭാഗത്തേക്ക് |
| V | തിരുമുമ്പിൽ താഴ-മഠത്തിൽ താഴ വരെ. |
| V | കുറിഞ്ഞേരിത്താഴ മുതൽ ചിറ്റാരിക്കൽ താഴെ വരെ |
| V | മെയിൻ റോഡു മുതൽ പാമ്പിരിക്കുന്ന് സ്കൂൾ വരെയുള്ള ഇടവഴി |
| VI | കേളോത്ത് മീത്തൽ വളയലോട് ഭാഗം |
| VII | കാഞ്ഞോട്ട് താഴ ഫുട്പാത്തിൽ നിന്നും കവുങ്ങോട്ട് താഴ വഴി ചെറുവണ്ണൂരുമായി ബന്ധപ്പെടുത്തിക്കൊണ്ട് |
| VII | മരുതിയാട്ട് മുക്ക്-ഇരവത്ത് കണ്ടി-മാണിക്കോത്ത് മീത്തൽ വഴി വടക്കെയിൽ മീത്തൽ വരെ |
| VIII | കീരിയോട്ട് താഴ-കണ്ടോത്ത് താഴ |
| VIII | തെക്കുംമുറി സ്രാമ്പിക്കുനി മുതൽ കരുവോത്ത് താഴ വരെ |
| VIII | രയരോത്ത് താഴ-കുന്നുമ്മൽ മീത്തൽ പ്രദേശം |
| VIII | കരുവോത്ത് താഴക്കുനി മുതൽ മേൽമണ്ടോടി വരെ |
| VIII | കണ്ണിപ്പൊയിൽ മുക്ക്-കണ്ടിയിൽ മുക്ക് |
| VIII | കരുവോട് ചിറയുടെ ഭാഗത്തേക്ക് |
| IX | തെക്കേകുനി-നാരായണത്ത് താഴ-ചാനിയം കടവ് |
| IX | കുറ്റിയിൽ പീടിക നിന്ന് പയോളിത്താഴ വഴി പുത്തൂകടവ് റോഡിലേക്ക് |
| X | കുറുറക്കടവിലൂടെ ആവള ഭാഗവുമായി ബന്ധപ്പെടുത്തി ഇപ്പോഴുള്ള നടപ്പാത ഇനിയും ഉയർത്തുക. |
| X | കേളമ്പത്ത് താഴ-ഒറ്റപ്പിലാവുള്ളതിൽ താഴ |
| X | കുന്നത്ത്മുക്ക്-കോവിലകത്ത് കണ്ടി താഴ |
| X | കൊല്ലൻെറ വാതുക്കൽ മുക്ക്-കരുവോത്ത് മുക്ക് |
| X | കോവിലത്ത് കണ്ടി താള-പന്തപ്പിലാക്കൂൽ താഴ |
| X | വട്ടക്കുനി മുതൽ കക്കാമുക്ക് വരെ |
| X | നരയമ്പത്ത് താഴ നിന്ന് ചാനിയൻ കടവ് അംഗൻവാടിയിലേക്ക് |

## ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് |
|---|---|
| I | പള്ളിത്താഴ-മാവിലാട്ട് താഴ റോഡ് |
| I, X | ചെറുവണ്ണൂർ-കക്കാമുക്ക് റോഡിൻെറ മദ്ധ്യഭാഗം |
| IV | മടത്തിൽ മുക്ക് -ഹൈസ്കൂൾ റോഡ് |
| IV | മിനി ഇൻഡസ്ട്രിയൽ-പേരാമ്പ്ര റോഡ് |
| V | എടക്കയിൽ-അയോൽപ്പടി റോഡ് |
| V | മെയിൻറോഡ്-ഹെൽത്ത്സെൻറർ റോഡ് |
| VII, VIII | പള്ളിത്താഴ-തെക്കുംമുറി-കീഴ്പയ്യൂർ റോഡ് |
| VIII, IX | മുയിപ്പോത്ത്-വിയ്യഞ്ചിറ റോഡ് |

## മെറ്റൽ ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് |
|---|---|
| I, X | എടോളിത്താഴ-നിരപ്പം റോഡ് |
| I, X | നാഗപമ്പത്ത് താഴ-ക്കറമുക്ക് ഭാഗം റോഡ് |
| III | ആവള നട-പെരിഞ്ചേരിക്കടവ് റോഡ് |
| III | കോരൻകുളങ്ങര-ചേർക്കുനിത്താഴ (ചാക്കലക്കുനി റോഡ്) |
| IV | കുന്നോത്ത്നട-പെരിങ്ങളത്ത് പൊയിൽ റോഡ് |
| V | ഹെൽത്ത്സെൻറർ-മെയിൻ റോഡ് |
| V | എടക്കയിൽ-മടത്തുംതാഴ റോഡ് |
| VI | മഞ്ചേരിത്താഴ-പാറച്ചാൽ റോഡിന് കൂടയിൽ താഴ ഓവുപാലം പണിത് മെറ്റൽ ചെയ്യുക. |
| VII | ചെറുവണ്ണൂർ കണ്ടീ താഴ റോഡ്. |

## വീതി കൂട്ടേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് |
|---|---|
| I, X | എടോളിത്താഴ-നിരപ്പം റോഡ് |
| I | വെണ്ണാറോട്ട് സ്കൂൾ-കുളവയൽ മാവിലാട്ട് താഴ |
| I | ഒറ്റപ്പിലാവുള്ളതിൽ താഴ മുതൽ തൊണ്ടിക്കണ്ടി താഴ വഴി പോകുന്ന ഫുട്പാത്ത് വീതി കൂട്ടി റോഡാക്കുക. |
| II | തുരിത്ത്യാട് കുന്നിലേക്കുള്ള റോഡ് |
| X, II | പാറച്ചാൽ താഴ റോഡ് |
| II | പൂനക്കണ്ടി താഴ-കാരയിൽ നട റോഡ് |
| II | ചാർത്താൽ കോട്ടക്കൽ താഴ-കാരയിൽ നടപ്പാലം നിർമ്മിച്ച് ചാത്തൻകോട്ട് താള-ആവള റോഡുമായും-പാറപ്പുറത്ത് ആവള റോഡുമായും ബന്ധിപ്പിക്കുക. |
| III | അറക്കൽ കടവ് അപ്രോച്ച് റോഡ് |
| III, X | കക്കാമുക്ക് മദ്രസ്സ-കറൂറക്കടവ് റോഡ് |
| IV | കരിമ്പാപ്പുറം-കണ്ടോത്തുമുക്ക് റോഡ് |
| IV | പറമ്പത്ത് മുക്ക്-കുതിരപ്പെട്ടി റോഡ് |
| IV | കുതിരപ്പെട്ടി മുക്കിലേക്കുള്ള പള്ളിക്കൽ മീത്തൽ-മാവിലി ഹരിജൻ കോളനി റോഡ് |
| IV | മിനി ഇൻഡസ്ട്രിയൽ-പേരാമ്പ്ര റോഡ് |
| V | ഇനന്തൻകണ്ടി താള-കിഴക്കയിൽ താഴ റോഡ് |
| V | കണ്ണങ്കോട്ട് പാറ-പാറക്കൂൽ റോഡ് |
| V, VI | പിലാറത്ത് താഴ-പാലോളിത്താഴ റോഡ് |
| V | വായനശാലാ-എടക്കയിൽ അമ്പലം റോഡ് |
| VI | കോരാക്കുളങ്ങര-ചറക്കരക്കുനി റോഡ് |
| VII | ചെറുവണ്ണൂർ-കണ്ടീത്താഴ എൻ എസ് എസ് റോഡ് |
| IX | തച്ചറോത്ത് പൊയിൽ- പ്രാണിമുണ്ടക്കൽ റോഡ് |

## ഓടകൾ നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് ഉദ്ദേശിക്കുന്ന നീളം |
|---|---|
| II | ഓട്ടുവയൽ-മാടത്തൂർ താഴ റോഡ് |
| V | പൈക്കാട്ട് കുന്ന് റോഡ് |
| V | പിലാറത്ത് താഴ-പാലോളിത്താഴ റോഡ് |
| V | മാണിക്കോത്ത് മേപ്പയൂർ റോഡ് |
| VI | പേരാമ്പ്ര-ചാനിയം കടവ് റോഡിൽ പഞ്ചായത്തിൻെറ പരിധിയിൽ വിശിഷ്യാ ചെറുവണ്ണൂർ അങ്ങാടിയിൽ |
| VII | ചെറുവണ്ണൂർ-കണ്ടീതായ റോഡിൽ ചെറുവണ്ണൂർ മുഴിപ്പോത്ത് അങ്ങാടികളിൽ |
| VII | കുന്നോത്ത് താഴ കിഴിപ്പയൂർ റോഡ് കണ്ടീത്താഴ |
| VIII, VII | പള്ളിത്താഴ-തെക്കുംമുറി കീഴിപയ്യൂർ റോഡ് |
| VIII, IX | മുയിപ്പോത്ത്-വിയ്യഞ്ചിറ റോഡ്. |

# പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിട രംഗത്ത് പഴയ അവസ്ഥയിൽ നിന്ന് വലിയ മാറ്റങ്ങൾ സംഭവിച്ച പഞ്ചായത്താണ് ചെറുവണ്ണൂർ. മുമ്പ് കാലങ്ങളിൽ ഓരോ പറമ്പിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് വീട് നിർമാണം നടന്നിരുന്നത്. വെട്ടുകല്ല് ഉപയോഗിച്ചുള്ള തറയും ചെങ്കല്ല്, കുമ്മായം ഇവ ഉപയോഗിച്ച് ചുമരും നിർമിക്കുക എന്നതായിരുന്നു പഴയ സ്ഥിതി. സാമ്പത്തികമായി വളരെ മുന്നോക്കം നിൽക്കുന്നവരായിരുന്നു ഇത്തരം വീടുകൾ നിർമ്മിച്ചിരുന്നത്. ചെമ്മണ്ണും ഉമിയും കൂട്ടിക്കുഴച്ചുണ്ടാക്കുന്ന ഉരുട്ട് കട്ടകൾ ഉപയോഗിച്ചുള്ളതായിരുന്നു ഇടത്തരക്കാരുടെ വീടുകൾ. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും അടിച്ചമർത്തപ്പെട്ട പിന്നോക്ക ജനവിഭാഗങ്ങളും ചെറ്റക്കുടിലുകളിലാണ് താമസിച്ചിരുന്നത്. ജന്മിത്വം നിലനിന്നിരുന്ന കാലഘട്ടത്തിൽ ജന്മിമാരുടെ സ്ഥലത്തായിരുന്നു ഈ ജനവിഭാഗങ്ങൾ കുടിലുകൾ നിർമിച്ചിരുന്നത്.

സമഗ്രഭൂപരിഷ്കരണ നിയമംമൂലം ജന്മിത്വം തകരുകയും ജനങ്ങളുടെ സാമ്പത്തിക സ്ഥിതി പടിപടിയായി വളർച്ച പ്രാപിക്കുകകയും ചെയ്തതോടെയാണ് പാർപ്പിടരംഗത്ത് മാറ്റങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. സമീപകാലത്ത് ഗൾഫിൻെറ സ്വാധീനം കൂടി ഉണ്ടായതോടെ പാർപ്പിടരംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടായി. എണ്ണത്തിലുണ്ടായ വർധനവാണ് മറ്റൊരു സവിശേഷത. പഴയ കൂട്ടുകുടുംബ വ്യവസ്ഥ തകരുകയും ചെറിയ കുടുംബങ്ങൾ വ്യാപകമാവുക്യും ചെയ്തതോടെ വീടുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. പഴയ കേരളീയ മാതൃകയിലുള്ള വീടുകളിൽ നിന്ന് കോൺഗ്രീറ്റ് സൗധങ്ങളിലേക്കുള്ള മാറ്റമാണ് ഏറെ ശ്രദ്ധേയം. "താമസിക്കാനൊരിടം" എന്നതിലുപരും അന്തസ്സിൻെറയും പ്രതാപത്തിൻെറയുംചിഹ്നമായി വീടിനെനോക്കിക്കാണുന്ന മനോഭാവം ജനങ്ങളുടെ ഇടയിൽ കൂടിവരുന്നു. പഞ്ചായത്തിലെ ഗൾഫ് മലയാളികളുടെ സമ്പാദ്യത്തിൻെറ നല്ലൊരു ഭാഗവും ചെലവഴിക്കപ്പെടുന്നത് പാർപ്പിടരംഗത്താണ്.

വീട് നിർമാണത്തിലുള്ള ചെലവ് അനുദിനം വർധിക്കുന്നു എന്നതാണ് ഗുരുതരമായ പ്രശ്നം. കഴിഞ്ഞ ഒരഞ്ച് വർഷത്തിനുള്ളിൽ കെട്ടിടനിർമാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികളുടെകൂലിയിലും 100% ത്തിലധികം വർധനവുണ്ടായിട്ടുണ്ട്. മെറ്റൽ, പൂഴി, വെട്ടുകല്ല്, കരിങ്കല്ല്, സിമൻറ് എന്നിവക്കാണ് കാര്യമായ വിലക്കയറ്റം. ഉയർന്ന കൂലി നിലനിൽക്കുന്നത്കൊണ്ട് തെക്കൻ കേരളത്തിലും തമിഴ്നാട്ടിലും ഉള്ള ധാരാളം തൊഴിലാളികൾ കെട്ടിടനിർമ്മാണരംഗത്ത് ജോലി ചെയ്യുന്നു. പാലക്കാട്, ഒറ്റപ്പാലം, പട്ടാമ്പി എന്നിവിടങ്ങളിൽ നിന്നുള്ള ധാരാളം മരപ്പണിക്കാരും കെട്ടിട നിർമ്മാണ രംഗത്ത് ജോലി ചെയ്യുന്നുണ്ട്. സാധനങ്ങളുടെ അതികമായ വിലക്കയറ്റവും തൊഴിലാളികളുടെ ഉയർന്ന കൂലിയും മൂലം സാധാരണക്കാരന് ഒരു വീട് നിർമിക്കുക എന്ന അടിസ്ഥാന ആവശ്യം നിവൃത്തിക്കാൻ കഴിയാത്തസാഹചര്യമാണ് നിലവിലുള്ളത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഭീമമായ വിലവർദ്ധനവ് സാധാരണക്കാരെ കടക്കാരാക്കുന്നുണ്ട്.

ഈ രംഗത്ത് ഏറെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും ധാരാളം കുടുംബങ്ങൾ ചെറ്റപ്പുരകളിലും കട്ടപ്പുരകളിലും താമസിക്കുന്നുണ്ട്. കുടിലുകളും കട്ടപ്പുരകളും മാറ്റി ഈ കുടുംബങ്ങൾക്ക് എങ്ങിനെ പ്രാഥമിക സൗകര്യങ്ങളുള്ള വീടുകൾ നിർമ്മിച്ചുനൽകും എന്നതാണ് പാർപ്പിടരംഗവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നം. ബഹുജനപങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. പഞ്ചായത്തിലെ ഇന്നത്തെ വീടിൻെറ അവസ്ഥ പട്ടികയായി ചുവടെ കൊടുക്കുന്നു.

പട്ടിക-1

| വാർഡ് | കക്കൂസുകളുള്ള വീടുകൾ | കക്കൂസുകളില്ലാത്ത വീടുകൾ | വൈദ്യുതീകരിച്ച വീടുകൾ | വൈദ്യുതി ഇല്ലാത്ത വീടുകൾ |
|---|---|---|---|---|
| I | 244 | 86 | 101 | 229 |
| II | 520 | 224 | 321 | 423 |
| III | 410 | 110 | 103 | 417 |
| IV | 762 | 32 | 154 | 646 |
| V | 266 | 36 | 140 | 155 |
| VI | 145 | 45 | | |
| VII | 372 | 140 | 168 | 344 |
| VIII | 234 | 64 | 99 | 199 |
| IX | 221 | 109 | 82 | 248 |
| X | 238 | 79 | 62 | 255 |
| ആകെ | 3412 | 925 | 1230 | 2916 |

പട്ടിക-1

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| ടെറസ് | 56 | 112 | 43 | 88 | 41 | 30 | 55 | 62 | 48 | 42 | 577 |
| ഓട് | 151 | 480 | 175 | 340 | 196 | 199 | 221 | 111 | 123 | 98 | 2094 |
| ഓല | 111 | 111 | 236 | 307 | 53 | 102 | 202 | 96 | 125 | 132 | 1475 |
| ചെറ്റ | 12 | 41 | 66 | 65 | 9 | 5 | 34 | 29 | 34 | 45 | 340 |
| ആകെ | 330 | 744 | 520 | 800 | 299 | 336 | 512 | 298 | 330 | 317 | 4486 |

● സന്നദ്ധ പ്രവർത്തകർ സർവ്വേ വഴി കണ്ടെത്തിയ വിവരങ്ങൾ.

പട്ടികയിൽ ഓലപ്പുരകൾ എന്ന വിഭാഗത്തിൽ പെടുന്ന വീടുകളിൽ 90%വും കട്ടപ്പുരകളാണ്. നിർധന ജനവിഭാഗങ്ങൾ താമസിക്കുന്ന ലക്ഷംവീട് കോളനികളിലേയും ഹരിജൻ കോളനികളിയേും വീടുകളുടെ സ്ഥിതിയും ഏറെ ദയനീയമാണ്. പല കോളനികളിലും വെള്ളവും വെളിച്ചവും ലഭ്യമല്ല. പഞ്ചായത്തിലെകുന്നിൽ പ്രദേശങ്ങളിലാണ് ഈ കോളനികളിലധികവും.

1993 മതുൽ 96 വരെ വിവധ പദ്ധതികളിലായി പഞ്ചായത്തിൽ 37 വീടുകൾ അനുവദിക്കുകയുണ്ടയി. ഇതിൽ 17 വീടുകളുടെ പണി മാത്രമെ പൂർത്തീകരിച്ചിട്ടുള്ളൂ. ആവശ്യക്കാരുടെ എണ്ണവുമായി തട്ടിച്ച് നോക്കിയാൽ അനുവദിച്ച വീടുകളുടെ എണ്ണം വളരെ കുറവാണെന്ന് കാണാം. വിവിധ പദ്ധതികൾ വഴി ഇപ്പോൾ നൽകിവരുന്ന 15,500 രൂപവീടുപണി പൂർത്തീകരിക്കുന്നതിന് തീർത്തും അപര്യാപ്തമാണ്. വളരെ ദരിദ്രരായ ആളുകൾക്ക് ഈ തുകകൊണ്ട് ഒന്നും ചെയ്യാൻ കഴിയുന്നില്ല.

## ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

- വീട് നിർമിക്കാൻ സ്വന്തമായ സ്ഥലമില്ലാത്ത ആളുകളുണ്ട്. ഇവർക്ക് വീട് നിർമിക്കാനാവശ്യമായ സ്ഥലം ലഭ്യമാവണം.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് നിർമിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകണം.
- ചെലവ് കുറഞ്ഞ വീടുകൾ നിർമിക്കുന്നതിൽ പരിശീലനം ലഭിച്ച തൊഴിലാളികൾ കുറവാണ്.
- കുടിവെള്ളവും വെളിച്ചവുംലഭ്യമല്ലാത്ത ഹരിജൻ കോളനികളിലും ലക്ഷംവീട് കോളനികളിലു വൈദ്യുതിയുംകുടിവെള്ളവും എത്തിക്കണം.
- ലക്ഷംവീടുകളിൽ പലതും താമസയോഗ്യമല്ല
- വീടു നിർമിക്കാൻ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുത്തിട്ടുള്ളവർക്ക് സാമ്പത്തിക ബുദ്ധിമുട്ട് മൂലം ലോൺ തിരിച്ചടക്കാൻ കഴിയുന്നില്ല.
- ലക്ഷംവീട് കോളനികളിലെയും ഹരിജൻ കോളിനികളിലെ ചില സ്ഥലങ്ങൾ അർഹതപ്പെടാത്തവരുടെ കൈവശം ഉണ്ട്. അവ തിരിച്ചു വാങ്ങി അർഹതപ്പെട്ടവക്ക് നൽകണം
- ദരിദ്ര വിഭാഗങ്ങൾക്ക് വിവിധ പദ്ധതികളിലായി ഇപ്പോൾ നൽകി വരുന്ന സംഖ്യ വീട് നിർമ്മാണത്തിന് തീരെ അപര്യാപ്തമാണ്
- പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട ആളുകൾക്ക് വീട് നൽകുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

- ഭവന നിർമാണ ലോണുകൾക്ക് അപേക്ഷിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസുകളിൽ നിന്നും സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ അപേക്ഷ നൽകി പാസായിട്ടും ഫണ്ട് ലഭിക്കുന്നില്ല

## സാധ്യതകൾ-പരിഹാരങ്ങൾ

- പഞ്ചായത്തിലെ മുയിപ്പോത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന പുറക്കാമലയിൽ ചുരുങ്ങിയ വിലക്ക് സ്ഥലം ലഭിക്കാൻ സാധ്യതയുണ്ട് ഇതുപയോഗപ്പെടുത്തിയാൽ കുറയേധികം കുടുംബങ്ങൾക്ക് വീട് വെക്കാൻ സ്ഥലം ലഭിക്കും
- പഞ്ചായത്തിലെ കെട്ടിട നിർമാണ തൊഴിലാകൾക്ക് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിലുള്ള വൈദഗ്ധ്യം "നിർമിതി" കേന്ദ്രവുമായി ബന്ധപ്പെട്ട് നൽകേണ്ടതാണ്
- പഞ്ചായത്ത് അടിസ്ഥാനത്തിൽ ഭവന നിർമാണ സഹകരണ സംഘങ്ങൾ രൂപീകരിക്കണം
- കെട്ടിട നിർമാണത്തിലെ ദുർവ്യയവും ധൂർത്തും ഒഴിവാക്കാനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം തൊഴിലാളികൾക്ക് നൽകണം.
- വൻതുക ചെലവഴിച്ച് വീട് നിർമ്മിക്കുന്നവരിൽ നിന്ന് ഒരു തുക നികുതിയിനത്തിൽ ഈടാക്കി പാവപ്പെട്ടവരുടടെ വീട് നിർമാണത്തിന് ഉപയോഗിക്കണം
- വാർഡ് തലത്തിൽ സന്നദ്ധ സംഘങ്ങൾ രൂപീകരിച്ച് പാവപ്പെട്ടവരുടെ വീട് നിർമാണത്തിന് ഉപയോഗിക്കണം.
- ഹൗസിംഗ് ബോർഡും സൊസൈറ്റികളും അമിതമായ പലിശയിൽ ഇളവ് അനുവദിക്കുകയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥ ഒഴിവാക്കുകയും വേണം.

# സാമൂഹ്യക്ഷേമം

സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന ഒട്ടേറെ ജനങ്ങൽ നമ്മുടെ പഞ്ചായത്തിലുണ്ട് ഇവരുടെ ഉന്നമനത്തിലൂടെ മാത്രമേ നാടിനെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയൂ. ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കം നിന്നുപോയ ഈ ജന വിഭാഗങ്ങളുടെ ഉയർച്ച ലക്ഷ്യമാക്കിയുള്ള ഒട്ടേറെ പദ്ധതികൾ നടപ്പിലുണ്ടെങ്കിലും പലകാരണങ്ങൾ കൊണ്ടും ഈ പദ്ധതികൾ കൊണ്ടൊന്നും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളെപ്പറ്റി ഈ ജന വിഭാഗങ്ങൾക്ക് വ്യക്തമായ അറിവില്ലായെന്നതാണ് മുഖ്യ കാരണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തനവും കാര്യക്ഷമമല്ല.

I.R.D.P സർവ്വേ പ്രകാരം 1543 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരാണ്. ഇവർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ അപര്യാപ്തമാണ്. അവശ ജനവിഭാഗങ്ങൾക്ക് നൽകിവരുന്ന പെൻഷനുകൾക്ക് അർഹരായിട്ടും പെൻഷൻ ലഭിക്കാത്ത വ്യക്തികൾ പലരും ഉണ്ട്. വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ വിവരം പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

പെൻഷൻ ലഭിക്കുന്നവരൊക്കെ അതിനർഹതപ്പെട്ടവരാണെങ്കിലും അർഹതപ്പെട്ട ധാരാളം പേർക്ക് ഇനിയും പെൻഷനുകൾ ലഭിക്കാനുണ്ട്. പട്ടികയിൽ കാണുന്ന കണക്കുകളിൽ വികലാംഗ പെൻഷൻ തുടങ്ങി മറ്റു പെൻഷൻ ലഭിക്കുന്നവരുടെ കണക്കുകൾ കാണുന്നില്ല. ഇവരെപ്പറ്റിയുള്ള വിവരങ്ങൾ പെൻഷൻ രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല.

സാമൂഹ്യക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന 19 അംഗണവാടികൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായുണ്ട് ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ സ്ഥാപനങ്ങളുടെ ഉയർച്ചയിൽ ജനങ്ങൾക്കുള്ള താൽപര്യക്കുറവും ജീവനക്കാരികൾക്ക് ആവശ്യത്തിന് വേതനം ലഭിക്കാത്തതുമൊക്കെ അംഗണ വാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തതിനുള്ള കാരണങ്ങളാണ്.

| | | |
|---|---|---|
| 1 | വിധവാ പെൻഷൻ | 195 |
| 2 | തൊഴിലില്ലായ്മ വേതനം | 209 |
| 3 | കർഷകതൊഴിലാളി പെൻഷൻ | 833 |
| 4 | കേൻസർ | 4 |
| | ആകെ | 1241 |

● അവലംബം പെൻഷൻ രജിസ്റ്റർ (വില്ലേജ് ഓഫീസ്)

അംഗണവാടികളുടെ ഭൗതിക സാഹചര്യം വ്യക്തമാക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു

| സീരിയൽ | അംഗണ വാടി നമ്പർ | അംഗണവാടിയുടെ പേര് | വാർഡ് | റോഡ് സൗകര്യം | കുടി വെള്ളം | മറ്റു പ്രാഥമിക സൗകര്യ ങ്ങൾ | സ്വന്ത മായ കെട്ടിടം | പണി നടന്നു കൊണ്ടി രിക്കുന്ന കെട്ടിടം | കളിപ്പാ ട്ടങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | സി 29 | നിരപ്പൻ കുന്ന് | I | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 2 | സി 30 | കക്കറ മുക്ക് | X | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 3 | സി 31 | തിരുമംഗലത്ത് | II | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 4 | സി 32 | പവരിങ്ങളത്ത് പൊയിൽ | IV | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | - | ഇല്ല |
| 5 | സി 33 | തടത്തിൽ മുക്ക് | IV | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6 | സി 34 | ചാനിയംകടവ് | IX | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 7 | സി 35 | ഓട്ടുവയൽ | II | ഉണ്ട് | ഉണ്ട് | ഇല്ല | ഭാഗികം | - | ഇല്ല |
| 8 | സി 36 | മഞ്ചേരികുളിച്ചാൽ | II | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 9 | സി37 | കാഞ്ഞോട്ട് മീത്തൽ | VII | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 10 | സി 38 | തെക്കുമുറി | VII | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | സി 39 | കണ്ടീത്താഴ | VII | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | സി 40 | തുളശ്ശേരി മീത്തൽ | IV | ഇല്ല | ഇല്ല | ഇല്ല | - | ഉണ്ട് | ഇല്ല |
| 13 | സി 41 | വീവേഴ്സ് സൊസൈറ്റി | VI | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 14 | സി 111 | അയോൽപടി | VI | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 15 | സി 112 | കുട്ടോത്ത് | VI | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 16 | സി 113 | എടക്കയിൽ | V | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 17 | സി 114 | പടിഞ്ഞാറക്കര | IX | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 18 | സി 129 | കുളനട | IV | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | - | ഇല്ല |
| 19 | സി 142 | പെരിഞ്ചേരിക്കടവ് | III | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## ഗ്രാമസഭകളിൽ ഉയർന്ന് വന്ന പ്രശ്നങ്ങൾ

- വിവധ പെൻഷനുകൾ യഥാസമയത്ത് ലഭിക്കുന്നില്ല. കുടിശിക ലഭിക്കാനുണ്ട്.
- കർഷകതൊഴിലാളിപെൻഷൻ പദ്ധതിയിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
- കാലാകലങ്ങളിൽ വിവിധ തൊഴിലുകൾ മാറി മാറി എടുത്ത് ഇപ്പോൾ ഒരു ക്ഷേമനിധിയിലും അംഗമല്ലാത്തവർക്ക് പെൻഷൻ ഏർപ്പെടുത്തണം.
- തടഞ്ഞുവെക്കപ്പെട്ട പെൻഷനുകൾ നിയമ പ്രശ്നങ്ങൾ ഒഴിവാക്കി വിതരണം ചെയ്യാനുള്ള നടപടികൾ ഉണ്ടാവണം.
- അജ്ഞത മൂലം അർഹതപ്പെട്ട പലർക്കും പെൻഷന് അപേക്ഷിക്കാൻ കഴിയുന്നില്ല.
- അംഗണവാടികളിലെ കുട്ടികൾക്കുള്ള ആരോഗ്യപരിശോധന കാര്യക്ഷമമായി നടക്കുന്നില്ല.
- ഒറ്റ അംഗണവാടികളിലും കുട്ടികൾക്കുള്ള കളിക്കോപ്പ് ആവശ്യത്തിനില്ല.
- വിവിധ ക്ഷേമനിധികളിൽ അംഗമായിട്ടുള്ളവർക്ക് ദൂര സ്ഥലങ്ങളിൽപോയി പണമടക്കാൻ കഴിയുന്നില്ല.
- മിക്ക അംഗണവാടികളിലും കുടിവെള്ളമടക്കം മറ്റു പ്രാധമിക സൗകര്യങ്ങളില്ല.
- പെൻഷൻ ലഭിക്കാനുള്ള വരുമാനപരിധി വർദ്ധിപ്പിക്കണം.
- വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവരെ മാറ്റിത്താമസിപ്പിക്കാൻ ദുരിതാശ്വാസകേന്ദ്രം സ്ഥാപിക്കണം.
- റേഷൻകാർഡ് ലഭിക്കുന്നതിനും തിരുത്തലുകൾ നടത്തുന്നതിനും അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കണം.
- അംഗണവാടികളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ വിറകിൻെറ കാഷ് കൃത്യമായി ലഭിക്കുന്നില്ല.
- ചില റേഷൻഷാപ്പുകളിൽ നിന്ന് ബില്ലിലെ വിലക്ക് സാധനങ്ങൾ ലഭിക്കുന്നില്ല.
- ആഞ്ഞാംകുന്ന്, വലിയപറമ്പത്ത് ഭാഗം, കുതിരപ്പെട്ടിമുക്ക്, ചുള്ളേ്യാത്ത്കുന്ന്, മഞ്ചേരികുന്ന്, പറമ്പത്ത്മുക്ക്, ഒട്ടക്കുന്നുമ്മൽ, കേളമ്പത്ത് ഭാഗം എന്നീ സ്ഥലങ്ങളിൽ ഓരോ അംഗണവാടികൾ സ്ഥാപിക്കണം.

## സാധ്യതകൾ-പരിഹാരങ്ങൾ

- സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പഞ്ചായത്തിൽ നടക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെപ്പറ്റി പ്രചാരണം സംഘടിപ്പിക്കുക.
- പെൻഷന്ന് അർഹതപ്പെട്ടവരെ കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക.
- ക്ഷേമനിധകളിൽ അടക്കാനുള്ള പണം ചെറുവണ്ണൂർ സർവ്വീസ് സഹകരണബാങ്കിൽ അടക്കുന്നതിന് സൗകര്യം ചെയ്യുക.
- മൂന്നു മാസത്തിലൊരിക്കൽ ഡോക്ടർമാർ അംഗണവാടികൾ സന്ദർശിച്ച് കുട്ടികളേയും അമ്മമാരേയും പരിശോധിക്കണം.
- അംഗണവാടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ വർക്ഷോപ്പ് സംഘടിപ്പിക്കുക.
- ഇറിഗേഷൻ വകുപ്പിൻെറ കീഴിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള സ്ഥലങ്ങൾ വിട്ടുകിട്ടിയാൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗണവാടികൾക്ക് കെട്ടിടം പണിയാനുള്ള സ്ഥലം ലഭിക്കും.

# പൊതുജനാരോഗ്യം

ഒരു സമൂഹത്തിൻെറ സമ്പത്ത് അവിടെയുള്ള ജനങ്ങളുടെ ആരോഗ്യമാണ്. ലളിതവും ചിട്ടയോട് കൂടിയതുമായ ജനകീയ ഇടപെടലുകളിലൂടെ ഇന്നനുഭവപ്പെടുന്ന പല ആരോഗ്യ പ്രശ്നങ്ങളും ഒരുപരിധി വരെ പരിഹരിക്കാൻ നമുക്ക് കഴിയും. അതോടൊപ്പം തന്നെ അധികൃതരുടെ ഭാഗത്ത് നിന്ന് അടിയന്തിര ശ്രദ്ധ ലഭിക്കേണ്ട പ്രശ്നങ്ങളമുണ്ട്. മേൽപറഞ്ഞ രണ്ട് പ്രവർത്തനങ്ങളുടേയും അപര്യാപ്തത ചെറുവണ്ണൂർ പഞ്ചായത്തിലെ പൊതുജനാരോഗ്യത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

1970കളുടെ തുടക്കം മുതലാണ് പഞ്ചാത്തിൽ ആധുനിക ചികിത്സാലയങ്ങൾ സ്ഥാപിതമായത്. അതിനുമുമ്പ് പാരമ്പര്യ ചികിത്സാ സമ്പ്രദായമായിരുന്നു പ്രധാനമായും നാട്ടുനടപ്പ്. പാരമ്പര്യചികിത്സാരംഗത്ത് പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചവരാണ് പയോളി രാമുണ്ണിനമ്പ്യാർ, വി.കെ. കുമാരൻ വൈദ്യരുടെ പിതാവായ കേളപ്പൻ വൈദ്യർ, എടത്തിൽ കുഞ്ഞുണ്ണി വൈദ്യർ, വലിയവീട്ടിൽ കുഞ്ഞിച്ചന്തുപണിക്കർ, വടക്കെ പാറയുള്ളതിൽ നാരായണൻ നമ്പ്യാർ, പാറേമ്മൽ ചന്തു ആശാരി തുടങ്ങിയവർ. വിഷ ചികിത്സാരംഗത്ത് വെന്നിക്കൊടി പാറിച്ചവരാണ് തട്ടാൻ അപ്പുക്കുട്ടനും, തേനാടിക്കുന്നുമ്മൽ കുഞ്ഞുകണാരൻ നമ്പ്യാരും. ഉഴിച്ചിൽ ചികിത്സയിൽ അപൂർവ്വ സിദ്ധികളാൽ അനുഗ്രഹീതനായിരുന്നു കോവുമ്മൽ ഗോവിന്ദൻ നായർ.

പ്രാഥമിക ആരോഗ്യകേന്ദ്രം, സഹകരണാശുപത്രി, ആയുർവേദ ആശുപത്രി ചെറിയ തോതിൽ പ്രവർത്തിക്കുന്ന 4 സ്വകാര്യ ഹോമിയോ ക്ലീനിക്കുകൾ എന്നിവയാണ് പഞ്ചായത്തിൽ ഇന്നുള്ള പ്രധാന ചികിത്സാ കേന്ദ്രങ്ങൾ. ഇതിൽ ചെറുവണ്ണൂർ പഞ്ചായത്തിൻെറ കേന്ദ്ര ഭാഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സഹകരണാശുപത്രി വർഷങ്ങളായി പൂട്ടികിടക്കകയാണ്. ചെറുവണ്ണൂർ പഞ്ചായത്തിലെ ജനകീയ ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ കഴിയുന്ന ഒരു വലിയ സ്ഥാപനമാക്കി ഇതിനെ വളർത്തിയെടുക്കേണ്ടതുണ്ട്. ആരോഗ്യ പ്രവർത്തനരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളേ ഇവിടെയുള്ളു. ആവളയിൽ സ്ഥിതി ചെയ്യുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രവും ചെറുവണ്ണൂരിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രിയും.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭിക്കുന്നില്ല. ഈ കേന്ദ്രത്തിൻെറ മേൽനോട്ടത്തിൽ നടക്കേണ്ട പല ആരോഗ്യ പ്രവർത്തനങ്ങും സുഗമമായി നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ ജീവനക്കാർ ഇന്നിവിടെ ഇല്ല. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ രണ്ട് ഒഴിവുകൾ വളരെ കാലമായി നികത്താതെ കിടക്കുന്നു. ആരോഗ്യ സംവിധാനങ്ങൾ വെറും രോഗ ചികിത്സയല്ല; രോഗപ്രതിരോധ പ്രവർത്തനങ്ങളും, രോഗ നിയന്ത്രണങ്ങളും, രോഗ ചികിത്സയും ഇവയ്ക്കെല്ലാം ഉപരിയായി ബോധവത്ക്കരണ പ്രവർത്തനങ്ങളും കൂടിച്ചേർന്നതാവണം ഒരു ആരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനമേഖല. ആ അർത്ഥത്തിൽ നമ്മുടെ പ്രൈമറി ഹെൽത്ത് സെൻറർ ഇനിയും ഉയർന്നു പ്രവർത്തിക്കേണ്ടതുണ്ട്. മൂന്ന് ഉപകേന്ദ്രങ്ങൾ ഇപ്പോൾ ഇതിൻെറ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.ഇവ കൂടാത ഒരു കുടുംബക്ഷേമ കേന്ദ്രം മുയിപ്പോത്ത് പ്രവർത്തിക്കുന്നു. എടക്കയിൽ, മുയിപ്പോത്ത് എന്നീ പ്രദേശങ്ങളിൽ ഇവയുടെ പ്രവർത്തനം ഏറെ ആശ്വാസകരമാണ്. കക്കറമുക്ക് കോളനി പ്രദേശങ്ങൾ പഞ്ചായത്ത് കേന്ദ്രമായ ചെറുവണ്ണൂർ ടൗൺ എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്. കുടുംബക്ഷേമ കേന്ദ്രം പ്രവർത്തിക്കുന്ന മുയിപ്പോത്തെ നിലവിലുള്ള കെട്ടിടം ചോർന്നൊലിച്ച് വീഴാറായിരിക്കുന്നു. ഉപയോഗശൂന്യമായ കിണറും ജീവനക്കാരുടെ അഭാവവും ഈ കേന്ദ്രത്തിൻെറ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നു.

ഗ്രാമീണ ആരോഗ്യ സംവിധാനത്തിൻെറ അടിസ്ഥാനഘടകവും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും അവയ്ക്ക് കീഴിലുള്ളഉപകേന്ദ്രങ്ങളുമാണ്. എന്നാൽ ഇവ രണ്ടും ഇന്ന് ശരിയായ രീതിയിലല്ല പ്രവർത്തിക്കുന്നത്. മരുന്നുകളുടേയും ഉപകരണങ്ങളുടേയും മറ്റും കുറവ്കാരണം ചെറിയ അസുഖങ്ങൾക്കുപോലും പ്രതിവിധി നൽകാൻ ഇത്തരം കേന്ദ്രങ്ങൾക്ക് കഴിയുന്നില്ല.ആരോഗ്യപ്രവർത്തകരുടെ അഭാവവും ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു.

ഉപ സെൻററിൻെറ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തി ജനങ്ങളുടെ ഇടയിൽ അവയുടെ വിശ്വാസ്യത വർദ്ധിപ്പിക്കേണ്ടതാണ്. ഗ്രാമീണ ആരോഗ്യ സംവിധാനത്തിൽ ഉപസെൻററിൻെറ സ്ഥാനം ഉയർത്തണം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ഗ്രാമപഞ്ചായത്തിൻെറ അധികാരപരിധിയിൽ കൊണ്ടുവരണം. എങ്കിൽ ജനപങ്കാളിത്തത്തോടെ വിഭവസമാഹരണം നടത്തി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ വികസനം ആസൂത്രണം ചെയ്യാം. കുഞ്ഞുങ്ങളുടെ പ്രതിരോധകുത്തിവെപ്പിനാവശ്യമായ സംവിധാനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗവൺമെൻറ് ആയുർവേദ ആശുപത്രി 1971 മുതൽ ഇവിടെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സമീപപ്രദേശങ്ങളിൽ വെച്ച് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പഞ്ചായത്തിനു പുറത്തു നിന്നുള്ള ധാരാളം രോഗികളെത്താറുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ ഇപ്പോഴും അസൗകര്യങ്ങളേറെയുള്ള വാടക കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. വിദഗ്ധരായ ഡോക്ടർമാരും മറ്റാരോഗ്യ പ്രവർത്തകരും ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്. ചെറുവണ്ണൂരിലെ പൊതുജനാരോഗ്യ രംഗത്ത് പ്രധാനപ്പെട്ട ഈ സ്ഥാപനത്തിന് പഞ്ചായത്ത് വിലക്ക് വാങ്ങിയ സ്ഥലത്ത് സ്വന്തമായി ഒരു കെട്ടിടം പണിയാൻ അധികൃതരുടെ ഭാഗത്ത് നിന്ന് അടിയന്തര ശ്രദ്ധയുണ്ടാവേണ്ടതുണ്ട്.

സ്വകാര്യ ഹോമിയോ ക്ലീനിക്കുകൾ ഇവിടെ പ്രവർത്തിക്കുന്നതുകൊണ്ട് അത്യാവശ്യ ഘട്ടങ്ങളിൽ ഡോക്ടറെ സമീപിക്കാൻ നാട്ടുകാർക്ക് അവസരം ലഭിക്കുന്നു. പരമ്പരാഗ ചികിത്സ നത്തുന്ന വൈദ്യന്മാരും അലോപ്പതി-ആയുർവേദമരുന്നുകടകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ചില പ്രത്യേകകാലങ്ങളിൽ പരക്കെ പടർന്നു പിടിക്കുന്ന വയറിളക്കം, ഛർദ്ദി, ചിക്കൻപോക്സ്, കണ്ണ്രോഗം എന്നിവ ശുചിത്വ സംവിധാനങ്ങളുടെ അഭാവത്തേയാണ് എടുത്ത്കാട്ടുന്നത്. ഏതാണ്ട് 50% കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല. ശുദ്ധജല ക്ഷാമം ആരോഗ്യ രംഗത്തെ ഒരു ഗുരുതര പ്രശ്നമായി മാറിയിരിക്കുന്നു. കോളനി പ്രദേശങ്ങൾ അനവധിയുള്ള ഇവിടെ കുടിവെള്ളം എത്തിക്കുന്നതിനാവണം ആരോഗ്യ രംഗത്ത് പ്രഥമ പരിഗണന. ആൾമറ ഇല്ലാത്ത കിണറുകൾ ധാരാളം ഉള്ള ഇവിടെ വയറിളക്കം, ഛർദി തുടങ്ങിയ ജലജന്യ രോഗങ്ങൾ കൂടുതലാണ്. മുയിപ്പോത്ത് ആവള ഭാഗം തുടങ്ങിയ പുഴയോര പ്രദേശങ്ങളിൽ മഴക്കാലത്ത് ഓരുവെള്ളം കയറി കിണറുകൾ അശുദ്ധമാകുക വഴി വയറിളക്കം, ചർദ്ദി തുടങ്ങിയ രോഗങ്ങൾ കാണപ്പെടുന്നു. പൊതുസ്ഥലങ്ങളിൽ മലവിസർജനമൂലമുള്ള മലിനീകരണ പ്രശ്നവും പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഉണ്ട്. നഞ്ഞ് കലക്കി മീൻ പിടിക്കുക വഴി പുഴകളിലേയും തോടുകളിലേയും വെള്ളത്തെ വിഷമയമാക്കുന്ന നടപടികളെ വിലക്കേണ്ടതാണ്.

ജനനിബിഡങ്ങളായ പ്രദേശങ്ങളിലും ടൗണുകളിലും ഉണ്ടാവുന്ന ചപ്പുചവറുകൾ നിക്ഷേപിക്കാനാവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഇവ ജനസമ്പർക്കമുള്ള സ്ഥലങ്ങളിൽ തന്നെ നിക്ഷേപിക്കുകയാണ് പതിവ്. അതുകാരണം കൊതുക്, ഈച്ച എന്നിവ പെരുകി അവ പരത്തുന്ന രോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. ഇതിനു പരിഹാരം ലളിതമാണെങ്കിലും സന്നദ്ധ സംഘടനകളുടേയും അധികൃതരുടേയും സഹായ സഹകരണങ്ങളും നിർദ്ദേശങ്ങളും ആവശ്യമാണ്. ഒട്ടേറെ കലാ സാംസ്കാരിക സംഘടനകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ രംഗത്തെ അവരുടെ പ്രവർത്തനങ്ങൾ കേവലം രക്തഗ്രൂപ്പ് നിർണ്ണയ കേമ്പിലും സൗജന്യ നേത്ര ചികിത്സാ കേമ്പിലുമൊക്കെ ഒതുങ്ങി നിൽക്കുകയാണ് പതിവ്. ഇവയെല്ലാം ആരോഗ്യ രംഗത്തെ മഹത്തായ സേവനങ്ങളാണെങ്കിലും അതോടൊപ്പം തന്നെ ഓരോ സംഘടനയും അതാത് പ്രദേശത്തെ ശുചിത്വത്തിലും ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളിലും അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ചാൽ ഏറെ മുന്നേറ്റം ഈ രംഗത്ത് നമുക്ക് കൈവരിക്കാൻ കഴിയുന്നതാണ്.

പഞ്ചായത്തിൽ ഒരു വയസ്സിനും 6 വയസ്സിനും ഇടയിലുള്ള കുട്ടികളുടെ എണ്ണം 1607 ആണ്. ഇതിൽ ആൺകുട്ടികൾ 804 ഉം പെൺകുട്ടികൾ 803 ഉം ആണ്. ഇതിൽ നാല് (4) കുട്ടികൾ ഗുരുതരമായ പോഷണക്കുറവ് അനുഭവപ്പെടുന്നവരാണ്. അംഗൻവാടികൾ പ്രൈമറിസ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് കുട്ടികൾക്ക് വിതരണം ചെയ്യുന്ന പോഷക ആഹാരത്തിൻെറ അളവിലും ഗുണത്തിലും വർദ്ധനവ് വരുത്തേണ്ടതാണ്. അംഗൻവാടികളിലൂടെ കുട്ടിൾക്ക് മുട്ടയും പാലും നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 85 | 82 | 46 | 43 | 9 | 7 | 0 | 0 |
| 1-3 വയസ്സ് | 189 | 194 | 101 | 104 | 27 | 30 | 1 | 2 |
| 3-6 വയസ്സ് | 207 | 182 | 108 | 128 | 31 | 30 | 0 | 1 |

## ടെറ്റനസ് ടോക്സോയിഡ് (TT)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 131 | 104 | 21 |

| | | |
|---|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | - | 106 |
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളിക ലഭിച്ച കുട്ടികളുടെ എണ്ണം | - | 384 |
| വിറ്റാമിൻ-എ-തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | - | 367 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | - | 157 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | - | 1 |

ചെറുവണ്ണൂർ ഗവൺമെൻറ് ആയുർവേദ ആശുപത്രി

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം-പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിത്സ പാമ്പുകടി Etc | മറ്റുള്ള രോഗങ്ങൾ | ആകെ |
| 92-93 | 81 | 12394 | 1239 | 8398 | 317 | 9 | 2512 | 12475 |
| 93-94 | 99 | 22923 | 1617 | 17758 | 424 | 7 | 3216 | 23022 |
| 94-95 | 101 | 15489 | 1089 | 11447 | 210 | 5 | 2839 | 15590 |
| 95-96 | 90 | 24728 | 1812 | 18964 | 312 | 13 | 3717 | 24818 |
| ആകെ | 371 | 75534 | 5757 | 57517 | 1263 | 34 | 12284 | 75805 |

കുടുംബാരോഗ്യത്തിൻെറ മുഖ്യ ഘടകമായ അടുക്കളത്തോട്ടം ഇന്ന് നമ്മുടെ നാട്ടിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്. 'ഒരു മുരിങ്ങാമരത്തിന് ഒരു കുടുംബത്തിൻെറ കാഴ്ചശക്തി നിലനിർത്താനാവും' എന്ന പഴയ പ്രയോഗങ്ങളൊക്കെ നാം മറന്നിരിക്കുന്നു. പുത്തൻ കമ്പോള സംസ്കാരത്തിൻെറ ഭാഗമായുള്ള പരസ്യങ്ങളിൽ ആകൃഷ്ടരായി രസായനങ്ങളും വിറ്റമിൻ ഗുളികകളും തുടങ്ങി വിലകൂടിയ ഉൽപ്പന്നങ്ങളെയാണ് നാമിന്ന് കൂടുതലായി ആശ്രയിക്കുന്നത്. ബേബിഫുഡുകളും മിഠായികളും കുട്ടികളെ ആകർഷിക്കുന്ന ഗുണനിലവാരം കുറഞ്ഞ മറ്റു ആഹാര സാധനങ്ങളും ഒരുതലമുറയുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന ആദ്യത്തെ ആക്രമണങ്ങളാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. പ്രധാനമായും സ്കൂളുകളെ കേന്ദ്രീകരിച്ചാണ് ഗുണനിലവാരം കുറഞ്ഞതും അപകടകാരികളുമായ മിഠായികൾ പോലുള്ള സാധനങ്ങൾ വിറ്റഴിക്കുന്നത്. ഈ അടുത്തകാലത്ത് പ്രൈമറി സ്കൂളുകളിൽ നടത്തിയ വൈദ്യ പരിശോധനയിൽ ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുട്ടികൾക്ക് ദന്തരോഗങ്ങൾ ഉണ്ടെന്ന കണ്ടെത്തൽ മേൽ സൂചിപ്പിച്ച പ്രശ്നങ്ങളെ കൂടുതൽ ഗൗരവതരമാക്കുന്നു.

പഞ്ചായത്തിൽ പ്രമേഹം, കാൻസർ, ഹൃദ്രോഗം, ത്വക്ക് രോഗം എന്നിവ വർദ്ധിച്ചുവരുന്നതായി കാണുന്നു. കാരണങ്ങൾ പഠനവിധേയമാക്കേണ്ടതാണ്.

# കുടിവെള്ളം

സമീപപ്രദേശങ്ങളിൽ വെച്ച് ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ട് കൊണ്ടിരിക്കുന്ന പഞ്ചായത്താണിത്. പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പ് ഇതിനൊരു പ്രധാന കാരണമാണ്. പഞ്ചായത്തിലെ ബഹുഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻ പ്രദേശങ്ങളാണ്. ഏകദേശം 50ൽ അധികം കുന്നുകളുള്ള ഈ പഞ്ചായത്തിൽ കുന്നുകളില്ലാത്ത ഒരൊറ്റ വാർഡ് പോലുമില്ല. അതുകൊണ്ട് തന്നെ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകൾക്കും കുന്നിൻ പ്രദേശങ്ങളിൽ താമസിക്കേണ്ടിവരുന്നു. ചില കുന്നുകളിൽ വെള്ളമെത്തിക്കുന്നത് 500 മീ അധികം ദൂരം താണ്ടിയാണ്. ഹരിജനങ്ങളും മറ്റു ദരിദ്രജനവിഭാഗങ്ങളും തിങ്ങിത്താമസിക്കുന്ന ഈ പഞ്ചായത്തിനാണ് ശുദ്ധജലവിതരണപദ്ധതിയിൽ പ്രഥമപരിഗണന ലഭിക്കേണ്ടത്.

ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെ പ്രശ്നപരിഹാരത്തിന് ആവശ്യമായ ജലസ്രോതസ്സുകൾ ഇവിടെയുണ്ട്. കുറ്റ്യാടിപ്പുഴ, ആവളപ്പാണ്ടി, കരുവോട്ചിറ, ശ്രീശാലാതുറ എന്നിവ ഈ പഞ്ചായത്തിലെ സമൃദ്ധമായ ജലസ്രോതസ്സുകളാണ്. ഇവ കൂടാതെ പൊതുഉടമയിലും സ്വകാര്യ ഉടമയിലും ഒട്ടനവധി കുളങ്ങളും ഇവിടെയുണ്ട്. എന്നാൽ ഈ ജല ഉറവിടങ്ങളൊക്കെ ഇപ്പോൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ കിടക്കുകയാണ്. സർക്കാർ സഹായവും മനുഷ്യവിഭവശേഷിയും ഉപയോഗപ്പെടുത്തി ഈ സ്രോതസ്സുകൾ മുഴുവൻ ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിച്ചാൽ തന്നെ നമ്മുടെ പഞ്ചായത്തിൻെറ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിൽ ഇന്നുള്ള പരിമിതമായ സൗകര്യങ്ങളിൽ ഏറിയവയും സ്വകാര്യവ്യക്തികളുടെ കിണറുകളാണ്. കുന്നിൻ പ്രദേശങ്ങളിൽ കിണറിൻെറ ശരാശരി ആഴം 20 മീ. അധികമാണെങ്കിലും വേനൽക്കാലങ്ങളിൽ ഇവയിൽ ഒട്ടുമുക്കാലും വറ്റിവരളുന്നവയാണ്. അല്പവരുമാനക്കാരും ചെറുകിട കർഷകരുമായ ഇവിടുത്തെ താമസക്കാർക്ക് ഇങ്ങനെ ആഴമേറിയ കിണറുകൾ ഉണ്ടാക്കാൻ കഴിയുകില്ലെന്നും അഥവാ അതിന് ശ്രമിക്കുകയാണെങ്കിൽ ജീവിതകാലത്തെ സമ്പാദ്യം മുഴുവൻ ഇങ്ങനെ വറ്റിവരളുന്ന കിണറുകൾക്കുവേണ്ടി ചിലവാക്കേണ്ടിവരുന്നു എന്നാണ് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലെ ജനങ്ങളുടെ പ്രതികരണങ്ങളിൽ നിന്നും അറിയാൻ കഴിഞ്ഞത്.

പൊതു ടാപ്പുകളാണ് സ്വന്തമായി കിണറുകളില്ലാത്ത കുറച്ചുപേർക്കെങ്കിലും ഇപ്പോൾ ആശ്വാസം. എന്നാൽ ഇവ ആവശ്യക്കാരുടെ ഒരു ശതമാനത്തിനു പോലും തികയുകയില്ല. നാല് ജലവിതരണപദ്ധതികൾ ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മാണിക്കോത്ത് - എടക്കയിൽ, എടച്ചേരിച്ചാൽ ഹരിജൻ കോളനി, കുണ്ടുത്തറ ഹരിജൻ കോളനി, കാര്യാട്ട് കുന്ന് - പുളിക്കൂങ്കുഴിക്കുന്ന് എന്നിവയാണവ. മൊത്തം 111 ടാപ്പുകളാണ് ഇവയിൽ എല്ലാംകൂടി ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെ പ്രവർത്തന ശേഷി വർദ്ധിപ്പിച്ച് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചാൽ പ്രശ്നം കുറേക്കൂടി ലഘൂകരിക്കാവുന്നതാണ്.

പൊതുകിണറുകൾ പഞ്ചായത്തിൽ ചില പ്രദേശങ്ങളിലൊക്കെ ഉണ്ടെങ്കിലും പലതും ഉപയോഗയോഗ്യമല്ല. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ പൊതുകിണറുകൾ സ്ഥാപിച്ചും ഉള്ള കിണറുകൾ ഉപയോഗയോഗ്യമാക്കിയും ഒരു പരിധിവരെ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കാവുന്നതാണ്. ആവ

ശ്യമില്ലാത്തത് കൊണ്ട് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ചില കിണറുകൾ സ്വകാര്യ ഉടമസ്ഥതയിലുണ്ട്. അവയും പൊതു ആവശ്യത്തിലേക്ക് ഉപയോഗിക്കാൻ കഴിയണം. ചുരുക്കത്തിൽ പൊതുകിണറുകളുടെ പ്രസക്തി ഇവിടെ വളരെ പ്രാധാന്യം അർഹിക്കുന്നു.

പൊതുകുളങ്ങളും സ്വകാര്യ ഉടമയിലുള്ള കുളങ്ങളും ഈ പഞ്ചായത്തിൽ കുറേയേറെയുണ്ട്. പഞ്ചായത്തിൻെറയും സന്നദ്ധ പ്രവർത്തകരുടെയും ശ്രമഫലമായി പൊതുകുളങ്ങൾ പലതും ശുദ്ധീകരിക്കുകയും ഉപയോഗപ്രദമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനെക്കാൾ കൂടുതൽ ഉപയോഗസാദ്ധ്യതയുള്ള ധാരാളം കുളങ്ങൾ സ്വകാര്യ ഉടമസ്ഥതയിൽ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്നുണ്ട്. ഇവ കണ്ടെത്തി വേണ്ട നവീകരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തി ഉപയോഗയോഗ്യമാക്കിയെടുത്താൽ ജലക്ഷാമത്തിൻെറ രൂക്ഷത കുറേക്കൂടി ലഘൂകരിക്കാവുന്നതാണ്.

പഞ്ചായത്തിൻെറ സമതലപ്രദേശങ്ങളിൽ പോലും ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഒരുകാലത്ത് തോടുകളും കുളങ്ങളും ജലസേചനസൗകര്യങ്ങളോട് കൂടിയ കൃഷിസ്ഥലങ്ങളും ഒക്കെയായിരുന്നു സമതലങ്ങൾ. ഇന്നവ മണ്ണ് നികത്തി വീടുകളും കെട്ടിടങ്ങളും റോഡുകളും മറ്റും ഉണ്ടാക്കാൻ ഉപയോഗിച്ചത് ശുദ്ധജലക്ഷാമത്തിൻെറ അവഗണിക്കാനാവാത്ത ഒരു കാരണമാണ്. ഈ നിലപാടിൽ സമഗ്രമായ ബോധവൽക്കരണത്തോ ടെ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. അതോടൊപ്പംതന്നെ പുഴയോര പ്രദേശങ്ങളിൽ മഴക്കാലത്ത് ഓരുവെള്ളം കയറി കിണറുകൾ മലിനമാകുന്നതും തടയേണ്ടതുണ്ട്. ആവള-മുയിപ്പോത്ത് ഭാഗങ്ങളിൽ നിന്നുള്ള പുഴയിലെ അശാസ്ത്രീയമായ മണൽവാരൽ തടയാൻ അധികൃതരുടെ ഭാഗത്ത് നിന്ന് കർശന നടപടികളുണ്ടാവണം.

ഇച്ഛാശക്തിയോടെയും സമർപ്പണ മനോഭാവത്തോടെയും ഈ പഞ്ചായത്തിലെ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുകയും സർക്കാർ തലത്തിൽ നിന്നും കഴിയുന്നത്ര സഹായങ്ങൾ നേടിയെടുക്കുകയും ചെയ്ത് വരാനിരിക്കുന്ന അഞ്ച് വർഷക്കാലം കൊണ്ട് ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം മുഴുവനായും പരിഹരിക്കാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

### പദ്ധതി അവലോകനം:

കേരളാ വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

#### 1. മയിലാടിക്കുന്ന് ശുദ്ധജലവിതരണപദ്ധതി

11.50 ലക്ഷം രൂപ മതിപ്പ്ചിലവ് കണക്കാക്കുന്ന ഈ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, ടാങ്ക്, എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നിൽകാനുള്ള നടപടികൾ എടുത്തുവരുന്നു. വിദ്യുച്ഛക്തി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. 1997 ഡിസമ്പർ മാസത്തോടെ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

#### 2. പുറക്കാമല ശുദ്ധജലവിതരണ പദ്ധതി

12 ലക്ഷം രൂപ മതിപ്പ് ചിലവ് കണക്കാക്കുന്ന ഈ പദ്ധതിക്ക് വേണ്ട കിണർ നിർമ്മാണം 25% പൂർത്തിയായി. ടാങ്ക് സ്ഥാപിച്ച് കഴിഞ്ഞു. പമ്പ് ഹൗസ് നിർമ്മാണം പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ ജോലികൾ തുടങ്ങിക്കഴിഞ്ഞു. വിദ്യുച്ഛക്തി കണക്ഷൻ ലഭിക്കുകയാണെങ്കിൽ 1997 മാർച്ച് മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

#### 3. നിരപ്പൻകുന്ന് ഹരിജൻ കോളനി ശുദ്ധജലവിതരണ പദ്ധതി

8.50 ലക്ഷം രൂപ മതിപ്പ് ചിലവ് കണക്കാക്കുന്ന ഈ പദ്ധതിയുടെ എല്ലാ ജോലികളും മിക്കവാറും പൂർത്തിയായി. ഈ പദ്ധതി കമ്മീഷൻ ചെയ്യേണ്ടതിലേക്ക് കണക്ഷൻ ലഭിക്കേണ്ടതുണ്ട്.

#### കോവുപ്പുറം, പെരിഞ്ചേരിക്കടവ്, ആവളനട, എടപ്പോത്ത് മീത്തൽ എന്നീ ഹരിജൻ കോളനികളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി

22.75 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിച്ച ഈ പദ്ധതിയുടെ ആ

ദ്യ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ട്. തിരുവള്ളൂർ ആയഞ്ചേരി പദ്ധതിക്കുവേണ്ടി നിർമ്മിച്ച് ഗുളികപ്പുഴ പാലത്തിന് സമീപമുള്ള കിണറിൽ നിന്നാണ് ഈ പദ്ധതിക്ക് വേണ്ട വെള്ളം പമ്പ് ചെയ്യേണ്ടത്. ഈ കിണറിന് ഇതുവരെ വിദ്യുച്ഛക്തി കണക്ഷൻ ലഭ്യമായിട്ടില്ല. കണക്ഷൻ ലഭ്യമായാൽ ഉടൻതന്നെ കമ്മീഷൻ ചെയ്യുന്നതാണ്. ഈ പദ്ധതി സമീപപ്രദേശമായ മറ്റ് കോളനികളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചിട്ടുണ്ട്. കരിങ്ങാടുകുന്നിൻെറ മുകളിലുള്ള ടാങ്ക് നിർമ്മാണം, പമ്പ് ഹൗസ് വിതരണക്കുഴലുകൾ നീട്ടി സ്ഥാപിക്കൽ എന്നിവ ഉൾപ്പെട്ട പുതിയ ജോലിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ഉടൻതന്നെ ഈ ജോലികൾ ടെണ്ടർ ചെയ്യുന്നതാണ്.

## A നടപ്പിലാക്കാനുദ്ദേശിക്കുന്ന ശുദ്ധജല വിതരണപദ്ധതികൾ

### എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നവ (DEPSIT WORK)

a. ജഗശേഖരൻകുന്നിലേക്കുള്ള ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി 60,000 (അറുപതിനായിരം) രൂപ മതിപ്പ്ചിലവ് വരുന്ന എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

b. വലിയപറമ്പ്മുക്ക് ഭാഗത്തേക്ക് 15,000 (പതിനഞ്ചായിരം) രൂപ മതിപ്പ്ചിലവ് കണക്കാക്കുന്ന എസ്റ്റിമേറ്റ് അയച്ചിട്ടുണ്ട്.

c. നമ്പൂരിക്കണ്ടി ഭാഗത്തേക്ക് - 13,000 (പതിമൂന്നായിരം) രൂപ ചിലവിൽ പണി തീർക്കാൻ ഉദ്ദേശിക്കുന്ന വിതരണലൈനിൻെറ എസ്റ്റിമേറ്റ് അയച്ചിട്ടുണ്ട്.

### 5. പുതിയ പദ്ധതിക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ

a. നിരയിൽകുന്ന് ആവളകുട്ടോത്ത് ഹരിജൻ കോളനികളിലേക്കുള്ള ശുദ്ധജല വിതരണപദ്ധതികൾ മതിപ്പ് ചിലവ് തുക 16 ലക്ഷം രൂപ.

b. ആഞ്ഞാംകുന്ന്, മണിയൻകുന്ന്, കോട്ടക്കുന്ന് എന്നീ പ്രദേശങ്ങളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി മതിപ്പ് ചിലവ് തുക 15 ലക്ഷം രൂപ

c. മാണിക്കോത്ത്-എടക്കയിൽ പദ്ധതി വിപുലപ്പെടുത്തൽ മതിപ്പ്ചിലവ് തുക 5 ലക്ഷം രൂപ.

d. മുയിപ്പോത്തും പരിസരപ്രദേശങ്ങളിലേക്കും ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി മതിപ്പ് ചിലവ് 5 ലക്ഷം രൂപ.

e. കൂടാതൈ തയ്യാട്ട്കുന്ന് ഭാഗം, കടങ്കണ്ടി ഭാഗം, മാടംപറ്റയിൽ ഹരിജൻ കോളനി എന്നിവയിലേക്ക് പൈപ്പ്ലൈൻ നീട്ടുന്നതിന് വേണ്ടിയുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

## കേരള സർക്കാർ ഭൂഗർഭജലവകുപ്പ് വഴി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

### 1. ഭൂതല പര്യവേഷണം

ഈ പദ്ധതിയിൽ സാധാരണ കിണർ, കുഴൽ കിണർ, ഫിൽട്ടർ പോയിൻറുകൾ തുടങ്ങിയവയ്ക്ക് സ്ഥാനനിർണ്ണയം നടത്തുന്നതിന് വിശദമായ ഭൂതല സർവ്വെ നടത്തുകയുംഇവയ്ക്ക് പറ്റിയ സ്ഥാനങ്ങൾ നിർണ്ണയിച്ചുകൊടുക്കുകയും ചെയ്യുന്നു. സാധാരണ കിണറിന് സ്ഥാനം നിർണ്ണയിക്കുന്നത് ഫീസില്ലാതെയാണ്. കുഴൽക്കിണറിന് ചെറുകിടനാമമാത്ര കൃഷിക്കാർ ഫീസ് നൽകേണ്ടതില്ല. കൃഷിഭവനിൽ നിന്ന് ചെറുകിട നാമമാത്രകൃഷിക്കാരനാണെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി. മറ്റ് വ്യക്തികൾ താഴെ പറയും പ്രകാരമാണ് ഫീസ് നൽകേണ്ടത്.

1. വ്യക്തികൾ - 200 രൂപ
2. സ്ഥാപനങ്ങൾ - 400 രൂപ

2. കുഴൽക്കിണറുകൾ

കുഴൽക്കിണർ നിർമ്മിച്ചു കൊടുക്കുന്നതിന് താഴെ പറയും പ്രകാരമാണ് ഫീസ്.

125 മി.മീ. വ്യാസം - മീറ്ററിന് 140 രൂപ
152 മി.മീ. വ്യാസം - മീറ്ററിന് 280 രൂപ

കുഴൽക്കിണർ നിർമ്മാണത്തിനാവശ്യമായ പൈപ്പിനുള്ള വില ഇതിന് പുറമെ നൽകേണ്ടതാണ്. ചെറുകിട നാമമാത്ര കൃഷിക്കാർക്കും പ

ട്ടികജാതി പട്ടികവർഗ്ഗക്കാർക്കും കുഴിക്കുന്നതിന് 50% ഇളവ് അനുവദിക്കുന്നതാണ്. വെള്ളം കിട്ടിയില്ലെങ്കിൽ കുഴിക്കുന്നതിന് ചിലവായ തുകയുടെ 75% ഉടമയ്ക്ക് തിരിച്ചു നൽകുന്നതാണ്.

### 3. കുടിവെള്ള പദ്ധതി

കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ കുഴിച്ച് പമ്പ് ഘടിപ്പിച്ച് വെള്ളം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി ഈ വകുപ്പിൻെറ പൂർണ്ണ ചിലവിലാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തിൻെറ ഭരണാനുമതി ആവശ്യമാണ്. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

ഈ പദ്ധതിയിൽ ഹാൻപമ്പിന് പകരം പവർ പമ്പ് ഉപയോഗിച്ച് വിതരണ ശൃംഘല സ്ഥാപിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന പരിപാടിയും നടപ്പിലാക്കുന്നു. ഇതിനുള്ള അറ്റകുറ്റപണികളും മറ്റ് ചിലവുകളും തദ്ദേശ സ്വയംഭരണസമിതിയോ ഗുണഭോക്താവോ വഹിക്കേണ്ടതാണ്.

### 4. ആർട്ടിഫിഷ്യൽ റീചാർജ്ജ് സ്കീം

ഈ പദ്ധതിയിൽ തറനിരപ്പിനു താഴെയുള്ള നീരൊഴുക്ക് തടഞ്ഞുനിർത്തി ഭൂമിയുടെ ഉള്ളറകളിലേക്ക് എത്തിക്കുന്ന വിധത്തിൽ തറനിരപ്പിന് താഴെയായി "സബ്ബ് സർഫസ് ഡാം" നിർമ്മിക്കുന്നു. ഭൂതലവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഈ പദ്ധതി ചിലവിൻെറ 50% ഗുണഭോക്താവ് വഹിക്കേണ്ടതാണ്. വേനൽക്കാലത്ത് വെള്ളം വറ്റിപ്പോവുന്ന കിണറുകളിൽ ജലലഭ്യത ഉറപ്പുവരുത്താൻ ഈ പദ്ധതി സഹായകരമാവും.

☆ ☆ ☆

# വാർഡുതല പ്രശ്നങ്ങൾ : നിർദ്ദേശങ്ങളും പരിഹാരങ്ങളും

## വാർഡ് നമ്പർ 1

### പ്രശ്നങ്ങൾ

ആഞ്ഞാംകുന്ന്, തവരാത്ത്കുന്ന്, ചാത്തോത്ത് മീത്തൽ ലക്ഷംവീട് കോളനി, നിരപ്പക്കുന്ന്, തറവട്ടത്ത് പ്രദേശം, മാവിലാട്ട് ഭാഗം, ചെരക്കര പുതിയോട്ടിൽ പ്രദേശം, തടത്തിൽക്കണ്ടിഭാഗം, നീലാടൻകണ്ടി ഭാഗം എന്നീ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം.

### നിർദ്ദേശവും പരിഹാരമാർഗവും

a) കുറ്റ്യാടിപ്പുഴയിൽ നിന്ന് വെള്ളം ശേഖരിക്കാൻ കോട്ടക്കുന്നിൽ ടാങ്ക് സ്ഥാപിക്കുക.

b) മാവിലാട്ട് താഴ പദ്ധതി വിപുലീകരിക്കുക.

c) വടക്കേടുത്ത് താഴ കിണർ നിർമ്മിച്ച് ആഞ്ഞാകുന്നുന്നിന്മേൽ ടാങ്ക് സ്ഥാപിക്കുക.

d) അരീക്കുളങ്ങര കുളവും ചെമ്പ്യാട്ട് കുളവും ഉപയോഗപ്പെടുത്തി തവരാത്ത് കുന്നം, നിരപ്പക്കുന്ന്, തടത്തിൽകണ്ടി, നിലഷൻകണ്ടി ഭാഗത്ത് ജലക്ഷാമം പരിഹരിക്കാം.

## വാർഡ് നമ്പർ 2

### പ്രശ്നങ്ങൾ

തട്ടാങ്കണ്ടിക്കുന്ന്, ഏമാനകണ്ടി, നിരയിൽകുന്ന്, മഞ്ചേരിക്കുഴിച്ചാൽ, ലക്ഷംവീട് കോളനി, കാരയിൽകുന്ന്, പാറച്ചാൽ ഭാഗം, മാണിക്കോത്ത് തെരു എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം.

### നിർദ്ദേശവും പരിഹാരമാർഗവും

a) കക്കറമുക്ക് അംബേദ്ക്കർ കോളനിയിലെ ടാങ്ക് കപ്പാസിറ്റി വർദ്ധിപ്പിക്കുക.

b) ആവളപാണ്ടിയിൽ ഒരു കിണർ കുഴിക്കുക.

c) പൈക്കാട്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ മാണിക്കോത്ത് തെരുവിലേക്കു നീട്ടുക.

d) ആവള കുട്ടോത്തം എൽ.പി. സ്ക്കൂളിൽ ഒരു ടേപ്പ് സ്ഥാപിക്കുക.

## വാർഡ് നമ്പർ 3

### പ്രശ്നങ്ങൾ

പെരിഞ്ചേരിക്കടവ് കോളനി, കരിങ്ങാട് കുന്ന്, തിയ്യർകുന്ന്, ആവള ലക്ഷംവീട് കോളനി, ആവള കോവുപുറം ഭാഗം, കുണ്ടൂത്തറ അംബേദ്ക്കർ കോളനി, കോട്ടക്കുന്ന്, എടപ്പോത്ത്കുന്ന്, പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം.

### നിർദ്ദേശവും പരിഹാരമാർഗവും

a) പെരിഞ്ചേരിക്കടവ് കോളനിയിൽ കൂടുതൽ ടാപ്പുകൾ സ്ഥാക്കുക.

b) കരിങ്ങാട് കുന്നിൽ ഒരു ടാങ്ക് സ്ഥാപിക്കുക.

c) എടപ്പോത്ത്കുന്നിലെ കുഴൽക്കിണർ പ്രവർത്തനക്ഷമമാക്കുക.

d) കോവുപുറങ്ങളിലെ കിണറുകൾക്ക് ആൾമറ കെട്ടുക.

e) കുണ്ടൂത്തറ കോളനിയിലെ കിണർ ഉപയോഗപ്രദമാക്കുക.

## വാർഡ് നമ്പർ 4

**പ്രശ്നങ്ങൾ**

കരിങ്ങാട് കുന്ന്, ചുള്ളിയോത്ത് പ്രദേശം, ആവള എച്ച്.എസ് പ്രദേശം, അരീക്കൽ മീത്തൽ, തടത്തിൽ മീത്തൽ, പൂവിലേ്യാത്ത് കുന്ന്, തട്ടാങ്കണ്ടി ഭാഗം, മീങ്കാവിൽ കുന്ന്, കരിങ്ങാറ്റിക്കുന്ന്, രയരോത്ത് കുന്ന് പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം.

**നിർദ്ദേശവും പരിഹാരമാർഗവും**

a) ആവള കോട്ടക്കുന്ന് പദ്ധതിയുമായി ബന്ധപ്പെടുത്തി കരിങ്ങാട്ട്കുന്ന് ടാങ്ക് സ്ഥാപിച്ചാൽ നാലാം വാർഡ് മുഴുവൻ ശുദ്ധജലവിതരണം നടത്താവുന്നതാണ്.

b) ചുള്ളിയോത്ത് താഴ നിലവിലുള്ള നീരുറവ സംരക്ഷിക്കുക.

c) പഞ്ചായത്തുകിണർ നന്നാക്കുക.

d) വായനകണ്ടിത്താഴ കിണർ കുഴിച്ച് തറവട്ടത്ത് കുന്നിൽ ടാങ്ക് സ്ഥാപിക്കുക.

e) ആവള-ഹൈസ്ക്കൂളിലെ കുഴൽക്കിണർ പൊതുജനങ്ങൾക്ക് കൂടി ഉപയോഗയോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

## വാർഡ് നമ്പർ 5

**പ്രശ്നങ്ങൾ**

പൈക്കാട്കുന്ന്, പൂവൻകുന്ന്, തെക്കെപ്പറമ്പിൽ ഭാഗം, എടക്കയിൽ കുന്ന്, അന്നച്ചാൽ കുന്ന്, ഭാഗങ്ങളിലെ ശുദ്ധജലക്ഷാമം.

**നിർദ്ദേശവും പരിഹാരമാർഗവും**

a) പൈക്കാട് കുന്ന് പദ്ധതിയുടെ ടാങ്കിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

b) ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ മാറ്റുക.

c) ആഴം കുറഞ്ഞ കിണറിൻെറ ആഴം കൂട്ടുക.

d) പൊതുകിണർ സ്ഥാപിക്കുക.

e) എടക്കയിൽ ക്ഷേത്രക്കുളം, കണ്ണങ്കോട്ട് കുളം എന്നിവയിലെ മണ്ണെടുത്ത് ശുദ്ധീകരിക്കുക.

f) പൊതുടാപ്പിലെ വെള്ളം കാർഷികാവശ്യത്തിന് ഉപയോഗിക്കാതിരിക്കുക.

## വാർഡ് നമ്പർ 6

**പ്രശ്നങ്ങൾ**

മഞ്ചേരിക്കുന്ന്, കടംകണ്ടിഭാഗം, പുത്തൻപുരയിൽ, കുഴിച്ചാൽഭാഗം, കേളോത്ത് മീത്തൽ, പിലാക്കാട്ട് മീത്തൽ, മലയിൽകുന്ന്, തയ്യാട്ട് മീത്തൽ, മഞ്ചാങ്കണ്ടി വളയലോട്ട്, ചെറുവണ്ണൂർ ടൗൺ എന്നീ ഭാഗങ്ങളിലെ ശുദ്ധജലക്ഷാമം.

**നിർദ്ദേശവും പരിഹാരമാർഗവും**

a) കാര്യാടുകുന്നു പദ്ധതിയുടെ ഭാഗമായി പിലാക്കാട്ട്കുന്നിൽ ഒരു ടാങ്ക് സ്ഥാപിക്കുക.

b) ചേറോതത് താഴ കിണർ ഉപയോഗപ്പെടുത്തി മഞ്ചേരിക്കുന്നിൽ ടാങ്ക് നിർമ്മിക്കുക.

c) പഞ്ചായത്താപ്പീസ് കിണറും ജി.യു.പി. സ്ക്കൂളിനടുത്തുള്ള കിണറും ഉപയോഗയോഗ്യമാക്കുക.

d) കിണർ ജലം വേനൽക്കാലത്ത് സ്ഥിരമായി ലഭ്യമാക്കുക.

## വാർഡ് നമ്പർ 7

**പ്രശ്നങ്ങൾ**

ജടശേഖരൻകുന്ന്, വേട്ടാറക്കുന്ന്, തൊളക്കോട്ട്കുന്ന്, മനയ്ക്കൽ മീത്തൽ നന്മനപ്പാറ കുന്നത്തുചാൽ, കൊത്തുങ്കോട്ടുപാറ നാലുസെൻറ് കോളനി, തറവട്ടത്ത് കുന്ന്, കുന്നോത്ത്കുന്ന്, പുളിക്കുകുഴികുന്നം, കാരയാട്ടുതന്ന് എന്നീ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം.

**നിർദ്ദേശവും പരിഹാരമാർഗവും**

a) എടച്ചേരിച്ചാലിൽ നിലവിലുള്ള പദ്ധതി വിപുലപ്പെടുത്തുത.

b) പാടിവട്ടത്തെ കുളം ഉപയോഗപ്പെടുത്തുക.

c) കാര്യാടുകുന്ന് ടാങ്കിൻെറ ശേഷി കൂട്ടുക.

d) പമ്പ് ഓപ്പറേറ്റർമാരുടെ സേവനം സ്ഥിരമായി ലഭ്യമാക്കുക.

e) ഗുണം കുറഞ്ഞ പൈപ്പുകൾ മാറ്റുക.

f) കണ്ടീത്താഴ, മലയിൽ മുക്കിലും വേട്ടാറമുക്കിലും ടാപ്പുകൾ സ്ഥാപിക്കുക..

## വാർഡ് നമ്പർ 8

**പ്രശ്നങ്ങൾ**

പുറക്കാമലകുന്ന്, വിയ്യഞ്ചിറക്കുന്ന്, കുന്നുമ്മൽമീത്തൽ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം.

**നിർദ്ദേശവും പരിഹാരമാർഗവും**

a) പുറക്കാമല പദ്ധതിയുടെ പ്രയോജനം കൂടുതൽ വ്യാപിപ്പിക്കുക.

b) വിയ്യഞ്ചിറ പഞ്ചായത്ത് കിണർ ഉപയോഗപ്പെടുത്തുക.

c) പുറക്കാമല പദ്ധതി വിയ്യഞ്ചിറ ഭാഗത്തു കൂടി വ്യാപിപ്പിക്കുക.

## വാർഡ് നമ്പർ 9

**പ്രശ്നങ്ങൾ**

മണിയൻകുന്ന്, വിരിപ്പൊയിൽ ഭാഗം, മയിലാടിക്കുന്ന്, പൂളക്കടവ് ഏരിയ, വട്ടാംതുരുത്തിക്കുന്ന്, ചെറുക്കാട് കുന്ന് എന്നീ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം.

**നിർദ്ദേശവും പരിഹാരമാർഗവും**

a) മണിയൻകുന്നിൽ ശുദ്ധജലപദ്ധതി.

b) അശാസ്ത്രീയമായ മണൽവാരൽ നിയന്ത്രിക്കുക.

c) മയിലാടിക്കുന്ന് പദ്ധതി ഉടൻ പ്രവർത്തിപ്പിക്കുക.

d) ചെറുകാട്കുന്നു ഭാഗത്ത് ഒരു പൊതുകിണർ സ്ഥാപിക്കുക.

## വാർഡ് നമ്പർ 10

**പ്രശ്നങ്ങൾ**

കോട്ടക്കുന്ന്, മണിയൻകുന്ന്, നിരപ്പംകുന്ന്, തവരാത്ത്കുന്ന്, പെരൊത്തറമൽ ഭാഗം, ചാത്തോത്ത് മീത്തൽ ലക്ഷംവീട് കോളനി, കുറ്റിച്ചാലിൽ, മലപ്പറമ്പ്, എല്ലറമ്മൽ, റമയിപാറ, പാറേമ്മൽ ഭാഗം, വയലാട്ട് നടമൽ, നരിമഞ്ചക്കുന്ന്, വട്ടക്കുനി ഭാഗം നിട്ടം തറേമാൽ പ്രദേശം എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം.

**നിർദ്ദേശവും പരിഹാരമാർഗവും**

a) മലാപ്പറമ്പിലെ ടാങ്കിൻെറ ശേഷി കൂട്ടുക.

b) പമ്പ് ഓപ്പറേറ്റർമാരുടെ സേവനം അനിവാര്യമാക്കുക.

c) വാഴാകുളം ശുദ്ധീകരിക്കുക.

d) വടക്കേടത്ത് താഴ കിണർ കുഴിച്ച് കോട്ടക്കുന്നിൽ ടാങ്ക് സ്ഥാപിക്കുക.

## വാഗ്ദാനങ്ങൾ

**2ാം വാർഡ്**

മാണിക്കോത്ത് ഭാഗത്തെ പൊതുകിണറിന് ആവശ്യമായ സ്ഥലം നൽകും.

**5ാം വാർഡ്**

കണ്ണങ്കോട്ടുകുളം, എടക്കയിൽ ക്ഷേത്രക്കുളം എന്നിവയിലെ മണ്ണ് നീക്കാനാവശ്യമായ മനുഷ്യാധ്വാനം.

**6ാം വാർഡ്**

ജടശേഖരൻ കുന്നിൽ ടാങ്ക് സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം നൽകും. പകരം സ്ഥലം ഉടമയ്ക്ക് ഒരു ടാപ്പ് സ്ഥാപിച്ചുകൊടുക്കണം.

☆ ☆ ☆

# വിദ്യാഭ്യാസം

സമൂഹത്തിന്റെ പുരോഗതിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന, പ്രതിജ്ഞാബദ്ധമായ ഒരു തലമുറയെ വാർത്തെടുക്കുന്ന സാമൂഹ്യ പ്രക്രിയയാണ് വിദ്യാഭ്യാസം. വ്യക്തികളുടെ വികസനമെന്ന പ്രാഥമികതലംതൊട്ട്, രാജ്യത്തിന്റെയാകെ ഉന്നത വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ നേടിയെടുക്കാൻ കഴിയണം.

ഈ ലക്ഷ്യത്തിലേക്ക് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടി വന്നേക്കാം. എങ്കിലും വികസന പ്രവർത്തനങ്ങളുടെ ആണിക്കല്ലായി വർത്തിക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിലവിലുള്ള സാഹചര്യത്തിൽ ശക്തമായ ജനകീയ ഇടപെടലുകൾ അനിവാര്യമായിത്തീർന്നിരിക്കുന്നു.

വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ ആഗോള പ്രശസ്തമായിതീർന്ന 'കേരളാമോഡലുകൾ' തകർന്നുവരുന്നുവോ എന്ന ആശങ്കയുടെ നിഴലിൽ വിദ്യാഭ്യാസമേഖല സജീവമായ വിശകലനത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ രാഗത്തെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് മലബാർ ഡിസ്റ്റ്രിക്ട് ബോർഡ് എലിമെന്ററി സ്കൂളുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചതിന്റെ ഭാഗമായിട്ടാണ് ചെറുവണ്ണൂർ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നത്. ആവള, ചെറുവണ്ണൂർ, പാമ്പിരികുന്ന്, മുയിപ്പോത്ത് പ്രദേശങ്ങളിൽ പരമ്പരാഗതമായ രീതിയിൽ തുടർന്നുവന്നിരുന്ന എഴുത്തുപള്ളികൾ, കുടിപ്പള്ളിക്കൂടങ്ങൾ തുടങ്ങിയവ ബ്രിട്ടീഷ് കൊളോണിയൽ വിദ്യാഭ്യാസം വ്യാപിക്കാൻ തുടങ്ങിയതോടെ നാമാവശേഷമായി.

പഞ്ചായത്തിൽ ആദ്യമായി ഒരു സ്കൂൾ സ്ഥാപിക്കുന്നത് മുയിപ്പോത്താണ്, 1860ൽ. മുയിപ്പോത്ത് ALPS എന്ന പേരിലാണ് ഇന്ന് ആ സ്ഥാപനം അറിയപ്പെട്ടത്. മരുന്നാംപൊയിൽ ചെറിയ കുഞ്ഞൻനായരാണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്. മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച 'ഗ്രാൻസ് ഇൻ എയ്ഡ്' സംവിധാനം സ്വകാര്യവ്യക്തികൾക്ക് സ്ക്കൂളുകൾ ആരംഭിക്കാൻ സഹായകമായി ജാതിഘടനയിലെ താഴെത്തട്ടിലുള്ളവർക്ക് ആദ്യകാലങ്ങളിൽ വിദ്യാലയങ്ങളിൽ പ്രവേശനത്തിന് അനുമതിയുണ്ടായിരുന്നില്ല. ഹരിജനങ്ങൾക്ക് മാത്രം വിദ്യാഭ്യാസം ചെയ്യാൻ 'പഞ്ചമം' എന്ന പേരിൽ പഞ്ചായത്തിൽ മുയിപ്പോത്ത് ഒരു സ്ക്കൂൾ നിലവിലുണ്ടായിരുന്നു. സ്ഥാപിച്ച് ഒരു വർഷത്തിനകം ആ സ്ഥാപനം തകർന്നുപോയി. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന സാമൂഹ്യ പരിഷ്കരണ സംരംഭങ്ങൾ, ജാതീയതയുടെ അതിർവരമ്പുകൾ ലംഘിച്ച് എല്ലാ വിഭാഗത്തിൽപെട്ട ആളുകൾക്കും സ്കൂളിൽ ചേർന്ന് പഠിക്കാൻ കളമൊരുക്കി. പുതിയ സ്കൂളുകൾ സ്ഥാപിച്ച് നിലനിർത്താനും കുട്ടികളെ സ്കൂളിൽ ചേർക്കാനും ഇ. സി. കുഞ്ഞിക്കേളു നമ്പ്യാർ, പയോളി രാമുണ്ണിനമ്പ്യാർ പെരുമ്പാക്കണ്ടി മുഹമ്മദ് മുസ്ല്യാർ തുടങ്ങിയവർ മുൻനിന്ന് പ്രവർത്തിച്ചു. പരേതരായ പ്രശസ്തസാഹിത്യകാരനായിരുന്ന നയിക്കുന്ന ആവള ടി. കുഞ്ഞിരാമക്കുറുപ്പ്, ടി. ഗോപാലക്കുറുപ്പ് ടി പി ശങ്കരൻകുട്ടി, പി. നാരായണൻ നായർ എന്നിവർ പഞ്ചായത്തിലെ അദ്ധ്യാപക പ്രമുഖരിൽ ചിലരാണ്.

പഞ്ചായത്തിൽ ഇപ്പോൾ LP, UP, HS വിഭാഗങ്ങളിലായി ആകെ 13 സ്കൂളുകളാണുള്ളത്. ഗവൺമെന്റ് മേഖലയിൽ ഒരു LPS ഉം ഒരു UPSഉം ഒരു Hsഉം ആണുള്ളത്. സ്വകാര്യമേഖലയിൽ രണ്ട് UPS ഉം 8 LPS ഉം പ്രവർത്തിക്കുന്നു. കാൽനൂറ്റാണ്ടിനിടയിൽ പുതിയ വിദ്യാലയങ്ങളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. ആൺ എയ്ഡഡ് മേഖലയിൽ സ്വകാര്യവ്യക്തികളുടേയോ സ്ഥാപനങ്ങളുടേയോ വക സ്കൂളുകൾ ഇല്ല. പുത്തൻ സാഹചര്യത്തിൽ നിലവിലുള്ള സ്ഥാപനങ്ങൾക്കു നേരെ വെല്ലുവിളികൾ ഉയരുന്നുണ്ടെങ്കിലും, വിദ്യാലയങ്ങൾ സ്ഥാപിതമായതിനുശേഷം അവയുടെ

എണ്ണത്തിൽ കുറവ് വന്നിട്ടില്ല.

(സ്കൂളുകളുടെ പട്ടിക-1 കാണുക)

13-സ്കൂളുകളിലും കൂടി ആകെ 4293 കുട്ടികൾ പഠിക്കുന്നു. ഇതിൽ 2151 പേർ ആൺകുട്ടികളും 2142 പേർ പെൺകുട്ടികളുമാണ്. LP സ്കൂളുകളിൽ 1046 ആൺകുട്ടികളും 1009 പെൺകുട്ടികളും യു. പി. സ്കൂളിൽ 851 ആൺകുട്ടികളും 826 പെൺകുട്ടികളും ഹൈസ്കൂളിൽ 254 ആൺകുട്ടികളും 307 പെൺകുട്ടികളും അദ്ധ്യയനം ചെയ്യുന്നു. കഴിഞ്ഞ ആറുവർഷക്കാലത്തെ കണക്കുകൾ കാണിക്കുന്നത് മൊത്തത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നിട്ടില്ല എന്നതാണ്. എങ്കിലും നഗരങ്ങളിലെ അൺ എയ്ഡഡ് സ്ഥാപനങ്ങളിലേക്കുള്ള കുട്ടികളുടെ പോക്ക് ചില സ്കൂളുകളുടെയെങ്കിലും നിലനിൽപ്പിനെ ബാധിക്കാൻ തുടങ്ങിയിട്ടുണ്ട്.

എല്ലാ വിഭാഗങ്ങളിലുമായി 163 അദ്ധ്യാപകർ ജോലി ചെയ്യുന്നു. 113 പേർ പുരുഷന്മാരും 50 പേർ സ്ത്രീകളുമാണ് കഴിഞ്ഞ വർഷങ്ങൾക്കിടയിൽ പുരുഷന്മാരിൽ 5 എണ്ണത്തിന്റെ കുറവുവന്നു. സ്ത്രീകൾ 5 എണ്ണം വർദ്ധനവ് രേഖപ്പെടുത്തി.

മുസ്ലിം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് വാങ്ങുന്ന 412 പേരും. ലാപ്സംഗ്രാന്റ് വാങ്ങുന്ന 559 പേരും, വികലാംഗർക്കുള്ള സ്കോളർഷിപ്പ് നേടിയ 18 പേരും മെറിറ്റോറിയസ് സ്കോളർഷിപ്പിനർഹമായ 22പേരും USS സ്കോളർഷിപ്പ് നേടിയ 2 പേരും LSS സ്കോളർഷിപ്പ് ലഭിച്ച ഒരാളും വിവിധ വിദ്യാലയങ്ങളിലായി പഠിക്കുന്നു.

പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ 1500ൽ പരം പേർ ഹൈസ്കൂളിൽ പഠിക്കുന്നവരാണ്. ഇതിൽ മൂന്നിലൊന്നു വിഭാഗം പേർ മാത്രമാണ്. പഞ്ചായത്തിലെ ഹൈസ്കൂളിൽ ചേർന്ന് പഠിക്കുന്നത്. മറ്റുള്ളവർ തൊട്ടടുത്ത മേപ്പയൂർ, പേരാമ്പ്ര, തിരുവള്ളൂർ പഞ്ചായത്തുകളിലെ ഹൈസ്കൂളുകളിലാണ് പഠിക്കുന്നത്. ഈ സ്കൂളുകളിലേക്കുള്ള ഗതാഗതസൗകര്യങ്ങളാണ് കുട്ടികളെ ഇതിന്ന് പ്രേരിപ്പിക്കുന്നത്. പഞ്ചായത്തിലെ ഹൈസ്ക്കൂളിലെ ഭൗതിക സാഹചര്യങ്ങളും ഈ അടുത്തകാലം വരെ അനുകൂലമായിരുന്നില്ല.

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഏറെ മെച്ചപ്പെട്ട ചിത്രമൊന്നുമല്ല സ്കൂളുകൾക്കുള്ളത്. ഒരു സ്കൂളിനും സ്വന്തമായ കളിസ്ഥലമില്ല. രണ്ട് എൽ. പി. സ്കൂളുകളിലും രണ്ട് യുപി സ്കൂളുകളിലും ഹൈസ്കൂളിലും മാത്രമേ കക്കൂസ്സുകൾ ഉള്ളൂ. മൂത്രപ്പുരയുള്ളത് മൂന്ന് LP സ്കൂളുകളും ഒരു യുപി സ്കൂളുകളിലും ഹൈസ്കൂളിലും മാത്രമാണ്. എൽപി സ്കൂളിൽ കുടിവെള്ളം ലഭിക്കാനുള്ള കിണർ, പൈപ്പ് സംവിധാനങ്ങൾ ഇല്ല. വൈദ്യുതീകരിച്ച സ്കൂളുകൾ നാലെണ്ണമാണുള്ളത്. ഉച്ചഭക്ഷണം പാകപ്പെടുത്താനുള്ള പ്രത്യേക പാചകമുറികൾ മൂന്ന് സ്കൂളുകളിലുണ്ട്. മറ്റിടങ്ങളിൽ താൽക്കാലിക സംവിധാനമാണുള്ളത്.

ആവശ്യമായ ഫർണിച്ചർ സൗകര്യങ്ങൾ മിക്ക സ്കൂളുകൾക്കും ഇല്ല. ഹൈസ്ക്കൂൾ ഒഴിച്ച് മറ്റിടങ്ങളിലൊന്നും പ്രത്യേകം പ്രത്യേകമായി വേർതിരിച്ച ക്ലാസ്സ് മുറികൾ ഇല്ല. കെട്ടിടസൗകര്യങ്ങൾ ആവശ്യത്തിനുള്ള ആറ് സ്കൂളുകൾ മാത്രമേ ഉള്ളൂ. ഏതാണ്ട് 100 വർഷക്കാലമായി പ്രവർത്തിച്ചു വരുന്ന ആവള ഗവ. MLPS ഇതുവരെയും ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചെറുവണ്ണൂർ ഗവ. യു. പി. സ്കൂളിനോടനുബന്ധിച്ചുള്ള വെള്ളപ്പൊക്ക ദുരിതാശ്വാസ കേന്ദ്രത്തിലാണ് ആ സ്കൂളിലെ ഭൂരിഭാഗം ക്ലാസ്സുകളും നടക്കുന്നത്. ഈ കെട്ടിടത്തിന്റെ നിർമ്മാണരീതി സ്കൂൾ കെട്ടിടങ്ങളുടെ മാതൃകയിലല്ല. അവിടെ വെച്ചുള്ള പഠനബോധന പ്രവർത്തനങ്ങൾ വളരെ ശ്രമകരമായി ഭവിക്കുന്നു.

3. എൽ.പി സ്കൂളുകൾക്ക് ഓലമേഞ്ഞ കെട്ടിടമാണുള്ളത്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ശക്തമായ ജനകീയ ഇടപെടലുകൾ തുടരേണ്ടതുണ്ടെന്ന് മേൽസൂചിപ്പിച്ച കാര്യങ്ങളിൽ നിന്ന് വ്യക്തമാവുമല്ലോ- (വിശദവിവരങ്ങൾ പട്ടിക2)

1980 കളുടെ പൂർവ്വാദ്ധത്തിലാണ് പഞ്ചായത്തിൽ അദ്ധ്യാപക രക്ഷാകൃത്തസമിതികളുടെ, പ്രവർത്തനം പൊതുവെ ആരംഭിക്കുന്നത്. വിദ്യാഭ്യാസരംഗത്തെ പിന്നോക്കം പോകലിന് പ്രധാനകാരണങ്ങളിലൊന്ന് സ്കൂളുകളിലെ പ്രഥാമിക സൗകര്യങ്ങളുടെ അപര്യാപ്തയാണെന്ന് വിലയിരുത്തപ്പെടുകയുണ്ടായി.

അദ്ധ്യാപക രക്ഷാകൃത്തസമിതിയുടെ പ്രവർത്തനങ്ങൾ സജീവമാകുന്നതിന് വളരെ മുമ്പ്തന്നെ, 1976 ൽ ആവള കുട്ടോത്ത് ഗവ.ഹൈസ്കൂളിന് വേണ്ടി 3

ഏക്കർ സ്ഥലവും ഓടുമേഞ്ഞ ഒരു കെട്ടിടവും സർക്കാരിലേക്ക് സൗജന്യമായി നൽകാൻ അന്നത്തെ സ്പോൺസറിങ്ങ് കമ്മിറ്റിക്ക് കഴിഞ്ഞു. ജനപ്രതിനിധികളുടേയും അദ്ധ്യാപക രക്ഷാകർതൃസമിതിയുടെയും സജീവമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് 10 മുറികളുള്ളതും ഇരു നിലകളുള്ളതുമായ ഒരു വാർപ്പുകെട്ടിടം സ്കൂളിന്ന് സ്വന്തമാക്കാൻ കഴിഞ്ഞത്. ഫർണിച്ചർ നിർമ്മിച്ചു നൽകാൻ, വൈദ്യുതീകരണം, ഫോൺകണക്ഷൻ തുടങ്ങി അടുത്തകാലത്ത് നടന്ന പ്രവർത്തനങ്ങളിലെല്ലാം അദ്ധ്യാപകരക്ഷാകർത്തൃസമിതി സജീവ പങ്ക് വഹിച്ചു. ഓപ്പറേഷൻ ബ്ലോക്ക് ബോർഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ആവള GMLPS ന് കെട്ടിടം പണിയുന്നതിന് 5 സെന്റ് സ്ഥലം രക്ഷാകർത്തൃസമിതി വിലയ്ക്കു വാങ്ങി സർക്കാരിലേല്പിച്ചു. ചെറുവണ്ണൂർ ഗവ. യു. പി. സ്കൂളിലെ കെട്ടിടം വൈദ്യുതീകരിക്കുകയും നിലാ കോൺക്രീറ്റ് ചെയ്യുകയുമുണ്ടായി. നോർത്ത് MLPSൽ കക്കൂസ്സും യുറിനൽ ഷെഡ്ഡും നിർമ്മിച്ചു. ചെറുവണ്ണൂർ ALPSൽ ടാങ്ക് പണിതു. ചില സ്ക്കൂളുകളിൽ ഉച്ചഭക്ഷണച്ചെലവുകൾക്കു വേണ്ടി സാമ്പത്തിക സഹായം രക്ഷാകർത്തൃസമിതികൾ നൽകുന്നുണ്ട്.

മാതൃസംഗമങ്ങൾ എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്. എങ്കിലും അമ്മമാരെ വിളിച്ചു ചേർത്ത് ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഒതുങ്ങി നിൽക്കുകയാണ് കാര്യങ്ങൾ.

പഞ്ചായത്തിലെ കുട്ടികളുടെ പഠന നിലവാരം പൊതുവെ തൃപ്തികരമല്ല. മുപ്പത് ശതമാനത്തിലേറെ കുട്ടികൾ ഇന്നും പിന്നോക്കമാണ്. വടകര വിദ്യാഭ്യാസജില്ലയിൽ നടന്ന അക്ഷരം ലോകം പരിപാടിയുടെ ഭാഗമായി ഈ അവസ്ഥ മാറ്റിയെടുക്കാൻ കാര്യമായ ശ്രമം നടന്നിരുന്നു.

കുട്ടികളുടെ പൊതുപഠനനിലവാരം വിശകലനത്തിന് വിധേയമാക്കിയപ്പോൾ 4,7,10 ക്ലാസ്സുകളിൽ പഠിക്കുന്ന യഥാക്രമം 20,11,4 ശതമാനം പേർക്കേ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടാൻ കഴിയുന്നുള്ളൂ എന്ന വസ്തുത തിരിച്ചറിഞ്ഞു. പഠനബോധനതന്ത്രങ്ങളിൽ സമൂലമായ അഴിച്ചുപണി വിദ്യാലയങ്ങളിൽ നടന്നാലേ പിന്നോക്കാവസ്ഥയിൽ നിന്ന് മോചനമുള്ളു.

1976ൽ 50 ശതമാനം വിജയത്തോടെയാണ് S. S. L. C പരീക്ഷാഫലം പുറത്തുവന്നത്. 20 വർഷങ്ങൾക്കു ശേഷവും വിജയശതമാനത്തിൽ കാര്യമായ പുരോഗതിയുമുണ്ടായില്ല. മാത്രമല്ല ആദ്യത്തെ പരീക്ഷാഫലത്തിലേക്കെങ്കിലും എത്താൻ പിന്നീടുള്ള വർഷങ്ങളിൽ കഴിഞ്ഞതുമില്ല. (S. S. L.C പരീക്ഷാഫലങ്ങൾ. പട്ടിക3)

സബ് ജില്ലാതല കലാകായിക മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന കാര്യത്തിൽ ആവള കുട്ടോത്ത് LPS, ആവള UPS, മുയിപ്പോത്ത് UPS ചെറുവണ്ണൂർ LpS, ചെറുവണ്ണൂർ ഗവ: UPS എന്നിവ മുൻകൈ എടുത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്ത് തലത്തിലുള്ള LP വിഭാഗം കുട്ടികളുടെ കായികമേളയിൽ എല്ലാ സ്കൂളുകളും പങ്കെടുക്കുന്നുണ്ട്.

പ്രാഥമിക വിദ്യാലയങ്ങളിലേക്ക് കൊച്ചു കുട്ടികളെ നയിക്കുന്നതിനുള്ള പരിശീലനകളരികളാണല്ലൊ പ്രീ പ്രൈമറി വിദ്യാലയങ്ങൾ. പഞ്ചായത്തിൽ അങ്കണവാടികളായും ബാലവാടികളായും പ്രവർത്തിക്കുന്ന 19 കേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പരിമിതമാണ്. കളിപ്പാട്ടങ്ങളോടൊപ്പം കളിച്ചു രസിച്ച് നടക്കേണ്ട പ്രായത്തിൽ അക്ഷരങ്ങളോടും അക്കങ്ങളോടും മല്ലിടേണ്ട ഗതികേട് പല ശിശുകേന്ദ്രങ്ങളിലും ഉണ്ട്. ആവശ്യമായ കളിക്കോപ്പുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവയെന്നും അംഗൻവാടികളിലും ബാലവാടികളിലും ഇല്ല. സ്കൂളുകളോടനുബന്ധിച്ചു ഒറ്റ പ്രീപ്രൈമറിസ്ഥാപനവും പഞ്ചായത്തിൽ ഇല്ല.

1990ൽ നടന്ന 'അക്ഷരകേരളം' സാക്ഷരതായജ്ഞത്തിൽ സ്തുത്യർഹമായ പങ്ക് പഞ്ചായത്ത് വിഹക്കുകയുണ്ടായി. ത്യാഗസന്നദ്ധരായ നൂറ് കണക്കിന് യുവതീയുവാക്കൾ പ്രതിഫലേച്ഛയില്ലാതെ സാക്ഷരതാക്ലാസ്സുകൾ നയിക്കാൻ മുന്നോട്ടുവന്നു. നാടുണർത്തിയ അക്ഷരകലാജാഥകൾക്ക് നൽകിയ സ്വീകരണങ്ങളിൽ വാർഡുകളിൽ ആയിരങ്ങളിൽ അണിനിരന്നു. ഉണർത്തുപാട്ടുകൾ, പഠനയാത്രകൾ, വാർഡ് പഞ്ചായത്ത് തല കലാപരിപാടികൾ, ക്ലാസ്സുകളുടെ സംഘടനം തുടങ്ങിയവയ്ക്ക് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നാട്ടുകാരും ഒന്നുചേർന്ന ദിനങ്ങൾ ദേശീയ സ്വാതന്ത്ര്യസമരകാലഘട്ടത്തിലെ കൂട്ടായ്മയെ ഓർമ്മപ്പെടുത്തി. പഞ്ചായത്തിലെ 230 സാക്ഷരതാകേന്ദ്രങ്ങളിൽ കൂടി 1700ൽപരം പേർ സാക്ഷരരായി.

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന പഞ്ചായത്ത് തല വിദ്യാഭ്യാസ പ്രവർത്തന ങ്ങൾ ഏറെക്കുറെ ഭംഗിയായി പഞ്ചായത്തിൽ നടക്കു ന്നുണ്ട്. പഞ്ചായത്ത്-വാർഡ്-സ്കൂൾ തല കമ്മറ്റികൾ നിലവിൽ വന്നുകഴിഞ്ഞു. അക്കാദമിക്-പാരാ അക്കാ ദമിക് കാര്യങ്ങൾക്ക് നേതൃത്വം നൽകാൻ പഞ്ചായത്ത് അക്കാദമിക് സമിതി പ്രവർത്തിക്കുന്നു. ജില്ല നിർദ്ദേ ശിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. വാർഡ് തല സമ്പർക്ക സമിതികൾ എല്ലാ വാർഡിലും രൂപീകൃതമായിട്ടില്ല.

## ഗ്രാമസഭ-ചർച്ചകൾ-നിർദ്ദേശങ്ങൾ

അനാദായകരമായ വെണ്ണാറോട്ട് LPS ന്റെ ശോച്യാവസ്ഥ പരിഹരിക്കണം. മുയിപ്പോത്ത് UP സ്കൂളിന്ന് കോമ്പൗണ്ട്വാൾ പണിയണം. സ്കൂൾ ലൈബ്രറി സൗ കര്യം വർദ്ധിപ്പിക്കണം. സ്കൂളിന്ന് സ്വന്തമായി ഒരു മൈക്ക് സെറ്റ് വേണം. നിരപ്പൻ കുന്നിൽ പുതുതായി ഒരു ഹൈസ്ക്കൂൾ അനുവദി ക്കണം. ഒരു സാങ്കേതി വിദ്യാഭ്യാസ സ്ഥാപനം പഞ്ചാ യത്തിൽ ആരംഭിക്കണം. മുയിപ്പോത്ത് ടൗൺകേന്ദ്രീ കരിച്ച് ഒരു ശിശുമന്ദിരവും, കോട്ടക്കുന്ന് ഭാഗത്ത് ഒരു അങ്കണവാടിയും പണിയണം.

മാണിക്കോത്ത് അങ്കണവാടിക്ക് കെട്ടിടമില്ല. പഠ നോപകരണങ്ങൾ കളിസ്ഥലം എന്നിവ ലഭ്യമാക്കണം. മാടത്തൂര് ഭാഗത്ത് പുതുതായി ഒരു അങ്കണവാടി പണിയണം. കുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം. എല്ലാ സ്കൂളു കളിലും കായികാദ്ധ്യാപക തസ്തിക അനുവദി ക്കണം, ഇംഗ്ലീഷ് ഭാഷാപഠനം കാര്യക്ഷമമാക്കണം. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണം. ഗവ. ഹൈസ്ക്കൂളിലെ സൗകര്യങ്ങൾ വർദ്ധിപ്പി ക്കണം.

പെരിഞ്ചേരി കടവ് കേന്ദ്രമാക്കി ഒരു സാംസ്കാ രിക നിലയം വേണം. ഗ്രന്ഥശാലയ്ക്ക് ചുറ്റുമതിൽ പണിയണം. സ്തീകളുടെ വായനശീലം വർദ്ധിപ്പി ക്കാൻ മൊബൈൽ ലൈബ്രറി പ്രവർത്തനമാരംഭി ക്കണം.

ഹൈസ്ക്കൂളിൽ കളിസ്ഥലം നിർമ്മിക്കണം. ഗ്രൗണ്ട് ഒരു പൊതു സ്റ്റേഡിയമാക്കണം. മഠത്തിൽ മുക്കിൽ ഒരു ഗ്രന്ഥാലയം വേണം. ഹൈസ്ക്കൂളിൽ NCC, സ്കൗട്ട് എന്നിവ ആരംഭിക്കണം.

പാമ്പിരികുന്ന് LPSലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കണം. എടക്കയിൽ ബാലവാടി സംസ്ഥാ നതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. പഞ്ചായത്ത് തലത്തിൽ അംഗൻവാടികളുടെ ഉന്നതിക്ക് പദ്ധതികൾ വേണം. 5-ാം വാർഡിൽ ഒരു അങ്കണവാടി കൂടി പണിയണം.

ചെറുവണ്ണൂർ ALPS നോട് ചേർന്ന് പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കണം. ഓട്ടുവയൽ ഭാഗത്ത് ഒരു വായനശാല വേണം.

തെക്കും മുറി, കണ്ടിത്താഴ അങ്കണവാടികൾക്ക് കെട്ടിടം വേണം. സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്യാൻ കമ്മ്യൂണിറ്റ് അടുപ്പുകൾ സ്ഥാപിക്കണം. സമ്പർക്കസമിതികൾ തുടർസാക്ഷരതാ പരിപാടികൾ കൂടി ഏറ്റെടുക്കണം.

സിലബസ്സിന്റെ ഭാരം കുറയ്ക്കണം. പാഠപുസ്ത കങ്ങൾ സ്കൂൾ തുറക്കുമ്പോൾ തന്നെ ലഭ്യമാക്കണം. എന്യൂമറേഷൻ, തുടങ്ങിയ ജോലികളിൽനിന്ന് അദ്ധ്യാ പകരെ ഒഴിവാക്കണം. ഓരോ മാസവും സ്കൂൾതല വൈദ്യപരിശോധന വേണം. മരുന്ന് സ്കൂളിൽ വെച്ച് തന്നെ വിതരണം ചെയ്യണം. സ്കൂൾകലണ്ടർ ഏകീ കരിക്കണം. പഠനസമയം കാലത്ത് 8മണി മുതൽ ഉച്ചക്ക് 2മണിവരെയാവണം.

4, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് പൊതുപരീക്ഷം ഏർപ്പെടുത്തണം. ഗവ. ഹൈസ്കൂൾ വൊക്കേഷൻ ഹയർസെക്കണ്ടറി സ്കൂളാക്കി ഉയർത്തണം.

അംബേദ്കർ ഗ്രാമത്തോടനുബന്ധിച്ച് ഒരു കമ്യൂ ണിറ്റി ഹാൾ പണിയണം. സ്കൂളുകളിൽ ഇംഗ്ലീഷ് പഠി പ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുധധാരികളെ തന്നെ നിയ മിക്കണം. പഠനോപകരണ ശില്പശാലകൾ പഞ്ചാ യത്ത് തലത്തിൽ നടത്തണം. ചെറുവണ്ണൂർ നോർത്ത് LPS. ആവള കുട്ടോത്ത് LPS എന്നിവ അപ് ഗ്രേഡ് ചെയ്യണം. ഹൈസ്കൂളിൽ വർഷാരംഭത്തിൽതന്നെ അദ്ധ്യാപകരുണ്ടെന്ന് ഉറപ്പുവരുത്തണം.

## സാദ്ധ്യകൾ; പരിഹാരനിർദ്ദേശങ്ങൾ.

ലീഡ് സ്കൂളായ ഗവ. ഹൈസ്കൂളിന് ഏറ്റവും മെച്ചപ്പെട്ട അക്കാദമിക നിലവാരം ഉണ്ടാക്കിയെടു ക്കാൻ ഡയറ്റ് തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധ പ്പെട്ട് അദ്ധ്യാപക പുനഃപരിശീലനകളരികൾ സംഘ

ടിപ്പിക്കണം. പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ഹൈസ്കൂൾ അദ്ധ്യാപകർ സ്വയം പര്യാപ്തമാവണം.

എല്ലാ സ്കൂളുകളിലും സ്കൗട്ട് പ്രസ്ഥാനം ഉണ്ടാവണം. ഹൈസ്കൂളിൽ NCC പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കണം.

ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണം നടന്നാൽ കായിക ഇവയുടെ ആസ്ഥാനമായി ഹൈസ്കൂൾ മാറും.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ത്വരിതപ്പെടുത്താൻ സഹായകമായ വിധത്തിൽ ആകർഷകമായ തൊഴിലുകളുമായി ബന്ധപ്പെടുത്തി, ആവളകുട്ടോത്ത് ഗവ. ഹൈസ്ക്കുളിൽ വിട്ടു കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിച്ച് യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണം.

ഏറ്റവും പിന്നോക്കം നിൽക്കുന്ന വിദ്യാലയങ്ങളെ കണ്ടെത്തി, വരുന്ന 5 വർഷങ്ങളിൽ 5 സ്കൂളുകളിൽ സർവവിധസൗകര്യങ്ങളും ഏർപ്പെടുത്തുന്ന തരത്തിൽ ജനകീയ സഹകരണം ഉറപ്പുവരുത്തണം.

പിയർഗ്രൂപ്പ് സമ്പ്രദായം വ്യാപിപ്പിച്ച് പഠനം രസകരവും ഫലപ്രദവുമാക്കാൻ കഴിയും.

കൂടുതൽ സൗകര്യമുള്ള വിദ്യായലങ്ങളോടനുബന്ധിച്ച് ശിശുകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിലല്ലേ നിലവിലുള്ള പ്രീപ്രൈമ റി വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. പുതുതായി തുടങ്ങാൻ പറ്റിയ സ്ഥലങ്ങൾ സർവ്വേയിൽ കൂടി കണ്ടെത്തണം. അടുത്തടുത്ത് വന്നിവുള്ള മാറ്റിയുക്തമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതുണ്ട്.

ഉച്ചഭക്ഷണം കാര്യക്ഷമമായി നടത്താൻ പഞ്ചായത്ത് തലത്തിൽ നടത്തിപ്പ് കമ്മിറ്റ് ഉണ്ടാക്കുന്നത് നല്ലതാണ്. സാമ്പത്തിക സമാഹരണം കമ്മറ്റിയിലൂടെ നടത്താൻ കഴിയൂ.

ഇപ്പോൾ കോംപ്ലക്സ് അടിസ്ഥാനത്തിൽ LP വിഭാഗം കുട്ടുകളുടെ കായികമേള മാത്രമേ നടക്കുന്നുള്ളൂ. യു. പി. വിഭാഗത്തെകൂടി ഉൾപ്പെടുത്തണം. കലാമേളകളും കോംപ്ലക്സ് അടിസ്ഥാനത്തിൽ പ്രൈമറി തലത്തിൽ സംഘടിപ്പിക്കാൻ കഴിയും.

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സമാഹരണത്തിന് ഒമ്പതാം പദ്ധതിയിൽ വിഹിതമുണ്ടാവണം. അയൽക്കൂട്ടം പരിപാടിയിലൂടെ വികസനത്തിന്റെ പുതിയ മാതൃകൾ വളർത്തിയെടുക്കണം.

## പട്ടിക 4
## എസ്സ്. എസ്സ്. എൽ. സി. പരീക്ഷാഫലം

| വർഷം | പരീക്ഷയ്ക്ക് ഇരുന്ന വിദ്യാർത്ഥികൾ | | | വിജയിച്ചവർ | | | വിജയശതമാനം |
|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1987 - 88 | 68 | 35 | 103 | 21 | 10 | 31 | 30 . 00 |
| 88 - 89 | 67 | 58 | 125 | 20 | 11 | 31 | 24 . 80 |
| 89 - 90 | 54 | 61 | 115 | 12 | 15 | 27 | 23 . 47 |
| 90 - 91 | 68 | 56 | 124 | 13 | 10 | 23 | 18 . 54 |
| 91 - 92 | 64 | 75 | 139 | 15 | 11 | 26 | 18 . 70 |
| 92 - 93 | 67 | 71 | 138 | 19 | 8 | 27 | 19 . 56 |
| 93 - 94 | 78 | 77 | 155 | 24 | 8 | 32 | 20 . 64 |
| 94 - 95 | 76 | 69 | 145 | 23 | 10 | 33 | 22 . 75 |
| 95 - 96 | 61 | 81 | 142 | 20 | 19 | 39 | 27 . 46 |

90

## പട്ടിക 1
## അദ്ധ്യാപകർ, വിദ്യാർത്ഥികൾ

| നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ആവള യു.പി. സ്ക്കൂൾ | 541 | 507 | 1048 | 26 | 8 | 34 |
| 2 | GMLPS ആവള | 46 | 68 | 114 | 4 | 1 | 5 |
| 3 | ആവള കുട്ടോത്ത് LPS | 130 | 142 | 272 | 8 | 3 | 11 |
| 4 | ALPS പാച്ചിരിക്കുന്ന് | 70 | 47 | 117 | 2 | 2 | 4 |
| 5 | ചെറുവണ്ണൂർ ALPS | 143 | 137 | 280 | 6 | 5 | 11 |
| 6 | G.U.P.S. ചെറുവണ്ണൂർ | 232 | 222 | 454 | 12 | 5 | 17 |
| 7 | ചെറുവണ്ണൂർ വെസ്റ്റ് L.P.S. | 76 | 70 | 146 | 5 | 1 | 6 |
| 8 | മൂയിപ്പോത്ത് ഈസ്റ്റ് L.P.S. | 54 | 56 | 110 | 4 | 2 | 6 |
| 9 | മൂയിപ്പോത്ത് A.L.P.S. | 62 | 72 | 134 | 4 | 1 | 5 |
| 10 | മൂയിപ്പോത്ത് M.U.P.S. | 379 | 374 | 753 | 19 | 11 | 30 |
| 11 | വെണ്ണാറോട് A.L.P.S. | 49 | 31 | 80 | 3 | 1 | 4 |
| 12 | വെണ്ണാറോട് നോർത്ത് M.L.P.S. | 115 | 109 | 224 | 6 | 3 | 9 |
| 13 | ഗവൺമെന്റ് ഹൈസ്ക്കൂൾ ആവള കുട്ടേത്ത് | 254 | 307 | 561 | 14 | 7 | 21 |
| | ആകെ | 2151 | 2142 | 4293 | 113 | 50 | 163 |

# ഭൗതിക സാഹചര്യങ്ങളും അക്കാദമിക്ക് സൗകര്യങ്ങളും

## പട്ടിക – 2

## ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | കളിസ്ഥലം | കെട്ടിടം | | മൂത്രപ്പുര(എണ്ണം) | കക്കൂസ്(എണ്ണം) | കുടി വെള്ളം | വൈദ്യുതി | പാചകപ്പുര | സ്റ്റാഫ് റൂം | ഫർണിച്ചർ ആവശ്യത്തിന് ഉണ്ട് / ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അസ്ഥിരം+ താല്കാലികം | | | | | | | |
| 1. | ആവള U.P.S. | | 1 | 11 | 2 | 2 | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 2. | ആവള G.M.L.P.S. | ഇല്ല | - | 1 | ഇല്ല | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3. | ആവള – കുട്ടോത്ത് L.P.S. | ഇല്ല | 5 | - | ഉണ്ട് | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 4. | പാമ്പിരികുന്ന് L.P.S. | ഇല്ല | 1 | - | 2 | ഇല്ല | പൈപ്പ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5. | ചെറുവണ്ണൂർ A.L.P.S. | ഇല്ല | 2 | 2 | 1 | 1 | കിണർ +പൈപ്പ് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6. | ചെറുവണ്ണൂർ G.U.P.S. | ഇല്ല | 1 | 2 | 1 | 1 | കിണർ +പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | ചെറുവണ്ണൂർ W.L.P.S. | ഇല്ല | 1 | 1 | ഇല്ല | ഇല്ല | കിണർ | ഇല്ല | താൽക്കാലികം | ഇല്ല | ഇല്ല |
| 8. | മൂയിപ്പോത്ത് E.L.P.S. | ഇല്ല | 1 | 1 | - | ഇല്ല | - | ഇല്ല | താൽക്കാലികം | ഇല്ല | ഇല്ല |
| 9. | മൂയിപ്പോത്ത് L.P.S. | ഇല്ല | 1 | 4 | 1 | ഇല്ല | കിണർ | ഇല്ല | താൽക്കാലികം | ഉണ്ട് | ഇല്ല |
| 10. | മൂയിപ്പോത്ത് M.U.P.S. | ഇല്ല | 2 | 5 | 1 | 1 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11. | വെണ്ണാറോട് A.L.P.S. | ഇല്ല | 1 | - | ഇല്ല | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12. | ചെറുവണ്ണൂർ N.M.L.P.S. | ഇല്ല | 1 | 1 | 1 | 1 | പൈപ്പ് | ഇല്ല | താൽക്കാലികം | ഉണ്ട് | ഇല്ല |
| 13. | ആവള കുട്ടോത്ത് G.H.S. | ഇല്ല | 2 | 1 | 2 | 4 | കുഴൽ കിണർ +കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |

## അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി | ലബോറട്ടറി | പഠനോപകരണം ആവിശ്യത്തിന് ഉണ്ടോ | റേഡിയോ | ടി.വി., വി.സി.പി. | ഫിലിം പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | ടേപ്പ് റിക്കാർഡർ | സ്റ്റോക്ക് രജിസ്റ്റർ ഉണ്ടോ |
|---|---|---|---|---|---|---|---|---|---|---|
| ആവള U.P.S. | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആവള G.M.L.P. | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ആവള - കുട്ടോത്ത് L.P. | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| പാമ്പിരികുന്ന് L.P.S. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ചെറുവണ്ണൂർ ALPS | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ചെറുവണ്ണൂർ G.U.P.S. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| ചെറുവണ്ണൂർ W.L.P.S. | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| മൂയിപ്പോത്ത് E.L.P.S. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| മൂയിപ്പോത്ത് L.P.S. | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| മൂയിപ്പോത്ത് M.U.P.S. | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| വെണ്ണാറോട് A.L.P.S. | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ചെറുവണ്ണൂർ N.L.P. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| ആവള H.S. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |

# സംസ്കാരം

മനുഷ്യസമൂഹത്തിൻെറ വളർച്ചയ്ക്കിടയിൽ സമാഹരിച്ചിട്ടുള്ള ഭൗതികവും മാനസികവുമായ സിദ്ധികളുടെ ആകത്തുകയാണ് പൊതുവെ സംസ്കാരം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. ഓരോ സമൂഹത്തിൻേറയും അതാത് കാലത്തെ സംസ്കാരം മനുഷ്യാധ്വാനത്തിലൂടെ രൂപപ്പെട്ടു വന്നതാണ്. ജാതിമതപ്രാദേശിക ചിന്തകൾക്കതീതമായ മനുഷ്യസഹോദര്യത്തിൻെറ മഹത്വം ഉദ്ഘോഷിക്കുന്ന ഒരു സാംസ്കാരിക പാരമ്പര്യം കേരളത്തിന് അവകാശപ്പെടാനുണ്ട്.

മത്സരാധിഷ്ഠിതവും കച്ചവടപ്രധാനവുമായ ഇന്നത്തെ സാഹചര്യത്തിൽ സാംസ്കാരിക രംഗം ഒട്ടേറെ വെല്ലുവിളികളെ നേരിടുകയാണ്. കലാസാഹിത്യരംഗങ്ങളിലും രാഷ്ട്രീയാധികാരഘടനയിലും കുടുംബസാമൂഹ്യബന്ധങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അധീശവർഗത്തിൻെറ സ്വാധീനം മേൽക്കോയ്മ നേടുകയും കമ്പോള സംസ്കാരം വ്യാപകമാവുകയും ചെയ്യുന്ന അവസ്ഥയിൽ ജനതകളുടെ തനത് സംസ്കാരങ്ങളുടെ പ്രബലനവും ചെറുത്തു നിൽപും അനിവാര്യമായി തീർന്നിരിക്കുന്നു.

സാംസ്കാരിക കേരളത്തിൻെറ വളർച്ചയിൽ ഒട്ടും അപ്രധാനമല്ലാത്ത പങ്ക് ചെറുവണ്ണൂർ പഞ്ചായത്തിനുണ്ട്. പ്രസിദ്ധ സാഹിത്യകാരനായ ആവള ടി. കുഞ്ഞിരാമക്കുറുപ്പിന് ജന്മം നൽകിയ പ്രദേശമാണിത്. സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനും എതിരായ ശക്തമായ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായിരുന്ന ആവള മുയിപ്പോത്ത് പ്രദേശങ്ങൾ. സമൂഹഘടന പുതുക്കിപണിയാൻ നടന്ന പോരാട്ടങ്ങളുടെ വക്താവായി, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പുരോഗമന ചിന്താശക്തികളുടെ ശക്തിദുർഗ്ഗമായി തൻെറ നാക്കും തൂലികയും ആവള ടി ചലിപ്പിച്ചു. അദ്ദേഹത്തിൻെറ 'മനുഷ്യസ്നേഹികൾ', 'മഗധയുടെ മകൻ' തുടങ്ങിയ ഏതാനും പുസ്തകങ്ങളെ പ്രസിദ്ധീകൃതമായിട്ടുള്ളു എങ്കിലും എത്രയോ നാടകങ്ങൾ പടപ്പാട്ടുകൾ, കവിതകൾ എന്നിവ പല സ്ഥലങ്ങളിലായി ചിതറി കിടക്കുന്നുണ്ട്. അതൊക്കെ ശേഖരിച്ച് പ്രസിദ്ധീകരിക്കാനുള്ള സംരംഭങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

ഇന്ന് മിക്ക ഗ്രന്ഥശാലകളിലും ലഭ്യമായ "പുല്ലാങ്കുഴൽ" "കവനമജ്ജരി" എന്നീ രണ്ട് പുസ്തങ്ങളുടെ രചയിതാവായ കവി ചെറുവണ്ണൂർ പി. നാരായണൻനായർ ഈ പഞ്ചായത്തിലെ സാംസ്കാരിക രംഗത്തെ അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നു. കൊളോണിയൽ വാഴ്ചയുടെ വൈകൃതങ്ങളും, ജന്മിത്വത്തിൻെറ പൈശാചികത്വവും അന്ധവിശ്വാസങ്ങളുടെ വേരുകളും അദ്ദേഹം തൻെറ കൃതികളിലൂടെ വരച്ചു കാട്ടി.

പ്രശസ്ത കലാകാരൻ കൊഴക്കോടൻ നാരായണൻ നായർ ചെറുവണ്ണൂർ പഞ്ചായത്ത് നിവാസിയായിരുന്നു. ഹാസ്യകലാരൂപങ്ങൾ നാടകങ്ങൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ ചെറുവണ്ണൂരിൻെറയും സമീപ പ്രദേശങ്ങളുടേയും സാമൂഹ്യപരിവർത്തനങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ നിരവധി വ്യക്തിത്വങ്ങളിൽ ഏതാനും പേരെ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ.

നാടൻപാട്ടുകൾ കൊണ്ട് സമ്പന്നമായ പ്രദേശമാണ് ചെറുവണ്ണൂർ —പത്തിരുപത് വർഷങ്ങൾക്കു മുമ്പ് ...വിടെത്തിരിഞ്ഞൊന്നു നോക്കിയാലും കാണാമായിരുന്ന നെൽവയലുകളിൽ അധ്വാനത്തിൻെറ ഭാരം [illegible]ഴിലാളിസ്ത്രീകൾ പാടിക്കേട്ട വടക്കൻ പാട്ടുകളും ഞാട്ടിപാട്ടുകളും ഇന്ന് എവിടെയും കേൾക്കാനില്ല. ഇതിൽ തേനാടികുന്നുമ്മൽ കുഞ്ഞ്യണാരൻ സാമൂതിരി കോവിലകത്ത് പോയി പാമ്പിനെ ഇറക്കി കൊണ്ടുവന്ന് കോട്ടച്ചാൽ ഭാഗത്തെ കാവിൽ കുടിയിരുത്തിയ നാടൻ പാട്ട് വളരെ ഹൃദ്യവും രസകരവുമാണ്. മലയ സമുദായത്തിലെ കാരണവന്മാർ പാടുന്ന തോറ്റം പാട്ടുകളിലും മറ്റും പഞ്ചായത്തിലെ ചിറ്റാരിക്കൽ ക്ഷേത്രം, കുറ്റ്യോട്ട് നട തുടങ്ങിയ സ്ഥലങ്ങളെപ്പററിയുള്ള പരാമർശമുണ്ട്. ജാപ്പ് വിരുദ്ധ മേളകളുടെ ഭാഗമായി നടന്ന ജാഥകളിലും സമ്മേളനങ്ങളിലും പാടിക്കേട്ട പാട്ടുകളും പടപ്പാട്ടുകളും ആസ്വദിക്കുന്ന അപൂർവ്വം കാരണവന്മാരെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. ഇത്തരം ആളുകളെ വിളിച്ചു വരുത്തി സംവാദങ്ങളും ചർച്ചകളും സംഘടിപ്പിച്ച് രേഖപ്പെടുത്തി വെക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

ആദ്യകാലത്ത് സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു വായനശാലകൾ. ആവളകുട്ടോത്ത് കേന്ദ്രമാക്കി 1948ൽ ആവള ടി. കുഞ്ഞിരാമകുറുപ്പ് പ്രസിഡൻറും ടി.കെ. കൃഷ്ണക്കുറുപ്പ് സെക്രട്ടറിയുമായി മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല പ്രവർത്തിച്ചിരുന്നു ആ വായനശാല നിലനിന്നില്ല. പിന്നീട് ആവള ടി. മുൻകൈയ്യെടുത്ത് 1957ൽ ഗ്രാമദീപം ഗ്രന്ഥാലയവും ടി.കെ. കൃഷ്ണക്കുറുപ്പിൻെറ നേതൃത്വത്തിൽ 1956 ൽ കുട്ടോത്ത് പൊതുജനവായശാലയും രൂപീകരിച്ചു. ചെറുവണ്ണൂരും എടക്കയിലും, മുയിപ്പോത്തും (പഞ്ചായത്ത് സാംസ്കാരിക നിലയം —ലൈബ്രറി) പിന്നീട് ഓരോ ഗ്രന്ഥാലയങ്ങൾ സ്ഥാപിതമായി. ചിട്ടയായ പ്രവർത്തനങ്ങൾ നടന്നു വരുന്നത് എടക്കയിലും ആവളയിലുമാണ്. ദിനപത്രം വാരികകൾ മറ്റു ആനുകാലികങ്ങൾ തുടങ്ങിയവ വായനശാലകളിൽ പരിമിതമാണ്. ഏററവും കൂടുതൽ പ്രസിദ്ധീകരണങ്ങൾ ഉള്ളത് എടക്കയിലാണ്. എല്ലാ ഗ്രന്ഥാലയങ്ങൾക്കും കെട്ടിടങ്ങളുണ്ടെങ്കിലും ആവശ്യമായ സൗകര്യങ്ങളുള്ളവയില്ല. പഞ്ചായത്ത് സാംസ്കാരിക നിലയം ഒഴിച്ച് മറ്റിടങ്ങളിൽ ടി.വി. സെറ്റ് ഉണ്ട്. കുട്ടോത്ത് പൊതുജനവായനശാലയിൽ വൈദ്യുതി ഇല്ലാത്തതിനാൽ ടി.വി. പ്രവർത്തിക്കാൻ കഴിയുന്നില്ല. വായനശാലകളിലെ പുസ്തക ലഭ്യത,

ഗുണമേന്മ ഇവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ പഠനം ആവശ്യമാണ്. ഏറ്റവും കൂടുതൽ പുസ്തകമുള്ളത് എടക്കയിൽ വായനശാലയിലാണ്. പുസ്തകങ്ങളുടെ എണ്ണത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കി എടുക്കാനും ഗുണനിലവാരം കൂടിയവ തെരഞ്ഞെടുക്കാനും ഗ്രന്ഥശാലകളെ പ്രാപ്തമാക്കാൻ പഞ്ചായത്ത് തല സംവിധാന മുണ്ടാക്കണം. സ്ത്രീകളുടെ വായനശീലം വർദ്ധിപ്പിക്കുന്നതിന് എടക്കയിൽ വായനശാലയിൽ സഞ്ചരിക്കുന്ന ഗ്രന്ഥാലയം പ്രവർത്തിച്ചിരുന്നു. മാതൃകാപരമായ ഈ പ്രവർത്തനം പുനരാരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ആളുകൾ വായിക്കുന്ന പത്രം മാതൃഭൂമിയാണ്. മലയാളമനോരമ, ദേശാഭിമാനി, ചന്ദ്രിക, മാധ്യമം, മംഗളം, ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു എന്നിവയാണ് മറ്റു പത്രങ്ങൾ — മറ്റ് ആനുകാലികങ്ങളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്.

പഞ്ചായത്തിൽ ഹിന്ദു—ഇസ്ലാം മതവിഭാഗങ്ങളാണുള്ളത് ഏതാനും ക്രിസ്ത്യൻ കുടുംബങ്ങളുമുണ്ട്. രാഷ്ട്രീയ സംഘർഷങ്ങൾക്ക് നടുവിലും, മതസൗഹാർദ്ധത്തിൻെറ സ്വച്ഛതയ്ക്ക് ദേശീയ — സംസ്ഥാന തലങ്ങളിൽ ഭംഗം നേരിട്ട സന്ദർഭങ്ങളിലും പഞ്ചായത്തിൽ അതിനതീതമായി മനുഷ്യ സാഹോദര്യത്തിൻെറ കൊടിക്കൂറ ഉയർത്തിപ്പിടിക്കാൻ വിവിധ മതവിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ജാതീയമായി വേർതിരിക്കപ്പെട്ട പുലയൻ, പറയൻ, മലയൻ, പരവൻ, വണ്ണാൻ, ശാലിയൻ, വെളുത്തേടൻ, തിയ്യൻ, കാവുതിയ്യൻ, യോഗിഗുരിക്കൾ, വാണിയൻ, നായർ, ബ്രാഹ്മണൻ, ഇസ്ലാം എന്നീ വിഭാഗങ്ങളാണ് പഞ്ചായത്തിലുള്ളത്. പൊതു പ്രവർത്തന ങ്ങളിലോ പൊതു സംരംഭങ്ങളിലോ, ജാതീയമായ അതിർ വരമ്പ് വച്ചുള്ള ഉദ്യമങ്ങൾ ഉണ്ടാവാറില്ല എന്നുള്ളത് ശുഭോ തർക്കമായ കാര്യ ങ്ങളാണ്.

കരിയാട്ടിൽ, കോരംകുളങ്ങര, ഭഗവതികോട്ടയിൽ കുട്ടോത്ത് നരസിംഹമൂർത്തി ക്ഷേത്രം, കുറ്റിയോട് കാവ്, മണിക്കോത്ത്, എടക്കയിൽ, ചിറ്റാരിക്കൽ, തെയ്യപ്പുറം, കാമ്പ്രത്ത് എരവത്ത് കണ്ടി, കോട്ടച്ചാൽ, പെരു വന, കൂളിക്കാവ് കോട്ടയിൽ കോമത്ത്, പൂവാലോറകുന്ന്, ശ്രീ ശാലാപുരം എന്നിവ ഹിന്ദുവിഭാഗങ്ങളുടെ ആരാധനാലയങ്ങളാണ്. എടക്കയിൽ ക്ഷേത്രചുമരുകളിൽ കൊത്തി വെച്ച രാമായണം കഥയുമായി ബന്ധപ്പെട്ട ശിൽപവേല ചരിത്രപ്രാധാന്യമർഹിക്കുന്നതാണ്. ഇത് കൂടുതൽ പഠനത്തിന് വിധേയമാക്കേണ്ടതാണ്. ശ്രീശാല ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് കന്നുകാലി ചന്ത നടക്കാറുണ്ട്. ആവളെ നടയിൽ വർഷങ്ങൾക്ക് മുമ്പ് കന്നുകാലി ചന്ത നടന്നിരുന്നു. കക്കറമുക്ക്, കുട്ടോത്ത്, ചെറുവണ്ണൂർ, കണ്ടീത്താഴ ഇവിടങ്ങളിൽ മുസ്ലീ ങ്ങളുടെ ആരാധനലയങ്ങളുണ്ട് വർഷംതോറും നടുക്കുന്ന കണ്ടീത്താഴ വടകര തങ്ങൾ നേർച്ചയിൽ ധാരാളം പേർ പങ്കെടുക്കാറുണ്ട്.

ജന്മിത്തത്തിനും നാടുവാഴിത്തതിനുമെതിരെ പുരോഗമന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടന്ന സമരങ്ങളാണ് ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ പടവാളുയർത്താൻ പ്രചോദകമായത് ആവളയിലും മുയിപ്പോത്തും ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറച്ചു. 1940 കളിൽ ആവളയിൽ നടന്ന 'മിശ്രഭോജനം' പരിപാടി പഴയ കുറുമ്പ്രനാട് താലൂക്കിൽ ഏറെ ശ്രദ്ധിക്കപ്പെട്ട പ്രധാന സംഭവമാണ്. ജന്മിത്തം നാടു നീങ്ങി യെങ്കിലും പുതിയ രൂപത്തിലും ഭാവത്തിലും അതിൻെറ പേക്കോലങ്ങൾ പഞ്ചായത്തിലുണ്ടോ [illegible] യ്ക്ക് വിഷയമാക്കേണ്ടതാണ്.

ഒട്ടേറെ കലാകായിക സമിതികൾ പഞ്ചായത്തിലുണ്ട്. സാംസ്കാരിക രംഗത്തെ പ്രശ്നങ്ങളെ അധികരിച്ച് പ്രവർത്തനപരിപാടികൾക്ക് രൂപം കൊടുക്കുന്ന സമിതികൾ എണ്ണത്തിൽ കുറവാണ്. ആവള മാനവകലാവേദി പ്രവർത്തനങ്ങളിലും സൗകര്യങ്ങളുടെ കാര്യത്തിലും മുന്നിട്ട് നിൽക്കുന്നു. സ്വന്തമായി കെട്ടിടമുള്ള കലാസമിതി കൾ ആവള മാനവകലാവേദി, ചെറുവണ്ണൂർ പ്രതിഭ തിയ്യറ്റേഴ്സ് എന്നിവയാണ്. മാനവകലാവേദിക്ക് സ്വന്ത മായി ഫോൺ, ഗ്രൗണ്ട് ടെലിവിഷൻ എന്നിവയുണ്ട് . ബ്രദേർസ് കലാസമിതിയും സംസ്കാരപ്രതികരണവേദിയും പ്രവർത്തനങ്ങളുടെ കാര്യത്തിൽ പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്നവയാണ്. ബ്ലഡ് ഗ്രൂപ്പുകളിൽ റേയർ ഗ്രൂപ്പുകളുടെ ജില്ലാതലത്തിലുള്ള ഒരു ഡയറക്ടറി തയ്യാറാക്കാന ആവള സംസ്കാര പ്രതികരണവേദി തീരുമാനിച്ചിട്ടുണ്ട്. ഭാവന കലാവേദി മഠത്തിൽമുക്ക്, കൈരളി, പാറപ്പുറം,ധ്വനി എടക്കയിൽ, ഗ്രാമോദയ എടക്കയിൽ, നവസഹൃദയ പാമ്പിരി കുന്ന്, വിപഞ്ചിക കണ്ണങ്കോട്ട് പാറ, വോൾഗ ചെറുവണ്ണൂർ, സദ്ഭാവന ചെറുവണ്ണൂർ, ബോധന കക്കറ മുക്ക്, നവധാര കക്കറമുക്ക്, ടാസ്സ് മുയിപ്പോത്ത് എന്നിവയാണ് പഞ്ചായത്തിലെ മറ്റു കലാകായിക വേദികൾ, വാർഷിക പരിപാടികളും നാടകാവതരണവും മാത്രം നടത്തുന്ന രീതിയിൽ നിന്ന് മാറി നിരന്തരമായ പ്രവർത്തനങ്ങളുടെ ബാദ്ധ്യത ഏറ്റെടുത്ത് മുന്നേറാൻ കലാസമിതികൾ പ്രാപ്തമാവേണ്ട തുണ്ട്.

കേരള ശാസ്ത്ര സാഹിത്യപരിഷത്തിൻെറ നാലുയൂണിറ്റുകൾ — ആവളാ പാമ്പിരി കുന്ന്, ചെറുവണ്ണൂർ, മുയിപ്പോത്ത് — പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആവള യൂണിറ്റ് പ്രവർത്തനങ്ങളിൽ മുന്നിലാണ്.

പഞ്ചായത്തിലെ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് പുലക്കളി, ആശാരിക്കളി, കുതിരക്കോലം തുള്ളൽ പൂക്കലശംതുള്ളൽ തെയ്യം, മലക്കളി എന്നീ കലാരൂപങ്ങൾ അരങ്ങേറുക പതിവാണ്. കുറ്റിയൊട്ട് കാവ്, ഭഗവതികോട്ട, കരിയാട്ടിൽ തുടങ്ങിയ സ്ഥലങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന കലാരൂപങ്ങൾ ആദി ദ്രാവിഡ സംസ്കാരത്തനിമയെ ഓർമ്മിപ്പിക്കുന്നവയാണ്. 5% വീടുകളിൽ ടി.വി. ഉണ്ട്. ഇവൻ നാടൻ സാംസ്കാരിക തനിമയെ സ്വാധീനിക്കാൻ തുടങ്ങിയിട്ടുണ്ട്. 60 ശതമാനം വീടുകളിൽ റേഡിയോ ഉണ്ട്. ഈ

മാദ്ധ്യമങ്ങൾ എങ്ങനെ ഇളം തലമുറയെയും മറ്റും സ്വാധീനിക്കുന്നു എന്ന കാര്യം വിശദമായി പഠിക്കേണ്ടതാണ്. വിവാഹാദി ചടങ്ങുകളുമായി ബന്ധപ്പെട്ട ദുർവ്യയവും സ്ത്രീധനസമ്പ്രദായവും പല രൂപങ്ങളിൽ നിലനിൽക്കുന്നുണ്ട്. കുചേല കുബേര ഭേദമന്യേ ഇക്കാര്യത്തിൽ മത്സരമാണ്.

## കായികരംഗം

വോളിബോൾ രംഗത്തെ ആദ്യകാല കളിക്കാരിൽ പ്രമുഖനായ നടക്കൽ നാരായണൻ നായർ മലബാറിൽ പരക്കെ അറിയപ്പെട്ട കളിക്കാരനാണ്.

കായികരംഗത്തെ വളർച്ചക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്തിൽ വളരെ പരിമിതമാണ്. പഞ്ചായത്ത് വക മിനി സ്റ്റേഡിയം ഈ രംഗത്തെ ആവശ്യങ്ങൾക്ക് തീരെ പര്യാപ്തമല്ല. സ്ക്കൂളുകളോടനുബന്ധിച്ച് ഒരിടത്തും കളിസ്ഥലമില്ല.

പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളെയും ബന്ധപ്പെടുത്തി എൽപി വിഭാഗത്തിലെ കുട്ടികളുടെ കായികമേള വർഷംതോറും നടന്നു വരുന്നു. യു.പി. തലത്തിൽ കൂടി ഇത് വ്യാപിപ്പിക്കേണ്ടതുണ്ട്. കേരളോത്സവങ്ങളുടേയും യുവജനമേളകളുടേയും യുവജനങ്ങളുടേയും ഭാഗമായി നടത്തുന്ന കായികമത്സരങ്ങളും വളരെ ശുഷ്കമായ രീതിയിലാണ് സംഘടിപ്പിക്കപ്പെടുന്നത്.

## പ്രശ്നങ്ങൾ :

നാടൻകലകളും നാടൻ പാട്ടുകളും ജനങ്ങൾക്ക് അന്യമാകാൻ തുടങ്ങിയിരിക്കുന്നു.

ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളുടെ കടന്നു കയറ്റത്തിൻെറ ഫലമായി ഗ്രന്ഥശാലകളിൽ പുസ്തകങ്ങൾ വിശ്രമം കൊള്ളാൻ തുടങ്ങിയിരിക്കുന്നു.

ഭൂരിഭാഗം കലാ സമിതികൾക്ക് ലക്ഷ്യബോധമുള്ള ഏകോപിച്ച പ്രവർത്തനങ്ങളോ തുടർ പ്രവർത്തനങ്ങളോ ഇല്ല.

വിവാഹാദി ചടങ്ങുകളുടെ ആർഭാടം കൂടി കൂടി വരുന്നു. കലാ—കായിക സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ പരിമിതമാണ്.

## സാദ്ധ്യതകൾ

നാടൻ കലകളുടേയും പാട്ടുകളുടേയും ഒരു ശേഖരം പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഉണ്ടാക്കണം. വീഡിയോ കാസറ്റുകളിലും മറ്റും ഇവ രേഖപ്പെടുത്തി ഡോക്യുമെൻറ് ചെയ്യണം.

നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം. വാർഡ് — പഞ്ചായത്ത് തലത്തിൽ ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കാം.

ഗ്രന്ഥശാലകളുടെ എകോപിച്ച പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടക്കണം. ഗ്രന്ഥശാലാ പ്രവർത്തകരെ ഉൾപ്പെടുത്തി പഞ്ചായത്ത് തല കൺവിനിങ്ങ് കമ്മിറ്റി രൂപീകരിക്കാം. പഞ്ചായത്തിൽ ഒരു ഫൈൻഡ് ലൈബ്രറി ആരംഭിക്കണം. പഞ്ചായത്ത് തലത്തിൽ കലാസമിതികളും, ഒരു കോ ഓഡിനേഷൻ കമ്മിറ്റി ഉണ്ടാക്കാം. ഒരു വർഷത്തിൽ നടക്കേണ്ട മിനിമം പ്രവർത്തനങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നൽകാം. പഞ്ചായത്തിലെ പ്രമുഖ സാംസ്കാരിക പ്രവർത്തകരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. — കലാവേദി പ്രവർത്തകരെ പങ്കെടുപ്പിച്ച് നടത്തുന്ന ശില്പശാലകൾ വഴി കലാവേദിക്ക് ലക്ഷ്യബോധവും ദിശാബോധവും ഉണ്ടാക്കിയെടുക്കാം.

എല്ലാ സ്ക്കൂളുകളിലും കലാപരിപാടികളോടു കൂടിയ സ്കൂൾ വാർഷികങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തിൻെറ ഭാഗമായി തീരണം.

നിരപ്പം കുന്നിൽ ഒരു സ്റ്റേഡിയം നിർമ്മിച്ചാൽ പഞ്ചായത്ത് കായികകലാമേളകൾ, യുവജനമേളകൾ, പൊതു പരിപാടികൾ എന്നിവ നടത്താൻ വളരെ സൗകര്യമാവും. ആവള കുട്ടോത്ത് ഗവ. ഹൈസ്ക്കൂളിന് കളിസ്ഥലമുണ്ടാക്കി സ്കൂൾ കലാകായിക പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കാം.

പഞ്ചായത്തിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ വഴി പണം വെച്ച് ചീട്ടുകളി, ചൂതാട്ടം, മദ്യപാനം, മയക്കു മരുന്നുപയോഗം തുടങ്ങിയ വിപത്തുകൾക്കെതിരെ പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താം.

* * * * *

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അടിമത്തവുമുൾപെടെയുള്ള സാമൂഹ്യ അനാചാരങ്ങൾ അനുഭവിച്ച് നിലനില്പിന് വേണ്ടിയുള്ള പോരാട്ടത്തിലാണിവർ.

ഭരണഘടനാതത്വമായി പട്ടികജാതി പട്ടികവർഗകാർക്ക് നിരവധി ആനുകൂല്യങ്ങൾ വർഷങ്ങളായി ലഭിച്ചു വരുന്നുണ്ടെങ്കിലും ഇന്നും ഇവർ ഇതര വിഭാഗങ്ങളിൽ നിന്നും ബഹുദൂരം പിന്നിലാണ്. ഒരു ജനവിഭാഗത്തിൻെറ ജീവിത നിലവാരം നിർണ്ണയിക്കുന്നതിൽ അവർക്ക് ഭൂമിയിലുള്ള ആധിപത്യം ഒരു നിർണായക ഘടകമാണ്. ഈ വസ്തുത പരിശോധിക്കുമ്പോൾ പട്ടികജാതി വിഭാഗത്തിൻെറ സ്ഥിതി ഏറെ ദയനീയമാണെന്ന് കാണാം. ഇവരുടെ ആളോഹരി ഭൂമി കൈവശം രണ്ടോ മൂന്നോ സെൻറ് മാത്രമാണ്. ഒന്നും രണ്ടും ഏക്കർ ഭൂമി കൈവശമുള്ളവർപോലും ജീവിക്കാൻ പാടുപെടുന്ന വർത്തമാനകാല പരിതസ്ഥിതിയിൽ പട്ടികജാതിക്കാരുടെ നില ഊഹിക്കാവുന്നതേയുള്ളൂ. ഇവരുടെ സാമൂഹ്യ സാമ്പത്തീക പിന്നോക്കാവസ്ഥ കൂടി കണക്കിലെടുക്കുമ്പോൾ സ്ഥിതിഭീതിദമാണ്.

ജനകീയ മുന്നേറ്റത്തിൻെറ ഫലമായി കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണത്തിലൂടെ നിരവധി അംഗങ്ങളുള്ള പട്ടികജാതി പട്ടികവർഗ കുടുംബത്തിന് ലഭിച്ചത് കേവലം പത്തു സെൻറ് ഭൂമിയാണ്. പിറന്ന മണ്ണിൻെറ ഉടമസ്ഥാവകാശത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ തിളക്കമാർന്ന വിജയമാണിതെങ്കിലും ഈ ഭൂപ്രദേശങ്ങൾ അധികവും കുന്നിൻ നെറുകയിലും ചതുപ്പ് പ്രദേശങ്ങളിലുമാണ്. താരതമ്യേന ഫലഭൂയിഷ്ഠമായ സമതലപ്രദേശങ്ങളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർ തുടച്ചു നീക്കപ്പെട്ടതായി കാണാം. മറ്റ് പ്രദേശങ്ങളിലെന്നപോലെ ഈ പ്രതിഭാസം നമ്മുടെ പഞ്ചായത്തിലും വ്യാപകമായി കാണപ്പെടുന്നു.

ഭൂപരിഷ്കരണത്തിനുശേഷം പട്ടികജാതി പട്ടികവർഗവിഭാഗങ്ങളുടെ കുടുംബങ്ങളുടേയും അംഗങ്ങളുടേയും വർധനവിനനുസരിച്ച് ഭൂമിയുടെ ലഭ്യത വർധിച്ചിട്ടില്ല. അത്യന്തം മോശമായ ഭൗതിക സാഹചര്യങ്ങളിൽ തിങ്ങിഞെരുങ്ങുകയാണ് ഈ വിഭാഗം. അണുകുടുംബത്തിന് പ്രസക്തിയേറുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമൂഹ്യമാറ്റത്തിനനുസരിച്ച് ദൈനംദിന ജീവിതത്തിൽ ക്രമീകരണങ്ങൾ വരുത്താൻ കഴിയാത്ത സങ്കീർണാവസ്ഥയിലാണിവർ.

പട്ടികജാതി പട്ടികവർഗവിഭാഗത്തിൻെറ സാമൂഹ്യവിദ്യാഭ്യാസ സാംസ്കാരിക നിലവാരം വളരെ പരിതാപകരമാണ്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച നമ്മുടെ സംസ്ഥാനത്ത് പോലും പട്ടികജാതിക്കാരുടെ സാക്ഷരത 56 ശതമാനം മാത്രമാണ്. സാമ്പത്തീകമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഇവർക്ക് പ്രത്യേകം പരിരക്ഷ ഉണ്ടായിട്ടുപോലും ഇതരവിഭാഗത്തിനൊപ്പമെത്താൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഏജൻസികളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളല്ലാതെ, ഭൂമിയിൽ നിന്നോ കച്ചവടമുൾപ്പെടെയുള്ള മറ്റ് മാർഗങ്ങളിലൂടെയോ ഇവർക്ക് വരുമാനം ലഭിക്കുന്നില്ലന്നുള്ളത് ഇതിൻെറ കാരണങ്ങളിലൊന്നാണ്. വിദ്യാഭ്യാസ രംഗത്തെ സുപ്രധാന മേഖലയായ സ്വകാര്യവിദ്യാഭ്യാസരംഗം സാമ്പത്തീക പിന്നോക്കവസ്ഥമൂലം ഇവർക്ക് അപ്രാപ്യമാണ്.

പട്ടികജാതിക്കാരിൽ ചെറിയൊരു വിഭാഗം നിത്യകൂലിവേലക്കാരും പരമ്പരാഗത തൊഴിലാളികളുമാണെങ്കിലും ബാക്കിവരുന്ന മഹാഭൂരിഭാഗവും തൊഴിൽ രഹിതരാണ്. കാർഷിക മേഖലകളിലുണ്ടായ തകർച്ചമൂലം കൂടുതലും തൊഴിൽ രഹിതരായത് ഈ വിഭാഗക്കാരാണ്. സ്വകാര്യ മേഖലകളിലെ തൊഴിലുകൾ ഒരു സ്വപ്നം മാത്രമായ ഇവർക്ക് സർക്കാർ ജോലിപോലും നാമമാത്രമായേ ലഭിക്കുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിൽ തന്നെ അഞ്ഞൂറോളം അധ്യാപകരുള്ളതിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും രണ്ടും മൂന്നും പേർ മാത്രമേയുള്ളുവെന്നത് ഈ പിന്നോക്കാവസ്ഥയുടെ ആഴം വിളിച്ചറിയിക്കുന്നു.

ബിരുദധാരികൾ ഉൾപ്പെടെയുള്ള തൊഴിൽരഹിതരായ പട്ടികജാതി പട്ടികവിഭാഗക്കാർ നിരവധി പേർ ഈ പഞ്ചായത്തിലുണ്ട്. സ്വന്തമായി വാഹനമോ മറ്റ് ആധുനിക സൗകര്യങ്ങളോ ഈ വിഭാഗത്തിൽപെട്ട ആർക്കുമില്ലെന്നുള്ളത് പ്രത്യേക പരിഗണനയർഹിക്കുന്ന പ്രശ്നമാണ്. പട്ടികജാതി പട്ടികവർഗത്തിൻെറ സാമൂഹ്യപുരോഗതി ഉൾപെടെയുള്ള സമഗ്രവികസനത്തിന് ഇതര വിഭാഗങ്ങളുമായി ഇട കലർന്നുള്ള ജീവിതം അത്യന്താപേക്ഷിതമാണ്. നിലവിലുള്ള കോളനി വ്യവസ്ഥ ഇതിന് സഹായകരമല്ല. പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജനങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിച്ച് താമസിക്കുന്ന കോളനി വ്യവസ്ഥയിൽ ആരോഗ്യകരമായ പുരോഗതി നേടാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. കോളനി വികസനത്തിൻെറ പേരിൽ സർക്കാർ നൽകുന്ന അശാസ്ത്രീയമായ സഹായ പദ്ധതികൾ കോളനികൾക്കുവേണ്ടി മുറവിളി കൂട്ടാൻ പട്ടികജാതി വിഭാഗക്കാരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. വിവിധ പദ്ധതികളിലായി കോളനികളിൽ ചിലവഴിച്ച കോടിക്കണക്കിനു തുക ഇവരുടെ ജീവിതനിലവാരം ഒരു ശതമാനം പോലും ഉയർത്താൻ പര്യാപ്തമായില്ല.

കോളനികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വികസനരീതി മാറ്റി, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്, അവർ എവിടെ താമസിക്കുന്നവരായാലും സഹായം ലഭ്യമാകുന്നരീതിയിൽ പദ്ധതികളിൽ മാറ്റം വരണം.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇന്ന് വെറും ചരിത്രമാണെങ്കിൽപോലും ഇതിന്റെ ചില പുത്തൻ അവശിഷ്ടങ്ങൾ നിലനിൽക്കുന്നതായി കാണാം. നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള മുപ്പതോളം പൊതു ഭക്ഷണശാലകളിൽ ഒരെണ്ണം പോലും പട്ടികജാതി പട്ടിക വർഗ്ഗവിഭാഗക്കാർ നടത്തുന്നതായിട്ടില്ല.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ (20,687) 2,716 പേർ പട്ടികജാതിക്കാരാണ്. (പുരുഷന്മാർ 1,402 സ്ത്രീകൾ 1,314) ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 13 ശതമാനം വരും ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ മൊത്തം 21 ഹരിജൻ കോളനികളുണ്ട്.

പട്ടികജാതി പട്ടികവർഗവികസനത്തിനുവേണ്ടി ചിലവഴിച്ച ഭീമമായ സംഖ്യയുടെ ലക്ഷ്യത്തിൽ നിന്നും വളരെയേറെ പിന്നിലാണ് നാം. പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലും ദീർഘവീക്ഷണത്തോടെയും ജനപങ്കാളിത്തത്തോടെയുമുള്ള ശാസ്ത്രീയ സമീപനമാണാവശ്യം. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇടയ്ക്കിടെയുള്ള ജനകീയ വിലയിരുത്തലുകൾ നടക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകണം.

## ഭൂമി

**പ്രശ്നങ്ങൾ :**

സ്വന്തമായി വീട് പണിയാനാവശ്യമായ ഭൂമിയില്ലാത്ത പട്ടിക ജാതി പട്ടികവർഗകുടുംബങ്ങൾ എല്ലാ വാർഡിലുമുണ്ട്. ഉള്ളവരിൽ തന്നെ മഹാഭൂരിഭാഗവും 10 സെൻറിൽ താഴെ മാത്രം കൈവശമുള്ളവരാണ്. അധ്വാനശേഷിയും കൃഷി ചെയ്യാനുള്ള സന്നദ്ധതയുമുള്ള ഇവർക്ക് സ്വന്തം ഭൂമിയിൽ കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയാണുള്ളത്.

**പരിഹാരനിർദ്ദേശങ്ങൾ :**

1. ആവള പുത്തൻ പുഴയിലെ രണ്ട് ഏക്കർ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി ഭൂമിയില്ലാത്തവർക്ക് നൽകുക.
2. ആവള കല്ലിൽ മീത്തൽ നാലുസെൻറ് ലക്ഷം വീട് കോളനിയിൽ കൈവശക്കാരില്ലാത്ത സർക്കാർഭൂമിയുണ്ട്. അത് ഭൂരഹിതർക്ക് വിതരണം ചെയ്യുക.
3. മുച്ചിപ്പോത്ത് എടച്ചേരി ചാലിൽ മിച്ചഭൂമിയിൽ താമസമാക്കാത്ത ഒട്ടേറെ കൈവശക്കാരുണ്ട്. ഇവർക്ക് മറ്റ് സ്ഥലങ്ങളിൽ സ്വന്തമായി ഭൂമിയുള്ളതായി കാണുന്നു. ഇത്തരം ഭൂമി തിരിച്ചെടുത്ത് ഭൂമിയില്ലാത്തവർക്ക് നൽകണം.
4. കൈവശ ഭൂമിയുടെ നിലവിലുള്ള പരിധി കുറച്ച് ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുക.
5. മിച്ചഭൂമിയിലും കോളനികളിലും താമസിക്കുന്നവർക്ക് കൈവശരേഖ നൽകുക.

## പാർപ്പിടം :

**പ്രശ്നങ്ങൾ**

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ പകുതിയോളം പേരും സ്വന്തമായി പണി പൂർത്തീകരിച്ച വീടില്ലാത്തവരോ ചെറ്റപുരയിൽ താമസിക്കുന്നവരോ ആണ്. വീടുള്ളവർക്ക് തന്നെ അടിസ്ഥാനസൗകര്യങ്ങളില്ല. ഒന്നോ രണ്ടോ മുറികളുള്ള ഭാഗികമായി പണിത വീടുകളാണേറെയും. വീട് നിർമിക്കാനാവശ്യമായ സർക്കാർ ധനസഹായം അപര്യാപ്തമായതിനാലാണ് വീട് പണി പൂർത്തികരിക്കാൻ കഴിയാത്തത്. പണി പൂർത്തിയാക്കിയ വീടുകൾക്ക് കക്കൂസ് കുളിമുറി മുതലായ സൗകര്യങ്ങളില്ല. നിരപ്പത്തുമ്മൽ ലക്ഷം വീട് കോളനിയിലെ വീടുകൾ പൊട്ടിപൊളിഞ്ഞ് ചോർന്നൊലിച്ചും നശിച്ചുപോയ അവശിഷ്ടഭാഗത്ത് താമസിക്കുന്നവരുടെ സ്ഥിതി ദയനീയമാണ്. ഒരു വീടിന്റെ രണ്ടു ഭാഗങ്ങളിലായി രണ്ടു കുടുംബങ്ങൾ താമസിക്കുന്ന രീതി പരിഷ്കൃത സമൂഹത്തിൽ പ്രശ്ന സങ്കുലമാണ്.

**പരിഹാരനിർദ്ദേശങ്ങൾ :**

1. വീട് വെക്കാൻ സാമ്പത്തിക സഹായം നൽകുന്നതിനുപകരം സമഗ്രമായ ഭവനനിർമ്മാണ പദ്ധതിക്ക് രൂപം നൽകുക.

2. അടിസ്ഥാന സൗകര്യങ്ങളെല്ലാമുള്ള ചെലവ് കുറഞ്ഞ വീടുകൾ നിർമിച്ച് ആവശ്യക്കാർക്ക് നൽകാനുള്ള ഭവനനിർമ്മാണ സഹകരണസംഘത്തിന് രൂപം നൽകുക.

3. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണികൾ നടത്താനാവശ്യമായ പ്രത്യേക പദ്ധതികളാരംഭിക്കുക.

4. വീടും വീടു വെക്കാനുള്ള സ്ഥലവും നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതിനാവശ്യമായ സ്ഥലം ജലലഭ്യതയുള്ള സമതലപ്രദേശത്താണെന്നുറപ്പ് വരുത്തുക.

5. നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികളിലെ സർക്കാർ ധനസഹായം വർദ്ധിപ്പിക്കുക.

## കുടിവെള്ളം

**പ്രശ്നങ്ങൾ:**

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും താഴ്ന്നവയൽ ഭാഗങ്ങളിലുമാണ് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിൽ വെള്ളം കിട്ടാത്തതിനാലും താഴ്ന്ന പ്രദേശത്ത് ജലം ഉപയോഗപ്പെടുത്താൻ സാധിക്കാത്തതിനാലുമാണ് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നത്. നിരപ്പത്തുമ്മൽ, നിരയിൽ കുന്ന്, മഞ്ചേരി കുഴിച്ചാലിൽ, ചെറുവലാട്ട്, കോവുപ്പുറം, കാഞ്ഞിരക്കുനി, ആവളനട, ചുള്ളിയോത്ത്, പൂളക്കുൽ മുക്ക്, തടത്തിൽ മീത്തൽകുന്ന്, രയരോത്ത് കുന്ന്, തെക്കുമുറി, പടിഞ്ഞാറക്കര എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട്.

നിലവിലുള്ള ശുദ്ധജലപദ്ധതികൾ അപാകതകൾ നിറഞ്ഞതാണ്. (ടാങ്കിൻെറ കപ്പാസിററി കുറവ്, കപ്പാസിറ്റിയിൽ കൂടുതൽ ടാപ്പ് അനുവദിച്ചത്, ഇരുമ്പ് ടാങ്ക്, ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ) ഇതുമൂലം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് എന്നും പരാതി തന്നെയാണ്.

**പരിഹാര നിർദ്ദേശങ്ങൾ**

1. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കിണർ കുഴിച്ച് കെട്ടി സംരക്ഷിക്കാനാവശ്യമായ പദ്ധതികൾ ആരംഭിക്കുക.

2. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ ടാങ്കിൻെറ കപ്പാസിറ്റി ഉയർത്തുക, ഇരുമ്പ് ടാങ്ക് മാറ്റി കോൺക്രീറ്റാക്കുക കൂടുതൽ ടാപ്പുകൾ അനുവദിക്കുക.

3. നിലവിലുള്ള കോട്ടക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി കരിങ്ങാട് കുന്നിൽ ടാങ്ക് കെട്ടി ചുള്ളിയോത്ത് കുന്ന് കോളനി, തടത്തിൽ മുക്ക് കോളനി എന്നിവിടങ്ങളിൽ ശുദ്ധജലമെത്തിക്കുക.

4. കുട്ടോത്ത് രയരോത്ത് കുന്ന് കോളനിയിൽ രയരോത്ത് കുന്നിൽ വാട്ടർ ടാങ്ക് കെട്ടി ശുദ്ധജലവിതരണ പദ്ധതി യാരംഭിക്കുക.

5. മുയിപ്പോത്ത് മൈലാടി കുന്ന്, പുറക്കാമല ശുദ്ധജലവിതരണ പദ്ധതികൾ ഉടൻ പൂർത്തീകരിച്ച് ഈ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

6. കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കോളനികളിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികളാരംഭിക്കുക.

7. മുയിപ്പോത്ത് വിച്ചഞ്ചിറയിലുള്ള പൊതു കിണർ ഉപയോഗയോഗ്യമല്ല – റിപ്പയർ ചെയ്ത് വെള്ളം ലഭ്യമാക്കുക.

## ആരോഗ്യം

**പ്രശ്നങ്ങൾ :**

കോളനി നിവാസികൾ അടുത്തടുത്ത് വീടുകളിലായി തിങ്ങി താമസിക്കുന്നവരാണ്. ശുദ്ധജല ദൗർലഭ്യം മൂലം ശുചിത്വം പാലിക്കുന്നതിൽ പലപ്പോഴും പ്രയാസമനുഭവപ്പെടുന്നു. പകർച്ചവ്യാധികൾ പെട്ടെന്ന് പടർന്നു പിടിക്കാൻ സാധ്യതയുണ്ട്.

രോഗപ്രതിരോധ കുത്തിവെപ്പുകൾ ദൂരെയുള്ള ആശുപത്രികളിൽ പോയി ചെയ്യിക്കാൻ ജോലി നഷ്ടപ്പെടുത്തി പോകേണ്ടതിനാൽ പലപ്പോഴും വിമുഖത കാണിക്കുന്നു.

ആവള PHC യിൽ ഡോക്ടറില്ലാത്തതിനാൽ ചികിത്സാ സൗകര്യം കുറവാണ്.

കുടുംബാംഗങ്ങളാരെങ്കിലും മരണപ്പെട്ടാൽ രണ്ടോ മൂന്നോ സെൻറ് ഭൂമി മാത്രം കൈവശമുള്ളവർക്ക് വീട്ടുപറമ്പിൽ ശവം സംസ്കരിക്കുക അസാധ്യമാണ്. വെള്ളം കയറുന്ന വയലോരങ്ങളിൽ താമസിക്കുന്നവരുടെ വീട്ടിൽ മഴക്കാലത്ത് മരണപ്പെട്ടാൽ ഈ പ്രയാസത്തിൻെറ രൂക്ഷതയേറുന്നു.

പത്താം വാർഡിലെ പുല്ലർമായിയിൽ നിലവിലുള്ള ശ്മശാനം ഉപയോഗയോഗ്യമല്ല. ശ്മശാനത്തിൻെറ സ്ഥലം സ്വകാര്യവ്യക്തികൾ കൈയേറി സ്വന്തമാക്കുന്ന പ്രവണതയുണ്ട്.

**പരിഹാരനിർദ്ദേശങ്ങൾ :**

1. എല്ലാ കോളനികളിലും ശുദ്ധജലമെത്തിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുക.
2. രോഗ പ്രതിരോധ കുത്തിവെപ്പുകൾ, ബോധവൽകരണ ക്യാമ്പുകൾ, രോഗനിർണയക്യാമ്പുകൾ തുടങ്ങിയവ കോളനികളിൽ തന്നെ സംഘടിപ്പിക്കണം.
3. ആവള PHC യിൽ താമസിക്കുന്ന ഡോക്ടറുണ്ടാവണം.
4. മുയിപ്പോത്ത് പടിഞ്ഞാറക്കര, ആവളകുട്ടോത്ത് എന്നിവിടങ്ങളിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
5. പഞ്ചായത്തിൽ കുറഞ്ഞത് രണ്ട് പൊതുശ്മശാനമെങ്കിലും ഉണ്ടാവണം. പത്താം വാർഡിലെ നിലവിലുള്ള പുല്ലർമായി ശ്മശാനം അളന്ന് തിട്ടപ്പെടുത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. ശവസംസ്കരണത്തിനായി പൊതു ശ്മശാനം ഉപയോഗപ്പെടുത്താൻ സൗകര്യപ്രദമായ ഒരു ഷെഡ് ഇവിടെ പണിയണം.
6. എട്ടാം വാർഡിലെ പുറക്കാമല (വെള്ളടത്ത് മലയിൽ) പഞ്ചായത്തിൻെറതായി ഒരു ഏക്കർ ഭൂമിയുണ്ട്. ഇത് ശ്മശാനമായി അംഗീകരിച്ച് ആവശ്യമായ സൗകര്യങ്ങളുണ്ടാക്കണം.
7. കുറ്റ്യോട്ട് നടചിറ കുളിക്കാനും അലക്കാനും പറ്റിയ രീതിയിൽ കെട്ടി സംരക്ഷിക്കണം.
8. മുഴുവൻ വീടുകൾക്കും കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ നൽകാനുള്ള പദ്ധതികളുണ്ടാവണം.

# തൊഴിൽ –കൃഷി

**പ്രശ്നങ്ങൾ :**

പഞ്ചായത്തിലെ ഹരിജനങ്ങൾ പരമ്പരാഗത കൈത്തൊഴിലായ പായ നെയ്ത്ത്, കുട്ടനെയ്ത്ത്, എന്നീ ജോലികളിലാണ് ഏർപ്പെട്ടിരുന്നത്. മറ്റൊരു പ്രധാന മേഖല കാർഷിക രംഗമാണ്.

കൈതോല ലഭിക്കാത്തതിനാൽ പായനെയ്ത്ത് ജോലി ചെയ്യാൻ കഴിയുന്നില്ല. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കൈതോലച്ചെടികൾ സ്വകാര്യ വ്യക്തികൾ നശിപ്പിക്കുന്നുണ്ട്. സർക്കാറിൻെറ വികസന പ്രവർത്തനങ്ങൾമൂലവും കൈതോല നശിപ്പിക്കുന്നുണ്ട്.

കാർഷിക രംഗത്തുണ്ടായ തകർച്ച ഈ മേഖലയിൽ തൊഴിൽദിനങ്ങൾ ഭീമമായി കുറയുകയും കർഷക ത്തൊഴിലാളികൾ തൊഴിൽരഹിതരായി മാറ്റുകയും ചെയ്തു.

പരമ്പരാഗത തൊഴിലിനോട് വിമുഖത കാണിക്കുന്ന പുതിയ തലമുറയിലെ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നേടാനാവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിലില്ല.

പുഴയോരത്തും തോട്ടിൻകരയിലും താമസിക്കുന്ന വർക്ക് മത്സ്യബന്ധനത്തൊഴിലിൽ താത്പര്യമുണ്ട്. അതിനാവശ്യമായ വള്ളം, വല എന്നിവ സ്വന്തമായി ഇല്ലാത്തതിനാൽ ജോലി ചെയ്യാൻ കഴിയുന്നില്ല.

കോട്ടേരി കോമത്ത് നിലവിലുള്ള പായ നെയ്ത്ത് സഹകരണസംഘം പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി. പഞ്ചായത്തിലെ ഹരിജനങ്ങൾക്ക് ഏറെ തൊഴിൽ സാധ്യതയുള്ള പദ്ധതി ആവിഷ്കരിക്കാൻ ഈ സ്ഥാപനം പ്രവർത്തന ക്ഷമമാകണം.

പായ, കുട്ട എന്നിവ വിറ്റഴിക്കാനുള്ള വിപണികൾ പഞ്ചായത്തിലില്ലാത്തതിനാൽ ദൂരെയുള്ള വടകര, പേരാമ്പ്ര ചന്തകളിൽ പോകാൻ ഏറെ പ്രയാസപ്പെടുന്നുണ്ട്.

**പരിഹാരനിർദ്ദേശങ്ങൾ :**

1. പുഴയോര പുറമ്പോക്കിൽ കൈതോല ചെടി വെച്ചു പിടിക്കണം. തോട്ടിൻക്കര, മറ്റുപുറമ്പോക്ക് സ്ഥലങ്ങൾ എന്നിവയും കൈതോലകൃഷിക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

2. പുറമ്പോക്കിലെ കൈതോലകൾ ഹരിജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യണം.

3 വിവിധ വാർഡുകളിലെ പായനെയ്ത്തു തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു കേന്ദ്രപായ നെയ്ത്ത് സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരാംഭിക്കണം. ആറാം വാർഡിലെ കോട്ടേരി കോമത്ത് ഇതിനാവശ്യമുള്ള കെട്ടിടവും മറ്റ് സൗകര്യ ങ്ങളുമുണ്ട്.

4. പട്ടിക ജാതിയിൽപെട്ട വിവിധവിഭാഗം തൊഴിലാളികൾക്ക് അവർ ചെയ്യുന്ന തൊഴിലിന്നാവശ്യമായ പണിയായുധങ്ങൾ വിതരണം ചെയ്യണം.

5. കാർഷിക മേഖലയിൽ ജോലി നഷ്ടപ്പെടുന്നവരെ മറ്റ് സർവ്വീസ് മേഖലകളിലേക്കും കൈ തൊഴിലുകളിലേക്കും തിരിച്ചു വിടാൻ വേണ്ടി ഒരു തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

6. സാങ്കേതിക ജോലികളിൽ വൈദഗ്ദ്യം നേടുന്നതിനായി മുയിപ്പോത്ത് നിരപ്പംകുന്നിൽ ഒരു ITI സ്ഥാപിക്കുക.

7. മൂന്നാം വാർഡിൽ സുലഭമായിട്ടുള്ള പൂഴി ഉപയോഗിച്ച് സിമൻറ് കട്ട വ്യവസായം ആരംഭിക്കുക.

8. പഞ്ചായത്തിലെ വിവിധക്ഷേത്രങ്ങളിൽ തിറ ഉത്സവത്തിന് തെയ്യം കെട്ടുന്നവർക്ക് ചെണ്ട, തെയ്യം, ഉപകരണങ്ങൾ എന്നിവ വാങ്ങാനാവശ്യമായ ധനസഹായം ലഭ്യമാക്കണം.

9. മത്സ്യബന്ധന തൊഴിലാളികൾക്ക് വള്ളം, വല എന്നിവ സൗജന്യമായി വിതരണം ചെയ്യണം.

10. ആവളഹരിജൻ സഹായസഹകരണ സംഘം പ്രവർത്തന ക്ഷമമാക്കണം.

11. കൃഷിഭവനുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും വിതരണം ചെയ്യുന്ന വളവും വിത്തുകളും ആവശ്യക്കാരുടെ കൃഷിയിടങ്ങൾക്ക് യോജിച്ച രീതിയിൽ കാലാവസ്ഥക്കനുസരണമായി നൽകണം.

12. പായ, കൊട്ട മറ്റ് ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനായി ചെറുവണ്ണൂരിൽ ഒരു ആഴ്ച ചന്ത ആരംഭിക്കണം.

# വിദ്യാഭ്യാസം —സാമൂഹ്യക്ഷേമം —സംസ്കാരം

## പ്രശ്നങ്ങൾ

പട്ടികജാതി—പട്ടികവർഗവിഭാഗങ്ങൾക്ക് വിദ്യാഭ്യാസസാമൂഹ്യ പുരോഗതി വേണ്ടത്രയില്ല. പ്രൈമറി വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ മറ്റുവിഭാഗങ്ങൾക്കൊപ്പമെത്തുന്നുണ്ടെങ്കിലും പ്രീഡിഗ്രിയിൽ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ളവർ തീരെ കുറവാണ്. SSLC ക്ക് ശേഷം ഗുണപ്രദമായ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ചേരാൻ കഴിയുന്നില്ല. എവിടെ ഏതൊക്കെ കോഴ്സുകളാണ് ഉള്ളതെന്ന കാര്യത്തിൽ ഈവിഭാഗങ്ങൾക്ക് വേണ്ടത്ര ധാരണയില്ല. പട്ടികജാതി പട്ടികവർഗവിഭാഗത്തിൽ പെട്ടവർ നമ്മുടെ പഞ്ചായത്തിൽ സാക്ഷരതയിൽ മറ്റ് വിഭാഗങ്ങൾക്കൊപ്പമെത്തിയിട്ടില്ല.

തുരുത്യാട്ടുമ്മൽ, കോവുപ്പുറം, മഞ്ചേരികുന്ന്, ചുള്ളോത്ത്കുന്ന്, മുയിപ്പോത്ത് പടിഞ്ഞാറക്കര (8ാം വാർഡ്) എന്നിവിടങ്ങളിലെ കുട്ടികൾക്ക് അംഗന വാടിയിലെത്താൻ വളരെദൂരം നടക്കേണ്ടി വരും.

## പരിഹാരനിർദ്ദേശങ്ങൾ :

1. SSLC ക്ക് ശേഷമുള്ള വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളെപ്പറ്റിയും അവയുടെ സാധ്യതകളെക്കുറിച്ചും അറിയുന്നതിന് പഞ്ചായത്ത് ഓഫീസിൽ ഒരു കരിയർ ഗൈഡൻസ് സെൻറർ ആരംഭിക്കുക.

2. തുടർസാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ കോളനികളിലും ജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുക.

3. ഹരിജൻ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുക.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

5. എല്ലാ കോളനികളിലും വായനശാല ആരംഭിക്കുകയും അവ കേന്ദ്രീകരിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

6. പഞ്ചായത്തിൽ SSLC ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് അവാർഡ് ഏർപ്പെടുത്തുക.

7. തുരുത്യാട്ടുമ്മൽ, കോവുപ്പുറം, മഞ്ചേരികുന്ന്, ചുള്ളോത്ത് കുന്ന്, മുയിപ്പോത്ത് പടിഞ്ഞാറക്കര (8ാം വാർഡ്) എന്നിവിടങ്ങളിൽ അംഗനവാടികൾ ആരംഭിക്കുക.

8. ഏറ്റവും കൂടുതൽ പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾ പഠിക്കുന്ന ആവള കുട്ടോത്ത് ഗവ. ഹൈസ്ക്കൂളിൽ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഇവിടെ പഠന നിലവാരം വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുക.

## ഗതാഗതം

**പ്രശ്നങ്ങൾ**

കോളനികളിലേക്ക് എത്തിച്ചേരാൻ സൗകര്യപ്രദമായ റോഡുകളില്ലെന്നുള്ളതാണ് ഏറ്റവും വലിയ ഗതാഗത പ്രശ്നം. നിരപ്പത്തിമ്മേൽ ലക്ഷംവീട് കോളനി, കാര്യാട്ട് കുന്ന് നിരയിൽ കുന്ന്, ചുള്ളോത്ത്കുന്ന്, രയരോത്ത് കുന്ന്, തടത്തിൽ മീത്തൽ എന്നിവിടങ്ങളിലേക്ക് വാഹന ഗതാഗത യോഗ്യമായ റോഡില്ലാത്തതിനാൽ പല വികസന പദ്ധതികളും എത്തിനോക്കാറില്ല.

**പരിഹാര നിർദ്ദേശങ്ങൾ :**

1. ചെമ്പ്രാട്ട് മുക്ക് – നിരപ്പത്തിമ്മേൽ കോളനിറോഡ് (350 മീറ്റർ)
2. മഞ്ചേരി താള പാറച്ചാലിൽ മുക്ക് റോഡ്
3. ചെറുവണ്ണൂർ മുക്ക് – കാര്യാട്ട് കുന്ന് റോഡ്
4. മുയിപ്പോത്ത് ബാലവാടി – വട്ടാന തുരുത്തി കുന്ന് റോഡ്
5. തോട്ടമറിമുക്ക് – നിരയിൽ കുന്ന് കോളനി റോഡ് (1 കി.മീ)
6. ആവള ടൗൺ – അറക്കൽ തോട് റോഡ്
7. വാഴാട്ട് മുക്ക് – കുണ്ടൂത്തറ അമ്പേദ്കർ കോളനി റോഡ്
8. കറുറക്കടവ് നടപ്പാത
9. പെരിങ്ങളത്ത് പൊയിൽ – കരിമ്പാപ്പുനം മുതൽ കണ്ടോത്ത് മീത്തൽ മുക്ക് റോഡ് (1 $^1/_2$ കി.മി)
10. മഠത്തിൽ മുക്ക് – തടത്തിൽ മീത്തൽ കോളനി റോഡ് – (1/2 കി.മി)
11. ആവള മിനി ഇൻഡസ്ട്രിയൽ – രയരോത്ത് കുന്ന് കോളനി റോഡ് (2 കി. മി)
12. കോരൻ കുളങ്ങര അമ്പലം – ചെറുവലാട്ട് എമ്മനകണ്ടി കോളനി റോഡ് (1 $^1/_2$കി.മി)
13. മഠത്തിൽ മുക്ക് – മഞ്ചേരി കുഴിച്ചാലിൽ കോളനി റോഡ് (1 $^1/_2$കി.മി)

## വൈദ്യുതി – ഊർജ്ജം

**പ്രശ്നങ്ങൾ :**

പട്ടികജാതിക്കാരുടെ വീടുകളിൽ 95% വൈദ്യുതീകരിക്കാത്തതാണ്. വൈദ്യുതികരിച്ച വീടുകളിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗൃഹോപകരണങ്ങൾ ഒന്നും തന്നെയില്ല.

ഊർജം പാഴാക്കുന്ന അശാസ്ത്രീയമായ അടുപ്പുകളാണ് എല്ലാ വീടുകളിലുമുള്ളത്. ഇതിനാൽ രൂക്ഷമായ വിറക് ക്ഷാമമനുഭവപ്പെടുന്നുണ്ട്. ഗ്യാസ് അടുപ്പ്, മണ്ണെണ്ണ സ്റ്റൗ എന്നിവ പട്ടികജാതി വീടുകളിൽ ഇല്ല.

**പരിഹാര നിർദ്ദേശങ്ങൾ :**

1. എല്ലാ പട്ടികജാതി വീടുകളും സൗജന്യമായി വൈദ്യുതീകരിക്കുക.
2. വൈദ്യുത ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗൃഹോപകരണങ്ങൾ വിതരണം ചെയ്യുക.
3. കോളനികളിൽ വൈദ്യുതതെരുവ് വിളക്കുകൾ സ്ഥാപിക്കുക.
4. പുകയില്ലാത്ത അടുപ്പ് എല്ലാ വീടുകലിലും ഘട്ടം ഘട്ടമായി ലഭ്യമാക്കുക. ഇതിനായി അനർട്ട്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയുടെ സഹായം ഉപയോഗിക്കുക.

# കോളനികളുടെ പൊതു നിലവാരം

| നമ്പർ | കോളനികൾ | വാർഡ് | വൈദ്യുതീകരിച്ചതാണോ | വീടുകൾ | ജനസംഖ്യ | സ്വന്തമായി വീടുള്ളവർ | വീട് ഇല്ലാത്തവർ | വീട്പണി പൂർത്തീകരിക്കാത്തവർ | ശുദ്ധജല സൗകര്യമില്ലാത്തവർ | കക്കൂ ഇല്ലാത്ത വർ |
|---|---|---|---|---|---|---|---|---|---|---|
| 1 | നിരപ്പത്തുമ്മൽ (മുയിപ്പോത്ത്) | 1 | അല്ല | 17 | 61 | 5 | 1 | 11 | 10 | 4 |
| 2 | കുറൂറഭാഗം | 2 | അല്ല | 19 | 43 | 7 | 12 | — | 12 | 7 |
| 3 | എമ്മനകണ്ടി | 2 | അല്ല | 30 | 120 | 2 | 28 | — | 30 | 28 |
| 4 | നിരയിൽകുന്ന് | 2 | ഭാഗികം | 53 | 186 | — | 28 | 25 | 40 | 20 |
| 5 | മഞ്ചേരി കുഴിച്ചാലിൽ | 2 | അല്ല | 35 | 126 | 30 | 5 | — | 30 | 30 |
| 6 | ചെറുവലാട്ട് | 3 | അല്ല | 34 | 127 | 18 | 12 | 4 | 27 | 29 |
| 7 | കോവുപ്പുറം — പെരിഞ്ചേരിക്കടവ് | 3 | അല്ല | 40 | 290 | 22 | 8 | 10 | 23 | 17 |
| 8 | കുണ്ടൂത്തറ അമ്പേദ്ക്കർ കോളനി | 3 | അതെ | 45 | 205 | — | — | — | — | — |
| 9 | എടപ്പോത്ത് മീത്തൽ കുന്ന് | 3 | അല്ല | 13 | 54 | 3 | 6 | 4 | 13 | 10 |
| 10 | ചെറുവലാട്ട് ഭാഗം | 3 | അല്ല | 26 | 148 | | | | | |
| 11 | പെരിഞ്ചേരിക്കടവ് 4 സെൻറ് കോളനി | 3 | അല്ല | 10 | 48 | 2 | 8 | — | | 8 |
| 12 | ചുള്ളോത്ത് കുന്ന് | 4 | അല്ല | 26 | 130 | 16 | 10 | — | — | 18 |
| 13 | ആവള കുട്ടോത്ത് സെറ്റിൽമെൻറ് | 4 | ഭാഗികം | 18 | 108 | — | — | — | — | — |
| 14 | രയരോത്ത് കുന്ന് പൂലക്കൂൽ മുക്ക് | 4 | അല്ല | 38 | 168 | 10 | 28 | — | 38 | 26 |
| 15 | തടത്തിൽ മീത്തൽ | 4 | അല്ല | 14 | 107 | 10 | 4 | — | 14 | 6 |
| 16 | എടച്ചേരി ചാലിൽ | 7 | അല്ല | 7 | — | — | 6 | 1 | 4 | 45 |
| 17 | കൊത്തങ്കോട്ട് പാറ | 7 | ല്ല | 7 | — | — | 6 | 1 | 4 | 4 |
| 18 | എടത്തും പൊയിൽ മുടിപ്പോത്ത് | 8 | അല്ല | 19 | 54 | 13 | 2 | 4 | 13 | 12 |
| 19 | തെക്കുംമുറി മുയിപ്പോത്ത് | 8 | അല്ല | 11 | 67 | | | | | |
| 20 | പടിഞ്ഞാറക്കര—മുയിപ്പോത്ത് | 9 | അല്ല | 20140 | 8 | 7 | 5 | | 12 | 5 |
| 21 | നിരപ്പംകുന്ന് മുയിപ്പോത്ത് | 10 | അതെ | 42 | 152 | 38 | — | 1 | 4 | — |

# വനിതാ ക്ഷേമം

## വികസന റിപ്പോർട്ട്

വനിതാക്ഷേമത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ആദ്യമായി വിലയിരുത്തേണ്ടത് സ്ത്രീപുരുഷ സമത്വമെന്ന ആശയത്തിന് സമൂഹത്തിൽ ലഭിച്ചിട്ടുള്ള അംഗീകാരമാണ്. തുല്യത എന്നുപറയുന്നത് സാമൂഹ്യരംഗത്ത് ഇടപെടാനുള്ള അവസരങ്ങളുടെ മേലുള്ള തുല്യതയാണ്. സാമൂഹ്യരംഗത്തെ തുല്യതയാകട്ടെ, ഉൽപാദനരംഗത്തെ തുല്യതയാണ്. നമ്മുടെ സാമൂഹ്യജീവിതത്തിൽ ഈ വസ്തുത പരിശോധിക്കുമ്പോൾ ഉൽപാദന മണ്ഡലങ്ങളിലെ എല്ലാ രംഗങ്ങളിലും പുരുഷനൊപ്പം അവസരസമത്വം സ്ത്രീകൾക്ക് ലഭിക്കുന്നില്ല എന്നു കാണാം. വിവിധ ന്യായങ്ങളുടെ പിൻബലത്തോടെ അസംഖ്യം മണ്ഡലങ്ങളിൽ സ്ത്രീയുടെ സമത്വം നിഷേധിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രസാങ്കേതികരംഗം, വ്യാവസായികരംഗം, കായികാദ്ധ്വാനം കൂടുതലായി ആവശ്യമുള്ള തൊഴിലുകൾ ഇവയിലൊന്നുംതന്നെ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിശ്രമം, എട്ടു മണിക്കൂർ വിനോദം എന്ന അംഗീകൃത മൗലികാവകാശവും സ്ത്രീക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. സ്ത്രീയുടെ സമൂഹത്തിലുള്ള താഴ്ന്ന സ്ഥാനം മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലുമുള്ള അകൽച്ചയെ സൂചിപ്പിക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് സമൂഹത്തിൽ ഗണനീയമായ യാതൊരു മാറ്റവും വരുത്തിത്തീർക്കാൻ കഴിയില്ലെന്നുള്ള തിരിച്ചറിവിലാണ് നാം എത്തിനിൽക്കുന്നത്.

കേരളത്തിലെ വികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്, വികസനപ്രക്രിയയിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്തമാണ്. വിദ്യാഭ്യാസത്തിന്റെയും സാംസ്ക്കാരിക നിലവാരത്തിന്റെയും കാര്യത്തിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിൽ നിൽക്കുന്ന കേരളത്തിൽപ്പോലും സ്ത്രീയ്ക്ക് അനുഭവിക്കേണ്ടിവരുന്ന 'ഇരട്ട ചൂഷണം' വേണ്ടത്ര ചർച്ചാവിഷയമാവുന്നില്ല. ആകെ ജനസംഖ്യുടെ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന കടുത്ത ചൂഷണവും യാതനകളും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഒരു സമൂഹത്തിനും മുന്നോട്ടുപോവുക സാധ്യമല്ല. ഇത് മറികടക്കണമെങ്കിൽ സ്ത്രീകളുടെ സാമൂഹികപദവിയ്ക്കെതിരായി നിലനിൽക്കുന്ന ഘടകങ്ങളെ സൂക്ഷ്മമായി തിരിച്ചറിയുകയും അവ പരിഹരിക്കാനുള്ള മൂർത്തമായ പരിപാടികളാവിഷ്ക്കരിക്കുകയും വേണം.

കേരളത്തിന്റെ ഈ പൊതു അവസ്ഥയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല ചെറുവണ്ണൂർ പഞ്ചായത്തിലെ വനിതകളുടെ ജീവിതനിലവാരം. തലമുറകളിലൂടെ വാമൊഴിയായി പകർന്നുകിട്ടിയിട്ടുള്ള പഞ്ചായത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടം മുതൽ പഞ്ചായത്തിലെ വനിതകൾ സമരബോധമുൾക്കൊള്ളുകയും സജീവപ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തിരുന്നതായി കാണാൻ കഴിയുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഉപ്പുകുറുക്കൽ സമരത്തിൽ പങ്കെടുത്തുകൊണ്ട് ഇവിടുത്തെ സ്ത്രീകൾ അകലാപ്പുഴ ഭാഗത്തുപോയി ഉപ്പുവെള്ളം മുക്കിക്കൊണ്ടുവന്ന് വീട്ടിൽവെച്ച് ഉപ്പുകുറുക്കിയെടുത്ത് ഉപയോഗിച്ചിരുന്നു. 1937ൽ നടന്ന ഒരു തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്

വേണ്ടി 'മഞ്ഞപ്പെട്ടി'യിൽ വോട്ടുചെയ്യുന്നതിന് പഞ്ചായത്തിലെ എടക്കയിൽ ഭാഗത്തുള്ള സ്ത്രീകൾ അകലെ തിരുവള്ളൂരിലേക്ക് കൂട്ടമായി പോയിരുന്നതായി പറയപ്പെടുന്നു. സ്ത്രീകൾ അക്കാലത്ത് വോട്ടുചെയ്യാൻ പോകാറില്ലായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നിരോധിക്കപ്പെട്ട കാലത്ത് പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാക്കളെ ഈ പഞ്ചായത്തിലെ പല വീടുകളിലും ഒളിവിൽ പാർപ്പിച്ചിരുന്നു. ഈ സാഹസിക പ്രവൃത്തി ഏറ്റെടുത്ത് വിജയിപ്പിച്ചത് ഈ പഞ്ചായത്തിലെ രാഷ്ട്രീയബോധമുൾക്കൊണ്ട വനിതകളായിരുന്നു.

ഇന്നത്തെ അവസ്ഥ പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ സ്ത്രീകൾ സാമൂഹികസാംസ്കാരിക പ്രവർത്തനങ്ങളിൽ വളരെ പിന്നോക്കമാണ്. ഈ പിന്നോക്കാവസ്ഥ എത്രത്തോളമാണെന്നും ഏതൊക്കെ തുറകളിലാണെന്നും കാരണങ്ങൾ എന്തൊക്കെയാണെന്നും സൂക്ഷ്മമായും സമഗ്രമായും വിലയിരുത്താൻ ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ എവിടെയും ലഭ്യമല്ല. അതിനാൽ ഈ വിഷയത്തെ മുൻനിർത്തി ഒരു സമഗ്രസർവ്വേ നടത്തേണ്ടതുണ്ട്. സാമ്പത്തിക സാമൂഹികരംഗങ്ങളിലെ സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ ആസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി നടന്ന വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്ത സ്ത്രീകൾ തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവയെ താഴെപ്പറയും വിധം സംഗ്രഹിക്കാം.

1. തൊഴിലില്ലായ്മ
2. സമൂഹത്തിൽ ആഴത്തിൽ വേരോടിയിട്ടുള്ള പുരുഷാധിപത്യരീതികൾ.
3. സ്ത്രീകളുടെ അധമബോധം.
4. അറിവും നേതൃത്വഗുണങ്ങളും വളർത്തിയെടുക്കാൻ അവസരം ലഭിക്കായ്ക.
5. നിർഭയരും സ്വതന്ത്രരുമായി സഞ്ചരിക്കാനും പ്രവർത്തിക്കാനും തടസ്സം നിൽക്കുന്ന സാമൂഹികാന്തരീക്ഷം.
6. കാണാപ്പണികളുടെ ഭാരം
7. ഭക്ഷണം പാകംചെയ്യൽ, വൃദ്ധരെ പരിചരിക്കൽ, കുഞ്ഞുങ്ങളെ വളർത്തൽ, കുടിവെള്ളം, വിറക് തുടങ്ങിയവ സംഭരിക്കൽ, കന്നുകാലി വളർത്തൽ എന്നിവയെല്ലാം സ്ത്രീയുടെ മാത്രം ചുമതലയായി അംഗീകരിക്കപ്പെട്ടിരിക്കുന്നതിനാൽ മുഴുവൻ സമയവും വീട്ടമ്മയായി കഴിയേണ്ടിവരുന്ന സ്ഥിതിവിശേഷം.

മേൽ പ്രസ്താവിച്ച പൊതുവായ അവസ്ഥയ്ക്കു പുറമെ പഞ്ചായത്തിലെ സ്ത്രീകൾ നിത്യജീവിതവുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു.

പ്രശ്നങ്ങളിലേക്ക് കടക്കുന്നതിനുമുമ്പെ പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം പരിശോധിക്കാം. 1991ലെ സെൻസസ് പ്രകാരം 10346 സ്ത്രീകളും 10341 പുരുഷന്മാരുമാണ് പഞ്ചായത്തിലുള്ളത്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ സ്ക്കൂളുകളിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുകാണുന്നു. ആകെ 13 സ്ക്കൂളുകളുള്ളതിൽ 2142 പെൺകുട്ടികളും 2151 ആൺകുട്ടികളുമാണുള്ളത്. ആകെ 163 അധ്യാപകരുള്ളതിൽ 113 പേർ പുരുഷന്മാരും 50 പേർ സ്ത്രീകളുമാണ്. ഇത് സംസ്ഥാന അനുപാതത്തിന് വിരുദ്ധമാണ്. സംസ്ഥാനത്തെ ആകെ അധ്യാപകരിൽ 65% അധ്യാപികമാരാണുള്ളത്. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ സ്ത്രീ ജീവനക്കാരുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് കാണുന്നു.

## പ്രശ്നങ്ങൾ

### 1. തൊഴിലില്ലായ്മയും തൊഴിൽ പ്രശ്നങ്ങളും

a) പഞ്ചായത്തിലെ 98% സ്ത്രീകൾക്കും തൊഴിലില്ല.

b) കോഴിക്കോട് ജില്ലയിലെ പ്രധാന നെല്ലുൽപാദനകേന്ദ്രങ്ങളിലൊന്നാണ് ചെറുവണ്ണൂർ പഞ്ചായത്ത്. മുൻകാലങ്ങളിൽ സ്ത്രീകൾ മുഖ്യമായും ഏർപ്പെട്ടിരുന്നത് കൃഷിപ്പണിയിലായിരുന്നു. പാടശേഖരങ്ങൾ നികത്തപ്പെടുന്നതുമൂലവും കാർഷികമേഖലയിലെ മുരടിപ്പ് കാരണവും, കൂലിക്കുറവ് കാര

ണവും സ്ത്രീകൾ ഇന്ന് കാർഷികവൃത്തിയിൽ നിന്ന് നിഷ്ക്കാസിതരായിക്കൊണ്ടിരിക്കുന്നു.

c) പരമ്പരാഗതവ്യവസായങ്ങിൽ സാങ്കേതിക നവീകരണമുണ്ടാകുമ്പോൾ കൂടുതലായും തൊഴിൽ നഷ്ടപ്പെടുന്നത് സ്ത്രീകൾക്കാണ്.

d) കൈത്തറിമേഖലയിലും ഗാർഹികമായ കൃഷിജോലിയിലും കന്നുകാലി സംരക്ഷണത്തിലും അധ്വാനത്തിൻെറ നല്ലൊരു പങ്ക് നിർവഹിക്കുന്നത് സ്ത്രീകളാണെങ്കിലും വരുമാനത്തിൽ അവർക്ക് യാതൊരു അവകാശമില്ല.

e) പഞ്ചായത്തിലെ ഒട്ടുമിക്ക വാർഡുകളിലും ദുർബലവിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകളുടെ പരമ്പരാഗത തൊഴിലാണ് പായനെയ്ത്ത്. ഇതിനാവശ്യമായ അസംസ്കൃത വസ്തുവായ കൈതോല സ്വകാര്യവ്യക്തികൾ കൈയടക്കിവെച്ചിരിക്കുന്നു.

f) തൊഴിലെടുക്കുന്ന സ്ത്രീകൾ നാനാതരം ചൂഷണങ്ങൾക്ക് വിധേയമാവുന്നു. കൂലിവ്യത്യാസം ഇതിൽ ഏറ്റവും പ്രധാനമാണ്. സ്ത്രീകൾക്കുമാത്രം ചെയ്യാൻ കഴിയുന്ന തൊഴിലുകൾക്ക് (ഉദാ:- നാട്ടിപ്പണി, ഓലമടയൽ) അർഹമായ വേതനം ലഭിക്കുന്നില്ല. 8 മണി മുതൽ 5 മണിവരെ കാർഷികജോലിയിൽ ഏർപ്പെടുന്ന പുരുഷന് ലഭിക്കുന്ന കൂലി തുല്യസമയം നാട്ടിപ്പണിയെടുക്കുന്ന സ്ത്രീക്ക് ലഭിക്കുന്നില്ല. ഇത്തരം വിവേചനങ്ങൾ സംഘടനാതലങ്ങളിലോ ചർച്ച ചെയ്യപ്പെടുന്നില്ല.

g) എല്ലാ തൊഴിൽ മേഖലകളിലും വനിതകളുടെ എണ്ണം താരതമ്യേന വളരെ കുറവാണ്. (പട്ടിക 1 കാണുക).

h) പഞ്ചായത്തിൽ തൊഴിൽ സംഘടനകളിലൊന്നുംതന്നെ വനിതാനേതൃത്വമില്ലെന്നു പറയാം. സംഘടനാപ്രവർത്തനങ്ങളിൽ വനിതകളുടെ സജീവപങ്കാളിത്തം ഉണ്ടാകാറില്ല.

i) പെൺകുട്ടികൾക്ക് അനുയോജ്യമായ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ തൊഴിലധിഷ്ഠിത കോഴ്സുകളുള്ള വിദ്യാലയങ്ങളോ പഞ്ചായത്തിലില്ല.

### 2. വിദ്യാഭ്യാസവവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

a) വിദ്യാലയങ്ങളിലൊന്നുംതന്നെ പെൺകുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങളില്ല.

b) ഉപരിപഠനരംഗത്തും , തൊഴിൽരംഗത്തും പെൺകുട്ടികൾ അവഗണിക്കപ്പെടുന്നു.

c) പ്രായപൂർത്തിയെത്തുന്നതിനുമുമ്പെ വിവാഹം ചെയ്തയക്കുന്ന സമ്പ്രദായം നിലവിലുള്ളതിനാൽ ഉപരിപഠനം തടസ്സപ്പെടുന്നു.

### 3. സാമൂഹിക സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങൾ

a) സ്ത്രീകളുടെയിടയിൽ വായനാശീലം വളർത്തിയെടുക്കാൻ ഉതകുംവിധം വായനശാലകളോ മറ്റു സംവിധാനങ്ങളോ പഞ്ചായത്തിലെവിടെയുമില്ല.

b) സ്ത്രീപീഡനം, സ്ത്രീധനം, വിവാഹധൂർത്ത്, മദ്യപാനം, ശീട്ടുകളി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികളൊന്നുംതന്നെ പഞ്ചായത്തിൽ നടക്കുന്നില്ല.

c) സ്ത്രീധനപീഡനങ്ങൾ പഞ്ചായത്തിൽ അപൂർവ്വമല്ല. സ്ത്രീധനം നൽകാൻ കഴിയാത്തതിൻെറ പേരിൽ അവിവാഹിതകളായി കഴിയുന്ന നിരവധി യുവതികൾ പഞ്ചായത്തിലുണ്ട്.

d) പണം വെച്ചുള്ള ശീട്ടുകളി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിർബാധം തുടരുന്നു. ഇതുമൂലം ദാരിദ്ര്യമനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളും കുട്ടികളുമാണ്.

e) വ്യാജവാറ്റ് പഞ്ചായത്തിലെ ഒട്ടുമിക്കവാർഡുകളിലും നടക്കുന്നു. വിദേശമദ്യം സുലഭമാണ്.

### 4. മറ്റു പ്രശ്നങ്ങൾ

a) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.

b) പാർപ്പിടമില്ലാത്തവർ, കക്കൂസില്ലാത്തവർ, ഭൂരഹിതർ എന്നിങ്ങനെ ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്.

c)

സ്ത്രീകൾ നാഥകളായിട്ടുള്ള 175-ൽ അധികം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

d) ആരോഗ്യ ഉപകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

e) പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ പോഷകാഹാരക്കുറവ് അധികമായിക്കാണുന്നു. (പട്ടിക 2 കാണുക).

f) 99% പ്രസവങ്ങളും നടക്കുന്നത് ആശുപത്രികളിലാണ്. (പട്ടിക 3). എന്നാൽ ഇത്തരം കാര്യങ്ങൾക്ക് സൗകര്യങ്ങളുള്ള ഒരാശുപത്രിയോ ഒരു ലേഡീ ഡോക്ടറുടെയോ സ്ത്രീരോഗവിദഗ്ദൻെറയോ സേവനം പഞ്ചായത്തിൽ ലഭ്യമല്ല.

g) വിധവാ, വാർധക്യകാല പെൻഷനുകൾ കൃത്യമായി ലഭിക്കുന്നില്ല.

h) പഞ്ചായത്തിലെ ഏക PHCയിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയത്തും ലഭ്യമല്ല. ഒരു ലേഡീ ഡോക്ടറോ സ്ത്രീരോഗ വിദഗ്ദനോ ഇവിടെ ഇല്ലാത്തത് സ്ത്രീകളെ ഏറെ ദോഷകരമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ/സാധ്യതകൾ

1. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കൂടുതൽ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം. പച്ചക്കറിക്കൃഷി, ആടുമാടുവളർത്തൽ, കോഴിവളർത്തൽ ഇവയൊക്കെ ഏറ്റെടുത്തു നടത്താൻ സന്നദ്ധരായ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയമായ നിർദേശങ്ങൾ ലഭ്യമാക്കണം.

2. പുതിയ ക്ഷീരവികസനസംരംഭങ്ങൾ വനിതകൾക്കുമാത്രമായി ആരംഭിക്കണം. പഞ്ചായത്തിൽ ഇപ്പോൾ പൂട്ടിക്കിടക്കുന്ന പാൽ സൊസൈറ്റി വനിതകൾക്ക് കൈമാറണം.

3. കൃഷിക്ക് വളരെ പ്രാധാന്യമുള്ള പഞ്ചായത്തായതിനാൽ കാർഷികമേഖലയിൽ സ്ത്രീകൾക്ക് വൻതൊഴിൽ സാധ്യത ഉണ്ട്. ഈ മേഖലയിൽ നിന്ന് സുരക്ഷിതത്വം കുറഞ്ഞതും യാത്രയും മറ്റും ആവശ്യമായി വരുന്നതുമായ മറ്റുമേഖലകളിലേക്ക് ചേക്കേറാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്നത് അനാകർഷകമായ കൂലിവ്യവസ്ഥയാണ്. കാർഷികമേഖലയിൽ പൊതുവെയുള്ള മുരടിപ്പും ഇതിനു കാരണമാണ്. ഈ പ്രശ്നങ്ങൾ വേണ്ടതുപോലെ പഠിച്ച് പരിഹാരം കണ്ടാൽ സ്ത്രീകളെ കാർഷികമേഖലയിലേക്ക് ആകർഷിക്കാൻ കഴിയും. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരും കൃഷിപരിചയമുള്ളവരും പ്രവർത്തനസന്നദ്ധരുമായ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് നൂതനകൃഷിപദ്ധതികൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്യാൻ കഴിയണം. പച്ചക്കറിക്കൃഷി, ഔഷധസസ്യക്കൃഷി, ഉദ്യാനക്കൃഷി തുടങ്ങിയ നിരവധി പദ്ധതികൾക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്.

4. പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതികളുണ്ടാണം, പായ്നെയ്ത്ത്, ചകിരി, ചിരട്ട എന്നിവയുപയോഗിച്ചുള്ള ഉൽപന്നങ്ങൾ, മുറം, കുടനിർമ്മാണം ഇവയിലൊക്കെ പ്രാവീണ്യമുള്ള ധാരാളം സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് സംഘടിതമായി തൊഴിലിൽ ഏർപ്പെടാനുതകും വിധം വ്യവസായകേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം. പുതിയ തലമുറയ്ക്ക് പരമ്പരാഗത തൊഴിലുകളിൽ പരിശീലനം നൽകാനും ഈ കേന്ദ്രങ്ങൾ ഉപയുക്തമാവണം.

5. റോഡ്, പുറമ്പോക്ക്, തോടുപുറമ്പോക്ക്, മറ്റു പുറമ്പോക്ക് ഭൂമി എന്നിവടങ്ങളിൽ കൈതോല വെച്ചുപിടിപ്പിച്ചം മേൽ പ്രസ്താവിച്ച വ്യവസായത്തിന് സൗജന്യമായി ലഭ്യമാക്കണം.

6. കൈത്തറിമേഖലയിൽ അധ്വാനത്തിൻെറ മുക്കാൽപങ്കും നിർവഹിക്കുന്ന സ്ത്രീക്ക് നെയ്ത്തിലും പരിശീലനം നൽകണം. നെയ്ത്തുതൊഴിലാളികളെയും ടെയ്ലറിംഗ്, എംബ്രോയ്ഡറി എന്നിവയിൽ വൈദഗ്ദ്യം നേടിയ സ്ത്രീകളെയും സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണകേന്ദ്രം ആരംഭിക്കണം. 5ാം വാർഡിലെ 80% വീടുകളിലും തയ്യൽ മെഷീനുണ്ടെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

7. പ്രത്യേക തൊഴിൽ പരിശീലമൊന്നും ലഭിക്കാത്ത തൊഴിൽശേഷിയുള്ള നിരവധി യുവതികൾ പഞ്ചായത്തിലുണ്ട്. അവരെ ഏതെങ്കിലും തൊഴിൽ പരിശീലനത്തിനയക്കണം. ഉദാ:-

   1. Fancy items നിർമ്മാണം

   2 പ്ലാസ്റ്റിക് കണ്ണികളുപയോഗിച്ചുള്ള ഗൃഹോപകരണ നർമ്മാണം.

   3 ഭക്ഷ്യസംസ്ക്കരണം.

   പരിശീലനം ലഭിക്കുന്നവർ കുടിൽ വ്യവസായമെന്ന നിലയിൽ ഇവ നിർമ്മിക്കാനും വിറ്റഴിക്കാനും തയ്യാറാണ്.

8. വ്യവസായങ്ങളുടെ സാങ്കേതിക നവീകരണം സ്ത്രീകൾക്കുകൂടി തൊഴിൽ നൽകുന്ന തരത്തിൽ ആസൂത്രണം ചെയ്യണം. കുത്തരി, ചവിട്ടവിൽ, കറിപൗഡറുകൾ ഇവ തയ്യാറാക്കുന്നതിന് പഞ്ചായത്തിൽ ഒരു പദ്ധതി വേണം.

9. വിവിധ വനിതാവ്യവസായ യൂണിറ്റുകൾ വഴി ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് DRDA, DIC തുടങ്ങിയ ഏജൻസികളുടെ സഹായം ലഭ്യമാവുകയും തദ്ദേശീയമായ ഒരു മാർക്കറ്റിംഗ് ഗ്രൂപ്പ് സംഘടിപ്പിക്കുകയും വേണം. ജില്ലാതലത്തിലോ ബ്ലോക്ക് തലത്തിലോ ഒരു മാർക്കറ്റിംഗ് സൊസൈറ്റി ഉണ്ടായാൽ വ്യവസായങ്ങൾ ഫലവത്തായി മുന്നോട്ടു പോകും.

10. ഭക്ഷ്യസംസ്ക്കരണം, കാർഷികോൽപ്പന്ന സംസ്ക്കരണം എന്നിവയിൽ പരിശീലനം നൽകണം. അച്ചാർ, ജാം, സ്ക്വാഷ് തുടങ്ങിയവ വ്യാവസായികാടിസ്ഥാനത്തിൽ നിർമിക്കാൻകഴിയണം. ഇത്തരം സംരംഭങ്ങൾ കോളനികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത് നല്ലതായിരിക്കും.

11. സ്ത്രീകൾ നടത്തുന്ന ലഘുഭക്ഷണശാലകൾ, ഫേൻസിസ്റ്റോറുകൾ തുടങ്ങിയവ പരിഗണനാർഹമായ സാധ്യതകളാണ്. ഇവയുടെ നടത്തിപ്പിന് പ്രത്യേക പരിശീലനമൊന്നും സ്ത്രീകൾക്ക് വേണ്ടിവരില്ല.

12. പഞ്ചായത്ത് തലത്തിൽ നിർബന്ധമായും ആഴ്ച്ചച്ചന്ത സംഘടിപ്പിക്കണം.

13. ചെറുകിട വ്യവസായമേഖലയിൽ സ്ത്രീകൾ പിന്തള്ളപ്പെട്ടിരിക്കുന്നു. നൂതനവും വൈവിധ്യപൂർണവുമായ മേഖലകളിൽ വനിതാവ്യവസായ യൂണിറ്റുകൾ ആരംഭിച്ച് ഈ കുറവ് നികത്തണം.

14. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ആരോഗ്യപരിപാലനരംഗത്ത് സ്ത്രീകൾ വളരെ പിന്നോക്കമാണ്. ശക്തവും നിരന്തരവുമായ ബോധവൽക്കരണം നൽകിയാലേ ഇത് പരിഹരിക്കാനാവൂ. അങ്കണവാടികളിലെയും സ്ക്കൂളുകളിലെയും മാതൃസംഘടനകളെ കേന്ദ്രീകരിച്ച് ആരോഗ്യക്ലാസ്സുകൾ ഇടയ്ക്കിടെ നൽകാൻ കഴിയണം.

15. ഹെൽത്ത് സെൻററുകളിൽ ലേഡി ഡോക്ടറുടെ സേവനം നിർബന്ധമായും ലഭ്യമാക്കണം. ഹെൽത്ത് വർക്കർമാരുടെ സേവനം വീടുകളിൽ ലഭിക്കുന്നവെന്ന് ഉറപ്പുവരുത്തണം.

16. പഞ്ചായത്തിൽ നടക്കുന്ന പ്രസവങ്ങളിൽ ഭൂരിഭാഗവും വിവിധ സ്വകാര്യ ആശുപത്രികളിലാണ് നടക്കുന്നതെന്ന് അങ്കണവാടികളിൽ നിന്ന് ലഭിച്ച കണക്കുകളിൽ കാണുന്നു. (പട്ടിക 3). കിടത്തി ചികിത്സിക്കാനുതകുന്ന ഒരാശുപത്രി പഞ്ചായത്തിലില്ലാത്തത് ഏറ്റവുമധികം ബുദ്ധിമുട്ടിക്കുന്നത് സ്ത്രീകളെയാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. അതിനാൽ പഞ്ചായത്തിലെ ഏക PHC ആയ ആവള ഗവ: റൂറൽ ഡിസ്പെൻസറി അടിസ്ഥാന സൗകര്യങ്ങളെല്ലാമുള്ള ഒരു ആശുപത്രിയായി ഉയർത്തണം.

17. PHCയിൽ ഡോക്ടറുണ്ടെങ്കിലും ഉച്ചയ്ക്ക് 1 മണി വരെ മാത്രമേ ഡോക്ടറുടെ സേവനം ജനങ്ങൾക്ക് ലഭിക്കുന്നുള്ളൂ. വൈകുന്നേരങ്ങളിൽ 4 മണി മുതൽ 6 മണി വരെ ഡോക്ടർ PHCയിലുണ്ടാകാൻ നടപടികൾ വേണം. മാത്രമല്ല, ഇവിടെ ഒരു ലേഡി ഗൈനക്കോളജിസ്റ്റിൻെറ സേവനവും അനിവാര്യമാണ്.

18. സ്ത്രീകളുടെ പോഷകാഹാരക്കുറവ് കാണിക്കുന്ന കണക്കുകൾ പട്ടിക 2-ൽ ചേർത്തിരിക്കുന്നു. അധ്വാനിക്കുന്ന പുരുഷന്മാർ വരുമാനത്തിൻെറ നല്ലൊരു പങ്ക് ഹോട്ടൽ ഭക്ഷണത്തിനും മറ്റു വിനോദങ്ങൾക്കുമായി ചെലവഴിക്കുന്നതുകാരണം വീടുകളിൽ ദാരിദ്ര്യമുണ്ടാകുന്നത് ഇതിന് ഒരു കാരണമാണ്.

19. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കായി അങ്കണവാടികളും മഹിളാസമാജങ്ങളും കേന്ദ്രീകരിച്ച് ഒരു പോഷകാഹാരപദ്ധതിക്കം പഞ്ചായത്ത് രൂപം നൽകണം.

20. പരിസര ശുചിത്വത്തിലും പ്രതിരോധത്തിലും ഊന്നിക്കൊണ്ടുള്ളതും വീടുകളെ ലക്ഷ്യമാക്കിയുള്ളതുമായ രോഗപ്രതിരോധ നിയന്ത്രണപ്രവർകത്തനങ്ങൾ സംഘടിപ്പിക്കണം.

21. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പെൺകുട്ടികൾക്ക് പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്തണം.

22. പഞ്ചായത്തിലെ എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം. സ്ത്രീകളുടെ ആരോഗ്യസംരക്ഷണം, ഇന്ധനലാഭം എന്നീ രണ്ടു ഗുണങ്ങളാണ് ഇതിലൂടെ സ്ത്രീസമൂഹത്തിന് ലഭിക്കുന്നത്.

23. വിറകും സമയവും ലാഭിക്കുന്നതിന് പ്രഷർകുക്കറുകൾ പ്രചരിപ്പിക്കണം. സബ്സിഡിയോടുകൂടി പ്രഷർകുക്കറുകൾ ലഭ്യമാക്കണം.

24. പ്രവൃത്യുൻമുഖ തുടർസാക്ഷരതാ പരിപാടികൾ ആസൂത്രണം ചെയ്യണം. സാക്ഷരതാപ്രവർത്തനം സ്ത്രീകളെ കൂടുതൽ വായനയിലേക്കും വിജ്ഞാനസമ്പാദനത്തിലേക്കും ശുചിത്വബോധത്തിലേക്കും നയിക്കുന്നു.

25. പെൺകുട്ടികൾക്കനുയോജ്യമായ തൊഴിലധിഷ്ഠിത കോഴ്സുകളോ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉണ്ടാവണം.

26. സ്ത്രീകൾക്കു മാത്രമായി പഞ്ചായത്തിൽ വായനശാലകൾ സ്ഥാപിക്കണം. ഇവ സ്ത്രീകൾ തന്നെ നടത്തുന്നവയും സ്ത്രീകൾക്ക് സൗകര്യപ്രദമായ സമയങ്ങളിൽ നടത്തുന്നവയുമായിരിക്കണം. സഞ്ചരിക്കുന്ന വായനശാല, ഹോം ലൈബ്രറി എന്നിവ സജീവമായി പരിഗണിക്കണം. പൈങ്കിളി പ്രസിദ്ധീകരണങ്ങളിൽ നിന്നും സ്ത്രീകളെ രക്ഷിക്കാൻ ഇതേ വഴിയുള്ളൂ.

27. വികസനപ്രവർത്തനങ്ങളേറ്റെടുക്കാൻ പ്രാപ്തരാക്കുംവിധം സ്ത്രീകൾക്ക് നേതൃത്വപരിശീലന പരിപാടികൾ ആസൂത്രണം ചെയ്യണം.

28. അങ്കണവാടികൾ വനിതകളുടെ സാമൂഹിക സാംസ്ക്കാരിക കേന്ദ്രങ്ങളാക്കി മാറ്റണം. സ്ത്രീകൾക്ക് ഒന്നിച്ചിരിക്കാനും അവരുടെ പ്രശ്നങ്ങൾ സ്വതന്ത്രമായി ഒന്നിച്ചിരുന്ന് ചർച്ചചെയ്യാനുമുള്ള പൊതുവേദികളായി അവയെ മാറ്റിയെടുക്കണം.

29. സ്ത്രീകളെ പൊതുരംഗത്തേക്ക് കൊണ്ടുവരുന്നതിൻെറ പ്രാരംഭപ്രവർത്തനമെന്ന നിലയിൽ മഹിളാസമാജങ്ങളും വനിതാ സഹകരണസംഘങ്ങളും പഞ്ചായത്ത് നേതൃത്വത്തിൽ പുനഃസ്സംഘടിപ്പിക്കണം.

30. ആൺപെൺ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണം സ്ക്കൂൾതലങ്ങളിൽ ആരംഭിണം. ഇതിന് ബോധപൂർവമായ ശ്രമങ്ങൾ പഞ്ചായത്തിൻെറ ഭാഗത്തു നിന്നുണ്ടാവണം.

31. മദ്യം, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീപീഡനം, ശീട്ടുകളി എന്നിവയ്ക്കെതിരെ വ്യാപകവും നിരന്തരവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകണം. ഇത്തരം സാമൂഹിക വിപത്തുകൾക്കെതിരെ വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചാൽ പ്രവർതനത്തിന് പഞ്ചായത്തിലെ വനിതകൾ സന്നദ്ധരാണ്.

32. സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പിൽ വരുത്തുകയും സമാന്തരമായി ബോധവൽക്കരണപരിപാടികൾ നടത്തുകയും വേണം.

33. സ്ത്രീധനം വിവാഹധൂർത്ത് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം സ്ത്രീ പുരുഷന്മാർക്ക് മൊത്തത്തിൽ നൽകണം. ഈ സാമൂഹിക വിപത്തുകളെ നിരുത്സാഹപ്പെടുത്താൻ പഞ്ചായത്ത് തലത്തിൽ സമൂഹവിവാഹപദ്ധതിക്കും പഞ്ചായത്ത് ആസൂത്രണം ചെയ്യണം.

34. വനിതകൾക്ക് ആത്മവിശ്വാസമുണ്ടാകുംവിധം ഒരു കായികസംസ്ക്കാരം നമ്മുടെ പഞ്ചായത്തിൽ വളർത്തിക്കൊണ്ടുവരണം. പെൺകുട്ടികൾക്ക് സൈക്കിൾ സവാരിപരിശീലനം വിദ്യാലയങ്ങളോടനുബന്ധിച്ച് നൽകപ്പെടണം. മഹിളാ സമാജങ്ങളുടെയും കലാസമിതികളുടെയും സഹായസഹകരണങ്ങളോടെ കരാട്ടെ, കളരിപ്പയറ്റ് പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം. ഇതൊക്കെ പെൺകുട്ടികൾക്ക് സമൂഹത്തിൽ ആത്മവിശ്വാസത്തോടെ സഞ്ചരിക്കാനും ആരോഗ്യസംരക്ഷണ ശീലങ്ങൾ വളർത്തിയെടുക്കാനും സഹായിക്കും.

35. പഞ്ചായത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായി പഠിപ്പിക്കാൻ സമഗ്രസർവ്വെ നടത്തണം.

36. ആവളയിൽ പ്രവർത്തിക്കുന്ന ഭാവന മഹിളാ സമാജത്തിന് സ്വന്തമായ കെട്ടിടമുണ്ട്. കൂട്ടായ്മയിലൂടെ സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും സ്ത്രീസംരംഭങ്ങൾക്കും ഈ സ്ഥാപനം ഉപയോഗപ്പെടുത്തണം.

പട്ടിക 1

1994ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ തൊഴിൽ നില

| തൊഴിൽ | സ്ത്രീ | പുരുഷൻ |
|---|---|---|
| സർക്കാർ ജോലികൾ ഉൾപ്പെടെ പ്രധാനജോലികളിൽ ഏർപ്പെട്ടവർ | 670 | 3718 |
| കൃഷിക്കാർ | 22 | 519 |
| കർഷകത്തൊഴിലാളികൾ | 194 | 931 |
| മൃഗസംരക്ഷണം, മത്സ്യത്തൊഴിലാളികൾ | 28 | 260 |
| കരിങ്കൽത്തൊഴിലാളികൾ | 8 | 136 |
| ഗൃഹോപകരണനിർമാണം | 225 | 159 |
| കെട്ടിടനിർമ്മാണം | ഇല്ല | 129 |
| വ്യവസായം, വാണിജ്യം | 5 | 540 |
| ഗതാഗതം, സംഭരണം, വാർത്താവിനിമയം | 14 | 252 |
| മറ്റു സേവന മേഖലകൾ | 151 | 571 |
| ഭാഗികമായി തൊഴിലെടുക്കുന്നവർ | 151 | 571 |
| തൊഴിൽ രഹിതർ | 9104 | 5734 |

പട്ടിക 2

1995-96 അങ്കണവാടി കണക്ക്

| പോഷകാഹാര ലഭ്യത സംബന്ധിച്ച് | |
|---|---|
| മിതമായ പോഷകാഹാരക്കുറവുള്ളവർ | 126 |
| ഗുരുതരമായ പോഷകാഹാരക്കുറവുള്ളവർ | 4 |
| ലഘുവായ പോഷാകകാഹാരക്കുറവുള്ളവർ | 491 |

പട്ടിക 3

1995-96ലെ അങ്കണവാടി കണക്കിൽ നിന്ന്

| | |
|---|---|
| ആശുപത്രിയിൽ വെച്ചുനടന്ന പ്രസവങ്ങളുടെ എണ്ണം | 141 |
| വീട്ടിൽ വെച്ചുനടന്ന പ്രസവങ്ങളുടെ എണ്ണം | 1 |

# സഹകരണം

ചെറുവണ്ണൂർ പഞ്ചായത്തിൽ ഒമ്പത് സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്. അതിൽ ചെറുവണ്ണൂർ സർവ്വീസ് സഹകരണബേങ്ക്, മാണിക്കോത്ത് നെയ്ത്ത് സഹകരണ സംഘം, കുട്ടോത്ത് വീവേഴ്സ് ഇൻഡ്രസ്ടിയൽ സൊസൈറ്റി എന്നിവ ഇപ്പോൾ പ്രവൃത്തിക്കുന്നുണ്ട്. ചെറുവണ്ണൂർ സഹകരണ ആശുപത്രി, ആവള ഹരിജൻ വ്യവസായ സഹകരണസംഘം, ചെറുവണ്ണൂർ പഞ്ചായത്ത് വനിതാസഹകരണസംഘം, രണ്ട് നാല് വാർഡുകളിലെ ക്ഷീരസഹകരണസംഘങ്ങൾ, മുയിപ്പോത്ത് കൺസ്യൂമർ കൊ.ഓപ്പ.സ്റ്റോർ എന്നിവ ഇന്നു പ്രവർത്തിക്കുന്നില്ല. ഇവയിൽ പ്രവർത്തനമാരംഭിക്കാത്തതും പ്രവർത്തനം നിലച്ചതുമായ സ്ഥാപനങ്ങൾ ഉണ്ട്.

പഞ്ചായത്തിൽ ആദ്യമായി രൂപീകരിക്കപ്പെട്ട ചെറുവണ്ണൂർ പായ നെയ്ത്ത് സൊസൈറ്റി വർഷങ്ങൾക്ക് മുമ്പ് പ്രവർത്തനം നിലച്ചു പോയെങ്കിലും അതിനു സ്ഥാപക ജംഗമ സ്വത്തുക്കൾ ഉള്ളതായി കാണുന്നു.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ആശാകേന്ദ്രമായ ചെറുവണ്ണൂർ സർവ്വീസ് ബേങ്കിനുള്ള ആവശ്യമായ പുരോഗതി ഉണ്ടായിട്ടില്ല. പല കാലഘട്ടങ്ങളിലും സംഘത്തിൻെറ ഭരണ രംഗത്തുണ്ടായ പ്രതിസന്ധികൾ ബേങ്കിൻെറ വളർച്ചയേയും വിശ്വാസ്യതയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളെ വളർത്തിയെടുക്കാനുള്ള വളക്കൂറുള്ള മണ്ണാണു നമ്മുടെ പഞ്ചായത്ത്. ഒട്ടനവധി സഹകാരികളും സഹകരണ മനോഭാവമുള്ളവരും നമ്മുടെ പഞ്ചായത്തിലുണ്ടു. എന്നാൽ ശക്തമായ രാഷ്ട്രീയ അതിപ്രസരവും കക്ഷി രാഷ്ട്രീയവുമാണു സഹകരണ രംഗത്തെ ബാധിച്ചിരിക്കുന്ന മുഖ്യരോഗം. ഈ അവസ്ഥ മാറ്റിയെടുത്താൽ സഹകരണരംഗത്തെ നമുക്ക് പുഷ്ടിപ്പെടുത്താൻ കഴിയും.

പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന മേൽ സൂചിപ്പിച്ച മൂന്നു സ്ഥാപനങ്ങൾക്കും പ്രവർത്തനരഹിതമായ സഹകരണആശുപത്രിക്കും സ്വന്തമായി കെട്ടിടമുണ്ട്. ആധുനിക യന്ത്രസാമഗ്രികളും സാങ്കേതിക പരിശീലകരേയും ഉപയോഗപ്പെടുത്തി കൈത്തറി സംഘങ്ങളെ പുരോഗമിപ്പിക്കാനും കൂടുതൽ തൊഴിലവസരം ഉണ്ടാക്കാനും കഴിയും.

അസംസ്കൃത വസ്തുക്കളും സാങ്കേതിക പരിജ്ഞാനമുള്ളവരും ആരോഗ്യമുള്ള ജനതയും നമുക്കുള്ളതു കൊണ്ട് ഒരുപാട് തൊഴിലവസരങ്ങൾ സഹകരണരംഗത്ത് കൂടി നമുക്ക് ഉണ്ടാക്കാൻ സാധിക്കും.

## സാദ്ധ്യതകൾ

പഞ്ചായത്തിലെ വിവിധ വാർഡുകളെ സംയോജിപ്പിച്ചു കൊണ്ടു ക്ഷീര സഹകരണ സംഘങ്ങളും പായനെയ്ത്തു സൊസൈറ്റികളും, വസ്ത്രനിർമ്മാണ വിതരണ യൂണിറ്റുകളും, കയർ സഹകരണസംഘങ്ങളും, പൊതു വിതരണ കേന്ദ്രങ്ങളും, ചികരി, ചിരട്ട, നാളികേര ജലം എന്നിവ ഉപയോഗിച്ച വ്യവസായ യൂനിറ്റുകളും സോപ്പ്, തീപ്പെട്ടി, അച്ചാർ, ഫർണീച്ചർ, കാലിത്തീറ്റ, ചക്കര, കരകൗശല വസ്തുക്കൾ എന്നിവയുടെ ഉൽപാദന വിതരണ യൂനിറ്റുകളും, വൈക്കോൽ ജൈവവളം എന്നിവയുടെ സംഭരണ വിതരണ കേന്ദ്രങ്ങളും ആരംഭിക്കാൻ കഴിയും.

കൂടാതെ പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങൾ അടിസ്ഥാനമാക്കി കൊപ്രഡ്രയർ, പച്ചക്കറി വിതരണ കേന്ദ്രം, നാളികേര സംഭരണസംസ്ക്കരണകേന്ദ്രം, നെല്ലുൽപാദകസംഘം, ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കാൻ വളരെയധികം സാദ്ധ്യതകൾ ഉണ്ടെന്നു ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

## പ്രശ്നങ്ങൾ

1. സഹകരണ ബേങ്കുകളിലെ കാർഷിക കടങ്ങളുടെ പലിശയുടെ വർദ്ധനവ്.
2. രാഷ്ട്രീയ അതിപ്രസരവും കക്ഷിരാഷ്ട്രീയ മത്സരങ്ങളും.
3. വേണ്ട സമയത്ത് വായ്പ ലഭിക്കാതിരിക്കൽ.
4. സഹകരണ സ്ഥാപനങ്ങളിൽ നിന്നു നൽകുന്ന വായ്പകളുടെ വിവരങ്ങൾ ജനങ്ങൾ അറിയാതിരിക്കുന്ന അവസ്ഥ.
5. കൈത്തറി മേഖലയിലെ ആധുനിക യന്ത്രവത്ക്കരണത്തിൻെറയും സാങ്കേതിക വിദ്യയുടേയും പോരായ്മ.
6. കാർഷിക വായ്പക്കുള്ള ഭൂമിയുടെ ഉയർന്ന പരിധി.
7. സ്വകാര്യപണമിടപാടുകാരുടെ സമൂഹത്തിലുള്ള കടന്നു കയറ്റം.

8. റിബേറ്റു കുടിശ്ശിഖ ലഭിക്കുന്നതിലുള്ള കാല താമസം.

9. വായ്പകൾ തിരിച്ചടക്കാനുള്ള ഗുണഭോക്താവിൻെറ ശ്രദ്ധയില്ലായ്മയും കഴിവില്ലായ്മയും.

10. നിർദ്ദിഷ്ട ആവശ്യങ്ങൾ അവഗണിച്ചു കൊണ്ടുള്ള ഉപയോഗം.

പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന മേൽ സൂചിപ്പിച്ച മൂന്നു സ്ഥാപനങ്ങളുടെ ഇന്നത്തെ വിവരങ്ങൾ പട്ടിക .......ൽ ചേർക്കുന്നു.

## നിർദ്ദേശങ്ങൾ

### സഹകരണ ബേങ്ക്

കാർഷിക രംഗത്തെ വികസനം ലക്ഷ്യമാക്കി ജനങ്ങളുടെ ആവശ്യം കണ്ടറിഞ്ഞ് സഹകരണബേങ്കിൻെറ പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റം വരുത്തണം.

കടങ്ങൾ തിരിച്ചടക്കാനുള്ള ബോധവൽക്കരണം ജനങ്ങളിൽ ഉണ്ടാക്കുക.

കഴിവും പ്രാപ്തിയുമുള്ള ജീവനക്കാരെ നിയമിക്കുക.

ഷെയർ സംഖ്യയിൽ വർദ്ധനവ് വരുത്തുക (ഇന്നത്തെ 10 ക എന്നത് 25 ക യെങ്കിലും ആക്കുക)

കൊപ്രസംഭരണം ആരംഭിക്കുകയും കാര്യ ക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുക.

### സഹകരണ ആശുപത്രി

സ്പെഷലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ മുഴുവൻ സമയ ഡോക്ടർമാരെ നിയമിക്കുക.

നിശ്ചിത യോഗ്യതയുള്ളവരെ ജീവനക്കാരായി നിയമിക്കുക.

മുഴുവൻ ജനങ്ങളുടെ സഹകരണം ഉറപ്പു വരുത്താൻ എല്ലാ രാഷ്ട്രീയ പ്രാതിനിധ്യവും ഉൾക്കൊള്ളിച്ച ഭരണ സമിതികൾക്ക് സ്ഥിരമായി രൂപം നൽകുക.

സ്ത്രീകളുടേയും കുട്ടികളുടേയും ചികിത്സാ സൗകര്യങ്ങൾ ഉറപ്പു വരുത്താനാവശ്യമായ സംവിധാനങ്ങൾക്ക് രൂപം നൽകുക.

സഹകരണ ആശുപത്രികളുടെ പ്രവർത്തന വിജയത്തിനു വേണ്ടി മറ്റു സഹകരണ സ്ഥാപനങ്ങളിൽ നിന്നു സംഭാവന നൽകാനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ ഉണ്ടാക്കുക.

# ചെറുവണ്ണൂർ സർവ്വീസ് സഹകരണ ബേങ്ക്

## സ്ഥാപനങ്ങളിൽ നിന്നു സ്വീകരിച്ച വായ്പകൾ

| സ്ഥാപനത്തിൻെറ പേര് | സ്വഭാവം | തുക |
|---|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക് | ഗോൾഡ് ലോൺ | 17,00,000 |
| | കേഷ് ക്രഡിറ്റ് | 59,543 |
| | ക്ഷീര വ്യവസായം | 40,440 |
| | കേര വികസനം | 81,052 |
| | കിണർ വികസനം | 35,613 |
| | കാർഷികേതര വായ്പ | 10,5018 |
| | ഭവന നിർമ്മാണം | 55575 |
| | മൈനർ ഇറിഗേഷൻ | 31,9480 |
| | IRDP | 83,011 |

## സംഘം നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| സ്ഥാപനത്തിൻെറ പേര് | സ്വഭാവം | തുക |
|---|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക് | കാർഷിക വായ്പ (ഹ്രസ്വകാലം) | 678741 |
| | കാർഷികേതരം | 166477 |
| | I.R.D.P. | 305789 |
| | ഗോൾഡ് ലോൺ | 1241914 |
| | ഭവനനിർമ്മാണം | 30295 |
| | ഭവനം (കലക്ടർ ഫണ്ട്) | 43500 |
| | പശുവളർത്തൽ | 50055 |
| | വിദ്യാഭ്യാസം | 700 |
| | കിണർ | 14314 |
| | മൈനർ ഇരിഗേഷൻ | 168389 |
| | കക്കൂസ് നിർമ്മാണം | 4740 |
| | പുര ഓടുമേയൽ | 13464 |
| | C.C. | 2013 |
| | N.A.S.T | 13714 |

സ്ഥാപനത്തിൻെറ ഒരു വർഷത്തെ ചിലവ് 181600 സംഘം വളം കീടനാശിനി വില്പനകേന്ദ്രവും ഓണചന്തകളും നടത്തുന്നുണ്ടു.

## കൈത്തറി സഹകരണ സംഘം വിവരങ്ങൾ

| പേര് | മെമ്പർ മാരുടെ എണ്ണം | തൊഴിലാളി കളുടെ എണ്ണം | മൊത്തം വിറ്റുവരവ് | ലാഭം വർഷം |
|---|---|---|---|---|
| മാണിക്കോത്ത് വീവേഴ്സ് കൊ.ഓപ്പ. സൊസൈറ്റി | 404 | 150 | 2402400 | 92/93 Odit Report net los |
| പ്രവർത്തനം ആരംഭിച്ച തിയ്യതി 25.8.77<br>ചെറുവണ്ണൂർ പഞ്ചായത്ത് വീവേഴ് ഇൻട്രസ്ട്രിയൽ സൊസൈറ്റി | 247 | 35 | | |
| ഗവ.ഷെയർ | Rs. 500000 | | | |
| മെമ്പർമാരിൽ നിന്നു | 108500 | | | |
| ആകെ. | 608500 | | | |

# വിഭവസമാഹരണം

ഏതൊരു ആസൂത്രിത സമ്പദ്ക്രമത്തിലും പദ്ധതി പ്രദേശത്തെ വിഭവങ്ങളുടെ ലഭ്യത, സമാഹരണം, ശാസ്ത്രീയമായ വിനിമയം എന്നിവ പ്രധാനപ്പെട്ടഘടകങ്ങളാണ്. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ വിഭവങ്ങളെക്കുറിച്ചുള്ള അടിസ്ഥാന ധാരണകളിൽ കൂടിയേ വിവിധ മേഖലകളിലെ ആസൂത്രണത്തിന്റെ കൈവഴികൾ തുറക്കപ്പെടുകയുള്ളു.

വരുമാനത്തിന്റെ കാര്യത്തിൽ വളരെ പിന്നണിയിൽ നിൽക്കുന്ന പഞ്ചായത്താണ് ചെറുവണ്ണൂർ തൊഴിൽ നികുതി, കെട്ടിട നികുതി എന്നിവയൊഴിച്ചാൽ കാര്യമായ വരുമാനമാർഗ്ഗങ്ങളൊന്നുമില്ല. വിനോദനികുതി ഈടാക്കാൻ കഴിയുന്ന തരത്തിൽ, ഒരു സിനിമാടാക്കീസ് പോലും നമ്മുടെ പഞ്ചായത്തിലല്ല.

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പഞ്ചായത്തുകളെ വിവിധ ഗ്രേഡുകളായി തിരിച്ചിട്ടുണ്ടല്ലോ. എല്ലാ പഞ്ചായത്തുകളിലെയും അംഗങ്ങളുടെ അലവൻസ്, യാത്രാബത്തകൾ, ജീവനക്കാരുടെ ശമ്പളം മറ്റ് ഭരണച്ചിലവുകൾ തുടങ്ങിയവ ഏറെക്കുറെ സമാനമാണ്.

അതുകൊണ്ട് വളരെ പരിമിതമായ വരുമാനമുള്ള നമ്മുടേതുപോലുള്ള പഞ്ചായത്തുകൾക്ക് ഇത്തരം ചെലവുകൾ താങ്ങേണ്ടിവരുന്നതിനാൽ വികസനരംഗങ്ങളിൽ ആവശ്യമായ വിധത്തിൽ പണം ചെലവഴിക്കാൻ കഴിയാതെ വരുന്നു.

പഞ്ചായത്തിലെ വിവിധ വരുമാനമാർഗ്ഗങ്ങൾ ചെലവ് സംബന്ധിച്ച കണക്കുകൾ എന്നിവയ്ക്ക് പട്ടിക, ഒന്ന് പട്ടിക രണ്ട് എന്നിവ കാണുക.

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പഞ്ചായത്തുകളെ വിവിധ ഗ്രേഡുകളായി തിരിച്ചിട്ടുണ്ടല്ലോ.

ഇത്തരം പഞ്ചായത്തുകളെ പ്രത്യേക ഗ്രാന്റുകൾ നൽകി സഹായിക്കാനുള്ള സാദ്ധ്യതകൾ സംസ്ഥാനതലത്തിൽ ആരായേണ്ടതുണ്ട്.

**വിഭവങ്ങൾ:** കാർഷിക വിഭവങ്ങളായ തെങ്ങ്, നെല്ല്, അടയ്ക്കാ, നേന്ത്രവാഴ, കുരുമുളക് കൃഷികൾ മുഖ്യ ഇനങ്ങളാണ്. മുയിപ്പോത്ത് ഭാഗത്തെ ചില വയലുകളിൽ കളിമണ്ണുള്ളതായി പറയപ്പെടുന്നു. വ്യാപകമായ രീതിയിൽ കരിങ്കൽ ക്വാറികൾ ഇല്ല. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും ജലവിഭവത്തിന്റെ കാര്യത്തിൽ സമ്പന്നമാണ്. പഞ്ചായത്തിന്റെ അതിർത്തിയെ തഴുകിയൊഴുകുന്ന കുറ്റ്യാടിപ്പുഴയിൽ അടിഞ്ഞുകൂടുന്ന മണൽ ഒരു പ്രധാനവിഭവമാണ്. ഇപ്പോൾ വ്യാപകമായി ഖനനം ചെയ്യപ്പെടുന്ന ചെങ്കല്ല് എല്ലാ വാർഡുകളിലും കാണപ്പെടുന്നു. ഗണ്യമായ അളവിൻതോട് പുറമ്പോക്ക്, കനാൽപുറമ്പോക്ക്, പുഴപുറമ്പോക്ക് ഭൂമികളുണ്ട്. ഗൾഫ് മലയാളികൾ മുഖേന പഞ്ചായത്തിലേക്ക് എത്തിക്കുന്ന വരുമാനം പ്രത്യുല്പാദനപരമായ രംഗങ്ങളിൽ ചെലവഴിക്കപ്പെടുന്നില്ല. കെട്ടിട നിർമ്മാണ ആർഭാട വസ്തുക്കളുടെ ഉപഭോഗം തുടങ്ങിയ കാര്യങ്ങൾക്കാണ് പ്രധാനമായും. ചെലവഴിക്കപ്പെടുന്നത്. വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനം ലഭിച്ച കുറേപെരെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

പഞ്ചായത്തിലെ മുഖ്യ ധനകാര്യസ്ഥാപനങ്ങൾ ചെറുവണ്ണൂർ സർവ്വീസ് സഹകരണബാങ്ക്, ആവള സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് എന്നിവയാണ്. അമിതമായ പലിശയ്ക്ക് സ്വകാര്യ പണമിടപാട് നടത്തുന്ന ഒട്ടേറെ സ്വകാര്യവ്യക്തികളും പഞ്ചായത്തിൽ ഉണ്ട്.

(സഹകരണ സ്ഥാപനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾക്ക് 'സഹകരണം' റിപ്പോർട്ട് കാണുക)

1977ൽ നിലവിൽ വന്ന ഗ്രാമീൺബേങ്ക് പ്രധാനമായും ചെറുവണ്ണൂർ പഞ്ചായത്തിന്റെ 1,2,3,4,5 വാർഡുകളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ബാങ്കിന്റെ

1996 സെപ്തംബർ 30-ാംതിയതിയിലെ കണക്കുപ്രകാരം 2235 അക്കൗണ്ടുകളിലായി 110 ലക്ഷം രൂപയുടെ വായ്പകൾ നിലനിൽക്കുന്നു. ഇതിൽ 52 ലക്ഷം രൂപയും. കൃഷിസംബന്ധമായ പ്രവർത്തനങ്ങൾക്കായി നമ്മുടെ പഞ്ചായത്തിൽ നൽകിയതാണ്.

ബാക്കിവരുന്ന തുക ചെറുകിടകച്ചവടം, ചെറുകിടവ്യവസായം, കരകൗശലതൊഴിലുകൾ എന്നീ മേഖലകളിൽ വായ്പയാണ്. വായ്പകളിൽ 33%കുടിശ്ശികയാണ്. ബാങ്കിന് 6687 എക്കൗണ്ടുകളിലായി 43 ലക്ഷം രൂപാ നിക്ഷേപമുണ്ട്. ബാങ്കിന്റെ ശാഖനിക്ഷേപം ശരാശരി $1^1/_2$ ലക്ഷമാണെന്നോർക്കുമ്പോൾ ആവള ബ്രാഞ്ച് വളരെ പിന്നിലാണെന്നുകാണാം.

1996 മാർച്ച് 31ലെ കണക്കുപ്രകാരം സൗത്ത് മലബാർല ഗ്രാമീണ ബാങ്കിന് 52 ലക്ഷം രൂപ ലാഭം കാണിക്കുമ്പോൾ ആവള ശാഖയ്ക്ക് 1.94 ലക്ഷം നഷ്ടമാണ്.

ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി നടപ്പാക്കുന്ന IRDP പദ്ധതി പ്രവർത്തനങ്ങളിൽ ബാങ്കിന്റെ പ്രവർത്തനം എടുത്തുപറയാത്തതാണ്.

ഈ ബാങ്ക് ഇപ്പോൾ പ്രവർത്തിക്കുന്നത് സൗകര്യങ്ങൾ വളരെ കുറഞ്ഞ ഒരു കെട്ടിടത്തിലാണ്.

## ഗ്രാമസഭചർച്ചകൾ - നിർദ്ദേശങ്ങൾ.

പൂഴി, കരിങ്കല്ല് ചെങ്കല്ല് എന്നിവ യാതൊരു നിയന്ത്രണവുമില്ലാതെ ഉപയോഗിക്കപ്പെടുന്നു. ഉപഭോക്താക്കൾ വില്പനക്കാർ എന്നിവയിൽ നിന്ന് പ്രത്യേകനികുതി പിരവിനും പഞ്ചായത്തിന് വിഭവസമാഹരണത്തിനും സാദ്ധ്യതയുണ്ട്.

ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക. നിശ്ചിത തുകയിൽ കൂടുതൽ ഉപയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി ചുമത്തുക.

വിവാഹങ്ങളുടെ പേരിൽ ആർഭാടത്തിന് മുതിരുന്നവരിൽ നിന്ന് പ്രത്യേക പിഴ നികുതികൾ ഈടാക്കാവുന്നതാണ്.

അഴുക്കു ചാലുകൾ പൊതുസ്ഥലങ്ങൾ എന്നിവ താറുമാറാക്കുന്നവരിൽ നിന്നും പിഴ ഈടാക്കാനുള്ള വഴികൾ ആരായണം.

വയൽ നികത്തി കെട്ടിടങ്ങളിൽ പണിയുക, പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് കനത്തപിഴ ചുമത്തുക.

## സാദ്ധ്യതകൾ

തോഴിൽ നികുതി ഇനത്തിൽ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്ന് മാത്രമാണ് നികുതിപിരിക്കുന്നത്. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് വ്യക്തമായ വരുമാന നിർണ്ണയത്തിലൂടെ തൊഴിൽനികുതി ഈടാക്കാം.

കച്ചവടക്കാരുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ സ്ലാബ് സമ്പ്രദായത്തിലൂടെ വേർതിരിക്കുകയും നിശ്ചിത സ്ലേബിന് മുകളിലുള്ളവരിൽ നിന്നു വിറ്റുവരവ് നികുതി പിരിക്കുകയും ചെയ്യാം.

സ്വകാര്യ ചികിത്സാസ്ഥാപനങ്ങൾ, സ്വകാര്യപ്രാക്റ്റീസ് നടത്തുന്ന ഡോക്ടർമാർ എന്നിവരെ നികുതിയുടെ പരിധിയിൽ കൊണ്ടുവരണം.

പാരലൽ കോളേജുകൾ, അൺഎയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് നികുതി ഈടാക്കണം.

നിശ്ചിത സംഖ്യയിൽ കൂടുതൽ ചെലവഴിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് കനത്ത നികുതിചുമത്താൻ സംവിധാനമുണ്ടാവണം.

വിവിധ പദ്ധതികൾ പ്രാവർത്തികമായി വരുമ്പോൾ അതത് മേഖലകളിലെ ഗുണഭോക്താക്കളിൽ നിന്ന് പ്രത്യേകനികുതി വസൂൽ ചെയ്യണം.

എല്ലാ ഇരുചക്രവാഹനങ്ങൾക്കും നികുതിചുമത്തണം.

ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവരിൽനിന്ന് കാർഷികാദായത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാൻ പഞ്ചായത്തിന് അധികാരമുണ്ടാക്കണം.

കൃഷിയോഗ്യമായ ഭൂമി തരിശുടുന്ന വ്യക്തികൾക്ക് പിഴ നികുതി ചുമത്താം.

75% SPI. Grand J RY. ഫണ്ട് ആകെ.

## 1.16 ഗ്രാന്റ് വിവരങ്ങൾ

### Reg: ഗ്രാന്റ് രജിസ്റ്ററും സ്പെഷൽ ഗ്രാന്റ് രജിസ്റ്ററും

### അനുബന്ധം C

| VRM രൂ | MI രൂ | VTC രൂ | അടിസ്ഥാനനികുതി | | Spl Grand രൂ | JRY രൂ | അൺ ടൈഡ് രൂ | ആകെ. |
|---|---|---|---|---|---|---|---|---|
| | | | 25% രൂ | 75% രൂ | | | | |
| 21.113 | 1000 | 2.18;850 | 39252 | | Special Employment Scheme-100<br>Grant for tub well 25,000 | 5,97.775 | 361380 | 14,40,671 |
| Esteblishment grant 76,30/- | | | | | | | | |

## 1.17. പഞ്ചായത്ത് രാജ നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

### Reg.Q. അനുബന്ധം.D.

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| മൃഗസംരക്ഷണം | 1.000 | | 1000 |
| ആരോഗ്യം | 38.445 | | 38445 |
| കൃഷി | 3.47.220 | | 347720 |
| P.W.D | 11200 | | 11200 |
| ഹരിജനക്ഷേമം. | 2000 | | 2000 |
| മറ്റുള്ളവ | | | – |
| ആകെ | 3 99.865 | | 399865 |

# ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

## വരവ്

| വർഷം | നികുതിയിനം | വസ്തുകൈമാററ തീരുവ | നികുതിയേതരഇനം | അൺടൈഡ് | ഗ്രാൻറ് | ജെ. ആർ. വൈ. | ആകെ |
|---|---|---|---|---|---|---|---|
| 91–92 | 160939 54 | 139088 00 | 82330 55 | 235000 00 | 144915 00 | 411782 00 | 1174055 09 |
| 92–93 | 156307 68 | 105498 00 | 77028 27 | 248800 00 | 171680 00 | 370240 00 | 1129553 95 |
| 93–94 | 147102 49 | 182734 00 | 192162 71 | 256100 00 | 140892 00 | 689345 00 | 1608336 20 |
| 94–95 | 255934 83 | 149413 00 | 225733 22 | 358721 00 | 273673 00 | | 1263475 05 |
| ,, | | | | | | 458810 00 | 458810 00 |
| 95–96 | 194333 25 | 68337 00 | 439599 35 | 361380 00 | 481516 00 | | 1545165 60 |
| ,, | | | | | | 698240 00 | 698240 00 |

## ചിലവ്

| വർഷം | ഭരണ ചിലവ് | പൊതുമരാമത്ത് | 11 ഇനം | അൺടൈഡ് | ജെ. ആർ. വൈ. | ശുദ്ധജലവിതരണം | മററു ചിലവുകൾ | ആകെ |
|---|---|---|---|---|---|---|---|---|
| 91–92 | 248030 10 | 29207 00 | 35264 80 | | 415094 30 | | 174115 35 | 901711 55 |
| 92–93 | 273138 05 | 14852 00 | | 180035 00 | 370190 00 | 26639 00 | 201485 60 | 1066339 65 |
| 93–94 | 278697 45 | 22384 00 | | 216634 10 | 689305 00 | | 181343 05 | 1388363 60 |
| 94–95 | 328178 85 | 95642 00 | | 227530 65 | | 53750 00 | 374963 95 | 1080065 45 |
| 95–96 | 409856 00 | 245162 00 | | 402082 60 | | 93408 00 | 434581 70 | 1585090 30 |



അധികാരം ജനങ്ങളിലേക്ക്

# തയ്യാറാക്കിയവർ

കൃഷി-ജലസേചനം
എൻ. നാരായണൻ മാസ്റ്റർ
എൻ. വിജയൻ മാസ്റ്റർ
വി. ഗോപാലൻ
എം. കുഞ്ഞിരാമൻ മാസ്റ്റർ
കെ. നാരായണക്കുറുപ്പ്
വി. പി. വേണു

മൃഗസംരക്ഷണ-മത്സ്യബന്ധനം
കെ. ഗംഗാധരൻ
വി. സുരേന്ദ്രൻ
പി. സി കുഞ്ഞബ്ദുള്ള
കെ അപ്പുക്കുട്ടിമാസ്റ്റർ
ബി. എം. മൂസ്സ

വ്യവസായം
എ. കെ. ചന്ദ്രൻ മാസ്റ്റർ
ഇ. സി. ഷാജി
കെ .കെ. വത്സൻ
എൻ. പി. വിജയൻ
ആർ. പ്രദീപ്കുമാർ

ഊർജ്ജം-ഗതാഗതം-മാർക്കറ്റ്
വി. കെ. അമ്മത് മാസ്റ്റർ
മണ്ടോടി രാജൻ മാസ്റ്റർ
പി. കുഞ്ഞിക്കേളപ്പൻ
ടി. ശശി
എൻ. കെ. ലത്തീഫ്

പാർപ്പിടം- സാമൂഹ്യക്ഷേമം
കെ. കെ ഹമീദ്
തങ്കം എം.
പി. കെ. മൊയ്തീൻ
എൻ. രാഘവൻ

കുടിവെള്ളം - പൊതുജനാരോഗ്യം
പി. സി. ബാലകൃഷ്ണൻ മാസ്റ്റർ
കരീം കൊച്ചേരി
രവീന്ദ്രൻ - കെ. കെ.
ടി. കെ. അശോകൻ

വിദ്യാഭ്യാസം-സംസ്കാരം
വി. കെ. പ്രഭാകരൻ മാസ്റ്റർ
പി. കെ. എം. ബാലകൃഷ്ണൻ
വിനോദൻ കെ. വി എടക്കയിൽ
എം. വി. മൊയതീൻ മാസ്റ്റർ
പ്രദീപ്കുമാർ

പട്ടികജാതി -പട്ടികവർഗ്ഗം
കെ. വി. ശശി
എൻ. എം. ഗോപാലൻ
അശോകൻ കെ.
കെ. പി. കുഞ്ഞികൃഷ്ണൻ

വനിതാക്ഷേമം
സി. ടി. പ്രഭാകരക്കുറുപ്പ്
പി. എം. ഗീതടീച്ചർ
ആർ. ഉഷ
പി. സി. സുഹറ

സഹകരണം
സി. നാരായണക്കുറുപ്പ്
രാജേഷ് കെ.
പി. കെ. പത്മനാഭൻ
വി. കുഞ്ഞിക്കേളപ്പൻ
ടി. ലത്തീഫ്

വിഭവസമാഹരണം
നാറോത്ത് നാരായണൻ മാസ്റ്റർ
വി. ചെക്കോട്ടി
ഒ. പി.ലീല
വി. ദാമോദരൻ

എം. കഞ്ഞമ്മദ് - പി. കെ. ബാലകൃഷ്ണൻ - ടി കെ. ബാബു

**Gd's**

# മമതാ ജ്വല്ലേഴ്സ്

## ന്യൂ കോർട്ട് റോഡ്, പേരാമ്പ്ര

☎ 373 Resi :512

ക്രയവിക്രയ രംഗത്ത്
കമ്മീഷൻ ഏജൻറുമാരോ ഇടനിലക്കാരോ ഇല്ല
എന്നത് ഞങ്ങളുടെ ഉപഭോക്താക്കളെ
ഗുണഭോക്താക്കളാക്കിമാറ്റുന്നു.

നിങ്ങളുടെ ഹിതവും പ്രിയവുമൊത്ത്
മുമ്പേ പറക്കുന്ന പക്ഷി

നൊച്ചാട് ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

# വികസനരേഖ



123

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി


നൊച്ചാട് ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ

1996 നവംബർ 12

നൊച്ചാട് സെക്കണ്ടറി സ്കൂൾ


# വികസന രേഖ


CHERUVANNUR PANCHAYAT
ERAVATTOOR
PAMPIRIKUNNU
To Perambra
KIZHINHANNIAM
PERAMBRA PANCHAYAT
MENHANNIAM
To Perambra
MEPPAYYUR PANCHAYAT
VALLIVAKODE
KALPATHUR
KAITHAKKAL
PUTTAD
MARUTHERI
CHENOLI
KALPATHUR
RAMALLUR
MULIVANGAL
CHERUVALUR
VALUR
To Meladi
KARAYAD
NOCHAD
CHALIKKARA
KAYANNA
ARIKKULAM PANCHAYAT
VELLIYUR
VELLIYUR
NARAYAMKULAM
EKKATTUR
KAVIL
KARUVANNUR
KOTTOOR PANCHAYAT
NADUVANNUR PANCHAYAT
to Ulliyeri

# ഭരണസമിതി



ശ്രീമതി: എം.കെ. നളിനി
പ്രസിഡണ്ട്



അഡ്വ: കെ.കെ. രാജൻ
വൈസ് പ്രസിഡണ്ട്:



ശ്രീ: വി.എം. കണാരൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

## അംഗങ്ങൾ

ശാന്ത കെ.
ഉഷ ടി.സി.
കേളപ്പൻ കെ.കെ.
അരുമ യു.കെ.
അമ്മത് എം.കെ.
ബിയ്യ എം.
അസൈനാർ എസ്.കെ

# നൊച്ചാട് ഗ്രാമപഞ്ചായത്തിൻെറ അഡ്മിനിസ്ട്രേറ്റീവ് മാപ്പിൽ നമ്പർ പ്രകാരമുള്ള സ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്ത് ഓഫീസ്
2. വില്ലേജ് ഓഫീസ്
3. കൃഷിഭവൻ
4. ഗവ: ആയുർവേദ ആശുപത്രി
5. പഞ്ചായത്ത് സാംസ്കാരിക നിലയം
6. ഫാമിലി പ്ലാനിംഗ് സെൻറർ
7. ഹെൽത്ത് സബ് സെൻററുകൾ
8. കല്പത്തൂർ സർവീസ് സഹകരണബാങ്ക്
9. സൗത്ത് മലബാർ ഗ്രാമീൺബാങ്ക്
10. ഖാദി നൂൽന്നൂൽപുകേന്ദ്രം
11. എക്സൈസ് സർകിൾ ഇൻസ്പെക്ടർ ഓഫീസ്
12. പോസ്റ്റ് ഓഫീസുകൾ
13. നൊച്ചാട് സെക്കണ്ടറി സ്കൂൾ
14. യു.പി. സ്കൂളുകൾ
15. എൽ.പി. സ്കൂളുകൾ

1. ആമുഖം 9

2. കൃഷിയും ജലസേചനവും 17

3. മൃഗസംരക്ഷണം–മത്സ്യബന്ധനം 28

4. വ്യവസായം 35

5. വിദ്യാഭ്യാസം 45

6. സംസ്കാരം 53

7. കുടിവെള്ളം–പൊതുജനാരോഗ്യം 58

8. വിഭവ സമാഹരണം 66

9 വനിതാക്ഷേമം 71

10. പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം 77

11. സാമൂഹിക ക്ഷേമം 84

12. ഗതാഗതം–ഊർജ്ജം 93

13. സഹകരണം 97

14. ഉപസംഹാരം 100

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | നൊച്ചാട് ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | നൊച്ചാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാമ്പ്ര |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കൊയിലാണ്ടി |
| അസംബ്ലി മണ്ഡലം | : | പേരാമ്പ്ര |
| വിസ്തീർണ്ണം | : | 23.64 ച.കി.മി.<br>(5841.36 ഏക്ര) |
| അതിരുകൾ | : | വടക്ക്- പേരാമ്പ്ര, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുകൾ<br>കിഴക്ക്- പേരാമ്പ്ര, കായണ്ണ, കോട്ടൂർ ഗ്രാമപഞ്ചായത്തുകൾപടിഞ്ഞാറ്- മേപ്പയ്യൂർ, അരിക്കുളം ഗ്രാമപഞ്ചായത്തുകൾതെക്ക്- കോട്ടൂർ, നടുവണ്ണൂർ ഗ്രാമപഞ്ചായത്തുകൾ |
| ജനസംഖ്യ | : | 23231(1991 സെൻസസ്) |
| പുരുഷന്മാർ | : | 11593 |
| സ്ത്രീകൾ | : | 11638 |
| ജനസാന്ദ്രത | : | 983 |
| സാക്ഷരർ | : | 18677 |
| പുരുഷന്മാർ | : | 9762 |
| സ്ത്രീകൾ | : | 8915 |
| വാർഡുകൾ | : | 10 |
| തൊഴിലില്ലാത്തവർ | : | 16895 |
| പുരുഷന്മാർ | : | 6628 |
| സ്ത്രീകൾ | : | 10267 |
| പട്ടികജാതി | : | 2013 |
| പുരുഷന്മാർ | : | 1010 |
| സ്ത്രീകൾ | : | 1003 |
| പട്ടികവർഗം | : | 26 |
| പുരുഷന്മാർ | : | 12 |
| സ്ത്രീകൾ | : | 14 |
| കൃഷിക്കാർ | : | 460 |
| പുരുഷന്മാർ | : | 407 |
| സ്ത്രീകൾ | : | 53 |
| കർഷകതൊഴിലാളികൾ | : | 1000 |
| പുരുഷന്മാർ | : | 696 |
| സ്ത്രീകൾ | : | 304 |
| പഞ്ചായത്തിൻെറ തനതുവരുമാനം | : | 263862(31-03-'96) |

# 1

## ആമുഖം

കേരളത്തിൽ ഒമ്പതാം പഞ്ചവത്സര പദ്ധതി നടപ്പിൽ വരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ പങ്കാളിത്തം നൽകികൊണ്ടാണ്. പദ്ധതി വിഹിതത്തിൻെറ ജനാധിപത്യപരമായ വിനിയോഗം സാധ്യമാക്കുന്നതിന് "ജനകീയ ആസൂത്രണം '96" എന്ന പേരിൽ വിപുലമായ സംവിധാനമാണ് സംസ്ഥാന ആസൂത്രണ ബോർഡിനുകീഴിൽ രൂപപ്പെട്ടിട്ടുള്ളത്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി സേവനമേഖലയിൽ കേരളം ബഹുദൂരം മുന്നേറുക മാത്രമല്ല പല വികസിത രാജ്യങ്ങളോടും സമശീർഷത കൈവരിക്കുക തന്നെ ചെയ്തിരിക്കുന്നു. എന്നാൽ കാർഷിക വ്യാവസായിക മേഖലകളിൽ നില പരിതാപകരമാണ്. ഈ പിന്നോക്കാവസ്ഥ പരിഹരിക്കുകയും അതിന് പ്രാദേശിക തലങ്ങളിൽ തന്നെ നേതൃത്വം നൽകാൻ തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി അവയ്ക്കു വിപുലമായ അധികാരം പ്രദാനം ചെയ്യുകയുമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഉള്ളടക്കം.

പ്രസ്ഥാനത്തിൻെറ ഒന്നാംഘട്ട ത്രിദിന ജില്ലാ പരിശീലനത്തിൽ 10 റിസോഴ്സ്പേഴ്സൺമാരാണ് നമ്മുടെ പഞ്ചായത്തിൽ നിന്നും പങ്കെടുത്തിട്ടുള്ളത്. തുടർന്നുനടന്ന ഏകദിന പഞ്ചായത്ത് തല പരിശീലനത്തിൽ പഞ്ചായത്തംഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിങ്ങനെ 83 പേർ പങ്കെടുത്തു. ജനകീയ ആസൂത്രണ പരിപാടിയുടെ പ്രഥമവും പ്രധാനവുമായ ഭാഗം ഗ്രാമസഭകളാണ്. വാർഡുതോറും വിപുലമായ തോതിൽ ജനങ്ങൾ സമ്മേളിക്കുകയും അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അവതരിപ്പിക്കുകയുമായിരുന്നു. നമ്മുടെ പഞ്ചായത്തിൽ 14-09-'96 മുതൽ 02-10-'96 വരെയുള്ള തിയ്യതികളിലായി 10 വാർഡുകളിലും നടന്ന ഗ്രാമസഭകളിൽ ആകെ 3187 പേർ പങ്കെടുത്തു. അവരിൽ 1046 പേർ സ്ത്രീകളായിരുന്നു. ആകെയുള്ള 16844 വോട്ടർമാരിൽ 18.92 ശതമാനത്തിൻേറതായിരുന്നു പങ്കാളിത്തം. വാർഡുതോറും ഉള്ള പങ്കാളിത്തം പട്ടിക 1-ൽ ചേർക്കുന്നു

പട്ടിക-1

| വാർഡ് | തിയ്യതി | മൊത്തം വോട്ടർമാർ | പങ്കെടുത്ത ആകെ വോട്ടർമാർ | സ്ത്രീ | പുരു | പങ്കാളിത്തം ശതമാനത്തിൽ |
|---|---|---|---|---|---|---|
| 1 | 14-09-96 | 1978 | 226 | 65 | 161 | 11.42 |
| 2 | 22-09-96 | 1632 | 303 | 95 | 208 | 18.56 |
| 3 | 22-09-96 | 1815 | 433 | 93 | 340 | 23.85 |
| 4 | 15-09-96 | 2648 | 356 | 92 | 264 | 13.44 |
| 5 | 14-09-96 | 1800 | 218 | 83 | 135 | 12.11 |
| 6 | 21-09-96 | 1366 | 299 | 86 | 213 | 21.58 |
| 7 | 15-09-96 | 1119 | 210 | 79 | 131 | 18.76 |
| 8 | 21-09-96 | 1206 | 266 | 114 | 152 | 22.25 |
| 9 | 02-10-96 | 1833 | 499 | 223 | 276 | 27.22 |
| 10 | 29-09-96 | 1447 | 377 | 126 | 251 | 26.5 |
| | | 16844 | 3187 | 1056 | 2131 | 18.92 |

കേരളത്തിൻെറ വികേന്ദ്രീകൃതാസൂത്രണമാതൃക പഠിക്കാൻ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധിസംഘങ്ങൾ കേരളത്തിലെത്തുകയുണ്ടായി. മധ്യപ്രദേശത്തുനിന്നും ഡോ: യാസീംഖാൻെറ നേതൃത്വത്തിലുള്ള സംഘം 9-ാം വാർഡ് ഗ്രാമസഭ സന്ദർശിക്കുകയും സഭയെ അഭിവാദ്യം ചെയ്യുകയുമുണ്ടായി. ജനകീയ ആസൂത്രണ പ്രക്രിയയുടെ രണ്ടാം ഘട്ടത്തിലും വിവിധതലങ്ങളിൽ പരിശീലനം നടക്കുകയുണ്ടായി. ആസൂത്രണ പരിപാടിയുടെ ഭാഗമായി പരിശീലകർ വിവിധ സർക്കാർ ആപ്പീസുകളും സ്ഥാപനങ്ങളും സന്ദർശിച്ചു സ്ഥിതി വിവരങ്ങൾ ശേഖരിച്ചു. അതോടൊപ്പം പഞ്ചായത്തിലെ ഭൂപ്രകൃതി/ജൈവപ്രകൃതി എന്നിവ പഠിക്കാൻ ഒരു പഠനപര്യടനം(Transect Walk) പരിപാടി രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ചു. ഗ്രാമസഭാചർച്ചകൾ സ്ഥിതിവിവരണങ്ങളുടെയും പഠനപര്യടനാനുഭവങ്ങളുടെയും സഹായത്തോടെ ക്രോഡീകരിച്ചാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | നൊച്ചാട് |
| ഉൾക്കൊള്ളുന്ന റവന്യൂവില്ലേജ് | : | നൊച്ചാട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | നൊച്ചാട്(പൂർണ്ണം), പേരാമ്പ്ര(ഭാഗികം) |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാമ്പ്ര |
| താലൂക്ക് | : | കൊയിലാണ്ടി |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : | പേരാമ്പ്ര |
| വിസ്തീർണ്ണം | : | 23.64 ച.കി.മീ(5841.36 ഏക്ര) |
| വാർഡുകൾ | : | 10 |
| പ്രസിഡണ്ട് ശ്രീമതി | : | എം.കെ. നളിനി |
| വൈ:പ്രസിഡണ്ട്: | : | ശ്രീ. കെ.കെ. രാജൻ |

മദ്രാസ് സർക്കാറിൻെറ ഉത്തരവ് അനുസരിച്ച് 1955 നവമ്പർ മാസം നൊച്ചാട് എ.എൽ.പി. സ്കൂളിൽ വെച്ച് വിളിച്ചുചേർക്കപ്പെട്ട ഒരു ആലോചനായോഗത്തിൽ വെച്ചാണ് നൊച്ചാട് പഞ്ചായത്തിനെക്കുറിച്ചുള്ള ആശയം രൂപപ്പെടുന്നത്. കക്ഷിരാഷ്ട്രീയത്തിൻെറ അടിസ്ഥാനത്തിലുള്ള മത്സരം ഒഴിവാക്കിക്കൊണ്ടാണ് പഞ്ചായത്തി

ന്റെ പ്രഥമ ഭരണസമിതി നിലവിൽ വന്നത്. സർവാംഗീണമായ കക്ഷിബലാബലത്തിന്റെ അടിസ്ഥാനത്തിൽ കമ്യൂണിസ്റ്റ് പാർട്ടിക്ക് 5 ഉം കോൺഗ്രസ്സിന് 2 ഉം പി.എസ്.പി.ക്ക് 1ഉം സീറ്റുകളായി വിഭജിച്ചെടുക്കുകയായിരുന്നു. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടതു ശ്രീ. പി. ഗോവിന്ദൻ അടിയോടിയാണ്. വൈ. പ്രസിഡണ്ട് ശ്രീ. ഇ.കെ. കുഞ്ഞിക്കണ്ണനും, സർവ്വശ്രീ: സി.കെ. രാഘവൻനായർ, എം. അബ്ദുള്ള, ഇ.എം. കുഞ്ഞിക്കണാരൻ, ആർ.എം. കൊറുമ്പൻ, പി.സി. അബ്ദുള്ള, എം.കെ. കുഞ്ഞിശങ്കരൻ നമ്പ്യാർ എന്നിവരായിരുന്നു മറ്റംഗങ്ങൾ. ഇവരിൽ സി.കെ. രാഘവൻനായർ, ആർ.എം. കൊറുമ്പൻ എന്നിവർ ജീവിച്ചിരിപ്പില്ല.

1955-ൽ തന്നെ ഭരണസമിതി നിലവിൽ വന്നെങ്കിലും 1956 ജനുവരി 1 മുതലാണ് പഞ്ചായത്തിന് അധികാരം നിർവ്വഹിക്കാനായത്. അന്നത്തെ പഞ്ചായത്ത് സംവിധാനത്തിൽ പ്രസിഡണ്ടായിരുന്നു കാര്യനിർവ്വഹണ അധികാരി. പഞ്ചായത്ത് ആസ്ഥാനം പ്രസിഡണ്ടിന്റെ വീട്ടിലും അതിൽ പിന്നെ ചാലിക്കരയിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്. വെള്ളിയൂർ, നൊച്ചാട് ദേശങ്ങളായിരുന്നു പഞ്ചായത്തിന്റെ പ്രവർത്തനപരിധി. മലബാർ ഡിസ്ട്രിക്ട്ബോർഡിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു. കല്പത്തൂർ, വാല്യക്കോട്, രാമല്ലൂർ, ചെറുവാളൂർ, വാളൂർ ദേശങ്ങൾ 1962 ജനുവരി 1ന് പഞ്ചായത്തിനോട് കൂട്ടിച്ചേർക്കുകയായിരുന്നു. ഇതോടെ പഞ്ചായത്ത് സ്പെഷൽ ഓഫീസർ ഭരണത്തിൻ കീഴിലായി. 1963ൽ ആണ് വിപുലീകരിക്കപ്പെട്ട പഞ്ചായത്തിലേക്ക് തിരഞ്ഞെടുപ്പ് നടന്നത്. അതിൽപ്പിന്നെ 1977ലും, 1988ലും, 1995ലുമാണ് തിരഞ്ഞെടുപ്പുകൾ നടന്നത്. 1965 മുതൽ പഞ്ചായത്ത് ആസ്ഥാനം മുളിയങ്ങലാണ് പ്രവർത്തിച്ച് വരുന്നത്. സർവ്വശ്രീ കെ.പി. കുഞ്ഞനന്തൻനായർ, കെ.കെ. കണാരൻ, വി.പി.കെ. അടിയോടി, പി.എം. ചോയി, വി.എം. കണാരൻ എന്നിവർ പഞ്ചായത്തിന്റെ പ്രസിഡണ്ട് പദം അലങ്കരിച്ചിട്ടുണ്ട്. ഇവരിൽ കെ.കെ. കണാരൻ, വി.പി.കെ. അടിയോടി എന്നിവർ ജീവിച്ചിരിപ്പില്ല.

പഞ്ചായത്ത് ഓഫീസിനുപുറമെ വില്ലേജ് ഓഫീസ്, നൊച്ചാട് കൃഷിഭവൻ, നൊച്ചാട്, ചേനോളി, കൽപത്തൂർ തപാലാപ്പീസുകൾ എന്നിവയും സർക്കിൾ എക്സൈസ് ഓഫീസ്സും പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിച്ചുവരുന്നു. ബാങ്ക് മേഖലയിൽ 2 സ്ഥാപനങ്ങൾ(കല്പത്തൂർ സർവ്വീസ് സഹകരണബേങ്ക്, സൗത്ത് മലബാർ ഗ്രാമീണബാങ്ക് ചാലിക്കര ശാഖ) പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആയുർവേദ ഉപകേന്ദ്രം, ഒരു ആയുർവേദ ആശുപത്രി, വെറ്റിനറി ക്ലിനിക് എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ ആണ്. വിദ്യാഭ്യാസ മേഖലയിൽ ഒരു ഹൈസ്കൂളും, 4 യു.പി. സ്കൂളുകളും, 9 എൽ.പി. സ്കൂളുകളും പഞ്ചായത്തിൽ ഉണ്ട്. വ്യവസായ മേഖലയിൽ പൊതുമേഖലകൾ ഒന്നും(ചാലിക്കര ഖാദി നൂൽ-നൂൽപ്പ് നെയ്ത്ത് കേന്ദ്രം) സ്വകാര്യമേഖലയിൽ ഒന്നും (വാളൂർ ശിവാനന്ദ ആയുർവ്വേദമരുന്നുൽപ്പാദന കേന്ദ്രം) സ്ഥാപനങ്ങളാണുള്ളത്.

## പഞ്ചായത്തിന്റെ അതിരുകൾ

വടക്ക്-പേരാമ്പ്ര, ചെറുവണ്ണൂർ പഞ്ചായത്തുകൾ, തെക്ക്-കോട്ടൂർ നടുവണ്ണൂർ പഞ്ചായത്തുകൾ, കിഴക്ക്-പേരാമ്പ്ര, കായണ്ണ, കോട്ടൂർ പഞ്ചായത്തുകൾ, പടിഞ്ഞാറ്-മേപ്പയ്യൂർ, അരിക്കുളം പഞ്ചായത്തുകൾ.

## കാലപശ്ചാത്തലം

പഴയ കുറുമ്പ്രനാടു നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നു പഞ്ചായത്തുൾകൊള്ളുന്ന പ്രദേശം. സാംസ്കാരികമേഖലയിൽ നമ്മുടെ പ്രദേശത്തിന്റെ പഴയൊരുനില വ്യക്തമാക്കുന്ന ചില തെളിവുകളെങ്കിലും കിട്ടിയിട്ടുണ്ട്. കേരളത്തിലെ പ്രാചീന ജൈനക്ഷേത്രങ്ങളിലൊന്നു നമ്മുടെ പഞ്ചായത്തിലാണുള്ളതെന്നു ഡോ: ജോൺ ഓച്ചന്തുരുത്തിന്റെ ഗവേഷണപ്രബന്ധം പറയുന്നു.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളമാകമാനവും മലബാറിൽ വിശേഷിച്ചും അലയടിച്ച നവോത്ഥാന മുന്നേറ്റം നമ്മുടെ പ്രദേശത്തെതീർച്ചയായും സ്വാധീനിച്ചിരിക്കണം. ഹിന്ദു മുസ്ലിം മതവിഭാഗങ്ങളിൽപ്പെട്ടവർ വളരെ സഹവർത്തിത്വത്തോടെ ജീവിച്ചുവരുന്ന ഒരു പ്രദേശമാണിത്. 1920നു മുമ്പുതന്നെ ഏറനാടുഭാഗത്ത് നിന്നും ഇവിടെക്ക് ധാരാളം മുസ്ലീം കുടുംബങ്ങൾ എത്തിച്ചേരുകയും ഇവിടെ താമസമാക്കുകയുമുണ്ടായി. തെക്കൻമുസ്ല്യാർ എന്ന പേരിൽ അറിയപ്പെട്ട അബ്ദുറഹിമാൻ മുസ്ല്യാർ അവരിൽപെടുന്നു, പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള പള്ളി ചേനോളിയിലേതാണ്. പഴക്കം നൂറുകൊല്ലത്തിലേറെവരും- പ്രസിദ്ധമായ കല്പത്തൂ

രിടം ക്ഷേത്രത്തിൽ മുസ്ലിംകൾക്കായി ഒരു സ്ഥാനത്തറ തന്നെ നിലവിലുണ്ട്. പരമ്പരാഗതമായി കല്പത്തൂരിലുള്ള കമ്പയിൽ കുടുംബക്കാരാണ് ഈ 'തറ'യിലെ സ്ഥാനം അലങ്കരിച്ചുവരുന്നത്. കാർത്ത്യാട്ട് കുടുംബക്കാരുടെ ഊരായ്മയിലുള്ള കരിങ്ങാറ്റി ക്ഷേത്രത്തിലെ ശാന്തിപൂജാദി കർമ്മങ്ങൾ നടത്തിവരുന്നത് ഹരിജനങ്ങളാണ് എന്നതും കുറേക്കാലം മുമ്പുതന്നെ നാം നേടിയെടുത്ത സാംസ്കാരിക മേന്മയെ വിളിച്ചോതുന്നു. ഹിന്ദു മുസ്ലിം സൗഹാർദ്ദ പ്രതീകം തന്നെയായിരുന്നു. വാളൂപ്പൊയിൽ മുത്തപ്പൻ ക്ഷേത്രത്തിന്റെ ഉത്സവപരിപാടികൾ. ജാതി ജന്മി നാടുവാഴിത്തത്തിന്റെ സാംസ്കാരിക രൂപങ്ങളായ അയിത്തവും തൊട്ടുകൂടായ്മയും നമ്മുടെ പ്രദേശത്തും കൊടികുത്തിവാണിരുന്നു. എന്നാൽ ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം സാമൂഹ്യപ്രസ്ഥാനങ്ങളുടെ മുന്നേറ്റം എന്നിവയിലൂടെ ഭൂതകാലത്തിന്റെ ഇരുട്ടിനെ നാടുമുറിച്ചുകടക്കുകയായിരുന്നു. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം ചെറുവാളൂരിൽ (ഇന്നത്തെ ചാലിക്കരയിൽ) പ്രവർത്തിച്ചിരുന്ന എഴുത്തുപള്ളിയായിരുന്നു. നൊച്ചാട്, എരഞ്ഞികുനി, വാളൂർ, വാല്യക്കോട്, ചേനോളി, കേളോത്ത് എന്നിവിടങ്ങളിലും എഴുത്തുപള്ളികൾ(പഴയ പ്രാഥമിക വിദ്യാലയങ്ങൾ) പ്രവർത്തിച്ചിരുന്നു. തുടർന്ന് വാല്യക്കോട്, കല്പത്തൂർ, ചെറുവാളൂർ, വെള്ളിയൂർ, നൊച്ചാട് തുടങ്ങിയ സ്ഥലങ്ങളിൽ സ്കൂളുകൾ തന്നെയാരംഭിച്ചു. ഈ സ്കൂളുകളിൽ ഉൽപതിഷ്ണുക്കളുടെ പ്രവർത്തനഫലമായി ഹരിജനാദി പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ചിലരൊക്കെ പഠിക്കാൻ പോയിരുന്നെങ്കിലും പലേടത്തും ക്ലാസ്സുമുറികളിൽ അവർ പ്രത്യേകസ്ഥാനങ്ങളിലായിരുന്നു ഇരിക്കാറുണ്ടായിരുന്നത്. ചിലർക്കെങ്കിലും പഠിക്കാൻ പോയതിന് തല്ലുകൊള്ളേണ്ടിവന്നിട്ടുണ്ട്. ഹരിജനങ്ങൾക്ക് കുളങ്ങളിൽ കുളിക്കാനുള്ള അവകാശം നേടിയെടുക്കാൻ ഇ.കെ. കുഞ്ഞിക്കണ്ണൻ, ഇ.എം. കുഞ്ഞിക്കണാരൻ, ചോയ്യൻ, അരുമ, ചെക്കിണിക്കുറുപ്പ്, രാമറുകുട്ടികുറുപ്പ് എന്നിവരുടെ നേതൃത്വത്തിൽ സമരം നടക്കുകയുണ്ടായി. നെച്ചാടുഭാഗത്താണ് സമരം നടന്നത്.

1930-കളിൽ തന്നെ ശ്രീ. കെ. കേളപ്പൻ (കേളപ്പജി) നമ്മുടെ പ്രദേശത്ത് വരികയും കോൺഗ്രസ്സുകമ്മിറ്റിക്കുരൂപം നൽകുകയുമുണ്ടായി. ചരിത്ര പ്രസിദ്ധമായ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത പ്രമുഖരായിരുന്നു പരേതരായ ശ്രീ. കെ.ടി. അപ്പനായർ, ശ്രീ. കെ.ടി. കുഞ്ഞിരാമൻ നായർ, ശ്രീ. കെ.ടി. രാമുണ്ണിനായർ, ശ്രീ. ചാലിക്കര അസയിനാർ എന്നിവർ. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ തന്നെ ഭാഗമായി അയിത്തോച്ചാടന പ്രവർത്തനങ്ങൾ, കർഷക പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ, കലാ-സാംസ്കാരികപ്രവർത്തനങ്ങൾ എന്നിവയും നമ്മുടെ പഞ്ചായത്തിൽ നടക്കുകയുണ്ടായി. പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിയായ ശ്രീ. കെ.ടി. അപ്പനായർ മുൻകയ്യെടുത്തു കല്പത്തൂരിൽ സ്ഥാപിച്ച വായനസാല 1942-ലെ ക്വിറ്റ് ഇന്ത്യാ സമരകാലത്ത് എം.എസ്.പി.ക്കാർ വന്നുതകർക്കുകയും പുസ്തകങ്ങൾ ചുട്ടുകരിക്കുകയും ചെയ്തു. ഈ വായനശാലയിൽ നിന്നാണ് കല്പത്തൂർ വായനശാല'ക്ക് ആ പേർ സിദ്ധിച്ചത്. സ്വാതന്ത്ര്യസമരത്തിന്റെയും കർഷകപോരാട്ടത്തിന്റെയും കാലത്ത് യശശ്ശരീരനായ എ. കേളപ്പന്റെ നേതൃത്വത്തിൽ പത്രപാരായണ ക്ലബ്ബായി തുടങ്ങിയ സ്ഥാപനമാണ് 1947 ആഗസ്റ്റ് 15ന് ചാലിക്കര സ്വതന്ത്രവായനശാലയായി രൂപപ്പെട്ടത്- ആലത്തൂർ ശിവാനന്ദയോഗിയിൽ നിന്നും ആനന്ദമതാദർശങ്ങൾ പഠിച്ച ശ്രീ. ടി.എച്ച്. കണ്ണൻ മാസ്റ്റർ അയിത്തോച്ചാടന ശ്രമങ്ങളുടെ ഭാഗമായി തന്നെ കല്പത്തൂർ ബ്രഹ്മാനന്ദവായനശാല സ്ഥാപിച്ചു. കല്പത്തൂരിൽ ഒരു ഹിന്ദിപാഠശാലയും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. വെള്ളിയൂർ ഭാഗത്ത് സ്ഥിരം നാടകസമിതികൾ തന്നെ പ്രവർത്തിച്ചിരുന്നു. ജനതാ ക്ലബ്ബ് അവയിലൊന്നായിരുന്നു. രാരുകുട്ടി നായർ, എം.സി. നാരായണൻ നായർ, എം.സി. കുഞ്ഞികൃഷ്ണൻ നായർ, ദാമോദരൻ ആശാരി തുടങ്ങിയവർ നാടകസമിതികളിലെ പ്രവർത്തകരായിരുന്നു. ഇവരിൽ ശ്രീ. കിഴക്കയിൽ ഗോപാലക്കുറുപ്പ് പില്ക്കാലത്ത് കോട്ടക്കൽ കഥകളി സംഘത്തിൽ അംഗമാവുകയുണ്ടായി. 'ആറടി മണ്ണ്', 'പുതിയവർ' എന്നിവ് ഇവിടെ അരങ്ങേറിയ പഴയനാടകങ്ങളിൽപ്പെടുന്നു. കാമരാജും, ആചാര്യവിനോബഭാവയും ഈ പഞ്ചായത്തിൽ വരികയും പൊതുപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

കർഷകസംഘം പ്രവർത്തനം നമ്മുടെ പഞ്ചായത്തിലേക്ക് വ്യാപിച്ചത് 1940 ഓടെയാണ്. ഒഴിപ്പിക്കൽ നിർത്തുക, മര്യാദപാട്ടം നിശ്ചയിക്കുക, വെച്ചുകാണൽ, ജന്മഭോഗം എന്നിവ അവസാനിപ്പിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തിയ കർഷകസംഘം പ്രവർത്തനങ്ങൾക്കു എ.കെ.ജി.എം.കെ. കേളുഏട്ടൻ, യു. കുഞ്ഞിരാമൻ എം.കുമാരൻമാസ്റ്റർ, കെ.എം. കണ്ണൻമാസ്റ്റർ തുടങ്ങിയവരെത്തി ആവേശം പകർന്നു. എ. കേളപ്പൻ ഈ

പ്രസ്ഥാനത്തിൻേറയും അതു വഴി പഞ്ചായത്തിൻെറ സാമൂഹിക മുന്നേറ്റത്തിൻെറയും നടുനായകനായിരുന്നു. കർഷകത്തൊഴിലാളികൾക്കു മാന്യമായ ഭക്ഷണവും പെരുമാറ്റവും അവകാശമായിത്തന്നെ അംഗീകരിക്കണ മെന്നു പറഞ്ഞതിനു ശ്രീ. കരമ്പിച്ചികണ്ടി അമ്മതി(ചേനോളി)നെ പച്ചോലയിൽ കെട്ടി ഒരു നാഴികദൂരത്തോളം വലിച്ചിഴയ്ക്കുകയും അതിനെതിരെ കർഷകരുടെ പ്രതിഷേധ സമരമുയരുകയുമുണ്ടായി. പഴയ കുറുമ്പ്രനാടുതാ ലൂക്കിലെ വലിയ കർഷകപ്പോരാട്ടമായിരുന്നു കൂത്താളിസമരം. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുളവായ കടുത്ത ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൂത്താളി ജന്മിയുടെയും അതിൽപിന്നെ ബ്രിട്ടീഷു ഗവൺമെൻറി ൻെറയും ആധീനതയിലായിരുന്ന ആയിരക്കണക്കിനു ഏക്കർ ഭൂമി പിടിച്ചെടുത്ത് കൃഷിചെയ്യാൻ നടത്തിയ സമരത്തിൽ നമ്മുടെ പഞ്ചായത്തിൻെറ പങ്കാളിത്തം വമ്പിച്ചതോതിലായിരുന്നു. എ. കേളപ്പൻ, സി.എൻ. കണ്ണൻ, കെ.ടി. കണാരൻ, എൻ.കെ. മാരാർ, പുളിക്കൂൽ കുഞ്ഞിരാമൻ നായർ, പൊയിൽ കുഞ്ഞിക്കണ്ണൻ മുതലായവർ ഈ പോരാട്ടത്തിൻെറ മുൻ നിരയിലായിരുന്നു. അവരിൽ കറുത്തേടത്ത് കണ്ടി ആണ്ടി, ഇ.പി. ചന്തു, ഒ.പി. കേളു മാസ്റ്റർ, പി. കുഞ്ഞിക്കണ്ണൻ, സി. അസ്സയിനാർഹാജി എന്നിവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. കൂത്താളി സമരത്തി ലുണ്ടായ ഏകജീവദാനം നമ്മുടെ പഞ്ചായത്തിലായിരുന്നു. കെ. ചോയിയുടെ സ്മരണയുടെ തുടിപ്പുനമ്മുടെ കാർഷിക മുന്നേറ്റത്തിലുണ്ട്. ഇത്തരം പോരാട്ടങ്ങളുടെയും അതേത്തുടർന്ന് നടന്ന കാർഷിക പരിഷ്കരണ നി യമനിർമ്മാണങ്ങളുടെയും ഫലമായാണ് ഇന്നു നിലവിലുള്ള ഭൂബന്ധം രൂപപ്പെട്ടത്.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി സർക്കാർ ജോലികിട്ടിയ പട്ടികജാതിക്കാരൻ ശ്രീ. തേക്കുമ്മൽ ചന്തു വാണ്. അദ്ദേഹം 1942-ൽ ബ്രിട്ടീഷ് പട്ടാളത്തിൽച്ചേരുകയും 48-ൽ പിരിഞ്ഞുപോരുകയും ചെയ്തു. നമ്മുടെ പഞ്ചാ യത്തിൽ ആദ്യമായി ഭൂമി വിലകൊടുത്തു തീരുവാങ്ങിയ പട്ടികജാതിക്കാരനും അദ്ദേഹമാണ്. ഗൾഫുനാടുകൾ എണ്ണയുല്പാദനത്തിനു പ്രസിദ്ധമായിത്തീരും മുമ്പുതന്നെ അത്തരം നാടുകളിൽ പ്രവാസിയായിപോയ അമ്മത്ഹാ ജി ഇപ്പോൾമുളിയങ്ങൽ ലക്ഷംവീട്ടിൽ താമസിക്കുന്നുണ്ട്.

റങ്കൂൺ വഴി മലേഷ്യ, സിങ്കപ്പൂർ, ബർമ്മ എന്നിവിടങ്ങളിലേക്കു ധാരാളംപേർ ഇവിടെ നിന്നും പോയി രുന്നു. സഹകരണ പ്രസ്ഥാനത്തിനും പഞ്ചായത്തിൽ പഴക്കംചെന്ന വേരുകളുണ്ട്. കല്പത്തൂരിൽ വളരെക്കാലം പ്രവർത്തിച്ച ഐക്യനാണയ സംഘമാണ് പിൽക്കാലത്ത് കല്പത്തൂർ സർവ്വീസ് സഹകരണ ബാങ്കായിമാറിയത് കല്പത്തൂരിലും ചേനോളിയിലും ഒരോ ചക്കര നിർമ്മാണ സഹകരണസംഘം നിലവിലുണ്ടായിരുന്നു.

## ഭൂപ്രകൃതി

### (അവലംബം-പഠനപര്യടന അനുഭവങ്ങൾ)

ഭൂപ്രകൃതിയനുസരിച്ച് 6 വിഭാഗങ്ങളായി പഞ്ചായത്തു പ്രദേശത്തെ വിഭജിക്കാം.

1. കുന്നിൻ പുറംനിരപ്പ്
2. കുത്തനെയുള്ള ചരിവ്
3. ചെറുചരിവ്
4. ഉയർന്ന സമതലം
5. താഴ്ന്നസമതലം
6. വയൽ

**1. കുന്നിൻപുറംനിരപ്പ്** -പഞ്ചായത്തിൽ ചെറുതും വലുതുമായ 27 കുന്നുകളുണ്ട്. മൊത്തം വിസ്തീർണ്ണത്തി ൻെറ മൂന്നിലൊന്നെങ്കിലും കുന്നിൻ നിറുകയും ചരിവുകളും ചേർന്ന ഭൂഭാഗമാണ്. ഏറ്റവും ഉയരംകൂടിയത് പന്ന്യാംകൊടമലയാണ്. തോമരായി, മുള്ളമ്പാറ, അരിയൂറ, മുതുകുന്നു എന്നീ മലകളുടെ നിറുകയിലെ നിരപ്പുഭൂ മി ഏതാണ്ട് 107 ഏക്കർ വരും. പന്ന്യാംകൊട, മുതുകുന്ന് എന്നിവയുടെ നിറുകയിൽ നിന്നുനോക്കിയാൽ അറബി ക്കടൽ വരെ കാഴ്ചയെത്തും. മരുത്, പാതിരി, പാല മുതലായ വൻവൃക്ഷങ്ങൾ ഈ കുന്നുകളിൽ അവിടവിടെയാ യും ചിലേടങ്ങളിൽ ഇടതൂർന്നും വളർന്ന് നില്പുണ്ട്. ഈ നിരവുപ്രദേശത്തു വീടുവെച്ചു താമസിക്കുന്നവരുണ്ട്. കുടിവെള്ളം, ഗതാഗതം എന്നീ കാര്യങ്ങളിലവർ പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

**2. കുത്തനെയുള്ളചരിവ്:** നിറുക നമ്മുടെ പഞ്ചായത്തിലല്ലെങ്കിലും ചെങ്ങോട്ട്, ചേർമല, പൊൻപ്ര തു

ടങ്ങിയ കുന്നുകളുടെ കുത്തനെയുള്ള ചരിവിൽപെട്ട ധാരാളം സ്ഥലം നമ്മുടെ പഞ്ചായത്തിലാണ്. പെയ്യുന്ന മഴയുടെ നല്ലൊരുഭാഗം മേൽ മണ്ണോടുകൂടി ഒഴുകിയിറങ്ങി വയൽ നികന്നുവരുന്നതിനു കാരണമാകുന്നു. പന്ന്യാംകൊട, നാഞ്ഞൂറ, മൂയറ്റ തുടങ്ങിയവയുടെ കുത്തനെയുള്ള ചരിവുഭാഗങ്ങളെല്ലാംചേർന്നു ആയിരം ഏക്കറിനുമേലെ വരും.

3. **ചെറുചരിവ്:** പന്ന്യാംകൊടയുടെ കീഴെയുള്ള എളയടത്ത്, മലാപ്പൊയിൽമീത്തൽ, കല്ലക്കുടിത്തറഭാഗങ്ങൾ, കോമത്തകുന്ന്, കിളിയായികുന്ന്, ഈമ്പാക്കുന്നു, പയ്യാനക്കോട് തുടങ്ങിയ കുന്നുകളുടെ ചരിവുകൾ ഈ വിഭാഗത്തിൽപ്പെടുന്നു. ഏകദേശം 450 ഏക്കർ വരുമിത്. മണ്ണുസംരക്ഷണ നടപടികൾ അത്യാവശ്യമാണ്.

4. **ഉയർന്നസമതലം:** മൊത്തം ഭൂമിയുടെ മൂന്നിലൊന്നു വരുമിത്. ചെമ്മണ്ണോ, ചെങ്കല്ലോ നിറഞ്ഞ ഭാഗമാണിത്. ഈ ഭൂഭാഗത്തിൽ നല്ലൊരു പങ്ക് റോഡായിമാറിയിട്ടുണ്ട്. ചെമ്മണ്ണുള്ള ഭാഗത്ത് വളക്കൂറുണ്ട്.

5. **താഴ്ന്നസമതലം:** വയലിനടുത്ത ഭൂഭാഗമാണിത്. ചിലേടത്ത് വയലിൻെറ സാന്നിദ്ധ്യം ഇപ്പോഴില്ല. മുമ്പു വയലായിരുന്ന ആയിരത്തോളം ഏക്കർ സ്ഥലം നികത്തിയെടുത്തത് തന്നയാവാമിത്. അമിതമായ രാസവളപ്രയോഗം നടത്തുന്നിടത്തല്ലാതെ മറുഭാഗങ്ങളിൽ വിള ദരിദ്രമാണ്.

6. **വയൽ:** 1920ലെ കണക്കുപ്രകാരം 1300ലേറെ ഏക്കർ വയലുണ്ടായിരുന്നു. ഇപ്പോൾ 300 ഏക്കറേ വരൂ. ബാക്കി നികത്തിപ്പോയെന്ന് അർത്ഥം. വയൽ ഏറിയകൂറും 6, 9 വാർഡുകളിലാണുള്ളത്. കുറുകെയുള്ള റോഡ്, നടപ്പാത എന്നിവ നീരൊഴുക്കം തടയുന്നു. റോഡ്, കുനികൾ എന്നിവക്കിടയിൽ കുടുങ്ങിപ്പോയ തുണ്ടം തുണ്ടം വയൽഭാഗങ്ങൾ നിരവധിയാണ്. അവ ഇനി വയലായി തന്നെ നിലനിന്നേക്കണമെന്നില്ല.

**കാർഷിക കാലാവസ്ഥ:** (അവലംബം, പഠനപര്യടനാനുഭവങ്ങൾ, കേരളാ സ്റ്റേറ്റ്ലാൻറ് യൂത്ത് ബോർഡിൻെറ ഭൂവിഭവറിപ്പോർട്ട്)

നമ്മുടെ പഞ്ചായത്തു പ്രദേശം കേരളത്തിൻെറ ഉത്തരമദ്ധ്യമേഖല (Northern Midland Zone)യിൽ പെടുന്നു. നമ്മുടെ പ്രദേശത്തെ സാധാരണമായി വർഷത്തിൽ ശരാശരി 3667 മി-മീറ്റർ മഴ കിട്ടാറുണ്ട്. മഴ ഏറ്റവും കുറച്ചു ഫിബ്രവരി (7 മി. മീ) മാസവും ഏറ്റവും കൂടുതൽ ജൂലായ് (1034 മി. മീറ്റർ) മാസത്തിലുമാണ് പെയ്യാറുള്ളത്. പരിസ്ഥിതിയിലുള്ള തെറ്റായ ഇടപെടലുകൾ കാരണം മഴ ലഭ്യതയുടെ താളംതെറ്റുന്ന അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. കഴിഞ്ഞ 20 കൊല്ലങ്ങൾക്കിടയിൽ 1977-78 കാലങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത്. 5240 മി. മീറ്റർ. ഏറ്റവും കുറവ് 1981-82ലും, പെയ്ത മഴ 2127 മി. മീറ്റർ.

ഏറ്റവും ഉയർന്ന ചൂടനുഭവപ്പെടുന്നത് മെയ് മാസത്തിലാണ്. 33.7 ഡിഗ്രി സെൽഷ്യസുവരെ ഉയരാറുണ്ട്. ഡിസംബർ മാസത്തിലാണ് ഏറ്റവും കുറഞ്ഞ ചൂടനുഭവപ്പെടാറുള്ളത്. 21.7 ഡിഗ്രി സെൽഷ്യസാണ് ഈ മാസത്തിലെ ശരാശരി ചൂട്.

## മൺതരങ്ങളും സസ്യാവരണവും

ചെമ്മണ്ണാണ് ഭൂരിഭാഗം പ്രദേശങ്ങളിലും. എന്നാൽ കുന്നിൻ നിറുകയിലും ചരിവുതലങ്ങളിലും പാറപൊടി ചേർന്ന കറുത്തമണ്ണാണ്. ചെങ്കൽ പ്രദേശങ്ങൾ ധാരാളമുണ്ട്. അമിതമായി ചെങ്കല്ലുകൊത്തുന്നതുകൊണ്ട് പരിസ്ഥിതി പ്രശ്നങ്ങൾ ഉദയം ചെയ്യുന്നു. വയൽ നികത്തിയേടത്ത് വരണ്ട പശ മണ്ണാണ്. ഈ മണ്ണിൽതീരെ വളക്കൂറില്ല എന്നുകാണാം.

കുന്നിൻപുറങ്ങളിൽ ചിലഭാഗങ്ങളിൽ തെങ്ങും മറ്റിടങ്ങളിൽ കശുമാവും വളരുന്നുണ്ട്. അധികം ആഴത്തിലല്ലാതെ പാറയുള്ളതുകൊണ്ട് വേരധികം താഴ്ന്ന വൃക്ഷവിളകൾ കുന്നിൻ പുറനിരപ്പുകളിൽ അപൂർവ്വമാണ്.

ചെമ്മണ്ണു നിറഞ്ഞ സമതലഭാഗങ്ങളിലെ പ്രധാന വിള തെങ്ങാണ്. ഒപ്പം കവുങ്ങ് അവിടവിടെ പ്ലാവ്, മാവ് എന്നിവയുമുണ്ട്. കുന്നിൻ പുറങ്ങളിലോ ചരിവുകളിലോ ആയി 50 ഏക്കറോളം സ്ഥലത്ത് തനികാട്ടുചെടികളും കാട്ടുപടുവൃക്ഷങ്ങളും വളരുന്നുണ്ട്. 224.99 ഏക്കർ ഭൂഭാഗം റോഡുകൾക്കായും 174.75 ഏക്കർ കനാലുകൾക്കായും ഉപയോഗപ്പെടുത്തപ്പെട്ടിട്ടുണ്ട്. ചരിവു പ്രദേശങ്ങളിൽ അവിടവിടെയായി ധാരാളം പാറയുണ്ട്. ഇവ കുറേയേറെ പൊട്ടിച്ചു പോവുകയുണ്ടായി. ഇതുമൂലം കുന്നിടിയുമെന്നുള്ള ഭീഷണി ചിലേടങ്ങളിലെങ്കിലും ഉണ്ട്. കോമത്ത്കുന്ന്, വാല്ലൂർപ്പാറ തുടങ്ങിയിടങ്ങളിൽ ഏക്കർ കണക്കിനുസ്ഥലത്ത് വലിയ പാറകൾ നിലനിൽക്കുന്നു.

**ജലസമ്പത്ത്:** അസാധാരണമായി യാതൊന്നുമുണ്ടായില്ലെങ്കിൽ ഒരുവർഷം 3000ത്തിനു മേലെ മില്ലീമീറ്റർ മഴ പഞ്ചായത്ത് പ്രദേശത്ത് പെയ്യുന്നെങ്കിലും നല്ലൊരുഭാഗം പ്രദേശത്ത് കുടിവെള്ളംപോലും കിട്ടാത്ത സ്ഥിതിയിലാണ്. ചെങ്കുത്തായ പ്രദേശങ്ങളിൽവെള്ളം മണ്ണിൽ സംഭരിക്കപ്പെടുന്നില്ല. എന്നാൽ സമതല പ്രദേശത്ത് വെള്ളം സുലഭമായുണ്ട്. (വയൽ നികത്തൽ തുടങ്ങിയ കാരണങ്ങളാൽ മുൻകാലങ്ങളിൽ വെള്ളം സുലഭമായിരുന്ന കിണറുകൾ തന്നെ വറ്റിപ്പോകുന്നെങ്കിലും പ്രകൃതി തന്നെയൊരുക്കിയ രണ്ടു നീരുറവകൾ പഞ്ചായത്തിലുണ്ട്. 10-ാം വാർഡിലെ അരിയൂറ മൂലയിലും 7-ാം വാർഡിലെ കല്ലാരൻ കൊട്ടിനുതാഴെയും. അഞ്ച് തോടുകൾ പഞ്ചായത്തിലുണ്ട്. 1-ാം വാർഡിൽ ശാസ്തമഠം കുന്നിനു താഴെ നിന്നും രാവറ്റമംഗലംതാഴ വയലിലൂടെയൊഴുകുന്നതോടും വാളൂർ വയലിൽ നിന്നു വെള്ളിയൂർ വയലിലൂടെയൊഴുകുന്ന തോടും ജലസമൃദ്ധം തന്നെയാണ്. വലിയകുന്നിൻ പ്രദേശങ്ങളിൽ നിന്ന് മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് വയലുകളിൽ നിന്ന് തോടുകളിലൂടെ ആവളപാണ്ടിവഴി ഗുളികപ്പുഴയിലേക്കും, തെരുവത്ത് പുഴവഴി കോരപ്പുഴയിലേക്കും, നെല്ല്യാടിപ്പുഴയിലേക്കും ചെല്ലുന്നു. 52 കുളങ്ങൾ ചെറുതും, വലുതുമായി പഞ്ചായത്ത് പ്രദേശത്തുണ്ട്. 10-ാം വാർഡിലുള്ള നടക്കൽ പള്ളിക്കുളം, 7ാം വാർഡിലുള്ള നരസിംഹക്ഷേത്രക്കുളം 6ാം വാർഡിലുള്ള ഇരട്ടക്കുളം എന്നിവ വിസ്തൃതിയിലും ജലശേഷിയിലും മുമ്പിലാണ്. മെയിൻകനാലിൻെറ രണ്ട് ബ്രാഞ്ചുകളും 5 ഡിസ്റ്റിബ്യൂട്ടറികളുമായി ജലസേചന കനാലിൻെറ ഒരു ശൃംഖല തന്നെ പഞ്ചായത്തിലുണ്ട്. (പലേടത്തും ആവശ്യമായ സമയത്ത് വെള്ളം കിട്ടാറില്ലെങ്കിലും.) 1,2 വാർഡുകൾ ചേർന്നു ഒന്നും 3,4 വാർഡുകൾ ചേർന്നു വേറൊന്നും 5,6,8,9 വാർഡുകൾ ചേർന്ന് മറ്റൊന്നും 7,10 വാർഡുകൾ കൂടിയ ഒന്നും എന്നിങ്ങനെ 4 ചെറുനീർമറികളിലായി ജലസംഭരണം നടത്താൻ കഴിഞ്ഞാൽ പഞ്ചായത്തിലെ ജലാവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റാനാകും.

**ജനപ്രകൃതി:** (അവലംബം. 1991 ലെ സെൻസസു റിപ്പോർട്ട്ലാൻറു റിസോഴ്സസ് ഓഫ് കേരള സ്റ്റേറ്റ്)

23.64 ചി. കി.മീ ഭൂപരിധിക്കുള്ളിൽ 23231 പേരാണ് താമസിക്കുന്നത്. ജനസാന്ദ്രത ച. കിലോമീറ്ററിന് 983 ആണ്. ലോകത്തേക്കുതന്നെ സാമാന്യം ഉയർന്ന ജനസാന്ദ്രതയുള്ള കേരളത്തിൻെറ പൊതുജനസാന്ദ്രത(749) യേക്കാൾ ഉയർന്നതാണിത്. പഞ്ചായത്തിലെ ജനസംഖ്യയിലെ സ്ത്രീ പുരുഷാനുപാതം 1003:1000 ആണ്. സംസ്ഥാനതലത്തിലെ അനുപാതത്തോടടുത്തു നില്ക്കുന്നെങ്കിലും സ്ത്രീ അനുപാതം അല്പം കുറവുതന്നെ. ജനസംഖ്യയുടെ 8.6 ശതമാനം പട്ടികജാതിക്കാരും 0.1% പട്ടിക വർഗ്ഗക്കാരുമാണ്. 1991ലെ സെൻസസുകണക്കു പ്രകാരം പഞ്ചായത്തിലെ സാക്ഷരതാനിരക്കു 91 ശതമാനമാണ്.

| 6നു മുകളിലെ ജനസംഖ്യ | സാക്ഷരത | | ആകെ |
|---|---|---|---|
| | സ്ത്രീ | പു | |
| 20591 | 8915 | 9762 | 18677 |

1920 മുമ്പുതന്നെ മുഴുവൻ ഭൂമിയും 4 ജന്മി കുടുംബങ്ങളുടെ വകയായിരുന്നെങ്കിലും കാർഷികരംഗത്തെ പോരാട്ടങ്ങൾ, നിയമനിർമ്മാണങ്ങൾ എന്നിവയുടെ ഫലമായി ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കുമായി കൃഷിഭൂമിയുടെ പട്ടയംകിട്ടി. എന്നാൽ കാർഷിക മേഖലയിൽ വളരെക്കുറച്ചു മനുഷ്യശേഷിയേ ഇന്നു വിനിയോഗിക്കപ്പെടുന്നുള്ളു എന്നു കാണാം.

## തൊഴിൽ മേഖലകളിലെ ജനവിവരണം

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷൻ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 53 | 402 | 455 |
| കർഷക തൊഴിലാളികൾ | 304 | 696 | 1000 |
| മൃഗപരിപാലനം | 32 | 389 | 421 |
| ഖനികപാറി | 38 | 183 | 221 |
| കുടിൽവ്യവസായം | 16 | 52 | 68 |
| ചെറുകിടവ്യവസായ | 62 | 338 | 400 |
| നിർമ്മാണം | 10 | 187 | 197 |
| കച്ചവടം | 18 | 765 | 783 |
| ഗതാഗതം വാർത്താവിനിമയം | 35 | 310 | 345 |
| മറ്റുസേവനങ്ങൾ | 200 | 697 | 897 |
| ആകെ | 768 | 4019 | 4787 |
| ഭാഗികതൊഴിൽ | 603 | 946 | 1549 |

തൊഴിലാളികളിൽ പകുതിയോളം പേർ പഞ്ചായത്തിനുപുറത്തു പോയി തൊഴിലെടുക്കുന്നവരാണ്. 400ഓളം പേർ ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നവരായുണ്ട്.

# 2

## കൃഷിയും ജലസേചനവും

(അവലംബം: സെൻസസ് റിപ്പോർട്ട്, കൃഷിഭവൻ രേഖകൾ, വില്ലേജ് ഓഫീസ് രേഖകൾ)

കാർഷിക മേഖലയായിരുന്ന നൊച്ചാട് പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ കൃഷി വ്യാപകമായിരുന്നു. വയൽപ്രദേശങ്ങളിലും കുന്നിൻ ചരുവുകളിലുമാണ് തുടക്കത്തിൽ കൃഷി ആരംഭിച്ചത്. ഈ പഞ്ചായത്തിൽ നാലോളം വരുന്ന ജന്മിമാരുടെ കീഴിലുള്ള കുടിയാന്മാരായിരുന്നു ഭൂതഹിഭാഗം കൃഷിക്കാരും കാർഷിക പ്രക്ഷോഭങ്ങളും, സ്വാതന്ത്ര്യാനന്തരം വന്ന നിയമങ്ങളും കാർഷികരംഗത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ മാറ്റങ്ങൾ ഭൂഉടമസ്ഥതയിലും വിളക്രമത്തിലും ഭൂവിനിയോഗത്തിലും നമുക്ക് കാണാവുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും പഞ്ചായത്തിന്റെ കാർഷികരംഗത്ത് സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഭൂപ്രകൃതിക്കനുസരിച്ച കൃഷിരീതികളാണ് പരമ്പരാഗതമായി ഇവിടെ ഉണ്ടായിരുന്നത്.

ഈ പഞ്ചായത്തിൽ മുഖ്യമായും രണ്ട് നെൽകൃഷിവിളകളാണ് നടത്തിയിരുന്നത്- കന്നി, മകരം വിളകൾ. ഈ രണ്ടു വിളകളും ഇടവപ്പാതി വർഷത്തെ ആശ്രയിച്ചാണ് നടത്തിയത്. ഭൂരിഭാഗം വയലുകളിലും മകരം കൃഷി (മുണ്ടകൻ)യാണ് നടത്തിയിരുന്നത്. കുംഭമാസത്തിൽ പൊടിവിതയായിട്ടും ഞാറ് പറിച്ചിട്ടുമാണ് കൃഷിചെയ്തിരുന്നത്. ഇതിന് ഉപയോഗിച്ചിരുന്ന വിത്തുകൾ വെതാണ്ടം, ഇട്ടിക്കണ്ടപ്പൻ എന്നിവയാണ്. ഉയർന്ന വയലുകളിൽ (കന്ന്യാറൻ പൊയിൽ) കന്നികൃഷിയാണ് നടത്തിയിരുന്നത്. അഞ്ച് മുതൽ ആറ് മാസം വരെ മൂപ്പുള്ള വിത്തിനങ്ങളാണ് ഇതിന് ഉപയോഗിച്ചിരുന്നത്. മേടത്തിൽ വിത്തിട്ട് ഓണത്തോട് കൂടി കൊയ്തെടുക്കുകയാണ് പതിവ്. പൊടിവിതയല്ലാതെ കർക്കിട മാസത്തിൽ ഞാറ് നട്ടും(കരിങ്കൊറ ഞാട്ടി) ഈ കൃഷി നടത്താറുണ്ടായിരുന്നു. ഇതിനും പുറമെ പറമ്പുകളിലും കുന്നിൻചരിവുകളിലും "മോടൻ"കൃഷിയും നടത്തിയിരുന്നു. കന്നികൃഷിയ്ക്ക് ചിറ്റേനി, തവളക്കണ്ണൻ, പള്ള്യാരൻ, ആര്യൻകാളി, കവുങ്ങും പൂത്താട മുതലായവയും മേടൻകൃഷിക്ക് ഏച്ചിലാടൻ, ചോമാല, ഓണോട്ടൻ, കരുമോടൻ, കയമ, ചെന്നെല്ല് എന്നിവയും ഉപയോഗിച്ചിരുന്നു. നെല്ലിനുപുറമെ മുത്താറി, ചാമ, എള്ള് എന്നിവയും ഉണ്ടാക്കിയിരുന്നു. നെൽകൃഷിക്ക് പ്രധാനമായിട്ടും കാലിവളവും വെണ്ണീറും പച്ചിലയുമാണ് വളമായിട്ട് ഉപയോഗിച്ചിരുന്നത്. ആ കാലഘട്ടത്തിൽ നെല്ലിന് പുഴു ശല്ല്യമാണ് ഉണ്ടായിരുന്ന കീടബാധ. അവയെ നശിപ്പിക്കാൻ മുറത്തിൽ പച്ചമുളക് ചതച്ചിട്ട് വീശി പുഴുവിനെ എടുത്ത് പൊതുവഴിയിൽ കൊണ്ടിടുകയാണ് പതിവ്.

ചില താഴ്ന്ന വയലുകളിൽ പുഞ്ചകൃഷി ഉണ്ടാക്കിയിരുന്നു. വാളൂരിൽ കുരവൻ തലക്കൽ നിലം വെള്ളിയൂരിൽ പടിഞ്ഞാറെ കല്ലങ്കോട്ട് താഴ, ചാത്തോത്ത് താഴ മുതലായ സ്ഥലങ്ങളിലാണ് കൃഷി നടത്തിയത്. ഇതിന്ന് തെക്കൻ ചിറ്റേനി, അരുവ ചിറ്റേനി തുടങ്ങിയ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. വിളവെടുത്ത കന്നിവയലുകളിൽ വെള്ളരി, കൂർക്കൽ, കുമ്പളം, മധുരക്കിഴങ്ങ്, വെണ്ട മുതലായ കൃഷികൾ മത്സര അടിസ്ഥാനത്തിൽ നടത്തിയിരുന്നു. തോടിനോട് ചേർന്ന വയൽ വരമ്പുകൾ മണ്ണൊലിച്ച് നഷ്ടപ്പെടാതിരിക്കാൻ വേണ്ടി കൈതകൾ വെച്ച് പിടിപ്പിക്കുക പതിവായിരുന്നു. തവളകൾക്കും മത്സ്യങ്ങൾക്കും വസിക്കാനുള്ള താവളങ്ങളായിരുന്നു ഇത്. അത് കാരണം വയലുകളിൽ കീടങ്ങളുടെ ശല്യം കുറവായിരുന്നു. ഈ കൈതലോകൾ വെട്ടാനുള്ള അവകാശം ആ നില ഉടമകളുടെ അടിയാളർക്കാണ്.

## പഴയ നാടൻ ഇനങ്ങൾ

| വിള | വിത്തിനങ്ങൾ |
|---|---|
| നെല്ല് | വെതാണ്ടം, ഇട്ടിക്കണ്ടപ്പൻ, ചിറ്റേനി, തവളക്കണ്ണൻ, വള്ളിയാരൻ, ആര്യങ്കാളി, ഏച്ചി ലാടൻ, കവുങ്ങും പൂത്താട്ടാ, കയമ, ചോമാല. |
| വാഴ | കദളി, പൂവൻ, മൈസൂരി, കുന്നൻ, മന്നൻ, ചെങ്കദളി |
| ചേമ്പ് | ബിലാത്തി, നൊട്ടി, കറുത്ത ചേമ്പ് |

ഈ പഞ്ചായത്തിലെ കരകൃഷിയിൽ ഏറ്റവും മുഖ്യമായത് തെങ്ങ് കൃഷിയാണ്. ഇടവിളയായി കവുങ്ങ്, കുരുമുളക് വള്ളി, വാഴ, കപ്പ, പയർ, ഇഞ്ചി, ചേന, ചേമ്പ്, മഞ്ഞൾ, വെറ്റിലക്കൊടി എന്നിവ വളർത്തിയിരുന്നു. ആ കാലത്ത് പറമ്പുകളിൽ ധാരാളം പ്ലാവ്, മാവ്, പുളി എന്നിവയും കാണാമായിരുന്നു. തെങ്ങിന് കുംഭമാസത്തിൽ ഉപ്പും വെണ്ണീറും പുതുമഴയ്ക്ക് പച്ചിലവളവും ചാണകവും വളമായി ചേർത്തിരുന്നു. മറ്റു വിളകൾക്ക് പ്രത്യേക വളമിടുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല.

## ഭൂമിയുടെ ഇനം(വിസ്തീർണ്ണം, ഹെക്ടറിൽ)

| | 1956-57 | 1995-96 |
|---|---|---|
| ഇനം | വിസ്തീർണ്ണം | വിസ്തീർണ്ണം |
| പുരയിടം | 1795. 26 | 1882. 87 |
| നിലം | 366.61 | 150 |
| പുറംപോക്ക് | 82. 38 | 161. 84 |
| മറ്റിനങ്ങൾ | 120. 67 | 170.21 |
| ആകെ | 2364. 92 | 2364. 92 |

ഇന്ന് പഞ്ചായത്തിൽ നെൽകൃഷി മൂന്ന് വിളകളായി നടത്തുന്നു. ഒന്നാം വിളയും രണ്ടാം വിളയും മുഖ്യമായും മഴയെ ആശ്രയിച്ചും മൂന്നാം വിള കുറ്റ്യാടി ജലസേചന പദ്ധതിയിലെ ജല ലഭ്യതയ്ക്കനുസരിച്ചുമാണ് ചെയ്തുവരുന്നത്. നെൽപാടങ്ങൾ തരം മാറ്റി പുരയിടങ്ങൾക്കും തെങ്ങുകൃഷിയ്ക്കുമായി മാറ്റിയതിന്റെ ഫലമായി നെൽകൃഷി വിസ്തൃതി കുറഞ്ഞുവരുന്നു. വിത്തിനങ്ങളിൽ പഴയവയിൽ വെതാണ്ടം, ചിറ്റേനി എന്നിവ മാത്രമേ ഉപയോഗത്തിലുള്ളൂ. മുൻ കാലങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന നാടൻ ഇനങ്ങളുടെ സ്ഥാനത്ത് പുതിയ

ഇനങ്ങളായ ജയ, ജ്യോതി, ത്രിവേണി, മസൂരി, കൾച്ചർ 28, മട്ടത്രിവേണി എന്നിവ മാറി മാറി കൃഷിചെയ്തുവരുന്നു. ജലസേചന സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ രണ്ടാം വിളയ്ക്കുശേഷം ദുർലഭം സ്ഥലങ്ങളിൽ പച്ചക്കറികളും പയർ വർഗ്ഗങ്ങളും കൃഷി ചെയ്തു വരുന്നു.

നെൽകൃഷി രീതികളിൽ ശ്രദ്ധേയമായ മാറ്റം സംഭവിച്ചിട്ടുണ്ട്. വ്യാപകമായ രാസവള കീടനാശിനി പ്രയോഗവും ജൈവ വള ഉപയോഗത്തിന്റെ കുറവും എടുത്ത് പറയത്തക്കതാണ്. നിലമൊരുക്കുന്ന കാര്യത്തിൽ നാടൻ കലപ്പകളുടെ സ്ഥാനത്ത് പടന്നകൊണ്ടുള്ള വെട്ടാണ് നടക്കുന്നത്. (കിളയ്ക്കൽ) വളരെ ചുരുങ്ങിയ സ്ഥലത്ത് കലപ്പയും ഉപയോഗിക്കാറുണ്ട്. യന്ത്രവൽക്കരണം തീരേ നടപ്പായിട്ടില്ല. മനുഷ്യാദ്ധ്വാനമാണ് പ്രധാനമായും ഉപയോഗപ്പെടുത്തുന്നത്, മേടൻ കൃഷി നാമാവിശേഷമായിരിക്കുന്നു. നെൽ വയലുകളിൽ 1960 നുശേഷം നേന്ത്രവാഴ കൃഷിയും മരിച്ചീനി കൃഷിയും വ്യാപകമായത് നെൽപ്പാടങ്ങളുടെ വിസ്തൃതി ചുരുങ്ങാൻ കാരണമായി.

| നെൽകൃഷി 1957 | നെൽകൃഷി 1996 | കുറവ് |
|---|---|---|
| 300 ഹെക്ടർ | 150 ഹെക്ടർ | 150 |

തെങ്ങ് , കവുങ്ങ് എന്നീ വിളകളുടെ വിസ്ത്രിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ തെങ്ങിൻ തോപ്പുകളിലെ ഇടവിളകൾ തീരെ കുറഞ്ഞത് കരകൃഷിയിടങ്ങളിലെ ഉൽപാദനം കുറയാൻ ഇടയാക്കി. ഫലവൃക്ഷങ്ങൾ (മാവ്, പ്ലാവ്) പറമ്പുകളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കശുമാവ് കൃഷി കൂടുകയും പുരയിടങ്ങളിലെ മരിച്ചീനി കൃഷി കുറയുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ അടുത്ത കാലത്ത് ചില കുന്നിൻ ചരുവുകളിൽ റബ്ബർ കൃഷി ആരംഭിച്ചിട്ടുണ്ട്.

## ഭൂവിനിയോഗം

| വിള | വിസ്തീർണ്ണം | ഉൽപാദനം (ടൺ) | ഉൽപ്പാദനക്ഷമത |
|---|---|---|---|
| നെല്ല് | | | |
| ഒന്നാം വിള | 113 ഹെക്ടർ | 220 | 1950 കെ. ജി. / എച്ച്. |
| രണ്ടാം വിള | 150 | 337. 5 | 2550 കെ. ജി. / എച്ച്. |
| മൂന്നാം വിള | 79 | 181 | 2300 കെ. ജി. / എച്ച്. |
| തെങ്ങ് | 1426 | 1.54 കോടിഎണ്ണം | 50 തേങ്ങ / തെങ്ങ് 1. |
| വാഴ | 90 | 1800 | 9 കിലോ/ കുലം |
| കുരുമുളക് | 42 | 13.86 | 33 കെ. ജി/എച്ച്. |
| മരച്ചീനി | 86 | 1290 | 1500 കെ. ജി/എച്ച്. |
| കശുമാവ് | 14 | 11.2 | 800 കെ. ജി. /എച്ച് |
| കവുങ്ങ് | 5 ഹെക്ടർ | 1ലക്ഷം അടക്ക | 20,000 അടക്ക/എച്ച് |
| ഇഞ്ചി | 3 | 8.25 | 2750 കെ. ജി. / എച്ച്. |
| മഞ്ഞൾ | 4 | 7.6 | 1900 കെ. ജി. / എച്ച്. |
| വെറ്റില | 5 | 25 ലക്ഷം ഇല | 5 ലക്ഷം /എച്ച്. |

(അവലംബം കൃഷിഭവൻ അടിസ്ഥാന വിവര രജിസ്റ്റർ)

പഞ്ചായത്തിലെ മുഖ്യ വിളകളായ തെങ്ങിൻേറയും നെല്ലിൻേറയും ഉൽപ്പാദന ക്ഷമത നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. അതേസമയം കുരുമുളക്, കവുങ്ങ് എന്നിവയുടെ ഉൽപാദന ക്ഷമതയിൽ കുറവ് വന്നിട്ടുണ്ട്.

അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗവും കാര്യക്ഷമമായ വളപ്രയോഗവും ജലസേചനവുമാണ് തെങ്ങിലും നെല്ലിലും ഉൽപാദനക്ഷമത വർദ്ധിക്കാനുള്ള കാരണം. നെല്ലിൻെറ ഉൽപാദന ക്ഷമത സംസ്ഥാന ശരാശരിയേക്കാൾ അല്പം കുറവാണ്. രോഗകീട ആക്രമണങ്ങളുടെ വ്യാപനം കുരുമുളക് കവുങ്ങ് എന്നിവയുടെ ഉൽപാദനക്ഷമതയിൽ ഇടിവുണ്ടാകുവാൻ കാരണമായി.

| ഇനം | പഞ്ചായത്ത് ഉൽപാദനക്ഷമത | സംസ്ഥാന ശരാശരി |
|---|---|---|
| നെല്ല് | 2166 | 2193 |
| തെങ്ങ് | 50 തേങ്ങ | 38 |

യന്ത്രവൽക്കരണത്തിൻേറ അഭാവവും കൃഷി മുഖ്യതൊഴിലായിട്ടുള്ളവരുടെ എണ്ണക്കുറവും കാർഷികോൽപന്നങ്ങളുടെ വിലക്കുറവും മറ്റും കാർഷികോൽപന്നങ്ങളുടെ ഉൽപാദനക്ഷമത കൂട്ടുന്നതിന് തടസ്സമാണ്. തെങ്ങിൻ തോപ്പുകൾ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഇടവിളകളിൽ (കവുങ്ങ്, വള്ളി, ഇഞ്ചി മുതലയാവ) ആവശ്യമായ ശ്രദ്ധയും കൃത്യമായ പരിചരണവും നൽകാത്തതിനാൽ ഉൽപാദനക്ഷമത കാര്യമായി കുറഞ്ഞുവരുന്നു.

| കാർഷിക ഉപകരണങ്ങൾ | |
|---|---|
| ഉപകരണത്തിൻെറ പേര് | എണ്ണം |
| നാടൻ കലപ്പ | 32 |
| നാപ്സ്റ്റക്ക് സ്പ്രയർ | 25 |
| വേക്കർ സ്പ്രയർ | 18 |
| തെങ്ങു കയറ്റ യന്ത്രം | 2 |
| പോർട്ടബിൾ പമ്പ് | 60 |
| ട്രാക്റ്റർ ടില്ലർ | ഇല്ല |
| (അടിസ്ഥാനം: കൃഷിഭവൻ രജിസ്റ്റർ വാർഡുതല വിവരണശേഖരണം) | |

പഞ്ചായത്തിലെ ജലസേചനം മുഖ്യമായും കിണറുകൾ, കുളങ്ങൾ, തോടുകൾ, കുറ്റ്യാടി ജലസേചന പദ്ധതികളുടെ കനാലുകൾ എന്നിവയെ ആശ്രയിച്ചാണ്. കരകൃഷിയുടെ ജലസേചനം മുഖ്യമായും കിണറുകളെ ആശ്രയിച്ചു നടക്കുമ്പോൾ മൂന്നാം വിള നെൽകൃഷി കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ ജലം ഉപയോഗിച്ചാണ് നടത്തുന്നത്.

| | എണ്ണം | ജനസംഖ്യയിലെ ശതമാനം |
|---|---|---|
| കർഷകർ | 455<br>(402 പു. 53 സ്ത്രി) | 1.98 |
| കർഷകതൊഴിലാളികൾ | 1000<br>(696 പു+ 304 സ്ത്രി) | 4.30 |
| | (അവലംബം : സെൻസസ് രേഖ) | |

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഇടതുകര കനാലുകൾ പഞ്ചായത്തിൻെറ 5, 4, 3, 1, 2 വാർഡുകളിലൂടെ പടിഞ്ഞാറോട്ടും കക്കോടി ബ്രാഞ്ച് ഠം വാർഡിൻെറ കിഴക്കുഭാഗത്തുകൂടെ തെക്കോട്ടും ഒഴുകുന്നു. ഈ കനാലിൽ നിന്ന് 5 ഡിസ്റ്റിബ്യൂട്ടറികളും കടന്നുപോകുന്നു. ഈ കനാലുകൾ കടന്നുപോകുന്നതിൻെറ ഫലമായി 80 ഹെക്ടർ സ്ഥലത്ത് മൂന്നാം വിള കൃഷിക്ക് സാധിക്കുന്നു. പ്രകൃതിദത്തമായ 5 തോടുകൾ ഈ പഞ്ചായത്തിലൂടെ 13 കിലോമീറ്ററുകളോളം ഒഴുകുന്നു. പഞ്ചായത്തിലെ വാല്യക്കോട് കാപ്പ്(ജലാശയം) ചേനോളികാപ്പ്, എന്നിവ ഇന്നു നികന്നു വരികയാണ്. പഞ്ചായത്തിൽ പരമ്പരാഗതമായ 152 കുളങ്ങളുണ്ടെങ്കിലും ജലസേചനത്തിന് ഇവയൊന്നും ഉപയോഗിക്കുന്നില്ല. ഇവയിൽ നൊച്ചാട് നരസിംഹക്ഷേത്ര കുളവും വാളൂരിലെ ഇരട്ടക്കുളവും നൊച്ചാട് ഉള്ള പള്ളിയിൽ (നടക്കൽ ) കുളവും എടുത്തു പറയത്തക്കതാണ്. കിണർ വെള്ളം ഉപയോഗിച്ച് ജലസേചനം നടത്തുന്നത് തെങ്ങുകൃഷിക്കാണ്. പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിലെ തെങ്ങുകൾക്ക് ജലസേചന സൗകര്യം ഇപ്പോഴില്ല.

ഉത്പന്നങ്ങൾ പ്രധാനമായും തേങ്ങ, അടക്ക, കുരുമുളക്, കശുവണ്ടി, വാഴക്കുല, റബ്ബർ മുതലായവയാണ്. വിപണനത്തിന് കർഷകർ സ്വകാര്യകച്ചവടക്കാരെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. കൃഷിയിടങ്ങളിൽ 50 സെൻറിന് താഴെയുള്ളവരാണ് ഭൂരിപക്ഷവും. കർഷകത്തൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ട കൂലി സേവന വ്യവസ്ഥകളാണ് നിലവിലുള്ളത്. (പട്ടിക അനുബന്ധത്തിൽ) കർഷകത്തൊഴിലാളികൾ സംഘടിതരാണ്. കർഷകത്തൊഴിലാളികൾക്ക് കൂലി മെച്ചപ്പെട്ടതാണെങ്കിലും നിർമ്മാണത്തൊഴിൽ രംഗത്തേക്കുള്ള കുടിയേറ്റം വ്യാപകമാണ്. കർഷകത്തൊഴിലാളികൾ നിർമ്മാണത്തൊഴിൽ രംഗം തേടി ടൗൺ മേഖലയിലേക്ക് പോകുന്ന സ്ഥിതിയാണിന്നുള്ളത്. തൊഴിലാളികൾ സംഘടിതരാണെങ്കിലും ഏകീകരിച്ച കൂലി വ്യവസ്ഥ പഞ്ചായത്തിലില്ല. കൊയ്ത്ത്, മെതി, തേങ്ങയിടൽ, കവുങ്ങുകയറ്റം എന്നിവയ്ക്ക് ഉയർന്ന കൂലിയുണ്ടെങ്കിലും തൊഴിലാളികളെ കിട്ടാനില്ല. കൃഷിയിടങ്ങളിലെ തേങ്ങയിടൽ അവകാശം സ്ഥിരമായി ഒരു തൊഴിലാളിയിൽ നിക്ഷിപ്തമായ തുകൊണ്ട് യഥാസമയം അതു നടത്തുന്നതിൽ ബുദ്ധിമുട്ടുകളനുഭവപ്പെടുന്നു. അനുബന്ധ പ്രവൃത്തികൾ നടത്താനും പ്രയാസമുണ്ട്. എല്ലാ കൃഷിക്കാരും കൂടുതലാശ്രയിക്കുന്നത് രാസവളത്തെയാണ്. ജൈവവള ലഭ്യത വളരെ കുറവാണ്. പഞ്ചായത്തിലെ സഹകരണ മേഖലയില്ലും സ്വകാര്യമേഖലയിലുമായി ഓരോ രാസവള വില്പന കേന്ദ്രമുണ്ട്. ആകെ പഞ്ചായത്തിൽ 300 ന് അടുത്ത കമ്പോസ്റ്റുകളുണ്ട്.

പഞ്ചായത്തിലെ കൃഷിയ്ക്ക് പലവിധത്തിലുള്ള രോഗകീടാക്രമണമുണ്ട്. നെല്ലിന് ഓലചുരുട്ടി, തണ്ടുതുരപ്പൻ, മുഞ്ഞ, ചാഴി തുടങ്ങിയകീടങ്ങളും ബ്ലാസ്റ്റ് രോഗവും എലിശല്യവും അനുഭവപ്പെടുന്നു. തെങ്ങിന് കൊമ്പൻ ചെല്ലി, ചുവന്ന ചെല്ല്, എന്നീ കീടങ്ങളും കൂമ്പു ചീയൽ, കറവാർച്ച, എന്നീ രോഗങ്ങളും കാണുന്നു. തെങ്ങിന് ചോനോളിയിൽ മാണിക്കോത്ത് എന്ന പറമ്പിൽ 'തഞ്ചാവൂർ വിൽറ്റ്' എന്ന രോഗം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കുരുമുളകിന് പൊള്ള് വണ്ട് ദ്രുതവാട്ടവും അനുഭവപ്പെടുന്നു. വാഴയ്ക്ക് കുറുനാമ്പുരോഗവും കൊങ്കൺരോഗവും കാണുന്നു.

കല്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് (ചാലിക്കര) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (പേരാമ്പ്ര) കൊയിലാണ്ടി താലൂക്ക് കാർഷിക വികസന ബാങ്ക് (പേരാമ്പ്ര ശാഖ) റീജ്യനൽ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് പഞ്ചായത്തിലെ കർഷകർക്ക് വായ്പാ സൗകര്യം ലഭിക്കുന്നത്. 60% ത്തോളം കർഷകരും കാർഷികാവശ്യത്തിന് ലോണെടുത്തിട്ടുണ്ട്. ലോൺ സംഖ്യകൾ യഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കാത്ത പ്രവണത നിലനിൽക്കുന്നുണ്ട്. നൊച്ചാട് പഞ്ചായത്തിലെ കൃഷിഭവൻ പഞ്ചായത്തിൻെറ ഏറ്റവും തെക്കേ അറ്റത്തെ നടുവണ്ണൂർ പഞ്ചായത്തിന് ചേർന്ന അതിർത്തിയിലാണ് സ്ഥിതിചെയ്യുന്നത്. രാമല്ലൂരിൽ സാഡു പദ്ധതിയിൽ നിർമ്മിച്ച ഓഫീസ് ഇന്നു വേണ്ടത്ര ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്. ഇതിനെ കൃഷിഭവൻെറ ഒരു സബ്സെൻറർ പോലെ നിത്യേന ഉപയോഗിക്കപ്പെടുന്ന ഒരു ഓഫീസായി മാറ്റാനുള്ള സാദ്ധ്യതകൾ ആരായേണ്ടതുണ്ട്. മൂന്ന് കൃഷി അസിസ്റ്റൻറ് മാരും ഒരു കൃഷി ഓഫീസറുമാണ് കൃഷി ഭവനിലുള്ളത്.

താഴെ പറയുന്ന പരിപാടികളാണ് കൃഷിഭവൻ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്

## സമഗ്ര നാളികേര വികസന പദ്ധതി

**ലക്ഷ്യം:-** നാളികേര ഉത്പാദന വർദ്ധനവ്

നടത്തിപ്പ് രീതി:. കർഷകർക്ക് കിണർ റിപ്പയർ, പമ്പ്സെറ്റ് ആധുനിക ഉപകരണങ്ങൾ എന്നിവ വാങ്ങാൻ വായ്പ അനുവദിക്കൽ. ഇതുവരെ താഴെ പറയുന്ന രീതിയിൽ ഈ പദ്ധതി മുഖേന ലോൺ അനുവദിച്ചിട്ടുണ്ട്. കിണർ 38 പമ്പ്സെറ്റ് 34 തെങ്ങ് കയറ്റ മെഷീൻ 1 റോക്കർ സ്പ്രയർ 12 കണിക ജലസേചനം 5 ( വർഷം 95-96)

**ജൈവ വള നിർമ്മാണം:-** കമ്പോസ്റ്റ് വള പ്രചരണം

300 കർഷകർക്ക് കമ്പോസ്റ്റ് കുഴി കുഴിക്കാൻ 25 രൂപാ വീതം സഹായധനം നൽകി. (1994-96)

**ഉല്പാദന ബോണസ്:-** നെൽകൃഷിയ്ക്ക് സഹായധനം നൽകൽ. ഒരു സെൻറ് നെൽകൃഷിയ്ക്ക് ഒരു രൂപ തോതിൽ 94-95 ൽ 394 പേർക്ക് സഹായ ധനം നൽകി.

**നടീൽ വസ്തുക്കൾ വിതരണം:-** അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കൽ.

| | | |
|---|---|---|
| മിനിക്കിറ്റ്- | 14 പേർക്ക് | വർഷം 95-96 |
| പച്ചക്കറിവിത്ത്- | 4 പേർക്ക് | |
| ഫലവർഗ്ഗച്ചെടി- | 37 പേർക്ക് | |
| തെങ്ങ് കശുമാവ് കുരുമുളക് കവുങ്ങ് - | 850 പേർക്ക് | |

**കുരുമുളക് ദ്രുതവാട്ട നിയന്ത്രണം:-** കുരുമുളകിൻെറ ദ്രുതവാട്ടം നിയന്ത്രിക്കാൻ രാസവസ്തുക്കൾ സൗജന്യമായി നൽകുന്ന പരിപാടി. 850 പേർക്ക് രാസവസ്തുക്കൾ നൽകി. (95-96)

ദുരിതാശ്വാസ വിതരണം:- വെള്ളപൊക്കം, പ്രകൃതിക്ഷോഭം മുതലായവ കൊണ്ട് കാർഷിക വിളകൾക്ക് നഷ്ടം വരുമ്പോൾ പരിഹാരം നൽകുന്ന പദ്ധതി. 1995-96 ൽ 113 പേർക്ക് 12176 രൂപ വിതരണം ചെയ്തു.

സാമൂഹ്യ ക്ഷേമ വകുപ്പു മുഖാന്തിരം 95-96 ൽ സി. സി. എസ്സ്. /എസ്. എഫ് /എം. എഫ് എന്ന പദ്ധതി നടപ്പാക്കി. ചെറുകിട കർഷകർക്ക് ജലസേചന സൗകര്യം ലഭ്യമാക്കലാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി മുഖാന്തിരം 47 കിണർ 7 വാട്ടർ ടാങ്ക് 6 പമ്പ് ഹൗസ് 119 പമ്പ് സെറ്റ്. എന്നിവയ്ക്ക് ലോൺ നൽകി. ഇതുമൂലം 81 ഹെക്ടർ സ്ഥലത്ത് (പറമ്പ്) ജലസേചന സൗകര്യം ലഭിച്ചതായിട്ടാണ് കണക്കാക്കപ്പെടുന്നത്.

പദ്ധതികൾ അവലോകനം ചെയ്യുമ്പോൾ പദ്ധതിയ്ക്ക് ചെലവാക്കിയ തുകയ്ക്കനുസരിച്ച് നേട്ടങ്ങൾ ഉണ്ടായിട്ടില്ല. കൃഷിഭവൻ പരിപാടികളെക്കുറിച്ച് ഭൂരിഭാഗം കർഷകരും അജ്ഞരാണ്. കൃഷിഭവനും കർഷകനും തമ്മിൽ ഒരു വിടവ് നിലനിൽക്കുന്നു. പദ്ധതികൾ പലതും സർക്കാറിൻെറ ടാർജറ്റ് തികയ്ക്കുക എന്ന ലക്ഷ്യത്തോടെ മാത്രമാണ് നടപ്പാക്കിയത്. കൃഷിഭവൻ പദ്ധതികൾ പുനഃസംഘടിപ്പിക്കുകയും കർഷകരിലേയ്ക്ക് കൂടുതൽ എത്തുന്ന രൂപത്തിലേയ്ക്ക് മാറ്റുകയും വേണം. സാമൂഹ്യക്ഷേമവകുപ്പ് കാർഷികമേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ കൂടി കൃഷിഭവൻെറ നിയന്ത്രണത്തിലാക്കുന്നത് നന്നായിരിക്കും.

പഞ്ചായത്തിൽ 7 പാടശേഖര സമിതികളും 10 കുരുമുളക് സംരക്ഷണ സമിതികളും ഒരു നാളികേര വികസന സമിതിയും ഉണ്ട്. പാടശേഖര സമിതിയിലുൾപ്പെട്ട വയലിൻെറ വിസ്തീർണ്ണം, കണക്ക്പ്രകാരം 105.88 ഹെക്ടർ വരും. നൊച്ചാട് വയൽ, വെള്ളിയൂർ വയൽ, ആക്കുപ്പറമ്പ് വയൽ എന്നിവിടങ്ങളിൽ പാടശേഖര ഇല്ല. സമിതി നിലവിൽ നാളികേര വികസന സമിതിയുടെ പ്രവർത്തനം നാമമാത്രമാണ്. നാളികേര വികസന സമിതിയുടെ ഇന്നത്തെ രൂപം മാറേണ്ടത് അത്യാവശ്യമാണ്. പാടശേഖര സമിതികളിൽ 5 എണ്ണം സമാന്യം നന്നായി പ്രവർത്തിക്കുന്നു.

## ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

മണ്ണ് പരിശോധനാ സംവിധാനം ഫലപ്രദമല്ല.
തദ്ദേശീയമായി മികച്ച നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നില്ല.
പച്ചക്കറി വിത്തിന് ക്ഷാമമുണ്ട്.
രോഗക്കീടബാധകൾ വ്യാപകമായുണ്ട്.
കൃഷിഭവന്റെ സൗകര്യങ്ങൾ ഉപകാരപ്രദമായി ലഭിക്കുന്നില്ല.
ജൈവ വള ദൗർലഭ്യം.
കർഷകത്തൊഴിലാളികൾക്ക് ക്ഷാമം
പാടങ്ങൾ നികത്തുന്നു.
വിളഭൂമികൾ തരിശിടുന്നു.
നെൽകൃഷി ആദായകരമല്ല
ആഫ്രിക്കൻ പായൽ വ്യാപിക്കുന്നു.
നിർക്കെട്ട് വിളനാശത്തിന് കാരണമാകുന്നു.(5, 6, 8, 9 വാർഡ്)
4ാം വാർഡിൽ അശാസ്ത്രീയമായ തോട്.
കാർഷിക വായ്പയുടെ പലിശ വർദ്ധനവ്, കിട്ടാൻ കാലതാമസം വളം ഡിപ്പോ കുറവ്.
പരമ്പരാഗതമായ കിണർ, കുളം എന്നിവ റിപ്പയർ ചെയ്യാൻ സഹായധനമില്ല.
കൃഷിഭവൻ പഞ്ചായത്തിന്റെ ഒരറ്റത്താണ്.
നഷ്ടപരിഹാരത്തിന്റെ അപര്യാപ്തത്.
പ്രോത്സാഹനത്തുകയുടെ അപര്യാപ്തത
ആവശ്യമായ നെൽ വിത്തുകൾ ലഭിക്കുന്നത് വളരെ കുറവാണ്.
നടുവിള കൃഷി വളരെ കുറഞ്ഞുവരുന്നു.
യന്ത്രവൽക്കരണ കുറവ്.
മണ്ണൊലിപ്പ് വ്യാപകമാണ്.
കനാൽ ജലം യഥാസമയത്ത് ലഭിക്കായ്മ.
ഡിസ്ട്രി ബ്യൂട്ടറികൾ അറ്റകുറ്റപ്പണി നടത്തുന്നില്ല.
ഫീൽഡ് ബോത്തിയിലൂടെയുള്ള വെള്ളത്തിന്റെ അളവ് കുറവ്.
കനാൽ ജലം മറ്റു കൃഷിക്കുപയോഗിക്കുന്നതിലുള്ള തടസ്സം.
ചിലയിടങ്ങളിൽ ജലസേചനത്തിനുള്ള വെള്ളം കിട്ടുന്നില്ല.
(ഊഞ്ഞാറ്റിൽ-മുളിയങ്ങൽ വയൽ)
ഉത്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നില്ല.
ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ തെങ്ങിന് ജലസേചന സൗകര്യമില്ല.
ഉത്പാദന ക്ഷമത കുറഞ്ഞുവരുന്നു.
സംസ്കരണ കേന്ദ്രമില്ല.

### സാധ്യതകൾ:-

ഗ്രൂപ്പ് ഫാമിംഗ് സംഘടിതവും വ്യാപകവുമാക്കുക.
പഞ്ചായത്തിൽ വെച്ച് മണ്ണ് പരിശോധിച്ച് ഫലം നിർണ്ണയിക്കാൻ സംവിധാനം വേണം.
(മൊബെയിൽ യൂണിറ്റ്) പ്രാദേശിക നഴ്സറി സ്ഥാപിക്കൽ ( 1, 6, 8, 9 വാർഡുകളിൽ പറ്റിയ സ്ഥലമുണ്ട്)

ഓരോ വാർഡിലും ഒരു പച്ചക്കറിത്തോട്ടം.

ഓരോ വാർഡിലും ഓരോ അഗ്രോ ക്ലിനിക്ക്.

കൃഷിഭവൻെറ സബ്സെൻററുകൾ സ്ഥാപിക്കൽ.

ഉപദേശകമിതി കർഷകർക്ക് മുൻഗണന നൽകി പുനഃസംഘടിപ്പിക്കുക.

കൃഷിഭവൻ പദ്ധതി ജനങ്ങളെ അറിയിക്കാനുള്ള സംവിധാനം

കമ്പോസ്റ്റുകുഴി പ്രചരിപ്പിക്കുക. ധനസഹായം വർദ്ധിപ്പിക്കുക.

പച്ചില വളവിത്ത്, കമ്പ്സൗജന്യമായി വിതരണം ചെയ്യുക.

വിള ഇൻഷൂറൻസ് സൗജന്യമാക്കുക.

കാർഷിക വായ്പയുടെ പലിശ കുറയ്ക്കുക. കൃഷിക്കുപയുക്തമാക്കാനുള്ള സാധ്യത ആരായുക.

ഗ്രാഫ്റ്റിംഗ്, ബഡ്ഡിങ്ങ് റബ്ബർ ടാപ്പിങ്ങ് ഇവയിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുക.

പഴയകിണർ നന്നാക്കാൻ സബ്സിഡി നൽകുക.

കൃഷിഭവനിൽ സ്പ്രയർ, മണ്ണെണ്ണ പമ്പ് എന്നിവ വാടകയ്ക്ക് നൽകുക.

നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുക. സമയത്ത് എല്ലാവർക്കും ലഭ്യമാക്കുക.

സഹായധനം റൊക്കം പണമായി നൽകുക.

നെൽകൃഷിയുടെ ഉൽപാദന ബോണസ് വർദ്ധിപ്പിക്കുക.

നെൽവിത്തിൻെറ പ്രാദേശിക ഉത്പാദനം വർദ്ധിപ്പിക്കുക.

നടുവിളവിത്തകൾ സൗജന്യമായി കൃഷിഭവനിൽ നിന്നും ലഭ്യമാക്കുക.

കനാൽ പുറമ്പോക്കിൽ പച്ചക്കറി കൃഷി നടപ്പാക്കുക.

കണിയാങ്കണ്ടിത്താഴെ മായഞ്ചേരിപ്പൊയിൽ, വേട്ടു വഞ്ചേരിത്താഴ, എരഞ്ഞോളിത്താഴ, പുറ്റാട് വയൽ തുടങ്ങിയ സ്ഥലങ്ങളിൽ പച്ചക്കറി കൃഷിക്ക് സാധ്യതയുണ്ട്.

പാടശേഖര സമിതി മുഖാന്തിരം പ്രാദേശിക വിത്തുത്പാദന പരിപാടികൾ.

പഞ്ചായത്തിൽ പൂവ് കൃഷി, മൾബറി, വെറ്റിലകൃഷി, കശുമാവ്, റബ്ബർ എന്നീ കൃഷികൾക്കുള്ള സാധ്യതകൾ.

കർഷകതൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിച്ചു കൂലിയുംചിട്ടപ്പെടുത്തുക. കാർഷിക ഉൽപന്നങ്ങളുടെ വിപണന-വിതരണ-സംസ്കരണത്തിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. നിലവിലുള്ളവ ശക്തിപ്പെടുത്തുക.

വയൽ നികത്തുന്നതിന് എതിരെ നിയമം കർക്കശമാക്കി ജനങ്ങളെ ബോധവൽകരിക്കുക.

കൃഷിക്കു പരമാവധി സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക. മണ്ണ് സംരക്ഷണ നടപടികൾ (മണ്ണൊലിപ്പ് തടയൽ) പദ്ധതികൾ നടപ്പിലാക്കണം.

കനാലിൻെറ അറ്റകുറ്റപണികൾക്കു പുതിയ സംവിധാനം വേണം (ജനകീയ സമിതികളെ ഏല്പിക്കൽ)

കനാൽ ജലം മറ്റു കൃഷിക്കും ഉപയുക്തമാക്കണം.

മെയിൻ കനാലിൽ നിന്നു ഡിസ്ട്രി ബ്യൂട്ടറികളിലേക്കുള്ള ഓസ്സും, ഫീൽഡ് ബോത്തി കളിലെ എംണ്ണവും വും വർദ്ധിപ്പിക്കണം. കനാൽ പുറമ്പോക്കിൽ തെങ്ങുകൾക്കു പകരം പുതിയ തൈവെക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

പഞ്ചായത്തിലെ തോടുകൾ കെട്ടാനും ബാക്കിയുള്ളവ കെട്ടുകയും ആവശ്യമുള്ളി ടത്തിൽ വി. സി. ബി. വിയർ (തടയണ) സ്ഥാപിക്കുകയും വേണം.

നീർക്കെട്ടൊഴിവാക്കാൻ പഞ്ചായത്തിലെ 4, 6, 8, 9 എന്നിവിടങ്ങളിൽ ജലനിർഗ്ഗമന തോടുകൾ ആവശ്യമാണ്. വല്ലത്തിങ്ങൽ നിന്നു ചാലിക്കരഭാഗത്തേക്ക് കട്ടക്കാട്ടു വയൽ മുതൽ കൊമ്പത്തത്ത് താഴ വരെ, ചാത്തോത്തു താഴ മുതൽ പൊക്കിട്ടോത്ത് താഴ ഇരട്ടക്കുളം വരെയും വെള്ളിയൂരേക്കും ചെറുവാളൂർ മുതൽ വെള്ളിയൂർ വരെ. നിർക്കെട്ടൊഴിവാക്കാൻ പുതുതായി നിർമ്മിച്ച റോഡുകളിൽ ഓവുചാലും വേണം. വയലിൽ ചില സ്ഥലങ്ങളിൽ നടപ്പാത ആവശ്യമാണ്.

തോമരായി-നാഞ്ഞൂറ(വാർഡ്-7) വെള്ളിലോട്ടു- രാമല്ലൂർ- മുതുകുന്ന്- പുതുക്കുടി- കൂരന്തറ- രാരാറ്റ- രാസ്ത്രമം, കൊപ്പാരത്ത്- മഠത്തിൽ മീത്തൽ- കുന്നത്ത് മീത്തൽ (വാർഡ്-1) പുളിക്കൽ- കൂടത്തിങ്ങൽ-(വാർഡ്-4) വട്ടപ്പാറ- കോമത്ത് അരീക്കൽ- കുന്നുകൾ(6) പയ്യാനക്കോടു- കുന്നത്തു- പനമ്പറ(8) മൂയ്യാറ്റ- കൊട്ടാറക്കുന്നു പുളി യറക്കുന്നും എലിപ്പാറ(9) കരിമ്പറകുന്നു(5) ഇവിടങ്ങളിൽ തെങ്ങു നനക്കാൻ വേണ്ടി കമ്യൂണിറ്റി ഇറിഗേഷൻ ആവശ്യമാണ്.

കേരസംരക്ഷണസമിതി ഓരോ വാർഡിലും പ്രദേശം കണക്കാക്കി രൂപീകരിക്കണം.

ഫാം ശേഖര സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

### അനുബന്ധം 1

## പുറംപോക്ക് 1996

| | | |
|---|---|---|
| റോഡ് | : | 91 ഹെക്ടർ |
| കനാൽ | : | 70.74 ഹെക്ടർ |
| വില്ലേജ് ഓഫീസ് | : | 8 സെൻറ് |
| ആരോഗ്യവകുപ്പ് കെട്ടിടം | : | 35 സെൻറ് |

### അനുബന്ധം 2 (ബി.ടി. റജിസ്റ്റർ)

## ഭൂ ഉടമസ്ഥത

| | | |
|---|---|---|
| 1 മുതൽ 10 സെൻറ് വരെ ഉള്ളവർ | | 1800 |
| 10 മുതൽ 25 | ,, | 1000 |
| 25 മുതൽ 50 | ,, | 750 |
| 100 മുതൽ 200 | ,, | 100 |
| 200 മുതൽ 500 | ,, | 45 |
| 500നു മുകളിൽ | ,, | 12 |
| ആകെ | | 3707 |

അനുബന്ധം 3

(കൃഷിഭവൻ റജിസ്റ്റർ)

| | |
|---|---|
| പഞ്ചായത്തിന് ആവശ്യമുള്ള നെൽവിത്ത് | 16 ടൺ(ഏകദേശം) |
| കൃഷിഭവൻ മുഖേന ലഭിക്കുന്നത് | 7 ടൺ(ഏകദേശം) |

## പഞ്ചായത്തിലെ തോടുകൾ

| പേര് | നീളം |
|---|---|
| 1. കില്ലിടുക്കൽ താഴെ- കോട്ടിലാട്ടുതാഴ | 1 കിലോമീറ്റർ |
| 2. ഇളയിടത്ത് താഴ- പുളിയാടത്ത് താഴ | 2 ,, |
| 3. ചേനോളിത്താഴ- വാല്ല്യ േ ്രാട്, ആവളപ്പാണ്ടി | 5 ,, |
| 4. മേയന താഴ- വെള്ളിയൂർ, നടുവണ്ണൂർ | 4 ,, |
| 5. നൊച്ചാട്- ഏക്കാട്ടൂർ | 2 ,, |

ആകെ 5 തോട് 13 കിലോമീറ്റർ

## കനാൽ

| | കടന്നുപോകുന്ന വാർഡ് |
|---|---|
| മെയിൻ കനാൽ | |
| ഇടതുകര | 1,2,3,4,5 വാർഡ് |
| കക്കോടി ബ്രാഞ്ച് | 6ാം വാർഡ് |
| ഡിസ്റ്റിബ്യൂട്ടറി | |
| 1. വാളൂർ-കരുവണ്ണൂർ | 5,8,9 വാർഡ് |
| 2. കരിങ്ങാറ്റി-നൊച്ചാട് | 1,7,10, ,, |
| 3. ആക്കൂപറമ്പ്-ചെറുവണ്ണൂർ | 3 ,, |
| 4. എടത്തുംഭാഗം-നടുവത്തൂർ | 1,2 ,, |

## കൂലിയുടെ വർദ്ധനവ് സംബന്ധിച്ച പട്ടിക

| ഇനം | 1993 | 94 | 95 | 96 | സമയം |
|---|---|---|---|---|---|
| ഉഴവ് | 100 | 100 | 110 | 125 | 7 മു. 10.30 |
| കിളയ്ക്കൽ(കൊത്ത്) | 50 | 55 | 60 | 75 | 8 മു. 5 വ. |
| ഞാറ് നടൽ, കളപറിക്കൽ (സ്ത്രീകൾ മാത്രം) | 30 | 35 | 40 | 45 | 8 മു. 5 വ. |
| തേങ്ങയിടൽ | 10 തെങ്ങിന് 3 തേങ്ങ | 10 ന് 3 | 10ന് 4 | 10ന് 5 | |

ഭക്ഷണ ചിലവ് കഴിച്ചുള്ള കൂലിയാണ് മുകളിൽ കൊടുത്തത്.

**കൃഷിഭവൻ പരിധിയിൽ 7 പാടശേഖരങ്ങൾ പ്രവർത്തിക്കുന്നുണ്ട്.**

| നമ്പർ | പേര് | നെൽകൃഷി വിസ്തൃതി | കർഷകരുടെ എണ്ണം |
|---|---|---|---|
| 1. | രാമല്ലൂർ പാടശേഖരസമിതി | 11.084 ഹെ | 48 |
| 2. | വാല്യക്കോട് „ | 15 ഹെ | 58 |
| 3. | ചേനോളി „ | 12 | 64 |
| 4. | കൊമ്പത്തേത്ത് ചാലിക്കുഴിയിൽ | 24 | 85 |
| 5 | ചാത്തോത്ത് താഴ ഇരട്ടക്കുളം | 18 | 60 |
| 6 | കായൽമുക്ക് | 14 | 44 |
| 7 | ചാലിക്കര | 10.8 | 48 |
| | Total | 105.88 | 407 |

# 3

## മൃഗസംരക്ഷണം-മത്സ്യബന്ധനം

ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിൻെറ വികസനം യാഥാർത്ഥ്യമാകുന്നത് അടിസ്ഥാനപരമായി, കാർഷികമേഖലയുടെ ശാസ്ത്രീയമായ വികാസത്തോടെയാണ്. ബഹുഭൂരിപക്ഷം ജനതയും കാർഷികമേഖലയെ ആശ്രയിച്ചുകഴിയുന്നതുകൊണ്ട് സാമൂഹികവികാസം യാഥാർത്ഥ്യമാകുന്നതും ഈ രീതിയിൽ തന്നെ.

ചരിത്രാതീതകാലത്തുതന്നെ കൃഷിയും, കന്നുകാലിവളർത്തലും തമ്മിൽ അടർത്തിമാറ്റാൻ കഴിയാത്ത ബന്ധമാണ് ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ കാർഷിക മേഖലയുടെ ബന്ധമേഖലയായ മൃഗസംരക്ഷണവും വികസനരംഗത്ത് അവഗണിക്കാനാവാത്ത പ്രാധാന്യം അർഹിക്കുന്നു.

കാർഷികഗ്രാമമായ നൊച്ചാടിൻെറ മുഖ്യഉല്പാദന മേഖലയായ കൃഷിരംഗവുമായി ഇഴപിരിക്കാനാവാത്തവിധം ഇഴുകിചേർന്ന ഒരു രംഗമാണ് കന്നുകാലി മേഖല. കേവലം നിലം ഉഴുന്നതിനുവേണ്ടി മാത്രമല്ല, ചരക്ക് ഗതാഗതം, പാലുല്പാദനം തുടങ്ങി കാർഷികമേഖലയുടെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിലും അതുവഴി ഉല്പാദനത്തിലും കന്നുകാലികൾ ഗണനീയമായ സ്ഥാനം വഹിച്ചിരുന്നു. സാമൂഹിക പുരോഗതിക്കനുസരിച്ച് കന്നുകാലി മേഖലയും വ്യാപകമായ പരിവർത്തനങ്ങൾക്ക് വിധേയമായി. ഇന്നത്തേതുപോലെ പിടിച്ചുകെട്ടിയുള്ള കന്നുകാലി വളർത്തലും, അത്യുല്പാദനശേഷിയുള്ള ജനുസ്സുകളുടെ ആവിർഭാവവും ഇതിൽ ചിലതുമാത്രം.

നമ്മുടെ പഞ്ചായത്തിലെകന്നുകാലി സമ്പത്തിൻെറ സംഖ്യാബലം താഴെ കൊടുക്കുന്നു.

പട്ടിക - 1

| വളർത്തുമൃഗങ്ങളുടെ കണക്ക് | | | | |
|---|---|---|---|---|
| | ഇനം | അത്യുല്പാദന ശേഷിയുള്ളത് | തനതു ജനുസ്സ് | ആകെ |
| 1 | പശു | 514 | 5283 | 5797 |
| 2 | ആട് | - | - | 647 |
| 3 | കാള | - | - | 78 |
| 4 | എരുമ | - | - | 12 |
| 5 | പോത്ത് | - | - | 4 |
| 6 | പന്നി | - | - | 3 |
| 7 | മുയൽ | - | - | 20 |
| 8 | നായ | - | - | 822 |
| 9 | കുരങ്ങ് | - | - | 2 |
| 10 | താറാവ് | - | - | 22 |

അവലംബം: ലൈവ് സ്റ്റോക്ക് സെൻസസ്, റവന്യൂസെറ്റിൽമെൻറ് രേഖ, സാമൂഹിക സാമ്പത്തിക സർവ്വേ, വാർഡുതല വിവര ശേഖരണം

മേൽ കാണിച്ച രീതിയിലുള്ള വിപുലമായ ഒരു കന്നുകാലി സമ്പത്താണ് നമുക്കുള്ളതെങ്കിലും, മറ്റു മേഖലകളെപ്പോലെ ഈ രംഗവും ഇന്ന് അതിഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. തത്ഫലമായി ഉണ്ടാകുന്ന ഏത് പിന്നോക്കം പോക്കും ആത്യന്തികമായി ബാധിക്കുക കാർഷികമേഖലയേയും, അതുവഴി സാമൂഹിക നിലനില്പിനെയും ആണെന്ന് ഉൾക്കിടിലത്തോടെ മാത്രമേ ഓർക്കാൻ കഴിയൂ. ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന വെച്ചൂർ പശുക്കളെപ്പോലുള്ള, രോഗപ്രതിരോധ ശേഷികൂടുതലുണ്ടായിരുന്ന, നമ്മുടെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ തനതു കന്നുകാലികളുടെ തിരോധാനവും, അത്യുല്പാദനശേഷിയുള്ള ജനുസുകളുടെ ആവിർഭാവവും കന്നുകാലിരംഗത്ത് വൻ പരിവർത്തനത്തിനാണ് വഴിയൊരുക്കിയത്. എന്നാൽ ഭാഗ്യമോ, നിർഭാഗ്യമോ നമ്മുടെ പഞ്ചായത്തിൽ അംഗസംഖ്യയിൽ തനതു പശുക്കളാണ് കൂടുതലെന്ന് പട്ടിക വ്യക്തമാക്കുന്നു.

വളർത്തുമൃഗങ്ങളിൽ താരതമ്യേന കുറഞ്ഞ ചെലവിൽ വളർത്താനും, എന്നാൽ നല്ല ലാഭം നേടാനും കഴിയുന്ന ഒരു വിഭാഗമാണ് ആടുകൾ. പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാനുള്ള ഇവയുടെ കഴിവ് ഉയർന്നതായതുകൊണ്ടുതന്നെ, മറ്റുള്ളവയെപ്പോലെ ഇവ വേഗത്തിൽ രോഗബാധയ്ക്ക് വിധേയമാകുന്നില്ല. കൂടാതെ വളർത്താൻ വിപുലമായ പുൽമേടുകൾ ആവശ്യമില്ല എന്നതും, ഒരു പ്രസവത്തിൽ ഒന്നിലധികം കുഞ്ഞുങ്ങൾ ഉണ്ടാകുന്നു എന്നതും, ഇവയുടെ ഗർഭകാലങ്ങൾ തമ്മിൽ ഉള്ള പ്രകടമായ അന്തരവും എല്ലാം 'ആടിനെ പാവങ്ങളുടെ പശു' എന്ന സ്ഥാനത്തേക്ക് ഉയർത്തുന്നു. എന്തൊക്കെയായാണെങ്കിലും ഇവ നമ്മുടെ സമൂഹത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സാമ്പത്തിക ലാഭം നേടാൻ കഴിയുന്ന വളർത്തുമൃഗങ്ങളിൽ മറ്റൊരുവിഭാഗം മുയലുകളും, പന്നികളുമാണ്. പന്നികളെ വളർത്തുക വഴി പരിസരമലിനീകരണം നല്ല ഒരളവോളം തടയാം എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. നിർഭാഗ്യകരമെന്നുപറയട്ടേ ഇവയുടെ സമ്പത്ത് നമ്മുടെ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നത്ര കുറവാണ് എന്ന് പട്ടിക 1- വ്യക്തമാക്കുന്നു.

കാള, പോത്ത്, എരുമ എന്നിവ നമുക്ക് ചുറ്റും ഇന്ന് നാമമാത്രമായ തോതിൽ മാത്രമേയുള്ളൂ എന്ന് പട്ടിക-1 കാണിച്ചുതരുന്നു. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം കാർഷികമേഖലയിലുണ്ടായിരുന്ന പങ്കാളിത്തം നഷ്ടപ്പെടുത്തി. മാംസത്തിനുവേണ്ടി മാത്രമായി പോത്തുകൾ ഇന്ന് സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൽ അറവുശാലകൾ ഇല്ലെങ്കിലും, മിക്കസ്ഥലങ്ങളിലും വ്യാപകമായ അറവുനടക്കുന്നുണ്ട്.

സാമ്പത്തികലാഭത്തിനു വേണ്ടിയല്ലെങ്കിലും, നാം വളർത്തുന്ന മൃഗങ്ങളിൽ മറ്റൊരു പ്രധാനവിഭാഗം പട്ടികളാണ്.

സമൂഹത്തിൽ ഇടത്തരം കർഷകരുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്ന് കോഴി, താറാവ് വളർത്തലാണ്. തുച്ഛമായ മുതൽ മുടക്കിലൂടെ നല്ല സാമ്പത്തികലാഭം നേടാൻ കഴിയുന്ന ഒരു രംഗമാണ് ഇത്. പ്രതിമാസം നാം മുട്ടയ്ക്കും, മാംസത്തിനുമായി പുറത്തേക്ക് ഒഴുക്കുന്ന പണത്തിന്റെ കണക്ക്-പട്ടിക-2 അറിയുമ്പോൾ മാത്രമേ ഈ രംഗത്ത് നാം വെച്ചുപുലർത്തുന്ന അലംഭാവം എത്രത്തോളം ഗുരുതരമാണെന്ന് മനസ്സിലാകൂ.

പട്ടിക-2

കോഴി/താറാവ് സമ്പത്ത്

| | ഇനം | നാടൻ | അത്യുല്പാദന ശേഷിയുള്ളത് | ആകെ |
|---|---|---|---|---|
| 1 | കോഴി | 12885 | 362 | 13247 |
| 2 | താറാവ് | - | - | 22 |
| 3 | കോഴി/താറാവ്-മാംസ വില്പനസ്റ്റാളുകളുടെ എണ്ണം | | | 1 |
| 4 | ഒരുമാസം വില്ക്കുന്ന മാംസം- | | | 200 കി. ഗ്രാം ഏകദേശം |
| 5 | കോഴി ഫാമുകളുടെ എണ്ണം | 3 | | |

| | എണ്ണം | പ്രായം | തൂക്കം |
|---|---|---|---|
| വാങ്ങുന്ന കുഞ്ഞുങ്ങൾ | 1,600 | 2-5-ദിവസം | 125 ഗ്രാം |
| വില്ക്കുമ്പോൾ | - | 45,, | 1.750 കി. ഗ്രാം |

6 മുട്ട ഒരു മാസം വിൽക്കുന്നത് ഏകദേശം 1,25,000 രൂപ

അവലംബം: വാർഡുതല വിവര ശേഖരണം

കുറഞ്ഞ ചിലവിൽ കൂടുതൽ ഗുണനിലവാരമുള്ള മുട്ടയും മാംസവും വീട്ടുമുറ്റത്ത് നേടാമെന്നിരിക്കേ, ഇതിനായി നാം അന്യസംസ്ഥാനങ്ങളെ അന്ധമായി ആശ്രയിക്കുന്നത് തികച്ചും ആത്മഹത്യാപരമാണ്. ഇത്രയേറെ ആയാസരഹിതവും, ലാഭകരവുമാണെന്നിരിക്കേ ഈ രംഗത്ത് നമ്മുടെ അവസ്ഥ എത്രത്തോളം തീവ്രമാണെന്നറിയാൻ മേൽകാണിച്ച പട്ടികയിലൂടെ (പട്ടിക-2) ഒന്നു കണ്ണോടിച്ചാൽ മതിയാകും.

## പ്രശ്നങ്ങളും സാദ്ധ്യതയും

കാർഷിക മേഖലയുടെയും അതുവഴി മൊത്തം നിലനില്പിന്റെയും നട്ടെല്ലായ കന്നുകാലിസമ്പത്തിന്റെ ഇന്നത്തെ പിന്നോക്കാവസ്ഥയ്ക്കുള്ള പ്രധാനകാരണങ്ങൾ എന്തൊക്കെയാണെന്നും, ഈ പിന്നോക്കാവസ്ഥ എങ്ങനെ മറികടക്കാം എന്നുമുള്ള ആഴമേറിയ വിചിന്തനം നടത്തേണ്ട സമയം എന്നോ കഴിഞ്ഞുപോയി. എങ്കിലും, ഇനിയെങ്കിലും ഉണർന്ന് ചിന്തിച്ചില്ലെങ്കിൽ വരുംകാലതലമുറ നമ്മെ നോക്കുകുത്തികളെന്ന് അധിക്ഷേപിക്കും; സംശയമില്ല.

1. ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളുമാണ് കന്നുകാലി ഉടമകളിൽ ബഹുഭൂരിഭാഗവും. കന്നുകാലികളെ വളർത്തുക എന്നത് ഇന്ന് ഏറെ സാമ്പത്തിക ബുദ്ധിമുട്ടുള്ള കാര്യമാണ്; പലകാരണങ്ങളാൽ നെൽകൃഷിയിലുണ്ടായ ഗണ്യമായ ഇടിവും, കൃഷിഭൂമിയുടെ തുണ്ടവൽക്കരണവും കന്നുകാലികളുടെ നിലനിൽപ് അവതാളത്തിലാക്കി. ഇന്ന് കന്നുകാലികളുടെ തീറ്റ പുറംജില്ലകളെയും, സംസ്ഥാനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഈ പഞ്ചായത്തിൽ മാത്രം 17 കെട്ട് പുല്ല് കച്ചവടക്കാർ ഉണ്ട് എന്നത് ഇതിന്റെ ഗൗരവം വ്യക്തമാക്കുന്നു. പഞ്ചായത്തിൽ തീറ്റപ്പുൽകൃഷി ഗണനീയമായ തോതിൽ ഇനിയും വളർന്നുവരേണ്ടിയിരിക്കുന്നു. ഒപ്പം കാർഷിക

മേഖലയുടെ പുരോഗതിയും.

പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കന്നുകാലി തീറ്റപ്പുൽകൃഷി തുടങ്ങുന്നത് വർദ്ധിച്ചുവരുന്ന കാലിതീറ്റ വിലയിൽ നിന്നും, കർഷകർക്ക് ഏറെ ആശ്വാസം നൽകും. ഒപ്പം തൊഴിലവസരങ്ങൾ വർദ്ധിക്കുകയും, തീറ്റപ്പുൽക്ഷാമം പരിഹരിക്കുകയും ചെയ്യും. മിക്കവാർഡുകളിലും ഇതിന് വിപുലമായ സാദ്ധ്യതകൾ ഉണ്ട്.

2. പാലിന് ഏകീകൃതമായ വിലയില്ല എന്നതും, വിതരണത്തിന് ഒരു പൊതുകേന്ദ്രമില്ല എന്നതും ഇവരുടെ പ്രധാന പ്രശ്നമാണ്. പഞ്ചായത്തിൽ ആകെയുള്ള ഒരു ക്ഷീരസൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഒരു ക്ഷീരോല്പന്നയൂനിറ്റും- വെള്ളിയൂർ, ഒരു മിൽമ യൂനിറ്റും- ചാലിക്കര, പഞ്ചായത്തിലുണ്ട്. വാർഡുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുകയും, അതുവഴി പാൽ സംഭരിക്കുകയും, വിതരണം ചെയ്യുകയും വഴി പാൽ വില ഏകീകരിക്കാനും, ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയും. 1,2,3,4,5,6,7,10 വാർഡുകളിൽ ഇതിനുള്ള സാദ്ധ്യതകൾ ഏറെയാണ്. ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കാൻ പരിശീലനം ലഭിച്ചവർ ഉള്ളതിനാൽ, ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കാനും, വിപുലമായ സാദ്ധ്യതകൾ ഉണ്ട്.

3. വളർത്തുമൃഗങ്ങൾ നേരിടുന്ന മറ്റൊരു പ്രധാന ഭീഷണി ഗുരുതരമായ പകർച്ച വ്യാധികളുടെ ആധിക്യവും, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും പരമ്പരാഗത പ്രജനന സൗകര്യക്കുറവും, കൃത്രിമ ബീജസങ്കലന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ്. കുളമ്പ് രോഗം, അകിട് വീക്കം, കോഴിവസന്ത എന്നീരോഗങ്ങളിലൂടെ നഷ്ടമാവുന്നത് വിലമതിക്കാനാവാത്ത സമ്പത്താണ്. രോഗപ്രതിരോധകുത്തിവെപ്പുകൾ വ്യാപകമാക്കിയും, ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിലെ ഏക മൃഗാശുപത്രി അഞ്ചാംപീടികയിലാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ സവിശേഷമായ കിടപ്പ് കാരണം ഇതരഭാഗങ്ങളിൽ നിന്നും കന്നുകാലികളുമായി കർഷകർക്ക് പഞ്ചായത്തിന്റെ മറ്റൊരതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഈ കേന്ദ്രത്തിലെത്താനുള്ള ബുദ്ധിമുട്ട് കുറച്ചൊന്നുമല്ല. ചാലിക്കര, വെള്ളിയൂർ, മുളിയങ്ങൽ എന്നിവിടങ്ങളിൽ എവിടെയെങ്കിലും ഒരു സബ്സെൻറർ സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. വേണ്ടത്ര ജോലിക്കാരോ, സ്ഥിരമായി ഡോക്ടറോ, പര്യാപ്തമായ ചികിത്സാ സൗകര്യങ്ങളോ ഇവിടെയില്ല എന്ന കാര്യം എടുത്തുപറയേണ്ടതാണ്. ഈ ആശുപത്രിക്ക് മാത്രമായി ഒരു സ്ഥിരം ഡോക്ടറെ നിയമിക്കുക, ആവശ്യമായത്രയും ഉദ്യോഗസ്ഥരെ നിയമിക്കുക, പര്യാപ്തമായ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുക, ആശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുക- എന്നീ കാര്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ചെയ്താൽ ഇല്ലായ്മകൾമാത്രം കൈമുതലായുള്ള ഈ സ്ഥാപനത്തെ രക്ഷിക്കുവാനും, അങ്ങനെകർഷകരുടെ പ്രതീക്ഷയായി ഉയരുവാനും കഴിയും. ഒന്നാം വാർഡിൽ, ആശുപ്രതിക്ക് സ്വന്തം കെട്ടിടം പണിയാനാവശ്യമായ സ്ഥലം ജലസേചനവകുപ്പിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി ഏതാണ്ട് പൂർത്തിയായി കഴിഞ്ഞതാണ്. 9-ാം വാർഡിൽ ആശുപത്രി സ്ഥാപിക്കാനാവശ്യമായ സ്ഥലം ലഭ്യമാണ്.

4. ആട്, കോഴി എന്നിവ സഹകരണാടിസ്ഥാനത്തിൽ വളർത്തി ഈ രംഗത്ത് ഒരു പരിധിവരെ പര്യാപ്തത കൈവരിക്കാൻ കഴിയും. 2,4,5,6,8,9- എന്നീ വാർഡുകൾ ഈ സംരംഭത്തിന് തയ്യാറാണ്. ഓരോ കോഴി, ഓരോ വീട്ടിലും വളർത്താനായി നൽകുക എന്ന ആശയവും ഗുണകരമാണ്.

5. ഒരു 'എഗ്ഗർ നഴ്സറി' സ്ഥാപിച്ച്, പഞ്ചായത്തിൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ കോഴിവളർത്തൽ സംരംഭകർക്കിടയിൽ വിതരണം ചെയ്യുന്നത് ഏറെ ഗുണകരമായിരിക്കും.

6. വളർത്തു മൃഗങ്ങളെ വാങ്ങാൻ ലോൺ സൗകര്യങ്ങൾ ഉണ്ടെങ്കിലും, ഇത് ലഭിക്കുന്നതിനുള്ള കടമ്പകൾ ഏറെയാണ്. സാങ്കേതിക തടസ്സങ്ങൾ കുറച്ച്, തികച്ചും ലളിതമാർഗ്ഗത്തിലൂടെ സാമ്പത്തികസഹായം ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഈ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ സഹായകമാണ്.

7. ഈ മേഖലയുടെ പരോഗതിക്കായി കാലാകാലങ്ങളിൽ രൂപം നൽകുന്ന പല പദ്ധതികളും, സാമ്പത്തിക ആനുകൂല്യങ്ങളും ഗുണഭോക്താക്കൾ അറിയുന്നത് പലപ്പോഴും വളരെ വൈകിയാണ്, അല്ലെങ്കിൽ തീരെ അറിയുന്നില്ല. പദ്ധതികളെക്കുറിച്ചും, ആനുകൂല്യങ്ങളെക്കുറിച്ചും ഗുണഭോക്താക്കളെ അതാതുസമയങ്ങളിൽ അറിയിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സാംസ്കാരിക സംഘടനകൾ, സന്നദ്ധസം

ഘടനകൾ, വായനശാലകൾ തുടങ്ങിയ സൗകര്യങ്ങൾ ഇതിനായി നിർലോഭം ഉപയോഗിക്കാവുന്നതാണ്. കൂടാതെ വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, വി.ഇ.ഒ. ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ നോട്ടീസ് പതിക്കുന്നതും, പഞ്ചായത്ത് ഓഫീസിൽ ഒരു അറിയിപ്പുകേന്ദ്രം (Information Centre) തുടങ്ങുന്നതും ഗുണകരമായിരിക്കും.

8. സൈലേജ് നിർമ്മാണത്തിൽ വിദഗ്ധ പരിശീലനം നൽകുകയും, സാമ്പത്തികസഹായം ലഭ്യമാക്കുകയും വഴി, തീറ്റപ്പുൽ ലഭ്യത കൂടുതലുള്ള സമയത്ത്, ക്ഷാമകാലത്ത് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ സംഭരിച്ചു വെക്കാൻ കഴിയും. ഇത് തീറ്റപ്പുൽക്ഷാമത്തിന് ഒരു വലിയ പരിഹാരമാകും.

9. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ മാതൃകാ ഡയറിയൂനിറ്റ് സ്ഥാപിച്ചും, തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം ലളിതമായ രീതിയിൽ ലഭ്യമാക്കിയുംകന്നുകാലിമേഖലയുടെ പ്രശ്നങ്ങൾ ലഘൂകരിക്കാൻ കഴിയും.

10. പ്രത്യേക ഘടകപദ്ധതി പ്രകാരം, സമൂഹത്തിൻെറ പുറംകാൽ തൊഴി ഇന്നും അനുഭവിക്കുന്ന പട്ടികജാതിക്കാർക്ക് കന്നുകാലികളെ വളർത്താനുള്ള സഹായം ലഭ്യമാക്കുക വഴി, ഈ വിഭാഗത്തിൽ പെട്ട ധാരാളം പേർക്ക് ജീവിതനിലവാരം മെച്ചപ്പെടുത്താനും, കന്നുകാലിമേഖല സമ്പന്നമാക്കാനും കഴിയും.

11. മൃഗസമ്പത്തിൻെറ വളർച്ചയ്ക്ക് ഏറെ ഗുണകരമായി തീരുന്ന മറ്റൊരു പദ്ധതി കന്നുകാലി ഇൻഷൂറൻസാണ്. വിവിധങ്ങളായ കാരണങ്ങളാൽ കന്നുകാലികളുടെ ജീവനഷ്ടത്തിലൂടെ കർഷകർക്കുണ്ടാകുന്ന സാമ്പത്തികനഷ്ടം ഒരളവോളം കുറയ്ക്കാൻ ഇത് സഹായകമാണ്.

12. മറ്റേത് രംഗത്തേയും പോലെ ഈ മേഖലയും നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം, പുത്തൻ തലമുറയുടെ പ്രത്യേകിച്ച് അഭ്യസ്തവിദ്യരുടെ പുറംതിരിഞ്ഞ സമീപനമാണ്. ക്രിയാത്മകമായ ബോധവൽക്കരണത്തിലൂടെ ഈ ദുഷ്പ്രവണതമാറ്റിയെടുക്കേണ്ടത് നാളെയുടെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. പാഠ്യപദ്ധതിയിലൂടെ മൃഗപരിപാലനത്തെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് നൽകിയും, കന്നുകാലി പ്രദർശനം, സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചും ഈ വിമുഖത മാറ്റിയെടുക്കാൻ കഴിയും.

13. കന്നുകാലി വളർത്തൽ സജീവമാകുന്നതിൻെറ ഫലമായി ഏറ്റവും വലിയ നേട്ടം ഉണ്ടാകുന്നത് ഒരു പക്ഷെ സ്ത്രീകൾക്കായിരിക്കും. സ്ത്രീപുരുഷ അസമത്വത്തിനുള്ള കാരണങ്ങളിൽ ഒന്ന് ഉല്പാദനമേഖലയിൽ സ്ത്രീ പങ്കാളിത്തം ഇല്ല എന്നുള്ളതാണ്. ഉല്പാദന മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉണ്ടായിരുന്ന ആദ്യനാളുകളിൽ ഇത്ര രൂക്ഷമായ അസമത്വം ഇല്ലായിരുന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഉല്പാദന മേഖലയിൽ നിന്നും ആട്ടിയകറ്റപ്പെട്ടതോടെ, സമൂഹത്തിൻെറ മുമ്പന്തിയിൽ നിന്നും സ്ത്രീ പുറംതള്ളപ്പെടുകയായിരുന്നു. മറ്റേത് മേഖലയേക്കാളും ഉപരി സ്ത്രീകൾക്ക് സജീവമായി ഇടപെടാൻ കഴിയുന്ന ഒരുല്പാദന മേഖല ഇതായിരിക്കും.

14. വളർത്തുപട്ടികളെ പരിപാലിക്കുന്നതിൽ നാം വെച്ചുപുലർത്തുന്ന അലംഭാവം, പിന്നീട് ഗുരുതരമായ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. അലഞ്ഞ് തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക, പ്രതിരോധകുത്തിവെപ്പ് നിർബന്ധിതമാക്കുക, ലൈസെൻസിംഗ് കർശനമാക്കുക, ഒപ്പം തെരുവുകളിലെ ഭക്ഷ്യാവശിഷ്ട ലഭ്യത ഇല്ലാതാക്കുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

## മത്സ്യബന്ധനം

മൃഗപരിപാലനവുമായി ബന്ധപ്പെട്ട മറ്റൊരുമേഖലയാണ് ജലകൃഷി. ജലാശയങ്ങളുമായി ബന്ധപ്പെടുത്തി ജലസസ്യങ്ങളുടെയും, ജലജന്തുക്കളുടെയും ശാസ്ത്രീയ രീതിയിലുള്ള കൃഷിയാണ് ജലകൃഷി. ജലസ്രോതസ്സുകളാൽ സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത് എന്ന് പട്ടിക-3 വ്യക്തമാക്കുന്നു.

പട്ടിക - 3

കുളം-തോട്-മത്സ്യം

| | ഇനം | എണ്ണം |
|---|---|---|
| 1 | പൊതുകുളം | 1 |
| 2 | സ്വകാര്യകുളം | 151 152 |
| 3 | മത്സ്യ കൃഷിയുള്ളത് | 1 |
| 4 | മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ളത് | 40 |
| 5 | തോടുകൾ | 23 |
| 6 | മത്സ്യവില്പന കേന്ദ്രങ്ങൾ | 17 |
| 7 | ഒരു മാസം വില്ക്കുന്നമത്സ്യം | ആറ് ലക്ഷത്തിലധികം രൂപയുടേത്. |

അവലംബം: വാർഡുതല വിവരശേഖരണം

ഏറ്റവും വലിയ കുളമായ നൊച്ചാട് ശ്രീ.നരസിംഹമൂർത്തിക്ഷേത്രക്കുളം മുതൽ ചെറുതും വലുതുമായി പട്ടിക-3ൽ പറഞ്ഞിട്ടുള്ളത്രയും വിപുലമായ ജലസമ്പത്ത് നമുക്ക് ഉണ്ടായിരുന്നിട്ടും, ഇവയൊന്നുംതന്നെ നാം മത്സ്യകൃഷിക്കോ. എന്തിനധികം ജലസേചനത്തിനോപോലും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് വേദനകരമായ വസ്തുത. ഈ വിപുലമായ ജലശേഖരത്തിൽ ഒരിടത്തുമാത്രം-ഇരട്ടക്കുളം- അതും നാമമായ തോതിൽ മാത്രം- മത്സ്യം വളർത്തൽ നടക്കുന്നു. പഞ്ചായത്തിലെ 17 മത്സ്യവിപണന കേന്ദ്രത്തിലൂടെമാത്രം പ്രതിമാസം 6 ലക്ഷത്തിലധികം രൂപയുടെ മത്സ്യവില്പന നടക്കുന്നു എന്നറിയുമ്പോൾ മാത്രമേ ഈ മേഖലയുടെ പ്രാധാന്യം നമ്മുടെ ഉള്ളിൽ തട്ടുന്നുള്ളൂ.

വലിയ മുതൽ മുടക്കില്ലാതെ, നല്ല സാമ്പത്തികലാഭം നേടാനും, ഒപ്പം പോഷകക്കമ്മി പരിഹരിക്കാനും, എല്ലാറ്റിനും ഉപരിയായി വർദ്ധിച്ചതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും, മത്സ്യകൃഷിയിലൂടെ കഴിയും. വിവിധങ്ങളായ മത്സ്യകൃഷിരീതികൾ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപ്രത്യേകതകൾക്കനുയോജ്യമായത് ശുദ്ധജല മത്സ്യ കൃഷിയും, ഇന്ന് ഏറെ പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന അലങ്കാരമത്സ്യകൃഷിയുമാണ്. ഇത്രയേറെ വിപുലമായ സാദ്ധ്യതകൾ ഉള്ളതാണ് മത്സ്യകൃഷി രംഗം എങ്കിലും ഈ മേഖലയും ഭീഷണികളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും മുക്തമല്ല.

## പ്രശ്നങ്ങൾ സാദ്ധ്യതകൾ

1 മത്സ്യസമ്പത്ത് നേരിടുന്ന പ്രധാനപ്രശ്നം ഗുരുതരമായ മത്സ്യക്ഷാമമാണ്. കൃത്യമായി കാരണം കണ്ടെത്താൻ കഴിയാതെ മത്സ്യരോഗത്തിലൂടെ തിട്ടപ്പെടുത്താൻ കഴിയാത്ത സമ്പത്താണ് നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. ഗുരുതരമായ പാരിസ്തിക പ്രശ്നങ്ങൾ ഉയർത്തുന്ന അമിതമായ കീടനാശിനി-രാസവള പ്രയോഗത്തിലൂടെയും, ഒരു വലിയ ഭീഷണിയായി വളർന്നുകൊണ്ടിരിക്കുന്ന ആഫ്രിക്കൻ പായൽ വ്യാപനത്തിലൂടെയും, താല്ക്കാലികലാഭം മുന്നിൽ കണ്ടുകൊണ്ടുള്ള നഞ്ചുകലക്കുന്നതിലൂടെയും, മൺമറഞ്ഞ്പോകുന്ന കുളങ്ങളും, വയലുകളും, പകരം ഉയരുന്ന കോൺക്രീറ്റ് സൗധങ്ങളും എല്ലാം തുടച്ചുനീക്കുന്നത് അമൂല്യമായ മത്സ്യസമ്പത്താണ്. ഒരു കാലത്ത് സുലഭമായിരുന്ന വരാൽ(കൈച്ചിൽ), കടുങ്ങാലി, മലിഞ്ഞിൽ തുടങ്ങിയവ പൂർണമായും ദൃഷ്ടിപഥത്തിൽ നിന്നും മറയാൻ ഇനി ഏറെസമയം വേണ്ട. കുളങ്ങളും, വയലുകളും നികത്തുന്നത് കർശനമായി തടയുകയും, അമിതമായ കീടനാശിനി-രാസവള പ്രയോഗങ്ങൾ നിരോധിച്ചും, നഞ്ചു കലക്കുക തുടങ്ങിയ അതിക്രമങ്ങൾ തടഞ്ഞും ഒരു പരിധിവരെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ആഫ്രിൻക്കൻ പായൽ, ശാസ്ത്രീയവും, ഫലപ്രദവുമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നിർമ്മാർജ്ജനം ചെയ്യേണ്ടത് മൊത്തം കാർഷിക മേഖലയുടെ നിലനില്പിന് അനിവാര്യമാണ്. അതായത് അവശേഷിക്കുന്ന ജലസ്രോതസ്സുകൾ നിലനിർത്തിയും, ജലമലിനീകരണം തടഞ്ഞും ഈ സമ്പത്ത് സംരക്ഷിക്കാൻ കഴിയും എന്ന് സാരം.

2. വർദ്ധിച്ച തോതിൽ ഉയരുന്ന തവള-മത്സ്യ ശോഷണം കൊതുകുശല്യത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു എന്നത് എടുത്തുപറയേണ്ടകാര്യമാണ്.

3. മത്സ്യകൃഷിയെക്കുറിച്ച്, അതിന്റെ അനന്തസാദ്ധ്യതയെക്കുറിച്ച് ബഹുഭൂരിപക്ഷവും ഇന്ന് വേണ്ടത്ര ബോധവാന്മാരല്ല. ഇവർക്കിടയിൽ ബോധവൽക്കരണം നടത്തിയും, ആകർഷകമായ പദ്ധതികൾ നടപ്പിലാക്കിയും ഈ രംഗത്ത് കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയും. സാമ്പത്തിക സഹായത്തിന് വിപുലമായ സർക്കാർ ഏജൻസികൾ രംഗത്തുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമാണ് എന്ന് പറയാൻ നിർവ്വാഹമില്ല.

4. ആകെയുള്ള 152 കുളങ്ങളിൽ ഒട്ടുമിക്കവയും, മത്സ്യകൃഷിക്ക് അനുയോജ്യമാണ്. എങ്കിലും എല്ലാ വാർഡുകളിലുമായി 40-ഓളംകുളങ്ങൾ മത്സ്യകൃഷിക്ക് ഏറെ സാദ്ധ്യതയുള്ളവയാണ്. ജലസേചനത്തിനുമാത്രമായി ഉപയോഗിക്കുന്ന കുളങ്ങൾ മത്സ്യകൃഷിക്ക് എന്തുകൊണ്ടും അനുയോജ്യമാണ്.

5. ലക്ഷക്കണക്കിന് രൂപയുടെ മത്സ്യം നമ്മുടെ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നത് മത്സ്യമാർക്കറ്റുകളിലോ, ഷെഡ്ഡുകളിലോ, വേണ്ടത്ര ശുചിത്വമുള്ള സ്ഥലങ്ങളിലൂടെയോ അല്ല എന്നതാണ് യാഥാർത്ഥ്യം. മത്സ്യമാർക്കറ്റിനായി അഞ്ചാം പീടികയിൽ പഞ്ചായത്ത് വാങ്ങിയിരിക്കുന്ന ഏഴ്സെൻറ് ഭൂമിയിൽ മത്സ്യമാർക്കറ്റ് പണിയുകയും, മറ്റുള്ള സ്ഥലങ്ങളിൽ ഷെഡ്ഡുകൾ പണിയുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

6. ചെറുകിട ജലാശയങ്ങളിലും, മത്സ്യകൃഷിനടത്താൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയാൽ ഈ രംഗം ഏറെ സജീവമാക്കാൻ കഴിയും.

7. വികസനരംഗത്ത്, ഇന്ന് അവസാന വാക്കായി പറഞ്ഞുകേൾക്കാറുള്ള ടൂറിസം മേഖലയിൽ അലങ്കാരമത്സ്യകൃഷിക്ക് നല്ല സാദ്ധ്യതയാണ് ഉള്ളത്. വ്യാപകമായ ബോധവൽക്കരണം ഈ മേഖലയിലും അനിവാര്യമാണ്.

## സമ്മിശ്രകൃഷി

മൃഗങ്ങളെയും, പക്ഷികളെയും, മത്സ്യങ്ങളെയും കൂട്ടിച്ചേർത്തുള്ള കൃഷിരീതിയാണ് സമ്മിശ്രകൃഷി. മൂന്ന്പശു, മൂന്ന് ആട്, 5+1 പന്നി, മുയലുകൾ, 25 കോഴി, മത്സ്യക്കുളം ഇത്രയും ചേർന്നാൽ ഒരു സമ്മിശ്ര കൃ,ഷിയൂനിറ്റായി. കോഴിക്കാട്ടം പന്നിക്ക് ആഹാരമായും, പന്നിക്കാട്ടം മത്സ്യങ്ങൾക്കാഹാരമായും ഉപയോഗിക്കുകവഴി വളർത്തൽ ചിലവ് ക്രമാതീതമായി കുറയ്ക്കാൻ ഈ രീതിയിലൂടെ കഴിയും. നിർഭാഗ്യവശാൽ ഈ രംഗവും ഇന്ന് വേണ്ടത്ര വളർച്ച പ്രാപിച്ചിട്ടില്ല. ക്രിയാത്മകവും, ഫലപ്രദവുമായ ബോധവൽക്കരണത്തിലൂടെയും, പദ്ധതികളിലൂടെയും ഈ പുത്തൻ ഉല്പാദനരംഗത്തേക്ക് കൂടുതൽ സംരഭകരെ ആകർഷിക്കാൻ കഴിയും.

4

# വ്യവസായം

വ്യാവസായികരംഗത്ത് എടുത്തുപറയത്തക്ക ഭൂതകാലചരിത്രം നമ്മുടെ പഞ്ചായത്തിനില്ല. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ധാരാളമുള്ള പഞ്ചായത്താണിത്. അവരിലൊരുവിഭാഗം സാങ്കേതികവിദ്യാഭ്യാസം നേടിയവരാണ്. അവർക്കു തൊഴിൽ കണ്ടെത്താൻ കഴിയുക പ്രധാനമായും വ്യവസായരംഗത്താണ്. വ്യവസായം സജീവമാക്കണമെങ്കിൽ അതിനു തക്ക അന്തരീക്ഷം വേണം- വ്യവസായത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം നിലനിൽക്കുന്നു. റോഡൊഴികെ മറ്റടിസ്ഥാനസൗകര്യങ്ങളൊന്നുമില്ലെന്നു പറയാം- വൈദ്യുതിയുടെ കാര്യത്തിലാണേറെകമ്മി- ആത്മധൈര്യത്തോടെ സംരംഭകർ ഈ രംഗത്ത് കടന്നുവരുന്നില്ല- ഉത്തരവാദിത്വമേറ്റെടുക്കുന്നതിലുള്ള വിമുഖത ഒരു സാംസ്കാരികപ്രശ്നം കൂടിയാണ്- തയ്യാറായിവരുന്നവരെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും നൂലാമാലകൾ വലയ്ക്കുന്നു. അസംസ്കൃതപദാർത്ഥങ്ങളുടെ ലഭ്യത-ഉല്പന്നങ്ങളുടെ വിപണനസാധ്യത എന്നിവ പരിഗണിച്ചു സ്ഥായിയായ ഒരു സംരംഭം എന്ന നിലയ്ക്ക് നടത്തിക്കൊണ്ടുപോകുന്നതിൽ പരാജയം സംഭവിക്കാറുണ്ട്- ആഗോളതലത്തിൽ തന്നെയുള്ള വൻകിട ഉല്പാദകരോടുപോലും മത്സരിക്കേണ്ടുന്ന പുത്തൻ സാമ്പത്തികസാഹചര്യത്തിനുമുമ്പിൽ ഗ്രാമീണ വ്യവസായസംരംഭകൻ മുട്ടുവിറച്ചുനിന്നുപോകുന്ന അവസ്ഥയുമുണ്ട്- എന്നാൽ നിലനില്ക്കുന്ന ഉപഭോകൃത സംസ്കാരത്തിലിടപ്പെട്ടു ഗുണപരമായ മാറ്റം വരുത്തിയും പുത്തൻ സാങ്കേതിക വിദ്യകൾ ആവോളം നേടിയെടുത്തും ഉല്പന്നങ്ങൾക്കു വൈവിധ്യം വരുത്തിയും പുതിയ സംരംഭങ്ങൾ നടക്കേണ്ടതുതന്നെ. സ്വായത്തമാക്കിയ സാങ്കേതിക വിദ്യ പ്രയോഗിച്ചു സ്വന്തമായ എന്തെങ്കിലും വരുമാനമുണ്ടാക്കണമെന്ന ആഗ്രഹം മുൻനിർത്തി നിരവധി ചെറുകിട സംരംഭങ്ങൾ സംബന്ധിച്ചു നിർദ്ദേശങ്ങൾ ഗ്രാമസഭ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്.

സ്വകാര്യമേഖലയിലും പൊതുമേഖലയിലും സഹകരണമേഖലയിലുമായി പറയത്തക്ക് ചെറുകിട-വൻകിട വ്യവസായ സംരംഭങ്ങൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലില്ല. പൊതുമേഖലയിൽ തുടക്കം കുറിച്ച പദ്ധതികളാവട്ടെ സാങ്കേതികവും - സാമ്പത്തികവുമായ പ്രശ്നങ്ങളാൽ ഇരുളടഞ്ഞിരിക്കുകയുമാണ്. വ്യവസായ മേഖലകളിൽ ഭൂരിഭാഗംതൊഴിലാളികളും പരമ്പരാഗത-കെട്ടിടനിർമ്മാണമേഖലകളിലുള്ളവരാണ്. തൊഴിലാളികളിൽ തന്നെ അധികവും സ്ത്രീകളാണ്. വൻകിട വ്യവസായത്തിൻെറ സാദ്ധ്യതകളെകുറിച്ച് ഇതേവരെ പരിശോധിക്കുവാൻപോലും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും- പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതുമായ സ്വകാര്യ- പൊതുമേഖലാവ്യവസായസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഏകദേശവിവരം ചുവടെ കൊടുക്കുന്നു.

## പരമ്പരാഗത വ്യവസായങ്ങൾ

ഈ മേഖലയിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രധാനമായും കുടിൽവ്യവസായമായാണ് നടന്നുവരുന്നത്. പായനെയ്ത്ത്, കുട്ടമടയൽ, ഓലക്കുടനിർമ്മാണം എന്നിവയാണ് പ്രധാനമായും കണ്ടുവന്നത്. ഈ മേഖലയിൽ നിലവിലുണ്ടായിരുന്ന കുടുംബങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ഇതിനു പ്രധാനമായും നിലനിൽക്കുന്ന പ്രശ്നങ്ങൾ സംരംഭകർക്കു സാമ്പത്തികസഹായം വേണ്ടത്ര ലഭിക്കുന്നില്ല എന്നതും ഇവർക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നില്ല എന്നതും, സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല എന്നുള്ളതുമാണ്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഈ തൊഴിൽ മേഖലയിൽ സ്ഥിരമായി നിലനിർത്തുന്നതിനും ആവശ്യമായ നിർമ്മാണ വസ്തുക്കൾ വളർത്തിയെടുക്കുവാൻ പദ്ധതി തയ്യാറാക്കുകയും വേണം. ഇത്തരം വ്യവസായങ്ങളിലേർപ്പെടുന്ന കുടുംബങ്ങളെ സംബന്ധിച്ചും വാർഡ് തലത്തിൽ സഹായം ലഭിച്ചവരുടെയും ഇനി സഹായത്തിന് അർഹതയുള്ളവരുടെയും കൈതൊഴിലുകാരുടെ എണ്ണവും പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 1

| വാർഡ് | IRDP സർവ്വെപ്രകാരം ഗ്രാമീണകൈതൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | സഹായം ലഭിക്കാൻ അർഹരായ ബാക്കിയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 19 | 3 | 16 |
| 2 | 11 | 5 | 6 |
| 3 | 8 | 6 | 2 |
| 4 | 8 | 3 | 5 |
| 5 | 5 | 4 | 1 |
| 6 | 6 | 2 | 4 |
| 7 | 13 | 3 | 10 |
| 8 | 5 | 1 | 4 |
| 9 | 15 | 7 | 8 |
| 10 | 18 | 4 | 14 |
| ആകെ | 108 | 38 | 70 |

## കള്ള് ചെത്ത് വ്യവസായം

വളരെക്കാലമായി നിലനിന്നുവരുന്ന ഒരു വ്യവസായമാണിത്. 1950കളിൽ ഈ വ്യവസായമേഖലയിൽ രൂപീകരിച്ച് ചക്കര സൊസൈറ്റി രൂപംകൊടുത്തുകൊണ്ടാണ് ആരംഭിച്ചിരുന്നത്. ഈ മേഖലയിൽ ഇപ്പോൾ 27 തൊഴിലാളികളാണുള്ളത്. ഇതിൽ അധികപേരും മറ്റ് പ്രദേശങ്ങളിൽ നിന്നും വന്ന് ജോലിനേടിയവരാണ്. ഈ മേഖലയിലെ തൊഴിലാളികൾ ഇന്ന് വലിയ ഭീഷണിയെ നേരിടുകയാണ്. ആവശ്യത്തിന് തെങ്ങ് കിട്ടുന്നതിലെ ബുദ്ധിമുട്ട്.കള്ളിന്റെ വിലയിലുള്ള വർദ്ധനവ്, മദ്യനിരോധനത്തിന്റെ ഭാഗമായി ജനങ്ങളിൽ ഉണ്ടായിട്ടുള്ള പുതിയ സമീപനം എന്നിവ ഈ മേഖലയിക്ക് ഭീഷണിയായിതീർന്നിട്ടുണ്ട്. പഞ്ചായത്തിലെ ഈ മേഖലയിലെ തൊഴിലാളികവുടെ പട്ടിക താഴെ കൊടുക്കുന്നു. വിൽപനകേന്ദ്രത്തിന്റെ പേരും ഒപ്പം ചേർക്കുന്നു.

പട്ടിക:2

| വാർഡ് | സ്ഥലം എണ്ണം | തൊഴിലാളികളുടെ നിന്നുള്ളവർ | പുറത്തു | നാട്ടിലുള്ളവർ |
|---|---|---|---|---|
| 1 | അഞ്ചാംപീടിക | – | 5 | |
| | | | 5 | 3 |
| 4 | ചേനോളി | | 3 | 2 |
| 5 | കൈതക്കൽ | | | |
| 6 | പുളിയോട്ട്മുക്ക് | | | |
| 9 | ചാലിക്കര | | | |
| | | ആകെ | | 27 |

ഇതിൻെറ അനുബന്ധത്തിൽ മേഖലയെന്ന നിലയിൽ സുർക്ക നിർമ്മാണം, ചക്കര നിർമ്മാണം തുടങ്ങിയ യൂനിറ്റുകൾ വളർത്തിയെടുത്താൽ നന്നായിരിക്കും.

## മെറ്റൽ നിർമ്മാണവ്യവസായം

DWERA പദ്ധതിയിൽ ഒന്നും സ്വകാര്യവ്യക്തികളുടെ നടത്തിപ്പിൻകീഴിൽ 20ൽ പരം യൂണിറ്റുകളിലുമായി സ്ത്രീകൾ തൊഴിലെടുത്തുവരുന്ന മെറ്റൽ നിർമ്മാണ യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു. കെട്ടിടനിർമ്മാണത്തിനുള്ള അനുകൂലസാഹചര്യം, പ്രവർത്തനമൂലധനക്കുറവ്, മുടക്ക് മുതലിന് ലഭിക്കുന്ന ലാഭത്തിലെ വർദ്ധനവും കരിങ്കൽ സുലഭമായി ലഭിക്കുന്ന അവസ്ഥ എന്നിവയും ഈ മേഖലക്ക് വളരാൻ സഹായകരമായിട്ടുണ്ട്. ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതിയിൻ കീഴിൽ 10 വനിതകളെ ഉൾപ്പെടുത്തി 6-ാം വാർഡിൽ ആരംഭിച്ച മൈത്രി മെറ്റൽ നിർമ്മാണയൂണിറ്റിൻെറ പ്രവർത്തനം ഇത്തരം സംരംഭങ്ങളെ വളർത്തിയെടുക്കാൻസാധിക്കുമെന്ന് കാണിക്കുന്നു. വായ്പകളിലൂടെ സഹായിച്ചും തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തിയും ഇത്തരം യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കാൻ കഴിയും.

### മൈത്രി മെറ്റൽ നിർമ്മാണയൂണിറ്റ്: ഒരവലോകനം

| | |
|---|---|
| സൗത്ത് മലബാർ ഗ്രാമീണബാങ്ക് ചാലിക്കര | |
| അനുവദിച്ച വായ്പാ തുക | 30,000ക |
| റിവോൾവിങ്ങ് ഫണ്ട് | 20,000ക |
| വായ്പതുക വാങ്ങിയത്: | 10,000ക |
| ഷെഡ് | 3,000ക |
| ടൂൾസ് | 2,500ക |
| പ്രവർത്തന മൂലധനം | 4,500ക |
| പ്രവർത്തനാരംഭം 1993 മാർച്ച് 18 | |
| 96 സപ്തംബർ വരെ | |
| മെറ്റൽ ഉൽപാദനം | 75 ലോഡ് |
| തൊഴിലെടുക്കുന്നവർ | 10 |
| തൊഴിലാളികളുടെ കൂലി: | 7രൂപ/പെട്ടി |
| തൊഴിലാളികളുടെ ബോണസ്സ്: | 2,000ക |
| ബാങ്കിൽ തിരിച്ചടവ്: | 13,000ക |
| ബാങ്കിൽ എസ്.ബി. ഡിപ്പോസിറ്റ്: | 1,500ക |

## കെട്ടിടനിർമ്മാണം

പഞ്ചായത്തിൻെറ ഭൂപരമായ ഘടനയിൽ കെട്ടിടനിർമ്മാണ സാമഗ്രികൾ(ചെങ്കൽ,കരിങ്കൽ എന്നിവ) സുലഭമായി ലഭിക്കുന്നതിന് കൂടുതൽ സാദ്ധ്യതകൾ ഉള്ളതിനാൽ ഈ മേഖലയിൽ നിരവധി കുടുംബങ്ങൾ തൊഴിലെടുക്കുന്നു. എന്നാൽ ഗതാഗതസൗകര്യക്കുറവ്, ജിയോളജിക്കൽ ഡിപ്പാർട്ട്മെൻറിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ, പരിസ്ഥിതിസംബന്ധമായ പ്രശ്നങ്ങൾ എന്നിവ കാരണം ഈ മേഖല വിപുലപ്പെടുത്തുന്നതിന് കഴിയുന്നില്ല. സ്വകാര്യവ്യക്തികളുടെയും- ഹരിജൻ ലേബർസൊസൈറ്റിയുടെയും കീഴിൽ പഞ്ചായത്തിൽ ഇത്തരം ക്വാറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ മേഖലയെ ഉപയോഗപ്പെടുത്തി ബ്രിക്സ് നിർമ്മാണകേന്ദ്രം കൂടി ആരംഭിക്കത്തക്കനിലയിൽ പഞ്ചായത്ത് തലത്തിൽ കൺസ്ട്രക്ഷൻവർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് രൂപം കൊടുക്കാൻ ഗ്രാമസഭകളിലെ നിർദ്ദേശങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെങ്കൽ/കരിങ്കൽ ക്വാറികളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക 3

| വാർഡ് | ചെങ്കൽ ക്വാറി എണ്ണം | തൊഴിലാളികളുടെ എണ്ണം | കരിങ്കൽ ക്വാറി | തൊഴിലിൽ |
|---|---|---|---|---|
| 1 | 3 | 40 | 1 | 5 |
| 2 | 2 | 25 | 1 | 16 |
| 4 | 2 | 1 | 3 | 40 |
| 5 | 6 | 70 | 4 | 50 |
| 6 | 3 | 12 | 1 | 20 |
| 7 | 2 | 25 | 1 | 30 |
| 8 | 7 | 200 | 2 | 30 |
| 9 | 1 | 12 | | |
| 10 | 2 | 40 | 2 | 25 |
| ആകെ | 25+ | 402+ | ആകെ 14+1 | 211+5 |
| | 3 | 40 | 15 | 217 |

(അവലംബം: വാർഡുതല വിവരശേഖരണം)

## പൊതുമേഖലയിലെ വ്യവസായങ്ങൾ

പൊതുമേഖലയിൽ പ്രവർത്തനമാരംഭിച്ചതും, ആരംഭിക്കാത്തതുമായി 2 വ്യവസായയൂണിറ്റുകളാണ് പഞ്ചായത്തിൽ ഉള്ളത്. തൊഴിൽ അന്വേഷകരുടെ സഹകരണത്തോട് കൂടിയാണ് ഈ സംരംഭങ്ങളത്രയും സ്ഥാപിക്കാൻ കഴിഞ്ഞത്.

### എ) ഖാദിനൂൽ നൂൽപ്-നെയ്ത്ത്കേന്ദ്രം

പഞ്ചായത്തിൻെറ ശ്രമഫലമായി 1980-ൽ പ്രവർത്തനത്തിന് തുടക്കംകുറിച്ച ഈ സ്ഥാപനത്തിന് 8-ാം വാർഡിൽ മുളിയങ്ങലിൽ 33 സെൻറ് സ്ഥലം സ്വന്തമായിട്ടുണ്ട്. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ: പി.എം. ചോയിയുടെ നേതൃത്വത്തിൽ ഈ കേന്ദ്രത്തിൽ തൊഴിലെടുക്കാൻ താൽപര്യമുള്ള വരിൽ നിന്നും 500 രൂപ വീതം ശേഖരിച്ചുകൊണ്ടാണ് ഭൂമിവാങ്ങിയത്. കേരളഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിനു കീഴിൽ 1983-ൽ അന്നത്തെ ഉപമുഖ്യമന്ത്രി ശ്രീ: സി.എച്ച്. മുഹമ്മദ്കോയ ഈ സ്ഥാപനത്തിൻെറ സ്വന്തം കെട്ടിടത്തിൽ യൂണിറ്റ്

ഉദ്ഘാടനം ചെയ്തു. 58സ്ത്രീകൾവരെ ഈ സ്ഥാപനത്തിൽ തൊഴിലെടുക്കാനുണ്ടായിരുന്നു. എന്നാൽ ഈ മേഖലയിലെ കൂലിയിലെ അപര്യാപ്തത, ഉൽപാദനത്തിലും വില്പനയിലും ഉള്ള മാന്ദ്യം, കാലഹരണപ്പെട്ട യന്ത്രത്തറികൾ എന്നീ കാരണങ്ങളാൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വ്യവസായത്തെ കൂടുതൽ ശ്രദ്ധപതിപ്പിച്ച് ആവശ്യമായ നവീകരണ നടപടികൾ സ്വീകരിച്ചാൽ വ്യവസായത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. 25 സ്പിൻറിൽ ചർക്കകൾ ഈ യൂണിറ്റിന് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മാന്യമായ കൂലി, സൗകര്യപ്രദവും ആകർഷകവുമായ തുണി വില്പനകേന്ദ്രം, മെച്ചപ്പെട്ട ഡിസൈനുകൾ, പ്രചാരണം എന്നിവവഴിയും-സ്ഥാപനത്തിനോടനുബന്ധമായി നിലവിലുള്ള സ്ഥലസൗകര്യം ഉപയോഗപ്പെടുത്തി അനുബന്ധ യൂണിറ്റുകൾകൂടി ആരംഭിച്ച് ഈ സ്ഥാപനത്തെ വളർത്തിയെടുക്കാൻ കഴിയും.

സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം, കൂലിനിരക്ക്, ഉൽപാദനം, വിതരണം എന്നിവ വർഷം തിരിച്ച് ചുവടെ കൊടുക്കുന്നു.

പട്ടിക 4

| വർഷം | തൊഴിലാളികളുടെ എണ്ണം | കൂലിനിരക്ക് ശരാശരി | ഉൽപാദനം (മീറ്ററിൽ) ദിവസത്തിൽ | വില്പന (സംഖ്യാ) | ഉപകരണങ്ങൾ |
|---|---|---|---|---|---|
| 1991-92 | 45 | 10 | 174508 | 2 ലക്ഷം | 45 ചർക്ക |
| 92-93 | 40 | 10 | 166509 | 2,15,000 | ,, |
| 93-94 | 35 | 11 | 162474 | 2,25,000 | ,, |
| 94-95 | 27 | 12 | 182535 | 2,18,000 | ,, |
| 95-96 | 20 | 12 | 118442 | 2,25,000 | ,, |

ബി) ഖാദിസോപ്പ് നിർമ്മാണയൂണിറ്റ്:

കേരള സോപ്പ് ഇൻഡസ്ട്രീസ് ഫെഡറേഷൻെറ നേതൃത്വത്തിൽ കേരള ഖാദി കമ്മീഷൻെറ അംഗീകാരത്തോടെ സൗഹൃദമഹിളാസമാജം-ചേനോളി റജി: നമ്പർ. 74/1989 ആയി റജിസ്റ്റർ ചെയ്ത പഞ്ചായത്തിലെ ഏക സോപ്പ് നിർമ്മാണയൂണിറ്റാണിത് പഞ്ചായത്തിലെ വിവിധവാർഡുകളിൽ നിന്നായി തെരഞ്ഞെടുത്ത 11 വനിതകളിൽ നിന്നും 2,500രൂപ വീതം ഷെയർ സ്വീകരിച്ച് 5 സെൻറ് സ്ഥലം സ്വന്തമായി വാങ്ങുകയും ഇന്ത്യൻബാങ്ക് തിരുവനന്തപുരം ബ്രാഞ്ച്വഴി കെട്ടിടം, മെഷിനറി, പ്രവർത്തനമൂലധനം എന്നിവക്കായി 2$^1/_2$ ലക്ഷം രൂപ വായ്പ ലഭിക്കുന്നതിനായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. കെട്ടിടനിർമ്മാണത്തിന് ബാങ്ക് അനുവദിച്ച 37,500 രൂപ ഉപയോഗിച്ച് പണി ആരംഭിച്ചുവെങ്കിലും പണത്തിൻെറ അപര്യാപ്തത കാരണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 1989-ൽ തുടക്കംകുറിച്ച ഈ സ്ഥാപനത്തിൽ ആവശ്യമായ യന്ത്രഉപകരണങ്ങളത്രയും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചാൽ കൂടുതൽ സ്ത്രീകൾക്ക് നേരിട്ടും പരോക്ഷമായും ജോലി ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. പ്രവർത്തനമാരംഭിക്കുന്നതിനുള്ള ഇന്നത്തെ പ്രശ്നങ്ങൾ:

1. പ്രവർത്തന മൂലധനത്തിൻെറ അഭാവം: കെട്ടിടനിർമ്മാണം പൂർത്തിയാക്കാനും വയറിംഗിനുമായി 90,000 രൂപ കണ്ടെത്തണം.
2. ഇപ്പോൾ ലഭിച്ചിട്ടുള്ള യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തണം.
3. കിണർ-മതിൽ എന്നിവയുടെ നിർമ്മാണവും, റിപ്പയറിംഗും നടത്തൽ
4. വൈദ്യുതി കണക്ഷൻ കിട്ടുക

സാധ്യത:

കേരളാസോപ്സ് ആൻറ് ഓയിൽസിനെ മാതൃ യൂണിറ്റായെടുത്ത് പ്രാദേശിക യൂനിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഉപയോഗിച്ചുസോപ്പുനിർമ്മിക്കുകയും പ്രാദേശിക വിപണനം സാധ്യമാകുകയും ചെയ്യാം.

## സ്വകാര്യമേഖലയിൽ ആയുർവേദമരുന്നുൽപ്പാദനയൂണിറ്റ്

ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽ കൺട്രോൾബോർഡിൻെറ അംഗീകാരത്തോടെ ആരംഭിച്ച വ്യവസായ യൂണിറ്റാണ് 6-ാം വാർഡിലുള്ള ശിവാനന്ദ ആയുർവേദഫാർമസി. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്ഥാപനങ്ങൾ വഴി ലഭിച്ച സഹായത്തോടെയാണ് ഈ സ്ഥാപനമാരംഭിക്കുവാൻ സാധിച്ചത്. പ്രോജക്റ്റ് റിപ്പോർട്ടു തയ്യാറുക്കുന്നതിൽ അനുഭവജ്ഞാനക്കുറവുണ്ടായിരുന്നു. വിപലുമായ വിപണനസാധ്യതയുണ്ടെങ്കിലും അതിനു തക്ക ഉല്പാദനശേഷി ഇപ്പോൾ സ്ഥാപനത്തിനില്ല. എന്നാൽ വിപണനത്തിനാവശ്യമായ ഉത്പാദനശേഷിയില്ലാത്ത ജില്ലയിലെ 189-ാമത് എസ്.ഐ.സി.കെ. റജിസ്ട്രേഷനുള്ള ഈ സ്ഥാപനത്തിൽ 9 പേർക്ക് നേരിട്ടും അഞ്ച് പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുന്നു. ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞാൽ കൂടുതൽ തൊഴിൽ സാധ്യത ഈ സ്ഥാപനത്തിലുണ്ട്. കൂടാതെ കുപ്പിശേഖരണം, വിറക് ശേഖരണം കമ്പോസ്റ്റ് നിർമ്മാണം, ഔഷധ തോട്ടം, അംഗീകൃത ഏജൻസികൾ എന്നീ മേഖലകളിൽ കൂടി ഇത് വ്യാപിക്കുന്നതിന് സാധിക്കും. സ്ഥാപനം നേരിടുന്ന പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാരങ്ങൾ.

1. ഗതാഗതസൗകര്യത്തിലെ കുറവ്

2. മരുന്ന് സ്ഫുടം ചെയ്യുന്നതിനായി ഉപകരണങ്ങൾ ലഭിക്കാതിരിക്കൽ

3. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലെ കാലതാമസവും, പഞ്ചായത്ത് വകുപ്പിൽ നിന്നും നിലവിൽ ലഭിച്ചിട്ടുള്ള 20 എച്ച്.പി. വൈദ്യുതി ഉപയോഗാനുമതി 30 എച്ച്.പി.യാക്കി കിട്ടുന്നതിലെ തടസ്സങ്ങൾ.

4. കെ.എഫ്.സി. മുഖേന ലഭിച്ച വായ്പാതുകയിൽ പ്രവർത്തന ആരംഭത്തിൽ കാലതാമസം നേരിട്ടതിനാൽ തിരിച്ചടിവിൽ വന്ന കാലതാമസം മൂലം ബാങ്ക് സ്വീകരിച്ച റക്കവറി നടപടികളവസാനിപ്പിച്ച് തിരിച്ചടവിൽ ബാക്കി വന്ന സംഖ്യ റിവ്യൂ ചെയ്ത് തിരിച്ചടവിന് ഗഡുക്കളനുവദിക്കുക.

5. പ്രവർത്തന മൂലധനത്തിലേക്ക് 3 ലക്ഷംരൂപ പുതുതായി ലഭിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക.

ഈ വ്യവസായത്തിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം ദിവസവേതനം എന്നിവ ചുവടെ കൊടുക്കുന്നു.

| വർഷം | എണ്ണം | സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീ കൂലി | പുരു.കൂലി | കരാർ | എല്ലാവർക്കും കൂടി മാസത്തിൽ കൂലി |
|---|---|---|---|---|---|---|---|
| 1990-91 | 4 | 2 | 2 | 30 | 40 | 2 | 2000 |
| 1995-96 | 8 | 4 | 4 | 55 | 55 | 6 | 9500 |

## ശക്തി ബേക്കറി യൂനിറ്റ്

ട്രൈസം പദ്ധതിയൻ കീഴിൽ പരിശീലനം നേടിയവരെ ഉൾപെടുത്തി ഡി.ഡബ്ല്യു.സി.ആർ.എ: പദ്ധതിയിൻ കീഴിൽ ഒന്നാം വാർഡിലെ അഞ്ചാം പീടികയിൽ പട്ടിക ജാതിയിൽപെട്ട ഒരാളും മറ്റു വിഭാഗങ്ങളിലെ പതിനൊന്നു സ്ത്രീകളും കൂടി ആരംഭിച്ച ഈ സംരംഭത്തിനു 1,02,000 രൂപയാണ് മുതൽ മുടക്ക് കണക്കാക്കിയത്. ഇതിൽ 33,996 രൂപ സബ്സിഡിയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പേരാമ്പ്ര ശാഖയാണ് വായ്പ ലഭ്യമാക്കിയത്. 1992 ഫിബ്രവരി 17ന് ഈ സ്ഥാപനത്തിൻെറ നിർമാണ പ്രവർത്തനം ആരംഭിക്കുകയുണ്ടായെങ്കിലും ഇന്നേവ

രെ ഉല്പാദനം ആരംഭിച്ചിട്ടില്ല. ട്രൈസം പരിശീലന പരിപാടിയിൽ പരിശീലനം ലഭിച്ചവരാണെങ്കിൽ പോലും വിദഗ്ദ പരിശീലനത്തിൻെറ അഭാവവും പ്രായോഗിക അനുഭവിക്കുറവും വിദഗ്ധതൊഴിലാളികളെ കിട്ടാനുള്ള പ്രയാസവുമാണ് ഉല്പാദനം ആരംഭിക്കാതിരിക്കാനുള്ള മുഖ്യകാരണങ്ങൾ. യഥാസമയം പ്രവർത്തി ആരംഭിക്കാൻ കഴിയാത്തതുമൂലം വർക്ഷെഡഡ്ഡും യന്ത്രഉപകരണങ്ങളും അപകടഭീഷണിയെ നേരിടുന്ന സ്ഥിതിയും അനതിവിദൂരമല്ല.

## കൈരളി ക്ഷീരോല്പന്ന യൂനിറ്റ്

ഗ്രാമീണ മേഖലയിൽ തൊഴിൽ അവസരം സൃഷ്ടിക്കുക, പാലിൻെറ ആളോഹരി ഉപയോഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ വച്ചുകൊണ്ടു സന്നദ്ധ സംഘടനകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1996 ജൂൺ ഏഴിനാണ് വെള്ളിയൂരിൽ കൈരളി ക്ഷീരോല്പന്ന യൂനിറ്റ് ആരംഭിച്ചത്. 67% സർക്കാർ ഗ്രാൻറും 33% സന്നദ്ധ സംഘടനയും ഏറ്റെടുത്തു നടത്തണമെന്നതാണ് വ്യവസ്ഥ. നാലുപേർക്ക് പരിശീലനം നൽകിയാണ് ആദ്യം ആരംഭിച്ചതെങ്കിലും ഇപ്പോൾ രണ്ടുപേർ മാത്രമേ ജോലിചെയ്യുന്നുള്ളൂ. ആദ്യമാസങ്ങളിൽ ലാഭകരമായിട്ടു പ്രവർത്തിച്ചുവെങ്കിലും ഇപ്പോൾ ലാഭമോ നഷ്ടമോ ഇല്ലാത്ത സ്ഥിതിയിലാണുള്ളത്. ഇപ്പോൾ മാസത്തിൽ മൂവായിരം മിഠായി മാത്രമാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. ഇത് ഉല്പാദനക്ഷമതയുടെ 40% മാത്രമെ ആവുന്നുള്ളൂ. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ മിഠായികളും സമീപസ്ഥദേശങ്ങളിൽ തന്നെ വിറ്റഴിക്കപ്പെടുന്നുണ്ട്. പാലുകൊണ്ടുള്ള വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുമെങ്കിലും ഇപ്പോൾ മിഠായി മാത്രമെ ഉൽപാദിപ്പിക്കപ്പെടുന്നുള്ളൂ. പ്രവർത്തനം ആരംഭിച്ചു ചുരുങ്ങിയ മാസം മാത്രമെ ആയിട്ടുള്ളൂ എന്നു ള്ളതുകൊണ്ടുതന്നെ പൂർണമായ അവലോകനം ഇപ്പോൾ സാദ്ധ്യമല്ല. വിലയ കമ്പനികളിൽ ഉൽപാദിപ്പിക്കപ്പെടുന്നതും പരസ്യങ്ങൾ ഏറെ ഉള്ളതുമായ ചിലയിനം മിഠായികളോടു മത്സരിച്ചു വിജയിക്കണമെങ്കിൽ ഇതു സംബന്ധമായ ജനാവബോധത്തിലും മാറ്റം വരണം. വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്നതു മൂലം റഫ്രിജറേറ്റർ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനു ഇതേവരെയും സാധിച്ചിട്ടില്ല.

"ട്രൈസം" തൊഴിൽ പരിശീലനപദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ നിന്നും അപേക്ഷ നൽകപ്പെട്ടവരിൽ നിന്നും ഇതിനകം 57 യുവതീയുവാക്കൾ പരിശീലനം സിദ്ധിച്ചവരായുണ്ട്. ഇങ്ങനെ പരിശീലനം ലഭിച്ചവരിൽ ഭൂരിഭാഗവും പരിശീലനംനേടിയെന്നതല്ലാതെ അത് ഉപയോഗപ്പെടുത്തി തൊഴിലുകളിൽ ഏർപ്പെടാൻ കഴിയാതെ വരുന്നസ്ഥിതിയാണ് നിലവിലുള്ളത്. സാമ്പത്തികമായ ബുദ്ധിമുട്ടുകളാണ് ഇതിന് പ്രധാനകാരണമെന്ന് മനസ്സിലാക്കുന്നു.

ഇത്തരം പരിശീലനം നേടിയവരെ സംബന്ധിച്ച വാർഡുതലകണക്കുകൾ വേർതിരിച്ച് ചുവടെ കൊടുക്കുന്നു.

ട്രൈസം പരിശീലനത്തിൻ കീഴിൽ വിവിധ മേഖലകളിൽ പരിശീലനം സിദ്ധച്ചവരുടെ എണ്ണവും അതുപ്രകാരം സ്വയംതൊഴിലിലേർപ്പെട്ടവരും അവശേഷിക്കുന്നവരും-ഇതര ജോലിയിലേക്ക് മാറിയവരെയും സംബന്ധിച്ച വിവരങ്ങൾ.

| | |
|---|---|
| 24 | സ്വയം തൊഴിൽ കണ്ടെത്തിയവർ |
| 18 | ഇതര ജോലിയിലേക്ക് മാറിയവർ |
| 15 | ആവശേഷിക്കുന്നവർ |

NB: ട്രൈസംപദ്ധതിയിലല്ലാതെ 9-ാം വാർഡിൽ സോപ്പ് നിർമ്മാണത്തിൽ 1 ആൾ പരിശീലനം നേടിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ മറ്റു പ്രധാന ചെറുകിടവ്യവസായ യ. ...ുകളുടെ പട്ടിക ചുവടെ കൊടുക്കുന്നു

| വാർഡ് | ടൈലറിംഗ് | റേഡിയോ ടി.വി. റിപ്പയറിംഗ് | ആശാരിപ്പണി | വയറിംഗ് | ഓട്ടോ മെക്കാനിക്ക് | പ്രിന്റിംഗ് | ബുക്ക് ബൈന്റിംഗ് | ഇലക്ട്രോണിക്സ് | ബേക്കറി | മെക്കാനിക്കൽ | പ്ലാസ്റ്റിക് ക്രാഫ്റ്റ് വർക്ക്സ് | ഖാദി വീവിംഗ് | വെൽഡിംഗ് | ടൈപ്പിംഗ് | ഫ്രൂട്ട് പ്രോസസിംഗ് | ഷീറ്റ്മെറ്റൽ | ഷീബിംഗ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | 1 | 1 | 1 | 2 | | 2 | 1 | 3 | | | | 1 | 1 | | | | | 13 |
| 2 | | 3 | | 1 | 1 | 1 | 2 | | | | 1 | | | | | | | 9 |
| 9 | 2 | | | 1 | | 1 | | 1 | | | | | | 1 | | | 1 | 7 |
| 1 | 2 | 1 | | | | 1 | | | 5 | | 2 | | | | | | | 11 |
| 4 | | | | 1 | | | | 2 | | 1 | 2 | | 1 | | | | | 7 |
| 5 | 1 | | | | | | | 1 | | | | 1 | | | | | | 3 |
| 6 | | | | 2 | | | | | | | | | | | 1 | 1 | | 4 |
| 7 | | | | | | | | | | | 1 | | | | | | | 1 |
| 8 | | | | 1 | | | | | | | | | | | | | | 1 |
| 10 | | | | | | 1 | | | | | | | | | | | | 1 |
| | | | | | | | | | | | | | | | | ആകെ | | 57 |

| സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര ജോലിയിലേക്ക് മാറിയവർ | അവശേഷിക്കുന്നവർ |
|---|---|---|
| 24 | 18 | 15 |

NB: ട്രൈസം പദ്ധതിയിലല്ലാതെ ഒമ്പതാം വാർഡിൽ സോപ്പ് നിർമാണത്തിൽ ഒരാൾ പരിശീലനം നേടിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പട്ടിക 1

പഞ്ചായത്തിലെ മറ്റു പ്രധാന ചെറുകിട വ്യവസായ യൂണിറ്റുകളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

ചെറുകിട യൂണിറ്റുകൾ(ഇനം തിരിച്ച്)

| വാർഡ് നമ്പർ | ഫ്ലോർ മിൽ | എണ്ണ യാട്ടമിൽ | സോമിൽ | ഇൻഡസ്ട്രിയൽ | വർക്ക് ഷോപ്പ് | പപ്പട നിർമ്മാണം | കൈത്തറി നെയ്ത്ത് | നീറ്റു കക്ക | ബേക്കറി | ഫർണിച്ചർ | പ്രിൻറിംഗ് പ്രസ് | അവിൽ നിർമ്മാണം | പാലുല്പന്ന നിർമ്മാണം | പാനീയ നിർമ്മാണം | ആയുർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 1 | x | 1 | x | 2 | 1 | x | x | x | x | x | x | x | x |
| 2 | 1 | x | x | 1 | x | x | 2 | x | x | 1 | 2 | x | x | x | 1 |
| 3 | 1 | x | x | x | x | x | 4 | 1 | x | 2 | x | x | x | x | x |
| 4 | 1 | x | x | x | x | 1 | x | x | 1 | 3 | x | x | x | x | x |
| 5 | 1 | x | x | 1 | 2 | x | x | x | x | 3 | 1 | x | x | x | x |
| 6 | x | x | x | x | x | x | x | x | x | x | x | x | x | x | x |
| 7 | x | x | x | x | x | x | x | x | x | x | x | x | x | x | x |
| 8 | x | x | 1 | x | x | x | x | x | 1 | 1 | x | x | x | x | x |
| 9 | 1 | x | x | x | x | 1 | x | x | x | x | 1 | 1 | 1 | 1 | x |
| 10 | x | x | x | x | x | x | x | x | x | 1 | x | x | x | x | x |
| ആകെ | 7 | 1 | 1 | 3 | 2 | 4 | 7 | 1 | 2 | 11 | 4 | 1 | 1 | 1 | 1 |

4-ാം വാർഡിലെ ചേനോളി-കളോളിപ്പൊയിൽ എസ്.എസ്.ഐ. റജിസ്ട്രേഷനോട് കൂടി മേപ്പയ്യൂർ കോ: ഓപ് അർബൻ ബാങ്കിൻെറ ധനസഹായത്തോട് കൂടി ആരംഭിച്ചിരുന്ന "ഡീലക്സ് കേൻറിൽസ്" എന്ന മെഴുകുതിരി നിർമ്മാണയൂണിറ്റ് 1985-ൽ പ്രവർത്തനമാരംഭിച്ചിരുന്നു. 5 പേർക്ക്(3വനിതകൾ) നേരിട്ട് തൊഴിൽ നൽകിയിരുന്ന ഈ സ്ഥാപനം തുടക്കത്തിൽ വിജയകരമായി മുന്നോട്ട് പോയെങ്കിലും അസംസ്കൃതപദാർത്ഥങ്ങളുടെ ലഭ്യതയിൽ ഉള്ള ബുദ്ധിമുട്ടുകൾ കാരണവും മറ്റും കഥാവശേഷമാവുകയുണ്ടായി.

## പ്രശ്നങ്ങൾ

വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ താമസം നേരിടുന്നു
പ്രധാനകാർഷികോൽപന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്താനാവുന്നില്ല.
സാങ്കേതിക പരിജ്ഞാനകുറവ്
ഖാദി തുടങ്ങിയ മേഖലകളിലെ കുറഞ്ഞ കൂലി
ധനസഹായം കിട്ടുന്നതിലെ കാലതാമസവും ചുവപ്പുനാടകളും
സംരംഭകനു അത്യാവശ്യമായ മനോധൈര്യം ഇല്ലായ്മ-
സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് അതത് രംഗത്ത് ജോലി ലഭിക്കായ്മ.
വിപണനത്തിനുള്ള സാദ്ധ്യത കുറവ്.
മാറ്റങ്ങൾക്കനുസരിച്ചു ഉല്പന്നങ്ങളുടെ വൈവിദ്ധ്യം ഇല്ലായ്മ

## സാദ്ധ്യതകൾ

പൊതുവിഭാഗം

തെങ്ങുകൊണ്ടു കെട്ടിട നിർമാണ സാമഗ്രികളും ഫർണീച്ചറും

വെളിച്ചെണ്ണമിൽ
കുടനിർമ്മാണം
തേങ്ങാവെള്ളം ഉപയോഗിച്ചു ശീതളപാനീയങ്ങൾ
കാലിതീറ്റ, കോഴിതീറ്റ നിർമാണശാല
കനാൽ പുറമ്പോക്ക് സ്ഥലങ്ങളിൽ ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കൽ
കൗതുകവസ്തുക്കളുടെ നിർമ്മാണം
ഫ്ളോർമിൽ ആരംഭിക്കൽ
മെറ്റൽ ഇൻഡസ്ട്രികൾ ആരംഭിക്കൽ
വനിത
റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
നോട്ടുബുക്ക് നിർമ്മാണം
അവിൽ വ്യവസായം
കൊട്ട, പായ നെയ്ത്ത്
മെഴുകുതിരി നിർമ്മാണം
വ്യവസായിക അടിസ്ഥാനത്തിൽ ഔഷധചെടിനിർമ്മാണം
നിലവിലുള്ള ഖാദി നൂൽ നൂൽപു സെൻററിൻെറ ഉപയോഗപ്പെടാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഖാദിബോർഡിൻെറ സഹായത്തോടുകൂടി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക
ചാത്തോത്ത് താഴ ഭാഗത്ത് പുതിയ ഖാദി നൂൽ നൂൽപു കേന്ദ്രം ആരംഭിക്കാനുള്ള സാദ്ധ്യത ആരായുക

## നിർദ്ദേശങ്ങൾ

വ്യവസായം തുടങ്ങുവാൻ താൽപര്യമുള്ളവരുടെ വിവരം ശേഖരിച്ചു വ്യവസായ സംരംഭകരെ വളർത്തിയെടുക്കാൻ വിവിധ ഏജൻസികളുടെ പരിശീലനപരിപാടികളെ പൂർണമായി ഉപയോഗപ്പെടുത്തുക.
നാളികേരത്തെ അടിസ്ഥാനമാക്കി ആരംഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങളെപ്പറ്റി കേരഫെഡ്, കയർ വികസനഡയരക്ടർ എന്നിവകളുമായി ബന്ധപ്പെട്ടു പരിശീലനം സംഘടിപ്പിക്കുക.
വിജയകരമായ രൂപത്തിൽ വ്യവസായം നടത്തുന്ന വ്യവസായികളുമായി ആശയവിനിമയം നടത്താൻ അവസരമുണ്ടാക്കുക.
വ്യവസായത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് മുൻഗണന നൽകുക.

നമുക്ക് ആവശ്യമായ നിത്യോപയോഗസാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും തൊഴിലില്ലാതെ അലയുന്നവർക്ക് തൊഴിൽ നൽകാനും കഴിയുന്ന ചില സാദ്ധ്യതകൾ ഗ്രാമസഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുറിക്കുക മാത്രമെ മുകളിൽ ചെയ്തിട്ടുള്ളൂ. ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചു നടപ്പാക്കിയാൽ ചെറുകിട വ്യവസായരംഗത്ത് അല്പമെങ്കിലും പുരോഗതിക്ക് നമുക്ക് സാക്ഷ്യം വഹിക്കാനാവും.

# 5

## വിദ്യാഭ്യാസം

ഒരു സമൂഹത്തിൻെറ ഉൽപാദനപരവും ചിന്താപരവുമായ ഭാവി നിർണയിക്കുന്നതിൽ വിദ്യാഭ്യാസത്തിനു നിർണായകമായ പങ്കുണ്ട്. വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ്. സമൂഹത്തിൻെറ സർവതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിന് പ്രതിബന്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിൻെറ എക്കാലത്തേയും ലക്ഷ്യം. ഇതര പ്രദേശങ്ങളിൽ നിന്ന് അടർത്തിയെടുത്ത ഒരു ചരിത്രം നമുക്കില്ലെങ്കിലും നമ്മുടെ പഞ്ചായത്തിലെ പഴയ വിദ്യാഭ്യാസരംഗം ഏറെ സമ്പന്നമായിരുന്നു. സ്വാതന്ത്ര്യപൂർവ്വനാളുകളിൽ തന്നെ വിദ്യാഭ്യാസതല്പരരായ വ്യക്തികൾ ഡപ്യൂട്ടി ഇൻസ്പെക്ടർമാരുടെ സഹായത്തോടെ ഹിന്ദു സ്കൂളുകളും മുസ്ലിംസ്കൂളുകളും നടത്തിയിരുന്നു. പഞ്ചായത്ത്പ്രദേശത്തെ ആദ്യത്തെ സ്കൂൾ ചാലിക്കരയിലെ തെയ്യത്തുംകണ്ടിപറമ്പിലാണ് പ്രവർത്തിച്ചിരുന്നത്. നൊച്ചാട്ടെ എരഞ്ഞികുനി ചേനോളിയിലെ കേളോത്ത് വാളൂരിലെ സ്കൂൾ പറമ്പ് കൈതക്കലിലെ പുറ്റാട് എന്നിവടങ്ങളിലും എഴുത്തുപള്ളികൾ പ്രവർത്തിച്ചിരുന്നു. നൊച്ചാട് എ.എൽ.പി. ചേനോളി എ.എൽ.പി. ചെറുവാളൂർ ജി.എൽ.പി. വെള്ളിയൂർ എ.യു.പി. കൽപത്തൂർ എ.യു.പി. വാല്യക്കോട് എ.യു.പി. എന്നീ സ്കൂളുകൾ നമ്മുടെ പഴയസ്കൂളുകളാണ്. കേളപ്പജിയുടെ സഹപ്രവർത്തകനും നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിയുമായ ശ്രീ: കെ.ടി. അപ്പനായർ മുൻകൈ എടുത്താണ്. 1919-ൽ കല്പത്തൂർ എ.യു.പി. സ്കൂൾ സ്ഥാപിച്ചത്. സ്വാതന്ത്ര്യത്തിന് മുമ്പ് വളരെ കുറച്ചുപേർ മാത്രമേ സ്കൂളിൽ പഠിച്ചിരിക്കുന്നുള്ളു എങ്കിലും സാമഹിക പരിഷ്കരണപ്രവർത്തനങ്ങൾ ഭൂപരിഷ്കരണം എന്നിവയുടെ ഫലമായി മിക്കവർക്കും പഠിക്കാൻ പറ്റുന്ന സാദ്ധ്യതകൾ വളർന്നുവരികയും അതുവഴി വിദ്യാഭ്യാസവ്യാപനം നടക്കുകയും ചെയ്തു. ഇന്ന് പഞ്ചായത്ത് പ്രദേശത്ത് എഞ്ചിനീയർമാർ, എഞ്ചിൻ ഡ്രൈവർമാർ, പൈലറ്റ്, ഡോക്ടർമാർ, അഭിഭാഷകന്മാർ എന്നിങ്ങനെ വിദഗ്ദ്ധന്മാരുടെ ഒരു നിരതന്നെയുണ്ട്. ഒരു ഡസനോളം കോളേജദ്ധ്യാപകർ പഞ്ചായത്തിലുണ്ട്.

വടകര വിദ്യാഭ്യാസജില്ലയിൽപെട്ട പേരാമ്പ്ര വിദ്യാഭ്യാസ ഉപജില്ലക്കു കീഴെ 9 എൽ.പി. സ്കൂളുകളും 4 യു.പി. സ്കൂളുകളും, ഒരു സെക്കണ്ടറി സ്കൂളുമായി 14 വിദ്യാലയങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. 96-97 വർഷത്തിൽ വിവിധ ക്ലാസുകളിലായി5225 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവർ പൂർണമായും നമ്മുടെ പഞ്ചായത്തുപരിധിയിൽ താമസക്കാരല്ല. അയൽപഞ്ചായത്തുകളായ കോട്ടൂർ, നടുവണ്ണൂർ, മേപ്പയ്യൂർ, എന്നിവിടങ്ങളിൽ നിന്നുള്ളവർ കൂടിയാണവർ. എന്നാൽ നമ്മുടെ പഞ്ചായത്തിൽ പെട്ട കൈതക്കൽ, ചേനോളി, വാല്യക്കോട്, കല്പത്തൂർ ഭാഗങ്ങളിൽ നിന്നും ഭൂരിപക്ഷം വിദ്യാർത്ഥികളും പേരാമ്പ്ര ഹയർസെക്കണ്ടറിസ്കൂളിലാണ്

പോകുന്നത്. ചുരുക്കം പേർ മേപ്പയ്യൂർ ഹൈസ്കൂളിലും പോകുന്നുണ്ട്. 14 സ്കൂളുകളിലായി 202 അദ്ധ്യാപിക അദ്ധ്യാപകർ പ്രവർത്തിക്കുന്നു. ഇവരിൽ ബഹുഭൂരിപക്ഷവും മറ്റുപ്രദേശക്കാരാണ്. 14ൽ 4 എണ്ണം സർക്കാർ സ്കൂളുകളാണ്. ഇതിൽ പുറ്റാട് ജി.എൽ.പി. സ്കൂൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രൈമറി വിഭാഗത്തിൽ 3671ഉം സെക്കണ്ടറി തലത്തിൽ 1554 ഉം കുട്ടികൾ പഠിക്കുന്നു. 445 കുട്ടികൾ പട്ടികജാതിയിൽപെട്ടവരാണ്. കലാശാലാവിദ്യാഭ്യാസത്തിന് നമ്മുടെ പഞ്ചായത്തിൽ സൗകര്യങ്ങളില്ല. എസ്.എസ്.എൽ.സി. കഴിഞ്ഞ് പുറത്തുവരുന്ന വിദ്യാർത്ഥികൾ കോഴിക്കോട്, പേരാമ്പ്ര തുടങ്ങിയ സ്ഥലങ്ങളിലെ റഗുലർ കോളേജുകളെയോ, പാരലൽ കോളേജുകളെയോ ആശ്രയിക്കുന്നു.

## പഞ്ചായത്തിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ പുരുഷ | സ്ത്രീ | ആകെ |
|---|---|---|---|---|---|---|---|---|
| 1. | എ.എം.എൽ.പി. ചേനോളി | Aided | 42 | 25 | 67 | 2 | 2 | 4 |
| 2. | എ.എം.എൽ.പി. നൊച്ചാട് | ,, | 86 | 75 | 161 | 5 | 2 | 7 |
| 3. | എ.എൽ.പി.എസ്. കൽപത്തൂർ | ,, | 54 | 49 | 103 | 3 | 1 | 4 |
| 4. | എ.എൽ.പി.എസ്. നൊച്ചാട് | ,, | 43 | 38 | 81 | 3 | 1 | 4 |
| 5. | എ.എൽ.പി.എസ്. കണ്ണമ്പത്ത് | ,, | 37 | 26 | 63 | 2 | 3 | 5 |
| 6. | എ.എൽ.പി.എസ്. ചേനോളി | ,, | 57 | 57 | 114 | 3 | 1 | 4 |
| 7. | എ.യു.പി.എസ്. വെള്ളിയൂർ | ,, | 454 | 428 | 882 | 15 | 16 | 31 |
| 8. | എ.യു.പി.എസ്. കൽപത്തൂർ | ,, | 264 | 232 | 496 | 13 | 9 | 22 |
| 9. | എ.യു.പി.എസ്. വാല്യക്കോട് | ,, | 367 | 338 | 705 | 7 | 18 | 25 |
| 10. | ജി.എൽ.പി.എസ്. പുറ്റാട് | ഗവൺ | 40 | 44 | 84 | 4 | – | 4 |
| 11. | ജി.എൽ.പി.എസ്. ചെറുവാളൂർ | ,, | 47 | 45 | 92 | 4 | 1 | 5 |
| 12. | ജി.എൽ.പി.എസ്. രാമല്ലൂർ | ,, | 56 | 60 | 116 | 4 | 1 | 5 |
| 13. | ജി.യു.പി.എസ്. വാളൂർ | ,, | 373 | 334 | 707 | 23 | 2 | 25 |
| 14. | നൊച്ചാട് സെക്കണ്ടറി | Aided | 757 | 797 | 1554 | 41 | 16 | 57 |
| | ആകെ | | | | 5225 | | | 202 |

### നൊച്ചാട് സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളുടെ കണക്ക് 1996-'97

| സ്കൂളിന്റെ പേര് | VIII B | VIII G | IX B | IX G | X B | X G | ആകെ B | ആകെ G |
|---|---|---|---|---|---|---|---|---|
| എൻ.എസ്.എസ്.നൊച്ചാട് | 293 | 278 | 289 | 287 | 175 | 232 | 757 | 797 |
| ആകെ | 571 | | 576 | | 407 | | 1554 | |

പഞ്ചായത്തിലെ ഏക ഹൈസ്കൂളാണ് നൊച്ചാട് സെക്കണ്ടറി സ്കൂൾ. ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ കണക്ക് പട്ടികയിൽ ചേർത്തിരിക്കുന്നു. സ്കൂളിൽ 57 അദ്ധ്യാപകരുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും മറ്റു പ്രദേശക്കാരാണ്. കഴിഞ്ഞ പതിനൊന്നു വർഷക്കാലത്തെ എസ്.എസ്.എൽ.സി. വിജയശതമാനം പരിശോധിച്ചാൽ 1988വരെ ഉയർന്നനിലയിലും. അതിനുശേഷം ഗണ്യമായ കുറവും സമീപകാലത്ത് അല്പം പുരോഗതിയും കാണാം. ആൺ

കുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ വിജയനിരക്ക് വളരെ പുറകിലാണ്.

നൊച്ചാട് സെക്കണ്ടറി സ്കൂളിലെ കഴിഞ്ഞ 11 വർഷങ്ങളിലെ
എസ്. എസ്. എൽ. സി പരീക്ഷയ്ക്കിരുന്നവരുടെ കണക്ക്.

| കൊല്ല വർഷം | പരീക്ഷയ്ക്കിരുന്നവർ ബി. | ജി. | ആകെ | വിജയിച്ചവർ ബി. | ജി. | ആകെ | വിജയശതമാനം |
|---|---|---|---|---|---|---|---|
| 1986 | 91 | 74 | 165 | 63 | 27 | 90 | 54.5% |
| 1987 | 67 | 58 | 125 | 55 | 36 | 91 | 74% |
| 1988 | 83 | 77 | 160 | 68 | 40 | 108 | 67.5% |
| 1989 | 157 | 136 | 293 | 63 | 45 | 108 | 36.8% |
| 1990 | 181 | 173 | 384 | 55 | 36 | 91 | 23.6% |
| 1991 | 138 | 165 | 303 | 57 | 49 | 106 | 35% |
| 1992 | 157 | 144 | 301 | 81 | 51 | 132 | 44% |
| 1993 | 168 | 172 | 340 | 84 | 62 | 146 | 43% |
| 1994 | 211 | 190 | 401 | 93 | 56 | 149 | 37% |
| 1995 | 166 | 219 | 385 | 67 | 92 | 159 | 41% |
| 1996 | 166 | 226 | 392 | 101 | 89 | 190 | 48.5% |

നൊച്ചാട് ഹൈസ്കൂളിലെ വിജയനിരക്കിലുള്ള പിന്നോക്കാവസ്ഥ
വിദ്യാഭ്യാസ തല്പരരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

നൊച്ചാട് സെക്കണ്ടറി സ്കൂളിൽ
കഴിഞ്ഞ 11 വർഷങ്ങളിൽ എസ്. എസ്. എൽ. സി
പരീക്ഷയ്ക്കിരുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും
വിജയശതമാന അനുപാതം

| കൊല്ലവർഷം | ആൺ. | പെൺ |
|---|---|---|
| 1986 | 69.2% | 36.5% |
| 1987 | 82% | 62% |
| 1988 | 81% | 52% |
| 1989 | 40% | 33% |
| 1990 | 30% | 20% |
| 1991 | 41% | 30% |
| 1992 | 52% | 35% |
| 1993 | 50% | 36% |
| 1994 | 44% | 29% |
| 1995 | 40% | 42% |
| 1996 | 61% | 39% |

പ്രാഥമിക ക്ലാസുകളിൽ നിന്നുതന്നെ വേണ്ടത്ര അക്ഷരബോധവും അക്കബോധവും ഉറച്ചിട്ടല്ല കുട്ടികൾ മുകളിലുള്ള ക്ലാസുകളിലേക്ക് കയറുന്നത്. ഇത് പൊതുനിലവാര തകർച്ചക്ക് കാരണമായിതീരുന്നു. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ നില പരിതാപകരമാണ്, പത്ത് മാനേജ്മെൻറ് സ്കൂളുകളിൽ ഒന്നു രണ്ടെണ്ണം ഒഴിച്ച് മറ്റൊരിടത്തും ജീവനക്കാരെ നിയമിക്കുക എന്നതിലപ്പുറം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മാനേജ്മെൻറ് യാതൊന്നും ചെയ്യുന്നില്ല. മൂത്രപ്പുര പോലും ഇല്ലാത്ത സ്കൂളുകളുണ്ട്. നൂറുകണക്കിന് പെൺകുട്ടികളും ഡസൻ കണക്കിന് അദ്ധ്യാപികമാരും നിത്യേന എത്തിച്ചേരുന്ന സ്കൂളുകളിൽ അവർക്കായി ഒരു മൂത്രപുര പോലും ഇല്ല എന്ന അവസ്ഥ ക്രൂരവും മനുഷ്യത്വരഹിതവുമാണ്. കളിസ്ഥലം ഉണ്ടോ എന്നന്വേഷിച്ചാൽ കണക്കിൽ ചേർക്കാൻ മാത്രം ഉണ്ട് എന്നല്ലാതെ ഉപയോഗപ്രദമായ കളിസ്ഥലം പഞ്ചായത്തിലെ ഒറ്റ സ്കൂളുകളിലും ഇല്ല എന്നതാണ് വാസ്തവം.

### സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ

| | | ആകെ വിദ്യാ. | ആകെ അദ്ധ്യാ. | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി | കളി സ്ഥലം | പാചക മുറി |
|---|---|---|---|---|---|---|---|---|---|
| 1. | എ. എം. എൽ.പി ചോനോളി | 67 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 2. | എ.എം. എൽ. പി നൊച്ചാട് | 161 | 7 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 3 | എ. എൽ. പി കല്പത്തൂർ | 103 | 4 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 4. | എ. എൽ. പി നൊച്ചാട് | 81 | 5 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5. | എ. എൽ. പി കണ്ണമ്പത്ത് | 63 | 5 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 6. | എ. എൽ. പി ചേനോളി | 114 | 4 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 7. | എ. യു. പി വെള്ളിയൂർ | 882 | 31 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8. | എ. യു. പി കല്പത്തൂർ | 496 | 22 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9. | എ. യു. പി വാല്യക്കോട് | 705 | 25 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10. | ജി. എൽ. പി പുറ്റാട് | 84 | 4 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 11. | ജി. എൽ. പി. ചെറുവാളൂർ | 92 | 5 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 12. | ജി. എൽ. പി രാമല്ലൂർ | 116 | 5 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | ജി. യു. പി വാളൂർ | 707 | 25 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | നൊച്ചാട് സെക്കണ്ടറി | 1554 | 57 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

സ്കൂളുകളിൽ ചട്ടപ്പടി അദ്ധ്യാപക രക്ഷാകർതൃ സമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നവ വിരളമാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യുന്നതിലും പി. ടി. എ കൾ ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. മാതൃസംഗമങ്ങൾ പേരിനു മാത്രം നടത്തുന്ന സ്ഥിതിയാണുള്ളത്.

**എൽ. പി, യു. പി, എച്ച്. എസ്. വിഭാഗങ്ങളിലെ ആൺപെൺകുട്ടികളുടെ വിവരം**

| എൽ. പി. വിഭാഗം | | യു. പി വിഭാഗം | | ഹൈസ്കൂൾ വിഭാഗം | | |
|---|---|---|---|---|---|---|
| **ആൺ** | **പെൺ** | **ആൺ** | **പെൺ** | **ആൺ** | **പെൺ** | **ആകെ വിദ്യാർത്ഥികൾ** |
| 997 | 873 | 923 | 878 | 757 | 797 | 5225 |

സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാകാലം നടക്കാത്തതു കാരണം കുട്ടികളുടെ സുരക്ഷിതത്വം അപകടത്തിലാണ്. ഫർണീച്ചറുകൾ പല സ്കൂളുകളിലും ആവശ്യത്തിനില്ല. വാല്യക്കോട് എ. യു. പി ചേനോളി എ. എം. എൽ. പി, നൊച്ചാട് എ. എൽ. പി എന്നീ സ്കൂളുകളിലേക്ക് മറുകരകളിൽ നിന്നും വരുന്ന കുട്ടികൾക്ക് വർഷകാലത്ത് കൃത്യമായി എത്തിപ്പെടാൻ കഴിയാറില്ല. ഇത്തരം സ്ഥലങ്ങളിൽ ഉയർന്ന നടപ്പാതകൾ

ണ്ടേിയിരിക്കുന്നു. പതിനഞ്ച് വർഷം മുമ്പ് അപ്ഗ്രേഡ് ചെയ്ത വാളൂർ ജി. യു. പി സ്കൂളിലെ ഏതാനും ക്ലാസുകൾ തൊട്ടടുത്ത മദ്രസ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള ഒരു കെട്ടിടം തന്നെ അപകടഭീഷണിയിലാണ്. ചെറുവാളൂർ ജി. എൽ. പി സ്കൂളിനുവേണ്ടി പുതുതായി ഉണ്ടാക്കുന്ന കെട്ടിടത്തിൻെറ പണി വഴിക്കുവെച്ചു മുടങ്ങിപോയിരിക്കുന്നു. രാമല്ലൂർ ജി. എൽ. പി സ്കൂൾ കെട്ടിടവും അപകട ഭീഷണിയിലാണ്. എന്നാൽ മാനേജ്മെൻറിൽ കീഴിലാണെങ്കിലും നാലാം വർഡിലെ ചേനോളി എ. എൽ. പി സ്കൂളിന് പുനരർപ്പണ ദിനത്തിലെ ജനകീയ ഇടപെടലിലൂടെ ഓഫീസ് മുറി പണിതുയർത്താനും തറ സിമൻറ് ചെയ്യാനും കഴിഞ്ഞിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിൻെറ നേതൃത്വത്തിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ബൃഹത്തായ പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയും അതിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഒരു വിദ്യാഭ്യാസ സമിതിയും ഒരു അക്കാദമിക് സമിതിയും രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അക്കാദമിക് സമിതി നാമമാത്രമായി പ്രവർത്തിക്കുന്നുണ്ട് എന്നല്ലാതെ അവ സ്വന്തം ധർമ്മങ്ങൾ നിർവഹിക്കുന്നതിനായി യാതൊന്നും ചെയ്തിട്ടില്ല.

വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി പഞ്ചായത്ത് ഭരണസമിതി ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി തലങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുത്തൻ ഉപഭോഗ സംസ്കാരം വിദ്യാഭ്യാസ രംഗത്തും പടർന്നു പിടിച്ചതിൻെറ ഫലമായി ഇംഗ്ലീഷ് മീഡിയം ഭ്രമം വർദ്ധിക്കുകയും നമ്മുടെ പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾ കുറയുകയും ചില സ്കൂളുകൾ അൺ എക്കണോമിക്കായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തിരുന്നു. സർക്കാർ നയത്തിലെ മാറ്റം കാരണം അവ അടച്ചുപൂട്ടലിൽ നിന്ന് രക്ഷപ്പെടുകയായിരുന്നു.

വിദ്യാഭ്യാസം ഒരു സാമൂഹ്യ പ്രക്രിയ എന്ന നിലയിൽ നാം ഉൾക്കൊള്ളേണ്ടതുണ്ട്. പഠിക്കുന്ന കുട്ടിയുടെയും അവൻെറ രക്ഷിതാവിൻെറയും വ്യക്തിപരമായ ഒരു കാര്യം മാത്രമായാണ് നാം വിദ്യാഭ്യാസത്തെ സമീപിച്ച് പോരാറുള്ളത്. ഇത് മാറ്റേണ്ടിയിരിക്കുന്നു. മാനേജ്മെൻറ് സ്കൂളുകളിൽ ഭൗതിക സാഹചര്യം മാനേജർമാർ ഏർപ്പെടുത്തികൊള്ളും. നാം കാഴ്ചക്കാരായി നിന്നാൽ മതി എന്ന ധാരണ മാറ്റേണ്ടിയിരിക്കുന്നു. സർവ്വ തലങ്ങളിലും ജനകീയ ഇടപെടൽ ആവശ്യമാണ്. പഴഞ്ചൻ ബോധനരീതിയും ഗുണനിലവാരമില്ലാത്ത അദ്ധ്യാപക പരിശീലന സമ്പ്രദായങ്ങളും മാറ്റേണ്ടിയിരിക്കുന്നു. തുടർന്നു വരുന്ന ശീലങ്ങളിൽ മുറുകെ പിടിക്കാനുള്ള വാസനയും നവീന ബോധന പരീക്ഷാ സമ്പ്രദായങ്ങളെക്കുറിച്ചുള്ള ഉദാസീനതയും അദ്ധ്യാപകരിൽ ഒരു വിഭാഗമെങ്കിലും വെച്ചു പുലർത്തുന്നുണ്ട്. ഇത് മാറേണ്ടിയിരിക്കുന്നു. മോണിറ്ററിങ്ങിൻെറ അപര്യാപ്തത, പാരാ അക്കാദമിക് പ്രവർത്തനങ്ങളുടെ അലംഭാവം വീടുകളിലെ പഠന സാഹചര്യത്തിലെ പരിമിതികൾ, വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച മത്സര പരീക്ഷകളെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ള വിദ്യാഭ്യാസം പഴഞ്ചൻ പരീക്ഷാ സമ്പ്രദായം പ്രാദേശിക സമൂഹത്തിൽ വിദ്യാഭ്യാസത്തിൽ ഇടപെടാനുള്ള അവസരമില്ലായ്മ ഇതെല്ലാം വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രശ്നങ്ങളാണ്.

**പരിഹാര നിർദ്ദേശങ്ങൾ**

1. ജില്ലാ പഞ്ചായത്തിൻെറ വിദ്യാഭ്യാസ വികസന പദ്ധതി അർത്ഥപൂർണ്ണമായി നടപ്പിലാക്കുക.
2. മിനിമം നിലവാരം ആർജ്ജിക്കാത്ത കുട്ടികളെ കണ്ടെത്തി സമയബന്ധിതമായി പരിഹാര ബോധനം നടത്തുക.
3. വിവിധ വിഷയങ്ങളിൽ അടിസ്ഥാന ധാരണകൾ സൃഷ്ടിക്കാനാവശ്യമായ അനുപൂരക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുക.
4. അദ്ധ്യാപകർക്ക് തുടർച്ചയായി പുനഃ പരിശീലനം നല്കുക.
5. മൂല്യനിർണ്ണയ രീതി സമഗ്രമായി പരിഷ്കരിക്കുക.
6. ഉദ്യോഗതല മോണിറ്ററിങ്ങിന് പുറമെ ജനകീയ മോണിറ്ററിങ്ങ് കൂടി നടപ്പിലാക്കുക.
7. സാഹിത്യ സമാജം, ബാല സമാജം, സയൻസ് കോർണർ, മാസ്ഡ്രിൽ, സ്കൂൾ അസംബ്ലി, തുടങ്ങിയ പരാ അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടയോടെ സംഘടിപ്പിക്കുക.

8. ക്ലാസ് മുറികൾ വൃത്തിയുള്ളതും ആകർഷകവും ആക്കുക.

9. പഠനോപകരണ നിർമ്മാണത്തിനായി കലാകാരന്മാർ സന്നദ്ധ പ്രവർത്തകർ, അക്കാദമിഷ്യന്മാർ എന്ന വരുടെ ശില്പശാല സംഘടിപ്പിക്കുക.

10. പി. ടി. എ. മാതൃസംഗമങ്ങൾ ശക്തിപ്പെടുത്തുകയും ഫലപ്രദമാക്കുകയും ചെയ്യുക.

11. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തികരിക്കുകയും ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുക.

12. ഫർണിച്ചർ , ലൈബ്രററി, ലാബറട്ടറി എന്നിവ സജ്ജീകരിക്കാൻ മാനേജ്മെൻറ്, പി. ടി. എ സർക്കാർ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുക.

13. ഖാദി, കൈത്തറി, സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ സ്കൂൾ യൂണിഫോറങ്ങൾ നിർബ്ബന്ധിതവും ലളിതവും ആക്കുക.

14. കക്കൂസ്, മൂത്രപുര, കുടിവെള്ള സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ അവ അടിയന്തരമായി ഏർപ്പെടുത്തുക.

15. അംഗൻ വാടികളിൽ ആവശ്യത്തിന് കളിക്കോപ്പ്, ഇരിപ്പിടങ്ങൾ, വിനോദോപാധികൾ എന്നിവയും കക്കൂസ്, മൂത്രപ്പുര, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുക.

16. അംഗൻ വാടി ടീച്ചർമാർക്ക് നൂതന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

### 1996-97 ലെ അപ്പർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കണക്ക്

| സ്കൂളുകളുടെ പേര് | അഞ്ചാം തരം | | | ആറാംതരം | | | ഏഴാംതരം | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | ബി. | ജി. | | ബി. | ജി. | | ബി. | ജി. | | |
| എ.യു. പി എസ് വെള്ളിയൂർ | 98 | 67 | 165 | 95 | 99 | 194 | 94 | 101 | 195 | 554 |
| ജി. യു. പി. എസ് വാളൂർ | 68 | 57 | 125 | 71 | 70 | 141 | 74 | 75 | 149 | 41.5 |
| എ. യു. പി എസ് കൽപ്പത്തൂർ | 48 | 53 | 101 | 75 | 66 | 141 | 80 | 72 | 152 | 394 |
| എ. യു. പി. എസ് വാല്യക്കോട് | 74 | 71 | 145 | 75 | 71 | 146 | 71 | 76 | 147 | 438 |
| ആകെ | 288 | 248 | | 316 | 306 | | 319 | 324 | | |

1996-97 ലെ ലോവർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിവരം

| സ്കൂളുകളുടെ പേര് | ഒന്നാംതരം | | | രണ്ടാംതരം | | | മൂന്നാംതരം | | | നാലാംതരം | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ബി. | ജി. | | ബി. | ജി. | | ബി. | ജി. | | ബി. | ജി. | | |
| എ. എം. എൽ. പി ചേനോളി | 10 | 8 | 18 | 13 | 6 | 19 | 11 | 3 | 14 | 8 | 8 | 16 | 67 |
| എ. എം. എൽ. പി നൊച്ചാട് | 13 | 12 | 25 | 27 | 25 | 52 | 28 | 27 | 55 | 18 | 11 | 29 | 161 |
| എ. എൽ. പി. എസ്. കൽപ്പത്തൂർ | 13 | 13 | 26 | 12 | 8 | 20 | 14 | 14 | 28 | 15 | 14 | 29 | 103 |
| ജി. എൽ. പി. എസ്. പുറ്റാട് | 11 | 4 | 15 | 6 | 7 | 13 | 15 | 12 | 27 | 8 | 21 | 29 | 84 |
| എ. എൽ. പി.എസ് നൊച്ചാട് | 10 | 9 | 19 | 8 | 8 | 16 | 8 | 11 | 19 | 17 | 10 | 27 | 81 |
| ജി. എൽ. പി. എസ്. ചെറുവാളൂർ | 12 | 6 | 18 | 13 | 17 | 30 | 13 | 11 | 24 | 9 | 11 | 20 | 92 |
| എ. എൽ. പി. എസ്. കണ്ണമ്പത്ത് | 9 | 8 | 17 | 9 | 6 | 15 | 10 | 9 | 19 | 9 | 3 | 12 | 63 |
| ജി. എൽ. പി. എസ്. രാമല്ലൂർ | 14 | 12 | 26 | 10 | 12 | 22 | 17 | 16 | 33 | 15 | 20 | 35 | 116 |
| എ. എൽ. പി.എസ്. ചേനോളി | 14 | 18 | 32 | 17 | 15 | 32 | 16 | 10 | 26 | 10 | 14 | 24 | 114 |
| എ. യു. പി. എസ് വെള്ളിയൂർ | 52 | 46 | 98 | 39 | 36 | 75 | 38 | 42 | 80 | 38 | 37 | 75 | 328 |
| ജി. യു. പി. എസ്. വാളൂർ | 29 | 29 | 58 | 40 | 29 | 69 | 52 | 38 | 90 | 39 | 36 | 75 | 292 |
| എ. യു. പി. എസ്. കൽപ്പത്തൂർ | 13 | 12 | 25 | 10 | 10 | 20 | 20 | 10 | 30 | 18 | 9 | 27 | 102 |
| എ. യു. പി. എസ്. വാല്യക്കോട് | 32 | 29 | 61 | 38 | 29 | 67 | 35 | 37 | 72 | 42 | 25 | 67 | 267 |

**പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെടുന്ന കുട്ടികളുടെ മൊത്തം കണക്ക്**

| സ്കൂളിന്റെ പേര് | I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| എ. എം. എൽ. പി ചേനോളി | 3 | 4 | 1 | 3 | | | | | | | 11 |
| എ. എം. എൽ. പി നൊച്ചാട് | - | 1 | - | - | | | | | | | 1 |
| എ. എൽ. പി സ്കൂൾ കൽപത്തൂർ | - | - | 1 | 1 | | | | | | | 2 |
| ജി. എൽ. പി പുറ്റാട് | 1 | - | 2 | - | | | | | | | 3 |
| എ. എൽ. പി നൊച്ചാട് | - | 3 | 3 | 3 | | | | | | | 9 |
| ജി. എൽ. പി ചെറുവാളൂർ | 1 | 2 | 1 | 2 | | | | | | | 6 |
| എ. എൽ. പി കണ്ണമ്പത്ത് | 2 | 1 | 2 | 1 | | | | | | | 6 |
| എ. എൽ. പി ചേനോളി | - | 4 | 4 | 4 | | | | | | | 12 |
| ജി. എൽ. പി രാമല്ലൂർ | 2 | 1 | 2 | 2 | | | | | | | 7 |
| എ. യു. പി വെള്ളിയൂർ | 7 | 6 | 10 | 10 | 25 | 24 | 20 | | | | 102 |
| ജി. യു. പി. വാളൂർ | 6 | 9 | 2 | 5 | 10 | 8 | 14 | | | | 54 |
| എ. യു. പി കൽപ്പത്തൂർ | - | - | 3 | - | 6 | 8 | 8 | | | | 25 |
| എ. യു. പി വാല്യക്കോട് | 1 | 2 | 6 | 3 | 10 | 11 | 18 | | | | 51 |
| നൊച്ചാട് സെക്കണ്ടറി സ്കൂൾ | | | | | | | | 58 | 54 | 44 | 156 |
| ആകെ | 23 | 33 | 37 | 34 | 51 | 51 | 60 | 58 | 54 | 44 | 445 |

# 6

# സംസ്കാരം

പാരമ്പര്യത്തിലൂടെയും ചുറ്റുപാടുകളിലൂടെയും മനുഷ്യനാർജിക്കുന്ന ഭൗതികവും ആത്മീയവുമായ സമ്പത്തുകളുടെ അകത്തുകയാണ് സംസ്കാരം. അത് ജീവിതത്തിലെ ആശാസ്യമായ മാറ്റങ്ങളെ ഉൾക്കൊളളാനുളള ശേഷിയും സന്നദ്ധതയുമാണ്. ചരിത്രത്തിൻെറ മുന്നേറ്റത്തിൽ കൈവന്ന മാറ്റങ്ങളെല്ലാം നമ്മുടെ പഞ്ചായത്തിലെ ജനജീവിതത്തെയും തലോടിയിട്ടുണ്ട്. ഗതകാല ജീവിതത്തിൻെറ തുടിപ്പുകൾ വർത്തമാന ജീവിതത്തിൻെറ പുറകിൽ മായാത്ത മുദ്രകളായി പതിഞ്ഞു കിടപ്പുണ്ട്. നമ്മുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരാനാചാരങ്ങളും സംസ്കാരത്തിൻെറ പരിധിയിലുൾപ്പെടുന്നു. മാനവികത ധർമ്മ ദീക്ഷ തുടങ്ങി പല പേരുകളിലും മനുഷ്യരുടെ മനസ്സിൽ മാറ്റങ്ങൾ വരുത്തി ലോകത്തെ നന്മയിലേക്കും മേന്മയിലേക്കും നയിക്കാനുളള ശ്രമമാണ് ഒരാളെയോ സമൂഹത്തെയോ സംസ്കാര സമ്പന്നമാക്കുന്നത്. മനുഷ്യരുടെ ജന്മവാസനകളെ സാമൂഹ്യപ്രചോദനങ്ങളാക്കി അവരെ കർത്തവ്യ നിരതരാക്കി ജീവിത സാക്ഷാത്കാരത്തിന് പ്രാപ്തരാക്കുകയാണ് സംസ്കാരത്തിൻെറ ധർമ്മം. സ്വാഭാവികമായും അത് യാഥാസ്തികത്വത്തിനെതിരെ പുരോഗമനത്തിൻെറയും, പഴമയ്ക്കെതിരെ പുതുമയുടെയും പക്ഷം പിടിക്കുന്നു.

സമ്പന്നമായ ഒരു സാംസ്കാരിക പശ്ചാത്തലം നൊച്ചാട് പഞ്ചായത്തിന്നുണ്ട്. ബ്രാഹ്മണാധിപത്യം സൃഷ്ടിച്ച കൂരിരുളിനെ വെട്ടിമുറിച്ച വെളളി വെളിച്ചമായിരുന്നു വർദ്ധമാന മഹാവീരൻെറ ജൈനമതം. അതിലെ ശ്വേതാംബര ധാരയുടെ പ്രവർത്തനത്തിന് നമ്മുടെ പ്രദേശത്ത് സാമൂഹ്യാംഗീകരാമുണ്ടായിരുന്നു എന്നതിന് തെളിവാണ് ചേനോളിയിലെ മൊയിലോത്ത് കണ്ടെത്തിയ ജൈനമത വിഗ്രഹവും ക്ഷേത്രാവശിഷ്ടങ്ങളും. സാമൂതിരിയുടെ കാലത്[illegible]ന്നെ അറബികളുമായി ഊട്ടിയുറപ്പിക്കപ്പെട്ട സൗഹാർദ്ദം ദേശങ്ങളിലൂടെയും കാലങ്ങളിലൂടെയും പടരു[illegible]ായി. മതസൗഹാർദ്ദത്തിൻെറ തേര് നമ്മുടെ പ്രദേശത്തുകൂടെയും ഉരുണ്ടിരുന്നു എന്നതിൻെറ തെളിവാണ് കല്പത്തൂർ പരദേവതാ ക്ഷേത്രത്തിലെ മുസ്ലിം തറയും വ്യത്യസ്ത സമുദായ തറകളും. വർഷത്തിൽ ഇതര[illegible]ങ്ങളില്ലോം സാമൂഹ്യ ജീവിതത്തിൻെറ പിന്നാമ്പുറങ്ങളിലേക്ക് വലിച്ചെറിയപ്പെട്ട ശ്രമണ കീഴാള ജനങ്ങൾക്ക് ഒന്നു കാവുതീണ്ടി ഞങ്ങളും മനുഷ്യരാണ് എന്നു പ്രഖ്യാപിക്കാൻ മാത്രമല്ല വിവിധ സമുദായങ്ങളെയും മതവിഭാഗങ്ങളെയും സാംസ്കാരികമായി കോർത്തിണക്കുക എന്ന ലക്ഷ്യവും പഴയ ക്ഷേത്രോത്സവങ്ങൾക്കുണ്ടായിരുന്നു. ക്ഷേത്രങ്ങൾ ദാരു ശില്പ കലകളുടെ പ്രകടനവേദികൂടിയായിരുന്നു. കല്പത്തൂർ ക്ഷേത്രത്തിൽ പുരാണേതിഹാസങ്ങളെ അവലംബിച്ച് നടത്തിയ കൊത്തുവേല കേരളത്തിൽ തന്നെ പ്രസിദ്ധമാണ്. പുരാവസ്തു ഗവേഷണ വകുപ്പ് ഈയിടെ ഇതേറ്റെടുക്കുകയുണ്ടായി. ക്ഷേത്രചടങ്ങളുകളിൽ അധീശ വർഗ്ഗ ധാ

രയോടൊപ്പമോ അതിനേക്കാളേറെയോ ശ്രമണ ധാരയും സജീവമായിരുന്നു എന്നാണ് പല അനുഷ്ഠാനങ്ങളും തെളിയിക്കുന്നത്. വട്ടം പിടിത്തിറ, കുട്ടിച്ചാത്തൻ തിറ, ഗുളികൻ തിറ, ഭഗവതി തിറ, ദാരിക വധം, പുലിത്തിറ, വേട്ടുവൻ പാട്ട്, ഉപ്പും താണ്ടിവരവ്, കൂളിത്തിറ, പാമ്പിരിക്കരുവാൻ എന്നിവ നമ്മുടെ പഞ്ചായത്തിലെ അനുഷ്ഠാനകലകളിൽ ചിലവ മാത്രമാണ്. കരിങ്ങാറ്റി ക്ഷേത്രത്തിൽ ശാന്തി പൂജാദികൾ നിർവ്വഹിക്കുന്നത് കുറെക്കാലം മുമ്പു മുതൽ ഹരിജനങ്ങളാണ് എന്നത് നവോത്ഥാനത്തിൻെറ അലയൊലികൾ നമ്മുടെ ക്ഷേത്രങ്ങളെയും സ്വാധീനിച്ചിരുന്നുഎന്നതിന് തെളിവാണ്. കല്പത്തൂർ പരദേവതാ ക്ഷേത്രം, രാവറ്റ മംഗലം ക്ഷേത്രം, കോട്ടയിൽ ഭഗവതി ക്ഷേത്രം, കോട്ടിലോട്ട് വിഷ്ണു ക്ഷേത്രം, വാല്യക്കോട് മൊയിലോത്ത് ക്ഷേത്രം, കരിങ്ങാറ്റി ഭഗവതി ക്ഷേത്രം, ചെറുകുന്ന് പരദേവതാ ക്ഷേത്രം, വാളൂപൊയിൽ മുത്തപ്പ ക്ഷേത്രം, ആശാരികണ്ടി ഭഗവതി ക്ഷേത്രം, കണ്ണമ്പത്ത് കുനി ക്ഷേത്രം, വാളൂപാറ, വാളൂകൊയിലോത്ത്, നൊച്ചാട് നരസിംഹക്ഷേത്രം, ചിറക്കൊഴി ഭഗവതി ക്ഷേത്രം, കേളോത്ത് അമ്പലം, മാവലമ്പാടി; വെള്ളിയൂർ സുബ്രഹ്മണ്യക്ഷേത്രം, വെള്ളിയൂര് ശിവക്ഷേത്രം എന്നിവ പഞ്ചായത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളിൽ പെടുന്നു. കല്പത്തൂർ, വാല്യക്കോട്, ചേനോളി എന്നിവിടങ്ങളിലെ ജുമുആ മസ്ജിദുകൾ മുളിയങ്ങൽ മസ്ജിദ് സലാമത്ത് സുന്നിയ്യ; മുളിയങ്ങൽ മസ്ജിദുൽ മുജാഹിദ്ദീൻ, നൊച്ചാട് ജുമുഅത്ത് പള്ളി, നൊച്ചാട് സലഫീ മസ്ജിദ്, ചാലിക്കര മസ്ജിദുൽ, ഹാറൂഖ്, വെള്ളിയൂർ മസ്ജിദുൽ ഇഹ്സാൻ എന്നിവ പ്രധാന മുസ്ലിം ആരാധനാലയങ്ങളാണ്. ഇവകൂടാതെ മത വിദ്യാഭ്യാസത്തിനുള്ള മദ്രസകളും പ്രവർത്തിക്കുന്നുണ്ട്. ദഫ്മുട്ട് വളരെ ജനകീയമായ ഒരു മുസ്ലിം കലയാണ്.

നൊച്ചാട് അരീക്കുന്നത്ത് സാംബവർ പരമ്പരാഗതമായി ആഘോഷിച്ചുവരുന്ന വെള്ളാട്ട് ഉത്സവം ശ്രദ്ധേയമാണ്. പറയങ്കളി, പുലിക്കളി, കുതിരക്കോലം എന്നീ പാരമ്പര്യകലാപരിപാടികളോടൊപ്പം പഞ്ചായത്തിലെ എല്ലാ സാംബവക്കുടുംബങ്ങളും ഈ ഉത്സവത്തിൻ നാളൊത്തുചേരുന്നു. ആധുനികതയുടെ അധിസാങ്കേതിക വിപ്ലവത്തിൻെറ കുത്തിയൊഴുക്കിൽ അകപ്പെടാതെ പാരമ്പര്യത്തിലെ സജീവതയുടെ തുടിപ്പുകളെ നാം ഏറ്റുവാങ്ങേണ്ടതുണ്ട്; ഇന്നലെയെ പുനർ സൃഷ്ടിക്കാനല്ല ഇന്നലെയുടെയും ഇന്നിൻെറയും പരിമിതകളെ മറികടക്കുന്ന ധീര നൂതന സാദ്ധ്യതകളുടെ നാളെയെ സമാരചിക്കാൻ .

സംസ്കാരത്തിൻെറ വാഹനം സംവേദന മാധ്യമങ്ങളാണ്. അതിന് മൂന്ന് രൂപങ്ങളുണ്ട്. വാമൊഴി, വരമൊഴി, ബിംബം അഥവാ ഇമേജ്. വാമൊഴിയിലൂടെയും തുടർന്ന് വരമൊഴിയിലൂടെയും തലമുറകളിൽ നിന്ന് തലമുറകളിലേക്ക് സംസ്കാരിക സംക്രമണം നടന്നുവരുന്നു. ഗുരു കാരണവന്മാരിൽ നിന്നുള്ള സാംസ്കാരിക പകർച്ചക്ക് വരമൊഴിയും (എഴുത്തും അച്ചടിയും) ദാർഢ്യം നല്കി. എന്നാൽ ഒരു ന്യൂനപക്ഷത്തിന്നു മാത്രം അക്ഷരാഭ്യാസം ഉണ്ടായിരുന്ന ഉച്ചനീചത്വ സമൂഹത്തിൽ ഭൂരിപക്ഷത്തിന് സാംസ്കാരിക മേന്മ അനഭിഗമ്യമായിരുന്നു. അതോടെ സമൂഹത്തിൻെറ രണ്ടു കാലുകളും വ്യത്യസ്ത വേഗതയിൽ ഓടാൻ തുടങ്ങി. കുതിപ്പിനു പകരം കിതപ്പായി. നവോത്ഥാനത്തിൻെറയും, സാമൂഹിക-രാഷ്ട്രീയ-മുന്നേറ്റങ്ങളുടെയും, ഭൂപരിഷ്കരണത്തിൻെറയും ഫലമായി വിദ്യാഭ്യാസം വ്യാപിച്ചു. മുമ്പ് ഭൂരിപക്ഷത്തിന് അക്ഷരം നിഷേധിച്ച് കീഴ്പ്പെടുത്തുകയായിരുന്നെങ്കിൽ ഇന്ന് തെരഞ്ഞെടുക്കപ്പെട്ട അക്ഷരങ്ങളും അറിവുകളും നല്കി കീഴ്പ്പെടുത്താമെന്ന പുതിയ തന്ത്രം നിലവിൽ വന്നിരിക്കുന്നു. നിസ്സംഗമായ വായന ആപൽക്കരമാകുന്നു. വായിക്കുമ്പോൾ തുറന്നുപിടിച്ചപുറംകണ്ണുകളോടൊപ്പം ജാഗരൂകമായ ഒരകക്കണ്ണും അസ്വാസ്ഥതയെ പുണരാൻ സന്നദ്ധമായ ഒരു മനസ്സും വേണമെന്ന [illegible]ല്ലയായിരിക്കുന്നു. വർത്തമാനകാലത്ത് സാംസ്കാരിക സംക്രമണം ഗുരുകാരണവകേന്ദ്രങ്ങളിൽ നിന്നും വേർ[illegible]ാധ്യമങ്ങളുടെ നിയന്ത്രണങ്ങളിലായിരിക്കുന്നു. കൂട്ടുകുടുംബസമ്പ്രാദയങ്ങളും ഗ്രാമീണകൂട്ടായ്മകളും [illegible]ിന്ന് പോയപ്പോൾ കിടപ്പ് മുറിയിലടക്കം കയറിവന്നത് ആധുനിക ഇല്കട്രോണിക് മാധ്യമങ്ങളാണ്. അവ നമ്മുടെ സാംസ്കാരിക തനിമയെയും രുചിബോധങ്ങളെയും അട്ടിമറിക്കുന്നു. നളനെ ബാധിച്ച കലിപോലെ ബഹുരാഷ്ട്രകുത്തകകൾ നമ്മുടെ ഇഛാനിഛകളെ പോലും തീരുമാനിക്കുന്നു. വ്യക്തികളെന്ന നിലയിലും സമൂഹാംഗങ്ങളെന്ന നിലയിലും നമ്മിലുള്ള കർതൃത്വത്തെ എടുത്തുമാറ്റി നമ്മെ കരുക്കളാക്കുന്നു. വമ്പിച്ച മൂലധനശേഷിയാണ് ആധുനികമാധ്യമങ്ങൾ നടത്തികൊണ്ടുപോകാൻ വേണ്ടത്. മൂലധനമുടക്ക് ലാഭം തേടി ക്കൊണ്ടാണല്ലോ. നാം ലാഭക്കൊതിയുടെ ഇരകൾ മാത്രമായിതീരുന്നു. നമുക്ക് ഈ സാംസ്കാരിക മേൽക്കോയ്മയെയും മലിനീകരണത്തെയും തിരസ്കരിക്കേണ്ടിയിരിക്കുന്നു. വേലയും കൂലിയും ഭക്ഷണവുമുൾപ്പെടെ ഭൗതികനേട്ടങ്ങൾ കൈവരിക്കുന്നതിനോ

ടൊപ്പം നമുക്ക് വേണ്ടി നാം തന്നെ രൂപപ്പെടുത്തുന്ന നമ്മുടെ നവസംസ്കാരത്തെ പ്രചരിപ്പിക്കയും ചെയ്യേണ്ടിയിരിക്കുന്നു. അതു പകരുന്ന നവീന മൂല്യബോധത്തിലൂടെ മനുഷ്യൻെറ ഭൗതികവും ആത്മീയവുമായ നേട്ടങ്ങൾ ഉറപ്പിക്കുവാനുള്ള മഹാശക്തി സ്വരൂപിക്കുകയും അതിന് ലക്ഷ്യബോധം നല്കുകയും വേണം. സാംസ്കാരിക പ്രവർത്തനങ്ങളുടെ മൂർത്തരൂപങ്ങളായി നമ്മുടെയിടയിൽ നിലകൊള്ളുന്നത് വായനശാലകളും കലാസമിതികളുമാണ്. പഞ്ചായത്തിലെ ഏറ്റവും ആദ്യത്തെ വായനശാല കല്പത്തൂരിലാണ് സ്ഥാപിതമായത്. ഇന്ന് വായനശാല എന്നറിയപ്പെടുന്ന സ്ഥലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ലൈബ്രറികെട്ടിടം 1942-ൽ ക്വിറ്റ് ഇന്ത്യാ സമരക്കാലത്ത് ബ്രിട്ടീഷുകാർ നശിപ്പിക്കുകയായിരുന്നു. കത്തിക്കരിഞ്ഞതിനിടയിൽ അവശേഷിച്ച പുസ്തകങ്ങൾ പിന്നീട് പേരാമ്പ്ര ഹൈസ്കൂളിന് സംഭാവന ചെയ്യുകയായിരുന്നു. സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ സാംസ്കാരിക പ്രക്ഷേപമെന്ന നിലയിൽ ആരംഭിച്ച ചാലിക്കര സ്വതന്ത്ര വായനശാലയാണ് പഞ്ചായത്തിൽ നിലവിലുള്ള ഏറ്റവും പഴക്കമുള്ള ഗ്രന്ഥാലയം. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുണ്ടായ ജനമുന്നേറ്റത്തിൻെറ ഭാഗമായി1954-ൽ അഞ്ചാംപീടികയിലെ ബ്രഹ്മാനന്ദ വായനശാല സ്ഥാപിതമായി. കൊയിലാണ്ടി താലൂക്കിലെ 'എ' ഗ്രേഡ് ലൈബ്രറികളിലൊന്നായ വാല്യക്കോട് പൊതുജനവായനശാല സ്ഥാപിതമായത് 1957ലാണ്. ഇവിടെയുള്ള ശേഖരത്തിൽ 6,000 ഓളം പുസ്തകങ്ങളുണ്ട്. പഞ്ചായത്തിൽ ആദ്യത്തെ കമ്യൂണിറ്റി ലിസണിംഗ് സെൻറർ ചാലിക്കരയിലായിരുന്നു പ്രവർത്തിച്ചുവന്നത്. പഞ്ചായത്തിലാദ്യമായി റേഡിയോ ഉപയോഗിച്ചതും ഇവിടെയാണ്. തുടർന്ന് വിവിധസ്ഥലങ്ങളിലായി പത്തോളം ലിസണിംഗ് സെൻറർ തുടങ്ങുകയും അവർക്ക് റേഡിയോ ഗ്രാമഫോൺ റിക്കോർഡുകൾ എന്നിവ നല്കുകയും ചെയ്തിരുന്നു. ചേനോളി കളോളിപ്പൊയിലിലെ 'ചെന്താര' രാമല്ലൂരിലെ എ.കെ.ജി. വായനശാല, പുളിയോട്ടുമുക്കിലെ ഇ.കെ.ജി. സ്മാരക വായനശാല കോഴിമുക്കിലെ കൈരളി വായനശാല, രാമല്ലൂരിലെ ബ്രദേഴ്സ് വായനശാല, മുളിയങ്ങലിലെ മുജാഹിദ് ലൈബ്രറി, വാളൂരിലെ എ.എൽ.എസ്.ജെ. ലൈബ്രറി ആൻറ് റീഡിംഗ് റൂം എന്നിവ ശ്രദ്ധേയങ്ങളാണ്.

പഞ്ചായത്തിലെ ഏറ്റവും പഴയ കലാസമിതി വെള്ളിയൂരിലെ ജനതാക്ലബ്ബാണ്. ഇന്ന് അത് നിലവിലില്ല. ചെന്താര ലൈബ്രറിയോടനുബന്ധിച്ച് ചെന്താര തിയേറ്റേഴ്സ് എന്ന ഒരു കലാസമിതി പ്രവർത്തിക്കുന്നുണ്ട്. ചാത്തോത്ത് താഴ ബഷീർ സാംസ്കാരികകേന്ദ്രം, എടത്തുംപൊയിൽ ജുവനൈൽ വില്ലേജ് സെൻറർ, സരിഗ ചേനോളി, യുവധാര ആക്കൂപ്പറമ്പ്, യുവപ്രതിഭവാല്യക്കോട്, ഹരിശ്രീ വാല്യക്കോട്, സമതാകലാവേദി നൊച്ചാട്, മഹാത്മാ കലാവേദി രാവറ്റ മംഗലം, സൗപർണ്ണിക കൈതക്കൽ, ജ്ഞാനോദയ പുളിക്കൂൽ പൊയിൽ, എൽബ പുറ്റാട്, പ്രതിഭ ചേനോളി, സാരംഗി വാളൂർ, അരുണോദയം കായൽ മുക്ക്, കൈരളി ചേനോളി, സമത ചേനോളി, ഗ്രാമകല ചാലിക്കര, സാംസ്കാരികവേദി വെള്ളിയൂർ, ഉദയാ വാല്യക്കോട്, മാനവ ചാലിക്കര, ജ്വാല വെള്ളിയൂർ, വയലാർ സാംസ്കാരികവേദി കല്പത്തൂർ, കൈരളി കോഴിമുക്ക്, ഗ്രാമീണ കലാസമിതി അരിയൂറ, ഫ്രൻസ് കുഞ്ഞാലിമുക്ക്, സി.എം.വൈ.സി. കലപ്ത്തൂർ, അനശ്വര വാളൂർ, രാജീവരത്ന യൂത്ത്ക്ലബ്ബ് വാളൂർ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാസമിതികളിൽ പെടുന്നു. റജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ ഇരുപത്തിഏഴ് ക്ലബ്ബുകളുണ്ട്. ശാസ്ത്രസാഹിത്യപരിഷത്തിൻെറ 5 യൂനിറ്റുകളും പുരോഗമന കലാസാഹിത്യ സംഘത്തിൻെറ രണ്ട് യൂനിറ്റുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൈതക്കൽ പരിഷത്ഭവൻെറ നേതൃത്വത്തിൽ വിപുലമായ ജനബോധവല്കരണ പരിപാടികൾ നടക്കാറുണ്ട്. പതിനൊന്നിന പരിപാടി അനുസരിച്ച് പഞ്ചായത്ത് നൊച്ചാട് ഹെൽത്ത് സെൻററിനടുത്ത് ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഇവിടെയുള്ള ശേഖരത്തിൽ 1,200 പുസ്തകങ്ങളുണ്ട്. രണ്ട് ജനവിദ്യാകേന്ദ്രങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വിവിധ വായനശാലകൾക്കും ലൈബ്രറികൾക്കും പതിനഞ്ചോളം പത്രങ്ങളാണ് പഞ്ചായത്ത് നല്കുന്നത്.

**പ്രശ്നങ്ങൾ:** ഇന്ന് നൊച്ചാടിൻെറ സാംസ്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. ക്ഷേത്രോത്സവങ്ങളും അനുഷ്ഠാന കലകളും വിപുലമായി ജനകീയ കൂട്ടായ്മ വളർത്തുന്ന സാംസ്കാരിക കണ്ണികൾ ആവുന്നതിന് തടസ്സം നില്ക്കുന്ന ഘടകങ്ങൾ.
2. സർഗ ഭാവനകൾക്ക് വേണ്ട വിധം പ്രോത്സാഹനം ലഭിക്കുന്നില്ല.

3. പ്രാചീനമായ പലകലാരൂപങ്ങളും അന്യം നിന്നുപോയിരിക്കുന്നു.
4. വായനശാലകൾക്ക് പലതിനും സ്വന്തമായി കെട്ടിടമില്ല. ഉള്ളവ തന്നെ സൗകര്യപ്രദമല്ല.
5. പുസ്തകശേഖരങ്ങളുടെ നിലവാരം മെച്ചപ്പെട്ടതല്ല.
6. ഇലക്ട്രോണിക്സ് മാധ്യമങ്ങൾ വായനാ സമൂഹത്തെദരിദ്രമാക്കുന്നു.
7. വിദ്യാലയങ്ങളിൽ ഫലപ്രദമായ ലൈബ്രറി സംവിധാനമില്ല.
8. കലാസമിതി പ്രവർത്തനം ഉൽഘാടന വാർഷികങ്ങളിലൊതുങ്ങുന്നു.
9. നവോത്ഥാനത്തിന്റെ കളിയരങ്ങായിരുന്ന ഗ്രാമീണ ജീവിതത്തിൽ പ്രതിലോമത പിച്ചവെച്ച് നടന്നുവരുന്നു.
10. ഇലക്ട്രോണിക് മാധ്യമങ്ങൾ അധിനിവേശത്തിന്റെ പുത്തൻ ന്യായങ്ങൾ തീർക്കുമ്പോൾ അവ രാജ്യാന്തരീയാറിവുകളുടെ ഭണ്ഡാഗാരമായി കാണുന്ന അല്പത്തം നൊച്ചാടിനെയും ബാധിച്ചിരിക്കുന്നു.
11. ജീവിതത്തിൽ അനാവശ്യമായ ആർഭാടങ്ങൾ, ശീട്ടുകളി, മദ്യാപനം തുടങ്ങിയ അനാശാസ്യശീലങ്ങൾ വളർന്നുവരുന്നു.

**പരിഹാര നിർദ്ദേശങ്ങൾ:**

1. പഞ്ചായത്തിലെ കലാസമിതികളുടെയും വായനശാലയുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ഒരു ഉപദേശകസമിതിരൂപീകരിക്കുക
2. സാംസ്കാരിപ്രവർത്തകർക്ക് പഠനക്കളരികൾ ഏർപ്പെടുത്തുക.
3. വായനശാലകൾക്കും കലാസമിതികൾക്കും കെട്ടിടസൗകര്യങ്ങൾ ഏർപ്പെടുത്തുക- ക്വിറ്റിന്ത്യാ സമരകാലത്ത് നശിപ്പിക്കപ്പെട്ട വായനശാലയുടെ സ്മരണ നിലനിർത്താൻ ഉള്ള ബോധപൂർവ്വ ശ്രമം നടത്തുക
4. പുസ്തകങ്ങൾ, സിനിമകൾ എന്നിവ ജനകീയ നിരൂപണത്തിന് വിധേയമാക്കുന്ന വേദികൾ സംഘടിപ്പിക്കുക
5. ബാലവികസന കേന്ദ്രങ്ങൾ രൂപീകരിക്കുക
6. വനിതാ പുസ്തക വിതരണ സംഘങ്ങൾ രൂപീകരിക്കുക
7. നാടൻ കലാരൂപങ്ങളെ സംരക്ഷിക്കുക
8. ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുക
9. ഉത്സവങ്ങൾ, ഓണം, ക്രിസ്തുമസ്, പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങൾ മതസൗഹാർദ്ദവും, മാനവമൈത്രിയും ഉണർത്താനുതകുമാറ് ജനകീയവത്കരിക്കുക.
10. വിവാഹധൂർത്ത്, മറ്റ് ആർഭാടങ്ങൾ, ശീട്ടുകളി, മദ്യപാനം തുടങ്ങിയ ദുഷ്പ്രവണതകൾക്കെതിരെ ശക്തവും നിരന്തരവുമായ ബോധവല്ക്കരണം നടത്തുക.
11. നവോത്ഥാനത്തിന്റെ നേട്ടങ്ങൾ പുതിയ തലമുറയെ പരിചയപ്പെടുത്തുന്നതിന് പരിപാടികൾ ആവിഷ്കരിക്കുക.
12. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങിക്കുക. പഞ്ചായത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കുക

## കായിക സംസ്കാരം

ആശാസ്യമായ കായികമുന്നേറ്റമാണ് കായികസംസ്കാരംകൊണ്ട് ഉദ്ദേശിക്കുന്നത്. ചാമ്പ്യന്മാരെ സൃഷ്ടിക്കലും മെഡൽ സമ്പാദിക്കലുമല്ല ജനപങ്കാളിത്തമാണ് അതിന്റെ മുഖമുദ്ര. ഇഛാശക്തിയും ആത്മവിശ്വാസവുമുള്ള അരോഗദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് കായിക സംസ്കാരത്തിന്റെ സാമൂഹ്യകടമ. ഇവരെ സമ്പന്നമായ ഒരു കായികചരിത്രമൊന്നും നമ്മുടെ പഞ്ചായത്തിന് പറയാനില്ല. ഒറ്റപ്പെട്ട വ്യക്തികൾ സംഘടിപ്പിച്ച കളരികൾ നമുക്ക് ഉണ്ടായിരുന്നു. ഇന്നും ജീവിച്ചിരിക്കുന്ന ഇ.എം. കുഞ്ഞിക്കണാരൻ പ്രഗത്ഭനായ ഒരു കളരി ഗുരുക്കളാണ്. തുളുനാടൻ മുറയിലാണ് അദ്ദേഹത്തിന്റെ അഭ്യസനം. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ല. പഞ്ചായത്തിലെ ഏക ഹൈസ്കൂളിലടക്കം കുട്ടികൾക്ക് കളിക്കാനുള്ള കളിക്കളമില്ല.

പൊതുസ്റ്റേഡിയങ്ങൾ പഞ്ചായത്തിൽ നിർമ്മിക്കാനുള്ള ശ്രമം ഇനിയും വിജയത്തിലെത്തിയിട്ടില്ല. രണ്ട് അമ്പെയ്ത്തുകളങ്ങൾ പഞ്ചായത്തിലുണ്ട്.

**പ്രശ്നപരിഹാര സാദ്ധ്യതകൾ:**

1. എല്ലാ വാർഡിലും ഒരു പൊതുകളിസ്ഥലവും ഒരു വ്യായാമകേന്ദ്രവും ഏർപ്പെടുത്തുക
2. സ്കൂളുകളിൽ എല്ലാ അദ്ധ്യാപകരും കായികപ്രവർത്തനങ്ങളിൽ പങ്കെടുക്കുക.
3. ഗ്രാമീണകായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക
4. പഞ്ചായത്തിൽ പ്രാദേശിക വിദഗ്ധരുടെ സഹായത്തോടെ കായിക പരിശീലനം സംഘടിപ്പിക്കുക
5. ഓരോ കായിക വിഭാഗത്തിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തല കായികസമിതി രൂപീകരിക്കുക
6. പഞ്ചായത്തിൽ ഒരുകായിക രജിസ്റ്റർ ഏർപ്പെടുത്തുക
7. പെൺകുട്ടികൾക്കും, സ്ത്രീകൾക്കും സൈക്കിൾ സവാരി, കളരി, കരാട്ടേ എന്നിവയിൽ പരിശീലനം നല്കുക.
8. പുതുവത്സര ഓട്ട മത്സരം പോലുള്ള പരിപാടികൾ സംഘടിപ്പിക്കുക
9. തെങ്ങുകയറ്റമത്സരം തുടങ്ങി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട കായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക
10. മിനി സ്റ്റേഡിയത്തിനും കളിക്കളത്തിനുംവേണ്ടി ഇറിഗേഷൻ വക പുറമ്പോക്ക്സ്ഥലം ഉപാധികളില്ലാതെ പഞ്ചായത്തിനു ലഭ്യമാക്കുക- അവിടങ്ങളിൽ കളിക്കാനാവശ്യമായ സൗകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തുക.

# 7

## കുടിവെള്ളം പൊതുജനാരോഗ്യം

നൊച്ചാട് പഞ്ചായത്തിലെ ജനസംഖ്യ 23231 ആണ്. 4900ഓളം വീടുകളാണ് ആകെയുള്ളത്. 40% വീടുകൾക്ക് ശുചിത്വപരമായി സുരക്ഷിതമായ കക്കൂസുകളുള്ളപ്പോൾ 30% വീടുകൾക്ക് കുഴികക്കൂസുകളാണുള്ളത്. 30% വീടുകൾക്ക് കക്കൂസില്ല. ഇത് കാരണം കുടിവെള്ളസ്രോതസ്സുകൾ മലിനമാവുകയും ജലജന്യമായ രോഗങ്ങൾക്ക് വഴിവെക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലെ സ്ത്രീമരണ നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ കൂടുതലാണെന്നു കാണുന്നു - 9.19. ശിശുമരണനിരക്ക് കേരളത്തിൽ 16 ആയിരിക്കുമ്പോൾ പഞ്ചായത്തിൽ അത് 18.5 ആണ്. കഴിഞ്ഞ വർഷം മാതൃമരണം ഉണ്ടായിട്ടില്ല. ജനനനിരക്ക് സംസ്ഥാന നിരക്കിനേക്കാൾ വളരെക്കുറവാണ് - 11.57. സംസ്ഥാന നിരക്ക് 17 ആണ്.

ഒരു വയസ്സിനുതാഴെ പ്രായമുള്ള 313 കുട്ടികളും ഒരു വയസ്സിനു 5 വയസ്സിനും ഇടയിൽ പ്രായമുള്ള 1371 കുട്ടികളും ആണ് പഞ്ചായത്തിലുള്ളത്.

97% കുട്ടികൾക്ക് ബി.സി.ജി.യും 92% പേർക്ക് ഡി.പി.ടി.യും 96.5% പേർക്ക് പോളിയോ വാക്സിനും 78%കുട്ടികൾക്ക് മീസിൽസ് വാക്സിനും കൊടുത്തിട്ടുണ്ട്.

അഞ്ചുവയസ്സുവരെയുള്ള കുട്ടികളിൽ 68.95% പേർക്ക് പോഷണക്കുറവില്ല. 24.83% കുട്ടികൾക്ക് ലഘുവായ പോഷണക്കുറവും 6.14% കുട്ടികൾക്ക് മിതമായ പോഷണക്കുറവും ഉണ്ട്. .08% കുട്ടികൾ ഗുരുതരമായ പോഷണക്കുറവുള്ളവരാണ്.

(അവലംബം- 1991ലെ സെൻസസ് റിപ്പോർട്ട്, സബ്സെൻററുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നുള്ള രേഖകൾ)

വയറിളക്കം, പനി, ചെങ്കണ്ണ്, കരുവൻ, സ്ത്രീരോഗങ്ങൾ എന്നിവ സാധാരണയായി കാണുന്നുണ്ട്. ക്ഷയം, ആസ്തമ, ഹൃദ്രോഗം, അപസ്മാരം, പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങളും ഉണ്ട്. അർബുദം, തലച്ചോറിലെ രക്തസ്രാവം, പക്ഷാഘാതം എന്നിവയും കാണുന്നുണ്ട്. ബുദ്ധിമാന്ദ്യം, അന്ധത എന്നിവയും ഉണ്ട്. അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം, പ്രകൃതിചികിത്സ എന്നീ ചികിത്സാ സമ്പ്രദായങ്ങളെ ജനങ്ങൾ ആശ്രയിക്കുന്നു.

ചാലിക്കരയിൽ ഒരു വീട്ടിൽ പാരമ്പര്യമായി അന്ധത കണ്ടുവരുന്നു. 3 പേർക്ക് ഇപ്പോൾ കാഴ്ചശക്തിയില്ല. ഇതിനേക്കുറിച്ച് പഠനം നടത്തേണ്ടതുണ്ട്. 7,10 വാർഡുകളിൽ രണ്ടുപേർക്ക് പെട്ടെന്നു കാഴ്ചനഷ്ടപ്പെട്ടു

കയും ചികിത്സകൊണ്ട് കാഴ്ച ഭാഗികമായി തിരിച്ചുകിട്ടുകയും ചെയ്ത അനുഭവമുണ്ട്. അതുപോലെ പത്താം വാർഡിൽ ഒരു പ്രദേശത്ത് കാൻസർ കൂടുതലായി കാണുന്നു. ഇതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടത് ആവശ്യമാണ്. വെള്ളിയൂരിൽ മൂകയായ ഒരമ്മയ്ക്ക് ജനിച്ച മൂന്നുമക്കളും മൂകരാണ്.

ശുദ്ധജലത്തിൻെറ ലഭ്യതക്കുറവ്, സുരക്ഷിതമായ കക്കൂസുകൾ ഇല്ലായ്മ, പരിസരശുചിത്വമില്ലായ്മ എന്നിവ പല രോഗങ്ങൾക്കും കാരണമാവുന്നുണ്ട്. ആഹാരശീലങ്ങളിൽ മാറ്റം വേണമോ എന്ന കാര്യം ആലോചിക്കേണ്ടതാണ്.

പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന ചില പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്.

## സ്ഥാപനങ്ങളും ജീവനക്കാരും

പഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ല. തൊട്ടടുത്ത പേരാമ്പ്ര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ കീഴിലായി ഒരു ഫാമിലി വെൽഫെയർ സെൻററും(നൊച്ചാട്)മൂന്നു സബ്സെൻററുകളും പഞ്ചായത്തിൽ ഉണ്ട്.(രാമല്ലൂർ, മുളിയങ്ങൽ, വാല്യക്കോട്) മുളിയങ്ങൽ സെൻററിനുവേണ്ടി കെട്ടിടം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി ലഭിക്കാത്തതുകൊണ്ട് അതു പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. അവിടെ എത്രയും പെട്ടെന്ന് വൈദ്യുതി ലഭ്യമാക്കേണ്ടതാണ്. വാല്യക്കോട് ആരോഗ്യപ്രവർത്തകർ പ്രവർത്തിക്കുന്നുണ്ടെങ്കിലും സബ്സെൻററിനാവശ്യമായ കെട്ടിടമോ മറ്റു സൗകര്യമോ ഇപ്പോഴില്ല. അവ എത്രയും പെട്ടെന്ന് ഉണ്ടാക്കേണ്ടതുണ്ട്. 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 4 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറുമാണ് ഒരു ഹെൽ ത്ത് ഇൻസ്പെക്ടറുമാണ് പഞ്ചായത്തിൽ ജോലിചെയ്യുന്നത്. ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ തസ്തിക ഒഴിഞ്ഞുകിടപ്പാണ്.

രാമല്ലൂർ സബ്സെൻററിൽ വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. മരുന്നും ഇല്ല. കിണറിലെ വെള്ളം കുടിക്കാൻ പറ്റില്ല. അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ട്. ഇവിടെ ജീവനക്കാർ രാത്രി താമസിക്കാത്തതിൽ ജനങ്ങൾക്ക് പ്രതിഷേധമുണ്ട്.

പഞ്ചായത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും 11 ജീവനക്കാരുള്ളതുമായ ഒരു ആയുർവേദ ആശുപത്രി ഏഴാം വാർഡിലെ നൊച്ചാട് പ്രവർത്തിക്കുന്നുണ്ട്. 20 കിടക്കകൾ ഉണ്ടെങ്കിലും 14 കിടക്കകൾ ഇടാനുള്ള സൗകര്യമേ ഇപ്പോഴുള്ളൂ. സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

ജീവനക്കാരുടെ എണ്ണം

| തസ്തികകൾ | അനുവദിച്ചത് | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|
| മെഡിക്കൽ ഓഫീസർ | 2 | 1 | 1 |
| ഫാർമസിസ്റ്റ് | 1 | 1 | - |
| നേഴ്സ് | 2 | 2 | - |
| നേഴ്സിങ്ങ് അസിസ്റ്റൻറ് | 2 | 2 | - |
| അറ്റൻഡർ | 1 | 1 | - |
| കുക്ക് | 1 | 1 | - |
| സാനിറ്റേഷൻ വർക്കർ | 1 | 1 | - |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 | - |

95-96 വർഷത്തിൽ ഔട്ട് പേഷ്യൻറ് വിഭാഗത്തിൽ 49,894 രോഗികൾ ചികിത്സക്ക് എത്തിയിരുന്നു. ഇതിൽ സ്ത്രീകൾ 27,278ഉം പുരുഷന്മാർ 16,188ഉം കുട്ടികൾ 6,428ഉം ആണ്. ഇൻപേഷ്യൻറ് വിഭാഗത്തിൽ 101 രോഗികൾ ചികിത്സ നേടിയിട്ടുണ്ട്. പ്രസ്തുത വർഷത്തിൽ ആരോഗ്യരക്ഷാച്ചെലവ് 58,947 രൂപ ആയിരുന്നു. ഭക്ഷണം ഇനങ്ങളിലും മറ്റുമായി 28,937 രൂപയും ചെലവായിട്ടുണ്ട്.

ആശുപത്രിയിൽ ഒട്ടേറെ പരാധീനതകളുണ്ട്. എല്ലാ മുറികളിലും വൈദ്യുതി ലഭ്യമല്ല. ഗ്യാസ് സംവിധാനം തകരാറിലാണ്. ആശുപത്രിക്ക് ചുറ്റുമതിൽ ആവശ്യമാണ്. പാചകത്തിനായി പ്രത്യേകം ഷെഡ് നിർമ്മിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളുമുള്ള ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഉണ്ടാകേണ്ടതുണ്ട്. ഇതില്ലാത്തതുകൊണ്ട് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. ഇപ്പോൾ ജനങ്ങൾ ആശ്രയിക്കുന്നത് പേരാമ്പ്രയിൽ ഉള്ള സർക്കാർ ആശുപത്രിയേയും സ്വകാര്യആശുപത്രികളേയും മേപ്പയ്യൂരിലുള്ള സർക്കാർ ആശുപത്രിയേയുമാണ്. സർക്കാർ ഹോമിയോ ഡിസ്പൻസറിയും ഇവിടെയില്ല. സ്വകാര്യമേഖലയിൽ 2 ഹോമിയോ ക്ലിനിക്കുകളുണ്ട്. പഞ്ചായത്തിൽ പ്രകൃതി ചികിത്സകരുണ്ടെങ്കിലും ചികിത്സാകേന്ദ്രം ഇല്ല.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം ഇല്ല. അതുകൊണ്ട് ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു.
2. വാല്യക്കോട് സബ്സെൻറർ പ്രവർത്തിക്കാനാവശ്യമായ കെട്ടിടം ഇല്ല. സബ്സെൻററുകളിൽ(മുളിയങ്ങൽ, രാമല്ലൂർ) ആവശ്യത്തിന് സൗകര്യങ്ങൾ ഇല്ല.
3. സബ്സെൻററുകളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
4. ഗവ: ആയുർവേദ ആശുപത്രിയിൽ ഔഷധങ്ങളും പഞ്ചകർമ ചികിത്സക്കാവശ്യമായ ഉപകരണങ്ങളും ഇല്ല. ജീവനക്കാരുടെ എണ്ണത്തിലും കുറവുണ്ട്- ബാലചികിത്സ, സ്ത്രീരോഗചികിത്സ, നേത്രചികിത്സ, വിഷ ചികിത്സ, പ്രകൃതി ചികിത്സ തുടങ്ങിയ വിഭാഗങ്ങൾ ഘട്ടംഘട്ടമായി സ്ഥാപിക്കുക.
5. ആശുപത്രിയിൽ ജീവനക്കാർക്ക് താമസിക്കാനാവശ്യമായ സൗകര്യങ്ങൾ ഇല്ല. കെട്ടിടങ്ങൾ ആവശ്യത്തിനില്ല. വൈദ്യുതി എല്ലാ മുറികളിലും ഇല്ല.
6. 30% വീടുകളിൽ കക്കൂസില്ല.
7. കൊതുകുശല്യം വ്യാപകമാണ്.
8. അലഞ്ഞുതിരിയുന്ന പട്ടികളെക്കൊണ്ടുള്ള ശല്യം ഏറെയാണ്.
9. മത്സ്യവില്പനകേന്ദ്രങ്ങൾ പഞ്ചായത്തിലില്ല. അതുകാരണം അതുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടാതെ വരികയും പരിസരമലിനീകരണത്തിനും തൽഫലമായി ആരോഗ്യപ്രശ്നങ്ങൾക്കും വഴി ഉണ്ടാക്കുകയും ചെയ്യുന്നു.
10. മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഫലപ്രദമായ അഴുക്കുചാലുകൾ പഞ്ചായത്തിലില്ല.
11. പൊതുശ്മശാനം സൗകര്യപ്രദമായ സ്ഥലത്തല്ല ഉള്ളത്.
12. മാലിന്യങ്ങൾ നിക്ഷേപിക്കാനും നീക്കം ചെയ്യാനുമുള്ള സൗകര്യങ്ങൾ ഇല്ല.

**സാധ്യതകൾ**

1. പഞ്ചായത്തിലെ ജനത്തിരക്കുള്ള കേന്ദ്രങ്ങളിലും അംഗൻവാടികൾ, സ്കൂളുകൾ ഇവയോടനുബന്ധിച്ചും കക്കൂസുകൾ, മൂത്രപ്പുരകൾ, കിണറുകൾ എന്നിവ ഉണ്ടാക്കേണ്ടതുണ്ട്.
2. ആരോഗ്യസംരക്ഷണകാര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പുകളുംസെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്.
3. ആരോഗ്യപ്രവർത്തകരുടെ സേവനം എല്ലാ വീടുകളിലും എത്തുന്നുണ്ടെന്ന് ഉറപ്പു

വരുത്തുക

4. മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
5. പഞ്ചായത്തിൽ ഒരു ബ്ലഡ് ഡോണേഴ്സ് ഫോറം രൂപീകരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുക.
6. മാലിന്യനിക്ഷേപപാത്രങ്ങൾ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുക; മാലിന്യങ്ങൾ നീക്കം ചെയ്യാൻ സ്ഥിരം സംവിധാനം ഉണ്ടാക്കുക.
7. ആയുർവേദആശുപത്രിയോടനുബന്ധിച്ച സ്ഥലങ്ങളിലും വീടുകളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കാനുള്ള പ്രോത്സാഹനം നൽകുക.
8. പ്രകൃതി ചികിത്സയിലേക്ക് കൂടുതൽ ജനങ്ങൾ ആകൃഷ്ടരാവുന്ന സാഹചര്യത്തിൽ പ്രസ്തുത ചികിത്സകൊണ്ട് രോഗംമാറിയ ആളുകളുടെ വിവരശേഖരണം നടത്തി വിശകലനം ചെയ്യുക.
9. എയ്ഡ്സ് രോഗം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും രോഗത്തിൻെറ ഭീഷണിയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തണം.
10. ജനപങ്കാളിത്തത്തോടെ ആയുർവേദ ആശുപത്രി പരിസരത്തു ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുക- കിടപ്പു രോഗികൾക്ക് ആവശ്യമായിരവരുന്ന സസ്യങ്ങൾക്ക് മുൻഗണന നൽകുക.

## കുടിവെള്ളം

പഞ്ചായത്തിലെ മുഖ്യകുടിവെള്ള സ്രോതസ്സ് കിണറുകളാണ്. ആകെയുള്ള 4900 വീടുകളിൽ 68% എണ്ണത്തിന് സ്വന്തമായി കിണറുകളുണ്ട്. 30% വീടുകൾ അയൽവീടുകളിലെ കിണറുകളെയാണ് കുടിവെള്ളത്തിന് ആശ്രയിക്കുന്നത്. ബാക്കിവീടുകൾ പൊതുകിണറുകളേയും കുഴൽ കിണറുകളെയുമാണ് ആശ്രയിക്കുന്നത്. 26 പൊതുകിണറുകളും 7 കുഴൽ കിണറുകളുമാണ് പഞ്ചായത്തിലുള്ളത്. ആയുർവേദആശുപത്രിക്കടുത്തും വെള്ളിയൂരിലും ഉള്ള കുഴൽകിണറുകളിലെ വെള്ളത്തിന് നിറവ്യത്യാസവും രുചിവ്യത്യാസവും ഉള്ളതുകൊണ്ട് ഉപയോഗയോഗ്യമല്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പല കിണറുകൾക്കും ആൾമറകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. വർഷത്തിൽ മുഴുവൻ സമയവും വെള്ളം ലഭിക്കുന്ന 60% കിണറുകളുള്ളപ്പോൾ 15% കിണറുകളിൽ 5 മാസക്കാലത്തോളം വെള്ളമുണ്ടാവാറില്ല. 200 മീറ്ററിലേറെ ദൂരത്തുനിന്ന് വെള്ളം കൊണ്ടുവരുന്ന പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്.

എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമമുണ്ട്. പഞ്ചായത്തിലെ പലഭാഗങ്ങളും കുന്നിൻപ്രദേശങ്ങളായതിനാൽ കിണർ കുഴിക്കാൻ വലിയ തുക ആവശ്യമാണ്. അതുകൊണ്ടുതന്നെ പല കുടുംബങ്ങൾക്കും അതിനു കഴിയുന്നില്ല. അടിഭാഗത്ത് പാറയായതിനാൽ പല സ്ഥലങ്ങളിലും കിണർ കുഴിച്ചാൽ വെള്ളം കിട്ടില്ല. ഇവ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് കാരണങ്ങളാണ്. വയലുകളും കുളങ്ങളും മറ്റും നികത്തിയതുകൊണ്ട് മഴവെള്ളം ഭൂമിയിലേക്കു കിനിഞ്ഞിറങ്ങുന്നതിനുള്ള സാധ്യതകൾ കുറഞ്ഞിട്ടുണ്ട്. ഇത് ഭൂഗർഭജലവിതാനത്തിൽ മാറ്റം വരുത്തുന്നു. ഇക്കാര്യം പഞ്ചായത്തിൽ കിണർ വെള്ളത്തിൻെറ ദാരിദ്ര്യത്തിനു കാരണമായിട്ടുണ്ടോ എന്നു പരിശോധിക്കണം.

പഞ്ചായത്തിൻേറയോ വാട്ടർഅതോറിറ്റിയുടേയോ ശുദ്ധജലവിതരണപദ്ധതികൾ പഞ്ചായത്തിൽ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റി, പഞ്ചായത്തിൽ താഴെ പറയുന്ന പദ്ധതികൾക്ക് രൂപം നൽകി വരുന്നു.

1. എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പാക്കുന്ന സമഗ്രശുദ്ധജല വിതരണപദ്ധതി: പഞ്ചായത്തിൻെറ ചില

ഭാഗങ്ങൾ ഇതിൻെറ പരിധിയിൽ വരും. 1997 ഡിസംബർ മാസത്തോടെ ശുദ്ധജലം വിതരണം ചെയ്യണം എന്നു ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.(പെരുവണ്ണാമൂഴിനിന്നും വലിയ പൈപ്പുകൾ വഴി ശുദ്ധജലം നൽകുന്നതിനുള്ള പദ്ധതി)

2. പന്നിയാങ്കോടമലപദ്ധതി: പഞ്ചായത്തിലെ 4,7,8,10 എന്നീ വാർഡുകളിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി 1997 ഡിസംബറിൽ കമ്മീഷൻ ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. ഇതിനാവശ്യമായ കിണറിൻെറയും ടാങ്കിൻേറയും പണി പൂർത്തിയായി. പൈപ്പ്ലൈൻ പണി ആരംഭിച്ചിട്ടില്ല. പൈപ്പുകൾ ലഭ്യമാവുന്നതിനനുസരിച്ച് പ്രവർത്തി ടെണ്ടർ ചെയ്യാൻ ആണ് ലക്ഷ്യമിട്ടിട്ടുള്ളത്.

3. ഒമ്പതാം വാർഡിലെ കിളിയായിമീത്തൽ ഹരിജൻ കോളനിയിൽ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി. ഇതിൻെറ എസ്റ്റിമേറ്റ് തയ്യാറായിക്കഴിഞ്ഞു. ഉടൻ തന്നെ ടെണ്ടർ ചെയ്യുമെന്നറിയുന്നു.

4. ഇളയിടത്തുകുന്ന്-മുള്ളമ്പാറക്കുന്ന് ശുദ്ധജലവിതരണപദ്ധതി. ഇതിൻെറ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി അയച്ചിരിക്കുന്നു. 1998 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളും അവ പരിഹരിക്കുന്നതിനായി ഗ്രാമസഭയിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

| വാർഡ് | നിർദ്ദേശങ്ങൾ |
|---|---|
| 1. എ) കൂരന്തറക്കുന്ന് | രാരാറ്റക്കുന്നുമ്മൽ നിലവിലുള്ള ടാങ്കിൽ നിന്ന് കണക്ഷൻ കൊടുക്കണം |
| ബി) വെള്ളിലോട്ടുകുന്ന് മലോറത്തുകുന്ന് കണിയൻ മീത്തൽ കുഴിച്ചാലിൽ, പുത്തൻപുരയിൽ ഭാഗങ്ങൾ | യോജിച്ച സ്ഥലത്ത് കിണർ കുഴിക്കുകയും ടാങ്ക് സ്ഥാപിക്കുകയും ചെയ്യുക |
| സി)രാവറ്റ മംഗലംഭാഗം | ചെറുവണ്ണൂർ ശുദ്ധജല പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടിക്കൊടുക്കുക |
| ഡി)മുതുകുന്നുമ്മൽ രാമല്ലൂർ ഭാഗം | അനുവദിക്കപ്പെട്ടിട്ടുള്ള 4 ലക്ഷം രൂപയുടെ സ്കീമിൽ കിണറിനാവശ്യമായ പണം കൂടി അനുവദിക്കണം |
| 2.എളയാടത്തുകുന്ന് തയഞ്ഞോളി ഭാഗം മുള്ളൻ പാറക്കുന്ന്, ശങ്കരോടി, തേക്കുമ്മൽ മീത്തൽ | യോജിച്ച സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുകയും ടാങ്കുകൾ സ്ഥാപിക്കുകയും ചെയ്യുക |
| 3.എ) ചേർമല(ചെരിപ്പേരി മീത്തൽഭാഗം), പൊൻപറ, പട്ടേരികണ്ടിഭാഗം, തയഞ്ഞോളി, ആശാരിക്കൽ മീത്തൽ, വെള്ളിലോടുമ്മൽ ഭാഗം, പറയൻ കണ്ടിച്ചാലിൽ ഭാഗം | കിണറുകൾ കുഴിക്കുക, ടാങ്ക് സ്ഥാപിക്കുക |
| ബി) ഊഞ്ഞാറ്റിൽ ലക്ഷം വീട് കോളനി | നിലവിലുള്ള കിണറിന് ആഴം കൂട്ടുക |

| | |
|---|---|
| 4. എ) പനമ്പ്രക്കുന്ന് | ഇറിഗേഷൻ വകുപ്പിൻെറ സ്ഥലത്തുള്ള കുളം ശുദ്ധീകരിച്ച് പമ്പ് സ്ഥാപിക്കുക |
| ബി) കല്ലക്കുടിത്തറഭാഗം | പന്ന്യാംകോട പദ്ധതിയിൽ ഉൾപ്പെടുത്തുക |
| സി) ചെമ്പ്രത്തറഭാഗം ഇല്ലത്തുപാറയുൾപ്പെടെ ആയടത്തിൽ, കുന്നത്ത്ഭാഗം നടുക്കണ്ടിമീത്തൽ നീലോത്തുകോളനി | വെള്ളം ലഭ്യമായ സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുക. ടാങ്കുകൾ സ്ഥാപിക്കുക. നിലവിലുള്ള കുഴൽ കിണർ ഉപയോഗപ്രദമാക്കുക |
| ഡി) മൂർക്കൻകണ്ടി, പരത്തുറക്കുന്ന്, കുന്നത്ത് മീത്തൽ | ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തുക |
| ഇ) പള്ളിച്ചാലിൽ ഭാഗം | കിണർ ഉപയോഗപ്രദമാക്കുക |
| എഫ്) പുളിക്കൂൽ പൊയിൽ | കിണർ കുഴിക്കാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക |
| ആയടുത്തു മീത്തൽ ടാങ്ക് സ്ഥാപിച്ചാൽ ആയടുത്തു മീത്തൽ, കണ്ണിപ്പൊയിൽ, കുന്നുമ്മൽ, പട്ടോന, കുന്നത്തു മീത്തൽ, കീഴൽമീത്തൽ കോളനി, എടോത്തറഭാഗം, നടുക്കണ്ടിമീത്തൽ, നീലോത്തുക്കോളനി എന്നീ ഭാഗങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും എന്ന നിർദ്ദേശവുമുണ്ട്. | |
| 5. കക്കാട്ഭാഗം, പുറ്റാട് കോളനി, എടവനത്തറമ്മൽഭാഗം,കൈതക്കൽ തറ, പാലക്കാം പൊയിൽക്കുന്ന്, ഈമ്പാക്കുന്ന് | യോജിച്ച സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുക. ടാങ്കുകൾ സ്ഥാപിക്കുക |
| 6. നടുക്കണ്ടിപ്പാറ, ചെങ്ങോട്ടുഭാഗം, ചാലിൽ മീത്തൽഭാഗം, മൊട്ടൻ തറ, കോമത്തുകുന്ന്, എടവലത്തുഭാഗം | കിണറുകൾ കുഴിക്കുക, ടാങ്കുകൾ സ്ഥാപിക്കുക, ചെങ്ങോട്ടുഭാഗത്ത് കായണ്ണ, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിലുള്ളവർക്ക് കൂടി പ്രയോജനപ്പെടുമാറ് ഇടത്തരം പദ്ധതി ആരംഭിക്കുക. |
| 7.എ) നാഞ്ഞൂറക്കുന്ന്, മലയിൽപാറ, തോമരായിമ്മൽ കുന്ന് | കിണറുകളും ടാങ്കുകളും സ്ഥാപിക്കുക |
| ബി) മലയിൽ ഭാഗം, മലാപൊയിൽ, തയ്യുള്ളപറമ്പുഭാഗം | പന്നിയാംകോട പദ്ധതിയിൽ ഉൾപ്പെടുത്തുക |
| 8.എ) പനമ്പ്രഭാഗം, കുന്നത്തുഭാഗം, പയ്യാനക്കോടു ഭാഗം, പൊറേരിമീത്തൽ, അളിയോറമീത്തൽ ഭാഗം, കുന്നത്തു മീത്തൽ, കുറുക്കണ്ണിമീത്തൽ | കിണറുകൾ കുഴിക്കുക, ടാങ്കുകൾ സ്ഥാപിക്കുക |

| | |
|---|---|
| ബി) കല്ലിക്കണ്ടി മീത്തൽ | നിലവിലുള്ള കിണറിന് ആഴം കൂട്ടുക |
| സി) ഉണ്ടൻചാലിൽ പാറച്ചുവട്, എളയടത്ത് ഭാഗങ്ങൾ | പന്ന്യാംകോട പദ്ധതിയിൽ ഉൾപ്പെടുത്തുക |
| 9. എ) എലിപ്പാറക്കൽ കുന്ന്, മുയ്യറ്റ, കൊട്ടാറക്കുന്ന്, പുളിയാക്കുന്ന്, വെള്ളരിമീത്തൽഭാഗം, പിലാക്കുന്നത്ത് മീത്തൽ ,കോളനി, വെള്ളരിക്കുന്ന്, മാതയോത്ത്ചാൽകുന്ന് ഭാഗം | കിണറുകളും ടാങ്കുകളും സ്ഥാപിക്കുക, പന്ന്യാംകോട കിളിയായി മീത്തൽ പദ്ധതികളെ വിപുലപ്പെടുത്തി പ്രയോജനകരമാക്കുക |
| ബി) കിളിയായി മീത്തൽ കോളനി | ശുദ്ധജലപദ്ധതി ഉടൻ പൂർത്തിയാക്കുക |
| 10.എ) ചാത്തങ്കോട്-മൂരിക്കഞ്ചേരിഭാഗം, വൈദ്യരുക്കണ്ടി മീത്തൽ, അരീക്കുന്നത്തു ഭാഗം, പാറയ്ക്കുതാഴ, മുതുകുന്നുമ്മൽ, ചാലുപറമ്പിൽ ഭാഗം | കിണറുകൾ കുഴിക്കുക, ടാങ്കുകൾ സ്ഥാപിക്കുക |
| ബി) പുവ്വത്തിങ്കിൽ- മമ്മിളിച്ചാലിൽ, അരിയൂറ ഭാഗം | അരിയൂറ ജലസംഭരണിയിൽ നിന്ന് പമ്പിംഗ് നടത്തുക |
| സി) കരിങ്ങാറ്റി ഭാഗം, മേപ്പാട്ട്, കുതിരവട്ടം, പാറേമ്മൽ ഭാഗങ്ങൾ | കിണറുകൾ കുഴിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക |
| ഡി) നിലമ്പറ മീത്തൽ കോളനി | നിലവിലുള്ള കിണറിന് ആഴം കൂട്ടുകയും ടാങ്ക് സ്ഥാപിക്കുകയും ചെയ്യുക |

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. മണ്ണിനടിയിൽ പാറകളുള്ളതിനാൽ പലഭാഗങ്ങളിലും കിണർ കുഴിക്കാൻ കഴിയുന്നില്ല.
3. വെള്ളം ലഭ്യമാകുമെങ്കിലും സാമ്പത്തികബുദ്ധിമുട്ടുകാരണം കിണർകുഴിക്കാൻ കഴിയാത്ത കുടുംബങ്ങൾ ഉണ്ട്.
4. ആൾമറയില്ലാത്ത ധാരാളം കിണറുകൾ ഉണ്ട്.
5. ഓടകളിൽ നിന്നുള്ള മലിനജലം ചില പ്രദേശങ്ങളിൽ കിണർ വെള്ളത്തെ അശുദ്ധമാക്കുന്നു.
6. വാട്ടർഅതോറിറ്റിയുടെ ശുദ്ധജലവിതരണപദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നു. അവയുടെ ജോലി ത്വരിതപ്പെടുത്തണം.

7. എല്ലാ പ്രധാന കേന്ദ്രങ്ങളിലും പൊതുകിണറുകൾ ഇല്ല.

8. നൊച്ചാട്, വെള്ളിയൂർ എന്നിവിടങ്ങളിൽ ഉള്ള കുഴൽക്കിണറുകളിലെ വെള്ളത്തിന് നിറവ്യത്യാസവും രുചിവ്യത്യാസവും ഉണ്ട്.

## സാധ്യതകൾ

1. നിലവിലുള്ള എല്ലാ പൊതുകിണറുകളും വൃത്തിയാക്കി അവ ഉപയോഗയോഗ്യമാക്കുക.

2. കിണറുകളുടെയും മറ്റു കുടിവെള്ള സ്രോതസ്സുകളുടെയും പരിസരശുചിത്വവും അവയിലെ വെള്ളത്തിൻെറ അണു മുക്തിയും ശുദ്ധിയും ഉറപ്പുവരുത്തുക.

3. പഞ്ചായത്തിൽ 152 കുളങ്ങൾ ഉണ്ട്. ഇവയിൽ കുറെയെണ്ണം വൃത്തിയാക്കിയാൽ ശുദ്ധജലവിതരണത്തിന് ഉപയോഗപ്പെടുത്താം.

4. മഴവെള്ളം ഭൂഗർഭജലമായിമാറുന്നതിനാവശ്യമായ ജലസംരക്ഷണ നടപടികൾ സ്വീകരിക്കുക. -കുഴികളും പൊട്ടക്കിണറുകളും പ്രയോജനപ്പെടുത്തുക.

5. കാടുകളും കാവുകളും സംരക്ഷിക്കുക

6. വയൽ നികത്തുന്നത് തടയുക.

7. ജലവും അതിൻെറ സ്രോതസ്സുകളും സംരക്ഷിക്കേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ചും അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുക

8. കുടിവെള്ളവും രോഗങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ജനങ്ങൾക്ക് അറിവു ലഭിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക

# 8

# വിഭവസമാഹരണം

വൻകിട വ്യവസായശാലയോ വലിയ കച്ചവടകേന്ദ്രങ്ങളോ ഇല്ലാത്ത നമ്മുടെ പഞ്ചായത്ത് സാമ്പത്തിക സമാഹരണ കാര്യത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന ഒന്നാണ്. പഞ്ചായത്തുകളുടെ വരുമാനത്തിൽ ഗണ്യമായ സംഭാവന നൽകുന്ന ഘടകങ്ങളിലൊന്നായ വിനോദനികുതി-പിരിച്ചെടുക്കുന്നതിനുള്ള ഒരു സിനിമാശാല പോലും ഇല്ലാത്ത ചുരുക്കം പഞ്ചായത്തുകളിലൊന്നാണെന്നു മാത്രമല്ല സമീപകാലം വരെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനു പോലും സർക്കാറിന്റെ ഗ്രാന്റ് ആശ്രയിച്ചിരുന്ന പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ രൂപീകരണ സമയത്തുണ്ടായിരുന്ന തൊള്ളായിരത്തി എൺപത് രൂപയിൽനിന്നും തനതു വരുമാനം 11,11,616.75 രൂപയായി വർദ്ധിച്ചിട്ടുണ്ടെങ്കിലും ഇന്നത്തെ ആവശ്യത്തിന് അത് ഒട്ടും പര്യാപ്തമല്ല. വൻകിട വ്യവസായശാലകൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ വിരളമായതു കൊണ്ടുതന്നെ പുതിയ ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചു കൊണ്ടും കാർഷിക രംഗത്തെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചു കൊണ്ടും മാത്രമെ ഈ രംഗങ്ങളിലെ വിഭവ സമാഹരണം വർദ്ധിപ്പിക്കാനാവൂ.

സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നതിലെ കാലതാമസവും വിവേചനവും തുടർന്നു കൊണ്ടിരിക്കുകയാണ്. ജനസംഖ്യ, ദാരിദ്ര്യരേഖക്കടിയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നീകാര്യങ്ങൾക്കൊപ്പം പഞ്ചായത്തുകളുടെ തനതു വരുമാനത്തിന്റെ സ്ഥിതി കൂടി കണക്കിലെടുത്താൽ മാത്രമെ ഗ്രാന്റുകളുടെ നീതിപൂർവകമായ വിതരണം സാദ്ധ്യമാവൂ. ഗ്രാന്റുകൾ, പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കണം.

വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന ബോധം ബഹുഭൂരിപക്ഷം പേർക്കും ഇന്നില്ല. ലോൺ ആവശ്യമുള്ളപ്പോഴോ മറ്റു ആവശ്യങ്ങൾക്ക് എന്തെങ്കിലും രേഖകൾ ആവശ്യമായി വരുമ്പോഴോ മാത്രം നികുതി കൊടുക്കുന്ന സമ്പ്രദായമാണ് ഭൂരിപക്ഷം പേരും ഇന്നു തുടരുന്നത്. പഞ്ചായത്ത് അതിർത്തിയിൽ കച്ചവടം ചെയ്യുന്ന മുഴുവൻ പേർക്കും കച്ചവടത്തിനുള്ള ലൈസൻസ് നൽകി നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഇനത്തിൽ 95-96 വർഷത്തിൽ ലഭിച്ച ഫീസ് 13577.50 രൂപയാണ്. ദുസ്സഹമായ ജീവിത സാഹചര്യങ്ങളിൽ നികുതി മറ്റൊരു ഭാരമാവാതെ വരുമാനത്തിന്റെ ഒരു ഭാഗം നികുതിയായി മാറുന്ന രൂപത്തിൽ യുക്തിസഹമായി നികുതിഘടന പുന:സംഘടിപ്പിക്കണം. തങ്ങൾ നൽകുന്ന നികുതി ഏതിനത്തിൽ ചിലവഴിക്കപ്പെടുന്നു എന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള സംവിധാനം കൂടി ഉണ്ടായാൽ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്കാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് സാധാരണ ജനങ്ങളെ ബോദ്ധ്യപ്പെടുത്താനാവും. വരുമാനമുള്ള മുഴുവൻ വിഭാഗങ്ങളിൽ നിന്നും നികുതി ഈടാക്കാൻ കഴിയുന്നതിനു സംവിധാനമുണ്ടാവണം.

## വരുമാനത്തിലെ വ്യത്യാസം

| ഇനം | 1991-92. | 1995-96 | വ്യത്യാസം | വർദ്ധന % |
|---|---|---|---|---|
| കെട്ടിടനികുതി | 88908.65 | 1,78,520.90 | 89612.25 | 100.79 |
| തൊഴിൽനികുതി | 58374.00 | 63,930.00 | 5556.00 | 9.51 |
| ഡി ആൻറ് ഒ ലൈസൻസ് | 10872.50 | 13,577.50 | 2705.00 | 24.87 |
| ഉപാധിരഹിതഫണ്ട് | 2,10,000.00 | 3,24,190.00 | 1,14,190.00 | 54.37 |
| ജെ.ആർ.വൈ | 3,02,515.00 | 4,74,275.00 | 1,71,760.00 | 56.77 |
| ഗ്രാൻറുകൾ | 1,19,079.00 | 2,90,589.00 | 1,71,510.00 | 144.00 |
| ആകെവരവ് | 12,42,984.45 | 13,48,571.50 | 1,05,587.00 | 8.49 |
| ചെലവ്-എസ്റ്റാബ്ളിഷ്മെൻറ് | 2,21,615.00 | 2,55,756.00 | 34141.00 | 15.41 |

## ഭരണച്ചെലവ്,മരാമത്ത് ചിലവുകൾ

| വർഷം | ഭരണച്ചെലവ് | മരാമത്ത്ചിലവ് |
|---|---|---|
| 1990-91 | 1,76,045.60 | 1,11,701.00 |
| 1991-92 | 2,02,547.10 | 23,547.00 |
| 1992-93 | 1,95,743.10 | 15,459.00 |
| 1993-94 | 2,24,954.60 | 38,775.00 |
| 1994-95 | 2,53,762.00 | 69,876.00 |

## പഞ്ചായത്തിൻെറ സ്വന്തം വരുമാനം

| വർഷം | തൊഴിൽനികുതി | കെട്ടിടനികുതി | ഫീസ്/പിഴ | മറ്റിനം | ആകെ |
|---|---|---|---|---|---|
| 1990-91 | 50960.00 | 80430.30 | 11714.25 | 303993.10 | 447097.74 |
| 1991-92 | 58374.00 | 88908.65 | 12006.65 | 377138.45 | 536427.75 |
| 1992-93 | 60760.00 | 117429.10 | 11338.25 | 23525.05 | 213052.30 |
| 1993-94 | 65140.00 | 117792.40 | 11962.75 | 316245.90 | 511191.65 |
| 1994-95 | 82075.00 | 162786.50 | 14404.00 | 219666.00 | 478931.50 |

### ഗ്രാൻറുകരം-സഹായങ്ങരം

| വർഷം | പഞ്ചായത്ത്‌വകുപ്പുവക | ഡി.ആർ.ഡി.എ | അൺടൈഡ് | മറ്റിനങ്ങരം | ആകെ |
|---|---|---|---|---|---|
| 1990-91 | 12500.00 | 448054.00 | 200000.00 | 174065.85 | 834619.85 |
| 1991-92 | | 302454.00 | 210000.00 | 194102.20 | 706556.70 |
| 1992-93 | | 363090.00 | 220800.00 | 380851.15 | 964741.65 |
| 1993-94 | | 620800.00 | 228400.00 | 162415.00 | 1011615.00 |
| 1994-95 | | 443755.00 | 317400.00 | 239575.70 | 1000730.70 |

### ചെലവിനം സംബംന്ധിച്ച്

| വർഷം | ശമ്പളം | വൈദ്യുതി | റോഡ് | മറ്റുമരാമത്ത് | കുടിവെള്ളം | കൃഷി | വ്യവസായം | വിദ്യാഭ്യാസം | മറ്റിനങ്ങരം |
|---|---|---|---|---|---|---|---|---|---|
| 1990-91 | 176045.60 | 12417.00 | 35323.00 | 111701.00 | 800.0 | - | - | 119490.10 | 309180.80 |
| 1991-92 | 202547.10 | 12495.90 | 39089.00 | 23547.00 | 1475.00 | - | - | 46376.90 | 431656.85 |
| 1992-93 | 195743.10 | 17367.25 | 269892.80 | 15459.00 | 640.00 | - | - | 31452.25 | 184188.20 |
| 1993-94 | 224954.60 | 16704.00 | 399624.90 | 38775.00 | - | - | - | 35131.50 | 313426.50 |
| 1994-95 | 253762.00 | 16708.00 | 188473.00 | 69876.00 | 20430.00 | - | - | 199668.00 | 274033.95 |

## കെട്ടിട നികുതി.

കെട്ടിട നികുതി കണക്കാക്കുന്നതിലെ അശാസ്ത്രീയത നിലനിൽക്കുന്നതു കൊണ്ടു തന്നെ ഇതു സംബന്ധിച്ച നിരവധി ആക്ഷേപങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. വാർഷിക വാടക മൂല്ല്യത്തിൻെറ 6% മാണ് ഇന്നു നിലവിൽ നികുതി ചുമത്തുന്നതിനുള്ള മാനദണ്ഡം. ബിൽഡിംഗ് റെഗുലേഷൻ ആക്ട് ബാധകമല്ലാത്ത പഞ്ചായത്ത് ആണ് എന്നുള്ളതു കൊണ്ടു തറവിസ്തീർണ്ണം സംബന്ധിച്ചോ വീടിൻെറ ചതുരശ്ര വിസ്തൃതി സംബന്ധിച്ചോ വ്യക്തമായ വിവരങ്ങരം ലഭിക്കാറില്ല. എല്ലാതരം കെട്ടിടങ്ങരംക്കും വാർഷിക വാടക മൂല്ല്യത്തിൻെറ ഒരേ ശതമാനത്തിലേ നിലവിലുള്ള നിയമം വച്ചു ചുമത്താൻ സാധിക്കൂ. ഒരു നിശ്ചിത അടിയിൽ കൂടുതൽ ചതുരശ്ര വിസ്തൃതിയുള്ള വീടുകരംക്ക് വാർഷിക വാടക മൂല്ല്യത്തിൻെറ വർദ്ധിച്ച തോതിലുള്ള ശതമാനം നികുതി ചുമത്തുവാൻ കഴിയുന്ന രൂപത്തിൽ നിയമം മാറ്റേണ്ടതുണ്ട്. അങ്ങനെ വരുന്ന പക്ഷം വലിയ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനെ ചെറിയ ഒരളവുവരെയെങ്കിലും നിരുത്സാഹപ്പെടുത്താനാവും. ആഡംബരത്വവും വിലക്കൂടുതലുള്ള നിർമ്മാണ വസ്തുക്കളുടെ ഉപയോഗവും കൂടി മാനദണ്ഡമാക്കാൻ കഴിയണം. വീട് അസെസ്സ് ചെയ്തത് ഏത് രൂപത്തിലാണെന്ന് ഓരോ

വീട്ടുടമസ്ഥനേയും ബോദ്ധ്യപ്പെടുത്തുന്നതിനു സാധിച്ചാൽ തെറ്റിദ്ധാരണകൾ ഒഴിവാക്കുന്നതിനു സാധിക്കും.

നികുതി പിരിക്കുന്നതിനുള്ള സംവിധാനവും ശക്തിപ്പെടുത്തേണ്ടതുണ്ട്. അയൽകൂട്ട സമിതികൾ രൂപീകരിച്ചു അതത് പ്രദേശത്തിൽ നികുതി പിരിക്കുന്ന സമയവും തീയ്യതിയും മുൻകൂട്ടി അറിയിക്കുന്നത് കുടിശ്ശിക ഇല്ലാതാക്കുന്നതിനു സഹായിക്കും.

## തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ, സ്ക്കൂൾ അദ്ധ്യാപകർ, ബാങ്ക് ജീവനക്കാർ, കച്ചവടക്കാർ, ചുരുക്കം കൃഷിക്കാർ എന്നിവരിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി പിരിക്കുന്നത്. തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വിവിധ വിഭാഗം തൊഴിലാളികളെയും കൃഷിക്കാരെയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിലോ മറ്റു ഇതര പദ്ധതികളിലോ ഉൾപ്പെടുത്തുകയും അതിൽ മെമ്പർമാരാകുന്നവരിൽ നിന്നും തൊഴിൽ കരം ഈടാക്കുകയും ചെയ്യേണ്ടതാണ്. നിർമ്മാണ തൊഴിലാളികൾ, കള്ളു ചെത്തു തൊഴിലാളികൾ, മറ്റു വിദഗ്ദ്ധ തൊഴിലാളി വിഭാഗങ്ങൾ തുടങ്ങിയവർക്ക് ഇതു ബാധകമാക്കാവുന്നതാണ്.

## വിനോദ നികുതിയും മറ്റു വരുമാന മാർഗ്ഗങ്ങളും.

സിനിമാശാലകളോ മറ്റു വിനോദ ഉപാധികളോ നമ്മുടെ പഞ്ചായത്തിൽ ഇന്നില്ല. പേരാമ്പ്രയുമായി ഏറ്റവും അടുത്തു കിടക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ കൈതക്കലിനടുത്തു ഒരു സിനിമാ ശാലയുടെ സാദ്ധ്യത സ്വകാര്യ മേഖലയിൽ ആലോചിക്കാവുന്നതാണ്.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി ഏക്കർ കണക്കിനു ഭൂമി നമ്മുടെ പഞ്ചായത്തിൽ ഉപയോഗ ശൂന്യമായി കിടക്കുന്നുണ്ട്. ഇന്നു നിലവിൽ പ്രസ്തുത ഭൂമിയിൽ ഉല്പാദന പ്രവർത്തികൾ ഒന്നും നടക്കുന്നില്ല എന്നതാണ് സ്ഥിതി. പ്രസ്തുത ഭൂമി ഗ്രാമ പഞ്ചായത്തിനെ മാർക് ചെയ്തു ഏല്പിക്കുകയും കനാലിന് അപകടം വരാത്ത നിലയിൽ കൃഷിനടത്തുന്നതിനു പാട്ടത്തിനു നൽകാവുന്നതാണ്. പാട്ടത്തിനു നൽകുന്ന വകയിൽ ലഭിക്കുന്ന വരുമാനം ഒരു പ്രത്യേക ഹെഡിൽ അക്കൗണ്ട് ചെയ്യുകയും ആയത് പ്രത്യുൽപാദന മേഖലയിൽ മുതൽ മുടക്കുകയും വേണം.

ഗൾഫിൽജോലി നോക്കുന്നവർ ഇന്നുഅവിടെനിന്നു ലഭിക്കുന്ന വരുമാനം കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് മാത്രമാണ് കൂടുതലും ചെലവഴിക്കുന്നത്. പ്രസ്തുത തുറയിൽ നിന്ന് ലഭിക്കുന്ന വരുമാനം പ്രത്യുല്പാദന മേഖലയിലേക്ക് തിരിച്ചു വിട്ടു ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനു ബോധപൂർവ്വ ശ്രമം നടത്തണം.

ഭൂനികുതി പിരിക്കുന്നതിനുള്ള ഇന്നുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതാണ്. ഏക്കറിന് ഇരുപത് രൂപ എന്നുള്ള തോത് വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുമ്പോൾ തന്നെ വിവിധയിനം ഭൂമിക്ക് തരമനുസരിച്ചു നികുതി നിർണ്ണയിക്കാനും സാധിക്കണം. വയൽ നികത്തി പുരയിടങ്ങളാക്കി മാറ്റിയ സ്ഥലത്തു പരമാവധി നികുതി ഈടാക്കാവുന്നതാണ്. ഭൂമിയുടെ തരം തിരിവ് നടത്തുന്നതിലും വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സംയുക്ത സമിതികൾ ഉണ്ടാവുന്നത് ഗുണകരമായിരിക്കും.വസ്തു കൈമാറ്റം ചെയ്യുമ്പോൾ ഇന്നു രേഖകളിൽ കാണിക്കുന്ന വിലയും യഥാർത്ഥ കൈമാറ്റ വിലയും തമ്മിൽ കാണുന്ന അന്തരം കുറക്കുന്നതിനു ഓരോ പ്രദേശത്തെയും ഭൂമിക്ക് 'സ്ലാബ് സമ്പ്രദായം' ഏർപ്പെടുത്തുന്നത് ഗുണകരമായിരിക്കും. സ്ലാബ് നിശ്ചയിക്കുന്നതിൽ ഉദ്യോഗസ്ഥരോടൊപ്പം ജനപ്രതിനിധികൾക്കും കർഷകർക്കും പങ്കാളിത്തം ഉണ്ടാവുന്നത് ഗുണകരമാണ്. ഉൽസവകാലങ്ങളിലും വിവിധ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ചും പഞ്ചായത്തിൻെറ നേതൃത്വത്തിൽ വോളിബോൾ മേളകളും ഗ്രാമചന്തകൾ, കന്നുകാലി ചന്തകൾ,വിവിധ ഡിപ്പാർട്മെൻറുകളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രദർശനങ്ങൾ നടത്തുകയും അവ നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുത്തു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഇത്തരം മേളകളിൽ വിറ്റഴിക്കുന്നതിനു സൗകര്യപ്പെടും വിധത്തിൽ പച്ചക്കറികളും മറ്റു പഴ വർഗ്ഗങ്ങളും ഉല്പാദന ഉപകരണങ്ങളും (ഉദാ:-കൈക്കോട്ട്,പടന്നകൾ, കത്തികൾ, വിത്തുകൾ, ചിരവ, തവി)നിർമ്മിക്കുന്നതിനും സാധിക്കേണ്ടതാണ്.

വിഭവസമാഹരണവുമായി ബന്ധപ്പെട്ടു ഗ്രാമസഭകളിൽ നിന്നും മറ്റും നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവരുകയുണ്ടായി.

- ക്വാറികൾക്കും മറ്റും ലൈസൻസ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക.
- കെട്ടിടങ്ങളുടെ റവന്യൂടാക്സ് പഞ്ചായത്തിനു നൽകുക.
- മത്സ്യമാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിച്ചു ലേലം ചെയ്തു വരുമാനമുണ്ടാക്കുക.
- തെരുവുവിളക്കുകൾക്ക് മീറ്റർ സമ്പ്രദായം നടപ്പിലാക്കുക ഉപയോഗിക്കപ്പെടുന്ന വൈദ്യുതിക്ക് മാത്രം കാഷ് ഈടാക്കുക.
- ഇരുനൂറിലധികം തെങ്ങുള്ള എല്ലാവരിൽനിന്നും കാർഷിക തൊഴിൽ നികുതി വസൂലാക്കുക.
- ടി.വി, ഫ്രിഡ്ജ് മുതലായ ആധുനികഉപകരണങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ആരായുക.
- നാടൻ ചിട്ടികൾ, പലിശക്ക് പണം കൊടുക്കുന്നവർ എന്നിവർക്ക് നികുതി ചുമത്തുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.
- വില്ലേജ് സൈറ്റ് പ്ലാൻ ഫീസ് വർദ്ധിപ്പിക്കുകയും തുക പഞ്ചായത്തിനു നൽകുകയും ചെയ്യുക.
- മോട്ടോർ വാഹനങ്ങൾക്ക് പഞ്ചായത്ത് നികുതി ഏർപ്പെടുത്തുക.
- വികസന പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്ന വാർഡുകൾക്ക് വികസന പ്രവർത്തനങ്ങളിൽ മുൻഗണന നൽകുക.
- ഓട്ടോ-ടാക്സി സ്റ്റാൻഡുകൾ നിർമ്മിച്ചു ഫീസ് ഈടാക്കുക.
- ഭൂനികുതി പിരിക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുക.

## മനുഷ്യവിഭവം

മറ്റു പ്രദേശങ്ങളിലേതുപോലെതന്നെ നമ്മുടെ പ്രദേശത്തെയും ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യ വിഭവം തന്നെയാണ്. മനുഷ്യ അദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുന്നതിനു തയ്യാറാണെന്നു ഗ്രാമസഭകളിൽ പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. അതു പ്രാവർത്തികമാക്കുമെന്നതിൻെറ സൂചനയാണ് കേരളപ്പിറവിയുടെ നാല്പതാം വാർഷിക ദിനമായ നവമ്പർ ഒന്നിൻെറ പുനരർപ്പണദിനത്തിൽ നാം ദർശിച്ചത്. മഴക്കാലത്തിനു മുൻപ് റോഡിന് ചാലുകൾ നിർമ്മിക്കാനും ബസ് സ്റ്റോപ്പുകൾ, അങ്ങാടികൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിനും സന്നദ്ധസംഘടനകൾ, കലാസമിതികൾ, കച്ചവടക്കാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്. വെള്ളം ഒലിച്ചു പോവുന്നതിനുള്ള തടസ്സമാണ് പലപ്പോഴും റോഡുകൾ തോടുകളാവുന്നതിനുള്ള പ്രധാന കാരണം.

9

# വനിതാക്ഷേമം

കേര വികസന മാതൃകയുടെ ഒരു ദൗർബല്യം തന്നെ അതിലെ സ്ത്രീ പങ്കാളിത്തത്തിൻെറ കുറവത്രെ. കേരളീയ സ്ത്രീ ഇരുളടഞ്ഞ ഒരു യുഗത്തിലൂടെ പതുക്കെ വെളിച്ചത്തിലേക്ക് നടന്നുവരികയായിരുന്നു. വലിയ മനകളിലും നാലുകെട്ടുകളിലും ഭുജിച്ചും ഭോഗിച്ചും കഴിഞ്ഞുപോന്ന പുരുഷമേധാവിത്വത്തിൻെറ ഒരു ഭോഗവസ്തു എന്ന നിലയിൽ നിന്നും നിൽക്കാനും നടക്കാനുമുള്ള രണ്ടു കാലുകൾക്കു പുറമെ ചിന്തിക്കാനൊരു തല കൂടിയുള്ള ജീവിയായി സ്ത്രീയെ കൈക്കൊണ്ടത് നവോത്ഥാനാനന്തര സമൂഹമാണ്. പഠിച്ചു സ്വാതന്ത്ര്യം നേടിയ ഇന്ദുലേഖയും ചിന്താവിഷ്ടയായ സീതയും വധൂജനവർജ്യമാകും. സ്വാതന്ത്ര്യം ഞാനാർന്നതിലപ്ഹരനെന്തഭിമാനഭംഗം? എന്നു ചോദിച്ച ഉഷയും ഒരു കാലയളവിൽ മലയാളത്തിലെ സാഹിത്യകാരൻമാരുടെ ഭാവനയും കേരള സ്ത്രീകളുടെ സ്വപ്നവുമായിരുന്നു. സ്ത്രീ വയലാണെന്നും പ്രസവിച്ചും ഭക്ഷണമുണ്ടാക്കിയും അലക്കിയും കഴിഞ്ഞുകൂടേണ്ടവളാണെന്നുമുള്ള ഗതകാലത്തിൻെറ സാമാന്യബോധത്തെ അട്ടിമറിക്കാൻ വിദ്യാഭ്യാസവ്യാപനം സ്വാതന്ത്ര്യപ്രസ്ഥാനം, സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ എന്നിവക്കു കുറച്ചൊക്കെ കഴിഞ്ഞിട്ടുണ്ട്. പെൺചൊല്ലു കേട്ടവൻ പാതാളത്തിൽ നാരി വാണേടം നരകം എന്നൊന്നും ഇന്നാരും ഉറക്കെ പറയില്ലെങ്കിലും സ്ത്രീ ഭരണ സാമൂഹിക രംഗങ്ങളിലേക്കു സ്വത്വത്തോടെ ഉയർന്നുവന്നാൽ എന്തോ ആപത്താണെന്നു ധരിക്കുന്നവർ ഇന്നുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സ്ത്രീ സംവരണം ഉണ്ടെന്നത് നല്ലൊരു കാര്യമാണ്. എന്നാൽ സംവരണംകൊണ്ടേ സ്ത്രീകൾക്ക് ഭരണ രംഗത്തു വരാൻ കഴിയൂ എന്നത് അഭിമാനകരമായ ഒരവസ്ഥയല്ല.

വികസനത്തിലെ സ്ത്രീ പങ്കാളിത്ത കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് കേരളത്തിൻെറ പൊതു സ്ഥിതിക്ക് ഒരപവാദമല്ല. സ്ത്രീ സമത്വം സംബന്ധിച്ച സമൂഹത്തിലെ വ്യവസ്ഥാപിത ധാരണ മാറേണ്ടതുണ്ട്. നിലനിൽക്കുന്ന സാമൂഹിക വ്യവഹാരങ്ങളിൽ സ്ത്രീ തൻെറ സ്വന്തം നിലയെന്തെന്നത് തിരിച്ചറിയുകയും, സ്വന്തമായി ഇച്ഛിക്കാനും സ്വന്തമായി അഭിപ്രായങ്ങൾ രൂപീകരിക്കാനും, തീരുമാനങ്ങളിലും നടത്തിപ്പിലും പങ്കാളികളാകാനും തയ്യാറാവുകയും ചെയ്യുമ്പോൾ മാത്രമേ സ്ത്രീ സമത്വം പൂർണ്ണമാവുകയുള്ളൂ. സ്വന്തമായി ഇച്ഛിക്കുക എന്നു പറഞ്ഞാൽ പുരുഷമേധാവിത്വ പൂർണ്ണമായ സമൂഹത്തിൻെറ ദൃശ്യകൗതുകത്തെ പ്രീതിപ്പെടുത്താൻ ആഭരണങ്ങൾ അണിഞ്ഞുനടക്കാൻ ആഗ്രഹിക്കുകയല്ല. തൻെറയും ചുറ്റുമുള്ള സമൂഹത്തിൻെറയും പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ ഇച്ഛിക്കുകയാകുന്നു.

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 23231 ആണെന്ന് കാണാം. അതിൽ 11593 പുരുഷൻമാരും 11638 സ്ത്രീകളും ആണ്. ജനസംഖ്യാനുപാതത്തിൽ സ്ത്രീകൾ കുറച്ചു മുന്നിൽ നിൽക്കുന്നു.

പഞ്ചായത്തിലെ നൂറ്റിനാൽപ്പതോളം സ്ത്രീകൾ സർവ്വീസ് മേഖലകളിൽ ജോലി ചെയ്യുന്നു. രണ്ടായിരത്തി ഒരുനൂറ്റി മുപ്പത്തിരണ്ട് സ്ത്രീകൾ കായികമായ തൊഴിലുകളിൽ ഏർപ്പെടുമ്പോൾ ഭൂരിഭാഗം

സ്ത്രീകൾ-അതായത് ഒമ്പതിനായിരത്തി അറുനൂറ്റിമുപ്പത്തിരണ്ട് സ്ത്രീകൾ വേതനം ലഭ്യമല്ലാത്ത-ഗാർഹിക ജോലികൾ-തുടങ്ങിയവയിൽ മാത്രം ഏർപ്പെടുന്നതായി മനസ്സിലാക്കാം.

പഞ്ചായത്തിലെ വനിതകളുടെ വിദ്യാഭ്യാസ നിലവാരം പൊതുവെ മെച്ചപ്പെട്ടതല്ലെന്ന് പറയാം. എഴുതാനും വായിക്കാനും അറിയുന്ന സാക്ഷരരായ സ്ത്രീകൾ 8915 ആയി കണക്കാക്കപ്പെടുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ ശതമാനം വളരെ കുറവാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കേവലം 9.5 ശതമാനം മാത്രമായി കണക്കാക്കാം.

കൂടുതൽ ബുദ്ധിപരമായ തൊഴിലുകൾ എന്നു വിവക്ഷിക്കപ്പെടുന്ന ഡോക്ടർ, എഞ്ചിനീയർ എന്നിവരോ പ്രതിഭാശാലികളായി ഗണിക്കപ്പെടുന്ന കവയിത്രികളോ കാഥികകളോ ഈ പഞ്ചായത്തിൽ വിരലിൽ എണ്ണാവുന്നവർ മാത്രമാണ്. നൃത്തം, സംഗീതം, അഭിനയം എന്നീ കലകളിൽ മികവു നേടിയ വനിതകൾ ഈ പഞ്ചായത്തിൽ ഏറെയില്ല.

## കൃഷി

കേരളത്തിൽ പൊതുവെ കാണപ്പെടുന്ന കാർഷികമായ മുരടിപ്പ് ഈ പഞ്ചായത്തിലുമുണ്ട്. അത് കർഷക തൊഴിലാളികളായ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഈ സ്ഥിതിയും നിർമ്മാണരംഗത്തെ ആകർഷകമായ കൂലിയും അവരെ കാർഷികരംഗം വിട്ടുപോകാൻ പ്രേരിപ്പിച്ചതിനാൽ അവർ കാർഷികേതരമായ തൊഴിലുകളിൽ പ്രവേശിക്കാൻ നിർബന്ധിതരാവുകയും ചെയ്തിരിക്കുന്നു. വയലുകൾ മണ്ണിട്ട് നികത്തി വീടുകൾ നിർമ്മിക്കുന്ന ഒരവസ്ഥയാണ് ഇന്ന് പൊതുവിൽ പഞ്ചായത്തിൽ കാണുന്നത്. ഇപ്പോൾ കാർഷികരംഗം വിട്ടുപോയ കായികബലമുള്ള വലിയൊരു ശതമാനം യുവതികൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളിലും മറ്റും പ്രവേശിച്ച് ജോലി ചെയ്യുകയാണ്. കാർഷികരംഗത്ത് കൂലിയിൽ സ്ത്രീ പുരുഷ അന്തരം വളരെയധികമുണ്ട്. കാർഷിക മേഖലയിൽ പുരുഷന് ശരാശരി അറുപത് രൂപ ലഭിക്കുമ്പോൾ സ്ത്രീക്ക് ശരാശരി നാൽപ്പതു രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. നിർമ്മാണപ്രവർത്തനരംഗത്ത് ഇത് ഏകദേശം തുല്യമായി നിൽക്കുന്നു. 1991-ലെ സെൻസസ് അനുസരിച്ച് നൊച്ചാട് പഞ്ചായത്തിൽ മുന്നൂറ്റിനാല് കർഷക തൊഴിലാളി സ്ത്രീകളുണ്ട്.

കന്നുകാലി സംരക്ഷണ രംഗത്തും ക്ഷീര വ്യവസായരംഗത്തും പ്രവർത്തിക്കുന്ന സ്ത്രീകൾ ഇവിടെ കുറവാണ്. രണ്ടാം വാർഡിൽ ഏതാനും സ്ത്രീകൾ ക്ഷീര വ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്. എട്ടാം വാർഡിൽ ഒരു ക്ഷീരോൽപ്പന്ന യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൻെറ ഇതര സ്ഥലങ്ങളിലേക്ക് ഇത്തരം സംരംഭങ്ങൾ വ്യാപിപ്പിച്ചാൽ ഒട്ടനേകം സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കും. നല്ലയിനം പശുക്കളെ ലഭിക്കാനുള്ള പ്രയാസവും തീറ്റയായി പച്ചപ്പുല്ലു ലഭിക്കാനുള്ള അസൗകര്യവും ഈ മേഖലയെ തളർത്തുന്നു. ആദായകരമായ വിധത്തിൽ പച്ചപ്പുല്ലും പട്ടിലകളും ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈയെടുത്താൽ ആടു വളർത്തലും, കന്നുകാലി വളർത്തലും വിപുലമായി നടത്താൻ സാധിക്കും. സ്ത്രീകൾക്ക് ട്രൈസം പദ്ധതി പ്രകാരം ക്ഷീരോൽപ്പന്നങ്ങൾ ഉണ്ടാക്കാൻ പരിശീലനം നൽകുകയും ചെയ്യണം. ഇത് വനിതകൾക്ക് ഏറ്റെടുത്തു നടത്താൻ കഴിയുന്ന ഒരു പദ്ധതിയാണ്.

വെള്ളവും സൂര്യപ്രകാശവും സമൃദ്ധമായി ലഭിക്കുന്ന ഒരു പഞ്ചായത്താണ് നൊച്ചാട്. ഈ സൗകര്യങ്ങൾ ഉപയോഗിച്ച്, പഞ്ചായത്തിലെ കൃഷി ഭവൻ പ്രയോജനപ്പെടുത്തി പച്ചക്കറി കൃഷി നടത്താൻ വനിതകൾക്ക് പ്രോത്സാഹനം നൽകാൻ പഞ്ചായത്തിന് സാധിക്കും. അഞ്ചോ പത്തോ വീടുകൾ ചേർന്ന് പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുകയും ഇത് മത്സരാടിസ്ഥാനത്തിൽ നടപ്പിൽവരുത്തുകയും ചെയ്യാം.

പഞ്ചായത്തിൽ നടക്കുന്ന പല ആഘോഷങ്ങൾക്കുമുള്ള പച്ചക്കറികൾ ഈ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നത് വാങ്ങിക്കുവാനുള്ള ഒരു പ്രചാരണം പഞ്ചായത്തടിസ്ഥാനത്തിൽ നടത്തണം. അതിനുള്ള ഗ്രാമീണ ചന്തകളും സൊസൈറ്റികളും വിപണന സ്ഥലങ്ങളും പഞ്ചായത്ത് ഏർപ്പാട് ചെയ്യണം.

വനിതകൾക്ക് പറ്റിയ മറ്റൊരു തൊഴിൽ മേഖലയാണ് കോഴി വളർത്തൽ. കോഴി വളർത്തുന്നതിനാവശ്യമായ പരിശീലനം വനിതകൾക്കു നൽകണം. പരിശീലനം ലഭിച്ചവർക്കു സ്വയംതൊഴിൽ പദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള സഹായം പഞ്ചായത്ത് നൽകണം. നമുക്കാവശ്യമായ മുട്ട, മാംസം ഇവ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നത് തികച്ചും ലാഭകരമായിരിക്കും.

സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താനുള്ള മറ്റൊരു മേഖലയാണ് മത്സ്യം വളർത്തൽ. ഇതിനും

സാങ്കേതികപരിജ്ഞാനം ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത യുവതികൾക്ക് ഈ രംഗത്ത് പരിശീലനം നൽകണം. സ്വകാര്യ കുളമുള്ള വ്യക്തികൾക്കും പൊതു കുളത്തിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യം വളർത്താൻ സന്നദ്ധതയുള്ളവർക്കും ഈ പരിശീലനം നൽകാം.

വനിതകൾക്കു ചെയ്യാൻ പറ്റുന്ന മറ്റൊരു തൊഴിലാണ് ഔഷധ സസ്യകൃഷി. അലോപ്പതിയോടുള്ള അഭിനിവേശം ഇന്ന് പൊതുവെ കുറവാണ്. ആയുർവ്വേദത്തിന് വ്യാപകമായ പ്രചാരണം ലഭിക്കുന്ന ഇക്കാലത്ത് ഔഷധസസ്യകൃഷി വിപുലപ്പെടുത്തുന്നത് മരുന്നുൽപ്പാദനരംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കും. പഞ്ചായത്തിൽ നിലവിലുള്ള ആയുർവ്വേദ മരുന്നുൽപ്പാദനശാല ഔഷധസസ്യകൃഷിയുടെ സാധ്യത വർദ്ധിപ്പിക്കുന്നു.

മറ്റൊരു തൊഴിൽരംഗം കുറ്റിമുല്ലച്ചെടി കൃഷി ചെയ്യുന്നതാണ്. നമുക്കാവശ്യമായ പലതരം ചെടികളും നട്ടു പിടിപ്പിക്കാനുള്ള സാമ്പത്തികസഹായം ചെയ്തുകൊടുത്താൽ പഞ്ചായത്തിലേക്കാവശ്യമായ പൂക്കൾ നമുക്കു തന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും.

വനിതകൾക്കു പറ്റുന്ന മറ്റൊരു തൊഴിൽ പരിപാടിയാണ് കൂൺകൃഷി. കൂൺകൃഷിയ്ക്ക് ആവശ്യമായ സാങ്കേതികപരിശീലനം പഞ്ചായത്തിൽ വെച്ചുതന്നെ നൽകിയാൽ താൽപര്യമുള്ള സ്ത്രീകൾക്ക് ഈ രംഗത്ത് തൊഴിൽ നേടാൻ സാധിക്കും. താരതമ്യേന കായികാദ്ധ്വാനം കുറഞ്ഞ ഇത്തരം തൊഴിലുകളിൽ പരിശീലനം നൽകാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. മാല കെട്ടൽ, ബൊക്കെ നിർമ്മാണം ഇവയും പെൺകുട്ടികൾക്കു ചെയ്യാൻ സാധിക്കുന്ന ജോലികളാണ്.

## തൊഴിൽ

സാങ്കേതികവിദ്യാഭ്യാസം നേടിയ സ്ത്രീകൾ ഇവിടെ വിരളമാണ്. നൂറ്റിനാൽപ്പതോളം വനിതകൾ ഇവിടെ സർവ്വീസ് മേഖലയിൽ ജോലി ചെയ്യുന്നു.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ട സ്ത്രീകൾ കുറവാണ്. കൊട്ട, പായ മുതലായവ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ ഇവിടെ ലഭ്യമല്ല. ഇത്തരം അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള പരിപാടികൾ കൈക്കൊണ്ടാൽ ഈ തൊഴിൽരംഗം പുനരുജ്ജീവിപ്പിക്കാൻ കഴിയും. സൊസൈറ്റികളിൽക്കൂടി ഇത്തരം അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുകയും ഉൽപ്പന്നങ്ങൾ സൊസൈറ്റിവഴി വിറ്റഴിക്കാൻ സൗകര്യം ചെയ്യുകയും വേണം.

## ചെറുകിട വ്യവസായം

സ്ത്രീകൾ മുൻകൈയെടുത്തു നടത്തുന്ന വ്യവസായ സംരംഭം ഇവിടെ ഇല്ല. എട്ടാം വാർഡിൽ മുളിയങ്ങൽ ഭാഗത്ത് ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസിൻെറ കീഴിൽ പ്രവർത്തിക്കുന്ന നെയ്ത്തുകേന്ദ്രമുണ്ട്. ഇവിടെ ഇരുപതോളം സ്ത്രീകൾ ഇപ്പോൾ ജോലി ചെയ്യുന്നു. ഈ കേന്ദ്രത്തിൻെറ നില പരിതാപകരമാണ്. ആദ്യഘട്ടത്തിൽ അറുപതോളം സ്ത്രീകൾ ജോലി ചെയ്തിരുന്ന ഇവിടെ ഇപ്പോൾ ഉദ്ദേശം ഇരുപത് സ്ത്രീകൾ മാത്രമേയുള്ളൂ. തുച്ഛമായ വേതന നിരക്ക് വർദ്ധിപ്പിച്ചാൽ വളരെയധികം വികസനസാദ്ധ്യതകളുള്ള ഒരു കേന്ദ്രമാണിത്.

പഞ്ചായത്തിലെ ചേനോളിയിൽ ഒരു സോപ്പ് യൂണിറ്റ് പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്. ഈ യൂണിറ്റ് പ്രവർത്തത്തനമാരംഭിക്കുകയും മെഴുകുതിരി, ചന്ദനത്തിരി ഇവ കൂടി ഉൽപ്പാദിപ്പിച്ചാൽ ഒട്ടേറെ വനിതകൾക്ക് തൊഴിൽ ലഭിക്കും. വനിതകൾ മാത്രം ജോലി ചെയ്യുന്ന ഒരു ക്ഷീരോൽപ്പന്ന യൂണിറ്റ് വെള്ളിയൂരിൽ പ്രവർത്തിക്കുന്നുണ്ട്.

ട്രൈസം പദ്ധതി പ്രകാരം അച്ചാർ, സ്ക്വാഷ്, മസാലപ്പൊടികൾ മുതലായവ നിർമ്മിക്കുന്നതിനുള്ള പരിശീലനവും നൽകണമെന്ന് വിവിധ വാർഡുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പരിശീലനം ലഭിച്ചാൽ സ്വയംതൊഴിൽ കണ്ടെത്താൻ സന്നദ്ധരാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത്തലത്തിൽ ഇത്തരം പരിശീലനം നൽകിയാൽ നമ്മുടെ ഓരോ വാർഡിലേയും കണ്ണിമാങ്ങ, വിവിധതരം നാരങ്ങകൾ, ജാതിക്ക, ചാമ്പക്ക, കൈതച്ചക്ക, കറമൂസ (പപ്പായ) മുതലായ സാധനങ്ങൾകൊണ്ട് അച്ചാറും ജാമും മറ്റും നിർമ്മിക്കാൻ സാധിക്കും. ഇത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ഗുണമേറിയ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും സഹായിക്കുന്നു.

തയ്യൽ പരിശീലനം നേടിയ ധാരാളം പെൺകുട്ടികളുണ്ട്. മൂന്നാം വാർഡിൽ തയ്യൽ പഠിച്ച അമ്പതോളം വനിതകളുണ്ട്. രണ്ടാം വാർഡിൽ ഒരു സ്വകാര്യ വ്യക്തി ഇരുപതിൽപരം കുട്ടികളെ തുന്നൽ പഠിപ്പിക്കുന്നുണ്ട്. ഏഴാം വാർഡിലും തയ്യൽ പഠിച്ച കുട്ടികളുണ്ട്. ഇവർക്ക് തൊഴിലുകൾ കണ്ടെത്താനുള്ള ഒരു സഹായം പഞ്ചായത്തിൽ നിന്നും നൽകണം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിനും ഇവിടെ സാധ്യതയുണ്ട്. മുളിയങ്ങൽ ഭാഗത്ത് ഒരു തയ്യൽപരിശീലകേന്ദ്രത്തിന് സാധ്യതയുണ്ട്. കെട്ടിടം നൽകാൻ സന്നദ്ധതയുള്ളവരുണ്ട്. വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് കട്ടിങ്ങ്, എംബ്രോയിഡറി മുതലായവക്ക് പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതും നല്ലതാണ്.

കസേര മടയൽ, കരകൗശലവസ്തു നിർമ്മാണം, ബാഗ് നിർമ്മാണം ഇവക്കും പഞ്ചായത്തിൽ സാധ്യതകൾ കാണുന്നുണ്ട്.

ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു മാർക്കറ്റിംഗ് സൊസൈറ്റിക്ക് രൂപം നൽകണം. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഈ സൊസൈറ്റി സഹായകമാകും.

## ആരോഗ്യം

സ്ത്രീകളുടെ ആരോഗ്യനില തൃപ്തികരമാണ്. ശാരീരികമായ ചില അസ്വസ്ഥതകൾ ഒഴികെ മാരകരോഗവും പകർച്ചവ്യാധിയും ഇല്ലെന്നുതന്നെ പറയാം. അങ്കണവാടികളിൽ നിന്നുള്ള കണക്ക് പ്രകാരം 157 ഗർഭിണികളും 170 മുലയൂട്ടുന്ന അമ്മമാരുമുണ്ട്. ഇവർക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ട്. കുട്ടികൾക്കെല്ലാം തന്നെ ഡി.പി.റ്റി. വാക്സിൻ നൽകിയിട്ടുണ്ട്. ശിശുമരണം പഞ്ചായത്തിൽ വളരെ കുറവാണ്. ഗർഭകാലത്തോ പ്രസവ സമയത്തോ സ്ത്രീകൾ മരിച്ചതായി സമീപകാലത്തൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ പ്രത്യേകമായ പ്രൈമറി ഹെൽത്ത് സെൻററില്ല.

തൊട്ടടുത്ത പേരാമ്പ്രയിലുള്ള പി.എച്ച്.സിയിൽ നിന്നും വേണ്ടത്ര മരുന്നും മറ്റു സൗകര്യങ്ങളും ലഭിക്കാറില്ല. നിർദ്ദനരായവർപോലും സ്വകാര്യ ആശുപത്രിയിലാണ് അഭയം തേടുന്നത്. അതുകൊണ്ട് എല്ലാ സൗകര്യങ്ങളുമുള്ള ഒരു പി.എച്ച്.സി. പഞ്ചായത്തിൽ സ്ഥാപിക്കണം. സ്ഥലസൗകര്യം പഞ്ചായത്തിൽ തന്നെ ലഭ്യമാണ്. പരിസരശുചിത്വത്തിലും പ്രതിരോധത്തിലുമൂന്നുന്ന ക്ലാസ്സുകൾ അമ്മമാർക്ക് നൽകണം. സ്ത്രീകളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒരാരോഗ്യപ്രശ്നം ഗർഭാശയരോഗമാണ്.

## വിദ്യാഭ്യാസം

പഞ്ചായത്തിൽ ഒരു ഹൈസ്കൂളും നാലു യു.പി.സ്കൂളുകളും ഒമ്പത് എൽ.പി. സ്കൂളുകളുമുണ്ട്. ഇവിടെ 2548 പെൺകുട്ടികൾ പഠിക്കുന്നു. വിദ്യാഭ്യാസനിലവാരത്തിൽ പെൺകുട്ടികൾ മോശമാണ്. ഒഴിഞ്ഞുപോകുന്നവരിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്. പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ സ്ത്രീകൾ കുറവാണ്. ഇവർ വികസനരംഗത്തൊന്നും തന്നെ പ്രത്യക്ഷപ്പെടാറില്ല. പൊതുരംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു വനിത എന്നു പറയാവുന്നത് ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി എം.കെ. നളിനി മാത്രമാണ്. പൊതുപ്രവർത്തനത്തിൽ ഏർപ്പെടുന്ന വനിതകളെ പുരുഷന്മാർ നിരുത്സാഹപ്പെടുത്തുന്നത് ഇതിനു കാരണമായി കാണാൻ കഴിയുന്നു. സമൂഹം ഇനിയും സാംസ്കാരികമായി ഉയരേണ്ടിയിരിക്കുന്നു.

## സാമൂഹികക്ഷേമം

1980-കളിൽ ഇവിടെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ ഉണ്ടായിരുന്നു. ഈ സമാജങ്ങൾ വഴി പല വിധത്തിലുള്ള സഹായങ്ങളും സ്ത്രീകൾക്ക് ലഭിച്ചിരുന്നു. തയ്യൽ മെഷീൻ, ആട്, കോഴി മുതലായവ അതിൽപ്പെടുന്നു. എന്നാൽ ഇന്നത് അങ്കണവാടിയായി രൂപാന്തരപ്പെട്ടു.

പഞ്ചായത്തിൽ ഇപ്പോൾ അഞ്ച് രജിസ്റ്റേർഡ് മഹിളാ സമാജങ്ങൾ ഉണ്ട്. വർഷത്തിൽ ഒരിക്കൽ ഒരു ക്യാമ്പ് നടത്തുക മാത്രമാണ് ഈ മഹിളാ സമാജങ്ങൾ ചെയ്യുന്നത്.

വാർഡുകളിൽ സ്ത്രീധനപ്രശ്നംമൂലം വിവാഹം കഴിച്ചയക്കാൻ പ്രയാസപ്പെടുന്നവരുണ്ട്. ഒറ്റപ്പെട്ട ചില സംഭവങ്ങളൊഴിച്ചാൽ സ്ത്രീപീഡന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. മദ്യനിരോധനം ഭാഗികമായി

നടപ്പിലാക്കിയിട്ടുണ്ടെങ്കിലും മദ്യപാനംമൂലം വിഷമമനുഭവിക്കുന്നവർ പഞ്ചായത്തിലുണ്ട്. മദ്യനിരോധനം കർശനമാക്കണമെന്ന അഭിപ്രായം ഗ്രാമസഭകളിലുടനീളം മുഴങ്ങിക്കേട്ടു.

പഞ്ചായത്തിൽ 20 അങ്കണവാടികളുണ്ട്. പ്രവർത്തനം കാര്യക്ഷമമല്ല. സൗകര്യക്കുറവാണ് പ്രധാന കാരണം. കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും ചില ഭക്ഷണസാമഗ്രികൾ ഇവിടെ നിന്നും കൊടുക്കാറുണ്ട്.

ധാരാളം വായനശാലകളുണ്ടെങ്കിലും സ്ത്രീകൾക്കായുള്ള ഒരു വായനശാല വേണമെന്ന് അഭിപ്രായമുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കാനുള്ള ഒരു സൗകര്യം ഇതുവഴി സ്ത്രീകൾക്കു ലഭിക്കും.

സ്ത്രീകൾ കുടുംബനാഥകളായുള്ള ചില വീടുകൾ പഞ്ചായത്തിലുണ്ട്. സ്ത്രീപീഡനം പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി നിലനിൽക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തിൽ കാണാൻ സാധിക്കും. സ്ത്രീകൾ കുടുംബനാഥകളായ വീടുകൾക്ക് പഞ്ചായത്തിൽ ക്ഷേമനിധി ഏർപ്പെടുത്തുകയോ ക്ഷേമപദ്ധതികളിൽ ഇവർക്ക് എന്തെങ്കിലും പ്രത്യേക പരിഗണന നൽകുകയോ വേണം.

## കായികരംഗം

മനുഷ്യന്റെ സമഗ്ര വികസനത്തിന് കായികപരിശീലനം ആവശ്യമാണ്. കായികരംഗത്ത് മികവുറ്റ സ്ത്രീകൾ പഞ്ചായത്തിലില്ല. കായികപരിശീലനത്തിന് യാതൊരുവിധ പ്രോത്സാഹനവും ലഭിക്കാത്തതാണിതിന് കാരണം. സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികൾ പോലും സ്കൂൾ വിട്ടു കഴിഞ്ഞാൽ ഈ രംഗത്തേക്ക് കടന്നുവരാറില്ല. വിപുലമായ ബോധവത്കരണംകൊണ്ട് ഈ സ്ഥിതി മാറ്റിയെടുക്കാൻ സാധിക്കും. സ്ത്രീകളുടെ കായികശേഷി വർദ്ധിപ്പിക്കാനും അവർക്ക് ആത്മധൈര്യമുണ്ടാക്കാനും കരാട്ടെ, കളരി, സൈക്കിൾ പരിശീലനം ഇവ നൽകുന്നത് നല്ലതാണ്. ഈ രംഗത്ത് താൽപര്യമുള്ള അനേകം സ്ത്രീകൾ പഞ്ചായത്തിലുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

1. സ്ത്രീ-പുരുഷ കൂലിയിൽ ഏകീകരണമില്ലാത്തതിനാലും കാർഷികവൃത്തികൾ കുറവായതിനാലും സ്ത്രീകൾക്ക് കാർഷികവൃത്തി വിടേണ്ടിവരുന്നു.
2. പുരുഷന്മാരോടൊപ്പം തുല്യ അവസരങ്ങൾ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
3. സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ആരും ശ്രമിക്കുന്നില്ല.
4. സ്ത്രീകളുടെ നേതൃത്വസ്ഥാനത്തുള്ള അഭാവം പിന്നോക്കാവസ്ഥ രൂക്ഷമാക്കുന്നു.
5. സമൂഹത്തിന്റെ പൊതുവായ സ്ത്രീവിരുദ്ധമനോഭാവംമൂലം പൊതുരംഗത്തു പ്രത്യക്ഷപ്പെടാൻ വിമുഖത കാണിക്കുന്നു.
6. ട്രൈസം പദ്ധതികളിൽ സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്നില്ല.
7. സ്വയംതൊഴിൽ കണ്ടെത്താൻ പ്രോത്സാഹനമോ നിർദ്ദേശമോ ലഭിക്കുന്നില്ല.
8. ഓഫീസ് സംബന്ധമായ കാര്യങ്ങളിലുള്ള അജ്ഞതയും ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നുള്ള അവഗണനയും മൂലം കാര്യങ്ങൾ നേടിയെടുക്കാൻ സ്ത്രീകൾക്ക് പ്രയാസമുണ്ട്.
9. സ്ത്രീധനത്തിനെതിരായി ബോധവത്കരണം സ്ത്രീകളിൽ തന്നെ നടത്തുന്നു. പുരുഷന്മാർക്ക് ഈ വിപത്തിന്റെ ഭീകരത മനസ്സിലാക്കിക്കൊടുക്കുന്നില്ല.
10. തൊഴിൽ മേഖലയിലും പൊതു രംഗത്തും വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നില്ല.
11. കുടിൽവ്യവസായം പ്രോത്സാഹിപ്പിക്കുന്നില്ല.
12. മദ്യത്തിനെതിരായ പ്രചരണപ്രവർത്തനങ്ങളിലും വ്യാജമദ്യത്തിനെതിരായ നിയമനടപടികളിലെ അലംഭാവം.

## പരിഹാരങ്ങൾ

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് മഹിളാ സൊസൈറ്റി തുടങ്ങണം.
2. സോപ്പ് നിർമ്മാണ യൂണിറ്റ് വിപുലപ്പെടുത്തി വനിതകൾക്ക് മുൻഗണന നൽകുക.
3. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പാക്കാനുതകുമാറ് മെറ്റൽ നിർമ്മാണത്തിനും മറ്റുമുള്ള യൂണിറ്റുകൾ ആരംഭിക്കുക.
4. കൂലിയിൽ ഏകീകരണം നടപ്പിലാക്കുക.
5. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നൽകുക-വനിതകൾക്ക് പ്രാധാന്യം നൽകുക.
6. മുളിയങ്ങൽ കേന്ദ്രീകരിച്ച് തയ്യൽ പരിശീലനകേന്ദ്രം തുടങ്ങുക-കെട്ടിടം നൽകാൻ സന്നദ്ധതയുണ്ട്.
7. നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനും മറ്റും സാമ്പത്തികസഹായം ചെയ്യാനുതകുന്ന വിധത്തിൽ ക്ഷേമനിധികളേർപ്പെടുത്തുക.
8. സ്ത്രീകളെ അവഹേളിക്കുന്ന തരത്തിലുള്ള അശ്ലീല പോസ്റ്ററുകൾ നിരോധിക്കുക.
9. പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകുക.
10. മത്സ്യകൃഷി, കൂൺകൃഷി ഇവക്ക് പരിശീലനം നൽകുക.
11. അച്ചാർ, ഗുളിക മുതലായവയുടെ പാക്കറ്റ് നിർമ്മിക്കാൻ സ്ത്രീകൾക്ക് പരിശീലനം നൽകുക.
12. ഖാദി നെയ്ത്തുകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
13. അഞ്ചാംപീടിക-ഒന്നാം വാർഡിലെ വനിതാ ബേക്കറി പ്രവർത്തനക്ഷമമാക്കുക.
14. സ്ത്രീകൾക്കായുള്ള ചെറുകിട കുടിൽവ്യവസായ യൂണിറ്റുകൾ തുടങ്ങുക.
15. വായനശാലകളിലും കലാസമിതികളോടനുബന്ധിച്ചും സ്ത്രീ വിഭാഗങ്ങൾ ഏർപ്പെടുത്തുക.
16. സാമൂഹ്യ സമീപനങ്ങളിലും, സിനിമ, പരസ്യങ്ങൾ മുതലായവയിലും ഉൾച്ചേർന്നുനിൽക്കുന്ന സ്ത്രീവിരുദ്ധ മനോഭാവങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്ന പഠനപ്രവർത്തനങ്ങൾ നടത്തുക.

# 10

## പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരാണ് പട്ടികജാതി പട്ടികവർഗ്ഗ സമൂഹം. ജന്മി നാടുവാഴി കാലഘട്ടത്തിൽ എല്ലാ അർത്ഥത്തിലുമുള്ള ചൂഷണത്തിനും ഈ വിഭാഗക്കാർ വിധേയരായിരുന്നു. ക്രമേണ പ്രസ്തുത വിഭാഗം പിന്നോക്കാവസ്ഥയെകുറിച്ച് ബോധവാൻമാരാകുകയും ഒരു പരിധിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നുവരാൻ ശ്രമിക്കുകയുമുണ്ടായിട്ടുണ്ട്. പക്ഷെ ഈ ഉയർച്ചയുടെ വ്യാപ്തി വളരെ പരിമിതമാണ്.

### അവലോകനം

1991 ലെ സെൻസസ് പ്രകാരം നൊച്ചാട് പഞ്ചായത്തിൽ 645 കുടുംബങ്ങളിലായി 2013 പട്ടികജാതിക്കാരും 26 പട്ടികവർഗ്ഗക്കാരുമാണുള്ളത്. പട്ടിക ജാതിക്കാരിൽ സ്ത്രീപുരുഷനുപാതത്തിൽ പുരുഷൻമാർ മുന്നിട്ടുനിൽക്കുമ്പോൾ പട്ടികവർഗ്ഗത്തിൽ സ്ത്രീകളാണ് മുൻപിൽ. മറ്റുവിഭാഗങ്ങളെക്കാൾ നിരക്ഷരർ കൂടുതൽ പട്ടികജാതി പട്ടികവർഗ്ഗത്തിലാണെന്നുകാണാം.

പരമ്പരാഗതമായി കാർഷികമേഖലയിൽ തൊഴിലെടുത്താണ് ഈ വിഭാഗം ഉപജീവനം കഴിച്ചുപോന്നിരുന്നത് എന്നാൽ കാർഷിക രംഗത്തെ ഉല്പാദനമാന്ദ്യവും കൃഷിയോടുള്ള കർഷകരുടെ വിമുഖതയും പ്രസ്തുത മേഖലയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന പട്ടികജാതി പട്ടികവർഗ്ഗത്തെ ദാരിദ്ര്യത്തിലേക്ക് നയിച്ചിരിക്കുകയാണ്. പ്രസ്തുത വിഭാഗത്തിലെ മറ്റൊരു പ്രധാന ഉപജീവന മാർഗ്ഗമായ പരമ്പരാഗത കരകൗശല വസ്തുക്കളുടെ ഉല്പാദന വിപണന സാദ്ധ്യത, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം നിമിത്തവും പുതിയ ഉപഭോഗ സംസ്ക്കാരം നിമിത്തവും ഇല്ലാതായതും പ്രസ്തുത വിഭാഗത്തിലെ ജനങ്ങളെ ദരിദ്രരാക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

സർക്കാർ സർവ്വീസിൽ പ്രബല പരിഗണന പട്ടികജാതി പട്ടികവർഗ്ഗത്തിന് നിലവിലുണ്ടെങ്കിലും യോഗ്യരായ ഉദ്യോഗാർത്ഥികൾ ഈ വിഭാഗത്തിൽ കുറവായതുകാരണം സർക്കാർ സർവ്വീസ് മേഖലയിൽ പ്രസ്തുത വിഭാഗക്കാർ പഞ്ചായത്ത് പരിധിയിലുള്ള വളരെ കുറച്ചു പേർ മാത്രമേയുള്ളൂ. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരും വിരലിലെണ്ണാവുന്നവരേയുള്ളൂ.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ പ്രബലവിഭാഗമല്ലെങ്കിലും ഭരണ രാഷ്ട്രീയ രംഗങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗത്തിന്റെ ഇടപെടൽ ശ്രദ്ധേയമാണ് എന്നാൽ കച്ചവടം പോലുള്ള സേവനതുറകളിൽ പ്രസ്തുത വിഭാഗത്തിന്റെ പ്രാതിനിധ്യം വളരെ കുറവാണ് എന്നത് ഈ വിഭാഗം ഇപ്പോഴും വളരെയധികം പിന്നോക്കാവസ്ഥയിൽ തന്നെയാണ് നിൽക്കുന്നത് എന്നതിന് ഉദാഹരണമാണ്. പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തന ഫലമായി അയിത്തം, അനാചാരം തുടങ്ങിയവയ്ക്ക് ആശാവഹമായ രീതിയിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിലും അയിത്തം പഴയ രൂപങ്ങളിലല്ലെങ്കിലും പ്രസ്തുത വിഭാഗങ്ങൾക്കിടയ്ക്ക് തന്നെയും പ്രസ്തുത വിഭാഗങ്ങളോട് വെച്ചു പുലർത്തുന്ന വിരലിലെണ്ണാവുന്ന വിഭാഗക്കാരും പഞ്ചായത്തിൽ ഇന്നും ഉണ്ട് എന്നത് വേദനാജനകമാണ്.

പഞ്ചായത്തിൽ ഒരുലക്ഷം വീട് കോളനി ഉൾപ്പെടെ രജിസ്റ്റർ ചെയ്ത 12 പട്ടികജാതി പട്ടികവർഗ്ഗകോളനി

കളാണുള്ളത് കോളനികൾ ഉൾപ്പെടുന്ന വാർഡും കോളനിയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും പട്ടികയിൽ കാണിച്ചിരിക്കും പ്രകാരമാണ്.

**നൊച്ചാട് പഞ്ചായത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗകോളനികൾ**

| വാർഡ് | കോളനിയുടെ പേര് | കുടുംബം |
|---|---|---|
| IV | ചെമ്പ്രത്തറ | 10 +2 |
| | പനമ്പ്രക്കുന്ന് | 21 |
| | കീഴൽമീത്തൽ | 19 |
| | നീലോത്ത് കോളനി | 15 |
| V | മുളിയങ്ങൽ ലക്ഷംവീട് കോളനി | 24 |
| | മണപ്പട്ടിൽ താഴ | 14 |
| VI | വടക്കമ്പത്ത് | 20 |
| | വെണ്ടപ്പുറത്ത് | 18 |
| IX | പിലാക്കുന്നു | 12 |
| | വലിയപറമ്പ് | 16 |
| | കിളിയായി മീത്തൽ | 12 + 2 |
| X | നീലമ്പ്രമീത്തൽ | 13 |

ഭൂരഹിത. കർഷക തൊഴിലാളികൾക്കായി വീതിച്ചുകൊടുത്ത 3 സെന്റ് 4 സെന്റ് പ്ലോട്ടുകളിൽ പഞ്ചായത്തിൽ 6 പ്രദേശങ്ങളിലായി പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവ കോളനിയായി അംഗീകരിച്ച് അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ ഉന്നയിക്കുന്ന പ്രധാന ആവശ്യമാണ്. ഈ പ്രദേശങ്ങൾ ഉൾകൊള്ളുന്ന വാർഡ്. പ്രദേശം, കുടുംബങ്ങളുടെ എണ്ണം പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

**3 സെന്റ് 4 സെന്റ് പ്ലോട്ടുകളിൽ കഴിയുന്നവർ - SCST വിഭാഗക്കാർ**

| വാർഡ് | പേര് | കുടുംബം |
|---|---|---|
| 1 | ഏരാംപുറത്ത് | 3 |
| | രാമല്ലൂർ | 2 |
| | കിഴക്കെപാറച്ചാലിൽ | താമസം ആരംഭിച്ചിട്ടില്ല |
| II | തട്ടാങ്കണ്ടി | 5 |
| III | ഊഞ്ഞാറ്റിൽ | 3 |
| V | പുറ്റാട് | 5 |

രജിസ്റ്റർ ചെയ്യപ്പെട്ട കോളനികളും 3, 4 സെന്റ് ഭൂമികളിൽ കഴിയുന്നവരും കൂടാതെ പഞ്ചായത്തിൽ 3 പ്രദേശങ്ങളിൽ കൂടി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ കൂട്ടായി താമസിക്കുന്നുണ്ട്. കോളനികളായി ഉടൻ അംഗീകരിച്ച് കിട്ടണമെന്ന് ആവശ്യപ്പെടുന്ന ഈ പ്രദേശങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**കോളനി സാധ്യതയുള്ള മറ്റ് പ്രദേശങ്ങൾ**

| വാർഡ് | പേര് | കുടുംബം |
|---|---|---|
| VI | നൊച്ചാട് കായണ്ണ പഞ്ചായത്തുകളിലായി വാർഡതിർത്തിയിൽ തമാസിക്കുന്നവർ | 10 |
| IX | വെള്ളരി | 8 |
| X | വടക്കെമാവിലമ്പാടി | 10 |
| III | നാഗത്ത് | 12 |
| | പൊൻപറ | 10 |

(ഇതിൽ നൊച്ചാട് കായണ്ണ എന്നീ 2 പഞ്ചായത്തുകളിലായി താമസിക്കുന്ന 10 കുടുംബങ്ങളെ കോളനിയാക്കാൻ സാധ്യമല്ലാത്തപക്ഷം അംഗീകരിച്ച മറ്റുകോളനിയുമായി കൂട്ടിച്ചേർക്കണമെന്ന ആവശ്യം ശ്രദ്ധാർഹമാണ്).

ഐ. ആർ. ഡി. പി, ട്രൈസം, ജെ. ആർ. വൈ, ഐ. എ. വൈ, എം. ഡബ്ലീയു. എസ്, സി. ആർ. എസ്. എ തുടങ്ങിയ പദ്ധതികളിലൂടെ പട്ടിക ജാതി പട്ടികവർഗ്ഗത്തിന് സഹായം നൽകിയിട്ടുണ്ട്. I. R. D.P പ്രകാരം നടപ്പു പദ്ധതികാലത്ത് 149 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്. J.R.Y, I. A Y, M.W.S തുടങ്ങിയ സ്കീമുകൾ പ്രകാരം ബ്ലോക്കുമുഖാന്തിരം നാളിതുവരെ 104 വീടുകൾ നൽകിയിട്ടുണ്ട്. ഇവയിൽ 55 വീടുകളുടെ പണി ഇനിയും പൂർത്തിയായിട്ടില്ല.

ട്രൈസം പദ്ധതി പ്രകാരം തൊഴിൽ നൽകിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗപ്പെടുത്താനോ നിലനിർത്തികൊണ്ടുപോകാനോ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

ഇത് കൂടാതെ എസ്. സി. എസ് ടി. കോർപറേഷൻ മുഖേനയും വെൽഫെയർ ഡിപാർട്ട്മെന്റ് മുഖേനയും സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഗുണഭോക്താവിന്റെ അജ്ഞതകൊണ്ടും കാര്യക്ഷമത കുറഞ്ഞതിനാലും ആസൂത്രണ പദ്ധതികൾ സുതാര്യമല്ലാത്തതിനാലും ഈ പദ്ധതികളെല്ലാം ഫലത്തിൽ പരാജയമായിരുന്നു.

നടപ്പുപദ്ധതികാലത്തെ സ്ഥിതി അവലോകനം ചെയ്താൽ കുടിവെള്ളം, പോഷകാഹാരം, പാർപ്പിടം, വിദ്യാഭ്യാസം, ഗതാഗതം, ഊർജ്ജം എന്നീ ഒഴിച്ചുകൂടാൻ പറ്റാത്തതും അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതുമായ ഘടകങ്ങളുടെ അപര്യാപ്തത മൂലവും തൊഴിലില്ലായ്മ മൂലവും പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരിപക്ഷം കുടുംബങ്ങളും ആരോഗ്യം, സാമൂഹികം, സാമ്പത്തികം എന്നീ രംഗങ്ങളിൽ വളരെ പിന്നോക്കാവസ്ഥയിൽ തന്നെയാണെന്നു കാണാം.

ആകെയുള്ള 12 കോളനികളിൽ മുളിയങ്ങൾ ലക്ഷംവീട് കോളനി ഒഴികെ മറ്റെല്ലാം വൈദ്യുതീകരിക്കാത്തവയാണ്. ശുദ്ധജല വിതരണപദ്ധതികളൊന്നും കോളനികളിൽ നടപ്പാക്കിയിട്ടില്ല. കിളിയായി മീത്തൽ കോളനിയിലേക്കുള്ള ശുദ്ധജലപദ്ധതി കേരളാ വാട്ടർ അതോറിറ്റി ശ്രമം ആരംഭിച്ചിട്ടേയുള്ളൂ.

ഭൂരഹിത–ഭവനരഹിത പദ്ധതി പ്രകാരം – സ്ഥലം വാങ്ങി വീടുവെയ്ക്കുന്ന പദ്ധതി പ്രകാരം ഇരുപത്തഞ്ചായിരം രൂപ ഗ്രാന്റ് നൽകാൻ പദ്ധതി ഉണ്ടെങ്കിലും 1992 മുതൽ 1996 വരെ ഒരാൾക്ക് പോലും ഈ ആനുകൂല്യം ലഭിക്കുകയുണ്ടായിട്ടില്ല. ഗ്രാന്റ് കൂടുതൽ പേർക്ക് നൽകുന്നതിനും ഗ്രാന്റുതുകയിൽ വർദ്ധനവു ഉണ്ടാവേണ്ടതും ആണ്.

സംയോജിത ഭവനനിർമ്മാണ പദ്ധതി പ്രകാരം 1992 മുതൽ 1996 വരെയുള്ള കാലത്ത് ഒരാൾക്ക് മാത്രമാണ് പന്ത്രണ്ടായിരം രൂപയുടെ സഹായം ലഭിച്ചത്. ഓടുമേയലിനു നൽകുന്ന മൂവായിരം രൂപാ ധനസഹായം കഴിഞ്ഞ ആറു വർഷത്തിനിടയിൽ മൂന്നുപേർക്ക് മാത്രമാണ് ലഭിച്ചത്. ഒരു താലൂക്കിൽ രണ്ടുപേർക്കാണ് ഈ പദ്ധതി പ്രകാരം ഒരുവർഷം ധനസഹായം നൽകുന്നത്. ഈ പദ്ധതിതന്നെ മാറ്റി, വീടു റിപ്പയറിംഗിനു വേണ്ടി കൂടുതൽ പ്രയോജനപ്രദമാക്കുക. ഓലമേയാനുള്ള അഞ്ഞൂറുരൂപ ധനസഹായം ഒരാൾക്ക് മാത്രമാണ് ഒരു പഞ്ചായത്തിൽ നൽകുന്നത്. ഇതു ചുരങ്ങിയത് വാർഡിൽ ഒന്നു എന്ന രൂപത്തിലെങ്കിലും മാറ്റേണ്ടതാണ്.

നൊച്ചാട് പഞ്ചായത്തിൽ ഇതുവരെ I.H.D.P.യിൽ കോളനികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. I.H.D.P. കോളനികൾ തിരഞ്ഞെടുക്കുവാനുള്ള അധികാരം ബ്ലോക്ക് പഞ്ചായത്തിനാണ്. I.H.D.P. പദ്ധതികളുടെ അവലോകനത്തിനും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനുമായി പ്രത്യേക അവലോകന സമിതികൾ ബ്ലോക്ക് തലത്തിൽ ഉണ്ടാവുന്നത് ഗുണകരമായിരിക്കും.

ചികിത്സാസഹായം (ആയിരം) വിവാഹധനസഹായം, (രണ്ടായിരം) മിശ്രവിവാഹിതർക്ക് ധനസഹായം (രണ്ടായിരം) തോറ്റ വിദ്യാർത്ഥികൾക്കുള്ള പഠന ധനസഹായം (എസ്.എസ്.എൽ.സി. പി.ഡി.സി.ഡി.സി.) പാരലൽ വിദ്യാർത്ഥികൾക്ക് ഫീസിളവ്, പഠനധനസഹായം തുടങ്ങിയവയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ്.

പത്രത്താളുകളിൽ ദൈനംദിനം ഈ വിഭാഗങ്ങൾക്ക് നൽകപ്പെടുന്ന ആനുകൂല്യങ്ങളെപ്പറ്റിയുള്ള പ്രസ്താവനകളല്ലാതെ ഇവ ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ തുകയോ സംവിധാനമോ ഇല്ല എന്നുള്ളത്കൊണ്ടു തന്നെ വലിയ ഒരളവു വരെ ഇടത്തട്ടുകാർക്ക് മേച്ചിൽ സ്ഥലങ്ങളായി ഈ രംഗം മാറുന്ന സ്ഥിതിയാണ് ഇന്നും നിലനില്ക്കുന്നത്.

## പ്രശ്നങ്ങൾ

1. നാലാം വാർഡിലെ കീഴൽമീത്തൽ കോളനിയൊഴികെ മറ്റെല്ലാ കോളനികളിലും പട്ടികജാതി പട്ടികവർഗ്ഗക്കാർ ഒന്നിച്ചു താമസിക്കുന്ന കോളനിയായി അംഗീകരിക്കാൻ സാധ്യതയുള്ള മറ്റ് പ്രദേശങ്ങളിലും കാലാകാലമായി കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഒറ്റപ്പെട്ടുകഴിയുന്ന പ്രസ്തുത വിഭാഗക്കാരിലും ശുദ്ധജലക്ഷാമം അനുഭവിക്കുന്നവർ ധാരാളമായുണ്ട്. പൊതുകിണറിൽ വെള്ളം ഇല്ലാത്തതിനാൽ ക്ഷാമം അനുഭവിക്കുന്നവരാണ് മിക്ക കോളനിവാസികളും. സ്വന്തമായി കിണർ നിർമ്മിച്ചിട്ടും അറ്റകുറ്റപണി നടത്താൻ സാമ്പത്തിക ശേഷിയില്ലാത്തതിനാൽ പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളുണ്ട്.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗമായതിനാൽ തന്നെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവയും തന്മൂലമുണ്ടാകുന്ന തിക്തഫലങ്ങളും ശരിക്കും അനുഭവിക്കുന്ന വിഭാഗമാണ് പട്ടിജാതി പട്ടികവർഗ്ഗം.
3. ആരോഗ്യപരിപാലന ബോധത്തിന്റെ അഭാവവും കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും പ്രസ്തുത വിഭാഗത്തിൽ പ്രത്യേകിച്ചും ഈ വിഭാഗത്തിലെ കുട്ടികളുടെ ആരോഗ്യനില പരിതാപകരമായിരിക്കുന്നതായി കാണാം.
4. വിവിധ സ്കീമുകളിലായി ആനുകൂല്യം നൽകിവരുന്നുണ്ടെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പാർപ്പിട സൗകര്യം ഇന്നും ശോച്യാവസ്ഥയിലാണ്. സ്വന്തമായി വീടും സ്ഥലവുമില്ലാത്തവരും വീട് നിർമ്മിക്കാൻ സാമ്പത്തിക ശേഷിയല്ലാത്തതിനാൽ കുടിലുകളിൽ താമസിക്കുന്നവരും പഞ്ചായത്തിൽ ധാരാളമുണ്ട് വിവിധ സ്കീമുകളിലായി നൽകപ്പെടുന്ന നിശ്ചിത തുകകൊണ്ട് പണിപൂർത്തിയാക്കാത്തതിനാൽ അനുവദിക്കപ്പെട്ട തുക മുഴുവൻ കൈപറ്റാൻ കഴിയാതെ പാർപ്പിട സൗകര്യം അനിശ്ചിതാവസ്ഥയിലായ കുടുംബങ്ങളും ധാരാളമുണ്ട്.
പഞ്ചായത്തിലെ നാലാം വാർഡിൽ മഴക്കാലത്ത് വെള്ളപൊക്ക ഭീഷണി അനുഭവിക്കുന്ന കുടുംബങ്ങളുണ്ട് 1ാം വാർഡിലെ രാമല്ലൂർ കോളനി സൈഡിലെ മിക്ക വീടുകളിലും അപകടകരമായ രീതിയിൽ വിണ്ട് കീറിയിരിക്കുന്ന ഒരവസ്ഥയുമുണ്ട്. 10ാം വാർഡിലെ നീലമ്പ്രമീത്തൽ കോളനിയിൽ ബ്ലോക്കുമുഖാന്തിരം കൺവീനർമാരെ വെച്ച് നിർമ്മിച്ച വീടുകളിൽ 2 വീട് ഇടിഞ്ഞു വീഴാൻ സാധ്യതയുള്ളതിനാൽ കുടുംബങ്ങൾ താല്ക്കാലിക ഷെഡുകളിലും അടുത്ത വീടുകളിലും മറ്റും താമസിക്കുന്ന ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ പാർപ്പിട സൗകര്യം പോലും ഇല്ലാത്ത അരക്ഷിതാവസ്ഥയിൽ തന്നെയാണെന്ന് വ്യക്തമാവുന്നതാണ്.
5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിരക്ഷരർ മറ്റു വിഭാഗങ്ങളിലേതിനെ അപേക്ഷിച്ച് കൂടുതലാണ്. സ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികളുടെ പഠന നിലവാരം ശരാശരിയിൽ താഴെയാണ്. ലഭ്യമായ കണക്കുപ്രകാരം പഞ്ചായത്തിലെ സ്ക്കൂളുകളിൽ എൽ.പി. വിഭാഗത്തിൽ 126 ഉം, യു.പി വിഭാഗത്തിൽ 112 ഉം, H.S വിഭാഗത്തിൽ 156 ഉം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളാണുള്ളത് 10ാം ക്ലാസ്സിൽ പഠിക്കുന്നവർ 44 പേരാണ് സർവ്വകലാശാല വിദ്യാഭ്യാസം സിദ്ധിച്ചവരും പഞ്ചായത്തിൽ നല്ലൊരു ശതമാനം കാണാം.
എസ്.സി.എസ്.ടി വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ കുറവായത് ഇവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണമാണ്. കൊഴിഞ്ഞുപോക്ക്, തുടർച്ചയായി ഒരേ ക്ലാസിലുള്ള പരാജയം തുടങ്ങിയവ കൂടുതലായി കണ്ടുവരുന്നത് ഈ വിഭാഗത്തിലാണ്. ഇതിനുള്ള പ്രധാന കാരണം സാമ്പത്തിക പിന്നോക്കവസ്ഥയും ഔപചാരിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയുമാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടും തൊഴിൽ ലഭിക്കാത്തവരും പഞ്ചായത്തിലുണ്ട്.

6. ചെറിയ പുരയിടങ്ങളിൽ താമസിക്കുന്നവരും പ്ലോട്ടുകളിൽ താമസിക്കുന്നവരുമാണ് പട്ടികജാതി–പട്ടികവർഗവിഭാഗത്തിൽ ഭൂരിഭാഗവും. അതുകൊണ്ട് തന്നെ ഈ വിഭാഗക്കാർ ഇന്ധനക്ഷാമം (വിറക്) രൂക്ഷമായി ഉപയോഗിക്കുന്നവരാണ്. അംഗീകരിക്കപ്പെട്ട പന്ത്രണ്ടു കോളനികളിൽ മുളിയങ്ങൽ ലക്ഷംവീട് കോളനി ഒഴികെയുള്ള 11 കോളനികളും പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂട്ടായി താമസിക്കുന്ന മറ്റ് പ്രദേശങ്ങളും പ്ലോട്ടുകളും വൈദ്യുതീകരിക്കാത്തവയാണ്. നാലാം വാർഡിലെ നീലോത്ത് കോളനിക്കടുത്ത് വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും കോളനി വൈദ്യുതീകരിക്കാത്ത അവസ്ഥയാണ്.
7. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് മിക്ക 4 സെന്റ് അംഗീകൃത കോളനി നിവാസികളും. ഏരംപുറം (വാർഡ് 1) തട്ടാംകണ്ടി (വാർഡ് 2) ഊഞ്ഞാറ്റിൽ (വാർഡ് 3) കിളിയായിമീത്തൽ, പിലാക്കുന്ന് (വാർഡ് 9) എന്നിവിടങ്ങളിലേക്കു നടപ്പാതപോലുമില്ലാത്ത അവസ്ഥയായതിനാൽ ഇവിടെ നിന്നും മറ്റു പ്രദേശങ്ങളിലേക്ക് വളരെയധികം യാത്രാ ക്ലേശം അനുഭവിക്കുന്നു. നാലാം വാർഡിലെ ചെമ്പ്രത്തറ, പനമ്പ്രകുന്ന, കീഴൽമീത്തൽ, നീലോത്ത് കോളനി എന്നിവിടങ്ങളിലേക്കുള്ള റോഡുകളും ആറാം വാർഡിലെ വെണ്ടപുറം കോളനി വടക്കമ്പത്ത് കോളനിയുമായി ബന്ധിപ്പിക്കുന്ന വാളൂരമ്പലം റോഡ് ഒമ്പതാം വാർഡിലെ വലിയപറമ്പ് കോളനിറോഡ് തുടങ്ങിയവ ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്.
8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരിൽനിന്നും ബഹുജന സംഘടനാ നേതൃത്വത്തിൽ വിരളമായ പ്രാതിനിധ്യമുണ്ടെങ്കിലും സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പ്രസ്തുത വിഭാഗങ്ങളിലെ സ്ത്രീകളിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നവരില്ല.
9. ഹരിജനങ്ങൾ മാത്രം ഉപയോഗിക്കുന്ന കാഞ്ഞിറോറ ശ്മശാനം സ്വകാര്യവ്യക്തികൾ കൈയടക്കിക്കൊണ്ടിരിക്കുന്നതിനാൽ സ്ഥല പരിമിതി അനുഭവപ്പെടുന്നു.
10. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽതന്നെ നിലനിന്നു പോരുന്ന അയിത്തവും (പഴയരൂപത്തിലല്ലെങ്കിലും) മറ്റ് ജാതി വിഭാഗങ്ങളിലുള്ള ചുരുക്കം ചില കുടുംബങ്ങൾ ഈ വിഭാഗത്തോട് പുലർത്തിപോരുന്ന അയിത്തവും സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ ഉയർന്നുവരുന്നതിൽ ഈ വിഭാഗത്തിനു ഒരു തടസം തന്നെയാണ്.
11. ഒറ്റപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കോളനികളിൽ വസിക്കുന്ന പ്രസ്തുത വിഭാഗക്കാർ വളരെയധികം പിന്നോക്കാവസ്ഥയിലാണെന്ന വസ്തുത വിരൽ ചൂണ്ടുന്നത് മറ്റ് ജാതിസമുദായങ്ങളുമായി ഇടപഴകാനുള്ള സാദ്ധ്യത കുറയുന്നതിനാലാണ് ഈ പിന്നോക്കാവസ്ഥക്ക് കാരണം.

## സാധ്യതകൾ:

1. (a) ടാങ്കുകൾ നിർമ്മിച്ച് കിണർ, പൊതുകുളം, എന്നിവ ഉപയോഗിക്കുന്നതിലൂടെ ജലവിതരണം കാര്യക്ഷമമാക്കാം. (മനുഷ്യവിഭവം ഉപയോഗപ്പെടുത്തുന്നത് കൂടാതെ വലിയപറമ്പ് കോളനി (വാർഡ് 9) ചെമ്പ്രത്തറ, പനമ്പ്ര കോളനികൾ, (വാർഡ് 4) എന്നിവിടങ്ങളിൽ ടാങ്കിനു സൗജന്യമായി ലഭിക്കുന്ന സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്.)
   b. പഞ്ചായത്ത് കിണറുകൾ കുഴൽക്കിണറുകൾ എന്നിവ നന്നാക്കി എടുക്കുന്നതിലൂടെ പ്രശ്നം ഒരളവുവരെ പരിഹരിക്കുന്നതാണ്.
   c. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മുൻഗണനാക്രമത്തിൽ സ്വന്തം കിണർ നിർമ്മിക്കാൻ സന്നദ്ധസംഘടനകളുടെ സഹായം തേടുക.
   d. പട്ടികജാതി പട്ടികവർഗ്ഗക്കാർ സ്വന്തമായി നിർമ്മിച്ച നിലവിലുള്ള കിണറുകൾ അറ്റകുറ്റപണി നടത്തുന്നതിന് മുൻഗണനാ ക്രമത്തിൽ സാമ്പത്തിക സഹായം നൽകുക.
2. (a) കാർഷികമേഖലയെ പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.
   (b) പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി പഞ്ചായത്തിൽ ഈ വിഭാഗത്തിനു വേണ്ടിമാത്രം ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് പ്രസ്തുത വിഭാഗത്തിനർഹമായ സ്കീമുകൾ ആനുകൂല്യങ്ങൾ പദ്ധതികൾ എന്നിവയെക്കുറിച്ച് ബോധവാൻമാരാക്കാനും അവ ലഭ്യമാക്കാനുള്ള സഹായസഹകരണങ്ങൾ നൽകാനും കഴിയും. ഈ വിഭാഗക്കാരെ മറ്റ് സേവന തുറകളിലേക്ക് വ്യാപിപ്പിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്റെ ചുമതലയിൽ പെടുത്താവുന്നതാണ്.

c. ആടുമാട് വളർത്തലിന് സാദ്ധ്യതയും സന്നദ്ധതയുമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ പഞ്ചായത്തിലുണ്ട്. അവർക്ക് പ്രത്യേക പരിഗണന വെച്ച് ഉയർന്ന സബ്സിഡി നൽകിക്കൊണ്ട് സാമ്പത്തിക സഹായവും പരിശീലനവും നൽകുന്നത് സാമ്പത്തികമായ പിന്നോക്കാവസ്ഥക്ക് ഒരളവുവരെ പരിഹാരമാവും. സഹായം വഴിമാറിചിലവിടുന്നത് കർശനമായും നിയന്ത്രണവിധേയമാക്കണം.

d. സാദ്ധ്യതയുള്ള പരമ്പരാഗത കൈത്തൊഴിൽ പുനരാരംഭിക്കുന്നതിന് അസംസ്കൃത വസ്തുക്കൾ പ്രദാനം ചെയ്യാനും ഉൽപന്നങ്ങൾക്ക് വിപണന സാധ്യത ഉറപ്പുവരുത്താനും സഹകരണാടിസ്ഥാനത്തിൽ പരമ്പരാഗത കരകൗശല സൊസൈറ്റികൾ സ്ഥാപിക്കാവുന്നതാണ്.

3. a ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥൻമാർ മാസംതോറും കോളനികളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന മറ്റ് പ്രദേശങ്ങളും സന്ദർശിച്ച് അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ആരോഗ്യപരിപാലനത്തിനാവശ്യമായ മരുന്നുകളും മറ്റും നൽകുന്നത് വളരെയധികം പ്രയോജനകരമാണ്. നിലവിലുള്ള ഹെൽത്ത് ഉദ്യോഗസ്ഥൻമാർ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കാത്ത അവസ്ഥയാണുള്ളത്. ഇവരെ കാര്യക്ഷമമാക്കാൻ പഞ്ചായത്ത് മുൻഗണന നേടിയെടുക്കേണ്ടതാണ്.

b. കോളനികളും പ്ലോട്ടുകളും കേന്ദ്രീകരിച്ച് രാഷ്ട്രീയ സന്നദ്ധസംഘടനകളുടെയും, പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പച്ചക്കറികൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കിയാൽ പോഷകാഹാരകുറവ് സാമ്പത്തിക പരാധീനത എന്നിവക്ക് ചെറിയ തോതിൽ പരിഹാരം ഉണ്ടാക്കാവുന്നതാണ്.

c. സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തി നിരന്തരമായ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്താം.

d. ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിച്ചു കൊടുക്കാൻ അതിനാവശ്യമായ സാധനസാമഗ്രികൾ കോളനികളുടെയും പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും എണ്ണത്തിനനുപാതികമായി വിതരണം ചെയ്യുകയും രാഷ്ട്രീയ സന്നദ്ധ സംഘടന പ്രവർത്തകരുടെ സേവനമുപയോഗിച്ച കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുകയും ചെയ്യുക. (വിവിധ വാർഡുകളിൽ വിതരണം ചെയ്യപ്പെടുന്ന സാധനസാമഗ്രികൾ എത്ര കുടുംബത്തിന് വേണ്ടിയുള്ളതാണെന്ന് അതാത് വാർഡിലെ വിവിധ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരെ പഞ്ചായത്ത് നേരിട്ടറിയിക്കേണ്ടതാണ്.

4. a കോളനിയായി അംഗീകരിക്കാൻ സാദ്ധ്യതയുള്ളവ അംഗീകരിച്ച് അവരുടെ ആനുകൂല്യങ്ങൾ ഉറപ്പുവരുത്താവുന്നതാണ്.

b. ഭവനനിർമ്മാണത്തിന് നൽകിപ്പോരുന്ന തുക വർദ്ധിപ്പിക്കുകയും കാലതാമസം കൂടാതെ നൽകേണ്ടതുമാണ്

c. വിവിധ സ്കീമുകൾ അതത് ആവശ്യങ്ങൾക്കായിതന്നെ ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുക പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുന്നപക്ഷം ഇതൊരു പരിധിവരെ സാധ്യമാണ്.

d. പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വീടും സ്ഥലവുമില്ലാത്തവർക്കു പതിച്ചുനൽകി ഭവനനിർമ്മാണത്തിനു സാമ്പത്തിക സഹായം നൽകുക.

e. കൃഷിഭവൻ ധനകാര്യസ്ഥാപനങ്ങൾ എന്നിവയിലൂടെ നൽകിവരുന്ന സഹായങ്ങളും, സ്കീമുകളും ആനുകൂല്യങ്ങളുമൊക്കെ മാസാമാസം പഞ്ചായത്തിൽ അറിയിക്കുവാൻ ഏർപ്പാടാക്കുകയും പഞ്ചായത്ത് പ്രസ്തുത പഞ്ചായത്തിലെ റേഷൻകടകളിലൂടെ ഈ വിഭാഗക്കാരെ അറിയിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുക.

5. a പട്ടികജാതി പട്ടികവിഭാഗക്കാർ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിൽ അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ (പ്രത്യേകിച്ചും അംഗൻവാടി നഴ്സറി മുതലായവ) ഉറപ്പുവരുത്തുക. പുതിയ നഴ്സറി അംഗൻവാടി എന്നിവ ആരംഭിക്കുമ്പോൾ ഈ വിഭാഗക്കാർക്ക് സൗകര്യപ്രദമായ പ്രദേശങ്ങളിൽ ആരംഭിക്കുക. (സ്ഥലം, കെട്ടിടം എന്നിവ സൗജന്യമായി ലഭിക്കാനിടയുള്ള കോളനി, അനുബന്ധ പ്രദേശങ്ങൾക്ക് മുൻഗണന നൽകുക.)

b. ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്. യു.പി. വിഭാഗത്തിൽ പ്രാവർത്തികമാക്കുകയും ഉറപ്പുവരുത്തുകയും ചെയ്യാവുന്നതാണ്.

c. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സൗജന്യട്യൂഷ്യൻ നൽകാൻ വാർഡു വിദ്യാഭ്യാസ സമിതികളുടെ സേവനം പ്രയോജനപ്പെടുത്തുക.

d. എസ്.എസ്.എൽ.സി. പാസ്സാവുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും തുടർന്ന് പഠിക്കാൻ

ഒരു ചെറിയ തുക പ്രോത്സാഹന സമ്മാനമായി നൽകുന്നതിലൂടെ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ വിദ്യാഭ്യാസ മേഖലയിൽ നിന്നും വഴിമാറിപ്പോകുന്നത് ഒരളവുവരെ തടയാവുന്നതാണ്.

e. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കു നടക്കുന്നുണ്ടെങ്കിൽ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉടനെതന്നെ വിദ്യാർത്ഥി ഉൾപ്പെടുന്ന പഞ്ചായത്തിൽ വിവരമറിയിക്കാനുള്ള സംവിധാനമുണ്ടാക്കാവുന്നതാണ്. ഇങ്ങനെയുള്ള കൊഴിഞ്ഞുപോക്കിന്റെ നിജസ്ഥിതി അതതു വാർഡുമെമ്പർ നേരിട്ട് അന്വേഷിച്ച് സാമ്പത്തിക പരാധീനതയാണ് കാരണമെന്ന് വ്യക്തമായി ബോധ്യപ്പെട്ടാൽ നിലവിലുള്ള മാനദണ്ഡങ്ങൾക്കതീതമായി മെമ്പറുടെ പ്രത്യേക ശുപാർശ പ്രകാരം പഞ്ചായത്തിൽ നിന്നും സഹായധനം നൽകുന്നതിനായി ഒരു പ്രത്യേക ഫണ്ട് നീക്കിവെക്കാവുന്നതാണ്.

6. a. ANERT പോലുള്ള സ്ഥാപനങ്ങളിലൂടെ നല്ലൊരു ശതമാനം സബ്സിഡി നൽകിക്കൊണ്ട് വിതരണം ചെയ്യുന്ന പുകയില്ലാത്ത അടുപ്പുകൾ പട്ടികജാതി പട്ടികവർഗ വീടുകളിൽ വ്യാപകമാക്കുന്നതിന് പഞ്ചായത്തിലെ സേവന സന്നദ്ധരായ യുവാക്കൾക്ക് പരിശീലനം നൽകുകയും അവരെ ഉപയോഗപ്പെടുത്തി പഞ്ചായത്ത് മുൻകയ്യെടുത്ത് ഈ വിഭാഗക്കാർക്ക് അടുപ്പുകൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്യാവുന്നതാണ്. (സബ്സിഡി കഴിച്ചുള്ള അടുപ്പിന്റെ തുക മാത്രം ഈ വിഭാഗത്തിൽനിന്ന് ഈടാക്കുക.)

b. സമയബന്ധിതമായി കോളനികളും പ്രസ്തുത വിഭാഗത്തിലെ കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങളും വൈദ്യുതീകരിക്കുക.

കോളനികൾക്ക് അടുത്തുവരെ എത്തിനിൽക്കുന്ന മിനിമം ഗ്യാരന്റികൾ കോളനി പരിഗണന വെച്ച് പ്രത്യേകം മുൻഗണനയിലെടുത്ത് കണക്ഷൻ നൽകുന്നത് കോളനികൾ വൈദ്യുതീകരിക്കാൻ വളരെയേറെ സഹായകരമാണ്.

ഒറ്റപ്പെട്ടു നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ഫ്രീ കണക്ഷൻ പരിധി പ്രസ്തുത വിഭാഗത്തിൽ മാത്രം വർദ്ധിപ്പിക്കുകയും അപേക്ഷ നൽകിയാൽ നിശ്ചിത ദിവസത്തിനകം വൈദ്യുതീകരിക്കണമെന്ന് പ്രത്യേക നിയമം പ്രാബല്യത്തിലാക്കുകയും വളരെയേറെ പ്രയോജനകരമാണ്.

c. സൗരോർജ്ജം ഉപയോഗിച്ചു പ്രവർത്തിക്കുന്ന വിളക്കുകളുടെ നിർമ്മാണവും വിതരണവും വർദ്ധിപ്പിക്കുകയും സബ്സിഡി പ്രസ്തുത വിഭാഗത്തിൽമാത്രം വർദ്ധിപ്പിക്കുകയും ചെയ്യുക.

7. a. മനുഷ്യാദ്ധ്വാനം പരമാവധി ഉപയോഗപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്കും പ്രസ്തുത വിഭാഗം കൂട്ടായി താമസിക്കുന്ന പ്രദേശങ്ങളിലേക്കും നടപ്പാതകൾ റോഡുകൾ എന്നിവ നിർമ്മിക്കുക. വർഷത്തിൽ ചുരുങ്ങിയത് രണ്ട് സന്നദ്ധ പ്രവൃത്തിയെങ്കിലും ഇതിനായി നടപ്പിലാക്കണമെന്ന് പഞ്ചായത്തിനു തീരുമാനമെടുക്കാവുന്നതാണ്.

b. പട്ടികജാതി പട്ടികവർഗ വിഭാഗക്കാർ താമസിക്കുന്ന കോളനികളിലേക്കും മറ്റു പ്രദേശങ്ങളിലേക്കും പോകുന്ന റോഡുകൾ പഞ്ചായത്ത് ഏറ്റെടുത്ത് ടാറു ചെയ്യുന്നതിന് നിലവിലുള്ള മിനിമം പരിധി കുറയ്ക്കുക.

8. a. പൊതു ശ്മശാനത്തിലേക്കുള്ള വഴി ഗതാഗത യോഗ്യമാക്കുക.

b. സ്വകാര്യവ്യക്തികൾ കയ്യടക്കിക്കൊണ്ടിരിക്കുന്ന ഈ വിഭാഗക്കാരുടെ ശ്മശാനം പരിധി നിർണയിച്ച് തിട്ടപ്പെടുത്തുക.

9. മിശ്രവിവാഹത്തിന് പ്രോത്സാഹനം നൽകിക്കൊണ്ട് പഞ്ചായത്ത് മുൻകയ്യെടുത്ത് വർഷം തോറും സമൂഹവിവാഹം സംഘടിപ്പിക്കാവുന്നതാണ്.

10. മറ്റ് ജാതികളിലേയും സമുദായത്തിലെയും ജനവിഭാഗങ്ങളുമായി ഇടപഴകാൻ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന രീതിയിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആഘോഷങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

11. പായനെയ്ത്ത്, കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

12. വിവിധ ഏജൻസികൾ മുഖേന നൽകുന്ന വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ചു മാനദണ്ഡങ്ങൾ ലഘൂകരിച്ചു പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക- മേൽനോട്ട ഉത്തരവാദിത്വവും ഗ്രാമപഞ്ചായത്തിനു നൽകുക.

13. പട്ടികജാതി-സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

14. ലക്ഷം വീടുകളിലെ കൂട്ടായ വീടുകൾ, വിഭജിച്ചു ഒരൊറ്റ വീടാക്കി മാറ്റുക.

15. നാലുസെന്റ്, മൂന്നുസെന്റ് കോളനികളിൽ പ്രത്യേകം നീക്കിവെച്ച സ്ഥലങ്ങളിൽ വായനശാലകൾ സ്ഥാപിക്കുക.

11

# സാമൂഹ്യക്ഷേമം

ആസൂത്രണ പ്രക്രിയയുടെ പ്രധാനവെല്ലുവിളികൾ തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മയും ശേഷിക്കൊത്ത തൊഴിലിൻെറ ദൗർലഭ്യവും ഒരു വലിയ വിഭാഗം ജനതയെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നു. സമ്പത്തിൻെറ ഉൽപാദന വിതരണഘടനയെ അടിമുടി പുതുക്കി പണിതു കൊണ്ടേ സമ്പൂർണമായ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാകൂ. ഇങ്ങനെ പുതുക്കി പണിത ഒരു ഘടന സജ്ജമായി വരുമ്പോഴേക്കും സമ്പത്തിൻെറ വർദ്ധമാനമായ ഉൽപാദനവും അതിനുള്ള സാഹചര്യങ്ങളും വളർന്നുവരണം. നാം കാംക്ഷിക്കുന്ന സാമൂഹികക്രമം ദാരിദ്ര്യത്തിൻെറ പങ്കുവെക്കലല്ല പ്രത്യുത വർദ്ധിച്ച സമ്പത്തിൻെറ നീതിപൂർവകമായ ഉൽപാദനവും നീതി പൂർവകമായ വിതരണവുമാണ്. ഈ ദിശയിലേക്ക് ഒരു കണ്ണയയ്ക്കുകയെങ്കിലും ചെയ്യുമ്പോഴേ ആസൂത്രണം സാർത്ഥകത കൈവരിക്കുന്നുള്ളു. വർദ്ധിച്ചു വരുന്ന സമ്പത്തിൻെറ പ്രയോജനം പാവപ്പെട്ടവന് കിട്ടണം. പദ്ധതിനടത്തിപ്പിൻെറ തന്ത്രം ദാരിദ്ര്യത്തെ നേരിട്ട് ആക്രമിക്കുക എന്നതാവണം. കൂറ്റൻ വ്യവസായങ്ങളുടെ ശൃംഖലകൾ-നഗരങ്ങൾ, ആണവോർജ്ജം ഇവയൊക്കെയാണ് വികസനമെന്ന സാമാന്യബോധ ത്തെ നമുക്ക് അട്ടിമറിക്കേണ്ടതുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം, വിശ്രമം എന്നിങ്ങനെ മിനിമം മനുഷ്യനായി ജീവിക്കാനുള്ള ഉപാധികൾ എല്ലാവർക്കും

### ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ.

| വാർഡ് | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബത്തിൻെറ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബം | ഇപ്പോഴും ദാരിദ്ര്യരേഖക്ക് കീഴെ കഴിയുന്ന കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 260 | 3 | 71 | 27 | 18 | 255 |
| II | 160 | 2 | 83 | 18 | 24 | 198 |
| III | 164 | 3 | 81 | 31 | 17 | 280 |
| IV | 320 | 10 | 31 | 10 | 2 | 320 |
| V | 172 | 3 | 15 | 3 | 3 | 172 |
| VI | 199 | 6 | 31 | 6 | 2 | 199 |
| VII | 194 | 1 | 64 | 16 | 14 | 242 |
| VIII | 184 | 3 | 25 | 3 | 3 | 184 |
| IX | 214 | 6 | 22 | 6 | 2 | 214 |
| X | 175 | 6 | 77 | 29 | 17 | 230 |
| | 2042 | 43 | 500 | 149 | 102 | 2294 |

കിട്ടുക എന്നതാണ് യഥാർത്ഥ വികസനത്തിൻെറ ഉള്ളടക്കം. പുരോഗതിയുടെ പല പടവുകളും കയറിയിട്ടും സാധാരണക്കാരുടെ ജീവിതം ദുസ്സഹംതന്നെ അവരുടെ തൊഴിൽ, പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, കുട്ടികളുടെ ഭാവി ഇവയൊക്കെ പ്രശ്നങ്ങളായി തുടരുകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കിക്കൊണ്ട്, ഏറെ പരിപാടികളും പദ്ധതികളും നമ്മൾ നടത്തിയിട്ടുണ്ട്. ദുർബലത അനുഭവിക്കുന്ന പ്രത്യേക വീഭാഗങ്ങളിൽ ഊന്നിക്കൊണ്ടാണ് ഓരോ പദ്ധതിയും രൂപപ്പെടുത്തികൊണ്ടിരിക്കുന്നത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ കണ്ടെത്തുകയും അവരെ സഹായിക്കുകയും ചെയ്യാനുള്ള പദ്ധതിയാണ് സംയോജിത ഗ്രാമവികസന പദ്ധതി (ഐ.ആർ.ഡി.പി.)

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ഓരോ വിഷയത്തിലും ആകെ പരിശീലകർ |
|---|---|---|---|---|---|---|---|---|---|---|---|
| *പരിശീലനം കൊടുത്ത വിഷയങ്ങൾ* | | | | | | | | | | | |
| 1. ടൈലറിംഗ് | 2 | | | | 1 | | | | 1 | | 5 |
| 2. റേഡിയോ | 1 | 3 | | | | | | | | | 4 |
| 3. ബേക്കിംഗ് | 5 | | | | | | | | | | 5 |
| 4. ഓട്ടോമെക്കാനിക്ക് | | 1 | | | | | | | | | 1 |
| 5. പ്ലാസ്റ്റിക്ക് | 2 | 1 | | 2 | | | | | | | 5 |
| 6. പ്രിൻറിംഗ് അൻറ് കമ്പോസിംഗ് | | 3 | 2 | | | | | | 1 | | 6 |
| 7. ഇലക്ട്രോണിക്സ് | | | 3 | 1 | 1 | | | | | | 5 |
| 8. വീവിംഗ് | | | 1 | | 1 | | | | | | 2 |
| 9. വെൽഡിംഗ് | | | 1 | 1 | | | | | | | 2 |
| 10. വയറിംഗ് | | | | 1 | | 2 | | 1 | 1 | | 5 |
| 11. മെക്കാനിക്കൽ | | | | | | | | | | | |
| 12. ഫുഡ് പ്രോസസിംഗ് | | | | | | 1 | | | | | 1 |
| 13. ഡ്രൈവിംഗ് | | | | | | 1 | | | | | 1 |
| 14. പ്ലംബിംഗ് | | | | | | | | | 1 | | 1 |
| 15. ഷീറ്റ് മെറ്റൽ വർക്സ് | | | | | | | | | 1 | | 1 |
| *ഓരോ വാർഡിലും ആകെ പരിശീലകർ* | 10 | 8 | 7 | 7 | 3 | 4 | 0 | 1 | 6 | 0 | **46** |

ഐ.ആർ.ഡി.പി. സർവ്വെ തന്നെ ധാരാളം പരിമിതികൾ ഉള്ളതാണ്. സമഗ്രവും ശാസ്ത്രീയവുമായ ഒരു സാമൂഹിക സാമ്പത്തിക സർവ്വെയിലൂടെ മാത്രമെ ദാരിദ്ര്യം സംബന്ധിച്ച യഥാർത്ഥ സ്ഥിതി വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

യഥാർത്ഥനില എത്രയോ കൂടുതലാവാനുള്ള സാധ്യത നിലനിൽക്കെ തന്നെ 2294 കുടുംബങ്ങൾ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളതാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനത്തിൻെറ വഞ്ചി ഇപ്പോഴും തിരുനക്കര തന്നെയെന്നാണിത് കാണിക്കുന്നത്. മുകളിൽ കൊടുത്ത കണക്കിൽ നിന്ന് വ്യക്തമാവുന്ന ഒരു കാര്യം നാളിതുവരെ 500 കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. പ്രകാരം സഹായധനം കൊടുത്തിട്ടും 102 കുടുംബങ്ങളെ മാത്രമെ ദാരിദ്ര്യരേഖക്ക് മുകളിലേക്ക് പിടിച്ചു കയറ്റാൻ സാധ്യമായിട്ടുള്ളൂ.

പ്രായോഗിക സമീപനം ഇല്ലാതെയാണ് ധനസഹാ യ പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നതും നടപ്പിലാക്കപ്പെടുന്നതും എന്നാണിത് കാണിക്കുന്നത്. ചിരകാല ജീവിതത്തിൻെറ സമ്പാദ്യമായി, നാട്ടു സൗഹൃദത്തിൻെറ വലയത്തിനുള്ളിൽ വെച്ച് പരിഹരിക്കാൻ കഴിയാത്തവിധം ഏതെങ്കിലും കടം വന്നു പെടുമ്പോ ഴാണ് ഏതെങ്കിലും നിലക്ക് വായ്പ സംഘടിപ്പിച്ചെടുക്കാൻ ശ്രമമുണ്ടാവുക. ഒരു സ്വയംതൊഴിൽ പരിപാടി അവതരിപ്പിച്ചാണ് വായ്പയും, സഹായധനവും കൈ പ്പറ്റുന്നതെങ്കിലും അതു വിനിയോഗിക്കപ്പെടുന്നത് നേരത്തെ സൂചിപ്പിച്ചിട്ടുള്ള കടം പരിഹരിക്കാനാണ്. അത്യ പൂർവ്വമായി, അവതരിപ്പിക്കപ്പെട്ട പദ്ധതികളിൽ പണം ചെലവാക്കിയാൽ തന്നെ വായ്പ അന്വേഷിക്കുമ്പോൾ നിർണ്ണയിക്കപ്പെട്ടതിനേക്കാൾ എത്രയോ കൂടുതലാ യിരിക്കും ചെലവുകൾ. തെരഞ്ഞെടുക്കപ്പെടുന്ന പരിപാടികളാവട്ടെ, സ്വയം സ്ഥായിയായതോ ജീവിത പുരോഗതി നൽകുന്നതോ ആവണമെന്നില്ല. അതു കൊണ്ടുതന്നെ ദാരിദ്ര്യ നിർമ്മാർജ്ജനം കടലാസ് കണ ക്കുകളിൽ ഒതുങ്ങുകയും ഓരോ പദ്ധതിയുടെയും നീക്കിബാക്കി കുറേക്കൂടി വലിയ ഒരു ദാരിദ്ര്യാവസ്ഥ ആയിത്തിരുകയും ചെയ്യുന്നു.

ഭക്ഷണ വസ്ത്രാദി ജീവിതസൗകര്യങ്ങൾ പണം കൊടുത്തുവാങ്ങേണ്ടിവരുന്ന ഒരു സാമൂഹിക ക്രമ ത്തിൽ പണം സമ്പാദിക്കാനുള്ള മാർഗ്ഗം തുറന്നുകിട്ടുക യാണ് വേണ്ടത്. സ്വത്തില്ലാത്തവർക്ക് വിറ്റുമാറാനുള്ളത് അദ്ധ്വാനശേഷി മാത്രമാണ്. അനുദിനം വികസിച്ചു വരുന്ന ശാസ്ത്ര സാങ്കേതികതയുടെ പശ്ചാത്തല ത്തിൽ തൊഴിൽ തെല്ലു വൈദഗ്ധ്യത്തോടെതന്നെ നിർവഹിക്കാൻ കഴിയണം. തൊഴിൽ പരിശീലിപ്പി ക്കാൻ നമുക്ക് പദ്ധതികളുണ്ടായിട്ടുണ്ട്. അവയിലൊന്ന ത്രെ ട്രൈസം. നമ്മുടെ പഞ്ചായത്തിൽ ട്രൈസം പരി ശീലനം ലഭിച്ചവരുടെ വിവരങ്ങളാണ് പേജ് 85 ലെ പട്ടികയിൽ കാണിച്ചിട്ടുള്ളത്.

46 പേർക്കാണ് വിവിധ വിഷയങ്ങളിൽ പരിശീലനം കൊടുത്തിട്ടുള്ളത്. എന്നാൽ ഇവരിൽ സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം 23 ആണ്. പതിനൊന്നുപേർ പരിശീലനം സിദ്ധിച്ച തൊഴിൽരംഗം വിട്ട് ഇതരതൊഴിൽ രംഗങ്ങൾ തേടിപോയി. ടൈലറിംഗ് രംഗത്ത് ഒന്നും റേഡിയോ,-ടി.വി രംഗത്ത് അഞ്ചും ഇലക്ട്രോണിക്സ് രംഗത്ത് രണ്ടും ഡ്രൈവിംഗ് രംഗത്ത് ഒന്നും പ്ലമ്പിംഗിൽ ഒന്നും ഷീറ്റ്മെറ്റൽ വർക്സിൽ ഒന്നും പേർ വീതം ഇപ്പോഴും തൊഴിലില്ലാതെ നിൽ ക്കുന്നു. ഒരാൾ വിവാഹിതയായി വേറെ പഞ്ചായ ത്തിൽ പോയി. ഒരു സമീപകാല ഭാവിയിലെ സാധ്യത യെങ്കിലും പരിഗണിച്ചുകൊണ്ടാവണം പരിശീലനത്തിന് വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതും ആളുകളെ നിശ്ച യിക്കുന്നതും എന്നാണ് ഇതു കാണിക്കുന്നത്.

സ്വയംതൊഴിൽ പദ്ധതി പ്രകാരം ചെറുകിട ഉല്പാദന യൂണിറ്റുകളോ കച്ചവടസ്ഥാപനങ്ങളോ അനുവദി ക്കുന്ന വിവിധ പദ്ധതികളനുസരിച്ച് ഡസൻ കണക്കിനു പേർക്കെങ്കിലും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സഹായധനമോ, വായ്പയോ കൊടുത്തിട്ടുണ്ട്. അവരിൽ പലരും ഇന്ന് റവന്യൂ റിക്കവറി ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണ്. കാരണങ്ങൾ പലതാണ്. ചിലവ ചുവടെ ചേർക്കുന്നു.

1. പ്രാദേശികമായോ, കാലികമായോ ആയി പ്രസക്തമായ യൂണിറ്റുകളോ, സ്ഥാപനങ്ങളോ അല്ല ആരം ഭിക്കുന്നത്.

2. മിനിമം ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ തന്നെ വരവിനേക്കാൾ ചെലവു വരുമ്പോൾ സംരംഭകർക്ക് യൂണിറ്റുകളുടേയോ, സ്ഥാപനങ്ങളുടേയോ ആവർത്തനച്ചെലവു നിർവ്വഹിക്കാൻ കഴിയാതെ വരും. ഇതു കാരണം സ്ഥാപനം അടച്ചുപൂട്ടപ്പെടുന്നു.

3. അനുവദിക്കപ്പെടുന്ന വായ്പയും സഹായധനവും സ്ഥാപനങ്ങൾക്കാവശ്യമായ കെട്ടിടം മുതലായ പശ്ചാത്തലസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനിടയിൽ തന്നെ ചെലവായിതീരും. പ്രവർത്തന മൂലധനം ഇല്ലാത്തതു കൊണ്ട് സ്ഥാപനം ഏട്ടിലെ പശുവായി മാറും.

4. എല്ലാ വൈതരണികളും കടമ്പകളും കടന്ന് സ്വയം തൊഴിൽ സ്ഥാപനങ്ങളിൽ ഉൽപന്നങ്ങൾ ഉണ്ടാക്കിയാൽതന്നെ ആഗോളവർക്കരണത്തിൻേറതായ പുത്തൻ സാഹചര്യത്തിൽ വിദേശ സംരംഭകരുടെ ഉൽപന്നങ്ങളോടുതന്നെ മത്സരിക്കേണ്ടിവരുന്നു. പരസ്യങ്ങളിലൂടെ തന്നെ വിദേശ ഉൽപ്പന്നങ്ങൾക്ക് ഉണ്ടെന്ന് സ്ഥാപിച്ചെടുക്കപ്പെട്ട മേന്മയോട് കിടപിടിക്കാൻ നാടൻ ഉൽപന്നങ്ങളുടെ ഗുപ്തമായ മേന്മക്ക് കഴിയുന്നില്ല.

ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെയും ശിശു ക്കളുടെയും വികസനത്തിനായി ഏർപ്പെടുത്തപ്പെട്ട പദ്ധതിയാണ് D.W.C.R.A. ഈ പദ്ധതിയനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ 6-ാം വാർഡിൽ 1992-93 കാലയളവിൽ ഒരു കരിങ്കൽ ഉടയ്ക്കൽ യൂണിറ്റ് ആരം ഭിച്ചിട്ടുണ്ട്. പത്ത് വനിതകൾക്ക് ജോലിനൽകുന്ന ഈ യൂണിറ്റ് ഇടയ്ക്കുനിന്നു പോയിരുന്നെങ്കിലും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതേ പദ്ധതിപ്രകാരം ഒന്നാം വാർഡിൽ 12 വനിതകൾക്ക് ജോലി നൽകാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു ബേക്കിംഗ് യൂണിറ്റിന് പരിപാടി തയ്യാറാക്കി കെട്ടിടനിർമ്മാണം നടക്കുമ്പോഴേക്കും പരിപാടി വഴിക്കുവെച്ച് മുടങ്ങിപ്പോയി. തൊഴിൽ വൈദഗ്ദ്ധ്യത്തിൻെറ അഭാവമാണ് ഈ യൂണിറ്റിൻെറ ശകുന പിഴയായി നിലകൊള്ളുന്നത്.

## പെൻഷനുകൾ, സംരക്ഷണ പദ്ധതികൾ

ഉറ്റവരുടെ മരണം, ജൻമനായും അപകടങ്ങളിൽപെട്ട് സംഭവിക്കുന്ന അംഗവൈകല്യം, ആയകാലത്ത് മറ്റുള്ളവർക്കായി അദ്ധ്വാനിച്ച് ചോരയും നീരും വറ്റി അശരണരാവുക എന്നിങ്ങനെയെല്ലാം സാമൂഹിക ജീവിതത്തിൻെറ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെടുന്ന വരെ സഹായിച്ച് പൊതുസാമൂഹിക ധാരയുടെ കൂടെ നിർത്തുക എന്നത് ഒരു പരിഷ്കൃത സമൂഹത്തിൻെറ ചുമതലയാണ്. അവയത്രെ പെൻഷനുകൾ.

| വർഷം | വിധവ | വികലാംഗ | വാർദ്ധക്യം | ക്ഷയരോഗം | കുഷ്ഠരോഗം | കേൻസർ | കർഷക തൊഴിലാളി |
|---|---|---|---|---|---|---|---|
| 1990 | 12 | | | | | | 58 |
| 1991 | 11 | 8 | 1 | 18 | | 5 | 55 |
| 1992 | 14 | 11 | 4 | 22 | | 1 | 24 |
| 1993 | 5 | 2 | 1 | 9 | 1 | | 8 |
| 1994 | 7 | 7 | 1 | 10 | | | 13 |
| 1995 | 8 | 4 | | 6 | | 1 | 14 |
| 1996 | 2 | | | | | 1 | |
| Total | 59 | 32 | 7 | 65 | 1 | 8 | 172 |

കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതിപെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, എന്നിങ്ങനെ പല പെൻഷൻ പദ്ധതികളും നടപ്പിലാക്കപ്പെട്ടിട്ടുണ്ട്.

ലഭ്യമായ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ വിവിധ പെൻഷനുകൾ വാങ്ങുന്നവരുടെ കണക്കുകൾ 87 ാം പേജിലെ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പെൻഷൻ പദ്ധതികളിലൂടെ ബഹുമുഖമായ നേട്ടങ്ങളാണുണ്ടാവുന്നത്. ജീവിതത്തിലെ അത്യാവശ്യ സാധനങ്ങൾ വിലകൊടുത്തുവാങ്ങാൻ പെൻഷൻ ഗുണഭോക്താവിനു കഴിയുന്നു.

ഗുണഭോക്താവിനുണ്ടാകുന്ന ക്രയശേഷി വികാസം വസ്തുക്കളുടെ ചോദനം വർദ്ധിപ്പിക്കുകയും അതു വഴി വിപണിയും ഉല്പാദന മേഖലകളും സജീവ മാകും-പെൻഷൻ പദ്ധതി പ്രത്യുൽപ്പാദനപരം തന്നെ യെന്നു ചുരുക്കം.

പെൻഷൻ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ യഥാവസരം അറിയാത്തതുകൊണ്ട് അർഹരായ പലർ ക്കും അതിന്റെ ഗുണഭോക്താക്കളാകാൻ കഴിയുന്നില്ല. പെൻഷനുകൾ അർഹരായവർക്കുതന്നെ കിട്ടുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഇന്ന് ഉണ്ട്. ജനകീയ പങ്കാളത്തത്തോടെ ഉപഭോക്താക്കളെ തിരഞ്ഞെടുക്കുകയാണ് ഇത് പരിഹരിക്കാനുള്ള മാർഗ്ഗം. പെൻഷനുകളെ പോലെ തന്നെ ഇതര പദ്ധതികളിൽ കൂടിയും ജനങ്ങൾക്ക് ആശ്വാസം നൽക്കുന്നു. 351 പേർ പഞ്ചായത്തിൽ തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നുണ്ട് തൊഴിൽ കൊടുക്കാനുള്ള സമൂഹത്തിന്റെ ബാധ്യത അംഗീകരിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ഇക്കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ 14 പേർക്ക് ധനസഹായം ലഭിക്കു കയുണ്ടായി. 1989 മുതൽ രണ്ടു പേർക്ക് അവരുടെ ഇൻഷുറൻസ് നൽകുകയുണ്ടായി. അവശകലാകാര പെൻഷൻ, സാഹിത്യകാരപെൻഷൻ, അവശ കായികതാര പെൻഷൻ, അഗതി പെൻഷൻ എന്നിവക്ക് ഗുണഭോക്താക്കളായി പഞ്ചായത്തിൽ ആരും ഇല്ല. എന്നാൽ കോട്ടക്കൽ കഥകളി സംഘം മാസാന്ത പെൻഷൻ നൽകിവരുന്ന ഒരാൾ പഞ്ചായത്തിൽ ഉണ്ട്. ഉൽപാദന മേഖലകളിൽ വളരെയേറെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണെങ്കിലും കേരളത്തിൽ മെച്ചപ്പെട്ട ഒരു ജീവിത നിലവാരം പുലരുന്നത് ചിരകാലമായി നാം കേരളീയർ നടത്തിയ സാമൂഹിക സമരങ്ങളുടെ നേട്ടങ്ങളെന്ന കണക്കേ ഭൂമിയുടെ അവകാശമായും വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങളുടെ വ്യാപനമായും നാം ആർജിച്ച വാങ്ങൽ ശേഷിയിലൂടെയാണ്. അന്യ സംസ്ഥനങ്ങളിൽ നിന്നും ഭക്ഷണസാധനങ്ങൾ ഇറക്കേണ്ടി വരുമ്പോഴും നമ്മുടെ കീശക്ക് താങ്ങാൻ പാകത്തിൽ അവ നമുക്ക് ലഭ്യമാകുന്നത് ഇവിടെ മെച്ചപ്പെട്ട ഒരു പൊതുവിതരണ സംവിധാനമുള്ളതുകൊണ്ടു കൂടിയാണ്. 1960 കളിൽ കേരളീയർ ഒരു അവ കാശമെന്ന കണക്കെ നേടിയെടുത്ത ജീവിത സൗകര്യമായിരുന്നു സ്റ്റാട്ട്യൂട്ടറി റേഷനിംഗ്. പുത്തൻ സാമ്പത്തിക സാഹചര്യങ്ങളിൽ ഈ രംഗത്ത് ഒരു പിന്നോക്കം പോക്ക് സംഭവിച്ചിട്ടുണ്ട്. പൊതുവിതരണ കേന്ദ്രങ്ങൾ 12 എണ്ണം ആണ് പഞ്ചായത്തിൽ ഉള്ളത്. ചില കേന്ദ്രങ്ങളിൽ നിന്ന് പഞ്ചായത്തിന് പുറത്ത് ഉള്ളവരും റേഷൻ സാധനങ്ങൾ വാങ്ങുന്നുണ്ട്. പഞ്ചായത്തിൽ 3932 കാർഡ് ഉടമകളാണ് ഉള്ളത്. എല്ലാ കാർഡുകളി ലുമായി 3506 കുട്ടികളും 18035 മുതിർന്നവരും റേഷൻ സാധനങ്ങൾ വാങ്ങുന്നു. 1995-96 വർഷത്തിൽ പഞ്ചാ യത്തിൽ മൊത്തം വിതരണം ചെയ്ത റേഷൻ സാധന ങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| സാധനം | അളവ് /തൂക്കം |
|---|---|
| അരി | 245221 ക്വിൻറൽ |
| ഗോതമ്പ് | 42432 ക്വിൻറൽ |
| റവ | 3775 ക്വിൻറൽ |
| മൈദ | 110815 ക്വിൻറൽ |
| പഞ്ചസാര | 22990 ക്വിൻറൽ |
| മണ്ണെണ്ണ | 125484 ലിറ്റർ |

കൂടാതെ പാമോയിൽ പലവ്യഞ്ജനങ്ങൾ എന്നിവയും വിതരണം ചെയ്യുകയുണ്ടായി. നല്ലൊരു ഭാഗം കാർഡുടമകൾ റേഷൻ സാധനങ്ങൾ വാങ്ങുന്നില്ല. വേറൊന്നുള്ളത് അതത് സമയത്ത് റേഷൻ സാധനങ്ങളുടെ മതിയായ സ്റ്റോക്ക് ചില കടകളിലെങ്കിലും ഉണ്ടാവാറില്ല എന്നതാണ്. ചിലയിടങ്ങളിലാവട്ടെ റേഷൻ വസ്തുക്കൾ വാങ്ങാൻ ആളില്ലാതെ കെട്ടിക്കിടക്കാറുണ്ട്. റേഷൻ സാധനങ്ങളുടെ വിലവർദ്ധനവ് ചിലപ്പോഴൊക്കെ സാധനങ്ങളുടെ ഗുണനിലവാരമില്ലായ്മ എന്നത് ഇതിനൊക്കെ കാരണമാകാറുണ്ട്. റേഷൻ സാധനങ്ങളുടെ തരംതിരിവ് (ഫൈൻസൂപ്പർ, ഫൈൻ കോമൺ അരികൾ) ശാസ്ത്രീയമല്ലെന്നും യഥാർത്ഥ വിലകളിൽ കൂടുതൽ ചിലയിടങ്ങളിലെല്ലാം ഈടാക്കാറുണ്ടെന്നും വിമർശനം വരാ റുണ്ട്.

## അങ്കണവാടികൾ

ഇന്നേക്ക് വേണ്ടി എന്നതിനേക്കാൾ നാളേക്കായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനെയാണ് ദീർഘവീക്ഷണം എന്നു പറയാറുള്ളത്. നല്ലൊരു നാളെ കെട്ടിപ്പടുക്കുക എന്നത് വികസനത്തിൻെറ കാതലായ

| നമ്പർ | വാർഡ് | സ്ഥലം | കെട്ടിടം ഉള്ളത് | സ്ഥലം | കളിപ്പാട്ടം ഉള്ളത് | സ്ഥലമുണ്ട് കെട്ടിടമില്ല |
|---|---|---|---|---|---|---|
| 1 | II | അഞ്ചാം പീടിക | ✓ | ✓ | ഇല്ല | |
| 2 | II | ചുണ്ടക്കാട് | ✓ | ✓ | ഇല്ല | |
| 3 | II | എടുത്തും ഭാഗം | ✓ | ✓ | ഇല്ല | |
| 4 | I | തെക്കുമ്പാട്ട് | ✓ | ✓ | ഇല്ല | |
| 5 | I | രാമല്ലൂർ | ✓ | ✓ | ഇല്ല | |
| 6 | III | എടമഠത്തിൽ താഴെ | ഇല്ല | ഇല്ല | ഇല്ല | |
| 7 | III | മണ്ടോടിച്ചാൽ | ഇല്ല | ✓ | ഇല്ല | |
| 8 | IV | ആലോട്ടി പൊയിൽ | ✓ | ✓ | ഇല്ല | |
| 9 | IV | മാങ്ങോട്ട് | ✓ | ✓ | ഇല്ല | |
| 10 | V | മാവില കണ്ടി | ഇല്ല | ഇല്ല | ഇല്ല | |
| 11 | V | ചേവങ്ങാട്ട് | ഇല്ല | ✓ | ഇല്ല | |
| 12 | V | പുറ്റാട് | ഇല്ല | ✓ | ഇല്ല | |
| 13 | VIII | ചാലിക്കര | ✓ | ✓ | ഇല്ല | |
| 14 | VIII | കുറുക്കണ്ടിയിൽ | ഇല്ല | ഇല്ല | ഇല്ല | |
| 15 | X | മമ്മിളിച്ചാൽ | ഇല്ല | ഇല്ല | ഇല്ല | |
| 16 | VII | നാഞ്ഞൂറ | വാടക കെട്ടിടം | ഇല്ല | ഇല്ല | |
| 17 | VII | മലയിൽ പാറ | ✓ | ✓ | ഇല്ല | |
| 18 | IX | വെള്ളിയൂർ | ✓ | ✓ | ഇല്ല | |
| 19 | VI | വാളൂർ പാറ | ✓ | ✓ | ഇല്ല | |
| 20 | VI | കരിമ്പിൽ മീത്തൽ | ✓ | ✓ | ഇല്ല | |

വശമാണ്. ശിശുക്കളെ ശരിയാം വണ്ണം പരിപാലിക്കുക എന്നത് നാളേക്ക് വേണ്ടിയുള്ള സേവനമാണ്. ശിശുവികസന പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ 20 അങ്കണവാടി കേന്ദ്രങ്ങൾ ഉണ്ട്. 1000 ജനസംഖ്യക്ക് ഒന്നെന്നുള്ള മാനദണ്ഡംവച്ച് നമുക്ക് ഇനിയും അങ്കണവാടി കേന്ദ്രങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ മുൻ സൂചിപ്പിച്ച അങ്കണവാടി കേന്ദ്രങ്ങളിലായി ആറു വയസ്സിനു താഴെയുള്ള 958 കുട്ടികൾക്കാണ് ആഹാരാദി സേവനങ്ങൾ നൽകി വരുന്നത് കൂടാതെ 117 അമ്മമാരും 116 ഗർഭിണികളും ഈ പദ്ധതിയുടെ കീഴിൽ സംരക്ഷിതരായി ഉണ്ട്.

അങ്കണവാടി പ്രവർത്തനങ്ങൾക്ക് ചില പരിമിതികളും പ്രശ്നങ്ങളും ഉണ്ട്. അങ്കണവാടി പ്രവർത്തകർക്ക് മതിയായ വേതനം കിട്ടുന്നില്ല.

വേറൊന്നുള്ളത് അവർക്ക് ആവശ്യമായ പരിശീലനം കിട്ടുന്നില്ല എന്നുള്ളതാണ്. എല്ലാ അങ്കണവാടി കളിലും സ്വന്തമായി സ്ഥലമില്ല. പാചകപ്പുര, കുടി വെള്ള സൗകര്യം, കക്കൂസ് എന്നീ അടിസ്ഥാന സൗക ര്യങ്ങളുടെ കാര്യത്തിൽ അങ്കണവാടികൾ പലതും ദരിദ്രമാണ്. ആവശ്യത്തിന് കളിപ്പാട്ടം ഒറ്റ അങ്കണവാടി യിലും ഇല്ല എന്നുള്ളതാണ് വസ്തുത. 6 വയസ്സുവരെ യുള്ള പ്രായം അക്ഷരം ഉൾപ്പെടെ യാതൊന്നും പഠി ക്കാനുള്ളതല്ല. ആടിയും പാടിയും കളിച്ച് ഉല്ലസിച്ച് നടക്കേണ്ടുന്ന പ്രായമാണത്. ചുറ്റുപാടുകളെ ഇണങ്ങി പരിചയപ്പെടുവാനും അറിയാനുള്ള ആഗ്രഹവും കൗതുകവും വളരാനും തക്ക തരത്തിൽ കുട്ടികളുമായി ഇടപഴകേണ്ടതുണ്ട്. കളിക്കോപ്പുകൾ വളരെ അത്യാവ ശ്യമാണ്. എന്നാൽ അവയുടെ അഭാവത്തിൽ എന്തെ ങ്കിലും ചെയ്യേണ്ടതുണ്ട് എന്നനിലക്കും ചിലയിടത്തെല്ലാം രക്ഷിതാക്കളുടെ നിർബന്ധംകൊണ്ടും അക്ഷരമുൾപ്പെടെ പലതും പഠിപ്പിക്കുന്ന അങ്കണ വാടികളുണ്ട്. മുറ്റത്തെ പൂന്തോട്ടങ്ങളായിത്തന്നെ അവ നിലനിർത്തപ്പെടേണ്ടതുണ്ട്. അങ്കണവാടി സംരക്ഷണ സമിതികളോ മാതൃസമിതികളോ സജീവമല്ല. സാമൂഹ്യക്ഷേമ മേഖലയിലെ പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. ദാരിദ്ര്യനിർമ്മാർജന പരിപാടികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടു ന്നുള്ളു.
2. നിലനിൽക്കുന്ന പഴഞ്ചൻ രീതി കാരണം തികച്ചും അർഹതയുള്ളവർ പലരും അവഗണിക്കപ്പെടുന്നു.
3. അഴിമതി- പദ്ധതി നടപ്പാക്കുന്നതിന് മുൻപുള്ള പ്രാദേശിക പഠനം നടത്തുന്നില്ല.

## സാധ്യതകൾ

1. സമഗ്ര സാമ്പത്തിക സാമൂഹിക സർവ്വെയിലൂടെ ഐ.ആർ.ഡി.പി. ലിസ്റ്റ് പുതുക്കാം.
2. വനിതകൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പ്രത്യേക ക്ഷേമപദ്ധതികൾ നടപ്പിലാക്കാം.
3. ധനസഹായ പദ്ധതികളിൽ അർഹരായവരെ കണ്ടെത്തുന്നതിനും സഹായം വിതരണം ചെയ്യു ന്നതിനും ജനകീയ സംവിധാനം ഏർപ്പെടുത്താം.
4. അങ്കണവാടികളുടെ സംരക്ഷണത്തിന് ജനകീയ സംവിധാനം ഏർപ്പെടുത്താം.
5. ക്ഷേമ പദ്ധതികൾക്ക് ജനകീയ മോണിറ്ററിംഗ്.

## പാർപ്പിടം

പ്രാകൃതനിലയിൽനിന്നും നാഗരികതയിലേക്കുള്ള മനുഷ്യ പ്രയാണത്തിന്റെ മുഖ്യ ചിഹ്നങ്ങളിലൊന്ന് അവന്റെ പാർപ്പിട നിർമ്മാണ കൗശലമായിരുന്നു. മഴ, വെയിൽ എന്നീ പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും കാട്ടുമൃഗങ്ങളിൽ നിന്നും രക്ഷനേടുക എന്നതോടൊപ്പം സ്വകാര്യ സ്വത്തിന്റെ ആവിർഭാവത്തോടെ പണ സംര ക്ഷണം കൂടെ പാർപ്പിട നിർമ്മാണത്തിനടിസ്ഥാനമായ ആവശ്യമായി മാറി. വീടു നിർമ്മാണ രംഗത്ത് പഴയ സങ്കേതങ്ങൾ

## ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം.

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം സർവ്വെ പ്രകാരം | വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വിടുകൾ | പൂർത്തീകരിക്കാനുള്ള വീടുകൾ. | ഇനിയും അനുവദിക്കേണ്ടുന്ന. വീടുകൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 45 | 5 | | 5 | 44 |
| 2 | 33 | 5 | | 5 | 32 |
| 3 | 48 | 12 | | 12 | 44 |
| 4 | 117 | 24 | 23 | 1 | 93 |
| 5 | 49 | 17 | 10 | 7 | 32 |
| 6 | 107 | 6 | 5 | 1 | 101 |
| 7 | 52 | 2 | | 2 | 52 |
| 8 | 58 | 2 | 2 | | 56 |
| 9 | 106 | 26 | 7 | 19 | 80 |
| 10 | 46 | 16 | 11 | 5 | 40 |

മാറി പുത്തൻ സങ്കേതങ്ങളെ വ്യവസായ യുഗം പകരം വെച്ചു.

മണ്ണ്, ചാണകം, ഉമി എന്നിവ കൂട്ടിക്കലർത്തിയ ഉരുട്ടുകട്ട കൊണ്ടുള്ള ചുമരോടുകൂടിയ വീടുകളായി രുന്നു മുമ്പുണ്ടായിരുന്നത്. മേൽപുര ഓലകൊണ്ടു കെട്ടിയതും ചിലവയെല്ലാം പുല്ലോ പനയോലകൊണ്ടോ മേഞ്ഞതുമായിരുന്നു. വീടും മുറ്റവും നിൽക്കുന്ന സ്ഥലത്ത് മുൻകൂട്ടി മണ്ണു കുഴിച്ചെടുത്ത് കുഴിയിൽ വീടുണ്ടാക്കുന്ന രീതിയായിരുന്നു കുറെക്കാലം. ഉയർന്ന സാമൂഹിക സാമ്പത്തിക .സ്ഥിതിയിലുള്ള വരായിരുന്നു ഇത്തരം വീടുകൾ ഉപയോഗിച്ചിരുന്നത്. പുരകെട്ട് വീട്ടുകാരും അയൽക്കാരും ബന്ധുക്കളും ചേർന്ന് നടത്തുന്ന അടിയന്തരം കൂടിയായിരുന്നു. സവർണ്ണരുടെ പുര കെട്ടിയാൽ ബ്രാഹ്മണൻ വന്ന് കലശം തളിച്ച് ശുദ്ധി വരുത്തിയിരുന്നു. എന്നാൽ ഇന്ന് കൂലി കൊടുത്ത് കെട്ടിക്കുന്നു. കൂട്ടുകുടുംബങ്ങൾ മാറി അണു കുടുംബങ്ങൾ വന്നതോടെ വീടുകളുടെ എണ്ണം വർദ്ധിച്ചു. കുടിയാന്മാരോ, അടിയാളരോ ആയിക്കഴിഞ്ഞവരുടെ പഴയ ചാളകളുടെ സ്ഥാനത്ത് ഭൂപരിഷ്കരണാദി സാമൂഹിക മാറ്റങ്ങളുടെ ഫലമായി പുതിയ വീടുകൾ വന്നു. മരങ്ങളുടെ ദൗർലഭ്യം കോൺക്രീറ്റു വീടുകളുടെ ആവശ്യം മുന്നോട്ടു വെച്ചു. അതോടെ വീടു നിർമ്മാണം തികച്ചും അന്യപ്രദേശങ്ങളിൽ നിന്നെത്തിക്കുന്ന വസ്തുക്കളെക്കൊണ്ടായി. അവയുടെ വർദ്ധിക്കുന്ന വിലയനുസരിച്ച് ചെലവും കൂടി. വീടുവെക്കുക എന്നത് വിലയ ബാധ്യതവരുന്ന ഏർപ്പാടായി മാറി. ചുരുക്കം സമ്പന്ന രൊഴികെ ആധുനികതരം വീടുകൾ വെച്ചവർ കടത്തിലാണ്. വേറെ ചിലരാകട്ടെ ചെലവു യാതൊരു വിധത്തിലും താങ്ങാനവാതെ പഴയ അസൗകര്യങ്ങൾ നിറഞ്ഞ വീടുകളിൽ തന്നെ കഴിയുന്നു. ധാരാളം വീടുകൾ ഓലമേഞ്ഞതുതന്നെയാണ്,

| വാർഡ് | പണി പൂർത്തിയായ ആകെ വീടുകൾ | ഓട് മേഞ്ഞ വീടുകൾ | ഓല മേഞ്ഞത് | കോൺക്രീറ്റ് വീടുകൾ | കുടിലുകൾ | പൂർത്തീകരിക്കാത്ത വീടുകൾ | ജീർണ്ണിച്ച വീടുകൾ കോളം 3ലും 4ലും 6ലും പെടുന്നത് |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 355 | 178 | 102 | 75 | 40 | ലഭ്യമല്ല | ലഭ്യമല്ല |
| 2 | 495 | 250 | 135 | 110 | 40 | ലഭ്യമല്ല | ലഭ്യമല്ല |
| 3 | 438 | 238 | 107 | 93 | 28 | ലഭ്യമല്ല | ലഭ്യമല്ല |
| 4 | 739 | 416 | 207 | 116 | 76 | | |
| 5 | 461 | 241 | 106 | 114 | 35 | | |
| 6 | 428 | 169 | 202 | 57 | 34 | | |
| 7 | 304 | 145 | 125 | 34 | 19 | | |
| 8 | 290 | 127 | 87 | 76 | 47 | | |
| 9 | 425 | 209 | 144 | 72 | 69 | | |
| 10 | 385 | 137 | 230 | 18 | 30 | | |
| ആകെ | 4320 | 2110 | 1445 | 765 | 418 | | |

അവലംബം— വാർഡുതല വിവര ശേഖരണം

ചിലവ കുടിലുകളും. വീട്ടുതരങ്ങളുടെ വിവരണം പട്ടികയിൽ പറഞ്ഞിട്ടുണ്ട്. വിവിധ പരിപാടികൾ പ്രകാരം നടപ്പു പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്തു മുഖേന 35 ഉം ബ്ലോക്കു മുഖേന 115ഉം വീടുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 57 വീടുകൾ ഇപ്പോഴും പൂർത്തികരിച്ചിട്ടില്ല. വീടുവെക്കാൻ അനുവദിക്കുന്ന തുക അപര്യാപ്തമാണ്. കാലഹരണ പ്പെട്ട ചെലവു നിർണ്ണയ രീതിയാണുള്ളത്. പ്രാദേശിക വിഭവങ്ങളെ അവഗണിച്ചുകൊണ്ടുള്ള നിർമ്മാണ രീതിയാണ് നിലവിലുള്ളത്. വലിയ വീടുകൾ സാമൂഹ്യ പദവി ഉയർത്തുമെന്ന ധാരണ മാറണം.

## സാദ്ധ്യതകൾ

1. ഭവന നിർമ്മാണ വായ്പകളുടെ വിതരണ സംവിധാനം ലളിതമാക്കുകയും ചെലവു നിർണ്ണയ രീതി കാലോചിതമാക്കുകയും ചെയ്യുക.

2. പൂർണ്ണമായും സാമൂഹിക സഹായത്തോടെ വീടു വേണ്ടവർ, ഭാഗിക സഹായം ആവശ്യമുള്ളവർ, വായ്പ മാത്രം വേണ്ടവർ എന്നിവരുടെ പട്ടിക തയ്യാറാക്കി അവരെ സഹായിക്കാൻ സംവിധാനമുണ്ടാക്കുക.

3. ചെലവു കുറഞ്ഞതരം വീടു വെക്കുന്നത് പ്രോത്സാഹിപ്പിക്കുക. അത്തരം വീടുകളെ നികുതിയിൽ നിന്ന് ഒഴിവാക്കുക.

4. പ്രാദേശിക വിഭവങ്ങളും പ്രാദേശിക സാങ്കേതിക വിദ്യയും കൂടുതലായി ഉൾപ്പെടുത്തി ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

5. പാർപ്പിട നിർമ്മാണത്തിൻെറ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ജോലിക്കാരെയും വിദഗ്ധരെയും ഉൾപ്പെടുത്തി പഞ്ചായത്തിൽ ഒരു സംഘം രൂപീകരിക്കുകയും കെട്ടിടനിർമ്മാണ പ്രവർത്തികളിലെല്ലാം സംഘത്തിൻെറ നിർവ്വഹണം ഉറപ്പുവരുത്തുകയും ചെയ്യുക.

# 12 ഗതാഗതം, ഊർജം

കൃഷി, വ്യവസായം തുടങ്ങി വ്യത്യസ്ഥ വികസന മേഖലകളുടെ പശ്ചാത്തല ശക്തിയായി ഗതാഗത മേഖല പ്രവർത്തിക്കുന്നു. ഭരണപരമായ അധിനിവേശങ്ങളുടെ കാലങ്ങളിൽ ജനങ്ങളുടെ ചെറുത്തുനില്പ് ശക്തിയെ അടിച്ചമർത്താൻ പട്ടാള ശക്തിയെ അയക്കാൻ വ്യവസായ വിപ്ലവത്തിൻെറ കാലങ്ങളിൽ ആസംസ്കൃത പദാർത്ഥങ്ങൾ വ്യവസായശാലകളിലേക്കെത്തിക്കാനും തിരിച്ച് ഉൽപ്പന്നങ്ങൾ കൊണ്ടുപോകാനും ഉപയോഗിച്ചിരുന്ന ഗതാഗത സംവിധാനങ്ങൾ ഇന്ന് മനുഷ്യൻെറ അവശ്യ ജീവിതോപാധിയായി മാറിയിട്ടുണ്ട്.

റോഡുകളുടെ ഒരു ശൃംഖലതന്നെ നൊച്ചാട് പഞ്ചായത്തിലുണ്ട്. ഈ നൂറ്റാണ്ടിന് മുമ്പ് തന്നെ മെച്ചപ്പെട്ട രീതിയിൽ വെട്ടിയ റോഡ് അൽപ്പം ഒരു സ്ഥാനം മാറ്റിയാണ് ഇന്നത്തെ ഉള്ള്യേരി പേരാമ്പ്ര റോഡിൻെറ പഞ്ചായത്തിലൂടെയുള്ള ഭാഗങ്ങൾ രൂപപ്പെട്ടിരിക്കുന്നത്. പയ്യോളി പേരാമ്പ്ര റോഡും പഴക്കമേറെയുള്ളതാണ്. രണ്ടും സംസ്ഥാന പൊതുമരാമത്ത് വകുപ്പിൻെറ ഉടമസ്ഥതയിലാണ്. ഗ്രാമീണ റോഡുകളിൽ ഏറ്റവും പഴക്കമുള്ളത് വെള്ളിയൂർ കൽപ്പത്തൂർ റോഡാണ്. ഈ റോഡിൻെറ ചരിത്രം 1954 വരെ ചെന്നെത്തും! വെള്ളിയൂര് നിന്ന് പുളിയോട്ടുമുക്കുവഴി കാപ്പുമ്മൽവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. നാടുവാഴിത്തകാലത്ത് കിഴക്കേടത്ത് കോവിലകത്ത് നിന്ന് അവിഞ്ഞാട്ട് ഗോശാലയിലേക്കും നേരെ തിരിച്ചും പോയിവരാൻ ഉപയോഗിച്ചിരുന്ന റോഡാണ് പിൽക്കാലത്ത് എം.എൽ.എ. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട ചാലിക്കര-ആവറാട്ടുമുക്ക് റോഡ്.

150 കിലോമീറ്ററിലേറെ ദൈർഘ്യമുണ്ട് പഞ്ചായത്തിലെ റോഡുകൾക്കെല്ലാംകൂടി! പഞ്ചായത്തിലാകെയുള്ള റോഡിൻെറ വിസ്തീർണ്ണം 225 ഏക്കറോളം വരും!! പി.ഡബ്ല്യു.ഡി. റോഡിൽപ്പെട്ട 14.6 കി.മീറ്ററിന് പുറമെ പഞ്ചായത്ത് റോഡിൽ 6.17 കിലോമീറ്ററും ടാർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷംകൊണ്ട് 867997 രൂപ റോഡു കാര്യത്തിൽ മാത്രമായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പുതുതായി റോഡ് വെട്ടുന്നതിലല്ലാതെ വെട്ടിയ റോഡ് സംരക്ഷിക്കുന്നതിൽ നാം യാതൊരു വാശിയും കാണിക്കാറില്ല. വർഷം തോറും 5000 രൂപ വീതം അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്ത് നീക്കിവെക്കുന്നു. ഇതിൻെറ പേരിൽ റോഡിലെ കുഴികളെല്ലാം മണ്ണിട്ട് നികത്തുകയും, അടുത്ത മഴയ്ക്ക് മണ്ണെല്ലാം ഒലിച്ച് പോവുകയും കുറെക്കൂടി വലിയ കുഴികൾ രൂപപ്പെടുകയുമാണ് ചെയ്യുന്നത്. വെള്ളം ഒലിച്ചുപോകാൻ ആവശ്യമായ ഓടകൾ നിർമ്മിക്കുന്നതിൽ നാം വിമുഖരാണ്.

ഈ നൂറ്റാണ്ടിൻെറ തുടക്കത്തിൽ കാളവണ്ടികളും അപൂർവ്വമായി കുതിരവണ്ടികളുമായിരുന്നു നമ്മുടെ ഗതാഗത ഉപാധികൾ. എന്നാൽ ഒന്നുരണ്ട് ദശകങ്ങൾ കഴിയുമ്പോഴേക്ക് തുറന്ന ബസ്സ് വന്നു. കുറെക്കഴിഞ്ഞ് കരികത്തിച്ചോടിക്കുന്ന ബസ്സുകളാണുണ്ടായിരുന്നത്. 1965ൽ ആറ് ബസ്സുകളായിരുന്നു ഇവിടെ സർവ്വീസ് നടത്താനുണ്ടായിരുന്നത്. ഇന്ന് നൂറിലേറെ ബസ്സുകൾ പഞ്ചായത്തിലെ റോഡുകളിലൂടെ സർവ്വീസ് നടത്തുന്നു. ബസ്സുടമകൾ തന്നെ പഞ്ചായത്തിലുണ്ട്. ജീപ്പ്, കാറ്, തുടങ്ങി വാഹനങ്ങളുടെ ഒരു നിരതന്നെ റോഡുകളിൽ എല്ലായ്പ്പോഴും കാണുന്ന സ്ഥിതിയുണ്ട്.

പ്രധാന റോഡിൽനിന്ന് ഏറെ അകന്ന് ഒറ്റപ്പെട്ടു നിൽക്കുന്ന പ്രദേശങ്ങളിൽ റോഡിൻെറ ആവശ്യം വരുന്നത് സ്വാഭാവികവും ന്യായവുമാണ്. എന്നാൽ മദ്ധ്യവർഗ്ഗ ആഡംബര ബോധത്തിൻെറ ഫലമായും, റോഡു വന്നാൽ ഭൂമിക്ക് വിലകൂടും എന്നതിൻെറയും അടിസ്ഥാനത്തിൽ പുതിയ റോഡുകൾക്കുവേണ്ടി ഏറെ ആവശ്യങ്ങളുയർന്നുവന്നിട്ടുണ്ട്.

തട്ടാരത്ത് മുക്ക്, രാമല്ലൂർ എ.കെ.ജി. സെൻറർ, വായനശാലപ്പള്ളിമുതൽ-രാമല്ലൂർ സബ്സെൻറർവരെ, ഏരമ്പുറത്ത് കോളനി- മായൻകോട്ട് പാറ രാമല്ലൂർ, മമ്മിളിക്കുളം- ആക്കുപ്പറമ്പ് തട്ടാങ്കണ്ടി, കായൽ മുക്ക്-വാല്ലൂർ തുടങ്ങി നിരവധി റോഡുകൾക്കുവേണ്ടി യുള്ള ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. 50 ലേറെ നടപ്പാതകൾക്കുവേണ്ടിയും. പഞ്ചായത്തിലെ ഗതാഗത പ്രശ്നങ്ങളെ റോഡുകൾ നീളത്തിൽ കൂടു തലുണ്ടെങ്കിലും സൗകര്യപ്രദമല്ല. ഭൂരിഭാഗം റോഡു കൾക്കും ഓടകളില്ല. റോഡുകൾക്ക് പൊതുവെ വീതി കുറവാണ്. റോഡിൽ മണ്ണെടുത്തു പോയി കുഴികൾ വീഴുന്നു. ചുരുക്കം സ്ഥലങ്ങളിലെങ്കിലും പുതിയ റോഡുകൾ ആവശ്യമാണ്.

## പരിഹാര സാദ്ധ്യതകൾ

- പുതിയ റോഡുകൾ ഉണ്ടാക്കുക എന്നതിനേക്കാ ളേറെ ഉള്ള റോഡുകൾ സംരക്ഷിക്കുക എന്നതിന് പ്രാധാന്യം നൽകുക.

- റോഡ് സംരക്ഷണത്തിനായി ജനകീയ സമി തികൾ രൂപീകരിക്കുക.

- റോഡുകൾക്ക് ആവശ്യമായ ഓടകൾ നിർമ്മി ക്കുക.

- നീർക്കെട്ട് ഒഴിവാക്കാൻ ഓവ് പാലങ്ങൾ നിർ മ്മിക്കുക.

- മുളിയങ്ങൽ കൈതക്കൊല്ലി റോഡ് 97 മാർച്ചിനു ള്ളിൽ റീ ടാറീംഗ് നടത്തുക.

- പേരാമ്പ്ര-ചേനോളി-നൊച്ചാട് റോഡിന് ജില്ലാ പഞ്ചായത്ത് ഇപ്പോഴനുവദിച്ചിട്ടുള്ള 2 ലക്ഷം രൂപയ്ക്ക് പുറമെ നേരത്തെ അംഗീകരിച്ചിട്ടുള്ള 16 ലക്ഷം രൂപയു ടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പദ്ധതി കൂടി നടപ്പിൽ വരുത്തുക.

- കൽപ്പത്തൂർ-വെള്ളിയൂർ-കാപ്പുമ്മൽ റോഡിന് നേരത്തെ അംഗീകരിച്ചിട്ടുള്ള 76 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി റിപ്പയർ ചെയ്യുക.

- അഞ്ചാം പീടിക ടൗണിൽ 1,10.000 രൂപയ്ക്ക് ടെണ്ടർ ചെയ്ത ഫുട്പാത്ത് നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലാക്കുക.

## ഊർജം

കൃഷി, വ്യവസായം, ഗാർഹിക പ്രവർത്തനങ്ങൾ എന്നിവക്കെല്ലാമാവശ്യമായ പശ്ചാത്തല സൗകര്യമാണ് ഊർജം. വിറക്, എണ്ണ, വാതകം, വൈദ്യുതി എന്നി ങ്ങനെ വിവിധ രൂപങ്ങളിൽ നാം ഊർജം ഉപയോഗി ക്കുന്നുണ്ട്. ഊർജം എന്നു കേൾക്കുമ്പോൾ പ്രഥമ പരിഗണനയാർജിച്ചു നമ്മുടെ മനസ്സിലെത്തുക അനേ കം ഊർജ രൂപങ്ങളിലൊന്നായ വൈദ്യുതിയാണ്. വാല്ലൂ രിലെ ശിവാനന്ദ ആയുർവേദ മരുന്നുല്പാദന കേന്ദ്ര മൊഴികെ കാര്യമായി വൈദ്യുതിയുപയോഗിക്കുന്ന വ്യവസായശാലകളൊന്നും നമ്മുടെ പഞ്ചായത്തിലില്ല. കാർഷികാവശ്യങ്ങൾക്കു വൈദ്യുതിയുപയോഗിക്കുന്ന വരുടെ എണ്ണം തുലോം കുറവാണ്. വീട്, കട, തെരുവ് എന്നിവിടങ്ങളിൽ വിളക്കുകൾ കത്തിക്കാനാ ണ് പ്രധാനമായും വൈദ്യുതിയുപയോഗിക്കുന്നത്. പഞ്ചായത്തിലെ 1439 വീടുകളാണ് ഇതിനകം വൈദ്യു തീകരിച്ചത്-കടകൾ മുക്കാലും വൈദ്യുതീകരിച്ച വതന്നെ. -500 ഓളം വീട്ടുകാർ വയറിംഗ് കഴിഞ്ഞു കണക്ഷനപേക്ഷിച്ചു കാത്തിരിപ്പുണ്ട്.

തെരുവു വിളക്കുകളായി 76 അറുപതു വോൾട്ടു ബൾബുകളും 10 എൺപതു വോൾട്ടു ബൾബുകളും 15 സോഡിയം വേപ്പർ ലാമ്പുകളും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 10 ട്രാൻസ്ഫോമറുകളാണ് മൊത്തം പഞ്ചായത്ത് പ്രദേശത്തുള്ളത്. അവയാകട്ടെ അമിത ഭാരം കാരണം ശേഷിയറ്റുപോവുകയുമാണ്. എടത്തും ഭാഗം, മാണിക്കോത്ത് താഴ, ചമ്പോളിത്താഴ തുടങ്ങിയ സ്ഥലങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ വന്നിരുന്നു.

രാമയ്യൂർ, മുളമ്പാറ, തട്ടാൻകണ്ടി കോളനി പ്രദേശം, പറയൻകണ്ടി കണിച്ചാലിൽ, പൊമ്പ്ര, ചേർമല, പൊറേരിഭാഗം, പനമ്പ്ര ലക്ഷംവീടു കോളനി, ചാലിൽ പാറ, തുടങ്ങിയ സ്ഥലങ്ങളിൽ വൈദ്യുതീകരണം നട ക്കണമെന്നും, മരുതേരി മണക്കാട്ടുതാഴം ലൈൻ പൂർത്തീകരിക്കണമെന്നും പുറ്റാട്ടു പ്രദേശത്തെ വൈദ്യു തീകരണം പൂർത്തിയാക്കണമെന്നും ആവശ്യം ഉയർന്നുവരുന്നുണ്ട്. നടുക്കണ്ടിപാറ, കോമത്ത് കുന്നു മ്മൽ, വയപ്പുറത്തുതാഴ വെണ്ടപ്പുറത്ത്, കൈതക്കുള ങ്ങര, വടക്കമ്പത്തതാഴ, ഭാഗങ്ങളിലും നൊച്ചാടു ചേനോളി റോഡിലെ പുതുക്കുടി മുതൽ ചേനോളി

പാലം വരെയും വെള്ളൂർ കല്ലത്തൂർ റോഡിൽ തച്ചർ കണ്ടി മുതൽ വടക്കെച്ചാലിൽ വരെയും പന്ന്യാംകോട, എളയടത്ത ഭാഗങ്ങളിലും വൈദ്യുതീകരണം നടക്കേണ്ടതുതന്നെ. മമ്മിളിക്കുളം മുതൽ അഞ്ചാം പീടിക വരെയും മറ്റു പഞ്ചായത്ത് റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.

മുകളിൽ പട്ടികപ്പെടുത്തിയ പ്രദേശങ്ങൾ വൈദ്യുതീകരണത്തിൽ നിന്നൊഴിവാക്കിക്കൂടാത്തതുതന്നെ. എന്നാൽ ഇന്നു വൈദ്യുതീകരിച്ച വീടുകൾ, സ്ഥാപനങ്ങൾ എന്നിവയിലും പുതുതായി കണക്ഷൻ കൊടുക്കുന്നിടങ്ങളിലും വൈദ്യുതി കൊടുക്കാൻ ഇന്നുള്ള ഉല്പാദനത്തിൻെറ ഇരട്ടിയിലേറെ വേണ്ടിവന്നേക്കാം. തുടങ്ങിവെച്ച പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും, പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്യുക മാത്രമേ കരണീയമായിട്ടുള്ളു. എന്നാലും നമ്മുടെ വർധിച്ചുവരുന്ന ഊർജാവശ്യങ്ങളെ നിറവേറ്റാൻ പൂർണമായി കഴിഞ്ഞെന്നുവരില്ല. കർക്കിടകത്തിൽ പോലും പവർ കട്ടനുഭവിക്കുന്ന ഈ വേളയിലെങ്കിലും പാരമ്പര്യേതര ഊർജ സ്രോതസ്സുകളെക്കുറിച്ചു നമ്മൾ അന്വേഷിക്കേ ണ്ടിയിരിക്കുന്നു.

'ANERT' പാരമ്പര്യേതര ഊർജ ഉറവിടങ്ങൾ കണ്ടെത്തി ഉപയുക്തമാക്കാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തുപോലുള്ള പ്രദേശങ്ങളിലെ ഊർജാവശ്യങ്ങളിൽ ഇടപെടാൻ ANERT നെ ഇന്നു നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല. ഈ ചട്ടങ്ങളിൽ മാറ്റം വരേണ്ടതുണ്ട്. തെരുവു വിളക്കുകളടക്കം കുറെ വിളക്കുകളെങ്കിലും സൗരോർജം നേരിട്ടുപയോഗിച്ചു കൊണ്ടുള്ളതാകണം. വേറൊന്നു വൈദ്യുതിയുടെ വർധിച്ച ഉപയോഗം ഫ്രിഡ്ജ്, ടി.വി. തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നതിനാണ്. വൈദ്യുതിയുടെ രംഗത്തും നാം പൊതുവെ കാണിക്കുന്ന ധൂർത്ത് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. വൈദ്യുതാലങ്കാരങ്ങൾ, വീട്ടിലെ സകല കോണുകളിലും ബൾബുവെച്ചു പ്രകാശിപ്പിക്കുക, ആരും ഉപയോഗപ്പെടുത്താനില്ലെങ്കിലും മുറികളിലും മറ്റും ഫാനും, ബൾബും പ്രവർത്തിപ്പിച്ചിടുക, പകൽ സമയത്തും തെരുവുവിളക്കു കത്തുക, എന്നിങ്ങനെ ധൂർത്തിൻെറ പട്ടിക നീളുന്നുണ്ട്. ഉയർന്ന പൗരബോധത്തിൻെറ പിൻബലത്തോടെ ജനകീയ നിയന്ത്രണം ഇക്കാര്യത്തിൽ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയത്രയും ഉപഭോഗം മെച്ചപ്പെടുന്നില്ല. പ്രസാരണത്തിനിടെ നഷ്ടപ്പെട്ടുപോകുന്ന ഊർജം മൂന്നോ നാലോ പദ്ധതികളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്നത്രയും വരും. വൈദ്യുത ലൈനുകൾ കേബിൾ ചെയ്യാൻ ഒന്നോ രണ്ടോ പദ്ധതികളുടെ നിർവഹണച്ചെലവുതന്നെ വേണ്ടിവന്നാലും അത് പാഴ്ച്ചെലവായിത്തീരില്ല എന്നുറപ്പാണ്. ബയോ ഗ്യാസിൻെറ ഉപയോഗവും പ്രചരിപ്പിക്കപ്പെടേണ്ടതാണ്.

വിറകിൻെറ ക്ഷാമം വല്ലാതെ വലയ്ക്കുന്നത് വീട്ടമ്മമാരെയാണ്. വീടുകളുടെയും കുടുംബങ്ങളുടെയും എണ്ണം വർദ്ധിച്ചപ്പോഴും വൃക്ഷങ്ങളുൾപ്പെടെയുള്ള സസ്യസമ്പത്തിൽ വർധനവുണ്ടായില്ലെന്നു മാത്രമല്ല കുറഞ്ഞുപോകുകയാണുണ്ടായത്. ഗ്യാസു കണക്ഷനപേക്ഷിച്ചവർക്ക് പലർക്കും രണ്ടായിരമാണ്ടു കഴിഞ്ഞാലും കിട്ടാനിടയില്ല എന്നുള്ളത് നമ്മുടെ വർദ്ധിച്ചുവരുന്ന ഊർജാവശ്യത്തെയാണ് കാണിക്കുന്നത്. ഊർജം പുതുതായി ഉല്പാദിപ്പിക്കുന്നതിനേക്കാൾ ലാഭകരം നിലവിലുള്ള ഊർജ സാധ്യതകളുടെ ശരിയായ മാനേജ്മെൻറാണ് എന്നു കാണാം.

ഇന്നുള്ള വിറകുപയോഗം മൂന്നിൽ ഒന്നായി കുറക്കാൻ കഴിയുമെന്നുമാത്രമല്ല അടുക്കളയിലെ വേഗത അടുക്കള ജോലിക്കാരുടെ സവിശേഷ ആരോഗ്യ പ്രശ്നങ്ങളിൽ കുറച്ചൊക്കെ പരിഹാരം എന്നീ മേന്മകൾ കൈവരിക്കാനും കഴിയും. ദക്ഷത കൂടിയ പരിഷത്തടുപ്പുകൾ ഉപയോഗിക്കുന്നതിലൂടെ ANERT ൻെറ പ്രവർത്തന പരിധി വർദ്ധിപ്പിക്കുകയും പരിഷത്തടുപ്പുകൾ സ്ഥാപിക്കുന്നതിൽ കൂടുതൽ പേർക്കു പരിശീലനം കൊടുക്കുകയും വേണം.

ഊർജരംഗത്തെ പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. കണക്ഷൻ കിട്ടിയവർക്കു മതിയായ വൈദ്യുതി ലഭിക്കുന്നില്ല.

2. പുതിയ കണക്ഷന് ഒരുപാടു കാലം കാത്തിരിക്കേണ്ടിവരുന്നു.

3. വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഇന്നുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.

4. വിറകിൻെറ ദൗർലഭ്യം.

പരിഹാര സാധ്യതകൾ

1. തുടങ്ങിവെച്ച എല്ലാ വൈദ്യുത പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും നടപ്പിലുള്ള പദ്ധതികളുടെ ശേഷിയുയർത്തുകയും ചെയ്യുക.

2. പ്രസാരണ നഷ്ടം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക.

3. ഊർജോല്പാദനം, വിനിയോഗം, നിയന്ത്രണം എന്നീ കാര്യങ്ങളിൽ ജനകീയ മോണിറ്ററിംഗ് ഏർപ്പെടുത്തുക.

4. പാരമ്പര്യേതര ഊർജ ഉറവിടങ്ങളെ ഉപയോഗിക്കുക.

5. ബയോഗ്യാസു പ്ലാൻറുകൾ സ്ഥാപിക്കാനാവശ്യമായ സഹായങ്ങൾ ചെയ്യുക.

6. തെരുവുവിളക്കുകൾ, ടി.വി. ഫ്രിഡ്ജ് എന്നിവക്കെങ്കിലും സൗരവൈദ്യുതി ഉപയോഗിക്കുക.

7. പരിഷത്തടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

8. തെരുവുവിളക്കുകൾ എല്ലാ റോഡുകളിലും സ്ഥാപിക്കുക.

9. പ്രഷർ കുക്കർ, കച്ചിപ്പെട്ടി എന്നിവ വ്യാപകമായി ഉപയോഗിക്കുക.

# 13

## സഹകരണം

കടബാദ്ധ്യതകളിൽ നിന്നും ജനങ്ങളെ രക്ഷിക്കുക എന്ന ഉദ്ദേശത്തോടെ സാമ്പത്തിക ശേഷിയുള്ള കൽപത്തൂർ ഭാഗത്തെ കുറെപ്പേർ ചേർന്നുകൊണ്ട് 1924ൽ ആരംഭിച്ച ഐക്യനാണയസംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം. രൂപീകരണലക്ഷ്യം ക്രമേണ മറന്നുപോകുന്ന ഒരു സാഹചര്യം ഉടലെടുത്ത ഘട്ടത്തിൽ ഉൽപത്തിഷ്ണുക്കളും പുരോഗമന വാദികളുമായ വി.ഒ.കെ. നായർ, കെ.ടി. കണാരൻ തുടങ്ങിയവർ മുൻകൈ എടുത്തു 1958 ൽ സ്ഥാപനത്തെ കർഷകരുടെ ഹസ്തങ്ങളിലേക്ക് കൊണ്ടുവരികയായിരുന്നു. ആദ്യം ഐക്യനാണയസംഘമായിരുന്നതിനെ 1961ൽ സർവീസ് സഹകരണ സംഘമായി റജിസ്ററർ ചെയ്തു 5.2.1962ൽ പ്രവർത്തനമാരംഭിച്ചു.പിന്നീട് 1973ൽ സർവീസ് സഹകരണ ബാങ്കായി ഉയർത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ നൊച്ചാട് പഞ്ചായത്തിലെ ഒന്നു മുതൽ 3 വരെ വാർഡുകളായിരുന്നു പ്രവർത്തനപരിധി. 1983ൽ പ്രവർത്തനപരിധി പഞ്ചായത്തുപ്രദേശം മുഴുവനായും വ്യാപിപ്പിച്ചു വെങ്കിലും പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം ഇന്നും ഒന്നു മുതൽ 3 വരെ വാർഡുകളിലുള്ളവർ തന്നെയാണ് ബാങ്കുമായി ബന്ധപ്പെടുന്നവരിൽ ഭൂരിപക്ഷവും.

1947ൽ മദ്യനിരോധനം നിലവിൽ വന്നതോടെ ചക്കരചെത്തു നിരോധിച്ചു. ചക്കരചെത്തു അനുവദിക്കുന്നതിനായി ചെത്തുതൊഴലാളികളുടെ സംഘടന രൂപീകരിക്കുകയും പ്രക്ഷോഭണം ആരംഭിക്കുകയും ചെയ്തു. ചെത്തു തൊഴിലാളികളുടെ സമരത്തെത്തുടർന്നു ഊരാളുകല്ലും തുറയൂരും ചക്കരക്ക് ചെത്തുവാൻ സൊസൈററികളെ അനുവദിച്ചു. ഇതിൻെറ ചുവടുപിടിച്ചാണ് കൽപത്തൂർ ആസ്ഥാനമായി 1940 കളുടെ അവസാനത്തിൽ മദ്രാസ് കോ- ഓപ്പറേററീവ് ആക്ട് പ്രകാരം സൊസൈറ്റി രജിസ്റ്റർ ചെയ്തത്. ഓഹരി ഒന്നിന് 5 രൂപയാണ് നിശ്ചയിച്ചിരുന്നത്. 180 ഓളം അംഗങ്ങളായിരുന്നു സൊസൈറ്റിയിൽ ഉണ്ടായിരുന്നത്. സൊസൈറ്റിയുടെ കീഴിൽ 1962 വരെ ഒരു റേഷൻഷാപ്പും പ്രവർത്തിച്ചിരുന്നു. റേഷൻ കട നടത്തുന്നത് നഷ്ടമായതിനാൽ പ്രസ്തുത ഷാപ്പ് കൽപത്തൂർ സർവീസ് സ്ഹകരണ ബാങ്കിന് വിട്ടുകൊടുക്കുകയാണുണ്ടായത്. ഏകദേശം 10 വർഷം നന്നായി പ്രവർത്തിച്ചു എങ്കിലും പിന്നീട് നഷ്ടത്തിലേക്ക് മുതലക്കൂപ്പ് നടത്തുകയാണുണ്ടായത്. സൊസൈറ്റിയുടെ കരുതൽ ധനമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോഴിക്കോട് ശാഖയിലും മേപ്പയൂർ അർബ്ബൻ ബാങ്കിലുമായി 20,000 ത്തിലധികം രൂപ ബാക്കി നിൽക്കുന്നു. സൊസൈറ്റിയുടെ ഒറിജിനൽ നിയമാവലി നഷ്ടപ്പെട്ടുപോയതിനാലാണ് ഈ തുക തിരിച്ചെടുക്കാൻ കഴിയാതിരുന്നത്. സംഖ്യ മറ്റേതെങ്കിലും രൂപത്തിൽ മാറ്റണമെങ്കിലും ഒറിജിനൽ നിയമാവലി അനിവാര്യമാണ്.

കൽപ്പത്തുരിൻെറ മാതൃകയിൽ കൈതക്കൽ ആസ്ഥാനമായി ചേനോളി ചക്കര നിർമ്മാണ സഹകരണസംഘം എന്ന പേരിൽ 1955ൽ സംഘം റജിസ്റ്റർ ചെയ്യപ്പെടുകയും 1967 ഒക്ടോബർ മാസം വരെ പ്രവർത്തനം നടത്തുകയും ചെയ്തിട്ടുണ്ട്. കൽപത്തൂർ ചക്കര സൊസൈറ്റിയെപ്പോലെതന്നെ ഈ സൊസൈറ്റിയും ആദ്യവർഷങ്ങളിൽ ലാഭകരമായി പ്രവർത്തിച്ചുവെങ്കിലും പിന്നീട് നഷ്ടത്തിൽ കലാശിക്കുകയാണുണ്ടായത്. ഈ സംഘത്തിൻെറ പേരിലും പേരാമ്പ്ര റീജനൽ കോ ഓപ്പറേറ്റീവ് ബേങ്കിൽ 5000 ത്തിലധികം രൂപയുടെ നിക്ഷേപമുണ്ട്.

പേരാമ്പ്ര റീജനൽ കോ ഓപ്പറേറ്റീവ് ബാങ്കിൻെറ പ്രവർത്തനപരിധിയിൽ പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകളൊഴികെയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സഹകരണ ബാങ്കിൽ പേരാമ്പ്ര റീജനൽ കോ ഓപ്പറേറ്റീവ് ബേങ്ക്, കൊയിലാണ്ടി താലൂക്ക്

അഗ്രിക്കൾച്ചറൽ ഡവലപ്പ്മെൻറ് ബേങ്ക് എന്നിവ മുഖേന യാണ് വായ്പകൾ ലഭ്യമാക്കുന്നത്. കൽപ്പത്തൂർ സർവീസ് സഹകരണ ബാങ്ക് വഴി ഇപ്പോൾ കാർഷിക വായ്പകൾ ലഭ്യമാകുന്നില്ല. ജില്ലാ സഹകരണ ബാങ്കിന് നൽകാനുള്ള ഭീമമായ കുടിശ്ശിക കാരണം ബേങ്കിന് പണം അനുവദിച്ചുകിട്ടാത്ത തിനാലാണ് കാർഷിക വായ്പകൾ വിതരണം ചെയ്യാൻ കഴിയാത്തത് ആകെ യുള്ള നാല് ജീവനക്കാരിൽ ഒരാൾക്കുമാത്രമേ സഹകരണ നിയമപ്രകാരമുള്ള ഉന്നത വിദ്യാഭ്യാസ യോഗ്യ തയുള്ളൂ.

സഹകരണ ബാങ്ക് കൂടാതെ നമ്മുടെ പഞ്ചായത്തിലെ ഏക വാണിജ്യ ബാങ്കാണ് ചാലിക്കരയിലുള്ള സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ശാഖ. കാർഷിക ലോണിന് പുറമെ ഐ.ആർ.ഡി.പി. ലോൺ, കൃഷി ഭവൻ മുഖേനയുള്ള മറ്റ് ലോണുകൾ, ഗോൾഡ് ലോൺ എന്നിവ വിതരണം ചെയ്യുന്ന നമ്മുടെ പഞ്ചായത്തിലെ മുഖ്യ സ്ഥാപനമാണിത്. സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിൻെറ സൗകര്യം പ്രയോജനപ്പെടുത്തി ചെറുകിട വ്യവസായിക കാർഷിക മേഖലകളിൽ മുന്നേറ്റം നടത്തുന്നതിന് സാധിക്കണം.

സഹകരണനിയമപ്രകാരം വർഷാവർഷം വിളിച്ചു ചേർക്കേണ്ട ബേങ്ക് മെമ്പർമാരുടെ പൊതുയോഗം കൽപത്തൂർ സർവീസ് സഹകരണ ബാങ്കിൽ ചേർന്നത് 1987 ഫെബ്രുവരി ആണ്. 2352 അംഗങ്ങളാണ് ഉള്ളത്. പ്രതിമാസം 14500 രൂപയോളമാണ് എസ്റ്റാബ്ളിഷ്മെൻറ് ചെലവ് നൽകിയ വായ്പകളിൽ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ സംബന്ധിച്ച കണക്കുകൾ താഴെ കൊടുക്കുന്നു.

കാർഷിക കടം 175000

ഗോൾഡ് ലോൺ 395000

കാർഷികേതര കടം 57800

ഓണച്ചന്ത നടത്തൽ, വളം വിൽപന, കൊപ്ര, കശു വണ്ടി വാങ്ങൽ, ചിറ്റിഫണ്ട് നടത്തൽ എന്നിവയാണ് നടത്തുന്ന ഇതര പ്രവർത്തനങ്ങൾ.

പേരാമ്പ്ര റീജനൽ കോ ഓപ്പറേറ്റീവ് ബാങ്കിൽ നൊച്ചാട് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന അംഗങ്ങൾ 1475 പേർ ആണ്. കൊയിലാണ്ടി താലൂക്ക് കാർഷിക വികസന ബേങ്കിൽ നമ്മുടെ പഞ്ചായത്ത് പ്രദേശത്തുനിന്നും അംഗങ്ങൾ ആയവർ എത്രയാണെന്നതിനെ സംബന്ധിച്ച് കണക്കുകൾ ലഭ്യമായില്ല.

ക്ഷീര സഹകരണസംഘം വെള്ളിയൂർ ആസ്ഥാനമായി പഞ്ചായത്തിലെ 8, 9 വാർഡുകൾ പ്രവർത്തന പരിധിയാക്കിക്കൊണ്ട് 1991ൽ ആണ് ഈ സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്. 23 11 91ന് പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ102 അംഗങ്ങൾ ആണ് ഉള്ളത്. 1995 96 വർഷത്തിൽ 7391 ലിറ്റർ പാൽ ശേഖരിച്ചതിൽ 6090 ലിറ്റർ പാൽ പുറത്തേക്ക് അയക്കുകയാണ് ഉണ്ടായത്. ഉൽപാദകരുടെ സൗകര്യവും പാലിൻെറ ലഭ്യതയും കണക്കിലെടുത്ത് ഇപ്പോൾ ഓഫീസ് പ്രവർത്തിക്കുന്നത് ചാലിക്കര ക്കടുത്താണ്.

പാൽ കൊടുത്താൽ കാശുകിട്ടുന്നതിൻെറ കാലതാമസം വിലക്കുറവ് എന്നിവമൂലം വലിയൊരു വിഭാഗം ആളുകൾ സംഘത്തിൽ പാൽ കൊടുക്കുവാൻ തയ്യാറാവാത്ത സ്ഥിതിയുണ്ട്. കന്നുകാലികളെ വാങ്ങിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനുമാവശ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കിയാൽ പിന്നണിയിൽ കിടക്കുന്ന വിഭാഗങ്ങൾക്ക് സ്വന്തമായ വരുമാന മാർഗ്ഗമാകുമെന്ന് മാത്രമല്ല സൊസൈറ്റിയുടെ വളർച്ചക്ക് സഹായകരമായിത്തീരുകയും ചെയ്യും.

നൊച്ചാട് ഹൈസ്ക്കൂൾ, വെള്ളിയൂർ എ. യു. പി സ്ക്കൂൾ എന്നിവിടങ്ങളിൽ മാത്രമാണ് സ്ക്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന മേപ്പടി സൊസൈറ്റിവഴി കുട്ടികൾക്ക് ആവശ്യമായ ടെക്സ്റ്റ് ബുക്കുകൾ, നോട്ടു ബുക്കുകൾ, സ്റ്റേഷനറി സാധനങ്ങൾ, യൂണിഫോമുകൾ എന്നിവ വിൽപന നടത്തുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിലെ മറ്റു സ്ക്കൂളുകളിൽ ഇത്തരം സൊസൈറ്റികൾ രൂപീകൃതമായിട്ടില്ല. സംഘത്തിൻെറ നിയമാവലിയിൽ നോട്ടുബുക്കുകളുടെ നിർമ്മാണം കൂടി ലക്ഷ്യമാക്കി ചേർത്തിട്ടുണ്ടെങ്കിലും സാമ്പത്തിക പ്രയാസം മൂലവും ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിലെ വിമുഖത കാരണവും സംഘം പ്രവർത്തനത്തിൻെറ ഭാഗമായി ഇതേവരെ നടന്നിട്ടില്ല. വിദ്യാർത്ഥികൾക്ക് അവധിക്കാലങ്ങളിൽ ലഭിക്കുന്ന ഒരു വരുമാന മാർഗ്ഗമെന്നനിലക്ക് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക്

വ്യക്തമായ പരിഗണന ലഭിക്കേണ്ടതാണ്. ടെക്സ്റ്റ് ബുക്കുകൾ, നോട്ടുബുക്കുകൾ എന്നിവയുടെ വമ്പിച്ച വിലവർദ്ധനവ് മൂലം ആവശ്യമായത്ര നോട്ടുബുക്കുകൾ ശേഖരിക്കാൻ സാമ്പത്തിക പ്രയാസം മൂലം കഴിയാറില്ല. ടെക്സ്റ്റ് ബുക്കുകൾക്കെന്നപോലെ ഒരു നിശ്ചിത തുകക്കുള്ള നോട്ടുബുക്കുകൾ സംഘങ്ങൾക്കുതന്നെ കടമായി നൽകുന്നതിന് ഏർപ്പാടുണ്ടാവണം. ഓഫീസ് സൗകര്യങ്ങളുടെ അപര്യാപ്തതയും പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങളിൻ ഒന്നാണ്.

വിവിധ വകുപ്പുകളുടെ കീഴിൽ രൂപീകരിക്കപ്പെട്ടു റജിസ്റ്റർ ചെയ്യപ്പെട്ട പത്തിലധികം വരുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിലുണ്ട്. ഉദാ. മൾബറി സൊസൈറ്റി, കേരള വികസന സമിതി, കുരുമുളക് സമിതികൾ, കാഡാ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട യൂണിറ്റുകൾ എന്നിവ. ഇവയെ പൊതുവെ പിരശോധിച്ചാൽ കാണാവുന്നത് രൂപീകരണ ഉദ്ദേശം തന്നെ മറന്നുപോയ സംഘങ്ങളാണ് ഭൂരിപക്ഷവും. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പോലും മെമ്പർമാരുടെ പോതുയോഗമോ ഭരണസമിതി യോഗമോ ചേരാറില്ലെന്നു മാത്രമല്ല ഭരണസമിതിക്കാർ തന്നെ തങ്ങൾ ഭരണസമതി അംഗങ്ങളാണെന്ന കാര്യം മറന്നുപോയവരാണ്.

ഇവയെ കൂടാതെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി ചെറിയ ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ സഹകരണനിയമപ്രകാരം റജിസ്റ്റർ ചെയ്യപ്പെട്ടവയല്ല. ഇവക്കാകെ സംഘടിത രൂപം നൽകി ഉപഭോക്തൃ സഹകരണ സംഘം രൂപീകരിക്കാവുന്നതും വിവിധ പ്രദേശങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കാവുന്നതും അതുവഴി ഉപഭോക്താക്കൾക്ക് അല്പമെങ്കിലും ആശ്വാസം നൽകുന്നതിനും സാധിക്കും.

### പ്രശ്നങ്ങൾ

- കൽപത്തൂർ സർവീസ് സഹകരണ ബാങ്കിൽ വായ്പ കൊടുത്ത സംഖ്യ തിരിച്ചടവ് വരാത്തതുമൂലം അപ്പെക്സ് ബാങ്കിൽ നിന്നും സഹായം ലഭിക്കുന്നില്ല. ദരിദ്രമേഖലയാണെന്നതിനാൽ വേണ്ടത്ര നിക്ഷേപങ്ങൾ ലഭിക്കുന്നില്ല. അഴിമതി സംബന്ധിച്ച വാർത്തകൾ നിക്ഷേപകരിൽ സംശയങ്ങളുണ്ടാക്കുന്നു.
- വായ്പാ കുടിശ്ശിക.
- അപ്പെക്സ് ബാങ്ക്, ഡിപ്പാർട്ട്മെൻറ് എന്നിവരിൽനിന്നും വേണ്ടത്ര സഹകരണം ലഭിക്കുന്നില്ല.
- വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ വേഗതയില്ലായ്മ
- പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കുന്നതിലുള്ള സർക്കാർ നിയന്ത്രണം.
- മാനേജ്മെൻറിൻെറ ശുഷ്കാന്തിയില്ലായ്മ.
- യഥാസമയം മെമ്പർമാരുടെ പൊതുയോഗം ചേരാത്തതുമൂലം മെമ്പർമാർക്ക് സ്ഥാപനം തങ്ങളുടെ കൂടിയാണെന്ന തിരിച്ചറിവില്ലാതെ പോകുന്നു.
- N.R.E.പോലുള്ള എക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നിയമതടസ്സം.
- പുതിയ മേഖലകളിലേക്ക് കടന്നു കയറാനുള്ള വിമുഖത.

### സാദ്ധ്യതകൾ

- പുതിയ സഹകരണ സംഘങ്ങൾ വ്യത്യസ്ത മേഖലകളിൽ രൂപാകരിക്കുക. ഉദാഹരണമായി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, പട്ടികജാതി പട്ടികവർഗ സഹകരണസംഘം, കർഷകതൊഴിലാളി സഹകരണ സംഘം, വനിതാ സഹകരണസംഘം പാൽ സൊസൈറ്റി മുതലായവ

പൊതുയോഗങ്ങൾ യഥാസമയം വിളിച്ചുചേർക്കുക, ചടങ്ങാകാതെ അർത്ഥപൂർണ്ണമായ ചർച്ചകൾക്കുള്ള വേദിയാക്കുക.

സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കുക

കാർഷിക വ്യാവസായിക വിഭവങ്ങൾ സമാഹരിച്ച് വിപണനം നടത്തുന്ന ഏജൻസിയായി കൽപത്തുർ സർവീസ് സഹകരണബാങ്കിനെ മാറ്റുക.

സർവീസ് സഹകരണബാങ്കുകളുടെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുക.

അത്യന്താധുനിക രീതിയിലുള്ള ബാങ്കിങ് സംവിധാനങ്ങളെ കുറിച്ച് ജീവനക്കാർക്കും ഭരണസമിതിക്കും ആവശ്യമായ പരിശീലനം നൽകുക.

നൊച്ചാട് ഹൈസ്ക്കുളിലെ സഹകരണ സൊസൈറ്റിയെ മാതൃയുണിറ്റാക്കി പഞ്ചായത്തിലെ ഇതര സ്ക്കൂളുകളിലേക്കാവശ്യമായ നോട്ടുബുക്കുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനുള്ള പ്രവർത്തനം വിപുലീകരിക്കുകയും എല്ലാ സ്ക്കുളുകൾക്കും അവശ്യവായ ടെക്സ്റ്റ് ബുക്ക് വിതരണം ചെയ്യുന്നതിനുള്ള ഏജൻസിയാക്കി മാറ്റുകയും ചെയ്യുക.

വായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്ക് കുറക്കുക. നടപടിക്രമങ്ങൾ ലഘൂകരിക്കുക.

# 14 ഉപസംഹാരം


വഴിക്കെവിടെവെച്ചും ഉപസംഹരിച്ച് പിരിയാൻ പാക ത്തിനുള്ള ഇന്നത്തെ വികസനരീതി മാറ്റിമറിക്കേണ്ടി യിരിക്കുന്നു. മാറ്റം വേണമെന്ന് പറയുന്നത് അതു മാറ്റാതെ ഇനിയൊരിഞ്ചുപോലും നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല എന്നതുകൊണ്ടാണ്. നമ്മുടെ ജീവിതത്തിലെ അത്യാവശ്യങ്ങളെ അവഗണിക്കുകയും ആവശ്യങ്ങളേയോ അനാവശ്യങ്ങളെതന്നെയോ മുന്നോട്ട് വെക്കുകയും ചെയ്യുന്ന താണ് നിലവിലുള്ള വികസന സമീപനം. താൽക്കാലികാവശ്യങ്ങളുടെയും താൽക്കാലികാവേശങ്ങളുടെയും ഇത്തിരിവെട്ടത്തിന പ്പുറം നമ്മുടെ കാഴ്ചയെത്തേണ്ടി യിരിക്കുന്നു. ഇന്നത്തെ വികസനപ്രവർത്തനം നാളേക്കു കൂടിവേണ്ടി യായിരിക്കണം. നമ്മുടെ ഇന്നത്തെ പ്രവർത്തനങ്ങൾ നാളെയുടെ പ്രചോദനവും കരുത്തുമായിരിക്കണം. ഭാരമായിരിക്കരുത്. കാർഷിക വ്യവസായിക മേഖല കളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പി ക്കുന്ന തന്ത്രമാണ് നാം കൈക്കൊള്ളേണ്ടത്.

വികസനം മുകളിലുള്ളവരുടെ കാര്യമെന്ന നില മാറിയേ തീരൂ. അഴിമതി ഒഴിവാക്കപ്പെടണം. വികസനപ്രക്രിയ പൂർണ്ണമായും ജനകീയമാവണം. ഒരു കാര്യം ജനകീയമാവുന്നത് അതിൽ ജനങ്ങൾ നേരിട്ടു പങ്കെടുക്കുന്നത് കൊണ്ടുമാത്രമല്ല. ജനങ്ങളെ വർധ മാനമായ തോതിൽ പങ്കെടുപ്പിച്ചുകൊണ്ടും ജനവിരുദ്ധ മായ കാര്യങ്ങൾ ചെയ്യിക്കാനുള്ള കൗശലം ഇന്നു ജനശത്രുക്കൾക്കുമുണ്ട്. ജനങ്ങൾ പങ്കെടുക്കുന്ന തോടൊപ്പം ജനങ്ങൾക്കുവേണ്ടി കൂടിയാവുകയും അത് ജനങ്ങളാൽ തീരുമാനിക്കപ്പെടുന്നതാവുകയും വേണം. ഈയൊരു നിലയിലുള്ള ചർച്ചക്കുവേണ്ടിയാണീ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്. അതീവ കണിശ മായ വിഭവ പഠനം, സാമൂഹിക-സാമ്പത്തിക സർവ്വേ എന്നിവ നടത്തപ്പെടുത്തപ്പെടേണ്ടുന്ന ഒരു സമഗ്ര വിക സന രേഖയുടെ മന്നോടി കൂടിയാണിത്.

വികസനോപാധികളെ ഫലപ്രദമായി ഉപയോഗ പ്പെടുത്താൻ കഴിയണം, നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ തന്നെ നമുക്കു അളവറ്റ വികസന സാധ്യത കൾ പ്രദാനം ചെയ്യുന്നുണ്ട്. വേണ്ടത് അവ ഉപയോഗ പ്പെടുത്താനുള്ള സാമൂഹിക ക്രമീകരണമാണ്. സാമൂ ഹിക ക്രമീകരണം വരുന്നതിലേക്കു നമുക്കൊരു ചുവടു വെക്കുകയെങ്കിലും ചെയ്യണം. ഒമ്പതാം പഞ്ച വത്സരപദ്ധതിയുടെ സംസ്ഥാന അടങ്കലിൻെറ 40 ശതമാനത്തോളം പഞ്ചായത്തുകൾക്കു നൽകാനും അതുവഴി പഞ്ചായത്തുകളെ ഫലപ്രദമായി പ്രവർത്തി പ്പിക്കാനുമാണു സംസ്ഥാന സർക്കാറും സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനിച്ചിട്ടുള്ളത്. ഇങ്ങ നെ കൊടുക്കുന്ന 40 ശതമാനത്തിൻെറ പകുതി ഗ്രാമ പഞ്ചായത്തുകൾക്കാവും. മുമ്പൊരു കാലത്തും കിട്ടാ തിരുന്നത്ര തുക ഗ്രാമ പഞ്ചായത്തിനുകിട്ടും. ഇങ്ങനെ തുക കിട്ടുമ്പോൾ പിന്നെയും വേണ്ടിവരുന്ന തുകയ്ക്കു മുകളിലാരെയും ഇനി ആശ്രയിക്കാൻ പറ്റില്ല. ജനങ്ങ ളുടെ കൂടി പങ്കാളിത്തത്തോടെ ആൾ ബലത്തിലും സമ്പദ് ബലത്തിലും നമ്മുടെ വികസന പ്രശ്നങ്ങൾ പരിഹരിക്കണം. ഭൂതകാലവും വർത്തമാനകാലവും നമ്മളിൽ കയറ്റിവെച്ച പ്രശ്നങ്ങളുടെ ഭാരം വളരെ വലുതാണ്. എല്ലാം ഒറ്റയടിക്കു പരിഹരിക്കാൻ ആരാ ലും സാധ്യമല്ല. അപ്പോൾ ഏതൊക്കെയാണ് ആദ്യം പരിഹരിക്കേണ്ടത് എന്നും ഏതൊക്കെയാണ് ആദ്യം പരിഹരിക്കാൻ കഴിയുക എന്നും നമ്മൾ കൂട്ടായി മനസ്സിലാക്കി പ്രശ്നപരിഹാര പ്രവർത്തനങ്ങൾക്കു മുൻഗണനാക്രമം നിശ്ചയിക്കണം അതാണീ സെമി നാറിൽ ചെയ്യാനുള്ളത്. ഇന്നിവിടെ വെച്ചു രൂപം കൊടുക്കപ്പെടുന്ന കർമസേനകൾ നമ്മുടെ പരിപാടി കളെ സ്കീമുകളായി രൂപാന്തരപ്പെടുത്തും. സർക്കാർ, സർക്കാരേതര ഏജൻസികൾ എന്നിവയിൽനിന്നു കിട്ടാവുന്നത്രയും സഹായങ്ങൾ സംഘടിപ്പിച്ചെടുക്കാൻ


സ്കീമുകൾ പദ്ധതികളാക്കി അവതരിപ്പിച്ചു കൊടുക്കേണ്ടതുണ്ട്. അതായത് ആസൂത്രണത്തിൻെറ സാങ്കേതിക പടവുകൾ നമ്മൾ തന്നെ ചവുട്ടിക്കയറണമെന്നും കൈപിടിച്ചുകയറ്റാൻ വേറാരും ഉണ്ടാവുകയില്ല എന്നും അർത്ഥം. അങ്ങനെ സ്വയം കയറാനുള്ള ധീരതയും കരുത്തുമാർജിക്കൽ തന്നെയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഈ രേഖയുടെ തുടക്കത്തിൽ സൂചിപ്പിക്കപ്പെട്ടവരും തിരക്കുകൊണ്ടോ വിസ്താരഭയം കൊണ്ടോ സൂചിപ്പിക്കപ്പെടാതെ പോയവരുമായ ത്യാഗിവര്യന്മാരും കർമ്മധീരരും നമുക്കു മുമ്പിൽ വഴികാട്ടാനുണ്ട്.

ഈ വികസന രേഖ തയ്യാറാക്കിയത് ഏറെ തിരക്കു പിടിച്ചാണ്. പദ്ധതികളുടെ സമർപ്പണംവരെ നമുക്കീ വർഷം തന്നെ ചെയ്തു തീർക്കേണ്ടതുണ്ട്. സ്ഥിതി വിവിരങ്ങളുടെ അഭാവം ഞങ്ങളെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. കൂടാതെ മുമ്പീവക കാര്യങ്ങളിൽ പരിചയവുമില്ലായിരുന്നല്ലോ. വിവിധ ആഫീസുകളിലെയും സ്ഥാപനങ്ങളിലേയും ജീവനക്കാർ, ഭൂതകാലത്തെക്കുറിച്ചുള്ള ഓർമകളുടെ കനവുമായി ശാരീരികാസ്വാസ്ഥ്യങ്ങൾകൊണ്ടു മാത്രം സ്വഭവനങ്ങളിൽ വിശ്രമിക്കുന്ന കാരണവന്മാർ, എന്നിവരുടെ സഹായം കൊണ്ടാണ് നമ്മെ നമുക്കുതന്നെ മനസ്സിലാക്കാൻ സഹായിക്കുന്ന ചില വിലപ്പെട്ട വിവരങ്ങൾ കിട്ടിയത്. വിവരങ്ങൾ തന്നു സഹായിച്ചവരോടും ഈ രേഖക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ ചെയ്തു തന്ന ശ്രീ. പി.സി. ജോസി., ശ്രീ. എൻ. കുമാരൻ എന്നിവരോടും ഞങ്ങൾ കൃതജ്ഞരാണ്. സൂക്ഷ്മമായ സ്ഥിതിവിവരങ്ങളുടെ പിൻബലത്തോടെ തയ്യാറാക്കപ്പെടേണ്ടുന്ന സമഗ്രവികസനരേഖയുടെ മുന്നോടിയാണിതെന്നു പറഞ്ഞല്ലോ. വലിയ ചില കാര്യങ്ങൾക്കു നാമിവിടെ തുടക്കം കുറിക്കുന്നു. ഇവിടെ നമുക്കിടയിലുള്ള വിഭാഗീയതകൾ നേർത്തലിയുന്നു. ഈ പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ അലിയാതിരിക്കാൻ തക്ക തരത്തിലുള്ള വിഭാഗീയതകൾക്കടിസ്ഥാനമില്ല. എല്ലാവരും കർഷകരോ തൊഴിലാളികളോ ഇടത്തരക്കാരോ ആണല്ലോ. ജീവിതത്തിൻെറ മുന്നേറ്റ പഥങ്ങളിൽ തെളിഞ്ഞുവരുന്ന യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ നമുക്കു സ്വയം കണ്ടെത്താം പരസ്പരം കണ്ടെത്താം കാലിടറുമ്പോൾ ഒരു കൈ താങ്ങി പരസ്പരം സഹായിക്കാം.



ഇന്ത്യൻ ഗ്രാമീണന്റെ കാര്യത്തിൽ
അതിപ്രാചീനമായ സംസ്കാരം
അസംസ്കൃതിയാൽ മൂടപ്പെട്ടു
ഒളിഞ്ഞുകിടക്കുന്നു. ആ മൂടൽ
മാറ്റി അവന്റെ ദാരിദ്ര്യവും
നിരക്ഷരത്വവും ഇല്ലാതാക്കിയാൽ
ഒരു സ്വതന്ത്ര പൗരന്റെ ഏറ്റവും
നല്ല മാതൃക നിങ്ങൾക്ക്
കാണാൻ കഴിയും.

മഹാത്മജി.



അധികാരം ജനങ്ങളിലേക്ക്



# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ് അംഗങ്ങൾ

**കൃഷിയും ജലസേചനവും**

മജീദ്. കെ.സി.
ടി. പുഷ്കരൻ
എം.വി. ഗോപാലൻ മാസ്റ്റർ
മുരളി ആയടത്തിൽ
വി.പി. അബ്ദുൾസലാം
ടി. നാരായണൻ മാസ്റ്റർ
കെ.കെ. കേളപ്പൻ

**വ്യവസായം**

എസ്.കെ. അസൈനാർ
കെ. അബ്ദുൾ ഹമീദ്
ടി.സി. കുഞ്ഞമ്മത്
കെ. ശ്രീധരൻ

**വനിത**

ടി.കെ. രമണിടീച്ചർ
എം.കെ. നളിനി
ടി.സി. ഉഷ
എം. ബിയ്യ
വി. രാധാകൃഷ്ണൻ
ടി.കെ. അരവിന്ദൻ

**പട്ടികജാതി-പട്ടികവർഗക്ഷേമം**

കെ.പി. രാധാകൃഷ്ണൻ
എൻ.കെ. ബാലകൃഷ്ണൻ
യു.കെ. അരുമ
രവീന്ദ്രൻ
പി. പ്രസാദ്.
ആർ.എം. രാഘവൻ

**ഭവനനിർമാണം, സാമൂഹ്യക്ഷേമം**

പി.കെ. കുഞ്ഞിക്കണ്ണൻ
അനിൽ മലയിൽ
എം.കെ. അമ്മത്
ബാലൻ
എൻ. ഹരിദാസ്

**മൃഗസംരക്ഷണം, മത്സ്യബന്ധനം**

സി. ബാബുരാജ്
കെ. ശശി
പി.സി. രമേശൻ

**ഗതാഗതം, ഊർജം, മാർക്കറ്റ്**

ഇ.എം. ശങ്കരൻ മാസ്റ്റർ
അശോകൻ ഇളയാടത്ത്
ടി.പി. നാരായണൻ
മുരളി പറയൻകണ്ടി
വി.വി. ഇബ്രാഹിം മാസ്റ്റർ

**സഹകരണം**

കെ.കെ. രാജൻ
എം.എം. കുഞ്ഞിരാമൻ
എൻ. കുഞ്ഞിമൊയ്തി

**വിഭവസമാഹരണം**

സി. മുഹമ്മദ്
ഗോപാലൻ നായർ
പി.കെ. കരീം
ടി.കെ. കുഞ്ഞമ്മത് മാസ്റ്റർ
സി. അസൈനാർഹാജി
ദാമോദരമാരാർ

**സംസ്കാരം**

കെ.ടി.ബി. കൽപത്തൂർ
ടി. സുരേഷ്
പി.എം. കുഞ്ഞിശങ്കരൻ
എം.കെ. റസാക്ക്

**ആമുഖം, ചരിത്രം, ഭൂപ്രകൃതി**

വി.എം. കണാരൻ
കെ. രാധാകൃഷ്ണൻ
ഗോപാലൻകുട്ടിനായർ

**വിദ്യാഭ്യാസം**

കെ.ടി. ബാലകൃഷ്ണൻ
കെ.സി. രാഘവൻ മാസ്റ്റർ
സി. പത്മനാഭൻ മാസ്റ്റർ

**കുടിവെള്ളം, പൊതുജന ആരോഗ്യം**

ടി. ബാലകൃഷ്ണൻ
പി. കുഞ്ഞിമൊയ്തി
കെ.ജി. രാജൻ
കെ.എം. രാജൻ
കെ.സി. ഗോപാലൻ മാസ്റ്റർ
ബാലചന്ദ്രൻ, പുത്തൂർ



അധികാരം ജനങ്ങളിലേക്ക്

അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്.




ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു.
-മഹാത്മാഗാന്ധി


# അധികാരം ജനങ്ങൾക്ക്

നമ്മുടെ പണം
എങ്ങിനെ ചെലവഴിക്കണം
ജനങ്ങൾ
തന്നെതീരുമാനിക്കുന്നു
പദ്ധതികൾ ജനങ്ങൾ തന്നെ
നടപ്പിലാക്കുന്നു.

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി




# ജനകീയാസൂത്രണം
# ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്
# വികസനരേഖ



"മനുഷ്യന്ന് ശരീരവും മനസ്സും ആത്മാവുമുണ്ട്. ശൈശവകാലം തൊട്ടു ഓരോരു ത്തരിലും താൻ ഒരു സാമൂഹ്യജീവിയാണെന്നും തനിക്ക് ഒരു ശരീരമുണ്ടെന്നും അത് വിസ്മയകരമായ ഒരുപകരണമാണെന്നും താനുൾപ്പെടുന്ന സമൂഹത്തിന്റെ മോചന ത്തിന്നും അഭ്യുന്നതിക്കുമുതകുന്ന സേവനങ്ങൾക്ക് അതിനെ വിനിയോഗിക്കുന്നതി ലാണ് തന്റെ നിലനില്പിന്റെ ന്യായീകരണമെന്നും ചിന്തിക്കാനുള്ള സമഷ്ടിബോധം വളർത്തപ്പെടണം."

# ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്



# വാൽക്കണ്ണാടി


| | |
|---|---|
| പടിപ്പുര | 6 |
| തിരുമുറ്റം | 9 |
| ചരിത്രം | 10 |
| മാനുഷ്യകം | 16 |
| ഭൂപ്രകൃതി | 20 |
| കൃഷി | 31 |
| മൃഗസംരക്ഷണം | 49 |
| മത്സ്യബന്ധനം | 53 |
| വ്യവസായം | 54 |
| ഗതാഗതം | 58 |
| ഊർജ്ജം | 62 |
| വൈദ്യുതി | 64 |
| മാർക്കറ്റ് | 65 |
| സംസ്കാരം | 66 |
| വനിതാക്ഷേമം | 71 |
| പട്ടികജാതി-പട്ടികവർഗ ക്ഷേമം | 75 |
| സാമൂഹ്യ ക്ഷേമം | 84 |
| പാർപ്പിടം | 90 |
| സഹകരണം | 95 |
| വിദ്യാഭ്യാസം | 101 |
| പൊതുജനാരോഗ്യം | 108 |
| സമസ്യ | 112 |
| കുടിവെള്ളം | 115 |
| വിഭവസമാഹരണം | 120 |

9ാം പദ്ധതി

ജനകീയ പദ്ധതി

ജനകീയ ആസൂത്രണം

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

# വികസന രേഖ

1996



**എസ്.പി.കുഞ്ഞമ്മദ്**
പ്രസിഡണ്ട്
ചങ്ങരോത്ത്
ഗ്രാമപഞ്ചായത്ത്



**കെ.വി.രാഘവൻ**
സ്റ്റാന്റിങ്ങ് കമ്മറ്റി
ചെയർമാൻ



**ഇ.വി.രാമചന്ദ്രൻ**
വൈസ് പ്രസിഡണ്ട്

234




## പത്രാധിപസമിതി

- എ.കെ.ശ്രീധരൻ
(കൺവീനർ കോർ ഗ്രൂപ്പ്)

- സി.കെ.രാഘവൻ
(എഡിറ്റർ)

- ടി.ശശിധരൻ
(സബ്ബ് എഡിറ്റർ)



# പടിപ്പുര

വയനാടൻ മലയുടെ മടിത്തട്ടിലൊരു ഗ്രാമീണകന്യക

കുറ്റ്യാടിപുഴയുടെ അരുമ മകൾ

ചെറുപുഴയുടെ കടന്ത്രപുഴയുടെയും കളിത്തോഴി

-പ്രകൃതി രമണീയമായ ചങ്ങരോത്ത് പഞ്ചായത്ത്

1963 ഡിസംബർ 19

ചങ്ങരോത്തുകാർ ഓർമ്മിക്കാനിടയില്ലാത്ത ഒരു ദിനം

ഈ കർഷഗ്രാമത്തിലെ ജനങ്ങളുടെ

കൂട്ടായ്മയും സംഘബോധവും

ഇതൾ വിരിഞ്ഞ നിമിഷങ്ങൾ।

കണ്ടാൽ ഒരു പഴഞ്ചൻ മലബാർമാപ്പിള

കൂനിയോട്-വടക്കുമ്പാട് റോഡ് നിർമ്മാണത്തിന്റെ

ശ്രമദാനത്തിന് നേതൃത്വം കൊടുക്കുകയാണ്

തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി

അന്നാണ് അധികാരമേൽക്കുന്നത്.

ഒരു കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് പണി പൂർത്തിയാക്കി

ഈ ഗ്രാമീണസംഘം

236

കണ്ണോത്ത് ചാത്തന്റെ പീടിക മുറിയിൽ

ഒരുമിച്ചു കൂടി

ഒരു പുതിയ വികസനമാതൃകക്ക്

തുടക്കമിട്ട

സംതൃപ്തിയോടെ അദ്ദേഹം

പ്രഥമപൗരനായി അധികാരമേറ്റെടുത്തു

–എം.അബ്ദുള്ളക്കുട്ടി മൗലവി

സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ

നാടുകടത്തപ്പെട്ട ധീരദേശാഭിമാനി

ക്രാന്തദർശിയും ദീർഘവീക്ഷണവുമുള്ള നവോത്ഥാനനായകൻ

മതപണ്ഡിതൻ

അതായിരുന്നു മൗലവിസഹേബ്ബ്.

അബ്ദുള്ളക്കുട്ടി മൗലവിയുടെ രാജിയെത്തുടർന്ന് കെ. കുഞ്ഞമ്മദ് ഹാജി പ്രസിഡണ്ടായി. ദീർഘമായി 16 വർഷക്കാലയളവിൽ അദ്ദേഹം പ്രസിഡണ്ടും എ. രാഘവൻ വൈദ്യർ വൈസ് പ്രസിഡണ്ടുമായി തുടരുന്നു. പിന്നീട് പി.പി. നാണുമാസ്റ്റർ, കോത്തമ്പ്ര, സി.ഗംഗാധരൻ നായർ, കെ.ബാലനാരായണൻ എന്നിവർ ഈ സ്ഥാനം അലങ്കരിച്ചവരാണ്.

1962 ഫെബ്രുവരി 5നാണു പഞ്ചായത്തിന്റെ രൂപീകരണം. ആധുനിക ജീവിത സൗകര്യങ്ങളൊന്നും അന്ന് ഉൾപ്രദേശങ്ങളിലേക്ക് എത്തിനോക്കിത്തുടങ്ങിയിരുന്നില്ല. വാഹനസഞ്ചാരയോഗ്യമായ റോഡുകൾ അപൂർവ്വം. കാടുകൾ കീറിമുറിച്ച് കടന്നുപോവുന്ന ഊടുവഴികൾ. വിജനമായ കുന്നിൻമേടുകളും വയലുകളും താണ്ടി നീങ്ങുന്ന നടപ്പാതകൾ. ഏതാനും പുഴയോരഗ്രാമങ്ങളിലേക്കുള്ള തോണിയാത്ര സൗകര്യവും കൂടിയായാൽ അന്നത്തെ സഞ്ചാരഭൂപടം പൂർത്തിയായി. കുറ്റ്യാടിക്കടവിലെ ചെറുപുഴക്കോ കടിയങ്ങാട്ടോ ചങ്ങരോത്തോ അന്ന് കോൺക്രീറ്റ് പാലങ്ങൾ ഉണ്ടായിരുന്നില്ല. കടത്തു തോണിയും കമ്പിപ്പാലങ്ങളും തൂക്കുപാലങ്ങളും തൂക്കുപാലങ്ങളും താണ്ടിയുള്ള യാത്ര ഭീതിജനകമായിരുന്നു.


കുറ്റ്യാടിപാലം, കുറ്റ്യാടി ജനസേചനപദ്ധതി, മലയോരവികസനം എന്നിവയുടെ കടന്നുവരവോടെ പഞ്ചായത്തിന്റെ മുഖച്ഛായ മാറാൻ തുടങ്ങി. ചങ്ങരോത്ത്–കടിയങ്ങാട് പാലങ്ങൾ തുരുത്തുകളിലൊറ്റപ്പെട്ട മനുഷ്യജീവിതങ്ങൾക്ക് സംഗമിക്കാനുള്ള മാധ്യമങ്ങളായി. പുരോഗതിയുടെ സ്വപ്നസങ്കൽപ്പങ്ങൾക്ക് ചിറകുകൾ മുളക്കുകയായിരുന്നു. സാംസ്ക്കാരികനിലയം കമ്മ്യൂണിറ്റിഹാൾ സ്വന്തമായ ആപ്പീസ് കെട്ടിടം, വെയിറ്റിംങ് ഷെഡ്ഡുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ പുതിയ റോഡുകൾ ആരോഗ്യ കേന്ദ്രങ്ങൾ ഇവയെല്ലാം ഈ മാറ്റത്തിന്റെ ചൂണ്ടുപലകകളാവുന്നു.

കൊയ്തുകൂട്ടിയ നേട്ടങ്ങൾക്ക് നടുവിൽ അഭിമാനംകൊള്ളുമ്പോൾ തന്നെ ചില വസ്തുനിഷ്ഠയാഥാർത്ഥ്യങ്ങൾ വിസ്മരിച്ചുകൂടാ. പുതിയയൊരു വികസന പരിപ്രേക്ഷ്യത്തിന്റെ കാഹളധ്വനികൾ മുഴങ്ങുന്ന ഈ കാലഘട്ടത്തിൽ പ്രഥമ-ദ്വിതീയ മേഖലകൾ നേരിടുന്ന പ്രതിസന്ധിയുടെ കടുകെട്ടുകൾ അഴിച്ചെടുക്കേണ്ട കടമയാണ് ഗ്രാമപഞ്ചായത്തിന്റെ മുമ്പിലുള്ളത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വെള്ളിവെളിച്ചം ഒഴുകിപ്പരക്കാൻ തുടങ്ങിയ കർമ്മ വീഥികളിൽ പതറാതെ ഉറച്ചകാൽവെപ്പുകളോടെ മുന്നോട്ട്......

## ഗ്രാമസഭകൾ

| വാർഡുകൾ | ആകെ | പുരുഷൻ | സ്ത്രീ | ഗ്രാമസഭാപങ്കാളിത്തം | | | എത്ര ശതമാനം |
|---|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | ആകെ | |
| 1 | 1396 | 665 | 731 | 255 | 52 | 307 | 22% |
| 2 | 2144 | 1073 | 1071 | 220 | 80 | 300 | 14% |
| 3 | 1735 | 858 | 877 | 155 | 81 | 236 | 13.5% |
| 4 | 1828 | 891 | 937 | 200 | 86 | 286 | 16% |
| 5 | 2865 | 1431 | 1434 | 245 | 45 | 290 | 10% |
| 6 | 1420 | 700 | 720 | 210 | 91 | 301 | 21% |
| 7 | 812 | 408 | 404 | 136 | 74 | 210 | 26% |
| 8 | 1909 | 946 | 963 | 319 | 59 | 378 | 20% |
| 9 | 1527 | 756 | 771 | 177 | 76 | 253 | 17% |
| 10 | 1694 | 850 | 844 | 143 | 28 | 171 | 10% |
| 11 | 1523 | 785 | 738 | 295 | 82 | 377 | 25.5% |
| **ആകെ** | **18853** | **9363** | **9490** | **2355** | **754** | **3109** | **16.50** |

പഞ്ചായത്തിലെ ഗ്രാമസഭകളലെല്ലാം നടന്നു. ഗ്രാമസഭകളിൽ ആകെ വോട്ടർമാരുടെ 16.50% പങ്കെടുത്തു. വികസനം സംബന്ധിച്ച അവരുടെ ആഗ്രഹങ്ങൾ ആവശ്യങ്ങൾ അവതരിപ്പിച്ചു കഴിഞ്ഞു. അവയുടെ സാക്ഷാത്ക്കാരത്തിനു വേണ്ടിയുള്ള ചുവടുവെപ്പുകളാണ് ഇനിയുള്ള നാളുകൾ



238

# തിരുമുറ്റം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ❖ ചങ്ങരോത്ത് |
| വില്ലേജുകൾ | ❖ ചങ്ങരോത്ത്, പാലേരി |
| ബ്ലോക്ക് പഞ്ചായത്ത് | ❖ പേരാമ്പ്ര |
| താലൂക്ക് | ❖ കൊയിലാണ്ടി |
| ജില്ലാ പഞ്ചായത്ത് | ❖ കോഴിക്കോട് |
| അസംബ്ലി മണ്ഡലം | ❖ പേരാമ്പ്ര |
| ലോകസഭാ മണ്ഡലം | ❖ വടകര |
| ജനസംഖ്യ | ❖ 27748 |
| പുരുഷൻ | ❖ 13947 |
| സ്ത്രീകൾ | ❖ 13801 |
| ജനസാന്ദ്രത | ❖ 1561 ച.കി.മീ |
| വാർഡുകൾ | ❖ 11 |
| പ്രസിഡണ്ട് | ❖ കുഞ്ഞമ്മത് എസ്.പി |
| വൈസ് പ്രസിഡണ്ട് | ❖ രാമചന്ദ്രൻ ഇ.വി |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ❖ രാഘവൻ കെ.വി |
| വിസ്തീർണ്ണം | ❖ 19.20 ച .കി.മീ |
| അതിരുകൾ വടക്ക് | ❖ കുറ്റ്യാടിപ്പുഴ |
| പടിഞ്ഞാറ് | ❖ കുറ്റ്യാടിപ്പുഴ |
| കിഴക്ക് | ❖ കുറ്റ്യാടിപ്പുഴ, ചിക്കിട്ടപാറ പഞ്ചായത്ത് |
| തെക്ക് | ❖ കൂത്താളി പഞ്ചായത്ത് |

239

# ചരിത്രം

ശങ്കരപുരം

ചങ്ങരോത്തായി രൂപാന്തരപ്പെട്ടു

എന്നത് സ്ഥലപുരാണം

ശങ്കരൻ - ചങ്ങരൻ

ശങ്കരപുരത്ത് - ചങ്ങരോത്ത്

കേരളപാണിനീയം പീഠികയിലെ

അനുനാസികാതിപ്രസരം എന്ന സൂത്രം

ഈ ഭാഷാപരിണാമത്തെ സാധൂകരിക്കുന്നു.

ശിവന്റെ പര്യായ പദങ്ങളിലൊന്നാണല്ലോ ശങ്കരൻ

പഞ്ചായത്തിൽ പതിനെട്ട് ശിവക്ഷേത്രങ്ങൾ

ഉണ്ടായിരുന്നു എന്നതും

ഈ സ്ഥലപുരാണത്തെ ന്യായീകരിക്കുന്നു

1881 മലബാറിലെ കോഴിക്കോട് ജില്ലാ ഫോറസ്റ്റ് ആപ്പീസർ ആർ.മോർഗൻ

പ്രാണജാലങ്ങളെയും സസ്യ-മൃഗസമ്പത്തിനെയും നേരിട്ട് പരിചയപ്പെടാൻ ഒരു പര്യടനത്തിനിറങ്ങുന്നു.

–എലത്തൂരിൽ നിന്നും പശ്ചിമഘട്ടത്തിന്റെ അടിവാരമായ കുറ്റ്യാടിവരെ

ഒരു തോണിയാത്ര..... യാത്രയുടെ ഒരു ഘട്ടം

അന്ന്

നിബിഡവനങ്ങളും വന്യമൃഗങ്ങളും

തിങ്ങിനിറഞ്ഞ ഒരു വനസ്ഥലിയായിരുന്നു

ചങ്ങരോത്ത് ഉൾപ്പെടെയുള്ള വനപ്രദേശമെന്ന്

മോർഗൻ സൂചിപ്പിക്കുന്നു...

“ഒരു ചെറിയ കനാൽ (തോട്) അകലപ്പുഴയും കുറ്റ്യാടിപ്പുഴയും ബന്ധിപ്പിക്കുന്നു. അവിടെയാണ് പയ്യോളി ‘പൂട്ട്’

പൂട്ടു തുറന്നു വേണം കുറ്റ്യാടിപ്പുഴയിലേക്ക് കടക്കാൻ

അവിടുന്നിങ്ങോട്ടും

എല്ലാം എത്രമാത്രം നിശ്ശബ്ദം!

ഇടക്കെല്ലാം വെള്ളത്തിൽ

എന്തോ എടുത്തിടുന്ന ശബ്ദം കേൾക്കാം-

ചുള്ളിക്കാട്ടിൽ പതിയിരിക്കുന്ന മുതലയാണ്.

വെള്ളത്തിനു മുകളിലൂടെ

പരൽമീനുകൾ തുള്ളിപ്പായുമ്പോൾ

അതിനെ വിഴുങ്ങാൻ വായും പിളർന്ന്

വെള്ളത്തിലേക്ക് കുതിച്ചു ചാടുന്നു

മുതലക്കൂപ്പ്!

നിദ്രയിൽ നിന്ന് വീണ്ടുമൊരു തവണ

നമ്മൾ ഉണരുന്നത്,

“നേരം വെളുത്തിരിക്കുന്നു കാപ്പി തയ്യാറാക്കാം”

എന്ന്

കൂടെയുള്ള വേലക്കാരൻ വിളിച്ചറിയിച്ചപ്പോഴാണ്

പയ്യോളി പൂട്ട് വിട്ടതിനുശേഷം
ഇരുപത് നാഴിക നമ്മൾ പിന്നിട്ടിരിക്കുന്നു
എന്നത് അവിശ്വസനീയമായി തോന്നുന്നു
പിന്നിട്ട ദൂരം,
ബോധമണ്ഡലത്തിൽ തങ്ങിനിൽക്കും വിധം
നമ്മൾസുഖനിദ്രയിലായിരുന്നു......"
കൂനിയോട് പൂവത്തീരത്തു കൂടെയുള്ള
ഈ യാത്രയിൽ മോർഗൻ ഒന്നുറങ്ങിപ്പോയി.
ശരിതന്നെ... പക്ഷെ നമുക്ക് നഷ്ടപ്പെട്ടത്
വിലപ്പെട്ട ഒരു ചരിത്രരേഖയാണ്....

-നരിക്കൂട്ടം ചാൽ, മുതലമട.. നരിമഞ്ചക്കൽ, പന്തിരിക്കര

തുടങ്ങിയ സ്ഥലനാമങ്ങൾ

പ്രാക്തന ചരിത്രത്തിന്റെ മിഴിച്ചെപ്പ് തുറക്കുന്നവയാണ്.

## നാടുവാഴിത്തത്തിന്റെ കൊത്തളം

പാലേരി, അവണിയാട്ട്, കൂത്താളി നായന്മാരുടെ അഥവാ പയ്യോർമല നായന്മാരുടെ കീഴിലായിരുന്നു പയ്യോർമലനാട് ഇവർ സ്വതന്ത്രരായ നാടുവാഴികളായിരുന്നു. ഇന്നത്തെ പാലേരി-ചങ്ങരോത്ത് അംശങ്ങൾ പയ്യോർമല നാടിന്റെ ഭാഗമായിരുന്നു.

കുറുമ്പ്രനാട് രാജവംശത്തോടും സാമൂതിരിയോടുമുള്ള പയ്യോർമലനായന്മാരുടെ ആശ്രിതത്വം കേവലം നാമമാത്രമായിരുന്നു. ബ്രിട്ടീഷ് പട്ടാളത്തിന്റെ ആക്രമണത്താൽ തുരത്തപ്പെട്ട് പ്രവാസിയായി അലയേണ്ടിവന്ന പഴശ്ശിരാജാവിന് അഭയം നൽകിയത് അവണിയാട് നായന്മാരായിരുന്ന. അതുകൊണ്ട് തന്നെ ബ്രിട്ടിഷുകാർ അദ്ദേഹത്തെ രാജ്യദ്രോഹിയായ് പ്രഖ്യാപിച്ചു. ബ്രിട്ടീഷ് ആധിപത്യം വേരുറപ്പിച്ചതോടെ ഭരണാധികാരം നഷ്ടപ്പെട്ടെങ്കിലും ഭൂവുടമാരംഗത്ത് 1957ലം ഭൂപരിഷ്ക്കരണനിയമം പ്രാബല്യത്തിൽ വരുന്നതുവരെ ഈ നാടുവാഴികളുടെ ആധിപത്യം നിലനിന്നുപോന്നു.

## ജാനകീവയലും കാടും

പയ്യോർമല നായന്മാരിലൊരാളായ പാലേരി നായന്മാരുടെ കീഴിലായിരുന്ന പാലേരി-കുന്നശ്ശേരി-പന്നിക്കോട്ടൂർ മലവാരം വരെ നീണ്ടുകിടക്കുന്ന ഭൂപ്രദേശങ്ങൾ. പിൽക്കാലത്തുണ്ടായ സാമ്പത്തിക തകർച്ചയെത്തുടർന്ന് പാലേരി നായർ കുറ്റിപ്പുറം തമ്പുരാക്കന്മാരുടെ കാര്യസ്ഥന്മാരിൽ പ്രമുഖനായ പെരിങ്ങാടിക്ക് തന്റെ ഭൂപ്രദേശങ്ങൾ കൈമാറുന്നതായി എഗ്രിമെന്റുണ്ടാക്കി. വസ്തുതയറിഞ്ഞപ്പോൾ കൂത്താളി മൂപ്പിൽ നായർ പാലേരി നായരെ സ്വാധീനിച്ചു ഭൂമി മുഴുവനും തന്റെ വരുതിയിലാക്കി. പെരിങ്ങാടി കേസ്സുമായി ഹൈക്കോടതിയിലെത്തി. വിജയിച്ചു. കൂത്താളി നായർ ലണ്ടനിലെ പ്രവികൗൺസിലിന്റെ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തു. ബ്രിട്ടീഷ് കോടതിയിൽ ഇന്ത്യക്കാർക്ക് കേസ് വാദിക്കാൻ അന്ന് അവകാശം നിഷേധിക്കപ്പെട്ട കാലമാണ് എന്നോർക്കണം. കേസ് വാദിക്കാൻ ചുമതലപ്പെടുത്തിയ ``ധ്വര"യെ സഹായിക്കുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ടത് കൃഷ്ണമേനോന്റെ പിതാവ് ആയഞ്ചേരി കോമത്ത് കൃഷ്ണക്കുറുപ്പായിരുന്നു. കേസ്സിൽ മൂപ്പിൽ നായർ വിജയിച്ചു. അതിന് പാരിതോഷികമായി നൽകപ്പെട്ടതാണ് ചങ്ങരോത്ത് പഞ്ചായത്തിലെ `ജാനകീ വയലും' മരുതോങ്കരയിലെ `ജാനകിക്കാടും'

## ചവോക്ക് കഥ പറയുന്നു

ആപൽഘട്ടത്തിൽ പഴശ്ശിയെ ഈ നാടുവാഴികൾ സഹായിച്ചു എന്നത് ശരി എന്നാൽ ഇതിനൊരു മറുവശവും ഉണ്ട്. വിക്ടോറിയാ രാജ്ഞിയുടെ വിളംബരത്തോടുകൂടി ഇന്ത്യയിലാകെ സാമ്രാജ്യത്വവും ഫ്യൂഡലിസവുമായി സഖ്യം പ്രബലമായി. ചങ്ങരോത്തും ഇത് സംഭവിച്ചു. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ എതിർക്കുക മാത്രമല്ല സാധാരണജനങ്ങളെ ജാതി-ജന്മി വ്യവസ്ഥയുടെ തടവറയിൽ തളച്ചിടാനാണ് അവർ ശ്രമിച്ചത്. കുടചൂടിയോ തലക്കെട്ട് ധരിച്ചോ നടക്കാൻ പാടില്ലായിരുന്നു. സവർണരെ തീണ്ടിപ്പോകാൻ പാടില്ല. കീഴ്ജാതിക്കാർക്ക് ക്ഷേത്ര സമീപത്തൂടെ സഞ്ചരിക്കാൻ പാടില്ല. തീരുവായ്ക്ക് മറുവാക്കില്ല. ഇപ്പോൾ കൂത്താളി ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തിനടുത്ത് ചവോക്ക് മരത്തിൽ പിടിച്ചു കെട്ടി തെരണ്ടി വാൽ കൊണ്ടടി, വെയിലത്ത് നിർത്തിപൊരിക്കൽ, പുകമുറിയിൽ അടച്ചിടുക തുടങ്ങിയ കിരാതമർദ്ദനങ്ങളുടെ അനുഭവങ്ങൾ പഴമ

ക്കാർ ഓർക്കുന്നു. ഇതിനെതിരെ സംഘടിതമായ ചെറുത്തുനിൽപ്പുണ്ടായില്ലെങ്കിലും ഒറ്റപ്പെട്ട ചെറുത്തുനിൽപ്പിന്റെ ഉദാഹരണങ്ങളുണ്ട്. കല്ലൂരെ പുത്തൂർ തറവാട്ടുകാർ കരിങ്കല്ലുപയോഗിച്ച് വീടിന്ന് പടവുണ്ടാക്കാൻ ശ്രമിക്കുമ്പോൾ അത് തടയാൻ കാര്യസ്ഥനും ശിങ്കിടിമാരും ആനയുമായി എത്തിച്ചേരുന്നുവത്രെ. പക്ഷെ കടുത്ത എതിർപ്പിനു മുന്നിൽ അവർക്ക് മുട്ടുമടക്കേണ്ടി വന്നു. ❍

## ജന്മിത്വത്തിന്റെ കൈരേഖകൾ

### 1. മലയാം ജില്ല രേഖ - ദേശരേഖകളുടെ ഇൻഡക്സ് -ഒരു നൂറുങ്ങ്

| | ജന്മിയുടെ പേര് | സ്ഥലം<br>ഏക്ര / സെന്റ് |
|---|---|---|
| 1 | കൂടിക്കാവിൽ മല്ലിശ്ശേരി ഇല്ലത്ത് മാധവൻ നമ്പൂതിരി | 48 ഏക്ര 85 സെന്റ് |
| 2 | കൂനിയോട് പടിക്കൽ ഭഗവതി ദേവസ്വം | 5 ഏക്ര 46 സെന്റ് |
| 3 | അരിയന്താരി ദേവസ്വം | 111 ഏക്ര 71 സെന്റ് |
| 4 | പാലേരി കുഞ്ഞിരാമൻ എന്നു പേരായ അഛൻമഠത്തിൽ നായര് | 178 ഏക്ര 67 സെന്റ് |
| 5 | കൂത്താളി മൂത്തവര് | 133 ഏക്ര 71 സെന്റ് |

### 1933ലെ ചങ്ങരോത്ത് അംശം

### ഘെലഷവാർ രേഖയിൽ നിന്ന് ഒരുദാഹരണം

| സർവ്വെ നമ്പർ | റീ.സ. നമ്പർ | സ്ഥലം | ഇനം | മണ്ണിന്റെ ക്ലാസ് തരം | നികുതി നിരക്ക് | വിസ്തീർണ്ണം ഏക്ര | നികുതി | ജന്മിയുടെ പേര് | പട്ടയ നമ്പർ |
|---|---|---|---|---|---|---|---|---|---|
| 2 | 38 | കയനാക്കുന്ന് മല, പനങ്ങാട് കുന്ന്മല ഇടിയോട്ടും തറമല, കാപ്പുമല കക്കുഴി- മൂടിയഞ്ചാൽകുന്ന് തൊടുവയലിൽ വെളിച്ചം പറമ്പ്, മാണിക്കോത്ത് പറമ്പ്, അമ്പലക്കണ്ടി പറമ്പ് ഇടിയോട്ട് പറമ്പ് | | അസ്ഥിരം പുഞ്ച | രണ്ട് രൂപ | 487 ഏക്ര 37 സെന്റ് | 974 രൂപ 74 പൈ | കോതരാമൻ എന്ന സ്ഥാനപ്പേരും കുഞ്ഞിശങ്കരൻ എന്നുപേരുമായ അവിഞ്ഞാട്ട് മൂത്തവര്, 2 കുഞ്ഞിരാമൻ എന്നു പേരായപയ്യോർമല കുഞ്ഞാളി നായര് | 17 |

242

പട്ടികയിലെ വിശദാംശങ്ങൾ ഇനിയും എത്രയോ നീട്ടാം. ചങ്ങരോത്ത് പഞ്ചായത്തിലെ ഭൂമിയത്രയും വിരലിലെണ്ണാവുന്ന ജന്മിമാരുടെ കൈവശത്തിലായിരുന്നുവെന്ന് രേഖകൾ തെളിയിക്കുന്നു. കൂത്താളി മൂപ്പിൽ നായർ, അവണിയാട്ട് നായർ എന്നിവർ പ്രധാനികളാണ് അരിയന്താരിക്ഷേത്രം പോലുള്ള ക്ഷേത്രങ്ങൾക്ക് ദേവസ്വം ഭൂമിയുണ്ടായിരുന്നു. പ്രമുഖ ജന്മികളിൽ പലരും നമ്പൂതിരിമാരായിരുന്നു

## സാമ്പത്തിക സ്ഥിതി

കൊല്ലിനും കൊലയ്ക്കും അധികാരമുള്ള ജന്മികളുടെ കൈവശം ഒരു പാട് ഏക്രഭൂമി അവർക്ക് കീഴിൽ പാട്ടം കൊടുത്തും ചാർത്തി വാങ്ങിയും താമസിക്കുന്ന കുടിയാന്മാർ പല ജന്മിമാരുടെ കീഴിലും ഒന്നോ രണ്ടോ തലത്തിൽ ഇടജന്മികൾ മധ്യവർത്തികളായ ജന്മികളും ഉണ്ടായിരുന്നു. എല്ലാറ്റിനും കീഴെ ഒരു തരിമണ്ണോ സ്വത്വമോ സ്വന്തം മേൽവിലാസം പോലുമോ ഇല്ലാതിരുന്ന അടിയാളന്മായ കർഷകതൊഴിലാളികൾ - ഇതായിരുന്നു അന്നത്തെ സാമൂഹ്യവ്യവസ്ഥ.

ജന്മികുടിയാൻ ബന്ധത്തിന് അടിസ്ഥാനം ഒരു കരാറാണ്. കരാർ ലംഘനത്തിന്റെ പേരിലോ തങ്ങൾക്ക് ഹിതകരമല്ലാത്ത മറ്റെന്ത് കാരണമുണ്ടായാലോ കുടിയാനെ ഒഴിപ്പിക്കാൻ ജന്മിമാർക്ക് കഴിയുമായിരുന്നു. തരിശ് ഭൂമി കൃഷിഭൂമിയാക്കി മാറ്റിയാൽ പോലും കരാർ ലംഘനമായി കണക്കാക്കി ഒഴിപ്പിക്കുമായിരുന്നു. കരാർ നിലനിൽക്കുമ്പോൾ തന്നെ അത് റദ്ദാക്കി മറ്റൊരാൾക്ക് മേൽചാർത്ത് കൊടുക്കാൻ ജന്മിമാർക്ക് അധികാരമുണ്ടായിരുന്നു.

കാർഷികോല്പാദനം വർധിക്കുന്നതിന്, ഉല്പാദനശക്തികളുടെ വികാസത്തിന് ജന്മിത്തം തടസ്സമായിയെന്ന് ഈ വസ്തുതകൾ തെളിയിക്കുന്നു. സ്വാതന്ത്ര്യത്തിന് മുമ്പ് കുടിയായ്മ പരിഷ്ക്കരണങ്ങളിലും മേൽച്ചാർത്ത് പോലുള്ള ക്രൂരതകൾ ലഘൂരിക്കപ്പെട്ടുവെങ്കിലും പലതരത്തിലുള്ള ഒഴിപ്പിക്കലുകളും തുടർന്നു. എല്ലാ തരത്തിലുള്ള കുടിയൊഴിപ്പിക്കലുകളും അവസാനിപ്പിച്ചിരിക്കുന്നു എന്ന പ്രഖ്യാപനത്തോടു കൂടി 57ൽ ഭൂപരിഷ്ക്കരണത്തിന് തുടക്കം കുറിച്ചു. ജന്മിത്വത്തിന്റെ കോട്ടകൊത്തളങ്ങൾക്ക് മേൽ വന്നു വീണ ഈ വെള്ളിടിയുടെ വെളിച്ചം കാർഷിക മേഖലയിൽ പുതിയ ഉന്മേഷത്തിനു നവചൈതന്യത്തിനും കളമൊരുക്കി. ഇതിന്റെ സംരക്ഷണം കിട്ടിയ ഒട്ടേറെ കൃഷിക്കാർ പഞ്ചായത്തിലുണ്ട്.

## കൂത്താളി എസ്റ്റേറ്റ്

മരുമക്കത്തായ നിയമനുസരിച്ച് (അളിയൻ സന്താനദായം) അവകാശികൾ അന്യം നിന്നുപോയതിനെ തുടർന്ന് അറ്റാലടുക്ക നിയമപ്രകാരം കൂത്താളി വക ഭൂമി 1936ൽ ഗവ: ഏറ്റെടുത്തു. മൊത്തം പാട്ടത്തിന്റെ 3/8 ഭാഗം പാട്ടം വരുന്നതും വനഭൂമി ഒഴികെയുള്ളതുമായ ഭൂമിയുടെ ജന്മാവകാശം മൂപ്പിൽ നായരുടെ സന്തതികൾക്ക് ഓണറേറിയമായി വിട്ടുകൊടുത്ത് അവശേഷിക്കുന്ന ഭൂമിയത്രയും ഗവണ്മെണ്ടിൽ നിക്ഷിപ്തമായി. ഇതാണ് കൂത്താളി എസ്റ്റേറ്റ്. ചങ്ങരോത്ത് പഞ്ചായത്തിലുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ജനകീയ കാർഷിക മുന്നേറ്റത്തിന് വഴിയൊരുക്കിയ ഒരു പരിവർത്തനമായിരുന്നു ഇത്.

## ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ

കേളപ്പജി, സി.കെ.ജി തുടങ്ങിയ ദേശീയ നേതാക്കൾപ്രചരണപ്രവർത്തനങ്ങൾ നടത്തിയതും പൊതുയോഗങ്ങളിൽ പങ്കെടുത്തതും ഓർമ്മിക്കുന്നവരുണ്ട്. ഇത് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലേക്ക് ജനങ്ങളെ ആകർഷിക്കാൻ സഹായിച്ചിട്ടുണ്ട്. വടക്കെ മലബാറിൽ നടന്ന കർഷക സമരങ്ങളും എം.കെ കേളുവേട്ടനെ പോലുള്ളവരുടെ പ്രവർത്തനങ്ങളും പഞ്ചായത്തിൽ കർഷക പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കി. കേളപ്പജിയോടൊപ്പം ജയിൽ വാസം വരിച്ച ഹാജി. ടി.കെ.കെ അബ്ദുള്ള. ക്വിറ്റിന്ത്യാസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ 3 വർഷത്തോളം ബല്ലാരി ജയിലിൽ തടവറയിൽ കിടക്കേണ്ടിവന്ന കെ.ടി.കുഞ്ഞിരാമൻ നായർ എന്നിവരെ നമുക്ക് അഭിമാനത്തോടുകൂടി അനുസ്മരിക്കാം. അവരുടെ പ്രവർത്തന രംഗം ചങ്ങരോത്തായിരുന്നില്ലെങ്കിലും പിൽക്കാല ജീവിതമണ്ഡലം ഇവിടെയായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മാന്യവ്യക്തിയായിരുന്നു ഒറ്റക്കണ്ട

ത്തിലെ സി.വി.ചാക്കോ

"ക്രിസ്ത്യൻ ഈഴവ മുസ്ലിമെന്നൊരു
സ്തുത്യമാം ദൃഢമൈത്രിയാൽ
നാട്ടിൽ ക്ഷോഭമന്യേ
രാഷ്ട്രീയാവകാശം രാഷ്ട്രത്തിനോടർത്ഥിക്കും
സത്യസംരംഭമെ" -എന്നൊക്കയുള്ള അന്നത്തെ രാഷ്ട്രീയ ഗാനങ്ങൾ പഴയ തലമുറയിൽ പെട്ടവർ ഇപ്പോഴും ഓർമ്മിക്കുന്നു.

'ചത്താലും ചെത്തും കൂത്താളി' എന്നു പ്രഖ്യാപിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ 47ൽ നടന്ന കൂത്താളി എസ്റ്റേറ്റ് സമരം പ്രസിദ്ധമാണ്. പ്രസ്തുത സമരനേതാക്കളിൽ ഒരാളായ കെ.എം.കണ്ണൻ മാസ്റ്റർ ചങ്ങരോത്ത് പഞ്ചായത്തിലെ സമരപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. വള്ളിപ്പറ്റ കുഞ്ഞിരാമൻ നായർ, എടത്തുങ്കര രാമുണ്ണി എന്നിവർ ചങ്ങരോത്ത് വില്ലേജിൽ നിന്ന് ഈ സമരത്തിന്റെ മുൻനിരനേതാക്കളായിരുന്നു. 1954-55 കാലത്ത് സോഷ്യലിസ്റ്റ്കാരുടെ നേതൃത്വത്തിൽ മുതുകാട് സമരം നടന്നു. മാധവമേനോൻ, ബാലൻനായർ, സി.ജെ.വർക്കി നേതാക്കൾ എന്ന സമരഗാനം ഇപ്പോഴും ഇവിടെയുള്ള പഴമക്കാരുടെ ചുണ്ടുകളിലുണ്ട്. ആ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജോലിനഷ്ടപ്പെട്ട വ്യക്തിയായിരുന്നു, പിൽക്കാലത്ത് ചങ്ങരോത്ത് പഞ്ചായത്ത് മെമ്പറായ കെ.സി.കൂപ്പ മുതുകാട് സമരത്തോടനുബന്ധിച്ച് നടന്ന കൈക്കോട്ട് ജാഥയിൽ പങ്കെടുത്തതിന്റെ പത്ര റിപ്പോർട്ടും പടവും തെളിവായെടുത്ത് പോസ്റ്റൽ അധികൃതർ കുപ്പയെ പിരിച്ചുവിടുകയാണുണ്ടായത്. പട്ടികജാതിക്കാരായ കെ.പി. കൂപ്പ സവർണ്ണമേധാവികളെ വേണ്ടത്ര ബഹുമാനിക്കുന്നില്ല എന്ന തോന്നൽ അവർക്കുണ്ടായിരുന്നത്രെ. ആ മേലാളൻമാരുടെ പകയാണ് പത്രത്തിലെ പടവും റിപ്പോർട്ടും അധികൃതരുടെ കൈകളിലെത്തിച്ചത്.

## അയിത്തത്തിനും അനാചാരങ്ങൾക്കും എതിരായ സമരം

അയിത്തം സമൂഹത്തെ പലതട്ടുകളിലാക്കി തരംതിരിച്ച് നായർ (നമ്പ്യാർ, കുറുപ്പ്) ഈഴവർ (തിയ്യർ) മുസ്ലിങ്ങൾ (മാപ്പിളമാർ) പുലയർ പറയർ (കാട്ട് ജാതിക്കാർ) ഇങ്ങനെ തരംതിരിച്ചു. നിലനിന്ന ഗ്രൂപ്പുകളും വ്യത്യസ്തവും വൈചിത്ര്യവുമാർന്ന ആചാരരീതികളെപ്പറ്റിയുള്ള ഓർമ്മകളും ഇന്നും പഴം മനസ്സുകളിലുണ്ട്. നായർ, ഈഴവർ,എന്നിവർ പുലയരെ തീണ്ടിയാൽ കുളിക്കണം. അതിനു ശേഷമെ വീട്ടിനകത്ത് കടക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. യാത്രക്കിടയിൽ ഒരു പുലയൻ എതിർ വശത്തു നിന്നു വരുന്ന സവർണ്ണനെ കണ്ടാൽ ആ-ഏ-യാ ശബ്ദിച്ച് ഒഴിഞ്ഞു നിൽക്കണം. സവർണ്ണരുടെ വീട്ടുമുററത്ത് പോലും അവർണ്ണ ജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല. കിണറ്റിൽ നിന്നു വെള്ളമെടുക്കുന്ന കാര്യം പറയേണ്ടതില്ലല്ലോ. ഭക്ഷണവുമായി ഉടമ വീട്ടു കോണിക്കൽ ചെല്ലുമ്പോൾ തീണ്ടാത്തവിധത്തിൽ അകന്നു നിൽക്കണം. നിലത്ത് കുഴികളുണ്ടാക്കി ഇലയോ പാളയോ വെച്ച് അതിലായിരുന്നു ഭക്ഷണം വിളമ്പിയിരുന്നത്. മുന്തിയ ജാതിക്കാർക്കിടയിൽ തന്നെ അസമത്വങ്ങൾ ഒരുപാടുണ്ടായിരുന്നു ആണ്ടൂർനായർ, വട്ടക്കെട്ടുനായർ വെളക്കത്ര നായർ, വെളുത്തേടൻ നായർ എന്നിവർ മറ്റുനായന്മാരോട് കൂട്ടുചേരാനോ ഒന്നിച്ചിരിക്കാനോ പാടില്ലായിരുന്നു. ഭക്ഷണം കഴിച്ചാൽ പാത്രം കഴുകി കമഴ്ത്തണം.

"ജാതിക്കോമരങ്ങൾ" എന്ന് ആശാൻ വിശേഷിപ്പിച്ച കോമരത്തിന്റെ പരിഛേദമായിരുന്നു ഇവിടം. ഇത്തരം ജാതീയമായ ഉച്ചനീചത്വങ്ങൾക്കും ജന്മിനാടുവാഴിത്ത ചൂഷണങ്ങൾക്കുമെതിരെ ഒറ്റപ്പെട്ട ചെറുത്തു നില്പ്പുകളും വീറുറ്റ സംഘടനാ പോരാട്ടങ്ങളും ഇവിടെ നടന്നിട്ടുണ്ട്.

ഇല്ലത്തോ കൊയിലോത്തോ
ദൂരത്തുപോകണം സാധുഞങ്ങ
ദൂരത്തു ചെന്നങ്ങു ചെല്ലുന്ന നേരത്ത്
ചാരത്ത് ചെന്നിടാം പട്ടികൾക്കും
ഞങ്ങളെ കാഷ്ഠവു തന്നങ്ങുചെല്ലുന്ന
പട്ടികൾ തൊട്ടാലശുദ്ധിയില്ല
പട്ടിയേക്കാളിതങ്ങത്രയും നീചരായ്
കണ്ടില്ലെ ഞങ്ങളെ ദുഷ്ഠവർഗ്ഗം -എന്നിങ്ങനെ കീഴ്ജാതിക്കാരെ പട്ടികളെക്കാൾ നികൃഷ്ഠരായി കാണുന്ന വ്യവസ്ഥയ്ക്കെതിരെയുള്ള പ്രതിഷേധം ആവടുക്കയിലും മറ്റും ആഞ്ഞടിച്ചതാണ് ഈ പടപ്പാ

ട്ടിൽ പ്രതിഫലിക്കുന്നത്.

## ജനവാസ ചരിത്രം


പഴയ കാലം മുതൽക്കെ ജനാധിവാസകേന്ദ്രമായിരുന്നു കുനിയോട്. വ്യാപാര കേന്ദ്രമായി വടകര പട്ടണവുമായി തോണിമാർഗ്ഗം കച്ചവടബന്ധം പുലർത്തിയ കുനിയോടിനെ ചങ്ങരോത്തിന്റെ തുറമുഖം എന്ന് വിശേഷിപ്പിക്കാം. കുനിയോട് ഭഗവതി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടക്കുന്ന ഓണക്കളിക്കും പുലിക്കളിക്കും കൊയിലാണ്ടിയിലെ കൊല്ലം പിഷാരികാവിൽ നടക്കുന്ന ആഘോഷങ്ങളുമായി വലിയ അളവിൽ സാദൃശ്യമുണ്ട്. കൊല്ലം ഭാഗത്തുനിന്ന് കുടിയേറിപ്പാർത്ത വ്യാപാരികളാണ് ``കുനിയോടേടെ രാവാരികളായി" മാറിയതെന്ന് ജനപുരാണം. 1892 ജൂൺ മാസത്തിൽ പാലേരി അംശത്തിലെ പാറക്കടവ് ജുമാഅത്ത് പള്ളിക്കുവേണ്ടി സ്ഥലം രജിസ്റ്റർ ചെയ്യുകയും മൂണ്ട പിലാക്കൂൽ പക്രൻ എന്നവരുടെ നേതൃത്വത്തിൽ പള്ളിനിർമ്മിച്ചു കൊടുക്കുകയും ചെയ്തു. 1840 കളിലാണ് ഈ പ്രദേശത്ത് മുസ്ലിംങ്ങൾ കുടിയേറി പാർത്തതെന്നാണ് പാറക്കടവ് പള്ളിയിലെ മുക്രി വയോധികനായ ഇല്യാറപ്പറമ്പ് അബ്ദുള്ളയുടെ അഭിപ്രായം. ചങ്ങരോത്ത് അംശത്തിലെ വിവിധഭാഗങ്ങളിൽ ഈ നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ പൈതോത്ത് പേരാമ്പ്ര, മേഞ്ഞാണ്യം, എരവട്ടൂർ, മേപ്പയ്യൂർ എന്നിവിടങ്ങളിൽ നിന്ന് ധാരാളം കൂടുംബങ്ങൾ കുടിയേറിപ്പാർത്തു. പ്രാദേശിക കുടിയേറ്റം എന്ന് ഇതിനെ വിശേഷിപ്പിക്കാം. ഏതാണ്ട് 1920ൽ തന്നെ കുറെ കൃസ്ത്യൻ [illegible]ബാറിലേക്ക് കുടിയേറുകയു[illegible] ചങ്ങരോത്ത് പഞ്ചായത്തിലെ ഒറ്റക്കണ്ടം ഭാഗത്ത് കൃസ്തീയ കുടിയേറ്റത്തിന് തുടക്കമിട്ടത് പുല്ലേരി, പുരയിടത്തിൽ എന്നിവയാണ് ആദ്യ കുടിയേറ്റ കുടുംബം. അതിൽ പിന്നീട് കൂടുതൽ കുടുംബങ്ങൾ കുടിയേറിപ്പാർത്തു. 1944ൽ കൃസ്ത്യൻ പള്ളി പണി തുടങ്ങി. ഇടവകയിൽ നൂറ്റിരുപത് വീട്ടുകാരുണ്ടായിരുന്നു. മലമ്പനിയോടും കാട്ടുമൃഗങ്ങളോടും മല്ലിട്ട് തരിശ്ഭൂമി കൃഷിഭൂമിയാക്കി മാറ്റിയ കൃസ്തീയ കുടിയേറ്റക്കാർ ഈ മലയോരത്ത് ഒരു ഹരിത വിപ്ലവം തന്നെ സൃഷ്ടിച്ചു. കപ്പകൃഷി വ്യാപകമായി. റബ്ബർ കൃഷി ആരംഭിച്ചതും കുരുമുളക് കൃഷിവ്യാപിപ്പിച്ചതുമാണ് കാർഷികരംഗത്ത് ഈ കുടിയേറ്റക്കാരുടെ പ്രധാന സംഭാവന.

## പുതിയ വികസന രാഷ്ട്രീയത്തിലേക്ക്

അരനൂറ്റാണ്ടിനിടയിൽ വികസനത്തിന്റെ രഥചക്രങ്ങൾ നിമ്നോന്നതങ്ങളായ ഈ പഞ്ചായത്തിന്റെ ചരിത്രഭൂമികയിലൂടെ കയറിയിറങ്ങി വളവും തിരിവും പിന്നിട്ട് സഞ്ചരിക്കുകയായിരുന്നു. ഒട്ടേറെ വ്യക്തികൾ പ്രസ്ഥാനങ്ങൾ ഈ തേര് തെളിച്ച് ഇന്നിതാ ഇവിടെ വരെ എത്തിച്ചു. വിയർപ്പിന്റെയും കണ്ണീരിന്റെയും ചോരയുടെയും ഈ പാതയോരങ്ങളിലൂടെ എങ്കിലും പോരായ്മകളുണ്ട്. ഇതൊക്കെയാണെങ്കിലും ഒരു മാറ്റത്തിന്റെ ഒരു പുതിയ തുടക്കത്തിന്റെ പുതിയൊരു വികസനപരിപ്രേക്ഷ്യത്തിന്റെ കൊടിയേറ്റം ആരംഭിച്ചു കഴിഞ്ഞ ഈ കാലഘട്ടത്തിന്റെ ഉജ്ജ്വല മുഹൂർത്തത്തിൽ നമുക്ക് ഒരുമിച്ച് ഒരു ശബ്ദത്തിൽ ഇടശ്ശേരിയുടെ ഈ വരികൾ ഉരുവിടാം:

``കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ"

○



245

# മണ്ണ് മനുഷ്യർ ചുറ്റുപാട്

## 1 മാനുഷ്യകം

1991ലെ സെൻസസ് പ്രകാരം ചങ്ങരോത്തെ ജനസംഖ്യ 27748 ആയിരുന്നു. ഇതിൽ 13947 പുരുഷന്മാരും 13801 സ്ത്രീകളുമാണ്. പുരുഷന്മാരെക്കാൾ 146 സ്ത്രീകൾ കുറവാണ്. ആകെ 5159 വീടുകളായിരുന്നു. അതായത് ശരാശരി വീടൊന്നിന് 5.38 ആളുകൾ വീതമുണ്ട്. ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3870 ആയിരുന്നു. ഇതിൽ 1974 ആൺകുട്ടികളും 1896 പെൺകുട്ടികളും ആണ്. പട്ടികജാതി-പട്ടികവർഗ്ഗ ആകെ ജനസംഖ്യ 2691 ആണ്. 1364 ആണും 1327 പെണ്ണും. ആകെ ജനസംഖ്യയിൽ 11280 പുരുഷൻമാത്രം 9897 സ്ത്രീകളും സാക്ഷരരാണ്.

സ്ത്രീപുരുഷ അനുപാതം

| വാർഡ് | ജനസംഖ്യ | സ്ത്രീ | പുരു | അനുപാതം |
|---|---|---|---|---|
| 1 | 2707 | 1320 | 1387 | 952 സ്ത്രീകൾക്ക് 1000 പുരുഷന്മാർ |
| 2 | 3013 | 1491 | 1522 | 980 " " |
| 3 | 2030 | 1031 | 999 | 1032 " " |
| 4 | 2709 | 1345 | 1364 | 986 " " |
| 5 | 2906 | 1426 | 1480 | 963 " " |
| 6 | 3182 | 1588 | 1594 | 996 " " |
| 7 | 3400 | 1645 | 1755 | 937 " " |
| 8 | 2933 | 1492 | 1441 | 1035 " " |
| 9 | 2627 | 1309 | 1318 | 993 " " |
| 10 | 2241 | 1154 | 1087 | 1061 " " |
| ആകെ | 27748 | 13801 | 13947 | 996 " " |

6 വയസ്സിൽ താഴെയുള്ള കുട്ടികൾ

| പെൺ | ആൺ | |
|---|---|---|
| 1327 | 1364 | 973 പെൺകുട്ടികൾ 1000 ആൺകുട്ടികൾ |

പട്ടികജാതി, പട്ടികവർഗ്ഗക്കാർ

| സ്ത്രീ | പുരു | |
|---|---|---|
| 1500 | 1638 | 918 സ്ത്രീകൾക്ക് 1000 പുരുഷന്മാർ |

| | സ്ത്രീ | പുരുഷൻ | സ്ത്രീപുരുഷ അനുപാതം |
|---|---|---|---|
| സംസ്ഥാനം | 14809523 | 14288995 | 1036 സ്ത്രീകൾക്ക് 1000 പുരുഷന്മാർ |
| ജില്ല | 1327176 | 1292765 | 1026 സ്ത്രീകൾക്ക് 1000 പുരുഷന്മാർ |

സ്ത്രീ പുരുഷ അനുപാതം ജില്ലാ സംസ്ഥാന അനുപാതത്തിന്റെ വിപരീത ദിശയിലാണ് സ്ഥിതിചെയ്യുന്നത്. 3,8,10 വാർഡുകളൊഴികെ മറ്റെല്ലാവാർഡുകളിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കുറവാണ്. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ കാര്യത്തിലും ഇതു തന്നെയാണ് നില. പട്ടികജാതിപട്ടികവർഗ്ഗവിഭാഗത്തിൽ സ്ത്രീ പുരുഷാനുപാതത്തിലെ അന്തരം കുറച്ചുകൂടി വർദ്ധിക്കുന്നതായി കാണാം. ഇത് പഞ്ചായത്തിന്റെ ജനങ്ങളുടെ ഒരു പൊതു പ്രവണതയായി കണക്കാക്കാമെന്ന് തോന്നുന്നു.

## ജനസാന്ദ്രത

1996 ലെ ICDS സർവ്വെപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 29979 ആണ്.

| | ജനസംഖ്യാ വർദ്ധന നിരക്ക് | ജനസാന്ദ്രത |
|---|---|---|
| കേരളം | 19.8 | 749 ച.കി.മീ |
| കോഴിക്കോട് ജില്ല | 16.37 | 1115 " " |
| ചങ്ങരോത്ത് പഞ്ചായത്ത് | 16.20 | 1561 " " |

ജനസംഖ്യാവർദ്ധന ജില്ലാനിരക്കുമായി യോജിച്ചുപോകുന്നതായി കാണുന്നു. പഞ്ചായത്തിലെ 3180 ആളുകൾ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. 445 പേർ താൽക്കാലികമായി സംവിധാനങ്ങൾ ഉപയോഗിക്കുന്നു. കുടുംബസംവിധാന രംഗത്ത് കൂടുതൽ പ്രചരണ പ്രവർത്തനങ്ങൾ ആവശ്യമാണ്.

ജനസാന്ദ്രതയുടെ കാര്യത്തിലാകട്ടെ, സംസ്ഥാന, ജില്ലാ തലത്തിൽ നിന്നും വളരെയേറെ ഉയർന്ന സാന്ദ്രതയാണ് കാണുന്നത്. സംസ്ഥാന സാന്ദ്രതയെക്കാൾ ഇരട്ടിയിലധികമാണ്. 50 വർഷങ്ങൾക്കു മുമ്പ് ഏതാണ്ട് 50 ശതമാനത്തോളം വരുന്ന ഭൂവിഭാഗം സ്ഥിരമായി കൃഷിചെയ്യാത്ത പ്രദേശങ്ങളോ തരിശുഭൂമിയോ, വിജനമോ ആയിരുന്നു. എന്നാൽ ഇന്ന് ജനസാന്ദ്രതയുടെ കാര്യത്തിൽ അമ്പരപ്പുണ്ടാക്കുന്ന വർദ്ധന പഞ്ചായത്തിൽ കാണാം. താമസ സൗകര്യത്തിനു അനുയോജ്യമായ ഭൂപ്രദേശമായതുകൊണ്ട് ജില്ലയുടെ പലഭാഗത്തുനിന്ന് വടക്കൻ ഭാഗങ്ങളിൽനിന്നു പ്രത്യേകിച്ചും, ജനങ്ങൾ കുടിയേറിതാമസിച്ചതാണ് സ്വാഭാവികമായ വർദ്ധനയ്ക്കുപുറമെ ജനങ്ങളും ജനസാന്ദ്രതയും വർദ്ധിക്കാൻ കാരണം. ഭൂമിയുടെ വിലവർദ്ധനവിനും കൃഷിഭൂമി തുണ്ടം തുണ്ടമാക്കുന്നതിന്നും പാർപ്പിട പ്രശ്നം രൂക്ഷമാകുന്നതിനും ഇതുകാരണമാകുന്നു. നെൽപ്പാടങ്ങൾ നികത്തി കരപ്രദേശങ്ങളായി രൂപാന്തരപ്പെടുന്നതിനും റോഡുകൾക്കുവേണ്ടിയുള്ള മുറവിളിക്കും ഇതു തന്നെയാണ് മുഖ്യ കാരണം.

## സാക്ഷരത

സാക്ഷരതയുടെ കാര്യത്തിൽ ചങ്ങരോത്ത് പിറകിലാണ്. സംസ്ഥാനത്ത് 89.7 ഉം ജില്ലയിൽ 79.13ഉം ശതമാനം സാക്ഷരതയുള്ളപ്പോൾ പഞ്ചായത്തിൽ 76.13 മാത്രമാണ്. വിദ്യാഭ്യാസസൗകര്യങ്ങൾ ഏറെയുണ്ടെങ്കിലും ഈ പിന്നോക്കാവസ്ഥക്ക് കാരണം സാമ്പത്തികമായ പരാതീനതയാണ്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞു

പോക്കും ഇതിന്നൊരു കാരണമാണ്. ഈ വിദ്യാലയവർഷം ഇതിനകം രണ്ട് ശതമാനത്തിലധികം കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട്.

പഞ്ചായത്തിലെ തൊഴിൽ വിഭജനം

| തൊഴിൽ മേഖല | ആകെ തൊഴിലാളികൾ | ശതമാനം | പുരുഷന്മാർ | ശതമാനം | സ്ത്രീകൾ | ശതമാനം |
|---|---|---|---|---|---|---|
| കൃഷിക്കാർ | 709 | 10.48 | 669 | 94.35 | 40 | 5.65 |
| കർഷകത്തൊഴിലാളികൾ | 1648 | 24.38 | 1165 | 70.70 | 483 | 29.30 |
| മൃഗപരിപാലനം, മത്സ്യബന്ധനം വനപാലനം | 1060 | 15.70 | 924 | 87.16 | 136 | 12.84 |
| ഖാറി, ഖനനം | 224 | 3.31 | 190 | 84.82 | 34 | 15.18 |
| വ്യവസായം, റിപ്പയറിങ്ങ് കുടിൽ വ്യവസായം | 59 | 0.87 | 35 | 59.32 | 24 | 40.68 |
| റിപ്പയറിംങ്ങ് | 406 | 6 | 377 | 92.85 | 29 | 7.15 |
| വ്യവസായം/വ്യാപാരം | 909 | 13.44 | 888 | 97.68 | 21 | 2.32 |
| ട്രാൻസ്പോർട്ട് | 560 | 8.28 | 469 | 83.75 | 91 | 16.75 |
| വാർത്താവിനിമയം (കൺസ്ട്രക്ഷൻ) | 308 | 4.56 | 295 | 95.77 | 13 | 4.23 |
| മറ്റുസേവന മേഖലകൾ | 876 | 12.96 | 654 | 74.65 | 222 | 25.35 |
| ആകെ | 6759 | | | | | |

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കേവലം 16 ശതമാനം മാത്രമാണ്. കൃഷിക്കാരിൽ സ്ത്രീകൾക്ക് 5 ശതമാനം മാത്രമാണ് പങ്കാളിത്തമുള്ളത്. കൺസ്ട്രക്ഷൻ മേഖലയിൽ നാല് ശതമാനം മാത്ര മാണ് സ്ത്രീകളടെ പങ്കാളിത്തം. സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നുന്നതിന് തൊഴിൽ മേഖലയിൽ അവർക്കു വേണ്ടിപ്രത്യേക ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. 91ലെ സെൻസസ് പ്രകാരമുള്ള വസ്തുതകളാണ് പട്ടികപ്പെടുത്തിയിട്ടുള്ളത്. ഇതേപ്പറ്റി കൂടുതൽ പഠനം ആവശ്യമാണ്.

നാനാത്വത്തിലെ ഏകത്വം

മതവിഭാഗങ്ങളുടെയും പട്ടികജാതിപട്ടിക വർഗ്ഗജനവിഭാഗങ്ങളുടെയും സ്ഥിതി വിവരം താഴെ കൊടു ക്കുന്നു.

| ആകെ ജനസംഖ്യ | ഹിന്ദു | ശതമാനം | മുസ്ലിം | ശതമാനം | ക്രിസ്ത്യൻ | ശതമാനം | പട്ടിക ജാതി വർഗ്ഗം | ശതമാനം |
|---|---|---|---|---|---|---|---|---|
| 29979 | 18264 | 60.92 | 11189 | 37.32 | 526 | 1.76 | 3141 | 10.48 |

ദേവാലയങ്ങൾ

| ഹിന്ദു | മുസ്ലിം | ക്രിസ്ത്യൻ | ആകെ |
|---|---|---|---|
| 31 | 32 | 3 | 66 |

മദ്രസ്സകളുടെ വിവരം


| ആകെ മദ്രസ്സകൾ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ഏതു ഏജൻസികളുടെ അംഗീകാരം |
|---|---|---|---|---|
| 15 | 1121 | 1113 | 2234 | 1) സമസ്ത കേരള വിദ്യാഭ്യാസ ബോർഡ്-10<br>2) ഇന്ത്യൻ ജന.അത്ഇസ്ലാമി<br>3) സമസ്തവിദ്യാഭ്യാസ ബോർഡ്-2 (എ.പി) |

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 29979 ആണല്ലോ? ഇവർ 5757 വീടുകളിലായി താമസിക്കുന്നു. ഇതിൽ 2252 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് കീഴെയുള്ളവരാണ്. അതായത് 39 ശതമാനം കുടുംബങ്ങൾ ദരിദ്രരാണ്. മതന്യൂനപക്ഷജനവിഭാഗങ്ങളും പട്ടികജാതി പട്ടികവർഗ്ഗവും കൂടിച്ചേർന്നാൽ ജനസംഖ്യയിൽ പകുതിയായി. പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾ പരിശോധിക്കോമ്പോൾ ഈ വസ്തുതകൾ പരിഗണിക്കേണ്ടതുണ്ട്.


ചങ്ങരോത്തിന്റെ സാംസ്ക്കാരിക പാരമ്പര്യം മതസൗഹാർദ്ദത്തിലധിഷ്ഠിതമാണ്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ ഐക്യം ഇവിടെ ഒരു യാഥാർത്ഥ്യമാണ്. ഉത്സവങ്ങൾ,പെരുന്നാളുകൾ പോലുള്ള ആഘോഷങ്ങൾ തുടങ്ങിയ മതപരമായ ചടങ്ങുകളിലെല്ലാം പരസ്പര സൗഹൃദത്തിന്റെ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. വംശീയ, വർഗ്ഗീയ കലാപത്തിന്റെ പ്രതിധ്വനികളൊന്നും ഇവിടെ പ്രശ്നങ്ങൾ ഉണ്ടാക്കാറില്ല. രാഷ്ട്രീയ സാംസ്ക്കാരിക നേതൃത്വത്തിന്റെ സജീവസാന്നിദ്ധ്യവും കൂട്ടായ്മയും മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നു.

പഞ്ചായത്തിലെ ജനപ്രകൃതിയുടെ നാനാതലസ്പർശിയായ വിശകലനം ചേർത്തു വച്ചു നോക്കുമ്പോൾ ഭാവി ഇരുളടഞ്ഞതല്ല.

സാമൂഹ്യസാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്കും പ്രശ്നങ്ങൾക്കുമെതിരെ നിതാന്തജാഗ്രത നാം വച്ചുപുലർത്തേണ്ടതുണ്ട്. വസ്തുനിഷ്ഠ യാഥാർത്ഥങ്ങൾ വിലയിരുത്തി കൂട്ടായ്മയിലൂടെ നമക്ക് മുന്നോട്ട് പോകാം.



249



# മണ്ണ്

## 1.ഭൂപ്രകൃതി

മൂന്ന് ഭാഗവും പുഴകൾ. 'മലകൾ മൊട്ടക്കുന്നുകൾ താഴ്വരകൾ'. പഞ്ചായത്തിനെ പകുത്തുകൊണ്ടൊഴുകുന്ന. ചെറുപുഴ, ചങ്ങരോത്ത് പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ ഒറ്റ നോട്ടത്തിൽ ഇങ്ങനെ വരച്ചിടാം. അക്ഷാംശം വടക്ക് 11.2° രേഖാംശം 75.9° ഇടയിൽ കോഴിക്കോട് ജില്ലയുടെ വടക്കുഭാഗത്താണ് ചങ്ങരോത്ത് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ ഘടന മുഖ്യമായും ദ്രുതഗമന പഠനത്തിലൂടെ ശേഖരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയത്. പടിഞ്ഞാറ് കല്ലൂർ മൂഴിയിൽ നിന്ന് കിഴക്ക് മൂഴിയഞ്ചാൽ വരെ, കുഴിമ്പിൽപാലം-കുന്നശ്ശേരി; കുനിയോട് അരയാൽ തറ-ചവറമൂഴി; തെക്കേടത്ത് കടവ്-വെള്ളച്ചാൽ; കുമ്പളം-തോട്ടത്താംകണ്ടി; തെക്കെ അതിർത്തിയായ പൂവാറക്കുന്നുമുതൽ ആത്രപള്ളിതാഴ

കൈതേരിമുക്ക്-കോക്കാട് എന്നീ ക്രമത്തിൽ പഞ്ചായത്തിലെ അതിർത്തിയിലൂടെ തലങ്ങും വിലങ്ങുമായി സഞ്ചരിച്ച ഏഴ് പര്യവേക്ഷണഗ്രൂപ്പുകൾ വസ്തുതകൾ നിരീക്ഷിച്ച് രേഖപ്പെടുത്തിയ ഭൂപ്രകൃതിയുടെ സ്ഥിതിയനുസരിച്ച് 6 മേഖലകളായി തിരിക്കാം:

1. സമതലം,
2. ചെരിവ്
3. വയൽ,
4. തീരപ്രദേശം
5. കുന്ന്,
6. നീരുറവപ്രദേശം

250

### കല്ലൂർമൂഴി മുടിയൻചാൽ

| സമതല പ്രദേശം | മണ്ണ് | സസ്യാവരണം | ജലലഭ്യത | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|---|
| കല്ലൂർമൂഴി പ്രദേശം | മണൽ മണ്ണ് | തെങ്ങ് കവുങ്ങ് | സുലഭം | മണൽ വാരൽ വ്യാപകം കിണറുകളിൽ വെള്ളം കുറവ് |
| തന്തമലകുന്നിന്റെ മുകൾഭാഗം | വെട്ടുകൽ ചേർന്നത് | തരിശ് | ദരിദ്രം | കശുമാവ് കൃഷിക്ക് പറ്റും |
| പുറക്കിലേരി കുന്നിന്റെ മുകൾഭാഗം | വെട്ടുകൽ ചേർന്നത് | തരിശ് | ദരിദ്രം | മണ്ണൊലിപ്പ് |
| കല്ലൂർ പുഴയുടെ പടിഞ്ഞാറ് | ചെമ്മണ്ണ് | കവുങ്ങ് തെങ്ങ് | സുലഭം | റബ്ബർകൃഷിക്ക് പറ്റും |
| നടുവിലങ്ങം ചാൽ കുന്നിന്റെ മുകൾ ഭാഗം | ചെമ്മണ്ണ് | തെങ്ങ് റബ്ബർ | ദരിദ്രം | തേങ്ങയുടെ ഉല്പന്നം കുറയുന്നു |
| കോക്കാട്. കെ.ടി.റോഡ് | ചെമ്മണ്ണ് കളിമണ്ണ് | തെങ്ങ് നെല്ല് കവുങ്ങ്. | ദരിദ്രം | മണ്ണൊലിപ്പ് വ്യാപകം |
| കെ.ടി.റോഡ്-മുടിയൻ ചാൽ വരെ | കറുത്ത മണ്ണ് | തെങ്ങ് റബ്ബർ | ദരിദ്രം | മണ്ണൊലിപ്പ് |

### കുന്നിൻ ചരിവ്

| | മണ്ണ് | സസ്യാവരണം | ജലലഭ്യത | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|---|
| പുറക്കിലേരി പടിഞ്ഞാറ് ഭാഗം | വെട്ടുകൽ മണ്ണ് | തെങ്ങ് കവുങ്ങ് | മിത | മണ്ണൊലിപ്പ് വ്യാപകം |
| തന്നമല പടിഞ്ഞാറെ ചരിവ് | വെട്ടുകൽ | തെങ്ങ് | ദരിദ്രം | മണ്ണൊലിപ്പ് വ്യാപകം |
| തന്നമല കിഴക്ക് ഭാഗം | ചരൽ കലർന്ന ചെമ്മണ്ണ് | കശുമാവ് തെങ്ങ് | മിതം | മണ്ണൊലിപ്പ് വ്യാപകം |
| കിഴക്കയിൽ കുന്നിന്റെ പടിഞ്ഞാറ് | ചെമ്മണ്ണ് | തെങ്ങ് | ദരിദ്രം | മണ്ണൊലിപ്പ് കുരുമുളകിന് ദ്രുതവാട്ടം |
| ചിലമ്പ് മല കുന്നന് | ചെമ്മണ്ണ് | തെങ്ങ് | ദരിദ്രം | - |
| വിളയാറ ഭാഗം | കറുത്ത മണ്ണ് | തെങ്ങ് | മിതം | - |
| പൂവാറ ഏരം തോട്ടം | ചെമ്മണ്ണ് | തെങ്ങ് | മിതം | 15 സെന്റ് കുളം |
| പൂവാറ കിഴക്കു ഭാഗം | ചെമ്മണ്ണ് | റബ്ബർ തെങ്ങ് കവുങ്ങ് | മിതം | |

251

| | | | | |
|---|---|---|---|---|
| നെടുവിലങ്ങും ചാൽ കുന്ന് പടിഞ്ഞാറ് | ചെമ്മണ്ണ് | റബ്ബർ തെങ്ങ് | മിതം | |
| നെടുവിലങ്ങും ചാൽ-കിഴക്കു ഭാഗം | ചെമ്മണ്ണ് | തെങ്ങ് റബ്ബർ | മിതം | |
| മുടിയൻ ചാൽ കുന്നിന്റെ പടിഞ്ഞാറ് ഭാഗം | പാറപ്പൊടി കലർന്ന മണ്ണ് | തെങ്ങ് | ദരിദ്രം | |
| മുടിയാൽ ചാൽ കുന്ന് കിഴക്ക് ഭാഗം | കറുത്ത മണ്ണ് | തെങ്ങ് | ദരിദ്രം | |

വയൽ

| | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| ചക്കിട്ട കണ്ടിതാഴ | ചെളിമണ്ണ് | നെല്ല് | മിതം | ഒരുപൂകൃഷി |
| പുളിക്കൂൽ താഴെ<br>ആവാട്ടുകുന്ന് താഴെ<br>മലോലകണ്ടിതാഴെ | ചെളിമണ്ണ് | നെല്ല് | മിതം | ഒരുപൂകൃഷി |
| കറുത്തകുളങ്ങര താഴെ | ചെളിമണ്ണ് | നെല്ല് | സുലഭം | നീർക്കെട്ട് |
| പുല്ല്യോട്ട് താഴെ | ചെളിമണ്ണ് | നെല്ല് | സുലഭം | |
| കാപ്പുങ്കരപ്പാണ്ടി | ചെളിമണ്ണ് | നെല്ല് | സുലഭം | ഒരുപ്പ ഇരുപൂവിനുസാധ്യത |

തീരപ്രദേശം

| | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| കല്ലൂർ പുഴയുടെ തീരം | ചെമ്മണ്ണ് | തെങ്ങ് | സുലഭം | |

കുറിപ്പുകൾ

***നിർദ്ദേശങ്ങൾ - സാധ്യതകൾ***

- പുറക്കിലേരികുന്ന് തന്തമലക്കുന്ന് എന്നീ സമതല പ്രദേശങ്ങളിൽ കശുമാവു കൃഷിക്ക് അനുയോജ്യമാണെന്ന് അഭിപ്രായമുണ്ട്. കല്ലൂർ മൂഴി പുഴയുടെ പടിഞ്ഞാറ് ഭാഗം റബ്ബർ കൃഷി വികസിപ്പിക്കുന്നതിന് സാധ്യതയുണ്ട്.
- അനധികൃതമായ മണൽ വാരൽ നിരോധിക്കണം. തന്മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണണം
- മണ്ണൊലിപ്പ് വ്യാപകമാണ്. തടയാൻ നടപടിവേണം.
- പൂവാറ ഏരംതോട്ടം ഭാഗത്ത് 15 സെന്റ് വിസ്തീർണ്ണമുള്ള കുളമുണ്ട്. ആഴം കൂട്ടിയാൽ ജലസേചനം വർദ്ധിപ്പിക്കാം
- മഴയെ ആശ്രയിച്ച കൃഷിയാണ്. കറുത്തകുളങ്ങരെ താഴെയുള്ള നീർക്കെട്ട് ഒഴിവാക്കണം. കാപ്പുങ്കര പാണ്ടിയിൽ വെള്ളമെത്തിച്ചാൽ ഒരുപ്പൂ ഇരുപ്പൂവാക്കാം.
- പുഴക്കുനി താഴെ തോടുമായി ബന്ധപ്പിക്കുന്ന ഒരു കനാൽ നിർമ്മിക്കണം.

□□

## കഴുമ്പിൽ പാലം - കുന്നശ്ശേരി

252

### സമതലം

| | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| കുഴിമ്പിൽ താഴെ | വെട്ടുകൽമണ്ണ് | തെങ്ങ് കവുങ്ങ് | ദരിദ്രം | |
| മാവിലാട്ട് ഏരിയ | ചരൽ വെട്ടുകല്ല് മണ്ണ് | തെങ്ങ് | സുലഭം | തെങ്ങിന് മഞ്ഞളിപ്പ് |
| കുന്നത്തുമ്മൽ താഴെ | മണൽ മണ്ണ് | തെങ്ങ് | മിതം | |
| വെള്ളാട്ടുകുളങ്ങര | ചെമ്മണ്ണ് | തെങ്ങ് | സുലഭം | |
| മതുക്കാത്തോട്ട് താഴ | കറുത്ത മണ്ണ് | കപ്പ. കവുങ്ങ് തെങ്ങ് | സുലഭം | |
| വാഴയിൽ താഴ | ചെളി മണ്ണ് | തെങ്ങ് വാഴ കവുങ്ങ് | സുലഭം | വയൽ നികത്തി കുനി യാക്കുന്ന പ്രവണത |
| ചമ്മങ്കുഴി താഴ | ചളിമണ്ണ് | കപ്പ തെങ്ങ് വാഴ | സുലഭം | |
| പൂഴിത്തോട്ടത്തിൽ | മണൽ മണ്ണ് | തെങ്ങ് കവുങ്ങ് | മിതം | |

### വയൽ

| | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| കുറ്റിപ്പുറത്തു താഴെ | കളിമണ്ണ് ചെളി മണ്ണ് | നെല്ല് വാഴ | മിതം | കനാലുണ്ട് വെള്ളം ലഭ്യമല്ല |
| ചെമ്പേരി താഴെ | ചെളിമണ്ണ് | നെല്ല് തെങ്ങ് വാഴ | സുലഭം | തോട്ടത്തിൽ നിന്ന് മണ്ണെ ടുക്കുന്നതുകൊണ്ട് ജലനിരപ്പ് താഴുന്നു. |

### കുന്നിൻ ചെരിവ്

| | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| പാറയുള്ള കണ്ടി താഴെ | ചരൽ മണ്ണ് | തെങ്ങ് കവുങ്ങ് | മിതം | |
| മുടപ്പിലോട്ട് കുന്ന് പാറച്ചാലിൽകുന്ന് പള്ളിയറച്ചാൽ | പാറപ്പൊടി കലർന്ന മണ്ണ് | തെങ്ങ് കവുങ്ങ് | മിതം | പ്രകൃതിദത്ത നീരുറവ വറ്റാത്ത കുളം |

***സാധ്യതകൾ - നിർദ്ദേശങ്ങൾ***

- കുറ്റിപ്പുറത്തു താഴെ വയൽ കനാലുണ്ടെങ്കിലും ജലം ലഭ്യമല്ല. കനാലിന്റെ അറ്റകുറ്റപ്പണികൾ നട ത്താത്തതാണ് കാരണം ഇത് പരിഗണിക്കപ്പെടണം.

- ചമ്പേരിത്താഴ വയൽ - തോട്ടിൽനിന്ന് അനധികൃതമായി മണ്ണെടുത്ത് വയൽനികത്തുന്ന പ്രവണത കാണുന്നു. തന്മൂലം ജലനിരപ്പ് താഴുന്നതിനാൽ ജലസേചനത്തിന് ബുദ്ധിമുട്ടുണ്ട്.
- പള്ളിയറച്ചാലിൽ വറ്റാത്ത നീരുറയുണ്ട്. തൊട്ടടുത്ത് വടക്കെപ്പറമ്പിൽ ഉപയോഗയോഗ്യമല്ലാത്ത ഒരു കുളവും ഉണ്ട്. ഇവ രണ്ടും ഉപയോഗപ്പെടുത്തിയാൽ ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാം.
- വാഴയിൽ താഴെ പ്രദേശത്ത് സുമാർ 50 ഏക്കർ വയൽ നികത്തി തെങ്ങ് കൃഷി വികസിപ്പിച്ചുവെങ്കിലും ഇത് ആദായകരമായില്ല. ഇടവിളകൾ കൃഷി ചെയ്ത് ആദായകരമാക്കാൻ കഴിയും.
- മാവിലാട്ട് ഏരിയയിൽ തെങ്ങിന് വ്യാപകമായ മഞ്ഞളിപ്പ് രോഗമുണ്ട് പരിഹാരം കാണണം.

□□

## *കുമ്പളം പുഴക്കര - തോട്ടത്താംകണ്ടി*

### സമതലം

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| ചെറിയ കുമ്പളം - പടിഞ്ഞാറ് ഭാഗം | മണൽ മണ്ണ് | തെങ്ങ് കവുങ്ങ് വാഴ, കുരുമുളക് | ദരിദ്രം | പുഴത്തീരം ഇടിയുന്നും |
| ചെറിയ കുമ്പളം - ആനേരിതാഴ | വെട്ടുകൽ | തെങ്ങ് കവുങ്ങ് കുരുമുളക് | മിതം | |
| ആനേരി താഴ വയൽ | ചെളിമണ്ണ് വെട്ടുകൽ | തെങ്ങ് കവുങ്ങ് | മിതം | |
| ആനേരി താഴ-രയരോത്ത് | വെട്ട്കല്ല് | തെങ്ങ് കവുങ്ങ് | മിതം | |
| കട്ടങ്കോട്ട് പഞ്ചായത്ത് കിണർ മുതൽകുന്നിൽ മണ്ടവരെ | വെട്ടുകൽ | കശുമാവ് തെങ്ങ് | മിതം | |
| കൈതേരിമുക്ക്-മടത്തുംചാൽ | ചരൽ | തെങ്ങ് | മിതം | |
| മാത്തുംചാൽ - മാവുള്ളചാൽമുക്ക് | വെട്ടുകൽ | തെങ്ങ് | മിതം | |
| വടക്കെവീട് - തോട്ടത്താം കണ്ടി | വെട്ടുകൽ | തെങ്ങ് | മിതം | കൂമ്പുചീയൽ വ്യാപകം |
| തോട്ടത്താംകണ്ടി പള്ളി മുതൽ പുഴയാരം വരെ | എക്കൽ | തെങ്ങ് കവുങ്ങ് വാഴ കപ്പ | മിതം | വറ്റാത്ത നീരുറവ കൂമ്പുചീയൽ വ്യാപകം |

### ചെരിവ്

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| കട്ടങ്കോട്ട് മുതൽ പഞ്ചായത്ത് കിണർ വരെ | വെട്ടുകൽ | തെങ്ങ് കുരുമുളക് | ദരിദ്രം | |
| കട്ടങ്കോട്ട് കുന്നിൻ മണ്ടയിൽ നിന്ന് നടുതച്ചാൽ വരെ | വെട്ടുകൽ | കശുമാവ് തെങ്ങ് കവുങ്ങ് | ദരിദ്രം | |
| നടുച്ചാൽ മീത്തൽ സ്രാമ്പി വരെ | വെട്ടുകൽ | തെങ്ങ് കുരുമുളക് | ദരിദ്രം | |
| സ്രാമ്പി മുതൽ കൈതേരി മുക്ക വരെ | വെട്ടുകൽ | തെങ്ങ് കവുങ്ങ് കുരുമുളക് | മിതം | |

*സാധ്യതയും നിർദ്ദേശങ്ങളും*

- കട്ടങ്കോട് കുന്നിന്മേലുള്ള പൊതുകിണർ അടിഭാഗം കെട്ടി സുരക്ഷിതമാക്കണം
- പതിനഞ്ച് വയസ്സിനു താഴയുള്ള കുട്ടികൾക്ക് എല്ലു രോഗമുണ്ട് വിശദപരിശോധനയും രോഗപരിഹാരത്തിനം അടിയന്തിര ഇടപെടൽ വേണം.
- ഹെൽത്ത് ഇൻസ്പെക്ടർമാർ, കൃഷിഡെമോൺസ്ട്രേറ്റർമാർ എന്നിവർ പ്രദേശങ്ങളുമായി ബന്ധപ്പെടാത്ത അവസ്ഥയുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.
- തോട്ടത്താം കണ്ടി പള്ളിയുടെ അടുത്ത് വറ്റാത്ത ഒരു നീരുറവയുണ്ട്. ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.

□□

***പൂവാറക്കുന്ന് - ആത്രപ്പള്ളിത്താഴ***

**സമതലം**

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| ചങ്ങരോത്ത് പാലത്തിനടുത്ത് കെവ്വൽ സ്ഥലം | കമ്മൻ | തെങ്ങ് കവുങ്ങ് | മിതം | ദ്രുതവാട്ടം പുഴയിലെ മണൽ വാരൽ കുടിവെള്ളക്ഷാമം |
| കോറോത്തു താഴ | ചെളി | തെങ്ങ് | സുലഭം | |
| വഞ്ചിപ്പാറമുതൽ ജാനകി വയൽ റോഡുവരെ | ചെളി | കവുങ്ങ് തെങ്ങ് | സുലഭം | വയൽ നികത്തിയ 5 ഏക്കർ സ്ഥലം |
| ആത്രപ്പള്ളിതാഴെ കോവ്വൽ സ്ഥലം | പൂഴി മണ്ണ് | തെങ്ങ് | സുലഭം | പുറമ്പോക്ക് |

**ചെരിവ്**

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| പൂവാറക്കുന്ന് | ചുവന്ന മണ്ണ് | തെങ്ങ്, കവുങ്ങ്, കുരുമുളക് | ദരിദ്രം | ദ്രുതവാട്ടം |
| മൂക്കണ്ണൻ കുന്ന് | ചുവന്ന മണ്ണ് | റബ്ബർ തെങ്ങ് | ദരിദ്രം | |
| കുന്നിലുള്ള ചാൽ | കരിങ്കൽ പൊടിമണ്ണ് | തെങ്ങ് | ദരിദ്രം | കൂമ്പുചീയൽ വ്യാപകം |

**വയൽ**

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| അയനിക്കുന്ന് താഴെ | ചെളി | നെല്ല് | സുലഭം | നീർക്കെട്ട് |
| കോറോത്ത് താഴെ | ചെളി | തെങ്ങ് നെല്ല് | സുലഭം | തോടിന് ഇരുവശവും ഇടിഞ്ഞുപോകുന്നു |
| കടിയങ്ങാട് പാണ്ടി | ചെളി | നെല്ല് | സുലഭം | വെള്ളം കെട്ടി നില്ക്കുന്ന സ്ഥലം. |

255

*സാധ്യതകളും നിർദ്ദേശങ്ങളും*

- കോറോത്ത് താഴ വയലിൽ തോട് വശങ്ങളിൽ ഇടിഞ്ഞ് നിരപ്പാകുന്ന അവസ്ഥയുണ്ട്. തോടിന്റെ സൈഡ് കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കണം (ചങ്ങരോത്ത് വയലിൽ തോട്)
- ചെറുപുഴയുടെ ഇരുവശവും ഇടിഞ്ഞ് കൃഷിഭൂമിക്കുണ്ടാവുന്ന നാശത്തെ പ്രതിരോധിക്കാൻ കരിങ്കൽ ഭിത്തി കെട്ടണം. (കൊടുവള്ളി താഴഭാഗം.)

□□

***കൂനിയോട് - ആരയാൽ തറ- ചവറമൂഴി***

സമതലം

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| കൂനിയോട് പുഴതീരം | എക്കൽ | കുരുമുളക് തെങ്ങ് വാഴ കവുങ്ങ് കപ്പ | സുലഭം | ദ്രുതവാട്ടം വാഴരോഗം |
| അരീക്കുന്ന് മുകൾഭാഗം | വെട്ടുകല്ല് | കുരുമുളക് തെങ്ങ് കശുമാവ് റബ്ബർ | ദരിദ്രം | ദ്രുതവാട്ടം |
| കാപ്പുമല നിരപ്പ് | കറുത്ത മണ്ണ് | തെങ്ങ് കശുമാവ് | ദരിദ്രം | |
| നടുക്കണ്ടി | ചരൽമണ്ണ് | തെങ്ങ് കശുമാവ് കുരുമുളക് | ദരിദ്രം | ദ്രുതവാട്ടം |
| കോട്ടക്കുന്ന് നിരപ്പ് | ചരൽമണ്ണ് | തെങ്ങ് കശുമാവ് | ദരിദ്രം | |
| കുറുനം പൊയിൽ കൂനം | കറുത്ത ചരൽ മണ്ണ് കളിമണ്ണ് | തെങ്ങ് കവുങ്ങ് ഇടവിളകൾ | സുലഭം | ദ്രുതവാട്ടം വയൽ നികത്തിയ സ്ഥലം |
| പുല്ലേരിവയൽ | എക്കൽ | തെങ്ങ് കവുങ്ങ് കുരുമുളക് വാഴ | സുലഭം | വയൽ നികത്തിയ സ്ഥലം |
| ചവറമൂഴി പുഴത്തീരം | പാറപ്പൊടി കറുത്ത മണ്ണ് | തെങ്ങ്, വാഴ കുരുമുളക് കവുങ്ങ് | സുലഭം | ദ്രുതവാട്ടം |

വയൽ

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| കൂനിയോട് വയൽ | ചെളിമണ്ണ് | നെല്ല് തെങ്ങ് ഇടവിളകൾ കവുങ്ങ് | സുലഭം | ദ്രുതവാട്ടം വയലുകൾ നികത്തുന്നു |

256

| | | | | |
|---|---|---|---|---|
| മുതൂരക്കൽ താഴെ | കറുത്ത മണ്ണ് | തെങ്ങ് കവുങ്ങ് വാഴ | സുലഭം | വയൽ നികത്തിയ സ്ഥലം |
| എടത്തിൽ താഴെ കോങ്ങോട് കുന്ന് താഴ്വര | കറുത്തമണ്ണ് വെട്ടുകൽ | നെല്ല് തെങ്ങ് കശുമാവ് വാഴ | സുലഭം | വയൽ നികത്തുന്നു |
| പോതി വയൽ | ചെളിമണ്ണ് | തെങ്ങ് കവുങ്ങ് വാഴ | സുലഭം | വയൽ നികത്തുന്നു |
| വഞ്ചിയിൽ വയൽ | ചെളിമണ്ണ് | കവുങ്ങ് തെങ്ങ് ജാതി കപ്പ | സുലഭം | നെൽകൃഷിയില്ല |

**കുന്നിൻ ചെരിവ്**

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| അരിക്കുന്ന് | വെട്ടുകല്ല് | തെങ്ങ് കശുമാവ് റബ്ബർ കുരുമുളക് | മിതം | ദ്രുതവാട്ടം |
| കാപ്പ്മലപ്പടി | കറുത്തമണ്ണ് വെട്ടുകല്ല് | തെങ്ങ് | സുലഭം | |
| കോട്ടക്കുന്ന് പടിഞ്ഞാറെചരിവ് | ചരൽ | തെങ്ങ് കശുമാവ് | ദരിദ്രം | |
| കോട്ടക്കുന്ന് കിഴക്കെ ചരിവ് | ചരൽ | സമിശ്ര കൃഷി | ദരിദ്രം | ദ്രുതവാട്ടം |
| ആനോറക്കുന്ന പടിഞ്ഞാറ് ഭാഗം | ചരൽ | സംമിശ്ര കൃഷി | മിതം | |
| കുപ്പാണ്ടി-കുട്ടിക്കുന്ന് | ചരൽ | സമ്മിശ്രകൃഷി | മിതം | ദ്രുതവാട്ടം മണ്ട ചീയൽ |
| കൂനംപൊയിൽ പുല്ലേരിക്കുന്ന് | കറുത്ത മണ്ണ് | സമ്മിശ്രം | ദരിദ്രം | കുരുമുളകിന് ദ്രുതവാട്ടം മഹാളി |
| കഴിച്ചോർമണ്ണിൽ | ചരൽ | തെങ്ങ് റബ്ബർ | ദരിദ്രം | കുരുമുളക് ദ്രുതവാട്ടം |
| കാപ്പ് മല-കിഴക്കെ ചരിവ് | കറുത്ത മണ്ണ് വെട്ടുകല്ല് | തെങ്ങ് | സുലഭം | |
| ആനോറക്കുന്ന് കിഴക്ക് ഭാഗം | ചരൽ | സമ്മിശ്രം | മിതം | |

***കുറിപ്പുകൾ-സാധ്യതകൾ-നിർദേശങ്ങൾ***

- കൂനിയോട് വയലിൽ കനാൽ നികത്തിയതിനാൽ പുഞ്ചകൃഷി ഇല്ലാതായി. പുനഃസ്ഥാപിക്കാൻ കഴിഞ്ഞാൽ നെൽകൃഷിക്ക് അനുയോജ്യം.
- കാപ്പ് മലയിൽ സുലഭമായിക്കിട്ടുന്ന അമ്മിക്കല്ല് പ്രയോജനപ്പെടുത്താവുന്നതാണ്

257

- കനാൽ വെള്ളം നിന്നാൽ കിണർ വറ്റുന്ന സ്ഥിതിയുണ്ട്. പരിഹരിക്കപ്പെടണം.
- കൂനിയോട് പുഴത്തീരത്ത് മൂന്നേക്രപുറമ്പോക്ക് പച്ചക്കറി കൃഷിക്ക്പറ്റിയ തുണ്ട്. പുഴിവാരൽ നിരോധിക്കണം. പുഴയോരം ഭിത്തി കെട്ടി സംരക്ഷിക്കണം.

□□

***കൈതേരി മുക്ക്-കോക്കാട്***

സമതലം

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| കക്കടവ്-ആലിശ്ശേരി | എക്കൽ | തെങ്ങ്<br>കവുങ്ങ് | സുലഭം | |
| ആലിശ്ശേരി മീത്തൽ | ചെമ്മണ്ണ് | തെങ്ങ് | ദരിദ്രം | |
| കൊളക്കണ്ടം ഭാഗം | എക്കൽ | തെങ്ങ്<br>കവുങ്ങ്<br>നാടുവിള | സുലഭം | |
| മൊയോറത്ത് ചാലിൽ മീത്തൽ | ചരൽ | തെങ്ങ് | ദരിദ്രം | |
| മൂഞ്ഞോറത്ത് | വെട്ടുക്കപ്പ് | തെങ്ങ് | ദരിദ്രം | |
| കുന്നിശ്ശേരി | എക്കൽ | തെങ്ങ്<br>കവുങ്ങ് | സുലഭം | |
| വേങ്ങേരി ഭാഗം | എക്കൽ | തെങ്ങ്<br>റബ്ബർ | സുലഭം | |

ചെരിവ്

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| ആലിശ്ശേരി മീത്തൽ | ചെമ്മണ്ണ് | തെങ്ങ് | മിതം | |
| പിലാവുള്ള പറമ്പിൽ | ചരൽ | തെങ്ങ് | മിതം | |
| പാറച്ചാലിൽ പറമ്പ് | ചെമ്മണ്ണ് | തെങ്ങ് | മിതം | |
| പാറേന്റെ മീത്തൽ ഭാഗം | പാറപ്പൊടി മണ്ണ് | തെങ്ങ് | സുലഭം | |
| നടുപറമ്പ് കോളനി ഭാഗം | ചരൽ | തെങ്ങ് | ദരിദ്രം | |
| ചാലുപറമ്പ് ഭാഗം | ചെമ്മണ്ണ് | തെങ്ങ് | മിതം | |

നീരുറവ് പ്രദേശം

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| മാര്യാന്റെ താഴെ | ചെളി | വാഴ<br>കവുങ്ങ്<br>ജാതി, തെങ്ങ് | സുലഭം | |
| ജാനകിവയൽ ഭാഗം | ചെളി | വാഴ, കവുങ്ങ്<br>തെങ്ങ് | സുലഭം | |
| ആവടുക്കവയൽ-<br>ചാലുപറമ്പ് ഭാഗം | ചെളി | നെല്ല്<br>കവുങ്ങ്, തെങ്ങ് | സുലഭം | |

258

*സാധ്യതകളും നിർദേശങ്ങളും*

- കുറ്റാടി പുഴയുടെ തീരം ഇടിഞ്ഞ് പുറമ്പോക്ക് ഭൂമിനശിക്കുന്നു. ഇത് പ്രതിരോധിക്കാൻ കരിങ്കൽ ഭിത്തി ആവശ്യമാണ്.
- പുഴയിലെ അനിയന്ത്രിതമായ മണൽവാരൽ നിരോധിക്കണം.
- പഞ്ചായത്തു വക പുറമ്പോക്കുകളിൽ പച്ചക്കറി, കപ്പ, വാഴ തുടങ്ങിയ കൃഷികൾക്ക് ഉപയോഗപ്പെടുത്താൻ കഴിയും.
- കൃഷികൾക്കുണ്ടാവുന്ന കൂമ്പു ചീയ്യൽ, കറവാരൻ, ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾക്ക് എതിരെ ഫലപ്രദമായ പ്രതിരോധ നടപടികൾ ഉണ്ടാകണം.
- കന്നാട്ടി-ചങ്ങരോത്ത് അതിർത്തിയിൽ വ്യാപകമായി വളരുന്ന വയൽ കുനിയാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇത്തരം സ്ഥലങ്ങളിലെ തെങ്ങുകൾക്ക് വേണ്ടത്ര ഉത്പാദനക്ഷമത ഇല്ലെന്ന വസ്തുത അന്യത്ര ചൂണ്ടിക്കാണിച്ച ആഭിമതത്തെ സാധൂകരിക്കുന്നു.
- ജാനികിവയലിലെ സ്ഥിരതാമസക്കാർക്ക് മതിയായ രേഖകളില്ലാത്തതുകൊണ്ട് റേഷൻ കാർഡും മറ്റു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.
- റബ്ബർ മരങ്ങൾക്കുണ്ടാകുന്ന ഉണക്കം (കേട്) എന്നിവക്കെതിരെ ഫലപ്രദമായ പ്രതിരോധനടപടികൾ ഉണ്ടാവണം.

□□

*തെക്കേടത്ത് കടവ് - വെള്ളച്ചാൽ*

സമതലം

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
|---|---|---|---|---|
| തെക്കേടത്ത് കടവ് | ചരൽ ചെമ്മണ്ണ് | തെങ്ങ് | മിതം | ചെങ്കൽ ഖനനം ഉണ്ട്. തെങ്ങുണക്കം |
| കൊടുവള്ളിപ്പുറം-കുന്നിൻമണ്ട | കടുപ്പമേറിയ ചെങ്കല്ല് | തെങ്ങ് കശുമാവ് | ദരിദ്രം | |
| കോറോത്ത്കണ്ടി | ചെമ്മണ്ണ് | തെങ്ങ് കുരുമുളക് | സുലഭം | |
| മുതുവണ്ണാച്ച-സ്കൂൾ പരിസരം | ചെങ്കൽ മണ്ണ് | തെങ്ങ് | സുലഭം | ഉൽപാദനം കുറവ് |
| മീറങ്ങാട്ട് പാറയോട് ചേർന്ന കുന്നിൻ ഭാഗം | ചെമ്മണ്ണ് | തെങ്ങ് | മിതം | |

കുന്ന്

| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി. |
|---|---|---|---|---|
| മേലേടത്ത് കുന്ന് | കടുപ്പമുള്ള ചെങ്കൽ മണ്ണ് | തെങ്ങ് കശുമാവ് | ദരിദ്രം | |
| കുമുള്ളമല | വെട്ടുകൽ | തെങ്ങ് | ദരിദ്രം | |
| മീറങ്ങാട് പാറ | ചെമ്മണ്ണ് | തെങ്ങ് | മിതം | കരിങ്കല്ല് സുലഭം |
| നടുവിലങ്ങാട് | വെട്ടുകൽ | തെങ്ങ് | സുലഭം | |

259

| വയൽ | | | | |
|---|---|---|---|---|
| സ്ഥലം | മണ്ണ് | സസ്യാവരണം | ജലം | പരിസ്ഥിതി |
| വള്ളിത്താഴ വയൽ | എക്കൽ | നെല്ല് | സുലഭം | കുന്നത്ത് നിർക്കെട്ട് ഒരു പുഞ്ച കൃഷി |


*സാധ്യതകളും നിർദേശങ്ങളും*


- കോഴഞ്ചേരി പറമ്പിൽ 5 സെന്റ് സ്ഥലത്ത് കുളമുണ്ട് ഉപയോഗപ്പെടുത്താം.
- കടിയങ്ങാട് പാലത്തിനു സമീപം ഒരു ഹെക്ടർ പുറമ്പോക്ക് ഭൂമി- ഉപയോഗപ്പെടുത്തണം.
- കടിയങ്ങാട് പുഴയിൽ പൂഴിവാരുന്നതുകൊണ്ട് ജലനിരപ്പ് താഴുന്നു പുഴയോരം ഇടിയുന്നു. കരിങ്കൽ ഭിത്തി കെട്ടണം. പൂഴിവാരൽ തടയണം.

□□



260





# കൃഷി

ഭൂപ്രകൃതി, കാലാവസ്ഥ, എന്നിവകൊണ്ട് അനുഗ്രഹീതമാണ് ചങ്ങരോത്ത് പുഴകൾ, തോടുകൾ, കുളങ്ങൾ, ഫലഭൂയിഷ്ടമായ മണ്ണ് അദ്ധ്വാനശീലരായ മനുഷ്യർ എന്നിങ്ങനെ കാർഷികമേഖലയ്ക്ക് അനിവാര്യമായ എല്ലാ ഘടകങ്ങളും ഒത്തിണങ്ങിയ ഒരു സമൂഹം. എന്നിട്ടും എന്തുകൊണ്ട് നമ്മുടെ കാർഷികമേഖല പ്രതിസന്ധിയെ നേരിടുന്നു എന്ന ചോദ്യത്തോടെ നമുക്ക് ആരംഭിക്കാം.

പട്ടിക 1

1933-ലെ സെറ്റിൽമെന്റ് രജിസ്റ്റ് സംഗ്രഹം

| കൃഷിഭൂമിയുടെ തരം | ചങ്ങരോത്ത് വില്ലേജ് | പാലേരി വില്ലേജ് | ആകെ കൃഷിഭൂമി | ശതമാനം |
|---|---|---|---|---|
| നഞ്ച | 504.22 ഏക്രഃ | 546.48 | 1050.70 | 14.02 |
| തോട്ടം | 957.54 | 1790.29 | 2747.83 | 36.66 |
| സ്ഥിരം പുഞ്ച | 496.32 | 335.50 | 831.82 | 11.10 |
| അസ്ഥിര പുഞ്ച | 2274.32 | 349 | 2623.77 | 35.01 |
| പുറമ്പോക്ക് | 69.61 | 169.94 | 239.55 | 3.19 |
| ആകെ | 4302.03 | 3202.21 | 7493.67 | |

(അവലംബം വില്ലേജ് ഓഫീസ്)

1933ലെ സെറ്റിൽമെന്റ് രേഖപ്രകാരം പഞ്ചായത്തിൽ രണ്ട് വില്ലേജുകളിലായി 7493.67 ഏക്രഭൂമിയുണ്ട്. ഭൂമിയെ അഞ്ചായി തരം തിരിച്ചിരിക്കുന്നു. നഞ്ച, സ്ഥിരം പുഞ്ച, എന്നിവ നെൽകൃഷിക്ക് പറ്റിയ ഭൂവിഭാഗമാണ്. സ്ഥിരമായി കൃഷിചെയ്യാത്ത ഭൂമിയെ അസ്ഥിരം പുഞ്ച എന്ന് പറയുന്നു. പുറമ്പോക്കിൽ തീരം കൃഷി ചെയ്യാറുണ്ടായിരുന്നില്ല. 40% ഭൂമി സ്ഥിരമായി കൃഷി ചെയ്യാത്ത അസ്ഥിരം പുഞ്ചയോ പുറമ്പോക്കോ ആയിരുന്നു. ഉടമസ്ഥതയിലുള്ള കേന്ദ്രീകരണം നിമിത്തം തോട്ടം, നഞ്ച എന്നി പ്രദേശങ്ങളിൽ തന്നെ പൂർണ്ണമായി കൃഷിയുണ്ടായിരുന്നില്ല.

മഴയെ ആശ്രയിച്ചുകൊണ്ടുള്ള കൃഷിരീതി, വിള നശിപ്പിക്കാനെത്തുന്ന വന്യമൃഗങ്ങൾ, വെള്ളപ്പൊക്കം, വരൾച്ച പ്രകൃതിക്ഷോഭങ്ങൾ എന്നിങ്ങനെ പ്രയാസങ്ങളേറെയായിരുന്നു. കാലം മാറി. സമൂഹം മാറി. കൃഷിരീതിമാറി. ഭൂപരിഷ്ക്കരണത്തെത്തുടർന്ന് ജന്മിത്തം അവസാനിച്ചു. ഭൂഉടമാ ബന്ധങ്ങളിൽ മാറ്റം വന്നു. ആധുനിക കൃഷിരീതിയുടേതായ പുതിയ യുഗം പിറന്നു. കൃഷിക്കാരൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും മാറി.

261

പഴയ കാലത്ത് ഏതാനും ജന്മിമാരുടെ കയ്യിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം വികേന്ദ്രീകരിച്ചു. കൃഷിക്കാർ ഭൂമിയുടെ യതാർത്ഥ ഉടമകളായി.

പട്ടിക 2

**ഭൂമി ഉടമസ്ഥരുടെ സ്ഥിതിവിവരം**

| | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-1 ഏക്ര | 2-5 ഏക്ര | 5-ഏ |
|---|---|---|---|---|---|---|
| പാലേരി | 605 | 1216 | 796 | 650 | 388 | 18 |
| ചങ്ങരോത്ത് | 480 | 611 | 706 | 1778 | 454 | 23 |
| ആകെ | 1085 | 1827 | 1502 | 1428 | 842 | 41 |

(അവലംബം വില്ലേജ് ആപ്പീസ്)

മുമ്പ് ചുരുക്കം ചില ജന്മിമാരുടേതായിരുന്ന കൃഷിഭൂമി. 6725 ഓളം വരുന്ന കൃഷിക്കാരുടേതായി. 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ള കൃഷിക്കാരുടെ എണ്ണം 1085 ആണ്. ഇത് മൊത്തം കൃഷിക്കാരുടെ 17% വരും. 10നും 25നും സെന്റ് ഭൂമിയുള്ളവർ 1827. ഇവർ 28% വരും. 25നും 50നും സെന്റ് ഭൂമിയുള്ളവർ 1052 (22.33%) 50 മുതൽ ഒരേക്രവരെ 21% വരുന്ന 1428 കൃഷിക്കാർ. 2 ഏക്കർ മുതൽ 5ഏക്ര വരെ ഭൂമിയുള്ള 845കൃഷിക്കാർ (13%) 41 കൃഷിക്കാർക്ക് 5ഏക്രക്ക് മുകളിലും ഭൂമിയുണ്ട്. (0.6%) മൊത്തം കൃഷിക്കാരിൽ പകുതിയിൽ കൂടുതൽ 66%. 50 സെന്റിന് താഴെ മാത്രം കൈവശമുള്ളവരാണ്. ഇത് ഭൂമിയുടെ തുണ്ട് വൽക്കരണത്തെയാണ് സൂചിപ്പിക്കുന്നത്. ആളോഹരിഭൂവിഹിതം നമ്മുടെ പഞ്ചായത്തിൽ 0.06 ഏക്കർ ആണ്.

ഉൽപ്പാദനത്തെ ബാധിക്കുന്ന ഒരു പരിമിതിയായി ഭൂമിയുടെ തുണ്ടുവൽക്കരണം മാറിയിരിക്കുന്നു. ഇതിന്റെ ഫലമായി കൃഷിഭൂമിയിൽ നിന്ന് മാത്രമുള്ള ആദായം കൊണ്ട് ജീവിക്കാൻ കൃഷിക്കാരക്ക് കഴിയുന്നില്ല. അതുകൊണ്ടുതന്നെ പരിമിത-ദരിദ്ര കഷിക്കാരിൽ ഭൂരിഭാഗവും മറ്റുതൊഴിൽ മേഖലയെ പ്രധാനജീവിതമാർഗ്ഗമായി ആശ്രയിക്കുന്നവരാണ്. പഞ്ചായത്തിലെ മുഖ്യതൊഴിൽ വിഭജനമനുസരിച്ചു തൊഴിൽ മേഖലയെ 10.48% മാത്രമേ കൃഷിക്കാരുള്ളു. 24.38% കർഷക തൊഴിലാളികൾ 60%ൽ അധികം കാർഷികേതരമേഖലകളിലാണ് ജീവിതം കണ്ടെത്തുന്നത്. അതായത് കാർഷികഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ ഏറിയ പങ്ക് കൃഷിയിടങ്ങളും മുഖ്യ വരുമാനം കാർഷികേതര സ്രോതസ്സിൽ നിന്നുള്ളവരുടെ കൈകളിലാണ്. കൃഷിപ്പണിയിലുള്ള താല്പര്യവും സന്നദ്ധതയും ഇവർക്ക് കുറവാണ്. ഇത് ഉല്പാദനത്തെയും ഉല്പാദനക്ഷമതയെയും സാരമായി ബാധിക്കുന്നു. (ഈ റിപ്പോർട്ടിലെ 'മാനുഷ്യകം' പട്ടിക തൊഴിൽ വിഭജനം കാണുക)

**കൃഷിഭൂമിയുടെ വിസ്തീർണ്ണവർദ്ധനവ്**

അസ്സൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ ഇനി നമുക്ക് കഴിയുമോ? പരിശോധന തുടരാം.

പട്ടിക 3

**ഭൂമിവിവര രജിസ്ട്രർ**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 242 ഹെക്ടർ |
| പുരയിടം | 2454 " |
| പുറമ്പോക്ക് | 179.6 |
| കൃഷിയോഗ്യതരിശ് | 5 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 12 |
| ആകെ | 2892.6 ഹെക്ടർ |

(അവലംബം കൃഷിഭവൻ)

262

പഞ്ചായത്തിലെ അടിസ്ഥാനവിവര രജിസ്ട്രർ അനുസരിച്ച് കേവലം 5 ഹെക്ടർ മാത്രമാണ്. കൃഷിയോഗ്യ തരിശുള്ളത്. 1933ലെ സെറ്റിൽമെന്റ് രേഖയനുസരിച്ച് പുറമ്പോക്ക് കൃഷിചെയ്യാനില്ലെന്നാണ് കണ്ടെത്തിയത്. ഇവലിടെ ചിത്രം മറ്റൊന്നാണ്. പഞ്ചായത്തിലെ പുറമ്പോക്ക് പലരും കൈവശംവെച്ചനുഭവിക്കുകയാണ്. അവശേഷിക്കുന്ന പുറമ്പോക്കാകട്ടെ പഞ്ചായത്ത് താൽക്കാലിക കൃഷിക്കുവേണ്ടി പാട്ടത്തിന് കൊടുക്കന്നുമുണ്ട്. ദ്രുതഗമന പഠന റിപ്പോർട്ടുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിച്ചതാകട്ടെ ഭൂമി തരിശായി കിടക്കുന്നിത്. നാമമാത്രം എന്നതാണ്. അതായത് അസ്സൽ കൃഷിഭൂമി വർധിപ്പിച്ച് ഉൽപാദനം വർദ്ധിപ്പിക്കാൻ സാധ്യമല്ലെന്നർത്ഥം. ഒരിക്കൽകൂടി ആവർത്തിക്കട്ടെ—ഉള്ള കൃഷിഭൂമിയിൽ വിളതീവ്രത വർധിക്കുകയേ കരണീയമായിട്ടുള്ളൂ.

### വിള തീവ്രതയുടെ അനിവാര്യത

അസ്സൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം വർധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തെ വിളതീവ്രതയിലൂടെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കുകമാത്രമേ നിവൃത്തിയുള്ളൂ. ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിന് എന്തൊക്ക ചെയ്യാൻ കഴിയും? എന്നാലോചിക്കേണ്ടതുണ്ട്ണ്ട്. അത് സാധിപ്പിക്കുന്നതിനു വേണ്ടി പ്രധാന കൃഷികളെ സംബന്ധിച്ചു ഒരു താരതമ്യപഠനം നമുക്ക് നടത്താം.

പട്ടിക 4

ഉൽപാദനക്ഷമത

(അവലംബം സംസ്ഥാനപ്ലാനിങ്ങ്ബോർഡ് + കൃഷിഭവൻ)

| വിള | സംസ്ഥാനം ഉത്പാദനക്ഷമത കിലോഗ്രാം ഹെക്ടർ | ചങ്ങരോത്ത് പഞ്ചായത്ത് (ക്ഷമത) | + - |
|---|---|---|---|
| നെല്ല് | 1943 | 2254 | + 311 |
| മരച്ചീനി | 19800 | 21490 | + 1690 |
| തെങ്ങ് | 5888 എണ്ണം | 6083 | + 195 |
| കുരുമുളക് | 276 | 300 | + 24 |
| കശുമാവ് | 823 | 950 | + 127 |
| റബ്ബർ | 999 | 900 | - 99 |

നെല്ല്-തെങ്ങ്-മരച്ചീനി റബ്ബർ-കുരുമുളക് കശുമാവ് എന്നീ വിളകളെപ്പറ്റിയുള്ള താരതമ്യമാണ് മുകളിലെ പട്ടിക. നെല്ലിന്റെ കാര്യത്തിൽ സംസ്ഥാന ഉല്പാദനത്തെക്കാൾ 311 കി.ഗ്രാം ഹെക്ടറിൽ നാം മുന്നിലാണ്. 195 തേങ്ങ ഹെക്ടർ ഒന്നിന് സംസ്ഥാന ശരാശരിക്ക് മുന്നിലാണ്. കുരുമുളകിന്റെ കാര്യത്തിലാകട്ടെ 24 കി.ഗ്രാം. മരച്ചീനിയുടെ ഉൽപ്പാദനക്ഷമത ഹെക്ടർ ഒന്നിന് 1690 കിഗ്രാം മുന്നിലാണ്. അതായത് കശുമാവ്, നെല്ല്, തേങ്ങ, കുരുമുളക് മരച്ചീനി എന്നിവയുടെ ഉൽപ്പാദനക്ഷമതയിൽ നാം മുന്നിട്ടു നിൽക്കുന്നു. റബ്ബർ മേഖലയിൽ പിന്നിലും സംസ്ഥാനതലത്തിൽ നിന്ന് നാം ചില മേഖലകളിൽ അൽപ്പം മുന്നിലാണെന്നതു കൊണ്ട് ഉല്പ്പാദനക്ഷമത വർധിപ്പിക്കാൻ കഴിയില്ലെന്ന് അർത്ഥമാക്കരുത്. കാർഷികോല്പാദന രംഗത്ത് അലംഭാവം വെച്ചുപുലർത്തുകയുമരുത്. മറ്റ് സംസ്ഥാനങ്ങളും പല ലോകരാഷ്ട്രങ്ങളും ഈ രംഗങ്ങളിലെല്ലാം നമ്മുടെ നേട്ടത്തേക്കാൾ ബഹുദൂരം മുന്നിലാണെന്ന് ഓർക്കണം. എന്ന് മാത്രമല്ല ശാസ്ത്രീയമാണെന്ന് ധരിക്കുന്നുണ്ടെങ്കിലും കാർഷികരംഗത്ത് പൊതുവിലും നെൽകൃഷിയുടെ കാര്യത്തിൽ പ്രത്യേകിച്ചും അശാസ്ത്രീയമായ സമ്പ്രദായമാണ് നാം അവലംബിക്കുന്നത്. ഇതിന് പകരം വിദഗ്ദമായ സ്ഥല-ജല മാനേജ്മെന്റും ശാസ്ത്രസാങ്കേതിക വിദ്യയുടെ വൈദഗ്ദ്യവും ഉൽപ്പാദനം വർദ്ധിപ്പിച്ചേ അടങ്ങൂ എന്ന അർപ്പണമനോഭാവവും സമന്വയിച്ചുകൊണ്ടുള്ള ഉറച്ച ചുവടുവെപ്പുകളാണ് ഇന്നിന്റെ ആവശ്യം.

263

നെല്ല്:-

നെൽകൃഷി എങ്ങനെ വർദ്ധിപ്പിക്കാം? ഇതിന് ഉത്തരം കണ്ടെത്തുന്നതിന് മുമ്പ് നെൽപ്പാടങ്ങൾ കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നു ആപൽക്കരമായ സ്ഥിതി വിശേഷത്തെപ്പറ്റി ആഴത്തിലുള്ള പരിശോധനയും ഒപ്പം ആത്മ പരിശോധനയും നാം നടത്തണം. ദ്രുതഗമനപഠനറിപ്പോർട്ട് വെളിപ്പെടുത്തുന്ന ഒരു ഭീകര യാഥാർത്ഥ്യമുണ്ട്. പത്തോ ഇരുപതോ വർഷങ്ങൾക്കുമുമ്പ് കനകം വിളയിച്ച നെൽപ്പാടങ്ങൾ പലതും ഇന്ന് നികത്തപ്പെട്ടു കഴിഞ്ഞു. അവിടെ വീടുകൾക്ക് പുറമെ നാണ്യവിളകളും സ്ഥാനം പിടിച്ചിട്ടുണ്ട്. ഒരു ഉദാഹരണം ശ്രദ്ധിക്കുക. ചങ്ങരോത്ത് വില്ലേജിൽ വഞ്ചിവയൽ നിന്നും ജാനകീവയൽ വരെ 56 ഏക്ര നെൽപ്പാടങ്ങൾ - ഒരു പ്ലോട്ട് മുഴുവനായും ഒറ്റയ്ടിക്ക് നികത്തപ്പെട്ടിട്ടുണ്ട്. ഇതിനേക്കാൾ എത്രയോ ഉദാഹരണങ്ങൾ `മണ്ണ്-മനുഷ്യൻ-ചുറ്റുപാട്' ഭാഗത്ത് അന്യത്ര ചൂണ്ടിക്കാണിച്ചുട്ടുണ്ട്. കൃഷിഭവൻ-വില്ലേജ് ഓഫീസ് പോലുള്ള സ്ഥാപനങ്ങൾ വിള വിസ്തീർണ്ണത്തിൽ വരുന്ന മാറ്റങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിനോ രേഖപ്പെടുത്തുന്നതിനോ ശുഷ്ക്കാന്തി കാണിക്കുന്നില്ല. പാടം നികത്തി നാണ്യവിളഭൂമിയാക്കി മാറ്റിയ പല സ്ഥലങ്ങളും ജലനികുതി കൊടുക്കുന്നുണ്ട് എന്ന വൈരുദ്ധ്യം നിലനിർക്കുന്നു എന്നു പറഞ്ഞാൽ പൂർത്തിയായി.

മഴ:-

സംസ്ഥാനത്ത് മഴയുടെ ലഭ്യത 30003.8 മില്ലിമീറ്ററാണ്. പഞ്ചായത്തിൽ ശരാശരി 4813.4 മി.മീറ്റർ മഴ ലഭിച്ചുവരുന്നു എന്ന് പട്ടിക കാണിക്കുന്നു. അതായത് സംസ്ഥാനശരാശരിയേക്കാൾ 1089.6 മി.മി. അധികം മഴ ലഭിക്കുന്നുവെന്നർത്ഥം. 1140മി.മീ എന്ന ദേശീയ ശരാശരിയുടെ നാലിരട്ടിയാണിത്.

പ്രകൃതി എത്രമാത്രം ഈ ഗ്രാമീണകന്യകയെ കനിഞ്ഞനുഗ്രഹിക്കുന്നു!

പട്ടിക 5

മഴ- പട്ടിക

(അവലംബം CWRDM)

| വർഷം | അളവ് | ശരാശരിയുടെ ശതമാനം |
|---|---|---|
| 1991 | 4469.70 | 92.85 |
| 1992 | 5150.70 | 107 |
| 1993 | 4372.00 | 90.82 |
| 1994 | 5370.00 | 111.56 |
| 1995 | 4705.00 | 99.75 |
| ശരാശരി | 4813.48 | |
| സംസ്ഥാന നോർമലിന്റെ ശതമാനം | 160 | |

തോടുകൾ:-

`പുഴകൾ മലകൾ പൂവനങ്ങൾ
ഭൂമിക്ക് കിട്ടിയ സ്ത്രീധനങ്ങൾ' എന്ന് വയലാർ പാടിയത് ഈ ശ്യാമസുന്ദരിയെ കണ്ടിട്ടാവണം.

കുഴുമ്പിൽ താഴ, അഡോർമണ്ണിൽ താഴ മുക്കുറ്റിതാഴ, പുല്ലേരി താഴ, അയനിക്കുന്നുമ്മൽ താഴ, പുഴുക്കുനിതാഴ, തൊടുവയൽ എന്നിങ്ങനെ എത്രയെത്ര തോടുകൾ പ്രകൃതിയുടെ ഈ വരദാനങ്ങൾക്ക് പുറമെ കുറ്റ്യാടി ജലസേചനപദ്ധതിയുടെ ദാനനീരും.

എന്നിട്ടും എന്തുകൊണ്ടാണ് ഈ കുടിനീർക്ഷാമം? എന്തുകൊണ്ട് വരൾച്ച? എന്തുകൊണ്ട് കൃഷിഭൂമി പൂർണ്ണ

264

മായും ജലസേചനം നടത്താൻ കഴിയുന്നില്ല? ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ. പോരാ, ചോദ്യങ്ങളുടെ ചോദ്യങ്ങൾ. ഇവിടെയാണ് ശാസ്ത്രീയമായ സ്ഥല-ജല വിനിയോഗത്തിന്റെ അപര്യാപ്തതയുടെ പ്രശ്നം ഉയർന്നുവരുന്നത്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വിളതീവ്രതക്കും സഹായകമായ ജല വിനിയോഗം എല്ലാറ്റിനേക്കാളും അനിവാര്യമാണ്. ജനസാന്ദ്രത, ഭൂമിയുടെ തുണ്ടുവൽക്കരണം, പാർപ്പിടപ്രശ്നങ്ങൾ, തുടങ്ങി എല്ലാ പ്രശ്നങ്ങളും എല്ലാം പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആഴമേറിയ വിശകലനത്തിന് വിധേയമാക്കപ്പെടണം.

## ചങ്ങരോത്ത് പഞ്ചായത്തിലെ ജലസേചനവും കുറ്റ്യാടി പദ്ധതിയും

നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയുടെ ഏതൊരു ചർച്ചയിലും കുറ്റ്യാടി പദ്ധതി ഒരു മുഖ്യവിഷയമാണ്. കാരണം അണക്കെട്ട് നിർമിച്ചത് ചക്കിട്ടപാറ പഞ്ചായത്തിലാണെങ്കിലും അതിന്റെ പ്രഥമ ഉപഭോക്താവ് ഈ പഞ്ചായത്താണ്. അണക്കെട്ടിന്റെ ഇടതുഭാഗത്ത് നിന്ന് ഇടത് പ്രധാനകനാൽ ആരംഭിക്കുന്നു. ഇതിന്റെ 308 കി.മീ വെച്ചു വലതു പ്രധാന കനാൽ ഉൾപ്പിരിയുന്നു. ഇവിടെ വെച്ചാണ് -പട്ടാണിപ്പാറ- കുറ്റ്യാടി പദ്ധതിയുടെ സേവനം ചങ്ങരോത്തിലേക്ക് ഒഴുകിയെത്തുന്നത്.

### പദ്ധതി - ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| ☐ ആരംഭം | : | 1963 |
| ☐ മതിപ്പ് ചിലവ് | : | 6 കോടി രൂപ |
| ☐ പൂർത്തീകരിക്കാൻ ഉദ്ദേശിച്ച വർഷം | : | 1968 |
| ☐ കാലതാമസം ശതമാനം (ഇപ്പോൾ) | : | 560% |
| ☐ ഭാഗികമായി കമ്മീഷൻ ചെയ്ത വർഷം | : | 1973 |
| ☐ ഇതേവരെയായി ചെലവായ സംഖ്യ | : | 50 കോടി |
| ☐ അണക്കെട്ടിന്റെ നീളം | : | 171 മീറ്റർ |
| ☐ കരിങ്കല്ല് സിമിന്റിൽ കെട്ട് ഉയരം | : | 36 മീറ്റർ |
| ☐ സമുദ്രനിരപ്പ് മുകൾ ഭാഗം ലെവൽ | : | + 46.85 മി. |
| ☐ കനാൽ സ്പിൽ ലെവൽ | : | + 25.52 മീ. |
| ☐ സ്പിൽവെ ക്രസ്റ്റ് ലെവൽ | : | + 38.46 മീ |
| ☐ ആദ്യപ്ലാനിലെ ജലസംഭരണ വിതാനം | : | + 44.41മീ |
| ☐ * മുഴുവൻ സംഭരണശേഷി | : | 120 ദശലക്ഷം ക്യൂബി.മീ |
| ☐ ഇപ്പോൾ ജലവിതരണം | : | 10,000 ഹെക്ടർ. |

കുറിപ്പ്: * 1) ഇപ്പോൾ മുഴുവൻ സംഭരണ ശേഷി ഉപയോഗപ്പെടുത്തുന്നില്ല. 110 ദശലക്ഷം ക്യൂ.ബി.മീ മാത്രം

2) 14500 ഹെക്ടർ സ്ഥലത്ത് ഒന്നാം വിളക്കും അത്ര തന്നെ സ്ഥലത്ത് രണ്ടാം വിളക്കും 2025 ഹെക്ടർ പുഞ്ചക്കും വെള്ളം കൊടുക്കാനായിരുന്നു ആദ്യ പദ്ധതി.

കോഴിക്കോട് ജില്ലയുടെ സമഗ്രമായ കാർഷിക പുരോഗതിക്ക് സഹായകരമാണ് ഈ പദ്ധതി. പക്ഷെ സാധ്യതകൽ മുഴുവനായി ഉപയോഗപ്പെടുത്തണം. പ്രധാനമായും ജലസേചനപുരോഗതി (പ്രത്യേകിച്ചും നെൽകൃഷി വികസനം) ലക്ഷ്യമായി ആവിഷ്ക്കരിച്ച് ഈ പദ്ധതി 87-ലെ ദേശീയജലനയവും 92-ലെ സംസ്ഥാന ജലനയവും അടിസ്ഥാനമാക്കി കോഴിക്കോട് നഗരമുൾപ്പെടെ കുടിവെള്ളവിതരണത്തിന് വേണ്ടി ഉപയോഗപ്രദമാക്കുന്നതോടുകൂടി ജില്ലയുടെ ജീവദായിനി കൂടിയായ് മാറുന്നു.

265

*നിരീക്ഷണം- നിഗമനം*

- കനാലുകളിൽക്കൂടി ഉണ്ടാകുന്ന വിതരണ നഷ്ടമാണ് പോരായ്മകളിലൊന്ന്
- കുറ്റ്യാടി പദ്ധതിയിൽ പ്രതീക്ഷിത വിതരണ നഷ്ടം 20% ആയിരുന്നു അതിപ്പോൾ 50% ആണ്.
- കനാൽ ചോർച്ച കാരണം പല ഭാഗങ്ങളിലും വെള്ളം കെട്ടി നിന്ന് കൃഷി നശിക്കുന്ന അനുഭവം ചങ്ങരോത്തിലുണ്ട്. ഇത് കേവലം വിതരണനഷ്ടത്തിലൊതുങ്ങുന്നതല്ല. മറിച്ച് ജല മാനേജ്മെന്റിന്റെ അശാസ്ത്രീയതയാണ്. ജലദുരുപയോഗമാണ്.
- കനാലുകളിലൂടെ ഒഴുകുന്ന വെള്ളം പ്രകൃത്യായുള്ള ജലനിർഗമന തോടുകളിൽക്കൂടിയാണൊഴുകുന്നത്. ധാരാളം വെള്ളം ഉപയോഗിക്കപ്പെടാതൊടുവിൽ പുഴകളിൽ ചെന്ന് വിലയിക്കുന്നു. ``യഥാ നദീ സർവ്വേ സമുദ്രേ'' എന്ന് പറയുമ്പോലെ പാലേരി -കല്ലൂർ `ഡിസ്ട്രിബ്യൂട്ടറികൾ' ഉദാഹരണങ്ങൾ.
- ആവശ്യമായ സമയത്ത് ആവശ്യമായ സ്ഥലത്ത് ആവശ്യമായത്ര ജലം എന്ന അടിസ്ഥാന തത്വത്തിന്റെ വ്യതിയാനമാണിവിടെ സംഭവിക്കുന്നത്.

*നിർദ്ദേശങ്ങൾ*

- മെയിൻ കനാലുകൾ അടക്കമുള്ള എല്ലാ കനാലുകളിൽ നിന്നും ജലം തുറന്നു വിടുന്ന സ്ലൂയിസ് ഷട്ടറുകൾ പ്രവർത്തനക്ഷമമാക്കണം. അതായത് ആവശ്യത്തിനനുസരിച്ച് ജലം നിയന്ത്രിക്കാൻ കഴിയുന്ന തരത്തിലുള്ള കാര്യക്ഷമത ഉറപ്പു വരുത്തണം.
- പ്രകൃത്യാ ഉള്ള ജല നിർഗ്ഗമന തോടുകളിലേക്ക് വെള്ളമൊഴുക്കി പാഴായിപ്പോകുന്ന ഇന്നത്തെ അവസ്ഥ മാറ്റി റീ സൈക്ലിംഗ് നടത്തി തോട്ട വിളകൾക്ക് കൂടി ജലസേചനം പ്രയോജനപ്പെടുത്താൻ സംവിധാനമുണ്ടാക്കണം.
- ഒറ്റക്കണ്ടം ഇടതുഭാഗം മെയിൻ കനാലിൽ നിന്ന് ചാക്കോട്ടുപാറ കണ്ടോത്ത്, ആപ്പറ്റ, അരീക്കൻ ചാലിൽ, കോറോത്ത്, വാവ്കുന്നുമ്മൽ, മാളിക്കണ്ടി, മുതുവണ്ണാച്ച വഴി വടക്കുമ്പാട് ഫീൽഡ്ബോത്തിയിൽ എത്തിക്കുക.
- ഇടതു മെയിൻകനാലിൽ നിന്ന് പുല്ലേരി, കുന്നശ്ശേരി, പാലേരി, വടക്കുമ്പാട് ഹൈസ്കൂളിനടുത്ത് ഫീൽഡ് ബൂത്തിയിൽ തിരിച്ചു വിടുക.
- വലതു ഭാഗം മെയിൻ കനാലിൽ നിന്ന് ലക്ഷം വീടിനടുത്തു നിന്ന് വെളിച്ചം പറമ്പത്ത്, തൊടുവയൽ, തൊളോറത്ത്, കോക്കാട്, നടുവിലങ്ങുവഴി, ചങ്ങരോത്ത് ഫീൽഡ്ബൂത്തിയിൽ എത്തിക്കുക.
- ഒറ്റക്കണ്ടം മാർത്തോമ പള്ളിക്ക് എതിർ വശംസ്ഥിതി ചെയ്യുന്ന സ്ലൂയിസ് വാൾവിന്റെ നിലവിലുള്ള കപ്പാസിററി വർദ്ധിപ്പിച്ച് പുനഃസ്ഥാപിക്കുക.

(കാഡാ പദ്ധതിയോടനുബന്ധിച്ച് നിർദ്ദേശം തുടരും)

## നടപ്പ് പ്രവൃത്തികൾ- അവലോകനം

കാഡ:-

പണി പൂർത്തിയാക്കിയ വൻകിട ജലസേചനപദ്ധതികളിൽ ഗുണമേന്മ വർദ്ധിപ്പിക്കാനാണല്ലോ കാഡാ പദ്ധതി. കുറ്റ്യാടി പദ്ധതി ഭാഗികമായി മാത്രമേ പൂർത്തിയായിട്ടുള്ളൂവെങ്കിലും കമാന്റ് ഏരിയാ വികസന പദ്ധതി തുടങ്ങി കഴിഞ്ഞു. ചെലവിൻരെ 50% കേന്ദ്ര ഗവൺമെന്റും 50% കർഷകരും വഹിക്കും. ഇവിടെ അങ്ങിനെ ചെയ്യാറില്ല.

നിലവിലുള്ള കനാലുകളുടെ പരിഷ്കരണം, ഫീഡ്ബോത്തികൾ നിർമിക്കൽ, നീർച്ചാലുകളുടെ നിർമ്മാണം എന്നിവക്കാണ് മുൻഗണന നൽകേണ്ടത്. എന്നാലിവിടെ റോഡുകൾക്കാണ് മുൻഗണന.

266

CADA കമാന്റ് ഏരിയ വികസന അതോറിറ്റി 96

പുതിയ നിർദ്ദേശങ്ങൾ

*a) കനാൽ*

| പ്രവർത്തി | തുക | വിസ്തീർണ്ണം |
|---|---|---|
| കന്നാട്ടി ഫീൽഡ് ബൂത്തി | 347000 | 58 ഹെക്ടർ |
| വലതുഭാഗം മെയിൻ കനാലിൽ 2/815 ഫീൽഡ് കനാൽ നിർമ്മാണം. | 338000 | 56 ഹെക്ടർ |
| ഒതയോത്ത് താഴ ഫീൽഡ് കനാൽ നിർമ്മാണം | 172000 32 | ഹെക്ടർ |
| ആകെ. | 857000 | 146 ഹെക്ടർ |

*b) തോട്*

| | | |
|---|---|---|
| കടിയങ്ങാട് പാണ്ടിതോട് ആഴം കൂട്ടി സൈഡ് കെട്ടുക | 48000 | 80 ഹെക്ടർ |
| കച്ചേരി പാലം മുതൽ എളമ്പിലാച്ചേരി താഴതോട് നിർമ്മാണവും പാർശ്വ സംരക്ഷണവും | 420000 | 70 ഹെക്ടർ |
| ആകെ | 900000 | 150 ഹെക്ടർ |

*c) റോഡ്*

| | |
|---|---|
| വടക്കുമ്പാട് കൂനിയോട് റോഡുനിർമ്മാണം | 1000000 |
| വടക്കുമ്പാട് വഞ്ചിപ്പാറ റോഡ് നിർമ്മാണം | 870000 |
| പട്ടാണിപ്പാറ | 995000 |
| കോവുമ്മൽ കിഴക്കയിൽ മീത്തൽ കടിയങ്ങാട് പാണ്ടി റോഡ് നിർമ്മാണം | 917000 |
| കുയിമ്പിൽ പാലം പട്ടികുന്നത്ത് താഴ | 1975000 |
| ആകെ | 5757000 |

ഒറ്റനോട്ടത്തിൽത്തന്നെ കാഡാപദ്ധതി നടപ്പിലാക്കുന്നതിന്റെ നാനാർത്ഥങ്ങൾവ്യക്തമാക്കുന്നതാണീ പട്ടിക. 75,14000കയുടെ പുതിയ പ്രൊപ്പോസലുകളാണ് കാഡാ പദ്ധതി ഇപ്പോൾ മുന്നോട്ട് വെച്ചിരിക്കുന്നത്. ഇതിൽ കേവലം 17,57,000 ക മാത്രമാണ് 23 % ജലസേചനത്തിന് നീക്കിവെച്ചത്. അശേഷിക്കുന്ന 57,57,000 റോഡുകൾക്കാണ്. ഇത് ആരോഗ്യകരമായ പ്രവണതയല്ല.

**നിർദ്ദേശങ്ങൾ**

- ജലസേചനം എന്നത് കേവലം എഞ്ചിനീയറിംങ്ങ് മാത്രമല്ല. കൃഷിക്കാരുടെ പ്രായോഗിക പരിജ്ഞാനവും സാങ്കേതിക വൈദഗ്ധ്യവും കൂട്ടിയിണക്കിക്കൊണ്ടുള്ള പ്രവർത്തനമാണല്ലോ. പ്രാദേശികവും വികേന്ദ്രീകൃതവുമായ കാർഷിക വികസന പരിപാടികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

267

- നിലവിലുള്ള മെയിൻ കനാൽ ഉൾപ്പടെയുള്ള എല്ലാ കനാലുകളുടെയും കേടുപാടുകൾ തീർക്കുക. ലൈനിങ്ങ് നടത്തി ചോർച്ച തടയുക.
- ചെറുതും വലുതുമായ എല്ലാപാടശേഖരങ്ങളും ജലം പാഴായിപ്പോകാത്തരീതിയിൽ വിതരണം നടത്താൻ ആവശ്യമായത്ര ഫീൽഡ്ബൂത്തികൾ പുതുതായി കർഷകരുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുക.
- റോഡുകൾക്ക് പ്രാധാന്യം കൊടുക്കുന്ന ഇന്നത്തെ അശാസ്ത്രീയമായ നിലപാട് മാറ്റി ഉൽപ്പാദന വർദ്ധനവിന് സഹായകമായ പദ്ധതികൾ ഉണ്ടാവണം.
- സ്ഥല-ജല മാനേജ്മെന്റിനെക്കുറിച്ച് ജനങ്ങൾക്ക് അറിവ് പകരണം.
- പ്രകൃതി ജന്യമായ തോടുകൾ കെട്ടി സുരക്ഷിതപ്പെടുത്തണം.

*സാധ്യതകൾ*

- ഒറ്റക്കണ്ടം മാർത്തോമാപ്പള്ളിയോടടുത്ത് പാലേരിക്ക് പോകുന്ന PWD റോഡിൽ നിലവിലുള്ള വലിയ കനാൽ ചോർച്ച അടക്കണം.
- കല്ലൂർ ബ്രാഞ്ച് കനാൽ കല്ലൂർ ഭാഗത്തേക്കുള്ള പുതിയിടത്ത് താഴ, പാറക്കടവ് താഴ, ചക്കിട്ടാം കണ്ടി താഴ രയരോത്ത് ഭാഗത്തേക്ക് നീട്ടുക
- വടക്കുമ്പാട് കനാൽ പുറവൂർ പള്ളിത്താഴ, മുതുവണ്ണാച്ച, കനോലവയൽ, എളമ്പിലാച്ചേരി ഭാഗത്തേക്ക് നീട്ടുക.
- വടക്കുമ്പാട് ബ്രാഞ്ച് കനാലിൽ നിന്ന് കുളത്തൂർ വയലിലേക്ക് വെള്ളം എത്തിക്കുക (കുളത്തൂർ വയലിൽ കുളംനിർമ്മിച്ച് വെള്ളം പമ്പ് ചെയ്യണം)
- വടക്കുമ്പാട്- കുനിയോട് കനാലിന്റെ കുനിയോട് ഭാഗത്ത് അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തണം.
- കുളക്കണ്ടത്തിൽ സ്വകാര്യ വ്യക്തിയുടെ കൈവശത്തിലുള്ള കുളം നന്നാക്കി ജലസേചന സൗകര്യം ഏർപ്പെടുത്തണം.
- കരിങ്കണ്ണിതാഴ തോട്ടിന് ചീർപ്പ് നിർമ്മിക്കണം.
- തരിപ്പിലോട് ഭാഗത്ത് കനാൽ വഴി ഒഴുകുന്ന ജലം കൂനംപൊയിൽ ഭാഗത്ത് തടസ്സമുണ്ടാകുന്നത് പരിശോധിക്കണം.
- ആവടുക്ക ഭാഗത്ത് തോടിന് ആഴം കൂടിപ്പോകുന്നത് കൊണ്ട് കൃഷിക്ക് തടസ്സം നേരിടുന്നത് പരിശോധിക്കണം.
- വലിയ വീട്ടിൽ താഴ ഭാഗത്ത് നിന്നും തോട് പുത്തൻപുര അയനിക്കുന്നുമ്മൽ താഴ വഴി കരിങ്കണ്ണി കൊവ്വൽ പ്രദേശത്ത് എത്തിച്ചാൽ കൃഷി വിപുലമാക്കാൻ കഴിയും.
- പാലേരി ഫീൽഡ് ബോത്തിയിൽ നിന്നും കൃത്യ സമയത്ത് ആവശ്യമായ വെള്ളം കിട്ടിക്കഴിഞ്ഞാൽ ചന്മം കുഴി താഴ മുതൽ കുഴമ്പിൽ താഴപാലം വരെക്ക് സ്ഥലത്ത് പുഞ്ചകൃഷി നല്ല രീതിയിൽ നടത്താൻ കഴിയും. പുതിയ ജലനിർഗമനത്തോടുണ്ടാക്കുകയും വേണം
- ഏരത്ത് താഴ സ്വകാര്യ വ്യക്തിയുടെ കൈവശത്തിലുള്ള കുളം നന്നാക്കിയാൽ ഏരത്ത് താഴ വയലിൽ പച്ചക്കറികൃഷി ചെയ്യാൻ കഴിയും. പമ്പ് സെറ്റും വൈദ്യുതിയും ലഭിക്കുകയും വേണം.
- പാലേരി വയലിൽ ചെറുവറ്റ കുനിത്താഴ തോട്ടത്തിൽ ബണ്ട് കെട്ടി ചീർപ്പിട്ടാൽ രണ്ടു തവണ കൃഷി മെച്ചപ്പെടുത്താൻ കഴിയും.
- കുഴമ്പിൽ താഴ, ആറുപ്പാട്ടിൽ താഴ, ആയോളിതാഴ കുമ്പളോട്ടുതാഴ, കണ്ണൻകൈതാഴ എന്നിവിടങ്ങളിലെ ഭൂമി നിലവിലുള്ള കുഴമ്പിൻ താഴ തോട് പരിഷ്ക്കരിച്ച് ബണ്ടുകെട്ടി ചീർപ്പിട്ടാൽ ഗ്രൂപ്പ് ഇറിഗേഷൻ ഏർപ്പെടുത്താം.

268

- കല്ലൂർ കനാൽ ശാഖയിൽ തോടുകീറിയാൽ തന്തമലക്കുന്നിന് താഴെ വയലിൽ മൂപ്പുകൃഷി നടത്താൻ കഴിയും.
- കൂനം പൊയിൽ ജാനകീവയൽ തോടും ഇരുഭാഗവും കെട്ടി കൃഷിപുരോഗതിക്ക് സഹായകമാക്കണം.
- കടിയങ്ങാട് പാണ്ടിയിലെ നീർക്കെട്ട് ഒഴിവാക്കി നിലവിലുള്ള തോടിന്റെ ആഴം കൂട്ടി വണ്ണത്താൻ മൂഴിയുമായി ബന്ധിപ്പിക്കുക.
- കടിയങ്ങാട് പാലത്തിനടുത്ത് നടുവിലക്കണ്ടിതാഴ മുക്കറ്റിസ്ഥത്തെ നീർക്കെട്ട് ഒഴിവാക്കാൻ കടിയങ്ങാട് പുഴയിലേക്ക് തോടു നിർമ്മിക്കണം.

□□

## ചെറുകിട ജലസേചനം

കുറ്റ്യാടി ജലസേചന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള ജലസേചനത്തെപ്പറ്റിയായിരുന്നു ഇതുവരെ പരിശോധിച്ചത്. 2000 ഹെക്ടറിൽ താഴെ ജലസേചനം സാദ്ധ്യപ്പെടുത്തുന്ന പദ്ധതിയാണല്ലോ ചെറുകിടജലസേചനം. 5 ഹെക്ടർ വരെയുള്ള ചെറുകിട ജലസേചന പദ്ധതികൾക്ക് രൂപം നൽകാനും നടപ്പിലാക്കാനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ട്. 14 കിണറുകൾ, 19 കുളങ്ങൾ (190 ഓളം പമ്പുസെറ്റുകൾ എന്നിങ്ങനെ ഹ്രസ്വമായ പശ്ചാത്തലസൗകര്യങ്ങളാണ് നിലവിലുള്ളത്. ദ്രുതഗമന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതുപോലെ ഉപയോഗശൂന്യമായ കുളങ്ങൾ ഉണ്ട്. വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെയുള്ള ആനുകൂല്യങ്ങൾ ഉപയോഗിച്ച് കിണറുകൾ കുളങ്ങൾ തോടുകൾ എന്നിവ നിർമ്മിക്കുമ്പോൾതന്നെ നിലവിലുള്ള സാദ്ധ്യതകൾ സന്നദ്ധ സേവന ശക്തി ഉപയോഗിച്ചു കാർഷികാഭിവൃദ്ധിക്ക് സഹായകമാക്കണം.

*സാധ്യതകൾ*

- അയനിക്കുന്നുമ്മൽ താഴെയോ ചങ്ങരോത്ത് കുളക്കണ്ടത്തോ ജലാശയം നിർമ്മിച്ച് മുക്കണ്ണൻ കുന്നിൽ ടാങ്ക് കെട്ടി ഉപയോഗപ്പെടുത്തിയാൽ ചങ്ങരോത്ത് പഞ്ചായത്തിന്റെ മൂന്നിലൊന്ന് ഭാഗത്ത് ജലസേചനം നടത്താം. കുടിവെള്ളക്ഷാമവും പരിഹരിക്കാം.
- ചങ്ങരോത്ത് വയൽ തോട്, കരിങ്കൽ കെട്ടി സംരക്ഷിക്കുന്ന 2-ാം റീച്ച് പണി നടന്നുവരികയാണല്ലോ. അത് കരിങ്കണ്ണിമൂഴി വരെ 2 കി.മീ. നീളം കൂട്ടികെട്ടി പണിപൂർത്തീകരിക്കണം.
- തോട്ടത്താം കണ്ടി ഭാഗത്തിലൂടെ കടന്നുപോകുന്ന കനാലിൽ നിലവിൽ ആവശ്യത്തിന് വെള്ളമൊഴുകുന്നില്ല. കൊറഞ്ഞോറമ്മൽ താഴെ മുതൽ അഡോർമണ്ണിൽ താഴെ വരെയുള്ള തോട് പരിഷ്ക്കരിച്ച് നിലവിലുള്ള കുറ്റ്യാടി ഇറിഗേഷൻ കനാലുമായി ബന്ധപ്പെടുത്തണം.
- ചങ്ങരോത്ത് 3,4 വാർഡുകളിൽ ഉൾപ്പെടുന്ന പുല്ലേരി തോടിന്റെ ഇരു വശത്തുമുള്ള കൃഷിഭൂമി കുറ്റ്യാടിപുഴയിൽ വെള്ളം കയറി ഇടിയുന്നതിനെതിരെ പ്രതിരോധിക്കാൻ തോടിന്റെ ഇരു ഭാഗവും കരിങ്കല്ലുകൊണ്ട് കെട്ടി മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് എസ്റ്റിമേറ്റുണ്ടാക്കി നടപ്പിലാക്കണം.

**വാൽക്കഷ്ണം:-**

ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പട്ടികകൾ ഇവിടെ സൂചിപ്പിക്കുന്നത്. ആവശ്യങ്ങൾ വൻകിട-ചെറുകിട പദ്ധതികൾ ഏതേതു മേഖയിൽ പെടുത്താം എന്നതു വ്യക്തമല്ല. എന്തായാലും ഈ ആഗ്രഹങ്ങളെല്ലാം നിറവേറ്റപ്പെടുക തന്നെ വേണം. ജലസേചന സാധ്യതകളെപ്പറ്റി പൂർണ്ണമായ വിവരം ഇപ്പോഴും നമ്മുടെ മുമ്പിലില്ല. ശാസ്ത്രീയ രീതിയിൽ സാധ്യതകൾ സംബന്ധിച്ച സമഗ്ര പഠനം നടത്തണം.

269

### തെങ്ങുകൃഷി സംബന്ധിച്ചവിവരങ്ങൾ

(കൃഷിഭവൻ)

| വാർഡ് നമ്പർ | വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | രോഗാവസ്ഥ | | ആകെ. |
|---|---|---|---|---|---|---|
| | | | | ബഡ്റൂട്ട് | ചെന്നീരൊലിപ്പ് | |
| 1 | 155.16h | 7990 | 19125 | 350 | 15 | 365 |
| 2 | 126.7 | 5058 | 17118 | 272 | 18 | 290 |
| 3 | 127.44 | 5327 | 16975 | 846 | 14 | 860 |
| 4 | 350.64 | 14726 | 46636 | 715 | 12 | 727 |
| 5 | 322.56 | 13547 | 42901 | 318 | 10 | 328 |
| 6 | 229.36 | 9633 | 30505 | 313 | 8 | 321 |
| 7 | 132.48 | 5564 | 17620 | 216 | 4 | 220 |
| 8 | 222.48 | 9344 | 29590 | 219 | 2 | 221 |
| 9 | 158.40 | 6652 | 21068 | 172 | 5 | 177 |
| 10 | 167.76 | 7095 | 22313 | 673 | 6 | 679 |
| 11 | 159.17 | 6683 | 21163 | 364 | 8 | 372 |

മൊത്തം പഞ്ചായത്തിൽ 2147 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ഉണ്ട്. 4- ാം വാർഡിലാണ് കൂടുതൽ സ്ഥലത്ത് ഏറ്റവും കൂടുതൽ ആകെ 377086 തെങ്ങുകളുണ്ട് അതിൽ 4560എണ്ണം രോഗബാധിതമാണെന്ന് കാണുന്നു. അതായത് 1.2% സംസ്ഥാനത്തിന്റെ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് രോഗബാധ കുറവാണ്. എന്നാൽ പല ഏജൻസികളും മുഖേന പഞ്ചായത്തിൽ വിതരണം നടത്തുന്ന തൈകൾ രോഗബാധിതമാതൃവൃക്ഷങ്ങളിൽ നിന്നാണോ എന്ന ആശങ്ക കൃഷിക്കാർക്കിടയിലുണ്ട്. തെങ്ങിന്റെ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ മീതെയാണ്. എന്നാൽ ഉല്പാദന ക്ഷമത അതിന്റെ പൂർണ്ണതയിൽ എത്തിക്കേണ്ടതുണ്ട് എന്ന വസ്തുത പട്ടിക സൂചിപ്പിക്കുന്നു.

പട്ടിക 8

### നാളീകേര ഉല്പാദനം/ താരതമ്യം

(ഒരു ഹെക്ടറിലെ ഉല്പാദനം എണ്ണം)

| കേരളം | ചങ്ങരോത്ത് | തമിഴ്നാട് | കർണ്ണാടകം |
|---|---|---|---|
| 5880 | 6083 | 10631 | 5207 |

***നിർദ്ദേശങ്ങൾ:***

ജലസേചന സൗകര്യം വർധിപ്പിക്കലാണ് പ്രധാനം. നിലവിലുള്ള കുളങ്ങൾ ഗ്രൂപ്പ് ഇറിഗേഷൻ, കമ്മ്യൂണിറ്റി ഇറിഗേഷൻ വ്യക്തിഗത ഇറിഗേഷൻ എന്നിവ പ്രോത്സാഹിപ്പിക്കണം. തുണ്ടുവത്ക്കരണത്തിന്റെ പരിമിതികൾ മുറിച്ചു കടക്കാനും കഴിയും.

- കല്ലൂർ ഭാഗത്ത് ഗ്രൂപ്പ് ഇറിഗേഷൻ ശക്തിപ്പെടുത്തണം.
- മണ്ടയുള്ളതിൽ കുന്ന് ഭാഗത്ത് ജലസേചനം ഏർപ്പെടുത്തണം.
- കട്ടങ്കോണ്ട് കുന്നിൽ ടാങ്ക് ,കെട്ടി കുറ്റ്യാടി പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് എത്തിക്കണം.
- കരിങ്കണ്ണിതോടിന്റെ ചീർപ്പ് നിർമ്മിക്കണം.

- തോട്ടത്താം കണ്ടി പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് അണ്ടിക്കുന്ന്, കുന്നശ്ശേരി, കുപ്പാണ്ടിക്കുന്ന്, കങ്കാടത്ത് കുന്ന് തെങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തണം.
- ഊട്ട് പുറത്ത് കുന്നിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ നടത്തണം.
- പട്ടാണിപ്പാറ- മഞ്ഞുണ്ണിക്കുന്ന് - മുടിയൻ ചാൽ - വെള്ളച്ചാൽ അറക്കൽ പറമ്പ് -അരീക്കൽചാൽ എന്നീ സ്ഥലങ്ങളിൽ സ്ഥലഭേദങ്ങൾക്കനുസരിച്ച സാധ്യതകൾക്കനുസൃതമായ കുളങ്ങൾ, കമ്മ്യൂണിറ്റി ഇറിഗേഷൻ, ഗ്രൂപ്പ് ഇറിഗേഷൻ എന്നിവ നടപ്പിലാക്കണം.
- ആപ്പറ്റക്കുന്ന് കവുങ്ങുള്ളചാൽ എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ നടപ്പിലാക്കണം.
- തോട്ടക്കര ഭാഗത്തെ കമ്മ്യൂണിറ്റി ഇറിഗേഷന് അടിയന്തിരമായും വൈദ്യുതി എത്തിക്കണം.
- ആട്ടോത്ത് താഴ ഭാഗത്ത്. പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് തെങ്ങ് കൃഷി മെച്ചപ്പെടുത്തണം.
- വിളയാട്ടുതാഴ കിണർകുഴിച്ച് കിഴക്കയിൽ കുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യണം.
- ഏരന്തോട്ടം പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്തു പൂവ്വാറക്കുന്നിൽ ടാങ്ക് കെട്ടി ജലമെത്തിക്കണം.
- കടിയങ്ങാട് പാണ്ടിയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് എടക്കോട്ടുമ്മൽ കുന്ന് പുല്ലാങ്കുന്ന് എന്നിവിടങ്ങളിലേക്ക് വെള്ളം എത്തിക്കണം.
- കടിയങ്ങാട് പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് നരിക്കൽ താഴ, നരിക്കലക്കണ്ടി ഭാഗത്ത് ജലസേചന സൗകര്യം എത്തിക്കണം.

**മരച്ചീനി**

മരച്ചീനിയുടെ ഉല്പാദനം, ഉല്പാദനക്ഷമത, കൃഷി വിസ്തീർണ്ണം നേരത്തെ സൂചിപ്പിച്ചതാണല്ലോ. (പട്ടിക നാല് നോക്കുക). ആകെ കൃഷിഭൂമിയുടെ 0.7% സ്ഥലത്താണ് കൃഷി ചെയ്തു വരുന്നതെങ്കിലും ഈ കൃഷി ഒരു പിൻമടക്കത്തിലാണ് പ്രധാനമായും തരിശുഭൂമിയിലാണ് കൃഷി ചെയ്തു വന്നത്. അവിടെയാവട്ടെ ഇതര നാണ്യവിളകൾക്കാണ് മുൻ തൂക്കം. കുറുന്തോട്ടി, വെള്ള, അരിക്കര, പാമ്പ്രാക്കട, ഇരമുറിയൻ ,ഇളവൻ കപ്പ, റൊട്ടിക്കപ്പ, സിലോൺ കപ്പ, തുടങ്ങിയ ഇനങ്ങൾക്ക് വംശനാശം സംഭവിച്ചു എന്ന് പറയാം. തെങ്ങു കൃഷിക്കൊപ്പം ഈ കൃഷി നടത്തുക എന്നതും ദുഷ്ക്കരമായിട്ടുണ്ട്. ജൈവ വളം ഒഴിവാക്കാനാവാത്തതാണ് മറ്റൊരു പ്രധാന കാരണം. അതാകട്ടെ ദുർലഭവും. കടുത്ത എലി ശല്യം മറ്റൊരു ഗുരുതരമായ ഭീഷണിയാണ്. സാധാരണക്കാരുടെ ഭക്ഷണക്രമത്തിൽ മരച്ചീനിക്ക് മുഖ്യ സ്ഥാനമുണ്ട്.

| | | | |
|---|---|---|---|
| മരച്ചീനി: | | 1 വർഷം: | 1/2 കോടി |
| 1 ദിവസം പഞ്ചായത്തിലേക്ക് ഇറക്കുമതി | : | 3225 kg<br>(215 തൂക്കം) | |
| 1 വർഷം ഇറക്കുമതി | : | 1161000 കി.ഗ്രാം. | |
| മതിപ്പുവില | : | 50 ലക്ഷം ക. | |
| പഞ്ചായത്തിൽ ഉൽപാദനം | : | 429800 കി.ഗ്രാം | |
| അതായത് പഞ്ചായത്ത് ഉല്പാദനത്തിന്റെ<br>3 ഇരട്ടി ഇറക്കുമതി.ഒരുവർഷം | : | 50 ലക്ഷം | |

ഒരു ഭക്ഷ്യ വസ്തുവെന്ന നിലയിൽ അതിന്റെ ഡിമാന്റു മാത്രമല്ല കൃഷി സംരക്ഷണത്തിനും വർദ്ധിപ്പിക്കുന്നതിനും പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയണം.

**കുരുമുളക്:**

ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് രൂപം കൊടുക്കാൻ കാരണം കുരുമുളക് വിദേശീയരെ ഇന്ത്യയിലേക്ക് ആകർഷിച്ചതും കുരുമുളക് തന്നെ. `തിരുവാതിര ഞാറ്റുവേല കൊണ്ടുപോകില്ലല്ലോ' എന്ന് സാമൂതിരിയെക്കൊണ്ട് പറയിപ്പി

ച്ചതും കുരുമുളകു തന്നെ. ഇരുണ്ട യുഗത്തിലെ അറേബ്യൻ കവി ഇമ്രി ഉൽ ഖൈസിന്റെ ഭാവനയിലും കുരുമുളക് ഉണ്ടായിരുന്നു. ഞാറ്റുവേലയുടെ താളം തെറ്റി കുരുമിളകിന് ദ്രുതവാട്ടം വന്നു തീർന്നു.

ഉല്പാദനക്ഷമതയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയെക്കാൾ മുമ്പിലാണെങ്കിലും (പട്ടിക 4 നോക്കുക) ഈ കൃഷി പൂർണ്ണമായും നാശത്തിന്റെ വക്കിലാണ്. കേന്ദ്ര തോട്ട വിള ഗവേഷണ കേന്ദ്രം, കൃഷി വിജ്ഞാന കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ തൊട്ടടുത്ത് ഉണ്ടെങ്കിലും രോഗം കണ്ടുപിടിക്കുന്നതിൽ, പ്രതിരോധിക്കുന്നതിൽ അവർ ആയിരം കാതം അകലത്തന്നെ.

ഉല്പാദനം വർദ്ധിപ്പിക്കുമ്പോഴൊക്കെ മാർക്കറ്റിൽ കൂടിയ വില കിട്ടുമായിരുന്ന ഈ കറുത്ത പൊന്നിന്റെ കരിമുണ്ട, പന്നിയൂർ, വയനാടൻ, നാടൻ തുടങ്ങിയ ഇനങ്ങൾ നട്ടുപിടിപ്പിച്ച് കൃഷി പരിപോഷിപ്പിക്കുന്നതിൽ മലയോര മേഖലയിലെ കൃഷിക്കാർ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. ഇടവിള കൃഷി എന്ന നിലയ്ക്ക് ഇതിന്റെ സ്ഥാനം വീണ്ടെടുത്തേ മതിയാകൂ. വാർപ്പുകാലുകളിൽ പടർത്തി പുതിയ കൃഷി രീതികൾ അവലംബിച്ചു. ഈ കൃഷിയെ പുനരുദ്ധരിക്കണം. ആത്യന്തികമായ പരിഹാരമാർഗ്ഗം ``ഒരു മരം ഒരു കൊടി "

**റബ്ബർ:-**

ഏകദേശം 100 ഹെക്ടറോളം സ്ഥലത്ത് റബ്ബർ കൃഷിചെയ്തു വരുന്നു. കുടിയേറ്റക്കാരുടെ കടന്നു വരവോടെയാണല്ലോ റബ്ബർ കൃഷി ഇവിടെയെത്തിയത്. മറ്റു കൃഷികളിൽ നിന്നും വ്യത്യസ്തമായി ഉല്പാദനക്ഷമതയിൽ സംസ്ഥാന ശരാശരിയിൽ നിന്ന് ഇവിടെ പിന്നോട്ടുപോയ കൃഷിയാണ് റബ്ബർ. മറ്റു ഉല്പന്നങ്ങളെക്കാൾ വളരെ കൂടുതൽ ലാഭകരവും മാർക്കറ്റും ലഭിക്കുന്ന കൃഷിയാണിത്. കുടിയേറ്റക്കാരെ മാറ്റിനിർത്തിയാൽ മറ്റുള്ളവർ ഈ കൃഷിയെപ്പറ്റി വേണ്ടത്ര ബോധവാന്മാരല്ല.

***നിർദ്ദേശങ്ങൾ:***

- റബ്ബർ കൃഷിക്ക് അനുയോജ്യമായ ധാരാളം പ്രദേശം ഇവിടെയുണ്ട്. മണ്ണ് പരിശോധനയിലൂടെ ഈ പ്രദേശങ്ങൾ കണ്ടുപിടിച്ച് റബ്ബർ കൃഷി പരിപോഷിപ്പിക്കണം. റബർ ബോർഡ് സംസ്ഥാന സർക്കാർ മറ്റേജൻസികൾ എന്നിവരുടെ ശ്രദ്ധയും സഹായവും ഇതിനാവശ്യമാണ്.

**ഇടവിളകൾ**

``മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലംതിങ്ങുമിളം കവുങ്ങും
നിറഞ്ഞഹോ സസ്യലതാഢ്യമായ....."

തോപ്പുകളായിരുന്നു കേരളത്തിന്റെ മുഖശ്രീ. പറമ്പിനെ മുഴുവൻ ആശ്ലേഷിച്ചുകൊണ്ട് വാരിച്ചൊരിയുന്ന സുഖശീതളച്ഛായയാണ് എങ്ങും. ഇരുണ്ട മിനുത്ത ഇലകൾ മുറ്റിത്തഴച്ചു നിൽക്കുന്ന പിലാവ് രണ്ടും ചേർന്ന് വിരിച്ചു തരുന്ന സമൃദ്ധമായ തണൽ, നീണ്ടുമെലിഞ്ഞ അടക്കാമരങ്ങൾ, നീണ്ടുവിശാലമായ ഇലകൾ, പച്ചില, പന്തലിടുന്ന വാഴകൾ ``ഇതൊക്കെ ചേർന്ന ഗൃഹാന്തരീക്ഷത്തിന് അപാച്യമായ ആസ്വാദ്യത പകരുന്ന കാൽക്കീഴിലുള്ള ഭൂമിക്ക് നിതാന്തമായ ഒരു കുളിർമ......" ആ ഉണർവ്വ് ഇന്നെവിടെ?

ദ്രുതഗമന പഠനറിപ്പോർട്ടുകൾ ഒരു ഇരുണ്ട ചിത്രമാണ് നമുക്കു നൽകിയത്. നമ്മുടെ കാർഷിക സംസ്ക്കാരത്തിന്റെ പ്രതീകമായിരുന്ന ഫലവൃക്ഷങ്ങളുടെയെല്ലാം വിനാശം വൃക്ഷമുത്തശ്ശന്മാർ കൊലചെയ്യപ്പെട്ടു. ജൈവ വൈവിധ്യത്തിന്റെ കലവറയായിരുന്ന നമ്മുടെ തോപ്പുകൾക്ക് സർവ്വസവും നഷ്ടമായി. കല്ലിലും മുള്ളിലും തുള്ളിക്കളിച്ചിരുന്ന തകരക്കൂട്ടന്മാരെ കാണാനേ ഇല്ല തുമ്പപ്പൂ പോലുള്ള ചോറിലെ തുമ്പയും നഷ്ടമായി. ഒരുകാലത്ത സമൃദ്ധമായിരുന്ന കൂവ്വചെടികൾ നാമാവശേഷമായി. അമരിയും, ആവണക്കും ഈശ്വരമുല്ലയും, തെച്ചിയും നോച്ചിയും കുന്നിയും ഉമ്മയും കാകപ്പോളയും, കുലവാഴയും കറുകയും മുത്തങ്ങയും നന്നാറിയും നറുനീന്തിയും .... അങ്ങിനെയങ്ങിനെ എത്രയെത്ര സസ്യജനുസ്സുകൾ നമുക്ക നഷ്ടമായി.

ഈ നഷ്ട സൗഭാഗ്യങ്ങളുടെ പാശ്ചാത്തലത്തിൽ നിന്നുവേണം ഇടവിളകൃഷിയെപ്പറ്റി പരിശോധിക്കാൻ മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താൻ തെങ്ങിൻതോപ്പുകളിൽ ചെയ്യുന്ന ഇടവിള കൃഷികൾക്ക് വമ്പിച്ച പ്രാധാന്യമുണ്ട്.

ശാസ്ത്രീയമായ രീതിയിൽ ഈ കൃഷി ചെയ്തിട്ടുള്ള ഇടങ്ങളിൽ ആകെയുള്ള സ്ഥലത്തിന്റെ 25% മാത്രമേ തെങ്ങ് അതിന്റെ വളർച്ചയ്ക്കായി ഉപയോഗിക്കുന്നുള്ളൂ. തെങ്ങിൻ തോപ്പിൽ ലഭ്യമായ മണ്ണ്, വെള്ളം സൗരോർജ്ജം എന്നീ മൂന്ന് ഘടകങ്ങളും പരിപൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിക്കും.

ചേന ചേമ്പ് ചെറുകിഴങ്ങ് കപ്പക്കിഴങ്ങ് കൂർക്കൽ മഞ്ഞൾ ഇഞ്ചി, കച്ചോലം തുടങ്ങിയ ഇടവിളകളിൽനിന്നെല്ലാം കർഷകൻ മുഖം തിരിഞ്ഞുനിൽക്കുകയാണ്. ഈ സ്ഥിതി മാറുകതന്നെ വേണം. അന്തരീക്ഷത്തിൽ പാക്യജനകത്തെ മണ്ണിൽ നിക്ഷിപ്തമാക്കാൻ പയറുവർഗ്ഗത്തിനു കഴിയുമെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു.

ഇതുമാത്രമല്ല യഥാർത്ഥപ്രശ്നം. നമ്മുടെ ഭക്ഷ്യശീലത്തിൽ വന്ന അനാരോഗ്യകരമായ മാറ്റം നമ്മുടെ ആരോഗ്യത്തെയും ബാധിക്കുന്നു. കാലാവസ്ഥയ്ക്കും മനുഷ്യപ്രകൃതിക്കും അനുയോജ്യമായ രോഗപ്രതിരോധ ഭക്ഷണരീതിയായിരുന്നു നമ്മുടെത്. പുത്തൻ ഉപഭോഗസംസ്ക്കാരത്തിന്റെ കടന്നാക്രമണത്തിൽ അകപ്പെട്ട നമുക്ക് ഉത്തമമായ കൃഷിരീതിയും ഭക്ഷണക്രമവും നഷ്ടമായി അഥവാ നഷ്ടപ്പെടുത്തി. ആരോഗ്യ രംഗത്ത് അഭിമാനകരമായ പുരോഗതികൈവരിച്ച് നമ്മുടെ സംസ്ഥാനത്ത് രോഗാതുരത വർദ്ധിച്ചു കൊണ്ടിരിക്കയാണിന്ന്. ഈ ഭക്ഷ്യവിത്തുകൾ ഉപേക്ഷിക്കുകയും മാർക്കറ്റുകളിൽ നിന്ന് കിട്ടുന്ന പച്ചക്കറികളെ ആശ്രയിക്കുകയും ചെയ്തതല്ലേ രോഗാതുരതയുടെ ഒരു കാരണമെന്ന് നാം പരിശോധിക്കണം. കീടനാശിനികളോ രാസവളപ്രയോഗങ്ങളോ ആവശ്യമില്ലാത്തതാണ് ഈ ഭക്ഷ്യവിളകൾ എന്നു കൂടി നാം ഓർക്കുക. കുത്തഴിഞ്ഞ പാശ്ചാത്യ ജീവിതം പകർത്താനുള്ള വ്യഗ്രതയിൽ നാം അറിയാതെ കൈവിട്ടുപോകുന്നത് നമ്മുടെ മഹത്തായ കാർഷിക സംസ്ക്കാര പൈതൃകമാണ്. ലോകത്ത് സ്വന്തം ഭക്ഷണരീതി കൈവിട്ട ഒരു ജനത മറ്റെവിടെയാണുള്ളത്.



## ആദിഫലപ്പെരുന്നാൾ

പട്ടത്തകടവ് ഹോളിഫാമിലി കത്തോലിക്കാ പള്ളി എല്ലാ വർഷവും ആദിഫലപെരുന്നാൾ സംഘടിപ്പിച്ചുവരുന്നുണ്ട് ശരാശരി 150-ഓളം കർഷകർ വിളഫലമത്സരത്തിൽ പങ്കെടുക്കാറുണ്ട്. ഓരോ ഇനത്തിലും മികച്ച ഇനത്തിന് സമ്മാനം. 95-ലും 96-ലും ഇലവുങ്കൽ ജോസഫിന്റെ ചേനക്കായിരുന്നു പ്രഥമസ്ഥാനം; 39 കി.ഗ്രാം തൂക്കം. കൈതക്കുളം ജോസഫിന് സമ്മാനം കിട്ടിയത് 30 കി.ഗ്രാം തൂക്കം നേടിയത് മരച്ചീനിക്കാണ് വാഴക്കുല ഇനത്തിൽ പുല്ലാട്ട് തോമസിന് വിജയിക്കാൻ കഴിഞ്ഞു. 1972-ൽ പേരാമ്പ്ര ബ്ലോക്കിൽ I.R. 8 കൃഷി ചെയ്ത് മികച്ച മേനിയുണ്ടാക്കിയ ബഹുമതിയും ഇലവുങ്കൽ ജോസഫിനായിരുന്നു.

ഇതുപോലുള്ള വിളമത്സരങ്ങൾ കൃഷിക്കാർക്ക് പ്രോത്സാഹനമാവും. വാർഡടിസ്ഥാനത്തിൽ ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കാൻ കഴിയണം.

പഴയ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി നമുക്ക് കിട്ടിയ നാട്ടറിവുകളും ശാസ്ത്രസാങ്കേതിക വിദ്യയുടെ പുതിയ അറിവുകളും സംയോജിപ്പിച്ചുകൊണ്ട് ശാസ്ത്രീയമായ കൃഷിരീതിയിൽ ജനങ്ങളുടെ കൂട്ടായ്മ ഉറപ്പുവരുത്തുകയാണാവശ്യം.

പഴയ കൃഷിരീതിയുടെ തുടർച്ചയും അതിന്റെ വളർച്ചയുമായി പുതിയ കൃഷി സമ്പ്രദായത്തെ മാറ്റുന്നതിനുപകരം പഴയതിനെ പാടെ തിരസ്കരിച്ചു എന്നതാണ് നമുക്ക് പറ്റിയ തെറ്റ്. ഇത് ശാസ്ത്രീയമല്ല; അശാസ്ത്രീയമാണ്.

പഴയതിനെ നിഷേധിക്കുന്നതോടൊപ്പം അതിന്റെ ഗുണവശങ്ങൾ സ്വാംശീകരിച്ചുകൊണ്ടുള്ള നിഷേധമാണ് ഇവിടെ കാണുന്നത്. ഇതു കൃഷിയിലും ബാധകമാണ്.

## കൃഷി ഭൂമിയുടെ ഫലഭൂയിഷ്ഠത

"വരമ്പു കുറച്ചിട്ടം നരന്മാരെ
പ്പെരമ്പോണ്ടടിക്കേണം നൂറുങ്ങവെ.
മേലെകണ്ടങ്ങൾക്കല്ലോ വരമ്പുക-
ളാലംബേന ധരിക്കണ മെപ്പോഴും.
തൂക്കൻ ഏറെയുള്ളേടത്തൊരിക്കലും
ചേർക്കരുത് കഴയവെള്ളത്തിന്."

-കൃഷിഗീത.

കൃഷിഭൂമിയുടെ വരമ്പുകൾ വെട്ടിക്കുറന്നവനെ പെറമ്പോണ്ടടിക്കണം എന്നാണ് നിർദ്ദേശം. തൂക്കലേറെയുള്ള സ്ഥലത്തിന് കഴായ വെക്കരുത് എന്ന് പറയുന്നതിൽ മണ്ണൊലിപ്പിനെപ്പറ്റിയുള്ള ബോധം കാണാം.

കുന്നിൻ ചെരിവുകളിൽ (തൂക്കലേറിയ സ്ഥലം) മണ്ണൊലിപ്പു തടയുന്നതിനു വേണ്ടി കയ്യാലകെട്ടി സംരക്ഷിക്കണം എന്നാണ് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഈ കൃഷിഗീതകാരന്റെ ആഹ്വാനം.

"മണലും മണ്ണും കൂറിയ ഭൂമിയിൽ
പണിയേണം വളമിട്ടിട്ടേവരും."
തൊഴുത്തോളമിടയിട്ടിട്ടപ്പുറം
കുഴിച്ചുവടുക്കേണം വളക്കുഴി."
വെള്ളം തന്നെ കൃഷിക്കു പ്രമാണമെ-
ന്നുള്ളിലെല്ലാരും വേണമറിഞ്ഞാലും."

വളപ്രയോഗത്തിന്റെ പ്രാധാന്യം, അതുണ്ടാക്കുന്ന രീതി, ജലസേചനത്തിന്റെ ആവശ്യം തുടങ്ങി എല്ലാ കാര്യങ്ങളും അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇവിടെ വിശദീകരിക്കപ്പെടുന്നു.

ഈ നാട്ടറിവും ശാസ്ത്രത്തിന്റെ പുതിയ കണ്ടെത്തലുകളും സംയോജിപ്പിക്കാത്തതാണ് നമ്മുടെ തെറ്റ്.

മണ്ണ് എന്ന അദ്ധ്യായത്തിൽ കുന്നിൻചെരിവുകളിലെ വ്യാപകമായ മണ്ണൊലിപ്പ് പട്ടികപ്പെടുത്തിയിട്ടുണ്ട്. അശാസ്ത്രീയമായ രാസവളപ്രയോഗം പാടങ്ങളിലും പറമ്പുകളിലും വരുത്തിയ വിനയെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ട്. മണ്ണുപരിശോധന നടത്തി ശാസ്ത്രീയമായ വളപ്രയോഗത്തിന്റെ ആവശ്യകത ഇവിടെ ബോദ്ധ്യപ്പെടുകയാണ്. കൃഷിഭവൻ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ഇക്കാര്യം കൂടുതൽ പരിശോധിക്കാം.

## കൃഷിഭവൻ

1987 സപ്തംബർ 1-ന് കൃഷിഭവൻ പ്രവർത്തനമാരംഭിച്ചു. പ്രതീക്ഷകളോടെ കർഷകർ വരവേറ്റു. പരിമിതമായ സ്ഥലങ്ങളിലും ഏതാനും ചില സമിതികളിലും വ്യക്തികളിലും അതിന്റെ പ്രവർത്തനം ഒതുങ്ങിനിൽക്കുന്നു.

274

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

### കാർഷികോപകരണങ്ങളുടെ വിതരണം

| വാർഡ് ആകെ 38 | ഉഴവുപകരണങ്ങൾ ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | മരുന്നു തളി ഉപകരണങ്ങൾ റോക് സ്പ്രെയർ | നാപ്പ്സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവർ | മെതി യന്ത്രം | തെങ്ങ് കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
|---|---|---|---|---|---|---|---|---|---|
| 11 | ഇല്ല | 1 | 13 | 4 | 6 | 2 | ഇല്ല | 3 | 11 |

### ഭൂവിനിയോഗം

| | | |
|---|---|---|
| പറമ്പ് | - | 644467 സെന്റ് |
| വയൽ | - | 105754 |
| ആകെ | - | 750221 |
| കൃഷി ചെയ്യുന്നത് | - | 664832 |
| റോഡ് തുടങ്ങിയവ | - | 62516 |
| തരിശ് (പുറമ്പോക്ക്) | - | 22873 |

(അവലംബം: ജില്ലാ സ്റ്റാറ്റിസ്റ്റിക്സ്)

### നടീൽ വസ്തുവിതരണം

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 745 | 405 | 500 |
| കശുമാവ് | 160 | 160 | - |
| കുരുമുളക് | 5000 | 4500 | 9000 |
| കവുങ്ങ് | 400 | 100 | 300 |
| നേന്ത്രവാഴ കന്ന് | 2020 | - | 150 |
| ജാതി | 68 | - | - |
| ഒട്ടുമാവ് | 42 | - | 47 |

### കൈവശ കൃഷിഭൂമി

| | |
|---|---|
| നാമമാത്ര കർഷകൻ (1-ഹെക്ടറിൽ താഴെ) | 8817 |
| ഇടത്തരം ചെറുകിട കർഷകൻ (1-2 H) | 319 |
| വൻകിട കർഷകർ (2 Hന് മുകളിൽ) | 14 |
| ആകെ | 9150 |

### ദുരിതാശ്വാസവിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1993-94 | - | - | - | - | - | - |
| 1994-95 | 7.5 | - | 1.6 | - | 100 | 20793 |
| | | | | | 42 | 600 ജി.നെൽ വിത്ത് |
| 1995-96 | - | - | 9 | | 39 | 25938 |

(അവലംബം: കൃഷിഭവൻ)

കൃഷിഭവന്റെ മുമ്പിലുള്ള കാർഷിക മേഖലയുടെ ഒരു രേഖാചിത്രമാണ് ഈ പട്ടിക. ഇതിനുമുമ്പ് പലതവണ പറഞ്ഞതുപോലെ കൃഷിഭൂമിയുടെ വിസ്തീർണ്ണം ഇനി വർദ്ധിപ്പിക്കാനാവുകയില്ലെന്ന് ഭൂവിനിയോഗപ്പട്ടിക വ്യക്തമാക്കുന്നു.

കൃഷിക്കാരിൽ 96% നാമമാത്ര കൃഷിക്കാരാണെന്ന് കൈവശപട്ടികയും വ്യക്തമാക്കുന്നു.

ഈ വസ്തുതകളെല്ലാം തന്നെ ഭൂമിയുടെ തുണ്ടവൽക്കരണം എത്രത്തോളം വലുതാണെന്ന് വിളിച്ചുപറയുക യാണ്.

കൃഷിക്കാരുടെ യോജിപ്പിലൂടെയല്ലാതെ ഈ തുണ്ടവൽക്കരണപരിമിതി മുറിച്ചുകടക്കാൻ കഴിയില്ലെന്ന് വ്യക്തം. അപ്പോൾ കൃഷിയുടെ എല്ലാ ഘട്ടങ്ങളിലും - കൂട്ടായി വിത്തിറക്കൽ, കൂട്ടായ ജലസേചനം, കൂട്ടായ വളപ്രയോഗം, കൂട്ടായ മരുന്നു തളിക്കൽ, കൂട്ടായ കീടനശീകരണം തുടങ്ങി കൃഷിയുടെ കൂട്ടായ്മ ഉറപ്പുവരുത്തുകയാണ് ഒന്നാമത്തെ കാര്യം.

- ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ രാഷ്ട്രീയ സാംസ്കാരിക നേതൃത്വവും കൃഷിഭവൻ ഉദ്യോഗസ്ഥന്മാരും കൂട്ടുചേർന്നുകൊണ്ട് കൃഷിക്കാരുടെ ഒരുമയുടെ പ്രസ്ഥാനം കെട്ടിപ്പടുക്കണമെന്ന് അടിവരയിട്ടു പറയട്ടെ.

നടീൽ വസ്തുക്കളുടെ വിതരണം, ദുരിതാശ്വാസവിതരണം എന്നിവയുടെ പട്ടിക കൃഷിഭവന്റെ പ്രവർത്തനം എത്രമാത്രം പരിമിതമാണെന്ന് ചൂണ്ടിക്കാട്ടുന്നു. 14 നാടൻ കലപ്പയും, പല തരത്തിലുള്ള 21 മരുന്നു തളിപമ്പും 1 ടില്ലറുമാണ് 9150 കൃഷിക്കാരുള്ള രംഗത്ത് കൃഷിഭവന്റെ സംഭാവന. കൃഷിഭവന്റെ പ്രവർത്തനം കൃഷിക്കാർക്കിടയിൽ എത്തുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ തട്ടിമാറ്റണം.

**പാടശേഖര സമിതികൾ**

റജിസ്ത്ര് ചെയ്യപ്പെട്ട 11 പാടശേഖര സമിതികളാണ് നിലവിലുള്ളത്. ഇവയുടെ പ്രവർത്തനം അതിന്റെ ഭാരവാഹികളിൽ ഒതുങ്ങിനിൽക്കുന്നു.

- **കൃഷിഭവൻ ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ പാടശേഖര സമിതി വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. സമിതിയുടെ പ്രവർത്തനം എല്ലാ മെമ്പർമാരെയും പങ്കാളികളാക്കി ജനാധിപത്യവൽക്കരിക്കുകയും വേണം.**
- **കൃഷിഭവനിൽ നിന്നു കിട്ടുന്ന ആനുകൂല്യങ്ങൾ ഭാരവാഹികൾ പങ്കിട്ടെടുക്കുന്ന സ്ഥിതി ഉണ്ടെങ്കിൽ അത് അവസാനിപ്പിക്കുകയും വേണം.**

**നാളികേര വികസനസമിതി**

**സമിതിയിലേക്ക് മെമ്പർഷിപ്പ് ചേർത്തുവെന്നല്ലാതെ അതിന്റെ പ്രവർത്തനം ആരംഭിച്ചുകാണുന്നില്ല. രാഷ്ട്രീയവൽക്കരണം സമിതിയുടെ ഒരു ശാപമാണ്. മുഴുവൻ നാളികേരകൃഷിക്കാരെയും സമിതിയിൽ അംഗത്വമെടുപ്പിച്ച് അതിന്റെ പ്രവർത്തനവും ചിട്ടപ്പെടുത്തേണ്ടതുണ്ട്.**

**പ്രായോഗികത**

കീടനാശിനി, തൂരിശ് എന്നിവയുടെ മാർക്കറ്റ് വിലയുമായി യാതൊരു സാമ്യവുമില്ലാതെ തയ്യാറാക്കിയതുകൊണ്ട് കൃഷിഭവന്റെ മുമ്പിലുള്ള ചില നടപ്പു പദ്ധതികൾ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ഗവർമ്മെണ്ട് തലത്തിലോ വകുപ്പു തലത്തിലോ ഇതിന് പരിഹാരം കാണണം.

***നിർദ്ദേശങ്ങൾ***

- കൃഷിഭവൻ നടപ്പിലാക്കുന്ന പരിപാടികളുടെ അറിയിപ്പുകൾ റേഷൻ കടകൾ, ക്ലബ്ബുകൾ, അംഗനവാടികൾ, വായനശാലകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കണം
- കൃഷി ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെപ്പറ്റിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.
- പഞ്ചായത്തിൽ തന്നെ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കണം.
- പഴയ വിത്തുകൾ - ശേഖരണം; സംരക്ഷണം.

  അരിയൻ, കുട്ടാടൻ, കൊയ്യാള, നവര, അരിയൻ കാളി, മുണ്ടകൻ, പൊന്നാര്യൻ, കവുങ്ങും പുത്താടൻ,

മോടൻ, കരിമോടൻ, ചെറുചിറ്റേനി, ചിറ്റേനി, മണൽവെളുത്തൻ, പള്ളിയാരൽ, തവളക്കണ്ണൻ തുടങ്ങി ഒരു കാലത്ത് പഞ്ചായത്തിൽ സമൃദ്ധമായിരുന്നു. പല വിത്തുകളും നാമാവശേഷമാവുകയോ അപ്ര ത്യക്ഷമാവുകയോ ചെയ്തിട്ടുണ്ട്. അന്വേഷിക്കണം, കണ്ടെത്തണം, സംരക്ഷിക്കപ്പെടണം.

- കാർഷിക ഗവേഷണ കേന്ദ്രം. ജില്ലാ കൃഷി ഫാം എന്നിവയുടെ സഹായനിർദ്ദേശങ്ങൾ സ്വീകരിക്കണം.
- തുണ്ടുവൽക്കരണത്തിന്റെ പ്രശ്നങ്ങൾ അതിജീവിക്കുന്നതിനു വേണ്ടി ഗ്രൂപ്പ് ഫാമിംഗ് വ്യാപകമാക്കണം.
- വയൽ വരമ്പുകളിൽ വേലികളിലും, കനാൽ തീരങ്ങളിലും പച്ചിലച്ചെടികൾ വ്യാപകമായി വളർത്തണം.
- ചാണക, പച്ചില കമ്പോസ്റ്റും, മണ്ണിര കമ്പോസ്റ്റും നിർമ്മിക്കണം.
- ഔഷധച്ചെടികളുടെ കൃഷി, സംരക്ഷണം, വികസനം.
- ജൈവവൈവിധ്യങ്ങൾ പുനഃസ്ഥാപിക്കണം.
- ഇടവിളകൃഷി ഉറപ്പുവരുത്തണം.
- അപൂർവ്വ സസ്യങ്ങളുടെയും, ഔഷധച്ചെടികളുടെയും ഗൃഹതലകൃഷി പ്രോത്സാഹിപ്പിക്കണം.
- ഗ്രാമതല ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മിക്കണം.
- കൂൺ കൃഷി വിത്തുൽപ്പാദന കേന്ദ്രം പഞ്ചായത്ത തലത്തിൽ നിർമ്മിക്കണം. കൂൺ കൃഷി ഗാർഹിക തലത്തിൽ പ്രോത്സാഹിപ്പിക്കണം.
- ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ സുഗന്ധവിളകൾ മത്സരാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കണം.
- **പച്ചക്കറികൃഷി വികസനം**

  പഞ്ചായത്തിന് ഏതാണ്ട് 200-ഓളം ഏക്കർ പുറമ്പോക്കുണ്ട്. പുഴയോരത്ത് കിടക്കുന്ന ഈ പുറമ്പോക്ക് പ്രദേശങ്ങൾ പച്ചക്കറി കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. നീർവാർച്ചയുള്ള മണ്ണ്, സൂര്യവെളിച്ചം, ജലസേചന സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉണ്ട്. ഇത് പ്രയോജനപ്പെടുത്തണം.
- ഒരു വീട്ടിൽ രണ്ട് സെന്റ് പച്ചക്കറിക്ക്. വയലുകളിൽ നെല്ല്, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നീ രീതിയിലുള്ള വിള ചംക്രമണം
- നാടൻ വാഴകളുടെ കൃഷി പുരയിടത്തിൽ പ്രോത്സാഹിപ്പിക്കണം.
- സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷി ഉൾപ്പെടുത്തണം. പച്ചക്കറി കൃഷി നന്നായി നടത്തുന്ന കുട്ടികൾക്ക് പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകണം.
- ഒരു പുതിയ കാർഷിക വിദ്യാഭ്യാസ സംസ്കാരത്തിന് ഹരിശ്രീ കുറിയ്ക്കുകയാണ് ഇവിടെ. കൃഷി യോട് വിമുഖത കാണിക്കുന്ന 'അപരിഷ്കൃത' സംസ്കാരത്തിനെതിരായ ഒരു പുതിയ വികസന സംസ്കാരം.

## നീർത്തടപദ്ധതി - NWDPRA

മോഞ്ഞാണ്യം വാട്ടർ ഷെഡ് പദ്ധതിയിൽ ചങ്ങരോത്ത് പഞ്ചായത്തിലെ ചില പ്രദേശങ്ങൾ (കടിയങ്ങാട് ഭാഗം) ഉൾപ്പെടുന്നു. പദ്ധതിയുടെ അടങ്കൽ തുക 1152000 ഉറുപ്പികയിൽ 706200 കയും ചെലവാക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. 942 ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നുവെന്നാണ് കണക്ക്. ചങ്ങരോത്ത് എത്ര പേർക്ക് ഗുണം കിട്ടിയെ ന്നതിന്റെ കണക്ക് മുമ്പിലില്ല. ഈ പദ്ധതിയുടെ പഞ്ചായത്തിലെ നടത്തിപ്പിനെപ്പറ്റി ശക്തമായ വിമർശനങ്ങൾ ഗ്രാമസഭാവേദികളിൽ ഉയർന്നിട്ടുണ്ട്. ആ വിമർശനങ്ങൾ ശരിയെന്ന് തെളിയിക്കുന്ന വസ്തുതകൾ ആസൂത്രണ പ്രസ്ഥാനത്തിന്റെ മുമ്പാകെ ഉണ്ട് എന്നു മാത്രം പറഞ്ഞു വെക്കട്ടെ.

മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങളിലെ ജൈവരാശിയുടെ സന്തുലിതമായ ഉൽപാദനവും പരിസ്ഥിതിയുടെ പുനഃസ്ഥാപനവുമാണല്ലോ ഈ പ്രോജക്ടിന്റെ മുഖ്യലക്ഷ്യം.

ജൈവ വൈവിദ്ധ്യം വീട്ടുവളപ്പിൽതന്നെയുണ്ട്. കൃഷിഭൂമികളിലും വീട്ടുവളപ്പുകളിലും അടുക്കള ക്കുപിറകിലും നിരത്തുവക്കുകളിലും ഖനികൾക്കരികിലും കരിങ്കൽമടകയിലും കല്ലുവെട്ടുകുഴി കളിലും കായലിലും തോടിലും കുളങ്ങളിലും വയലുകളിലും കുന്നിൻചെരുവുകളിലുമൊക്കെ യുള്ള ജൈവവൈവിദ്ധ്യം സ്വകാര്യവൽക്കരിക്കപ്പെട്ടുകൂടാ.

വടക്കേ ഇന്ത്യൻ മാതൃക അതേപടി തുടരുന്നത് എത്രമാത്രം ആശാസ്യമല്ലെന്ന് തെളിയിക്കുന്നതാണ് പഞ്ചായ ത്തിൽ പദ്ധതിയുടെ പ്രവർത്തനം.

ഉദാഹരണം പറയാം:

'ശാസ്ത്രജ്ഞൻമാരും കൃഷിക്കാരും തമ്മിലുള്ള കണ്ണികളായി പ്രവർത്തിക്കുന്നവരെ 'മിത്രകിസാൻ' എന്നും മിത്രകിസാനെ സഹായിക്കുന്ന കർഷകതൊഴിലാളിയെ "ഗോപാൽ" എന്നും പറയും. ഗോപാലിന്റെ ശ്രദ്ധ പ്രധാന മായും കന്നുകാലിസംരക്ഷണത്തിലും പൊതുമേച്ചിൽ സ്ഥലങ്ങളുടെ മേൽനോട്ടത്തിലും ആയിരിക്കും.'

= നൂറുകണക്കിനേക്കർ പൊതുമേച്ചിൽ സ്ഥലമുള്ള മറ്റു സംസ്ഥാനങ്ങളിൽ ഇതു ശരിയാണ്. പൊതുമേച്ചിൽ സ്ഥലങ്ങളില്ലാത്ത ചങ്ങരോത്തും അതേപടി പദ്ധതി പകർത്തുന്നത് യുക്തമല്ല. പരിസ്ഥിതി സംരക്ഷണവും ജൈവ രാശിയുടെ സംരക്ഷണവും മുഖ്യലക്ഷ്യമായി പ്രഖ്യാപിക്കുന്ന ഒരു പദ്ധതി ആടുകളെ വിതരണം ചെയ്തത് ഈ അശാസ്ത്രീയതയുടെ അടിസ്ഥാനത്തിലാണ്. ജൈവരാശിയിൽ ആടു തിന്നുന്ന ജൈവസസ്യങ്ങൾ ഉൾപ്പെടുന്നി ല്ലെങ്കിൽ വിമർശനമില്ല.

ഇത്തരം പദ്ധതികൾ അതതു പ്രദേശത്തിന്റെ ആവശ്യങ്ങളും സാധ്യതകളും മനസ്സിലാക്കി നടപ്പിലാക്കണ മെന്നും പൊതു ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കരുതെന്നുമുള്ള നിർദ്ദേശം മാത്രം ഇവിടെ മുന്നോട്ടു വെക്കുന്നു.

### കാർഷികബന്ധങ്ങൾ

ചങ്ങരോത്ത് കാർഷിക മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമം ചില മേഖലകളിൽ അനുഭവപ്പെടു ന്നുണ്ട്. ഞാറ് പണി, ഞാട്ടിപ്പണി, കൊയ്ത്തുപണി എന്നിവക്ക് തൊഴിലാളികളെ മതിയായ അളവിൽ കിട്ടുന്നി ല്ലെന്ന പരാതി ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്. തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷാമമുണ്ട്. മാത്ര മല്ല ഈ രംഗത്ത് പുതിയ തൊഴിലാളികൾ കടന്നുവരുന്നുമില്ല. കന്നുപൂട്ട് തൊഴിലാളികളും ഗ്രാമത്തിൽ നാമമാത്ര മാണ്. ചില പാടശേഖരങ്ങളിൽ ഉഴുത്തിനു പകരം പടന്നവെട്ട് നടത്തിയാണ് പാടമൊരുക്കുന്നത്. ഇതൊരിക്കലും കന്നുപൂട്ടലിന് സമമാവില്ല. ചെളി ആവശ്യമായത്ര ഇളകില്ലെന്നും കളകൾ പൂർണ്ണമായി നശിക്കുകയില്ലെന്നതും ഇതിന്റെ ദോഷവശങ്ങളാണ്. ഇതാകട്ടെ ഉല്പാദനത്തെ ബാധിക്കുന്നു. പുഞ്ചപ്പണി പോലുള്ള ഹ്രസ്വമായ കാല യളവിൽ കൃഷി ഒന്നിച്ചു നടത്തേണ്ട സന്ദർഭത്തിൽ കർഷകതൊഴിലാളികളെ കിട്ടാത്തതുകൊണ്ട് കൃഷി ഉപേ ക്ഷിക്കുന്നതും അപൂർവ്വമല്ല. ആധുനികകൃഷിരീതികൾ പ്രയോജനപ്പെടുത്തിക്കൊണ്ടല്ലാതെ കാർഷികമേഖലക്ക് മുന്നോട്ടു പോകാനാവില്ല. ഇത് സാധിക്കണമെങ്കിൽ പാടങ്ങളിൽ പറമ്പുകളിലും കർഷക-കർഷകതൊഴിലാളി ഐക്യം അനിവാര്യമാണ്. അത് ഊട്ടി ഉറപ്പിക്കുന്നതിനു വേണ്ടി ഇരുവിഭാഗവും തമ്മിൽ പരസ്പര വിട്ടുവീഴ്ചയും അനിവാര്യമാണ്.

[redacted] കൃഷിയിടങ്ങളിൽ വർധിച്ചു വരുന്ന എലിശല്യത്തെക്കു റിച്ചു മുഴുവൻ കൃഷിക്കാർക്കും ഏറെയാണ് ആശങ്ക. ഇടവിളകൾക്ക് മാത്രമല്ല, മരച്ചീനിയും, തെങ്ങും നെല്ലും എലിയുടെ ഭീഷണിയിലാണ്. പാടശേഖരങ്ങളിൽ നെല്ല് അരിഞ്ഞു വീഴ്ത്തുക യാണ്. ഒറ്റപ്പെട്ട എലിനശീകരണം കൊണ്ട് വലിയ പ്രയോജനമില്ല. ചങ്ങരോത്ത് പഞ്ചായത്തിൽ എല്ലാ കൃഷിക്കാരും കൃഷിഭവന്റെ സഹായത്തോടെ ഒത്തുചേർന്ന് 'എലി നശീകരണവാരം' സംഘ ടിപ്പിക്കണം.

# മൃഗ സംരക്ഷണം

ചങ്ങരോത്ത് പഞ്ചായത്തിൽ കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ വളരെ കുറവാണ്. എന്നാൽ ഈ നൂറ്റാണ്ടിന്റെ തുടക്കം മുതലേ കന്നുകാലി വളർത്തൽ വലിയ ഒരു വിഭാഗം കൃഷിക്കാരുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങളിലൊന്നായിരുന്നു. നൂറു കണക്കിന് ഏക്കറുകളിൽ കണ്ണെത്താത്ത ദൂരത്തോളം വ്യാപിച്ചു കിടക്കുന്ന വിസ്തൃതമായ നെൽപ്പാടങ്ങളും സമൃദ്ധമായി പച്ചപ്പുൽ വളരുന്ന കുന്നുകളും മേടുകളും പറമ്പുകളും ഇതിന് അനുകൂല സാഹചര്യമൊരുക്കി. പാൽ ഉൽപാദിപ്പിക്കുന്നതിനും ഉഴവുമാടുകളെന്ന നിലയിലും ഭാരം കയറ്റിയ വണ്ടികൾ വലിക്കുന്നതിനും മാത്രമല്ല ജൈവ വളങ്ങൾക്ക് വേണ്ടിയും കന്നുകാലികളെ ആശ്രയിച്ചു പോന്നു. തിരുവിതാംകൂർ ഭാഗത്ത് നിന്നുള്ള കൃഷിക്കാർ കുടിയേറ്റക്കാരായി വരുന്ന കാലം വരെ പശുക്കളെയും എരുമകളെയും കോഴികളെയും ആടുകളെയും മാത്രമാണ് വളർത്തിയിരുന്നത്. എന്നാൽ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ കുടിയേറ്റ കർഷകരായി എത്തിയ കുടുംബങ്ങൾ പന്നികളെയും താറാവുകളെയും വളർത്താൻ തുടങ്ങി.

മുൻ കാലങ്ങളിൽ ഒന്നാം വിള, അതായത് മകരം കൃഷി കഴിഞ്ഞാൽ വയലുകളിൽ കന്നുകാലികളെ തീറ്റാൻ വിടാമായിരുന്നു. ഇപ്പോൾ കുറ്റ്യാടി ജലസേചനപദ്ധതിയിൽ നിന്ന് വെള്ളം കിട്ടിയതോടെ പാടങ്ങളിൽ മൂന്ന് വിള വെടുക്കാവുന്ന സ്ഥിതിയായി. ഇത് കാരണം കന്നുകാലികളെ മേയാൻ വിടാൻ സാധിക്കുന്നില്ലെങ്കിലും വൈക്കോൽ ലഭ്യത കൂടിയിട്ടുണ്ട്.

പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും പാടങ്ങൾ ഉഴുത് കൃഷിക്ക് പാകമാക്കാൻ കാളകളെയാണ് ഉപയോഗിച്ചു വരുന്നത്. അണക്കെട്ടിൽ നിന്നുള്ള വെള്ളം എത്തിയതോടെ ചളിയും ആഴവും കൂടിയ വയലുകളിൽ പോത്തുകളെയും ആശ്രയിക്കുന്നു.

നെൽകൃഷി വേണ്ടത്ര ലാഭകരമല്ലെന്നതിനാൽ മറ്റു കൃഷികൾക്ക് വേണ്ടിയും വീടു നിർമ്മിക്കാനും വയലുകൾ നികത്തപ്പെടുന്ന അവസ്ഥ ഈ പഞ്ചായത്തിലുമുണ്ട്. ജനസംഖ്യയിലെ വർദ്ധനവും കാർഷികരംഗത്ത് വന്ന മാറ്റങ്ങളും മൂലം തുറസ്സായ പറമ്പുകളുടെ എണ്ണവും വ്യാപ്തിയും ശുഷ്കിച്ചു വരികയാണ്. ഇതിനു പുറമെയാണ് കീടനാശിനികളുടെയും മറ്റും വ്യാപകമായ ഉപയോഗം. മേച്ചിൽസ്ഥലങ്ങളെയും പുല്ലിന്റെ വളർച്ചയെയും ബാധിക്കുന്ന ഒഴിവാക്കാൻ വയ്യാത്ത ഈ പ്രശ്നങ്ങൾ മൃഗസംരക്ഷണത്തിനും പ്രതികൂലമായിത്തീരുന്നു. സാമ്പത്തിക പ്രയാസങ്ങളിൽ ഉഴലുന്ന ദരിദ്ര-ഇടത്തരം കർഷകർക്കാകട്ടെ വിപണികളിൽ കിട്ടുന്ന കന്നുകാലിത്തീറ്റകൾ വാങ്ങിക്കൊടുക്കാൻ കഴിയാത്ത അവസ്ഥയും ഉണ്ട്. ആടുമാടുകളെ വളർത്തൽ പൊതുവെ കുറഞ്ഞു വരികയാണ്. മൃഗസംരക്ഷണത്തിന്നായി സർക്കാർ ആവിഷ്കരിച്ചുവരുന്ന പദ്ധതികളുടെ പ്രയോജനമൊന്നും കാര്യമായ നിലയിൽ ഈ പ്രദേശത്ത് ഇതേവരെ ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ ആകെയുള്ള പശുക്കളിൽ എൺപത് ശതമാനത്തിൽ ഏറെയും നാടൻ ഇനത്തിൽപ്പെടുന്നു. അതേസമയം അഞ്ചാം വാർഡിലെ പശുക്കളിൽ 80% ശതമാനത്തോളം സങ്കരഇനമാണ്. മറ്റു വാർഡുകളിൽ പത്ത് ശതമാനമേ സങ്കര ഇനമുള്ളൂ. നാടൻ പശുക്കൾ താരതമ്യേന പാൽ ഉൽപാദന ശേഷി കുറഞ്ഞവയാണ്.

വളർത്തു മൃഗസംഖ്യ

| വംശവർദ്ധനവ് നാടൻ കാള | വംശവർദ്ധനവ് സങ്കരവർഗ്ഗം കാള | അല്ലാത്തവ നാടൻ | അല്ലാത്തവ സങ്കരം | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | ആട് |
|---|---|---|---|---|---|---|---|---|
| 38 | 47 | 1342 | 1151 | 2293 | 422 | 44 | 20 | 1925 |
| | | | | | വളർത്തു പട്ടി 528 | | | |

(അവലംബം: മൃഗാശുപത്രി)

പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പിൻ കീഴിൽ ഒറ്റക്കണ്ടത്തിലെ ഉപകേന്ദ്രവും ഒരു മൃഗാശുപത്രിയും മാത്രമേയുള്ളൂ. എന്നാൽ മൃഗാശുപത്രി വേണ്ടവിധം പ്രവർത്തിക്കുന്നില്ല. അധികൃതർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പ്രജനനരംഗത്ത് കൃത്രിമ ബീജദാനത്തിന് ഇവിടെ പരിമിമായ സംവിധാനങ്ങളെയുള്ളൂ. നാടൻ വിത്തുകാളകളെയാണ് മുഖ്യമായും ഇന്നും ആശ്രയം. വർഗ്ഗഗുണമുള്ള കന്നുകാലികൾ ഉണ്ടാവാത്തതിന്റെ കാരണവും ഇതു തന്നെ.

പട്ടിക 2

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

രോഗവിവരങ്ങൾ

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 50 | - | 30 | 20 |
| 2 | ശ്വാസകോശ സംബന്ധം | 40 | - | 15 | 30 |
| 3 | ഉപാചയസംബന്ധം | 20 | - | 40 | - |
| 4 | ത്വക് രോഗങ്ങൾ | 60 | - | 40 | - |
| 5 | പരാദരോഗങ്ങൾ | 60 | - | 26 | 15 |
| 6 | പ്രത്യുൽപാദനരോഗങ്ങൾ | 42 | - | 15 | - |
| 7 | ധാതുലവണങ്ങൾ അഭാവം | 55 | - | - | - |
| 8 | വന്ധ്യത | 21 | - | - | - |
| 9 | അകിടുവീക്കം | 37 | - | 15 | - |
| 10 | മുടന്തൻ പനി | 76 | - | - | - |

(അവലംബം: മൃഗാശുപത്രി)

കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളിൽ കുളമ്പുരോഗം, മുണ്ടിവീക്കം, അകിടുവീക്കം എന്നിവയുമാണ് പ്രധാനപ്പെട്ടവ. ചികിത്സ തേടി പോവേണ്ടതോ എട്ടു കിലോമീറ്റർ അകലെ പേരാമ്പ്രയിലുള്ള മൃഗാശുപത്രിയിലും.

പ്രശ്നങ്ങൾ - നിർദ്ദേശങ്ങൾ

നല്ല രീതിയിൽ നിർമിക്കപ്പെട്ട തൊഴുത്തുകൾ പഞ്ചായത്തിൽ കുറവാണ്. ഇതുമൂലം പല രോഗങ്ങൾക്കും കന്നുകാലികൾ അടിപ്പെടുന്നു. വൃത്തിഹീനമായ തൊഴുത്തിൽ കെട്ടുന്ന പശുക്കളിൽ നിന്ന് കറന്നെടുക്കുന്ന പാലും രോഗകാരണമാകുന്നു. സാമ്പത്തിക ഞെരുക്കമാണ് നല്ല തൊഴുത്ത് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത്. ഇതു പരിഹരിക്കാൻ ധനകാര്യസ്ഥാപനങ്ങളിലൂടെ ലോൺ കിട്ടാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടിയിരിക്കുന്നു.

ആലയോട് ചേർന്ന് ഗോബർഗ്യാസ് പ്ലാന്റുകൾ നിർമിച്ചവർ പഞ്ചായത്തിൽ ആകെ അഞ്ചുപേരാണ്. വീട്ടിൽ ഭക്ഷണം പാകം ചെയ്യാനും വിളക്കു കത്തിക്കാനും അപകടരഹിതമായ ഗ്യാസ് ചാണകമുപയോഗിച്ച് ഉൽപ്പാദിപ്പിക്കാവുന്ന ഗോബർ ഗ്യാസ് പ്ലാന്റിന് ഗവർമ്മെണ്ട് സബ്സിഡി ലഭിച്ചു വരുന്നുണ്ട്. ചാണകത്തിന്റെ വളാംശം വർദ്ധിക്കുകയും ചെയ്യുമെന്നുള്ളത് ഇതിന്റെ മറ്റൊരു ഗുണവിശേഷമാണ്.

തീറ്റപ്പുൽ വളർത്തി കന്നുകാലികൾക്ക് തീറ്റ കണ്ടെത്തുന്ന രീതി പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. തെങ്ങിൻ തോപ്പിൽ പുൽകൃഷി നടത്തുന്നത് വളരെ ലാഭകരമാണ്. മാത്രമല്ല തെങ്ങിൻ തോപ്പിലെ മണ്ണിളക്കം ഒഴിവാക്കാൻ കഴിയും. വേനൽചൂടിൽ നിന്ന് തെങ്ങിന രക്ഷിക്കാനും അതുവഴി തേങ്ങ ഉൽപാദനം വർദ്ധിപ്പിക്കാനും കഴിയും ചെയ്യും. ഹെക്ടർ ഒന്നിന് 15000 ക. വരെ മൃഗസംരക്ഷണ വകുപ്പ് ഇതിനായി ധനസഹായം നൽകുന്നുണ്ട്. പക്ഷെ ഈ കൃഷിയെക്കുറിച്ചൊന്നും കർഷകർക്ക് വലിയ ധാരണയില്ല. ബോധവൽക്കരണക്ലാസുകൾ ഈ രംഗത്ത് ആവശ്യമാണ്.

പാലുല്പാദന വിതരണരംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടില്ലെന്നതാണ് മറ്റൊരു പോരായ്മ. ആകെയുള്ളത് അഞ്ചാം വാർഡിന്റെ ഒരറ്റത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പന്തിരിക്കര ക്ഷീരോൽപ്പാദന സഹകരണസംഘമാണ്. പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയിലുള്ള ഈ സംഘത്തിന് വളരെ ചെറിയ ക്ഷീര ഉൽപാദകരുടെ പ്രാതിനിധ്യമേയുള്ളൂ. ഈ സംഘം കൈകാര്യം ചെയ്യുന്ന പാലിന്റെ അളവും കുറവുതന്നെ.

കന്നുകാലി തീറ്റയുടെ വിലവർദ്ധനവ് കറവമാടുകളുടെ വിലവർദ്ധന സംരക്ഷണ ചിലവിലുമുള്ള ഉയർച്ച എന്നിവ കാരണം കൃഷിക്കാർ പൊതുവെ പാൽ ഉൽപാദനരംഗത്ത് നിന്ന് പിൻമാറുകയാണ്. ഇത് പാൽ ലഭ്യതയെ സാരമായി ബാധിക്കുന്നു. പാലിന് മതിയായ വില ലഭിക്കുന്നില്ലെന്നതും വസ്തുതയാണ്.

നെൽവയലുകളുടെ വിസ്തൃതി കുറയുന്നതും നെൽവയലുകൾ തരിശിടുന്നതും വൈക്കോലിന്റെ ക്ഷാമത്തിന് ഇടയാക്കുന്നു. ഇറക്കുമതി ചെയ്യുന്ന വൈക്കോലിന് വലിയ വില കൊടുക്കേണ്ടി വരുന്നു. പാലക്കാട്, കർണ്ണാടക, വയനാട് എന്നിവിടങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്.

പട്ടിക 3 കൃത്രിമ ബീജ സങ്കലനങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ സങ്കലനം വേണ്ടിവന്നവ. |
|---|---|---|---|
| പശു | 1136 | 100 | 19 |
| കിടാരി | 1130 | 96 | 20 |
| എരുമ | 47 | 2 | - |

പേവിഷബാധ - പ്രതിരോധം - കുത്തിവെപ്പ് നൽകിയത് 15 പട്ടികളെ മാത്രം

അവലംബം : മൃഗാശുപത്രി

മൃഗസംരക്ഷണരംഗത്ത് പ്രധാനമായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

1. സങ്കരയിനം കന്നുകാലികളെ തിരഞ്ഞെടുത്ത് കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ വിതരണം നടത്തുക.

2. സങ്കരയിനം പശുക്കളിൽ കൃത്രിമ ബീജസങ്കലനത്തിന് വേണ്ട സൗകര്യങ്ങൾ ചെയ്യുക. പഞ്ചായത്തിൽ ഒരു

സഞ്ചരിക്കുന്ന കൃത്രമബീജസങ്കലന യൂണിറ്റ് ആരംഭിക്കണം. മൃഗാശുപത്രി പ്രവർത്തന ക്ഷമമാക്കുക.

3. കൃത്രിമ ബീജസങ്കലനത്തെപ്പറ്റിയും പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയും കൃഷിക്കാരെ ബോധവൽക്കരിക്കുക.

4. നിലവിലുള്ള ഗുണനിലവാരമില്ലാത്ത വിത്തുകാളകളുമായി ചവിട്ടിക്കുന്നത് നിരുത്സാഹപ്പെടുത്തുക.

5. കുന്നുകുട്ടിപരിപാലന പരിപാടി (calf feeding) പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് നടപടികളെടുക്കുക.

6. പുതിയ പാൽ ഉൽപാദന വിതരണ സഹകരണസംഘങ്ങൾ ആവശ്യമായ കേന്ദ്രങ്ങളിൽ ആരംഭിക്കുകയോ ഇന്നുള്ള സംഘത്തിന്റെ കലക്ഷൻ സെന്ററുകൾ ആരംഭിക്കുകയോ ചെയ്യുക.

7. ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലക്ക് സബ്സിഡി നിരക്കിൽ ലഭിക്കുവാൻ ഏർപ്പാടുണ്ടാക്കണം. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ചെറുകിട കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക. കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

8. കറവമാടുകളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ ഇന്ന് വളരെ അപര്യാപ്തമാണ്. ഒരു പശുവിന് 10000/- രൂപ നൽകുന്നതിന് നബാർഡിൽ സമ്മർദ്ദം ചെലുത്തുക.

9. പഞ്ചായത്തിൽ നിലവിലുള്ളള ക്ഷീരോൽപാദനയൂണിറ്റ് പ്രവർത്തനക്ഷമമാക്കുക.

10. ആടുകളെയും പശുക്കളെയും വളർത്താൻ തയ്യാറുള്ള കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുക.

11. അലഞ്ഞു തിരിയുന്ന പട്ടികൾ പേപ്പട്ടി ശല്യമുണ്ടാക്കുന്നു. ഇവയെ നശിപ്പിക്കണം.

12. തമിഴ്നാട് സർക്കാർ നിരോധിച്ച ചണ്ടിക്കോഴികളെ വില്ക്കാനനുവദിക്കരുത്.

പട്ടിക 4

**കോഴിവളർത്തൽ**

| പൂവൻ | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|
| കോഴി | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1746 | 1730 | 739 | 26 | 21 | 177 |

(അവലംബം: മൃഗാശുപത്രി)

ഇറച്ചിക്കോഴി വളർത്തുവാൻ തയ്യാററുള്ള 1, 2, 4, 8, 9, 11 വാർഡുകളിലെ സംരംഭകരെ സഹായിക്കാൻ ഏർപ്പാടുണ്ടാക്കുക. ഇന്ന് പഞ്ചായത്തിൽ മാസത്തിൽ ആവശ്യമായി വരുന്ന അമ്പതിനായിരം മുട്ടകൾ ഇറക്കുമതി ചെയ്യുകയാണ്. ഇതുപോലെ ആയിരത്തോളം ഇറച്ചിക്കോഴികളും ഇറക്കുമതി ചെയ്യപ്പെടുന്നു. പഞ്ചായത്തിൽ കടിയങ്ങാട്ടു പന്തിരിക്കരയിലും ഓരോ ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങളുണ്ട്. വീട്ടുവളപ്പിൽ ഏതാനും കോഴികളെ തുറന്നുവിട്ടു വളർത്തുന്ന രീതി ഏറെ ചിലവില്ലാത്തതും വീട്ടാവശ്യത്തിന് ഉതകുന്നതുമാണ്. താറാവു വളർത്തൽ തയ്യാറുള്ള വരും ധാരാളമായി പഞ്ചായത്തിലുണ്ട്. അവർക്കും സഹായങ്ങൾ നൽകണം.

### തേനിച്ച വളർത്തൽ

പഞ്ചായത്തിൽ ഒരു തേനീച്ച വളർത്തൽ സൊസൈറ്റി നിലവിലുണ്ടെങ്കിലും ഇത് ഇന്ന് പ്രവർത്തിക്കുന്നില്ല. അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണം. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ തേൻ ധാരാളമായി കിട്ടും. താൽപര്യമുള്ള കൃഷിക്കാർ എല്ലാ വാർഡുകളിലുമുണ്ട്. ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകണം കൃഷിഭവനിൽ കൂടി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കണം. അടുക്കളയിൽ വീട്ടമ്മമാരെ പുകയിൽ നിന്ന് രക്ഷിക്കാൻ അപകടരഹിതമായ ഇതിന്റെ ഗ്യാസ് അടുപ്പുകൾ പ്രചരിപ്പിക്കണം.

വർഷത്തിൽ പഞ്ചായത്തിൽ ക്ഷീര വികസനമേളകളും കറവപ്പശുക്കൾ കിടാരികൾ എന്നിവക്ക് മത്സരം സംഘടിപ്പിക്കുക. ആവശ്യമായ സമ്മാനങ്ങൾ നൽകുക.

# മത്സ്യബന്ധനം

പഞ്ചായത്തിലെ പുഴക്കരയിൽ നേരത്തെ മീൻ സുലഭം- മീൻ പിടുത്തം സജീവവും. നാടോടികൾ ചെറിയ കള്ളികളുള്ള വലയുപയോഗിച്ച് മത്സ്യം പിടിക്കുന്നതിനാൽ മത്സ്യകുഞ്ഞുങ്ങളും അവശേഷിക്കാതെ വംശമറ്റു പോകുന്നുണ്ട്. മത്സ്യബന്ധത്തിന് ചില തരം രാസവസ്തുക്കൾ ഉപയോഗിക്കുന്നതിനാൽ മത്സ്യത്തിനു വംശ നാശം സംഭവിക്കയാണ്. നഞ്ച് പുഴയിൽ കലക്കുന്നതിനാലും മത്സ്യം ചത്തൊടുങ്ങുന്നുണ്ട്. സ്ഫോടകവസ്തുക്കൾ മത്സ്യം പിടിക്കുന്നതിനു ഉപയോഗിക്കുന്നതിനാൽ പുഴയുടെ ഇരുകരകളിലും മണ്ണിടിഞ്ഞു വശങ്ങൾ തകരുന്നതായി കാണുന്നുണ്ട്.

ഏഴാം വാർഡിൽ കൊടുവള്ളിപാലത്തിനു സമീപമുള്ള (മുറിഞ്ഞപുഴ) ജലാശയത്തിന് 1 ½ ഏക്കർ വിസ്തീർണ്ണമുണ്ട്. ഇത് കൃഷിക്ക് അനുയോജ്യമാണ്. ഇതേപോലെ മുറിഞ്ഞപുഴയും കോവുമ്മൽ താഴയും ഇതേ പോലെ മത്സ്യകൃഷിക്ക് അനുയോജ്യമാണ്. പഞ്ചായത്തിൽ മത്സ്യവിപണനത്തിനു സൗകര്യങ്ങൾ കുറവായതും റോഡിന്റെ വശങ്ങളിൽ വെച്ചു കച്ചവടം ചെയ്യുകയുമാണ്. മത്സ്യം വൃത്തിയായി സൂക്ഷിക്കാനും വില്ക്കാനുമുള്ള മാർക്കറ്റ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്.

- ☐ ചെറിയ കണ്ണികളുള്ള വല ഉപയോഗിച്ചുള്ള കൂട്ട മീൻപിടുത്തം തടസ്സപ്പെടുത്തേണ്ടതാണ്.
- ☐ നഞ്ചുകലക്കലും തോട്ട പൊട്ടിക്കലും അവസാനിപ്പിക്കേണ്ടതാണ്.
- ☐ മത്സ്യവില്പന കേന്ദ്രങ്ങളിൽ മാലിന്യവും ദുർഗന്ധവുമുള്ളത് ശുചീകരിക്കുന്നതിന് സംവിധാനമുണ്ടാക്കണം.
- ☐ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവിപണനത്തിന് സൗകര്യപ്രദമായ മാർക്കറ്റ് മന്ദിരങ്ങൾ നിർമ്മിക്കണം.

### നെല്പാടങ്ങൾ നികത്തുന്നവരെ, ഒരു നിമിഷം!

പഞ്ചായത്തിലെ ജനസംഖ്യ 29979 ആണ്. ശരാശരി 400 ഗ്രാം അരി ആളോഹരി കണക്കാക്കിയാൽ 4380 ടൺ വേണം. പഞ്ചായത്തിലെ ഉല്പാദനം 1138 ടൺ ആണ്. 3242 ടൺ കമ്മി. അതായത് നമുക്കാവശ്യമായ അരിയുടെ 25% ശതമാനം ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളൂ. ആവശ്യമായ അരിയുടെ മൂന്നിലൊന്നോളം സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുമ്പോൾ ആവശ്യമായ അരിയുടെ നാലിലൊന്നെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ എന്നർത്ഥം. നെല്ലുൽപ്പാദനരംഗത്ത് ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ നാം പിന്നിലാണ്. കേരളത്തിന്റെ ഭൂ വിസ്തൃതിയുടെ 0.04% ആണ്. പഞ്ചായത്തിന്റെ വിസ്തൃതി. നെല്ലുല്പാദനത്തിന്റെ 0.10% ആണ് നമ്മുടെ സംഭാവന.

# വ്യവസായം

## ആമുഖം:

വഴിമുട്ടി നിൽക്കുന്ന പരമ്പരാഗത കൈത്തൊഴിൽ മേഖല: ആധുനിക വ്യവസായങ്ങളൊന്നും എത്തിനോക്കിയിട്ടില്ലാത്ത പ്രദേശം - ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ വ്യവസായ മേഖലയെ മൊത്തത്തിൽ ഇങ്ങിനെ നിർവഹിക്കാം. നാണ്യവിളകൾക്കാണ് മുൻതൂക്കം. നാമമാത്രമായി അവശേഷിക്കുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങളാകട്ടെ അനുദിനം തകർച്ചയെ നേരിടുകയാണ്. ഈ പ്രതിസന്ധിയെ നിസ്സംഗതയോടെ നോക്കി നിൽക്കാനാവില്ല. ചില സാദ്ധ്യതകൾ ഉണ്ട് അവ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. ഗ്രാമസഭാചർച്ചകൾ പ്രതീക്ഷകളുടെ വെള്ളിരേഖകളായി മാറുന്നു. വ്യവസായ മേഖലയെ സംബന്ധിക്കുന്ന ഈ റിപ്പോർട്ട് അഞ്ച് വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് തയ്യാറാക്കിയത്.

1. പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ - വർത്തമാനസ്ഥിതി - ഭാവി.
2. പരമ്പരാഗത കൈത്തൊഴിലുകൾ - ഇപ്പോഴത്തെ സ്ഥിതി - ഭാവി.
3. ഗ്രാമസഭാ ചർച്ചകളിൽ ഉരുത്തിരിഞ്ഞ് വന്ന ആശ്രഹങ്ങൾ - പശ്ചാത്തല സൗകര്യങ്ങൾ - അസൗകര്യങ്ങൾ
4. രോഗബാധിതയൂണിറ്റുകൾ - കാരണങ്ങൾ - പരിഹാരമാർഗങ്ങൾ.
5. വിദഗ്ധപരിശീലനം - സാധ്യതകൾ.

### 1. പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ വർത്തമാനസ്ഥിതി -ഭാവി

നാളീകേരം കൊപ്രയും ബോഡയുമാക്കി മാറ്റുന്ന 2 മില്ലുകൾ, ഗ്രിൽസ്, ഗെയിറ്റ്, അടുപ്പ് എന്നിങ്ങനെയുള്ള വസ്തുക്കൾ നിർമിക്കുന്ന വെൽഡിങ്ങ് യൂണിറ്റുകൾ, ഈർച്ചമില്ലുകൾ, ഫർണിച്ചർ നിർമാണം -വിപണനം, വനിതാ ടൈലറിങ് യൂണിറ്റുകൾ, ഹോളോ ബ്രിക്ക്സ്, കായവറുക്കൽ, വർക്ക് ഷാപ്പുകൾ, ഇലക്ട്രോണിക്സ് ഉൽപ്പനങ്ങളുടെ സർവീസ് കേന്ദ്രങ്ങൾ, തേനീച്ചവളർത്തൽ, അടയ്ക്ക - പയിങ്ങ സംസ്കരണം. പ്രസ്സ്, കുമ്മായച്ചൂള. പപ്പട നിർമ്മാണം, ബാറ്ററി ചാർജ് ചെയ്യൽ, പായ-മുറം നെയ്യൽ, ഫ്ളവർമില്ലുകൾ തുടങ്ങിയ യൂണിറ്റുകൾ പ്രത്യക്ഷത്തിൽ ചൂണ്ടിക്കാട്ടാവുന്നവയാണ്.

കെട്ടിട നിർമാണം വർധിച്ചുവരുന്ന നമ്മുടെ നാടിന്റെ പ്രത്യേക സാഹചര്യത്തിൽ വെൽഡിങ്ങ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ആവശ്യമായ അസംസ്കൃത വസ്തുക്കൾ കമ്പോളങ്ങളിൽ സുലഭവുമാണ്. ഫർണിച്ചർ വ്യവസായം പരമ്പരാഗത കൈത്തൊഴിലുമായി ബന്ധപ്പെട്ടതാണ്. സാങ്കേതികമായി നവീകരിച്ചാൽ പുഷ്ടിപ്പെടുത്താൻ കഴിയും. പഞ്ചായത്തിൽ ഇത് നിലനിൽക്കുന്നതിന്ന് രണ്ട് പശ്ചാത്തലങ്ങളുണ്ട് - പരമ്പരാഗത കൈത്തൊഴിൽ സമൂഹമായ ആശാരിമാരുടെ സാന്നിദ്ധ്യം ആവശ്യത്തിന് മരവും. ഇവരണ്ടും പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്താവുന്ന ഈ മേഖലയെ നവീകരിച്ച് ശക്തിപ്പെടുത്തേണ്ട

താണ്. വനിതാ ടൈലറിങ്ങ് യൂണിറ്റുകളാണ് മറ്റൊന്ന്. ആവശ്യമായ ട്രെയിനിങ്ങ് ലഭിച്ചാൽ ആഭ്യസ്തവിദ്യരും അല്ലാത്തവരുമായ വനിതകൾക്ക് ഏറെ പ്രയോജനമാവും. ഉല്പന്നങ്ങൾക്ക് വിപണന സാധ്യതയുണ്ട്. താല്പര്യമുള്ള വനിതാ യൂണിറ്റുകൾ ഒട്ടുമിക്ക വാർഡുകളിലും ഉണ്ട്. പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ് ഹോളിബ്രിക്സ് വ്യവസായം പരിഗണനയർഹിക്കുന്ന മറ്റൊരു മേഖലയാണ്. വെട്ടുകല്ല്, കളിമൺ ഇഷ്ടിക എന്നിവയുടെ വിലവർധിക്കുന്നതും ആവശ്യങ്ങൾക്കനുസരിച്ച് ലഭ്യതകുറവും ഈ വസ്തുതയെ സാധൂകരിക്കുന്നു. പൂഴി, വെള്ളം, സിമന്റ് തുടങ്ങിയ എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളും ഒത്തിണങ്ങിയ പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. ഈ സംരംഭം തുടങ്ങാൻ തല്പരരായ വ്യക്തികളും ഗ്രൂപ്പുകളും മുന്നോട്ട് വന്നിട്ടുണ്ട്. കായ വറുക്കൽ ഒരു യൂണിറ്റ് മാത്രമെ നിലവിലുള്ളൂവെങ്കിലും ധാരാളം വികസന സാധ്യതകൾ ഉണ്ട്. കാർഷിക മേഖലയായതിനാൽ അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടുവോളം ലഭ്യവുമാണ്. പഞ്ചായത്തിനകത്തും പുറത്തും വിപണനസാധ്യതയുണ്ട്. പുറന്തോട് ഉപയോഗിച്ച് കൊണ്ടാട്ടം പോലുള്ള ഭക്ഷ്യവസ്തുക്കളും ഉണ്ടാക്കാം. വനിതകൾക്ക് സൗകര്യപ്രദമായ തൊഴിൽ മേഖലയാണ്. വർക്ക്ഷോപ്പുകൾ വിജയിക്കും. വർധിച്ചുവരുന്ന ആധുനിക സൗകര്യങ്ങൾക്കനുസരിച്ച് അളവറ്റ വാഹനങ്ങൾ സഞ്ചരിക്കുന്ന മേഖലയാണിത്. ഗുണനിലവാരമുള്ള റിപ്പയർ ജോലികൾക്ക് ദൂരസ്ഥലങ്ങളിലേക്ക് വാഹനങ്ങൾ കൊണ്ടുചെല്ലേണ്ടി വരുന്ന ദുരവസ്ഥക്ക് പരിഹാരമാവും. അനുബന്ധമായി ടയർ-റീ-ത്രഡ്ഡിങ്ങ് യൂണിറ്റുകളും തുടങ്ങാം. അടയ്ക്ക-പയിങ്ങ സംസ്കരണം സജീവശ്രദ്ധ പതിയേണ്ട മേഖലയാണ്. ഇതുമായി ബന്ധപ്പെട്ട രണ്ട് യൂണിറ്റുകൾ ഉണ്ട്. നാളികേര മേഖലയുടെ തകർച്ചയുടെ ഇടങ്ങളിൽ നിന്ന് കൃഷിക്കാർ പ്രതീക്ഷയോടെ കണ്ണയക്കുന്ന കൃഷി കൂടിയാണിത്. ധാരാളമായി അസംസ്കൃത പദാർത്ഥം കിട്ടാനുമുണ്ട്. കേരളത്തിനകത്തും പുറത്തും മാർക്കറ്റുണ്ടാക്കാൻ കഴിയും.

പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. തേനീച്ച വളർത്തൽ ഒരു യൂണിറ്റുണ്ട്. വികസന സാധ്യതയുണ്ട്. ഖാദി ബോർഡ് സംസ്ഥാനാടിസ്ഥാനത്തിൽ പരിശീലനം നടത്തുന്നുണ്ട്. ബോർഡിന്റെ സ്കീമുകൾ ഉപയോഗപ്പെടുത്തി പുതിയ സംരംഭങ്ങൾ ആരംഭിക്കാം. ബോർഡ് വഴി വിപണനത്തിനും സാധ്യതയുണ്ട്. പപ്പട നിർമ്മാണവുമായി ബന്ധപ്പെട്ട രണ്ട് യൂണിറ്റുകൾ ഉണ്ട്. പ്രോത്സാഹിപ്പിക്കപ്പെടണം. ധാരാളം വിപണന സാധ്യതകൾ ഉണ്ട്. മറ്റ് പഞ്ചായത്തുകളിലേക്ക് കൂടി ഇവിടെ നിന്ന് ഉൽപ്പന്നം കയറ്റുമതി ചെയ്യുന്നതായി കാണാം. ബാറ്ററി ചാർജിങ്ങ് യൂണിറ്റ് ഒന്ന് മാത്രമെയുള്ളൂ. മോട്ടോർ സർവീസ് വർക്ക്ഷോപ്പ് മോട്ടോർ റിപെയറിംഗ് യൂണിറ്റ് എന്നിവക്കും സാധ്യതയുണ്ട്. ധാരാളം വാഹനങ്ങൾ ഉള്ള പഞ്ചായത്താണിത്. വികസന സാധ്യതയുണ്ട്. പായ-മുറം തുടങ്ങിയ ഉല്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾക്കും പ്രോത്സാഹനം കൊടുക്കാം. പരിചയമുള്ള വിദഗ്ധ തൊഴിലാളികൾ ഉണ്ട്. നാലു പ്രസ്സുകൾ ഉണ്ട്. പുതിയ സംരംഭങ്ങൾക്ക് വിജയ സാധ്യത കുറവാണ്.

**2. പരമ്പരാഗത കൈതൊഴിലുകൾ**

ആശാരി, കൊല്ലൻ, സിറാപ്പ് തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന കൈത്തൊഴിലുകാരും മൺപാത്ര നിർമാണം, കൈതോല ഉപയോഗിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നവർ എന്നിങ്ങനെയുള്ളവർ ഉൾപ്പെടുന്ന പരമ്പരാഗത കുടിൽ വ്യവസായ മേഖല അനുദിനം തകർന്നുവരികയാണെന്ന് ഗ്രാമസഭാചർച്ചകൾ വെളിപ്പെടുത്തുന്നു. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്, സാമ്പത്തിക പരാധീനതകൾ, ആധുനിക ടെക്നോളജിയുടെയും യന്ത്രസംസ്കാരത്തിന്റെയും കടന്നുകയറ്റം എന്നിങ്ങനെ കാരണങ്ങൾ നിരവധിയാണ്. ഗ്രാമസ്വരാജിന്റെ അസ്തിത്വം നിലനിർത്താനും പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്താനും ആവശ്യമായതൊക്കെ ചെയ്യണം. പ്രോത്സാഹനവും പ്രചോദനവും ഉറപ്പാക്കാൻ കഴിയണം.

**3. ഗ്രാമസഭകളുടെ നിർദേശങ്ങൾ - സൗകര്യങ്ങൾ അസൗകര്യങ്ങൾ**

മെറ്റൽ നിർമ്മാണം, തുടങ്ങാൻ താല്പര്യപൂർവ്വം മുന്നോട്ട് വന്ന വനിതാ ഗ്രൂപ്പുകൾ ഉണ്ട്. കെട്ടിട നിർമാണ പ്രക്രിയ കൂടുതലുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ചു ഇതാരംഭിക്കാൻ കഴിയണം. പഞ്ചായത്തിൽ രണ്ട് കരിങ്കൽ ക്വാറികൾ ഉണ്ട്. ഒന്നിന്റെ

പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്. ക്വാറികളുടെ പ്രവർത്തനം സജീവമാക്കാൻ കഴിയണം. നൂറ് കണക്കിന് കുടുംബങ്ങളുടെ ഉപജീവനമാർഗം കൂടിയാണത്. പഞ്ചായത്തിനകത്തും പറത്തും വിപണന സാധ്യതയുണ്ട്. ബേക്കറി, ഫ്ളവർമില്ല്, പൗൾട്രിഫാം, എല്ലുപൊടി നിർമാ ണം, ടവർ ബോൾട്ട് - ബിജാഗിരി നിർമ്മിക്കൽ, പ്ലാസ്റ്റിക്ക് കവർ - കാർട്ടൺ - കവർ നിർമ്മാണം ഖാദി ബോർഡിന്റെ സഹായത്തോടെ അവൽ നിർമിക്കൽ. തേങ്ങാജലം ശീതപാനീയമാക്കൽ, സോപ്പ് നിർമാണം എന്നിങ്ങനെയും ചകരിയും ചകിരി ഉൽപ്പന്നങ്ങളും കൊപ്രയാട്ടി വെളിച്ചെണ്ണ ഉല്പാദിപ്പിക്കൽ. നിരവധി യൂണിറ്റുകൾ തുടങ്ങാൻ നിരവധി വ്യക്തികളും. ഗ്രൂപ്പുകളും താല്പര്യം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കതും പരിഗണിക്കപ്പെടാവുന്നവയാണ്. എന്നാൽ അലൂമിനിയപ്പാത്ര നിർമ്മാണം, പ്ലൈവുഡ്, ചോക്ക്, മെഴുകുതിരി, തീപ്പെട്ടി തുടങ്ങിയ സംരഭങ്ങൾ തുടങ്ങാൻ താല്പര്യപൂർവ്വം മുന്നോട്ട് വന്നവരുമുണ്ട്. പക്ഷേ ഇത്തരം സംരംഭങ്ങൾക്ക് വിജയസാധ്യതകൾ കുറവാണ്. കളിമൺ ഇഷ്ടിക നിർമാണവും ഇക്കൂട്ടത്തിൽ പെടുത്താം. ഇവയിൽ പലതും ഇന്ന് മാർക്കറ്റിൽ ആധിപത്യം ഉറപ്പിച്ചുകഴിഞ്ഞ ഉല്പന്നങ്ങളാണ്. അതുകൊണ്ട് വലിയ മത്സരത്തെ അതിജീവിക്കേണ്ടിവരും. ചോക്ക് നിർമ്മാണത്തിനാവശ്യമായ `ജിപ്സം' (GYPSM) വിദൂരസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവരണം മെഴുകുതിരിക്ക് പാരഫിൽ വാക്സും സ്പിരിട്ടും വേണം. ജിയോളജി വകുപ്പിന്റെ കർശന നിയന്ത്രണങ്ങൾ പാലിച്ചാലെ കളിമൺ ഇഷ്ടിക നിർമിക്കാൻ കഴിയൂ. റബ്ബർ ഉൽപ്പാദിപ്പിക്കുന്ന പ്രധാന മേഖലയാണ്. റബ്ബർ ഫാക്ടറി-റബ്ബർ ഉപയോഗിച്ചുകൊണ്ടുള്ള ഉല്പന്നങ്ങൾ - പരിഗണിക്കപ്പെടേണ്ടതാണ്. വലിയ മുതൽ മുടക്ക് വേണ്ടിവരും. ഹവായ് ചെരുപ്പുകൾ നിർമാണം പ്രോത്സാഹിപ്പിക്കപ്പെടണം. പുഴയോരസ്ഥലങ്ങളിൽ വൈദ്യുതിക്കാലുകൾ വാർത്തെടുക്കാനുള്ള സംരംഭങ്ങൾക്ക് പ്രോത്സാഹനം കൊടുക്കാം. പശ്ചാത്തല സൗകര്യങ്ങൾ ഉണ്ട്. KSEB യുമായി ബന്ധപ്പെട്ട് സാധ്യതകൾ പരിശോധിക്കണം. പഴവർഗസംസ്കരണം, കാർഷിക മേഖലയായതിനാൽ വിജയിക്കും. അച്ചാർനിർമാണവും പ്രചോദനം അർഹിക്കുന്ന മേഖലയാണ്. പ്ലാസ്റ്റിക്ക് വയർ ഉപയോഗിച്ച് കസേര-ടീപ്പോയ് മെടയൽ, ക്ഷീരവ്യവസായം എന്നിവയും പ്രോത്സാഹനം അർഹിക്കുന്നവയാണ്.

**ചെറു - ചെറുകിട വ്യവസായ റജിസ്ടേഷൻ : വിവരം :**

| വർഷം | ചെറുകിട വ്യവസായ റജിസ്ട്രേഷൻ | HDS (ഹരിജൻ ഡവലപ്മെന്റ് പദ്ധതി | RAP (റൂറൽ പ്രോജക്റ്റ് ടൂർ കിറ്റ് ലോൺ) | PMRY പ്രധാന മന്ത്രിയുടെ ലയം തൊഴിൽദാന പദ്ധതി | സഹകരണ സംഘങ്ങൾ |
|---|---|---|---|---|---|
| 1995-96 | 3 | 4 | 4 (ടൂൾകിറ്റ്) | 2 | 1 (വനിതാറെഡി മെയ്ഡ് ഗാർമെന്റ് വ്യവസായയൂണിറ്റ്) |
| 1986-97 | 3 | 2 | 4 (ലോൺ) | - | - |

കുറിപ്പുകൾ: □ ചെറിയകുമ്പളം അലൂമിനിയ പാത്രനിർമാണം

□□ പന്തിരിക്കര ചെരുപ്പ് നിർമ്മാണം

□□□ കടിയങ്ങാട് ഹോളോ ബ്രിക്സ് നിർമാമാണം.

96-97

□ കടിയങ്ങാട് ചകിരിക്കമ്പിനി (കോൾഫൈബർ നിർമ്മാണം) തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

□□ സിമന്റ് കട്ടിലകൾ, ജാലകങ്ങൾ പന്തിരിക്കര

□□□ യൂണിറ്റ് കോൺക്രീറ്റ് ഇൻഡസ്ട്രീസ് - ചെറിയകുമ്പളം.

## പീഡിത വ്യവസായങ്ങൾ

| പേര് | കാരണം |
|---|---|
| പുലരി സോപ്പ് നിർമ്മാണ യൂണിറ്റ് / തരിപ്പിലോട്: | ഇത് ഒരു ചാപിള്ളയാണ്. നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിടത്ത് തന്നെ നിൽക്കുന്നു. കമ്മീഷൻ ചെയ്യേണ്ട യന്ത്രങ്ങൾ തുരുമ്പ് കയറി നശിക്കുകയാണ്. സാമ്പത്തിക പരാധീനതയാണ് പ്രധാന തടസ്സം. പുതിയറ കേരളാ സോപ്സ് വ്യവസായത്തിന്റെ ഒരു അനുബന്ധ ഘടകമായി അംഗീകരിച്ച് ഈ സംരംഭത്തെ രക്ഷിക്കാൻ കഴിയണം. |
| കരിങ്കൽ ക്വാറി | പരിസ്ഥിതി പ്രശ്നങ്ങൾ തൊഴിൽ കുഴപ്പങ്ങൾ |
| 8ാം വാർഡിലെ ഫർണിച്ചർ വ്യവസായം | |
| റെഡിമെയ്ഡ് ഗാർമെന്റ് | മാർക്കറ്റിൽ നേരിടുന്ന മത്സരം |
| 6ാം വാർഡിലെ ഓയിൽ മില്ല് | നവീന യന്ത്രരീതികൾ സ്വീകരിക്കണം |
| 10ാം വാർഡിലെ അലൂമിനിയം യൂണിറ്റ് | മാർക്കറ്റിലെ കടുത്ത മത്സരം |

### DWCRA പദ്ധതി പ്രകാരം രൂപപ്പെട്ടതൊഴിൽ സംരംഭങ്ങളുടെ എണ്ണം.

| വാർഡ് | തൊഴിൽ സംരഭത്തിന്റെ ഇനം | ആരംഭിച്ച് വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്കുറിപ്പ് അവലോകനം |
|---|---|---|---|---|
| I | അവിൽ നിർമ്മാണം | 1995-96 | 10 | പ്രവർത്തനക്ഷമമല്ല |
| II | ആടുവളർത്തൽ | 1995-96 | 10 | ഭാഗികമായ പ്രവർത്തന ക്ഷമം |
| III | പശുവളർത്തൽ | 1991-92 | 10 | പ്രവർത്തനക്ഷമമല്ല |

അവലംബം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് - കടിയങ്ങാട്

287

# ഗതാഗതം

കുറ്റ്യാടിപ്പുഴ കിഴക്ക് ഭാഗികമായും വടക്ക് - പടിഞ്ഞാറ് ഭാഗം പൂർണ്ണമായും അതിർത്തി വരച്ചിടുന്ന ചങ്ങരോത്ത്, സീമന്ത രേഖപോലെ ചെറുപുഴ. പോയ കാലത്ത് ജലഗതാഗതമായിരുന്നു യാത്രക്ക് മുഖ്യ ആശ്രയം. രാത്രിയുടെ നിശ്ശബ്ദതയിൽ പൂരത്തോണികളിൽ നിന്നും വഞ്ചികളിൽനിന്നും ഒഴുകിപ്പരക്കുന്ന ഗാനശകലങ്ങൾ ഇന്നൊരു പഴങ്കഥമാത്രം. പടുത്തകടവിൽ കടവില്ല. തോണിയാത്രകൾ, മഞ്ചലുകൾ, സവാരിവണ്ടികൾ, ഇടവഴികൾ, മലമ്പാതകൾ, ഒറ്റയടിപ്പാതകൾ, തൂക്കുപാലങ്ങൾ, രോഗികളെ കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്ന ഇന്നും പഞ്ചായത്തിൽ അവശേഷിച്ചിട്ടുള്ള രണ്ട് മഞ്ചലുകൾ ഗതകാലഗതാഗതത്തിന്റെ സ്മാരകശിലകൾ. എന്നാലിന്ന് വേഗതയുടെ കാലം. മനുഷ്യന്റെ ആദ്യകാല വാഹനമായ ഒട്ടകത്തിൽനിന്ന് സ്പേസ് ഷട്ടിൽ സർവീസ് നടത്തുന്ന ഗോളാന്തരയാത്രകളുടെ കാലഘട്ടത്തിലാണ് നമ്മൾ.

60കളുടെ ആദ്യപകുതിയിലാണ് പേരാമ്പ്ര-കുറ്റ്യാടി റോഡ് ഗതാഗതയോഗ്യമായത്. 1963ൽ ചങ്ങരോത്ത് പാലവും വന്നതോടെ പഞ്ചായത്തിലെ യാത്രഭൂപടത്തിന് പുതിയ മാനങ്ങൾ കൈവന്നു. ചെമ്പനോട ഫോറസ്റ്റിൽ നിന്നു വനവിഭവങ്ങൾ കടത്തുന്നതിന് കോളിക്കൊമ്പിൽ നിന്ന് (പാലേരി) ഒറ്റക്കണ്ടം - ചവറമൂഴി വഴി നിർമിച്ച റോഡാണ് രണ്ടാമത്തേത്.

**റോഡ് വാഹനങ്ങൾ**

**പട്ടിക 1**

| | റോഡുകൾ | വാഹനങ്ങൾ | |
|---|---|---|---|
| | ച.കി.മീറ്ററിന് | വാഹനങ്ങളുടെ എണ്ണം | ശതമാനം |
| കേരളം | 4.68 കി. | 8.8ലക്ഷം | - |
| ചങ്ങരോത്ത് | 6.5കി. | 125 | 0.01 |

പഞ്ചായത്തിലെ ആകെയുള്ള ഗതാഗത മാർഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ വികസനം ഉണ്ടായിട്ടില്ല. പ്രധാനഗതാഗതമാർഗം റോഡുതന്നെ. ഉപഭോക്താക്കളുടെ അഭിരുചിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം ഗ്രാമസഭാ ചർച്ചകളിൽ പ്രകടമാണ്. കൂടുതൽ വേഗത്തിൽ യാത്രചെയ്യാനും ചരക്കുകൾ കൈമാറാനും ഉള്ള ആഗ്രഹങ്ങൾ റോഡിനുവേണ്ടിയുള്ള മുറവിളിയിലും മെറ്റലിങ്, ടാറിങ് ആവശ്യങ്ങൾ ഉന്നയിക്കുന്നതിലും പ്രകടമാണ്. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ സുമാർ 126 കി.മി. റോഡുണ്ട്. അതിൽ 23 കി.മീ.ടാറിട്ടതാണ്. സ്റ്റേറ്റ് ഹൈവെ 7ഉം പി.ഡബ്ലിയു.ഡി 9ഉം പഞ്ചായത്ത് 4ഉം കുറ്റ്യാടി ഇറിഗേഷൻ റോഡ് 3ഉം

കിലോമീറ്റർ ടാറിട്ട റോഡുകളാണ്. ഇവയാകട്ടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടവയുമാണ്. ഏകദേശം 96.5 കി.മി. ചെമ്മൺ പാതകളാണ്. ഇവയിൽ 26 കി.മി.യോളം 6 മീറ്റർ വീതിയുള്ളവയാണ്. 70.5 കി.മി. ദൂരം പ്രതീക്ഷിക്കുന്ന ശിഷ്ടറോഡുകൾ 4-6 മീറ്റർ വീതിയുള്ളവയാണ് മൊത്തത്തിൽ ഇവയെല്ലാം ജനങ്ങൾക്ക് അത്യാവശ്യമായ റോഡുകളത്രെ. മഴക്കാലമായാൽ ഒട്ടുമിക്ക റോഡുകളും ഗതാഗതയോഗ്യമല്ലെന്ന് മാത്രമല്ല മനുഷ്യസഞ്ചാരത്തിന്ന് പോലും ദുഷ്ക്കരമായിത്തീരുക പതിവാണ്. സ്കൂളുകൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, തൊട്ടടുത്ത കച്ചവടകേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെടാൻ നിത്യേന ജനങ്ങൾ ഇത്തരം റോഡുകൾ ഉപയോഗിച്ചുവരുന്നു. ചെമ്മൺ റോഡുകൾ മഴക്കാലത്ത് തോടുകളും കുളങ്ങളുമായി രൂപപ്പെടുന്നുവെന്ന് പരാതികൾ അതിശയോക്തിയല്ല.

പട്ടിക 1

| ചങ്ങരോത്ത് പഞ്ചായത്തിലെ സ്വകാര്യ വാഹനങ്ങൾ | | |
|---|---|---|
| ജീപ്പ് | കാർ | തോണി |
| 24 | 8 | 28 |

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ ലഭ്യതയുള്ള വാടക വാഹനങ്ങൾ

| കേന്ദ്രം | ജീപ്പ് | ഓട്ടോറിക്ഷ | മിനി ലോറി | ലോറി |
|---|---|---|---|---|
| 1. പന്തിരിക്കര | 30 | 4 | 10 | - |
| 2. പാലേരി | 9 | 4 | 2 | 1 |
| 3. ചെ. കൂമ്പളം | - | - | 3 | 2 |
| 4. കിടയങ്ങാട് | 2 | - | 1 | 1 |
| 5. കടിയങ്ങാട് പാലം | 9 | - | - | 4 |
| 6. തോട്ടത്താം കണ്ടി കൂറ്റ്യാടി കേന്ദ്രമാക്കി | 4 | 15 | - | - |
| ആകെ | 54 | 23 | 16 | 8 |

ജലഗതാഗതം

| കടവുകൾ | തോണി |
|---|---|
| 1. തോട്ടത്താം കണ്ടി | 1 |
| 2. അറൂപ്പാട്ടിൽ | 1 |
| 3. കുനിയോട് | 1 |
| 4. തെക്കേടത്ത് കടവ് | 1 |
| ആകെ | 4 |

കടിയങ്ങാട് - കൂറ്റ്യാടി സ്റ്റേറ്റ് ഹൈവേ, കടിയങ്ങാട് - പെരുവണ്ണാമൂഴി റോഡും (PWD) എന്നിവയിലൂടെ മാത്രമെ ബസ്സ് ഗതാഗതമുള്ളൂ. കടിയങ്ങാട് വഴി തെക്കേടത്ത് കടവിലേക്കും ബസ് സർവീസ് ഉണ്ട്. ഗതാഗത യോഗ്യമായ പന്തിരിക്കര - ഒറ്റക്കണ്ടം കൂറ്റ്യാടി ഇറിഗേഷൻ റോഡ്, ഒറ്റക്കണ്ടം-പാലേരി PWD റോഡ് എന്നിവയിലൂടെ ബസ് സർവീസുകൾ നടത്തുന്നില്ല. കടിയങ്ങാട് - കടിയങ്ങാട് പാലം - പന്തിരിക്കര - പാലേരിയിലും പന്തിരിക്കരയിലും ഓട്ടോറിക്ഷകളും സർവീസ് നടത്തിവരുന്നു. പന്തിരിക്കര - പാലേരി ടൗൺ കേന്ദ്രങ്ങളിൽ ലോറി-മിനി ലോറികളുടെ സേവനവും ലഭ്യമാണ്. എന്നാൽ ഈ കേന്ദ്രങ്ങളിലൊന്നും പ്രത്യേക സ്റ്റാന്റുകൾ ഇല്ലെന്നത് പ്രശ്നങ്ങൾക്ക് കാരണമാവുന്നുണ്ട്. കടിയങ്ങാട്-കൂറ്റ്യാടി സ്റ്റേറ്റ് ഹൈവേയിൽ വടക്കുമ്പാടിനും പാലേരിക്കുമിടയിൽ മരണം പതിയിരിക്കുന്ന വളവ് ഇതിനകം കുപ്രസിദ്ധിനേടിക്കഴിഞ്ഞിരിക്കുന്നു. അടുത്തയിടെ നടന്ന അഞ്ച് അപകടമരണങ്ങളിൽ നാലെണ്ണവും അന്യത്ര സൂചിപ്പിച്ച സ്ഥലത്താണുണ്ടായത്.

പഞ്ചായത്തിൽ യാത്രാക്ലേശം രൂക്ഷമായ പ്രശ്നമാണ്. സൗകര്യപ്രദമായ റോഡുകളിൽപോലും ബസ് സർവീസ് ഇല്ല. കേവലം രണ്ട് രണ്ടര കി.മി. യാത്ര ചെയ്യാൻ 1 രൂ. 75 പൈസ ജനങ്ങൾക്ക് ചിലവഴിക്കേണ്ടിവരുന്നു. ചെമ്മൺറോഡുകളിൽ ജീപ്പ് യാത്രക്ക് അമിത വാടക നൽകേണ്ടിവരുന്നു. സ്കൂൾ കുട്ടികൾ, രോഗികൾ, ചരക്ക് ഗതാഗതം എന്നിവയൊക്കെ ഏറെ ബുദ്ധിമുട്ടികൾ അനുഭവിച്ചുകൊണ്ടാണ് മുന്നോട്ടു പോവുന്നത്. സാമാന്യം ഭേദപ്പെട്ട ഒരു റോഡ് ശൃംഖല പഞ്ചായത്തിലുണ്ട്. പക്ഷേ 'യാത്രാക്ലേശവും' മറ്റും പരിഹരിക്കാൻ ഉള്ളവ മതിയാകാവാത്ത സ്ഥിതിയാണ്. ഗ്രാമസഭാ ചർച്ചകൾ ചൂണ്ടിക്കാട്ടുന്നത് ഈ വസ്തുതയാണ്.

**പരിഹാരം തേടുന്ന പരാതികൾ**

1. ഒട്ടുമിക്ക വാർഡുകളിലെയും റോഡുകളിൽ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നത് കാരണം ഗതാഗതവും മനുഷ്യ സഞ്ചാരവും ദുഷ്കരമാവുന്നു. ഒപ്പം റോഡും തകർച്ചയെ നേരിടുന്നു.

2. പഞ്ചായത്തിന്റെ ഉൾ പ്രദേശങ്ങളിൽ ബസ് സർവീസില്ല. എന്നാൽ സാധ്യതയുള്ള ഇറിഗേഷൻ - PWD റോഡുകളിൽ ബസ് സർവീസ് അടിയന്തരമായും തുടങ്ങണം.

3. പട്ടണങ്ങളായി മാറിക്കൊണ്ടിരിക്കുന്ന പന്തിരിക്കര - പാലേരി കേന്ദ്രങ്ങളിൽ ടാക്സി സ്റ്റാന്റുകൾ വേണം.

4. ഗ്രാമസഭകൾ നിർദ്ദേശിച്ച സ്ഥലങ്ങളിൽ വെയ്റ്റിങ്ങ് ഷെഡ്ഡുകൾ നിർമിക്കണം.

5. അമിതമായ വാഹനവാടകക്ക് അറുതിയുണ്ടാവണം.

6. വടക്കുമ്പാടിനടുത്ത് സ്റ്റേറ്റ് ഹൈവേയിലെ അപകടഭീതി സൃഷ്ടിക്കുന്ന വളവ് നീർത്തണം.

7. ഒറ്റക്കണ്ടം - പാലേരി PWD റോഡിൽ കനാൽ പൈപ്പ് പൊട്ടി വെള്ളം റോഡിലൂടെ നിരന്തരം ഒഴുകുന്നതുകൊണ്ടുണ്ടാവുന്ന റോഡ് നാശവും ജലനഷ്ടവും പരിഹരിക്കണം.

8. ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദിഷ്ട സ്ഥലങ്ങളിൽ കൾവർട്ടുകളും പാലങ്ങളും നടപ്പാതകളും ഉണ്ടാക്കണം.

**പരിഹാര നിർദ്ദേശങ്ങൾ**

1. കാലാകാലങ്ങളിൽ മഴക്കാലത്തിനുമുമ്പ് അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുക. റോഡുകൾക്ക് ഓപ് ചാലുകളും ഓവ് പാലങ്ങളും നിർമിക്കുക.

2. പന്തിരിക്കര-ചവറമൂഴി, പാലേരി-ഒറ്റക്കണ്ടം, പാറക്കടവ്- തോട്ടത്താംകണ്ടി ഭാഗങ്ങളിലേക്ക് ബസ് സർവീസുകൾ അനുവദിക്കണം. വടകര-കോഴിക്കോട് എന്നീ സ്ഥലങ്ങളിലേക്ക് ബസ്സ് റൂട്ടുകൾ അനുവദിച്ചാൽ യാത്രാക്ലേശത്തിന് ആശ്വാസമാവും.

3. പന്തിരിക്കര-പാലേരി-കടിയങ്ങാട് പാലം കേന്ദ്രങ്ങളിൽ ടാക്സി സ്റ്റാന്റുകൾ നിർമിക്കണം.

4. ചെമ്മൺ റോഡുകൾ അറ്റകുറ്റപ്പണിനടത്തി ഗതാഗതയോഗ്യമാക്കണം.

5. കൈപ്രം കടവിൽ കടത്തുതോണി ഏർപ്പെടുത്തി കല്ലൂർ-മുതുവണ്ണാച്ച പ്രദേശങ്ങളെ ബന്ധിപ്പിക്കാൻ പാലം നിർമിക്കണം.

6. പൊയിൽപറമ്പ്-കല്ലേരിക്കണ്ടിത്താഴ റോഡ്

II. 7. വടക്കുമ്പാട്-വഞ്ചീപ്പാറ റോഡ്

8. വടക്കുമ്പാട് - വഞ്ചീപ്പാറ - ജാനകിവയൽ റോഡ്

9. കരുവാൻകണ്ടി-കുന്നംവള്ളി റോഡ്

10. മാലൂൽപൊയിൽ - തേവർകണ്ടി വട്ടിക്കുന്നത്താഴ റോഡ്

11. പാലേരി പള്ളി - വണ്ണത്താം കണ്ടി റോഡ്

12. പുന്നേരന്റേചോട്ടിൽ - മാര്യാംകണ്ടിതാഴ റോഡ്

13. ഒന്നാം തരിക്കൽ - പഴുപ്പട്ടത്താഴ-കുന്നാട്ടി സ്കൂൾ റോഡ്

III. 15. ചെറിയ കുമ്പളം - തോട്ടത്താം കണ്ടി റോഡ്

16. കാവിൽമുക്ക് - കരിങ്ങാം കടവ് റോഡ്

17. വായയിൽ മുക്ക് - കരിങ്ങാം കടവ് റോഡ്

18. ചെറിയ കുമ്പളം ജി.എൽ.പി. സ്കൂൾ റോഡ്

19. ചെറിയ കുമ്പളം - കൂട്ടൻകോഡ് റോഡ്

20. ചർത്തിപ്പാറ - നിരത്ത് കടവ് റോഡ് (കടിയങ്ങാട് പാലം)

21. തരിപ്പിലോട് -തോട്ടത്താംകണ്ടി റോഡ്

22. കുന്നശ്ശേരി - വാഴയിൽ കടവത്ത് റോഡ്

23. കുളക്കണ്ടം - എം.യു.പി. സ്കൂളിൽ റോഡ്

24. പഴുപ്പട്ടത്താഴ - കുന്നാട്ടി സ്കൂൾ റോഡ്

25. മാണിക്കാംകണ്ടി - മാവുള്ളകുന്ന് താഴം റോഡ്

26. തരിപ്പിലോട് - വാഴയിൽ കടവ് റോഡ്

V. 27. പന്തിരിക്കര-ഗോപുരത്തിലിടം (ജാനകി വയൽ) റോഡ്

28. പുതിയോടുംകര - ഒറ്റക്കണ്ടം റോഡ്

29. പട്ടാണിപ്പാറ - മൂടിയചാൽ റോഡ്

30. പട്ടാമിപ്പാറ - നരിമഞ്ചക്കൽ റോഡ്

31. പട്ടാണിപ്പാറ - പുല്ലാഞ്ഞിക്കാവ് റോഡ്

32. മക്കാരിപ്പാറ - മുണ്ടത്തളം കോളനി റോഡ്

33. ഒറ്റക്കണ്ടം - വെള്ളച്ചാലിൽ റോഡ്

34. പുല്ലാഞ്ഞിക്കാവ് നാല് സെന്റ് - വെള്ളച്ചാലിൽ റോഡ്

35. കുളക്കണ്ടം കുളക്കണ്ടത്തിൽ പള്ളി - ജാനകി വയൽ റോഡ്

36. കവുങ്ങുള്ള ചാലിൽ - പന്തിരിക്കര റോഡ്

37. പുല്ലാഞ്ഞിക്കാവ്-കുട്ടമ്പത്ത് റോഡ്

38. അരീക്കൽ ചാലിൽ - പുല്ലാഞ്ഞിക്കാവ് റോഡ്

39. ചാക്കോട്ട് പാറ - തോട്ടക്കര റോഡ്

VI. 40. നാഗത്ത് താഴ - നരിക്കലക്കണ്ടി റോഡ്

41. കരുവളത്തിൽതാഴ - കന്നാട്ടി സ്കൂൾ റോഡ്

42. കുറ്റിയിൽ മൂക്ക് - കന്നാട്ടി (മടോൻകണ്ടി താഴ) റോഡ്

43. കടിയങ്ങാട് പെരുവണ്ണാമൂഴി റോഡ് (ബൈപ്പാസ്)

44. കരിങ്കണ്ണി മീത്തൽ - കോവുമ്മൽ താഴ റോഡ്

45. ചാത്തൻ മേനോൻ സ്മാരക റോഡ്

46. കൈവേലിപ്പാലം - കുന്നുമ്മൽത്താഴ (പള്ളി) നടപ്പാത

(പകുതി പണിപൂർത്തിയായതാണ്.)

VII. 47. എടക്കോട് കുന്ന് - പുഴിക്കുനി റോഡ്

48. കടിയങ്ങാട് കിഴക്കയിൽ റോഡ്

49. മഹിമനഗർ - പൂവ്വാറ റോഡ്

50. കടിയങ്ങാട് മൂക്ക് - കല്ലൂർറോഡ്

51. വരയാലംകണ്ടി കോളനി റോഡ്

52. വരർകണ്ടി - ആവടുക്ക റോഡ്

53. പന്തിരിക്കര - കോക്കാട് റോഡ്

54. വണ്ണാറത്ത് - എം.യു.പി.സ്കൂൾ റോഡ്

55. എം.യു.പി. സ്കൂൾ - എടക്കണ്ടിത്താഴ റോഡ്

56. കോക്കാട് - മൂണ്ടക്കുറ്റി റോഡ്

57. വണ്ണാറത്ത് - വലിയ പറമ്പ് റോഡ്

58. സൂപ്പിക്കട - മണൽക്കുന്നുമ്മൽ റോഡ്

IX. 59. ഇടിവെട്ടി - കുന്നശ്ശേരി റോഡ് (ജി.എൽ.പി.സ്കൂൾ)

60. പാലേരി മുക്ക് - മുത്തോറത്താഴ റോഡ്

61. പുന്നേന്റചോട്ടിൽ - തയ്യുള്ള പറമ്പിൽ താഴ റോഡ്

62. തോട്ടത്താംകണ്ടി പള്ളി - പാറേന്റ താഴകുന്നശ്ശേരി ജി.എൽ.പി. റോഡ്

63. വാഴയിൽ മുക്ക് - മുതുക്കാത്തോട് താഴ റോഡ്

X. 64. അടോർ മണ്ണ് - വാഴയിൽ മുക്ക് റോഡ്

65. ആയോളിത്താഴ - കല്ലുള്ളകണ്ടി ത്താഴ റോഡ്

66. കുഴിമ്പിൽപ്പാലം - കുനിയോട് റോഡ്

67. അറുപ്പാട്ടിൽ - കുഴിമ്പിൽത്താഴ റോഡ്

68. കുനിയോട് - ചെറുവലത്ത് കടവ് റോഡ്

69. തേറ് കണ്ടിത്താഴ - പുതിയ പറമ്പത്ത് താഴ റോഡ്

XI. 70. പൂറവൂർ - പാറക്കെട്ട് റോഡ്

71. നാണുസ്മാരക റോഡ്

72. മുല്ലപ്പള്ളിത്താഴ - നാണു സ്മാരക റോഡ്

73. തെക്കേക്കണ്ടി (നങ്ങോളിമുക്ക്) - പാറക്കെട്ട് റോഡ്

74. മഠത്തികണ്ടിത്താഴ - തെയ്യാടിവയൽ റോഡ്

75. കുളമുള്ള കണ്ടിമുക്ക് - കരിങ്ങാട്ട് റോഡ്

76. മഠത്തിൽത്താഴ - കുനിയിമ്മൽത്താഴ റോഡ്

77. തോട്ടത്തിൽത്താഴ - ചാത്തൻ കോട്ട് റോഡ്

78. വിളയാറ - ഏരംതോട്ടം റോഡ്

### പട്ടിക 3

### പുതുതായി റോഡുകളും നടപ്പാതകളും നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ

W. I. 1. പൂവ്വത്തുംകണ്ടിത്താഴ - കെ.കെ.മുക്കുമായി ബന്ധപ്പെടുത്തുന്ന റോഡ്.

2. മലോൽത്താഴ - പുതിയെടുത്ത് താഴ വഴി കല്ലൂർ മുഴിയിലേക്ക് റോഡ്.

3. നരിക്കുനി കോളനി - പുളിക്കൂർ ത്താഴം

4. കോളനിയുമായി ബന്ധപ്പെടാൻ പാമ്പൻകുനിയിൽ നടപ്പാത വേണം.

5. പെങ്ങോട്ടേരിച്ചാല് - ജി.എൽ.പി. സ്കൂൾ

ചെറിയ കുമ്പളം വഴി നടപ്പാത.

IV. 6. ചർത്തിപ്പാറ - മുന്നൂറ്റൻ കടവ് (പുല്ലേരി കോളനി വഴി റോഡ്

7. ചാത്തൻമേനോൻ സ്മാരക റോഡ് - കുളക്കണ്ടവുമായി ബന്ധപ്പെടുത്തുന്ന നടപ്പാത.

8. ചിറക്കൊല്ലി - വകാനിതാഴ റോഡ് - ഇറിഗേഷൻ വകുപ്പ് പാലം നിർമിക്കണം.

9. തോട്ടത്താം കണ്ടിയിൽ നടപ്പാലം നിർമ്മിക്കണം (മരുതോങ്കരയിലേക്ക്)

10. കുനംപൊയിൽത്താഴം റോഡ് വയലിൽ നിന്നും ഗതിമാറ്റണം.

V. 11. കവുങ്ങുള്ളചാലിൽ അംഗൻവാടി റോഡ്

12. നരിമഞ്ചക്കൽ കോളനി റോഡ്

13. ഒറ്റക്കണ്ടം നടുപ്പറമ്പ് റോഡ്

14. കരിങ്കണ്ണി മീത്തൽ - കോവുമ്മൽ റോഡ്

VIII. 15. വില്ലേജ് ഓഫീസ് - ചാലുപറമ്പിൽ മീത്തൽ റോഡ്

16. സൂപ്പിക്കടനിന്ന് കുളിക്കടവിലേക്ക് നടപ്പാത നിർമ്മിക്കുകയും കുളിക്കടവ് കെട്ടുകയും വേണം.

XI. 17. പടിഞ്ഞാറെച്ചാല് ത്താഴം - തോട്ടത്താം കണ്ടി റോഡ്

18. വടക്കയിൽത്താഴ - മുതുക്കാത്തോട് നടപ്പാത

19. ചരിത്രം കണ്ടിത്താഴ - കൊല്ലന്റെത്താഴ - കുന്നശ്ശേരി സ്കൂളിന് പിന്നിൽ എന്നിവിടങ്ങളിൽ സ്ലാവ് വാർക്കുകയും കുനിയിൽ മേനിക്കണ്ടിത്താഴം റോഡിൽ ഓവു പാലവും നിർമ്മിക്കണം.

XI. 20. കടിയങ്ങാട് പാലം - നടുവിലക്കണ്ടിത്താഴ നടപ്പാത.

21. നാണുസ്മാരക റോഡ് - കുനിയോട് റോഡുമായി ബന്ധപ്പെടുത്തണം.

22. മുതുവണ്ണാച്ച ജി.എൽ.പി. സ്കൂൾ - നാണു സ്മാരക റോഡ്

23. കോത്തമ്പ്രചാലിൽത്താഴ നടപ്പാത

24. ഈർപ്പനടയ്ക്കൽ - കാളിയേടത്ത് മുക്ക് കറുത്ത കുളങ്ങര റോഡ്.

25. കുളിക്കണ്ടി മുക്ക് - തെക്കേക്കണ്ടി.

26. പാമ്പൻ കുനി - കൊളോറമ്പ പീടിക വരെ നടപ്പാത.

27. ആട്ടോത്ത് ത്താഴ പുഴക്ക് നടപ്പാത നിർമ്മിക്കണം.

X. 28. മാലുപൊയിൽ - കുളത്തൂർവയൽ - കല്ല്കണ്ടി റോഡ്

29. മരുതോങ്കര പഞ്ചായത്തുമായി ബന്ധിപ്പിക്കാൻ ചവറമൂഴിയിൽ പാലം നിർമിക്കണം.

## ഊർജം

ഊർജത്തിന്റെ മുഖ്യമായ ഉറവിടം വിറകാണ്. പ്രധാനമായ ഗാർഹിക ഇന്ധനവും വിറകുതന്നെ. ചിലവാർഡുകളിൽ പുകയില്ലാത്ത അടുപ്പുകൾ നാമമാത്രമായുണ്ട്. ഗ്യാസ് അടുപ്പുകൾ പ്രചാരത്തിലുണ്ട്. പ്രചുര പ്രചാരം നേടിയിട്ടില്ല. അപൂർവ്വമായി പാചകത്തിന് മണ്ണെണ്ണയും ഉപയോഗിക്കുന്നു. വൈദ്യുതി പ്രതിസന്ധിയിൽ ഏക ആശ്രയം അതുതന്നെ.

പഞ്ചായത്തിൽ മൊത്തം 5800 വീടുകൾ ഉണ്ട്. ഒരു വീട്ടിൽ പ്രതിദിനം അഞ്ച് കിലോഗ്രാം വിറക് പാചകാവശ്യത്തിനായി ഉപയോഗിക്കുന്നതായി കണക്കാക്കിയാൽ 29000 കി.ഗ്രാം വിറക് ഒരു ദിവസം പഞ്ചായത്തിൽ ഗാർഹികാവശ്യത്തിനുമാത്രം ഉപയോഗിക്കുന്നതായി കാണാം. വിറകിന്റെ ലഭ്യത അനുദിനം കുറഞ്ഞുവരികയാണ്. അതുകൊണ്ട് ഇന്ധനത്തിന്റെ ഉപയോഗ ക്ഷമത വർദ്ധിപ്പിക്കുകയാണ് ഏറ്റവും പ്രധാനം.

കൃഷിക്കാർ തേങ്ങ അട്ടത്തിട്ട് ബോഡയാക്കുന്നു. അതിന് പുക നിർബന്ധമാണ്. പുകയില്ലാത്ത അടുപ്പുകൾക്ക് പകരം പുകശല്യമില്ലാത്ത അടുപ്പുകൾ ആയിരിക്കും. അത്തരം വീടുകൾക്ക് ആവശ്യം. അത്തരത്തിലുള്ള കാർഷിക ഭവനങ്ങൾ ഒഴിച്ച് പഞ്ചായത്തിൽ പുകരഹിതമായ അടുപ്പുകളും ഭക്ഷണകൂടിയ അടുപ്പുകളും നിർമ്മിക്കുന്നതിനെപ്പറ്റി നമുക്ക് ആലോചിക്കേണ്ടതുണ്ട.

ഊർജം പട്ടിക I

പഞ്ചായത്തിലെ അടുപ്പുകൾ

| ഇനം | എണ്ണം |
|---|---|
| എൽ.പി.ജി. അടുപ്പുകൾ | 200 |
| ദക്ഷത കൂടിയ ചെലവുകുറഞ്ഞ അടുപ്പുകൾ | 21 |
| മണ്ണെണ്ണ സ്റ്റൗ | 50 |
| അനർട്ട് അടുപ്പുകൾ (ഇരുമ്പടുപ്പുകൾ) | 350 |
| ആലുവ സെറ്റിൽമന്റ് | 15 |

| ഗാർഹിക ഊർജ ഉപയോഗം | |
|---|---|
| വൈദ്യുതികരിച്ച വീടുകൾ | 914 |
| ബയോഗ്യാസ് ഉപയോഗിക്കുന്നവർ | 1 |
| സൗരോർജം ഉപയോഗിക്കുന്നവർ | 1 |
| മണ്ണെണ്ണ ഉപയോഗിക്കുന്നവർ | 40841 |
| ആകെ വീടുകൾ | 5757 |

2. പുകരഹിതമായ അടുക്കള:

ജനങ്ങൾ തിങ്ങിതാമസിക്കുന്ന കോളനികൾ ഉൾപ്പടെ വിറക് ക്ഷാമം രൂക്ഷമായ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വിറക് അടുപ്പുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കണം.

293

# വൈദ്യുതി

വൈദ്യുതിക്ക് വേണ്ടിയുള്ള മുറവിളി എല്ലാ ഗ്രാമസഭകളിലും അനുഭവവേദ്യമായി. 'കല്ലിന്റെ ഊരെ'ന്ന് കേൾവികേട്ട കല്ലൂരിൽ ഇതേവരെയായും വൈദ്യുതി എത്തിനോക്കിയിട്ടില്ലെന്നത് ഏറെ പരിതാപകരമായ ഒരു വസ്തുതയാണ്. വൈദ്യുതി പ്രശ്നത്തിൽ പ്രഥമ പരിഗണന തേടുന്ന വാർഡാണത്. പഞ്ചായത്തിലെ ഒരു വാർഡും പൂർണമായി വൈദ്യുതീകരിച്ചിട്ടില്ല. 4,9 വാർഡുകളിൽ 10% വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 8,11 വാർഡുകളിൽ മിനിമം ഗ്യാരണ്ടിക്ക് കീഴെ കാത്തുനില്ക്കുന്നവരുണ്ട്. 2,6 വാർഡുകളിൽ OYC അടച്ചിട്ടു. കണക്ഷൻ കിട്ടാത്ത ദുരവസ്ഥയെപ്പറ്റി പരാതിപ്പെടുന്നവരുണ്ട്. 5ാം വാർഡിൽ CD അടച്ചവരുണ്ട്. കണക്ഷൻ കിട്ടിയിട്ടില്ല.

വോൾട്ടേജ് ക്ഷാമമുണ്ട്. വൈദ്യുതി എത്താത്ത നിരവധി പ്രദേശങ്ങൾ ഓരോ വാർഡിലും ഉണ്ട്. ഒന്നാം വാർഡിൽ ഒരേടത്തുമില്ല. 2ാം വാർഡിൽ 6 പ്രദേശങ്ങളിലും 14 തെരുവ് വിളക്കുകളും 3ാം വാർഡിൽ 5 പ്രദേശങ്ങൾ: തെരുവ് വിളക്കുകൾ. 4ാം വാർഡിൽ 5 പ്രദേശങ്ങൾ; 11 തെരുവ് വിളക്കുകൾ. 5ാം വാർഡിൽ 7 പ്രദേശങ്ങൾ; 9 തെരുവ് വിളക്കുകൾ 6ാം വാർഡിൽ 6 പ്രദേശങ്ങൾ; 9 തെരുവ് വിളക്കുകൾ 7ാം വാർഡിൽ 8ാം വാർഡിൽ 2 പ്രദേശങ്ങൾ 9ാം വാർഡിൽ 10% ഒഴികെ പ്രദേശങ്ങൾ മുഴുവനായും 16 തെരുവ് വിളക്കുകളും, 10ാം വാർഡിൽ 7 പ്രദേശങ്ങൾ; 11ാം വാർഡിൽ 3 പ്രദേശങ്ങൾ എന്നീ ക്രമത്തിലാണ് ഗ്രാമസഭകൾ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്.

10ാം വാർഡിൽ പണിപൂർത്തിയായ ഒരു ആരോഗ്യ കേന്ദ്രവും 8ാം വാർഡിൽ ഉദ്ഘാടനം കാത്ത് കിടക്കുന്ന ഒരു റൈസ്മില്ല്, അതേവാർഡിൽ 1.5 ലക്ഷം ചിലവാക്കി പണി പൂർത്തിയാക്കിയ ഒരു ആരോഗ്യ കേന്ദ്രം വൈദ്യുതി കണക്ഷൻ കിട്ടാത്ത ഒറ്റക്കാരണത്താൽ പ്രവർത്തിക്കുന്നില്ല

ആറാം വാർഡിൽ ആട്ടോത്ത് താഴ റോഡിന് വീതി കൂടിയപ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ റോഡിന് നടുവിലായി. പലതും അറ്റ് വീഴാൻ പാകത്തിലാണെന്നതുകൊണ്ട് അടിയന്തരമായി ഇടപെടണം.

- വൈദ്യുതി ഉപയോഗിച്ച് 3 പമ്പ് സെറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്.

വൈദ്യുതി

| തൻവർഷത്തെ കണക്ഷൻ | എണ്ണം |
|---|---|
| ഓർഡിനറി | 15 |
| OTP | 12 |
| OYEC | 25 |
| ആകെ | 52 |

പഞ്ചായത്തിന്റെ പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. കടിയങ്ങാട്
2. പാലേരി നമ്പർ: 1
3. പാലേരി നമ്പർ: 2
4. കൂനിയോട്
5. പന്തിരിക്കര നമ്പർ: 1
6. പന്തിരിക്കര നമ്പർ: 2

7. ഒറ്റക്കണ്ടം

8. തരിപ്പിലോട്

സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക Rs. 1262/-

**തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ**

**വിളക്കുകളുടെ എണ്ണം**

| വേപ്പർ | ഫ്ളൂറ്റൂബ് ലാമ്പ് | ബൾബ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 27 | 10 | 60 | - | 97 |

തെരുവ് - വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുക: 15187 രൂപ.

വരുമാനത്തിന്റെ എത്ര ശതമാനം 2.15%

അവലംബം: പഞ്ചായത്ത്

**അനുബന്ധം 10**

**ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്**

**10-1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ**

1. നിലവിലുള്ള ഉപഭോക്താക്കൾ

| ഇനം | എണ്ണം |
|---|---|
| എ. ഗാർഹികം | 914 |
| ബി. വ്യാപാരം | 250 |
| സി. വ്യവസായം | 15 |
| ഡി. കാർഷികം | 13 |
| ആകെ | 1192 |

**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**

| ഇനം | എണ്ണം |
|---|---|
| എ. ഓർഡിനറി | 71 |
| ബി. O.T.P. | 5 |
| സി. O.Y.E.C. | 18 |
| ആകെ | 94 |

**തെരുവു വിളക്കുകളുടെ എണ്ണം**

| | 25W | 40W | 60W | 100W |
|---|---|---|---|---|
| എ. ബൾബ് - | | 60 | | |
| ബി. ട്യൂബ് | | 10 | | |
| സി. മെർക്കുറി വേപ്പർ | | - | | |
| ഡി. സോഡിയം വേപ്പർ | | 24 | | |

വൈദ്യുതികരിച്ച ഹരിജൻ കോളനികൾ 1 നടുപ്പറമ്പിൽ കോളനി

# മാർക്കറ്റ്

കാർഷിക-വ്യാവസായികോൽപ്പന്നങ്ങൾ എന്നിവയുടെ വില്പന-കൈമാറ്റം എന്നിവക്കുള്ള കേന്ദ്രങ്ങൾ എന്നേ പഞ്ചായത്തിൽ മാർക്കറ്റ് എന്നതു കൊണ്ട് വിവക്ഷിക്കുന്നുള്ളൂ. ആദ്യകാല ചരക്ക് കടത്തിന് പ്രധാനമായും ആശ്രയിച്ചുപോന്നത് ജലഗതാഗതത്തെ തന്നെയായിരുന്നു. കൂനിയോട് ഒരു പ്രധാന വ്യാപാര കേന്ദ്രമായിരുന്നു. വടകരയായിരുന്നു അന്ന് പ്രധാന കച്ചവടകേന്ദ്രം. ആറൂപ്പാട്ടിൽ, പടുത്തകടവ് കല്ലൂർ-കൈപ്രം കടവ് തുടങ്ങിയ കടവുകളിൽ കേന്ദ്രീകരിച്ച് തോണിമാർഗം ചരക്കുകൾ വന്നെത്തിയിരുന്നു. സമീപ പ്രദേശങ്ങളിൽ വെച്ചു വലിയ മലഞ്ചരക്ക് വിപണിയായി പന്തിരിക്കര വളർന്നു. പടത്തുകടവിൽ സാധനങ്ങൾ ഇറക്കിതലച്ചുമടായി കൊണ്ടുവന്ന് ഒറ്റക്കണ്ടത്ത് കച്ചവടം നടത്തിയ വലിയ പീടികകൾ പണ്ടുണ്ടായിരുന്നു. ആഴ്ചചന്തപോലും പണ്ട് അവിടെ നടത്തി വന്നിരുന്നു. കടിയങ്ങാട്, ചെറിയ കുമ്പളം എന്നീപ്രദേശങ്ങളും ശ്രദ്ധയാകർഷിച്ച ഗ്രാമീണ കച്ചവടകേന്ദ്രങ്ങളായിരുന്നു. പഴയകാലത്ത് തലച്ചുമടായി കടിയങ്ങാട് നിന്ന് സാധനങ്ങൾ പൂഴിത്തോടുവരെ കൊണ്ടുപോയിരുന്നതായി പഴമക്കാർ ഓർക്കുന്നു.

പഞ്ചായത്തിൽ ഒരു വാർഡിലും ആഴ്ചചന്തയില്ല.

**സാധ്യതകൾ - നിർദ്ദേശങ്ങൾ:**

പന്തിരിക്കര - കല്ലൂർ ആഴ്ചചന്തകൾക്ക് സാധ്യതയുണ്ട്.

കല്ലൂരിൽ ഉത്സവത്തോടനുബന്ധിച്ച് ഒരു വാർഷികചന്ത വിജയിക്കും.

പന്തിരിക്കരയിൽ പഞ്ചായത്ത് വാടകക്ക് എടുത്ത സ്ഥലത്ത് വിപുലമായ മാർക്കറ്റ് തുടങ്ങാൻ കഴിയും.

കടിയങ്ങാട് മത്സ്യമാർക്കറ്റ് വൈദ്യുതീകരിക്കണം.

പാലേരി - പന്തിരിക്കര - കടിയങ്ങാട് - ടൗണുകളിലെ മത്സ്യവിൽപ്പന- അറവുശാലകൾ ഉയർത്തുന്ന മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കണം.

ഗ്രാമസഭകൾ നിർദ്ദേശിച്ച പാർഡുകളിൽ മത്സ്യ-പച്ചക്കറി മാർക്കറ്റുകൾ സാധ്യതകൾക്കനുസരിച്ച് തുടങ്ങാൻ കഴിയേണ്ടതാണ്.

# സംസ്കാരം

നായാടിയായ മനുഷ്യൻ സംസ്കാരത്തിന്റെ പടവുകൾ ഓരോന്നായി ചവുട്ടിക്കയറിയ കഥ പ്രസിദ്ധ നരവംശശാസ്ത്രജ്ഞനായ മോർഗൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഗോർഡൻ ചൈൽഡ് മുതൽ ഡോക്ടർ ഡെസ്മെസ് മോറീസ് വരെ നിരവധി പ്രതിഭകൾ ഈ വഴിയിലൂടെ സഞ്ചരിച്ച് വിശകലനങ്ങൾ നടത്തിയ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. മിത്തുകളും ആർക്കിടൈപ്പുകൾ, ഇതിഹാസ പുരാണങ്ങളും, നദീതട സംസ്കാരങ്ങളും ഈ ദിശയിലെ വഴിവിളക്കുകളാണ്. ``വിശക്കുന്ന മനുഷ്യാ പുസ്തകം കയ്യിലെടുക്കൂ, അതൊരു മഹത്തായ ആയുധമാണ്'' ബർട്ടോൾഡ് ബ്രഹ്ത് പറഞ്ഞു. "അക്ഷരം അഗ്നിയാണ് മകനെ" എന്ന് അടിമകളോട് പറഞ്ഞ സ്പാർട്ടക്കസിന്റെ പിൻമുറക്കാരാണ് നമ്മൾ. എന്നാൽ ഇന്ന് നാം വാർത്താവിസ്ഫോടനത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും കംപ്യൂട്ടർ റോബോട്ട് സംസ്കാരത്തിന്റെയും ഭാഗമായി മാറിപ്പോയിരിക്കുന്നു.

നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ സാംസ്കാരിദൗത്യം ഏറ്റെടുത്ത് പ്രവർത്തിച്ചുവരുന്ന കലാസമിതികൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സാംസ്കാരിക സമിതികൾ നിരവധിയുണ്ട്. എന്നാൽ ജനമനസ്സുകളിലേക്ക് ആഴത്തിൽ ഇറങ്ങിചെന്ന് വേരുറപ്പിച്ച പ്രസ്ഥാനങ്ങൾ ഏറെയില്ലെന്ന് ഗ്രാമസഭാചർച്ചകൾ സാക്ഷ്യപ്പെടുത്തുന്നു.

ഓണക്കളി, പൂരക്കളി, കോൽക്കളി, മാർഗ്ഗംകളി, ദഫ്മുട്ട്, തുടങ്ങിയ നാടൻ കലകൾ, സജീവമായി നിലനിന്നുവെന്ന ഒരു ചരിത്രഘട്ടം നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. അവയിൽ പലരും ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. കുട്ടിച്ചാത്തൻ തിറ, ഗുളികൻ തിറ, കരിയാത്തൻ തിറ, ചാമുണ്ഡീത്തിറ ഭഗവതിതിറ, കളിത്തിറ, തുടങ്ങിയ തിറകൾ ആടിത്തിമർത്ത കാലഘട്ടം കൂട്ടിയായിരുന്നു ഇത്. മണ്ടത്തടം, വേങ്ങേരി, തറവട്ടം, വിളയാറ പട്ടികജാതി, പട്ടികവർഗ്ഗക്കാർ നടത്തിയിരുന്ന തിറകൾക്ക് ചില ഉദാഹരണങ്ങൾ മാത്രം. കൂളിത്തിറകൾ കൊയ്തുൽസവവുമായി ബന്ധപ്പെട്ടതാണ്. മകരമാസത്തിലെ പുത്തരിയോടനുബന്ധിച്ച് കൂളിയെ ആരാധിച്ച് കളം പരിശുദ്ധമാക്കി വേണം ഇല്ലം നിറയാനും വല്ലം നിറയാനും ഈ തിറകൾ നടത്തുന്നതിന് വേണ്ടയുള്ള ദേവസ്ഥാനങ്ങൾ മാത്രമല്ല ഉൽസവചിലവും സ്ഥലവും കൂത്താളി മൂപ്പിൽ നായർ നൽകിയിരുന്നു. തങ്ങളുടെ വർഗ്ഗ താല്പര്യം സംരക്ഷിക്കാനും ഈ മലമക്കളെ ചൂഷണം ചെയ്യാനും അവരെ തങ്ങളോടൊപ്പം നിർത്തുക എന്ന തന്ത്രമാണ് നാടുവാഴികൾ നടപ്പിലാക്കിയത്. പ്രാരാബ്ധങ്ങളിലും പീഢനങ്ങളിലും തലയിട്ടടിച്ച മണ്ണിന്റെ മക്കൾക്ക് തെയ്യവും കുതിരക്കോലവും പരോക്ഷമായി നാടുവാഴികളോടുള്ള അമർഷം പ്രകടിപ്പിക്കാനുള്ള മാദ്ധ്യമങ്ങളായി. നാടുവാഴിത്തത്തിനെതിരായ പ്രതിഷേധത്തിന്റെ മിന്നലാട്ടങ്ങൾ ഈ കലകളിലെല്ലാം കാണാം. കരിമ്പാലന്മാർ നടത്തിയിരുന്ന കരിയാത്തൻ തിറയിലും ഉണ്ട് ഈ പ്രതിഷേധത്തിന്റെ മിന്നലാട്ടങ്ങൾ ഈ കലകളിലെല്ലാം കാണാം. കരിമ്പാലന്മാർ നടത്തിയിരുന്ന കരിയാ

ത്തൻ തിറയിലും ഈ പ്രതിഘേധത്തിന്റെ അനുരണനങ്ങൾ ഒളിഞ്ഞു കിടപ്പുണ്ട്. ഗവേഷണം ആവശ്യമാണ്.

മൂന്ന് പ്രമുഖ മതങ്ങളുടെ അനുയായികളാണ് പഞ്ചായത്തിലുള്ളത്. എല്ലാ മതങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളും ആരാധനാക്രമങ്ങളും തടസ്സം കൂടാതെ ഇവിടെ നടക്കുന്നുണ്ട്. ആരാധനാലയങ്ങളുടെ എണ്ണം അന്യത്ര ചേർത്തിരിക്കുന്നതുകൊണ്ട് പരാമർശിക്കുന്നില്ല. എല്ലാ മതങ്ങളുടെയും ആഘോഷങ്ങളിൽ ജാതിമത ഭേദമന്യേ ജനങ്ങൾ പങ്കെടുക്കുന്നുവെന്നത് ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. കൃസ്ത്യൻ മുസ്ലിം സമുദായങ്ങളിലെ വ്യത്യസ്ത വിഭാഗങ്ങളും ഹിന്ദുമതത്തിലെ വിവിധ ജാതികളും ഇവിടെ നിലനില്ക്കുന്നുണ്ട്. മുസ്ലിം സമുദായത്തിലെ റാത്തീബ് മൊയിലൂത് കൃസ്ത്യൻ സമുദായത്തിലെ കരിസ്മാറ്റിക്ധ്യാനം ഹിന്ദുക്കളുടെയിടയിലെ കൊടുക്ക്, പയംകുറ്റി തുലാപത്ത് എന്നിവ ഇപ്പോഴും നിലനില്ക്കുന്ന ആചാരാനുഷ്ഠാനങ്ങളാണ്. മാറ്റൽ എണ്ണമന്ത്രം തുടങ്ങി ഹിന്ദുമതസ്തരുടെയിടയിലുണ്ടായിരുന്ന പല ആചാരങ്ങളും ഇന്ന് നിലവിലില്ല. പഴയ കാലത്ത് ഹിന്ദുക്കളിലെ വിവിധ വിഭാഗങ്ങളുടെയിടയിലുണ്ടായിരുന്ന വിവാഹരീതികൾ പുടമുറിയും കോപ്പും വേളിയും ഇന്ന് ഓർമ്മകൾ മാത്രം.

എൺപത് ശതമാനത്തിലധികം സാക്ഷരതയുള്ള ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ട് മലയാള ദിനപത്രങ്ങളും രണ്ട് ഇംഗ്ലീഷ് ദിനപത്രങ്ങളും പ്രചാരത്തിലുള്ള ഏതാണ്ട് എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്യുന്നുണ്ട്. ഇലക്ട്രോണിക്സ് മാദ്ധ്യമരംഗത്ത് വിപ്ലവമായിമാറിയ ടെലിവിഷന്റെ പ്രചരണവും പഞ്ചായത്തിൽ കൂടിവരികയാണ്. 200 ഓളം സമ്പന്ന കുടുംബങ്ങളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഡിഷ് ആന്റിനകളുള്ള വീടുകളുമുണ്ട്. അത്യപൂർവ്വം വീടുകളിലൊഴികെ എല്ലാ വീടുകളിലും റേഡിയോ ഉണ്ട്. ഓഡിയോ കാസറ്റുകൾ വിൽക്കപ്പെടുന്ന കടകളുടെ എണ്ണം പഞ്ചായത്തിൽ കൂടിവരുന്നുണ്ട്.

പഞ്ചായത്ത് ആസ്ഥാനമായ കഴിയാങ്ങോട്ട് ഓപ്പൺ എയർ ഓഡിറ്റോറിയവും കമ്മ്യൂണിറ്റി ഹാളുമുണ്ട്.

## കായികരംഗം

കുറ്റിപന്തിന്റെയും ഏറാടികെട്ടികളിയുടെയും കാലഘട്ടത്തിൽ നിന്ന് വോളിബോളിലൂടെയും ഫുട്ബോളിലൂടെയും വളർന്ന് ക്രിക്കറ്റ് പിച്ചിലെത്തി നില്ക്കുകയാണ് നമ്മുടെ കായിക രംഗം. ഒട്ടനവധി സുപ്രസിദ്ധ വോളിബോൾ താരങ്ങളെയും ഫുട്ബോൾ കളിക്കാരെയും വളർത്തിയെടുത്ത പഞ്ചായത്താണ് ചങ്ങരോത്ത് വോളിബോളിൽ ഇപ്പോഴും നാം ആ പാരമ്പര്യം ഉയർത്തി പിടിക്കുന്നുണ്ട്. വിവിധ ക്ലബ്ബുകൾ ഈ രംഗത്ത് സേവനം നടത്തിവരുന്നുണ്ട്. കടിയങ്ങാട് ജിമ്മിസ്പോർട് സമിതി ശ്രദ്ധേയമാണ്. കായികരംഗത്ത് പ്രശംസനീയമായ നേട്ടങ്ങൾ കൈവരിച്ച വനിതകളും ഈ പഞ്ചായത്തിലുണ്ട്. സ്കൂൾ തലം തൊട്ട് കായിക- പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ സൗകര്യങ്ങളൊ ശ്രമമൊ ഇല്ല. കണ്ടുരസിക്കുക എന്നതിലുപരി കായിക മൽസരങ്ങളിൽ പങ്കാളികളാകാനും പ്രോൽസാഹനം നൽകാനും സന്നദ്ധതയുള്ളവർ വിരളമാണ്. കായിക രംഗത്തെ താല്പര്യമില്ലായ്മ ആരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയിൽ കാര്യങ്ങൾ എത്തിചേർന്നിരിക്കുന്നു. ഓടാനും ചാടാനും മരം കയറാനുമുള്ള ചെറുപ്പക്കാരുടെ കഴിവ് അനുദിനം ക്ഷയിച്ചുവരുന്നു. കായിക രംഗത്ത് കഴിവും അവഗാഹം ഉള്ള വ്യക്തികളുണ്ടായിട്ടും അവരെ പ്രയോജനപ്പെടുത്താനൊ അവരെ ഉപയോഗപ്പെടുത്താനൊ നമുക്ക് കഴിയുന്നില്ല. വിവിധ ക്ലബ്ബുകൾ നിലവിലുണ്ടെങ്കിലും കായിക രംഗത്ത് സ്വാധീനം ചെലുത്താൻ ഇവയ്ക്ക് കഴിയുന്നില്ല. പരമ്പരാഗത കായിക വിനോദങ്ങൾക്ക് പകരം പണചെലവേറിയ കളികൾ ആസ്വദിക്കുന്നതിനുള്ള താല്പര്യം ജനങ്ങളിൽ വർദ്ധിപ്പിക്കുന്ന മാദ്ധ്യമങ്ങൾ കായിക സംസ്കാരത്തിന്റെ ദിശാബോധം നമുക്ക് അന്യമാക്കുന്നു. കായിക പ്രതിഭകളെ കണ്ടെത്തുന്നതിനോ വിദഗ്ധ പരിശീലനം നൽകുന്നതിനൊ സഹായകമായ ഭൗതിക സാഹചര്യങ്ങൾ ചങ്ങരോത്ത് പഞ്ചായത്തിലില്ല.

കല്ലൂരിൽ പ്രവർത്തിക്കുന്ന 'അക്ഷയ കലിക' കലാസമിതികൾ 'പ്രഭാതം വിസകനസമിതി' മുതുവണ്ണാച്ചയിലെ 'സൃഷ്ടി' കൂനിയോട്ടെ 'തൃഷ്ണ' ഗ്രന്ഥാലയങ്ങൾ മാനവ പാറക്കെട്ടിൽ കുമ്പളം

സാംസ്കാരിക വേദി ഇസ്ലാമിക സാംസ്കാരിക വേദി ചെറിയകുമ്പളം സൂര്യ ആർട്സ് ക്ലബ്ബ് കട്ട ങ്കോട്ട, ചരത്തിപ്പാറ ഹരിജൻ കോളനിയിലെ സാംസ്കാരിക നിലയം കൈരളി ചിറക്കൊല്ലി ഫിന ക്സ്യിലെ നാഷനൽ ലൈബ്രറി & റീഡിംഗ് റൂം.

തനിമ സാംസ്കാരിക വേദി ശ്രുതി സംഗീത വിദ്യാലയം സർഗ്ഗം ആർട്സ് & സ്പോർട്സ് ക്ലബ്ബ് പഞ്ചായത്ത് ഗ്രന്ഥശാല, സരസ്വതി സംഗീത വിദ്യാലയം പാലേരി, പഞ്ചായത്ത് സാംസ്കാരിക നിലയം കടിയങ്ങാട് നരിമഞ്ചയ്ക്കൽ ഹരിജൻ കോളനിയിലെ സാംസ്കാരിക നിലയം എന്നീ കലാസമിതികൾക്കും ഗ്രന്ഥശാലകൾക്കും പുറമെ ഓണക്കാലത്ത് വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിച്ചു വരുന്ന പട്ടാണിപ്പാറയിലെ ചൈതന്യ, ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം നേടിയ ലാസ്റ്റ് പന്തിരിക്കരയിലെ നവീന ഗ്രന്ഥാലയം പ്രകൃതി പഠന പ്രവർത്തനങ്ങളും കായിക മൽസരങ്ങളും സംഘടിപ്പിക്കുന്ന ഒറ്റക്കണ്ടത്തിലെ സമജ്ഞസ, സ്വന്തമായി നല്ല പുസ്തക ശേഖരമുള്ള വെളുത്ത പറമ്പത്ത് ഗ്രന്ഥപ്പുര ഗ്രന്ഥാലയം മഹിളാസമാജം ബാലവേദി, അമചർ നാടകഗ്രൂപ്പ് ഗ്രന്ഥാലയം എന്നിവസ്വന്തമായുള്ള ത്രിവേണികൊളക്കണ്ടം എന്നീ കലാ സംഘടനകളുടെ പ്രവർത്തനം എടുത്തു പറയേണ്ടവയാണ്.

കെട്ടിടം ഫർണിച്ചർ ലൈറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങളെങ്കിലുമുള്ള ഗ്രന്ഥപ്പുര, തൃഷ്ണ എന്നീ ഗ്രന്ഥാലയങ്ങളിൽ പുസ്തകങ്ങൾ ധാരാളമുണ്ടെങ്കലും സൗകര്യപ്രദമായ കെട്ടിടമില്ലാത്തതു കൊണ്ട് ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ കിട്ടിയില്ല. ചരത്തിപ്പാറ, നരിമഞ്ചയ്ക്കൽ എന്നീ ഹരിജൻ കോളനികൾ കേന്ദ്രീകരിച്ച് സർക്കാർ സാംസ്കാരിക നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന രഹിതമാണ്. പാലേരിയൽ ഗ്രന്ഥശാല സ്ഥാപിച്ചിട്ടുണ്ടെങ്കിലും ശരിയായരീതിയിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളായ കുമ്പളം പാറക്കടവ്, പന്തിരിക്കര, ഒറ്റക്കണ്ടം എന്നീ സ്ഥലങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങളൊ ഗ്രന്ഥശാലകളൊ ഇല്ല. നമ്മുടെ പഞ്ചായത്തിന്റെ കായികരംഗം വളരെയേറെ ശോചനീയമാണ്.

സാധ്യതകൾ:

1. ചരത്തിപ്പാറ, നരിമഞ്ചയ്ക്കൽ എന്നീ ഹരിജൻ കോളനികളിൽ നിലവിലുള്ള സാംസ്കാരിക നിലയത്തിൽ ഗ്രന്ഥശാലയും വായനശാലയും ടി.വി.എന്നിവസ്ഥാപിക്കണം.

2. പാലേരിയിലുള്ള പഞ്ചായത്ത് ഗ്രന്ഥാലയത്തിന് സ്വന്തം കെട്ടടമുണ്ടാക്കുകയും വിപുലീകരിക്കുകയും വേണം.

3. കല്ലൂർ നിലവിലുള്ള ജനവിദ്യാകേന്ദ്രത്തിൽ ഒരു ഗ്രന്ഥശാലയും വായനശാലയും സ്ഥാപിക്കണം.

4. കുമ്പളം, പാറക്കടവ്, പഞ്ചിരിക്കര, എന്നിവിരങ്ങളിൽ സാംസ്കാരിക നിലയം, ഗ്രന്ഥശാല എന്നിവ സ്ഥാപിക്കണം.

5. പുറകിലേരിമല, നടുപ്പറമ്പ്, ചുണ്ടത്തടം എന്നീ ഹരിജൻ കോളനികളിൽ ഗ്രന്ഥശാലയും വായനശാലയും നിർമ്മിക്കണം.

6. തൃഷ്ണകുനിയോട്, നവീന ലാസ്റ്റ് പന്തിരിക്കര, സൃഷ്ടി ചുതുവക്കാച്ച ഗ്രന്ഥപ്പുര വെളുത്തപറമ്പത്ത് എന്നീ ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കാൻ പഞ്ചായത്ത് സാമ്പത്തിക സാഹായം നൽകണം.

7. തൃവേണി (കൊളക്കണ്ടം) കലാസമിതിക്ക് കെട്ടിടം വിപുലീകരിക്കാനും സംഗീത ക്ലാസ് തുടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സാമ്പത്തിക സഹായം നൽകണം.

8. ചൈതന്യകലാസമിതിക്ക് (പട്ടാണിപ്പാറ) ടി.വി., റേഡിയോ എന്നിവനൽകണം.

9. ഒറ്റക്കണ്ടത്തിലെ സമഞ്ജസ കലാസമിതിക്കും അഭയകലാസമിതിക്കും സ്വന്തമായി കെട്ടിടമുണ്ടാക്കാൻ സാമ്പത്തിക സഹായം നൽകണം.

10. പന്തിരിക്കര നേഷണൽ ലൈബ്രറിക്ക് ടി.വി. അനുവദിക്കണം.

11. സൂപ്പിക്കടയിൽ ഒരു പൊതു ടി.വി.സ്ഥാപിക്കണം.

12. കടിയങ്ങാട്ട് ജിമ്മി സ്പോർട്സ് ക്ലബ്ബിന് കെട്ടിടമുണ്ടാക്കാൻ സാമ്പത്തിക സഹായം നൽകണം.

13. ശ്രുതി സംഗീത വിദ്യാലയം പന്തിരിക്കര, സര

സ്വാതി സംഗീത വിദ്യാലയം പാലേരി എന്നിവയ്ക്ക് സംഗീതോപകരണങ്ങൾ വാങ്ങാൻ സഹായം നൽകണം.

14. കടിയങ്ങാട് സാംസ്കാരിക നിലയത്തിൽ ഒരു റഫറൻസ് ലൈബ്രറിസ്ഥാപിക്കണം.

15. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സാംസ്കാരിക സമിതികൾക്കും പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായവും പത്രങ്ങളും മറ്റും പ്രസിദ്ധീകരണങ്ങളും പഞ്ചായത്ത് നൽകണം.

16. പന്തിരക്കര, ചെറിയ കുമ്പളം എന്നീ സ്ഥലങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ സ്ഥാപിക്കണം.

17. കടയങ്ങാട് നിലവിലുള്ള പഞ്ചായത്ത് മിനി സ്റ്റേഡിയം ഒരു സ്പോർട്സ് കോംപ്ലക്സ് ആയി മാറ്റണം.

18. വൈദ്യുതി ഇല്ലാത്ത കലാസമിതികൾ സൗരോർജ്ജ്യ വിളക്കുകൾ നൽകണം.

19. ഊർപ്പനടയ്ക്കൽ, ചെറുവാപ്പറമ്പ്, പുളിക്കൽ (കല്ലൂർ) പുറവൂർ, കന്നാട്ടി, കിഴക്കെയൽ മീത്തൽ, മഹിമ, ഇടിവെട്ടി, പാലേരി എൽ.പി.സ്കൂൾ പരിസരം, കുന്നശ്ശേരി, എന്നിവിടങ്ങളിൽ പൊതു വായനശാലകൾ സ്ഥാപിക്കണം.

## പ്രത്യേക നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാസാംസ്കാരിക സംഘടനകൾ നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം.

2. പഞ്ചായത്തുതലത്തിൽ നാടക കലാമത്സരം നടത്തുകയും പ്രാവീണ്യമുള്ള് കലാകാരന്മാരെ പഞ്ചായത്ത് ആദരിക്കുകയും വേണം.

3. വിവിധ കലാസമിതികളിൽ പ്രവർത്തിക്കുന്നവരും അല്ലാത്തവരുമായ കലാകാരന്മാരെ ഉൾപ്പെടെത്തി പഞ്ചായത്തുതലത്തിൽ ഒരു കലാസമിതിക്ക് രൂപം നൽകണം.

4. പഞ്ചായത്തുതലത്തിൽ നടക്കുന്ന കലാമേളയിൽ മുഴുവൻ കലാകാരന്മാരുടേയും കലാസമിതികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തണം.

5. പഞ്ചായത്തു കലാമേളയിൽ കൂടുതൽ പോയന്റ് നേടുന്ന കലാസമിതികൾക്ക് ബ്ലോക്ക് ജില്ലാ തലത്തിൽ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടാക്കുകയും ചെലവ് പഞ്ചായത്ത് വഹിക്കുകയും വേണം.

6. അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകണം.

7. വ്യാജവാറ്റ്, ചീട്ടുകളി, മദ്യപാനം എന്നിവക്കെതിരായ ബോധവൽക്കരണം നടത്താൻ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളും കലാസാംസ്കാരിക സംഘടനകളും യോജിച്ച് പരിപാടികൾ തയ്യാറാക്കണം.

8. പഞ്ചായത്ത് നടത്തുന്ന കായിക മേളയിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും പ്രായത്തിനനുസരിച്ച് ഓരോ വിഭാഗക്കാർക്കും പ്രത്യേകം മത്സരം സംഘടിപ്പിക്കുകയും ചെയ്യണം.

9. പഞ്ചായത്ത് കായികമേളയിൽ വനിതകളെ കൂടുതലായി പങ്കെടുപ്പിക്കണം.

10. സ്പോർട്സ് സ്കൂളിൽ നിന്ന് പ്രത്യേക പരിശീലനം നേടി പുറത്തുവരുന്ന ആളുകളെ ഗ്രാമീണ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കരുത്.

11. ചെറിയ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കണം.

12. സ്ത്രീകൾക്ക് കായികപരിശീലനം നൽകാനുള്ള ഒരു പദ്ധതിക്ക് പഞ്ചായത്ത് രൂപം കൊടുക്കണം.

13. സ്കൂളുകളിൽ കായിക പ്രരിശീലനം നിർബന്ധമാക്കണം.

14. ഗ്രന്ഥശാലകളുടെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടക്കണം.

15. പഞ്ചായത്തുതല സ്പോർട്സ് കൗൺസിൽ രൂപികരിക്കണം.

16. 4 വർഷത്തിലൊരിക്കൽ കുട്ടികളുടെ കായിക മേള സംഘടിപ്പിക്കണം.

# ജിമ്മി കടിയങ്ങാട്

കടിയങ്ങാട് അങ്ങാടിയിൽ വാടകക്കെട്ടിടത്തിൽ 1980ലാണ് ജിമ്മി സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. വോളിബോളിന് ഒട്ടേറെ പ്രതിഭകളെ കണ്ടെത്താൻ ഈ ക്ലബ്ബിന് കഴിഞ്ഞു. നരിക്കലങ്ങാട്ട് നാണു മെമ്മോറിയൽ ട്രോഫി, വി.എം.ബാലൻ മെമ്മോറിയൽ ട്രോഫി എന്നിവക്ക് വേണ്ടി പഞ്ചായത്തുതല ടൂർണ്ണമെന്റുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. പ്രേമദാസ് മെമ്മോറിയൽ സ്പെഷ്യൽ ട്രോഫിക്ക് വേണ്ടി ജില്ലാതല ടൂർണ്ണമെന്റ് നടത്തി. ഇരുപതോളം ട്രോഫികളും ഷീൽഡുകളും ഇതിനകം നേടിയെടുത്ത ക്ലബ്ബ് 'എ'ഡിവിഷനിൽ സ്ഥാനക്കയറ്റം നേടി. ജില്ലയിലെ മൂന്നാമത്തെ മികച്ച ടീമായി ഉയർന്നു. ഒന്നിടവിട്ട് കോച്ചിങ്ങ് ക്യാമ്പുകൾ നടത്തി പുതിയ കളിക്കാരെ പ്രോത്സാഹിപ്പിക്കാനും ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. ചെസ്സിന് പ്രോത്സാഹനം കൊടുക്കുന്നതിന്റെ ഭാഗമായി മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ക്ലബ്ബ് അംഗമായ 95-96ൽ ജില്ലാ റാപ്പിഡ് ചെസ് ചാമ്പ്യനായിരുന്നത് / ജിമ്മിയുടെ ക്ലബ്ബ് അംഗമാണ്. 95-96ൽ ജില്ലാ റാപ്പിഡ് ചെസ് ചാമ്പ്യനായത്.

## ☐ ഗ്രന്ഥശാലകൾ ☐

| പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗെയിംസ് | പ്രതിദിന വിതരണം | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| നവീനഗ്രന്ഥശാല | 1987 | 367 | 2177 | ഡി | 24 | JVKകായിക സാംസ്കാരി പ്രവർത്തനങ്ങൾ. NYK ബോധവൽക്കരണം. |
| കൈരളി ചിറക്കൊല്ലി | 1990 | 54 | 157 | - | - | കലാകായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക സിനിമാ പ്രദർശനം - ബോധവൽക്കരണം |
| ത്രിവേണി വായനശാല | 1992 | 32 | 431 | - | - | ത്രിവേണി ആർട്സ് & സ്പോർട്സ് ക്ലബ്ബിൽ സഹോദര സംഘടന. |
| ഗ്രന്ഥപ്പുര വെളുത്തപറമ്പത്ത് | 1989 | 205 | 104 | - | 55 | ബോധവൽക്കരണ ക്ലാസ്, സാക്ഷരതാ പ്രദർശനം, പുസ്തക പ്രദർശനം, വില്പന. ചിൽഡ്രൻസ് ഫിലിം സൊസൈറ്റി & സിനിമാ പ്രദർശനം എംപ്ലോയ്മെന്റ് റജിസ്ട്രേഷൻ കേമ്പ് രക്ത ഗ്രൂപ്പ് നിർണ്ണയകേമ്പ് |
| പഞ്ചായത്ത് ഗ്രന്ഥശാല പാലേരി സാംസ്കാരിക നിലയം കടിയങ്ങാട് | 1982 | - | 300 | - | - | |



# വനിതാ ക്ഷേമം

സ്ത്രീകളെ ഒഴിച്ചു നിർത്തിക്കൊണ്ടുള്ള സാമൂഹ്യ വിപ്ലവം അസാധ്യമാണ് ആസൂത്രണപ്രക്രിയയിൽ സ്ത്രീ പങ്കാളിത്തത്തിന് വലിയ പ്രാധാന്യമുണ്ട്. സ്ത്രീകൾക്ക് സ്വാശ്രയത്വം നേടാനുള്ള ഒരു വഴി കൂടിയാണത്. ഉൽപ്പാദനക്ഷമമല്ലാത്തതും മനസ്സ് മുരടിപ്പിക്കുന്നതുമായ വീട്ടുജോലികളുടെ ലോകത്ത് നിന്നും പൊതുജീവിതത്തിലും കൂട്ടായ ഉൽപ്പാദനത്തിലും വനിതകൾക്കുള്ള പങ്ക് ഉറപ്പിക്കാൻ നമുക്ക് കഴിയണം. വ്യക്തിപരമായ മാതൃത്വത്തിൽ നിന്ന് സാമൂഹ്യമായ മാതൃത്വത്തിന്റെ ലോകത്തിലേക്ക് സ്ത്രീകളെ ഉയർത്താൻ കഴിയേണ്ടതുണ്ട്. ഉൽപ്പാദനക്ഷമമായ പൊതു അദ്ധ്വാനത്തിൽ പങ്കെടുക്കാൻ കഴിയുമ്പോൾ മാത്രമെ പുരുഷന് തുല്യമായ പദവി സ്ത്രീക്കും ലഭിക്കൂ.

### സ്ത്രീകളുടെ പൊതുസ്ഥിതി

- സാമൂഹ്യജീവിതത്തിൽ തങ്ങൾക്കുള്ള ദൗത്യം എന്താണെന്നറിയാത്ത സ്ത്രീ സമൂഹമാണ് പഞ്ചായത്തിലുള്ളത്. വീടിന്റെ അകത്തളത്തിലൊതുങ്ങിക്കഴിയുന്നവർ. പുരുഷമേധാവിത്വത്തിന്റെ നാട്ടുനടപ്പിന് വിധേയരായി വീട്ടുജോലികളിൽ

പട്ടിക 1

ജനസംഖ്യ-സ്ത്രീകളുടെ എണ്ണം

| | ചങ്ങരോത്ത് പഞ്ചായത്ത് | പേരാമ്പ്ര ബ്ലോക്ക് | കോഴിക്കോട് ജില്ല | സംസ്ഥാനം |
|---|---|---|---|---|
| ആകെമൊത്തം ജനസംഖ്യ | 27748 | 146788 | 2619941 | 29098518 |
| സ്ത്രീകൾ | 13801 | 73016 | 1327176 | 14809523 |
| പുരുഷന്മാർ | 13947 | 73772 | 1292765 | 14288995 |
| സ്ത്രീകൾ % | 49.73% | 49.74% | 50.65% | 50.89% |

(അവലംബം - ബ്ലോക്ക് ഡാറ്റാ ബാങ്ക് - 91ലെ സെൻസസ് റിപ്പോർട്ട്)

#### നിഗമനങ്ങൾ

* സംസ്ഥാനത്തൊട്ടാകെയുള്ള സ്ത്രീകളുടെ 0.09% പഞ്ചായത്തിൽ
* പഞ്ചായത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കുറവ്
* ബ്ലോക്കിലൊട്ടാകെയുള്ള സ്ത്രീകളുടെ 18.9% പഞ്ചായത്തിൽ
* ജില്ലയുമായി തുലനം ചെയ്യുമ്പോൾ 1.03%

301

തല പൂഴ്ത്തേണ്ടിവരുന്നവർ. കുടുംബകാര്യങ്ങളിൽപ്പോലും തുല്യത നിഷേധിക്കപ്പെട്ട സ്ത്രീകൾ.

- ഉദ്യോഗസ്ഥകളും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും ഉള്ളവർ വിരളമാണ്. പൊതുരംഗത്തും സാംസ്കാരിക പ്രവർത്തനങ്ങളിലും ഇടപെടുന്നവർ നന്നേകുറവ്. എന്നാൽ പടത്തുകടവ് ഹോളി ഫാമിലി യു.പി. സ്കൂളിലും ചെറിയ കുമ്പളം യു.പി.എസ്സിലും വനിതാ ജീവനക്കാർക്ക് മുൻതൂക്കമുണ്ട്. സെക്കണ്ടറി തലത്തിൽ വിദ്യാർത്ഥിനികളാണ് ആൺകുട്ടികളെക്കാൾ കൂടുതൽ. കോളേജ് വിദ്യാഭ്യാസത്തിന് പോകുന്നവരിൽ കൂടുതലും പെൺകുട്ടികളാണെന്ന് ഗ്രാമസഭാ ചർച്ചകൾ ചൂണ്ടിക്കാണിക്കുന്നു.
- വീട്ടമ്മമാരിൽ ഭൂരിപക്ഷവും പ്രാഥമികവിദ്യാഭ്യാസത്തിനപ്പുറം എത്താത്തവരാണ്.
- അടുക്കളയിൽ ജീവിതം ഹോമിക്കേണ്ടിവരുന്ന ഭൂരിപക്ഷത്തിനും ആവശ്യത്തിന് വിറക് ലഭ്യമല്ലാത്ത ദുരവസ്ഥ. ഒരിക്കലും തീരാത്ത വീട്ടുജോലികൾ. പാചകത്തിന് ആധുനിക സൗകര്യങ്ങളൊന്നും കടന്നു വന്നിട്ടില്ലാത്ത അവസ്ഥ. പുകയില്ലാത്ത അടുപ്പുകൾ ഏറെ വിരളം. വൈദ്യുതി ഇനിയും കടന്നുവന്നിട്ടില്ലാത്ത ഉൾനാടുകൾ.
- കായികരംഗത്ത് മിഴിവും കഴിവും കാണിച്ച അപൂർവ്വം പ്രതിഭകൾ. പിന്നെ ഒന്നുമാകാതെ അസ്തമിച്ചവർ. ജില്ലാ-സംസ്ഥാന-അന്തർ സർവകലാശാല രംഗത്ത് വരെ ഉയരത്തിലെത്തിയവരുണ്ട്; അക്കൂട്ടത്തിൽ പി.ടി. ബ്രിജിത്ത്, ലീമ ആന്റണി, എം.സുജാത എന്നിവർ ഈ രംഗത്തെ മികച്ച കായികതാരങ്ങളായിരുന്നു.
- ആരോഗ്യപ്രശ്നങ്ങൾ സ്ത്രീകളെ അലട്ടുന്നു. രോഗങ്ങൾ താരതമ്യേന സ്ത്രീകളിലാണ് കൂടുതൽ. മദ്യവിപത്തിന്റെ ഇരകളും സ്ത്രീകൾ തന്നെ. ചാരായ നിരോധം ഒരാശ്വാസമായി അവർ വിലയിരുത്തുന്നുണ്ട്. ബോധവൽക്കരണത്തിലൂടെയും നിയമം വഴിയും മദ്യവർജ്ജനം വേണമെന്ന് അവർ അഭിപ്രായപ്പെടുന്നു.
- എല്ലാം വാർഡിലും മഹിളാസമാജങ്ങൾ ഉണ്ട്. ബ്ലോക്ക് മഹിളാ യൂണിയനിൽ 10 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| സ്ഥലം | പേര് |
|---|---|
| കല്ലൂർ | ഗീതാമഹിളാസമാജം |
| പാറക്കടവ് | പാലേരി മഹിളാസമാജം |
| മുതുവണ്ണാച്ച | നവോദയ മഹിളാസമാജം |
| കുന്നശ്ശേരി | ഫ്ളോറൻസ് മഹിളാസമാജം |
| ചങ്ങരോത്ത് | കൈരളി മഹിളാസമാജം |
| കന്നാട്ടി | ആതിര മഹിളാസമാജം |
| കുളക്കണ്ടം | ത്രിവേണി മഹിളാസമാജം |
| ഗോപുരത്തിലിടം | പ്രിയദർശിനി മഹിളാസമാജം |
| കടിയങ്ങാട് | ധന്യ മഹിളാസമാജം |
| കല്ലൂർ | അനശ്വര മഹിളാസമാജം |

അംഗൻവാടികളുമായി ബന്ധപ്പെട്ട് പന്തിരിക്കര (രശ്മി) പാലേരി (ഐശ്വര്യ) കടിയങ്ങാട് (ജിജി) ആവടുക്ക (ആവടുക്ക ഗ്രന്ഥാലയം) വെളുത്തപറമ്പത്ത് (ഗ്രന്ഥപ്പുര) എന്നീ മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. മഹിളാസമാജങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ പ്ലാനുകൾ ചിട്ടപ്പെടുത്തുകയും അവയെല്ലാം ഏകോകിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഉപദേശകസമിതി രൂപീകരിക്കുകയും വേണം.

### സ്ത്രീകളുടെ തൊഴിൽ സ്ഥിതി

പഞ്ചായത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ അധികവും കാർഷികമേഖലയുമായി ബന്ധപ്പെട്ടവരാണ്. താരതമ്യേന ആകർഷകമായ വേതനം ഉള്ളതുകൊണ്ട് നിർമാണ രംഗത്തേക്ക് സ്ത്രീകളുടെ കടന്നുകയറ്റം കാണാം. എങ്കിലും അവിടെയും പുരുഷന് തുല്യമായ വേതനം ലഭിക്കുന്നില്ല.

| സ്ഥിരമായി ജോലിയുള്ളവർ | | ഭാഗികമായി ജോലിയുള്ളവർ | | തൊഴിലില്ലാത്തവർ | |
|---|---|---|---|---|---|
| സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു |
| 1093 | 5666 | 441 | 437 | 12267 | 7844 |

### നിഗമനങ്ങൾ

- പഞ്ചായത്തിൽ സ്ഥിരമായി ജോലിയുള്ളവരുടെ 16.17% സ്ത്രീകളാണ്.
- ഭാഗികമായി തൊഴിൽ ലഭിക്കുന്നവരിൽ 50.22% സ്ത്രീകൾ.
- ആകെ മൊത്തം തൊഴിലില്ലാത്തവരുടെ 60.99% സ്ത്രീകളാണ്. സ്ത്രീവിഭാഗത്തിലെ രൂക്ഷമായ

തൊഴിലില്ലായ്മയുടെ ചിത്രം വ്യക്തമാവുന്നു.

പട്ടികജാതി വിഭാഗം

| ആകെവീടുകൾ | സ്ത്രീ | പുരു | ആകെ |
|---|---|---|---|
| 542 | 1327 | 1364 | 2691 |

**പ്രശ്നങ്ങൾ സാധ്യതകൾ**

- സ്വന്തമായി കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുന്ന സ്ത്രീകൾക്ക് സ്ഥിരവരുമാനം ലഭിക്കുന്ന തൊഴിലുകൾ കണ്ടെത്തണം.
- സാമൂഹ്യക്ഷേമപരിപാടികളിൽ സ്ത്രീകൾക്ക് മുൻഗണന വേണം.
- കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കണം.
- രാഷ്ട്രീയ-സാമൂഹ്യസംഘടനാ നേതൃത്വങ്ങളിലേക്ക് സ്ത്രീകളെ ഉയർത്തികൊണ്ടുവരാൻ ബോധപൂർവ്വമായ പരിശ്രമങ്ങൾ നടക്കണം.
- കായികപരിശീലനം കൊടുക്കണം
- സഞ്ചരിക്കുന്ന വായനശാലകൾ ഏർപ്പെടുത്തി വായനാശീലം വളർത്താൻ കഴിയണം.
- പഞ്ചായത്ത് തല കായികമേളകളിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കുക.
- സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കണം.
- സ്കൂളുകളിൽ പെൺകുട്ടികൾക്ക് കായികവിദ്യാഭ്യാസം കൊടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.
- പഞ്ചായത്തിൽ വനിതാ വിജ്ഞാനോത്സവം സംഘടിപ്പിക്കുക.
- സാമൂഹ്യാവബോധം പകരുന്ന പഠനക്ലാസുകൾ പച്ചക്കറി, പൂന്തോട്ടം, ഔഷധസസ്യങ്ങൾ എന്നവ വളർത്തുന്ന പരിപാടികൾ സ്ത്രീകൾക്കായി പ്രത്യേകം തയ്യാറാക്കി പ്രോത്സാഹിപ്പിക്കുക.
- കന്നുകാലി സംരക്ഷണം - കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം.
- തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുക.
- പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ട സ്ത്രീകൾക്ക് ആവശ്യമായ സാമ്പത്തികാനുകൂല്യങ്ങൾ
- IRDP, DWCRA, വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണസംഘങ്ങൾ, ജില്ലാവ്യവസായ കേന്ദ്രം, ഖാദിബോർഡ് എന്നീ ധനകാര്യസ്ഥാപനങ്ങൾ മുഖേന വസ്ത്രം, സോപ്പ്, മെറ്റൽ, റബ്ബർ ഉല്പന്നങ്ങൾ, ചകിരി, തീപ്പെട്ടി യൂണിറ്റുകൾ തുടങ്ങാൻ സഹായകമായ പദ്ധതികൾ തയ്യാറാക്കുക.
- ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുക. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സ്ത്രീരോഗ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുക.

IRDP സഹായം ലഭിച്ച സ്ത്രീകളുടെ വിവരം

| വർഷം | സ്ത്രീകളുടെഎണ്ണം | ലോൺ/ സബ്സിഡി |
|---|---|---|
| 92-93 | 29 | 4477x29=129833=00 |
| 93-94 | 28 | 6555x28=183540=00 |
| 94-95 | 32 | 10806x32=345792=00 |
| 95-96 | 32 | 11888x32=380416=00 |

(അവലംബം: ബ്ലോക്ക് ഡാറ്റ ബാങ്ക് '96)

- എല്ലാ വാർഡുകളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ
- അശ്ലീല പോസ്റ്ററുകൾ, പരസ്യങ്ങൾ തടയുക.
- മദ്യവർജ്ജനം - നിയമത്തിലൂടെ, ബോധവൽക്കരണത്തിലൂടെ.
- സ്ത്രീപീഡനകേസ്സുകളിൽ കർശനനടപടികൾ സ്വീകരിക്കണം.
- ബ്ലോക്ക് തലത്തിൽ ലീഗൽ സെൽ രൂപീകരിക്കുക.
- സ്ത്രീധനത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം
- മഹിളാസമാജങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ മാർഗനിർദ്ദേശം നൽകാൻ ഏകാപനസമിതി.
- സ്ത്രീപീഡനത്തിന് വിധേരാകുന്നവർക്ക് പുനരധിവാസസഹായം.
- നിർധനകുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് സാമ്പത്തികസഹായം. ഗൾഫ് പണം ഉപയോഗപ്പെടുത്താൻ കഴിയണം.
- സമൂഹവിവാഹങ്ങൾ പഞ്ചായത്ത് മുൻകയ്യെടുത്ത് നടത്തുക.
- രാഷ്ട്രീയ-സാംസ്കാരിക-സന്നദ്ധസംഘടനക

ളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന വിപുലമായ കൺവെൻഷൻ വിളിച്ചുചേർത്ത് പഞ്ചായത്ത് തലത്തിൽ സമസ്ത മേഖലകളിലും സ്ത്രീപ്രാതിനിധ്യം, സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ആവശ്യമായ പരിപാടികൾ തയ്യാറാക്കുക.

സാക്ഷരത-തുടർസാക്ഷരതാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

(രണ്ട്)

പട്ടിക 2

സാക്ഷരത

| | ചങ്ങരോത്ത് പഞ്ചായത്ത് | ബ്ലോക്ക് | സംസ്ഥാനം |
|---|---|---|---|
| സ്ത്രീകൾ | 9897 | 55128 | |
| പുരുഷന്മാർ | 11280 | 61533 | 94.95% |
| സ്ത്രീ% | 71.71 | 75.50 | 86.83% |

### നിഗമനങ്ങൾ

- പഞ്ചായത്തിൽ സാക്ഷരതാരംഗത്ത് സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിന്നിലാണ് (80.87%)
- സംസ്ഥാന ശരാശരിയേക്കാൾ പിന്നിൽ.
- ബ്ലോക്കിലൊട്ടാകെ സാക്ഷരത നേടിയ സ്ത്രീകളുടെ 17.95% പഞ്ചായത്തിലാണ്.
- സ്ത്രീകളുടെ ഇടയിലെ സാക്ഷരതാ-തുടർസാക്ഷരതാ പ്രവർത്തനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും.

# പട്ടികജാതി പട്ടികവർഗക്ഷേമം

## ആമുഖം

അധഃസ്ഥിതരുടെയും ദരിദ്രരുടെയും മോചനത്തിലൂടെ മാത്രമേ രാജ്യത്തിന്റെ വികസനം പൂർത്തിയാവുകയുള്ളൂ. നൂറ്റാണ്ടുകളുടെ അടിമത്തം പേറേണ്ടിവന്ന ഈ വിഭാഗത്തിന്റെ ക്ഷേമമാവണം വികസനലക്ഷ്യത്തിൽ പ്രധാനം.സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഈ വിഭാഗത്തിന് വേണ്ടിനടന്ന ക്ഷേമപ്രവർത്തനങ്ങൾ ഉദ്ദിഷ്ട ലക്ഷ്യം കൈവരിച്ചിട്ടില്ല.

കേരളത്തിന്റെ മറ്റു പ്രദേശങ്ങളിലെന്നപോലെ ചങ്ങരോത്ത് പഞ്ചായത്തിലും ജന്മിമാരുടെ കീഴിൽ അടിയാളരായിട്ടാണ് നാം ഇവരെ പരിചയപ്പെടുന്നത്. ആദ്യകാലത്ത് എത്തിപ്പെട്ടവരിൽ പുലയർ കാർഷികവൃത്തിയിൽ ഏർപ്പെട്ടപ്പോൾ കരിമ്പാലന്മാർ കൃഷിക്കൊപ്പം വനവിഭവങ്ങൾ ശേഖരിക്കുന്നതിലും നായാട്ടിലും വ്യാപൃതരായി. ഇവരിൽ പലരും അമ്പെയ്ത്ത് വിദഗ്ധരായിരുന്നു. ഭൂപരിഷരിഷ്കരണ നിയമം ജന്മി കുടുംബങ്ങളിലന്നപോലെ ഇവരിലും മാറ്റം വരുത്തി. പലരും പത്ത് സെന്റിന്റെ ഉടമകളായി. ലക്ഷം വീട് കോളനി, 4 സെന്റ് കോളനി തുടങ്ങിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വര

പട്ടിക I A

(SC/ST ജനസംഖ്യ- 91)

| | പട്ടികജാതി | | | | | | | പട്ടികവർഗ്ഗം | | | |
|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് | വീട് | ഉള്ളവർ | പു. | സ്ത്രീ. | ആകെ | സാക്ഷരത | വീട് | പു. | സ്ത്രീ. | ആകെ | സാക്ഷരത |
| ചങ്ങരോത്ത് | 542 | 1364 | 1327 | 2691 | 80% | 1 | 1 | - | - | - | - |
| പേരാമ്പ്ര ബ്ലോക്ക് | 3772 | 8433 | 8232 | 16665 | 25 | 75 | 55 | 130 | | | |

(ആവലംബം- ബ്ലോക്ക് ഡാറ്റാ ബാങ്ക് - 96 സെൻസസ് റിപ്പോർട്ട് 91)

ജനസംഖ്യ -96 പട്ടിക I (B)

ചങ്ങരോത്ത്

| ആകെ വീടുകൾ | SC/ST വീടുകൾ | ആകെ എണ്ണം | പു. | സ്ത്രീ |
|---|---|---|---|---|
| 5757 | 615 | 3141 | 1638 | 1503 |

(അവലംബം ICDS)

വോടെ ഇവരിൽ പലരുടെയും ജീവിതസാഹചര്യങ്ങളിൽ മാറ്റം വന്നു. പരമ്പരാഗതമായ ജാതിനിയമങ്ങളെ പേടിക്കാതെ സാമ്പത്തികസ്വാതന്ത്ര്യത്തോടെ ജീവിക്കാൻ കഴിയുന്ന പുതിയ ചുറ്റുപാട് അതിന്റെ പൂർണ്ണതയിൽ എത്തുമ്പോൾ മാത്രമെ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരുകയുള്ളൂ. ഈ ദിശയിലേക്കുള്ള പ്രയാണത്തിന്റെ ആദ്യനടപടിയായിരുന്നു 1938 ലെ ആദ്യത്തെ കോളനി സ്ഥാപനം.

ചങ്ങരോത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ഭൂരിഭാഗവും താമസിക്കുന്നത് കോളനികളിലാണ്.

**നിഗമനങ്ങൾ**

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 10.48% 615 വീടുകളിൽ 119 വീടുകൾക്ക് സ്വന്തമായി

പട്ടിക II

| | IRDP ആനുകൂല്യം നേടിയ കുടുംബങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|
| | പട്ടികജാതി | പട്ടികവർഗ്ഗം | മറ്റുള്ളവർ | ആകെ | സ്ത്രീകൾ | സബ്സിഡി | ലോൺ | കുടുംബത്തിന് ശരാശരി കിട്ടിയ സാമ്പത്തിക നേട്ടം |
| ചെങ്ങരോത്ത് | | | | | | | | |
| 92-93 | 41 | - | 9 | 50 | 29 | 99896.00 | 123974.00 | 4477.00 |
| ബ്ലോക്ക് | 183 | - | 150 | 333 | 164 | 776021 | 11781174 | 5851 |
| ചങ്ങരോത്ത് | | | | | | | | |
| 93-94 | 32 | - | 31 | 63 | 28 | 161310 | 251664 | 6555 |
| ബ്ലോക്ക് | 195 | - | 222 | 417 | 201 | 1073386 | 1689163 | 6624 |
| ചങ്ങരോത്ത് 94-95 | 31 | 42 | 73 | 32 | 307630 | 481265 | 10806 | |
| ബ്ലോക്ക് | 171 | 272 | 443 | 195 | 1885156 | 3475340 | 12098 | |
| ചങ്ങരോത്ത് 95-96 | 21 | 29 | 50 | 32 | 209651 | 384749 | 11888 | |
| ബ്ലോക്ക് | 175 | - | 165 | 340 | 163 | 1567757 | 3956321 | 16247 |

92-96 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 125 കുടുംബങ്ങൾക്ക് 977971.00 കയും ലഭിച്ചു.

92-96 കാലയളവിൽ SC വിഭാഗത്തിൽ ബ്ലോക്കിന്റെ ആകെ മൊത്തം ചിലവഴിച്ച തുകയുടെ 13.44% ചങ്ങരോത്തിൽ

ബ്ലോക്ക് തലത്തിൽ 1533 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചു. ചങ്ങരോത്തിൽ 125 കുടുംബങ്ങൾക്ക് (8.15%)

92-93 ൽ മൊത്തം ബ്ലോക്കിൽ കൊടുത്ത തുകയുടെ 54.95% SC ക്ക് നൽകിയിട്ടുണ്ട്. 93- 94 ൽ യഥാക്രമം 46.76 ഉം 94-95 ൽ 38.60% (ടാർജറ്റ് പൂർത്തിയായില്ല.) 95-96 ൽ 51.47 % പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കായി നൽകി.

പട്ടിക 2B

| | | | |
|---|---|---|---|
| ബ്ലോക്കിലെ SC/ST കുടുംബം | 3797 | | ആനുകൂല്യം |
| ചങ്ങരോത്ത് പഞ്ചായത്തിൽ | | ബ്ലോക്ക് | 724 |
| SC/ST കുടുംബം | 542 | പഞ്ചായത്ത് | 125 |
| ശതമാനം | 14 | ശതമാനം | 73.44 |
| | | അവലംബം : ബ്ലോക്ക് | |

കുടിവെള്ളമുണ്ട്. 496 വീടുകൾക്ക് ഇല്ല.

പട്ടികവർഗത്തിൽപെട്ട ഒരാൾ മാത്രം. അയാൾ സാക്ഷരനല്ല.

ജനസംഖ്യയിൽ 3141 പേർ പട്ടികജാതി - പട്ടിക വർഗ്ഗക്കാരിൽപ്പെടുന്നു. ഇതിലൊരാൾ മാത്രമാണ് പട്ടികവർഗ്ഗം. മുഖ്യസമുദായങ്ങൾ: പുലയൻ, പറയൻ, കരിമ്പാലൻ, മലയൻ, പരവൻ, മണ്ണാൻ എന്നിവയാണ് ക്ഷേമപ്രവർത്തനങ്ങൾ മുഖ്യമായും നടപ്പിലാക്കിവരുന്നത് പട്ടികജാതി വികസന വകുപ്പിലൂടെയാണ്. പ്രത്യേക ഘടകപദ്ധതിയിലും സമഗ്ര കോളനി വികസനപരിപാടികൾ നടപ്പിലാക്കിവരുന്നു.

## നിഗമനങ്ങൾ

91 മുതൽ 96 വരെയുള്ള കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 125 കുടുംബങ്ങൾക്ക് സബ്സിഡിയും ലോണുമായി 977971.00 ക. നൽകിയിട്ടുണ്ട്.

ബ്ലോക്കിൽ ആകെ 724 കുടുംബങ്ങൾക്കാണ് ഈ ആനുകൂല്യം കൊടുത്തത്. അതിന്റെ 17.26% കുടുംബങ്ങൾക്ക് (125) പഞ്ചായത്തിൽ ആനുകൂല്യം കിട്ടിയിട്ടുണ്ട്.

നീതിപൂർവ്വകമായ അംഗീകാരം പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

IRDP ഗുണഭോക്താക്കളിൽ 40% പട്ടികജാതി - പട്ടികവർഗത്തിന് പദ്ധതി ആനുകൂല്യം ലഭിച്ചിരിക്കണം എന്ന നിബന്ധന ഇക്കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ട്.

## കോളനികൾ:

പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമം മുഖ്യമായി കോളനികളുടെ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. പട്ടികജാതി ജനസംഖ്യയിൽ നല്ല പങ്കും കോളനികളിൽ താമസിക്കുന്നവരാണ്. കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ ജനജീവിതം മെച്ചപ്പെടുത്താൻ കഴിയും.

| | |
|---|---|
| IHDP കോളനികൾ | 3 |
| സെറ്റിൽമെന്റ് കോളനികൾ | 14 |
| ലക്ഷംവീട് കോളനികൾ | 7 |
| നാല് സെന്റ് കോളനികൾ | 2 |

പാർപ്പിടം, കുടിവെള്ളം, കക്കൂസ്, വൈദ്യുതി, റോഡ് പരിസര ശുചീകരണ പ്രശ്നങ്ങൾ, സാംസ്കാരിക പ്രശ്നങ്ങൾ എന്നിവയാണ് ഇവിടുത്തെ പരിഹരിക്കപ്പെടാത്ത പ്രധാന വിഷയങ്ങൾ.

**ലഭ്യമായ സൗകര്യങ്ങൾ ഒറ്റനോട്ടത്തിൽ.**

1. IHDP കോളനി

| ക്രമ നമ്പർ | വാർഡ് | സ്ഥലം | കുടുംബങ്ങൾ | വീടുകൾ ഉള്ളവർ | കക്കൂസ് ഉള്ളവർ | കുടിവെള്ളം ഉള്ളവർ | വൈദ്യുതി ലഭിച്ചവർ | വീടുകളുടെ സ്വഭാവം: ഓട് | ഓല | വാർപ്പ് | മറ്റു പ്രശ്നങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | IV | ചരത്തിപ്പാറ | 39 | 8 | 6 | ഇല്ല | ഇല്ല | 31 | 8 | - | സാംസ്കാരിക കേന്ദ്രം പ്രവർത്തിക്കുന്നില്ല. |
| 2 | V | നരിമഞ്ചക്കൽ | 27 | 22 | 22 | ഇല്ല | ഇല്ല | 19 | 8 | .. | |
| 3 | I | പുറക്കിലേരി മല | 34 | 34 | | ഇല്ല | ഇല്ല | - | 34 | | സാംസ്കാരിക കേന്ദ്രം ഇല്ല. സ്കൂൾ ഇല്ല. |

## ലക്ഷം വീടുകൾ നാല് സെന്റ് കോളനികൾ

| ക്രമനമ്പർ | വാർഡ് | സ്ഥലം | കുടുംബങ്ങൾ | വീടുകൾ | കക്കൂസുകൾ | കിണർ | വൈദ്യുതി | |
|---|---|---|---|---|---|---|---|---|
| 1 | I | കല്ലൂർ | 4 | 4 | ഇല്ല | ഇല്ല | ഇല്ല | വീടുകൾ നശിച്ചുപോയി. |
| 2 | I | പുറവൂർ | 22 | 11 | ഇല്ല | ഇല്ല | ഇല്ല | പുനർനിർമ്മിക്കണം. |
| 3 | XI | ചെറുപുത്തലത്ത് | | | | | | |
| 4 | II | വടക്കുമ്പാട് | 17 | 17 | 8 | ഇല്ല | ഇല്ല | ,, |
| 5 | V | ആവടുക്ക | 12 | 12 | ഇല്ല | ഇല്ല | ഇല്ല | ,, |
| 6 | V | തച്ചംപാറ | 12 | 12 | ഇല്ല | ഇല്ല | ഇല്ല | |
| 7 | V | വെള്ളച്ചാൽ | 9 | 9 | ഇല്ല | ഇല്ല | ഇല്ല | കുടിവെള്ള പ്രശ്നം രൂക്ഷം |

### നിഗമനങ്ങൾ

ഓരോ കോളനിയിലെയും പ്രശ്നങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ഏതാണ്ട് എല്ലാ കോളനിയെയും ബാധിക്കുന്ന പൊതു പ്രശ്നങ്ങളാണ്.

പ്രശ്നങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചു പ്രശ്നപരിഹാരം കാണണം.

ചർത്തിപ്പാറ- ശുദ്ധജലവിതരണപദ്ധതിയുടെ

## സെറ്റിൽമെന്റ് കോളനികൾ

| നമ്പർ | വാർഡ് | സ്ഥലം | കുടുംബങ്ങൾ | വീടുള്ളവർ | കക്കൂസ് | വെള്ളം | വൈദ്യുതി | ഓല | ഓട് | കോൺക്രീറ്റ് |
|---|---|---|---|---|---|---|---|---|---|---|
| 1 | II | മണ്ടയുള്ളതിൽ | 17 | 13 | 10 | ഇല്ല | ഇല്ല | 7 | 9 | 1 |
| 2 | IV | മൂണ്ടത്തടം | 52 | 10 | 8 | ഇല്ല | ഇല്ല | 42 | 9 | 1 |
| 3 | V | പന്തിരിക്കര മീത്തൽ | 19 | 2 | 2 | ഇല്ല | ഇല്ല | 18 | 1 - | |
| 4 | V | നടുപ്പറമ്പ് | 35 | 21 | 11 | ഇല്ല | ഇല്ല | 21 | 14 - | 1 |
| 5 | V | ആപ്പറ്റമീത്തൽ | 36 | 3 | 2 | ഇല്ല | ഇല്ല | 33 | 3 - | |
| 6 | V | കുട്ടമ്പത്ത് പാറ | 12 | 12 | ഇല്ല | ഇല്ല | ഇല്ല | 12 | | |
| 7 | VI | മൂണ്ടുപ്പാലം | 14 | 4 | 2 | ഇല്ല | ഇല്ല | 12 | 2 | |
| 8 | VII | വിളയാറ | 10 | 2 | 2 | 5 | ഇല്ല | 8 | 2 | |
| 9 | VIII | മനോളി മീത്തൽ | 26 | 3 | ഇല്ല | 8 | 2 | | | |
| 10 | VIII | കണിയങ്കണ്ടി മീത്തൽ | 13 | 8 | 2 | ഇല്ല | ഇല്ല | 5 | 8 | |
| 11 | X | കുറ്റിയിൽമീത്തൽ | 17 | - | 10 | ഇല്ല | ഇല്ല | 17 | - | |
| 12 | X | പിലാച്ചേരിമീത്തൽ | 15 | 3 | 1 | ഇല്ല | ഇല്ല | 13 | 2 | |
| 13. | III | കട്ടം കോട്ടുമ്മൽ | 16 | - | - | - | - | 16 | - | |
| 14. | | ചാമക്കാല | 23 | 23 | 1 | 10 | 2 | 4 | 19 | |
| | | ആകെ | 271 | 81 | 50 | - | - | - | 224 | 53 3 |

മുണ്ടത്തടം - ഒരു പൊതുകിണർ മാത്രമേ ഉള്ളൂ

നടുപ്പറമ്പ് - ഒരു പൊതുകിമണ

പിലാച്ചേരി മീത്തൽ - ഒരു പൊതുകിണർ

കട്ടംകോട്ടുമ്മൽ - ജലവിതരണ പദ്ധതി എസ്റ്റിമേറ്റ് ആയി.

ചാമക്കാല - അംഗീകരിയ്ക്കാത്തത്.

ടെണ്ടർ പൂർത്തിയായി. അതിന്റെ നടത്തിപ്പ് പ്രവർത്തനങ്ങൾ തുടങ്ങി. പുറക്കിലേരി മല പദ്ധതി ടെണ്ടറായി. കിണറുപണി ആരംഭിക്കണം. നരിമഞ്ചക്കൽ കോളനിയിൽ ശുദ്ധജലമെത്തിക്കാൻ പെരുവണ്ണാമൂഴി ശുദ്ധജലവിതരണപദ്ധതി കമ്മീഷൻ ചെയ്യേണ്ടതാണ്. പൈപ്പ് പണി പൂർത്തിയായിട്ടുണ്ട്. വിളയാറ, മനോളിമീത്തൽ, നടുപ്പറമ്പ്, പന്തിരിക്കര മീത്തൽ കോളനി പദ്ധതികൾ ടെണ്ടറിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. പിലാച്ചേരി ഹരിജൻകോളനി (11-ാം വാർഡ്) ശുദ്ധജലവിതരണ പദ്ധതിക്ക് ഭരണാനുമതിയായി. എഗ്രിമെന്റ് കമ്മറ്റിയും നിലവിൽ വന്നു. 3,65,000 കയുടെ പദ്ധതിയാണത്. കട്ടൻകോട് കുന്ന് പ്രദേശത്ത് ശുദ്ധജലവിതരണത്തിന് 11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിക്ക് ഇതിനകം സമർപ്പിച്ചിട്ടുണ്ട്. കൂന്നശ്ശേരി, 2-ാം വാർഡ് ലക്ഷംവീട്, കാപ്പുമ്മൽ, കന്നാട്ടി സ്കൂൾ, തരിപ്പിലോട് പ്രദേശത്ത് ശുദ്ധജലവിതരണപദ്ധതികൾക്ക് എസ്റ്റിമേറ്റ് എടുത്തു കഴിഞ്ഞിട്ടുണ്ട്.

## നിഗമനങ്ങൾ

- പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ ഏതാണ്ട് പൂർണമായും സ്കൂൾവിദ്യാഭ്യാസം ആരംഭിക്കാറുണ്ട്. എന്നാൽ 3.36% കൊഴിഞ്ഞുപോകുന്നു. മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് പഠനം നിർത്തുന്നവരുടെ ശതമാനം ഈ വിഭാഗത്തിൽ കൂടുതലാണെന്ന് പട്ടിക സൂചിപ്പിക്കുന്നു.
- സർവ്വകലാശാലാ ബിരുദം, അദ്ധ്യാപക ബിരുദം എന്നിവ നേടുന്നവരുടെ എണ്ണം സമീപകാലത്ത് വർധിച്ചുവരുന്നുണ്ട്. മെഡിക്കൽ-എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ പഠിക്കുന്നവരില്ല. ഇതര സാങ്കേതിക പരിജ്ഞാനം നേടിയവർ പരിമിതമായുണ്ട്.

## തൊഴിൽ

ഭൂരിപക്ഷവും കാർഷികമേഖലയെ ആശ്രയിക്കുന്നു. പരവ സമുദായത്തിൽപെട്ടവർ നിർമാണരംഗത്ത് പ്രവർത്തിക്കുന്നു. മലയർവാദ്യം, തിറകെട്ട് തൊഴിലാക്കിയപ്പോൾ പറയർ കുട്ടമുറം എന്നിവ നിർമിക്കുന്നു. പുലയസ്ത്രീകൾ പായനിർമാണം കൈത്തൊഴിലാക്കിയിട്ടുണ്ട്. സർക്കാർമേഖലയിൽ ഉന്നത സ്ഥാനത്തിരിക്കുന്ന രണ്ട് പേർ ഉണ്ട്. അദ്ധ്യാപകമേഖലയിലും മറ്റ് സർവ്വീസ് മേഖലയിലും പ്രാതിനിധ്യം നന്നേ കുറവാണ്. ഇവർക്ക് വേണ്ടിമാത്രമുള്ള തൊഴിൽ സംരംഭങ്ങൾ ഒന്നും ഇല്ല. ഹരിജൻ സഹകരണസംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കച്ചവടരംഗത്ത് പ്രവർത്തിക്കുന്നവരും ഇല്ല. കൃഷി മാത്രം ഉപജീവനമാക്കിയവരും ഇല്ല.

## സാമൂഹ്യാവസ്ഥ

ഇന്നലെ...

ജാതീയ വിവേചനത്തിന്റെ പേരിൽ സർവ്വ അവകാശവും നിഷേധിക്കപ്പെട്ടിരുന്നു. വഴിനടക്കാൻ, ആരാധന നടത്താൻ, വിദ്യാഭ്യാസം ചെയ്യാൻ... അങ്ങനെ ഏറെ അവകാശം ചോദിച്ചവർക്കും പ്രതിഷേധിച്ചവർക്കും പ്രതിഫലമായി ലഭിച്ചത് ക്രൂരമർദ്ദനം. അന്തിമയങ്ങാൻ ഒരുകൂര പോലുമില്ലാതെ മുകളിലാകാശവും താഴെ ഭൂമിയുമായി കാലമേറെ കഴിച്ചവർ. രാപ്പകൽ ജോലിചെയ്തിട്ടും പട്ടിണിയും അർദ്ധപട്ടിണിയുമായി ജീവിതം തുടർന്നു. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി സാമൂഹ്യപരിഷ്കാരപ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലും നടന്നു. അയിത്തവും തീണ്ടലും അവസാനിപ്പിക്കുവാൻ മേൽജാതിയിൽപെട്ട ചിലർ സധൈര്യം മുന്നോട്ടു

### വിദ്യാഭ്യാസം

| ആകെ | കുട്ടികൾ SC/ST | മറ്റുള്ളവർ | പഠനം നിർത്തിയവർ | | | തോറ്റ് പഠിക്കുന്നവർ | | |
|---|---|---|---|---|---|---|---|---|
| | | | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ |
| 6065 | 624 | 5441 | 21 | 64 | 85 | 92 | 367 | 459 |
| | 10.28% | 89.7% | 3.36% | 1.17% | | 14.75% | 6.75% | |

വന്നു.

ആരാധനാസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടതിനെതിരെ ക്ഷേത്രപ്രവേശനസമരം ഇവിടെയും ഉണ്ടായി. കല്ലൂർക്കാവിൽ കെ.ചാത്തൻമേനോൻ ഇതിന് തുടക്കം കുറിച്ചു. ഇതുപോലുള്ള സംഭവങ്ങൾ ഇതര ഭാഗങ്ങളിലും അരങ്ങേറി. മേൽജാതിക്കാരിൽ ചിലർ ഹരിജന വീടുകളിൽനിന്ന് ഭക്ഷണം കഴിച്ചുകൊണ്ട് ഒരു ശക്തമായ മുന്നേറ്റം തന്നെ നടത്തി. അധഃസ്ഥിതരുടെ പ്രതീക്ഷകൾക്ക് ചിറക് വെച്ച സമയം. ക്രമേണ മാറ്റത്തിന്റെ വേഗത ത്വരിതമായിരുന്നോ!

ഇന്ന് കാലവും കഥയും മാറി. ജാതീയമായ ഉച്ചനീചത്വമില്ല. ജാതിപ്പേര് പറഞ്ഞ് വിളിക്കലില്ല.കല്ല്യാണങ്ങളിലും മറ്റും പരസ്പരം പങ്കെടുക്കുകയും ചെയ്യുന്നു. പൊതുസംഘടനകളിൽ മറ്റുള്ളവരോടൊപ്പം പ്രാതിനിധ്യവും അല്പം ചിലതിൽ നേതൃത്വത്തിലുള്ളവർ അപൂർവ്വമാണ്. ആനുപാതികമായിപ്പോലും ഇല്ല എന്നത് പരിശോധിക്കപ്പെടുകയും പരിഹരിക്കുകയും വേണം. പട്ടികജാതിക്കാരുടെ വീടുകളിൽ നിന്നും മറ്റുള്ളവർ ഭക്ഷണം കഴിക്കാറുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ വിവേചനം നിലനിൽക്കുന്നുവെന്ന് ഗ്രാമസഭാചർച്ചകളിൽനിന്നും മനസ്സിലാക്കാം. വിദ്യാഭ്യാസ കാര്യങ്ങളിലോ തൊഴിൽസാംസ്കാരിക രംഗങ്ങളിലോ വിവേചനം ഇല്ല. എന്നിട്ടും കാലഘട്ടത്തിനനുസൃതമാ സാമൂഹ്യപദവിയും അംഗീകാരവും കൈവന്നിട്ടില്ലെന്നത് ദുഃഖസത്യമാണ്. സാമ്പത്തികസ്ഥിതിയുലും ആശാവഹമായ മാറ്റം കൈവരിച്ചിട്ടില്ല.

**പട്ടികജാതി വികസനവകുപ്പ് ചങ്ങരോത്ത് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ചുള്ള അവലോകനറിപ്പോർട്ട്**

**I ഭൂരഹിത - ഭവനരഹിത പുനരധിവാസ പദ്ധതി**

**1992- 93 (ഭൂമി വാങ്ങാൻ: 5000/- വീടു വെക്കാൻ : 12,000/-)**

I- മുഴുവൻ സംഖ്യയും കൊടുത്തു.

1993-94 Nil

1994-95 ,,

1995-96 ,,

താലൂക്കുതല തെരഞ്ഞെടുപ്പിലൂടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അതിനാൽ ചില പഞ്ചായത്തുകളിൽ ആർക്കും ഗ്രാന്റ് ലഭിക്കാതെ പോകുന്നു. ഇപ്പോൾ ഗ്രാന്റ് തുക Rs10,000/- + 15,000/- ആണ്. തുക വർദ്ധിപ്പിക്കുകയും ഗുണഭോക്താക്കളുടെ എണ്ണം കൂട്ടുകയും ചെയ്തെങ്കിലേ പദ്ധതി പ്രയോജനപ്രദമാവുകയുള്ളൂ.

II ഭവനപദ്ധതി

1992-93 1 (Rs. 12,000/-)

തുക മുഴുവൻ നൽകി.

1993-94 Nil

1994-95 ,,

1995-96 ,,

ഇപ്പോൾ തുക 15,000/- ആണ്. താലൂക്ക് തലത്തിൽ തെരഞ്ഞെടുപ്പ്. തുകയിൽ 30% അഡ്വാൻസും. 50% രണ്ടാം ഗഡുവും 20% മൂന്നാം ഗഡുവായും നൽകിവരുന്നു.അതിനാൽ ഓടുമേയൽ മിക്ക വീടുകളിലും നടക്കാറില്ല. അതിനാൽ തുക കൂട്ടുകയും 4 ഗഡുക്കളായി വിതരണം ചെയ്യുകയുമാണെങ്കിൽ അവസാന ഗഡു ഓട് മേഞ്ഞ ശേഷം നൽകിയാൽ മതി. അങ്ങനെയാണെങ്കിൽ വീടുപണി പൂർത്തീകരിക്കാനിടയുണ്ട്.

ഓടുമേയൽ (3,000/-)

1992-93 Nil

1993-94 ,,

1994-95 (3000/-)

ഈ പദ്ധതി അവസാനിപ്പിച്ച് പകരം വീട് റിപ്പയറിംഗ് എന്ന പദ്ധതിയിൻകീഴിൽ 6000 രൂപ ഗ്രാന്റായി നൽകുന്നതാണ് പ്രയോജനപ്രദം. ലക്ഷംവീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ഇത് പ്രയോജനപ്പെടും.

**ഓലമേയൽ**

1995-96ൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരാൾക്കാണ് ഗ്രാന്റ് നൽകിയത്. ഇത് തീരെ അപര്യാപ്തമാണ്. ഒരു ഗ്രാമപഞ്ചായത്തിൽ 10 പേർക്കെങ്കിലും ഗ്രാന്റ് നൽകാൻ പദ്ധതി വേണം.

## IHDP

മൊത്തം 3 IHDP കോളനികളുണ്ട്.

1. നരിമഞ്ചക്കൽ (1992-93)

ഭവനനിർമാണം- 2 (തുക മുഴുവൻ നൽകി)

ഭൂരഹിത ഭവന പുനരധിവാസം - 1 (തുക മുഴുവൻ നൽകി)

വൈദ്യുതി,ശുദ്ധജല വിതരണം നടന്നിട്ടില്ല.

പഠനോപകരണങ്ങൾ 4 പേർക്ക് നൽകി.

ചികിത്സാസഹായം 3 പേർക്ക് 1000 രൂപ വീതം നൽകി.

2, ചറത്തിപ്പാറ (1993-94)

ഭവന നിർമ്മാണം - 6 (5 പേർക്ക മുഴുവൻ തുക നൽകി. ഒരാൾക്ക് ആദ്യഗഡു മാത്രം നൽകി - 4500)

വയറിംഗ് 37 പേർക്ക് 500 രൂപ വീതം നൽകി

വീട് റിപ്പയറിംഗ് 5000യ- 3 പേർക്ക് നൽകി

പഠനോപകരണങ്ങൾ 10 പേർക്ക് നൽകി

കക്കൂസ് 4 പേർക്ക് 1000 രൂപ നൽകി.

കോളനി വൈദ്യുതീകരണ ശുദ്ധജല വിതരണം എന്നിവ ഇതുവരെ നടപ്പിലായിട്ടില്ല.

3. പുറക്കിലേരിമല

20 പേർക്ക് കക്കൂസിന് 1000യ- രൂപ നൽകി

വൈദ്യുതീകരണം നടന്നിട്ടില്ല.

ശുദ്ധജല വിതരണ പദ്ധതി പണിതുടങ്ങി

IHDP പദ്ധതികൾ അവലോകനം ചെയ്യുന്നതിന് ഒരു ബ്ലോക്ക് തല അവലോകനസമിതി ആവശ്യ മാണ്.

ക്ഷേമ പ്രവർത്തനങ്ങൾ ഏറെ നടപ്പാക്കിയിട്ടും വികസനം മന്ദഗതിയിലാണ്. ദാരിദ്രം നിർമ്മാർജന പദ്ധതികളുടെ പൂർണ്ണഫലം ഇനിയുംകണ്ടെത്തിയി ട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കോളനികളുടെ നിലവിലുള്ള അവസ്ഥ മുകളിൽ പ്ട്ടികപ്പെടുത്തിയതു ശ്രദ്ധിക്കു മല്ലോ. കോളനിക്ക് പുറത്ത് താമസിക്കുന്നവരുടെ സ്ഥിതി ഇതിൽ നിന്ന് തന്നെ ഊഹിക്കാവുന്നതാണ്. വീട്, കുടിവെള്ളം, കക്കൂസ്, പരിസ്ഥിതി ശുചിത്വം, റോഡ്, വൈദ്യുതി, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യ പദവി എന്ന് വേണ്ട എല്ലാ രംഗത്തും പ്രശ്നങ്ങൾ പരിഹാരം കാത്തിരിക്കുന്നു.

വാസയോഗ്യമായ വീടുകളോയും അഭാവവും കക്കൂസുകൾ നിർമ്മിക്കാൻ കഴിയാത്തതും മുഖ്യപ്ര ശ്നമാണ്. കൂടാതെ മിക്കസ്ഥലങ്ങളിലും കുടി വെള്ളം ലഭിക്കാൻ കിണറുകളോ മറ്റ് ജലവിതരണ സൗകര്യങ്ങളോ ഇല്ല. ഗതാഗത യോഗ്യയായ റോഡുളും വാഹന സൗകര്യവും ഇല്ല. നടുപ്പറമ്പിൽ ഒഴികെ മറ്റു സ്ഥലങ്ങളിലൊന്നും വൈദ്യുതി എത്തി യിട്ടില്ല. മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥല ങ്ങളോ ശ്മശാനമോ ഇല്ല. രണ്ട് സാംസ്ക്രീക കേന്ദ്ര ങ്ങൾക്ക് കെട്ടിടം നിർമ്മിച്ചുവെങ്കിലും സാംസ്കാ രിക പ്രവർത്തനം തുടങ്ങിയിട്ടില്ല. പുറക്കിലേരി മല കോളനി നിവാസികൾക്ക് സൗകര്യത്തിന് സ്കൂൾ ഇല്ല. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കഴി യുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിനുള്ള സാധ്യതകുറ യുന്നു. തൊഴിൽ ലഭ്യത കുറയുകയും പരമ്പരാഗത തൊഴിലുകൾക്കുള്ള അസംസ്കൃതവസ്തുകൾ ലഭി ക്കാതെ വരികയും ചെയ്യുന്നു. ഇങ്ങിനെ ഒട്ടനവധി ഇല്ലായ്മകളുടെ പരാതി പരിഹരിക്കപ്പെടേണ്ടതായി ട്ടുണ്ട്.

**നടപ്പ് പദ്ധതികൾ** : നടുപ്പറമ്പ്, പത്തിരിക്കരമീ ത്തൽ, മാനോളി മീത്തൽ, വീളയാറ, എന്നിവിടങ്ങ ളിലെ ജലവിതരണ പദ്ധതികൾക്ക് ടെൻഡറായി കട്ട ക്കോട്ടുമ്മൽ പദ്ധതിക്കുള്ള എസ്റ്റിമേറ്റും കാപ്പുമ്മൽ മൂരിക്കുന്ന്, തരിപ്പിലോട്, കുന്നശ്ശേരി, കഴക്കയിൽ മീത്തൽ പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റും തയ്യാറായി ചത്തിപ്പാറ, പുറക്കിലേരി മല എന്നിവിട ങ്ങളിലെ ജലവിതരണ പദ്ധതികളുടെ പണിപൂർത്തി യായിവരികയും ചെയ്യുന്നു.

പുറക്കിലേരി മലയിൽ വൈദ്യുതി എത്താത്ത് പദ്ധതി നടത്തിപ്പിന് തടസ്സമാണ്. R.E.E.GP J.R.Y പ്രകാരം ചിലവീടുകളുടെ നിർമ്മാണം പൂർത്തി യായി വരുന്നു.

## നിർദേശങ്ങൾ

കോളനികളോടനുബന്ധിച്ച് നടപ്പിലാകേകണ്ട പദ്ധതികൾ

| l കോളനി | വീട് | കക്കൂസ് | വെള്ളം | വൈദ്യുതി | റോഡ് |
|---|---|---|---|---|---|
| 1. ചത്തിപ്പാറ | 31 | 33 | * | * | + |
| 2. നരിമഞ്ചക്കൽ | 5 | 5 | * | * | * |
| 3. പുറക്കിലേരി | - | - | * | * | * |
| 4. മണ്ടയുള്ളതിൽ | 7 | 7 | * | * | * |
| 5. മുണ്ടത്തടം | 42 | 41 | * | * | * |
| 6. പന്തിരിക്കര | 17 | 17 | * | * | * |
| 7. നടുപറമ്പ് | 14 | 24 | * | + | * |
| 8. അപ്പറ്റ മീത്തൽ | 33 | 34 | * | * | * |
| 9 കടുമ്പത്ത് പാറ | - | 12 | * | * | * |
| 10. മുണ്ടുപാലം | 12 | 12 | * | * | * |
| 11 വിളയാറ | 8 | 8 | * | * | * |
| 12 മനോളിമീത്ൽ | 23 | 26 | * | * | * |
| 13. കണ്ണമാണ്ടി മീത്തൽ | 5 | 11 | * | * | * |

| | | | | | |
|---|---|---|---|---|---|
| 14. കരിയിൽ മീത്തൽ | 17 | 7 | * | * | * |
| 15 പിലാശ്ശേരി മീത്തൽ | 12 | 14 | * | * | * |
| 16. കട്ടംകോട്ടുമ്മൽ | 12 | 14 | * | * | * |
| 17. ചാമക്കാല | 19 | 22 | * | * | * |

ചാത്തപ്പാറ - കുടിവെള്ള പദ്ധതി നടപ്പിലായി വരുന്നു.
നരിമഞ്ചക്കൽ - "

പുറക്കിലേറി - കുടിവെള്ള പദ്ധതി നടപ്പിലായി വരുന്നു.

കുടിവെള്ളം, വൈദ്യുതി, റോഡ്, എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ആ വിഷയങ്ങളോടനുബന്ധിച്ച പട്ടികപ്പെടുത്തിയത് ശ്രദ്ധിക്കുക.

2. ലക്ഷം വീട് നാല് സെന്റ് കോളനികളിലോ വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മണം നടത്തുക.

3. ജനാധിവാസകാര്യത്തിൽ ജില്ലയിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന 52 കുടുംബങ്ങളുള്ള മുണ്ടത്തടം കോളനി I.H.D.P. കോളനിയാക്കുക. 9ാം വാർഡിലെ പട്ടികജാതി കുടംബങ്ങളെ ഉൾപ്പെടുത്തി ഒരു കോളനി സ്ഥാപിക്കുക. 8ാം വാർഡിലെ കിളച്ചുപറമ്പിലുള്ള 8 വീടുകൾ കണിയാങ്കണ്ടിമീത്തൽ കോളനിയിൽ ഉൾപ്പെടുത്തുക. കുറ്റിയിൽ മീത്തൽ കോളനി I.H.D.P. യാക്കുക.

4. കോളനികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷകരിച്ച് വേറിട്ട് താമസിക്കുന്ന കുടുംബങ്ങളെകൂടി കോളനിയിൽ ഉൾപ്പെടുത്തുക.

5. പട്ടികജാതി വിഭാഗങ്ങൾക്ക് പൊതു ശ്മശാനം നിർമ്മിക്കുക.

6. കരിമ്പാല സമുദായത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുക.

7. കോളനികളിലെ പ്രശ്നങ്ങൾ വിലയിരുത്തി മുൻഗണനാ ക്രമം നിശ്ചയിക്കുക.

8. കോളനികൾ തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുക.

9. പുറക്കിലേരി മലയിലെ ജലവിതരണ പദ്ധതിയും മണ്ണൊലിപ്പ് പദ്ധതിയും പൂർത്തിയാക്കണം. ഇവിടെ ഒരു എൽ.പി.സ്കൂൾ സ്ഥാപിക്കണം.

10. ലക്ഷം വീട് കോളനികളിലെ വീടുകൾക്ക് അറ്റകുറ്റ പണികൾ നടത്തുകയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.

11. ആവടുക്ക കോളനി പ്രദേശത്ത് പൊതു കക്കൂസ് നിർമ്മിക്കുക.

12. വിവിധ കോളനികളിൽ കൈവശാവകാശ രേഖ ലഭിച്ചിട്ടില്ലാത്തവർക്ക് അത് നൽകുക.

13. വടക്കുംമ്പാട് ലക്ഷം വീട് കോളനി സൈറ്റിൽ കുടിലുകൾ വെച്ച് താമസിക്കുന്നവർക്ക് സ്ഥിരം വീടുകൾ നൽകുക.

14. കോളനികളിൽനിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയും മറ്റു കോളനികളിൽ പുതുതായി സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

15. പട്ടികജാതിക്കാർക്ക് നൽകുന്ന ധനസഹായം യഥാവിധി പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുക..

16. കോളനി നിവാസികളല്ലാത്ത പട്ടിക ജാതിക്കാർക്കും തുല്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

17. പരിസര മലിനീകരണ പ്രശ്നങ്ങൾ ഉള്ള സ്ഥലങ്ങളിൽ സാംക്രമിക രോഗങ്ങൾ വരാതിരിക്കാൻ മുൻകരുതലെടുക്കുക.

18. ഹരിജൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. പട്ടികജാതിക്കാർക്ക് വേണ്ടി മാത്രമുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക. തൊഴിൽ പരിശീലനം നൽക്കുക.

19. ഹരിജൻ വെൽഫയർ സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുക.

20. പരമ്പരാഗത തൊഴിലുകൾക്ക് അസംസ്കൃത വിഭവങ്ങൾ ലഭ്യമാക്കുക. ബാംബൂകോർപ്പറേഷൻ പട്ടിക ജാതി വികസന കോർപ്പറേഷൻ എന്നിവയുടെ സഹായം ലഭ്യമാക്കുക.

21. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗ്രാന്റ് വർദ്ധിപ്പിക്കുക. കോച്ചിംങ്ങ് സൗകര്യം എല്ലാവിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുമാറ് പുനഃസംവിധാനം ചെയ്യുക. മികച്ച് വിജയികൾക്ക് പ്രോത്സാഹനം നൽക്കുക. കരിമ്പാചന്മാരെ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്തുക.

22. പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക് നൽകുമ്പോൾ പട്ടികജാതിക്കാർക്ക് സംവരണം നൽകുക.

23. സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തുന്നതിന്

ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക. സംഘടനാ നേതൃത്വങ്ങളിലേക്ക് ഇവരെ ഉയർത്തികൊണ്ടുവരുക.

24. വീടുകൾ നിർമ്മിക്കാൻ നൽക്കുന്ന ധന സഹയം വർദ്ധിപ്പിക്കുക. നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുക. നിർമ്മാണത്തിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാവുക.

25. കുടിവെള്ളക്ഷാമം പരിഹരിക്കാൻ സമഗ്രമായ ജലവിതരണ പദ്ധതികൾ ആവഷ്കരിക്കുക.

20 കോളനികളിൽ കംമ്പോസ്റ്റ് കുഴികൾ പ്രോത്സാഹിപ്പിക്കുക. പൊതുശ്മശാനങ്ങൾ നിർമ്മിക്കുക. ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

27. I.R.D.P വായ്പകൾ ഗുണഭോക്താകൾക്ക് പ്രയോജനപ്പെടുമാറ് കാലിമായ മാറ്റങ്ങൾ വരുത്തി ഉപയുക്തമാക്കുക.

28. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ബ്ലോക്ക് തലത്തിൽ അവലോകന സമിതി രൂപീകരിക്കേണ്ടതും ആവശ്യമാണ്.

## ചരിത്രത്തിൽ നിന്ന്.......

1940കളിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തോടനുബന്ധിച്ച് തച്ചംപൊയിൽ കേളുനായർ ചമ്മംകുഴിയിൽ കണാരൻ അടയോടി, കല്ലംപറമ്പിൽ ചന്തുക്കുട്ടി മാസ്റ്റർ തുടങ്ങിയ ദേശാഭിമാനികൾ പഞ്ചായത്തിൽ ജാതീയ വിവേചനത്തിനെതീരെയുള്ള പോരാട്ടങ്ങൾക്ക് തുടക്കം കുറിച്ചു.

കൂനിയോട് ഭഗവതി ക്ഷേത്രത്തിൽ 1964 വരെ ഈഴവാദി കീഴ്ജാതിക്കാർക്കാർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. ഇതിനെതിരെ ശക്തമായ വികാരം ഉയർന്നുവന്നു. എ.വി.കണ്ണൻ, ചരിത്രം കണ്ടി കണാരൻ, എ.വി.കണാരൻ, കല്ലൂര് വീട്ടിൽ ചാത്തൻ, കൊളപ്പുറത്ത് മീത്തൽ കണ്ണൻ എന്നിവരുടെ നേതൃത്വത്തിൽ ഒരുപറ്റം ആളുകൾ അമ്പലക്കടവിൽ കുളിച്ച് ക്ഷേത്രപ്രവേശനം നടത്തി. 65ൽ ക്ഷേത്രമുറ്റത്ത് ഇളനീർക്കുല വെയ്ക്കാനും തീരുമാനിച്ചു. പുത്തൻപുരയിൽ കുട്ടിയുടെ വീട്ടിൽനിന്ന് ആരംഭിച്ച ഇളനീർ കുലവരവ് പീന്നീട് സംഘട്ടനത്തിലാണ് ചെന്നെത്തിയത്.......

# സാമൂഹ്യ ക്ഷേമം

"അവശന്മാർ, ആർത്തന്മാരാലംബ ഹീനന്മാര-
വരുടെ സങ്കടം ആരറിവൂ"

എന്ന് വർഷങ്ങൾക്ക് മുമ്പേ ചങ്ങമ്പുഴ പാടി. അവശന്മാരുടെയും ആർത്തന്മാരുടെയും സങ്കടം അറിഞ്ഞുയെന്നതാണ് കേരള വികസന മാതൃക യുടെ പരിപ്രേക്ഷ്യം. ഈ സാമൂഹ്യ വികസനം മുന്നോട്ടു പോകണമെങ്കിൽ കാർഷിക വ്യവസായിക മേഖലയുടെ പുരോഗതി അനിവാര്യമാണെന്ന് നാം ഇതിനകം വലിയിരുത്തിക്കഴിഞ്ഞു. നമുക്കൊരു പട്ടി കകയിൽ നിന്നാവട്ടെ തുടക്കം.

സംയോജിത ഗ്രാമ വികസന പദ്ധയനുസരിച്ചു സഹായം ലഭിക്കുന്നതിന് അർഹതയുള്ള കുടുംബ ങ്ങളെ കണ്ടെത്തുന്നതിന് ഗ്രാമ വികസന വകുപ്പ് 92 ഏപ്രിൽ-സപ്തംബർ മാസങ്ങളിൽ ഒരു സർവ്വെ നട ത്തുകയുണ്ടായല്ലോ. വർഷത്തിൽ 11,000 രൂപയിൽ കുറവ് വരുമാനമുള്ളവരെയാണ് ദാരിദ്ര്യ മേഖലയ്ക്ക് താഴെയുള്ളവരായി കണക്കാക്കുന്നത്.

കേരളത്തിൽ ഏതാണ്ട് 18 ലക്ഷം കുടുംബങ്ങൾ, കോഴിക്കോട് ജില്ലയിൽ 166537 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണെന്ന് സർവ്വെ വെളിപ്പെടുത്തുന്നു. ചങ്ങരോത്ത് പഞ്ചായത്തിലെ 5159 കുടുംബങ്ങളിൽ 2252 കുടുംബങ്ങൾ -44% ദാരി ദ്ര്യരേഖക്ക് താഴെയാണ്. കേരളത്തിൽ ഭൂവിസ്തൃതി യുടെ 0.04% വരുന്ന ഭൂഭാഗമാണ് ചങ്ങരോത്ത്. സംസ്ഥാന ദാരിദ്ര്യ രേഖയുടെ 0.12% ജനങ്ങൾ ചങ്ങരോത്തിലാണ്. കോഴിക്കോട് ജില്ലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ 1.35% നമ്മുടെ പഞ്ചാ യത്തിലാണ്. എന്നാൽ ജില്ലാ ഭൂ വിസ്തൃതിയുടെ 0.82% ആണ് ചങ്ങരോത്ത്. ബ്ലോക്കടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 13677 കുടുംബങ്ങളാണ്

പട്ടിക 1

ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ളവരുടെ എണ്ണം സംസ്ഥാന-ബ്ലോക്ക്-ജില്ലാ- പഞ്ചായത്ത്

| ഇനം | കേരളം | ചങ്ങരോത്ത് | ശതമാന നിരക്ക് | കോഴിക്കോട് | ചങ്ങരോത്ത് | ശതമാന നിരക്ക് | പേരാമ്പ്ര ബ്ലോക്ക് | ചങ്ങരോത്ത് | ശതമാന നിരക്ക് |
|---|---|---|---|---|---|---|---|---|---|
| ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം | 1786874 | 2252 | 0.12% | 166537 | 2252 | 11.35% | 13677 | 2252 | 16.4% |
| ഭൂവിസ്തൃതി (ച.കിമീ.) | 38867 | 19.20 | 0.04% | 2345 | 19.20 | 0.82% | 298.43 | 19.20 | 6.4% |

ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ളത്. അതിന്റെ 16.4% നമ്മുടെ പഞ്ചായത്തിലാണ്. എന്നാൽ ബ്ലോക്ക് ഭൂ വിസ്തൃതിയുടെ 6.4% മാത്രമാണ് ചങ്ങരോത്ത്. ഇത് രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു:

- ഇതേവരെ പഞ്ചായത്തിൽ നടപ്പിലാക്കിയ സാമൂഹ്യ വികസന പദ്ധതികൾ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് വേണ്ടത്ര സഹായകമായിട്ടില്ല.
- സാമൂഹ്യ വികസനരംഗത്ത് കൂടുതൽ ഉയർന്ന പരിഗണന പഞ്ചായത്തിന് കിട്ടണം.

**ദാരിദ്ര്യ നിർമ്മാർജ്ജന തൊഴിൽ പദ്ധതികൾ**

**ഒരവലോകനം**

അവലംബം പഞ്ചായത്ത്

ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലസരങ്ങൾ പാവപ്പെട്ടവർക്ക് പ്രയോജനം, സാമൂഹ്യാസ്തികൾ നിർമ്മിക്കുക, നാട്ടിൻപുറത്തെ ജീവിത ഗുണനില വാരം മെച്ചപ്പെടുത്തുക, എന്നീ ലക്ഷ്യങ്ങളോടെ യാണ് JRY (ജവഹാർ റോസ്ഗാർ യോജന) തുട ങ്ങിയ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചത്.

95-96ൽ JRY പദ്ധതിയനുസരിച്ച് 381649 കയുടെ വികസന പരിപാടികളാണ് ആവിഷ്ക്കരിച്ചത്. ഇതിൽ 357961 ക (93.79%) ചിലവഴിച്ചു. അതിൽ 43.87% റോഡുകൾക്കും 54.39% വീടുകൾക്കും 1.74% ഒരു അംഗൻ വാടി കെട്ടിടത്തിന് ചിലവഴിച്ചതായി കാണുന്നു. ഇവിടെ വീടുകൾക്കും മറ്റ് ക്ഷേമ പദ്ധതി കൾക്കും മുൻഗണന നൽകിയത് സ്വാഗതാർഹമായ പ്രവണതയാണ്. സാധാരണ റോഡുകൾക്ക് മുൻഗ ണന കൊടുക്കുന്നത് കാരണം അഴിമതിക്കുള്ള സാധ്യത ഏറെയാണെന്ന വിമർശനത്തിന്റെ പശ്ചാ ത്തലത്തിൽ ഇത് കൂടുതൽ സ്വാഗതാർഹമാണ്.

**ട്രൈസം**

ഇതേവരെ 43 പേർക്ക് പരിശീലനം. അതിൽ 28 പേർ അതതു മേഖലയിൽ ജോലി. 14 പേർ ഇതര മേഖലകളിലും നാലുവർഷം കൊണ്ട് 31 പേർക്ക് മാത്രമാണ് പരിശീലനം കിട്ടിയത്. ഈ അലംഭാവം തിരുത്തുക തന്നെ വേണം.

## DWCRA

വനിതകൾക്ക് കൂട്ടായി തൊഴിൽസംരംഭം ഉണ്ടാ ക്കുന്ന ഈ പദ്ധതിയിൽ 95-96 ൽ അവിൽ നിർമ്മാ ണയൂനിറ്റാണ് അനുവദിച്ചത്. 10 പേർക്ക് 90,000 ഉറു പ്പിക. ഓരോ ഘട്ടത്തിലും ആവശ്യമായ മോണിട്ട റിങ്ങ് നടത്താത്തത് ഈ ആനുകൂല്യം ദുരുപയോഗ പ്പെടുത്തുന്നതിലാണ് എത്തിയത്. ആടുവളർത്തലി ലാകട്ടെ അവയെ സ്വന്തമാക്കുകയെന്നതിനപ്പുറം പദ്ധതിയുടെ ലക്ഷ്യമനുസരിച്ച പ്രവർത്തനമില്ല

പഞ്ചായത്തിൽ 95-96 വർഷത്തിൽ ജവഹർ തൊഴിൽ ദാന പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്തിയ പണിയുടെ വിവരങ്ങൾ

ജനറൽ SC/ST

| ക്രമനമ്പർ | പണിയുടെ പേർ | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
|---|---|---|---|---|---|
| 1 | ദുർബല വിഭാഗങ്ങൾക്ക് വീടുകൾ 11 എണ്ണം | | | 173800 | 14710 |
| 2 | പന്തിരിക്കര-നടുപ്പറമ്പ് റോഡ് - കൾവർട്ട് | 20000 | | 20447 | |
| 3 | പാറക്കടവ്- തോട്ടത്താം കണ്ടി റോഡ് പരിഷ്ക്കരണങ്ങൾ | 80,000 | | 80,000 | |
| 4 | ചാലപ്പുറത്ത് താഴ കൾവർട്ട് | 27,000 | | 29061 | |
| 5 | ദരിദ്രവിഭാഗങ്ങൾക്ക് വീട് | 31600 | | 31600 | |
| 6 | ഗോപുരത്തിലിടം അംഗൻവാടി കെട്ടിടം | 8500 | | 6253 | |
| 7 | രണ്ടാം വാർഡിൽ ലക്ഷം വീട്ടിൽ 8 കക്കൂസ് | 16000 | | 16000 | |
| 8 | കവ്വേരികണ്ടിത്താഴ പാറക്കടവ് താഴ റോഡ്-പരിഷ്ക്കരണം | 24749 | | 27500 | |
| | ആകെ | 207849 | 210861 | 173800 | 147100 |

### ജവഹർ തൊഴിൽ ദാന പദ്ധതി (JRY) പ്രവർത്തികളുടെ വിവരം

| വർഷം | റോഡ് | വീടുകൾ | കക്കൂസ് | കുടിവെള്ളം | ജലസേചന | ജലസേചന | സ്കൂൾ | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1992-93 | 3.4 കി.മീ | 11 | - | - | - | - | - | 146.30 |
| 1993-94 | 1.3 " | 17 | 7 | - | - | - | - | 11304 |
| 1994-95 | 0.7" | 11 | 10 | - | - | - | - | 9760 |
| 1995-96 | 0.5" | 11 | 7 | - | - | - | - | 7270 |
| ആകെ | 5.9 | 50 | 24 | - | - | - | - | 42764 |

അവലംബം ബ്ലോക്ക് ഡാറ്റ ബേങ്ക് 1996

കുറിപ്പ്: 50 വീടുകൾ നിർമ്മിച്ചു 24 കക്കൂസുകൾ 5.9കി.മീറ്റർ റോഡ് സ്വാഗതാർഹമായ സേവനം

### പട്ടിക 3

### ട്രൈസം തൊഴിൽ പരിശീലനം തേടിയവരുടെ വിവരം

| പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചു വരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തി യവരുടെ എണ്ണം | ഇതര തൊഴി ലുകളിൽ ഏർപ്പെട്ടി രിക്കുന്ന വർ | അവശേ ഷിക്കുന്ന വർ | 3 വർഷങ്ങളിൽ തൊഴിൽ പരിശീലനം ലഭിച്ചവരുടെ കണക്ക് |
|---|---|---|---|---|---|
| 1 തയ്യൽ | 9 | | | | 1992-93 6 |
| 2 തേനീച്ച വളർത്തൽ | 3 | | | | 1993-94 6 |
| 3 വയറിംങ്ങ് | 5 | | | | 1994-95 4 |
| 4 റേഡിയോ റിപ്പയറിങ്ങ് | 8 | | | | 1995-96 4 |
| 5 ഫോട്ടോ ഗ്രാഫി | 1 | | | | പരിശീലനത്തിന് |
| 6 പ്രീജിങ്ങ് കംമ്പോസിങ്ങ് | 6 | | | | യോഗ്യരായവരുടെ എണ്ണം 642 |
| 7 മരപ്പണി | 1 | | | | |
| 8 പെയിന്റിംങ് | 2 | | | | |
| 9 പ്ലംബിങ്ങ് | 2 | | | | |
| 10 കരകൗശല വസ്തു | 2 | | | | |
| 11. ഖാദിനെയ്ത്ത് | 4 | | | | |
| ആകെ | 43 | 28 | 14 | 1 | |

അവലംബം വികസന ബ്ലോക്ക്

### DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| തൊഴിൽ സംവരണ ന്റെ ഇനം | ആരംഭിച്ചവർഷം | പ്രവർത്തിക്കുന്ന അംങ്ങളുടെ എണ്ണം | പ്രവർത്തനക്ഷകത സംബന്ധിച്ച് കുറിച്ച് |
|---|---|---|---|
| അവിൽ നിർമ്മാണം | 1995-96 | 10 | പ്രവർത്തനക്ഷമമല്ല. |
| ആടുവളർത്തൽ | 1995-96 | 10 | ഭാഗികമായി പ്രവർത്തന ക്ഷമം |
| പശുവളർത്തൽ | 1991-92 | 10 | പ്രവർത്തനക്ഷമമല്ല. |

അവലംബം ബ്ലോക്കാഫീസ്

സംയോജിത ഗ്രാമവികസന പദ്ധതി (IRDP) സഹായം ലഭിച്ചവരുടെ കണക്ക്

സഹായം ലഭിച്ചവർ

| വർഷം | SC | ST | മറ്റുള്ളവർ | ആകെ | സ്ത്രീ | വികലാംഗർ | സഹായധനം | കടം | ആളോഹരി നിക്ഷേപം |
|---|---|---|---|---|---|---|---|---|---|
| 1992-93 | 41 | | 9 | 50 | 29 | 99896 | 123974 | 4477 | |
| 1993-94 | 32 | | 31 | 63 | 28 | 1 | 16131 | 251664 | 6555 |
| 1994-95 | 31 | | 42 | 73 | 32 | 2 | 307630 | 481265 | 10806 |
| 1995-96 | 21 | | 29 | 50 | 32 | 1 | 209651 | 384749 | 11888 |
| | 125 | | 111 | 236 | 121 | 4 | 778487 | 124652 | 8559 |

IRDP

നാലുവർഷം കൊണ്ട് 236 കുടുംബങ്ങൾക്ക് സഹായം കിട്ടി ഒരു കുടുംബം= 8559ക

അന്ത്യോദയന്നയം ശരി പക്ഷേ ഏറ്റവും പാവപ്പെട്ടവരായ അപേക്ഷകർ ഇല്ലെങ്കിൽ തൊട്ടുപുറുകളിലുള്ള അപേക്ഷകരെ പരിഗണിക്കുന്ന സംവിധാനം ഉണ്ടാകണം.

## RAP

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി (RAP)

| IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവർ | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|
| 54 | 22 | 32 |

(അവലംബം ബ്ലോക്ക് ഓഫീസ്)

പട്ടിക 3

ഇന്ദിരാ ആവാസ് യോജന (IAY-Houses)

| വർഷം | ലക്ഷ്യം | വീടുകൾ പൂർത്തീകരിച്ചത് | വീടുകൾ നിർമ്മാണ പുരോഗതിയിൽ | റവന്യൂറിക്കവറി നടപടി. |
|---|---|---|---|---|
| 1992-93 | - | - | - | - |
| 1993-94 | 6 | 6 | - | - |
| 1994-95 | 6 | 5 | 1 | - |
| 1995-96 | 15 | 9 | 6 | - |
| ആകെ | 27 | 20 | 6 | |

അവലംബം ബ്ലോക്ക്ഡാറ്റ ബേങ്ക് 1996

54 പേർക്ക് ആനുകൂല്യം

പരിപാടി തൃപ്തികരം

ഇന്ദിരാ ആവാസ് യോജന

മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന പരാതി ഉണ്ട്

ദശലക്ഷം കിണർ പദ്ധതി

| | | |
|---|---|---|
| 92-93 | 2കിണർ | |
| 93-94 | 6 " | 2 വീട് |
| 94-95 | 6 " | 12" |
| 95-96 | 1" | 10" |

## അംഗനവാടികൾ

അംഗൻവാടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | നിലവിലുള്ള സൗകര്യങ്ങൾ സ്ഥലം | കെട്ടിടം | കക്കൂസ് | കിണർ | കളി സ്ഥലം | കളിക്കോപ്പുകൾ | ചുറ്റു മതിൽ |
|---|---|---|---|---|---|---|---|---|---|
| 1 | പുറവൂർ 13 | I | ✓ | ✓ | x | x | x | x | x |
| 2 | കല്ലൂർ 14 | I | ✓ | ✓ | ✓ | x | x | x | x |
| 3 | മേനിക്കണ്ടി | III | ✓ | ✓ | ✓ | x | x | x | x |
| 4 | കുന്നിയോട് 16 | X | x | x | x | x | x | x | x |
| 5 | ചെറിയകുമ്പളം 17 | III | ✓ | ✓ | x | x | x | x | x |
| 6 | തോട്ടത്താംകണ്ടി 18 | IV | x | x | x | x | x | x | x |
| 7 | മീത്തലെ വളപ്പിൽ 19 | V | ✓ | ✓ | x | x | x | x | x |
| 8 | മൂടിയൻ ചാൽ 20 | V | ✓ | ✓ | x | x | x | x | x |
| 9 | ഗോപുരത്തിലിടം 21 | IV | ✓ | ✓ | ✓ | x | x | x | x |
| 10 | പന്തിരിക്കര 22 | V | ✓ | ✓ | x | x | x | x | x |
| 11 | കന്നാട്ടി 23 | VI | ✓ | ✓ | x | x | x | x | x |
| 12 | പച്ചിലക്കാട് 24 | VI | ✓ | ✓ | x | x | x | x | x |
| 13 | പാറക്കെട്ടിൽ 25 | XI | ✓ | ✓ | x | x | x | x | x |
| 14 | ചങ്ങരോത്ത് മദ്രസ്സ 26 | VIII | x | x | x | x | x | x | x |
| 15 | കോക്കാട് 27 | VIII | ✓ | ✓ | x | x | x | x | x |
| 16 | ഇടിവെട്ടി 28 | IX | ✓ | ✓ | x | x | x | x | x |
| 17 | കല്ലൂർ 107 | I | ✓ | ✓ | x | x | x | x | x |
| 18 | കൂത്തശ്ശേരി 108 | IV | ✓ | ✓ | x | ✓ | x | x | x |
| 19 | പാറക്കടവ് 109 | IV | ✓ | ✓ | x | x | x | x | x |
| 20 | മുതുവണ്ണാച്ച 110 | XI | x | x | x | x | x | x | |
| 21 | കട്ടംകോട്ടുമ്മൽ - | III | x | x | x | x | x | x | x |
| 22 | വടക്കുമ്പാട് - | II | x | x | x | x | x | x | x |
| 23 | ആവടുക്ക - | V | x | x | x | x | x | x | x |

അവലംബം ഗ്രാമസഭാ ചർച്ച

✓ ഉണ്ട്   x ഇല്ല

പട്ടികപ്പെടുത്തിയതനുസരിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

## പൊതുവിവരണം

| | | |
|---|---|---|
| ആകെ റേഷൻ കടകൾ | : | 14 |
| മൊത്തെ കാർഡുടമകൾ | : | 5696 |
| യൂണിറ്റ് | : | 55840 |
| അനുവദിക്കുന്ന അരി | : | 53939 |
| പഞ്ചസാര | : | 12279.6 |
| വൈദ്യുതീകരിച്ചത് | : | 1192 |
| വൈദ്യുതീകരിക്കാത്തത് | : | 4504 |
| ഗോതമ്പ് | : | 53699 |
| മണ്ണെണ്ണ | : | 24904 |
| പഞ്ചായത്തിനു പുറത്തുള്ള കാർഡ് | : | 142 |
| കാർഡിൽ ഉൾപ്പെടാത്തവർ | : | 30489 |

അഗതി വിധവ വികലാംഗവാർദ്ധക്യഅവശകലാകാരസാഹിത്യ
കായികതാര കുഷ്ഠരോഗ ക്യാൻസർരോഗി കർഷകത്തൊഴിലാളി
തൊഴിലില്ലായ്മ T.Bപെൻഷൻ ആകെ

പെൻഷൻ

92-93 മുതൽ 95-96 വരെ കാലയളവിൽ വിവിധ പെൻഷൻ/
തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരുടെ എണ്ണം

| അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | അവശകലാകാര സാഹിത്യപെൻഷൻ | കായികതാര പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | ക്യാൻസർരോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മവേതനം | T.B. പെൻഷൻ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| - | 31 | 22 | 8 | - | - | - | 9 | 915 | 382 | 13 | 1380 |

വികലാംഗർ : 27 - 7ആൾക്ക് കൂടി ആനുകൂല്യം വേണം
അപേക്ഷകൾ മുഴുവൻ പരിഗണിച്ചു.

(അവലംബം: വില്ലേജ് ആഫീസ്)

മറ്റുവിവരങ്ങൾ ലഭിക്കപ്പെടുത്തിയിട്ടുണ്ട്.

- IRDP സർവെ കുറ്റമറ്റതാക്കണം. അടിസ്ഥാനരേഖയായി സൂക്ഷിക്കപ്പെടണം. അതിന്റെ കോപ്പി പഞ്ചായത്തിൽ ലഭ്യമാക്കണം.
- സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട വിവിധ പരിപാടികളെപ്പറ്റി ബോധവൽക്കരണം വേണം
- അംഗൻവാടികളിലെ പ്രശ്നങ്ങൾ പട്ടികപ്പെടുത്തിയതനുസരിച്ച് പരിഹാരം
- അംഗൻവാടി ജീവനക്കാരുടെ വേതനം മെച്ചപ്പെടണം.
- കൂടുതൽ പേർക്ക് സ്വയം തൊഴിൽ പദ്ധതി
- പെൻഷൻ അർഹതപ്പെട്ടവരെ കണ്ടെത്താൻ പഞ്ചായത്ത് ഭരണസമിതിയെ ചുമതലപ്പെടുത്തുക
- മദ്യം മയക്കുമരുന്ന് എതിരായ ബോധവൽക്കരണം
- സാമ്പത്തിക പരാധീനതയുള്ള വീട്ടിലെ കുട്ടികൾക്ക് വിവാഹത്തിന് സഹായം. ഗൾഫ് മലയാളികളുടെ സഹായം പഞ്ചായത്ത് മുഖേന ഉറപ്പാക്കുക.

IRDP സർവ്വേപ്രകാരം

| | | |
|---|---|---|
| സാനിറ്ററി കക്കൂസുകൾ ഇല്ലാത്തവീട് | :- | 1548 |
| വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസ് | : | 36 |
| പൂർത്തീകരിച്ചത് | : | 30 |
| ഇനി വേണ്ട കക്കൂസുകൾ | : | 1512 |
| വീട് അവശ്യമുള്ള കുടുംബങ്ങൾ | : | 1226 |
| വിവിധ പദ്ധതി അനുവദിച്ച വീടുകൾ | : | 159 |
| പൂർത്തീകരിച്ചവ | : | 121 |
| പൂർത്തിയാക്കാനുള്ളവ | : | 38 |
| ഇനി വേണ്ട വീടുകൾ | : | 1067 |

വീടുകൾക്ക് അനുവദിക്കുന്ന തുക .ഓരോഘട്ടത്തിലും മോണിറ്ററിങ്ങ് നടത്തണം. വീടുനിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് അതാതവസരത്തിൽ പരിഹാരം സാധ്യമാക്കണം.

# പാർപ്പിടം

അകലെയെവിടെയോ ഒരു വീട്; അവിടെ കാത്ത്നിൽക്കാനൊരാൾ വീട് മനോഹരമായ ഒരു സങ്കൽപ്പമാണെന്ന് ഒരിടത്ത് എം.ടി. എഴുതിയിട്ടുണ്ട്. നാഴിയിടങ്ങഴിമണ്ണിൽ നാരായണക്കിളിക്കൂടിനെക്കുറിച്ച് വയലാറും എഴുതി.

പഞ്ചായത്തിൽ 91 ലെ സെൻസസ് അനുസരിച്ച് 5142 വീടുകളുണ്ട്.17 കുടുംബങ്ങൾ താമസിക്കുന്ന വാടക വീടുകളും ഉണ്ട്.

### ഭവന നിർമ്മണം

അവലംബം: പഞ്ചായത്ത്.

| | | |
|---|---|---|
| ആകെ വീടുകൾ | | 5757. |
| ഓട് | 2234 | 38%. |
| ഓല | 2807 | 48%. |
| കോൺക്രീറ്റ് | 716 | 14%. |
| പട്ടികജാതിപട്ടക വർഗ്ഗം വീടുകൾ | | |
| ആകെ വീടുകൾ | 615 | 10.6%. |
| സ്വന്തമായി കുടിവെള്ളം ലഭ്യമായവ | 119 | 19.35%. |
| കുടിവെള്ളം സൗകര്യമില്ലാത്ത വീടുകൾ | 496 | 80.65%. |

ചങ്ങരോത്ത് പഞ്ചായത്തിൽ പാപ്പിട കാര്യത്തിൽ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ലെന്ന് ഈ പട്ടിക തെളിയിക്കുന്നു. വീടുകളിൽ അധികവും ഇടത്തരം ദാരിദ്ര്യ രേഖക്ക് കീഴിലുള്ളവരുടേതാണ്. 2252 കുടംബങ്ങൾ 92ലെ IRDP സർവ്വെ അനുസരിച്ച് ദാരിദ്ര്യ രേഖക്ക് കീഴെയാണ്.

പഞ്ചായത്തിന്റെ വടക്കൻ മേഖലയിൽ ഗൾഫ് പണത്തിന്റെ സ്വാധീനം പ്രകടമാണ്. ദുർവ്യയ വീടുകളുടെ രൂപത്തിൽഇവ ഉയർന്നുവരുന്നു. ദുർബല ജനവിഭാഗങ്ങളിലധികവും കൂടിലുകളിൽ തന്നെയാണ് താമസം. വർധിച്ചുവരുന്ന ജനസംഖ്യ അനുസരിച്ച് വീടുകളുടെ എണ്ണം ഇവിടെ കൂടിയിട്ടില്ല. സ്ഥലത്തിന്റെ വില കൂടുതലും കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിത വിലയും ഇതിന്റെ കാരണമാണ്.

വിവിധ സർക്കാർ ഏജൻസികൾ, കേന്ദ്ര സംസ്ഥാന സർക്കാറുകൾ സഹകരണ ബാങ്കുകൾ എന്നിവ വഴി കെട്ടിടനിർമ്മാണത്തിന് സഹായം നൽകുന്നുണ്ടെങ്കിലും ആവശ്യമായത്ര ഇപ്പോഴും ലഭ്യമായിട്ടില്ല.

പട്ടിക 3

| | |
|---|---|
| IRDP സർവ്വേ പ്രകാരം വീട് ആവശ്യമുള്ളവർ | 1226 |
| വീട് അനുവദിക്കപ്പെട്ടത് | 159 |
| പൂർത്തീകരിച്ചവർ | 121 |
| ബാക്കി | 38 |
| ഇനിയും അനുവദിക്കേണ്ട വീടുകൾ | 1067 |

അവലംബം IRDP സർവ്വേ

IRDP സർവ്വേ അനുസരിച്ച് 1067 വീടുകളാണ് വേണ്ടത്. സർവ്വെയിൽ ഉൾപ്പെടാത്തവരും സ്വന്തമായി വീടുണ്ടാക്കാൻ നിവൃത്തിയില്ലാത്തവരുമായ കുടുംബങ്ങൾ ഇതിനുപുറത്താണ്. ആധുനിക സൗകര്യങ്ങളോടുള്ള അഭിമുഖ്യം റോഡുകൾക്കരികിൽ വീടുണ്ടാക്കാ

നുള്ള വ്യഗ്രത കൂടി വരുന്നതിൽ പ്രകടമാണ്. സ്റ്റേറ്റ് ഹൈവേയുടെ ഇരു വശത്തും പ്രത്യേകിച്ചും വികസ്വരമായിക്കൊണ്ടിരിക്കുന്ന അങ്ങാടികൾ കേന്ദ്രീകരിച്ച് ഭവനനിർമ്മാണം കൂടുതൽ നടക്കുന്നതായി കാണാം. ചെറിയ കുമ്പളം, പാറക്കടവ്, കടിയങ്ങാട്, പന്തിരിക്കര എന്നിവിടങ്ങളിൽ പുതിയതായി വീടുകൾ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ചങ്ങരോത്ത് വില്ലേജിൽ കടിയങ്ങാട്, പന്തിരിക്കര, പാലേരി വില്ലേജിൽ പാലേരി, മുതുവണ്ണാച്ച, പാറക്കടവ് ഭാഗങ്ങളിൽ പാടം നികത്തി വീട് നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരികയാണ്. ജാനകി വയൽ ഭാഗത്തും

**കെട്ടിട നിർമ്മാണ രംഗത്തെ പ്രവണതകൾ**

**കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ 9596**

പട്ടിക III

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | |
|---|---|---|---|---|---|
| | | | ഒരുനിലയുള്ള കെട്ടിടം | | |
| | | | കോൺക്രീറ്റ് | ഓട് | ഓല |
| I | 653 | 7 | 30 | 163 | 453 |
| II | 864 | 52 | 60 | 174 | 578 |
| III | 501 | 5 | 88 | 118 | 290 |
| IV | 808 | 20 | 39 | 217 | 532 |
| V | 1139 | 39 | 195 | 316 | 589 |
| VI | 988 | 38 | 129 | 299 | 522 |
| VII | 989 | 57 | 108 | 312 | 512 |
| VIII | 1072 | 50 | 172 | 367 | 483 |
| IX | 720 | 42 | 51 | 160 | 467 |
| X | 579 | 29 | 125 | 208 | 217 |
| ആകെ | 8313 | 339 | 997 | 2334 | 4643 |

അവലംബം പഞ്ചായത്ത്

95-96 വർഷത്തിൽ പഞ്ചായത്തിലാകെ 8313 കെട്ടിടങ്ങളാണുള്ളത്. 339 എണ്ണം (4%) ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളാണ്. 997 എണ്ണം (12%) കോൺക്രീറ്റ് കെട്ടിടങ്ങളാണ് 2334 എണ്ണം (28%) ഓട് മേഞ്ഞ ഒരു നിലയുള്ള കെട്ടിടങ്ങളും 4643 ഓലമേഞ്ഞ കെട്ടിടങ്ങളുമാണ് (56%) കോൺക്രീറ്റ് കെട്ടിടങ്ങളോട് ആസക്തി ഈ കണക്കിൽ പ്രതിഫലിക്കുന്നില്ല. സാമ്പത്തിക പിന്നോക്കാവസ്ഥയാവാം ഇതിന്റെ കാരണം. ആകെ കെട്ടിടങ്ങളിൽ 86% ഓട്ഓല മേഞ്ഞവയാണ്. പക്ഷെ ഓട്-ഓല മേഞ്ഞ വീടുകൾ എത്രത്തോളം വാസയോഗ്യമാണെന്ന് പരിശോധിക്കണം. ദുർബലജനവിഭാഗങ്ങളും സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരുമാണ് ഓലപ്പുരകളെ ആശ്രയിക്കുന്നത്.

**പുറമ്പോക്ക് ഭൂമയിലെ താമസക്കാർ**

പുറമ്പോക്ക് ഭൂമികളിൽ ഏതാണ്ട് 20 വർഷത്തിലേറെയായി താമസിക്കുന്ന 50ഓളം കുടുംബങ്ങൾ, വടക്കുമ്പാടിനടുത്തുണ്ട്. പഞ്ചായത്ത് വക ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ ഏറെയുണ്ട്. ജനകീയ വയൽ ഭൂമിയിൽ 25 ഓളം വർഷമായി താമസിക്കുന്ന 200 ഓളം കുടുംബങ്ങൾ ഉണ്ട്. ഈ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളില്ല. ചെറ്റക്കുരകളിലാണ് താമസിക്കുന്നത്. പുറമ്പോക്കിലായാലും ജാനകീവയൽ പ്രദേശത്തായാലും ഇവരുടെ അധ്വാനം അവരുടെ കുടിയിരിപ്പ് ഭൂമിയിൽ വിളഞ്ഞു നിൽക്കുന്നത് കാണാം.

പക്ഷെ ഇവർക്ക് രേഖകളില്ല. വീട് നമ്പറില്ല. റേഷൻ കാർഡില്ല. ഒന്നുമില്ല.

### കെട്ടിട നിർമ്മാണസാമഗ്രികൾ

കെട്ടിട നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല് പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ ഭാഗത്തും ലഭ്യമാണ്. പഞ്ചായത്തിൽ നിന്ന് നാടിന്റെ എല്ലാ ഭാഗങ്ങളിലേക്കും ഇവ കയറ്റിപ്പോകുന്നുണ്ട്. ഒട്ടേറെ തൊഴിലാളികൾക്ക് അഭയ കേന്ദ്രമായ ഈ പ്രകൃതി വിഭവം അതിവേഗത്തിൽ ശോഷിച്ചുവരികയാണ്. ചെങ്കല്ല് ഉപയോഗിച്ച് വീടുണ്ടാക്കുന്നതിന് പകരം ഹോളോ സിമന്റ് ബ്രിക്സ്, ഇഷ്ടിക തുടങ്ങിയവ ഇറക്കുമതി ചെയ്ത്. വീടുണ്ടാക്കുന്നതായി കാണാം. ചെങ്കല്ലുപയോഗിച്ചു വീടുണ്ടാക്കുന്നതിനേക്കാൾ എത്രയോ അധികം ഇതിനു വേണ്ടി ചിലവഴിക്കേണ്ടിവരുന്നു. അതുകൊണ്ടുതന്നെ ഇതൊരു ദുർവ്യയമായി തീരുന്നു. കരിങ്കല്ല്, പൂഴി എന്നിവയും ധാരാളം ലഭ്യമാണ്. ഇവ രണ്ടും പഞ്ചായത്തിൽ നിന്ന് മറ്റു പ്രദേശങ്ങളിലേക്ക കയറ്റിപ്പോവുന്നുണ്ട്. ജനൽ, കട്ടില, സിമന്റ് ഇഷ്ടിക എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. പന്തിരിക്കര, ചെറിയ കുമ്പളം എന്നിവിടങ്ങളിൽ ഈർച്ചമില്ലുകൾ ഉണ്ട്. ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇതെല്ലാം അപര്യാപ്തമാണ്. മാത്രമല്ല മരത്തിന്റെ വില കൂടിക്കൂടി വരികയാണ്. പിലാവ്, മാവ് തുടങ്ങി ഉപ്പൂത്തി ഉൾപ്പെടെ വൃക്ഷങ്ങളുടെ വംശ നാശത്തിന് ഇടവരുത്തുന്ന രീതിയിൽ ഗൃഹനിർമ്മാണത്തിന് മാത്രമല്ല അതിനപ്പുറം മററ് ഉപകരണങ്ങൾ ഉണ്ടാക്കാൻ ലക്കും ലഗാനുമില്ലാതെ വെട്ടിമാറ്റപ്പെടുകയാണ്. മരവില ഉയരുന്നതുകാരണം ഗൃഹനിർമ്മാണത്തിൽ സിമന്റ് കൊണ്ടുണ്ടാക്കുന്ന ഉപകരണങ്ങൾ ഈ രംഗത്തും തലകാണിച്ചു തുടങ്ങിയിട്ടുണ്ട്.

**കാർഷിക മേഖല കെട്ടിട നിർമ്മാണ മേഖല താരതമ്യം**

അവലംബം സെൻസെസ് 91

| ആകെ തൊഴിലാളികൾ | പു | സ്ത്രീ | ശരാശരി | കാർഷിക മേഖല | പു | സ്ത്രീ | ശരാശരി | കെട്ടിട നിർമ്മാണതൊഴിലാളികൾ | പു | സ്ത്രീ | ശരാശരി | കൂലിനിരക്ക് കാർഷിക മേഖല | ശരാശരി കെട്ടിടനിർമ്മാണ മേഖല |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 6757 | 5666 | 1093 | 24% | 1648 | 1165 | 483 | 29% | 1408 | 1139 | 269 | 25% | 87.50 | 112.50 |

കൂലി അനുപാതം 100:128

മുഖ്യ തൊഴിൽ മേഖലയുടെ 29% കർഷക തൊഴിലാളികളും 25% കെട്ടിട നിർമ്മാണതൊഴിലാളികളുമാണ്. കർഷക തൊഴിലാളികളെ അപേക്ഷിച്ചു 4%കുറവ്. കർഷക തൊഴിലാളി, നിർമാണതൊഴിലാളി ഇവർ തമ്മിലുള്ള കൂലി അനുപാതം 100:128 ആണ്.

### ഭവന നിർമ്മാണ വായ്പ

പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം പ്രവർ ത്തിക്കുന്നുണ്ട് എന്നാൽ എല്ലാ പ്രദേശത്തുകാർക്കും ഇതിന്റെ ഗുണഫലം ലഭിക്കുന്നില്ല. കൂട്ടു പലിശയും സാങ്കേതികത്വത്തിന്റെ നൂലാമാലകളും കാരണം ഇത്തരം സ്ഥാപനങ്ങളുടെ സഹായം തേടാൻ ആളുകൾ മടിക്കുന്നു. വിവിധ സർക്കാർ ഏജൻസികൾ നൽകുന്ന കെട്ടിടനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം വളരെ അപര്യാപ്തമാണ്

### ലക്ഷം വീടുകൾ

ഭവന നിർമ്മാണരംഗത്തെ ശ്രദ്ധേയമായിരുന്ന പദ്ധതിയായിരുന്നുവല്ലോയിത്. പഞ്ചായത്തിൽ 100 വീടുകൾ നിർമ്മിച്ചിരുന്നു. ഇപ്പോൾ കല്ലൂർ5, പുറവൂർ 11, വടക്കുമ്പാട്16, ചെറുപുത്തലത്ത്16 ആവടുക്ക19 എന്നിങ്ങനെ മാത്രമാണവശേഷിപ്പിക്കുന്നത്. ഇവയെല്ലാം തന്നെ ജീർണ്ണാവസ്ഥയിലുമാണ്. കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും ഇതേവരെ ലഭിച്ചിട്ടില്ല. രണ്ട് വീടുകൾ തമ്മിൽ വേർതിരിക്കുന്ന ഒരു ചുമർ മാത്രമായതുകൊണ്ട് ലക്ഷം വീടുകാർക്കിതേവരെ സ്വസ്ഥതയോ സ്വകാര്യതയോ നിലനിൽക്കുന്നില്ല. കുടുംബം വളരുന്നതിനനുസരിച്ച് പ്രശ്നങ്ങളും കുടുംബങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളും വളരുന്നു

### നിർദ്ദേശങ്ങൾ

- 9ാം പദ്ധതിക്കാലത്ത് ഗവർമെണ്ട് നൽകുന്ന സഹായധനം കാലോചിതമായി വർധിപ്പിക്കുകയും നിർമാണച്ചുമതല തദ്ദേശ സ്ഥാപനങ്ങളെ ഏൽപിക്കുന്നത് കാലതാമസം ഒഴിവാക്കുന്നതിനും ഗുണനിലവാരം

വർധിപ്പിക്കുന്നതിനും സഹായകമാവും

- പദ്ധതിക്കാലത്ത് ഏകദേശം 3500 വീടുകൾ കൂടി നിർമ്മിക്കേണ്ടിവരുമെന്ന് ഗ്രാമസഭാചർച്ചകൾ ചൂണ്ടിക്കാണിക്കുന്നു.
- നിലവിലുള്ള ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക. അടിസ്ഥാനസൗകര്യം ഉറപ്പാക്കുക. ലക്ഷം വീടുകൾക്ക് വേണ്ടി നീക്കി വെച്ച സ്ഥലത്തിൽ കൂടുതൽ വീടുണ്ടാക്കുക
- ഒന്നാം വാർഡിലെ കല്ലൂർ നാടുകാണിമലയിൽ ഭൂരഹിതദുർബല ജനവിഭാഗങ്ങൾക്ക് നൽകാനുള്ള ഭൂമി വിതരണം നടത്തുകയും ഒന്നിച്ചുള്ള ഹൗസിങ്ങ് കോംപ്ലക്സ് നിർമ്മിച്ചു കൊടുക്കുകയും ചെയ്യുക.
- പഞ്ചായത്ത് വക പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയവും മറ്റാനുകൂല്യങ്ങളും നൽകുക.
- പന്തിരിക്കര ഹൗസിങ്ങ് സൊസൈറ്റിയുടെ സേവനം വീടില്ലാത്ത മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പ്രവർത്തന യോഗ്യമാക്കുക.
- നിലവിലുള്ള ചട്ടങ്ങൾ ലഘൂകരിച്ച് ആവശ്യത്തിനനുസരിച്ച് സംഖ്യ വർധിപ്പിച്ചുകൊണ്ട് ദുർബ്ബല വിഭാഗങ്ങളെ സഹായിക്കാൻ വിവിധ ഏജൻസികളും സന്നദ്ധമാവുക.
- ദുർവ്യയ കെട്ടിടങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കാൻ ശാസ്ത്രീയമായ നികുതി ചുമത്തി വിഭവ സമാഹരണം നടത്തുകയും ചെയ്യുക. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മാണം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.
- ഹൗസിങ്ങ് ബോർഡിന്റെ സഹായം കൂടുതൽ പേർക്ക് ലഭിക്കാൻ സാഹചര്യം ഒരുക്കുക
- പട്ടികജാതി, പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് പൂർണ്ണമായും വാസയോഗ്യമായ വീടുനിർമ്മാണത്തിന് യുദ്ധകാലാടിസ്ഥാനത്തിൽ സഹായം എത്തിക്കുക
- കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിക്കുകയും കെട്ടിട നിർമ്മാണ സാമഗ്രികളും നിർമ്മിക്കുകയും ചെയ്യുക.
- നിർമ്മിതി ഉപ കേന്ദ്രം സ്ഥാപിച്ച് തൊഴിൽ പരിശീലനം നൽകുക.
- വീടുകൾക്ക് നിർമ്മിക്കുന്ന ചുറ്റുമതിലുകൾ ജൈവ വേലികളാക്കി മാറ്റുക.
- വീട് നിർമ്മിക്കുമ്പോൾ കൃഷിഭൂമിനഷ്ടപ്പെടാതെ ശ്രദ്ധിക്കുകയും വയൽ നികത്താതെ സൂക്ഷിക്കുകയും ചെയ്യുക.
- വീടുകൾക്കുള്ള വായ്പാ സൗകര്യങ്ങൾ ലളിതവൽക്കരിക്കുക.വീടിനോടനുബന്ധിച്ച് കക്കൂസു നിർമ്മിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- സ്ഥലം ലാഭിക്കുവാൻ ഫ്ളാറ്റ് നിർമ്മാണം വ്യാപകമാക്കുക.
- മൈത്രീ ഭവന പദ്ധതി പ്രാവർത്തികമാക്കുക.
- ചിലവ് കുറക്കാനുള്ള മാതൃക പരിഗണിക്കാവുന്നതാണ്.

### കെട്ടിട നിർമ്മാണത്തിലെ വർദ്ധനവ്

| | |
|---|---|
| 91-92ൽ ആകെ കെട്ടിടം | 7692 |
| 92-93 | 7702 |
| വർദ്ധനവ് എണ്ണം | 10 (0.13%) |
| 93-94 | 7806 |
| വർദ്ധനവ് | 104 (1.3%) |
| 94-95 | 8094 |
| വർദ്ധനവ് | 288 (3.7%) |
| 95-96 | 8313 |
| വർദ്ധനവ് | 219 (2.7%) |

കുറിപ്പ്: നാലുവർഷത്തെ വർധനവ് 8% കൂടുതൽ കെട്ടിടങ്ങൾ 94-95 ൽ കെട്ടിട നിർമാണത്തിന്റെ നിരക്ക് കുറഞ്ഞുവരുന്നു. ഗൾഫ് മലയാളികളുടെ തിരിച്ചുവരവ് ഇതിന് കാരണമാണോ?

## $10^2$mm സ്ലാബ് വാർക്കുന്നതിനുള്ള ചിലവ്
## ഒരു താരതമ്യം

| നിർമ്മാണ രീതികൾ | ഓട് ഫില്ലർ ആയി ഉപയോഗിച്ച് RCC സ്ലാബ് | | ഹുരുഡീസ് ഫില്ലറുകൾ ആയി ഉപയോഗിച്ച് RCC സ്ലാബ് | | പൂർവ്വ നിർമ്മിത ഷെല്ലു ടി.ബീമും ഉപയോഗിച്ചുള്ള സ്ലാബ് | | സാധാരണ കോൺക്രീറ്റ് സ്ലാബ് | |
|---|---|---|---|---|---|---|---|---|
| ആവശ്യമായ സാധനങ്ങൾ | അഴല് | തുക | അളവ് | തുക | അളവ് | തുക | അളവ് | തുക |
| സിമന്റ് | 5.45 ബാഗ് | 1035.50 | 5 ബാഗ് | 950 | 3.5 ബാഗ് | 665.00 ബാഗ് | 6.6 ബാഗ് | 1254 |
| മണൽ | 0.36 | 104.40 | 0.34 | 98.60 | 0.23 | 66.70 | 0.44 | 127.60 |
| മെറ്റൽ | 0.73 | 401.50 | 0.68 | 374.00 | | | 0.88 | 484 |
| കമ്പികിലോഗ്രാം | 50 | 875.00 | 55 | 962.50 | 12 | 210.00 | 78.5 | 1373.75 |
| കെട്ടുകമ്പി | 0.37 | 11.10 | 0.37 | 11.10 | | | | |
| ഓടുകൾ എണ്ണം | 120 | 360 | 80 | | | | | |
| ഹുരുഡീസ് | | | 80 | 560.00 | | | | |
| ഫ്യൂണികുലാർ | | | | | | | | |
| ഷെൽ 91x91 | | | | | 9 | 792.00 | | |
| ടി.ബീം 2.76 | | | | | 4 | 772.80 | | |
| ഫ്യൂരികുലാർ | | | | | | | | |
| ഷെൽ 49x91 | | | | | 3 | 177.00 | | |
| മെറ്റൽ 6mm | | | | | 0.46 | 149.50 | | |
| കയറ്റുകൂലി | | | | | LS | 100 | | |
| നനയ്ക്കാനുള്ള | | | | | | | | |
| കൂലി | LS | 75.00 | LS | 75.00 | LS | 75.00 | | |
| പണിക്കൂലി | | 920.00 | | 920.00 | | | | |
| ആകെ | | 3782.50 | | 3951.20 | | 3688 | | 4246 |

# സഹകരണ മേഖല

## അവലോകനം

സമൂഹത്തിൽ ഏറ്റവും വ്യാപകമായ അടിത്തറയുള്ള സംരംഭമാണ് സഹകരണപ്രസ്ഥാനം. സംഘടന മൂലം സ്വാശ്രയത്വത്തെ സുശക്തമാക്കുന്ന ഈ പ്രസ്ഥാനം അശരണരുടെ അഭിവൃദ്ധിക്ക് ഉതകുന്ന ഏറ്റവും ഫലപ്രദമായ പ്രത്യയശാസ്ത്രമത്രെ. ഗ്രാമീണ പുനർനിർമാണമെന്ന സ്വപ്നം പരസ്പരസഹായത്തിൽ കൂടിയുള്ള സ്വാശ്രയത്വം എന്ന തത്വത്തിൽ കൂടി മാത്രമെ സാധ്യമാകൂ.

## ചരിത്രം

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് ഏതാണ്ട് ഏഴ് പതിറ്റാണ്ടിനപ്പുറത്തെ പഴക്കമുണ്ട്.

തറവാടുകളും, തറയോഗങ്ങളും നമ്മുടെ പഴയ കാല സഹകരണമാതൃകകൾ. തറവാട്ടിലെ ഓരോ അംഗവും അദ്ധ്വാനിച്ച് തറവാടിനെ നില നിർത്തി. പുരകെട്ട്, ശവസംസ്കാരം തുടങ്ങിയ കാര്യങ്ങൾ തറയോഗങ്ങൾ നിർവഹിച്ചു. സ്ഥലത്തെ പ്രമാണി വിവരമറിയിച്ചാൽ ദേശവാസികൾ വന്ന് ആവശ്യങ്ങൾ നിറവേറ്റിക്കൊള്ളും. പകരം അവർക്ക് ഒരു ചെറിയ സദ്യ.

നമ്മുടെ പഞ്ചായത്തിലും പുറത്തും ഇന്നും വ്യാപകമായിട്ടുള്ള പണംപയറ്റ്, സഹായക്കുറി, പരിഷ എന്നിവയൊക്കെ ``ഒരുവൻ പലർക്കു വേണ്ടിയും പലരും ഒരുവനു വേണ്ടിയും'' എന്ന പ്രഖ്യാതമായ സിദ്ധാന്തത്തിന്റെ പ്രായോഗവൽക്കരണമത്രെ.

1923-ൽ ഇവിടെ പാലേരി വില്ലേജ് കേന്ദ്രീകരിച്ച് ഒരു ഐക്യനാണയസംഘം രൂപീകരിക്കപ്പെട്ടു. പ്രധാനമായും ചെറുകിട- ദരിദ്രകൃഷിക്കാരെ സഹായിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു വിവിധോദ്ദേശ സംഘമായിരുന്നു അത്.

ശ്രീമാൻ കൊല്ലിയിൽ കേളപ്പക്കുറുപ്പ് ഈ സംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ടായിരുന്നു. സ്വത്തുപണയത്തിൽ കൃഷിക്കാർക്ക് വായ്പ കൊടുക്കലായിരുന്നു പ്രധാനപ്രവർത്തനം.ഓഫീസ് പ്രവർത്തനം പ്രസിഡണ്ടിന്റെ വീട്ടിൽ. പണം സൂക്ഷിച്ചിരുന്നത് പ്രസിഡണ്ടിന്റെ മേശയിൽ അല്ലെങ്കിൽ സെക്രട്ടറിയുടെ കീശയിൽ.

## "സംഘപ്പറമ്പ്"

പുന്നോറത്ത് കൃഷ്ണനടിയോടി പാലേരി ഐക്യനാണയസംഘത്തിന്റെ സെക്രട്ടറിയായിരുന്നു. അദ്ദേഹം തന്റെ പാലേരിയിലെ 11/4 ഏക്കർ സ്ഥലം ഒവ്വോടു മീത്തൽ സ്വന്തം സംഘത്തിൽ പണയം വെച്ചു. കാലം ഏറെ കഴിഞ്ഞില്ല; കൃഷ്ണനടിയോടി സെക്രട്ടറി സ്ഥാനം ഒഴിഞ്ഞു. വായ്പ തിരിച്ചടക്കാൻ കഴിയാതിരുന്നതിനാൽ അദ്ദേഹത്തിന്റെ പറമ്പ് സംഘത്തിന്റേതായി. `സംഘപ്പറമ്പ്' ലേലം ചെയ്ത് സംഘം കടം ഈടാക്കി. ഇന്നും പാലേരിയിലെ ജനങ്ങൾക്ക് ഇത് `സംഘപ്പറമ്പ്' തന്നെ.

1963-ൽ മുതുവണ്ണാച്ച കേന്ദ്രീകരിച്ച് മറ്റൊരു സംഘം രീപീകരിക്കപ്പെട്ടു. മുതുവണ്ണാച്ച സർവ്വീസ്

സഹകരണസംഘം.

കാലം മാറി. 1972-ൽ മേൽപ്പറഞ്ഞ രണ്ട് സംഘങ്ങളും സംയോജിച്ചുകൊണ്ട് പുതിയൊരു സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. ചങ്ങരോത്ത് പഞ്ചായത്ത് സർവ്വീസ് സഹകരണബേങ്ക്.

നിർദ്ധനർക്കും ഇടത്തരക്കാർക്കും ഒത്തുചേർന്ന് ഒരു ജീവിതം പടുത്തുയർത്താനുള്ള സ്ഥാപനങ്ങളായി സഹകരണപ്രസ്ഥാനം വളർന്നുവരണമെന്നുള്ള കാഴ്ചപ്പാട് ഈ സംഘത്തിന്റെ രൂപീകരിണത്തിലൂടെ സാധൂകരിക്കപ്പെട്ടു. പാലേരി, മുതുവണ്ണാച്ച വില്ലേജുകൾക്ക് പുറമെ ചങ്ങരോത്ത് വില്ലേജ് കൂടി ഈ ബേങ്കിന്റെ പ്രവർത്തന പരിധിയിലുൾപ്പെടുത്തി.

ഇന്ന് പഞ്ചായത്തിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനമായി മാറിയ ഈ ബേങ്കിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. കെ. ചാത്തൻ മേനോൻ ആയിരുന്നു. ഭരണസമിതി അംഗങ്ങൾ ശ്രീ. എ.കെ. നാരായണമാരാർ, ശ്രീ. എ. രാഘവൻ വൈദ്യർ, ജ. പി. കുഞ്ഞബ്ദുള്ള, ശ്രീ. ടി.കെ. അനന്തൻ നായർ, ശ്രീ. സി.എച്ച്. കണാരൻ, ജ.കെ.കുഞ്ഞഹമ്മത് ഹാജി, ശ്രീ. എ.കെ. ശ്രീധരൻ നായർ എന്നിവരും ആയിരുന്നു.

ബഹുമാന്യരായ ഈ വ്യക്തികൾക്കു പുറമെ ശ്രീ. ഇ.ജി. ഗോവിന്ദൻ നായർ, വാഴയിൽ കേളപ്പൻ നായർ, പുന്നോറത്ത് കൃഷ്ണൻ അടിയോടി, കാരങ്കോട് ചാത്തുക്കുട്ടിനായർ, ചമ്മങ്കടിയിൽ കണാരനടിയോടി, കല്ലൻ പറമ്പിൽ ചന്തുക്കുട്ടി നായർ, കേശവൻ നായർ, സി.എസ്. നാരായണൻ നായർ എന്നിവരെല്ലാം ഈ പഞ്ചായത്തിലെ ആദ്യകാല സഹകരണ പ്രസ്ഥാനത്തിന്റെ ശില്പികളിൽ പ്രധാനികളത്രെ.

## നിലവിലുള്ള സഹകരണസ്ഥാപനങ്ങൾ

രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾ താഴെ പറയുന്നവയാണ്.

1. ചങ്ങരോത്ത് പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക്
2. ക്ഷീരോല്പാദക സഹകരണ സംഘം - ആവടുക്ക
3. പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ സംഘം പന്തിരിക്കര.
4. ഭവനനിർമ്മാണ സഹകരണസംഘം - പന്തിരിക്കര.
5. മഹിമ - വനിതാ സഹകരണ സംഘം - കടിയങ്ങാട്
6. റബ്ബർ മാർക്കറ്റിങ് സൊസൈറ്റി - ഒറ്റക്കണ്ടം
7. തേനീച്ച വളർത്തു സഹകരണസംഘം - പന്തിരിക്കര
8. സ്കൂൾ സഹകരണ സംഘങ്ങൾ
    1. വടക്കുമ്പാട് ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ
    2. വടക്കുമ്പാട് G.C.P സ്കൂൾ സഹകരണ സ്റ്റോർ
    3. ഹോളിഫാമിലി യു.പി. സ്കൂൾ സഹകരണ സ്റ്റോർ

മേല്പറഞ്ഞവയിൽ റബ്ബർ മാർക്കറ്റിങ് സൊസൈറ്റിയുടെയും തേനുല്പാദക സഹകരണസംഘത്തിന്റെയും പ്രവർത്തനം ഇപ്പോഴില്ല. ക്ഷീരോല്പാദക സഹകരണസംഘത്തിന്റെയും പട്ടികജാതി-പട്ടിവർഗ്ഗ സഹകരണസംഘത്തിന്റെയും പ്രവർത്തനം നാമമാത്രമാണ്. പല കാരണങ്ങളാലും ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളുമായി ജനങ്ങൾക്ക് വലിയ ബന്ധമില്ല.

ഓരോ മേഖലയെ പറ്റിയും പ്രത്യേകമായി പരിശോധിക്കാം.

### 1. പാലുല്പാദക സഹകരണ സംഘം

ഇപ്പോൾ ഈ സംഘത്തിന്റെ പ്രവർത്തനപരിധി പഞ്ചായത്തിലെ അഞ്ചാംവാർഡ് മാത്രമാണ്. ഒരു ജീവനക്കാരൻ മാത്രമാണുള്ളത്. 1978-ൽ പ്രവർത്തനമാരംഭിച്ചു. 10 രൂപ വീതം ഓഹരി വിലയുള്ള 349 അംഗങ്ങളാണുള്ളത്. അംഗീകൃതമൂലധനം 10000 രൂപ. സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നില്ല. കൃഷിക്കാരിൽ നിന്നും പാൽ ശേഖരിച്ച വില്പന നടത്തുന്ന പ്രവർത്തനം മാത്രമാണ് ഇപ്പോഴുള്ളത്. ഇതും വളരെ പരിമിതമായി മാത്രമാണ്.

ഈ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കാനുള്ള സാധ്യതകൾ ഏറെയുണ്ട്. മാനേജ്മെന്റ് കാര്യക്ഷമമാക്കേണ്ടതുണ്ട്. ഗ്രാമപ്രദേശങ്ങളിൽ നിന്ന് കൃഷിക്കാരുമായി നേരിട്ട് ബന്ധപ്പെട്ട് പാൽ ശേഖരിക്കുന്നതിനും വില്പന നടത്തുന്നിനും ആവശ്യമായ സംവിധാനമുണ്ടാക്കണം. സംഘത്തിന്റെ ഉടമസ്ഥതയിൽ തന്നെ പാലുല്പാദനങ്ങൾ (വെണ്ണ, നെയ്യ്, തൈര് തുടങ്ങിയവ) നിർമ്മിക്കാൻ കഴിയണം. നല്ലയിനം പശുക്കളെ വാങ്ങുന്നതിനും വളർത്തുന്നതിനും ആവശ്യമായ ധനസഹായം കൃഷിക്കാർക്ക് ചെയ്തുകൊടുക്കാൻ സൊസൈറ്റി ഏർപ്പാടുണ്ടാക്കണം. അഞ്ചാം

വാർഡിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന ഇതിന്റെ പ്രവർത്തനം മറ്റു വാർഡുകളിലേക്കു കൂടി വ്യാപിപ്പിക്കണം. സംഘത്തിന്റെ ആഭിമുഖ്യത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുവാനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികളും പുഴത്തീരങ്ങളും ഈ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. വനിതകൾക്കായി ക്ഷീരോല്പന്ന നിർമ്മാണത്തിനാവശ്യമായ പരിശീലനക്ലാസ്സുകൾ സംഘടിപ്പികാം. ഇക്കാര്യത്തിൽ പഞ്ചായത്തിലെ വനിതാ സംഘടനകളുടെ സഹായം ലഭ്യമാക്കേണ്ടതുണ്ട്.

### 2. പട്ടികജാതിപട്ടികവർഗ്ഗ വികസന സഹകരണ സംഘം

1991-ൽ പ്രവർത്തനമാരംഭിച്ചു പ്രവർത്തനക്ഷമമല്ല.

### 3. കോ ഓപ്പറേറ്റീവ് റൂറൽ ഹൗസിങ് സൊസൈറ്റി

ചങ്ങരോത്ത്, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, കായണ്ണ എന്നീ പഞ്ചായത്തുകളാണ് ഇതിന്റെ പ്രവർത്തനപരിധി. 1982-ൽ ആരംഭിച്ചു. 467 ഓഹരികളുണ്ട്. ഓഹരി വില നൂറ് രൂപ. പ്രവർത്തന മൂലധനം 170000 രൂപയാണ്. പരിമിതമായി മാത്രം ലോൺ അനുവദിക്കുന്നു.

ലോൺ ലഭിക്കുന്നതിനുള്ള സാങ്കേതിക പ്രയാസങ്ങളാണ് ഈ സ്ഥാപനവുമായി ബന്ധപ്പെടാൻ ആവശ്യക്കാർ വിമുഖത കാണിക്കുന്നതിന് പിന്നിലുള്ള കാരണം. മാത്രമല്ല, ലോൺ അനുവദിച്ചുകിട്ടുന്നതിനായി ദീർഘകാലം കാത്തിരിക്കേണ്ടിയും വരുന്നു.

പാർപ്പിടപ്രശ്നം ചങ്ങരോത്ത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ രൂക്ഷമാണ്. ഗ്രാമങ്ങളിലെ ഇടത്തരം വരുമാനക്കാർക്കു പോലും സൗകര്യപ്രദമായ വീടുകളില്ല. ഈ ഒരവസ്ഥയിൽ ഹൗസിങ് സൊസൈറ്റയുടെ പ്രവർത്തനം ഏറെ പ്രസക്തമാണ്. എന്നാൽഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ ഇപ്പോഴുള്ള സംഘത്തിന് കഴിയുന്നില്ല. കൂടുതൽ മൂലധനം കണ്ടെത്തിയും സർക്കാരിൽ നിന്നുള്ള സഹായം നേടിയെടുത്തും ധനം സമാഹരിക്കാൻ കഴിയണം. സർക്കാർ ജീവനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും ചുരുങ്ങിയ പലിശനിരക്കിൽ ഭവനവായ്പകൾ കൊടുക്കാൻ കഴിയണം. സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും സംവിധാനമുണ്ടാക്കേണ്ടതായിട്ടുണ്ട്.

### 4 മഹിമവനിത റെഡിമെയ്ഡ് ഇന്റസ്ട്രിയൽ സഹകരണ സംഘം കടിയങ്ങാട്

1000 രൂപ വിലയുള്ള പത്ത് ഓഹരികൾ മാത്രമുള്ള ഒരു സംഘമാണ് ഇത്. സർക്കാർ ധനസഹായമായി അമ്പതിനായിരം രൂപയും ലഭിച്ചിട്ടുണ്ട്. വസ്ത്ര നിർമാണത്തിൽ വനിതകൾക്ക് പരിശീലനം കൊടുക്കുന്നുണ്ട്. നാല് ജീവനക്കാരാണ് ഇവിടെ ഇപ്പോൾ ഉള്ളത്.

പഞ്ചായത്തിൽ വളരെയേറെ വികസനസാധ്യതയുള്ള ഒരു മേഖലയാണ് റെഡിമെയ്ഡ് വസ്ത്ര നിർമാണ മേഖല. തയ്യൽ പരിശീലനം ലഭിച്ച നിരവധി വനിതകൾ ഈ ഗ്രാമത്തിലുണ്ട്. ഈ വിഭാഗങ്ങളെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്ര നിർമാണവ്യവസായം വികസിപ്പിക്കാൻ കഴിയും. പഞ്ചായത്തിലെ പതിനഞ്ചോളം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ യൂനിഫോമുകളത്രയും ഇത്തരം സംരംഭങ്ങളിലൂടെ വിതരണം ചെയ്യാൻ കഴിയും. കൂടാതെ യൂനിഫോം ആവശ്യമുള്ള മറ്റു തൊഴിൽ മേഖലകളിലേക്കും വസ്ത്രം നിർമ്മിച്ച വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കാം.

### 5. സ്കൂൾ സഹകരണ സ്റ്റോർ

വടക്കുമ്പാടം ഹൈസ്കൂൾ സഹകരണസംഘം വടക്കുമ്പാട് ഗവ. എൽ.പി.സ്കൂൾ സഹകരണ സംഘം, ഹോളിഫാമിലി യു.പി.സ്കൂൾ സഹകരണ സംഘം എന്നിവയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഇവയെല്ലാം ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളാണ്. വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തങ്ങളും നോട്ടുപുസ്തകങ്ങളും മാത്രമാണ് ഈ സ്റ്റോറുകളിലൂടെ വിതരണം ചെയ്യപ്പെടുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ യൂനിഫോമുകൾ പഠനോപകരണങ്ങൾ കൂട, കോസ്മറ്റിക്കുകൾ എന്നിവയും വിതരണം ചെയ്യാൻ കഴിഞ്ഞാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെക്കാൻ കഴിയും. ഇതിനുള്ള സാധ്യതകളുണ്ട്.

### 6. ചങ്ങരോത്ത് പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക്

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ഒരു ക്രെഡിറ്റ് സൊസൈറ്റിയാണ് ഈ സ്ഥാപനം. 11372 മെമ്പർമാരുണ്ട്. ഇത് പഞ്ചായത്തിലെ ആകെ വോട്ടർമാരുടെ 63% വും മൊത്തം ജനസംഖ്യയുടെ 37.93% വുമാണ്. 1972-ൽ സ്ഥാപിതമായി കഴിഞ്ഞ 25 വർഷം തളർച്ചയുടെയും വളർച്ചയുടെയും കാലമായി

രുന്നു.

## നടപ്പിലാക്കുന്ന പദ്ധതികൾ

### 1. കാർഷികവായ്പ

മെമ്പർമാരിൽ അധികഭാഗവും കൃഷിക്കാരാണ്. ഇവർസാമ്പത്തികാവശ്യത്തിനായി ബാങ്കിനെ സമീപിക്കുന്ന കൃഷിക്കാരുടെ സാമ്പത്തികാവശ്യങ്ങൾ മുഴുവനായി നിറവേറ്റുവാൻ ഈ സ്ഥാപനം കൊണ്ട് കഴിയാറില്ല. വർഷം തോറും ഏതാണ്ട് 24 ലക്ഷം രൂപയുടെ വായ്പാ അപേക്ഷ ലഭിക്കാറുണ്ട്. 1994-ൽ 110000 95-ൽ 422500രൂപയും 96-ൽ 813000 രൂപയുമാണ് കാർഷികവായ്പയായി വിതരണം ചെയ്തത്. ഇത് മൊത്തം ആവശ്യകതയുടെ മൂന്നിൽ ഒരു ഭാഗം മാത്രമേ വരുന്നുള്ളൂ. ജില്ലാ സഹകരണ ബാങ്കിന്റെ സഹായത്തോടെയാണ് ഇപ്പോൾ കാർഷികവായ്പകൾ കൊടുത്തുവരുന്നത്. 12.5% പലിശനിരക്കിൽ ഹ്രസ്വകാല വായ്പകളാണ് ഇത് വിതരണം ചെയ്തുവരുന്നത്.

### 2. കാർഷികേതര വായ്പകൾ

ബാങ്കിന്റെ സ്വന്തം ഫണ്ടുപയോഗിച്ച് ഹ്രസ്വകാല കാർഷികേതര വായ്പകൾ കൊടുത്തുവരുന്നു. ഒരാൾക്ക് പരമാവധി 10000 രൂപയാണ് അനുവദിക്കുന്നത്. ഉദ്യോഗസ്ഥരുടെ ജാമ്യത്തിൽ വ്യക്തികൾക്കായി 5000 രൂപയുടെ വ്യക്തിപര വായ്പയും കൊടുത്തുവരുന്നുണ്ട്. സ്വർണഉരുപ്പടി പണയത്തിന്മേൽ 20000 രൂപ വരെ വീട്ടാവശ്യങ്ങൾക്കായി നൽകി വരുന്നു.

സർക്കാർ സഹായത്തോടെ വിവിധാവശ്യങ്ങൾക്കായി താഴ്ന്ന വരുമാനക്കാർക്ക് IRDP ലോൺ കൊടുത്തുവരുന്നുണ്ട്. 1994-ൽ 78800 രൂപയും 95-ൽ 134405 രൂപയും 96-ൽ 111000 രൂപയുമാണ് ഈയിനത്തിൽ വിതരണം ചെയ്തത്.

## മറ്റു പ്രവർത്തനങ്ങൾ

വളം ഡിപ്പോയുടെ പ്രവർത്തനം - കൃഷിക്കാർക്ക് ആവശ്യമായ വളവും കീടനാശിനികളും വിതരണം ചെയ്യുന്നതിനായി ബാങ്കിനോടനുബന്ധിച്ച് സംവിധാനമുണ്ട്. നമ്മുടെ പഞ്ചായത്തിൽ മാത്രമല്ല തൊട്ടടുത്ത് പ്രദേശങ്ങളിൽ നിന്നും കൃഷിക്കാർ ഈ ആവശ്യത്തിനായി ബാങ്കിനെ സമീപിക്കാറുണ്ട്. വളം സ്റ്റോക്കു ചെയ്യുന്നതിനുള്ള ഗോഡൗൺ സൗകര്യം ഇപ്പോൾ ഉണ്ട്. കൃഷിഭവൻ മുഖേനയുള്ള രാസവളകിറ്റ് വിതരണവും മറ്റു വളം വിതരണപദ്ധതികളും ബാങ്ക് ഏറ്റെടുത്ത് നടത്താറുണ്ട്.

പഞ്ചായത്തിലെ കൃഷിക്കാർക്ക് ഏറ്റവും പ്രയോജനപ്രദമായ ഈ സംവിധാനം ചെറിയകുമ്പളം, കടിയങ്ങാട്, പന്തിരിക്കര തുടങ്ങിയ പ്രദേശങ്ങലിലേക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്.

1994-ൽ 366436 രൂപയുടെയും 91 ടൺ രാസവളവും 95-ൽ 443695 രൂപയുടെ 11 ടൺ രാസവളവും 96-ൽ 347384 രൂപയുടെ 90 ടൺ രാസവളവും വില്പനയുണ്ടായി. രാസവളത്തിന്റെ വിലക്കയറ്റം സബ്സിഡി നീക്കം ചെയ്ത നടപടി തുടങ്ങിയ കാരണങ്ങളാൽ ഇതിന്റെ വില്പനയിൽ കുറവനുഭവപ്പെടുന്നുണ്ട്.

## സഹകരണസ്റ്റോർ

അവശ്യസാധനങ്ങളുടെ വിതരണപദ്ധതിയുടെ ഭാഗമായി പാലേരിയിൽ ഒരു സഹകരണസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഇതിന് പൊതുജനങ്ങലുടെ സഹകരണം നന്നായി ലഭിക്കുന്നുണ്ടെങ്കിലും സാധനങ്ങൾക്ക് പൊതമാർക്കറ്റിലെ വിലയുമായി വളരെ വ്യത്യാസമില്ലാത്തതു കൊണ്ട് വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ ഈ സ്ഥാപനം കൊണ്ട വലിയ പ്രയോജനമൊന്നും ലഭിക്കുന്നില്ല.

ചങ്ങരോത്ത് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് നേരിടുന്ന ചില പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

പഞ്ചായത്തിലെ ഇന്നത്തെ സാമൂഹ്യസാമ്പത്തിക പശ്ചാത്തലത്തിൽ ഏറ്റവും ആവശ്യവും വികസനസാദ്ധ്യതയുള്ളതുമായ ഒരു സേവനരംഗമാണ് സർവ്വീസ് സഹകരണമേഖല. എന്നാൽ ഇതിന്റെ വളർച്ച വിഘാതമായി നിൽക്കുന്ന ചില പ്രത്യേക സാഹചര്യങ്ങൾ ഉണ്ട്.

1. സങ്കുചിതമായ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരം. ഇതിന്റെ വികസനപ്രക്രിയക്ക് തടസ്സമായി നിൽക്കുന്നു. ഇതിന്റെ ഫലമായി തെരഞ്ഞെടുപ്പു ചെലവുകളും അനാവശ്യമായ കോടതിചെലവുകളും ഉണ്ടാകുന്നു. ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ദീർഘകാലമായി നീണ്ടുനിന്ന നിയമപോരാട്ടത്തിൽ വൻതോതിലുള്ള ചെലവുകൾക്ക് കാരണമായി. 3 വർഷങ്ങൾ കൂടുമ്പോഴുണ്ടാകുന്ന തെരഞ്ഞെടുപ്പു ചെലവുകൾ ഈ സ്ഥാപനത്തിന് താങ്ങാവുന്നതിലേറെയായിരുന്നു.

2. ഡിപ്പാർട്ട്മെന്റ് മേധാവിത്തം.

സമഗ്രമായ ഒരു ബൈലോ ഭേദഗതി ഈ ബാങ്കിന് ആവശ്യമായിരുന്നു. പഴയ നിയമനടപടികൾ വെച്ചു കൊണ്ട് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥാ യാണ് ഉണ്ടായിരുന്നത്. പൊതുയോഗം ചേർന്ന ബൈലോ ഭേദഗതികൾ അവതരിപ്പിച്ച് അംഗീകരി ച്ചുവെങ്കിലും ഡിപ്പാർട്ട്മെന്റ് അതിന് അംഗീകാരം നൽകിയിട്ടില്ല. വികസനപ്രക്രിയകൾക്ക് തടസ്സം നിൽക്കുന്ന ഇത്തരം നടപടികൾ അവസാനിപ്പി ക്കാനും നടപടിയുണ്ടാവണം.

## സഹകരണരംഗത്തെ പൊതുവായ ചില പ്രശ്നങ്ങൾ.

സംസ്ഥാന സഹകരണ ബാങ്കു മുതൽ പ്രാഥമിക സഹകരണ ബാങ്കു വരെയുള്ള ക്രഡിറ്റു സംഘങ്ങളെ ഒന്നിച്ചു കണ്ടുകൊണ്ട് മാത്രമേ ഈ മേഖലയിലുള്ള പ്രശ്നങ്ങൾ വിലയിരുത്താൻ കഴിയൂ. സ്വകാര്യവൽക്ക രണം ഒരു ലക്ഷ്യമായി പ്രഖ്യാപിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നതുമൂലം സഹകരണ രംഗം പ്രത്യക്ഷമായും പരോക്ഷമായും നിരവധി വെല്ലുവി ളികൾ നേരിട്ടുകൊണ്ടിരിക്കുന്നു.

### 1. ആസൂത്രണത്തിന്റെ അഭാവം

വന്നതെല്ലാം വരവും പോയതെല്ലാം ചിലവും എന്ന രീതിയിലാണ് സംഘങ്ങളുടെ പ്രവർത്തനം അടുത്ത 5 വർഷക്കാലം ഏതേതു മേഖലയിൽ എങ്ങിനെ പ്രവർത്തിക്കണമെന്നും അതിൽ ഓരോ സാമ്പത്തീക വർഷത്തേയും ടാർജറ്റ് എന്തായിരിക്കണമെന്നും ചർച്ച ചെയ്തു തീരുമാനിക്കപ്പെടുന്നില്ല.

### 2.വർദ്ധിച്ചു വരുന്ന വായ്പാകുടിശ്ശിക.

പ്രാധമീക സഹകരണസംഘങ്ങളിൽ 20-25% ആണ് വായ്പാകുടിശ്ശിക. ഇത് പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. അവധി ബാക്കി പിരിച്ചെടുക്കാൻ ഫലപ്രദമായ മാർഗ്ഗങ്ങളും ഇന്നില്ലാത്തതിനിൽ സംഘങ്ങൾ വന്പിച്ച നഷ്ടം നേരിടേണ്ടിവരുന്നു.

### 3.മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ.

പഞ്ചായത്തിൽ തകർന്നു പൊയ തേനുല്പാദക സഹകരണ സംഘത്തിന്റെയും റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടേയും അനുഭവം ഈ പശ്ചാത്തല ത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്.

## പരിഹാര നിർദ്ദേശങ്ങൾ സാദ്ധ്യതകൾ.

1. നമ്മുടെ ഗ്രാമത്തിൽ വിവിധ മേഖലയിൽ പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകളേറെയുണ്ട്.

   ഭവന നിർമ്മാണം, കക്കൂസുകൾ, റോഡ്, തോട്, പാലം, സ്കൂൾ കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ഏറ്റെടുത്തു നടത്തുന്നതി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിച്ച്, പ്രവർത്തി ക്കാവുന്നതാണ്. ഈ രംഗത്ത് തൊഴിലവസരം സൃഷ്ടിക്കാനും ഇത് സഹായകരമായിരിക്കും.

   സഹകരണ മേഖലയിൽ സമാന്തര സ്കൂളുകൾ, വനിതാവസ്ത്ര നിർമ്മാണ സഹകരണ സംഘം എന്നിവക്കും സാദ്ധ്യതകളുണ്ട്. ഈ രംഗത്ത് തയ്യൽ പരിശീലനം ലഭിച്ച ഒട്ടനവധി വനിതകൾ ഈ പഞ്ചാ യത്തിലുണ്ട്.

2. നിലവിലുള്ള ക്ഷീരോല്പാദക സഹകരണസംഘ ത്തിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. ഉൾനാടുകളിൽ കർഷകരെ സമീപിച്ച് പാൽ ശേഖരിക്കുന്നതിനും പഞ്ചായത്തിലെ മുഴു വൻ പ്രദേശങ്ങലളിലേക്കും പ്രവർത്തനം വ്യാപി പ്പിക്കുന്നതിനും സാദ്ധ്യതകളുണ്ട്.

   പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടു ത്താൻ കഴിയുന്നതാണ്. കൂടുതൽ വിഭവങ്ങൾ കണ്ടെത്തി സഹകരണാടിസ്ഥാനത്തിൽ ഈ വിഭാഗം ജനങ്ങളുടെ പരമ്പരാഗത തൊഴിൽ മേഖല പുഷ്ടിപ്പെടുത്താൻ കഴിയും.

3. റബ്ബർ കൃഷിക്കാരെ സംബന്ധിച്ച് നിലച്ചുപോയ റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാൻ കഴിയും.

   തേനീച്ച വളർത്തലിൽ കൃഷിക്കാർക്ക് പരിശീലനം കൊടുക്കാൻ സംരംഭമുണ്ടാകണം. തേനീച്ച വളർത്തു സഹകരണ സംഘത്തിന്റേയും പ്രവർത്തനം വീണ്ടെടുക്കാവുന്നതാണ്.

4. സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കാനും വ്യാപിപ്പിക്കാനും കഴി യണം. നബാർഡുപോലുള്ള ബാങ്കിങ്ങ് സ്ഥാപന ങ്ങളുമായി ബന്ധപ്പെട്ട് കാർഷക വായ്പ ഉദാര വൽക്കരിക്കുന്നതിന് നടപടിയുണ്ടാവണം.

വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും, വായ്പാരീതി ലളിതവൽക്കരിക്കുകയും ചെയ്യണം.

ജനകീയ പങ്കാളിത്തത്തോടെ അവധി ബാക്കി പിരിച്ചെടുക്കുന്നതിനും സ്ഥിര-താൽക്കാലിക നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനും കഴിയണം. ചിട്ടി,ഗ്രൂപ്പു നിക്ഷേപ പദ്ധതി,തുടങ്ങിയവ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികളുണ്ടാവണം.

NRI എക്കൗണ്ടുകൾ സഹകരണ ബാങ്കുകളിൽ കൂടി ഏർപ്പെടുത്താൻ നിയമ നടപടിയുണ്ടാവണം. ഗ്രാമ പഞ്ചായത്തുകളുടെ ഫണ്ടുകളും മറ്റും സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള തടസ്സം നീക്കം ചെയ്യാൻ കഴിയണം.

അംഗങ്ങളുടെ ആവശ്യത്തിനുള്ള പുതിയ സ്കീമുകൾ തയ്യാറാക്കുന്നതിനും,നടപ്പിലാക്കുന്നതിനും ഇന്നുള്ള സാങ്കേതിക തടസ്സങ്ങൾ ഇല്ലാതാക്കാൻ കഴിയണം.

സ്വത്തുജാമ്യ വായ്പയിൽ പ്രാഥമിക സഹകരണബാങ്കുകൾക്ക് നേരിട്ട് വസ്തു ലേലം ചെയ്തു വായ്പ ഈടാക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കണം.

മുഴുവൻ വായ്പയും സഹകരണസംഘങ്ങൾ വഴി ചാനലൈസ് ചെയ്യുന്നതിന് ജില്ലാ- സംസ്ഥാന ബാങ്കുകൾ തയ്യാറാകണം.

സഹകരണരംഗത്ത് നിലനില്കുന്ന ബോധവൽക്കരണത്തിന്റെ അഭാവം ഈ മേഖലയിലെ മുരടിപ്പിന് പ്രധാന കാരണമാണ്.ബോധവൽക്കരണ പ്രക്രിയയിലൂടെ സഹകരണം ജനങ്ങളുടെ ഒരു ജീവിത ക്രമമായി മാറ്റുവാൻ കഴിഞ്ഞാൽ പൊതുവെ ഇന്നു നിലനിൽക്കുന്ന സ്ഥംഭനാവസ്ഥക്ക് പരിഹാരമാകും.

## സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ.

| സീരിയൽ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രെഡിറ്റ് / നോൺക്രഡിറ്റ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | സർക്കാർ ഓഹരിയുണ്ടോ | ഉണ്ടെങ്കിൽ ലഭിച്ച തുക | പൊതുജനനിധിനിക്ഷേപം | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സ്ഥിരം | ഹ്രസ്വകാലം |
| 1. | ചങ്ങരോത്ത് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് NO.D.1998. | ചങ്ങരോത്ത് പഞ്ചായത്ത് | ക്രഡിറ്റ് | 1972 | 11372 | Rs.5/. | Rs.12ലക്ഷം | ഉണ്ട് | 13800/. | 35ലക്ഷം | 14ലക്ഷം. |
| 2. | പന്തിരിക്കര കോറ്റൂരൽ ഹൗസിങ്ങ് സൊസൈറ്റി- NO.D2331. | ചങ്ങരോത്ത്- ചക്കിട്ടപ്പാറ കൂതച്ചുണ്ട്- കറയണ്ണ- | ക്രഡിറ്റ് | 1982 | 467 | Rs. 100/. | - | ഉണ്ട് | 170000 | - | - |
| 3. | മഹിമ വനിത റെഡിമെയ്ഡ് ഇന്ദ്രവയൽ സഹകരണസംഘം | കടിയങ്ങാട് | നോൺ ക്രഡിറ്റ് | 1994 | 10 | Rs.1000/. | - | ഉണ്ട് | 50000 | - | - |
| 4. | പന്തിരിക്കര ക്ഷീരോൽപ്പാദക സഹകരണസംഘം | ചങ്ങരോത്ത് പഞ്ചായത്ത് V- വാർഡ് | നോൺ ക്രഡിറ്റ് | 1978 | 349 | Rs.10/. | Rs.10000/. | ഇല്ല | - | - | - |

വോട്ടർമാർ 18033/.

വോട്ടർമാർ 63.06%.

ജനസംഖ്യ 37.93%.

# വിദ്യാഭ്യാസം

മണലെഴുത്തിൽ നിന്നും കുടിപ്പള്ളിക്കൂടത്തിന്റെച രിത്രഘട്ടത്തിലേക്ക്- പഞ്ചായത്തിലെ വിദ്യാഭ്യാസമേ ഖലയുടെ ചരിത്രം നമുക്ക് തുടങ്ങാം.

പാലേരിയിലെ പുത്തൻപുരയിൽ പറമ്പിലെ കുടി പ്പള്ളിക്കൂടം. ചാപ്പൻ അടിയോടിയായിരുന്നു ആശാൻ. ചങ്ങരോത്ത് കേളോത്ത് കണ്ടി പറമ്പിൽ അപ്പു അടി യോടി, രാമുണ്ണി അടിയോടി എന്നിവർ മുൻകയ്യെ ടുത്തു നടത്തിയ സ്ഥാപനം. പാലേരിയിലെ വടക്കോ ട്ടുമ്മൽ പറമ്പിൽ വടക്കോട്ടുമ്മൽ നമ്പ്യാർ ആരംഭിച്ച മറ്റൊന്ന്. ഇങ്ങനെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങ ളിൽ നിലനിന്നിരുന്ന കുടിപ്പള്ളിക്കൂടങ്ങളായിരുന്നു പഞ്ചായത്തിലെ വിദ്യാഭ്യാസ മേഘലയുടെ ആദ്യ പട വുകൾ.

1914 ൽ പാലേരിയിലെ പുത്തൻപുരയിൽ പറമ്പിൽ താലൂക്ക് ബോർഡിന്റെ കീഴിൽ " ബോർഡ് ബോയ്സ് സ്കൂൾ" എന്ന പേരിൽ ആരംഭിച്ച സ്ഥാപനമാണ് പഞ്ചായത്തിലെ പ്രധമവിദ്യാലയം. ഈ സ്ഥാപനം പിന്നീട് ഡിസ്ട്രിക്ടിന്റെ കീഴിലും കേരളപ്പിറവിയോടെ ഗവൺമെന്റ് എൽ. പി. സ്കൂളായും (വടക്കുംമ്പാട്) മാറി.

1954-ൽ കേന്ദ്ര ഗവർമെണ്ട് ആവിഷ്കരിച്ച ഒരു പ്രത്യേക പദ്ധതിപ്രകാരം പുറവൂർ, കൂനിയോട്, ചെറി യകുമ്പളം, കുന്നശ്ശേരി, എന്നിവിടങ്ങളിൽ ഏകാദ്ധ്യാ പക വിദ്യാലയങ്ങലൾ സ്ഥാപിക്കപ്പെട്ടു.

ചങ്ങരോത്തെ കുടിയേറ്റ കേന്ദ്രമായ ഒറ്റക്കണ്ടത്തി ലാണ് ആദ്യത്തെ യു. പി. സ്കൂൾ സ്ഥാപിക്കപ്പെട്ടത്. പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയിലേക്ക് ക്രൂസ്തീയ മിഷനറിമാർ കടന്നു വരുന്നത് ഇതോടു കൂടിയാണ്.

**1951- ജനുവരി 1**

കേരള മുഖ്യമന്ത്രി ശ്രീ ഇ എം എസ് നമ്പൂതിരി പ്പാട് അന്ന് വടക്കുംമ്പാട് സെക്കന്ററി സ്കൂളിന്ന് തറ ക്കല്ലിട്ടു. പഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാഭ്യാസ ത്തിന്റേയും തറക്കല്ലിടലായിരുന്നു അത്. നിലവിലുണ്ടാ യിരുന്ന യു.പി. സ്കൂളിന്റെ മാനേജ്മെന്റ് വിട്ടുകൊ ടുക്കാൻ എ.കെ മാധവ മാരാരും ആവശ്യമായ സ്ഥലം വിട്ടുകൊടുക്കാൻ നരിക്കൽ ചാത്തൻ അധികാരിയും കാണിച്ച വിശാല മനസ്കത ഹൈസ്കൂൾ സംരഭ ത്തിന് സഹായകമായി. ഹൈസ്കൂൾ സ്ഥാപിക്കുന്ന തിനു വേണ്ടി മുൻകയ്യെടുത്ത നിരവധിപേരുണ്ട്. പി.കെ മൊയ്തു, എറക്കോട്ട അന്ത്രുഹാജി, എരാഘ വൻവൈദ്യർ എന്നിവരുടെ സേവനം എന്നും ഓർമ്മി ക്കപ്പെടേണ്ടതാണ്. സ്ഥലം എം എൽ. എ ആയിരുന്ന കുമാരൻമാസ്റ്ററുടെ പരിശ്രമവും സി എച്ച് കണാരന്റെ പിൻബലവും ഈവിദ്യാലയത്തിന്റെ സ്ഥാപനത്തിന് സഹായകമായിട്ടുണ്ട്. ഈവിദ്യാലയത്തിലെ അദ്ധ്യാപ കരായിരുന്ന വി. വി. ദക്ഷിണാമൂർത്തിയും, എ.കെ പത്മനാഭനും കേരളനിയമസഭയിൽ അംഗങ്ങളായി ട്ടുണ്ട്.

ഈ ക്രമത്തിൽ പിച്ച വെച്ച് നടക്കാനാരംഭിച്ച പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല ഇന്ന് രണ്ട്, എട്ടാം ക്ലാസ്സ് മുതലുള്ള ഹോളി ഫാമിലിയും, അഞ്ചാം ക്ലാസ്സു മുതലുള്ള ഹൈസ്കൂളും വടക്കുംമ്പാട് രണ്ട് യു.പി.സ്കൂളും 11 എൽ. പി. സ്കൂളുമായി പടർന്നു

പന്തലിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 2 ഹൈസ്കൂൾ ഉണ്ട് എന്നത് വിദ്യാഭ്യാസമേഖലയിലെ എടുത്തുപറയത്തക്ക ഒരു മേന്മയാണ്.

(പട്ടിക 1 കാണുക)

പതിനഞ്ച് വിദ്യാലയങ്ങളും അതിൽ പഠിക്കുന്ന 6065 കുട്ടികളും അവരുടെ രക്ഷിതാക്കളും 229 അധ്യാപകരും അധ്യാപകേതര ജീവനക്കാരും അടങ്ങിയതാണ് പഞ്ചായത്തിലെ വിദ്യാഭ്യാസമേഖല. ഒറ്റപ്പെട്ടു കിടക്കുന്ന ``കല്ലൂർ" ഒഴിച്ച് സ്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യമുള്ള പഞ്ചായത്താണിത്. ആകെയുള്ള പതിനഞ്ച് വിദ്യാലയങ്ങളിൽ ആറെണ്ണം സർക്കാർ മേഖലയിലും ഒമ്പതെണ്ണം സ്വകാര്യ മേഖലയിലുമാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പഞ്ചായത്തിലില്ല. സമീപ പ്രദേശങ്ങളിലുള്ള ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ രക്ഷിതാക്കളെ വലിയ അളവിൽ ആകർഷിച്ചിട്ടുമില്ല. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലോ സമീപ പ്രദേശങ്ങളിലോ ഇല്ല.ബിരുദ, സാങ്കേതികപഠനങ്ങൾക്ക് വിദൂര പട്ടണങ്ങളെ ആശ്രയിക്കുകയേ വഴിയുള്ളൂ. ഇതിനാൽ ഇടത്തരം ദരിദ്ര കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം വഴിമുട്ടുന്നു. സമാന്തര കലാലയങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. പഞ്ചായത്തിലെ മൂന്നു പാരലൽ കോളേജുകളിലായി കുട്ടികൾ പഠിക്കുന്നുണ്ട്.

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

### ഭൗതീക സാഹചര്യങ്ങൾ

ഭൗതീക സാഹചര്യങ്ങളെ സംബന്ധിച്ച് സ്വയം വിശദമാക്കുന്ന പട്ടികയിലെ സൂചനകളും, പ്രവണതകളും വിദ്യാഭ്യാസ മേഖലയിലെ അപര്യാപ്തത വ്യക്തമാക്കുന്നു. പ്രീ-കെ. ഇ. ആറിന്റെ പിൻബലം നിലനില്ക്കുന്നതുകൊണ്ട്, സ്കൂളുകൾ പലതും ജീർണ്ണിച്ച കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വായുവും വെളിച്ചവും കടക്കാത്ത ഇത്തരം ക്ലാസുമുറികൾ വിദ്യാർത്ഥികളുടെ പഠനത്തെയും, ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. കേരളവിദ്യാഭ്യാസ ചട്ടത്തിലെ പ്രീ- കെ. ഇ. ആർ സംരക്ഷണം നീക്കം ചെയ്താലല്ലാതെ ജനകീയ ഇടപെടൽ കൊണ്ട് മാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. ശാസ്ത്ര

പട്ടിക 1

| ക്രമ നമ്പർ | സ്കൂൾ | മാനേജ്മെന്റ് | ഗവ. | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അധ്യാപകർ ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | വടക്കുമ്പാട് സെക്കന്ററി സ്കൂൾ | എയ്ഡഡ് | - | 927 | 917 | 1844 | 40 | 23 | 63 |
| 2 | ഹോളി ഫാമിലി ഹൈസ്കൂൾ പടത്തുംകടവ് | " | - | 365 | 385 | 750 | 18 | 12 | 30 |
| 3. | ഹോളി ഫമിലി യു.പി. സ്കൂൾ പടത്തുകടവ് | എയ്ഡഡ് | - | 494 | 459 | 953 | 11 | 20 | 31 |
| 4 | ചങ്ങരോത്ത് എം.യു.പി. സ്കൂൾ | എയ്ഡഡ് | - | 297 | 264 | 561 | 16 | 6 | 22 |
| 5 | കന്നാട്ടി എൽ.പി. സ്കൂൾ | എയ്ഡഡ് | - | 105 | 94 | 199 | 5 | 3 | 8 |
| 6 | ആവടുക്ക എൽ.പി. സ്കൂൾ | എയ്ഡഡ് | - | 112 | 109 | 221 | 4 | 5 | 9 |
| 7 | പാലേരി എൽ.പി. സ്കൂൾ | എയ്ഡഡ് | - | 127 | 122 | 249 | 5 | 4 | 9 |
| 8 | പാലേരി എം.എൽ.പി. സ്കൂൾ | എയ്ഡഡ് | - | 59 | 60 | 119 | 4 | 1 | 5 |
| 9 | കടിയങ്ങാട് എൽ.പി. സ്കൂൾ | എയ്ഡഡ് | - | 144 | 124 | 268 | 7 | 3 | 10 |
| 10 | ജി.എൽ.പി. എസ്. ചെറിയകുമ്പളം | - | ഗവ. | 91 | 111 | 202 | 5 | 4 | 9 |
| 11 | ജി.എൽ.പി.എസ്. കുന്നശ്ശേരി | - | ഗവ. | 66 | 49 | 115 | 3 | 2 | 5 |
| 12 | ജി.എൽ.പി.എസ്. കൂനിയോട് | | ഗവ | 48 | 59 | 107 | 5 | | 5 |
| 13 | ജി.എൽ.പി. എസ്. വടക്കുമ്പാട് | | ഗവ. | 109 | 134 | 243 | 6 | 4 | 10 |
| 14 | ജി.എൽ.പി.എസ്. മുതുവണ്ണാച്ച | | ഗവ. | 112 | 95 | 207 | 8 | | 8 |
| 15 | എച്ച്.ഡബ്ല്യു.ജി.എൽ.പി.എസ്. ചങ്ങരോത്ത് | | ഗവ. | 14 | 13 | 27 | 4 | 1 | 5 |

സാങ്കേതീക വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുന്ന ഒരു സിലബസ്സാണല്ലോ ഇന്ന് നിലവിലുള്ളകത്. ഈ വിഷയങ്ങൾ പഠിക്കുന്നതിന്നും പഠിപ്പിക്കുന്നതിന്നും പരീക്ഷണശാല അത്യാവശ്യമാണല്ലോ? എന്നാൽ പഞ്ചായത്തിൽ ഒറ്റ വിദ്യാലയങ്ങൾ പോലും തൃപ്തി രകമായ ലാബോറട്ടറി സൗകര്യങ്ങളില്ല.

(പട്ടിക 2 കാണുക)

### കായികവിദ്യാഭ്യാസം

നമ്മുടെ കരിക്കുലത്തിൽ കായിക വിദ്യാഭ്യാസ ത്തിന് മുന്തിയ പരിഗണന നൽകുന്നുണ്ട്. പക്ഷെ ഒറ്റ വിദ്യാലയത്തിലും കുട്ടികൾക്ക് പരിശീലനം നൽകാ നാവശ്യമായ സൗകര്യങ്ങളോടുകൂടി കളിസ്ഥലമില്ല. എന്നിട്ടും സംസ്ഥാനതലത്തിൽ വരെ കഴിവ് പ്രകടി പ്പിച്ച കായികപ്രതിഭകളെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെ ന്നത് അഭിമാനാർഹമാണ്. പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളിൽ ഓരോ കായിക അദ്ധ്യാപകരുണ്ട്. മറ്റ് സ്കൂളുകളിൽ കായികാദ്ധ്യാപകരില്ല. കായിക രംഗത്ത് ശ്രദ്ധപതിപ്പിച്ചാൽ നല്ല നേട്ടങ്ങളുണ്ടാക്കിയെ ടുക്കാൻ കഴിയും. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂ ളുകളിൽ ഒന്നിൽ മാത്രമെ അത്യാവശ്യ കായിക പരി ശീലനത്തിനുള്ള പരിമിതമായ സൗകര്യമെങ്കിലുമുള്ളു. എൽ.പി. സ്കൂളുകളിൽ കുന്നശ്ശേരി ജി.എൽ.പി. സ്കൂളിനും ചങ്ങരോത്ത് ഹരിജൻ വെൽഫെയർ സ്കൂളിനും യു.പി. സ്കൂളുകളിൽ ചങ്ങരോത്ത് എം.യു.പി. സ്കൂളിനും മാത്രമെ കളിസ്ഥലത്തിന് പറ്റിയ സ്ഥലമെങ്കിലുമുള്ളൂ.

### വിദ്യാഭ്യാസനിലവാരവും വിജയശതമാനവും

(പട്ടിക3 കാണുക)

### പ്രശ്നങ്ങൾ

1. സാമ്പത്തിക പ്രയാസം കാരണം നാട്ടിൻപുറങ്ങ ളിൽ നല്ലൊരു വിഭാഗം കുട്ടികൾ ഇടയ്ക്ക് വെച്ച് വിദ്യാ ഭ്യാസം നിർത്തേണ്ടിവരുന്നുണ്ടെന്ന് ഗ്രാമസഭകളിൽ ചൂണ്ടി കാണിക്കപ്പെട്ടിട്ടുണ്ട്.

2. കുട്ടികളുടെ മാതൃഭാഷാ പരിജ്ഞാനവും പഠന നിലവാരവും വളരെ ശോചനീയമാണ്. ഇംഗ്ലീഷ് ഭാഷ യുടെ പഠനനിലവാരവും വ്യത്യസ്തമല്ല.

3. വിദ്യാർത്ഥി സമരങ്ങൾ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന അഭിപ്രായം ഗ്രാമസഭാവേദികളിൽ ഉയർന്നു വന്നിട്ടുണ്ട്.

4. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കായി കാദ്ധ്യാപിക. അദ്ധ്യാപകന്മാരില്ല. കളിസ്ഥലങ്ങളുമില്ല.

5. വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിലൊ അദ്ധ്യാ പക രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനങ്ങളിലൊ രക്ഷിതാക്കൾ വേണ്ടത്ര താല്പര്യം കാണിക്കാറില്ല. (പട്ടിക 4 നോക്കുക)

പട്ടിക 4

### സാദ്ധ്യതകൾ

1. സാമ്പത്തിക പ്രയാസം മൂലം വിദ്യാഭ്യാസം തുട രാൻ കഴിയാതെ വരുന്ന വിദ്യാർത്ഥികൾക്ക് പഞ്ചാ

പട്ടിക 3

പഞ്ചായത്തിലെ S.S.L.C വിജയശതമാനം

| | V.S.S. പാലേരി | | | ഹോളിഫാമിലി ഹൈസ്കൂൾ | | | പഞ്ചായത്തിൽ | പഞ്ചായത്തിലെ |
|---|---|---|---|---|---|---|---|---|
| | പങ്കെടുത്തവർ | വിജയിച്ചവർ | വിജയച്ചവർ | പങ്കെടുത്തവർ | വിജയച്ചവർ | വിജയ ശതമാനം | SSLC പരീക്ഷ എഴുതിയവർ | വിജയശതമാനം |
| 91-92 | 175 | | 23% | 198 | 171 | 87% | 373 | 55% |
| 92-93 | 183 | | 37% | 190 | 160 | 85% | 373 | 61% |
| 93-94 | 163 | | 23% | 189 | 149 | 80% | 352 | 51.5% |
| 94-95 | 193 | | 23% | 183 | 148 | 80.2% | 376 | 51.6% |
| 95-96 | 253 | | 18% | 195 | 157 | 80.5% | 428 | 49.25 |

| നമ്പർ | വിദ്യാലത്തിന്റെ പേർ | സർക്കാർ | Aided | കുട്ടികൾ |  | കെട്ടിടം | ഫർണ്ണിച്ചർ | ലാബട്ടറി | കളി സ്ഥലം | കുടി വെള്ളം | മൂത്രപ്പുര | കഞ്ഞിപ്പുര | കെട്ടിടത്തിന്റെ സ്വഭാവം |  |  |  |  |  |  | യാഥാസ്ത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
|  |  |  |  | ആൺ | പെൺ |  |  |  |  |  |  |  | ഓല | ഓട് | കോൺക്രീറ്റ് | സെമി പെർ. | പെർ. | KER | Pre KER |  |
| 1 | വടക്കുംമ്പാട്ട് സെക്കന്ററി സ്ക്കൂൾ |  | ✓ | 927 | 917 | ✓ | മിതം | ✓ | ദരിദ്രം | ✓ | ✓ | ✓ |  | ✓ | ✓ | ✓ | ✓ | ✓ | ✓ |  |
| 2 | ഹോളി ഫേമിലി ഹൈസ്ക്കൂൾ പടുത്തക്കടവ് |  | ✓ | 365 | 385 | ✓ | മിതം | ✓ | ദരിദ്രം | ✓ | ✓ | ✓ |  | ✓ |  | ✓ | ✓ | ✓ |  |  |
| 3 | ഹോളി ഫേമിലി യു.പി. സ്ക്കൂൾ ഒറ്റക്കണ്ടം |  | ✓ | 494 | 459 | ✓ | മിതം | ✓ | മിതം | ✓ | ✓ | ✓ |  | ✓ |  | ✓ | ✓ | ✓ | ✓ |  |
| 4 | ചങ്ങരോത്ത് എം.യു.പി.സ്ക്കൂൾ |  | ✓ | 297 | 264 | ✓ | ദരിദ്രം | ✓ | മിതം | ✓ | ✓ |  |  | ✓ |  | ✓ | ✓ | ✓ | ✓ |  |
| 5 | കന്നാട്ടി എൽ.പി. സ്ക്കൂൾ |  | ✓ | 105 | 94 | ✓ | ദരിദ്രം |  | ദരിദ്രം | ✓ | ✓ |  | ✓ | ✓ |  | ✓ | ✓ | ✓ | ✓ |  |
| 6 | അവടുക്ക എൽ.പി. സ്ക്കൂൾ |  | ✓ | 112 | 109 | ✓ | ദരിദ്രം |  | ദരിദ്രം | ✓ | ✓ |  | ✓ | ✓ |  | ✓ | ✓ | ✓ | ✓ |  |
| 7 | പലേരി എൽ.പി.സ്ക്കൂൾ |  | ✓ | 127 | 122 | ✓ | മിതം |  | ദരിദ്രം | ✓ | ✓ |  | ✓ | ✓ |  | ✓ | ✓ | ✓ | ✓ |  |
| 8 | കടിയങ്ങാട്ട് എൽ.പി. സ്ക്കൂൾ |  | ✓ | 144 | 124 | ✓ | ദരിദ്രം |  | ദരിദ്രം |  | ✓ |  | ✓ |  |  | ✓ | ✓ | ✓ | ✓ | ഭൗതിക സാഹചര്യം തീരെ അപര്യാപ്തം മാനേജരുടെ അശ്രദ്ധയുണ്ട് |
| 9 | പലേരി എം.എൽ.പി. സ്ക്കൂൾ |  | ✓ | 59 | 60 | ✓ | ദരിദ്രം |  | ദരിദ്രം | ✓ | ✓ |  |  | ✓ |  |  | ✓ | ✓ | ✓ |  |
| 10 | ജി.എൽ.പി.എസ്. ചെറിയ കുമ്പളം | ✓ |  | 91 | 111 | ✓ | മിതം |  | ദരിദ്രം | ✓ | ✓ |  | ✓ | ✓ |  | ✓ | ✓ | ✓ |  |  |
| 11 | ജി.എൽ.പി.എസ്. കുന്നശ്ശേരി | ✓ |  | 66 | 49 | ✓ | ദരിദ്രം |  | മിതം | ✓ | ✓ |  |  | ✓ |  | ✓ |  | ✓ |  | സ്ഥലമുണ്ട് കെട്ടിടമില്ല. |
| 12 | ജിഎൽ.പി.എസ്. കുനിയോട് | ✓ |  | 48 | 59 | ✓ | മിതം |  | ദരിദ്രം |  | ✓ |  |  | ✓ |  |  | ✓ |  | ✓ |  |
| 13 | ജി.എൽ.പി.എസ്. വടക്കുമ്പാട് | ✓ |  | 109 | 134 | ✓ | ദരിദ്രം |  | ദരിദ്രം | ✓ | ✓ |  |  | ✓ |  |  | ✓ | ✓ | ✓ |  |
| 14 | ജി.എൽ.പി.എസ്. മുതുവണ്ണാച്ച | ✓ |  | 112 | 95 | ✓ | ദരിദ്രം |  | ദരിദ്രം | ✓ | ✓ |  | ✓ | ✓ |  | ✓ |  |  | ✓ | വാടകകെട്ടിടം സ്ക്കൂളിന് 50 |
|  |  |  |  |  |  |  |  |  |  |  |  |  |  |  |  |  |  |  | ✓ | സെന്റ് സ്ഥലമുണ്ട് |
| 15 | ഗവ: ഹരിജൻ വെൽഫെയർ എൽ.പി.സ്ക്കൂൾ ചങ്ങരോത്ത് | ✓ |  | 14 | 13 | ✓ | സുലഭം |  | മിതം | ✓ | ✓ |  |  | ✓ |  |  | ✓ |  | ✓ | ഭൗതിക സൗകര്യമുണ്ട് കുട്ടികൾ നന്നെ കുറവ് |

പട്ടിക 4

1996-97 വർഷത്തിൽ PTA - മാതൃസംഗമം - പങ്കെടുത്തവയുടെ കണക്ക്

| ക്രമനമ്പർ | സ്കൂളിന്റെ പേര് | രക്ഷിതാക്കളുടെ എണ്ണം | പി.ടി.എ.യോഗത്തിൽ പങ്കെടുത്തവരുടെ എണ്ണം | മാതൃസംഗമം മാതാക്കളുടെ എണ്ണം | മാതൃസംഗമത്തിൽ പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|---|
| 1 | വാക്കുമ്പാട് സെക്കന്ററി സ്കൂൾ 818 | 176 | 818 | 214 | |
| 2 | ഹോളിഫാമിലി ഹൈസ്കൂൾ ഒറ്റക്കണ്ടം | | | | |
| 3 | ഹോളിഫാമിലി യു.പി. സ്കൂൾ ഒറ്റക്കണ്ടം | 760 | 405 | 760 | 392 |
| 4 | എം.യു.പി.സ്കൂൾ ചങ്ങരോത്ത് | 475 | 95 | 475 | 100 |
| 5 | എം.എൽ.പി. സ്കൂൾ പലേരി | 118 | 29 | 118 | 53 |
| 6 | എ.എൽ.പി.സ്കൂൾ കടിയങ്ങാട് | 224 | 58 | 224 | 98 |
| 7 | എ.എൽ.പി.സ്കൂൾ കണാട്ടി | 118 | 60 | 118 | 44 |
| 8 | എ.എൽ.പി.സ്കൂൾ ആവടുക്ക് | 150 | 52 | 150 | 92 |
| 9 | എ.എൽ.പി. സ്കൂൾ പലേരി | 109 | 57 | 109 | 74 |
| 10 | ഗവ. എൽ.പി.സ്കൂൾ ചെറിയകുമ്പളം | 150 | 80 | 150 | 75 |
| 11 | ഗവ. എൽ.പി.സ്കൂൾ ചെറിയകുമ്പളം | 200 | 125 | 200 | 82 |
| 12 | ഗവ. ഹരിജൻ വെൽഫെയർ എൽ.പി.സ്കൂൾ | 27 | 20 | 27 | 12 |
| 13 | ഗവ.എൽ.പി.സ്കൂൾ മുതുവണ്ണച്ച | 164 | 60 | 164 | 85 |
| 14 | ഗവ.എൽ.പി. സ്കൂൾ കൂത്തിയോട് | 72 | 33 | 72 | 38 |
| 15 | ഗവ.എൽ.പി.സ്കൂൾ കുന്നശ്ശേരി | 116 | 26 | 116 | 41 |

യത്ത് പഠനോപകരണങ്ങളും വസ്ത്രവും സൗജന്യമായി നൽകണം.

2. അക്ഷരജ്ഞാനം, ഉച്ചാരണശുദ്ധി, കോപ്പിയെഴുത്ത്, എന്നീ അടിസ്ഥാനസൗകര്യങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള ഭാഷാപഠനം ആരംഭിക്കണം. ഇംഗ്ലീഷിന്റെ നിലവാരം മെച്ചപ്പെടുത്താൻ യോഗ്യതയുള്ള അധ്യാപകരെ സ്കൂളുകളിൽ നിശ്ചയിക്കണം.

3. അദ്ധ്യാപക രക്ഷാകർത്തൃ സമതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

4. കൂനിയോട് ഗവ: എൽ.പി. സ്കൂളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വൈദ്യുതി കണക്ഷനും മോട്ടോറും അനുവദിക്കണം.

5. പഞ്ചായത്തിലെ പ്രഥമവിദ്യാലയമായ വടക്കുമ്പാട്ട ഗവർമ്മെണ്ട് എൽ.പി. സ്കൂളിന് കെട്ടിടം പണിയണം. ഈ സ്കൂളിന് ബ്ലേക്ക് ബോർഡ് ഓപ്പറേഷൻ പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള 180000 രൂപ ആറ് മാസം കഴിഞ്ഞാൽ ലാപ്സായി പോകും. അത് ഉടനെ ഉപയോഗപ്പെടുത്തണം.

6. വാക്കുമ്പാട് സെക്കന്ററി സ്കൂളിൽ പ്ലസ് ടു (സയൻസ് ഗ്രൂപ്പ്) അനുവദിക്കണം.

7. ചെറിയ കുമ്പളം ഗവൺമെണ്ട് എൽ.പി. സ്കൂളിന്റെ സെമി പെർമനന്റ് കെട്ടിടങ്ങൾ സ്ഥിരം കെട്ടിടമാക്കണം. മോട്ടോർ സ്ഥാപിക്കുകയും ചുറ്റുമതിൽ കെട്ടണം.

8. കുന്നശ്ശേരി ഗവണ്മെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുകയും ഓഫീസ് റൂം നിർമ്മിക്കുകയും വേണം. ചുറ്റുമതിൽ കെട്ടണം. ഈ വിദ്യാലയം അപ്ഗ്രേഡ് ചെയ്യണം.

9. എല്ലാ വിദ്യാലയങ്ങളിലും കായികാദ്ധ്യാപകരെ നിശ്ചയിക്കണം.

10. എല്ലാ വിദ്യാലയങ്ങളിലും വനിതാ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരെ നിശ്ചയിക്കണം.

11. കോംപ്ലക്സ് തലത്തിലുള്ള കലാകായിക മത്സരങ്ങൾ സജീവമാക്കണം.

12. വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങൾ നിർബ്ബന്ധമാക്കണം.

13. ചങ്ങരത്ത് ഹരിജൻ വെൽഫെയർ സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി

## പട്ടിക 5

### ഗവ. സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ പഞ്ചായ ത്തിൽ | 6 ഗവ. വിദ്യാലയ ങ്ങളാലെ അധ്യാ പകരുടെ എണ്ണം | ഗവ. അധ്യാപക രുടെ എണ്ണം ശത മാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 227 | 38 | 16.74 | 6065 | 901 | 14.85% |

## പട്ടിക 6

### എൽ.പി., യു.പി., എച്ച.എസ്., വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥി കൾ | എൽ.പി. | | | യു.പി. | | | എച്ച്.പി. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 6065 | 987 | 970 | 32.26 | 791 | 723 | 24.96 | 1292 | 1302 | 42.76 |

## പട്ടിക 7

### പട്ടികജാതി / പട്ടിക വർഗ വിദ്യാർത്ഥികളുടെ കണക്ക്

| ആകെ | എൽ.പി. | | യു.പി. | | | എച്ച്.പി. | | |
|---|---|---|---|---|---|---|---|---|
| | SC\ST | % | ആകെ | SC\ST | % | ആകെ | SC\ST | % |
| 1957 | 160 | 8.17 | 1514 | 27 | 14.333 | 2594 | 240 | 9.25 |

## പട്ടിക 8

### പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | | |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആകെ |
| 14 | 7 | 21 | 47 | 33 | 85 | 106 |

പ്രീ. പ്രൈമറി ക്ലാസ് തുടങ്ങണം. നാട്ടുകാരുടെ ഇട യിൽ ബോധവൽക്കരണം നടത്തുകയും വാർഡ് മെമ്പ റുടെ നേതൃത്വത്തിൽ സംരക്ഷണ സമിതിയുണ്ടാ ക്കണം.

14. പാലേരി എ.എൽ.പി. സ്കൂൾ അപ്ഗ്രെയ്ഡ് ചെയ്യണം.

15. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുതുവ ജ്ഞാച്ച എൽ.പി. സ്കൂളിന് കെട്ടിടം പണിയണം. പുറ വൂരിൽ അര ഏക്കർ ഭൂമി ഇതിനായുണ്ട്. ഇത് യു.പി. ആയി അപ് ഗ്രെയ്ഡ് ചെയ്യണം.

16. പാലേരി കേന്ദ്രീകരിച്ച് ഒരു സാങ്കേതിക വിദ്യാ ലയം സ്ഥാപിക്കണം.

17. പഠനയാത്രയിലും വിനോദയാത്രയിലും കുട്ടി കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും കാര്യക്ഷമ മാക്കുകയും വേണം.

18. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം.

**പ്രത്യേക നിർദ്ദേശങ്ങൾ**

1. സ്വന്തമായി യാതൊരു വിദ്യാഭ്യാസ സ്ഥാപന വുമില്ലാത്ത ഒരു പ്രദേശമാണ് കല്ലൂർ. അങ്ങേയറ്റം ഗൗരവത്തോടെ പരിഗണിക്കേണ്ട പ്രശ്നമാണിത്. ഇവിടെ ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കേണ്ടത് അനി വാര്യമാണ്.

2. കഴിഞ്ഞ കാലത്ത് സാക്ഷരത നേടിയ ആളു കൾക്ക് വേണ്ട തുടർ സാക്ഷരതാ പരിപാടി ആരംഭി ക്കണം.

3. ചങ്ങരോത്ത് പഞ്ചായത്തിലെ രണ്ടെമൊഴിച്ച് ബാക്കി വിദ്യാലയങ്ങൾ കുന്നുമ്മൽ സബ്ജില്ലയി ലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ഇതി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വളരെയേറെ പ്രയാസമുണ്ടാക്കു ന്നുണ്ട്. കടിയങ്ങാട് ആസ്ഥാനമായി ഒരു വിദ്യാഭ്യാസ ഉപജില്ല സ്ഥാപിക്കണം.

4. ഉച്ചഭക്ഷണത്തിനാവശ്യമായ അരിയും പയറും സ്റ്റോക്കു ചെയ്യാനും വിതരണം ചെയ്യാനും ആവശ്യ മായ ഒരു കേന്ദ്രം ചങ്ങരോത്ത് പഞ്ചായത്തിൽ ആരം ഭിക്കണം.

5. ഹെഡ് മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കണം.

6. വാർഡ് തല വിദ്യാഭ്യാസ സമിതികളുടെയും പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതികളുടെയും പ്രവർത്തനം ഊർജ്ജിതമാക്കണം.

7. സ്കൗട്ട് എൻ.സി.സി. എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കണം.

8. സ്കൂൾ സാഹിത്യസമാജങ്ങൾ കൃത്യമായി നട ക്കണം.

9. പ്രാദേശിക ചരിത്രപഠനം സിലബസ്സിൽ ഉൾപ്പെ ടുത്തണം.

ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവ രിക്കുന്ന വിദ്യാഭ്യാസരംഗത്തെ ന്യൂനതകൾ പരിഹരി ക്കാൻ പ്രത്യേക ശ്രദ്ധ അത്യാവശ്യമാണ്.

# പൊതുജനാരോഗ്യം

ആരോഗ്യം ഒരു സാമൂഹ്യ പ്രശ്നമാണല്ലോ ആളുകളുടെ ആരോഗ്യം നന്നാക്കുന്നത് ഒറ്റപ്പെട്ട പ്രശ്നമല്ല. കുടുംബങ്ങളുടെ സാമ്പത്തിക നിലവാരവുമായി അതിന് ബന്ധമുണ്ട്. കുടിവെള്ള മാലിന്യം മറ്റ് പരിസ്ഥിതി ശുചിത്വത്തിന്റെ പ്രശ്നങ്ങൾ കക്കൂസുകളുടെ അഭാവം തുടങ്ങിയതെല്ലാം പൊതുജനാരോഗ്യം പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. പഞ്ചാത്തിലെ ആരോഗ്യ സംവിധാനം.

ഇന്ത്യ-ഒരു ലക്ഷം പേർക്ക് 85 ആശുപത്രികിടക്ക

കേരളം-ഒരു ലക്ഷം പേർക്ക് 158 ആശുപത്രി കിടക്ക

സ്വകാര്യ ആശുപത്രികൾ കൂട്ടിയാൽ 385 കിടക്ക

ചങ്ങരോത്തിൽ കിടത്തി ചികിത്സിക്കുന്നതിന് ആശുപത്രിയില്ല. കിടത്തി ചികിത്സിക്കുന്ന സ്വാകര്യ ആശുപത്രിയുമില്ല.

ആരോഗ്യ പ്രശ്നങ്ങൾ

പരിസര ശുചിത്വം.

പട്ടിക 1

| | |
|---|---|
| ആകെ വീട് | 5757 |
| കക്കൂസുള്ളവർ | 4294 |
| വെളിമ്പ്രദേശങ്ങളിൽ വിസർജിക്കുന്നവർ (കുടുംബം) | 1463 |

വെളിമ്പ്രദേശങ്ങിലെ വിസർജനം പകർച്ച വ്യാധികൾക്ക് ഇടയാക്കുന്നു.

അങ്ങാടികളിലെ-പന്തിരിക്കര-കടിയങ്ങാട്-പാലേരി ഓവുചാൽ സംവിധാനം അപര്യാപ്തമാണ്. ഓടവെള്ളം കെട്ടികിടന്ന് രോഗങ്ങൾക്കി ഇതും കാരണമായിത്തീരുന്നു.

പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ചപ്പുചവറുകൾ കെട്ടികിടക്കുന്ന സ്ഥിതിയാണുള്ളത്.

തോടുകളിൽ ഓലപൂഴ്തുന്നതും മലിനീകരണം ക്ഷണിച്ചു വരുത്തുന്നു.

അനധികൃത അറവുശാലകൾ, പൊതു നിരത്തിലെ മത്സ്യ വിൽപന പരിസര മലനീകരണത്തിന് ഇടയാക്കുന്നു.

ആൾമറയില്ലാത്ത കിണറുകളിൽ വെള്ളം കുത്തിയൊലിച്ചിറങ്ങുന്നു. തന്മൂലം കുടിവെള്ളം മലിനപ്പെടുന്നു. ഇത് ഗ്രാമസഭാചർച്ചകളിൽ ഉന്നയിക്കപ്പെട്ടതാണ്. വർഷകാലത്ത് ജലജന്യരോഗങ്ങൾ പടർന്ന് പിടിക്കാൻ ഇടവരുന്നു.

തുണ്ടു തുണ്ടു ഭൂമികളിൽ താമസിക്കുന്നവർക്ക് മൃതശരീരം മറവുചെയ്യാനുള്ള സൗകര്യമില്ല. ഇതും ആരോഗ്യത്തെ ബാധിക്കുന്നു.

കോളനി പ്രദേശങ്ങളിൽ യാതൊരു അടിസ്ഥാന സംവിധാനങ്ങളും ഇല്ല.

ശീതളപാനീയ കടകൾ, ചായക്കടകൾ ശുചിത്തത്വത്തിന്റെ കാര്യത്തിൽ പിന്നിലാണ്.

വ്യാജചാരായത്തിന്റെ ഉപയോഗം വ്യാപകമായതും ആരോഗ്യത്തെ ബാധിക്കുന്നു.

അന്തരീക്ഷ മലിനീകരണ ഭീഷണി-വാഹനങ്ങളുടെ എണ്ണപ്പെരുപ്പം കൂടികൂടി വരുന്നുണ്ട്.

## രോഗാതുരത

സാധാരണ കണ്ടുവരുന്ന രോഗങ്ങൾ: ചർദ്ദി, അതിസാരം, പൊട്ടി, ചെങ്കണ്, വയറസ് ഫീവർ

എന്നിവയാണ്.

ക്ഷയം മഞ്ഞപിത്തം ബാലക്ഷയം പോഷകാഹര ക്കുറവുകൊണ്ടുണ്ടാകുന്ന വിളർച്ച്, മുണ്ടിവീക്കം, വാതരോഗങ്ങൾ, ക്യാൻസർ, പ്രമേഹം, രക്തസമ്മർദം എന്നിവയും ധാരാളമായിട്ടുണ്ട്.

കുഷ്ഠ രോഗം-പതിനഞ്ചു പേർ ചികിത്സയെ തുടർന്ന് രോഗവിമുക്തരായി. ഇപ്പോൾ രോഗികളാരുമില്ല.

കോളര രോഗം സാധാരണയായി കണ്ടുവരുന്നില്ല. എന്നാൽ കനാൽ ജലം തുറന്നുവിടുന്ന ഘട്ടത്തിലും വർഷകാലത്തിലും ഛർദ്ദി അതിസാരം വ്യാപകമായി കാണുന്നു.

## കുട്ടികളുടെ പോഷക നിരവാരം

പൊതുവെ മെച്ചമാണ്. പോഷകാഹാര കുറവ്മൂലം വിളർച്ചയും വിറ്റമിൻ എ. കുറവുമൂലും ഉണ്ടാകുന്നരോഗങ്ങളും ചെറിയ തോതിൽ കാണപ്പെടുന്നു. ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ട അവസ്ഥയോ മരണമോ ഉണ്ടായിട്ടില്ല.

### ആരോഗ്യ സ്ഥാപനങ്ങളും ജീവനക്കാരും

പി.എച്ച്.സി. കടിയങ്ങാട്: 96ൽ ആരംഭിച്ചു. സ്വന്തമായി കെട്ടിടമില്ല ഡോക്ടർമാർക്ക് താമസ സൗകര്യമില്ല. അതുകൊണ്ട് ഉച്ചകഴിഞ്ഞാൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. മരുന്നുകൾ കുറവാണ്. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. ഏതാണ്ട് നൂറോളം ആളുകൾ ദിവസേന ചികിത്സ തേടിയെത്തുന്നുണ്ട്. ആവശ്യത്തിന് ഡോക്ടർമാരോ പാരാമെഡിക്കൽ ജീവനക്കാരോ ഇല്ല.

ഇവിടെ ഇന്ന് നിലവിലുള്ള അനുവദിച്ച ജീവനക്കാരുടെ കണക്ക്.

| | |
|---|---|
| ഡോക്ടർ | 1 |
| സ്റ്റാഫ് നേഴ്സ് | 1 |
| ഫാർമസിസ്റ്റ് | 1 |
| പ്യൂൺ | 1 |

പഞ്ചായത്തിൽ നിലവിലുള്ള മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെ പട്ടിക.

| | |
|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ജെ.എച്ച്.ഐ. | 3 |
| ജെ.പി.എച്ച.എൻ | 4 |
| ലപ്രസി ഇൻസ്പെക്ടർ | 1 |

വിദഗ്ദ ചികിത്സ ആവശ്യമായി വരുന്നവർ 50 കിലോമീറ്റർ യാത്രചെയ്ത് കോഴിക്കോട് നഗരത്തെ ആശ്രയിക്കേണ്ട സ്ഥിതി നിലനിൽക്കുന്നു.

### കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

കടിയങ്ങാട് പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപകേന്ദ്രം: സ്വന്തമായി കെട്ടിടമുണ്ട്. പക്ഷെ, സുരക്ഷിതത്വം ഭീഷണിയിലാണ്. സബ്ബ് സെന്റർ പ്രവർത്തനക്ഷമമാണ്.

പാറക്കടവ് സബ്ബ്സെന്റർ പണിതിട്ടുണ്ടെങ്കിലും അടിസ്ഥാന സൊകര്യങ്ങളൊന്നും ഇല്ലാതതിനാൽ പ്രവർത്തിക്കുന്നില്ല.

ചങ്ങരോത്ത് പണിപൂർത്തീകരിച്ചു തുടർന്ന് പ്രവർത്തിക്കാൻ നടപടികൾ വേണം.

ഗവ: ആയുർവേദ ഡിസ്പൻസറി

1970ൽ ആരംഭിച്ചു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ആവശ്യാനുസരണം മരുന്നുകൾ ലഭ്യമല്ല. രോഗകൾ ചികിത്സ തേടിയെത്തുന്നുണ്ട്. മൊത്തം ജീവനക്കാർ 3

## നിർദേശങ്ങൾ

കടിയങ്ങാട് പാലത്തിന് സമീപമുള്ള ഗവ. ഭൂമി ആശുപത്രി നിർമാണത്തിന് വിട്ടുകിട്ടണമെന്ന് പഞ്ചായത്ത് സർകാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അത് അനുവദിക്കണം. സ്വന്തമായി കെട്ടിടം പണിത് കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടാവണം.

ജനസംഖ്യാനുപാതികമായി ദേശീയ പരിപാടികൾ നൽകി 5000ത്തിൽ ഒന്ന് എന്നതോതിൽ മൾടിപർപ്പസ് വർക്കർമാർ ഇന്നു പഞ്ചായത്തിലില്ല. തദനുസൃതമായി ആവശ്യമായ J.P.H.N മാരെ നിയമിക്കണം.

ജനകീയ പങ്കാളിതത്തത്തോടെ ആരോഗ്യക്ലാസുകൾ ഫലപ്രദമായി സംഘടിപ്പിക്കണം.

ആരോഗ്യപ്രവർത്തകർ ഗൃഹ സന്ദർശന പരിപാടി കൃത്യമായി നടത്തുന്നില്ലെന്ന ആരോപണം ഗ്രാമസഭകളിൽ വന്നിട്ടുണ്ട് പരിഹരിക്കപെടണം.

ആയുർവേദ ആശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കണം. അടിയന്തരമായ ഒരു ഫാർമസിസ്റ്റിനെ നിയമിക്കുകയും വേണം.

മറ്റു ചികിത്സാ സൗകര്യങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്ത് പന്തിരിക്കരയിലോ പാലേരിയിലോ ഹോമിയോ ഡിസ്പൻസറികൾ സ്ഥാപിക്കണം.

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ**

പ്രതിരോധകുത്തിവെപ്പ്-ഓറൽപോളിയോ

പഞ്ചായത്തിൽ ഒരു വയസ്സിൽ താഴെയുള്ള 374 കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പും ചികിത്സയും നൽകിയിട്ടുണ്ട്.

പ്രതി രോധ കുത്തിവെപ്പ് ഔഷധ വിതരണം എന്നിവ കൃത്യമായി നടത്താറുണ്ടെങ്കിലും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥ നില നിൽക്കുന്നു

**നിർദ്ദേശങ്ങൾ**

കടിയങ്ങാട് പ്രാഥമികാരോഗ്യകേന്ദ്രം സബ്ബ്സെന്റർ, അംഗൻവാടികൾ എന്നിവിടങ്ങളിൽ പ്രതിരോധ കുത്തിവെപ്പിനും ചികിത്സക്കും സംവിധാനം ഉണ്ടാവണം.

കുടുംബക്ഷേമ മാർഗ്ഗങ്ങൾ, ഗുണഭോക്താക്കൾ

കുടുംബക്ഷേമമാർഗങ്ങളിൽ നമ്മുടെ പഞ്ചായത്ത് മോശമല്ലാത്ത നേട്ടം കൈവരിച്ചിട്ടുണ്ട്.

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

പട്ടിക

15 വയസ്സു മുതൽ 19 വയസ്സുവരെ 227

20-24 1049

25-29 1139

30-34 822

35-39 749

40-44 327

2939 ദമ്പതിമാർ താൽക്കാലികമായോ സ്ഥിരമായോ കുടുംബസംവിധാന മാർഗ്ഗം സ്വീകരിച്ചവരാണ് (68.14%)

പട്ടിക

കുടുംബ സംവിധാനം - സ്വീകരിച്ച ദമ്പതികൾ

1കുട്ടി 306

2 കുട്ടികൾ 1265

3ൽകൂടുതൽ 1368

ആകെ 2939

നിർദ്ദേശം

കുടുംബാസൂത്രണരംഗത്ത് മതപരമായ വേലിക്കെട്ടുകൾ ചിലയിടങ്ങളിൽ നിലനില്ക്കുന്നു

ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തണം

കക്കൂസുകൾ

കക്കൂസില്ലാത്ത വീട്ടുകാർ (പട്ടിക 1 നോക്കുക) അധികവും കോളനി നിവാസികളോ ദരിദ്ര ദുർബല വിഭാഗക്കാരോ ആണ്. സാമ്പത്തിക പിന്നോക്കാവസ്ഥയും സ്ഥല പരിമിതിയുമാണ് മുഖ്യകാരണങ്ങൾ. കൃത്യമായ സർവ്വെ നടത്തി അർഹരയവർക്ക സബ്ബസിഡിയായി ലളിതമായ വ്യവസ്ഥയിൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിയണം. പഞ്ചായത്ത് ഇപ്പോൾ നൽകുന്ന 2000/-ക തീരെ അപര്യാപ്തമാണ്. വർദ്ധിപ്പിക്കണം.

**പാരമ്പര്യ വൈദ്യം - വിഷ ചികിത്സ**

അപൂർവ്വം ചില പാരമ്പര്യവൈദ്യന്മാരെ അവശേഷിക്കുന്നുള്ളൂ. 3 വിഷ ചികിത്സാകേന്ദ്രങ്ങൾ ഉണ്ട്. തുച്ഛമായ ഗ്രാന്റേ ഇവക്ക് ലഭിക്കുന്നുള്ളൂ. വിഷ ചികിത്സകർ രോഗികളിൽ നിന്ന് പ്രതിഫലം പറ്റുന്നില്ലെന്നതു കൊണ്ടുതന്നെ അർഹമായ അലവൻസോ ഗ്രാന്റോ വൈദ്യന്മാർക്ക് ലഭിക്കണം. ഈ രംഗത്ത് പുതുതലമുറയെ ആകർഷിപ്പിക്കാന് കഴിയണം. പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങൾ ഔഷധസസ്യങ്ങൾ വെച്ചു പിടിപ്പിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളാണ്. ഇത് ഉപയോഗപ്പെടുത്താൻ കഴിയണം.

**പൊതു നിർദ്ദേശങ്ങൾ**

പഞ്ചായത്തിലെ ജനസംഖ്യക്ക് ആനുപാതികമായി പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കുക.

എല്ലാ കിണറുകളും കുളങ്ങളും മാസത്തിലൊരിക്കൽ ക്ലോറിനേഷൻ നടത്താൻ ഏർപ്പാടുണ്ടാവുക.

പഞ്ചായത്ത് കിണറുകളിൽ 6 മാസത്തിലൊരിക്കലെങ്കിലും ജനപരിശോധന നടത്തുക.

സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമാക്കുക. പരിസര പ്രദേശങ്ങളിലെ ഐസ്ക്രീം, മിഠായികൾ, മധുര പലഹാരങ്ങൾ എന്നിവ വൃത്തിഹീനമായ രീതിയിൽ വിൽക്കപ്പെടുന്നത് തടയുക.

ലൈസൻസില്ലാത്തഅറവ് ശാലകൾക്കെതിരെ നടപടിയെടുക്കുക. രോഗം പിടിച്ച കന്നുകാലികളെ

അടുക്ക് വിൽപ്പന നടത്തുന്നത് തടയുക.

പന്തിരിക്കര - കടിയങ്ങാട്-പാലേരി കേന്ദ്രങ്ങളിൽ പൊതുകക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.

ഹോട്ടലുകളിൽ ശുചിത്വ പരിശോധന കർശനമാക്കുക.

പഞ്ചായത്തിലെ മുഴുവൻ ആളികൾക്കും ഹെൽത്ത് കാർഡ്

പൊതു ശ്മശാനം നിർബന്ധമായും പഞ്ചായത്തിൽ ആവശ്യമാണ്. നിലനിൽക്കുന്ന തർക്കം പരിഹരിച്ച് ഉപയോഗപ്പെടുത്താൻ സംവിധാനം ഉണ്ടാക്കുക

മദ്യപാനത്തിനും പുകവലിക്കും എതിരായ ബോധവൽക്കരണം

കായിക പരിശീലനത്തിന് വിപുലമായ ഏർപ്പാടുകൾ വേണം

പഞ്ചായത്തിലെ 5-ാം വാർഡിൽ ഒരു കുടുംബം മുഴുവൻ അജ്ഞാത രോഗത്തിന്റെ പിടിയിലാണ്. അംഗങ്ങളിൽ രണ്ട് പേർ മരിച്ചു. ഒരു യുവതി മരണശയ്യയിലാണ്. അവശേഷിക്കുന്നവരും രോഗ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഈ നിർദ്ധന കുടുംബത്തെ സഹായിക്കണം. രോഗം കണ്ടുപിടിക്കാനും ചികിത്സിക്കാനും എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണം.

## പുഴ മരിക്കുന്നു

പേരാമ്പ്ര പട്ടണത്തിൽ നിന്ന് മാലിന്യങ്ങൾ കല്ലൂർ മുഴിയിൽ ഒലിച്ചെത്തുന്നു. പുഴ മലിനീകരിക്കപ്പെടുന്നു. പുഴ മരിച്ചു കൊണ്ടേയിരിക്കുന്നു. ഇത് തടയണം.

**രോഗാതുരത**

പി.എച്ച്.സി. കടിയങ്ങാട്

സ്ഥാപനം തുടങ്ങിയ ദിവസം : 13.7.1996

11.11.96 വരെ ദിവസങ്ങളുടെ എണ്ണം : 121

11.11.96 വരെ രോഗികളുടെ എണ്ണം : 9280

ശരാശരി ദിവസം എത്തുന്ന രോഗികൾ : 77

ഗവ. ആയുർവേദ ഡിസ്പൻസറി. കടിയങ്ങാട്

1995 വർഷത്തിൽ ചികിത്സക്കു വിധേയരായവരുടെ വിശദവിവരം

പഴയ കേസുകൾ പുതിയ കേസുകൾ ആകെ പുരുഷന്മാർ സ്ത്രീകൾ കുട്ടികൾ ശരാശരി റിമാർക്ക്

**അവലംബം ആശുപത്രി രേഖ**

പഞ്ചയാത്തിലെ ഈ രണ്ടു ആരോഗ്യകേന്ദ്രങ്ങളിലായി ദിവസേന 150ൽ അധികം രോഗികൾ എത്തുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ വേറെയും. രണ്ടും കൂടി 230 ഓളം രോഗികൾ എന്നാണ് കണക്ക്. പഞ്ചായത്തിന്റെ പുറത്ത് നിന്ന് ചികിത്സ തേടി രോഗികൾ എത്തുന്നതിന് സാധ്യതകൾ കുറവാണ്. സംസ്ഥാനത്തെ രോഗാതുരത 260 ആണല്ലോ. പഞ്ചായത്ത് അതിനപ്പുറത്തോ? ഇപ്പുറത്തോ?

### ഗവ. ആയുർവേദ ഡിസ്പൻസറി, കടിയങ്ങാട്

### 1995 വർഷത്തിൽ ചികിത്സക്കു വിധേയരായവരുടെ വിശദവിവരം

| പഴയ കേസ്സുകൾ | പുതിയ കേസ്സുകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | കുട്ടികൾ | ശരാശരി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 22489 | 4119 | 26608 | 9793 | 10893 | 5922 | 733 | ദിന് പ്രതി |

# സമസ്യ
# സമസ്യ
# സമസ്യ

കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടണം

കൃഷി ആദായകരമാവുന്നില്ല. കർഷകതൊഴിലാളികളുടെ കൂലി കൂടുതലാണ് മുഖ്യ കാരണങ്ങളിലൊന്ന്. ഇതാണ് ചില ഗ്രാമസഭാ വേദികളിൽ മുഴങ്ങിക്കേട്ട വാദഗതികൾ കർഷകത്തൊഴിലാളികൾക്കാണെങ്കിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് കിട്ടുന്ന തുച്ഛമായ കൂലി കൊണ്ട് ജീവിക്കാൻ കഴിയുന്നില്ലെന്ന് പരാതിയും. കാർഷികമേഖലയിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഈ സമസ്യാപൂരണത്തിന് എന്തു ചെയ്യാൻ കഴിയും?

ചില കൃഷിക്കാരുമായി നടത്തിയ അഭിമുഖത്തിലൂടെ ശേഖരിച്ച വസ്തുതകൾ ചുവടെ

ഒരു ഹെക്ടർ തെങ്ങു കൃഷിയുമായി ബന്ധപ്പെടുത്തി നമുക്ക് പ്രശ്നം ചർച്ച ചെയ്യാം

| | |
|---|---|
| തെങ്ങുകളുടെ എണ്ണം : | 125 |
| തെങ്ങു തുറക്കൽ 6 പു: | 480 =00 |
| തൂപ്പ് 40 കിലോവീതം : | 1875 =00 |
| (125X15) | |
| രാസവളം (യൂറിയ | 750 |
| ഫോസ്ഫേറ്റ് 1200 | 1875 = 00 |
| പൊട്ടാഷ്- | 1200 |
| ചാണകം 2 കൊട്ട | |
| (30x125) | 3750 =00 |
| പണി 80x13.... | 1040=00 |
| ഉഴുത്ത് 8പണി.... | 800=00 |
| കൊത്ത്+മറ്റുപണികൾ | |
| (20x800) | 1600=00 |
| തെങ്ങ്കയറ്റം 9 തവണ = | 1620=00 |
| കയറ്റം 36 പേർ 27x60 | |
| കൊയ്യത്തേങ്ങ 270 | 1350=00 |
| മറ്റ് ചെലവുകൾ | 1000=00 |
| ആകെ 1 വർഷത്തെ ചിലവ് | 15390=00 |
| വരവ്ഓല | 500 |
| (1½ കവീതം)...... | 750=00 |
| തേങ്ങ 7000 ....... | 28000=00 |
| വരവ്- | 28750 |
| ചിലവ് - | 15350 |
| മിച്ചം - | 13360 |

ചെവലിന്റെ 45% കർഷകത്തൊഴിലാളികളുടെ കൂലി 55% മറ്റ് ചിലവുകൾ

## സമസ്യ രണ്ട്

### നെല്ലും പുല്ലും ഗതികേടും?

1ഏക്കർ നെൽകൃഷിയുടെ അടിസ്ഥാനത്തിൽ ഒരു പരിശോധന

| | |
|---|---|
| വിത്ത് - ഇടങ്ങഴി 15 - | 150 |
| ഞാറ് പാകൽ 2 പണി - | 150 |
| വളം കിലോ 5 - | 35 |
| ഉഴുത്ത് 8 പണി - | 800 |
| വരമ്പ്+പാടം ഒരുക്കൽ - 4 പണി | 300 |

| | |
|---|---|
| ഞാറ് പറിക്കൽ +നടൽ 15 സ്ത്രീ | 750 |
| കളപറിക്കൽ 4 സ്ത്രീ | 250 |
| വളം തുടങ്ങിയവ | 300 |
| കൊയ്ത്ത് | 750 |
| മെതി | 750 |
| ചുമട് | 250 |
| മറ്റ് ചിലവുകൾ | 200 |
| | 4685 |
| ഉല്പാദനം 900 കി.ഗ്രാം | 4500 |
| പുല്ല് 1750 കറ്റ | 3500 |
| | 8000 |
| വരവ് | 8000 |
| ചിലവ് | 4685 |
| മിച്ചം | 4685 |

## വാൽക്കഷ്ണം

ഒരു ഹെക്ടർ തെങ്ങിൻ തോപ്പിനും ഒരു ഹെക്ടർ വയലിനും ഉടമയായ കർഷകൻ ചെറുകിട കർഷകന്റെ വിഭാഗത്തിലാണല്ലോ. തെങ്ങ് കൃഷിയിൽ നിന്നുള്ള ആദായം പരിശോധിക്കുമ്പോൾ ദാരിദ്ര്യ രേഖയ്ക്ക് തൊട്ടുമുകളിലാണ് അയാളുടെ സ്ഥാനം

നെൽകൃഷിയിൽ നിന്നുള്ള വരുമാനമാകട്ടെ വർഷത്തിലെ ഏതാനും മാസങ്ങൾ അയാളുടെ കുടുംബത്തിന്റെ ഭക്ഷ്യാവശ്യം നിറവേറ്റാൻ പര്യാപ്തമാണെന്ന് തെളിയിക്കുന്നു. അയാളുടെ കുടുംബത്തിന്റെ ജീവിതാവശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ ഈ തെങ്ങ് - നെൽകൃഷി കൊണ്ട് സാധിക്കുമോ?

ഈ ചോദ്യത്തിനുള്ള ഉത്തരത്തിലാണ് നെൽകൃഷി ആദായകരമല്ലെന്ന വസ്തുതകൾ കടന്നുവരുന്നത്.

ഈ കൃഷിക്കാരിൽ തെങ്ങ് കൃഷിയിൽ നിന്ന് കിട്ടുന്ന ആദായമാണ് നെൽകൃഷിക്ക് ഉപയോഗിക്കുന്നത് എന്ന് സങ്കല്പിക്കുക. (നമ്മുടെ ഗ്രാമീണ കൃഷിക്കാരിൽ പലരും ഇങ്ങനെയാണ്) തെങ്ങിൻ തോപ്പിൽ നിന്നുള്ള വരുമാനം 13360 കയിൽ 4685 അയാൾ നെൽകൃഷിക്ക് വേണ്ടി ചിലവിടുന്നു. ഇതോടുകൂടി അയാളുടെ സ്ഥാനം ദാരിദ്ര്യ രേഖയ്ക്ക് കീഴിലായി മാറുന്നു. കേവലം 8675 കൊണ്ട് അയാളുടെ കുടുംബത്തിന്റെ എല്ലാ ജീവിതാവശ്യങ്ങളും നിറവേറ്റാൻ നിർബന്ധിക്കപ്പെടുന്നു. കൃഷിയിൽ നിന്നുള്ള ആദായമാകട്ടെ ഏതാനും മാസങ്ങൾക്ക് മാത്രമേ തികയൂ. ഈ സാഹചര്യത്തിൽ കർകേതര വരുമാനത്തെ ആശ്രയിക്കുകയല്ലാതെ അയാൾക്ക് നിവൃത്തിയില്ലാതെ വരുന്നു.

കാർഷികേതര മേഖലയിൽ ജോലിയോ വരുമാനമോ ഇല്ലാത്ത വ്യക്തിയാണെങ്കിലോ? വർധിച്ചുകൊണ്ടിരിക്കുന്ന ജീവിതച്ചെലവ് നിർവഹിക്കാൻ കാർഷികാദായം കൊണ്ട് മാത്രം അയാൾക്കുകഴിയുന്നില്ല. സ്വാഭാവികമായും അയാൾ കടക്കാരനായിമാറുന്നു. ക്രമേണ കടക്കെണിയിലകപ്പെടുന്നു. കൃഷി ആദായകരമല്ലെന്ന വാദത്തിന്റെ പ്രസക്തി ഇവിടെയാണ്.

- ഈ അവസ്ഥക്ക് കാരണം കർഷക തൊഴിലാളിയാണോ?
- നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് ഇതിൽ പങ്കില്ലേ?
- ഇറക്കുമതി നയത്തിന് പങ്കില്ലേ?
- വിപണി എതാണ്ട് മുഴുവനായും സ്വകാര്യ വ്യാപാരിയുടെ കൈവശത്തിലാണെന്ന സ്ഥിതിക്ക് പങ്കില്ലേ?
- കാർഷികോൽപന്നങ്ങൾക്ക് വൻകിട മുതലാളിമാർ വില നിശ്ചയിക്കുന്ന അവസ്ഥക്ക് പങ്കില്ലേ?
- ഇടത്തട്ടുകാരുടെ ചൂഷണം?
- സഹകരണമേഖലയുടെ ശക്തമായ ഇടപെടലിന് കൃഷിക്കാരെ ഒരുപരിധിവരെ രക്ഷിക്കാൻ കഴിയില്ലേ?
- ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിക്കന്നതോടുകൂടി സഹകരണ സ്ഥാപനങ്ങളുടെ സഹായവും ഒത്തു ചേർത്താൽ നിലമെച്ചപ്പെടില്ലേ?

6-ാം വാർഡിലെ കന്നാടി പാടശേഖര സമിതിക്ക് കൃഷി ഭവൻ ഒരു പവർ ടില്ലർ അനുവദിച്ചു. വർഷങ്ങൾ പലതുകഴിഞ്ഞു. കർഷകതൊഴിലാളികളുടെ എതിർപ്പുകാരണം ഇതേവരെയും പാടത്തിറക്കാൻ കഴിഞ്ഞില്ല. കൃഷിക്കാരുടെ ആഗ്രഹങ്ങൾക്കൊപ്പം ടില്ലറും തുരുമ്പു പിടിച്ച് നശിച്ചുകൊണ്ടിരിക്കുന്നു.

ടില്ലർ പാടത്തിറക്കിയാൽ തങ്ങളുടെ ജോലിനഷ്ടപ്പെടുമെന്ന് കർഷകതൊഴിലാളികൾക്ക് ആശങ്ക. കൃഷി ചെലവ് അൽപം കുറയുമെന്ന് കൃഷിക്കാരുടെ പ്രതീക്ഷ. ഈ വാദഗതികളുടെ ഏറ്റുമുട്ടൽ ഇപ്പോഴും തുടരുന്നു. ആസൂത്രണത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ഈ പ്രബുദ്ധസദസ്സും പ്രശ്നത്തിന് രമ്യമായ പരിഹാരം കണ്ടെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

## സമസ്യ 3

### ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

### രാസവള കീടനാശിനി

### വിപണനം

| ക്രമ | സ്ഥാപനം | 93-94 | | | 94-95 | | | 95-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | | കീടനാശിനി | | | കീടനാശിനി | | | കീടനാശിനി | |
| | | രാസവളം കെ.ജി. | ദ്രവം | ഖരം | രാസവളം കെ.ജി. | ദ്രവം | ഖരം | രാസവളം കെ.ജി. | ദ്രവം | ഖരം |
| 1 | സഹകരണം | 99700 kg | 932 kg | 38 lit | 117294 kg | 840 kg | 34 lit | 129023 kg | | |
| 2 | സ്വകാര്യം | 56355 kg | 824 kg | 64 lit | 66300 kg | 982 kg | 52 lit | 72930 kg | | |

പഞ്ചായത്തിലെ രാസവളം- കീടനാസിനി ഉപഭോഗത്തിന്റെ കണക്ക് ഈ പട്ടിക കായണിച്ചു തരുന്നു. ഉപഭോഗത്തിന്റെ കാര്യത്തിൽവലിയ വ്യത്യാസം കാണുന്നുല്ല. പതിവ് രീതി തുടരുന്നു എന്നർത്ഥം.

മുൻ കാലങ്ങളിൽ കീടങ്ങളെ മുറംകൊണ്ടു വീശി നീക്കം ചെയ്യുകയായിരുന്നു. എന്നാൽ പുതിയ വിത്തിനിങ്ങളും കൃഷിരീതികളും ആവിഷ്ക്കരിച്ചതോടെ കീടനാശിനി പ്രയോഗം വന്നു. നമ്മുടെ കൃഷിരീതിയാകെ മാറി. എന്നാൽ കീടനാശിനിയെത്തന്നെ പ്രതിരോധിക്കാനുള്ള കഴിവ് പല കീടനാശിനികളും നേടിയെടുക്കാൻ തുടങ്ങി. ഇതാകട്ടെ കൂടുതൽ ശക്തമായ കീടനാശിനിയെ അഭയം പ്രാപിക്കാൻ തുടങ്ങി. പല വികസിത ലോക രാഷ്ട്രങ്ങളും കീടനാശിനിയുടെ ഉപയോഗത്തിൽ നിന്ന് പിന്മാറുകയും ശത്രുകീടങ്ങളെ ഉപോയഗിക്കുകയും ചെയ്തു തുടങ്ങി... നമ്മുടെ പാട ശേഖരങ്ങൾക്കും ഈ രീതി അവലംബിച്ചുകൂടെ? അനുഭവ സമ്പന്നരായ കൃഷിക്കാരും കൃഷിശാസ്ത്രജ്ഞന്മാരും ഒന്നിച്ചു നിരക്കുന്ന ഈ സദസ്സിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ?

# കുടിവെള്ളം

"Water is Vital for Human Survial"

80 ശതമാനം രോഗങ്ങളും കുടിവെള്ളത്തിന്റെ അഭാവം മൂലമാണ് ഉണ്ടാകുന്നത്.

കുടിവെള്ളവും ആരോഗ്യവും തമ്മിലുള്ള ബന്ധം. ഗവർമ്മണ്ട് ഇങ്ങനെയാണ് വിശദീകരിക്കുന്നത്.

പഞ്ചായത്തിലെ ജലലഭ്യതയെപ്പറ്റി ദ്രുതഗമനപട്ടിക. കൃഷി തുടങ്ങിയ വിഷയങ്ങളിൽ പ്രതിപാദിച്ചത് ഇവിടെ ആവർത്തിക്കുന്നില്ല.

മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകൾ തന്നെ. 5757 വീടുകളിൽ 4375 കുടുംബത്തിന് (76%) സ്വന്തമായി കിണറുണ്ട്. പട്ടികജാതി- വർഗവിഭാഗത്തിലെ 615ൽ 119 പേർക്കാണ് സ്വന്തം കിണറുള്ളത്.

പൊതുവിൽ 24% പേർ ക്ക് കുടിവെള്ളപ്രശ്നമുള്ളപ്പോൾ പട്ടികജാതി വിഭാഗത്തിലെ 80% കുടുംബങ്ങൾക്കും കുടിവെള്ളം പ്രശ്നമാണെന്ന് ഇതുവ്യക്തമാക്കുന്നു. കുന്നിൻപ്രദേശങ്ങളിലാണ് ഇവരിലധികവും താമിസമെന്നും കോളനി പ്രദേശങ്ങൾ ജലലഭ്യതക്കുറവാണെന്നും സിദ്ധിക്കുന്നു.

### ഗ്രാമീണശുദ്ധജല വിതരണ പദ്ധതി

കേരളവാട്ടർ അതോറിറ്റി നിർമ്മിച്ച കടിയങ്ങാട് ശുദ്ധജല വിതരണ പദ്ധതിയാണ് പഞ്ചായത്തിലെ ഏക പൊതുകുടിനീർ പദ്ധതി.

നിർമാണച്ചെലവ് : 5.54 ലക്ഷം രൂപ

പ്രയോജനം പ്രതീക്ഷ : 300 കുടുംബങ്ങൾ

ടാപ്പ്: 12

കേടായത്: 4

വിപുലീകരണസാധ്യത: പരിമിതമാണ് പ്രതീക്ഷിത കുടുംബങ്ങൾക്ക് പ്രയോജനം കിട്ടുന്നില്ല. 12 കുടുംബങ്ങൾക്കും ഏതാനും ചായക്കടകൾ മാത്രം.

### പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

1. പുറക്കിലേരി മല പടിഞ്ഞാറെ തറ കോളനി ശുദ്ധജല വിതരണ പദ്ധതി

മതിപ്പ് ചെലവ് 10 ലക്ഷം രൂപ

50 കുടുംബങ്ങൾ ഗുണഭോക്താക്കൾ

പദ്ധതി കമ്മീഷൻ പോയതിനു ശേഷം മാത്രമേ വിപുലീകരണ സാധ്യത പരിശോധിക്കാനാവൂ

2. ചറത്തിപ്പാറ കോളനി ശുദ്ധജലവിതരണ പദ്ധതി

5.15 ലക്ഷം രൂപ മതിപ്പ് ചെലവ്

40 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും

പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ശേഷമേ വിപുലീകരണ സാധ്യത പരിശോധിക്കാനാവൂ.

3. കൊയിലാണ്ടിയും സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്ന കേന്ദ്രീകൃത ശുദ്ധജലവിതരണ പദ്ധതി

ചങ്ങരോത്ത് പഞ്ചായത്ത് ഉൾപ്പെടുന്ന ഈ ബൃഹത് പദ്ധതിയുടെ കമ്മീഷനിങ്ങ് ജോലികൾ നടന്നുവരുന്നു. ചങ്ങരോത്ത്, കൂത്താളി, ചക്കിട്ടപാറ (ഏതാനുംഭാഗം) എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒന്നാം മേഖല ഏതാണ്ട് പൂർത്തിയാക്കി കഴിഞ്ഞു. ഒന്നാമത്തെ മേഖലയിൽ പെടുന്നതാണ് നരിമഞ്ചക്കൽ പട്ടികജാതി കോളനി മറ്റു പഞ്ചായത്തുകൾക്ക് വെള്ളമെത്തിക്കാൻ 600 മില്ലിമീറ്റർ വ്യാസമുള്ള കുഴലുകളിൽ കൂടി അറ്റകുറ്റപ്പണികൾ തീർത്ത് വെള്ളമൊഴുകിവരുന്നു. 1977 മാർച്ച് ആകുമ്പോഴേക്കും പെരുവണ്ണാമൂഴിയിൽ നിന്നും പേരാമ്പ്ര

യിലെ ടാങ്കിൽ വെള്ളമെത്തിച്ച് വിതരണം ചെയ്യാൻ തീവ്രയത്നങ്ങൾ നടന്നു വരുന്നു. 1985 ൽ ആണ് ഈ പദ്ധതി ആരംഭിച്ചത്.

**III പരിഗണനയിലുള്ള പദ്ധതികൾ**

1 ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൻ കീഴിൽ പട്ടികജാതി പട്ടിക വർഗ്ഗകോളനികളിൽ വെള്ളമെത്തിക്കാനുള്ള പദ്ധതികൾ താഴെ പറയുന്ന പദ്ഥതികൾ ടെണ്ടർ നൽകി കഴിഞ്ഞു.

a) പന്തിരിക്കര മീത്തൽ ഹരിജൻ കോളനി എസ്റ്റിമേറ്റ് 2.34 ലക്ഷം രൂപ

20 കുടുംബങ്ങൾക്ക് പ്രയോജനപ്പെടും

b) നടുപറമ്പിൽ ഹരിജൻ കോളനി

എസ്റ്റിമേറ്റ് 4.40 ലക്ഷം രൂപ

40 കുടുംബങ്ങൾക്ക് ഉപകാരപ്പെടും

c) വിളയാറ ഹരിജൻ കോളനി

എസ്റ്റിമേറ്റ് 2.50 ലക്ഷം രൂപ

d) മാതോളി മീത്തൽ ഹരിജൻ കോളനി

എസ്റ്റിമേറ്റ് 3.95 ലക്ഷം രൂപ

20 കുടുംബങ്ങൾക്ക് ഗുണം കിട്ടും.

**2. രാജീവ് ഗാന്ധി കുടിനീർ പദ്ധതി പ്രകാരം കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

a) രണ്ടാം വാർഡിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി മതിപ്പ് ചെലവ് 5 ലക്ഷം രൂപ. ഉടൻ ടെണ്ടർ ചെയ്യും

b) 4,8 എന്നീ വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി മതിപ്പ് ചെലവ് 5 ലക്ഷം രൂപ ഉടൻ ടെണ്ടർ ചെയ്യും.

**കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രധാന പ്രദേശങ്ങൾ വാർഡ് അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു. അവലംബം ഗ്രാമസഭാ ചർച്ചകൾ**

വാർഡ് 1 പുരചേരിമല, പൊയിൽ കുന്ന്, വാഴയിൽ മീത്തൽ കല്ലൂർ ഭാഗം, പുറവൂർ ഭാഗം

വാർഡ് 2 ചേപ്രോൽ കുന്ന്, മൂശാരിക്കണ്ടി മീത്തൽ, തച്ചൻ കുന്ന് അരീക്കുണ്ട്, മൂരികുന്ന്, കാപ്പ് മല, താത്രിയാട്ട് മീത്തൽ ആനോറക്കുന്ന്, മണ്ടയുള്ളതിൽ മീത്തൽ

വാർഡ് 3 കട്ടൽ കോട് കുന്ന്

വാർഡ് 4 എടത്തും കുന്ന്, മുക്കണ്ണൻ കുന്ന്, കുഴിച്ചോർമണ്ണ്, പടത്തുകടവ്, അണ്ടിക്കുണ്ട്, കരുവാറക്കുന്ന്, തായാട്ട് കുന്ന്, കരുതോറകുണ്ട്, പഴുപ്പട്ടക്കുന്ന്

വാർഡ് 5 മുടിചൻചാൽ, പട്ടാണിപ്പാറ, പറത്തിപ്പാറ, അറക്കപറമ്പ്, വെള്ളച്ചാൽ, മണത്തലകുന്ന്, മുണ്ടൂത്തടം കോളനിആവടുക്ക അക്വഡേറ്റ് നട്ടുപറമ്പ് ഹരിജൻ കോളനി ഒളചാലിൽ, ആശാരിക്കുന്ന്

വാർഡ് 6 കച്ചേരികുന്ന് നരിക്കണ്ടിമീത്തൽ, കരിങ്ങണ്ടികുന്ന്, നാഗത്തുമീത്തൽ, കോളോറക്കുന്ന്

വാർഡ് 7 കിഴക്കൻ കുന്ന്, തോട്ടത്തിൽ കുന്ന്, വിളയാറക്കുന്ന്, എടക്കോട് കുന്ന്, വലിയ ഇല്ലം ഭാഗം

വാർഡ് 8

ചാലുപറമ്പ്,പാറച്ചാലിൽ, കോക്കാട്, സൂപ്പിക്കട, കിളച്ചപറമ്പ്, വെളിച്ചം പറമ്പ്, ആവടുക്ക, വരയാലം കണ്ടി മീത്തൽ കോളനി, ശങ്കരപുരം മണൽകുന്ന് ഭാഗം പന്തിരിക്കര ടൗൺ

വാർഡ് 9 അച്ചംവീട് കുന്ന് മരുതോലികുന്ന്, വടക്കെ പറമ്പിൽ കുന്ന്, വലിയ വീടുമ്മൽ കുന്ന്, ഒന്നാംതെതക്കൽ കുന്ന് പള്ള്യാറച്ചാലിൽ കുന്ന്, കങ്കാട്കുന്ന്, മൊടപ്പിലോട്ട് ചെമ്പോട്ടുകണ്ടി, പാലേരി LPസ്കൂൾ ഭാഗം, പാലേരി അംഗൻ വാടി കേന്ദ്രം

വാർഡ് 10

മദ്രമലകുന്ന്, കരിങ്ങാറ്റികുന്ന്, രയരോത്തിടം കുന്ന്, തച്ചൻകണ്ടി മീത്തൽ ഒതയോത്ത് മീത്തൽ

വാർഡ് 11

പിലാച്ചേരി ഹരിജൻ കോളനി,തത്തമല, ഈൗർച്ച നടക്കൽ, ചാമക്കാല, മീത്തലെ പാളച്ചാട്ട് ഭാഗം, കുട്ടിച്ചാത്തൻ തറ, മലയിൽ,, ആകോത്ത്, പുളക്കുഴി കുന്ന്, ചെറുപുത്തലത്ത് വീട്, പറമ്പത്ത് ഇല്ലത്ത ഭാഗം പാറക്കെട്ടിൽ അംഗൻവാടി.

പ്രശ്നങ്ങൾ

എല്ലാ വാർഡുകളിലും ഏറെക്കുറച്ചിലിലേക്ക് കൂടിയാണെങ്കിലും കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു. ചില പ്രദേശങ്ങളിൽ ക്ഷാമം രൂക്ഷമാണ്. ഒരു കിലോമീറ്ററോളം കുടിവെള്ളത്തിനായി സഞ്ചരി

ക്കേണ്ടി വരുന്നു.

കുന്നിൻ പ്രദേശങ്ങളിലും പാറകളുള്ള സ്ഥലങ്ങളിലും കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു

കുഴൽ കിണറുകളിലെ വെള്ളത്തിന് രുചി വ്യത്യാസവും നിറ വ്യത്യാസവും അനുഭവപ്പെടുന്നു.

പൊതു ജലവിതരണപദ്ധതികൾ നാമമാത്രമാണ്.

ഉള്ള പദ്ധതികളുടെ തന്നെ ടാപ്പുകൾ പ്രവർത്തനക്ഷമമല്ല. ഇരുമ്പ് പൈപ്പുകൾ പഴകിജീർണ്ണിച്ചത് കാരണം വെള്ളം ചീത്തയാകുന്നു.

ഭൂരിപക്ഷം കിണറുകൾക്കും ആൾമറയില്ല. അറ്റകുറ്റപ്പണികൾ നടത്താറില്ല്. ഇത് മൂലം ജലം മലിനമാകുന്നതിന് കാരണമാകുന്നു

ഭൂരിപക്ഷം പ്രേദശങ്ങളും വൈദ്യുതീകരിച്ചിട്ടില്ല.

പുഴയിൽ നിന്നുള്ള അമിതമായ മണൽ വാരൽ കിണറുകളിലെ വെള്ളം വെള്ളം വറ്റുന്നതിന് കാരണമാകുന്നു.

സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ സാധ്യകൾ

നിലവിലുള്ള സ്വകാര്യ കിണറുകൾ ആഴം കൂട്ടി ആൾമറകെട്ടി. അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുക

നിലവിലുള്ള പൊതുകിണറുകളെല്ലാം ഉപയോഗയോഗ്യമാക്കുക

പൊതു ടാപ്പുകളുടം അറ്റകുറ്റപ്പണികഴൾ നടത്തുക

CWSS പദ്ധതി വിപുലീകരിക്കുക

പഞ്ചായത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. ജലസംഭരണികളായ വയലുകൾ നികത്തുന്നത് കർശനമായി തടയുക.

ജല സംരക്ഷണത്തെക്കുറിച്ചും ജലജന്യ രോഗങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ തയ്യാറാക്കുക.

പരിഹാര നിർദ്ദേശങ്ങൾ

CWSS പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുക.

പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും പരിഗണയിലുള്ളതുമായ പദ്ധതികൾ ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കുക.

പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ ചെറുകിടപദ്ധതികൾ ആവിഷ്ക്കരിച്ചത് നടപ്പിലാക്കുക.

നിലവിലുള്ള പൊതുവിതരണസംവിധാനത്തിന്റെ സാധ്യത പൂർണമായും ഉപയോഗപ്പെടുത്തുക.

ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതുകിണറുകളും കുഴൽ കിണറുകളും കുഴിക്കുക. നിലവിലുള്ളവ കൂടുതൽ ഉപയോഗയോഗ്യമാക്കുക.

സ്വകാര്യ കിണറുകൾ കുഴിക്കുന്നതിനും റിപ്പയറിങ്ങിനും സ്വകാര്യവ്യക്തികൾക്ക് ലളിതവ്യവസ്ഥയിലും മിത പലിശക്കു വായ്പ ലഭ്യമാക്കുക.

ജലവിതരണത്തിന് വൈദ്യുതി എത്തിക്കുന്നതിന് മുൻഗണന നൽകുക.

പുഴയിൽ നിന്നുള്ള അനിയന്ത്രിതമായ പൂഴിവാരൽ നിരോധിക്കുക.

വാർഡിൽ 1 എന്ന തോതിൽ പൊതുകുളങ്ങൾ കുഴിക്കുക.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും ഗ്രാമസഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അതിനുള്ള പരിഹാര മാർഗ്ഗങ്ങളും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

3 അണ്ടിക്കുന്ന് തോട്ടത്താങ്കണ്ടി പുഴയിൽ നിന്നും

അണ്ടിക്കുന്നിൽ ടാങ്ക് കെട്ടി വെള്ളം

പമ്പ് ചെയ്യുക

കരുവാറക്കുന്ന് മാണിക്കാങ്കണ്ടി കിണർ കുഴിച്ച്

കരുവാറക്കുന്നിലേക്ക് വെള്ളം പമ്പ് ചെയ്യുക

5 തായാട്ട് കുന്ന് മുക്കണ്ണൻ കുന്നിന്റെ

കിഴക്കെ ചരിവിലുള്ള നീരുറവ

ഉപയോഗിച്ചു പരിഹാരം കാണുക

6 കരിങ്കണ്ണിക്കുന്നു പഴു 30 നിലവിലുള്ള കരിങ്കണ്ണിപ്പട്ടകുന്ന് കുന്ന് ശുദ്ധജല പദ്ധതി വിപുലീകരിക്കുക

V 1 മുടിയൻ ചാൽ പട്ടാണിപ്പാറ 300 CWSS പദ്ധതി വ്യാപിപ്പിക്കുക.

2 ചരത്തിപ്പാറ CWSS "

3 അക്കൈപറമ്പ് 30 CWSS /കിണർ ടാങ്ക്

4 വെള്ളച്ചാൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി

വെള്ളം പമ്പ് ചെയ്യുക

5 മുണ്ടത്തല കുന്ന് CWSS വ്യാപിക്കുക

6 മുണ്ടത്തടം ഹരിജൻ നാലാം വാർഡിൽ നിർദ്ദേശിച്ചു

കോളനി മുക്കണ്ണൻ കുന്ന് പദ്ധതി ഉപയോഗപ്പെടുത്തുക

7 ആവടുക്ക അക്കുഡേറ്റ് നരിമഞ്ച കോളനിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി പരിഹരം കാണുക.

8 നടുപ്പറമ്പ് ഹരിജൻ കോളനി കിണർ ടാങ്ക് (വനം

വകുപ്പു വക ഒരു പദ്ധതി പരിഗണനയിലുണ്ടായിരുന്നു

കിണറിനും ടാങ്കിനും സ്ഥലം വിട്ടുകൊടുത്താണ്

ഇത് നടപ്പിലാക്കാൻ നടപടിയുണ്ടാക്കണം.

9 കവുങ്ങുള്ള ചാൽ ആശാരിമുക്ക് പൊതുകിണർ

VI 1 കച്ചേരിക്കുന്ന് 80 കിണർ ടാങ്ക്

നരിക്കല്ല് കണ്ടി മീത്തൽ

2 കരിങ്കണ്ണി കുന്ന് നിലവിലുള്ള കരിങ്കണ്ണികുന്ന് പദ്ധതി

വിപുലീകരിക്കുക-നവീകരണം

3 നാഗത്ത് മീത്തൽ 65

5 കോളോറകുന്ന 60 നിലവിലുള്ള ടാങ്കും കിണറും

ഏകദേശം 50000 രൂപ പ്രയോജനപ്പെടുത്തി വെള്ളം പമ്പ് ചെയ്യുക

ചിലവഴിച്ചാൽ കറന്റ് പ്ലംബിങ്ങ്

VII 1 കിഴക്കയിൽ കുന്ന് വിളയാതാഴ കിണർ കിഴക്കെ

തോട്ടത്തിൽ കുന്ന് കുന്ന് ടാങ്ക് കെട്ടി പമ്പ് ചെയ്യുക

വാളയാറകുന്ന് അല്ലെങ്കിൽ CWSS പദ്ധതി വഴിയും നടപ്പാക്കാം.

2 എടക്കോട് കുന്ന് 12 പൊതുകിണർ

3 വലിയ ഇല്ലംഭാഗം പൊടുകിണർ

VIII 1 ചാലുപറമ്പ്- പാറച്ചാലിൽ ദൈവത്തും തറ നിലവിലുള്ള

കോക്കാട് സൂപ്പിക്കടെ കുളം പ്രയോജനപ്പെടുത്ത് കോക്കാട്

കിളച്ച പാമ്പ് വെളിച്ചം പറമ്പ് കുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യുക

ആവടുക്ക-വരയാലം കുറെഭാഗങ്ങളിൽ CWSS വഴിയും ജലം

കണ്ടി മീത്തൽ കോളനി ജലം എത്തിക്കാം.

2 ശങ്കര പുരം മണൽകുന്ന് ഭാഗം CWSS പദ്ധതി

3 പന്തിരിക്കര ടൗൺ പൊതുകിണർ

IX 1 അച്ചും വീട്ടുകുന്ന് മരുകോളിതാഴ വയലിൽ

മരുതോളി മീത്തൽ കിണർ അച്ചുതൻ കുന്ന ടാങ്ക് പമ്പ് ചെയ്യുക

2 വടക്കെ റമ്പിൽ കുന്ന് 25 കിന്നിനു താഴെയുള്ള സ്ഥിരം നീരുറവ

പ്രയോജനപ്പെടുത്തി .കുന്നിൽ

ടാങ്ക് കെട്ടി വെള്ളം പമ്പു ചെയ്യുക.

3 വലിയ വീട്ടുമ്മൽ കുന്ന് കിണർ/ടാങ്ക്

4 ഒന്നാംതരിക്കൽ കുന്ന് കിണർ/ടാങ്ക്

5 പള്ള്യാറച്ചാലിൽ കുന്ന് കിണർ/ടാങ്ക്

6 കങ്കാടത്ത് കുന്ന് നിലവിലുള്ള കിണർ ആഴം കൂട്ടുക

7 മൊടപ്പിലോട്ട് ചോമ്പോട്ട്കണ്ടി പൊതുകിണർ

8 പാലേരി LP സ്കൂൾ കുഴൽ കിണർ

9 അംഗൻവാടി പാലേരി കുഴൽ കിണർ

X 1 മറുമലക്കുന്ന് 25 കല്ലിൽ കണ്ടി താഴ കിണർ മറുമലകുന്നിൽ ടാങ്ക്

2 കരിങ്ങാറ്റിക്കുന്ന് 22 കിണർ. ടാങ്ക്

3 രയരോത്തിടം കുന്ന് 30 കുറ്റ്യാടി പുഴയിലെ

വെള്ളം രയരോത്ത് കുന്നിൽ ടാങ്ക്

4 തച്ചർകണ്ടിമീത്തൽ 12 പൊതുകിണർ

5 ഒതയോത്ത മീത്തൽ പൊതുകിണർ

XI 1 പിലാച്ചേരി ഹരിജൻ കോളനി 25 നിർദ്ദിഷ്ട പദ്ധതി ഉടൻ പണി

ആരംഭിക്കുക (3,67000)

2 തന്തമല ഈർപ്പക്കടെ 60 നീർമറി പദ്ധതി പ്രകാ

രമുള്ള

ക്കൽ ചാമക്കാല ഈൗർപ്പനടക്കൽ താളെ കുളം ഉപയോഗിച്ച്

തന്തമലയിൽ ടാങ്ക് കെട്ടി

വെള്ളം പമ്പ് ചെയ്യുക.

3 മീത്തലെ പാളയാട്ട് പിണങ്ങോട്ട് താഴ കിണർ

ഭാഗം കൂട്ടിച്ചാത്തൻ 100 മീത്തലെ പാളയാട്ട് ടാങ്ക് കെട്ടി

തറമലയിൽ വെള്ളം പമ്പു ചെയ്യുക.

4 ആട്ടോത്ത് ഭാഗം കിണർ

5 പുതുക്കോടി കുന്ന് കിണർ കിണർ

6 ചെറുപുത്തലത്ത് ലക്ഷം വീട് കിണർ

7 പറമ്പത്തില്ലത്ത് ഭാഗം കിണർ

8 പാറക്കെട്ടിൽ അംഗൻവാടി കിണർ

കുടിവെള്ളം
അനുബന്ധം
കാണുക →

# വിഭവസമാഹരണം

വിപുലമായ ആസൂത്രണത്തിന്റെയും പദ്ധതി പരമ്പരകളുടെയും വർഷങ്ങളേറെ കഴിഞ്ഞിട്ടും വികസന കാര്യത്തിൽ നാം വളരെ പുറകിൽ തന്നെ. കൃഷി, വ്യവസായം, വൈദ്യുതി, പാർപ്പിടം തുടങ്ങിയ മേഖലകളിലൊന്നും നമുക്ക് വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞില്ല. വിഭാവസമൃദ്ധമാണ് നമ്മുടെ പഞ്ചായത്ത് നമ്മുടെ പുഴയോരങ്ങൾ ഫലഭൂയിഷ്ഠമാണ്. പൂഴി, ചെങ്കല്ല്, കരിങ്കല്ല്, ജലസ്രോതസ്സുകൾ എന്നിവയെല്ലാം ആവശ്യത്തിൽ കൂടുതൽ ഇവിടെയുണ്ട്. ജനശക്തിയും കുറവില്ല. വിഭവങ്ങളേറെയുണ്ടെങ്കിലും അവ സമാഹരിച്ച് സാമൂഹ്യപുരോഗതിക്കുപയുക്തമാക്കാൻ നമുക്ക് കഴിയുന്നില്ല. ശരിയായ ആസൂത്രണത്തിന്റെ അഭാവം നമുക്കിവിടെ അനുഭവപ്പെടുന്നു. വികസനരംഗത്ത് മനുഷ്യവിഭവശേഷി വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിലും പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലും വന്ന വീഴ്ച പ്രകടം.

വൈദ്യുതിയുടെ ദൗർലഭ്യം വലിയൊരു ശാപമാണ്. കൃഷിയിടങ്ങൾ ഇവിടെ താമസസ്ഥലങ്ങളായി മാറ്റപ്പെടുന്നു. അവയുടെ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നു. കർഷകതൊഴിലാളികൾ നിർമ്മാണമേഖലകളിലേക്ക് ചേക്കേറിപ്പോകുന്നു. അമിതവും അശാസ്ത്രീയവുമായ രാസവളപ്രയോഗം നമ്മുടെ മണ്ണന്റെ ഘടനയെതന്നെ മാറ്റിയിരിക്കുന്നു. കീടനാശിനികൾ നമ്മുടെ കാർഷികോല്പന്നങ്ങളെ വിഷമയമാക്കിയിരിക്കുന്നു. മത്സ്യസമൃദ്ധമായിരുന്ന നമ്മുടെ പുഴകളിൽ ഇന്ന് അവ നാമാവശേഷമായിരിക്കുന്നു. അമിതമായ പൂഴിവാരൽ പുഴയിലെ ജലനിരപ്പിനെ സാരമായി ബാധിക്കുന്നു. കരയിടിച്ചിലിനും കാരണമാകുന്നു.

പ്രകൃതിയോട് നാം കാണിക്കുന്ന ക്രൂരതക്ക് പ്രായശ്ചിത്തം ചെയ്യാൻ സമയമായിരിക്കുന്നു.

ശരിയായ ബോധവൽക്കരണം, അധികാരവികേന്ദ്രീകരണം, വിഭവങ്ങളുടെ കണ്ടെത്തലും സമാഹരണവും, നീതിപൂർവ്വകമായ വിതരണം ഇവ ഇന്ന് അത്യാവശ്യമായിരിക്കുന്നു.

#### പൊതുവായ സാമ്പത്തികസ്ഥിതി

19.20 ച.കിലോമീറ്ററാണ് നമ്മുടെ പഞ്ചായത്തിന്റെ വിസ്തീർണ്ണം. ജനസംഖ്യ 277748. ജനങ്ങളുടെ പ്രധാന ജീവിതമാർഗ്ഗം കൃഷി.

2454 ഹെക്ടർ സ്ഥലം തോപ്പും 242 ഹെക്ടർ വയലേലകളുമാണ്. നാളികേരം, അടക്ക, റബ്ബർ, കുരുമുളക്, കശുവണ്ടി തുടങ്ങിയവയാണ് പ്രധാനവിളവുകൾ. നെൽകൃഷി കുറഞ്ഞുവരുന്നു.

ആയിരത്തിമുന്നൂറിൽപരം ആളുകൾ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്.

1995-ലെ പഞ്ചായത്തിന്റെ വരുമാനം 275688 രൂപയാണ്. കെട്ടിടനികുതിയായും തൊഴിൽ നികുതിയിനത്തിലും ആണ് ഇത്രയും തുക സമാഹരിക്കു

ന്നത്. ഇതിനും പുറമെ മറ്റു ധനാഗമമാർഗ്ഗങ്ങൾ വഴിയും വരുമാനമുണ്ട്. കണക്കുകൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ഇനം | തുക |
|---|---|
| കെട്ടിടനികുതി | 191615 10 |
| തൊഴിൽനികുതി | 60105 - |
| വിനോദനികുതി | 13683 - |
| അഡീഷനൽ വിനോദനികുതി | 8375 30 |
| പ്രദർശനനികുതി | 1528 - |
| പ്രദർശനനികുതി സർചാർജ് | 382 - |
| ആകെ | 275688 90 |

പഞ്ചായത്തിന്റെ ആകെ വരുമാനത്തിന്റെ 34.4 ശതമാനം കെട്ടിടനികുതിയും 7.65 ശതമാനം തൊഴിൽ നികുതിയും ആണ്.

മറ്റുധനാഗമനമാർഗ്ഗങ്ങൾ

| | |
|---|---|
| ചന്തനടത്തിയവകയിൽ വരവ് | 1050 |
| ലൈസൻസ് ഇനത്തിൽ | 12487 |
| വസ്തുകൈമാറ്റ നികുതി | 296673 |
| സംഭാവന | 500 |
| ഡിപ്പോസിറ്റ് | 68218 |
| മറ്റുള്ളവ | 130885 |
| ആകെ | 509813 |

കഴിഞ്ഞവർഷം മൊത്തം 1591539 രൂപ ചെലവഴിച്ചതായി കാണുന്നു.

1995-ലെ ചെലവ് സംബന്ധിച്ച കണക്ക്

| ഇനം | തുക | ശതമാനം |
|---|---|---|
| ഭരണം | 467266 | 29.35 |
| പൊതുമരാമത്ത് | 911613 | 57.28 |
| വിദ്യാഭ്യാസം | 98510 | 6.20 |
| പൊതുജനാരോഗ്യം | 45543 | 2.87 |
| തെരുവുവിളക്ക് | 15187 | 0.95 |
| മറ്റുള്ളവ | 53409 | 3.35 |
| ആകെ | 1591539 | 100 |

കഴിഞ്ഞ വർഷത്തെ മൊത്തം തനതുവരുമാനം 785502 രൂപ കണക്കാക്കിയാൽ തന്നെയും തന്നാണ്ടിൽ 806037 രൂപയുടെ കമ്മി ഉള്ളതായി കാണാൻ കഴിയും.

നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റു പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കും ഗവർമെണ്ടിൽ നിന്നുള്ള ധനസഹായം ആശ്രയിക്കുകയാണ് ചെയ്യുന്നത്.

1995ൽ സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ 25000 രൂപയും JRY ഇനത്തിൽ 505175 രൂപയും ഉപാധിരഹിത ഫണ്ട് ഇനത്തിൽ 309550 രൂപയും ലഭിച്ചതായി കാണുന്നു. മൊത്തം ഗ്രാന്റിന്റെ 36 ശതമാനമാണ് അൺടൈഡ് ഫണ്ടായി ലഭിച്ചത് ഭരണപരമായ കാര്യങ്ങൾക്ക് സർക്കാരിൽനിന്നും സഹായമൊന്നും ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ സ്വന്തം വരുമാനം ഉപയോഗിപ്പെടുത്തിയാണ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ നിർവ്വഹിക്കുന്നത്.

ചെലവിന്റെ 29.35 ശതമാനവും ഭരണപരമായ കാര്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തുന്നത്. ഭരണച്ചെലവിൽ വർഷംതോറും വർദ്ധന ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഭരണസമിതിയുടെയും ജീവനക്കാരുടെയും വേതനത്തിനുള്ള ചെലവ്, ഓഫീസ് ചെലവുകൾ, ഓഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ചെലവ്, യാത്ര, പൊതുപരിപാടി ചെലവ് എന്നിവയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയാണ് കാരണം.

മൊത്തം ചെലവിന്റെ 57.29 ശതമാനവും പൊതുമരാമത്ത് ചെലവുകളാണ്. കരാർ വ്യവസ്ഥയിൽ പ്രവൃത്തികൾ ചെയ്യിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇത് ചെലവ് വർദ്ധിക്കുന്നതിന് ഒരു കാരണമാണ്.

വിദ്യാഭ്യാസത്തിന് 6.2 ശതമാനവും പൊതുജനാരോഗ്യം ജലവിതരണം എന്നിവക്ക് 2.87 ശതമാനവും തെരുവുവിളക്കുകൾ കത്തിക്കുന്നതിന് 0.95 ശതമാനവും സംഖ്യചെലവാക്കിയിട്ടുണ്ട്.

പുതിയ ഗ്രാമപഞ്ചായത്ത് സംവിധാനം വന്നതിനു ശേഷം പ്രത്യക്ഷ ഉല്പാദന മേഖലകളിലേക്ക് പണം വിലയിരുത്താൻ തുടങ്ങിയിട്ടുണ്ട്. അതുവരെ റോഡുകളും കെട്ടിടങ്ങളും നിർമിക്കുന്നതിനാണ്

ചെലവിനെ സംബന്ധിക്കുന്ന ഗ്രാഫ്




കൂടുതൽ തുക ചെലവാക്കിയിരിക്കുന്നത് എന്ന് കണക്കുകളിൽ നിന്നും വ്യക്തമാകുന്നു.

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമിക്കുന്നതിനാണ് പ്രധാനമായും വായ്പ വാങ്ങിയിരുന്നത്. ഈ കെട്ടിടത്തിന്റെ മുറികൾ കച്ചവടാവശ്യങ്ങൾക്ക് വാടകക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. കെട്ടിടനിർമ്മാണത്തിനാവശ്യമായി വാങ്ങിയ വായ്പ തിരിച്ചടക്കുന്നതിന് ഇതിന്റെ വാടക ഇനത്തിൽ ലഭിക്കുന്നതു തികയുന്നില്ല എന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

**പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ**

1. ചങ്ങരോത്ത് പഞ്ചായത്ത് സർവീസ് സഹകരണബേങ്ക്

2. സൗത്ത് മലബാർ ഗ്രാമീണ ബേങ്ക് പന്നിരിക്കര.

3. പി.ആന്റ്.ടി. ഫൈനാൻസിയേഴ്സ് ഇത് ഒരു സ്വകാര്യ പണമിടപാട് സ്ഥാപനമാണ്.

ഏതാണ്ട് 90 ലക്ഷം രൂപ പ്രവർത്തനമൂലധനവും പതിനൊന്നായിരത്തിൽപരം അംഗങ്ങളുമുള്ള ഒരു സഹകരണസ്ഥാപനമാണ് ചങ്ങരോത്ത് പഞ്ചായത്ത് സർവ്വീസ് സഹകരണബേങ്ക്. ജനങ്ങൾക്കാവശ്യമായ കാർഷിക- കാർഷികേതരവായ്പകളും ഐ.ആർ.ഡി.പി. ലോണുകളും ഈ സ്ഥാപനം വഴി കൊടുത്തുവരുന്നു. വ്യവസായം, കച്ചവടം തുടങ്ങിയ സംരംഭങ്ങൾക്ക് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൽ നിന്നും വായ്പ ലഭിച്ചുവരുന്നു.

ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ മുഴുവനും നിറവേറ്റുന്നതിന് ഈ രണ്ട് സ്ഥാപനങ്ങൾക്കും സാധിക്കുന്നില്ല എന്നതാണ് അവസ്ഥ.

**പ്രശ്നങ്ങൾ**

1. ഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ നമ്മുടെ ഗ്രാമം ഇന്നും പിറകിൽ തന്നെ. റോഡുകളിൽ ഭൂരിഭാഗവും പണിപൂർത്തിയാകാത്തവയാണ്. പൂർത്തിയായവയിൽ ബസ് സൗകര്യം വേണ്ടത്രയില്ല. തെക്കേടത്ത് കടവ്, തോട്ടത്താംകണ്ടികടവ് എന്നിവിടങ്ങളിലേക്ക് ബസ് ഗദാഗതത്തിന് സാധ്യതയുള്ളതാണ്.

2. വൈദ്യസഹായത്തിന്റെ കാര്യത്തിലും പുരോഗതി വേണ്ടത്രയില്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന, സൗകര്യങ്ങൾ വേണ്ടത്രയില്ലാത്ത ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു സർക്കാർ പ്രാഥമികാശുപത്രിയും മാത്രമേ ഇപ്പോൾ പഞ്ചായത്തിലുള്ളൂ.

3. പതിനഞ്ച് വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടെങ്കിലും അവിടങ്ങളിലൊന്നിലും ആവശ്യത്തിന് പഠനോപകരണങ്ങളും സൗകര്യങ്ങളും ഇല്ല.

4. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. 300 ഏക്കറിൽ കൂടുതലുള്ള പുറമ്പോക്ക് ഭൂമി കാർഷികാവശ്യങ്ങൾക്കും മറ്റും ഉപയോഗപ്പെടുത്താൻ സാധ്യതയുള്ളതാണ്.

5. വിനോദസഞ്ചാരരംഗത്ത് നല്ല സാധ്യതകളുണ്ട്. പഞ്ചായത്തിന്റെ മൂന്ന് അതിരുകളിലും വളഞ്ഞും നടുവിലൂടെയും പുഴ ഒഴുകുന്നു. ഭൂമിയുടെ കിടപ്പും, പ്രകൃതിസൗന്ദര്യവും സഞ്ചാരികളെ ആകർഷിക്കാൻ പറ്റുന്ന വിധത്തിൽ വികസിപ്പിച്ച് വിപുലപ്പെടുത്താൻ കഴിയണം.

6. കുടിവെള്ളക്ഷാമവും പാർപ്പിടപ്രശ്നവും വളരെ രൂക്ഷമാണ്.

7. പൊതുമരാമത്ത് ജോലികൾ കോൺട്രാക്ടർമാരെ ഏല്പിക്കുന്നതു കാരണം ചെലവഴിക്കുന്ന തുകയിൽ നല്ലൊരു ഭാഗം അവരുടെ കീശയിലെത്തുന്നു.

8. സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തി

വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യത്തിൽ താല്പര്യം കാണിക്കുന്നില്ല.

## വിഭവസാധ്യതകൾ

1. ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനം

പഞ്ചായത്തിലെ 1300-ൽപരം പേർ ഗൾഫ് രാജ്യങ്ങളിൽ വിവിധ ജോലികൾ ചെയ്തുവരുന്നു. ഇവരുടെ വരുമാനം മുഖ്യമായും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്. NRI നിക്ഷേപം സഹകരണ ബേങ്കുകളിൽകൂടി വ്യാപിപ്പിക്കുകയും അവ ഉപയോഗപ്പെടുത്തി പ്രത്യുല്പാദനപരമായ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യമം.

വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ കടപ്പത്ര മുഖേന പണം സമാഹരിക്കാൻ പരിപാടി ഉണ്ടാക്കാം.

2. പൊതുമേഖലാ സ്ഥാപനങ്ങളായ LIC, KFC തുടങ്ങിയവയിൽ നിന്നും ധനസഹായം തേടി പൊതുജനോപകാരപ്രദവും വരുമാനസാധ്യതയുള്ളതുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാം.

3. നികുതിപിരിവ് കാര്യക്ഷമമാക്കി നികുതിവെട്ടിപ്പുകൾ തടയാൻ നടപടിയുണ്ടാവണം. അശാസ്ത്രീയമായ ഇന്നത്തെ കെട്ടിടനികുതി നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഏകീകരിക്കാൻ കഴിയണം.

പുതുതായി നിർമിക്കുന്ന കെട്ടിടങ്ങൾക്ക് പഞ്ചായത്തിന്റെ അംഗീകരം നിർബന്ധമാക്കണം. ഇതിന് പ്രത്യേക നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണ്.

4. പുതിയ സേവനതുറകൾ അനുവദിച്ച് അവയിൽ നിന്നും നികുതികൾ ഈടാക്കാം.

പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുന്ന എല്ലാപരസ്യങ്ങൾക്കും നികുതി ചുമത്താം. വാഹനങ്ങളിൽ നിന്നും ഒരു നിശ്ചിത സംഖ്യ നികുതിയായി ഈടാക്കാം.

5. സ്വത്തുകൈമാറ്റം ചെയ്യപ്പെടുമ്പോൾ അതിന്റെ വിലയുടെ ഒരു നിശ്ചിത ശതമാനം ഫീസായി പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സംവിധാനമുണ്ടാക്കണം.

6. ദേശീയസമ്പാദ്യപദ്ധയുടെ ഭാഗമായി നിക്ഷേപിക്കപ്പെടുന്ന സംഖ്യയുടെ ഒരു നിശ്ചിത ശതമാനം ഇവിടെ വികസനപ്രവർത്തനങ്ങൾക്ക് വായ്പയായി ഉപയോഗപ്പെടുത്താമൊ എന്ന് ബന്ധപ്പെട്ടവരുമായി ആലോചിക്കണം.

7. പഞ്ചായത്തിന്റെ വകയായുള്ള കമ്യൂണിറ്റി ഹാളിൽ മാസത്തിലൊരിക്കൽ നല്ല കലാപരിപാടികൾ അതപ്പിക്കാൻ അവസരമുണ്ടാക്കി അതുവഴി വരുമാനമുണ്ടാക്കാൻ കഴിയും. പൊതുപരിപാടികൾക്കും കമ്മ്യൂണിറ്റിഹാൾ വാടകക്ക് കൊടുക്കാവുന്നതാണ്. കല്യാണങ്ങളും അവിടെ നടത്താൻ സൗകര്യമുണ്ടാക്കി വാടകക്ക് നൽകാം.

8. പഞ്ചായത്തിലെ പ്രധാന റോഡുകളുടെ ഇരുഭാഗത്തും മാവ്, പ്ലാവ്,പുളി തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻ ഏർപ്പാടുണ്ടാക്കുക. ഇവയിൽ ഉണ്ടാകുന്ന ഫലം ലേലം ചെയ്തു വിൽക്കാം. കൃഷിഭവനുകളുടെ സഹായം ഇക്കാര്യത്തിൽ നേടാൻ കഴിയും.

9. പ്രകൃതിദത്ത വിഭവങ്ങൾ ഉപയോഗപ്പെടുത്തൽ

മണൽ, പാറ, ചെങ്കല്ല് എന്നിവയുടെ ഖനനവും ശേഖരണവും കണിശ പരിശോധനക്ക് വിധേയമാക്കി നികുതിയോ ലൈസൻസ് ഫീസോ ആയി ധനം ശേഖരിക്കാൻ കഴിയും.

പഞ്ചായത്ത് പുറംപോക്ക് ഭൂമിയിൽ വിലപിടിപ്പുള്ള മരങ്ങളുണ്ട്. ഇവ നമ്പർ ചെയ്ത് സംരക്ഷിക്കാൻ ഏർപ്പാടുണ്ടാവണം. പുറമ്പോക്ക് ഭൂമിയിൽ പഞ്ചായത്ത് നേരിട്ട് കൃഷി ചെയ്യുന്നില്ലെങ്കിൽ പാട്ടത്തിന് കൊടുക്കാൻ നടപടിയുണ്ടാവണം.

10 പഞ്ചായത്തിലെ പ്രകൃതിരമണീയമായ സ്ഥലങ്ങൾ വിനോദ സഞ്ചാര കേന്ദ്രമായി സംരക്ഷിക്കപ്പെടണം. കോവുമന്മൽ താഴം മുറിഞ്ഞ പുഴ വികസിപ്പിച്ചെടുത്താൽ കളിപ്പൊയ്കയായി പ്രയോജനപ്പെടുത്താവുന്നതാണ്.


11. സഹരണമേഖലയിൽ പുതിയ തൊഴിൽ സംരംക്ഷങ്ങൾ തുടങ്ങാം. പാരലൽ കോളേജ്, വസ്ത്രനിർമ്മാണ യൂണിറ്റ്, ചകിരി കയറുല്പന്നവ്യവസായം തുടങ്ങിയവക്ക് സാധ്യതയുണ്ട്.

12. ജലസേചനവകുപ്പിന്റെ കീഴിൽ അഞ്ചാം





വാർഡിൽ ഉപയോഗശൂന്യമായി കിടക്കുന്ന ആയിര ക്കണക്കിന് ലോഡ് കരിങ്കൽ പഞ്ചായത്തിന് വിട്ടുകി ട്ടിയാൽ അത് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപ യോഗിക്കാൻ കഴിയും. ഇതിനാവശ്യമായ നടപടി ഉണ്ടാവണം.

13. സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടു ത്തൽ

കക്കൂസ് നിർമ്മാണം, കെട്ടിനിർമ്മാണം, ലൈബ്രറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തൽ തുട ങ്ങിയ രംഗങ്ങളിൽ സന്നദ്ധസംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താം. പഞ്ചായത്ത് സമിതി നേരിട്ട് തന്നെ ഇത്തരം സന്നദ്ധസേനകൾ രൂപീകരിക്കാൻ തയ്യാറെടുക്കണം. മനുഷ്യാദ്ധ്വാനം പരിമാവധി ഉപയോഗപ്പെടുത്തുന്നതിന് സൗകര്യം ഉണ്ടാക്കണം.



# മലകൾ പുഴകൾ പൂവനങ്ങൾ
## ഭൂമിക്കുകിട്ടിയ സ്ത്രീധനങ്ങൾ

ഫോട്ടോ: പി.ബാബു
*സെക്രട്ടറി*

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

# അനുബന്ധം കൃഷി

### പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നെല്ലുൽപാദകസമിതികൾ

1) കല്ലൂർ നെല്ലുൽപാദകസമിതി.
2) വടക്കുംപാട് നെല്ലുൽപാദകസമിതി
3) ചെമ്പേരിത്താഴ "
4) ആവുടുക്ക "
5) കൂനിയോട് - മുതുവണ്ണാച്ച "
6) കടിയങ്ങാട് "
7) ചങ്ങരോത്ത്"
8) കയ്യുണ്ടത്തിൽ "
9) കൂടലോട്ട് "
10) കന്നാട്ടി "
11) കല്ലൂർപാണ്ടി "

### നിർദ്ദേശം

1) എല്ലാപാടങ്ങളിലും നെല്ലുൽപാദകസമിതികൾ ഉണ്ടാക്കണം

2) കന്നാട്ടി പാടശേഖര സമിതിക്ക് അനുവദിച്ചുകിട്ടിയടില്ലർ ഉപയോഗിക്കാൻ കഴിയാത്ത പ്രശ്നം. രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, കർഷകർ, കർഷക തൊഴിലാളിപ്രതിനിധികൾ എന്നിവരടങ്ങിയ കമ്മിറ്റി പ്രശ്നം പരിഹരിക്കണം.

## പാർപ്പിടം

### ഭവനരഹിതർ

ഭവനരഹിതരായ കുടുംബങ്ങൾക്ക് പഞ്ചായത്ത് തല രജിസ്ട്രേഷൻ ഏർപ്പെടുത്തണം. ഇവരെ അർഹതയനുസരിച്ച് മുൻഗണന നിശ്ചയിച്ച് വീട് പുതുതായി നിർമ്മിക്കുകയോ ആരെങ്കിലും വീട് ഒഴിവാക്കുകയോ ചെയ്യുമ്പോൾ അവരെ പുനരധിവസിപ്പിക്കുക.

### സർവ്വെ

പുറം പോക്ക് ഭൂമിയെ സംബന്ധിച്ച് പഞ്ചായത്ത് ഒരു സമഗ്ര സർവ്വെ നടത്തണം.

### കെട്ടിടനിർമ്മാണം

പഞ്ചായത്തിൽ കെട്ടിടനിർമ്മാണനിയമങ്ങൾ വ്യാപകമായി ലംഘിക്കപ്പെടുന്ന സ്ഥിതിയാണ്. ഇത് കർശനമായി ഒഴിവാക്കണം. കേരള ബിൽഡിംങ്ങ് റൂൾ പഞ്ചായത്തിൽ നിർബന്ധമായും നടപ്പിലാക്കണം.

അഞ്ച്ലക്ഷം ഉറുപ്പികയ്ക്ക് മുകളിൽ നിർമ്മാണ ച്ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് ഇപ്പോൾ കൊല്ലോട്ട് വാടകയുടെ ആറ് ശതമാനമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. ഇത് പത്ത് ശതമാനമായി വർദ്ധിപ്പിക്കണം.

വാടകകെട്ടിടങ്ങളുടെ യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിൽ നികുതി പുതുക്കി നിശ്ചയിക്കണം.

### അപാകത പരിഹരിക്കണം.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കർഷകർക്ക് അവരുടെ റേഷൻ കാർഡിൽ വരുമാനം കുറച്ച് കാണിക്കുന്നതുകൊണ്ട് സാമൂഹ്യക്ഷേമ പദ്ധതികളുടെ അനർഹമായ പല ആനുകൂല്യങ്ങളും ലഭിക്കുന്നു. അതേ സമയം ഒരു നിശ്ചിത വരുമാനമുള്ള സർക്കാർ ഉദ്യോഗസ്ഥന്റെ കുടുംബത്തിലെ അംഗത്തിന് സാമ്പത്തികമായി പിന്നോക്കമാണെങ്കിൽ പോലും പല പദ്ധതികളുടെയും ആനുകൂല്യം ലഭിക്കുന്നില്ല. ഇതിൽ കാതലായ മാറ്റവും പരിഹാരവും വേണം. ☆

# മൃഗസംരക്ഷണം

കന്നുകാലികൾക്ക് ഇൻഷ്വൂർ സൗകര്യം ഏർപ്പെടുത്തുക. കന്നുകാലികളെ വാങ്ങാനും തൊഴുത്ത് നിർമ്മിക്കാനും മതിയായ സാമ്പത്തിക സഹായം ലഭ്യമാക്കുക. തീറ്റപ്പുല്ല് സംസ്ക്കരണം വൈക്കോൽ സമ്പുഷ്ടീകരണം എന്നിവ നടപ്പിലാക്കുക. തീറ്റപ്പുല്ല് കൃഷിചെയ്യുന്നതിനുള്ള മാനദണ്ഡമായി സ്ഥലത്തിന്റെ വിസ്തീർണ്ണം ചുരുങ്ങിയത് 10 സെന്റായി നിജപ്പെടുത്തുക. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. ശാസ്ത്രീയ രീതിയിലുള്ള അറവുശാലയും വിപണനശാലയും സ്ഥാപിക്കുക.

### മൃഗാശുപത്രി

മൃഗാശുപത്രിയുടെ പ്രവർത്തനം അടിയന്തിരമായും ആരംഭിക്കണം. അനുയോജ്യമായ കെട്ടിടം കണ്ടെത്തണം. സ്ഥിരം, സ്വന്തം കെട്ടിടവും ആവശ്യമായ ചികിത്സാ സൗകര്യവും ഏർപ്പെടുത്തണം.

# വ്യവസായം

### 1.ഓയിൽ മില്ലുകൾ

കടിയങ്ങാട് പാലേരി എന്നീ സ്ഥലങ്ങളിൽ എക്സ്പെല്ലർ ആന്റ് ഫിൽട്ടർ പ്രോസസ്സ് സംവിധാനങ്ങൾ ഉള്ള ഓരോ ഓയിൽ മില്ലുകൾക്ക് സാധ്യതയുണ്ട്. കടിയങ്ങാട് ഇപ്പോൾ ഉള്ളത് മരച്ചക്ക് ആണ്. ഇത്തരം ചക്കുകളിൽ കേവലം 30-35 ശതമാനം വെളിച്ചെണ്ണമാത്രമാണ് കിട്ടുന്നത്. എന്നാൽ എക്സ്പെല്ലർ സംവിധാനത്തിൽ 60-65 ശതമാനം വരെ കിട്ടും. അതുകൊണ്ട് ഇത് ലാഭകരമാക്കാൻ കഴിയും.

### 2. കൊപ്ര ഡ്രയർയൂണിറ്റ്

പഞ്ചായത്തിൽ ഒരു കൊപ്രഡ്രയർ യൂണിറ്റ് തുടങ്ങാവുന്നതാണ്.

അതുപോലെ തന്നെ വൈദ്യുതി ലാഭിക്കാൻ ചിരട്ട ഉപയോഗിച്ച് കൊപ്ര ഉണക്കുന്ന വ്യവസായവും തുടങ്ങാവുന്നതാണ്.അതിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന ചിരട്ടയുടെ കരി അതേപോലെ കയറ്റുമതി ചെയ്യാവുന്നതാണ്. തേങ്ങാവെള്ളം ഉപയോഗിച്ച് ശീതളപാനീയം നിർമ്മിക്കാനുള്ള സാധ്യതയും ആലോചിക്കാവുന്നതാണ്.

### 3.കല്ലൂരിൽ ഒരു ഡിഫൈബറിഗ് യൂണിറ്റ്

കേന്ദ്ര ഗവൺമെന്റിന്റേയും കയർ ബോഡിന്റേയും സഹകരണത്തോടെ കല്ലൂരിൽ ചകിരി അടിച്ചെടുക്കുന്ന ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്.

### 4. ഗ്രിൽസ് ഗെയിറ്റ്

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗ്രിൽസ്, ഗെയ്റ്റ്, അടുപ്പ് തുടങ്ങിയ വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ഇരുമ്പ് കൊണ്ടുള്ള കസേര തുടങ്ങിയ ഫർണീച്ചറുകളും ഉണ്ടാക്കാവുന്നതാണ്.

### 5. ഫർണിച്ചർ

മരംകൊണ്ടുള്ള കൂടുതൽ ഫർണിച്ചർ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിദഗ്ധ തൊഴിലാളികൾ ഉണ്ട്. അസംസ്കൃത വസ്തുക്കളും ഉണ്ട്.

### 6.ടെയ്‌ലറിംഗ് യൂണിറ്റുകൾ

വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന നവീന രീതിയിലുള്ള ടെയ്‌ലറിംങ് യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട സ്കൂൾ യൂനിഫോം വിതരണം

ചെയ്യാനുള്ള ചുമതല നേടിയെടുക്കണം.

## 7. ഹോളോ ബ്രിക്സ്

കടിയങ്ങാട് സിമന്റ് കൊണ്ടുള്ള ഗൃഹോപകരണങ്ങളും ഹോളോ ബ്രിക്സും ഉണ്ടാക്കാവുന്നയൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

## 8. ബേക്കറി

പഞ്ചായത്തിൽ ഏറ്റവും ചുരുങ്ങിയത് രണ്ട് ബേക്കറി നിർമ്മാണയൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

## 9 ഫ്ളവർ മില്ല്

കല്ലൂരിൽ ഒരു ഫ്ളവർമില്ലിനുള്ള സാധ്യതയുണ്ട്.

**10 പഞ്ചായത്തിൽ പേപ്പർ കവറിംങ്ങ് യൂണിറ്റ് കാഡ്ബോഡ് കാർട്ടൻസ് എന്നിവക്ക് സാധ്യതയുണ്ട്.**

## 11. മൺ പാത്ര നിർമ്മാണം

കുടിൽ വ്യവസായ മൺപാത്ര നിർമ്മാണം എന്തുകൊണ്ടും ഏറ്റവും പ്രോൽസാഹനം അർഹിക്കുന്ന ഒരു തൊഴിൽ വ്യവസായമാണ്. പഞ്ചായത്തിൽ അൻപതിലധികം തൊഴിലാളികൾ ഈ രംഗത്തുണ്ട്. അവരിൽ പലരും ഈ വ്യവസായത്തിന്റെ തകർച്ചയെ തുടർന്ന് മറ്റ് മേഖലകളിൽ ജോലി തേടി പോകുകയാണ്. ഇപ്പോൾ വടകരക്കടുത്തുള്ള ചോറോട് പ്രദേശത്തുനിന്നാണ് മൺ പാത്ര നിർമ്മിതിക്ക് ആവശ്യമായ കളിമണ്ണ് ഇറക്കുമതി ചെയ്യുന്നത്.

താഴെ പറയുന്ന കാര്യങ്ങൾ ഈ വ്യവസായവുമായി ബന്ധപ്പെട്ട ഉറപ്പുവരുത്തേണ്ടതുണ്ട്.

a കല്ലൂർ- പുറവൂർ ഭാഗത്ത് പാത്ര നിർമ്മാണത്തിന് പറ്റിയ കളിമണ്ണ് ഉണ്ടെന്ന് അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ഇതേപറ്റി പഠനം നടത്തണം.

b ഈ വ്യവസായത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആവശ്യമായ ധനസഹായം നൽകണം.

c. മൺപാത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പാചകം ആരോഗ്യത്തിന് അത്യുത്തമമാണ്. വീട്ടമ്മമാർക്കിടയിലും കുടുംബനാഥൻമാരെയും ഈ കാര്യം ബോധ്യപ്പെടുത്തിയാൽ ഇന്ന് ഉള്ളതിനേക്കാൾ എത്രയോ കൂടുതൽ വിപണനം നേടിയെടുക്കാവുന്നതാണ്.

## 12 ഹവായി

ഹവായി ചെരുപ്പ് നിർമ്മാണം (അസംബ്ലിങ്ങ്)

പ്രോത്സാഹിപ്പിക്കപ്പെടണം. റബ്ബർ, ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിയറ്റുകൾക്ക് സാധ്യതയുണ്ട്.

## 13. പുനരുജ്ജീവനം

a. കോളനികൾ കേന്ദ്രീകരിച്ചുകൊണ്ട് കുടിൽ വ്യവസായങ്ങൾ ശാസ്ത്രീയ രീതിയിൽ സംഘടിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് പഞ്ചയത്ത് ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കണം. പായ, കുട്ട, മുറം എന്നിവ മടയുന്നതിന് ഈ സംവിധാനം ഉപയോഗപ്പെടുത്തണം. പുഴവക്കുകളിലും പുറം പോക്കുകളിലും കൈതച്ചെടികളും മറ്റും വെച്ച് പിടിപ്പിച്ച് ഇതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

## 14 പീഢിത വ്യവസായങ്ങൾ

പഞ്ചായത്തിൽപ്പെട്ട പീഢിത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരമുണ്ടാക്കാൻ നടപടി ഉണ്ടാവണം.

## മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്

ഒരു മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കണം അതിന് ആവശ്യമായ സ്ഥലം പഞ്ചായത്ത് അനുവദിക്കണം.

## വ്യവസായ ഉപദേശക സമിതി

പഞ്ചായത്തിലെ വ്യവസായ സംരംഭകരുടെ പട്ടിക വാർഡടിസ്ഥാനത്തിൽ തയ്യാറാക്കണം. അവർക്കാവശ്യമായ പരിശീലനം മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നൽകുക വ്യവസായ സെമിനാറുകൾ നടത്തുക വ്യവസായവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് സംരംഭകർക്ക് ആവശ്യമായ സഹായം ലഭിക്കാൻ പഞ്ചായത്ത് ഭരണസമിതി സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നത് സഹായകരമായിരിക്കും. പ്രസ്തുത കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഒരു വ്യവസായ ഉപദേശക സമിതി രൂപീകരിക്കണം.

വ്യവസായ ലൈസൻസ്, വൈദ്യുതി, സാമ്പത്തിക സഹായം, സാങ്കേതിക സഹായം തുടങ്ങിയ എല്ലാകാര്യങ്ങളും എളുപ്പമാക്കി തീർക്കാൻ പഞ്ചായത്ത് തലത്തിൽ നടപടി ഉണ്ടാക്കണം. ☆

# ഗതാഗതം

പഞ്ചായത്തു തലത്തിൽ ചെയ്യുന്ന പ്രവൃത്തികൾ പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കൾ തെരഞ്ഞെടുക്കുന്ന ഒരു ജനകീയ കമ്മറ്റിക്ക് ഏൽപ്പിച്ച് കൊടുക്കുകയും 25% ചെലവുകൾ ശ്രമദാനം വഴി കണ്ടെത്തുകയും വേണം. ആവശ്യമായ പണിയായുധങ്ങൾ വാർഡ് തല സമിതികൾക്ക് ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. പ്രവൃത്തികൾ.

- വടകര - നഞ്ചൻ കോട് റെയിൽവെ ലൈൻ ചങ്ങരോത്ത് പഞ്ചായത്ത് ഉൾപ്പെടുത്തി സർവ്വെ നടത്താനുള്ള ശ്രമം നടത്തണം.
- പണി പകുതിപൂർത്തിയായ K.T. റോഡ് P.W.D ഏറ്റെടുക്കണം.
- നിരത്തു കടവ് - ചർത്തിപ്പാറ റോഡും P.W.D. ഏറ്റെടുക്കണം.

## വാർഡ് 1. അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകൾ.

1. വട്ടികുന്നത്ത് താഴ - കോറോത്തും കണ്ടി.

2. മേടക്കോട്ട് താഴ - ലക്ഷം വീട് റോഡ്.

3. കല്ലൂർക്കാവ് - അമ്പലക്കണ്ടി ക്ഷേത്രം ഹരിജൻ കോളനി റോഡ്.

4. മുണ്ടത്തല - 4 സെന്റ് കോളനി (കല്ലൂർ) റോഡ്.

5. നങ്ങോളിത്താഴ - പാറക്കടവത്ത് താഴ റോഡ്

6. പൂച്ചത്തും കണ്ടി മുക്ക് - ഹരിജൻ കോളനി റോഡ്.

7. കുറുങ്ങാട്ടുത്താഴ - പാറക്കടവത്ത് താഴ റോഡ്.

8. തെക്കേടത്ത് കടവിൽ കുറ്റ്യാടി പുഴക്ക് പാലം നിർമ്മിക്കണം.

II. 9. വടക്കുമ്പാട് - കുനിയോട് - വട്ടികുന്നത്ത് താഴ റോഡ്

10. വടക്കുമ്പാട് - കരിമ്പനതാഴ റോഡ്

III 11. പൊയിലങ്കിത്താഴ - കക്കടവയൽ റോഡ്

V 12. പട്ടാണിപ്പാറ മിനി സ്റ്റേഡിയം റോഡിന് കെയിൻ കനാലിൽ പാലം നിർമ്മിക്കണം.

13. പുതിയോടും കര - നടുപ്പറമ്പ് കോളനി റോഡ്

VI 14. കടിയങ്ങാട് മാർക്കറ്റ് - ആട്ടോത്ത് താഴ റോഡ്

VII 15. മങ്കിരിയാട് തോട്ടത്തിൽ - തോട്ടത്തിൽ കുന്ന് റോഡ്

VIII 16. നടക്കൽ താഴ - കോക്കോട് അമ്പലം ഫുട്പാത്ത്.

X 17. അടോർ മണ്ണ് - കണ്ണങ്കോട് റോഡ്.

18. പാറക്കടവ് – ആരോഗ്യകേന്ദ്രം

XI 19. നാണുസ്മാരക റോഡ് – കുനിയോട് റോഡിന് ഓവുചാൽ.

## നവമ്പർ ഒന്ന് - പുനരർപ്പണദിനം

### അവലോകനം

| ഏറ്റെടുത്ത പദ്ധതി | ലഭിച്ച തൊഴിൽ ദിനങ്ങൾ | ലഭിച്ച സാമ്പത്തിക നേട്ടം | ഭൗതിക നേട്ടങ്ങൾ |
|---|---|---|---|
| 1. റോഡ് നിർമ്മാണം | 450 | 40000.00 | 2.750 Km റോഡുനിർമ്മിച്ചു |
| 2. റോഡിന്റെ അറ്റകുറ്റപണി | 325 | 29000.00 | 2Km റോഡ് നന്നാക്കി |
| 3. നടപ്പാത | 110 | 10000.00 | 1 Km നടപ്പാത നിർമ്മിച്ചു. |
| 4. പുതിയ ഗ്രന്ഥശാല (ഒന്ന്) | | | 6000 കയുടെ പുസ്തകങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ചു |
| 5. പൊതു കെട്ടിടങ്ങളുടെ അറ്റകുറ്റ പണി | 80 | 8000.00 | |
| 6. മാർക്കറ്റ് കടകൾ എന്നിവയുടെ ശുചീകരണം | 100 | 10000.00 | |
| 7. സ്കൂളിനു കളിസ്ഥലം നിർമ്മിച്ചത് | 100 | 10000.00 | |
| 8. സ്ക്കൂളിന് താൽക്കാലിക ഷെഡ് നിർമ്മാണം | 100 | 10000.00 | |
| ആകെ | 1265 | 123000 | |

# ഊർജ്ജം

## 1. ഗ്യാസ്

ഗ്യാസ് കണക്ഷൻ കിട്ടാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി തുടങ്ങണം.

## 2. അനർട്ട്

പഞ്ചായത്തിൽ അനർട്ടിന്റെ സേവനം ലഭ്യമാക്കണം.

## 3. കമ്മ്യൂണിറ്റി അടുപ്പുകൾ

സ്ക്കൂളുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കണം. ഇത്തരം അടുപ്പുകൾ സ്ഥാപിക്കുന്നതുകൊണ്ട് ഇന്ധന ലാഭം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യസംരക്ഷണം, ശുചിത്വം എന്നീ കാര്യങ്ങളിൽ നേട്ടമുണ്ടാകും.

## 4. പദ്ധതി

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കോഴിക്കോട് ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കണം.

## വോൾട്ടേജ്

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പേരാമ്പ്ര കേന്ദ്രീകരിച്ച് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക. ശരിയായ വൈദ്യുതി ഉപഭോഗത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക. വൈദ്യുതി ചിലവ് കുറഞ്ഞ ബൾബുകൾ ഉപയോഗിക്കുക. പഞ്ചായത്ത് തലത്തിൽ ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

## പ്രവർത്തനം

വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി വാർഡ്മെമ്പർമാർ മുൻകൈ എടുത്ത് പ്രവർത്തനം സംഘടിപ്പിക്കണം.

# വനിതാ ക്ഷേമം

## 1. വനിതാ തൊഴിൽ യൂണിറ്റുകൾ

സ്വന്തമായി കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്ന സ്ത്രീകളെ സർവ്വെ നടത്തികണ്ടെത്തണം. ഇവരെ യോജിപ്പിച്ചുകൊണ്ട് തൊഴിൽ യൂണിറ്റുകൾ സംഘടിപ്പിക്കുകയും വേണം.

ചെറുകിടവ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സഹായമായ തൊഴിൽ പരിശീലനവും മാനേജ്മെന്റ് പരിശീലനവും നൽകണം.

## വിവാഹം

സ്ത്രീകളുടെ ആഡംബരാസക്തി നിരുത്സാഹപ്പെടുത്തണം, വിവാഹ ധൂർത്തിനെതിരെ നിയമം മൂലം നിയന്ത്രണമേർപ്പെടുത്തുകയും വേണം.

## സമ്പാദ്യം

ദേശീയ സമ്പാദ്യ പദ്ധതിയിൽ എല്ലാ വീട്ടമ്മമാരെയും പങ്കെടുപ്പിക്കണം.

## സേവനം

വനിതാ പോലിസിന്റെ സേവനം വ്യാപകമാക്കണം പൊതു സ്ഥലങ്ങളിൽ നിർബന്ധമാക്കണം.

## സഹകരണം

വനിതകൾക്ക് മാത്രമായി ഒരു സഹകരണ സംഘം ആരംഭിക്കണം. ☆

# പട്ടിക ജാതി-പട്ടികവർഗ ക്ഷേമം

വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

## 1. പ്രൈവറ്റ് നഴ്സറി

പ്രൈവറ്റ് നഴ്സറികളിൽ കൂടുതൽ S C കുട്ടികൾക്ക് പ്രവേശനം നൽകണം. ഒരു പഞ്ചായത്തിൽ നിന്ന് ചുരുങ്ങിയത് 20 കുട്ടികൾക്കെങ്കിലും പ്രവേശനം കിട്ടുന്ന സംവിധാനം ഉണ്ടാക്കണം.

## 2. ഭക്ഷണം, വസ്ത്രം.

എല്ലാ കോളനിപരിസരത്തും അംഗൻ വാടികൾ, നഴ്സറികൾ എന്നിവ സ്ഥാപിക്കുകയും ഇവിടങ്ങളിൽ സൗജന്യ ഭക്ഷണവും വസ്ത്രവും വിതരണം ചെയ്യുക.

## 3. പ്രോത്സാഹന സമ്മാനം

അഞ്ചു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ ഒന്നാം സ്ഥാനം ലഭിച്ച് പാസാകുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകണം.

## 4. സഹായം

പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് റഗുലർകോളേജിൽ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണം. ഇതിനു പുറമെ റഗുലർ എന്നോ പാരലൽ എന്നോ വ്യത്യാസമില്ലാതെ എല്ലാ പട്ടികജാതി - പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്കും യൂനിഫോം, പുസ്തകം, മറ്റു പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി അനുവദിക്കണം.

## 5 റിസിഡൻഷ്യൽ സ്ക്കൂൾ

a എല്ലാ ജില്ലകളിലും ഓരോ റസിഡൻഷ്യൽ സ്ക്കൂൾ സ്ഥാപിക്കണം (ഇപ്പോൾ തിരുവനന്തപുരത്തും വയനാട്ടിലും മാത്രമെ ഉള്ളൂ.

b. പേരാമ്പ്ര ബ്ലോക്ക് പ്രദേശത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി ഓരോ ഹോസ്റ്റൽ സ്ഥാപിക്കുകയും ആവശ്യങ്ങൾ സൗജന്യമായി അനുവദിക്കപ്പെടുകയും വേണം.

## 6. കോച്ചിങ്ങ് സെന്റർ

പി.എസ്.സി. ബേങ്ക് പരീക്ഷകൾക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള പ്രി എക്സാമിനേഷൻ കോച്ചിങ്ങ് സെന്ററുകൾ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കണം.

## 7. തുടർ പഠനം

സ്ക്കൂളിൽ നിന്നും കൊഴിഞ്ഞ്പോകുന്ന വിദ്യാർത്ഥികളെ പറ്റിയുള്ള വിവരങ്ങൾ സ്ക്കൂൾ അധികൃതർ ഗ്രാമ പഞ്ചായത്തിനെ അറിയിക്കണം.

പൊതുപരീക്ഷകളിൽ തോറ്റ മുഴുവൻ വിദ്യാർത്ഥികൾക്കും തുടർന്ന് പഠിക്കാൻ ധനസഹായം അനുവദിക്കുകയും വേണം.

## പൊതുനിർദ്ദേശങ്ങൾ

## 1. ഉപാധി രഹിത ഫണ്ട്.

ഏതാവശ്യത്തിനും അനുവദിക്കുന്ന ഉപാധി രഹിത ഫണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ ഉണ്ടായിരിക്കണം.

## 2. ചികിത്സ

രോഗത്തിന്റെ ഗൗരവാവസ്ഥ പരിഗണിച്ച് ചികിത്സക്കുള്ള ധനസഹായം ആവശ്യാനുസരണം നൽകണം.

## 3. വീട്

എസ്.സി.എസ്.ടി. വിഭാഗത്തിന് വീട് നൽകുന്ന പദ്ധതി ഏതെങ്കിലും ഒരു നിശ്ചിത ഏജൻസി വഴി നടപ്പിലാക്കുന്നത് കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തും.

## 4. സർട്ടിഫിക്കറ്റ്

ജാതി സർട്ടിഫിക്കറ്റ് പഞ്ചായത്ത് തലത്തിൽ നൽകുക (വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്)

## 5. വാർത്താ ബോഡ്

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ അതിന്റെ അപേക്ഷകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിന് പഞ്ചായത്തിലെ പൊതുസ്ഥലത്ത് വാർത്താ ബോർഡ് സ്ഥാപിക്കണം. ഈ വകുപ്പിന്റെ ഇതുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ എല്ലാ കോളനികൾക്കും സൗജന്യമായി കൊടുക്കുകയും വേണം.

## 6. അവലോകന സമിതി

പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ, കൈകാര്യം ചെയ്യുന്നതിനുവേണ്ടി രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ പട്ടികജാതി പ്രതിനിധികൾ, പട്ടിക ജാതി വികസന ഓഫീസർ, സർക്കിൾ ഇൻസ്പെക്ടർ എന്നിവരെല്ലാം അടങ്ങിയ ഒരു അവലോകന സമിതി രൂപീകരിക്കണം.

## 7. ആരോഗ്യം

കോളനികളിലെ താമസക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് ആരോഗ്യ പരിശോധനയും ചികിത്സയും നിർബന്ധമാക്കുക.

☆

# സഹകരണം

## നിർദ്ദേശങ്ങളും സാധ്യതകളും

1. പുറവൂർ, കടിയങ്ങാട്, ചെറിയ കുമ്പളം എന്നിവിടങ്ങളിൽ സഹകരണ സ്റ്റോർ അനിവാര്യമാണ്. പ്രവർത്തനക്ഷമമല്ലാത്ത സ്റ്റോറുകളെപറ്റി ഡിപാർട്ട്മെന്റ് പരിശോധിച്ച് ആവശ്യമായ നടപടി എടുക്കണം.

2. നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കണം. ലോൺ നടപടികൾ ലഘൂകരിക്കണം.

3. പട്ടികജാതി - പട്ടികവർഗ്ഗ വികസന സഹകരണസംഘത്തിന്റെ പ്രവർത്തന പരിധി പഞ്ചായത്തിൽ മുഴുവൻ വ്യാപിപ്പിക്കണം.

4. സ്ക്കൂൾ സഹകരണസംഘം - PTA പ്രതിനിധികളെ ഉൾപ്പെടുത്താനാവശ്യമായ ബൈലോ ഭേദഗതി ആവശ്യമാണ്. വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം സൗകര്യപ്പെടുത്തണം.

5. സഹകരണ മേഖലയിൽ പഴ വർഗ്ഗസംസ്കരണ വ്യവസായം തുടങ്ങാനുള്ള സാധ്യത.

6. ബേങ്ക് ഭരണസമിതിയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കണം

7. ഗഹാൻ നിയമത്തിന്റെ ചട്ടകൂട്ടിൽ സഹകരണ ബേങ്കുകളെ ഉൾപ്പെടുത്തണം.

8. പഞ്ചായത്തിലെ സഹകരണ ബേങ്ക് പഞ്ചായത്ത് ട്രഷറിയായി പ്രവർത്തിക്കാൻ നടപടിയുണ്ടാക്കണം.

# കുടിവെള്ളം പൊതുജനാരോഗ്യം

1. കക്കൂസില്ലാത്ത വീടുകളെപ്പറ്റി സർവ്വെ നടത്തി ആവശ്യമായ കക്കൂസുകളുടെ എണ്ണം കണ്ടെത്തണം. ഇപ്പോൾ നൽകുന്ന സാമ്പത്തിക സഹായം 2000 ഉറുപ്പിക നന്നേ അപര്യാപ്തമാണ്. സാമ്പത്തിക സഹായത്തിന് പകരം നിർമ്മാണ സാമഗ്രികൾ വാങ്ങിക്കൊടുക്കാനുള്ള നടപടികൾ ഉണ്ടാവണം.

2. പാറക്കടവിലും പൊതുകക്കൂസ് വേണം.

3. അറവ് ശാലകൾ - അനധികൃതമായി നടത്തുന്നവർക്കെതിരെ പഞ്ചായത്ത് നടപടിഎടുക്കണം. പഞ്ചയത്ത് അറവ് ശാലകൾ ഉണ്ടാക്കിക്കൊടുത്ത് പ്രശ്നം പരിഹരിക്കാൻ മുൻകൈയ്യെടുക്കണം.

4. ഹോട്ടലുകളിലെ വൃത്തികേട് :- ഹെൽത്ത് ഉദ്യോഗസ്ഥർ ഇടക്കിടെ വിസിറ്റ് ചെയ്യണം. ശിക്ഷ കർശനമാക്കണം. 1948 ലെ മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്ടിൽ കാലാനുസൃതമായ മാറ്റം വരുത്തണം.

5. ആയൂർവേദ ആശുപത്രിക്ക് വ്യക്തമായ കെട്ടിടം ഉണ്ടാക്കണം.

6. ദേശീയ മാതൃസഹായ പദ്ധതി - നടപടിക്രമങ്ങൾ ലഘൂകരിക്കണം.

7. ഹോമിയോ ഡിസ്പൻസറി മുതുവണ്ണാച്ചയിൽ സ്ഥാപിക്കണം.

8. പേപ്പട്ടി ശല്യം - നടപടിവേണം.

9. കല്ലൂരിൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറിയ 7 സെന്റ് സ്ഥലം ഉപയോഗപ്പെടുത്തി സബ്സെന്റർ ആനുവദിക്കുക.

## കുടിവെള്ളം

1. CWSS പദ്ധതി പഞ്ചായത്തിലാകെ വ്യാപകമാക്കുന്നതിന് കഴിയുമോ എന്ന് പരിശോധിക്കണം.

2. പാറക്കടവിലുള്ള ഉപയോഗശൂന്യമായ കുഴൽ കിണർ നീക്കം ചെയ്യണം.

☆

# സംസ്കാരം

## പ്രശ്നങ്ങൾ സാധ്യതകൾ


- പഞ്ചായത്തിലെ കലാ-കായിക പ്രതിഭകളെയും പ്രശസ്തരായ സാംസ്കാരിക നായകന്മാരെയും ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു കലാ-സാംസ്കാരിക സമിതി രൂപീകരിക്കണം. പഞ്ചായത്തിലെ മുഴുവൻ കലാ-കായിക സംഘടനകളെയും അംഗങ്ങളാക്കി പഞ്ചായത്ത് തലത്തിൽ ചുരുങ്ങിയത് ഒരു കലാമേളയെങ്കിലും വർഷാവസാനം സംഘടിപ്പിക്കാൻ കഴിയണം.
- പഞ്ചായത്തിൽ നിലവിലുള്ള പാലേരി - പന്തിരിക്കര - കല്ലൂർ എന്നിവിടങ്ങളിലെ ജന വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലമാക്കാനാവശ്യമായ പദ്ധതികൾ ഉണ്ടാവണം.
- പാലേരി - പന്തിരിക്കര കേന്ദ്രങ്ങളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിച്ചു പുസ്തകങ്ങൾ വീടുകളിലെത്തിക്കാൻ പദ്ധതി വേണം.
- ജനക്ഷേമ പദ്ധതികൾ, തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന 'ഇൻഫർമേഷൻ സെന്റർ' തുടങ്ങുകയും ഗ്രന്ഥശാലകളെ ഉപയോഗപ്പെടുത്തി വിവരങ്ങൾ ബഹുജനങ്ങളിലെത്തിക്കാൻ കഴിയണം.
- നാടൻ കലകൾ സംരക്ഷിക്കപ്പെടണം. വാദ്യോപകരണങ്ങൾ പരിശീലിപ്പിക്കാൻ കേന്ദ്രമുണ്ടാവണം.
- കടിയങ്ങാട് മിനി സ്റ്റേഡിയം ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു റൂറൽ സ്പോർട്സ് സെന്ററായി രൂപാന്തരപ്പെടുത്തണം.
- വാർഡടിസ്ഥാനത്തിൽ കായിക മേളകൾ നടത്തി പഞ്ചായത്ത് തലത്തിൽ പരിശീലനങ്ങൾ നൽകി കായിക പ്രതിഭകളെ വളർത്താൻ കഴിയണം.
- പഞ്ചായത്തിലെ സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകണം.
- പാലേരി ടൗണിലെ പൊതുകളിസ്ഥലം വികസിപ്പിക്കണം.
- പഞ്ചായത്ത് തലത്തിൽ വോളിബോൾ, ഫുട്ബോൾ, രംഗങ്ങളിൽ ജൂനിയർ, സീനിയർ, വനിതാ ടീമുകൾ രൂപീകരിച്ച് പരിശീലനം നൽകണം.
- ചെറിയ കുമ്പളം, വള്ളിപ്പറ്റ താഴെ, പാറക്കടവ്, ആത്രപ്പള്ളിതാഴെ, കാക്കക്കുന്നി എന്നിവിടങ്ങളിലുള്ള കളിസ്ഥലങ്ങൾ മിനി സ്റ്റേഡിയങ്ങളാക്കി വികസിപ്പക്കണം.

## ചങ്ങരോത്ത് പഞ്ചായത്തിലെ സാംസ്കാരിക സംഘടനകളെക്കുറിച്ചുള്ള വിവരം

| ക്രമ നമ്പർ | പേര് സ്ഥലം | കെട്ടിടം | ലൈബ്രറി | ഗെയിംസ് പ്രവർത്തന | സ്പോർട്സ് പ്രവർത്തനം | കലാ പ്രവർത്തനം | മറ്റു സാംസ്കാരിക പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | ചൈതന്യ-പട്ടാണിപ്പാറ | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | നവീന ഗ്രന്ഥശാല, ലാസ്റ്റ് പന്തിരിക്കര | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | സമഞ്ജസ, ഒറ്റക്കണ്ടം | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | കൈരളി, ചിറക്കൊല്ലി | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | ഫീനിക്സ്, തരിപ്പിലോട് | സ്വന്തം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

| ക്രമ നമ്പർ | പേര് സ്ഥലം | കെട്ടിടം | ലൈബ്രറി | ഗെയിംസ് പ്രവർത്തനം | സ്പോർട്സ് പ്രവർത്തനം | കലാ പ്രവർത്തനം | മറ്റു സാംസ്കാരികപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 6. | ത്രിവേണി, കുളക്കണ്ടം | സ്വന്തം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 7. | ഹാശ്മി കലാവേദി, പാലേരി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 8. | സഹൃദയ സംഘം, പാലേരി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 9. | ഗ്രന്ഥപ്പുര, വെളുത്തപറമ്പ് | വാടക | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 10. | കൃഷ്ണ, കൂനിയോട് | വാടക | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 11. | ജിമ്മി സ്പോർട്സ് ക്ലബ്ബ് കടിയങ്ങാട് | വാടക | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട്. |
| 12. | മാനവ, പാറക്കെട്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | അദയ, ഗോപുരത്തിലിടം | സ്വന്തം | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | ലിയോ ആർട്ട്സ് & സ്പോർട്സ് പാലേരി | വാടക | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | പഞ്ചായത്ത് ലൈബ്രറി പാലേരി | വാടക | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല. |
| 16. | സാംസ്കാരിക നിലയം കടിയങ്ങാട് | സ്വന്തം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 17. | സാംസ്കാരിക നിലയം, ചർത്തിപ്പാറ | സ്വന്തം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട്. |
| 18. | സാംസ്കാരി നിലയം, നരിമഞ്ചയ്ക്കൽ | സ്വന്തം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട്. |
| 19. | ഐ.സി.ഒ. ചെറിയ കുമ്പളം | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട്. |
| 20. | അക്ഷയ കലിക, കല്ലൂർ | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 21. | സൃഷ്ടി, മുതവണ്ണാച്ച | വാടക | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 22. | സൂര്യ ആർട്സ് ക്ലബ്ബ്, കട്ടൻ കോട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 23. | സരസ്വതി സംഗീത വിദ്യാലയം, പാലേരി | വാടക | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 24. | ശ്രുതി സംഗീത വിദ്യാലയം പന്തിരിക്കര | വാടക | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല. |
| 25. | യുവധാര, പാലേരി | വാടക | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 26. | സർഗം ആർട്സ് പന്തിരിക്കര | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 27. | നാഷണൽ ലൈബ്രറി ആന്റ് റീഡിംങ് റൂം പന്തിരിക്കര | വാടക | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട്. |

1979 ൽ റജിസ്ട്രേഷൻ ലഭിച്ചതും 800 പുസ്തകങ്ങളുള്ളതുമായ പഞ്ചായത്തിലെ 5–ാം വാർഡിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ചൈതന്യതിയേറ്റേഴ്സിന് കേരള സംഗീത നാടക അക്കാദമിയിലും നെഹ്റുയുവ കേന്ദ്രത്തിലും അംഗത്വമുണ്ട്. ഉപവിഭാഗങ്ങളായി ബാലവേദിയും മഹിളാ വേദിയുമുണ്ട് കലാകായിക രംഗങ്ങളിൽ സ്തുത്യർഹമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ചൈതന്യ വൈദ്യസഹായം രക്ത ദാനം എന്നീ രംഗങ്ങളിലും സേവനമർപ്പിച്ചുവരുന്നു.



# വിദ്യാഭ്യാസം

## വിദ്യാഭ്യാസം

പഞ്ചായത്തിലെ സ്കൂൾ കായികരംഗത്ത് ഇന്റർസ്കൂൾ ട്രോഫി പഞ്ചായത്ത് വക ഏർപ്പെടുത്തണം. പഞ്ചായത്തിലെ എല്ലാസ്കൂളുകളും ഉൾപ്പെടുത്തി മാർക്കടിസ്ഥാനത്തിൽ ട്രോഫി നൽകണം.

അംഗൻവാടികളെ ഏകോപിപ്പിച്ച് കോർഡിനേറ്റർ ആയി ഒരു പഞ്ചായത്ത് മെമ്പർ ചുമതലയെടുത്ത് പ്രവർത്തിക്കണം.

## കുടിപ്പള്ളിക്കൂടങ്ങൾ

ഒറ്റക്കണ്ടത്ത് സിറിയക്ക് മഹാപിള്ള ഗുരിക്കളും പുറവൂരിലെ മുണ്ടോട്ടു പറമ്പിൽ ചെറുകുന്നുമ്മൽ കേളു ഗുരിക്കളും. പുതിയോട്ടുങ്കര ഭാഗത്ത് കപ്പള്ളി ത്തറയിൽ കുങ്കൻ ഗുരിക്കൾ ഹരിജനങ്ങൾക്ക് മാത്രമായും കുടിപ്പള്ളിക്കൂടങ്ങൾ നടത്തുകയുണ്ടായി

## ചെറിയ കുമ്പളം എൽ.പി. സ്ക്കൂൾ

കൈതേരിമുക്കിൽ കാരങ്കോട് പറമ്പിൽ ആരംഭിച്ച എൽ.പി.സ്ക്കൂൾ പിൽക്കാലത്ത് ചെറിയ കുമ്പളം എൽ.പി.സ്ക്കൂളിനോട് ലയിപ്പിക്കപ്പെട്ടു.

## പടത്തുകടവ് ഹോളി ഫാമിലി ഹൈസ്ക്കൂൾ:

പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്ക്കൂളാണിത്. 1983 ലാണ് സ്ഥാപിക്കപ്പെട്ടത്. എസ്. എസ്. എൽ.സി. വിജയശതമാനത്തിൽ വടകര വിദ്യാഭ്യാസ ജില്ലയിൽ 2-ാം സ്ഥാനം നിലനിർത്തിപ്പോരുന്ന സ്ഥാപനം കലാ-കായിക രംഗത്തും ഉപജില്ലാ-ജില്ലാ മത്സരങ്ങളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചു.

## പ്രത്യേക നിർദ്ദേശങ്ങൾ:

എല്ലാ പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ചും പ്രീ-പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കണം. യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുകയും മതിയായ സേവന വേതന വ്യവസ്ഥകൾ ഉണ്ടാക്കുകയും വേണം.

എല്ലാ വിദ്യാലയങ്ങളിലും പ്രൊജക്ടറുകളും ടി.വി. സെറ്റും ലഭ്യമാക്കണം.

വിദ്യാലയങ്ങളിലും ക്ലാസ്സു മുറികളിലും വൈദ്യുതി ലഭ്യമാക്കണം.

വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും മുഴുവൻ വിദ്യാർത്ഥികളേയും വൈദ്യ പരിശോധനക്ക് വിധേയമാക്കണം. അതിനാവശ്യമായ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും വേണം.

തൊട്ടടുത്ത ഉന്നത പഠനകേന്ദ്രമായ സി.കെ.ജി. മെമ്മോറിയൽ കോളേജിൽ സയൻസ് ഗ്രൂപ്പ് ക്ലാസ്സുകളും ആരംഭിക്കണം.

വർഷം തോറും അദ്ധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ റി-ഓറിയന്റേഷൻ കോഴ്സുകൾ നടത്തി അതാതു വിഷയങ്ങളിൽ പ്രാഗത്ഭ്യം നൽകണം.

അദ്ധ്യാപകരെ വിദ്യാഭ്യാസവുമായി ബന്ധമില്ലാത്ത പ്രവർത്തികൾക്ക് നിയോഗിക്കരുത്.

ഭാഷാധ്യാപനം ആ വിഷയത്തിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരെ കൊണ്ടു മാത്രം നടത്തിക്കണം.

അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം അദ്ധ്യയനം വർഷാന്തത്തിൽ തന്നെ മുഴുവൻ ലഭ്യമാക്കണം.

അദ്ധ്യാപനോപാധികൾ പലതും ശരിയായി ഉപയോഗപ്പെടുത്തുന്നില്ല. അതിനുള്ള സൗകര്യങ്ങളുമില്ല. ഇവ കാര്യക്ഷമമായി ഉപയോഗിക്കാനുള്ള അവസരം ഉണ്ടാക്കണം.

സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് പ്രവർത്തിക്കുയും ചെയ്യണം.

ആരോഗ്യ വിദ്യാഭ്യാസം കാര്യക്ഷമമാക്കണം.

മാസത്തിലൊരിക്കൽ സ്ക്കൂൾ പരിശോധന ഉദ്യോഗസ്ഥൻമാർ നടത്തിയിരിക്കണം എന്ന് ഉറപ്പുവരുത്തണം

യു.പി. സ്ക്കൂളിൽ ക്ലാർക്കുമാരെ നിയമിക്കണം

Pro-K.E.R കെട്ടിടങ്ങൾ പദ്ധതികൾ കാലയളവിൽ പുതുക്കിപ്പണിയണം.

വിദ്യാഭ്യാസാനുബന്ധ പ്രവർത്തനങ്ങൾ

ചിത്രരചന, സംഗീതം, കായിക പ്രവർത്തനങ്ങൾ എന്നിവയിൽ താത്പര്യമുള്ള പ്രൈമറി വിദ്യാർത്ഥികളെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

കോംപ്ലക്സ് തല സ്പോട്സുകൾ നടത്താൻ സൗകര്യപ്പെടുന്ന രീതിയിൽ കുന്നശ്ശേരി ജി. എൽ.പി ചങ്ങരോത്ത് ഹരിജൻ വെൽഫയർ എൽ.പി. എന്നീ വിദ്യാലയങ്ങളുടെ കളിസ്ഥലങ്ങൾ നവീകരിക്കണം.

പി.ടി.പി യോഗങ്ങളിലും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയോഗങ്ങളിലും സ്കൂൾ മാനേജർമാരെ കൂടി പങ്കെടുപ്പിക്കണം. എല്ലാ സ്കൂളുകളിലും ആരോഗ്യകരമായ കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണം.

വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികളനുഭവിക്കുന്ന ഏറ്റവും വലിയ ദുരിതം ബസ്യാത്രയുടേതാണ്. മണികൂറുകളോളം രാവിലെയും വൈകുന്നേരവും നിന്ന് യാത്ര ചെയ്യേണ്ടുന്ന അവസ്ഥക്ക് പരിഹാരം വേണം. വിദ്യാർത്ഥികളെ നികൃഷ്ട ജീവികളെ പോലെകരുതുന്ന ബസ് ജീവനക്കാർക്ക് പെരുമാറ്റചട്ടവും ബോധവൽക്കരണവും ആവശ്യമാണ്. ഈ കാര്യം സംസ്ഥാന സർക്കാരിന്റെ അടിയന്തിര പരിഗണന അർഹിക്കുന്നു.

# വിഭവസമാഹരണം

ലാഭകരമായ വ്യവസായ സംരംഭങ്ങളിലും ഗാരന്റിയുള്ള ബോണ്ടുകളിലും നിക്ഷേപിക്കാൻ വിദേശത്തുള്ളവർ തയ്യാറാണ്. അത് ഉപോയോഗപ്പെടുത്തണം. ഇപ്പോൾ മാർക്കറ്റ് നടത്തിവരുന്ന പന്തിരിക്കരയിലുള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കുകയും, ആഴ്ച ചന്ത നടത്തി പഞ്ചായത്തിനു വരുമാനം ഉണ്ടാക്കുകയും ചെയ്യാം. (ഇതിനുവേണ്ടി ഇതിന്റെ ഉടമയുമായി ബന്ധപ്പെട്ട് ധാരണയിൽ എത്തണം.)

പരസ്യ നികുതി കർശനമായി പാലിക്കപ്പെടണം.

പാലേരി ടൗണിനടുത്ത് ഒരു സിനിമാഹാൾ തുടങ്ങിയാൽ പഞ്ചായത്തിന് നല്ല ഒരു വരുമാനമാകും. (ഗ്രൂപ്പായിട്ടോ സ്വകാര്യവ്യക്തിക്കോ ലൈസൻസ് നൽകണം)

മത്സ്യവില്പനക്ക് സൗകര്യമുണ്ടാക്കി വിൽപനക്കാരിൽ നിന്ന് ഒരു നിശ്ചിത സംഖ്യ ഈടാക്കാവുന്നതാണ്.

☆



(116,117,118,119 പേജുകളിലെ തിരുത്ത്) 366

| വാർഡ് നമ്പർ | | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | കുടുംബങ്ങളുടെ എണ്ണം | പരിഹാര നിർദ്ദേശം |
|---|---|---|---|---|
| I | 10. | പുറക്കിലേരി മല<br>പൊയിൽ കുന്ന്<br>വാഴയിൽ മീത്തൽ<br>കല്ലൂർ ഭാഗം | | പുറകിലേരി മല IHDP കോളനി ജലവിതരണ പദ്ധതി വിപുലീകരിക്കുക. |
| | 2. | പുറവൂർ ഭാഗം | | പൊതുകിണർ റിപ്പയർ ചെയ്യുക. |
| II | 1. | ചേപ്രോൽ കുന്ന്<br>മൂശാരി കണ്ടി മീത്തൽ | 150 | പുതുക്കുഴി താഴെ കിണർ കുഴിച്ച് ചേപ്രോൽ കുന്നിൽ ടേങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്തു കൊടുക്കുക. |
| | 2. | തച്ചൻ കുന്ന്<br>അരീക്കുന്ന് | 60 | അരിക്കുന്നുമ്മൽ താഴെയുള്ള നീരുറവ പ്രയോജനപ്പെടുത്തി തച്ചൻ കുന്നിൽ ടേങ്ക് കെട്ടി വെള്ളം പമ്പ് ചെയ്തു കൊടുക്കുക. |
| | 3. | മൂരിക്കുന്ന്<br>കാപ്പ്മല<br>താനിയോട്ട മീത്തൽ ഭാഗം | 130 | C.W.S.S. പദ്ധതി വിപുലപ്പെടുത്തുക. |
| | 4. | ആതോറക്കുന്ന് | 20 | പൊതു കിണർ കുഴിക്കുക |
| | 5. | മണ്ടയുള്ളതിൽ മീത്തൽ | 18 | പൊതുകിണർ കുഴിക്കുക. |
| III | | കട്ടം കോട് കുന്ന് | 200 | കുറ്റ്യാടി പുഴയിൽ നിന്നം വെള്ളം പമ്പ് ചെയ്ത് കട്ടം കോട് കുന്നിൽ ടേങ്ക് കെട്ടി ശേഖരിച്ച് വിതരണം ചെയ്യുക. |
| IV | 1. | എടത്തും കുന്ന്<br>മുക്കണ്ണൻ കുന്ന് | | മുക്കണ്ണൻ കുന്നിലുള്ള നീരുറവ പ്രയോജനപ്പെടുത്തി പരിഹാരം കാണുക. |
| | 2. | കുഴിച്ചോർ മണ്ണ്<br>പടുത്തകാടവ് | | ചറത്തിപ്പാറ IHDP കോളനി പദ്ധതി വിപുലീകരിക്കുക. |
| | 3. | അണ്ടിക്കുന്ന് | | തോട്ടത്താങ്കണ്ടി പുഴയിൽ നിന്നും അണ്ടി കുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യുക. |
| | 4. | കരുവാറകുന്ന് | | മാണിക്കാങ്കണ്ടി കിണർ കുഴിച്ച് കരുവാറക്കുന്നിലേക്ക് വെള്ളം പമ്പ് ചെയ്യുക. |
| | 5. | തായാട് കുന്ന് | | മുക്കണ്ണൻ കുന്നിന്റെ കിഴക്കെ ചരിവിലുള്ള നീരുറവ ഉപയോഗിച്ചു പരിഹാരം കാണുക. |
| | 6. | കരിങ്കണ്ണിക്കുന്നു പഴുപ്പട്ടകുന്ന് | 30 | നിലവിലുള്ള കരിങ്കണ്ണി കുന്ന് ശുദ്ധജല പദ്ധതി വിപുലീകരിക്കുക. |

| വാർഡ് നമ്പർ | | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | കുടുംബങ്ങളുടെ എണ്ണം | പരിഹാര നിർദ്ദേശം |
|---|---|---|---|---|
| V | 1. | മുടിയൻ ചാൽ പട്ടാണിപ്പാറ. | 300 | CWSS പദ്ധതി വ്യാപിക്കുക |
| | 2. | ചരത്തിപ്പാറ | | CWSS പദ്ധതി വ്യാപിക്കുക. |
| | 3. | അക്കെപ്പറമ്പ് | 30 | CWSS /കിണർ ടാങ്ക് |
| | 4. | വെള്ളച്ചാൽ | | കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യുക. |
| | 5. | മണത്തല കുന്ന് | | CWSS വ്യാപിപ്പിക്കുക. |
| | 6. | മുണ്ടത്തടം ഹരിജൻ കോളനി. | | നാലാംവാർഡിൽ നിർദ്ദേശിച്ച മുക്കണ്ണൻ കുന്ന പദ്ധതി ഉപയോഗപ്പെടുത്തുക. |
| | 7. | ആവടുക്ക അക്കുഡേറ്റ് | | നരിമഞ്ച കോളനിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടി പരിഹാരം കാണുക. |
| | 8. | നടുപ്പറമ്പ് ഹരിജൻ കോളനി | | കിണർ ടാങ്ക് (വനം വകുപ്പ് വക ട്രിരൂപദ്ധതി പരിഗണനയിലുണ്ടായിരുന്നു. കിണറിനും ടാങ്കിനും സ്ഥലം വിട്ടുകൊടുത്തതാണ്. ഇത് നടപ്പിലാക്കാൻ നടപടിയുണ്ടാകണം. |
| | 9. | കവുങ്ങുള്ള ചാൽ ആശാരികുന്ന് | | പൊതു കിണർ. |
| VI | 1. | കച്ചേരി കുന്ന് നരിക്കല്ല് കണ്ടി മീത്തൽ | 80 | കിണർ - ടാങ്ക് |
| | 2. | കരിങ്കണ്ണി കുന്ന് | 65 | |
| | 3. | നാഗത്ത് മീത്തൽ | | നിലവുലുള്ള കരിങ്കണ്ണി കുന്ന് പദ്ധതി വിപുലീകരിക്കുക - നവീകരണം |
| | 4. | | | |
| | 5. | കൊളോറകുന്ന് | | നിലവിലുള്ള ടാങ്കും കിണറും പ്രയോജനപ്പെടുത്തി വെള്ളം പമ്പ് ചെയ്യുക. |
| VII | 1. | കിഴക്കയിൽ കുന്ന് തോട്ടത്തിൽ കുന്ന് വിളയാറ കുന്ന് | | വിളയാറതാഴ കിണർ കിഴക്കെ കുന്ന് ടാങ്ക് കെട്ടി പമ്പ് ചെയ്യുക. അല്ലെങ്കിൽ CWSS പദ്ധതി വഴിയും നടപ്പാക്കാം. |
| | 2. | എടക്കോട് കുന്ന് | 12 | പൊതു കിണർ |
| | 3. | വലിയഇല്ലം ഭാഗം | | പൊതു കിണർ |

| വാർഡ് നമ്പർ | | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | കുടുംബങ്ങളുടെ എണ്ണം | പരിഹാര നിർദ്ദേശം |
|---|---|---|---|---|
| VIII | 1. | ചാലുപറമ്പ് - പാറ ചാലിൽ - കോക്കാട് സൂപ്പിക്കട - കിളച്ചപറമ്പ് വെളിച്ചംപറമ്പ് ആവുടുക്ക-വരയാലം കണിമീത്തൽ കോളനി | | ദൈവത്തും തറനിലവിലുള്ള കുളം പ്രയോജനപ്പെടുത്തി കോക്കാട് കുന്നിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യുക. കുറെ ഭാഗങ്ങളിൽ CWSS വഴിയും ജലം എത്തിക്കാം. |
| | 2 | ശങ്കര പുരം മണൽകുന്ന് ഭാഗം. | | CWSS പദ്ധതി |
| IX | 1. | അച്ചം വീട്ടുകുന്ന് മരുതോളി മീത്തൽ | | പൊതു കിണർ |
| | 2. | വടക്കെ പറമ്പിൽ കുന്ന് | 25 | മരുതോളിതാഴ വയലിൽ കിണർ, അച്ചൻ കുന്ന് ടാങ്ക് പമ്പ് ച്ചെയ്യുക കുന്നിനു താഴെയുള്ള സ്ഥിരം നീരുറവ പ്രയോജനപ്പെടുത്തി. കുന്നിൽ ടാങ്ക് കെട്ടി. വെള്ളം പമ്പ് ചെയ്യുക. |
| | 3. | വലിയ വീട്ടുമ്മൽ കുന്ന് | | കിണർ / ടാങ്ക് |
| | 4. | ഒന്നാംതരിക്കൽ കുന്ന് | | കിണർ / ടാങ്ക് |
| | 5. | പള്ള്യാറച്ചാലിൽ കുന്ന് | | കിണർ / ടാങ്ക് |
| | 6. | കങ്കാടത്ത് കുന്ന് | | നിലവിലുള്ള കിണർ ആഴംകൂട്ടുക |
| | 7. | മൊടപ്പിലോട്ട് ചെമ്പോട്ട് കണ്ടി | | പൊതുകിണർ |
| | 8. | പാലേരി LP സ്ക്കൂൾ | | കുഴൽ കിണർ |
| | 9. | അംഗൻ വാടി പാലേരി | | കുഴൽ കിണർ |
| X | 1. | മറുമല കുന്ന് | 25 | കല്ലിൽ കണ്ടി താഴ കിണർ മറു മലകുന്നിൽ ടാങ്ക് |
| | 2. | കരിങ്ങാറ്റി കുന്ന് | 22 | കിണർ, ടാങ്ക് |
| | 3. | രയരോത്തിടം കുന്ന് | 30 | കുറ്റ്യാടി പുഴയിലെവെള്ളം രയരോത്തിടം കുന്നിൽ ടാങ്ക് |
| | 4. | തച്ചർ കണ്ടി മീത്തൽ | 12 | പൊതു കിണർ |
| | 5. | ഒതയോത്ത് മീത്തൽ | | പൊതു കിണർ |
| XI | 1. | പിലാച്ചേരി ഹരിജൻ കോളനി | 25 | നിർദ്ദിഷ്ട പദ്ധതി ഉടൻ പണി ആരംഭിക്കുക. (3,67,000) |

| വാർഡ് നമ്പർ | | കുടിവെള്ളക്ഷാമം അനുഭവ പ്പെടുന്ന പ്രദേശങ്ങൾ | കുടുംബ ങ്ങളുടെ എണ്ണം | പരിഹാര നിർദ്ദേശം |
|---|---|---|---|---|
| | 2. | തന്ത മല ഈർപ്പനടക്കൽ ചാമ ക്കാല | | നീർമറി പദ്ധതി പ്രകാരമുള്ള ഈർപ്പനടക്കൽ താഴെ കുളം ഉപയോഗിച്ച് തന്തമലയിൽ ടാങ്ക് കെട്ടി. വെള്ളം പമ്പ് ചെയ്യുക. |
| | 3. | മീത്തലെ പാളയാട്ട് ഭാഗം കുട്ടിച്ചാത്തൻ തറമലയിൽ | 100 | പീണങ്ങോട്ട് താഴകിണർ മീത്തലെ പാളയാട്ട് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യുക. |
| | 4. | ആട്ടോത്ത് ഭാഗം | | കിണർ |
| | 5. | പുതുക്കുടി കുന്ന് കിണർ | | കിണർ |
| | 6. | ചെറുപുത്തലത്ത് ലക്ഷം വീട് | | കിണർ |
| | 7. | പറമ്പത്തില്ലത്ത് ഭാഗം | | കിണർ |
| | 8. | പാറക്കെട്ടിൽ അംഗൻ വാടി | | കിണർ |



## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്
## ഭരണ സമിതി അംഗങ്ങൾ



കെ.ലീല
(2ാം വാർഡ്)



എരവത്ത് ജമീല
(3ാം വാർഡ്)



ഉണ്ണി വേങ്ങേരി
(4ാം വാർഡ്)




ഗ്രേസി ജോൺ
(5ാം വാർഡ്)



പാളയാട്ട് ബഷീർ
(6ാം വാർഡ്)



ടി.മമ്മി
(8ാം വാർഡ്)




കെ.ബാലനാരായണൻ
(10ാം വാർഡ്)



വി.കെ.സുമതി
(11ാം വാർഡ്)

## ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ



കെ.സദാനന്ദൻ
(പാലേരി ഡിവിഷൻ)



എ.പി.സൂപ്പി
(കടിയങ്ങാട് ഡിവിഷൻ)

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം

### ജില്ലാതല പരിശീലനം ലഭിച്ചവർ

1. ഏ.കെ.ശ്രീധരൻ
2. സത്യൻ ഇ.ടി
3 കല്ലൂർ മുഹമ്മദലി
4. കെ.ജി. രാമനാരായണൻ
5. കെ.കെ. ഭാസ്ക്കരൻ
6. എൻ.പ്രഭാകരൻ
7. എം.ബാലകൃഷ്ണൻ
8. കെ.പി.രവീന്ദ്രൻ
9. സീന.വി
10. കെ.വി.കുഞ്ഞിക്കണ്ണൻ
11. കെ. കുഞ്ഞികൃഷ്ണൻ (റിട്ട. എഞ്ചിനീയർ)
12. എം.കെ.നായൻ (ഡപ്യൂട്ടി ഡയരക്ടർ Rt SIDO)

### പഞ്ചായത്ത് തല പരിശീലനം ലഭിച്ചവർ

1. കെ. ഗോപാലകൃഷ്ണൻ
2. വി.കെ. നാരായണൻ അടിയോടി
3. എബ്രഹാം ടി.ജെ
4. വി.ടി. വിജയൻ
5. വി.വി.ഗോവിന്ദൻ
6. വി.എം.ദാസൻ
7.കെ.എം. കരുണാകരൻ
8. എ.സരോജിനി
9. രവി പുതുക്കോട്ട്
10 ടി.ശേഖരൻ
11. സി.വി.രാഘവൻ
12.സി.കെ.രാഘവൻ
13. വി.എൻ. വിജയൻ
14 എം.സുലൈമാൻ
15. സി.എഛ് സൂപ്പി
16 പി.കെ കൃഷ്ണദാസ്
17 സി.എഛ് കരുണാകരൻ
18. ഗീത വി.ടി.
19പി.കെ അബ്ദുൾറഹിമാൻ
20 കെ.സി വിജയൻ
21. ബിജു.ആർ
22. ടി. ശശിധരൻ
23. കിഴക്കയിൽ ബാലൻ
24 കാസിം മാളിക്കണ്ടി
25 എൻ ഖാലിദ് മാസ്റ്റർ
26 എൻ.പി.വിജയൻ
27 എം.പി. പ്രേമജൻ
28. പപ്പൻ കന്നാട്ടി
29 അഹമ്മദ് കൂത്താളി
30 വി.സാബു
31. ഒ.ടി. രാജൻ
32. എം.കുഞ്ഞമ്മദ്
33. കുഞ്ഞാണ്ടി കെ.കെ
34. ടി.ഇ.കെ അബ്ദുള്ള
35. സി.ടി.രാഘവൻ നായർ
36 എൻ ചന്ദ്രൻ
37 എം.കെ.കുഞ്ഞനന്തൻ
38. പി.പി നാണു
39. എൻ.സി. അബ്ദുറബിമാൻ
40. സി. ഗോവിന്ദൻ
41 സി.കെ.മുഹമ്മദ്
42 ഇ.ടി.ബാലൻ
43. ഇബ്രാഹിം വി.പി.

### പത്രാധിപ സമിതി

എസ്.പി. കുഞ്ഞമ്മദ്
കെ.വി രാഘവൻ
എം ബാലൻനമ്പ്യാർ
ഇ.വി.രാമചന്ദ്രൻ
കെ.പി.കുഞ്ഞിക്കണ്ണൻ
കെ.കെ. ഭസ്ക്കരൻ
സി.വി. രാഘവൻ
എ.പി. സൂപ്പിമാസ്റ്റർ
കല്ലൂർ മുഹമ്മദലി
കെ.ജി രാമനാരായണൻ
കെ.എം. കരുണാകരൻ
എം.കെ കുഞ്ഞനന്തൻ
വി.സീന
സി.എഛ്. അബ്ദുള്ള


അധികാരം ജനങ്ങളിലേക്ക്

# ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

അഭിവാദ്യങ്ങളോടെ...

ടൈപ്പ് സെറ്റിംഗ്
ലേസർ ലൈൻസ്, കോഴിക്കോട്, ഫോൺ: 702223

അച്ചടി
കമല പ്രിന്റേഴ്സ് കോഴിക്കോട്, ഫോൺ: 721020



- 9ാം പദ്ധതി ജനകീയപദ്ധതി
- അധികാരം ജനങ്ങൾക്ക്
- ജനകീയാസൂത്രണത്തിലൂടെ

ലക്ഷ്യത്തിലേക്ക്
പ്രിയപ്പെട്ടവരെ
നമുക്ക് യാത്രയാരംഭിക്കാം.........

–ചങ്ങരോത്ത്
ഗ്രാമപഞ്ചായത്ത്

Printed at Kamala Printers, Calicut, cover designed at Gemini Information Technology (P) Ltd., Calicut.

# കായണ്ണ ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം



# വികസന രേഖ

375

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# കായണ്ണ
# ഗ്രാമ പഞ്ചായത്ത്
# വികസന സെമിനാർ

*1996 നവംബർ 17*
*കായണ്ണ ഗവ: സെക്കണ്ടറി സ്കൂൾ*

# വികസന രേഖ




## എഡിറ്റോറിയൽ ബോർഡ്

സി.ബാലകൃഷ്ണൻ. ചേയക്കണ്ടി.

വാസുദേവൻ ചെവിടൻ കുളങ്ങര

പി.സി.കരുണാകരൻ മാസ്റ്റർ

എം.ഋഷികേശൻ, മഠത്തിൽ

സി.കെ.ശശി. ചേയക്കണ്ടി.

വിനോദൻ.സി.കെ. ചെറുക്കാട്

മാടശ്ശേരി ദാമോദരൻ

സുരേഷ് കുമാർ കോച്ചേരി

എ.കുമാരൻ എളമ്പിലായിൽ

കെ.കെ.അബൂബക്കർ കൈതക്കുളങ്ങര


എ.സി.മൊയ്തി, ആലോറച്ചാലിൽ

സി.എം.വിജയൻ മീത്തലെ കേളോത്ത്

എ.എം.രാമചന്ദ്രൻ കക്കാട്ടുമ്മൽ

# ഭരണസമിതി അംഗങ്ങൾ

പ്രസിഡണ്ട്



ഇ.സി.അശോകൻ

വൈസ് പ്രസിഡണ്ട്



ലൈലാ ജോസഫ്

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ




കെ.ഗീത

| | |
|---|---|
| എം.ഋഷികേശൻ | മെമ്പർ |
| സി.അബ്ദുറഹിമാൻ | ,, |
| വി.കരുണാകരൻ | ,, |
| ഐപ്പ് കുര്യൻ | ,, |
| ടി.കെ.ശ്രീവള്ളി | ,, |

# MAP OF KAYANNA PANCHAYAT

AREA OF PANCHAYAT :



# വിഷയവിവരം


| | |
|---|---|
| 1. ആമുഖം | 9 |
| 2. പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ | 11 |
| 3. സാമൂഹിക സാംസ്കാരിക ചരിത്രം | 13 |
| 4. ഭൂപ്രകൃതി | 16 |
| 5. സാമൂഹിക സാമ്പത്തിക മേഖലകൾ | |
| 5.1 കൃഷിയും ജലസേചനവും | 18 |
| 5.2 മൃഗസംരക്ഷണം - മത്സ്യമേഖല | 29 |
| 5.3 വ്യവസായം | 33 |
| 5.4 വിദ്യാഭ്യാസം | 35 |
| 5.5 കുടിവെള്ളവും പൊതുജനാരോഗ്യവും | 42 |
| 5.6 ഗതാഗതം ഊർജ്ജം | 47 |
| 5.7 ഭവനനിർമ്മാണം, ക്ഷേമ പ്രവർത്തനങ്ങൾ | 55 |
| 5.8 സംസ്കാരം | 60 |
| 5.9 വനിതാ ക്ഷേമം | 62 |
| 5.10 സഹകരണം | 65 |
| 5.11 പട്ടിക ജാതി - പട്ടികവർഗ്ഗ ക്ഷേമം | 68 |
| 5.12 വിഭവ സമാഹാരരരം | 73 |
| ഉപസംഹാരം | 77 |



"ഗ്രാമത്തിന്റെ
തുടിപ്പുകളെല്ലാം
നാമറിയുന്നൊരു നേരം
നമ്മുടെ കാര്യം നമ്മുടെ
കയ്യിൽ സുഭദ്രമാകും
കാലം"

# ആമുഖം

കേരള സംസ്ഥാനത്തിന്റെയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കയാണ്. വികസന പ്രക്രിയകളുടെ ചരിത്രത്തിൽ ഇന്നോളം നടപ്പിലാക്കപ്പെട്ട പദ്ധതികളിൽ നിന്നും വിഭിന്നമായി വമ്പിച്ച ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഇത്തരമൊരു പരിപാടി ദേശീയ ശ്രദ്ധ പിടിച്ചു പറ്റിയിരിക്കയാണ്. താഴേ തട്ടിൽ നിന്നുള്ള ആസൂത്രണത്തിന്റെ അഭാവവും വികസനത്തെക്കുറിച്ചുള്ള വികലമായ അവബോധവും പദ്ധതികൾ നടപ്പിലാക്കുന്നതിന് നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തടസ്സങ്ങളായിരുന്നു. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് മഹാത്മജിയുടെ വിശ്വാസം യാഥാർത്ഥ്യമാവാൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷം വരെ നാം കാത്തിരിക്കേണ്ടിവന്നു.

ഉദ്യോഗസ്ഥ തലത്തിൽ കേന്ദ്രീകരിക്കപ്പെട്ട ആസൂത്രണ പ്രക്രിയയുടെ ഫലമായി ഓരോ പ്രദേശത്തിന്റെയും വിഭവലഭ്യതകൾ കണക്കിലെടുക്കാതെ, ജനകീയാവശ്യങ്ങൾക്കനുസൃതമല്ലാത്ത പദ്ധതികൾക്ക് രൂപം കൊടുത്തതിനാൽ ഇവയുടെ ഉദ്ദേശിക്കപ്പെട്ട ഫലം സിദ്ധിച്ചില്ല. ഈ വിധ പ്രതിബന്ധങ്ങളെ മറികടന്ന് ആസൂത്രണ ചുമതല നിർവഹിക്കുന്നതിന് കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്.

ദുർബലമായ കാർഷിക വ്യാവസായിക അടിത്തറയ്ക്കുമേൽ കെട്ടിപ്പെടുത്തു എന്നുള്ളതുകൊണ്ടുതന്നെ ഏറെ പ്രകീർത്തിക്കപ്പെട്ട കേരളത്തിലെ സേവനമേഖലകൾ പോലും നിലവാരത്തകർച്ച അഭിമുഖീകരിക്കുകയാണ്. ഇതിനൊരുപോംവഴി വികേന്ദ്രീകൃതവും ജനകീയവുമായ ആസൂത്രണത്തിലൂടെ കാർഷിക വ്യാവസായിക അടിത്തറകൾ ശക്തിപ്പെടുത്തുകയാണ്. ഇതുമായി ബന്ധപ്പെടുത്തി നടത്തുന്ന പ്രചാരണം, പരിശീലനം സന്നദ്ധസേവനം തുടങ്ങിയ നാനാവിധ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഒരു പുതിയ വികസന സംസ്കാരത്തിന് രൂപം കൊടുക്കാനും നമുക്ക് കഴിയും.

1997 ഏപ്രിൽ മുതൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35–40% വരുന്ന തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വഴി വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. വിപുലമായ ജനപങ്കാളിത്തത്തോടെ നടന്നുകഴിഞ്ഞ ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ പദ്ധതികളാക്കി ഫലപ്രദവും കാര്യക്ഷമവുമായി ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുകയാണ് ജനകീയാസൂത്രണത്തിലൂടെ ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാതലത്തിൽ രണ്ടു വനിതകളടക്കം എട്ടുപേരും, രണ്ടാം ഘട്ടത്തിൽ ഒമ്പതുപേരും പരിശീലനം നേടുകയുണ്ടായി. പഞ്ചായത്തുതല പരിശീലനത്തിൽ ഒന്നാം ഘട്ടത്തിൽ അഞ്ചു വനിതകളടം 41 പേരും രണ്ടാം ഘടത്തിൽ 5 വനിതകളടക്കം 62 പേരും പരിശീലനം നേടുകയുണ്ടായി.

വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിന് എട്ടുവാർഡുകളിലും സ്വാഗത സംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. ഇതിനായി വാർഡുകളിൽ വിളംബര ജാഥകളും ബ്ലോക്ക് തല കലാ ജാഥകളും പോസ്റ്റർ, ബോർഡ്,ബാനർ എന്നിവ ഉപയോഗിച്ചുള്ള വിപുലമായ പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കപ്പെട്ടു.

ഓരോ വാർഡിലും നടന്ന ഗ്രമസഭകളിലെ പങ്കാളിത്തത്തെ സൂചിപ്പിക്കുന്ന പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ സർവ്വേ നടത്തി. ഗ്രാമത്തിന്റെ ഭൂപ്രകൃതി, വിഭവങ്ങൾ, ജലലഭ്യത ഇവ മനസ്സിലാക്കാൻ ഗ്രൂപ്പുകളായി പഠന പര്യടനം നടത്തി. പഞ്ചായത്തിലും പുറത്തുമുള്ള വിവിധ ആപ്പീസുകളിൽ നിന്നും നമ്മുടെ പഞ്ചായത്തിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു. നടപ്പു പദ്ധതികളുടെ അവലോകന വിവരങ്ങൾ ശേഖരിക്കാനായി വിവിധ വകുപ്പുകളിലെ ഓഫീസ് മേധവാവികളുമായി സംഭാഷണം നടത്തി.

മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് ഇന്നിവിടെ അവതരിപ്പിക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട്. നമ്മുടെ ഗ്രാമത്തിന്റെ സമഗ്രമായി വികസനം മുൻനിർത്തി നാളെയുടെ വെല്ലുവിളികളെ ധീരമായി നേരിടാനുള്ള കരുത്തും ഇച്ഛാശക്തിയും ആർജ്ജിക്കാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഫലപ്രദമായ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും ഈ റിപ്പോർട്ട് സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### വിശേഷാൽ ഗ്രാമസഭ - ഹാജർ നില

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 129 | 32 | 161 |
| II | 120 | 10 | 130 |
| III | 132 | 58 | 190 |
| IV | 134 | 24 | 158 |
| V | 89 | 16 | 105 |
| VI | 241 | 141 | 382 |
| VII | 105 | 39 | 144 |
| VIII | 205 | 73 | 278 |
| ആകെ | 1155 | 393 | 1548 |

# പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| പേര് | : | കായണ്ണ |
| ഉൾപ്പെടുന്ന വില്ലേജ് | : | കായണ്ണ |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാമ്പ്ര |
| ജില്ല പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കൊയിലാണ്ടി |
| അസംബ്ലി മണ്ഡലം | : | പേരാമ്പ്ര |
| വിസ്തീർണം | : | 16.83 Sq. k.m |
| അതിരുകൾ | : | വടക്ക്പേരാമ്പ്ര, കൂത്താളി ഗ്രാമപഞ്ചായത്ത് |
| | | കിഴക്ക് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് |
| | | പടിഞ്ഞാറ് നൊച്ചാട് ഗ്രാമപഞ്ചായത്ത് |
| | | തെക്ക്കോട്ടൂർ ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ | : | 12578 (1991 സെൻസസ്സ്) |
| പുരുഷന്മാർ | | 6409 |
| സ്ത്രീകൾ | : | 6169 |
| ജനസാന്ദ്രത | : | 747/ച.കി.മീ. |
| അക്ഷരാഭ്യാസമുള്ളവർ | : | 10142 |
| വാർഡുകൾ | : | 8 |
| പ്രസിഡണ്ടിന്റെ പേര് | : | ഇ.സി.അശോകൻ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | ലൈല ജോസഫ് |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | കെ.ഗീത |

## കായണ്ണ ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്ത് ഓഫീസ്

കായണ്ണ വില്ലേജ് ഓഫീസ്

കായണ്ണ ഗവ.യു.പി.സ്കൂൾ

മാട്ടനോട് എ.യു.പി. സ്കൂൾ

കായണ്ണ ഗവ.സെക്കണ്ടറി സ്കൂൾ

ചെറുക്കാട് കെ.വി.എൽ.പി. സ്കൂൾ

സെന്റ് ജോസഫ് എൽ.പി.സ്കൂൾ ഓഞ്ഞിൽ

പ്രൈമറി ഹെൽത്ത് സെന്റർ

കൃഷി ഭവൻ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്

മൃഗാശുപത്രി

കായണ്ണ ബസാർ ബ്രാഞ്ച് പോസ്റ്റ് ഓഫീസ്

മാട്ടനോട് പോസ്റ്റ് ഓഫീസ്

ചെറുക്കാട് പോസ്റ്റ് ഓഫീസ്

ഫെഡറൽ ബാങ്ക്

നെടുങ്ങാടി ബാങ്ക്

കായണ്ണ സർവ്വീസ് സഹകരണ ബാങ്ക്

പ്രിയദർശിനി വനിതാ സഹകരണ സംഘം

കായണ്ണ സിദ്ധാശ്രമം



# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം



പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിലെ കുറുമ്പ്രനാട് താലൂക്കിന്റെ കിഴക്കെയറ്റത്തുള്ള ഒരു മലയോര ഗ്രാമമായിരുന്നു നമ്മുടേത്.

കായണ്ണ ഭഗവതി ക്ഷേത്രത്തിന്റെ ഭാഗമായി കായണ്ണ ചിറയുടെ സമീപം കശ്യപമഹർഷി യാഗം നടത്തിയതായി പറയപ്പെടുന്നു. ഇതിനാൽ ഈ പ്രദേശത്തിന് കശ്യപ മണ്ണ് എന്ന പേരുണ്ടായെന്നും കാലക്രമത്തിൽ അത് കായണ്ണയായി പരിണമിച്ചെന്നും ഒരു ഐതിഹ്യം നിലവിലുണ്ട്.

കായണ്ണ ക്ഷേത്രം സവർണ്ണ മേധാവിത്വത്തിന്റെ കേന്ദ്രമായിരുന്നു. അക്കാലത്ത് അമ്പലത്തിലെ വിവിധ അനുഷ്ടാനങ്ങളുമായി ബന്ധപ്പെട്ട ജാതിക്കാർ താമസിച്ചിരുന്ന വീടുകൾ ഇന്നും അതേ പേരിൽ അറിയപ്പെടുന്നു. ബ്രാഹ്മണരുടെ 'മഠത്തിൽ', വാരിയർമാരുടെ വാരിയർ മഠം, കുറുപ്പൻ മാരുടെ കുറുപ്പൻ വീട്, ചാക്യാർമാരുടെ ചാക്യാർമഠം, ആണ്ടിമാരുടെ ആണ്ടിമഠം, മാരാർമാരുടെ മാരയം വീട്, എന്നിവയ്ക്കു പുറമെ ഋതുമതികളായ സ്ത്രീകളെ മാറ്റി, പാർപ്പിച്ചിരുന്ന മറയത്താം വീട് എന്നീ പേരുകൾ ഇന്നും നിലനിൽക്കുന്നു.

കായണ്ണയുടെ പൂർവകാല ചരിത്രം പരിശോധിക്കാൻ ലിഖിത രേഖകളൊന്നും ലഭ്യമല്ലെങ്കിലും നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ ഇവിടെ ജനങ്ങൾ താമസിച്ചിരുന്നു എന്നതിനു തെളിവുകളുണ്ട്. സമീപകാലത്ത് കണ്ടെത്തിയ ആറങ്ങാട്ട് കാവിലെ ക്ഷേത്രാവിശിഷ്ടങ്ങളും മറ്റും ഇതിലേക്ക് വിരൽ ചൂണ്ടുന്നു. കോട്ടക്കൽ സൂപ്പിമുതലാളി 41 ആനകളുമായി വന്ന് മരക്കച്ചവടം നടത്തിയ ചരിത്രം പഴമക്കാരുടെ വാമൊഴിയിൽ നിന്നും കിട്ടുന്നു. ആനകൾ മരം വലിച്ച പാതകളായിരുന്നു അന്നത്തെ പ്രധാന ഗതാഗതമാർഗങ്ങൾ.

ജന്മിത്തത്തിന്റെ ക്രൂരതകൾ നമ്മുടെ പ്രദേശത്ത് കൂടുതൽ അനുഭവപ്പെട്ടിരുന്നില്ല കാരണം, ഇവിടുത്തെ മൂന്ന് ജന്മി കുടുംബങ്ങൾക്ക് ഭൂമിയിൽ ജന്മാവകാശം മാത്രമെ ഉണ്ടായിരുന്നുള്ളു. കൈവശാവകാശം ഉണ്ടായിരുന്നില്ല. എന്നാൽ അയിത്തം നിലനിന്നിരുന്നു ക്ഷേത്രത്തിനിരികിലും ചിറയുടെ അരികിലും താഴ്ന്ന ജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല.

ഇന്നത്തെ കക്കയം ഡാം ഉൾപ്പെടുന്ന കൂരാച്ചുണ്ട് പഞ്ചായത്തടക്കം ചേർന്ന മലയോരപ്രദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു കായണ്ണ പഞ്ചായത്ത്. വയനാടൻ അതിർത്തി വരെയുള്ള പഞ്ചായത്തിന്റെ കിഴക്കൻ ഭാഗം കാട്ടുമൃഗങ്ങളുടെ വിഹാര കേന്ദ്രങ്ങളായിരുന്നു. കുടിയേറ്റകാർ കാട്ടാനയുടേയും നരിയുടേയും പന്നിയുടേയും ഉപദ്രവം നേരിട്ടാണ് അക്കാലത്ത് കൃഷി ചെയ്തിരുന്നത്. വ്യാപകമായ മലമ്പനിയും അട്ടയുടെ ശല്യവും സഹിക്കാനാവാതെ പലർക്കും പിന്തിരിയേണ്ടി വന്നിരുന്നു. അതിനെയെല്ലാം അതിജീവിച്ച സ്ഥിരോത്സാഹികളായ കുടിയേറ്റക്കാരാണ് ഇന്നത്തെ നമ്മുടെ കാർഷികരംഗത്തിന്റെ പൈതാളികർ.

അക്കാലത്ത് നമ്മുടെ പ്രദേശത്ത് ഗതാഗതത്തിന് റോഡുകളോ വാർത്താവിനിമയ സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ നമ്മുടെ പ്രദേശത്ത് എത്തിയത് ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയുടെ അവസാനമായിരുന്നു. ക്വിറ്റിന്ത്യാ സമരത്തിൽ പുതുശ്ശേരി കുഞ്ഞിക്കണ്ണൻ നായർ പങ്കെടുത്തുവെന്നത് നമുക്ക് അഭിമാനിക്കാൻ ഇട നൽകുന്നു. ദേശീയ സ്വാതന്ത്ര്യ സമരം ആളിപ്പടർന്ന് തുടങ്ങിയതോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനവും നമ്മുടെ പ്രദേശത്ത് ആരംഭിച്ചു. എ.പി.ഗോപാലൻനായർ, പടവെട്ടി കുഞ്ഞിരാമൻ നായർ എന്നിവർ ആദ്യകാല പ്രവർത്ത

കരാണ്. പുത്തലത്ത് ശേഖരൻ നായർ, കോമത്ത് കൃഷ്ണൻ നയാർ, രയരോത്ത് ദാമോദരൻ കിടാവ്, എനോന്തിരിക്കര കണാരൻ നായർ, തൈക്കണ്ടി മൊയ്തി, കക്കാട്ടുമ്മൽ രാമർകിടാവ് എന്നിവർ പങ്കെടുത്തുകൊണ്ട് ക്വിറ്റിന്ത്യാ സമരത്തോടനുബന്ധിച്ച് ഇവിടെ ജാഥയും സമ്മേളനവും നടത്തിയിരുന്നു. പുതിയടുത്ത കുഞ്ഞിരാമൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. കെ.ടി.കുഞ്ഞിരാമൻ നായർ, സി.കെ.ഗോവിന്ദൻ നായർ, കെ.കരുണാകരൻ എന്നിവർ പങ്കെടുത്ത ആ യോഗം കട്ടക്കാട്ടു വയലിൽ നിശ്ചയിച്ചതായിരുന്നെങ്കിലും അവിടെ നടത്താൻ ഉടമകൾ സമ്മതിച്ചില്ല. കോൽക്കാരൻ കേളുനായരുടെ പറമ്പിൽ വെച്ചാണ് ആ യോഗം നടത്തിയത്. യു.കുഞ്ഞിരാമൻ, കേളപ്പജി, പിപി.ഉമ്മർ കോയ എന്നിവരും സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്ക് ഇവിടെ വന്നിരുന്നു. സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്ന ശ്രീ.കവിലിശ്ശേരി ഗോവിന്ദൻ കിടാവ് ഇന്നും ജീവിച്ചിരിക്കുന്നു.

1940 കളുടെ ആരംഭത്തിൽ കർഷകസംഘത്തിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു. പുത്തലത്ത് ശേഖരൻ നായർ, തൈക്കണ്ടി കുട്ട്യേക്കൻ നായർ, കോമത്ത് കൃഷ്ണൻ നായർ എന്നിവരാണ് കായണ്ണയിലെ കർഷസംഘത്തിന്റെ ആദ്യകാല പ്രവർത്തകർ. സി.എച്ച് കണാരനാണ് ആദ്യകാലത്ത് ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരുന്നത്. സംഘത്തിന്റെ പ്രവർത്തനം നിരീക്ഷിക്കാൻ 1942ൽ 3 ദിവസം ഇവിടെ M.S.P. കേമ്പ് ചെയ്തിരുന്നു. 1947-48 കാലത്ത് അയിത്തത്തിനെതിരെ കർഷക സംഘം ജാഥ നടത്തുകയുണ്ടായി.

കർഷകസംഘത്തിൽ നിന്നാണ് കായണ്ണയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപം കൊള്ളുന്നത്. യു.വി.കേളപ്പനാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചിരുന്ന പ്രധാന വ്യക്തി. അന്ന് നമ്മുടെ പ്രദേശത്തെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. പിൽക്കാലത്ത് കർഷകതൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിലും കമ്മ്യൂണിസ്റ്റ് പാർട്ടി കാര്യമായ സംഭാവനകൾ നൽകുകയുണ്ടായി. ശ്രീ.എ.പി.ദാമോദരൻ നായർ, കരുണാകരമേനോൻ എന്നിവരുടെ സേവനങ്ങൾ സ്മരണീയമാണ്.

കായണ്ണയ്ക്ക് കായണ്ണ ബസാർ എന്നു പേരിട്ടത് അക്കാലത്തെ പാർലമെന്റിലെ പ്രതിപക്ഷ നേതാവായ ഏ.കെ.ജി. ആയിരുന്നു. കായണ്ണ ബസാറിൽ പോസ്റ്റാഫീസ് ആരംഭിക്കുന്നതിനും അദ്ദേഹത്തിന്റെ സേവനം ലഭിച്ചിരുന്നു.

1975-77 കാലഘട്ടത്തിൽ കേരളത്തിലങ്ങോളമിങ്ങോളം കോളിളക്കം സൃഷ്ടിച്ച ആക്രമണത്തിനു വിധേയമായ ഇന്നത്തെ കൂരാച്ചുണ്ട് പോലീസ് സ്റ്റേഷൻ അന്ന് കായണ്ണ പോലീസ് സ്റ്റേഷൻ എന്നായിരുന്നു. അറിയപ്പെട്ടിരരുന്നത്. ഇന്നും നമ്മുടെ പ്രദേശത്തിന്റെ പേരിലാണ് പുറത്ത് ഈ സംഭവം അറിയപ്പെട്ടിരുന്നത്.

വിഭജനത്തിനുമുമ്പുള്ള കായണ്ണ പഞ്ചായത്തിലെ മെമ്പർമാർ ചെട്ട്യാങ്കണ്ടി കുഞ്ഞിരാമൻ, രാരോത്ത് ദാമോദരൻ കിടാവ്, രാരോത്ത് മീത്തൽ ശ്രീധരൻ, പൂളച്ചാലിൽ മമ്മു, ഒ.ടി.തോമസ്, വെട്ടുകുഴി തോമസ്, കോതമ്പനാനി സെബാസ്റ്റ്യൻ വല്ലയിൽ ജോസഫ് എന്നിവരായിരുന്നു. ഒ.ടി.തോസ് പ്രസിഡണ്ടും, ദാമോദരൻ കിടാവ് വൈസ് പ്രസിഡണ്ടുമായിരുന്നു. 1946ൽ ഒ.ടി തോമസ് വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. ഇന്നത്തെ കായണ്ണ പഞ്ചായത്തിൽ പെട്ട ഭാഗത്ത് നിന്ന് കെ.സി.ഡി.വൈദ്യർ, എൻ ഗോവിന്ദൻ മാസ്റ്റർ, ടി.കെ.ഗോവിന്ദൻ നായർ എന്നിവരായിരുന്നു മെമ്പർമാർ.

1969 ൽ അന്നത്തെ പേരാമ്പ്ര എം.എൽ.എ.ആയിരുന്ന വി.വിദക്ഷിണാമൂർത്തിയുടെ ശ്രമഫലമായി കായണ്ണ കൂരാച്ചുണ്ട് പഞ്ചായത്തുകളായി വിഭജിക്കപ്പെട്ടു. വിഭജനശേഷം കായണ്ണ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ.എൻ.ഗോവിന്ദൻ മാസ്റ്ററായിരുന്നു. 1979ൽ ശ്രീ എൻ പത്മനാഭൻ മാസ്റ്റർ പ്രസിഡണ്ടും ശ്രീ.സി.കെ ചാത്തുക്കുട്ടി വൈസ് പ്രസിഡണ്ടും ശ്രി.എൻ.കുഞ്ഞിരാമൻ, ടി.മുഹമ്മദ് മാസ്റ്റർ, കെ.ടി.ജോസഫ്, സി.ടി.ലോനപ്പൻ, ടി.കെ.നാരായണി ടീച്ചർ, വി.കെ.കല്യാണി, എന്നിവർ മെമ്പർ മാരുമായിരുന്നു. 1988ൽ ശ്രീ.എം.കെ.കുഞ്ഞിരാമൻ നായർ പ്രസിഡണ്ടും ടി.കെ.നാരായണി ടീച്ചർ വൈസ് പ്രസിഡണ്ടും ശ്രീ.ടി.മുഹമ്മദ് മാസ്റ്റർ, കെ.കെ.നാരായണൻ, അഡ്വ: മേരിക്കുട്ടി, സുലൈമാൻ, സി.പി.ചന്തപ്പൻ എൻ.കെ.ശ്രീധരൻ എന്നിവർ മെമ്പർമാരുമായിരുന്നു.

പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതോടെയാണ് 1995ൽ ഇന്നത്തെ ഭരണസമിതി നിലവിൽ വന്നത്. ശ്രീ.ഇ.സി.അശോകൻ പ്രസിഡണ്ടും, ശ്രീമതി

ലൈലാ ജോസഫ് വൈസ്പ്രസിഡണ്ടും ശ്രീമതി. കെ.ഗീത ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സണും. ശ്രീ.എം.ഋഷികേഷൻ,ഐപ്പ് കുര്യൻ വട ക്കേത്തടം, ചെക്യോട്ട് അബ്ദുറഹിമാൻ, ടി.കെ.ശ്രീവള്ളി, വി.കരുണാകരൻ, എന്നിവർ മെമ്പർമാരുമാണ്.

കലായാകിക രംഗത്തും സമ്പന്നമായൊരു ഭൂത കാലം നമ്മുടെ പഞ്ചായത്തിനുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട കായിക വിനോദമായ കാളപൂട്ട് മത്സര ങ്ങൾ, കവിലിശ്ശേരി, വാരിക്കോളി താഴെ എന്നിവിട ങ്ങളിൽ നടന്നിരുന്നു. ഓണക്കാലത്ത് വരിക്കോളി പറ മ്പിൽ അമ്പെയ്ത്ത് നടന്നിരുന്നു. തെയ്യം, തിറ, എന്നീ അനുഷ്ടാനകലകൾ കാവുകളിൽ ഉത്സവത്തോടനു ബന്ധിച്ച് നടന്നിരുന്നു. പ്രാചീന ക്ഷേത്രകലകൾ കായണ്ണ ക്ഷേത്രത്തിലെ ആറാട്ട് ഉത്സവത്തോടനുബ ന്ധിച്ച് അരങ്ങേറിയിരുന്നു.

ആശാൻ കുഞ്ഞികൃഷ്ണൻ നമ്പ്യാരുടെയും വിദൂ ഷകൻ പുതുശ്ശേരി കുഞ്ഞിക്കണ്ണൻ നായരുടേയും നേതൃത്വത്തിൽ സ്യമന്തകം, ഭൂലോകരംഭ, ധ്രുവച രിതം, എന്നീ നാടകങ്ങൾ ഇവിടെ അരങ്ങേറിയിരുന്നു. ഇതിന്റെ സംഘാടകൻ ശ്രീ.കരുണാകരമേനോൻ ആയിരുന്നു. പിൽക്കാലത്ത് ശ്രീ.കൊഴക്കോടൻ നാരാ യണൻ നായർ പാട്ടുപുരക്കൽ കുഞ്ഞികൃഷ്ണൻ നായർ എന്നിവരുടെ സംഭാവനകളും എടുത്തു പറ യത്തക്കതാണ്.

സ്വാമി ശിവാനന്ദ പരമഹംസൻ കേരളത്തിലും തമി ഴ്നാട്ടിലുമായി സ്ഥാപിച്ച അഞ്ച് ആശ്രമങ്ങളിൽ ഒന്നായ കായണ്ണ സിദ്ധാശ്രമം കായണ്ണ പഞ്ചായ ത്തിലെ ചെറുക്കാട് പ്രദേശത്ത് സ്ഥിതിചെയ്യുന്നു. ഏകദേശം നൂറ് ഏക്കർ വരുന്ന ഭൂമി ഇതിന്റെ കീഴി ലാണ്. ഔഷധസസ്യങ്ങളും മറ്റു കാർഷിക വിളകളും ഉല്പാദിപ്പിക്കുന്നതിലും, ആയുർവേദ ഔഷധനിർമാ ണത്തിലും സിദ്ധാശ്രമവാസികൾ ശ്രദ്ധചെലുത്തുന്നു. സിദ്ധസമാജ സ്ഥാപകരുടെ ജന്മദിനമായ കാർത്തിക മഹോത്സവത്തിൽ പുറത്തുനിന്നുപോലും ആളുകൾ എത്തിച്ചേരാറുണ്ട്.

നമ്മുടെ പഞ്ചാത്തിലെ ആദ്യകാലത്തെ റോഡായി പരിഗണിക്കുന്നത് നടുവണ്ണൂർ, കൂട്ടാലിട, പാടിക്കുന്ന്, കൈതക്കൊലി, റോഡാണ് എന്നാൽ ഇവിടുത്തെ ജന ങ്ങൾക്ക ഏറ്റവും ഉപകാരപ്രദമായ മുളിയങ്ങൾ കരി കണ്ടൻ പാറ റോഡ് ഏതാണ്ട് അരനൂറ്റാണ്ട് മുമ്പാണ് നിലവിൽ വന്നത്. 1977ൽ ആദ്യമായി ബസ്സ് സർവ്വീസ് ആരംഭിച്ചു. 1982 ൽ ആദ്യമായി വൈദ്യുതി നമ്മുടെ പഞ്ചാത്തലത്തിലെത്തി.

നിലത്തെഴുത്ത് ആശാന്മാരുടെ കീഴിൽ ഈച്ച രോത്ത് നിലത്തെഴുത്ത് പള്ളികൂടമാണ് വിദ്യാഭ്യാസ മേഖലയിലെ നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ കാൽവെപ്പ്. 1912ൽ വെയിൽസ് രാജകുമാരന്റെ ഇന്ത്യാ സന്ദർശനത്തോടെയാണ് കായണ്ണയിൽ ഔപ ചാരിക വിദ്യാഭ്യാസത്തിന്റെ തുടക്കം. ആക്കാലത്ത് സ്ഥാപിക്കപ്പെട്ട ബോയ്സ് സ്കൂളാണ് ഇന്നത്തെ കായണ്ണ ഗവ.യു.പി.സ്കൂൾ. 1982ൽ ആദ്യമായി ഇവിടെ ഒരു ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ രണ്ട് എൽ.പി.സ്കൂളും രണ്ട് യു.പി.സ്കൂളും ഒരു ഹൈസ്കൂളുമടക്കം അഞ്ച് സ്കൂളുകളാണ് നിലവി ലുള്ളത്. ഉന്നതപഠനത്തിനുള്ള സാദ്ധ്യതകൾ നമ്മുടെ പഞ്ചായത്തിലില്ല. ഈയടുത്ത കാലത്ത് കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ കീഴിൽ ആരംഭിച്ച ഒരു സാങ്കേതിക സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

വികസന രംഗത്ത് സന്നദ്ധത പ്രവർത്തനങ്ങൾക്ക് എല്ല കാലത്തും ജനകീയയൈക്യം നിലനിന്നിരുന്നു. കായണ്ണ മുളിയങ്ങൾ റോഡ് വീതികൂട്ടുന്ന പ്രവർത്തനം എടുത്തുപറയത്തക്കതാണ്. അംഗൻവാ ടികളുടെ നിർമ്മാണത്തിലും മറ്റും കണ്ട മാതൃകാപര മായ ശ്രമദാന പ്രവർത്തനങ്ങളിലെ ഏറ്റവും ഒടുവി ലത്തെ കണ്ണി പുനരർപ്പണദിനായി ആചരിച്ച കഴിഞ്ഞ നവംമ്പർ 1ന് നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡു കളിലും നടന്ന പ്രവർത്തനങ്ങളാണ്.

ആരോഗ്യരംഗത്ത് പാരമ്പര്യ വൈദ്യത്തിന്റെ പ്രാമു ഖ്യമുണ്ടായിരുന്ന ഇവിടെ അലോപ്പതി ചികിത്സയ്ക്ക് അടുത്തകാലം വരെ പേരാമ്പ്രയുമായി ബന്ധപ്പെടേ ണ്ടിയിരുന്നു. ഇവിടെ ഒരു റൂറൽ ഡിസ്പെൻസറി 1970കളിൽ സ്ഥാപിച്ചതാണ്. ഈ രംഗംത്തെ തുടക്കം. ഇന്ന് അതൊരു പ്രൈമറി ഹെൽത്ത് സെന്ററായി മാറി യിട്ടുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾ പരിഹ രിക്കുവാൻ പര്യാപ്തമല്ല.

ഇത്തരം സാഹചര്യങ്ങൾ വിശകലനം ചെയ്തു കൊണ്ട് വേദനങ്ങൾ കുഴിവെട്ടി മൂടി പുതിയ ജനകീ യാസൂത്രണ വികസന സംസ്കാരത്തിലേക്ക് കുതികൊള്ളാമെന്ന പ്രത്യാശയോടെ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ അവതരിപ്പിക്കുന്നു.

# ഭൂപ്രകൃതി

ജില്ലാ ആസ്ഥാനമായ കോഴിക്കോട് നഗരത്തിൽ നിന്നും 40 കിലോമീറ്റർ വടക്ക് അൽപം കിഴക്ക്മാറി സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. 16.83 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഇതിന്റെ മുഴുവൻ ഭാഗങ്ങളും കായണ്ണ വില്ലേജിൽ പെടുന്നു. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 747ആണ്. കേരളത്തിൽ പതിമൂന്ന് കാർഷിക കാലാവസ്ഥ മേഖല (Agro Climatic Zones) ളുണ്ട് അതിൽ അഞ്ചാമത്തെ വിഭാഗമായ ഉത്തര ഇടനാട് വിഭാഗത്തിലാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിൽ എട്ടു വാർഡുകളുണ്ട്. പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗമായ കുറ്റിവയലിന് കിഴക്കുഭാഗം കുന്നും മലകളും നിറഞ്ഞ ഉയർന്ന പ്രദേശമാണ്. പടിഞ്ഞാറുഭാഗം താരതമ്യേന സമതല പ്രദേശങ്ങളാണ്. പൂവ്വത്താം കുന്നിന്റെ മുകളിലെ ഏതാണ്ട് 250 മീറ്റർ ഉയരമുള്ള സ്ഥലമാണ് ഏറ്റവും പൊക്കമുള്ള പ്രദേശം. രണ്ടാം വാർഡിലുള്ള മഠത്തിൽ താഴെയാണ് ഏറ്റവും താഴ്ന്നസ്ഥലം.

### മൺതരങ്ങൾ

ചെമ്മണ്ണ്, കരിമണ്ണ്, ചെങ്കൽ, വനമണ്ണ്, കരിങ്കൽ, വയൽ മണ്ണ് എന്നിവയാണ് പ്രധാനമൺതരങ്ങൾ.

### ജലലഭ്യത

സംസ്ഥാന, ജില്ലാ ശരാശരിയേക്കാൾ ഉയർന്ന തോതിൽ മഴലഭിക്കുന്ന പ്രദേശമാണിത്. ഏതാണ്ട് 4000 MM മഴ ഒരു വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. എങ്കിലും വേനൽ കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന ചില ഉയർന്ന പ്രദേശങ്ങളുണ്ട്. വലിയ പുഴകളും ജലാശയങ്ങളും ഈ പഞ്ചായത്തിലില്ല. കാര്യമായി ഒരു വലിയ തോടുമാത്രമാണ് ഉള്ളത്. (മഴലഭ്യതയുടെ പട്ടിക കാണുക)

### ഭൂവിനിയോഗം

സമ്മിശ്ര കൃഷിരീതിയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഓരോ കൃഷിക്കും പ്രത്യേകമായി വിനിയോഗിച്ച ഭൂമിയുടെ കണക്ക് കൃത്യമായി തിട്ടപ്പെടുത്തുവാൻ അതുകൊണ്ടുതന്നെ സാദ്ധ്യമല്ല. കൂടുതൽ ഭൂമിയും തെങ്ങ് കൃഷിക്കാണ് ഉപയോഗിക്കുന്നത്. നാല്, അഞ്ച്, വാർഡുകളിലെ കുന്നിൽ ചരിവുകളിലാണ് മുഖ്യമായും റബ്ബർ കൃഷിയുള്ളത്. കമുക് കൃഷി തെങ്ങിൻ തോട്ടങ്ങളിലും വയലുകൾ നികത്തിയെടുത്ത കുനികളിലുമാണ്. നെൽകൃഷി പ്രധാനമായും പയറ്റുവയൽ, കുറ്റിവയൽ, കാവും വയൽ, കരുകുളം വയൽ, ചെറുക്കാട് വയൽ, കവിലിശ്ശേരി പാടം, കക്കാഞ്ചേരി പാടം എന്നിവിങ്ങളിലാണ്. 50 ഏക്കർ വരുന്ന കരിങ്കൽ പ്രദേശവും ഏതാണ്ട് അത്രതന്നെ ചെങ്കൽ പ്രദേശങ്ങളുമുണ്ട്.

### ജനപ്രകൃതി

1991ലെ സെൻസ് റിപ്പോർട്ട് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 12578 ആണ്. പുരുഷന്മാർ 6409 ഉം സ്ത്രീകൾ 6169 ഉം ആണ്. നമ്മുടെ സംസ്ഥാനത്തിൽ മൊത്തം ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതലെങ്കിലും നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാരാണ് കൂടുതൽ 100 സ്ത്രീകൾക്ക് 104 പുരുഷന്മാർ എന്നതാണ് സ്ത്രീപുരുഷ അനുപാതം. മൊത്തം ജനസംഖ്യയിൽ1294 പട്ടികജാതിക്കാരുണ്ട് (പുരുഷന്മാർ 669 സ്ത്രീകൾ 625)

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം - മത്സ്യമേഖല

വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളം പൊതുജനാരോഗ്യവും

ഗതാഗതം - ഊർജ്ജം

ഭവനനിർമ്മാണം, ക്ഷേമ പ്രവർത്തനങ്ങൾ

സംസ്കാരം

വനിതാ ക്ഷേമം

സഹകരണം

പട്ടികജാതി - പട്ടികവർഗ ക്ഷേമം

വിഭവ സമാഹരണം

# കൃഷി ജലസേചനം

## കാർഷിക ചരിത്രം

പഴയ കുറുമ്പ്രനാട് താലൂക്കിന്റെ കിഴക്കേയറ്റത്ത്, കുന്നും ചരിവുകളും നിറഞ്ഞ ഒരു കാർഷിക ഗ്രമാമാണ് നമ്മുടെ പഞ്ചായത്ത്. ഇവിടത്തെ മൊത്തം ഭൂമി മൂന്ന് ജന്മി കുടുംബങ്ങളുടെ വകയായിരുന്നു. കുറ്റിവയലിന്റെ പടിഞ്ഞാറുഭാഗം അമിഞ്ഞാട്ടു മൂപ്പിൽ നായരുടേതും, കുറ്റിവയലിൽ നിന്ന് കിഴക്കോട്ടുള്ള നടവഴിയുടെ (ഏതാണ്ട് ഇന്നത്തെ റോഡ്) തെക്കുഭാഗം കുഞ്ഞിസീതി കോയ തങ്ങളുടേയും വടക്കുഭാഗം കൊയലൻ കണ്ടി കുട്ടിരാൻ നായരുടേതുമായിരുന്നു. കുറ്റിയവലിന്റെ പടിഞ്ഞാറുഭാഗം വളരെക്കാലമായി ഇവിടെ ജനിച്ചുവളർന്നവർ തന്നെ കൃഷിചെയ്ചു ജീവിച്ചുപോന്ന പ്രദേശമായിരുന്നു. കിഴക്കുഭാഗം കരിക്കണ്ടൻ പാറവരെ കൽപ്പത്തൂരിൽ നിന്നും കുടിയേറിപാർത്തവരാണെങ്കിൽ അവിടെന്നിന്ന് കിഴക്കോട്ട് ഇന്നത്തെ കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കുടിയേറി പാർത്തവരുമാണ് ഉള്ളത്. ആധുനിക സൗകര്യങ്ങളൊന്നും ഇല്ലാതിരുന്നിട്ടും തുച്ഛമായ വിലക്ക് പൊന്നു വിളയുന്ന മണ്ണ് യഥേഷ്ടം ലഭ്യമായതിനാലാണ് ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരുന്നകാലത്ത് ഇവിടേയ്ക്ക് കുടിയേറ്റം ആരംഭിച്ചത്.

നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് പരമ്പരാഗതമായി തെങ്ങും നെല്ലും വാഴുയം അത്യാവശ്യു കവുങ്ങും കൃഷിചെയ്തിരുന്നു. കൃഷിക്കാർ തന്നെ സ്വന്തം ഭൂമിയിൽ കൃഷിചെയ്തിരുന്ന രീതി അന്ന് നിലവിലുണ്ടായിരുന്നു. ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായി നെല്ല് അന്ന് വീട്ടുവളപ്പുകളിലും കൃഷിചെയ്തിരുന്നു. എന്നതാണ് ഒരു പ്രത്യേകത. കൂടാതെ ചേമ്പ്, ചേന, കണ്ടികിഴങ്ങ്, പയിച്ചികിഴങ്ങ്, നീണ്ടിക്കിഴങ്ങ്, ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, പയർ തുടങ്ങി കുടുംബത്തിനാവശ്യമായ എല്ലാ വിളകളും അന്ന് സമൃദ്ധിയായി കൃഷിചെയ്തിരുന്നു. പരമ്പരാഗതമായ രീതിയിലുള്ള നെൽകൃഷി നമ്മുടെ പഞ്ചായത്തിലും അന്ന് സമൃദ്ധിക്ക് കാരണമായിരുന്നു. മകരത്തിൽ ഒറ്റല്മുണ്ടോൻ. ചെറിയറ്റേനി. അരുവാചിറ്റേനി. എച്ചിലാടൻ തുടങ്ങിയ നാടൻ ഇനങ്ങളും കന്നിയിൽ ആര്യങ്കാളി, പള്ളിയാരൽ, തവളക്കണ്ണൻ എന്നിവയുമാണ് സാധാരണ കൃഷിചെയ്തിരുന്നത്. പറമ്പുകളിൽ എച്ചിലാടൻ, ചോമാല, ചെന്നല്ല്, നകര, എന്നിവയും വിളയിച്ചിരുന്നു. യാതൊരുവിധ രാസവളങ്ങളോ, കീടനാശിനികളോ അന്ന് ഉപയോഗിച്ചിരുന്നില്ല.

കുറ്റിവയലിനു കിഴക്കുള്ള കുടിയേറ്റ ഭൂമിയിൽ കാടുവെട്ടി തീയിട്ടു കരിച്ച കന്നിമണ്ണിൽ പുതുമഴയ്കൊപ്പം നെൽകൃഷി ചെയ്ത് നൂറ്മേനി വിളയിച്ചു. ചാമോടൻ, കരുവാള, വില്ലൻ, കവുങ്ങിൻ പൂത്താട, അടുക്കൻ, കോയ്യാള, എച്ചിലാടൻ തുടങ്ങിയ അന്നത്തെ നെല്ലിനങ്ങൾ ഇന്നത്തെ തലമുറയ്ക്ക അജ്ഞാതമാണ്. മണ്ണിന്റെ ഗുണവും സമൃദ്ധമായ മഴയും കാരണം ഇന്നത്തേതിനെ അപേക്ഷിച്ച് സമൃദ്ധമായ വിളവ് ലഭിച്ചിരുന്നു.

ഇന്ന് നമ്മുടെ പ്രദേശങ്ങളിലൊന്നും കാണാത്ത എള്ള്, ചാമ, അതിർചാമ, തിന, എന്നിവയും ധാരാളമായി കൃഷിചെയ്തിരുന്നു. മരച്ചീനിയുടെ സമൃദ്ധമായ വിളവ്, നമ്മുടെ ആവശ്യങ്ങൾ കഴിഞ്ഞ് അയൽ പ്രദേശങ്ങളിലേക്ക് കയറ്റി അയയ്ക്കാനും പര്യാപ്തമായിരുന്നു. കാട്ടുമൃഗങ്ങളുടെ ശല്യം അന്നത്തെ കൃഷിക്കാരന്റെ പ്രധാന പ്രശ്നമായിരുന്നു. മരങ്ങളിൽ കാവൽ മാടം കെട്ടി വിളവ് കാക്കുന്ന രീതിയും കഴിക്കൻ പ്രദേശങ്ങളിലുണ്ടായിരുന്നു.

ഇനങ്ങളുടെ വൈവിധ്യവും വമ്പിച്ച വിളവും കാരണം വാഴകൃഷി അന്ന് ശ്രദ്ധേയമായിരുന്നു. മൈസൂരി, പൂവൻ, വെട്ടൻ, ആയിരം പൂവൻ, കുന്നൻ,

മാമ്പില്ലാക്കുന്നൻ, മണ്ണൻ, വെണ്ണീറ്റു മണ്ണൻ, കദളി, തുടങ്ങിയ പല ഇനങ്ങളും ഇന്ന് നശിച്ചുപോയി രിക്കുന്നു.

അക്കാലത്ത് വ്യാപകമായി കൃഷിചെയ്തിരുന്ന വിവിധ ഇനം പയർ വർഗ്ഗങ്ങൾ ചേമ്പിനങ്ങൾ, പച്ചമു ളക് എന്നിവ ഇന്ന് കാണാനേ ഇല്ല.

'കറുത്ത സ്വർണ്ണം' എന്നറിയപ്പെടുന്ന കുരുമുള കിന്റെ വമ്പിച്ച ഒരു ഉൽപാദന കേന്ദ്രമായിരുന്നു നമ്മുടെ ഗ്രമാം. കുരുമുളക് വള്ളി ഇല്ലാത്ത മരങ്ങൾ തന്നെ ഇവിടെ കണ്ടിരുന്നില്ല ദ്രുതവാട്ടമെന്ന രോഗം പിൽക്കാലത്ത് ഇതിനെ നാശോന്മുഖമാക്കി.

പിഴയ്ക്കാത്ത കാലാവസ്ഥയും ഞാറ്റുവേലഖൽക്ക നുസൃതമായി കൃഷിരീതികളും ജൈവവളങ്ങളുടെ സമൃദ്ധിയും കൃഷിഭൂമിയുടെ വിസ്തൃതിയുമെല്ലാം പഴയ പ്രതാപങ്ങൾക്ക് കാരണമായിരുന്നെങ്കിലും കാർഷിക വൃത്തിയോടുള്ള അർപ്പണബോധമായി രുന്നു അന്നത്തെ വിജയ രഹസ്യം

## അവലോകനം.

പൂർവ്വകാലത്തെ സ്ഥിതിയുമായി താരതമ്യം ചെയ്യു മ്പോൾ ഇന്നത്തെ കൃഷിയുടെ അവസ്ഥ ആശാവഹ മല്ല. മിക്കവിളകളുടേയും ഉൽപാദനക്ഷമത താഴന്ന നിലവാരത്തിലാണ്. ഇടത്താരക്കാർക്കു കാർഷിക വൃത്തികൊണ്ട് മാത്രം ജീവിത ചെലവുകൾ നിർവ്വഹി ക്കാൻ കഴിയുന്നില്ല. ഇടവിളകൾ പലതും അപ്രത്യക്ഷ മായിരിക്കുന്നു. ഉൽപന്നങ്ങളുടെ ഗണ്യമായ വിലക്കു റവ് കാർഷികരംഗത്ത് വൻ തകർച്ച തന്നെ സൃഷ്ടി ച്ചിരിക്കുന്നു. കാർഷിക ബന്ധങ്ങളിലുണ്ടായ മാറ്റം വരൾച്ചയേയും പ്രകൃതിക്ഷോഭങ്ങളേയും നേരിടാനു ള്ളസംവിധാനങ്ങളുടെ അഭാവം ജൈവ വൈവിധ്യ ത്തിലുണ്ടായ നാശം, ശാസ്ത്രീയമായ ഭൂവിനിയോഗ ത്തിലും കൃഷിരീതികൾക്കളിലുമുള്ള അജ്ഞത ഇവ യെല്ലാം ഈ തകർച്ചക്ക് ആക്കം കൂട്ടിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ മുഖ്യവിളകളുടെ ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ ഇത് വ്യക്തമാകും.

മൊത്തെ ഭുമിയൽ ഭൂരിഭാഗവും തെങ്ങാണ് കൃഷി ചെയ്യുന്നത്. ഉൽപാദനക്ഷമതയും തേങ്ങയുടെ ഗുണ നിലവാരവും ക്രമേണ കുറഞ്ഞുവരുന്നു. ഫലഭൂയി ഷ്ടതയുടെ ഏറ്റക്കുറച്ചിൽ കാരണം പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഇതിന് വ്യത്യാ സമുണ്ട്. മണ്ണിന്റെ ഘടനയറിയാനോ ആവശ്യമായ വളപ്രയോഗം നടത്താനോ കഴിയുന്നില്ല. പതിനഞ്ച് വർഷം കൊണ്ട് അവശ്യവസ്തുക്കളുടെ വിലയും തൊഴിലാളികളുടെ കൂലിയും വൻതോതിൽ വർദ്ധിച്ചെ ങ്കിലും തേങ്ങളുടെ വില വർദ്ധിച്ചില്ലെന്നു മാത്രമല്ല കുറയുകയും ചെയ്തു. കാലാകാലങ്ങളിൽ കൃഷിപ്പ ണികൾ ചെയ്യാൻ കഴിയുന്നില്ല. ഒരു കാലത്ത് ജൈവ വൈവിധ്യം കൊണ്ട് സമ്പർക്കമായിരുന്ന പറമ്പുകൾ ഇന്ന് നാണ്യവിളകൾ മാത്രമായി ചുരുങ്ങി. വീണ്ടു വിചാരമില്ലാതെ പ്ലാവും, മാവുമടക്കമുള്ള വൃക്ഷങ്ങൾ വെട്ടിനശിപ്പിച്ചു. ജൈവ വളങ്ങൾ തീരെ ലഭിക്കാനി ല്ലാത്ത അവസ്ഥയിലാണിന്ന്. കൃഷിക്കാർ തന്നെ മണ്ണിൽ അദ്ധ്വാനിച്ചിരുന്ന രീതി ഇന്നില്ല എന്നു തന്നെ പറയാം. പുതിയ തലമുറയ്ക്ക കാർഷിക വൃത്തിയോ ടുള്ള മനോഭാവം മാറ്റിയെടുക്കേണ്ടത് പുതിയൊരു കാർഷിക സംസ്കാരത്തിനാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ കുറ്റിവയൽ തോടിന് പടി ഞ്ഞാറ് ഭാഗത്തുള്ള വയലുകളിലാണ് പ്രധാനമായും നെൽകൃഷിയുള്ളത്. നമുക്കാവശ്യമുള്ളതിന്റെ ചെറി യൊരു ശതമാനം പോലും ഇവിടെ ഉൽപാദിപ്പിക്കാൻ ഇന്ന് കഴിയുന്നില്ല. ഇന്നത്തെ സ്ഥിതിയിൽ തന്നെ നില വിലുള്ള സാദ്ധ്യതകൾ പൂർണ്ണായി പ്രയോജനപ്പെടു ത്താൻ നമുക്ക് കഴിയുന്നില്ല. കുറ്റ്യാടി പദ്ധതിയുടെ കനാൽ ജലം ലഭ്യമാകുന്ന വയലുകളിൽ മൂന്ന് കൃഷി ചെയ്യാൻ കഴിയുമെങ്കിലും നെൽകൃഷി ഉൽപാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വമ്പിച്ച നഷ്ട മായതിനാൽ, ഇത് സാധ്യമാവുന്നില്ല. വൈയ്ക്കോലിന് നല്ല വില ലഭിയ്ക്കുന്നതിനാൽ അത് കൂടുതൽ ലഭി യ്ക്കുന്ന നെൽവിത്തുകൾ ഉപയോഗിക്കാനാണ് കൃഷി ക്കാർ താൽപര്യപ്പെടുന്നത്. ഇത്തരം വിത്തുകൾ കൃഷി ചെയ്യുന്നതുമൂലം വിളവെടുപ്പിന് കാലതാമസം വരുന്നു. അത്യുൽപാദന ശേഷിയുള്ള നെല്ലിനങ്ങൾ താരതമ്യേന രോഗപ്രതിരോധ ശേഷി കുറവുള്ളവ യാണ്. രാസവളങ്ങളും കീടനാശിനികളും കൂടുത ലായി ഉപയോഗിക്കുമ്പോൾ മണ്ണിന്റെ അവശ്യഘടക ങ്ങളും കീടങ്ങളും നശിച്ചുപോകുന്നു. ജൈവ വള ങ്ങൾക്ക് ലഭ്യത വളരെ കുറവാണ്. തോടുകളും ബണ്ടു കളും ശരിയായ രീതിയിൽ സംരക്ഷിക്കാത്തതിനാൽ മഴക്കാലത്ത് വെള്ളപ്പൊക്കം അല്ലാത്ത സമയങ്ങളിൽ ആവശ്യത്തിന് ജലം ലഭിയ്കായ്മയും ഉണ്ടാകുന്നു. നെൽവയലുകൾ ആദായകരമായ നാണ്യവിളകൾ കൃഷിചെയ്യാൻ വ്യാപകമായി ഉപയോഗിക്കുന്നതി നാൽ വിസ്തൃതി കുറയുന്നു.

നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിലെ മലയോരങ്ങളിലാണ് മുഖ്യമായും റബ്ബർ കൃഷിയുള്ളത്. സാമാന്യം നല്ല വില ലഭിക്കുമെങ്കിലും ഇടവിളകൾ ചെയ്യാൻ കഴിയില്ലെന്നത് ഒരു പോരായ്മയാണ്. തുണ്ടുഭൂമിയിൽ കൃഷിചെയ്യാൻ അസൗകര്യമുണ്ട് എല്ലാകാലത്തും ആദായം ലഭിയ്ക്കുന്നില്ല എന്നതിനാലും നട്ടുവളർത്താനുള്ള അസൗകര്യവും രോഗബാധയുമെല്ലാംമുണ്ടെങ്കിലും തെങ്ങിനോടുള്ള അഭിമുഖ്യമാണ് നമ്മുടെ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിൽ റബ്ബറിന് പ്രചാരം കുറയാൻ കാരണം. മറ്റു കൃഷികൾക്ക് ലഭിക്കുന്നതിനേക്കാൾ സർക്കാർ വക പ്രോത്സാഹനവും ആനുകൂല്യങ്ങളും ലഭ്യമാണ്. റബ്ബർ കൃഷിയ്ക്ക അനുയോജ്യമായ പ്രദേശങ്ങൾ 3,4,5,6, വാർഡുകളിൽ ലഭ്യമാണ്.

ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ഒരു സഞ്ചിത സമ്പാദ്യമായിരുന്നു കുരുമുളക്. ഇന്ന് കുരുമുളക് ഏറ്റവും കൂടുതൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ദ്രുതവാട്ടം മൂലം നശിച്ചുപോയ കൃഷി പുനരുദ്ധരിക്കാൻ ആസൂത്രിതമായി പദ്ധതികൾ ആവശ്യമാണ്. പലകാരണങ്ങളാലും പുനർകൃഷി വിജയിക്കുന്നില്ല. അത്യുൽപാദന ശേഷിയുള്ള തൈകൾ പ്രചാരത്തിലുണ്ടെങ്കിലും ശാസ്ത്രീയമായി ഇവ വളർത്തുന്നതിന് പദ്ധതികളില്ല. മണ്ണിന്റെ ഭലഭൂയിഷ്ടത കുറഞ്ഞതും ജലസേചന സൗകര്യങ്ങളുടെ അഭാവവും കുരുമുളക് കൃഷി ഇല്ലാതാവാൻ കാരണമാണ്.

കമുക് പറമ്പുകളിൽ ഇടവിളയായി കൃഷിചെയ്യുന്നു. സാമാന്യം നല്ല വില ലഭിക്കുന്നുണ്ടെങ്കിലും വേണ്ട വിധം വളപ്രയോഗമോ, കൃഷിപ്പണികളോ ചെയ്യുന്നില്ല. കൂടുതലും നാടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. രോഗബാധയും പ്രകൃതിക്ഷോഭവും കമുക് കൃഷിയുടെ ഭീഷണികളാണ്. ആവശ്യമായ ശ്രദ്ധയും പരിചരണവും ഉണ്ടായാൽ ഇന്നുലഭിക്കുന്നതിന്റെ ഇരട്ടിയെങ്കിലും ആദായം ഈ മേഖലയിൽ നിന്ന് ഉണ്ടാക്കാൻ കഴിയും. പ്രാദേശികമായി അടയ്ക്ക സംസ്കരിക്കാനുള്ള സൗകര്യവും വിപണകേന്ദ്രങ്ങളും ഉണ്ടാക്കാൻ കഴിയണം. നമ്മുടെ പറമ്പുകൾക്ക് അനുയോജ്യമായ നാടൻ തൈകളും ഉൽപാദിപ്പിക്കാൻ നഴ്സറികൾ സ്ഥാപിക്കേണ്ടതാണ്.

ചെമ്മണ് കലർന്ന ചെങ്കൽ പ്രദേശങ്ങളിൽ ആദായകരമായി ചെയ്യാവുന്നതാണ് കശുമാവ് കൃഷി തോട്ടമിട്സ്ഥാനത്തിൽ വ്യാപകമായി കൃഷിചെയ്യുന്നില്ലെങ്കിലും മിക്കഭാഗങ്ങളിലും കശുമാവുണ്ട്. ആവശ്യമായ ശ്രദ്ധയൊ പരിചരണങ്ങളോ ഇതിന് ലഭിക്കുന്നില്ല. നശിച്ചുപൊകുന്നതിന് പകരം പുതിയവ വെച്ചുപിടിപ്പിക്കാൻ ശ്രദ്ധചെലുത്തുന്നില്ല. വ്യാപകമായി കൃഷി ചെയ്യൻ പറ്റുന്ന പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലെ മിക്ക വാർഡുകളിലുമുണ്ട്. അത്യുൽപാദനശേഷിയുള്ള തൈകൾ ലഭ്യമാക്കി, പ്രോത്സാഹന പദ്ധതികളുടെ സഹായത്തോടെ കശുമാവ് വ്യാപകമാക്കണം.

മുൻകാലത്ത് നമ്മുടെ അയൽ പഞ്ചായത്തുകളുടെ ആവശ്യങ്ങൾ പോലും നിറവേറ്റത്തക്കവിധത്തിൽ മരച്ചീനി ഇവിടെ കൃഷിചെയ്തിരുന്നു. പഞ്ഞമാസങ്ങളിലെ ആവശ്യത്തിന് മരച്ചീനി വാട്ടിഉണക്കി സംഭരിച്ചുവെക്കുന്ന പതിവും കൃഷിക്കാരിലുണ്ടായിരുന്നു. എന്നാൽ ഇന്ന് 10000ൽ അധികം രൂപയുടെ മരച്ചീനി പുറത്ത് നിന്ന് ദിവസേന ഇവിടെ എത്തുന്നു. പരമ്പരാഗതമായ രീതിയിൽ കൃഷിചെയ്താൽ വേണ്ട്ര ഉൽപാദനം ലഭിക്കാത്തും തരിശുഭൂമികൾ മിക്കതും മറ്റുനാണ്യവിളകൾ കയ്യടക്കിയതും വ്യാപകമായി എലിശല്യവും മരച്ചീനി കൃഷിയുടെ നാശത്തിന് വഴിതെളിച്ചു. എങ്കിലും സ്വന്തം ആവശ്യത്തിന് കൃഷിചെയ്യാനുള്ള സൗകര്യം പോലും ഉപയോഗപ്പെടുത്താത്ത സ്ഥിതി മാറണം. പാടിക്കുന്നിലും മറ്റു സഹകരണാടിസ്ഥാനത്തിൽ മരച്ചീനികൃഷിക്കുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തണം.

ഇഞ്ചി, മഞ്ഞൾ. ചേമ്പ്, ചേന, ചെറുകിഴങ്ങ്, കൂർക്കൽ, കാച്ചിൽ, എന്നീ കൃഷികൾക്കും ഒരു പുനരുദ്ധാരണം ആവശ്യമാണ്. ആവശ്യത്തിന് വിത്തുകൾ ലഭ്യമാക്കുകയും ജൈവവളങ്ങൾ ഉണ്ടാക്കിയെടുക്കുകയും ചെയ്യേണ്ടതാണ് ഈ രംഗത്തെ ആവശ്യങ്ങൾ.

നമ്മുടെ ഗ്രാമ ചന്തകളിലും ചായക്കടകളിലും സുലഭമായിരുന്ന നാടൻ വാഴക്കുലകൾ വിസ്മൃതമായിരിക്കുന്നു. ഇവ നമ്മുടെ കൃഷിക്കാർക്ക് സാമ്പത്തികാശ്വാസം നൽകിയിരുന്ന പൂർവ്വസ്ഥിതി പുനഃസൃഷ്ടിക്കാൻ കഴിയണം. പുതുതായി ഇവ നട്ടുപിടിപ്പിക്കുമ്പോൾ തിരളടച്ച് നശിച്ചുപോകുന്നതാണ് പ്രധാന കാരണം. ഈ രോഗത്തിന് ഫലപ്രമായ നടപടികൾ കൃഷിവകുപ്പിൽ നിന്നും ലഭ്യമാണ്.

വിവിധതരം പയർവർഗ്ഗങ്ങളും പച്ചകറികളും മുമ്പു കാലത്ത് ഇവിടെ കൃഷിചെയ്തിരുന്നു. ഇവയിൽ പലതിന്റെയും വിത്തിനങ്ങൾ പോലും ഇന്ന് ലഭ്യമല്ല.

മറ്റെല്ലാ കാർഷിക മേഖലകളുടെയും തകർച്ച ഈ രംഗത്തേയും പിടികൂടിയിട്ടുണ്ട്. നമ്മുടെ വയലേലകളിൽ വേനൽക്കാല കൃഷിയായും വീട്ടുവളപ്പുകളിൽ അടുക്കളതോട്ടമായും വികസിപ്പിച്ചെടുക്കാൻ എല്ലാ സാദ്ധ്യതകളുമുണ്ട്. കീടബാധയും രോഗങ്ങളും നിയന്ത്രിക്കാൻ പാരമ്പര്യരീതികളും ഫലപ്രദമാണ്.

വമ്പിച്ച വിപണന സാദ്ധ്യതകളുള്ള ഔഷധസസ്യ കൃഷി വെറ്റിലകൃഷി, കൈതച്ചക്കകൃഷി എന്നിവയ്ക്കും നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട്. താല്പര്യമുള്ള കൃഷിക്കാർക്ക് ആവശ്യമായ സൗകര്യങ്ങളും ഉപദേശങ്ങളും വഴി ഇവ നടപ്പിൽ വരുത്താൻ കഴിയും.

### ഉൽപന്നങ്ങളുടെ വിലയും വിപണനവും

നമ്മുടെ പഞ്ചായത്തിൽ നിലവിൽ പ്രാദേശിക വിപണന സൗകര്യങ്ങളില്ല. പ്രധാന വിളയായ തേങ്ങയുടെ വിലക്കുറവ് ഭൂരിഭാഗം ജനങ്ങളുടേയും ജീവിത നിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭൂരിഭാഗം ഉൽപനങ്ങളും പ്രാദേശിക കച്ചവടക്കാർക്ക് വിൽക്കുകയാണ് പതിവ്. ഏതാനും കൃഷിക്കാർ തേങ്ങ സംഭരിച്ചുവെച്ച് ഉണ്ട കൊപ്രയാക്കുന്നു. ചിലരെങ്കിലും ഉണ്ടയും കൊപ്രയും അടക്കയും 50 കിലോമീറ്റർ ദൂരത്ത് കോഴിക്കോട് കൊണ്ടുപോയി വിൽപന നടത്താറുണ്ട്. ഇതിന് ഭാരിച്ച ചെലവ് താങ്ങേണ്ടി വരുന്നു. തേങ്ങ ഉണക്കി കൊപ്രയാക്കാൻ പഴയ സമ്പ്രദായത്തിലുള്ള പുകക്കൂടുകളാണ് ഇപ്പോവും ഉപയോഗിക്കുന്നത് ആധുനി രീതിയിലുള്ള ഡ്രയറുകൾ ഉപയോഗിച്ചാൽ ഇന്ധന നഷ്ടവും സമയ നഷ്ടവും ഒഴിവാക്കാം. പഞ്ചായത്തുതലത്തിൽ വിപണ സൗകര്യംവും ഉൽപാദന ചിലവിനനുസൃതമായി മെച്ചപ്പെട്ട വിലയും ലഭിമാക്കേണ്ടതുണ്ട്.

### കാർഷിക ബന്ധങ്ങൾ

കുടുംബ ബന്ധങ്ങളിൽ വന്നമാറ്റംമൂലം ഭൂമി തുണ്ടം തുണ്ടമായതും കാർഷിക മേഖലയിൽ പ്രകടമായ മാറ്റം വരുത്തിയിട്ടുണ്ട്. സ്വന്തം ഭൂമിയിൽ അദ്ധ്വാനിക്കുന്ന കർഷകർ ഇന്ന് വളരെയേറെയാണ്. അദ്ധ്വാനിക്കാനുള്ള വൈമനസ്യം കാർഷികമേഖലയിലെ മുരടിപ്പിന്റെ സുപ്രധാനമായ ഒരു കാരണമാണ്. തുണ്ടം ഭൂമിമാത്രം സ്വന്തമായുള്ളവർക്ക് വർദ്ധിച്ചകൂലി നൽകി കൃഷിപ്പണി നടത്താൻ കഴിയുന്നില്ല. സ്വന്തം ഭൂമിയിലെ കൃഷികൊണ്ട് ജീവിക്കാൻ കഴിയാത്തതിനാൽ വർദ്ധിച്ചകൂലി കിട്ടുന്ന മറ്റു മേഖലകളിലേക്ക് ആകർഷിക്കപ്പെടുകയാണ്.

### കൂലി സേവന വ്യവസ്ഥകൾ

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കർഷകതൊഴിലാളികളുടെ കൂലിനിരക്ക് നമ്മുടെ പഞ്ചായത്തിൽ മിതമാണ്. തെങ്ങ് കയറ്റതൊഴിലാളികൾക്ക് ക്ഷാമം മറ്റു പ്രദേശങ്ങളിലെ പോലെ ഇവിടെയും അനുഭവപ്പെടുന്നു. കാർഷികരംഗത്തുനിന്നും തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് പോവുന്ന പ്രവണത കാണപ്പെടുന്നു. കാർഷിക വിളകളുടെ വിലക്കുറവ് മൂലം തൊഴിലവസരങ്ങളും കുറഞ്ഞിട്ടുണ്ട്.

### വള ഉപഭോഗം

മൂന്ന് നാല് വർഷം മുമ്പുള്ളതിൽ നിന്ന് വ്യത്യസ്ഥമായി രാസവളപ്രയോഗം കുറഞ്ഞവരുന്നു. രാസവള പ്രയോഗത്തിലൂടെ മണ്ണിന്റെ വീര്യം നഷ്ടപ്പെടുന്നതിനെപറ്റിയുള്ള ബോധവും രാസവളങ്ങളുടെ വില വർദ്ധനവും ഇതിന് കാരണങ്ങളാണ്. മുൻകാലങ്ങളിൽ ജൈവ വളം ധാരാളമായി ഉപയോഗിച്ചിരുന്നുവെങ്കിലും ഇതിന്റെ ലഭ്യത കുറഞ്ഞതോടെ ഉപയോഗവും കുറഞ്ഞു. ഇതിന്റെ മറ്റൊരു കാരണം മൃഗസമ്പത്തിൽ വന്ന കുറവും മരങ്ങൾ അമതിമായി മുറിച്ചുമാറ്റിയതുമാണ്.

### രോഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കാർഷിക വിളകൾക്ക് വ്യാപകമായ രോഗബാധകൾ ഇല്ല. തെങ്ങിന് കൂമ്പുചീയൽ, കറവാർച്ച, കൊമ്പൻ ചെല്ലിയുടെ ഉപദ്രവം തുടങ്ങിയ ഒറ്റപ്പെട്ടനിലയിൽ കണ്ടുവരുന്നു. കണ്ടപുഴുവിന്റേയും തണ്ടുതുരപ്പിന്റേയും ഉപദ്രവം നെല്ലിന് ഉണ്ടാവാറുള്ളതുപോലെ പുഞ്ചക്ക് കരിയലും കണ്ടുവരുന്നു. റബ്ബറിന് ചട്ടമരപ്പ്, ചീക്ക് എന്നീ രോഗങ്ങൾ കണ്ടുവരുന്നു. പച്ചകറികൾക്ക് വ്യാപകമായി കായീച്ചയുടെ ശല്യം കണ്ടുവരുന്നു. പാവയ്ക്ക, വെണ്ടയ്ക്ക, എന്നിവയുടെ കൃഷിയെ ഇവ ദോഷകരമായി ബാധിയ്ക്കുന്നു. വാഴയെ ബാധിക്കുന്ന പ്രധാന രോഗം കൂമ്പടയ്ക്കലാണ്. പലതരം നാടൻ വാഴയിനങ്ങളും വംശനാശം നേരിടുന്നു.

### വായ്പാ സൗകര്യങ്ങൾ

സഹകരണ മേഖലയിൽ ഒന്നും സ്വകാര്യമേഖല

യിൽ രണ്ടു ബാങ്കുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും. കാർഷിക കടങ്ങൾ ആവശ്യാനുസരണം ഇവിടെ നിന്ന് ലഭിക്കുന്നില്ല. സ്വകാര്യ ബാങ്കുകളിൽനിന്ന് നിക്ഷേപത്തിന് അനുസൃതമായ വായ്പ ലഭിക്കാതിരിക്കുന്നത് ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. കാർഷിക വായ്പ പൂർണ്ണമായും കൃഷിക്ക് തന്നെ ഉപയോഗിക്കുന്നില്ല, എന്നത് കൃഷിക്കാരുടെ സാമ്പത്തിക പ്രയാസം കൊണ്ടാണ്; ഇതുകൊണ്ടുതന്നെ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാനും കഴിയുന്നില്ല. മറ്റെല്ലാ മേഖലയിലുമുള്ള മാറ്റങ്ങൾക്കൊപ്പം ഈ രംഗത്തും ബോധവൽക്കരണത്തിലൂടെ ഒരു പരിവർത്തനം ആവശ്യമാണ്.

## കാർഷിക വികസന പ്രവർത്തനങ്ങൾ

കാർഷികരംഗത്തെ വികസന പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായ കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല. കൃഷിക്കാരും കൃഷിഭവനുമായി നിരന്തര സമ്പർക്കമില്ലാത്തതിനാൽ അവരുടെ പ്രശ്നങ്ങളിൽ ഉപദേശങ്ങളോ നൂതന പദ്ധതികളെ പറ്റിയുള്ള അറിവോ കൃഷിക്കാരന് ലഭിക്കുന്നില്ല. കേവലമായ ചടങ്ങുകൾ സംഘടിപ്പിക്കുകയല്ലാതെ യഥാർത്ഥ കൃഷിക്കാരുടെ പ്രാധിനിധ്യം ഉണ്ടാവാറില്ല. സബ്സിഡികളും വായ്പകളും യാഥാർത്ഥ കൃഷിക്കാരിൽ ഭൂരിഭാഗം പേർക്കും ഇതുമൂലം ലഭ്യമാകുന്നില്ല. പ്രവർത്തനക്ഷമമായ യന്ത്രസാമഗ്രികൾ ലഭ്യമല്ല. തെങ്ങ്, കുരുമുളക്, കവുങ്ങ് തൈകളും വിത്തുകളും യഥാസമയം ലഭ്യമല്ല.

## കാർഷിക സംരഭങ്ങൾ

വിവിധ കർഷക സമിതികൾ നിലവിലുണ്ടെങ്കിലും അവയൊന്നും യഥാർത്ഥ കൃഷിക്കാരുടെ പ്രാതിനിധ്യമോ സംഘടനാ സംവിധാനോ ഇല്ല. ഇവ കൃഷിക്കാരുമായി ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ നടത്താറില്ല. ഇവ രൂപീകരിക്കപ്പെട്ടതിന്റെ ലക്ഷ്യവുമായി പ്രവർത്തനത്തിന് യാതൊരു ബന്ധവുമില്ല.

കേര വികസനസമിതികൾ ഇവിടെയുണ്ടെങ്കിലും പ്രവർത്തനം തീരെയില്ല. കുരുമുളക് വികസന സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമല്ല. രജിസ്റ്റർ ചെയ്ത 5 പാടശേഖര സമിതികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവ കവിലശ്ശേരി പാടശേഖരം, പുത്തരികണ്ടം പാടശേഖരം, കാവുംവയൽ പാടശേഖരം, കാക്കഞ്ചേരി പാടശേഖരം, ചന്ദനത്തിൽ പാടശേഖരം എന്നിവയാണ്. ഇതിന്റെ കീഴിലുള്ള കർഷകർക്ക് കഴിഞ്ഞ ഒരു വർഷമായി നെൽകൃഷിക്ക് യാതൊരു വിധ സബ്സിഡികളും ലഭിച്ചിട്ടില്ല.

## ജലസേചന സൗകര്യങ്ങൾ

പിഴയ്ക്കാത്ത കാലാവസ്ഥയും മഴയും ആശ്രയിച്ചാണ് മുൻകാലങ്ങളിൽ കൃഷിപണികൾ നടത്തിയിരുന്നത്. മലമ്പ്രദേശങ്ങളിൽ പെയ്യുന്ന മഴയുടെ വെള്ളം ഇന്നത്തേതിനേക്കാൾ കൂടുതൽ മുമ്പ് നമ്മുടെ വയലുകളിലും തോടുകളിലും എത്തിയിരുന്നു. മലയടിവാരങ്ങൾ തട്ടുകളായി വിഭജിച്ചതും കാടുകൾ നശിപ്പിച്ചതും കാരണം. പഴയതുപോലെ ജലം നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ലഭിയ്ക്കുന്നില്ല. ഇടയ്കിടെയുണ്ടാവുന്ന വരൾച്ചയും കിണറുകളുടെ ആധിക്യവും ഭൂമിയിലെ ജനവിതാനം താഴ്ന്നപോവാനിടയാക്കി. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ പകുതി, കുറ്റ്യാടി ജലസേചന പദ്ധതിയുടെ ആവിർഭാവത്തോടെ ജലലഭ്യത കൂടിയിട്ടുണ്ട്. പലവിധ കാരണങ്ങളാലും ഇതിന്റെ പൂർണ്ണായ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. നിലവിലുള്ള കുളങ്ങൾ ആസൂത്രിതമായി ജലസേചനത്തിന് ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല. മാട്ടനോട് ചെറുക്കാട് ഭാഗങ്ങളിലും ജല ലഭ്യതയുണ്ടെങ്കിലും അവവേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടില്ല. നിലവിലുള്ള തോടുകൾ ആഴക്കുറവിനാലും ഇരുകരകളും ഇടിഞ്ഞു പോയതിനാലും മഴക്കാലത്ത് വെള്ളപൊക്കത്തിനും വേനൽകാലത്ത് ആവശ്യത്തിന് വെള്ളം കിട്ടാതെ വരുന്നതിനും കാരണമാകുന്നു. വലിയ പുഴകളും ചിറകളും നമുക്ക് തീരെയില്ലാത്തതിനാൽ ജലസേചന സൗകര്യം താരതമ്യേന കുറവായിട്ടുതന്നെ അനുഭവപ്പെടുന്നു. പറമ്പുകളിൽ പമ്പ് സെറ്റ് വഴി ജലസേചനം നടത്തുവാൻ ഏകദേശം 50 പേര് മാത്രമേ നമ്മുട്ടെ പഞ്ചായത്തിലുള്ളു.

## പ്രശ്നങ്ങൾ

നമ്മുടെ കാർഷിക രംഗത്തെ പ്രധാന പ്രശനങ്ങൾ ഗ്രാമസഭകളിൽ നടന്ന വിപുലമായ ചർച്ചകളുടേയും മറ്റു കണ്ടെത്തലുകളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്നവയാണ്.

1. മണ്ണിന്റെ ഘടനയറിഞ്ഞ് വളപ്രയോഗം നടത്താൻ കഴിയുന്നില്ല.

2. ജലസേചന സൗകര്യത്തിന്റെ അഭാവം

3. പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താൽപര്യക്കുറവ്

4. ഭൂരിഭാഗം പ്രദേശങ്ങളും ചരിവുകളായതിനാൽ വ്യാപകമായ മണ്ണൊലിപ്പ് ഒരു പ്രശ്നമാണ്.

5. കാർഷിക വിളകളുടെ വിലക്കുറവ്

6. ഉൽപാദനോപാധികളുടെ വമ്പിച്ച വിലക്കയറ്റം

7. കൃഷിഭവനുകളുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല.

8. ജൈവവളങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല.

9. കാലാകാലങ്ങളിൽ കൃഷിപണികൾ നടത്താൻ കഴിയുന്നില്ല.

10. ഉൽപന്നങ്ങൾക്ക് പ്രാദേശിക വിപണ സൗകര്യമില്ല.

11. കാർഷിക വായ്പകൾ യഥാസമയം ലഭിക്കുന്നില്ല.

12. നെൽകൃഷി നഷ്ടമായതിനാൽ വലയലുകളിൽ നാണ്യവിളകൾ കൃഷചെയ്യുന്നു.

13. മൂന്ന് കൃഷിചെയ്യുവാൻ കഴിയുന്ന ജലസേചന സൗകര്യമുളള വയലുകളിലും നഷ്ടം കുറയ്ക്കാൻ മൂപ്പ് കൂടിയതും വൈക്കോൽ കൂടുതൽ കിട്ടുന്നതുമായ നെൽവിത്തുകൾ ഉപയോഗിക്കുക.

14. കൃഷി വകുപ്പിന്റെ പദ്ധതികൾ യഥാക്രമം കൃഷിക്കാരിൽ എത്തുന്നില്ല.

15. യഥാസമയം വിത്തും തൈകളും ലഭിക്കുന്നില്ല.

16. കീടബാധയും രോഗങ്ങളും ഫലപ്രദമായി തടുക്കാൻ കഴിയുന്നില്ല

17. രാസവളപ്രയോഗം മൂലം മണ്ണിന്റെ ഘടനതാറുമാറാവുകയും മണ്ണിലെ ആവശ്യമായ കീടങ്ങളെയും മണ്ണിരയെയും നശിപ്പിക്കുന്നു.

18. മികച്ച നടീൽ വസ്തുകൾ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്നില്ല

19. നടുവിള കൃഷി വളരെ കുറഞ്ഞു വരുന്നു.

20. എലി ശല്യം വ്യാപകമാകുന്നു.

പരിഹാരങ്ങളും സാദ്ധ്യതകളും

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ജന പങ്കാളിത്തത്തോടെ സമയബന്ധിതമായി മണ്ണുപരിശോധന നടത്തുക ഇതിന് സാധ്യമായ സ്ഥലങ്ങളിൽ മൊബൈൽ ലാബിന്റെ സേവനവും പ്രയോജനപ്പെടുത്തുക.

കുറ്റ്യാടി പദ്ധതിയുടെ പ്രയോജനം കുറ്റിവയലിലും മാട്ടനോട് ഭാഗത്തും എത്തിക്കാൻ കഴിയും. അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

നിലവിലുള്ള തോടുകൾ ആഴം കൂടുകയും ആവശ്യമായ സ്ഥലങ്ങളിൽ ഇരു കരകളും കെട്ടിയുയർത്തുകയും ചെയ്യുക. നിലവിലുള്ള ചീർപ്പുകൾ ഉപോയഗപ്രദമാക്കുക. പുതിയവ നിർമ്മിക്കുക. ഇതിന് കാഡാ പദ്ധതിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുക.

ജനപങ്കാളിത്തത്തോടെ നിലവിലുള്ള കുളങ്ങൾ വികസിപ്പിച്ചെടുത്തു ഗുണഭോക്താക്കളുടെ സഹകരണത്തോടെ ടാങ്ക് നിർമ്മിച്ച് ജലസേചനം നടത്തുക.

പഞ്ചായത്തിൽ നിലവിലുള്ള 9 കുളങ്ങളുണ്ട് (കവിലിശ്ശേരി പുല്പറ, കൊയലക്കണ്ടി കാവും വയൽ, ഉള്ളൂർക്കര, കളക്കണ്ടി, ഏടോത്ത് കണ്ടി, കൈതക്കുളങ്ങര എരമ്പെറ്റ) സാദ്ധ്യകൾ 6 എണ്ണമുണ്ട്. കഴിക്കയിൽ താഴെ ചന്ദനം വയൽ. വിരുന്നംപ്പുരം വയൽ, കുന്നത്തും പാറ, പാത്തിക്കൽ എരമ്പൊയിൽ എന്നിവ ഇതിൽ കാവും കുളം സമീപത്തുള്ള തോടുമായി ബന്ധിപ്പിക്കാൻ സാദ്ധ്യതയുള്ളതാണ്. ഇതും എരൊമ്പൊയിൽ ഭാഗത്തും സ്ഥലം സൗജന്യമായി ഉടമകൾ വിട്ടുകൊടുത്തവയാണ്.

## മറ്റ ജല സ്രോതസ്സുകൾ

കരുക്കുളം പുഴയിൽ അരയക്കൽ ബണ്ട് നിർമ്മിക്കൽ

ചെമ്പ്രപുഴിയെല വെള്ളം ബണ്ട് കെട്ടി കോളോർ പറാ എത്തിക്കൽ. കോളോക്ക് ഭാഗത്തെ നീരുറവ ഉപയോഗപ്പെടുത്തൽ, വടക്കേച്ചാലിൽ താഴെ ചന്ദ്രാലയം, മൊടുന്തറ അശോകന്റെ സ്ഥലം ഇവിടങ്ങളിലെ ചെറിയ ജലസമ്പത്ത്.

കുറ്റിവയൽ തോടിന് പുത്തലത്ത് താഴെ ബണ്ട്-തോടിന് ഭിത്തി കെട്ടൽ നടുവൽ വീട്ടിൽ താഴെ ബണ്ട്.

പാട്ടുപുരത്താഴെ മുതൽ തിരുമംഗലം തോടു വരെ നീർച്ചാൽ സംരക്ഷണം പയറ്റിവയൽ താഴെ മുതൽ

തോടിന്റെ ഇരിവശവും കെട്ടൽ. നെല്ലുളിത റോൽ–തെക്കണ്ടിതാഴെ വരെ ഭാഗം സംരക്ഷിക്കൽ. പുളിത്തോളി താഴെ ബണ്ട് പുനരുദ്ധരിക്കുക. വട ക്കോട് ചാൽ കീറുക മഠത്തിതാഴെ ടാങ്ക് കെട്ടി ജല സേചനം നടത്തുക.

കാവിലിശ്ശേരി തോട് പാർശ്വം കെട്ടി സംരക്ഷിക്കൽ

കാവിശ്ശേരി ക്രൂയിസ് വഴിയുള്ള കനാൽ ജലം ചാനൽ കീറി കാവും വയൽ വരെ എത്തിക്കുന്ന കാഡാ പദ്ധതി.

കല്ലങ്ങൾ മീത്തൽ കുന്നിലേക്ക് താഴെ വയലിൽ ജലസംഭരണി നിർമ്മിച്ചു ജലമെത്തിക്കൽ

കക്കാഞ്ചേരി പാടത്തിനടുത്ത തോട് പാർശ്വം കെട്ടി സംരക്ഷിക്കൽ

കനാൽ ജലം ദുർവ്യയം ചെയ്യാതെ ഫിൻസു ചാനൽ നിർമ്മിച്ചു എത്തിക്കുക. ആർപ്പാംപ്പറ്റ താഴ സ്ഥിരം ബണ്ട് നിർമ്മിക്കുക,.

കൈക്കനാൽ വഴി വരുന്ന വെള്ളം സംഭരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. കുറ്റിവയൽ ഭാഗത്തെ വെള്ളം ഉപയോഗിച്ച് കോരമംഗലം കുന്ന് ഭാഗത്ത് ജലസേചന സൗകര്യമുണ്ടാക്കണം.

ചെറുകാട് തോട്ടിലെ നിലവിലുള്ള ബണ്ടുകൾ അറ്റുകുറ്റ പണികൾ ചെയ്യുക.

പുന്നത്ത് ഡിസ്ട്രിബ്യൂട്ടറിയിൽ നിന്നും ചെറുകാട് ഭാഗത്ത് വെള്ളം എത്തിക്കാനുള്ള സൗകര്യങ്ങൾ ഉപ യോഗപ്പെടുത്തുക.

കുന്നോത്ത് മലഭാഗത്ത് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. കോളിക്കാം വയിലിലെ ജല സംബത്ത് കള്ളംകൊത്തിപ്പാറ ഭാഗത്ത് എത്തിക്കുക.

പൂവ്വത്തിന്റെ ചോട്ടിൽ ബാലന്റെ സ്ഥലത്തുള്ള ജലം ഉപയോഗപ്പെടുത്തുക.

ആരങ്ങാട്ടു കാവിലെ വമ്പിച്ച ജലശേഖരമുള്ള കിണറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച് ജലസേചനം നടത്തുക.

നെല്ല്യാങ്കരത്താഴെ കൂടത്താം പോയിൽ ചേണി ക്കണ്ടി പൊയിൽ, തോയിലേരി എന്നിവടങ്ങളിലും ജല ശേഖരമുണ്ട്. ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.

പുറ്റം കണ്ടിതാഴ കാരായാട്ട് താഴെ എടക്കണ്ടിതാഴ എന്നിവിടങ്ങളിൽ ബണ്ടി നിർമ്മിക്കാവുന്നതാണ്.

കുറ്റിവയൽ തോടിന്റെ ആഴം കൂടി സൈഡ് കെട്ടുക.

ഉൽപ്പനരംഗത്ത് പ്രാദേശിക വിപണനങ്ങൾ ഉണ്ടാക്കുക.

പുതിയ തലമുറയലെ ചെറുപ്പക്കാരെ കാർഷികരം ഗത്തേക്ക് ആകർഷിക്കുവാൻ തക്കവിധം ആസൂത്രി തമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. ഇതിനായി ബോധവൽക്കരണ പ്രവർത്തനങ്ങളും അവർക്കാവശ്യമായ സാഹചര്യങ്ങളും ഉണ്ടാക്കികൊടുക്കുക. എല്ലാ കൃഷിക്കാർക്കും ആവശ്യമായ പ്രോത്സാഹനങ്ങളും അംഗീകാരവും നൽകണം.

വ്യാപകമായ മണ്ണൊലിപ്പ് തടയാൻ പദ്ധതികൾ ആവഷ്കരിക്കണം, കർഷരുടെ പങ്കാളിത്തത്തോടെ ഇവ നടപ്പാക്കാൻ കഴിയും. ഈ രംഗത്തെ പ്രവർത്ത നങ്ങളും പുരോഗതി വിലയിരുത്താൻ കൃഷിക്കാരുടെ സമിതികൾ വഴി സൗകര്യമുണ്ടാക്കണം.

ഉൽപനങ്ങളുടെ വിലക്കുറവ് പരിഹരിക്കുവാൻ സർക്കാർ തലത്തിൽ സമഗ്രമായ നടപടികൾ ആവ ശ്യമാണ്. മറ്റു ഉൽപ്പനങ്ങൾക്ക് ഉൽപാദന ചെലവ് വെച്ച് വില നിശ്ചയിക്കുമ്പോൾ കാർഷിക ഉൽപന ങ്ങൾക്ക് അത്തരമൊരു സാദ്ധ്യതയില്ല. ഉൽപാദന ചെലവ് ഗണ്യമായി ഉയരുമ്പോഴും വില കുത്തനെ താഴുന്നു അനുഭാവം കാർഷിക രംഗത്ത് മാത്രമെ കാണാൻ കഴിയൂ. ഈ അവസ്ഥ മാറിയാൽ മാത്രമേ കൃഷിക്കാരനും കൃഷിക്കും അഭിവൃദ്ധിയുണ്ടാവുക യുള്ളൂ. വ്യവസായ ലോഭികൾക്ക് ഈ രംഗത്തുള്ള നിക്ഷിപ്ത താൽപര്യങ്ങളെ മറികടക്കാൻ ആവശ്യ മായ ഇച്ഛാശക്തി സർക്കാരിന് ഉണ്ടാക്കാൻ കഴിയണം.

രാസവളങ്ങൾക്കും കൃഷി ഉപകരണങ്ങൾക്കും ഉണ്ടാകുന്ന വമ്പിച്ച വിലക്കയറ്റം തടയാൻ കഴിയണം. അല്ലാത്ത പക്ഷം കൃഷിക്കാർക്ക് ആശ്വാസം നൽകാൻ സർക്കാർ സബ്സിഡികൾ ഉയർത്തണം. ജൈവവള ങ്ങളുടെ ലഭ്യതക്കായി പടുമരങ്ങൾ മുറിച്ച നശിപ്പിക്കു ന്നത് നിയമം മൂലം തടയണം.

വീട്ടുവളപ്പിൽ കമ്പോസ്റ്റ് കുഴികൾ വ്യാപകമായി ഉണ്ടാവണം. ജൈവ വേലികൾ ശീമകൊന്ന് വ്യാപക മായി നട്ടുവളർത്തൽ ഇവയും പരിഹാരമാർഗങ്ങ ളാണ്.

നെൽകൃഷി ചെയ്യാവുന്ന വയലുകൾ തരിശായിടുന്നതും നാണ്യവിളകൾക്കും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നതും നിർത്തലാക്കണം. ക്രമാവധി നെല്ല് ഇവിടെ തന്നെ ഉൽപാദിപ്പിക്കുവാനും പുനഃസൃഷ്ടിക്കുവാനും കഴിയണം.

പച്ചക്കറി കൃഷി എല്ലാ വീട്ടുവളപ്പുകളിലും കൃഷി ചെയ്യുന്നതിന് പുറമെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുവാൻ പറ്റിയ ജലം ലഭ്യമായ പ്രദേശങ്ങൾ ഇവിടെ എല്ലാ വാർഡുകളിലുമുണ്ട്. അവയുടെ എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തണം. സഹകരണാടിസ്ഥാനത്തിൽ ഇത് വിജയിപ്പിക്കാൻ കഴിയും.

ചെങ്കൽ പ്രദേശങ്ങളിൽ കശുമാവ് പുതുതായി കൃഷി ചെയ്യാൻ പറ്റും. ഇതിനായി കൃഷിക്കാർക്ക് അത്യുൽപാദനശേഷിയുള്ള തൈകൾ ലഭ്യമാക്കണം. നാശോന്മുഖമായി കൊണ്ടിരിക്കുന്ന വാഴകൃഷി പുനരുദ്ധരിക്കണം. വലിയ ചെലവു കൂടാതെ ഇത് വ്യാപകമാക്കാൻ കഴിയും. തിരുളടപ്പൻ രോഗം നിയന്ത്രിക്കാൻ കൃഷിവകുപ്പിന്റെ സഹായം ആവശ്യമാണ്. നാണ്യവിളകൾക്ക് ദോഷം വരാതെ ചേമ്പ്, ചേന, കാച്ചിൽ, ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷികൾ പൂർവ്വസ്ഥിതിയിലാക്കണം.

ഔഷധസസ്യങ്ങൾ വളർത്തലിൽ താല്പര്യമുള്ള കൃഷിക്കാർക്ക് വാണിജ്യാടിസ്ഥാനത്തിൽ അവ വളർത്താനുള്ള സാഹചര്യമുണ്ടാക്കണം.

മറ്റ് കൃഷിക്കാർക്ക് പറ്റാത്ത സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ കൈതച്ചക്ക കൃഷി നടത്താൻ കഴിയുന്നതാണ്.

വെറ്റില ആദായകരമായ കൃഷിയാണ്. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ ഇവ വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കണം.

എല്ലാ വാർഡുകളിലും കാർഷിക ക്ലബുകൾ രൂപീകരിക്കണം. യാഥാർത്ഥ കൃഷിക്കാരുടെ പങ്കാളിത്തത്തോടെ പഞ്ചായത്ത് തലത്തിൽ ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഒരു സമിതി വേണം. കൃഷി ഓഫീസർ ഈ സമിതിയിൽ അംഗമായിരിക്കണം. മികച്ച കൃഷിക്കാരെ തെരഞ്ഞെടുക്കുന്നതും മറ്റും ഇത്തരം സമിതികളായിരിക്കണം.

## രാസവളം, കീടനാശിനി വിപണന പട്ടിക

| ക്രമ നമ്പർ | വളത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | രാസവളം കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| 1. | ഫാക്ടം ഫോസ് | 21510 | - | - | 14473 | - | - | 16151 | - | - |
| 2. | പൊട്ടാഷ് | 18345 | - | - | 17558 | - | - | 20205 | - | - |
| 3. | യൂറിയ | 7758 | - | - | 6924 | - | - | 5576 | - | - |
| 4. | മസൂറി ഫോസ് | 6050 | - | - | 5477 | - | - | 8023 | - | - |
| 5. | 8:8:4:16 | 6719 | - | - | 9605 | - | - | 8925 | - | - |
| 6. | 10:5:20 | 9628 | - | - | 6000 | - | - | 7500 | - | - |
| 7. | വിജയ് 17:17:17 | 4000 | - | - | 3471 | - | - | 1565 | - | - |
| 8. | എല്ലുപൊടി | 3000 | - | - | - | - | - | 6500 | - | - |
| 9. | കാഷ്യൂകിറ്റ് | 620 | - | - | - | - | - | 600 | - | - |
| 10. | വേപ്പിൻ പിണ്ണാക്ക് | - | - | - | - | - | - | 1500 | - | - |
| 11. | ന്യൂട്രിഫിഷ് | - | - | - | - | - | - | 3000 | - | - |
| 12. | ഓർഗോളിൻ | - | - | - | - | - | - | 1000 | - | - |
| | കീടനാശിനി | | | | | | | | | |
| 1. | B.H.C. | - | - | 21 | - | - | - | - | - | 296 |
| 2. | മൂഷ് മൂഷ് | - | - | 163 | - | - | - | - | - | - |
| 3. | എക്കാലക്സ് | - | 14 | - | - | - | - | - | 31 | - |
| 4. | തുരിശ് | - | - | - | - | - | - | - | - | 118 |

## 1993ലെ മഴ - താരതമ്യപഠനം

| | ജനുവരി | ഫിബ്രവരി | മാർച്ച് | ഏപ്രിൽ | മെയ്യ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| സംസ്ഥാനം | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 | 3063 |
| ജില്ല | 9 | 7 | 21 | 93 | 297 | 925 | 1034 | 547 | 257 | 284 | 157 | 36 | 3667 |
| നമ്മുടെ പഞ്ചായത്ത് | ഇല്ല | ഇല്ല | 53 | 74 | 77 | 865 | 1185 | 387 | 171 | 577 | 271 | ഇല്ല | 3660 |

## അനുബന്ധം 5

## മണ്ണ് - സംരക്ഷണം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കൾ | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|---|
| 1. | ചെറുപുഴ വാട്ടർ ഷെഡ് No I | 125.74 | - | 485775 | 104 | 25-1-86 | 10-4-96 | 38.10 | 128 | 123978 |
| 2. | ചെറുപുഴ വാട്ടർ ഷെഡ് No II | 46.51 H | - | 462000 | 64 | 15-4-86 | 10-4- 90 | - | - | - |
| 3. | 438 കായണ്ണ | 115.92H | - | 940000 | 94 | 16-12-86 | 1-12-89 | 29.25 | 62 | 154120 |
| 4. | ചെറുപുഴ വാട്ടർ ഷെഡ് V. | 77.21 | - | 573100 | 224 | 22.2.88 | 10-4-90 | 9.70 | 162 | 31909 |
| 5. | ചെറുപുഴ വാട്ടർ ഷെഡ് VIII | 30 H | - | 168304 | 45 | 22-2-88 | 6-4-90 | 30 H | 26 | 137804 |

## പൂർത്തിയാക്കിയതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | എസ്റ്റി മേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | കരിക്കുളം കുറ്റിവയൽ തോടിന്റെ പാർശ്വ സംരക്ഷണം Reach I | 1994 | 1994 | 2,75,965 | - | - |
| 2. | ചന്ദന വയൽ വിരണപ്പുറം തോടിന്റെ പാർശ്വസംരക്ഷണം | 1993 | 1994 | 269421 | 21.15. Ha | ജലധാര പദ്ധതി |
| 3. | ചെറുപുഴക്ക് കുറുകെ കോളോറുപാറയിൽ വി.സി.ബി.കെ ബ്രിഡ്ജ് നിർമ്മാണം | 1995 | - | 975000 | 50 Ha | നടന്നുകൊണ്ടിരിക്കുന്നു. |

## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണം | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1. | കെളോറപ്പാറയിൽ ചെറുപുഴയുടെ പാർശ്വസംരക്ഷണം | - | 200000 | - |
| 2 | കരികുളം തോടിന്റെ പാർശ്വ സംരക്ഷണം | - | 200000 | - |

# കൂലിയുടെ വർദ്ധനവ് സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | ഇനം | 1993 | 94 | 95 | 96 | സമയം |
|---|---|---|---|---|---|---|
| 1. | ഉഴവ് | 80 | 90 | 100 | 110 | 7 മുതൽ 11 വരെ |
| 2. | കിളയ്ക്കൽ (കൊത്ത്) | 40 | 50 | 60 | 65 | 8മുതൽ 5 വരെ |
| 3. | ഞാറ് നടൽ കള പറിക്കൽ സ്ത്രീകൾ മാത്രം | 25 | 30 | 35 | 40 | " |
| 4. | തെങ്ങ് കയറ്റം | 10 തെങ്ങിന് 3 തേങ്ങ | | 10 തെങ്ങിന് 4 തേങ്ങ | | |

അവലംബം : നാട്ടറിവ്

### കായണ്ണ പഞ്ചായത്തിലെ പാടശേഖരങ്ങൾ

1. കവിലിശ്ശേരി പാടശേഖരം
2. പുത്തരിക്കണ്ടം പാടശേഖരം
3. കാവും വയൽ പാടശേഖരം
4. കക്കാഞ്ചേരി പാടശേഖരം
5. ചന്ദനത്തിൽ പാടശേഖരം

# മൃഗസംരക്ഷണം

കേരളത്തിൽ കഴിഞ്ഞ മുപ്പത് വർഷത്തിനിടയിൽ മൃഗസംരക്ഷണരംഗത്ത് നിരവധി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. പശു, ആട്, എരുമ എന്നീ വളർത്തു മൃഗങ്ങളാണ് പഞ്ചായത്തിലുള്ളത്. അപൂർവ്വമായി പന്നി, മുയൽ തുടങ്ങിയവയേയും വളർത്തുന്നുണ്ട്. ഉഴവ് കാളകളും ഉഴവിനുള്ള പോത്തുകളും ഈ പഞ്ചായത്തിന്റെ കാർഷികവികസനരംഗത്ത് നിറഞ്ഞുനിന്നിരുന്നെങ്കിലും ഇന്ന് അവയെ അപൂർവ്വമായേ കാണാൻ കഴിയുന്നുള്ളൂ. വളർത്തുപക്ഷികളുടെ ഇനത്തിൽ കോഴി വളർത്തൽ മാത്രമെ കാര്യമായി നടക്കുന്നുള്ളൂ. വളരെ അപൂർവ്വമായി താറാവുകളെയും വളർത്തുന്നുണ്ട്. വളർത്തു മൃഗം എന്നുള്ള നിലയിൽ പട്ടികളെ സംരക്ഷിക്കുന്ന രീതി അത്യപൂർവ്വമായേ കാണുന്നുള്ളു. എന്നാൽ അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം പഞ്ചായത്തിൽ വളരെ കൂടുതലുമാണ്. പൊതുജനാരോഗ്യത്തിന് ഏറെ ഭീഷണിയായിത്തീരുന്ന ഈ പ്രശ്നത്തിന് അടിയന്തിരമായും പരിഹാരം കാണേണ്ടതുണ്ട്.

പശു, ആട് എന്നീ വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ ഈ പഞ്ചായത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. മുമ്പ് മിക്കവാറും വീടുകളിൽ ഇവയെ വളർത്തിയിരുന്നു. ഭൂമി തുണ്ടം തുണ്ടമായി മാറിയതു കാരണം ഇവയെ പോറ്റിവളർത്താൻ കർഷകർക്ക് കഴിയാതെ വന്നു. കാലിത്തീറ്റകളുടെ അമിതവിലയും കർഷകരെ ഈ രംഗത്ത് നിന്ന് പിന്തിരിപ്പിക്കാൻ പ്രേരിപ്പിച്ചു. കൂടാതെ വൈക്കോലിന്റെ ലഭ്യതയിൽ അനുഭവപ്പെട്ട കുറവ് ഈ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇപ്പോൾ കർഷകർക്കാവശ്യമായ വൈക്കോൽ ലഭിക്കുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. അതുകൊണ്ട് അവയ്ക്ക് അമിതവില നല്കേണ്ടിവരുന്നു. ഉഴവ് കാളകൾ കുറഞ്ഞുവന്നതിന് മേൽപ്പറഞ്ഞ കാരണങ്ങൾക്ക് പുറമെ കാർഷികബന്ധങ്ങളിൽ വന്ന മാറ്റവും പ്രേരകമായിട്ടുണ്ട്. വളർത്തുമൃഗങ്ങളുടെ സംരക്ഷണച്ചെലവും അതിൽ നിന്ന് ലഭിക്കുന്ന വരുമാനവും തമ്മിലുള്ള അന്തരമാണ് ഈ പാരമ്പര്യ കൃഷിരീതിയിൽ നിന്ന് കർഷകരെ പിന്തിരിപ്പിച്ചത്. പാലിന്റെ പോഷക ഗുണത്തെ കുറിച്ചുള്ള ബോധവും ചാണകവളത്തിന്റെ പ്രാധാന്യവും മാത്രമാണ് പശുവിനേയും മറ്റും വളർത്തുന്നതിൽ കർഷകരെ പിടിച്ചു നിർത്തുന്നത്.

പശുക്കൾക്ക് വരുന്ന രോഗങ്ങൾ ഫലപ്രദമായി തടയാൻ കഴിയുന്ന ആധുനികചികിത്സാരീതികൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല എന്നത് അടിയന്തിര ശ്രദ്ധ അർഹിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. നമ്മുടെ പഞ്ചായത്തിൽ അടുത്ത കാലത്തായി ഒരു

**വളർത്തുമൃഗങ്ങളുടെ എണ്ണം**

| കാള | | പശു | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|
| നാടൻ | സങ്കരം | നാടൻ | സങ്കരം | നാടൻ | സങ്കരം | | | |
| 54 | 7 | 684 | 373 | 25 | 9 | 11 | 484 | 395 |

പട്ടിക 2

## മൃഗസംരക്ഷണം - രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 95 | 2 | 52 | 15 |
| 2 | ശ്വാസകോശസംബന്ധമായവ | 50 | - | 15 | 20 |
| 3 | ഉപാപചയ സംബന്ധം | 25 | - | - | - |
| 4 | ത്വക്ക് രോഗങ്ങൾ | 70 | - | 16 | - |
| 5 | ധാതുലവണങ്ങളുടെ അഭാവം | 100 | 10 | - | - |
| 6 | പരാദരോഗങ്ങൾ | 80 | 2 | 20 | 10 |
| 7 | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 40 | 1 | - | - |
| 8 | വന്ധ്യത | 20 | 2 | - | - |
| 9 | അകിടുവീക്കം | 35 | 1 | 15 | - |
| 10 | മുടന്തൻ പനി | 75 | - | - | - |

മൃഗാശുപത്രി ആരംഭിച്ചിട്ടുണ്ട്. ഈ രംഗത്തെ ആശാവഹമായ ഒരു നേട്ടമാണ് ഇത്

ആട് വളർത്തൽ വളരെ ലാഭകരവും വീട്ടമ്മമാർക്ക് ഒരു വരുമാന മാർഗ്ഗവുമാണ്. ആട്ടിറച്ചിയുടെ വില അടിക്കടി കയറി വരുന്നുണ്ടെങ്കിലും കർഷകരുടെ ശ്രദ്ധ ഇക്കാര്യത്തിൽ വേണ്ടത്ര ഉണ്ടാവുന്നില്ല. ഒരു കാലത്ത് മിക്ക വീടുകളിലും ഒരു പ്രധാന വരുമാന മാർഗ്ഗമായിരുന്നു ആടുവളർത്തൽ. ഇത്തരം കൃഷിരീതികളിൽ പൊതുവേ വന്ന അലസത ആടുവളർത്തലിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആവശ്യമായ ധനസഹായം മൂലം പ്രോത്സാഹനം കൊടുക്കുകയാണ് ഇതിന് പരിഹാരം.

പന്നി വളർത്തലിനും മുയൽ വളർത്തലിനും ആവശ്യമായ ധനസഹായവും ശാസ്ത്രീയപരിചരണരീതികളും ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ വിപുലമായ സാധ്യതകളുണ്ട്.

മിക്കവീടുകളിലും കോഴിയെ വളർത്തുന്ന രീതി നിലവിലുണ്ടെങ്കിലും മുട്ടയുടെയും ഇറച്ചിയുടെയും ആവശ്യങ്ങൾ നിറവേറ്റാൻ ഇതു പര്യാപ്തമല്ല. മറ്റു പലതിനേയും എന്ന പോലെ മുട്ടയുടെയും ഇറച്ചിയുടെയും കാര്യത്തിലും നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം കോഴികൾ വേണ്ടത്ര പ്രചാരത്തിലില്ല. അവയ്ക്ക് രോഗപ്രതിരോധ ശേഷി കുറവായതുകൊണ്ടും ആവശ്യമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടുമാണ് കർഷകരെ ഈ കൃഷിരീതിയിൽ നിന്ന് പിന്തിരിപ്പിക്കുന്നത്. കോഴിവസന്തപോലുള്ള രോഗങ്ങളാൽ അവ കൂട്ടത്തോടെ നശിക്കുന്നു എന്നത് കർഷകരെ അലട്ടുന്ന പ്രധാന പ്രശ്നമാണ്.

പട്ടിക 3 വളർത്തുപക്ഷികളുടെ എണ്ണം

| പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 876 | 1013 | 799 | 8 | 8 | 28 |

താറാവ് കൃഷി നമ്മുടെ പഞ്ചായത്തിൽ വളരെ കുറഞ്ഞ രീതിയിലേ നടക്കുന്നുള്ളൂ. ഏതാനും വീടുകളിൽ മാത്രമെ അവയെ വളർത്തുന്നുള്ളൂ. സ്വന്തം ആവശ്യത്തിനുപോലും തികയുന്ന മുട്ടയും ഇറച്ചിയും അതുകൊണ്ട് ലഭ്യമാവുന്നുമില്ല.

### മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങൾ

1. മൃഗസംരക്ഷണത്തിൽ ശാസ്ത്രീയമായ അറിവിന്റെ അപര്യാപ്തത.

2. സങ്കരയിനം പശുക്കൾ വേണ്ടത്ര പ്രചാരത്തിലില്ല.

3. പാൽ സൊസൈറ്റി നിലവിലില്ലാത്തതുകൊണ്ട് പാലിന് വിപണനസാധ്യതയില്ല.

4. പാലുല്പന്നങ്ങൾ ഉണ്ടാക്കാനുള്ള നൂതനസംവിധാനങ്ങളില്ല.

5. പോഷകഗുണമുള്ള തീറ്റപ്പുല്ലിനെക്കുറിച്ച് കർഷകർക്ക് അറിവില്ല – സഹായങ്ങൾ ലഭ്യമല്ല.

6. വൈക്കോൽ ക്ഷാമം നേരിടുന്നതിനും അതിന്റെ അമിതവിലയ്ക്കും ബദൽ സംവിധാനങ്ങളില്ല.

7. പാലിന് ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ വില തീരെ കുറവാണ്.

8. മൃഗാശുപത്രികളുടെ സേവനം ഫലപ്രദമല്ല.

9. ക്ഷീരവികസനവകുപ്പിൽ നിന്ന് ലഭിക്കുന്ന സഹായധനത്തിന്റെ അപര്യാപ്തത.

10. കാലിത്തീറ്റകളുടെ അമിതവില.

11. മൃഗസംരക്ഷണവകുപ്പിന്റെ പ്രോത്സാഹനപദ്ധതികളെക്കുറിച്ച് കൃഷിക്കാർക്ക് അറിവില്ലായ്മ.

12. ബ്ലോക്ക്തല ക്ഷീര വികസന യൂനിറ്റിൽ നിന്ന് യാതൊരു വിധ സഹായമോ പ്രോത്സാഹനമോ ലഭിക്കുന്നില്ല.

13. ശാസ്ത്രീയമായ കോഴിവളർത്തൽ രീതിയെക്കുറിച്ചുള്ള അജ്ഞത.

14. മുന്തിയ ഇനം ആട്ടിൻകുട്ടികളെയും അവയെ വളർത്താനുള്ള സാമ്പത്തിക സഹായവും ലഭ്യമല്ല.

15. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാനുള്ള ഫലപ്രദമായ സംവിധാനങ്ങളില്ല.

### പരിഹാരമാർഗ്ഗങ്ങൾ – സാധ്യതകൾ

1. ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുകയും മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക.

2. പാലുല്പാദന ശേഷി കുറഞ്ഞ പശുക്കളെ വളർത്തുന്നത് നിരുത്സാഹപ്പെടുത്തുക.

3. മൃഗസംരക്ഷണസമിതികൾ രൂപീകരിക്കുക.

4. സങ്കരയിനം പശുക്കളെ വാങ്ങുന്നതിന് പ്രോത്സാഹനം നൽകുക.

5. പോഷകഗുണമുള്ള തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ ധനസഹായം നൽകുകയും ചെയ്യുക.

6. വൈക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

7. മാതൃകാ കാലിത്തൊഴുത്തു നിർമ്മാണത്തിന് ആവശ്യമായ ധനസഹായം നല്കുക.

8. മൃഗസംരക്ഷണവകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ പ്രയോജനം കർഷകർക്ക് ഉറപ്പാക്കുക.

9. മൃഗസംരക്ഷണവുമായി ബന്ധപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ് പകരുന്നതിന് ചർച്ചായോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക.10. വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചിക്കോഴികളെ വളർത്തുന്നതിനും മുട്ട ഉല്പാദനത്തിനും ആവശ്യമായ ശാസ്ത്രീയവും സാമ്പത്തികവുമായ സഹായങ്ങൾ ലഭ്യമാക്കുക.

11. വീട്ടിൽ വളർത്തുന്ന പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തുകയും ലൈസൻസ് നിർബ്ബന്ധമാക്കുകയും ചെയ്യുക.

12. അലഞ്ഞുതിരിയുന്ന പട്ടികളെ പിടികൂടി നശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

13. 'മാതൃകാ മൃഗ പരിപാലന കേന്ദ്രങ്ങൾ സ്ഥാപിച്ച് കർഷകരെ മൃഗസംരക്ഷണരംഗത്തേക്ക് ആകർഷിക്കുക.

# മത്സ്യമേഖല

പോഷകസമൃദ്ധമായ ഒരു ഭക്ഷ്യവിഭവമാണ് മത്സ്യം. നമ്മുടെ പഞ്ചായത്തിൽ മത്സ്യത്തിന്റെ പ്രതിദിന ഉപഭോഗം വളരെ കൂടുതലാണെങ്കിലും മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരോ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടവരോ ഇല്ല.

പുഴകളോ വലിയ ജലാശയങ്ങളോ ഇല്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ മത്സ്യകൃഷിക്കുള്ള സാധ്യതകളും വിരളമാണ്.

പണ്ടുകാലങ്ങളിൽ കുളങ്ങളിലും തോടുകളിലും സുലഭമായി ലഭിച്ചിരുന്ന ബ്രാൽ, കടു, മുഴു, കടുങ്ങാലി, ആരൽ, കുറുവാകുണ്ടൻ, കണ്ടംകൊയല എന്നീ സ്വാദിഷ്ടമത്സ്യങ്ങൾ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. കീടനാശനികളുടെ പ്രയോഗവും വ്യാപകമായ രോഗങ്ങളുമാണ് മത്സ്യനാശത്തിന് കാരണമായിത്തീർന്നത്.

## സാധ്യതകൾ

കായണ്ണ പഞ്ചായത്തിലെ രണ്ടാംവാർഡിൽ മഠത്തിൽതാഴെ ഭാഗത്ത് നീർക്കെട്ടുമൂലം കൃഷിയോഗ്യമല്ലാത്ത, സ്ഥലം മറ്റ് കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂമി വിലയ്ക്കെടുത്തോ പാട്ടത്തിനെടുത്തോ പ്രസ്തുത സ്ഥലത്ത് കൃഷി ആരംഭിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ സ്വകാര്യവ്യക്തികളുടെ കുളങ്ങളിൽ മത്സ്യകൃഷിക്ക് ചെറിയ തോതിലുള്ള സാധ്യതകളുണ്ട്. അതിനാവശ്യമായ ശാസ്ത്രീയ പരിജ്ഞാനം നല്കുകയും സാമ്പത്തികസഹായം ലഭ്യമാക്കുകയുമാണ് വേണ്ടത്.

കൃത്രിമ ജലസംഭരണികളിൽ മത്സ്യം വളർത്താനുള്ള ഒരു പദ്ധതിയുടെ സാധ്യത ഉയർന്നു വന്നിട്ടുണ്ട്. വൈദ്യുത് ബൾബിന്റെ പ്രകാശം ആകർഷിച്ചെത്തുന്ന ചെറുപ്രാണികളെ മത്സ്യത്തിന് തീറ്റയായി കൊടുത്തുകൊണ്ട് അവയെ വളർത്തിയെടുക്കാനാവുമെന്നതാണ് നിർദ്ദേശം. ഇതിന്റെ സാധ്യത ശാസ്ത്രീയമായി പഠിക്കുകയും മത്സ്യകുഞ്ഞുങ്ങളെയും ആവശ്യമായ ധനസഹായങ്ങളുംയും ലഭ്യമാക്കുകയുമാണ് വേണ്ടത്. ഈ സംരംഭം വിജയിക്കുകയാണെങ്കിൽ മത്സ്യകൃഷി രംഗത്തെ മികച്ച സംഭാവനയായിരിക്കും അത്.

# വ്യവസായം

വ്യാവസായിക രംഗത്ത് കായണ്ണ ഗ്രാമപഞ്ചായത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. ഈ പഞ്ചായത്തിൽ വൻകിട ചെറുകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല.

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഈർച്ചമിൽ, ഫ്ളോർമിൽ, ഗോതമ്പു റവ യൂനിറ്റ് പപ്പട നിർമ്മാണ യൂനിറ്റ്, ഫർണിച്ചർ നിമ്മാണ കേന്ദ്രം, റഡീമെയ്ഡ് (ബേബിസെറ്റ്) നിർമ്മാണ കേന്ദ്രം, ബെക്കറി യൂനിറ്റ് പേപ്പർ പൾപ്പ് ഉപയോഗിച്ചുള്ള കര കൗശല യൂനിറ്റ്, ഇത്തിൾ സംസ്കരണ യൂനിറ്റ് എന്നിവയും D.W.C.R.Aയുടെ കീഴിലുള്ള രണ്ട് ജില്ലി നിർമ്മാണ യൂനിറ്റും മാത്രമേ നിലവിലുള്ളൂ.

സ്വകാര്യമേഖലയിലെ ഈർച്ചമിൽ ഫ്ളോർ മിൽ എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുമ്പോൾ മറ്റു സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ കാര്യമായ പുരഗതി കൈവരിച്ചിട്ടില്ല. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും സാമ്പത്തിക പ്രയാസങ്ങളും മാർക്കറ്റിംഗും ഇവയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ജില്ലി നിർമ്മാണ യൂനിറ്റ് ഒന്ന് നല്ല രീതിയിലും മറ്റൊന്ന് നിർജീവാവസ്ഥയിലുമാണ്. തൊഴിൽ പ്രതിബദ്ധതയുള്ള തൊഴിലാളികളും വിഭവങ്ങളും ഉണ്ടായിട്ടും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. സംരംഭങ്ങൾ തുടങ്ങുമ്പോഴുണ്ടാകുന്ന പുരോഗതിയെക്കുറിച്ചുള്ള ആശങ്കയും ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട സഹായധനങ്ങളുടെ കാലതാമസവും, നിയമ പ്രശ്നങ്ങളും ഇവയെ പ്രതികൂലമായി ബാധിക്കുന്നു. ആവശ്യമായ മാർഗനിർദേശങ്ങളുടെ അഭാവവും ഈ മേഖലയെ ജനങ്ങളിൽ നിന്നകറ്റുന്നു. ചെറു വ്യവസായ യൂനിറ്റുകളുടെ എണ്ണം വർധിക്കുന്നുണ്ടെങ്കിലും ഉൽപാദന ക്ഷമതയും പുരോഗതിയുമുണ്ടാകുന്നില്ല.

പ്രശ്നങ്ങൾ ഏറെയുണ്ടെങ്കിലും സാങ്കേതിക പരിജ്ഞാനം നൽകി ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി ധാരാളം വ്യവസായ യൂനിറ്റുകൾ ആരംഭിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പുരോഗതി കൈവരിക്കാനും നമുക്ക് കഴിയും.

## പ്രശ്നങ്ങൾ:-

1. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കാത്ത അവസ്ഥ.

2. യഥാസമയം സാമ്പത്തിക സഹായം ലഭിക്കായ്മ.

3. വ്യവസായവുമായി ബന്ധപ്പെട്ട വിപണന കേന്ദ്രങ്ങളുടെ അഭാവം.

4. ഊർജ്ജ പ്രതിസന്ധിയും ഗതാഗത സൗകര്യത്തിന്റെ അഭാവവും.

5. വിദഗ്ധ തൊഴിലാളികളുടെ അഭാവം

6. ലഭ്യമാകുന്ന വിഭവങ്ങളെക്കുറിച്ചും നിയമ സഹായങ്ങളെക്കുറിച്ചുമുള്ള അജ്ഞത.

7. ലൈസൻസുകളും മറ്റു രേഖകളും ലഭിക്കാനുള്ള കാലതാമസം.

8. വ്യവസായസ്ഥാപനങ്ങൾ തുടങ്ങുമ്പോഴുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.

9. ഉൽപാദന സാധ്യതയെക്കുറിച്ചുള്ള അറിവില്ലായ്മ.

10. സർക്കാർ ജോലിക്കുവേണ്ടിയുള്ള ആഗ്രഹവും സ്വയം തൊഴിൽ ചെയ്യാനുള്ള താൽപര്യക്കുറവും.

സാധ്യതകളും നിർദ്ദേശങ്ങളും

1. വ്യവസായ വികസന സമിതി രൂപീകരിക്കുക.

സംരഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക. സംരംഭകരെ കണ്ടെത്തുക. ലഭ്യമാകുന്ന വിഭവങ്ങളെക്കുറിച്ച് അറിവുനൽകുക മാർക്കറ്റിംഗിന് സഹായിക്കുക.

2. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് വിവിതരം ഉൽപന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റ് ആരംഭിക്കാം. ഇത് മാതൃ അനുബന്ധ വ്യവസായമായി നടത്താം.

3. ചകിരി ഉപയോഗിച്ച് കയർ ഉൽപന്നങ്ങളും ചിരട്ട ഉപയോഗിച്ച് കൗതുക വസ്തുക്കളും ചകിരിച്ചോറിൽ നിന്ന് കാലിത്തീറ്റയും ജൈവ വളങ്ങളും നിർമ്മിക്കുന്ന വ്യവസായം തുടങ്ങാം.

4. പഞ്ചായത്തിൽ ധാരാളമായി ലഭിക്കുന്ന കരിങ്കല്ലുകൊണ്ട് വിവിധ ഭാഗങ്ങളിൽ ജില്ലി നിർമ്മാണ യൂനിറ്റ് ആരംഭിക്കാം.

5. പഞ്ചായത്തിൽ ലഭ്യമാകുന്ന കൈതോല ഉപയോഗിച്ച് പായ നിർമ്മാണ യൂനിറ്റ് ഉണ്ടാക്കാം (ആവശ്യമായ പരിശീലനം നൽകണം)

6. പഞ്ചായത്തിൽ കണ്ടെത്തിയ അഭ്രനിക്ഷേപം വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കാം.

7. ചെറിയ തോതിലുള്ള പച്ചമരുന്ന് കൃഷി ചില ഭാഗങ്ങളിലുണ്ട്. ഇത് വിപുലപ്പെടുത്തി ആയുർവേദ ഔഷധനിർമ്മാണശാല ആരംഭിക്കാം. ഇതിന് വൈദഗ്ധ്യമുള്ളവർ പഞ്ചായത്തിലുണ്ട്.

8. റഡീമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റ് സ്ഥാപിക്കാം. ഇത് മാതൃ അനുബന്ധ യൂനിറ്റായി തുടങ്ങാം. (തുന്നൽ പണി അറിയാവുന്ന ധാരാളം സ്ത്രീ-പുരുഷത്തൊഴിലാളികൾ പഞ്ചായത്തിലുണ്ട്)

9. മെഴുകുതിരി നിർമ്മാണം ചന്ദനത്തിരി നിർമ്മാണം സോഡ നിർമ്മാണം, പപ്പട നിർമ്മാണം, അരിപ്പൊടി നിർമ്മാണം എന്നിവ സാമ്പത്തിക സഹായത്തോടെ സ്വയം തൊഴിലുകളായി ആരംഭിക്കാം.

11. പരിശീലനം നൽകി ബുക്ക് ബൈന്റിംഗ് പേപ്പർ കവർ നിർമ്മാണം എന്നിവ നടത്താം.

12. ഫുഡ് പ്രോസസിംഗ് യൂനിറ്റ് ആരംഭിക്കാം.

13. സിമൻറ് ജാലകങ്ങൾ, കട്ടില, ഹോളോ ബ്രിക്സ് നിർമ്മാണശാലകൾ ആരംഭിക്കാം.

14. ഫർണിച്ചറുകളും പണിയായുധങ്ങളും ഉണ്ടാക്കുന്ന യൂനിറ്റുകൾക്ക് രൂപം നൽകാം വിദഗ്ധ തൊഴിലാളികൾ പഞ്ചായത്തിലുണ്ട്.)

15. ചെരുപ്പ് നിർമ്മാണ യൂണിറ്റ് ബേക്കറി സാധന നിർമ്മാണയൂനിറ്റ് സീലിംഗ്ഫാൻ നിർമ്മാണ യൂനിറ്റ് എന്നിവ ആരംഭിക്കാം.

16. വനിതാ വ്യവസായ സഹകരണസംഘം രൂപീകരിച്ച് കൊപ്രയാട്ടു മില്ലും ഡ്രയറും ഗോഡൗണും സ്ഥാപിക്കാനുള്ള നടപടി ആരംഭിക്കണം.(തൊഴിൽ രഹിതരായ സ്ത്രീകൾ പഞ്ചായത്തിലുണ്ട്).

17.റബ്ബർ ഉപയോഗിച്ച് ചെറുവ്യവസായങ്ങൾ ആരംഭിക്കാം. റബ്ബർ ബോർഡിന്റെ സഹായം ഉപയോഗപ്പെടുത്തണം. (ധാരാളം റബ്ബർ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നുണ്ട്).

18. ഖാദി നിർമ്മാണ യൂനിറ്റ് ആരംഭിക്കും.

19. സാങ്കേതിക പരിശീലനം ലഭിച്ച ആളുകളെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ മോട്ടോർ എഞ്ചിനീയറിങ് വർക്ക് ഷോപ്പ് ആരംഭിക്കുക.

# വിദ്യാഭ്യാസം

പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് 1912-ൽ 'കായണ്ണ ബോർഡ് ബോയ്സ് സ്കൂൾ' എന്ന പേരിൽ കായണ്ണ ബസാറിൽ ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കപ്പെട്ടതോടെയാണ് വെയിൽസ് രാജകുമാരന്റെ ഇന്ത്യാ സന്ദർശനത്തോടനുബന്ധിച്ച് രാജ്യമൊട്ടാകെ വിവിധ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടതിന്റെ ഭാഗമായാണ് കായണ്ണയിലും ആരംഭിച്ചത്. അതിനുമുമ്പ് കായണ്ണയിലുണ്ടായിരുന്ന ഏകവിദ്യാഭ്യാസ സ്ഥാപനം 'ഈച്ചരോത്ത്' എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന നിലത്തെഴുത്ത് പള്ളിക്കൂടം മാത്രമായിരുന്നു.

ഇപ്പോൾ കായണ്ണയിൽ സർക്കാർ, എയ്ഡഡ് മേഖലകളിലായി അഞ്ച് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു പാരലൽ കോളേജും ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'കമ്മ്യൂണിറ്റി' പോളിടെക്നിക്കിന്റെ ഒരു റൂറൽ എക്സ്റ്റൻഷൻ സെന്ററും ഉണ്ട്. തുടർവിദ്യാഭ്യാസ രംഗത്ത് രണ്ട് ജനവിദ്യാ കേന്ദ്രങ്ങളും ഉണ്ട്.പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക5-4-1ൽ കൊടുക്കുന്നു.

എല്ലാ സ്കൂളിലും ഭൗതികസാഹചര്യങ്ങളുടെ നില ശോചനീയമാണ്. കുട്ടികളിൽ ഒരു ചെറിയ ശതമാനമെങ്കിലും ദൂരെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രവണതയും ഇപ്പോൾ കണ്ടുവരുന്നുണ്ട്. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ സൂചിപ്പിക്കുന്ന പട്ടിക5-4-2 ൽ കൊടുക്കുന്നു.

1982-ൽ കായണ്ണ സെക്കണ്ടറി സ്കൂൾ സൊസൈറ്റി എന്ന പേരിലുള്ള ജനകീയ കമ്മിറ്റിയാണ് കായണ്ണയിലെ ഏക ഹൈസ്കൂൾ സ്ഥാപിച്ചത്. 1992-ൽ യാതൊരു പ്രതിഫലവും കൂടാതെ സ്കൂൾ

പട്ടിക 5-4-1

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | കായണ്ണ ഗവ: സെക്കണ്ടറി സ്കൂൾ | സർക്കാർ | 216 | 280 | 496 | 16 | 7 | 23 |
| 2 | കായണ്ണ ഗവ: യു.പി സ്കൂൾ | സർക്കാർ | 241 | 188 | 429 | 13 | 3 | 16 |
| 3 | മാട്ടനോട് എ.യു.പി സ്കൂൾ | എയ്ഡഡ് | 139 | 123 | 262 | 5 | 8 | 13 |
| 4 | ചെറുക്കാട് കെ.വി.എൽ.പി സ്കൂൾ | എയ്ഡഡ് | 66 | 41 | 107 | 2 | 2 | 4 |
| 5 | സെന്റ് ജോസഫ്സ് എൽ.പി.എസ് ഓഞ്ഞിൽ | എയ്ഡഡ് | 58 | 42 | 100 | 2 | 2 | 4 |
| | ആകെ | | 720 | 674 | 1394 | 38 | 22 | 60 |

സർക്കാരിന് വിട്ടുകൊടുത്തു. പേരാമ്പ്ര ബ്ലോക്കിലെ ഏക സർക്കാർ ഹൈസ്കൂൾ ആണിത്

ഈ സ്കൂളിന് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ വേണ്ടത്ര കളിസ്ഥലം ഇല്ല. ഇതിന് സ്കൂൾ കോമ്പൗണ്ട് നിരപ്പാക്കി കളിസ്ഥലം നിർമിക്കണം. ഗ്രൗണ്ടിന്റെ അപര്യാപ്തത മൂലം കായികരംഗത്ത് കുട്ടികൾക്ക് വേണ്ടത്ര പരിശീലനം നൽകാൻ കഴിയുന്നില്ല. പുനരർപ്പണ ദിനമായ 1996 നവം. 1-ന് സന്നദ്ധപ്രവർത്തകർ ഗ്രൗണ്ടിന്റെ താഴ്ന്ന ഭാഗം കല്ലുകെട്ടി ഉയർത്തിയിട്ടുണ്ട്. ബാക്കി ഭാഗവും നിരപ്പാക്കിയാൽ മാത്രമേ ഗ്രൗണ്ട് ഉപയോഗ യോഗ്യമാവുകയുള്ളൂ. ഗ്രൗണ്ടിൽ ഒരു ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമാണം ആരംഭിച്ചിട്ടുണ്ടെങ്കിലും പണി പൂർത്തിയായിട്ടില്ല. ഉയർന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത സ്കൂളിൽ കുടിവെള്ള ലഭ്യത അപര്യാപ്തമാണ്. മോട്ടോർ സ്ഥാപിച്ച് പൈപ്പുവഴി വെള്ളമെത്തിച്ച് ഈ പ്രശ്നം പരിഹരിക്കാം. സ്കൂളിൽ ഒരു റീഡിംഗ് റൂം ഏർപ്പെടുത്തേണ്ടതാണ്. പഠനനിലവാരം തൃപ്തികരമല്ല. എസ്.എസ്.എൽ.സി വിജയശതമാനത്തിലും വേണ്ട പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ അഞ്ചു വർഷത്തെ വിജയശതമാനം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായുള്ള വാർഡ് വിദ്യാഭ്യാസ സമിതികളെ സജീവമാക്കുകയും അധ്യാപക- രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും സന്നദ്ധപ്രവർത്തകരുടെ സഹായം തേടുകയും ചെയ്താൽ വിജയശതമാനം ഉയർത്താൻ കഴിയും.

കായണ്ണ ഗവ. യു.പി സ്കൂളിന് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ ക്ലാസ് മുറികൾ നിർമിക്കുകയോ തട്ടികവെച്ച് വേർതിരിക്കുകയോ ചെയ്തിട്ടില്ല. സ്കൂളിലെ രണ്ടു ഷെഡ്ഡുകൾ ഓലമേഞ്ഞതാണ്. കെട്ടിമേച്ചിൽ ഇനത്തിൽ വർഷം തോറും വലിയൊരു തുക ചെലവുവരുന്നു. ഫർണീച്ചറുകൾ ആവശ്യത്തിനില്ല. മൂത്രപ്പുര, കക്കൂസ് എന്നിവ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. റോഡിനടുത്തായിട്ടും ചുറ്റുമതിൽ ഇല്ല. 1995-ൽ ജില്ലാ കൗൺസിലിൽനിന്നും ലഭിച്ച ഫണ്ടുപയോഗിച്ച് ഒരു ഷെഡ്ഡ് (സെമി- പെർമനന്റ്) നിർമിച്ചിട്ടുണ്ട്.

അക്ഷരജ്ഞാനം ഇല്ലാത്തവരും ശരിയായ സംഖ്യാബോധം ഇല്ലാത്തവരുമായ വലിയൊരു ശതമാനം കുട്ടികൾ സ്കൂളിലുണ്ട്. ഇവർക്ക് പ്രത്യേക പരിഹാരബോധന നടപടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പരിപാടികൾ ഈ രംഗത്തെ നല്ല ഒരു കാൽവെയ്പ്പാണ്.

മാട്ടനോട് യു.പി സ്കൂളിന് സ്വന്തമായി സ്ഥിരം കെട്ടിടമുണ്ട്. പഠനകാര്യത്തിൽ കുട്ടികളുടെ നിലവാരം ഇനിയും ഉയരേണ്ടതുണ്ട്. പി.ടി.എ യുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുകയും ചെയ്താൽ പഠനനിലവാരം മെച്ചപ്പെടുത്താൻ കഴിയും.

ചെറുക്കാട് കെ.വി.എൽ.പി സ്കൂളിൽ ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്. അധ്യാപക- രക്ഷാകർതൃസമിതിയും മാതൃസംഗമവും സജീവമല്ല. കുട്ടികളിൽ അക്ഷരജ്ഞാനവും സംഖ്യാബോധവും ഭൂരിഭാഗം പേർക്കും ഇല്ല.

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഓഞ്ഞിൽ സെന്റ് ജോസഫ്സ് എൽ.പി സ്കൂളിന് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ അതിന്റെ അവസ്ഥ ശോചനീയമാണ്. അധ്യയന നിലവാരം വേണ്ടത്ര മെച്ചപ്പെട്ടതല്ല. കുട്ടികൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. പൂവ്വത്താംകുന്ന് ഭാഗത്ത് പള്ളിവക സ്ഥലം ലഭ്യമാണ് എന്നും അവിടേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും എന്നുമുള്ള നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നുവന്നിരുന്നു.

പട്ടിക എസ്.എസ്.എൽ.സി വിജയശതമാനം

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 48% | 46% | 26% | 36% | 33% |

സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കണം. സാഹിത്യസമാജം, സയൻസ് ക്ലബുകൾ, പരിസ്ഥിതി ക്ലബുകൾ എന്നിവ സംഘടിപ്പിച്ച് കുട്ടികളുടെ വിവിധ രംഗങ്ങളിലെ കഴിവുകൾ തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

ഉച്ചഭക്ഷണ പരിപാടി എല്ലാ പ്രൈമറി സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കൃത്യസമയത്ത് ഭക്ഷണസാധനങ്ങൾ ലഭിക്കാത്തതും മറ്റു പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്.

സാക്ഷരതാ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യക്ഷമമായി നടന്നിരുന്നു. അക്ഷരാഭ്യാസം ലഭിക്കാതെ പോയ നൂറുകണക്കിന് ആളുകൾക്ക് അക്ഷരത്തിന്റെ വെളിച്ചം പകർന്നുനൽകാൻ ഈ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു. വർധിച്ച ആവേശത്തോടെയാണ് ജനങ്ങൾ സാക്ഷരതാ പ്രവർത്തനത്തെ സ്വീകരിച്ചത്. പഞ്ചായത്ത് സാംസ്കാരിക നിലയം കേന്ദ്രമായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രവും ആറാം വാർഡിലെ അംഗൻവാടി കേന്ദ്രമായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രവും തുടർ വിദ്യാഭ്യാസ രംഗത്ത് ഒട്ടാകെ സംഭാവനകൾ നൽകുന്നു.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് കായണ്ണ പഞ്ചായത്ത് സാംസ്കാരിക നിലയം നടത്തുന്ന സേവനം തൃപ്തികരമാണ്. ഇവിടത്തെ ഗ്രന്ഥശാലയിൽ കൂടുതൽ പുസ്തകമെത്തിച്ചും വായനശാലയിലെ സൗകര്യങ്ങൾ വിപുലീകരിച്ചും ഈ സ്ഥാപനത്തെ നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോകണം.

അഭ്യസ്തവിദ്യരായ ധാരാളം ആളുകൾ നമ്മുടെ ഗ്രാമത്തിന് പുറത്ത് പത്രപ്രവർത്തനമടക്കമുള്ള മേഖലകളിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ കഴിവുകൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ നമ്മുടെ ഗ്രാമത്തിന്റെ സമഗ്രവികസനം ത്വരിതപ്പെടുത്താൻ കഴിയും.

കായണ്ണ ഗ്രാമപഞ്ചായത്തിലെ 12 അംഗൻവാടികളിലും ശിശുവിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന് കുട്ടികളെ സജ്ജരാക്കുന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് ഈ കേന്ദ്രങ്ങൾ ചെയ്യുന്ന സേവനങ്ങൾ എടുത്തുപറയത്തക്കതാണ്. എങ്കിലും പല അംഗൻവാടികളുടെയും പ്രവർത്തനം പ്രതീക്ഷക്കൊത്ത് ഉയരുന്നില്ല.

ഭൗതികസൗകര്യങ്ങളുടെ അഭാവം പല അംഗൻവാടികളുടെയും പ്രശ്നമാണ്. കായണ്ണ പഞ്ചായത്തിലെ ഏഴാം വാർഡിൽ ഒറ്റ അംഗൻവാടിയും പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. എസ്.എസ്.എൽ.സി വിജയശതമാനം കുറവാണ്.

2. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യമില്ല.

3. പല സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

4. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്.

5. അധ്യാപക- രക്ഷാകർതൃബന്ധം സജീവമല്ല.

6. ഒരു വിഭാഗം രക്ഷിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ താൽപ്പര്യമില്ല.

7. പ്രൈമറി വിദ്യാർത്ഥികളിൽ നിരക്ഷരത നിലനിൽക്കുന്നു.

8. അങ്കണവാടികളിൽ ആവശ്യത്തിന് പഠനോപകരണങ്ങൾ ഇല്ല.

## നിർദ്ദേശങ്ങൾ - സാധ്യതകൾ

1. അധ്യാപക - രക്ഷാകർതൃസമിതിയും മാതൃസംഗമവും കാര്യക്ഷമമാക്കുക.

2. ക്ലാസ് തലത്തിൽ പി.ടി.എ, മാതൃസംഗമം ഇവ വിളിച്ചുചേർക്കുക.

3. ജനകീയ മോണിറ്ററിംഗ് ശക്തമാക്കുക.

4. ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച സമഗ്രവിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുക.

5. വാർഡ് - പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതികൾ ഉർജസ്വലമാക്കുക. അവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ സാമ്പത്തികസഹായം നൽകുക.

6. സർക്കാർ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ ജനകീയ സഹകരണത്തോടെ മെച്ചപ്പെടുത്തുക.

7. എയ്ഡഡ് സ്കൂളിലെ സൗകര്യങ്ങൾ വർധിപ്പി

ക്കാൻ മാനേജ്മെന്റിനെ പ്രേരിപ്പിക്കുക.

8. മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

9. പഞ്ചായത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാക്കാനായി കായണ്ണ ഗവ. സെക്കണ്ടറി സ്കൂളിൽ പ്ലസ്-ടു ഏർപ്പെടുത്തുക.

10. സ്കൂൾ ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുക.

11. സ്കൂൾ പാഠ്യപദ്ധതി ലഘൂകരിക്കുക.

12. "ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്" പദ്ധതി യു.പി. സ്കൂളിലേക്കുകൂടി വ്യാപിപ്പിക്കുക.

13. സ്കൂളിലെ മൂല്യനിർണയരീതി പരിഷ്കരിക്കുക.

14. അധ്യാപക - വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.

15. അംഗൻവാടികളിൽ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുകയും കളിക്കോപ്പുകൾ ലഭ്യമാക്കുകയും ചെയ്യുക.

16. സ്കൂളിലെ അധ്യയനസമയം കാലത്ത് 8 മണി മുതൽ 1.30 വരെയാക്കി മാറ്റുക.

17. L.S.S. U.S.S സ്കോളർഷിപ്പ് തുക കാലോചിതമായി വർദ്ധിപ്പിക്കുക.

## കായണ്ണ ഹൈസ്കൂൾ അക്കാഡമിക് നിലവാരം

| | | കുട്ടികളുടെ പൊതുനിലവാരം (മാർക്ക്) | | | | | SSLC | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ് | ആകെഎണ്ണം | 30%ൽ കുറവ് | 30 മുതൽ 40 വരെ | 40 മുതൽ 50 വരെ | 50 മുതൽ 60 വരെ | 60-ൽ കൂടുതൽ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| VIII | 172 | 154 | 6 | 6 | 1 | Nil | | | | | |
| IX | 170 | 133 | 19 | 7 | Nil | 2 | | | | | |
| X | 154 | - | - | - | - | - | 48% | 46% | 26% | 36% | 33% |

## ജനസംഖ്യ, സാക്ഷരത, നിരക്ഷരത കാണിക്കുന്ന പട്ടിക

മൊത്തം ജനസംഖ്യ: 12578 പുരുഷന്മാർ: 6409 സ്ത്രീകൾ: 6169 *അവലംബം - 1991 സെൻസസ് റിപ്പോർട്ട്*

| മൊത്തം ജനസംഖ്യ | | | | | സാക്ഷരർ | | | | നിരക്ഷരർ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഇനം | ജനറൽ | എസ്.സി | എസ്.ടി | ആകെ | ജനറൽ | എസ്.സി | എസ്.ടി | ആകെ | ജനറൽ | എസ്.സി | എസ്.ടി | ആകെ |
| പുരുഷന്മാർ | 5740 | 669 | - | 6409 | 5014 | 387 | - | 5401 | 726 | 282 | - | 1008 |
| സ്ത്രീകൾ | 5544 | 625 | - | 6169 | 4439 | 302 | - | 4741 | 1105 | 323 | - | 1428 |
| ആകെ | 11284 | 1294 | - | 12578 | 9453 | 689 | - | 10142 | 1831 | 605 | - | 2436 |

## പട്ടിക 5-4-2 വിദ്യാലയ സൗകര്യങ്ങൾ – ഭൗതിക സാഹചര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | കെട്ടിടം നിർമിക്കാൻ ഭൂമി ലഭ്യമാണോ | മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളവയുടെ എണ്ണം | കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളം/ഇല്ല/ഉണ്ട് കിണർ പൈപ്പ് | വൈദ്യുതി ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർറൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയായതാണോ | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര |
| 1 | കായണ്ണ ഗവ. സെക്കണ്ടറി സ്കൂൾ | 12 | 1 | 2 | – | 7 | 10 | – | – | – | 2 | 12 | 2 | 1 | – | ഉണ്ട് കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | മതി | – | – | – | – | |
| 2 | കായണ്ണ ഗവ. യു.പി സ്കൂൾ | 13 | – | 3 | – | 1 | – | – | 13 | ഉണ്ട് | 1 | 4 | 2 | – | 1 | ഉണ്ട്.കിണർ പൈപ്പ് | ഉണ്ട് | ഇല്ല | 1 | ഇല്ല | 20 | 25 | 3 | 10 | [illegible] |
| 3 | മാട്ടനോട് എ.യു.പി സ്കൂൾ | 9 | 2 | – | – | 4 | – | – | – | – | ഇല്ല | – | 2 | ഇല്ല | – | ഇല്ല | ഇല്ല | താൽക്കാലികം | ഇല്ല | മതി | – | – | – | – | |
| 4 | കെ.വി.എൽ.പി.എസ് ചെറുക്കാട് | 42 | – | – | 3 | – | – | – | | –1 | 10 | 1 | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | – | – | – | |
| 5 | സെന്റ് ജോസഫ്സ് എൽ.പി. എസ് ഓഞ്ഞിൽ | 4 | 1 | – | 1 | ഇല്ല | ഇല്ല | ഇല്ല | – | – | – | – | 2 | – | – | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | – | – | – | – | |

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി/ഉണ്ട്/ഇല്ല/പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ടുകൾ, ഗ്ലോബ്, ...) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ- ശ്രാവ്യ ഉപകരണങ്ങൾ: റേഡിയോ | ടേപ്പ്റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ/വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടറുകൾ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | [illegible] പഠിപ്പിക്കുന്ന ദിനങ്ങൾ | മാതൃ/രക്ഷാകർതൃ സംഗമം സജീവം/സജീവമല്ല | ക്ലബ്ബുകൾ [illegible] പ്രവർത്തിക്കുന്നു/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1. Kayanna GHS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 14 | 14 | 177 | 15 | 5 | ഉണ്ട് സജീവമല്ല | ഉണ്ട് |
| 2. Kayanna GUPS | ഉണ്ട് | ഉണ്ട് (സയൻസ് കോർണർ) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 13 | 13 | 195 | 2 | 5 | സജീവം | ഇല്ല |
| 3. Mattanode AUPS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 9 | 187 | 2 | 3 | സജീവം | ഉണ്ട് |
| 4. KVLP School Cherukkad | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 195 | - | 5 | സജീവം | ഉണ്ട് |
| 5. Onhil LPS | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 194 | ഇല്ല | 3 | സജീവം | ഉണ്ട് |

## 9.7 സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാന്റ് | മുസ്ലിംപെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കായുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. | Kayanna GHS | 1 (USS) | 57 | 46 | 1 | NIL | NIL | NIL | |
| 2 | .Kayanna GUPS | NIL | 48 | 2 | NIL | NIL | NIL | NIL | |
| 3 | Mattanode AUPS | NIL | 28 | 13 | NIL | NIL | NIL | NIL | |
| 4. | KVALP School, Cherukkad | NIL | 8 | NIL | NIL | NIL | NIL | NIL | |
| 5. | Onhil L.P.S | NIL | 1 | NIL | NIL | NIL | NIL | NIL | |

# പൊതുജനാരോഗ്യം

## ശുചിത്വം

ഒരുപ്രദേശത്തെ മനുഷ്യ സമ്പത്ത് അവിടുത്തെ ആരോഗ്യമുള്ള ജനസമൂഹത്തെ ആശ്രയിച്ചിരിക്കുന്നു. ഏതു നേട്ടങ്ങൾക്കു പിന്നിലും മനുഷ്യപ്രവർത്തനം വേണമെന്നിരിക്കെ രോഗാതുരരല്ലാത്ത ജനസമൂഹത്തെ വളർത്തി എടുക്കേണ്ടത് നാടിന്റെ വികസനത്തിന് അനിവാര്യമാണ്. ആരോഗ്യം എന്നാൽ മരുന്ന്, ചികിൽസ, ഡോക്ടർ, എന്നിവയെ ആശ്രയിച്ചിരിക്കുന്നു എന്ന ധാരണ നിലവിലുണ്ട്. എന്നാൽ ചികിൽസയെക്കാൾ പ്രധാനം കൃഷി, തൊഴിൽ എന്നീ മണ്ഡലങ്ങളിലെ നേട്ടമാണ്. ജീവിത നിലവാരം മെച്ചപ്പെട്ടാൽ ആരോഗ്യനില മെച്ചപ്പെടും.

ജനന നിരക്കും മരണനിരക്കും സംസ്ഥാന ശരാശരിയേക്കാൾ താരതമ്യേന കുറവായ നമ്മുടെ പഞ്ചായത്തിലെ ജനസാന്ദ്രത 1991ലെ സെൻസസ് പ്രകാരം ച.കീ. മീറ്ററിന് 747 ഉം ജനസംഖ്യ 12,578 ഉം ആണ്. കായണ്ണ ബസാറിൽ 1960 കളിൽ സ്ഥാപിച്ച ആരോഗ്യ ഉപകേന്ദ്രമാണ് ആദ്യത്തെ ആരോഗ്യ സ്ഥാപനം. അവിടെ ആഴ്ചയിൽ ഒരു ദിവസം ഡോക്ടറുടെ സേവനം ലഭ്യമായിരുന്നു.1975 ൽ മൊട്ടന്തറയിൽ പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭിച്ചു. സംഭാവനയായി ലഭിച്ച ഒരേക്കർ സ്ഥലത്ത് നാട്ടുകാർ നിർമ്മിച്ച കെട്ടിടത്തിൽ അന്നത്തെ മന്ത്രി പരേതനായ ഡോക്ടർ. കെ.ജി.അടിയോടി ആശുപത്രിയുടെ ഉൽഘാടനം നിർവ്വഹിച്ചു. പ്രസ്തുത സ്ഥാപനമാണ് ഇന്ന് ആരോഗ്യ രംഗത്തുള്ളത്. ഇവിടെ ഡോക്ടർ ഉൾപ്പെടെ 12 ജീവനക്കാർ ഉണ്ട്. കുഷ്ഠരോഗ നിർമ്മാർജ്ജന യൂനിറ്റിന്റെ കീഴിൽ ഒരാളുടെ സേവനം ലഭിക്കുന്നു. ഈ ആശുപത്രിയുടെ കീഴിൽ 2 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. സ്വകാര്യ മേഖലയിൽ അലോപ്പൊതി, ഹോമിയോ, ആയുർവ്വേദിക് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഔഷധ നിർമ്മാണരംഗത്ത് പ്രസിദ്ധമായ സിദ്ധാശ്രമം ഇവിടെയാണ്. പ്രൈമറി ഹെൽത്ത് സെന്ററിൽ പ്രത്യേക രോഗങ്ങൾക്കു ചികിൽസയില്ല. ജലജന്യ രോഗങ്ങളായ ഛർദ്ദി, അതിസാരം,പനി, വയറിളക്കം തുടങ്ങിയ രോഗം ബാധിച്ചവരാണ് ഇവിടെ മുഖ്യമായും ചികിൽസക്കെത്തുന്നത്. പ്രതിവർഷം 2430 രോഗിരൾ ഇവിടെ ചികിൽസക്കെത്തുന്നു. ഇതിൽ പകുതിയിൽ അധികവും സ്ത്രീകളാണ്. കുഷ്ഠരോഗ ചികിൽസ സൗജന്യമായി ലഭിക്കുന്നു.1995-96 കാലഘട്ടത്തിൽ രോഗം ബാധിച്ച 6 പേരെ കണ്ടെത്തി രോഗവിമുക്തരാക്കി പ്രതിരോധ കുത്തിവെപ്പു നടത്തിവരുന്നു.

**കുട്ടികളുടെ പോഷണ നിലവാരം.**

| | നോർമൽ | | | 1-ാം ഗ്രയിഡ് | | | 2-ാം ഗ്രയിഡ് | | | 3-ാം ഗ്രയിഡ് | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു പോഷണ കുറവ് | | | മിത പോഷണ കുറവ് | | | ഗുരുതര പോഷണ കുറവ് | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 വയസ്സിനു താഴെ | 65 | 54 | 119 | 5 | 8 | 13 | NIL | NIL | | | | |
| 1 - 3 | 132 | 106 | 238 | 45 | 39 | 84 | 17 | 14 | 31 | 1 | 1 | 2 |
| 3 -6 | 118 | 101 | 219 | 42 | 50 | 92 | 16 | 16 | 32 | 1 | 1 | 2 |

### ആരോഗ്യ രക്ഷാച്ചിലവ്.

### പ്രതിരോധ കുത്തിവെപ്പ്.

**1996 ജൂൺ 30 വരെ നൽകിയത്.**

| | |
|---|---|
| ആന്റി ഡിഫ്തീരിയ | |
| ടെറ്റനസ് | 439 |
| കൊക്കക്കുര | 596 |
| പോളിയോ | 365 |
| പേപ്പട്ടി വിഷം | 1109 |

### വിസർജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ

| | |
|---|---|
| കക്കൂസ്, സെപ്ടിക്ക് | 204 |
| ഇ.എസ്.പി. | 578 |
| കുഴി. | 540 |

### വൈകല്യം ബാധിച്ചവർ

| | | |
|---|---|---|
| 1993-94 | : | 55 |
| 1994-95 | : | 59 |
| 1995-96 | : | 68 |

### ജലജന്യ രോഗങ്ങൾ, പകർച്ചവ്യാധികൾ.

| | | |
|---|---|---|
| 1993-94 | : | 1400 |
| 1994-95 | : | 1200 |
| 1995-96 | : | 1920 |

### പ്രശ്നങ്ങൾ

1.ആശുപത്രി കെട്ടിടം അപകടാവസ്ഥയിലാണ്.

2.കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങളില്ല.

3.ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമല്ല.

4.പ്രധിരോധ ഔഷധങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യമില്ല.

5.കുടിവെള്ളത്തിന്റെ ഗുണമേൻമ നിർണയിക്കാൻ ആവശ്യമായ ലബോറട്ടറി സൗകര്യമില്ല.

6.ആശുപത്രി സ്ഥിതി ചെയ്യുന്നത് ഉയർന്ന സ്ഥലത്തായതിനാൽ രോഗികൾക്ക് ചെന്നെത്താൻ പ്രയാസമുണ്ട്.

7. പേരാമ്പ്ര ബ്ലോക്കിൽ പെട്ടതാണ് കായണ്ണ പഞ്ചായത്ത് എങ്കിലും ആശുപത്രി ബാലുശ്ശേരി ബ്ലോക്കിന്റെ കീഴിൽ ഉള്ള്യേരി പി. എച്ച്. സി. യുടെ പരിധിയിലാണ്.

8.ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് ശരിയായ അതിർത്തിയില്ല.

9.കൊതുക്, ഈച്ച തുടങ്ങിയവയുടെ ശല്യം പകർച്ചവ്യാധികൾ ഉണ്ടാക്കുന്നു.

10.ആയുർവ്വേദം, ഹോമിയോ, പ്രകൃതിചികിൽസ എന്നിവ സർക്കാർ തലതിതിൽ ലഭ്യമല്ല.

11. മിക്ക വീടുകൾക്കും കക്കൂസില്ല.

12. ആൾമറയില്ലാത്ത കിണറുകൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

13. പഞ്ചായത്തിലെ രണ്ട് സബ്സെന്ററുകൾ പ്രവർത്തിക്കുന്നുല്ല.

14. ചപ്പുചവറുകൾ നിക്ഷേപിക്കാൻ കമ്പോസ്റ്റ് കുഴികൾ ഇല്ല.

15. ഡ്രൈനേജ് സംവിധാനം തൃപ്തികരമല്ല.

16. ഹോട്ടലുകളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ പ്രത്യേക സംവിധാനമില്ല.

17. പൊതു ശ്മശാനമില്ല.

18. എയ്ഡ്സ്, കാൻസർ, ഹൃദ്രോഗം, പ്രമേഹം തുടങ്ങിയ രോഗങ്ങളെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല.

19. മദ്യം, പുകവലി, മയക്കുമരുന്ന് ഇവ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

20. പേപ്പട്ടി ശല്യംമൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്നു.

21. കായണ്ണ ബസാറിൽ അഴുക്കുകൾ നിറഞ്ഞ് മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

22. മത്സ്യവിൽപനയ്ക്ക് പ്രത്യേക സംവിധാനം ഇല്ല.

23. അനധികൃത അറവുശാലകൾ ഗുണമേന്മ കുറഞ്ഞ മാംസം വിൽക്കുന്നതിന്ന് ഇടയാക്കുന്നു.

24. നാലാം വാർഡിൽ സബ്ബ് സെന്ററിന് സൗജന്യമായി ലഭിച്ച് സ്ഥലത്ത് ആവശ്യമായ പ്രവർത്തനം നടന്നിട്ടില്ല.

25. ആയുർവേദ ആശുപത്രിക്ക് സൗജന്യമായി ലഭിച്ച സ്ഥലത്ത് ആവശ്യമായ പ്രവർത്തനം നടന്നിട്ടില്ല.

26. സ്കൂൾ പരിസരത്ത് ഐസ്ക്രീമുകൾ, ലഹരി മിഠായികൾ പുളി അച്ചാറുകൾ തുടങ്ങിയവ വിൽക്കുന്നത് പകർച്ച വ്യാധികൾക്ക് ഇടയാക്കുന്നു.

## സാധ്യതകൾ:

1. ആശുപത്രി കെട്ടിടം പത്തു കിടക്കകൾക്കുള്ള സൗകര്യത്തോടെ പുതുക്കി പണിയുക.

2. ആശുപത്രിയിൽ മുഴുവൻ ഡോക്ടറേയും മാതൃ ശിശു സംരക്ഷണത്തിനുള്ള പ്രത്യേക ഡോക്ടർമാരേയും നിയമിക്കുക.

3. ഫർണിച്ചറുകൾ പ്രതിരോധ ഔഷധങ്ങൾ സൂക്ഷിക്കുവാനുള്ള സംവിധാനം എന്നിവ ഏർപ്പെടുത്തുക.

4. ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

5. ആശുപത്രി റോഡ് കയറ്റം കുറച്ച് രോഗികൾക്ക് നടന്നെത്താവുന്ന സൗകര്യത്തിലാക്കുക.

6. കായണ്ണ പ്രാഥമികാരോഗ്യ കേന്ദ്രം പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിൽ ആക്കുക.

7. ആശുപത്രി സംരക്ഷണത്തിന് മതിലുകൾ നിർമ്മിക്കുക.

8. പഞ്ചായത്തിലെ മുഴുവൻ കിണറുകൾക്കും ആൾമറ നിർമ്മിച്ച് ക്ലോറിനേറ്റ് ചെയ്ത് വലയിട്ട് സൂക്ഷിക്കുക.

9. ആയുർവേദ ഹോമിയോ പ്രകൃതിചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുക.

10. കക്കൂസ് ഇല്ലാത്ത വീടുകൾകൾക്ക് കക്കൂസ് നിർമ്മിക്കുക.

11. പ്രവൃത്തിക്കാത്ത സബ്ബ് സെന്ററുകൾ പ്രവർത്തിപ്പിക്കുകയും നാലാം വാർഡിൽ സൗജന്യമായ സ്ഥലത്ത് സബ്ബ് സെന്ററുകൾ സ്ഥാപിക്കാനാവശ്യമായ പ്രവർത്തനം നടത്തുകയും ചെയ്യുക.

12. വീടുകൾ തോറും കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.

13. ഡ്രൈനേജ് സംവിധാനം ശാസ്ത്രീയമായി പരിഷ്കരിക്കുക.

14. ഹോട്ടലുകളുടെ ശുചിത്വം നിലനിർത്താൻ ആവശ്യമായ കർശന നിർദ്ദേശം നൽകുക.

15. പൊതുശ്മശാനം ഏർപ്പെടുത്തുക.

16. എയ്ഡ്സ്, ക്യാൻസർ, ഹൃദ്രോഗം, പ്രമേഹം തുടങ്ങിയ മാരക രോഗങ്ങൾ കണ്ടെത്താൻ രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുക.

17. മദ്യം, പുകവലി മയക്കു മരുന്ന് ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

18. അലഞ്ഞു തിരിഞ്ഞ് നടക്കുന്ന പട്ടികളെ നശിപ്പിക്കുകയും പട്ടികളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.

19. പഞ്ചായത്തിലെ പ്രധാനസ്ഥലങ്ങൾ ശുചീകരിക്കുവാൻ മുഴുവൻ സമയ തൂപ്പുകാരെ ഏർപ്പെടുത്തുക.

20. മത്സ്യവിൽപന കേന്ദ്രം ശുചിയായി സൂക്ഷിക്കുവാനും ഗുണമേന്മയുള്ള മത്സ്യങ്ങൾ മാത്രം വിൽക്കുവാനും നിഷ്കർഷിക്കുകയും ഇടയ്ക്കിടെ പരിശോധിക്കുകയും ചെയ്യുക.

21. അനധികൃത അറവുശാലകൾ നിർത്തലാക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ഗുണമേന്മ പരിശോധിക്കുകയും ചെയ്യുക.

22. സ്കൂൾ പരിസരത്ത് ഐസ്ക്രീമുകൾ ലഹരി മിഠായികൾ, പുളി അച്ചാറുകൾ തുടങ്ങിയവ വിൽക്കുന്നത് നിരോധിക്കുക.

23. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാര കുറവ് നികത്താനുള്ള നടപടികൾ സ്വീകരിക്കുക.

24. ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുക. ജെ.പി.എച്ച്.

25. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.

26. ആയുർവേദ ആശുപത്രിക്ക് സൗജന്യമായി ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് ആശുപത്രി തുടങ്ങുക.

# കുടിവെള്ളം

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് നമ്മുടേത്. ഇവിടുത്തെ മുഖ്യജലസ്രോതസ്സ് വീടുകളിൽ ഉള്ള കിണറുകൾ ആണ്. ഇവയിൽ നാൽപത് ശതമാനവും വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്നു. പൊതുകിണർ 20, കുളങ്ങൾ നാല്, കുഴൽ കിണറുകൾ ഏഴ്, വാട്ടർ ടാങ്കുകൾ നാല്, ഇവ കൂടാതെ കുറ്റ്യാടി പദ്ധതിയുടെ കനാൽ കടന്നുപോകുന്ന സ്ഥലത്തെ നീരുറവകളും ഇവിടുത്തെ ജല സ്രോതസ്സുകളാണ്. കുന്നിൻ ചെരുവിലുള്ള സ്ഥലങ്ങൾ നാലാം വാർഡിലെ ചെമ്പ്ര പുഴയുടെ പരിസര പ്രദേശം ഇവിടെയെല്ലാം ജലക്ഷാമം താരതമ്യേന കുറവാണ്. മറ്റുള്ള പ്രദേശങ്ങളില്ലാം വേനൽക്കാലത്ത് ജലക്ഷാം നേരിടുന്നു. കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ പൂവ്വത്താം കുന്നിൽ നിർമിച്ച ടാങ്കിൽ ജലം സംഭരിച്ച് പ്രവർത്തനം ആരംഭിക്കുന്നതോടെ ഒരു പരിധിവരെ ജലക്ഷാമം കുറയ്ക്കാൻ കഴിയും.

### പ്രശ്നങ്ങൾ

ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ:-

വാർഡ് I) ചണ്ണങ്ങാട് ഭാഗം, കക്കാട് കുന്ന് പള്ളിഭാഗം,

വാർഡ് II )തിരമംഗലത്ത് കുന്ന്, പുളിഞ്ഞോളി കുന്ന്, പാടയാട്ടുപൊയിൽ, പാറക്കണ്ടി ഭാഗം, കുന്നുമ്മൽ മീത്തൽ ഭാഗം, വാഴയിൽ വളപ്പിൽ മീത്തൽ ഭാഗം.

വാർഡ് III) കരിമ്പാലൻ കൊല്ലി മൂകൾഭാഗം, മൊട്ടൻതറ, ആലോറചാലിൽ മീത്തൽ.

വാർഡ് IV) ഈങ്ങോറ, പാറച്ചാൽ അമ്പാഴപ്പാറ, ചന്ദനം, വിരുണപ്പുറം, പാറമുതുക്.

വാർഡ് V) പൂവ്വത്താൻ കുന്ന് പൊറോളി, ഊളേരി, ഏരപ്പാം തോട്, ചെലക്കാട്, നരിക്കാട്,

വാർഡ് VI) തുരുത്ത മല, എരാംപൊയിൽ കോളനി, മിച്ച ഭൂമി, ഊളേരി, ചുണ്ടപൊയിൽ, ആറങ്ങാട്ട് കൊല്ലി, ആശ്രമത്തിനും കിഴക്കും പടിഞ്ഞാറും ഭാഗം, പാടിക്കുന്ന്, കാപ്പുമല, പുതിയോട്ടും കുഴി, കാപ്പുമ്മൽ നെല്ലിയാം കര, കള്ളൻകൊത്തി പാറ, കാരക്കുളങ്ങരെ ചാലിൽ പൂവ്വത്താം കുന്ന് കൂട്ടപ്പാറ, കൊല്ലി, കരികണ്ടൻ പാറതാഴെ.

വാർഡ് VII) കോരമംഗലം കുന്ന്. ചമ്പോടുമൽ, മരപ്പറ്റ, പുതിയോട്ടും കുഴി.

വാർഡ് VIII) നമ്പ്രംകുന്ന്, നീലികുന്നുമ്മൽ, മാണിക്കോത്ത് കുന്നുമ്മൽ

### സാധ്യതകൾ:-

I 1) ചണ്ണങ്ങാട് കുന്നിലെ പഞ്ചായത്ത് കിണർ ആഴം കൂടി കല്ലുകൊണ്ട് കെട്ടിയാൽ 20 കുടുംബത്തിന് പ്രയോജനപ്പെടും.

2. കനാൽ പുറമ്പോക്കു സ്ഥലത്ത് കിണർ കുഴിച്ച് കക്കാട് കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം ചെയ്യുക. മനുഷ്യപ്രയത്നം ലഭ്യമാണ്.

II കുന്നുമ്മൽ മീത്തൽ ഭാഗത്ത് കിണർ കുഴിക്കാൻ സൗജന്യമായി സ്ഥലം കിട്ടും. പുളിഞ്ഞോളിക്കുന്ന്. പാടയാട്ടുപൊയിൽ തിരുമംഗലത്തു കുന്നിൽ, പാറക്കണ്ടിഭാഗം, വാഴയിൽ വളപ്പിൽ മീത്തൽ ഭാഗം ഇവിടങ്ങളിൽ പൈപ്പ് ലൈൻ വഴി വീടുകൾക്ക് കണക്ഷൻ കിട്ടണം. പ്രവർത്തനത്തിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പു ലൈൻ വാർഡിലെത്തുന്നുണ്ട്.

III കരിമ്പാലൻ കൊല്ലി, വടക്കെ മുറിമല, മൊട്ടന്തറ, അയ്യപ്പൻചാൽ എന്നിവിടങ്ങളിലെ നീരുറവ കെട്ടി ജലം സംഭരിച്ച് ജലക്ഷാമം അനുഭവപ്പെടുന്നവർക്ക് എത്തിക്കുക, ആലോറച്ചാൽ മീത്തൽ ഭാഗത്ത് സൗജന്യമായി കിണറിനാവശ്യമായ സ്ഥലം നൽകാൻ നിലവിലുള്ള പഞ്ചായത്തു കിണറുകൾ നന്നാക്കി ഉപയോഗയോഗ്യമാക്കാം.

IV അമ്പാഴപ്പാറയിൽ എത്തി നിൽക്കുന്ന K.W.A യുടെ പൈപ്പു ലൈൻ നീട്ടി ജലവിതരണം നടത്താൻ പദ്ധതി വിപുലീകരിക്കുക.

2. കൊളോറ് പാറ പഞ്ചായത്ത് കിണറിൽ നിന്ന് വെള്ളം, ചീക്കപ്പറ്റക്കുന്നിൽ ടാങ്കു കെട്ടി ശേഖരിച്ച് പൈപ്പുവഴി വിതരണം ചെയ്യുക.

3. ഈങ്ങോറച്ചാലിൽ കുഴൽകിണർ നന്നാക്കി ഉപയോഗിക്കുക.

4. ചെമ്പ്ര പുഴയരുകിൽ കിണർ കുഴിച്ച് ഈങ്ങോറക്കുന്നിൽ ടാങ്കു കെട്ടി ജലം സംഭരിച്ച് പൈപ്പുവഴി വിതരണം ചെയ്യുക.

5. മണികുലുക്കി താഴ ബണ്ടിൽ നിന്ന് വെള്ളം ശേഖരിച്ച് പാറച്ചാലിൽ കുന്നിൽ ടാങ്കുകെട്ടി ജലവിതരണം നടത്തുക.

6. ഈങ്ങോറച്ചാലിലെ ഉറവ് ഉപയോഗപ്പെടുത്തുക.

7.വിരുണപ്പുറത്തു പഞ്ചായത്ത് കിണർ കുഴിക്കുക.

V1.പൂവത്താംകുന്ന് ഉളേരി നരിക്കാട്,എരപ്പാൻതോട്, പൊറാളി ചേലക്കാട് താഴ്‌വര പ്രദേലങ്ങളിലെ150 കിടുംബങ്ങൾക്ക് പൂവത്താംകുന്ന് ജലസംഭരണി K.W.A വഴി ജലം എത്തിക്കുക

2.എട്ടിയിൽ സൗകര്യപ്രദമായ സ്ഥലത്ത് കുളംകുഴിച്ചാ 30– ഓളം കുടുംബങ്ങൾക്ക് ജലവിതരണം നട ത്താൻ കഴിയും. പൈപ്പ്, മനുഷ്യവിഭവം എന്നിവ സൗജന്യമായി ലഭിക്കും.

3.മങ്ങാട്ടുപാടത്ത് സൗകര്യപ്രദമായ സ്ഥലത്ത് പൊതു കിണർകുഴിച്ചാൽ 15 വീട്ടുകാർക്ക് ഉപയോഗപ്പെ ടുത്താം.2 സെന്റ് സ്ഥലം സൗജന്യമായി ലഭിക്കും. മുച്ചിലോട്ട്മലയിൽ കുഴൽക്കിണർപണിത് കുടി വെള്ളം ലഭ്യമാക്കണം.

VI 1. കോട്ടൂർ പഞ്ചായത്തിലെ നമ്പി കുളത്തിലെ വെള്ളം ഉപയോഗിച്ച് തുരുത്തമല, എരാമ്പൊയിൽ, കോളനി, മിച്ചഭൂമി, ഊളേരി ആറങ്ങോടു കൊല്ലി ചുണ്ടപ്പൊയിൽ ഭാഗങ്ങളിലെ 300 വീട്ടുകാരുടെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കഴിയും.

2.എരാമ്പൊയിൽ 2 സെൻര് സ്ഥലം വിലക്കെടുത്ത് കുളം നിർമ്മിച്ച് പാടിക്കുന്നിൽ ടാങ്കു കെട്ടി വെള്ളം ശേഖരിച്ച് പാടിക്കുന്ന് കാപ്പുമല, നെല്ലി യാംകര, പുതിയോട്ടുംകുഴി എന്നീ പ്രദെസ ങ്ങ്ളിലെ 200 വീട്ടുകാർക്ക് പ്രയോജനപ്പെടുത്താം.

3.ഊളേരി, മാവുള്ളകൊല്ലി എന്നിവിടങ്ങളിലെ നീരുവ് വിപുലപ്പെടുത്തിയാൽ 150 വീട്ടുകാർക്ക് പ്രയോ ജനപ്പെടുത്താം.

4.കൂളിക്കാവിലുള്ള പഞ്ചായത്ത് കിണർ ഉപയോഗി ക്കുന്നില്ല. കിണറിനടുത്തെ കക്കൂസ് അകലേക്ക് മാറ്റുക. എന്നാൽ കിണർ കുടിവെള്ളത്തിന് പ്രയോ ജനപ്പെടുത്താം.ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പു ലൈൻ കള്ളൻ കൊത്തിപ്പാറ കരി ങ്കണ്ടൻപാറ, കാരകുളങ്ങരച്ചാലിൽ, കൂട്ടപ്പാറ ക്കൊല്ലി, പുതിയോട്ടും കുഴി എന്നീ ഭാഗത്തേക്കും, ചെറുകാട് എൽ.പി. സ്കൂൾ, രാജീവ് ദശലക്ഷം കോളനി,കറുത്തമ്പത്ത്, എരാമ്പൊയിൽ കോളനി എന്നിവിടങ്ഹളിലേക്കും വ്യാപിപ്പിക്കുക.

പാത്തിക്കൽ, കൂടത്താംപൊയിൽ സ്ഥലത്തുള്ള നീരു രവു പ്രയോജനപ്പെടുത്തുക.

VIII. കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പൈപ്പു ലൈൻ കോരമംഗലം കുന്ന്, ചമ്പോട്, മരപ്പറ്റ, പുതി യോട്ടുംകുഴി ഇവിടങ്ങളിലേക്ക് നീട്ടുക. കുറ്റിവ യൽ, മരപ്പറ്റ ഭാഗത്തുള്ള കുഴൽക്കിണർ, പൊതു കിണർ എന്നിവ നന്നാക്കുക

VII.കുറ്റ്യാടി ഇറിഗേഷൻ പദ്ധതിപ്രദേശമായ വാരർക ണ്ടിതാഴ,കിഴക്കയിൽ താഴ എന്നീ പ്രദേശങ്ങളിൽ കിണർ കുഴിച്ച് ഉയർന്ന സ്ഥലത്ത് ടാങ്കു കെട്ടി ജല വിതരണം നടത്തുക. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ നന്നാക്കി ഉപയോഗിക്കുക.

അവലംബം : Annual Administration Report 1995

**STATEMENT SHOWING THE NO.OF INPATIENT/OUT PATIENT DURING 1995.**

| Sl. No | No. of bed imotionaed | No. of in patients | | | | No. of in patients | | | |
|---|---|---|---|---|---|---|---|---|---|
| | | Total | Male | Female | Children | Total | Male | Female | children |
| PHC Kayanna | | ---------Nil ------------ | | | | 2430 | 611 | 1121 | 698. |

Statement- Surgerical operation conducted during 1995 (Minor).

No.of operation counducted: 16

result of operation: Discharged:16

Remaining: Nil.

# ഗതാഗതം

കായണ്ണ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ പശ്ചാത്തലമൊരുക്കുന്നതിൽഗതാഗത സൗകര്യത്തിന് പ്രധാന പങ്കു വഹിക്കാനുണ്ട്.നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചു കിടക്കുന്ന റോഡുകളുടെ ശൃംഖല നമുക്കുണ്ടെങ്കിലും ടാർ ചെയ്തതും ഏതു കാലാവസ്ഥയിലും ഗതാഗത യോഗ്യവുമായ റോഡുകൾ അപര്യാപ്തമായ അവസ്ഥയിലാണ് ഇന്നുള്ളത്.

കായണ്ണയിലം ആദ്യത്തെ റോഡായ മുളിയങ്ങൽ കരിങ്കണ്ടൻ പാററോഡ് വെട്ടിയത് 1947 ൽ ആയിരുന്നു എന്നു പറയപ്പെടുന്നു.ജനകീയമായി നിർമ്മിച്ച ഈ പാത പിന്നീട് മുളിയങ്ങൽ–കൈതക്കൊല്ലി റോഡായി മാറി.

ആദ്യ കാലഘട്ടങ്ങളിൽ വഴിയാത്രക്ക് കോവിലകത്തുള്ളവർ മഞ്ചലുകൾ ഉപയോഗിച്ചിരുന്നു. മഞ്ചലുകളുടെ അവശിഷ്ടം ഇന്നും ചില വീടുകളിൽ കാണാം. പിന്ന് ഈ മഞ്ചലുകൾ രോഗികളെ ആശുപത്രിയിൽ എത്തിക്കാനും ഉപയോഗിച്ചു. ചരക്കുകൾ കയറ്റിയിറക്കാൻ കാളവണ്ടികളും ഉപയോഗിച്ചിരുന്നു.

എട്ടോളം ടാറിട്ട റോഡുകളും ഇരുപത്തിയാറു മൺ റോഡുകളും ഇന്ന് നിലവിലുണ്ട്.ടാറിട്ട റോഡുകളിലൂടെ വാഹന ഗതാഗതം നടക്കുന്നുണ്ടെങ്കിലും മൺ റോഡുകളിലെ അവസ്ഥ ഇതിൽ നിന്നും വിഭിന്നമാണ്. മൺ റോഡുകളിൽ പലതും മഴക്കാലത്ത് ഗതാഗത യോഗ്യമല്ല.

പഞ്ചായത്തിൽ ടാറ് ചെയ്തതും ചെയ്യാത്തതുമായ റോഡുകൾ എല്ലാ വാർഡിലുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ ആകെ ദൈർഘ്യം 51 കിലോമീറ്ററാണ്. ഇതിൽ ടാർ ചെയ്ത റോഡിന്റെ ആകെ ദൈർഘ്യം 18.5 കി.മീ. ഉം മൺ റോഡിന്റെ നീളം 32.5 കി.മീ ഉം ആണ്.

മുപ്പതോളം ബസ്സും ഇരുപത്തിയെട്ടു ജീപ്പും ഇരുപത്തിമൂന്ന് ഓട്ടോറിക്ഷയും ഇന്ന് നമ്മുടെ റോഡിലൂടെ സ്ഥിരമായി ഗതാഗതം നടത്തുന്നുണ്ട്. നിലവിലുള്ള ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്ക് നിയമ സാധുതയില്ല. (ഇൻസ്പെക്ഷൻ റോഡു

## അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകൾ:

| ക്രമ നമ്പർ | റോഡ് | വാർഡ് |
|---|---|---|
| 1. | ചെറുകാട് കുറ്റിവയൽ റോഡ് | 7 |
| 2 | കള്ളം കൊത്തിപ്പാറ ഊളേരി റോഡ്. | 6 |
| 3 | കാരക്കുളങ്ങര ചാലിൽ മണ്ടോപ്പറ്റ റോഡ് | 6 |
| 4 | കോളനിമുക്ക് എടക്കണ്ടി റോഡ് | 6 |
| 5 | പൂവത്തും കുന്ന് എരപ്പാൻ തോട് റോഡ | 5 |
| 6 | ഊളേരി കാറ്റുള്ളമാല റോഡ് | 5 |
| 7 | കരികണ്ടൻ പാറ ഉണ്ടഞ്ചാൽ റോഡ് | 4 |
| 8 | പൂത്തേട്ട്താഴ മുത്താമ്പിപ്പാറ റോഡ് | 5. |

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ സംബന്ധിച്ച വിവരം:

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | ബസ് |
|---|---|---|---|---|
| 1 | കായണ്ണ ബസാർ - നരയൻ കുളം റോഡ്. | പഞ്ചായത്ത് | 2 കി.മീ | ഉണ്ട് |
| 2 | കായണ്ണ - കൈതക്കൊല്ലി റോഡ് | PWD | 5600 | ഉണ്ട് |
| 3 | പേരാമ്പ്ര - ചെമ്പറ- കൂരാച്ചുണ്ട് റോഡ് | PWD | 350 | ഉണ്ട്. |
| 4 | ബാലുശ്ശേരി - കൂരാച്ചുണ്ട് റോഡിൽ പാടിക്കുന്നു മുതൽ എരപ്പാൻ തോട് വരെ | PWD | 3.200 | ഉണ്ട്. |
| 5 | കായണ്ണ ജി.യു. പി. സ്കൂൾ - പാടിക്കുന്ന് റോഡ്. | PWD | 4.000 | ഇല്ല. |
| 6 | കുറ്റിവയൽ - മാട്ടനോട് റോഡ്. | പഞ്ചായത്ത് | 2.000 | ഉണ്ട്. |
| 7 | മൊട്ടന്തറ - ചെറുകാട് റോഡ് | പഞ്ചായത്ത് | 1.000 | ഇല്ല. |

കൾ) നിരവധി റോഡുകൾ ഈ വിഭാഗത്തിൽ പെടുന്നത് കൊണ്ട് ഗതാഗത സൗകര്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

### പ്രശ്നങ്ങൾ

പല റോഡുകളും ടാറിംങ് പൂർത്തിയാക്കാത്തതിനാൽ മറ്റു പഞ്ചായത്തുകളുമായി എളുപ്പത്തിൽ ബന്ധപ്പെടാനുള്ള സാധ്യത ഇപ്പോൾ കുറവാണ്.

### പട്ടിക 1

### ടാറിംഗ് പൂർത്തീകരിക്കാനുള്ള റോഡുകൾ

| നമ്പർ റോഡ് | വാർഡ് | ദൂരം |
|---|---|---|
| 1. കായണ്ണ-പാടിക്കുന്നു റോഡ് | VII | $1^1/_2$KM |
| 2. മാട്ടനോട് - ചെമ്പറപാലം റോഡ് | III | 2 KM |
| 3. മൊട്ടന്തറ - ചെറുക്കാട് കോളനി മൂക്ക് റോഡ് | VI | $2^1/_2$ KM |

പഞ്ചായത്തിലെ ഗതാഗത സൗകര്യത്തിന്റെ യഥാർത്ഥ ഗുണം സാധ്യമാകണമെങ്കിൽ പട്ടിക 2-ൽ പറഞ്ഞിരിക്കുന്ന റോഡുകൾ ടാർ ചെയ്യേണ്ടത് അത്യാവശ്യമാണ്. വെള്ളം കെട്ടി നിൽക്കുന്ന ഭാഗങ്ങളിൽ കൾവർട്ട് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ യാത്രാ സൗകര്യത്തിന് പ്രധാന റോഡുകളുമായി ബന്ധിപ്പിച്ചുകൊണ്ട് നടപ്പാതകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. പട്ടിക 5-ൽ ആവശ്യമായ നടപ്പാതകളുടെ വിശദാംശങ്ങൾ ചേർത്തിരിക്കുന്നു. പ്രൈവറ്റ് ബസ്സുകൾക്ക് ബസ്സുടമകളുടെ സൗകര്യം പോലെ പെർമിറ്റുകൾ ലഭിക്കുന്നത് കാരണം ഗ്രാമപ്രദേശങ്ങളിലേക്ക് ബസ്സ് സൗകര്യം കുറയുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. നമ്മുടെ ഗ്രാമത്തിലും ഇതിന്റെ ദൂഷ്യഫലം അനുഭവപ്പെടുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സേവനവും പഞ്ചായത്തിൽ ലഭ്യമല്ല. മിക്ക റോഡുകൾക്കും ഓവു ചാലുകൾ ഇല്ല. ഇതുമൂലം റോഡുകൾക്ക് ഗതാഗത കുരുക്കൊഴിവാക്കാൻ ടാക്സി സ്റ്റാന്റും ഓട്ടോറിക്ഷാ സ്റ്റാന്റും നിർമ്മിക്കേണ്ടത് ആവശ്യമാണ്. പ്രധാന പാതകളിൽ ട്രാഫിക് സിഗ്നൽ ബോർഡുകൾ ഇല്ല.

### പരിഹാരങ്ങൾ

റോഡു നിർമ്മാണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പഞ്ചായത്ത് തലത്തിൽ സ്ഥിരം സംവിധാനം ഉണ്ടാക്കുക.

റോഡുകളുടെ നിർമ്മിതിയിലും സംരക്ഷണത്തിലും അതത് പ്രദേശത്തെ ആളുകളെ പങ്കെടുപ്പിക്കുക. വിദ്യാലയത്തിനടുത്ത് സുരക്ഷാ സംവിധാനങ്ങൾ ഉണ്ടാക്കുക.

കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ് ഉൾപ്പെടെ കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തി യാത്രാ പ്രശ്നം

## നിലവിലുള്ള മൺറോഡുകൾ

| നമ്പർ | റോഡ് | ദൂരം | വാർഡ് |
|---|---|---|---|
| 1. | കരകണ്ടൻ പാറ ഊളേരി റോഡ് | 2.100 Km | 5-6 |
| 2. | മാട്ടനോട് ചെമ്പ്ര പാലം റോഡ് | 1.500 Km | 3-4 |
| 3. | മൊട്ടന്തറ ആശുപത്രി റോഡ് | 0.400 Km | 3 |
| 4. | കരകണ്ടൻപാറ ചെമ്പ്ര റോഡ് | 2.000 Km | 4 |
| 5. | മൊട്ടന്തറ വിരുണപ്പുറം റോഡ് | 2.000 Km | 3 |
| 6. | വിരുണപ്പുറം ചെമ്പ്ര റോഡ് | 0.650 Km | 4 |
| 7. | കായണ്ണ ബസാർ മാട്ടനോട് റോഡ് | 3.000 Km | 2 |
| 8. | ചാലിൽമുക്ക് എടോത്ത് കണ്ടി റോഡ് | 1.200 Km | 8 |
| 8. | ചെറുക്കാട് നരയംകുളം റോഡ് | 1.200 Km | 6-7 |
| 10. | കരികണ്ടൻപാറ മണികുലുക്കിതാഴെ | 2.000 Km | 4 |
| 11. | ഓത്തിൽ സ്കൂൾ പാറത്താഴ റോഡ് | 0.360 Km | 4-5 |
| 12. | നമ്പ്രത്തുമ്മൽ കുന്നത്തുപൊയിൽ റോഡ് | 1. 500 Km | 8 |
| 13. | കൂരിക്കൾകൊല്ലി പടിക്കപ്പൊയിൽ റോഡ് | 1.000 Km | 2 |
| 14. | ഓപ്പൺ എയർ തിയറ്റർ റോഡ് | 0.150 Km | 8 |
| 15. | ചാലിൽമുക്ക് മുണ്ടുവയൽ ഹരിജൻ കോളനി റോഡ് | 1.000 Km | 8 |
| 16. | ആലോറച്ചാലിൽ ഹരിജൻ കോളനി റോഡ് | 0.950 Km | 3 |
| 17. | കായണ്ണ ബസാർ നടുക്കണ്ടി താഴ റോഡ് | 1.500 km | 1 |
| 18. | ചേണികണ്ടി പാറകോളനിമുക്ക് റോഡ് | 1.600 Km | 6 |
| 19. | കാപ്പുമ്മൽ പുതിയോട്ടും കുഴി ഹരിജൻ കോളനി റോഡ് | 1.080 Km | 6 |
| 20. | ഉന്തുമ്മൽ താഴ പള്ളിമുക്ക് റോഡ് | 0.600 Km | 1 |
| 21. | ഈർച്ചമിൽ ലക്ഷം വീട് പള്ളിമുക്ക് റോഡ് | 0.300 Km | 1 |
| 22. | കുറ്റിവയൽ ചെറുക്കാട് റോഡ് | 1.100 Km | 7 |
| 23 | കള്ളൻ കൊത്തിപ്പാറ ഊളേരി റോഡ് | 1.100 Km | 6 |

## പട്ടിക 2 പുതുതായി ടാർ ചെയ്യേണ്ട റോഡുകളുടെ വിവരം

| നമ്പർ | റോഡ് | വാർഡ് | ദൂരം |
|---|---|---|---|
| 1 | കുരിക്കൾകൊല്ലി - കോടേരിച്ചാൽ റോഡ് | II | |
| 2 | മൊട്ടന്തറ - ഗവ. ആശുപത്രി റോഡ് | III | |
| 3 | മാട്ടനോട് - പുളിച്ചിപറമ്പത്ത് കോളനി റോഡ് | III | |
| 4 | മൊട്ടന്തറ ചന്ദനംവയൽ - വിരുണപ്പുറം റോഡ് | III | |
| 5 | ആലോറച്ചാൽ - ഹരിജൻ കോളനി റോഡ് | III | |
| 6 | കുറ്റിവയൽ ചെമ്പറ റോഡ് | III, IV | |
| 7 | കരിക്കണ്ടൻപാറ കോളോറുപാറ ചെമ്പറ റോഡ് | IV | |
| 8 | കാപ്പുമല പുതിയോട്ടുംകുഴി കോളനി റോഡ് | VI | |
| 9 | ചെറുക്കാട് നരയൻകുളം റോഡ് | VI | |
| 10 | കൈതക്കുളങ്ങര - വരപ്പുറത്ത് റോഡ് | VIII | |
| 11 | ചാലിൽമുക്ക് - എടോത്ത്കണ്ടി റോഡ് | VIII | |
| 12 | നമ്പ്രംകുന്ന് - കിഴക്കയിൽ താഴ കോളനി റോഡ് | VIII | |
| 13 | ഊളേരി - കരികണ്ടൻപാറ റോഡ് | V, VI | |
| 14 | കായണ്ണ - പള്ളിമുക്ക് റോഡ് | II | |
| 15 | ചെറുക്കാട് - കോളനിമുക്ക് റോഡ് | VI | |

422

## പട്ടിക 4 പുതിയ റോഡുകൾ ആവശ്യമായവ

| ക്രമനമ്പർ | സ്ഥലം | വാർഡ് |
|---|---|---|
| 1 | ചോയിക്കണ്ടി താഴ മുതൽ നടുക്കണ്ടിപ്പാറ റോഡിലേക്കു ബന്ധപ്പെടുന്ന പാത | 1 |
| 2 | പുതിയോട്ടിൽ റോഡിൽ നിന്നും കുരിക്കൾ കൊല്ലിയുമായി ബന്ധിപ്പിക്കുന്ന പാത | 2 |
| 3 | കുരിക്കൾ കൊല്ലി കോടേരിച്ചാൽ റോഡ് ചെമ്പ്ര റോഡുമായി ബന്ധിപ്പിക്കുന്ന പാത | 2 |
| 4 | നെല്ലിക്കുന്നേൽ മുതൽ പൂവ്വത്താംകുന്നു വരെ. | 5 |

## പട്ടിക 6 പാലങ്ങൾ ആവശ്യമായവ

| ക്രമനമ്പർ | പാലങ്ങൾ വേണ്ട സ്ഥലങ്ങൾ | വാർഡ് |
|---|---|---|
| 1 | ചാലിൽമുക്ക് എടോത്തുകണ്ടി റോഡിനുവേണ്ടി റോഡിന് മൂന്നുപാലം | 8 |
| 2 | ചെറുക്കാട് നരയംകുളം റോഡിൽ ചേണികണ്ടിപ്പാറയ്ക്ക് സമീപം | 6 |
| 3 | മണികുലുക്കിത്താഴ റോഡിൽ ഇടുക്കുകല്ലിൽ | 4 |
| 4 | തുരുത്തുമല റോഡിന് മരോട്ടിക്കൽ ഭാഗത്ത് | 6 |
| 5 | കിഴക്കെ പറമ്പിൽ താഴെ | 2 |
| 6 | കുരിക്കൾകൊല്ലി പടിക്കപ്പൊയിൽ താഴെ റോഡിന് | 1 |

പരിഹരിക്കുക.

ഓരോ വർഷവും റോഡുകൾ അറ്റകുറ്റപ്പണി നടത്തി വാഹനഗതാഗതം സുഗമമാക്കണം. മുൻഗണനാക്രമത്തിൽ ഓരോ റോഡും ടാർ ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. പുതിയ റോഡുകളേക്കാൾ പ്രധാനമാണ് നടപ്പാതകളുടെ നിർമ്മാണം. ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുക. ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാന ആവശ്യമാണിത്. പട്ടിക-5

ഇൻസ്പെക്ഷൻ (ഇറിഗേഷൻ) റോഡുകളെ പൊതുജനോപകാര പ്രദമായ രീതിയിൽ ഗതാഗത സൗകര്യത്തിനു വേണ്ടി നിലവിലുള്ള നിയമത്തെ ലഘൂകരിക്കുക.

ഓവുചാലുകൾ നിർമ്മിക്കുക. ടാക്സി -. ഓട്ടോ റിക്ഷാ സ്റ്റാന്റുകൾ നിർമ്മിക്കുക. കായണ്ണ ബസാറിനടുത്ത് തന്നെ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

### സാധ്യതകൾ

റോഡു പണികളിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം അഭ്യർത്ഥിക്കാം. ജനപങ്കാളിത്തത്തോടെയുള്ള ഇത്തരം പ്രവൃത്തികൾക്ക് ഗുണമേന്മയും, അവയുടെ സംരക്ഷണത്തിന് ഇത്തരം കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവുകയും ചെയ്യും. ജനകീയ കമ്മറ്റികൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സേവനം ലഭ്യമാക്കാം. മുൻഗണനാ ക്രമത്തിൽ ഗതാഗത വികസനം ഉണ്ടാക്കാം.

### നടപ്പാതകൾ ആവശ്യമായവ.

| നമ്പർ | നടപ്പാതകളുടെ പേര് | വാർഡ് |
|---|---|---|
| 1 | തണ്ടോറ മുതൽ പരവൻചാലിൽ താഴ വരെ | 2 |
| 2. | പുളിച്ചിപറമ്പത്ത് കോളനി റോഡിൽ നിന്ന് കാവുംവയൽ ഭാഗം വരെ | 2 |
| 3 | മാട്ടനോട് റോഡിൽനിന്ന് കായണ്ണ യു.പി. സ്കൂൾ വരെ | 3 |
| 4. | മൊട്ടന്തറ ഹെൽത്ത് സെന്റർ മുതൽ ഹൈസ്കൂൾ വരെ | 3 |
| 5. | മാട്ടനോട് റോഡിൽ നിന്ന് തുമ്പച്ചാൽ വഴി ഹൈസ്കൂളിലേക്ക് | 3. |
| 6. | കരികണ്ടൻപാറ ഉണ്ടൻചാൽ വഴി ഓത്തിൽ സ്കൂൾ | 4 |
| 7. | കറുത്തമ്പത്ത് താഴെ കോളനി കോൺക്രീറ്റു പാലം | 6 |
| 8. | പാടിക്കുന്ന് മേലേ ഭാഗത്ത് | 6 |
| 9. | കുറ്റിവയൽ – ചെറുക്കാട് നടപ്പാത | 7 |
| 10. | കോളനിമുക്ക് മേലേഭാഗത്ത് | 6 |
| 11. | കള്ളംകൊത്തിപ്പാറ കോളക്കാംവയൽ | 7 |
| 12. | മാണിക്കോത്ത് താഴെനിന്നും MLA റോഡിലേക്ക് | 8 |

# ഊർജ്ജം

വികസന രംഗത്ത് ഏററമാറ്റങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്ന ഊർജത്തിന്റെ ലഭ്യത പഞ്ചായത്തിൽ പരിമിതമാണ്. പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളേയാണ് നാം ഇന്നും ആശ്രയിച്ച് പോരുന്നത്. ഊർജ്ജം അതിന്റെ വിവിധ രൂപങ്ങളിൽ ആവശ്യമാണെന്നിരിക്കെ അതിന്റെ ലഭ്യത തുലോം വിരളമാണ്. ഇവിടെയാണ് പാരമ്പര്യേതര ഊർജ്ജസ്രോതസുകളുടെ പ്രസക്തി. ഇവിടെ സാധ്യത പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ 1981-ൽ ആദ്യമായി വൈദ്യുതി എത്തിയെങ്കിലും ഇന്നും ഏതാണ്ട് 15% വീടുകളിൽ മാത്രമേ അതിന്റെ ഗുണം ലഭിച്ചിട്ടുള്ളൂ. വൈദ്യുതിയ്ക്ക് വേണ്ടി കാത്തിരിയ്ക്കുന്നവർ അനവധിയാണ്. നിലവിലുള്ള ഉഭോക്താക്കൾ പേരാമ്പ്ര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള വൈദ്യുതി കണക്ഷനെക്കുറിച്ചുള്ള വിവരങ്ങൾ. പട്ടിക-1ൽ ചേർത്തിരിയ്ക്കുന്നു. മേൽക്കാണിച്ച പട്ടികയിൽ ഉൾപ്പെടാത്ത മിനിമം ഗ്യാരണ്ടി സ്കീമിൽ അപേക്ഷ സമർപ്പിച്ച് കാത്തിരിയ്ക്കുന്ന നിരവധി ആളുകൾ പഞ്ചായത്തിലുണ്ട്.

ഗാർഹിക ഊർജ്ജ ഉപയോഗം സാധ്യമാക്കുന്നത് വിറകുകളാണ്. അവ ലഭ്യവുമാണ്. പെട്രോളിയം ഗ്യാസും മണ്ണെണ്ണയും ആവശ്യാനുസരണം ലഭിയ്ക്കുന്നില്ല. പുകയില്ലാത്ത അടുപ്പുകൾ നാമമാത്രമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഇവയുടെ ഇന്ധനലാഭത്തെക്കുറിച്ചും പ്രായോഗിക സൗകര്യത്തെക്കുറിച്ചും പലരും അജ്ഞരാണ്. വേണ്ടത്ര ബോധവൽക്കരണം ഇതിന് ആവശ്യമാണ്. ജൈവ സമ്പത്ത് ഇവിടെ ലഭ്യമാണെങ്കിലും അതു ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ നാമമാത്രമാണ്. സാധ്യമായ സ്ഥലങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ ഇവ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതാണ്. സൗരോർജ്ജത്തിന്റെ ഫലപ്രദമായ ഉപയോഗവും നമുക്ക് അന്യമാണ്. പേരാമ്പ്ര ബ്ലോക്കിനെ അനർട്ട് സർവ്വെയിലുൾപ്പെടുത്തി സൗരോർജ്ജ ഉപകരണങ്ങൾ ലഭ്യമാക്കി പ്രശ്നം പരിഹരിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. കായണ്ണ പഞ്ചായത്തിൽ വൈദ്യുത ലൈനുള്ള പ്രധാന റോഡുകളിൽപ്പോലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. മിനിമം ഗ്യാരണ്ടി സ്കീമിൽ അപേക്ഷ സമർപ്പിച്ചിരിയ്ക്കുന്ന പാത്തിപ്പാറ, എരാംപൊയിൽ ഭാഗം, കായണ്ണ-പാടിക്കുന്ന് ഭാഗം, മൊട്ടന്തറ ഭാഗം, കള്ളംകൊത്തിപ്പാറ, ഊളേരി - കോളനിമുക്ക്, ചെറുക്കാട്, എന്നീ സ്ഥലങ്ങളിൽ ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല.

കറുത്തമ്പത്ത്, കള്ളൻകൊത്തിപ്പാറ, പുതിയോട്ടുംകുഴി, മാട്ടനോട്, ചന്ദനം വയൽ, വിരുണപ്പുറം, പാറമുതു, പുളിച്ചിപ്പറമ്പത്ത്, നീലികുന്ന്, വാവോടുമല, മാണിക്കോത്ത് കുന്നുമ്മൽ എന്നീ കോളനികൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല.

## പരിഹാരങ്ങൾ - സാധ്യതകൾ

കായണ്ണ പഞ്ചായത്തിൽ വേണ്ടത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എല്ലാ വീടുകളിലും വൈദ്യുതീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. (ഗ്രാമസഭകളിലെ മുഖ്യാവശ്യമായിരുന്നു ഇത്)

വൈദ്യുതിയുടെ അമിതോപയോഗം തടയാൻ ആവശ്യമായ ബോധവൽക്കരണം നടത്തണം.

വൈദ്യുതലൈനുകളിൽ തട്ടുന്ന മരക്കൊമ്പുകൾ യഥാസമയം വെട്ടിമാറ്റാനുള്ള സ്ഥിരം സംവിധാനമുണ്ടാക്കുക. ഇതുവഴി വൈദ്യുതി പ്രസരണനഷ്ടം ഒരു

പരിധിവരെ ഒഴിവാക്കാം. ദക്ഷത കൂടിയ വൈദ്യുത വിളക്കുകൾ സ്ഥാപിച്ച് ഓരോ വീട്ടിലും ഊർജ്ജാസൂത്രണം നടപ്പിലാക്കുക.

വൈദ്യുതി ചാർജ് അടയ്ക്കാനുള്ള സൗകര്യം പഞ്ചായത്തടിസ്ഥാനത്തിൽ ക്രമീകരിയ്ക്കുക.

പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാനുള്ള ധനസഹായം ലഭ്യമാക്കുക.

പ്രഷർകുക്കറിന്റെ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

കച്ചിപ്പെട്ടിയുടെ നിർമ്മാണത്തിൽ വേണ്ടത്ര പരിശീലനം കൊടുക്കുക.

സോളാർ പ്രഷർ കുക്കറിന്റേയും, വിളക്കുകളുടേയും ലഭ്യത ഉറപ്പുവരുത്തുകയും സബ്സിഡി അനുവദിക്കുകയും ചെയ്യുക. ഗ്യാസ് കണക്ഷൻ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ പഞ്ചായത്ത് തലത്തിൽ ഗ്യാസ് ഏജൻസി ആരംഭിയ്ക്കുക.

| കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകർ | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ | തൻ വർഷത്തെ കണക്ഷൻ | പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്നു L.T. ട്രാൻസ്ഫോർമർ | സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക |
|---|---|---|---|---|---|
| ഓർഡിനറി 44<br>ഒ.ടി.പി. 1<br>ഒ.വൈ.ഇ.ടി 9 | ബൾബ്<br>25 W, 40 W, 60 W, 100 W } ഇല്ല<br>ട്യൂബ് ഇല്ല<br>മെർക്കുറി ഇല്ല വേപ്പർ<br>സോഡിയം വേപ്പർ 1 | ഇല്ല | ഓർഡിനറി 20<br>ഒ.ടി.പി. 1<br>ഒ.വൈ. ഇ.സി. 13 | 1. No.1 കാഞ്ഞ (മാട്ടനോട്)<br>2. No. 11 കായണ്ണ ബസ്സാർ<br>3. കരികണ്ടൻ പാറ | Rs.27/- |

# ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ

**പൊ**തുവെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. 16.83 Km. വിസ്തൃതിയുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ 12578 ആണ്. പുരുഷന്മാർ 6409, സ്ത്രീകൾ 6169. (അവലംബം 1991-ലെ സെൻസസ്)

ജനസാന്ദ്രതയുടെ കാര്യത്തിൽ കായണ്ണ പഞ്ചായത്ത് സംസ്ഥാന ശരാശരിയ്ക്ക് തുല്യമാണ് എന്നാണ് കണക്കുകൾ കാണിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ വാസയോഗ്യമായ വീടുകളില്ലാത്ത ഏതാണ്ട് 200-ൽ അധികം കുടുംബങ്ങൾ നിലവിലുണ്ട്. വിവിധ ഏജൻസികളിൽ നിന്നും ധനസഹായം സ്വീകരിച്ചു വീടു നിർമിച്ചവരുടെ എണ്ണം പരിമിതമാണ്.

പഞ്ചായത്തിൽ ഒരു ലക്ഷം വീട് കോളനി മാത്രമാണുള്ളത്. അതിൽ 8 വീടുകളിലായി 16 കുടുംബങ്ങൾ താമസിച്ചുവരുന്നു. ലക്ഷം വീടുകൾ മിക്കതും അറ്റകുറ്റ പണി നടത്തേണ്ടതാണ്. കെട്ടിടങ്ങളുടെ സ്ഥിതി പരിതാപകരമാണ്. നിലവിലുള്ള താമസക്കാർക്ക് പട്ടയം നൽകാൻ ഏർപ്പാടുണ്ടാക്കണം. കോളനിയിലെ വീടുകൾക്ക് കക്കൂസില്ല. വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഭൂരഹിതർക്കായി ഭവന നിർമ്മാണത്തിന് 4 സെൻറ് സ്ഥലം പതിച്ചു കൊടുക്കുന്ന പദ്ധതിയനുസരിച്ച നാളിതുവരെ 73 ആളുകൾക്ക് സ്ഥലം വിതരണം ചെയ്തിട്ടുണ്ട്.

ഈ ആവശ്യത്തിന് ചിലരെങ്കിലും മറ്റു സാമ്പത്തിക സഹായങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ പെടുത്തി വിതരണം ചെയ്യാനായി 55 സെൻറ് സ്ഥലം പഞ്ചായത്ത് വിലയ്ക്കെടുത്തിട്ടുണ്ട്.

രാജീവ് ദശലക്ഷം പദ്ധതിക്ക് ആവശ്യമായ സ്ഥലം വിലയ്ക്കെടുക്കുകയും 50 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് സ്ഥലം തിരഞ്ഞെടുത്തത് ജല ലഭ്യത നോക്കിയല്ല. ഈ വീടുകൾക്കുവേണ്ടി ലഭിച്ച അപേക്ഷകളിൽ അനുവദിച്ച വീടുകൾ നിർദ്ദിഷ്ട തുക അടച്ച് കൈവശമാക്കിയത് 9 പേർ മാത്രമാണ്. ബാക്കി 41 വീടുകൾക്കായി വീണ്ടും അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. ദുർബ്ബല ഭൂരഹിത വിഭാഗത്തിൽ പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം വലിയൊരു സംഖ്യ അടച്ചു വീട് സ്വന്തമാക്കുക പലപ്പോഴും പ്രായോഗികമല്ല. ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 8-ാം പദ്ധതിക്കാലത്ത് 21 വീടുകൾ അനുവദിച്ചതിൽ 5 വീടുകളുടെ പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 96-97 വർഷത്തിൽ 10 വീടുകൾ കൂടി അനുവദിച്ചിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് വീടു നിർമ്മിക്കുന്നതിന് ധന സഹായം അനുവദിക്കുന്നതിനു പകരം നിശ്ചിത പ്ലാൻ അനുസരിച്ചു നിർമ്മിച്ചുകൊടുത്താൽ സാങ്കേതിക വൈദഗ്ധ്യം ലഭിച്ചില്ല എന്ന പ്രശ്നം പരിഹരിക്കാം.

പഞ്ചായത്തിൽ വളരെ വലുതെന്ന് പറയാവുന്ന വീടുകൾ അംഗുലീപരിമിതമാണ്. വൻ വീടുകൾ

**ജനസാന്ദ്രത പട്ടിക**

| ഇന്ത്യ | കേരളം | കോഴിക്കോട് | താലൂക്ക് | പഞ്ചായത്ത് |
|---|---|---|---|---|
| 274/ച.കി.മീ | 749/ച.കി.മീ | 118/ച.കി.മീ | 876/ച.കി.മീ. | 747 ച.കി.മീ |

നിർമ്മിക്കുന്ന പ്രവണത കുറവാണ്. ഗൾഫ് ഈ രംഗത്ത് അത്രയൊന്നും സ്വാധീനം ചെലുത്തിയിട്ടില്ല. മിക്ക വീടുകളും ഇടത്തരമോ വളരെ ചെറുതോ ആണ്. 60%-ൽ അധികം ഓലമേഞ്ഞ വീടുകളാണ്. വർഷം തോറുമുള്ള കെട്ടിമേച്ചിൽ ദരിദ്രവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ദുഷ്കരമാണ്. ഇത്തരം ആളുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്.

ഇടത്തരക്കാരെ സംബന്ധിച്ചിടത്തോളം ഭവന നിർമ്മാണം വളരെ പ്രയാസകരമായിത്തീർന്നുകൊണ്ടിരിക്കുകയാണ്.

നിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റം. നിർമ്മാണച്ചെലവ് കുറയ്ക്കാനാവശ്യമായ സാങ്കേതി വിദ്യയുടെ അഭാവം എന്നിവ പ്രശ്നമാണ്. നിർമ്മാണ രംഗത്തെ വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തതയും നിലനിൽക്കുന്നു.

## നിർദ്ദേശങ്ങൾ - സാദ്ധ്യതകൾ

1. ലക്ഷം വീട് കോളനി നിവാസികളടക്കമുള്ള അർഹരായ ആളുകളെ കണ്ടെത്തി കക്കൂസ് നിർമ്മാണത്തിനാവശ്യമായ ധനസഹായം അനുവദിയ്ക്കുന്നതിന് പകരം അവ നിർമ്മിച്ചുകൊടുക്കണം.

2. നാല് സെൻറ് കോളനികൾക്ക് അർഹരായ ആളുകളെ ജനകീയ കമ്മറ്റി മുഖേന തെരഞ്ഞെടുത്ത് വിതരണം നീതിപൂർവ്വമാക്കേണ്ടതുണ്ട്.

3. കോളനികളിൽ സ്ഥലം ലഭിച്ച് 6 മാസത്തിനുളളിലെങ്കിലും ഉപയോഗപ്പെടുത്താത്ത ആളുകളിൽ നിന്നും തിരിച്ചെടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

4. നാല് സെൻറ് കോളനിയിലെ സ്ഥലം ഇപ്പോഴുള്ള കൈവശക്കാർക്ക് വിട്ടുകൊടുക്കേണ്ടതാണ്.

5. രാജീവ് ദശലക്ഷം പദ്ധതി പ്രദേശത്തുള്ള വീടുകൾക്ക് ശുദ്ധജലത്തിനായി പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തുക.

6. രാജീവ് ദശലക്ഷം പദ്ധതി പ്രകാരമുള്ള വീട് ലഭിയ്ക്കുവാൻ അടയ്ക്കേണ്ട തുക കുറയ്ക്കുകയോ പൂർണ്ണമായും ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

7. ദരിദ്രവിഭാഗങ്ങളിൽ പെട്ട അർഹരായ ആളുകൾക്ക് വീട് കെട്ടിമേച്ചിലിന് ആവശ്യമായ ധനസഹായം അനുവദിയ്ക്കണം.

8. ദുർബ്ബല വിഭാഗങ്ങൾക്ക് വീട് ഓടിടുന്നതിന് അനുവദിയ്ക്കുന്ന തുക പര്യാപ്തമല്ലാത്തതുകൊണ്ട് തുക വർദ്ധിപ്പിയ്ക്കേണ്ടതുണ്ട്.

9. ഭവനനിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

10. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന രീതിയെക്കുറിച്ചുള്ള പ്രചരണവും സാങ്കേതിക വൈദഗ്ദ്യത്തിന്റെ ലഭ്യതയും ഉറപ്പ് വരുത്തേണ്ടതാണ്.

11. വിദഗ്ദ്ധതൊഴിലുകളിൽ ശാസ്ത്രീയ പരിശീലനത്തിനായി പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുക.

12. സിമൻറ്, ഇഷ്ടിക പോലെയുള്ള നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി നിർമ്മിയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

13. നിർമ്മാണ രംഗത്ത് വിദഗ്ധരും, അവിദഗ്ധരുമായ തൊഴിലാളികളെ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഭവനനിർമ്മാണ പ്രവർത്ത

**പട്ടിക കഴിഞ്ഞ 3 വർഷത്തെ ഭവനനിർമ്മാണ നില**

| വാർഡ് | I | II | III | IV | V | VI | VII | VIII | ആകെ |
|---|---|---|---|---|---|---|---|---|---|
| 1994-95 | 9 | 9 | 7 | 6 | 3 | 18 | 12 | 10 | 74 |
| 95-96 | 11 | 6 | 24 | 6 | 6 | 14 | 12 | 10 | 89 |
| 96-97 | 7 | 11 | 14 | 8 | 11 | 27 | 20 | 11 | 109 |
| ആകെ | 27 | 26 | 45 | 20 | 20 | 59 | 44 | 31 | 272 |

നങ്ങൾ ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ സംഘത്തിനും ഉപഭോക്താവിനും ഗുണകരമാവും.

### ക്ഷേമ പ്രവർത്തനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റു ഏജൻസികളുടേതുമായി ധാരാളം ക്ഷേമ പദ്ധതികൾ ഉണ്ടെങ്കിലും അർഹരായ ബഹുഭൂരിപക്ഷം ആളുകൾക്കും അതിന്റെ ഗുണം ലഭിക്കുന്നില്ല എന്നതാണ് വസ്തുത. പദ്ധതികളെക്കുറിച്ച് വ്യക്തമായ അറിവു ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവമാണ് ഇതിന് മുഖ്യകാരണം. 1992 വരെയുള്ള IRDP സർവ്വെ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം 1158 ആണ്.

പഞ്ചായത്തിൽ നിലവിൽ വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| ടി.ബി. പെൻഷൻ | : | 10 ( 1 വർഷത്തേക്ക് മാത്രം) |
| വിധവാ പെൻഷൻ | : | 158 |
| വികലാംഗ പെൻഷൻ | : | 68 |
| വാർദ്ധക്യകാല പെൻഷൻ | : | |
| തൊഴിലില്ലായ്മ വേതനം | : | 636 അപേക്ഷയിൽ തീർപ്പ് കൽപിച്ചിട്ടുണ്ട്. |
| സ്വാതന്ത്ര്യ സമര പെൻഷൻ | : | 1 |

I.R.D.P അനുസരിച്ചു 8-ാം പദ്ധതിക്കാലത്ത് 107 കുടുംബത്തിന് ധനസഹായം അനുവദിച്ചതായി കണക്കുകൾ കാണിക്കുന്നു. ഇതിൽ 36 കുടുംബങ്ങൾ പട്ടികജാതിയിൽപെട്ടതാണ്. അർഹരായ എല്ലാവർക്കും ധനസഹായം ലഭിച്ചില്ല എന്നതാണ് വസ്തുത.

ട്രൈസം പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ ഇതുവരെ 18 പേർക്ക് മാത്രമേ പരിശീലനം നൽകിയിട്ടുള്ളൂ. ഈ പദ്ധതിയെപ്പറ്റിയുള്ള പരിശീലനം കിട്ടിയവർക്ക് തന്നെ പരിമിതികൾ മൂലം സ്വയം തൊഴിൽ യൂണിറ്റ് തുടങ്ങുവാൻ സാധിക്കുന്നില്ല.

പഞ്ചായത്തിൽ ഇതുവരെ അനുവദിച്ച രണ്ട് DWCRA യൂണിറ്റുകളിൽ ഒന്നു മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ. സ്ത്രീകളുടെ ഗ്രൂപ്പുകൾക്കായുള്ള സ്വയംതൊഴിൽ പദ്ധതികളിൽ വളരെ ആകർഷകമാണെന്നു തോന്നുന്ന പദ്ധതികയാണെങ്കിലും പഞ്ചായത്തിൽ അത്തരത്തിലുള്ള ഒരു യൂണിറ്റ് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്നതുതന്നെ പദ്ധതിയുടെ വൈകല്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ഇത്തരം പദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന കർശന വ്യവസ്ഥകളാണ് വനിതാ ഗ്രൂപ്പുകളെ പിൻതിരിപ്പിക്കുന്നത്.

കൈത്തൊഴിൽ ഉപകരണ പരിപാടിയനുസരിച്ചു 13 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. സഹായ പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയാണ് കൂടുതൽ ആളുകൾക്ക് സഹായം ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

മുഖ്യമായും പട്ടികജാതിക്കാരെ ഉദ്ദേശിച്ചുകൊണ്ടുള്ള മില്യൺ വെൽ പദ്ധതിയനുസരിച്ച് 8-ാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ 4 കിണറുകളും 5 വീടുകളും പൂർത്തിയാക്കിയതായി ബന്ധപ്പെട്ട വകുപ്പിന്റെ അവലോകനത്തിൽ കാണുന്നു.

C.R.S.P പദ്ധതിയിൽ ഉൾപ്പെടുത്തി 8-ാം പദ്ധതിയിൽ 13 കക്കൂസുകൾക്ക് ധനസഹായം അനുവദിച്ചു. ഈ പദ്ധതി ലക്ഷ്യം കൈവരിക്കണമെങ്കിൽ മുഴുവൻ വീടുകൾക്കും കക്കൂസ് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 12 അങ്കണവാടികളാണ് ഉള്ളത്. ഇവയിലൂടെ അനുപൂരക പോഷണം ലഭിക്കുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു.

ഇതിനു പുറമെ ഇരുമ്പ് സത്ത് അടങ്ങിയ ഗുളികകളും വൈറ്റമിൻ തുള്ളിമരുന്നു പ്രതിരോധ കുത്തിവയ്പുകളും ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും വിവിധ കേന്ദ്രങ്ങളിൽ വച്ച് നൽകുന്നുണ്ട്. I.C.D.S മുഖേന ഇപ്പോൾ 655 കുട്ടികൾക്കും 68 ഗർഭിണികൾക്കും 61 അമ്മമാർക്കും ഭക്ഷണ സാധനങ്ങളും മറ്റു സേവനങ്ങളും നൽകിവരുന്നുണ്ട്. നിലവിൽ പഞ്ചായത്തിലുള്ള 12 അങ്കണവാടികളിൽ 2 അങ്കണവാടികൾക്ക് സ്ഥലം ആവശ്യമുണ്ട്. കൂടാതെ അങ്കണവാടികൾ വൈദ്യുതീകരിക്കുകയും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും മറ്റു പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

പഞ്ചായത്തിലെ 2, 6, 7 വാർഡുകളിൽ പുതിയ അംഗൻ വാടികൾ സ്ഥാപിക്കണം. ആവശ്യമായ

പട്ടിക - അനുപൂരക പോഷണം ലഭിക്കുന്നവർ

| വാർഡ് | സെന്റർ നമ്പർ | സ്ഥലം | കുട്ടികൾ | ഗർഭിണികൾ | മുലയൂട്ടുന്ന അമ്മമാർ |
|---|---|---|---|---|---|
| I | 42 | പാറക്കൽ | 30 | 9 | 9 |
| II | 43 | പരവൻചാലിൽ | 57 | 6 | 5 |
| III | 44 | മാട്ടനോട് | 18 | 5 | 6 |
| III | 115 | കായണ്ണ ബസാർ അങ്കണവാടി | 83 | 6 | 5 |
| IV | 117 | കരികണ്ടൻപാറ | 40 | 3 | 3 |
| V | 46 | പൊറാളി | 47 | 3 | 3 |
| VI | 47 | കോളനിമുക്ക് | 53 | 5 | 4 |
| VI | 48 | കൂടത്താംപൊയിൽ | 49 | 5 | 4 |
| VI | 118 | ചെറുക്കാട് | 60 | 4 | 5 |
| VIII | 49 | കൈതാംപോയിൽ | 30 | 5 | 5 |
| VIII | 116 | യമുന | 101 | 10 | 9 |
| | | ആകെ | 568 | 61 | 59 |

സ്ഥലം സൗജന്യമായി ലഭിക്കാനിടയുണ്ട്. കെട്ടിട നിർമ്മാണ കാര്യത്തിലും ജനപങ്കാളിത്തം ലഭിക്കും.

വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് വനിതകളെ ബോധവൽക്കരിക്കുന്നതിനും സ്ത്രീകളെ രംഗത്തു കൊണ്ടുവരുന്നതിനും അങ്കണവാടികളെ കേന്ദ്രീകരിച്ച് മഹിളാ സമാജങ്ങൾ ശക്തമാക്കണം.

നമ്മുടെ പഞ്ചായത്തിലെ വികലാംഗരിൽ ചുരുക്കം ആളുകൾക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്. സമൂഹത്തിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്നവരാണ് വികലാംഗർ. ഏതൊരു സർക്കാറിന്റേയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ മാറ്റുരക്കുന്നതിന് ഉത്തമ ദൃഷ്ടാന്തമായി എടുക്കാവുന്നതാണ് വികലാംഗക്ഷേമരംഗം. പ്രസ്തുത രംഗത്ത് നമ്മുടെ പഞ്ചായത്ത് പിറകിലാണ് എന്ന കാര്യത്തിൽ തർക്കമില്ല. വികലാംഗക്ഷേമ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

പൊതുവിതരണ കേന്ദ്രങ്ങൾ കായണ്ണ പഞ്ചായത്തിൽ 5 എണ്ണമുണ്ട്. കായണ്ണ പഞ്ചായത്തിൽ പൊതുവിതരണ കേന്ദ്രങ്ങൾ ഇനി തുടങ്ങേണ്ടതില്ല. എന്നാൽ പല വ്യഞ്ജനങ്ങളുടെ ന്യായ വിലയ്ക്കുള്ള ലഭ്യത ഉറപ്പു വരുത്താൻ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കേണ്ടതാണ്. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചു ബോധവൽക്കരിക്കുന്നതിനായി ഉപഭോക്തൃ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കണം.

## നിർദ്ദേശങ്ങൾ - സാധ്യതകൾ

1. വിവിധ ക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇൻഫർമേഷൻ ബ്യൂറോ ആരംഭിക്കാവുന്നതാണ്.

2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ജനകീയ സമിതികൾ രൂപീകരിക്കാവുന്നതാണ്.

3. IRDP പദ്ധതിയനുസരിച്ചുള്ള സഹായം അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കുക.

4. ട്രൈസം പദ്ധതിയിലേക്ക് കൂടുതൽ ആളുകളെ നിയോഗിക്കുന്നതിനായി പ്രചരണ പ്രവർത്തനം നടത്താവുന്നതാണ്.

5. ട്രൈസം പരിശീലനം നേടിയിട്ടുള്ള ആളുകൾക്ക് ലളിതമായ വ്യവസ്ഥയിൽ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുവാനുള്ള ധന-സങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

6. D.W.C.R.A പദ്ധതി ഉപയോഗപ്പെടുത്തുവാൻ കൂടുതൽ വനിതാ സംഘങ്ങളെ കാര്യക്ഷമമാക്കുക.

7. മില്യൻ വെൽ പദ്ധതി കാര്യക്ഷമമാക്കുക.

8. ദുർബ്ബല വിഭാഗങ്ങൾക്കുള്ള പെൻഷൻ അർഹരായ എല്ലാവർക്കും കിട്ടുന്നു എന്ന് ഉറപ്പു വരുത്തുവാൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.

9. പെൻഷൻ വിതരണം പഞ്ചായത്ത് മുഖേന നടത്തണം.

10. അംഗൻ വാടികളിലെ മഹിളാ സ്വസ്ത് സംഘ് (M.S.S) പ്രവർത്തനം കാര്യക്ഷമമാക്കുക.

11. പഞ്ചായത്തിലെ കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

12. പഞ്ചായത്തിലെ 2, 6, 7 വാർഡുകളിൽ ഓരോ പുതിയ അങ്കണവാടികൾ സ്ഥാപിക്കണം. ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കും.

13. മഹിളാ സമാജങ്ങളുടെ പ്രവർത്തനം വ്യാപകമാക്കുക.

14. വികലാംഗ ക്ഷേമ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുക.

15. പഞ്ചായത്തിൽ മാവേലി സ്റ്റോർ സ്ഥാപിക്കുക.

16. ഉപഭോക്തൃ പ്രസ്ഥാനം ശക്തിപ്പെടുത്തുക.

### ഭവന നിർമ്മാണം (IRDP സർവ്വെ പ്രകാരം)

| വീട് ആവശ്യമുള്ളവർ | അനുവദിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാൻ ഉള്ളത്. |
|---|---|---|---|
| NREP | 14 | 14 | - |
| RLEGP | 12 | 12 | - |
| JRY | 5 | 3 | 2 |
| MWS | 10 | 8 | 2 |
| IAY | 36 | 19 | 17 |

### പട്ടിക

### പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | പൊതു വിതരണ കേന്ദ്രം നമ്പർ | കാർഡ് ഉടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|---|---|---|
| | | N.E | E | ആകെ | മേജർ 12 വയസ്സിനു മേൽ | മൈനർ 3-12 വയസ്സ് | ആകെ |
| 1. | 134 കായണ്ണ ബസ്സാർ | 399 | 44 | 443 | 1816 | 441 | 2257 |
| 2. | 154 കായണ്ണ ബസ്സാർ | 433 | 87 | 520 | 2230 | 387 | 2617 |
| 3. | 162 മൊട്ടന്തറ | 354 | 27 | 381 | 1754 | 372 | 2126 |
| 4 | 206 ചെറുക്കാട് | 233 | 2 | 235 | 1066 | 176 | 1242 |
| 5 | 302 മാട്ടനോട് | 233 | 19 | 252 | 1155 | 228 | 1383 |
| | ആകെ | 1652 | 179 | 1831 | 8021 | 1604 | 9625 |

# സംസ്കാരം

അവികസിത പ്രദേശമായ ഈ പഞ്ചായത്തിന് ദീർഘകാലത്തെ സംസ്കാര ചരിത്രം അവകാശപ്പെടാനില്ല. പ്രത്യേകിച്ചും കുറ്റിവയൽ തോടിന് കിഴക്കുള്ള പ്രദേശത്തിന് ഏതാണ്ട് 100 വർഷങ്ങളുടെ അധിവാസ ചരിത്രം മാത്രമേയുള്ളൂ. ഇതിന് തന്നെ ലിഖിത രൂപത്തിലുള്ള കണക്കുകൾ ലഭ്യമല്ല. പക്ഷെ, കാലഗണന അസാദ്ധ്യമായ തരത്തിൽ ഇവിടെ ഒരു ജനവിഭാഗം അധിവസിച്ചിരുന്നു എന്നതിന് തെളിവുകൾ വിവിധ ഭാഗങ്ങളിൽ ഉണ്ട്. ഉദാഹരണമായി ചെറുക്കാട്, ആരങ്ങാട്ട് കൊല്ലിയിൽ ഒരു പൗരാണിക ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ ജീവിച്ചിരിക്കുന്ന പ്രായമായ ആളുകൾക്ക് പോലും ഇതിനെക്കുറിച്ച് കൃത്യമായ ഒരറിവുമില്ല. ഇതുപോലെ കൊടക്കല്ലൂരും, ചന്ദനവയൽ ഭാഗത്തും, കായണ്ണ അങ്ങാടിക്കടുത്തുമൊക്കെ ഏതു കാലത്തതെന്ന് നിർണ്ണയിക്കാൻ കഴിയാത്ത ജനവാസകേന്ദ്രങ്ങളുടെ നേരിയ തെളിവുകളുണ്ട്.

കായണ്ണ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ചരിത്രം തുടങ്ങുന്നത് കായണ്ണ അങ്ങാടിക്കടുത്ത് 1912-ൽ കായണ്ണ ബോർഡ് ബോയ്സ് സ്കൂൾ തുടങ്ങുന്നതോടെയാണ്. ഇതാണ് വിവിധ കാലഘട്ടങ്ങളിലൂടെ കടന്ന് ഇന്നത്തെ കായണ്ണ ഗവ. യു.പി. സ്കൂൾ ആയിമാറിയത്. ഇതിന് മുമ്പു കായണ്ണ അങ്ങാടിയിൽ തന്നെ ഈച്ചരോത്ത് എന്ന സ്ഥലത്ത് ഒരു കുടിപ്പള്ളിക്കൂടം പ്രവർത്തിച്ചിരുന്നു എന്ന് പറയപ്പെടുന്നു.

പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തെ പരാമർശിക്കുമ്പോൾ അവഗണിക്കാനാകാത്തതാണ് വിവിധ മത വിഭാഗങ്ങളുടെ ആരാധനാലയങ്ങൾ. കായണ്ണയിലെ വിവിധ ജനവിഭാഗങ്ങളുടെ സംഗമസ്ഥാനമായിരുന്ന കായണ്ണ ശ്രീ. ഭഗവതീ ക്ഷേത്രം ഇതിൽ പ്രാധാന്യമർഹിക്കുന്നു. വിവിധ ക്ഷേത്രകലകൾ അനുഷ്ടാനത്തിന്റെ ഭാഗമായി ഇവിടെ അരങ്ങേറിയിരുന്നു. കായണ്ണയിലുള്ള മുസ്ലീം പള്ളിയും കരികണ്ടൻ പാറയിലുള്ള കുരിശു പള്ളിയും സാംസ്കാരിക കേന്ദ്രങ്ങളെന്ന നിലയിൽ പ്രസ്താവ്യമാണ്.

1950 കാലഘട്ടത്തിൽ പുരാണനാടകങ്ങൾ രംഗത്തവതരിപ്പിച്ചുകൊണ്ടു ഒരു സംഘം കലാ പ്രവർത്തകർ പേരും പെരുമയുമാർജ്ജിച്ചിരുന്നു. നാടകാവതരണത്തിന്റെ ആശാൻ എന്ന നിലയിൽ ആശാൻ നമ്പ്യാർ എന്നറിയപ്പെട്ടിരുന്ന പള്ളിക്കുന്നുമ്മൽ കുഞ്ഞികൃഷ്ണൻ നമ്പ്യാർ, അക്കാലത്തെ നാടകങ്ങളിൽ ഒഴിവാക്കാനാകാതിരുന്ന വിദൂഷക കഥാപാത്രത്തെ തന്മയീഭാവത്തോടെ രംഗത്തവതരിപ്പിക്കുന്നതിൽ പ്രശസ്തനായതിനാൽ വിദൂഷകനെന്ന അപരനാമം സിദ്ധിച്ചിരുന്ന പുതുശ്ശേരി കുഞ്ഞിക്കണ്ണൻ നായർ, പി.സി. പത്മനാഭൻ നായർ, ഈ നാടകങ്ങൾ അരങ്ങത്തെത്തിക്കുന്നതിൽ സർവ്വവിധ സഹായങ്ങളും നൽകി പ്രോത്സാഹിപ്പിച്ചിരുന്ന പഴയ മേനോൻ എന്നറിയപ്പെടുന്ന കരുണാകരൻ നായർ തുടങ്ങിയവരെ അനുസ്മരിക്കാതെ കായണ്ണ പഞ്ചായത്തിന്റെ കലാസാംസ്കാരിക ചരിത്രം പൂർണ്ണമാകുന്നില്ല. ശ്യമന്തകം, ഭൂലോകാരംഭ, ധ്രുവചരിതം തുടങ്ങിയ പുരാണനാടകങ്ങൾ ചാരുതയോടെ രംഗാവിഷ്കരണം നടത്തി പ്രേക്ഷകരെ ആസ്വാദനത്തിന്റെ ഉദാത്ത മേഖലകളിലെത്തിക്കുവാൻ ഇവർക്ക് കഴിഞ്ഞിരുന്നു.

മെയ്വഴക്കത്തിന്റെയും ധ്രുത ചലനത്തിന്റെയും താളനിബദ്ധതയുടെയും സമന്വയിഭാവമായിരുന്ന കോൽക്കളിയും വട്ടക്കളിയുമൊക്കെ കായണ്ണയിൽ ഒരു കാലത്ത് പ്രചുരപ്രചാരം നേടിയിരുന്നു. ഓണത്തോടനുബന്ധിച്ച് നടത്തിയിരുന്ന അമ്പെയ്ത്ത് മത്സരം അനേകമാളുകളെ ആകർഷിച്ചിരുന്ന വിനോദമായിരുന്നു.

ആധുനിക കാലത്തെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പിറവിക്ക് ഏതാണ്ട് ഇരുപത്തഞ്ച് - മുപ്പത് കൊല്ലത്തെ ചരിത്രമേ പറയാനുള്ളൂ. കലാകായിക രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന പല ക്ലബ്ബുകളും ഉണ്ടായിരുന്നു. സമൂഹത്തിൽ നിലവിലിരുന്ന പല അനാ

ചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായ ബോധവത്ക്കരണത്തിനും കൂട്ടായ്മക്കും വേണ്ടി സ്തുത്യർഹമായ സേവനം നൽകുവാൻ ഈ ക്ലബ്ബു കളുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 1970 കളിൽ കായണ്ണ അങ്ങാടിയെ കേന്ദ്രീകരിച്ച് സജീവ മായി പ്രവർത്തിച്ചിരുന്ന ഒന്നാണ് ചെഗുവേര യൂത്ത് ക്ലബ്ബ്. ഏതാനും നാടകങ്ങളും ഗാനമേളകളും രംഗ ത്തവതരിപ്പിച്ച് സജീവസാന്നിദ്ധ്യം പ്രകടമാക്കാൻ ഇതിന് കഴിഞ്ഞിരുന്നു. ഇതേ കാലഘട്ടത്തിൽ തന്നെ കലാകായികരംഗങ്ങളിൽ നിസ്തുല പ്രവർത്തനങ്ങളി ലൂടെ ബഹുജനശ്രദ്ധ പിടിച്ചുപറ്റിയ എക്സലന്റ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബും രംഗത്തുണ്ടാ യിരുന്നു. ഇതുപോലെ കണ്ണിപ്പൊയിൽ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന രചനാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് വയോജനവിദ്യാഭ്യാസത്തിലും സാമൂഹ്യവത്ക്ക രണത്തിലും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇതും ഇന്ന് നിലവിലില്ല. ഇതുപോലെ ചെറുക്കാട് റെഡ് സ്റ്റാർ ക്ലബ്ബും ന്യൂസ്റ്റാർ ക്ലബ്ബും സ്ഥലത്തെ ചെറു പ്പക്കാരുടെ സജീവസാന്നിദ്ധ്യത്തിലൂടെ വിവിധ പരി പാടികൾ രംഗത്തവതരിപ്പിച്ചിട്ടുണ്ട്. എടുത്തു പറയാ വുന്ന മറ്റൊന്നാണ് കായണ്ണയിലുണ്ടായിരുന്ന ധർമ്മാ തിയേറ്റേഴ്സ് ഇതും കുറച്ചുകാലം തങ്ങളുടെ സജീവ സാന്നിധ്യം നിലനിർത്തിക്കൊണ്ട് കാലത്തിന്റെ തിര ശ്ശീലക്ക് പിന്നിൽ മറഞ്ഞുപോയി. ഇതുപോലെ മൊട്ട ന്തറയിലും മൈത്രീ സ്പോർട്സ് എന്ന പേരിൽ ഒരു ക്ലബ്ബ് കുറെക്കാലം പ്രവർത്തിച്ചിരുന്നു.

## നിലവിലുള്ള ക്ലബ്ബുകൾ

കായണ്ണയിലുള്ള കെ.ആർ.സി. കായിക രംഗത്ത് വിശേഷിച്ചും വോളിബോളിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. ഇതിന്റെ ആഭി മുഖ്യത്തിൽ വർഷംതോറും വോളിബോൾ ടൂർണ്ണ മെന്റ് നടത്തിവരുന്നുണ്ട്. കായണ്ണയുടെ വിവിധ ഭാഗ ങ്ങളിൽ വളർന്നും തളർന്നും പ്രവർത്തിച്ചുകൊണ്ടി രിക്കുന്ന ഒട്ടേറെ വോളിബോൾ കോർട്ടുകളുണ്ട്. കായ ണ്ണയിലെ കലാരംഗത്തെ ഭീഷ്മാചാര്യനായിരുന്ന കോഴക്കോടന്റെ സ്മാരകമായി സ്ഥാപിച്ച കോഴക്കോ ടൻ കലാസമിതിയും കലാകായിക രംഗങ്ങളിൽ മികച്ച പ്രവർത്തനങ്ങളുമായി സജീവമായി പ്രവർത്തിച്ചി രുന്നു. എന്നാൽ ഇന്ന് ഇതിന്റെ പ്രവർത്തനം ഏതാണ്ട് മന്ദീഭവിച്ചിരിക്കുന്നു. എരപ്പാൻതോട്ടിൽ യംഗ്മെൻസ് ആർട്സ് & സ്പോർട്ട് ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ട്. കരി കണ്ണൻപാറയിൽ ലിബർട്ടി ക്ലബ്ബും മൊട്ടന്തറയിൽ പുലരി ചന്ദനത്തിലും ഇപ്പോഴും പ്രവർത്തിച്ചു വരുന്ന ക്ലബ്ബുകളാണ്. ഇതുപോലെ ആറാം വാർഡിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ജലി കറുത്തമ്പത്ത് സംഗമം ചെറുകാട്, യുവതാര കോളനിമുക്ക് തപസ്യ ഊളേരി ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കായണ്ണ ബസാർ തുടങ്ങിയവ കലാകായിക രംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും ഈ രംഗത്ത് നിരവധി പ്രശ്നങ്ങളുണ്ട്. സാമ്പത്തിക പരാ ധീനതയാണ് മുഖ്യം. പ്രവർത്തിക്കാനാവശ്യമായ സ്ഥലലഭ്യതയുടെ അപര്യാപ്തത അഭ്യസ്ത വിദ്യരായ യുവതലമുറയെ ഈ രംഗത്ത് വളർത്തിക്കൊണ്ടുവ രുന്നതിലുള്ള അലംഭാവം തുടങ്ങിയവ എടുത്തു പറ യേണ്ടതാണ്.

## നിർദ്ദേശങ്ങൾ-സാധ്യതകൾ

1 എല്ലാ വർഡുകളിലും വായനശാലകൾ സ്ഥാപി ക്കുക. ഇവിടെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കി വായനാശീലം വളർത്തുക.

2. കായണ്ണബസാർ കേന്ദ്രമാക്കി ഒരു സാംസ്ക്കാ രിക നിലയം സ്ഥാപിക്കുക.

3. സാഹിത്യാദികലകളിൽ ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ സംഘ ടിപ്പിക്കുക.

4. കേരളോത്സവം പോലുള്ള പരിപാടിയുടെ ഭാഗ മായി നടക്കുന്ന കലാകായിക മേളകൾ കേവലം ചട ങ്ങായി മാറിയിരിക്കുന്നതിനാൽ ഇത് വാർഡ് തല മത്സ രമാക്കി മാറ്റുകയും വിജയികളെ പങ്കെടുപ്പിച്ച് പഞ്ചാ യത്ത് തലത്തിൽ ഒരു മത്സരം ഏർപ്പെടുത്തുകയും ഇതിൽ വ്യാപകമായ പങ്കാളിത്തം ഉറപ്പു വരുത്തു കയും ചെയ്യേണ്ടതാണ്.

5. കുട്ടികൾക്ക് വേണ്ടി കലാ-സാഹിത്യ രചന പരി ശീലനക്കളരികൾ സ്ഥാപിക്കുക.

6. സ്കൂൾ തല കലാമത്സരങ്ങളിൽ പ്രതിഭ തെളി യിക്കുന്ന കുട്ടികളെ പഞ്ചായത്ത് തലത്തിൽ പ്രോത്സാ ഹിപ്പിക്കുകയും പൊതുവേദിയിൽ അവരുടെ പ്രകട നങ്ങൾക്ക് സൗകര്യമുണ്ടാക്കുകയും ചെയ്യുക.

7. പഞ്ചായത്തിലുള്ള മുഴുവൻ ക്ലബ്ബ് ഭാരവാഹിക ളെയും ഉൾപ്പെടുത്തി പഞ്ചായത്ത് കേന്ദ്രമാക്കി കേന്ദ്ര കലാസമിതി രൂപീകരിക്കുകയും ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൊല്ലത്തിലൊരിക്കൽ അവലോക നത്തിന് വിധേയമാക്കുകയും ചെയ്യുക.

8 ഏറ്റവും നല്ല പ്രവർത്തനം നടത്തുന്ന ക്ലബ്ബിന് പ്രോത്സാഹനം എന്ന നിലയിൽ കേഷ് അവാർഡ് ഏർപ്പെടുത്തുകയും ചെയ്യുക.

# വനിതാക്ഷേമം

സ്ത്രീപുരുഷ സമത്വം, സാംസ്ക്കാരിക പുരോഗതിയുടെ നിർണ്ണായ ഘടകമാണ്. ഈ രംഗത്ത് കേരളം പോയ ദശകങ്ങളിൽ ഏറെ ശ്രദ്ധേയമായ പുരോഗതി നേടിയിട്ടുണ്ട്. സാമൂഹിക നവീകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും പൊതുവിദ്യാഭ്യാസം, സാക്ഷരത പ്രവർത്തനങ്ങൾ തുടങ്ങിയവയും ഇതിന് സഹായകമായിട്ടുണ്ട്. ഈ പുരോഗമന പ്രവർത്തനങ്ങൾ ഇനിയും ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിലൂടെ മാത്രമേ സ്ത്രീ-പുരുഷ സമത്വം എന്ന സങ്കല്പം പൂർണ്ണതയിലെത്തുന്നുള്ളൂ. മൊത്ത സമൂഹത്തിന്റെ അവസ്ഥപോലെ ഈ പഞ്ചായത്തിന്റെ അവസ്ഥയിലും മാറ്റം കാണാനില്ല. മുഖ്യധാര പ്രവർത്തനത്തിലുള്ള സ്ത്രീകളുടെ എണ്ണക്കുറവ് ഇത് കൃത്യമായി കാണിക്കുന്നു. ഇത് മുഖ്യമായും സാമൂഹ്യ-സാംസ്ക്കാരിക-വിദ്യാഭ്യാസ തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതുമാണ്. അതുകൊണ്ട് തന്നെ നമ്മുടെ സംസ്ഥാനത്തിൽ പുരുഷന്മാരേക്കാൾ എണ്ണത്തിൽ കൂടുതലാണ് സ്ത്രീകൾ. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്നത് പുരുഷന്മാർ തന്നെയാണ്. 1991ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 6409 പുരുഷന്മാരും 6169 സ്ത്രീകളുമാണുള്ളത്.

പൊതുവെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. എന്നാൽ കാർഷിക-വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകൾ പിന്നിലല്ല. ചെറുകിട വ്യവസായ രംഗത്ത് സാധ്യതകൾ ഏറെയുണ്ടെങ്കിലും വളരെകുറച്ചുപേർ മാത്രമേ ഇത് ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. അച്ചാർ നിർമ്മാണം, ഖാദിനൂൽനൂല്പ്, പായ്നെയ്ത്ത്, പ്ലാസ്റ്റിക്കെയിൻ വർക്ക് മെറ്റൽ നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ ധാരാളം സാധ്യതകൾ ഉണ്ടെങ്കിലും വളരെ പരിമിതമായി മാത്രമേ ഈ രംഗത്ത് സ്ത്രീകൾ കടന്നുവരുന്നുള്ളൂ.

വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകൾ ഏറെയൊന്നും പിന്നിലല്ല. പഞ്ചായത്തിലെ സ്കൂളുകളിലെ കണക്കുകൾ പരിശോധിച്ചാൽ ഇപ്പോൾ ആകെയുള്ള 1394 വിദ്യാർത്ഥികളിൽ 674 പേർ പെൺകുട്ടികളാണ്. അതുപോലെ സാക്ഷരതാനിരക്കുമായി ബന്ധപ്പെട്ട കണക്ക പരിശോധിച്ചാലും ഈ വസ്തുത വ്യക്തമാവും. 1991 ലെ സെൻസസ് അനുസരിച്ച് കായണ്ണ പഞ്ചായത്തിൽ 2436 നിരക്ഷരരുള്ളതിൽ 1428 പേർ സ്ത്രീകളാണ്.

വനിതാക്ഷേമ പദ്ധതികൾ പലതുണ്ടെങ്കിലും ഇവയൊന്നും വേണ്ടത്ര ഫലപ്രദമായി ജനങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല. ഇത്തരം പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ഇതിന് മുഖ്യ കാരണം.

പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്ന 158 സ്ത്രീകളുണ്ട്. വാർധക്യകാല പെൻഷൻ, കർഷക ത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയ സഹായങ്ങൾക്ക് അർഹരായ ധാരാളം സ്ത്രീകൾക്ക് ഇപ്പോഴും ലഭിക്കാതെയുണ്ട്. അർഹരായവർക്കു മുഴുവനും ലഭിക്കത്തക്കവിധം നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്.

കാർഷിക രംഗത്ത് നമ്മുടെ പഞ്ചായത്തിലും മുരടിപ്പ് ദൃശ്യമാണ്. പ്രത്യേകിച്ച് നെൽകൃഷിരംഗത്ത് നെൽകൃഷിയിൽ താല്പര്യം കുറയുകയും മറ്റ് കാർഷിക വിളകൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്തതോടുകൂടി സ്ത്രീകളുടെ തൊഴിലവസരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ സ്ത്രീതൊഴിലാളികൾ കൂടുതൽ സുരക്ഷിതത്വം കുറഞ്ഞ മറ്റുതൊഴിൽ മേഖലകളിലേക്ക് തിരിയേണ്ടി വന്നു. ഈ രംഗങ്ങളിൽ തന്നെ തുല്യജോലിക്ക് തുല്യ വേതനം ഇതുവരെ നടപ്പാക്കിയിട്ടില്ല

പരമ്പരാഗത തൊഴിലുകളായ പായനെയ്ത്ത്, കൊട്ടനിർമ്മാണം, ചൂടി പിരിയ്ക്കൽ തുടങ്ങിയ രംഗത്തുണ്ടായിരുന്ന സ്ത്രീകൾ തൊഴിൽ രഹിതരായിരിക്കയാണ്. അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും സാമ്പത്തിക പ്രയാസവുമാണ് ഇതിന് മുഖ്യകാരണം. പായ നെയ്ത്ത്, തുടങ്ങിയ പരമ്പരാഗത തൊഴിലുകൾക്കും, കാർഷിക ജോലികൾക്കും സാമൂഹ്യ മാന്യത കൈവരുത്തിയാലേ ഈ രംഗത്ത് കൂടുതൽ ആളുകൾക്ക് കടന്നുവരാൻ താല്പര്യമുണ്ടാവുകയുള്ളൂ.

വീട്ടമ്മമാർക്ക് ഒഴിവുസമയങ്ങളിൽ വിജയകരമായി നടത്താവുന്ന അടുക്കളത്തോട്ടനിർമ്മാണം, ഉദ്യാന കൃഷി, ഔഷധസസ്യകൃഷി തുടങ്ങിയ കാർഷിക പദ്ധതികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. അതോടൊപ്പം ഇവയ്ക്ക് പരിശീലനം നൽകുകയും, നടീൽ വസ്തുക്കളും സാങ്കേതിക-സാമ്പത്തിക സഹായവും ലഭ്യമാക്കാവുന്നതുമാണ്.

ക്ഷീര വ്യവസായ രംഗത്ത് തൊഴിലില്ലാത്ത സ്ത്രീകൾക്ക് വളരെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താവുന്ന മേഖലയാണ്. എന്നാൽ കൃഷിഭൂമി തുണ്ടം തുണ്ടമായി മാറിയതും, കാലിത്തീറ്റയുടെ വിലക്കയറ്റം ക്ഷീരോല്പന്നങ്ങളുടെ വിപണനപ്രശ്നവും ഇതിന് തടസ്സമായിനില്ക്കുന്നു. പക്ഷെ, താരതമ്യേന ബുദ്ധിമുട്ടില്ലാത്ത കോഴി, ആടുവളർത്തൽരംഗവും പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്. ഇതിനായി വനിതകൾക്ക് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും കൊടുക്കേണ്ടതാണ്.

വനിതകളുടേതായ ഒരു സഹകരണ സംഘം പഞ്ചായത്തിൽ നിലവിലുണ്ട്. പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം തീരെ തൃപ്തികരമല്ല. അതുകൊണ്ട് സംഘത്തിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുകയും, വിവിധ തൊഴിൽമേഖലയിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ കൂടുതൽ വനിതകളെ സംഘത്തിലേക്ക് ആകർഷിക്കുകയും ചെയ്യേണ്ടതുണ്ട്.

മൊത്തം ജനങ്ങളുടെത് എന്നതിലുപരി പഞ്ചായത്തിലെ വനിതകളുടെ സമ്പാദ്യശീലത്തെയും അതുവഴി കുടുംബഭദ്രതയും പരിപോഷിപ്പിക്കുന്നതിൽ മഹിളാ പ്രധാന ഏജന്റുമാരുടെ പങ്ക് ഗണനീയമാണ്. നമ്മുടെ പഞ്ചായത്തിലെ ഏകദേശം എട്ട് പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നു. ദേശീയ സമ്പാദ്യ പദ്ധതിയുടെ സന്ദേശങ്ങൾ കൂടുതൽ കുടുംബങ്ങളിലേക്കും എത്തിക്കുക വഴി അത്രയും കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിയും. മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥകൾ ആകർഷകമല്ല.

പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ട കണക്കനുസരിച്ച് പഞ്ചായത്തിലെ രോഗികളിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. ആരോഗ്യരംഗത്ത് സ്ത്രീകൾക്ക് ആശ്രയമാകേണ്ട നമ്മുടെ PHCയുടെ സ്ഥിതി വളരെ ശോചനീയമാണ്. ഒരു മുഴുവൻ സമയ ഡോക്ടരുടെ സേവനം പോലും ലഭ്യമല്ല. പ്രസ്തുത പ്രശ്നം പരിഹരിക്കുകയും ഒരു സ്ത്രീരോഗ വിദഗ്ദധന്റെ സേവനം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ രോഗികളെ കിടത്തി ചികിത്സിക്കാനുമുള്ള സൗകര്യം ഉണ്ടാവേണ്ടതാണ്. പൊതു സ്ഥലങ്ങളിൽ വനികൾക്ക് ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.

വനികൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഇന്നും സാധാരണമാണെങ്കിലും ഇത്തരം പ്രശ്നങ്ങൾ മിക്കതും ശ്രദ്ധിക്കപ്പെടാറില്ല. ചാരായ നിരോധനവും വ്യാജവാറ്റിനെതിരെയുള്ള പ്രവർത്തനങ്ങളും സ്ത്രീപീഠനങ്ങൾ കുറച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 12 അങ്കണവാടികളുണ്ട്. എന്നാൽ അങ്കണവാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങളുടെയും മറ്റും പ്രവർത്തനങ്ങൾ ആശാവഹമല്ല. മഹിളാ സമാജങ്ങൾ ശക്തമാക്കുകയും സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ സ്വന്തമായി ചർച്ചചെയ്യാനുള്ള ശക്തമായ വേദിയായി അവയെ വളർത്തുകയും ചെയ്താൽ സ്ത്രീകൾ ഇന്ന് നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമാവും. ചെറുതൊഴിലുകൾക്കുള്ള പരിശീലനവും മറ്റും മഹിളാ സമാജങ്ങളിലൂടെ നടത്താവുന്നതാണ്. കൂടാതെ സ്ത്രീസമൂഹത്തെ ഗ്രസിച്ചിരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് ഭാരിച്ച വിവാഹച്ചെലവും സ്ത്രീധനസമ്പ്രദായവും. ഇതുമൂലം വിവാഹം ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്ന ധാരാളം പെൺകുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ സ്വപ്ന സാക്ഷാത്ക്കാരത്തിനാവശ്യമായ സഹായങ്ങൾ സർക്കാറിൽ നിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു. അതോടൊപ്പം ഇത്തരം ദൂഷ്യങ്ങൾക്കെതി

രായി വ്യാപകമായ പ്രചരണങ്ങളും അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ - സാധ്യതകൾ

1 വിവിധ പെൻഷനുകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

2. നെൽകൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുകയും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുകയും വേണം.

3 തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പു വരുത്തണം

4 പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളും സാമ്പത്തിക സഹായവും ലളിതമായ വ്യവസ്ഥയിൽ ലഭ്യമാക്കേണ്ടതാണ്.

5 കാർഷികജോലിയുടെ സാമൂഹ്യമാന്യതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം.

6. പച്ചക്കറി കൃഷി, ഔഷധ സസ്യ കൃഷി തുടങ്ങിയവയ്ക്കായി സ്ത്രീകൾക്ക് പരിശീലനവും സാമ്പത്തിക-സാങ്കേതിക സഹായവും ലഭ്യമാക്കാൻ ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിലോ-ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിലോ സംവിധാനമേർപ്പെടുത്തേണ്ടതാണ്.

7. പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും-പ്രസവ വാർഡ് സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്.

8. സ്ത്രീധന സമ്പ്രദായത്തിനെതിരെയും, വിവാഹധൂർത്തിനെതിരെയും ബോധവൽക്കരണം നടത്തണം.

9. മദ്യപാനത്തിനും, മയക്കുമരുന്നിന്റെ ദുരുപയോഗത്തിനുമെതിരെ പ്രചരണവും, ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

10. മഹിളാ സമാജങ്ങൾ ഊർജ്ജസ്വലമാക്കുക-അതുവഴി വനിതാക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ് സ്ത്രീകളിലെത്തിക്കുകയും, തൊഴിൽ പരിശീലനങ്ങളും നൽകുകയും ചെയ്യുക.

11. എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കുകയും സ്ത്രീകൾക്കു കൂടി സൗകര്യപ്രദമായ സമയത്ത് പ്രവർത്തിപ്പിക്കുകയും ചെയ്യണം.

12. പുകയില്ലാത്ത അടുപ്പ് സാർവ്വത്രികമാക്കുക. ഇതിന് പ്രചരണവും നേതൃത്വവും നൽകേണ്ടതുണ്ട്.

13. കായണ്ണ ബസാറിൽ പൊതു ടോയ്‌ലറ്റ് സ്ഥാപിക്കുക.

14. മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന വ്യവസ്ഥകൾ ആകർഷകമാക്കേണ്ടതാണ്.

# സഹകരണം

1927 ജനുവരി മാസം 31-ാം തിയ്യതി ഐക്യ നാണയ സംഘം എന്ന പേരിൽ ഒരു സഹകരണ സ്ഥാപനം നമ്പർ F761 ആയി റജിസ്റ്റർ ചെയ്തു കൊണ്ടായിരുന്നു നമ്മുടെ പഞ്ചായത്തിൽ ആദ്യമായി സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 1927 ഏപ്രിൽ മാസം 8-ാം തിയ്യതി അതിന്റെ പ്രഥമ പൊതു യോഗസഭ വലിയ നമ്പ്രത്തുമ്മൽ ചേരുകയും സഭാ നാഥനായി (മാ-രാ-രാ)ശ്രീ വലിയനമ്പ്രത്തുമ്മൽ താമസിക്കും കൂട്ടത്തുവീട്ടിൽ അപ്പുനായർ എന്നയാളെ സർവ്വ സമ്മതനായി തെരെഞ്ഞെടുത്തു. ആദ്യ പൊതു സഭയിൽ 13 പേർ പങ്കെടുക്കുകയും, കൂട്ടത്തുവീട്ടിൽ അപ്പുനായർ, എരമ്പറ്റ ശങ്കരൻ നായർ, എൻ.സി.കുഞ്ഞുണ്ണി നമ്പ്യാർ വാരിയം മഠത്തിൽ രാമുണ്ണി വാര്യർ, പരപ്പൂർ ചെറായി ഗോപാലൻനായർ എന്നീ അഞ്ചുപേരെ പഞ്ചായത്ത് കാരായി തെരെഞ്ഞെടുത്തു. ഇന്നത്തെ ഭരണ സമിതി എന്നതിനു പകരം അന്ന് പഞ്ചായത്ത് സഭ എന്നാണ് വിളിക്കപ്പെട്ടത്. കായണ്ണ, ചെറുക്കാട്, മാട്ടനോട് കൊടക്കല്ലൂർ എന്നീ 4 ദേശങ്ങൾ ആയിരുന്നു പ്രവർത്തനപരിധി.

1951 മെയ്മാസം മുതൽ ഐക്യ നാണയ സംഘം എന്നതിനു പകരം വിവിധോദ്ദേശ ഐക്യനാണയ സംഘം എന്ന പേരിൽ അറിയപ്പെട്ടു. പിന്നീട് ഇത് 1964 ഏപ്രിൽ 23മുതൽ സർവ്വീസ് സഹകരണ സംഘം ആയും 20-11-85 മുതൽ സർവ്വീസ് സഹകരണ ബാങ്ക് ആയും ഉയർത്തപ്പെട്ടു. ഇപ്പോഴത്തെ ഭരണ സമിതിയിൽ ശ്രീ.പി.കെ. ഗോപാലൻ പ്രസിഡണ്ടായി 7 അംഗങ്ങൾ ആണുള്ളത്. സിക്രട്ടറി ഉൾപ്പെടെ 5 ജീവനക്കാർ പ്രവർത്തിക്കുന്നു.

30-9-96ന് 3651 അംഗങ്ങൾ ആണുള്ളത്. അവരിൽ നിന്നും ഓഹരി മൂലധനം ആയി 1.38.060 രൂപയും കേരഫെഡ് ഓഹരിയായി 1 ലക്ഷം രൂപയും ഗവർമെണ്ട് ഓഹരിയായി 1800 രൂപയും അടക്കം 2,39,860 രൂപയുണ്ട്. കൃഷി ആവശ്യത്തിനും ദുർബല വിഭാഗങ്ങൾക്കു ഭവനനിർമ്മാണത്തിനും കിണർ നിർമ്മിക്കുന്നതിനും സംയോജിത ഗ്രാമവികസന പദ്ധതിപ്രകാരവും കുട്ടികളുടെ വിദ്യാഭ്യാസത്തിനും സ്വർണ്ണപ്പണയ വായ്പയും അംഗങ്ങൾക്കു നൽകിവരുന്നു. ബാങ്കിന്റെ കീഴിൽ ഒരു രാസവള വില്പന ശാലയും പ്രവർത്തിക്കുന്നു.

## കാർഷിക വായ്പ

അംഗങ്ങൾ ആയ കൃഷിക്കാരുടെ ആവശ്യമനുസരിച്ച് ഹ്രസ്വകാല ദീർഘകാല വായ്പകൾ വിതരണം ചെയ്തിരുന്നു. കൃത്യസമയത്ത് വായ്പ തിരിച്ചടക്കുന്ന അംഗങ്ങൾക്ക് പലിശ സബ്സിഡി ഇപ്പോൾ ഇൻസെന്റീവ് തുക നൽകിയിരുന്നു എന്നാൽ യഥാസമയം വായ്പ തിരിച്ചടയ്ക്കാൻ അംഗങ്ങൾക്കു വൈമുഖ്യം കാണിക്കുന്നതിന്റെ ഫലമായി തുടർച്ചയായി വായ്പയും വിതരണം ചെയ്യാനും കഴിയുന്നില്ല. ബാങ്കിൽ കൂടി വിതരണം ചെയ്ത കാർഷിക വായ്പ പൂർണ്ണമായും ഇന്ന് അവധി ബാക്കിയാണ്. കാർഷികേതര വായ്പകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. അംഗങ്ങൾ വായ്പകൾ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നതുമൂലം ജില്ലാ സഹകരണ ബാങ്കിൽ നിന്നും പുനർവായ്പകൾ ലഭ്യമല്ലാതായിത്തീരുന്നു. അതുകൊണ്ട് ആവശ്യാനുസരണം വായ്പ നൽകാൻ കഴിയാതെ വരുന്നു. അവധിബാക്കി പിരിച്ചെടുക്കാൻ ബാങ്ക് ഭരണസമിതിയും ജീവനക്കാരും അംഗങ്ങളുമായി നിരന്തരം ബന്ധപ്പെട്ടിട്ടും കടം അടയ്ക്കാത്തവരുടെ പേരിൽ അന്യായം ഫയൽ ചെയ്യാറുണ്ട്. എന്നാൽ വകുപ്പുദ്യോഗസ്ഥന്മാർ കൃത്യസമയത്ത് ആവശ്യമായ നടപടികളെടുക്കുന്നതിൽ ശുഷ്കാന്തി കാണിക്കാത്തതിനാൽ കുടിശ്ശിക പിരിച്ചെടുക്കാൻ കഴി

യുന്നില്ല. കൃത്യമായി കടം തിരിച്ചടക്കുന്ന അംഗങ്ങൾക്കുമാത്രമേ പുനർവായ്പനൽകാൻ കഴിയൂ എന്നതാണ് ഇന്നത്തെ അവസ്ഥ.

### നിക്ഷേപങ്ങൾ

പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതികളിൽ ഏറ്റവും നിർണ്ണായകമായ ഒരുപങ്ക് സഹകരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാൻ കഴിയേണ്ടതാണ്. എന്നാൽ ഇന്നത്തെ അവസ്ഥയിൽ അതിനു കഴിയുന്നില്ല. ബാങ്ക് നിരവധിനിക്ഷേപ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സ്ഥിര നിക്ഷേപം, ദൈനംദിന നിക്ഷേപം സേവിംഗ്സ് ബാങ്ക് നിക്ഷേപം 5 വർഷംകൊണ്ട് ഇരട്ടിക്കുന്ന അതുല്യനിക്ഷേപ പദ്ധതി എന്നിവ പ്രധാനപ്പെട്ടവയാണ്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന പലിശ നിരക്കും സർക്കാർ ഗാരണ്ടിയും ഉണ്ടെങ്കിലും നിക്ഷേപങ്ങൾ അധികവും സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കുന്നു. സഹകരണ സ്ഥാപനങ്ങളെക്കുറിച്ചും വേണ്ടത്ര മതിപ്പ് ഇല്ലാത്തതാണ് ഇതിനൊരു കാരണം. എന്നാൽ ജനങ്ങളെ കുറെ കൂടി ബോധവാന്മാരാക്കിയാൽ പോരായ്മകൾ പരിഹരിക്കാനും ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് ഉയരാനും കഴിയും.

### പ്രിയദർശിനി വനിതാ സഹകരണ സംഘം

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു സഹകരണ സ്ഥാപനമാണ് പ്രിയദർശിനി വനിതാ സഹകരണ സംഘം. 1993 ഡിസംബർ 4ന് രജിസ്റ്റർ ചെയ്ത് 31ന് പ്രവർത്തമാരംഭിച്ചു. 197 അംഗങ്ങളുണ്ട്. ഓഹരിമൂലധനം 19550 രൂപയാണ്. സംഘത്തിന്റെ ഏക പ്രവർത്തനം ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം ആണ്. ഗവർമെണ്ട് ഷെയർ 25,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

### കായണ്ണസെക്കന്ററി സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

1984 നവം: 6ാം തിയ്യതി റജി.ചെയ്തു. 1985 ഫെബ്രുവരി 5ന് സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചു. ഇന്ന് 28 A ക്ലാസ് ഓഹരികളും 2324 ബിക്ലാസ് ഓഹരികളും 3964 രൂപ ഓഹരി മൂലധനവും ഉണ്ട്. സർക്കാർ ഓഹരി മൂലധനമായി 5,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇന്നെവരെ അത് ബാങ്കിൽ നിന്നും പിൻവലിക്കാനുള്ള അനുമതി സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാറിൽ നിന്നും കിട്ടിയിട്ടില്ല. സംഘത്തിന് നല്ല നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നോട്ട് ബുക്ക്, ടെക്സ്റ്റ് ബുക്ക് എന്നിവ ന്യായമായ വിലക്ക് വില്പന നടത്തി വരുന്നു.

### പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

| സ്ഥാപനം | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|---|---|---|
| 1. കായണ്ണസർവ്വീസ് സഹകരണബാങ്ക് | 1927 | 3651 | 5 | 1,38,531രൂ | | നഷ്ടം |
| 2. പ്രിയദർശിനി വനിതാ സഹകരണ സംഘം | 1993 | 197 | 1 | 19,550 | | നഷ്ടം |
| 3. കായണ്ണ ഗവ:സെക്കന്ററി സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1984<br>2324.B | 28A | – | 3964 | 20000/- | ലാഭം |

## പ്രശ്നങ്ങൾ

1. വാർഷിക ജനറൽ ബോഡികൾ യഥാസമയം വിളിക്കാത്തതും അംഗങ്ങളുടെ പങ്കാളിത്ത കുറവും കാര്യക്ഷമമായ പ്രവർത്തനത്തെ ബാധിക്കുന്നു.

2. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ.

3. വായ്പകളുടെ അവധിബാക്കി.

4. അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവ്.

5. വകുപ്പുദ്യോഗസ്ഥരുടെ യഥാസമയ ഇടപെടലുകളില്ലായ്മ.

6. ദുർവ്യയം.

7. കാലോചിതമായ പരിശീലനത്തിന്റെ അഭാവം.

8. നവീകരണ പദ്ധതികളുടെ അഭാവം.

## പരിഹാരമാർഗ്ഗങ്ങൾ

1. ഓഹരി മൂലധനം വർധിപ്പിക്കുക. (പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 25% മാത്രമേ സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങളായുള്ളൂ.)

2. നിക്ഷേപങ്ങൾ വർധിപ്പിക്കാം (ആകർഷകമായ പുതിയ നിക്ഷേപപദ്ധതികൾ) ആവിഷ്ക്കരിക്കുക.

3. വാർഷിക ജനറൽ ബോഡികൾ യഥാസമയം വിളിച്ചു ചേർക്കുക.

4. മാനേജ്മെന്റിനും ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുക.

5. വായ്പകളുടെ അവധിബാക്കി പിരിച്ചെടുക്കുവാൻ തീവ്രയത്ന പരിപാടി നടപ്പിലാക്കുക

6. എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ക്രമീകരിക്കുക.

7. വകുപ്പുദ്യോഗസ്ഥരുടെ നേരിട്ടുള്ള പരിശോധനയും നിർദ്ദേശങ്ങളും നൽകുക.

8. പുതിയ മേഖലകളിൽ, പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

9. ജീവനക്കാരുടെ കാര്യത്തിൽ പ്രവർത്തനം ഉറപ്പുവരുത്തുക.

10. ജില്ലാ ബാങ്കുകളും അപെക്സ് സ്ഥാപനങ്ങളും മറ്റ് ധനകാര്യ ഏജൻസികളും നൽകുന്ന വായ്പാ ചട്ടങ്ങൾ ലഘൂകരിക്കുക.

## സാധ്യതകൾ

1. ക്ഷീരോൽപാദക സഹകരണ സംഘം രൂപീകരിക്കുക

2. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി സ്ഥാപിക്കുക.

3. കേരോല്പന്ന സംസ്ക്കരണ സഹകരണ സംഘം സ്ഥാപിക്കുക.

4.മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക

5. പുതിയ ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കുക.

# പട്ടിക ജാതി
# പട്ടിക വർഗ്ഗക്ഷേമം

കായണ്ണ പഞ്ചായത്തിലെ ജനസംഖ്യ 1991ലെ സെൻസസ് പ്രകാരം 12578 ആണ്. ഇതിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 1294 ആണ്. 669 പുരുഷന്മാരും 625 സ്ത്രീകളും കായണ്ണ പഞ്ചായത്തിൽ പട്ടികവർഗവിഭാഗക്കാരില്ല. പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ എണ്ണം ആകെ ജനസംഖ്യയുടെ 10.2% വരും. പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ സാമൂഹ്യ പദവി അര നൂറ്റാണ്ടിനുമുമ്പത്തെ അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ ആശാവഹമാണ്. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ മറ്റ് വിഭാഗക്കാരെ പോലെ അവരും മുൻപന്തിയിൽ നിൽക്കുന്നു. ഒരു കാലത്ത് വളരെയേറെ അവശതയനുഭവിച്ചിരുന്ന ഇവർ ഇന്നും മുഖ്യധാരയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു.

സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ദീർഘകാലത്തെ പരിഷ്ക്കരണപ്രവർത്തനങ്ങൾ ഭൂപരിഷ്ക്കരണം പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ വിഭാഗത്തിന്റെ സാമൂഹിക പുരോഗതിക്ക് കാരണവും പ്രചോദനവുംമായിട്ടുണ്ട്. ഭൂപരിഷ്ക്കരണ നിയമം മൂലം ഭൂമിയുടെ കൈവശാവകാശം ലഭിച്ചു. മിനിമം കൂലി നിയമം അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനു സഹായകമായി സർക്കാറിന്റെ വിവിധ ഏജൻസികളിലൂടെ നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ചുള്ള അജ്ഞത മൂലം ഉദ്ദേശിച്ച ഫലം നേടിയെക്കാനും സാമ്പത്തിക ഭദ്രത കൈവരിക്കാനും കഴിഞ്ഞിട്ടില്ല.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ പരിഗണിക്കേണ്ട പ്രശ്നങ്ങൾ

## വിദ്യാഭ്യാസം

കുട്ടിയെ വിദ്യാലയത്തിൽ ചേർക്കുന്നതിനുള്ള താൽപര്യത്തിലുപരി അവരുടെ തുടർ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധചെലുത്തുവാൻ ചില രക്ഷിതാക്കൾക്ക് കഴിയുന്നില്ല. സെക്കണ്ടറിതലം കഴിയുന്നതോടെ ഇവരിൽ ഭൂരിഭാഗം പേരുടെയും ഔപചാരിക വിദ്യാഭ്യാസം അവസാനിക്കുന്നതായാണ് കണ്ടുവരുന്നത്. കുടുംബത്തിന്റെ സാമ്പത്തിക വൈഷമ്യം ചെറു

| സ്കൂൾ തലം | എല്ലാ വിഭാഗവും | | | പട്ടികജാതി വിഭാഗം | | | തോറ്റു പഠിക്കുന്നവർ | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പ. വിഭാഗം | മറ്റുള്ളവർ |
| ലോവർ പ്രൈമറി | 326 | 249 | 575 | 28 | 23 | 51 | 5 | 26 |
| അപ്പർ പ്രൈമറി | 178 | 145 | 323 | 21 | 10 | 31 | 1 | 3 |
| ഹൈസ്കൂൾ | 216 | 280 | 496 | 19 | 41 | 60 | 14 | 47 |

പ്പത്തിൽ തന്നെ തൊഴിൽ എടുക്കുന്നതിലേക്ക് ഇവരെ പ്രേരിപ്പിക്കുന്നു. പഠനനിലവാരം മെച്ചപ്പെടുത്താൻ ഗവൺമെണ്ട് നൽകിവരുന്ന മെറിട്ടോറിയസ് സ്കോളർഷിപ്പ് കൈവരിക്കുവാൻ ഭൂരിഭാഗം കുട്ടികൾക്കും കഴിയുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ ഒരു പട്ടികജാതി വിദ്യാർത്ഥിക്ക് നവോദയ സ്കൂളിൽ പ്രവേശനം ലഭിച്ചുവെന്നത് ശ്രദ്ധേയമാണ്.

## തൊഴിൽ മേഖല

പട്ടികജാതി വിഭാഗത്തിൽപെട്ട തൊഴിലാളികൾ ഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഏർപ്പെട്ടവരായിരുന്നു. എന്നാൽ സമീപ കാലത്ത് കാർഷിക മേഖലയിൽ നിന്നും കൂടുതൽ സാമ്പത്തിക ആനുകൂല്യങ്ങളുള്ള നിർമ്മാണമേഖലയിലേക്കുള്ള ഒരു മാറ്റം പ്രകടമാണ്. നിർമ്മാണ രംഗത്ത് നിലയുറപ്പിച്ച ഇവരുടെ പുതിയ തലമുറയ്ക്ക് കൃഷി അന്യമായിക്കൊണ്ടിരിക്കുന്നു.സ്ത്രീകൾ മാത്രം ചെയ്തിരുന്ന ഞാറ് പറയ്ക്കൽ, ഞാറ് നടൽ, കൊയ്ത്ത് എന്നിവയ്ക്ക് ആളെ കിട്ടാതായി. പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത്, പൊടൽ നിർമ്മാണം എന്നിവ വിപണി സൗകര്യത്തിന്റെ അപര്യാപ്തതയും അധ്വാനത്തിനനുസരിച്ച് പ്രതിഫലം ലഭിക്കാത്തതും മൂലം നാമാവശേഷമായി. ചായക്കട, ഹോട്ടൽ, എന്നിവ നടത്തുന്ന പട്ടികജാതിയിൽ പെട്ട ആൾക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഗവൺമെണ്ട് സർവ്വീസിൽ ജോലി ചെയ്യുന്ന 15 ഓളം പട്ടിതജാതിയിൽ പെട്ട ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

## പാർപ്പിടം

സമൂഹത്തിൽ ഏറ്റവും കൂടുതൽ പാർപ്പിട പ്രശ്നം അനുഭവിക്കുന്ന വിഭാഗം ഇവരാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും അവയിൽ ചെറിയ ശതമാനം മാത്രമേ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നുള്ളൂ. സർക്കാർ നിർമ്മിച്ചുകൊടുക്കുന്ന വീടുകളിൽ കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ പരിമിതമാണ്. സൗകര്യപ്രദമായ സ്ഥലത്തല്ല പലപ്പോഴും കോളനികൾ സ്ഥാപിക്കപ്പെടുന്നത്.

പട്ടികജാതിക്കാരെ സ്വന്തം പ്രദേശത്തുനിന്നടർത്തിയെടുത്ത് മറ്റൊരു പ്രദേശത്ത് ഒന്നിച്ചു താമസിപ്പിക്കുന്ന രീതി ശരിയല്ല. അവർ ഇടകലർന്ന് ജീവിക്കുന്നതാണ് ഉത്തമം. ഉള്ള കോളനികൾ കണ്ടെത്തി വിക

### പഞ്ചായത്തിലെ അംഗീകൃത കോളനികൾ

| ക്രമനമ്പർ | കോളനി | വാർഡ് | വൈദ്യുതി |
|---|---|---|---|
| 1 | കറുത്തമ്പത്ത് | VI | ഇല്ല |
| 2 | കുറ്റിവയൽ | VII | ഭാഗികം |
| 3 | മാട്ടനോട് | III | ഇല്ല |
| 4 | കാപ്പുമ്മൽ | VI | ഇല്ല |
| 5 | എരാംപൊയിൽ | VI | ഇല്ല |
| 6 | നമ്പ്രംകുന്ന് | VIII | ഇല്ല |
| 7 | മുണ്ടുവയൽ | VIII | ഇല്ല |
| 8 | ആലോറച്ചാലിൽ | III | ഇല്ല |
| 9 | വെള്ളപ്പാലൻകണ്ടി | VII | ഇല്ല |
| 10 | അമ്പായപ്പാറ | IV | ഇല്ല |
| 11 | ആരങ്ങാട്ട്കൊല്ലി | VI | ഇല്ല |
| 12 | പുളിഞ്ഞോളികുന്ന് | II | ഇല്ല |

കായണ്ണയിൽ IHDP പദ്ധതിയിൽ ഇതുവരെ കോളനികൾ തെരെഞ്ഞെടുത്തിട്ടില്ല.

സനപ്രവർത്തനങ്ങൾ നടത്തുകയല്ലാതെ പുതിയ കോളനികൾ സൃഷ്ടിക്കുന്നത് ഗുണകരമാവില്ല. അതിനാൽ ഈ പദ്ധതി തുടരാതിരിക്കുകയാണ് വേണ്ടത് എന്ന് ബന്ധപ്പെട്ട വകുപ്പിന്റെ അവലോകനറിപ്പോർട്ടിൽ കാണുന്നു.

കോളനിയിതര വീടുകളുടെ കെട്ടിമേയലിനും അറ്റകുറ്റപ്പണികൾക്കുമുള്ള ധനസഹായം ഫലപ്രദമായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ല. സന്നദ്ധസംഘടനകളുടെയും മറ്റും സഹായത്തോടെ കൂടുതൽ ഫലപ്രദമായി ഇത് ചെയ്യുവാൻ കഴിയും. മിക്ക വീടുകൾക്കും പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. സ്വന്തമായി കക്കൂസ് ഇല്ലാത്ത വീടുകളിൽ ഭൂരിഭാഗവും പട്ടികജാതിവിഭാഗക്കാരുടെതാണ്. ഭവനനിർമ്മാണത്തിന് സർക്കാർ നൽകുന്ന ധനസഹായം അപര്യാപ്തമാണ്. അതുകൊണ്ട് ഇവരുടെ പാർപ്പിടങ്ങൾ മിക്കവാറും പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നു.

## കുടിവെള്ളം

ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ഈ വിഭാഗത്തിൽപെട്ടവർക്കാണ്. ഭൂരിഭാഗം കുടുംബങ്ങളും 10 സെന്റിൽ താഴെ സ്ഥലമുള്ളവരാണ്. ജലലഭ്യത മനസ്സിലാക്കി കിണർ കുഴിക്കാൻ പരിമിതികളുണ്ട്. മില്യൻവെൽ പദ്ധതിപ്രകാരം നടപ്പ് പദ്ധതിയിൽ 4 കിണർ നിർമ്മിച്ചിട്ടുണ്ട്. കേന്ദ്രഗ്രാമശുചിത്വ പരിപാടി പ്രകാരം നമ്മുടെ പഞ്ചായത്തിൽ 8-ാം പദ്ധതിയിൽ 13 കക്കൂസുകൾ പൂർത്തിയാക്കുവാൻ സഹായം നൽകിയിട്ടുണ്ട്.

തുണ്ടുഭൂമികളിൽ താമസിക്കുന്ന ഇവരിൽ പലരും മരണമടഞ്ഞാൽ ശവം സംസ്ക്കരിക്കുന്നത് ഇവരെ സംബന്ധിച്ച് ഒരു പ്രശ്നമാണ്.

വിദ്യാഭ്യാസം സമൂഹത്തെ സാംസ്ക്കാരികമായി ഉയർച്ചയിലേക്ക് നയിക്കുന്നതിന് സഹായിച്ച കൂട്ടത്തിൽ പഴയ കാലത്തുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇവരിലും മാറി വരുന്നതായി കാണുന്നു.

പട്ടികജാതിയുടെ പുരോഗതിയുടെ തോതും, അവയിൽ തന്നെയുള്ള വ്യത്യസ്ത വിഭാഗങ്ങളുടെ വളർച്ചാനിരക്കും ആനുപാതികമല്ല

## പരിഹാരമാർഗ്ഗങ്ങൾ

1. വാർഡ് തല വിദ്യാഭ്യാസ സമിതിയിൽ വിദ്യാർത്ഥികളുടം പഠനനിലവാരത്തകർച്ച കൊഴിഞ്ഞ്പോക്ക് എന്നിവ പരിഹരിക്കുന്നതിന് പ്രത്യേക കർമ്മസമിതി രൂപീകരിക്കുക.

2. നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത കൈത്തൊഴിലുകൾ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ ഉണ്ടാവണം.

3 സർക്കാർ ജോലികൾക്കുള്ള മത്സരപരീക്ഷകളിൽ ഈ വിഭാഗത്തിന് വിജയിക്കാനാവശ്യമായ പരിശീലന പദ്ധതികൾ ഉണ്ടാവണം.

4 സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടയുവാനുള്ള നടപടികൾ ഉണ്ടാവണം

5 കാർഷികവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് ആ മേഖലയിലെ പങ്കാളിത്തം ആകർഷകമാക്കണം

6 പട്ടികജാതിക്കാർക്ക്, വിശിഷ്യാ വനിതകൾക്ക് ജോലി ലഭ്യമാക്കത്തക്കവിധം ചെറുകിട വ്യവസായങ്ങൾ, പ്രാദേശിക വിഭവ ലഭ്യതയ്ക്കനുസരിച്ച് സ്ഥാപിക്കണം.

7 പ്രാദേശിക തൊഴിൽ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്ക് തൊഴിൽ പങ്കാളിത്തം ഉറപ്പു വരുത്തണം.

8 കോളനിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കോളനികൾ സന്ദർശിക്കണം.

9 കോളനികളിൽ നിന്നും വിട്ടുതാമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടരുത്.

10. പട്ടികജാതിഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ വിവരങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുവാൻ പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ ബ്യൂറോ തുടങ്ങുന്നത് നന്നായിരിക്കും.

11. വീട് വെക്കുവാൻ തുക നൽകുന്നതിന് പകരം സർക്കാറിന്റെ പ്ലാൻ അനുസരിച്ച് വീടുകൾ തന്നെ നിർമ്മിച്ചുകൊടുക്കണം.

12. വീട് വെക്കുവാനുള്ള സ്ഥലം പരിഗണിക്കുമ്പോൾ ജലലഭ്യത കൂടി കണക്കിലെടുക്കണം. ജലലഭ്യതയുടെ അഭാവം ശുചിത്വമില്ലായ്മയിലേക്കും അതുവഴി ദാരിദ്ര്യരോഗങ്ങളിലേക്കും നയിക്കുന്നു.

കായണ്ണ ഗവ. സെക്കന്ററി സ്കൂൾ

| | ആകെ കുട്ടികൾ | | | പട്ടികജാതി | | | ആകെ കുട്ടികൾ പട്ടികജാതി | | | മറ്റുള്ളവർ | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവർ (മൊത്തം) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ്സ് | B | G | T | B | G | T | B | G | T | B | G | T | | പട്ടികജാതി | | മറ്റുള്ളവർ | | | B | G | T |
| VIII | 84 | 88 | 172 | 9 | 17 | 26 | 2 | 5 | 7 | 14 | 8 | 22 | - | - | - | 5 | 0 | 5 | 5 | 0 | 5 |
| IX | 75 | 95 | 170 | 6 | 10 | 16 | 2 | 5 | 7 | 9 | 16 | 25 | 0 | 1 | 1 | 5 | 1 | 6 | 5 | 2 | 7 |
| X | 57 | 97 | 154 | 4 | 14 | 18 | - | - | - | - | - | - | 0 | 1 | 1 | 1 | 1 | 2 | 1 | 2 | 3 |

13. പഞ്ചായത്തിൽ III, IV, VII വാർഡുകളൽ ഒഴിഞ്ഞ് കിടക്കുന്ന നാല് സെന്റ് സ്ഥലം അർഹതയുള്ള ആളുകൾക്ക് ലഭ്യമാക്കണം.

14. പഞ്ചായത്തിലെ മുഴുവൻ കോളനികൾക്കും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തണം.

15. പൊതുശ്മശാനം നിലവിലില്ല. ഈ പ്രശ്നം പരിഹരിക്കണം.

## സാധ്യതകൾ

1. പഞ്ചായത്ത് മുൻകൈയെടുത്ത് പട്ടിക ജാതി-പട്ടിക വർഗ്ഗക്കാരെ മത്സര പരീക്ഷകളിൽ വിജയിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക.

2. പായനെയ്ത്ത്, കുട്ടമടയൽ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കണം.

3. വിവിധ ആവശ്യങ്ങൾക്കായി സർക്കാർ നൽകുന്ന ധനസഹായങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടയാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റികൾ ഉണ്ടാക്കാവുന്നതാണ്.

4. കായണ്ണ പഞ്ചായത്തിലെ 3-ാം വാർഡിൽ പൊതുശ്മശാനത്തിന് വേണ്ടി ഏറ്റെടുത്ത് സ്ഥലം ഉടനെ സൗകര്യപ്പെടുത്തണം

5 എല്ലാ വിധ ആനുകൂല്യങ്ങളുടെയും ഗുണഭോക്താക്കളെ ജനകീയ കമ്മിറ്റിമുഖേന തെരെഞ്ഞെടുക്കണം.

6. പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ സൗകര്യം കോളനിയിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്. സാധ്യതയില്ലാത്ത മറ്റ് സ്ഥലങ്ങളിൽ പൊതുകിണറുകൾ നിർമ്മിക്കണം.

7. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ഇക്കാര്യത്തിൽ മാത്രമായി ഒരു പ്രത്യേക അവലോകന സമിതി ബ്ലോക്കു തലത്തിൽ ഉണ്ടാക്കേണ്ടതാണ്. പോലീസ് വകുപ്പിൽ ലഭിക്കുന്ന കേസുകൾ പട്ടികജാതി വികസന വകുപ്പിൽ ലഭിക്കുന്ന പരാതികൾ എന്നിവയെക്കുറിച്ച് ഐക്യരൂപ്യത്തോടെയുള്ള ധാരണ ഉണ്ടാക്കാവുന്നതാണ്.

# വിഭവസമാഹരണം

കായണ്ണ പഞ്ചായത്തിന്റെ ധനാഗമസ്ഥിതിയെപ്പറ്റി അപഗ്രഥിക്കുമ്പോൾ മനസ്സിലാകുന്ന വസ്തുത മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വ്യവസായ സ്ഥാപനങ്ങൾ ചെറുകിട-കുടിൽ വ്യവസായങ്ങൾ സിനിമാശാലകൾ എന്നിവയുടെ അഭാവം ഈ രംഗത്തെ വരുമാനനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു എന്നതാണ്. വരുമാനത്തെ അടിസ്ഥാനമാക്കി ഈ അടുത്ത കാലം വരെ നമ്മുടെ പഞ്ചായത്ത് 'സി' ഗ്രേഡ് നിലവാരം മാത്രമാണ് പുലർത്തിയിരുന്നത്. ഈ അടുത്ത കാലത്ത് മാത്രമാണ് ഒരല്പം കെട്ടിടനികുതി വർദ്ധനവിലൂടെയും മറ്റും നമ്മുടെ പഞ്ചായത്ത് 'ബി' ഗ്രേഡിലേക്കുയർന്നത്. കോഴിക്കോട് ജില്ലയിൽ വരുമാനത്തിന്റെ കാര്യത്തിൽ ഏറ്റവും പിറകിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത് എന്നാണ് കണക്കുകൾ കാണിക്കുന്നത്.

95-96 വർഷത്തെ മൊത്തം ചിലവിന്റെ 30% ഭരണപരമായ ആവശ്യങ്ങൾക്ക് ചിലവാക്കപ്പെട്ടവയാണ്. ഈ കാലഘട്ടത്തിൽ പിരിഞ്ഞുകിട്ടേണ്ട നികുതികൾ മുഴുവനായും കിട്ടിയിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾക്ക് വളരെ കുറച്ചു തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടു

**1995-96 സാമ്പത്തിക വർഷത്തിൽ നമ്മുടെ പഞ്ചായത്തിന്റെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം.**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 67649.12 | 67649.12 | |
| സർവ്വീസ് ചാർജ്ജ് | 2,175.53 | 2175.53 | |
| തൊഴിൽ നികുതി | 22780.00 | 22,780.00 | |
| ലൈസൻസ് ഫീസ് | 4,853.50 | 4,853.50 | |
| വസ്തുകൈമാറ്റ നികുതി 75% | 85,845.00 | 85,845.00 | |
| വസ്തുകൈമാറ്റ നികുതി 25% | 50,000.00 | 50,000.00 | |
| ഡെപ്പോസിറ്റ് | 4,924.95 | 4,924.95 | |
| വാഹനനികുതി | —— | —— | |
| വിനോദ നികുതി | - - | - - | |
| പ്രദർശന നികുതി | - - | - - | |
| ചന്ത വരവ് | - — | - - | |
| ലാന്റ് സെസ്സ് | - - - | - - | |
| സർക്കാർ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വരവുകൾ | | | |
| മറ്റുള്ളവ | 8,17,196.30 | 8,17,196.30 | |
| ആകെ | 10,75,064.40 | 10,75,064.40 | |

**പഞ്ചായത്ത് കഴിഞ്ഞ മൂന്ന് വർഷം പൊതുമരാമത്ത്**
**ക്ഷേമപ്രവർത്തനങ്ങൾ, ഭരണപരം എന്നിവക്ക് ചെലവഴിച്ച തുക**

| ഇനം | വർഷം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| പൊതുമരാമത്ത് | 6,32,766.00 | 2,10,301.00 | 5,18,641.00 |
| ക്ഷേമപ്രവർത്തനങ്ങൾ | 42,684.00 | 13644.00 | 31,856.00 |
| ഭരണപരമായ ചെലവുകൾ | 2,11124.00 | 2,71,527.00 | 341707.00 |

**പഞ്ചായത്ത് വിവിധയിനങ്ങൾക്ക് ചെലവഴിച്ച തുക.**

| ഇനം | തുക |
|---|---|
| പൊതുമരാമത്ത് | 518641.00 |
| ഭരണം | 341707.00 |
| വിദ്യാഭ്യാസം | 19685.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 10,294.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 135.00 |
| മറ്റുള്ളവ | 1,20,412.75 |
| ആകെ | 1010874.75 |

തൽ ഊന്നൽ നൽകേണ്ടതുണ്ട്.

ഇക്കഴിഞ്ഞ കാലം വരെ പഞ്ചായത്ത് ഏറ്റവും കൂടുതൽ ചെലവഴിച്ചത് പൊതുമരാമത്ത് രംഗത്താണ്. പൊതുവെ മലയോരപ്രദേശമായ പഞ്ചായത്തായത്കൊണ്ട് ഈയിനത്തിൽ വലിയ തുക ചെലവാക്കേണ്ടി വരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പരിമിതമായതുകൊണ്ട് തന്നെ അതിനനുസൃതമായി വികസന പ്രവർത്തനങ്ങളും പരിമിതപ്പെടുത്തേണ്ടിവരുന്നു.

**പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ**

### കെട്ടിട നികുതികൾ

1 കെട്ടിട നികുതിയിനത്തിൽ നിന്നും ഇപ്പോൾ വസൂലാക്കിക്കൊണ്ടിരിക്കുന്നത് കെട്ടിടത്തിൽ നിന്നു ലഭിക്കാവുന്ന വാർഷിക വാടക കണക്കാക്കിയാണ്. ഭീമമായ തുക ചെലവാക്കി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അവയുടെ സ്വഭാവവും കെട്ടിടത്തിനകത്തെ സൗകര്യവും തറവിസ്തീർണ്ണവും മറ്റും കണക്കിലെടുത്ത് നികുതി ശാസ്ത്രീയമായി ചുമത്തുന്നതിന് ഒരു മാനദണ്ഡം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കെട്ടിടം ഉടമയോടും കൈവശക്കാരനോടും ഡിക്ലറേഷൻ വാങ്ങി വാടകസ്ഥാപനങ്ങൾക്ക് കൃത്യമായി വാടക കണക്കാക്കി നികുതി ഈടാക്കാവുന്നതാണ്.

2 വീട്ടിലെ ആഡംബര സൗകര്യങ്ങൾ കണക്കിലെടുത്ത് ആഡംബരനികുതി ചുമത്താവുന്നതാണ്

### വിനോദനികുതി

പ്രസ്തുതയിനത്തിൽ കായണ്ണ പഞ്ചായത്തിൽ വരുമാനം തീരെയില്ല

### തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന്റെ കാര്യമായ വരുമാന മാർഗ്ഗം വിവിധ സ്ഥാപനങ്ങളിൽ

## പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ

| ബാങ്ക് | സഹകരണ ബാങ്ക് | സഹകരണ സംഘം |
|---|---|---|
| 1 ഫെഡറൽ ബാങ്ക് മൊട്ടന്തറ ശാഖ<br>2 നെടുങ്ങാടി ബാങ്ക് കായണ്ണ ബസാർ | കായണ്ണ സർവ്വീസ് സഹകരണ ബാങ്ക് | പ്രിയദർശിനി വനിതാ സഹകരണ സംഘം |

ജോലി ചെയ്യുന്ന ജീവനക്കാരുടേതാണ്. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിലിൽ നിന്നു കിട്ടുന്ന വേതനത്തിന്റെ തോതനുസരിച്ചു ചെറിയ നികുതി ഈടാക്കിയാൽ അവരുടെ തൊഴിൽ സുരക്ഷിതത്വത്തിനു കൂടി പ്രയോജനപ്രദമാകുന്നതാണ്. പഞ്ചായത്തിലെ കൊപ്ര, അടക്ക, കശുവണ്ടി എന്നീ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കി വരുമാനം വർധിപ്പിക്കാം.

സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കുന്നത് മുഖ്യമായും സ്റ്റാമ്പ് ഡ്യൂട്ടി, ജെ.ആർ.വൈ, പ്രത്യേക ഘടകപദ്ധതിയനുസരിച്ചുള്ള ഗ്രാന്റ് തുടങ്ങിയവയാണ്. സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വെഹിക്കിൾ ടാക്സ്, സ്റ്റാമ്പ്, ഡ്യൂട്ടി, ഗ്രാന്റ് എന്നീ യിനങ്ങളെത്തുന്നത് ഒന്നുരണ്ടു വർഷം കഴിഞ്ഞ ശേഷമാണ്.

### നിർദ്ദേശങ്ങൾ - സാധ്യതകൾ

1 പുറമ്പോക്കു ഭൂമി കൃഷിക്ക് ഉപയുക്തമാക്കി പാട്ടത്തിന് നൽകുക. കായണ്ണ പഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള കുറ്റ്യാടി ജലസേചന പദ്ധതി വക സ്ഥലം ഇതിനു വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.

2. പുറമ്പോക്ക് ഭൂമികളിൽ വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുക. ജലസേചനപദ്ധതി വക സ്ഥലം ഇതിനു വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.

3. പൊതു സ്ഥലങ്ങളിലെ മരം ഉചിതമായ സമയത്ത് മുറിക്കുന്നതിനും ലേലം ചെയ്യുന്നതിനുമുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക. ഇതുവഴി വലിയ വില പിടിപ്പുള്ള മരം വീണ് നശിക്കുന്ന സ്ഥിതി ഒഴിവാക്കാവുന്നതാണ്.

4. പൊതുസ്ഥലങ്ങളിലെ മരത്തിൽ നിന്നും ആദായം എടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

5. പുതിയ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ജനകീയ പങ്കാളിത്തത്തോടുകൂടി ഫലപ്രദമായി നടത്തിയാൽ ഈ വകയിലുള്ള ഭീമമായ ചെലവ് ലാഭിക്കാം.

6. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയത്തു ചെയ്യുവാൻ സ്ഥിരം സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തിയാൽ ആവർത്തന ചെലവ്ചുരുക്കിയെടുക്കാവുന്നതാണ്.

7. ആഴ്ച തോറും ഗ്രാമചന്ത നടത്തി വരുമാനമുണ്ടാക്കാവുന്നതാണ്.

8. പഞ്ചായത്തിലെ ചെങ്കൽ-കരിങ്കൽ ക്വാറി ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.

9. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കി ഫീസ് ഏർപ്പെടുത്തുക എന്ന നിയമം കർശനമാക്കുക.

10. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുകയാണെങ്കിൽ വിവാഹ ആവശ്യത്തിനും മറ്റും ഉപയോഗിച്ച് അതിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് മുതൽക്കൂട്ടാക്കാം. കുറ്റ്യാടി ജലസേചന പദ്ധതി വക കായണ്ണ അങ്ങാടിക്കടുത്തുള്ള സ്ഥലം ഇതിനു വേണ്ടി ഉപയോഗിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

11. 5 ലക്ഷത്തിൽ കൂടുതൽ മതിപ്പ് ചെലവ് വരുന്ന വീടുകൾക്ക് അധികം വരുന്ന തുകയുടെ 10% കണക്കാക്കി ആഡംബര നികുതി ചുമത്താവുന്നതാണ്.

12. സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ശാഖയോ അല്ലെങ്കിൽ ഷെഡ്യൂൾഡ് ബാങ്കിന്റെ ശാഖയോ പഞ്ചായത്തിൽ സ്ഥാപിച്ചാൽ, പാവപ്പെട്ട ജനങ്ങൾക്ക് ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കാൻ എളുപ്പമാവും.

13. പഞ്ചായത്തിലെ വിവിധ മേഖലകളുടെ പ്രവർത്തനങ്ങൾക്ക്, മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്താവുന്നതാണ്. വിവിധ സന്നദ്ധസേനകൾ രൂപീകരിച്ചു പ്രവർത്തനങ്ങളുടെ ചുമതല അവരെ ഏല്പിക്കാവുന്നതാണ്.

## നവംബർ ഒന്നിന്റെ പുനരർപ്പണദിനത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

| വാർഡ് | പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ | മനുഷ്യ പ്രയത്ന ത്തിൻന്റെ മൂല്യം |
|---|---|---|
| ഒന്ന് | നടപ്പാത നിർമ്മാണം | |
| | ഉപയോഗശൂന്യമായ പൊതുകിണർ മണ്ണിട്ട് നികത്തൽ | |
| | 300 മീറ്റർ നീളവും 6 മീറ്റർ വീതിയിലും അമ്പാടത്ത് താഴ മുതൽ നടുക്കണ്ടിത്താഴ വരെ റോഡ് വെട്ടി | |
| രണ്ട് | 100 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയും കുരിക്കൾകൊല്ലി കോടേരിച്ചാൽ റോഡ് വെട്ടി | |
| | 500 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും കായണ്ണ അമ്പലം മുതൽ മണ്ണാങ്കണ്ടി വരെ നടപ്പാത വെട്ടി | |
| മൂന്ന് | ഗവ:ഹൈസ്കൂൾ ഗ്രൗണ്ടിന് റിട്ടൈനിംഗ് വാൾ വെട്ടി | |
| നാല് | വലിയ പുരയിൽ-കെളോർപാറ നടപ്പാതക്ക് വേണ്ടി 100 മീറ്റർ വഴി ചെത്തി നികത്തി | |
| അഞ്ച് | ഊളേരി അങ്കക്കല്ല് റോഡ് 50 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയുലം കല്ല് പതിച്ചു. | |
| ആറ് | (i) കോളനിമുക്ക് -ചെറുക്കാട് റോഡ് 400 മീറ്റർ നീളത്തിൽ ഉയർന്ന കല്ലുള്ള ഭാഗം കല്ല് വെട്ടി നിരത്തുകയും കുഴി നികത്തുകയും ചെയ്തു. | |
| | (ii) മണ്ടോപ്പാറ-കാരകുളങ്ങരച്ചാൽ റോഡിന്റെ 400 മീറ്റർ നീളത്തിൽ 6 മീറ്റർ വീതിയിൽ റോഡ് പ്രവൃത്തിചെയ്തു. | |
| | (iii) ചെറുക്കാട് അംഗനവാടി കെട്ടിടത്തിന്റെ മുറിയുടെ ഉൾഭാഗം സിമന്റ് ചെയ്തു. | |
| | (iv) 150 മീറ്റർ നീളത്തിലും 1.20 മീറ്റർ വീതിയുലം പാടിക്കുന്ന നടപ്പാത് വെട്ടി നിരപ്പാക്കി | |
| ഏഴ് | കുറ്റിവയൽ-കോളിക്കാംവയൽ റോഡ് 1200 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും വെട്ടി ഉയരമുള്ള ഭാഗം നിരപ്പാക്കി. കോളിക്കാംവയൽ ചെറുകാട് റോഡ് 250 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും ഉയരമുള്ള ഭാഗത്തുള്ള മണ്ണ് വയലിൽ ഇട്ട് റോഡാക്കി. | |
| എട്ട് | 800 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും കൈക്കനാലിൽ നിന്നും നീലിക്കുന്ന് റോഡ് വെട്ടി. നമ്പ്രംകുന്ന് വയപ്പുറത്ത് താഴ റോഡ് 250 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും വെട്ടി നിരപ്പാക്കി. | |
| | ആകെ | 3,51,000/- |

# ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡും പാലവും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞു നിൽക്കുന്നു. ഉല്പാദനപ്രക്രിയ വികസന വീക്ഷണത്തിൽ നിന്ന് അന്യം നിൽക്കുകയാണ്. കാർഷിക-വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസന തന്ത്രമാണ് ഇന്നാവശ്യം.

വികസനം, ഡിപ്പാർട്ട്മെന്റുകളുടെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നില മാറിയേ തീരൂ. സാർവത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിപ്പിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടി വളർത്തി, വികസനപ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. ഫണ്ട് സമാഹരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി, പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ വിഷമമില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ, വസ്തുനിഷ്ഠ സമീപനം പ്രായോഗികമാക്കണം.

സാമൂഹിക-രാഷ്ട്രീയരംഗത്തുള്ള എല്ലാ തർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ മനോനിഷ്ഠമായി വിലയിരുത്തുന്നതാണ്. വസ്തുനിഷ്ഠമായി, തെളിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്കവിതർക്കങ്ങൾ ഇല്ലാതാവും, ഐക്യം വളർന്നു വരികയും ചെയ്യും. വിഭവഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയകൾക്കും വസ്തുനിഷ്ഠമായ അടിത്തറയാണ് നൽകുന്നത്.

ആസൂത്രണം അർത്ഥവത്താവുന്നത്, വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണ്ണയിക്കാൻ. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോഗികബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതികൾക്ക് കഴിയും. സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ച് പ്രൊജക്റ്റുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ദ്ധ സംഘം സ്ഥിരമായി പ്രവർത്തിച്ചേ തീരൂ.

സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതം തന്നെ കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തിക നിലയെക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാണ്. ഒൻപതാം പദ്ധതിക്കുള്ള ആകെ തുക 14,800 കോടി രൂപയാണ്. ഇതിന്റെ 40% എന്നാൽ 5,920 കോടി രൂപയാണ്. ഇതിന്റെ പകുതി 2,960 കോടി ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടാനിടയുണ്ട്. ചുരുങ്ങിയത് 25% ജനവിഹിതം ലഭിക്കാനിടയാവും എന്ന് പ്രതീക്ഷിക്കണം. എങ്കിൽ പ്രതിവർഷം പഞ്ചായത്തിന് ലഭിക്കാനിടയുള്ള തുക 72.9 ലക്ഷമാണ്. വികസനരംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിന് കാരണമാവും എന്നുറപ്പാണല്ലോ.

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേല്പോട്ടാവു ന്നത് മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊ പ്പമാണ് ഈ വികസനമുന്നേറ്റം നേടാനാവുന്നത്. ജന കീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേ ജിപ്പിക്കുന്ന ഒരു വിനോദമേഖലയല്ല, മറിച്ച് ജനോപ കാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ, ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനത, ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽനിന്ന് പാലാഴിമഥനത്തിൽ നിന്ന് അമൃതകുംഭം എന്നതുപോലെ ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്. അയൽക്കൂട്ടങ്ങളുടെയും - ഗ്രാമസഭകളു ടെയും ജനകീയ ശക്തിയിൽ ഗ്രാമവികസനത്തി ന്നൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും, കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ, സമീപകാ ലത്തു തന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ 'സമഗ്രവികസന രേഖ' നമ്മുടെ ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു, വിശ ദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണ ത്തിനും വേണ്ടി...

**എഡിറ്റോറിയൽ ബോർഡ്**

**വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നുവന്നതും**
**ശേഷം നടപ്പാക്കിയതുമായ കാര്യങ്ങൾ:**

**1. ഗ്രാമചന്ത**


പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന കായണ്ണ ബസാറിൽ ഒരു ഗ്രാമചന്ത വേണമെന്ന ആവശ്യം നവംബർ 9 ശനിയാഴ്ച മുതൽ പ്രാവർത്തികമാക്കി കഴിഞ്ഞു.

**2. മൃഗാശുപത്രി**

വിവിധ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട കായണ്ണയിൽ ഒരു മൃഗാശുപത്രി വേണമെന്ന നിർദ്ദേശവും ഇതിനകം നടപ്പാക്കിക്കഴിഞ്ഞു. നവംബർ 7 മുതൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു.

**3. സിഗ്നൽ ബോർഡ്**

കായണ്ണ ഗവ. യു.പി സ്കൂളിന്റെ അടുത്തുള്ള റോഡിൽ സ്കൂൾ സിഗ്നൽ ബോർഡ് സ്ഥാപിക്കണമെന്ന ആവശ്യവും നിറവേറ്റിക്കഴിഞ്ഞു.










അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്




# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം



എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലാതാനും

മഹാത്മാഗാന്ധി



# കൂത്താളി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം - വികസനരേഖ - '96



“സ്വന്തം രാജ്യത്തിൻെറ നിർമ്മിതിയിൽ
തനിക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന്
പരമദ്രരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം ”
ഉയർന്നവർഗ്ഗക്കാരോ താഴ്ന്നവർഗ്ഗക്കാരോ
ഇല്ലാത്തൊരു ഭാരതം,
എല്ലാ സമുദായങ്ങളും പരിപൂർണ്ണ
രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനുവേണ്ടി
ഞാൻ പ്രവർത്തിക്കും.”

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി


## കൂത്താളി ഗ്രാമ പഞ്ചായത്ത്

# വികസന സെമിനാർ

1996 നവംബർ 20

കൂത്താളി എ.യു.പി.സ്കൂൾ

## വികസന രേഖ


CHANGAROTH PANCHAYAT
WARD 8
WARD 2
KOOTHALI
WARD 6
WARD 7
CHAKKITTA PARA
PANCHAYAT
PERAMBRA
PANCHAYAT
WARD 3
WARD 1
PYTHOTH
PARAKKAD
WARD 5
WARD 4
CHAKKITTA PARA
PANCHAYAT
PERAMBRA PANCHAYAT
KAYANNA PANCHAYAT

# ഭരണസമിതി



സി.കെ.മാലതി
(പ്രസിഡണ്ട്)



ടി.സി.രാമൻനമ്പ്യാർ
(വൈസ്.പ്രസിഡണ്ട്)



പി.സി.രാധാകൃഷ്ണൻ
(സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)



ശ്രീവിലാസ് വിമല




എം.ശ്രീധരൻ



കെ.കെ.നഫീസ



പി.എം.മോഹനൻ



ഉമ്മർ തണ്ടോറ

460

# തിരനോട്ടം


1 മുൻകുറിപ്പ്

2 ആമുഖം

3 കൃഷിയും ജലസേചനവും

4 മൃഗസംരക്ഷണം - മത്സ്യബന്ധനം

5 വിദ്യാഭ്യാസം

6 കുടിവെള്ളം പൊതുജനാരോഗ്യം

7 വ്യവസായം

8 സഹകരണമേഖല

9 പാർപ്പിടം - സാമൂഹ്യക്ഷേമം

10 ഗതാഗതം - ഊർജ്ജം

11 സംസ്കാരം

12 വനിതാക്ഷേമം

13 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

14 വിഭവസമാഹരണം

15 പിൻവാക്ക്

# 1

# മുൻകുറിപ്പ്

ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നുവെന്നാണ് നമ്മുടെ രാഷ്ട്രപിതാവ് വർഷങ്ങൾക്കുമുമ്പേ പറഞ്ഞത്. സ്വാതന്ത്ര്യലബ്ധിയുടെ അരനൂറ്റാണ്ട് പിന്നിട്ടെങ്കിലും വികസനത്തിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളേണ്ട നമ്മുടെ ഗ്രാമപഞ്ചായത്തുകൾ സമഗ്രമായ വളർച്ച നേടിയിട്ടില്ല. ഇതിന്റെ കാരണങ്ങളിൽ പ്രധാനം അധികാരവികേന്ദ്രീകരണത്തിന്റെ അഭാവമായിരുന്നു. പദ്ധതികൾ മുകളിൽ നിന്നു കീഴോട്ട് എന്ന ക്രമത്തിൽ അധോമുഖമായി നടപ്പാക്കപ്പെടുകയും അതുകൊണ്ടുതന്നെ ഗുണഭോക്താക്കളിലെത്തും മുമ്പേ ചോർന്നുതീരുകയും ജനതയുടെ പങ്കാളിത്തമില്ലാതെ അന്യംനിന്നുപോവുകയും ചെയ്തു. ഗുണഭോക്താക്കൾ വെറും കാഴ്ചക്കാരാകാത്തരീതിയിൽ പദ്ധതികളുടെ ജനപങ്കാളിത്തം ഉറപ്പുവരുത്തിയിരുന്നുവെങ്കിൽ നമ്മുടെ വികസനപദ്ധതികളുടെ ഫലപ്രാപ്തി എത്രയോ ഗുണകരമായേനെ.

കാർഷികമേഖല ആശങ്കാജനകമായ രീതിയിൽ തകരുകയും സമ്പൂർണ്ണ സാക്ഷരതയുടെ കണക്കുകൾക്കിടയിൽ നിന്നു നിരക്ഷരർ മുളച്ചുവരികയും ഔപചാരിക വിദ്യാഭ്യാസം നിലവാരത്തകർച്ചകളുടെ പരമ്പരയിലേക്ക് കൂപ്പുകുത്തുകയും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ പുനർജ്ജനിക്കുകയും ചെയ്യുന്ന സമകാലികാവസ്ഥയിൽ ഗ്രാമങ്ങൾ നഗരവൽക്കരിക്കപ്പെടുകയും ഉപഭോഗസംസ്കാരം പടർന്നുപിടിക്കുകയും കൂടി ചെയ്തതോടെ സ്വാശ്രയമെന്ന പദം തന്നെ നമുക്കന്യമാവുകയാണ്. സർവ്വസ്പർശിയായ മൂല്യശോഷണം കേരളത്തിലെ സാമാന്യജനതയുടെ നിലനില്പുതന്നെ അവതാളത്തിലാക്കുന്ന സാമൂഹ്യസാഹചര്യത്തിൽ ഓരോ ഗ്രാമവും പരാശ്രയത്വത്തിന്റെ സാമ്പത്തികച്ചങ്ങലയിൽ നിന്നു സ്വയം വിമുക്തമാകേണ്ടതുണ്ട്. ചരിത്രത്തിന്റെ പാഠങ്ങളുൾക്കൊണ്ട് ഓരോ പൌരനും തന്റെ ചുറ്റുപാടുകളെക്കുറിച്ച് അറിയുകയും അതിന്റെ ഭാവി രൂപപ്പെടുത്തുന്നതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഗാന്ധിജിയുടെ സ്വപ്നത്തിലെ സ്വാശ്രയഗ്രാമങ്ങൾ ഫലവത്താകുകയുള്ളു.

ഈയൊരു തിരിച്ചറിവാണ് ജനകീയാസൂത്രണപ്രവർത്തനം സംഘടിപ്പിക്കുമ്പോൾ നമ്മെ നയിക്കേണ്ടത്. നമ്മുടെ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലെയും കോട്ടങ്ങൾ പരിഹരിക്കുന്നതിനും നേട്ടങ്ങൾ നിലനിർത്തി ഇനിയും മുന്നേറുന്നതിനും ഈ സംരംഭം സഹായകമാവേണ്ടതുണ്ട്.

9 ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റിക്കൊണ്ട് ആസൂത്രണരംഗത്ത് ഒരു പുതിയപാത തുറക്കുകയാണ് കേരളഗവർമ്മെണ്ട് ചെയ്യുന്നത്. ത്രിതല പഞ്ചായത്ത് സമിതികൾക്ക് അധികാരത്തോടൊപ്പം 35-40 % വരെ പദ്ധതിവിഹിതവും അനുവദിച്ചുകൊണ്ട് ഒരു പുതിയ വികസനമാതൃകക്ക് രൂപം കൊടുത്തിരിക്കുകയാണ്. മറ്റുപല രംഗത്തും ലോകത്തിന മാതൃകകാട്ടിയ കേരളം, പുതിയൊരു മാതൃകകൂടി അവതരിപ്പിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ ഈ കടമയാണ് നാം ഏറ്റെടുക്കുന്നത്. നാടിന്റെ പ്രശ്നങ്ങൾ പഠിച്ചറിഞ്ഞും അവയ്ക്കുള്ള പരിഹാരങ്ങൾ ആരാഞ്ഞും തികഞ്ഞ ലക്ഷ്യബോധത്തോടെ നാം മുന്നോട്ടു നീങ്ങുന്നു. നാലുടീമുകളായി നടത്തിയ പഠനപര്യടനവും നൂറുകണക്കിന് പ്രവർത്തകർ വീടുകൾ സന്ദർശിച്ച് ശേഖരിച്ച വിവരങ്ങളും ഈ റിപ്പോർട്ടിനെ പരമാവധി സമ്പുഷ്ടമാക്കാനുള്ള ശ്രമങ്ങളാണ്.

ഈ അർപ്പണബോധവും കൂട്ടായ്മയും ഇനിയും ശക്തിപ്പെടുത്തി നാമൊരു ചരിത്രദൌത്യം നിർവ്വഹിക്കുകയാണ്. നമ്മുടെ ഗ്രാമത്തെ കൂടുതൽ ഐശ്വര്യപൂർണ്ണമാക്കാനുള്ള യാത്രയിൽ വഴിവിളക്കായി ഈ വികസനരേഖ ഞങ്ങൾ സമർപ്പിക്കുന്നു.

# കൂത്താളീയത

| | | |
|---|---|---|
| പേര് | : | കൂത്താളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | കൂത്താളി വില്ലേജ്, പേരാമ്പ്രവില്ലേജിൻെറ പേരാമ്പ്ര, കിളിയമ്പിലായി, കൊരട്ടി ദേശങ്ങൾ |
| ബ്ലോക്ക്പഞ്ചായത്ത് | : | പേരാമ്പ്ര |
| ജില്ലാപഞ്ചായത്ത് | : | കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : | പേരാമ്പ്ര |
| താലൂക്ക് | : | കൊയിലാണ്ടി |
| വിസ്തീർണ്ണം | : | 14.13Sq: KM |
| അതിരുകൾ | : | വടക്ക്: ചങ്ങരോത്ത് പഞ്ചായത്ത്<br>കിഴക്ക് : ചക്കിട്ടപാറ, കായണ്ണ പഞ്ചായത്തുകൾ<br>പടിഞ്ഞാറ് : പേരാമ്പ്ര, ചങ്ങരോത്ത് പഞ്ചായത്തുകൾ<br>തെക്ക് : പേരാമ്പ്ര പഞ്ചായത്ത് |
| ജനസംഖ്യ | : | 13839 (1991 സെൻസസ്) |
| പുരുഷന്മാർ | : | 6923 |
| സ്ത്രീകൾ | : | 6916 |
| ജനസാന്ദ്രത | : | 979 |
| വാർഡുകൾ | : | 8 |

463

# 2

# ആമുഖം

കൂത്താളിയുടെ ഗതകാലചരിത്രം തേടി സഞ്ചരിക്കുന്ന നമുക്ക് മറ്റു പല പ്രദേശങ്ങളുടേതുമെന്നതു പോലെ അഭിമുഖീകരിക്കേണ്ടിവരിക ഐതിഹ്യവും ചരിത്രവും ഇഴപിരിഞ്ഞുകിടക്കുന്ന സങ്കീർണ്ണതയെയാണ്. ഈ സങ്കീർണ്ണതയിൽ നിന്നു ചരിത്രത്തെ വേർതിരിച്ചെടുക്കുക ഏറെ ദുഷ്കരവും.

പ്രോജ്വലമായ പ്രാചീനസംസ്കൃതിയുടെ ജീവിക്കുന്ന തെളിവുകളായി പൈതോത്ത് പ്രദേശത്ത് വർത്തമാനത്തിലേക്ക് തലയുയർത്തി നിൽക്കുന്ന കുടക്കല്ലുകൾ നാം കാണുന്നു. പലേടങ്ങളിലും കണ്ടെടുക്കപ്പെട്ട നന്നങ്ങാടികളും നമുക്ക് നൽകുന്ന അറിവ് മറ്റൊന്നുമല്ല.

പഴയ കുറുമ്പ്രനാട് താലൂക്കിൽ വല്ലഭൻ ചാത്തൻ എന്ന സ്ഥാനപ്പേരുള്ള കൂത്താളി മൂപ്പിൽ നായരുടെയും ഗോദെരാമൻ എന്ന അവിഞ്ഞാട്ട് നാടുവാഴിയുടെയും ജന്മസ്വത്തിൽ പെട്ടതായിരുന്നു ഇന്നത്തെ കൂത്താളി. മരുമക്കത്തായം അനുവർത്തിച്ചിരുന്ന നായർ സമുദായത്തിൽ പെട്ട നാടുവാഴികുടുംബത്തിലെ ഒടുവിലത്തെ നാടുവാഴി വല്ലഭൻ ചാത്തൻ എന്ന കുഞ്ഞിരാമൻനായർ അന്തരിച്ചതോടെ അവകാശികളില്ലാതിരുന്ന സ്വത്തുക്കൾ 1932 ൽ അറ്റാലടക്ക നിയമപ്രകാരം ബ്രിട്ടീഷ് സർക്കാറിൽ ലയിക്കുകയായിരുന്നു. വയനാട്‌വരെ വ്യാപിച്ചുകിടക്കുന്ന ഈ പ്രദേശമാണ് ചരിത്രത്താളുകളിൽ കൂത്താളി എസ്റ്റേറ്റ് എന്നറിയപ്പെടുന്നത്.

ഭൂപ്രദേശത്തിന്റെ ഏതാണ്ട് 40% വിസ്തീർണ്ണമുള്ള വയലുകളിൽ കന്നി, മകരം നെൽകൃഷിചെയ്തിരുന്നു. പറമ്പുകളിലും കന്നികൃഷി (മോടൻ) നടത്തിയിരുന്നു. തെങ്ങും കവുങ്ങും കുരുമുളകും കപ്പയും വാഴയും മറ്റു ഇടവിളകൃഷികളും നടത്തിയിരുന്നു. വിളകളുടെ അടിസ്ഥാനത്തിൽ ഭൂമി നഞ്ച, പുഞ്ച, തോട്ടം എന്നീ നിലകളിൽ തരംതിരിച്ചിരുന്നു. വിളയുടെ അടിസ്ഥാനത്തിലായിരുന്നു നികുതി.

നാടുവാഴികളുടെ വംശവൃക്ഷത്തിന്റെ അടിവേരുകൾ തമിഴ്ബ്രാഹ്മണസമൂഹത്തിൽ ചെന്നവസാനിക്കുന്നു. കോവിലകം,-കൊട്ടാരം എന്നിങ്ങനെ നാടുവാഴികളുടെ ആസ്ഥാനം വിശേഷിപ്പിക്കപ്പെടുമ്പോൾ കുത്താളിയുടേത് 'മഠം' എന്നറിയപ്പെടുന്നത് അതുകൊണ്ടായിരിക്കാം.

പ്രാചീന കലകൾക്ക് പ്രശംസനീയമായ പ്രോത്സാഹനം ലഭിച്ച കാലഘട്ടമായിരുന്നു നാടുവാഴികളുടേത്. പ്രഗത്ഭരായ ഒട്ടേറെ കഥകളി കലാകാരന്മാർ ഇവിടെ പഠിപ്പിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. ഗു

രുകുഞ്ചുകുറുപ്പ്, ചേമഞ്ചരികുഞ്ഞിരാമൻനായർ എന്നിവർ പ്രത്യേകം പരാമർശമർഹിക്കുന്നു. നാടുവാഴികളുടെ പരിലാളനയേറ്റുവളർന്ന ക്ലാസിക് കലകൾക്ക് സമാന്തരമായി കീഴാളരുടെ ജനകീയ കലാരൂപങ്ങളും കൂത്താളിയിൽ സമ്പുഷ്ടമായിരുന്നു.

'കൂത്താട്ടുപള്ളി' ലോപിച്ചുണ്ടായതാണെന്നും 'കൂത്ത്' 'ആളി' എന്നീ പദങ്ങളിൽ നിന്നു ആവിർഭവിച്ചതാണെന്നുമുള്ള വ്യത്യസ്ത വ്യാഖ്യാനങ്ങളാവാമെങ്കിലും കൂത്താളിയിൽ 'കൂത്ത്' അടങ്ങിയിട്ടുണ്ടെന്നത് അനാദികാലം മുതലേ ഈ പ്രദേശത്തിന്ന് കലയുമായുണ്ടായിരുന്ന ഗാഢ ബന്ധത്തെ സൂചിപ്പിക്കുന്നു.

ഗ്രാമങ്ങളിൽ എല്ലാ വിഭാഗം കൈത്തൊഴിലുകാരും അധിവസിച്ചിരുന്നു. ജാതി അടിസ്ഥാനമാക്കിയുള്ള തൊഴിൽ വിഭജനമാണ് അന്നുണ്ടായിരുന്നത്. നാടുവാഴിത്തത്തിൻെറ കീഴിൽ സ്വാഭാവികമായും ഉണ്ടാവുന്ന എല്ലാ ദുരാചാരങ്ങളും ഇവിടെ നിലനിന്നിരുന്നു. അയിത്തം വളരെ ശക്തമായിരുന്നു.

നാട്ടാശാന്മാർ നടത്തിയിരുന്ന എഴുത്തു പള്ളികളാണ് ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ. 1930 കളിലാണ് ആദ്യത്തെ എലിമെൻററി സ്ക്കൂൾ കൂത്താളിയിൽ സ്ഥാപിക്കപ്പെടുന്നത്. പിന്നീട് കല്ലോട്, ഈസ്റ്റ് മാപ്പിള കണ്ണോത്ത്, ആസാദ്ഹിന്ദ് എന്നീ സ്ക്കൂളുകളും സ്ഥാപിതമായി.

കൂത്താളിയിൽ നിന്നു കോഴിക്കോട്ടേക്കുള്ള സി.സി.മോട്ടോർസ് (ചെറുവത്ത് ചെറുവട്ടാട്ട് എന്നതിൻെറ ചുരുക്കം) ബസ്സ് ഓടിയത് 50 വർഷങ്ങൾക്കു മുമ്പാണ്. കരുവോത്ത് കുഞ്ഞികൃഷ്ണൻനമ്പ്യാരായിരുന്നു ഉടമ.

നാടുവാഴിത്തത്തിൻെറ കടുത്ത വിലക്കുകൾക്കുള്ളിലും ദേശീയ പ്രസ്ഥാനത്തിൻെറ ചലനങ്ങൾ ഇവിടെയും ഉയർന്നുവന്നു. പരേതരായ ആരാക്കണ്ടി നാരായണൻനായർ, ടി.വി.ഉണ്ണിക്കിട്ടൻനായർ, കൂത്താളി സ്കൂളിലെ പ്രധാനാധ്യാപകനായിരുന്ന കെ.കൃഷ്ണൻനായർ എന്നിവരാണ് ആദ്യകാല കോൺഗ്രസ്സ് പ്രവർത്തകർ. കൂത്താളിയിൽ ആദ്യത്തെ ഗ്രന്ഥശാലയും വായനശാലയും സ്ഥാപിക്കാൻ മുൻകൈയെടുത്തത് ശ്രീ. നാരായണൻ നായരായിരുന്നു. കോൺഗ്രസ്സ് പ്രവർത്തനത്തിൻെറ ഭാഗമായി ഹരിജൻ വിദ്യാർത്ഥികളെ സ്കൂളിലയക്കാനും മറ്റുമുള്ള പരിശ്രമങ്ങൾ നടത്തിയതിന് ശ്രീ.കൃഷ്ണൻനായർക്ക് കൂത്താളി സ്കൂളിലെ ജോലി നഷ്ടപ്പെടുകയുണ്ടായി.

കൂത്താളി എസ്റ്റേറ്റിലെ ഫലഭൂയിഷ്ടമായ ഭൂമിയിൽ കർഷകർ കാലാകാലമായി നടത്തിയിരുന്ന പുനംകൃഷി സർക്കാർ നിയമംമൂലം നിരോധിച്ചതിനെതിരെയുയർന്ന പ്രതിഷേധമായാണ് ചരിത്രപ്രസിദ്ധമായ കൂത്താളി സമരം വളർന്നുവന്നത്.

കല്പകശ്ശേരി പൊയിലിൽ (പൈതോത്ത്) ശ്രീ:പി.കെ.വൈദ്യരുടെ വൈദ്യശാല കേന്ദ്രീകരിച്ചാണ് കൂത്താളിയിൽ ആദ്യമായി കമ്യൂണിസ്ററ് - കർഷകപ്രസ്ഥാനങ്ങൾ രൂപം കൊള്ളുന്നത്. യു.കെ.പണിക്കർ, എടക്കോത്ത് കുഞ്ഞിരാമൻനായർ, ചെറുക്കാക്കര കുമാരൻവൈദ്യർ,പി.കെ.വൈദ്യർ എന്നിവരായിരുന്നു അക്കാലത്തെ പ്രമുഖ പ്രവർത്തകർ.

കേരളത്തിൻെറ ധനകാര്യവകുപ്പുമന്ത്രിയും പി.എസ്.സി ചെയർമാനുമായിരുന്ന ഡോക്ടർ കെ.ജി.അടിയോടി കൂത്താളിക്ക് കേരളാടിസ്ഥാനത്തിൽ പ്രശസ്തി നേടിക്കൊടുത്തു. മുൻ.എം.എൽ.എയും ഇപ്പോൾ ദേശാഭിമാനി മാനേജരുമായ ശ്രീ:വി.വി.ദക്ഷിണാമൂർത്തി കൂത്താളിയിൽ ജനിച്ചുവളർന്ന് ഇവിടെ രാഷ്ട്രീയ പ്രവർത്തനം നടത്തിയ മറെറാരു പ്രഗത്ഭ നേതാവാണ്. ഒളിംമ്പിക് താരമായ ശ്രീമതി.പി.ടി.ഉഷ ജന്മംകൊണ്ട് കൂത്താളി സ്വദേശിനിയാണ്.

ആയുർവേദ ചികിത്സാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച ഒട്ടേറെ പ്രശസ്തരായ വൈദ്യന്മാർക്ക് കൂത്താളി ജന്മം നൽകിയിട്ടുണ്ട്. ശ്രീ:നടുവിലകണ്ടി ചാപ്പൻനമ്പ്യാർ, ചെറുക്കാക്കര കുമാരൻ വൈദ്യർ, സി.വി.ചെക്കോട്ടിവൈദ്യർ, സി.വി.കേളപ്പൻ വൈദ്യർ, കെ.പി.ചാപ്പൻ വൈദ്യർ, എന്നിവർ ആയുർവേദരംഗത്തും ശ്രീ.പി.സി.കു

ഞ്ഞികൃഷ്ണൻനായർ, ഒ.സി.ഗോപാലൻ നായർ എന്നിവർ വിഷചികിത്സാരംഗത്തും നൽകിയ സംഭാവനകൾ വിലപ്പെട്ടതത്രെ. ഇന്ന് ആയുർവേദചികിത്സ അലോപ്പതിക്ക് വഴിമാറിയിരിക്കയാണ്.

ചരിത്രപ്രസിദ്ധമായ കൂത്താളിസമരം നടന്ന പ്രദേശങ്ങളും കൂത്താളി കൂട്ടുകൃഷിഫാമും (State seed farm) ഇന്നത്തെ ചക്കിട്ടപാറ പഞ്ചായത്തിലാണ്.

## കൂത്താളി പഞ്ചായത്ത്, മുൻഭരണസമിതികൾ

പഴയ മലബാർ ജില്ലയിലെ കുറുമ്പ്രനാട് താലൂക്കിലെ പിള്ളപെരുവണ്ണ, വള്ളിപ്പറ്റ, പന്നിക്കോട്ടൂർ മലവാരങ്ങളുൾപ്പെടെ 33000 ഏക്കർ വിസ്തീർണ്ണം വരുന്നതും വയനാട് ജില്ലാതിർത്തിയായ തരിയോട് വരെ വ്യാപിച്ചുകിടക്കുന്നതുമായ പേരാമ്പ്ര പഞ്ചായത്ത് 1956 ലാണ് രൂപീകരിക്കപ്പെടുന്നത്. മദരാശി ഗ്രാമപഞ്ചായത്ത് ആക്ടനുസരിച്ച് സംഘടിപ്പിക്കപ്പെട്ട് 24.1.56 ൽ അധികാരമേറ്റ പഞ്ചായത്ത് ഭരണസമതിയിൽ എടമന ചാക്കോ (പ്രസിഡൻറ്) പുതിയെടുത്ത് കുഞ്ഞ്യേത്കുട്ടി (വൈ.പ്രസിഡണ്ട്) വാലുമണ്ണേൽ അബ്രഹാം, തടത്തിൽ അബ്രഹാം, തിയ്യർകണ്ടികനിയൻ, പുളിക്കോത്തു ചാലിൽ കുഞ്ഞികൃഷ്ണൻനായർ, കണക്കഞ്ചേരിൽ കുരുവിള, ഇരവുചിറ ചാക്കോ എന്നീ എട്ടുപേരാണുണ്ടായിരുന്നത്. ചക്കിട്ടപാറയിലെ തറമൽ കോച്ചേരി ജോസഫിൻെറ വാടകമുറിയിലായിരുന്നു പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. എക്സിക്യൂട്ടീവ് അധികാരം അന്നു പ്രസിഡണ്ടിൽ നിക്ഷിപ്തമായിരുന്നു.

കൂത്താളിയിലെ ഒടുവിലത്തെ നാടുവാഴിയുടെ മകനായിരുന്ന ശ്രീ:ഒ.ചന്തുമേനോൻ ചെയർമാനായി രൂപീകൃതമായ പഞ്ചായത്ത് ഡീലിമിറ്റേഷൻ കമ്മറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കൂത്താളി, പൈതോത്ത് പനക്കാട് എന്നീ ദേശങ്ങൾ കൂടി പേരാമ്പ്ര പഞ്ചായത്തിൽ (നിലവിലുള്ള പേരാമ്പ്ര പഞ്ചായത്തല്ല) കൂട്ടിച്ചേർത്തുകൊണ്ട് കൂത്താളി പഞ്ചായത്ത് എന്ന പേരിൽ നിലവിലുള്ള പഞ്ചായത്ത് പുന:സംഘടിപ്പിച്ചു. പഴയ ഭരണസമിതി 1962 ഡിസംബർ വരെ ഭരണത്തിലുണ്ടായിരുന്നു. 1963 ജനുവരി മുതൽ ഡിസംബർ 31 വരെ സ്പെഷ്യൽ ഓഫീസറുടെ കീഴിലായിരുന്നു പഞ്ചായത്ത് ഭരണം.

തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ആദ്യമായി അധികാരമേൽക്കുന്നത് 1964 ജനുവരി 1 നാണ്. ശ്രീ: പി.വി.കുഞ്ഞിരാമൻനമ്പ്യാർ (പ്രസിഡണ്ട്) പി.എം.നാരായണമാരാർ (വൈ:പ്രസിഡണ്ട്) ഇബ്രായിഹാജി, കെ.ടി.ദേവസ്യ, ജോർജ്ജ്മൂലയിൽ, കെ.വി.നാരായണൻ, ഒ.ജെ.വർഗ്ഗീസ്, പി.ടി.വേമ്പിര എന്നിവരായിരുന്നു അന്നത്തെ ഭരണസമിതി അംഗങ്ങൾ. പട്ടികജാതി അംഗം ദ്വയാംഗ മണ്ഡലത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. വനിതാ പ്രതിനിധി നോമിനേഷനിലൂടെയും (ശ്രീമതി : പരത്തിപ്പാറ തങ്കമ്മ)

1971 ൽ കൂത്താളിപഞ്ചായത്ത്, കൂത്താളി, ചക്കിട്ടപാറ പഞ്ചായത്തുകളായി വിഭജിക്കപ്പെട്ടു. 22.11.71 ന് ശ്രീ:പി.വി.കുഞ്ഞിരാമൻ നമ്പ്യാർ പ്രസിഡണ്ടും കെ.വി.നാരായണൻ, ഇബ്രായിഹാജി, വേമ്പിറ എന്നിവർ ഉൾപ്പെടുന്ന 4 അംഗഭരണസമിതി 1979 വരെ അധികാരത്തിൽ തുടർന്നു.

1979 ലെ തിരഞ്ഞെടുപ്പിലൂടെ അധികാരമേറ്റ ശ്രീ:കെ.കെ.ബാലകൃഷ്ണൻ പ്രസിഡണ്ടും ശ്രീ.കെ.കെ. ഗോപാലൻമാസ്റ്റർ, സി.കെ.മാലതി, പി.കെ.ബാലകൃഷ്ണൻനമ്പ്യാർ, വി.പി.കുഞ്ഞിരാമൻനായർ, പി.പി.കുഞ്ഞിമൊയ്തീൻ ഹാജി, കെ.ഒ.ദാമോദരൻ, പി.പി.ഉമ്മർകുട്ടി എന്നിവരുമുൾപ്പെട്ട 8 അംഗ ഭരണസമിതി 84 വരെ പഞ്ചായത്തു ഭരണം നടത്തി.

1984 മുതൽ 1988 വരെയുള്ള അഡ്മിനിസ്ട്രേറ്റർ ഭരണത്തിന് വിരാമമിട്ടുകൊണ്ടു ശ്രീ:പി.സി.രാധാകൃഷ്ണൻ പ്രസിഡണ്ടും കെ.കെ.ബാലകൃഷ്ണൻ, സി.സി.വൈദ്യർ, സി.കെ.കാർത്ത്യായനി, കെ.ആയിഷാബീവി, കെ.കെ.ഫാത്തിമ, ജി.എ.സി.കുറുപ്പ്, കെ.കുഞ്ഞപ്പ എന്നിവരുൾപ്പെട്ട ഭരണസമിതി 1995വരെ അധികാരത്തിൽ തുടർന്നു.

പഞ്ചായത്തീരാജ് നിയമത്തിൻെറ അടിസ്ഥാനത്തിൽ നടന്ന തിരഞ്ഞെടുപ്പിലൂടെ അധികാരമേറ്റ ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. ശ്രീമതി സി.കെ.മാലതി (പ്രസിഡണ്ടും) ടി.സി.രാമൻനമ്പ്യാർ (വൈ.പ്രസിഡണ്ട്) പി.സി.രാധാകൃഷ്ണൻ (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ) എം.ശ്രീധരൻ, ടി.ഉമ്മർ, ശ്രീ വിലാസ് വിമല, കെ.കെ.നഫീസ, പി.എം.മോഹനൻ എന്നിവരാണ് ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ.

92-'93 വർഷത്തിൽ കേരളത്തിൽ സ്വാശ്രയപഞ്ചായത്തുകളായി പ്രഖ്യാപിക്കപ്പെട്ട 103 പഞ്ചായത്തുകളിൽ ഒന്ന് നമ്മുടെതായിരുന്നു. (കോഴിക്കോട് ജില്ലയിൽ 8) 1994-'95വരെ സ്വാശ്രയപദ്ധതി പ്രകാരമുള്ള വിവിധ സഹായങ്ങൾ നമ്മുടെ പഞ്ചായത്തിന്ന് ലഭ്യമായിട്ടുണ്ട്.

## ഭൂപ്രകൃതി

വടക്കെ അക്ഷാംശം 11.2 ഡിഗ്രി യിലും കിഴക്കേ രേഖാംശം 75.9 ഡിഗ്രി യിലുമാണ് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിൻെറ തെക്കുകിഴക്കായി ചക്കിട്ടപാറ പഞ്ചായത്തും, വടക്ക് ചങ്ങരോത്ത് പഞ്ചായത്തും പടിഞ്ഞാറ് പേരാമ്പ്ര പഞ്ചായത്തും സ്ഥിതിചെയ്യുന്നു. കേരളത്തിൻെറ കാർഷിക മേഖലകളിലൊന്നായ വടക്കൻ മിഡ്ലാൻറ് സോണിലാണ് ഈ പഞ്ചായത്ത് ഉൾപ്പെടുന്നത്.

പഞ്ചായത്തിൻെറ കിഴക്ക് പടിഞ്ഞാറ് ദൂരം കൂടുതലും തെക്ക് വടക്ക് ദൂരം കുറവുമാണ്. കിഴക്ക് പടിഞ്ഞാറ് ദൂരം 5 1/2 കി.മീറ്ററും തെക്ക് വടക്ക് ദൂരം 3 1/2 കി.മീറ്ററുമാണ്.

പഞ്ചായത്തിൻെറ മുക്കാൽ ഭാഗവും ഇടകലർന്നു കിടക്കുന്ന ഉയരം കുറഞ്ഞ കുന്നുകളുടെ ശൃംഖലകളാണ്. കുന്നുകൾക്കിടയിൽ താഴ്വാരങ്ങളും വിസ്താരം കുറഞ്ഞ വയലേലകളും സ്ഥിതിചെയ്യുന്നു. ഓരങ്ങളിൽ നേരിയ ജലനിർഗ്ഗമനചാലുകളും കാണാം. തീരസമതലങ്ങളും ചതുപ്പുകളും ഈ പഞ്ചായത്തിലില്ല.

പഞ്ചായത്തിലെ കുന്നുകൾ സമുദ്രനിരപ്പിൽ നിന്നും 100 മീറ്റർ മുതൽ 400 മീറ്റർവരെ ഉയരമുള്ളവയാണ്. പ്രധാന കുന്നുകൾ താഴെ പറയുന്നവയാണ് മോയോർകുന്ന്, ഈരാഞ്ഞിമ്മൽ, അരീയ്ക്കൽ, പുറയങ്കോട്, പൂവാറകുന്ന്, കട്ടയാട്, കാപ്പുമല, നെല്ലിയുള്ളതിൽ, വെള്ളപാറയ്ക്കൽ, കൊമ്പൻതറ, പൊലിയൻ കുന്ന്, പാലോറ, കൊരട്ടി, ചേമ്പുമല, കോക്കുന്ന്, തുളുവമ്മൽ, മുഞ്ഞോറ, കൊരഞ്ഞിക്കാട്, തരിപ്പമല, മരുതോറ, മുണ്ടക്കുറ്റി, കിളിയമ്പിലായ്, കാക്കോറ, പേരാമ്പ്രകുന്ന്, നമ്പോലത്തുമീത്തൽകുന്ന്, പുള്ളുവൻ തറ, പുല്യോട്ട്, വേട്ട്യോട്ട് എന്നിവയാണ്.

മിക്കകുന്നിൻ പ്രദേശങ്ങളിലും നാളികേരം കൃഷി ചെയ്തുവരുന്നു. കുന്നിൻപുറങ്ങളിൽ കരിങ്കൽ പാറമണ്ണും, വെട്ടുകല്ല്മണ്ണും ഇടകലർന്നു കാണുന്നു. മേൽപ്പറഞ്ഞ കോക്കുന്ന്, പൂവാറക്കുന്ന്, മുഞ്ഞോറ, വെള്ളപാറയ്ക്കൽ എന്നീ കുന്നുകൾ പ്രകൃതിദത്ത നീരുറവിൻെറ കേന്ദ്രങ്ങളാണ്. പഞ്ചായത്തിലെ താഴ്വാരങ്ങളും വയലേലകളും ജലസമൃദ്ധമാണ്. മിക്ക കുന്നുകളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. (അവലംബം : പഠനപര്യടന റിപ്പോർട്ട്)

## കാലാവസ്ഥ

ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പഞ്ചായത്തുകളിലൊന്നാണിത്. ജില്ലയിലെ ശരാശരി മഴ 3667 മി.മീറ്ററാണ്. സംസ്ഥാന ശരാശരി 3003 മി.മീറ്ററാണ്. പഞ്ചായത്തിൽ ശരാശരി 4160 മി.മീറ്റർ മഴ ലഭി

ക്കുന്നുണ്ട്. 1995-ലെ കണക്കനുസരിച്ച് പഞ്ചായത്തിലെ ഓരോ മാസത്തേയും ശരാശരി മഴ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ജനുവരി | - | ഇല്ല |
| ഫിബ്രവരി | - | ഇല്ല |
| മാർച്ച് | - | 3.2.സെ.മീറ്റർ |
| ഏപ്രിൽ | - | 4.95 " |
| മെയ് | - | 305.47 " |
| ജൂൺ | - | 451.06 " |
| ജൂലായ് | - | 766.7 " |
| ആഗസ്റ്റ് | - | 1113.4 " |
| സെപ്തംബർ | - | 716.5 " |
| ഒക്ടോബർ | - | 346.2 " |
| നവംബർ | - | 208.8 " |
| ഡിസംബർ | - | 242.8 " |

പൊതുവേ ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. 1995-ലെ കണക്കനുസരിച്ച് ഇടവപ്പാതി മഴ 3353. 13 മി.മീറ്ററും തുലാവർഷം 797.8 മി.മീറ്ററുമാണ് ലഭിച്ചത്. ഇടമഴ 1995 - ൽ കേവലം 7.97 മി.മീറ്റർ മാത്രമാണ് ലഭിച്ചത്.

പഞ്ചായത്തിലെ താപനിലയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. പൊതുവെ ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത ചൂടും ഡിസംബർ, ജനുവരി മാസങ്ങളിൽ നേരിയ തണുപ്പും അനുഭവപ്പെടുന്നു.

## ജലലഭ്യത

പഞ്ചായത്തിലെ ഏക നദിയായ ചെറുപുഴ 4 കി.മീറ്റർ ദൂരത്തിൽ തെക്ക് വടക്കായി ഒഴുകി കുറ്റ്യാടി പുഴയിൽ ചേരുന്നു. വേനൽക്കാലത്ത് ഈ നദിയിൽ വെള്ളം വളരെ കുറവായിരിക്കും. 24 കുളങ്ങളും 1245 വറ്റാത്ത കിണറുകളും, 1850 വറ്റുന്ന കിണറുകളും ഈ പഞ്ചായത്തിലുണ്ട്. കുളങ്ങളിൽ ഏറ്റവും വലുതും ജലസമൃദ്ധവുമാണ് ചായ്കുളം. തോടുകളിൽ കാൽഭാഗത്തോളവും കുറ്റ്യാടി ജലസേചന പദ്ധതിയിലെ മെയിൻ കനാലിൽ നിന്നും വേനൽക്കാലത്ത് ജലം ലഭിക്കുന്നവയാണ്. പഞ്ചായത്തിലെ ജലസ്രോതസ്സുകളിൽ പ്രകൃതിദത്ത നീരുറവകളുമുണ്ട്.

## മണ്ണ്

പഞ്ചായത്തിൽ മുഖ്യമായും ചെമ്മണ്ണും, പശിമരാശിമണ്ണുമാണ് കാണപ്പെടുന്നത്. മണ്ണിൻെറ 138 സാമ്പിളുകൾ പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ മണ്ണിൻെറ തരം അമ്ലവും, പി.എച്ച്.മൂല്യം 4.5 മുതൽ 6.2.വരെയുമാണ്. മണ്ണിൽ നൈട്രജൻെറയും പൊട്ടാഷിൻെറയും അളവ് കുറവും ഫോസ്ഫറസിൻെറ അളവ് കൂടുതലുമാണ്.

# ഭൂവിനിയോഗം

പഞ്ചായത്തിലെ മൊത്തം കാർഷികഭൂമി 370ഏക്ര, 80 സെൻറ് നിലവും 360 ഹെക്ടർ പുരയിട ഭൂമിയും കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി 230 ഹെക്ടറുമാണ്. പഞ്ചായത്തിൽ രണ്ട് പ്രധാന കാവുകളാണുള്ളത്. എടുത്ത പറയത്തക്ക മൈതാനങ്ങളില്ല.

പഞ്ചായത്തിലെ മുഖ്യവിളകൾ നെല്ല്, നാളികേരം, മരച്ചീനി, വാഴ, കവുങ്ങ്, റബ്ബർ, കുരുമുളക്, കശുമാവ് എന്നിവയാണ്.

ഓരോ വിളയ്ക്കും ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണവും മൊത്തം ഉല്പാദനവും ഉല്പാദനക്ഷമതയും താഴെ കൊടുക്കുന്നു.

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് | | | |
| ഒന്നാം വിള | 86 ഹെക്ടർ | 129000 കി.ഗ്രാം | 1500 കി.ഗ്രാം/ഹെക്ടർ |
| രണ്ടാംവിള | 110 " | 176000 കി.ഗ്രാം | 1600 കി.ഗ്രാം/ഹെക്ടർ |
| മൂന്നാം വിള | 100 " | 170000 കി.ഗ്രാം | 1700 കി.ഗ്രാം/ഹെക്ടർ |
| പയർ | 10 " | 4360 കി.ഗ്രാം | 436 കി.ഗ്രാം/ഹെക്ടർ |
| തെങ്ങ് | 1350 " | 13500000 എണ്ണം | 40/1 തെങ്ങ് |
| വാഴ | 50 " | 26,2500 കി.ഗ്രാം | 10 കി.ഗ്രം/1വാഴ |
| പ്ലാവ് | - | 16870 എണ്ണം | - |
| കശുമാവ് | 12 ഹെക്ടർ | 30300 കി.ലോ. | 2525 കി./ഹെക്ടർ |
| മാവ് | - | 15780 എണ്ണം | - |
| റബ്ബർ | 8 ഹെക്ടർ | 72000 കി. | 15 കി./1 മരം |
| കവുങ്ങ് | 120 ഹെക്ടർ | 1637160 കി.ഗ്രാം | 13643 കി./ഹെക്ടർ |

# ജൈവ സമ്പത്ത്

പഞ്ചായത്തിലെ മലമ്പ്രദേശങ്ങളിൽ കാണപ്പെടുന്ന അപൂർവ്വ ഇനം സസ്യങ്ങളിലൊന്നാണ് തൊഴുകണ്ണി. സൂര്യപ്രകാശമേറ്റാൽ 3 ഇലകളുള്ള ഈ സസ്യത്തിൻെറ രണ്ട് ചെറിയ ഇലകൾ കൈകൂപ്പി നിൽക്കും. പല രോഗങ്ങൾക്കും ഈ സസ്യം ഔഷധമായി ഉപയോഗിക്കുന്നു. കല്ലൂർ വഞ്ചി എന്ന സസ്യം വള്ളിപോലെ വളരുന്നതും പുളിയില സദൃശമായ ഇലകളുള്ളതുമാണ്. മൂത്രക്കല്ല് ചികിത്സക്ക് ഈ സസ്യം ഉപയോഗിക്കുന്നു. പഞ്ചായത്തിലെ മലമ്പ്രദേശത്ത് കാണുന്ന മറ്റൊരിനം സസ്യമാണ് ഓരില താമര. ഈ സസ്യത്തിൻെറ ഇലപനയോല വിശറിപോലെ ഒറ്റയിലയാണ്. വൃക്കരോഗചികിത്സക്ക് ഔഷധമായി ഉപയോഗിക്കുന്നു. കരളേകം എന്ന സസ്യം വിഷചികിത്സക്ക് ഉത്തമമാണ്. ഈ സസ്യം കുന്നിൻ പ്രദേശങ്ങളിൽ കാണപ്പെടുന്നു. മലമ്പ്രദേശങ്ങളിൽ കാണുന്ന ചിറ്ററത്ത സസ്യം നേത്രരോഗ ചികിത്സക്ക് അത്യുത്തമവും പുരയിടങ്ങളിൽ നട്ടു

വളർത്തുന്നവയുമാണ്.

പഞ്ചായത്തിൽ കാണപ്പെടുന്ന പ്രധാനയിനം പക്ഷികളാണ് തത്ത, കൂമൻ, മൂങ്ങ, മാടപ്രാവ്, കാക്ക, കുയിൽ, മൈന, കൊക്ക്, ചെമ്പോത്ത്, പാറാടൻ, മഞ്ഞക്കിളി, അരിപ്രാവ്, പരുന്ത്, കഴുകൻ, വേഴാമ്പൽ, വവ്വാൽ, മരക്കൊത്തൻ, കുരുവി, കരിയിലപക്ഷി, നീർകാക്ക, പുള്ളിക്കുരുവി, കാട്ടുകോഴി, കൊളക്കോഴി, നെടുളാൻ, ഓലവാലൻകിളി എന്നിവ. കാണപ്പെടുന്ന മൃഗങ്ങളിൽ പ്രധാനമായവ മുയൽ കീരി, വെരുക്, മുള്ളൻപന്നി, ഉടുമ്പ് മരപ്പട്ടി, എന്നിവയാണ്.

## മനുഷ്യവിഭവം

1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 13839 ആണ്. ജനസാന്ദ്രത ഒരു ച.കി.മീറ്ററിൽ 979 ആണ്. കേരളത്തിലെ ജനസാന്ദ്രത ഒരു .ച.കി.മീറ്ററിന് 749 ആണ്.

1981 - ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 11823 ആയിരുന്നു. വർദ്ധനവ് 2016 പേർ. വർദ്ധനവിൻെറ ശതമാനം 17.05. ഇത് സംസ്ഥാന ശരാശരി വർദ്ധനവായ 14.32 നേക്കാൾ കൂടുതലാണ്. ജനസംഖ്യാ വർദ്ധനവിൻെറ മുഖ്യകാരണങ്ങളിലൊന്ന് മരണനിരക്കിലെ കുറവാണ്.

1996 നവംബറിൽ പഞ്ചായത്തിലെ ജനസംഖ്യ 15203 ആണ്.

470

# 3

# കൃഷിയും ജലസേചനവും

വഴയ കുറുമ്പ്രനാട് താലൂക്കിൽ പെട്ട കല്ലോടംശത്തിൻെറയും പേരാമ്പ്ര അംശത്തിൻെറയും ഏതാനും ഭാഗങ്ങൾ ചേർന്നതാണ് ഇന്നത്തെ കൂത്താളി ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൽ കൂടി കടന്ന് പേകാുന്ന ചെറുപുഴയുടെ കിഴക്ക് മൂന്നു വാർഡുകളും പടിഞ്ഞാറ് അഞ്ച് വാർഡുകളുമായി എട്ട് വാർഡുകൾ ഉള്ളതാണ് ഈ പ്രദേശം.

കുററ്യാടി ജലസേചനപദ്ധതിയുടെ എൽ.ബി.മെയിൻ കനാൽ 6.550 കി.മീറ്റർ 4,5,6,7 വാർഡുകളിലൂടെയും കല്ലൂർ ബ്രാഞ്ച് കനാൽ 2.300 കി.മീറ്റർ 1,8. വാർഡുകളിലൂടെയും കടന്ന് പോകുന്നുണ്ട്. കുന്നുകളും താഴ്വരകളും വയലുകളും പ്രകൃത്യാ ഉള്ള നീർച്ചാലുകളും ഉള്ളതാണ്. ഈ ഭൂവിഭാഗം. മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക രീതിയാണ് ഈ പഞ്ചായത്തിൽ ഇന്നുള്ളത്. ഇവിടെ ലഭിക്കുന്ന ജലത്തിൻെറ ഭൂരിഭാഗവും കാലവർഷത്തിൽ നിന്നാണ്. ബാക്കി ചെറിയ അളവിലുള്ള ജലം കുറ്റ്യാടി ജലസേചന പദ്ധതിയിൽ നിന്ന് ലഭിക്കുന്നു. നെൽ കൃഷിക്ക് മാത്രമേ ഈ ജലം ഉപയോഗിക്കുന്നുള്ളൂ.

ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കാലവർഷം ശക്തിപ്രാപിക്കുമ്പോൾ വമ്പിച്ച കൃഷിനാശം സംഭവിക്കുന്നു. ഫിബ്രവരി, മാർച്ച് മാസങ്ങളിൽ കഠിനമായ വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നു. വർഷകാലത്തുള്ള അധികജല പ്രവാഹവും വേനൽക്കാലത്തെ വരൾച്ചയും കൃഷിയെ സാരമായി ബാധിക്കുന്ന ഘടകങ്ങളാണ്.

ഈ പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിൽ നിന്നും ജലം ഒഴുകി ചെമ്പ്ര, താണിക്കണ്ടി, കടിയങ്ങാട് പുഴ വഴി വണ്ണത്താൻ മൂഴിയിൽ കൂടി കുറ്റ്യാടി പുഴയിൽ എത്തിച്ചേരുന്നു. കുന്നും ചരിവുകളും കൂടുതൽ ഉള്ളതാണ് ഇതിന് പ്രധാന കാരണം.

കൊത്തിയ പാറയുടെ ഇറക്കിൽ നിന്ന് ഒഴുകി വരുന്ന കണ്ണോത്ത് സ്കൂൾ താഴകുട്ടിക്കുന്നുമ്മൽ താഴക്കൂടി പുഴയിൽ ചേരുന്നതോട്, നടക്കൽ താഴതോട്, മാണിക്കോത്ത്താഴ വഴി, വലിയപറമ്പിൽ താഴതോട്, പാറാടിക്കുന്നുമ്മൽ താഴ കൈപ്പാംകണ്ടി വഴിപുഴയിൽ ചേരുന്നതോട്. പാണ്ടിക്കോട് പനക്കാട് തോട്, പൈതോക്കോത്ത് അത്തിക്കോടൻ കണ്ടി പാറക്കൽ താഴതോട്, പൊട്ടൻതോട്, ഉണ്ണിക്കണ്ടിതാഴ പുലിക്കോട്താഴതോട്, നടുതോട്, കരുവോത്ത്താഴ കുനിയിൽ താഴ പുതിയെടുത്ത് നടതാഴെ വഴി വണ്ണത്താൻ മൂഴിയിൽ

ചേരുന്നതോട്. എന്നിവയാണ് പ്രധാനതോടുകൾ.

മഴക്കാലത്ത് ഈ തോടുകളിൽ വെള്ളപ്പൊക്കമുണ്ടായി കൃഷി നാശം ഉണ്ടാവുകയും വേനൽക്കാലത്ത് കനാൽജലം കൃഷിക്ക് ലഭിക്കാതെ ഒഴുകിപ്പോവുകയും ചെയ്യുന്നു. ഏതാനും കുളങ്ങാം പഞ്ചായത്തിലുള്ളതിൽ ഏറ്റവും വലുത് ഒരിക്കലും വെള്ളം വറ്റാത്ത ചായിക്കുളമാണ്. അഞ്ചാം വാർഡിൽ അഞ്ചാംവാർഡിൽ പുത്തൻ പുരക്കൽതാഴ ഏതാണ്ട് മൂന്ന് ഏക്കറോളം വയൽ മൂന്ന് പൂകിൽ കൃഷിക്കും പറ്റാതെ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. ഈ വയലും ചായിക്കുളവും മത്സ്യകൃഷിക്ക് ഉപയോഗിക്കാൻ പറ്റുമോ എന്ന് പരിശോധിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ താരതമ്യേന മെച്ചപ്പെട്ട ജലസ്രോതസ്സുകൾ ഉണ്ടെങ്കിലം ഇവ കൃഷിക്ക് വേണ്ടവിധം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ കുന്നിൻ പ്രദേശങ്ങളിൽ ജലദൗർല്ലഭ്യം അനുഭവപ്പെടുന്നു.

മുൻപ് കാലത്ത് ഇവിടങ്ങളിലെ കർഷകരും കർഷകതൊഴിലാളികളും കൂത്താളി മൂപ്പിൽ നായർ, അവിഞ്ഞാട്ട് മൂപ്പിൽ നായർ എന്നിവരുടെ മലവാരങ്ങളിൽ വാരം, പാട്ടം, മുതലായ രീതിയിൽ പുനംകൃഷി ചെയ്തായിരുന്നു ഉപജീവനം നടത്തിയിരുന്നത്. പലവിധ ബുദ്ധിമുട്ടുകളും അനുഭവിച്ചായിരുന്നു അന്ന് കൃഷിചെയ്തിരുന്നത്. കാട്ട്മൃഗങ്ങളിൽ നിന്നും കൃഷിയെ രക്ഷിക്കാൻ വൻമരങ്ങളിലും മുളക്കൂട്ടങ്ങളിലും കാവൽമാടങ്ങൾ കെട്ടിയായിരുന്നു രാത്രികാലങ്ങളിൽ കഴിച്ചുകൂട്ടിയിരുന്നത്. അക്കാലത്ത് 100% ആളുകളും കൃഷിയെ ആശ്രയിച്ചായിരുന്നു ജീവിതം നയിച്ചിരുന്നത്.

1960 ന് മമ്പ് മകരം കൊയ്ത്തിന് ശേഷം കന്ന്കാലികളെ മേക്കാനായിരുനനു നെൽവയലുകൾ ഉപയോഗിച്ചിരുന്നത്. മോടൻ കൃഷി അക്കാലത്ത് സർവ്വസാധാരണമായിരുന്നു. ചോമാല, അടുക്കൻ, നവര, ആര്യൻ കാളി, പള്ളിയാരൽ, ആനക്കണ്ണൻ, തവളക്കണ്ണൻ, കവുങ്ങിമ്പൂത്താട, വെതാണ്ടം, ഇട്ടിക്കണ്ടപ്പൻ, ചിറ്റേനി, ഏച്ചിലാടൻ, കയമ മുതലായവയായിരുന്നു പ്രധാന പഴയ വിത്തിനങ്ങൾ. ചാമ, തിന, ചോളം, മുത്താറി, മുതലായ ധാന്യങ്ങൾ അക്കാലത്ത് പറമ്പുകളിൽ കൃഷി ചെയ്തിരുന്നു. എള്ള്, പയർ മുതലായവയും ചിലർ കൃഷി ചെയ്തിരുന്നു. ചേന, ചേമ്പ്, കൂർക്കൽ, ചെറുകിഴങ്ങ്, പയിച്ചികിഴങ്ങ്, കണ്ടികിഴങ്ങ്, മുക്കിഴങ്ങ്, ബിലാത്തികൂവ്വ, തുടങ്ങിയവ ഇടവിളയായി ധാരാളം കൃഷിചെയ്തിരുന്നു. കൂടാതെ ഇഞ്ചി, മഞ്ഞൾ, ചീനികിഴങ്ങ്, കച്ചോലം, തുടങ്ങിയവയും ഇടവിളയായി കൃഷി ചെയ്തിരുന്നു. ഇതോടനുബന്ധിച്ച് ധാരാളം ഔഷധസസ്യങ്ങളും കൃഷിചെയ്ത് വന്നിരുന്നു. കൂത്താളിയിലും പരിസരപ്രദേശങ്ങളിലും ഈ നൂറ്റാണ്ടിൻെറ ആരംഭത്തോടെ ഇത്തരം കൃഷികൾ വ്യാപിച്ചിരുന്നു. കൂടാതെ കദളി, പൂവൻ, മൈസൂരി, കുന്നൻ, മണ്ണൻ, ചെങ്കദളി, മുതലായ നാടൻവാഴയിനങ്ങളും കൃഷിചെയ്തിരുന്നു.

ഭൂപരിഷ്കരണ നിയമത്തോട് കൂടി പാട്ടം കൃഷിക്കാരും കർഷകത്തൊഴിലാളികളും ഭൂവുടമകളായി മാറി. കൃഷിഭൂമികൾ തുണ്ടംതുണ്ടമായി വിഭജിക്കപ്പെട്ടു. അതോടെ കൃഷിയെ മാത്രം ആശ്രയിച്ച് ജിവിക്കുന്നവരുടെ എണ്ണം കുറഞ്ഞു. കൃഷിക്കാർ പരാങ്മുഖരായിമാറി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞു.

ഇവിടത്തെ ഇപ്പോഴത്തെ മുഖ്യവിള തെങ്ങാണ്. കൂടാതെ നെല്ല്, കവുങ്ങ്, വാഴ, റബ്ബർ, കശുമാവ്, കുരുമുളക് എന്നിവയും കൃഷിചെയ്ത് വരുന്നു. ഭൂരിഭാഗം പ്രദേശത്തും നെല്ലായിരുന്നു കൃഷിയെങ്കിലും നെൽകൃഷി മറ്റ് നാണ്യവിളകളുമായി തട്ടിച്ചുനോക്കുമ്പോൾ അനാദായകരമായതുകൊണ്ട് വയലുകളിൽ നാണ്യവിളകളായ തെങ്ങ്, കവുങ്ങ്, നേന്ത്രവാഴ, കപ്പ, മുതലായവ കൃഷിചെയ്യുകയും പാർപ്പിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഗൾഫ്പണത്തിൻെറ വരവോട്കൂടി ഈ പ്രക്രിയ വ്യാപകമായി. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ റോഡുകളും വർദ്ധിച്ചു. റോഡുകൾ വർദ്ധിച്ചതോടെ പ്രശ്നങ്ങളും വർദ്ധിച്ചു. അശാസ്ത്രീയമായ റോഡ് നിർമ്മാണം മൂലം ജലനിർഗമനത്തിന് തടസ്സം നേരിട്ടു. ഭൂമി തുണ്ടുകളായി കിടക്കുന്നത് കൊണ്ട് ശാസ്ത്രീയകൃഷിയും ജലസേചനവും അസാദ്ധ്യമായി. പഞ്ചായത്തിലെ തോടുകൾ വീതികൂട്ടി പാർശ്വഭിത്തികൾ കെട്ടി ജലനിർഗ്ഗമനസൌകര്യം ഉണ്ടാക്കണം. കനാൽജലം ആവശ്യത്തിനനുസരിച്ച് മാത്രം തുറന്ന്വിടാൻ തക്കവിധം ഫീൽ

ഡ് ബ്വോത്തികൾ നിർമ്മിക്കുകയും വേണം. കനാലിൻെറ ചോർച്ച തടഞ്ഞ് ആവശ്യമുള്ളിടത്ത് സ്ലൂയിസ് വാൽവുകൾ വെക്കുകയും നിലവിലുള്ളവയുടെ കേട്പാടുകൾ തീർക്കുകയും വേണം.

പഞ്ചായത്തിലൂടെ ഒഴുകുന്ന കനാലുകളുടെ അറ്റകുറ്റപണികൾ തീർക്കുവാൻ എത്രകണ്ട് പൊതു ജനപങ്കാളിത്തം ഉറപ്പാക്കാനാകുമെന്ന് പരിശോധിക്കണം. ഭൂമിയിൽ സൌകര്യമുള്ള സ്ഥലത്ത് കിടങ്ങുകൾ കീറി മഴവെള്ളം ശേഖരിച്ചാൽ ഭൂഗർഭജലം വർധിപ്പിക്കാൻ സാധിക്കുമെന്ന് വിദഗ്ധാഭിപ്രായമുണ്ട്. ഈ സംവിധാനം പരീക്ഷിച്ച് നോക്കേണ്ടതുണ്ട്.

നെൽകൃഷിയിൽ ഇപ്പോൾ ജനങ്ങൾക്ക് താൽപര്യം കുറഞ്ഞുവരികയാണ്. ഉൽപ്പാദനചെലവിനനുസരിച്ചുള്ള വില ലഭിക്കുന്നില്ല എന്നുള്ളതാണ് മുഖ്യകാരണം. വിദ്യാഭ്യാസം ലഭിക്കുന്ന ചെറുപ്പക്കാർ മറ്റ് തൊഴിൽ അന്വേഷിച്ച് പോകുന്നു. കർഷകതൊഴിലാളികളുടെ കുറവും, രാസവളം കീടനാശിനി എന്നിവയുടെ അമിതമായ വിലവർധനയും കൃഷിയിൽ താൽപര്യം കുറയാൻ കാരണമായിട്ടുണ്ട്. ജൈവവളങ്ങളുടെ ദൗർല്ലഭ്യം കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്നു. അതിന് കന്നുകാലി സമ്പത്ത് വർദ്ധിപ്പിച്ചും, ചണമ്പ്, കൊഴിഞ്ഞിൽ, കിലുക്കി, ഡെയിഞ്ച, തുടങ്ങിയ പച്ചില വളച്ചെടികൾ വ്യാപകമായി വളർത്തിയും ശീമക്കൊന്ന സുബാബൂൾ (പീലിവാക) മുതലായവ വെച്ച് പിടിപ്പിക്കുകയും എല്ലാ വീടുകളിലും ഓരോ കമ്പോസ്റ്റ്കുഴി നിർബന്ധമായി നിർമ്മിക്കുകയും വേണം.

ശാസ്ത്രീയ കൃഷി സമ്പ്രദായം പ്രചരിപ്പിക്കുക, യന്ത്രവൽക്കരണം വിപുലമാക്കുക. അത്യുൽപ്പാദന ശേഷിയുള്ള വിത്ത്, വളം കീടനാശിനി മുതലായവ യഥാസമയം ലഭ്യമാക്കുക. പാടശേഖരസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. കാർഷികവിദഗ്ധരുടെ സേവനം ഉറപ്പാക്കുക കർഷകതൊഴിലാളികളുടെ സേവനവേതന നിലവാരം മെച്ചപ്പെടുത്തുക. തടങ്ങിയ പ്രവർത്തനത്തിലൂടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കണം. നെല്ല് അരിയാക്കി വിൽക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. സമൂഹ ഞാറ്റടി ഉണ്ടാക്കുകയും ഒരേസമയം എല്ലാവരും കൃഷിയിറക്കുകയും കൂട്ടായി വളപ്രയോഗവും ജലസേചനവും സസ്യസംരക്ഷണ പ്രവർത്തനങ്ങാം നടത്തുകയും വേണം. പറ്റുമെങ്കിൽ കൂട്ടുകൃഷി സമ്പ്രദായം സ്വീകരിക്കുകയും ചെയ്യാം.

തെങ്ങ് കൃഷിചെയ്യുന്നത് ചില പ്രദേശങ്ങളിൽ നിശ്ചിതമായ അളവിലല്ലാത്തത്കൊണ്ട് ഇടവിളകൃഷി വിജയിക്കുന്നില്ല. മുമ്പ് ധാരാളമായി പ്ലാവ്, നാട്ടുമാവ്, ഗോമാവ്, പുളി മുതലായ ഫലവൃക്ഷങ്ങൾ ഈ പ്രദേശത്തുണ്ടായിരുന്നു. ഇത്തരം വൃക്ഷങ്ങൾ പുറംപോക്ക് ഭൂമികളിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായവ വെച്ച് പിടിപ്പിക്കുന്നതിന് പകരം നടേണ്ടതാണ്. കേരളീയ വനിതകൾ സമൃദ്ധമായി മുടിവളരാനും കുളിർമക്കും ഉപയോഗിക്കുന്നതും ഔഷധവീര്യമുള്ളതുമായ താളി മുതലായ ചെടികളെ സംരക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഭൂരിപക്ഷം കൃഷിക്കാർക്കും ജലസേചനസൌകര്യം ഇല്ല. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ വളപ്രയോഗം നടത്തുന്നവർ വിരളമാണ്. ചെന്നീരൊലിപ്പ്, വേര്ചീയൽ, കൂമ്പ്ചീയൽ, കാറ്റ്വീഴ്ച, എന്നീരോഗങ്ങളും കൊമ്പൻചെല്ലി, ചെമ്പൻചെല്ലി തുടങ്ങിയ കീടബാധകളും കേരകൃഷിക്കാർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത്കൊണ്ട് തെങ്ങിൻെറ ഉൽപ്പാദനക്ഷമത കുറയാൻ ഇടയാവുന്നു.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ വളപ്രയോഗം നടത്തിയും, യഥാസമയം രോഗകീട ബാധ നിയന്ത്രിച്ചും ജലസേചനം നടത്തിയും പരമാവധി ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കേണ്ടതാണ്.

ജലലഭ്യതയ്ക്കനുസരിച്ച് താഴ്ന്നപ്രദേശങ്ങളിൽ കവുങ്ങ് കൃഷിചെയ്തുവരുന്നുണ്ട്. നാടൻ ഇനങ്ങളും അത്യുൽപ്പാദനശേഷിയുള്ള മംഗള, ശ്രീമംഗള, സുമംഗള, കാസർഗോഡൻ, തുടങ്ങിയ ഇനങ്ങളും പരീക്ഷണാ

ടിസ്ഥാനത്തിൽ കൃഷിചെയ്തുവരുന്നുണ്ട് കവുങ്ങിന് കണ്ടുവരുന്ന മുഖ്യമായ രോഗം മാഹാളിയാണ്. ചില സ്ഥലങ്ങളിൽ ഓലമഞ്ഞളിപ്പും കണ്ടുവരുന്നു. മിക്കതോട്ടങ്ങളിലും എലിശല്യവും ഉണ്ട്. ശാസ്ത്രീയ വളപ്രയോഗവും രോഗനിയന്ത്രണവും നടത്തി കവുങ്ങ് കൃഷിചെയ്താൽ ആദായകരമാണ്.

കുരുമുളക് കൃഷി ഒരുകാലത്ത് ഈ പഞ്ചായത്തിൽ വ്യാപകമായിരുന്നെങ്കിലും ഇപ്പോൾ ചുരുക്കം കൃഷിക്കാർ ഇടവിളയായി മാത്രമാണ് കൃഷിചെയ്ത് വരുന്നത്. ദ്രുതവാട്ടം, സാവധാനവാട്ടം, പൊള്ളുവണ്ട് മുതലായ രോഗകീടബാധകളാണ് കുരുമുളക് കൊടിയെ പ്രായേണബാധിക്കുന്നത്. ശാസ്ത്രീയ വളപ്രയോഗവും യഥാസമയം രോഗകീടബാധകൾ നിയന്ത്രിക്കുകയും ചെയ്താൽ ഈ കറുത്ത പൊന്നിൻെറ കൃഷി ലാഭകരംതന്നെയാണ്.

പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും വാഴകൃഷി വ്യാപകമായുണ്ട്. ഇതിന് മുഖ്യമായി കാണുന്നരോഗം കുറുനാമ്പ് രോഗമാണ്. തിമറ്റ്, ഫുറഡാൻ, സോൾഹ റക്സ്. മുതലായ തരിരൂപത്തിലുള്ള കീടനാശിനികൾ ഉപയോഗിച്ച് ഈ രോഗം നിയന്ത്രിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ റബ്ബർകൃഷി വളരെ കുറവാണ്. എങ്കിലും ഉള്ള കൃഷി താരതമ്യേന വളരെ മെച്ചപ്പെട്ടതാണ്.

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടാൻ പ്രത്യേക പദ്ധതി പഞ്ചായത്തിൻെറയും കൃഷിവകുപ്പിൻെറയും സഹകരണത്തോടെ ആവിഷ്കരിക്കണം. ഭൂമിയുടെ കിടപ്പും മണ്ണിൻെറ തരവും ഗുണവും നോക്കാതെ എന്തും എവിടെയും കൃഷിചെയ്യുന്ന പ്രവണത വന്നപ്പോൾ കാർഷികോൽപ്പാദനത്തിൽ ഗണ്യമായ കുറവ് വന്നു. "മണ്ണറിഞ്ഞ് കൃഷിചെയ്യുക" എന്ന സമ്പ്രദായം കർഷകർ അനുവർത്തിക്കേണ്ടിയിരിക്കുന്നു.

കൃഷി ഒരു വ്യവസായമായി അംഗീകരിച്ച് ആദായകരമാക്കി ജീവിതോപാദി എന്ന നിലയിൽ യുവാക്കളെ കാർഷികമേഖലയിലേക്ക് ആകർഷിക്കണം കാർഷിക വൃത്തിയോടുള്ള അവജ്ഞ യുവതലമുറയിൽ നിന്ന് മാറ്റി എടുക്കണം. തൊഴിലിൻെറ മാന്യത വീണ്ടെടുക്കണം. അതിന് കൃഷി പ്രൈമറി തലം തൊട്ട് വിദ്യാലയങ്ങളിൽ പാഠ്യവിഷയമാക്കണം. അപ്പർ പ്രൈമറിതലം മുതൽ പ്രായോഗികപരിശീലനവും നൽകണം. ഇങ്ങനെ ഒരു പുതിയ അവബോധം വരുംതലമുറയിലെങ്കിലും ഉണ്ടാക്കിയെടുക്കണം.

അറുപത്തഞ്ച് ശതമാനം തെങ്ങ്, കവുങ്ങ്, റബ്ബർ, തുടങ്ങിയ ദീർഘകാലവിളകൾ കൃഷിചെയ്യുന്ന നമ്മുടെ പഞ്ചായത്തിൽ വിളക്രമത്തിൽ മാറ്റംവരുത്താൻ പ്രയാസമാണ്. അതുകൊണ്ട് നിലവിലുള്ള സാഹചര്യം അനുസരിച്ച് ഇടവളകൃഷികൾ പ്രോത്സാഹിപ്പിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ തക്കവിധം ഒരു ത്രിതലകൃഷി സമ്പ്രദായം സ്വീകരിക്കണം. ഇത്തരത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയിൽ ഒരു സ്വയം പര്യാപ്തഗ്രാമമായി മാറാൻ വേണ്ടുന്ന സത്വര നടപടികൾ സ്വീകരിക്കണം.

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

1 നെൽ കൃഷി പ്രായേണ നഷ്ടമാണ്.
2 തേങ്ങയ്ക്ക് എല്ലായ്പോഴും വേണ്ടത്ര വില കിട്ടുന്നില്ല.
3 നീർക്കെട്ട്കൊണ്ട് കൃഷി ചീഞ്ഞ് നശിക്കുന്നു.
4 നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
5 കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടുന്നില്ല.
6 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം.
7 ജൈവവളങ്ങളുടെ ഉപയോഗം നാമമാത്രമാണ്.

8 കൃഷിമുഖ്യതൊഴിലായുള്ളവരുടെ എണ്ണം കുറവാണ്.

9 പച്ചക്കറി ആവശ്യത്തിന് ലഭ്യമല്ല.

10 കൃഷിഭവന്റെ സേവനം തൃപ്തികരമല്ല.

11 വിളകളുടെ രോഗനിർണയം യഥാവസരം നടത്താൻ കഴിയുന്നില്ല.

12 മണ്ണൊലിപ്പ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

13 കുറ്റ്യാടി ജലസേചന പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വെള്ളം വേണ്ടവിധം കൃഷിക്കുപയുക്തമാക്കാൻ കഴിയുന്നില്ല

14 നാളികേര വികസന ബോർഡിന്റെ സഹായം കേരകൃഷിക്കാർക്ക് ലഭിക്കുന്നില്ല.

15 എലിശല്യം പാടത്തും പറമ്പിലും രൂക്ഷമാണ്.

16 കൃഷിക്കാർക്ക് ആവശ്യമായ കാർഷികോപകരണങ്ങൾ ലഭ്യമല്ല.

17 ആഫ്രിക്കൻ പായലിന്റെ വളർച്ച പ്രശ്നങ്ങളുണ്ടാക്കുന്നു.

18 പാടങ്ങൾ വൻതോതിൽ നികത്തപ്പെടുന്നു

## പരിഹാരനിർദ്ദേശങ്ങൾ

1 കൊപ്രസംസ്കരണ സൌകര്യം ഉണ്ടാക്കുക. ഉല്പന്നങ്ങൾ വൈവിദ്ധ്യവൽക്കരിക്കുക. നാളികേര ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുക. പറ്റുമെങ്കിൽ ഇളനീർ വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2 മാതൃകാ കർഷകരുടെ സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ നേഴ്സറികൾ സ്ഥാപിക്കുക.

3 ചെറുകിട യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. സബ്സിഡി നിരക്കിൽ ആവശ്യമുള്ള കൃഷിക്കാർക്കും വ്യക്തികൾക്കും പവർട്രില്ലർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം തുടങ്ങിയവ ലഭ്യമാക്കുക. അത് പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം.

4 കൃഷിയിടങ്ങളിൽ വെച്ച് മണ്ണ് പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

5 പരമാവധി ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക. കേട്വന്ന കുഴൽ കിണറുകൾ നന്നാക്കുക.

6 കനാലിലൂടെ പാഴായിപ്പോവുന്ന ജലമെങ്കിലും പമ്പ്വെച്ചടിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക.

7 കൊപ്ര[illegible] (ഉണക്കുയന്ത്രം) സൌജന്യനിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുക.

8 ഓരോ വാർഡിലും പച്ചക്കറിക്ലബ്ബുകൾ ഉണ്ടാക്കി അവരുടെ മേൽനോട്ടത്തിൽ പച്ചക്കറി കൃഷി തുടങ്ങണം.

9 ഉൽപ്പാദനത്തിനും വിപണനത്തിനും വേണ്ടുന്ന അടിസ്ഥാനസൌകര്യങ്ങൾ പഞ്ചായത്തും കൃഷിവകുപ്പും ചേർന്ന് ഉണ്ടാക്കിക്കൊടുക്കണം.

10 കൃഷിഭവനിലെ ഉദ്യോഗസ്ഥന്മാർ കൃഷിയിടങ്ങൾ സന്ദർശിച്ച് കൃഷിക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ യഥാവസരം നൽകണം.

11 നിർമറി വകുപ്പിൽ പെട്ട പ്രദേശങ്ങളിൽ അവരുടെ സഹകരണത്തോടെ മണ്ണ് സംരക്ഷണ പ്രവർത്തനം നടത്താം. മറ്റുള്ള പ്രദേശങ്ങളിൽ യുക്തമായ മറ്റ് മാർഗ്ഗങ്ങളിലൂടെ മണ്ണൊലിപ്പ് തടയണം.

12 മണ്ണിലെ രോഗകീടബാധ തടയാൻ കൃഷിവകുപ്പിന്റെ സഹകരണം വേണം.

13 ജാലനിർഗ്ഗമനത്തോട് ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്ക[illegible]

14 ജീവാണുവളങ്ങൾ പരീക്ഷി[illegible]ക്കണം.

15 കേരവികസനബോർഡിൻെറ സഹായം ലഭിക്കാൻ ബന്ധപ്പെട്ടവർ വേണ്ട നടപടി സ്വീകരിക്കണം.

16 പുതുതായി തെങ്ങുകൃഷി ചെയ്യുന്നവർ നിശ്ചിത ഇടയകലത്തിൽ തൈവെക്കാൻ ശ്രദ്ധിക്കുക. ഉൽപാദനം കുറവാണെങ്കിൽ വെട്ടിമാറ്റി അനുയോജ്യമായ കൃഷിചെയ്യുക.

17 സമഗ്ര എലിനശീകരണ പരിപാടി നടപ്പിലാക്കുക.

18 കൃഷിക്കാർക്ക് ആവശ്യമായ കാർഷകോപകരണങ്ങൾ സബ്സിഡി നിരക്കിൽ കൃഷിവകുപ്പ് എത്തിച്ചു കൊടുക്കണം.

19 വരുമാനപരിധിയോ സംവരണതത്വമോ നോക്കാതെ കൃഷിവകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാർത്ഥകൃഷിക്കാരന് കിട്ടുമാറാകണം.

20 ഗ്രൂപ്പ് ഫാമിങ്ങ് സമതികൾ ഉടനെ വിളിച്ചുചേർത്ത പ്രവർത്തനം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് ഭരണസമിതി നിർദ്ദേശിക്കണം.

21 കേരസംരക്ഷണസമിതിയുടെ പ്രവർത്തനം വിജയപ്രദമാക്കാൻ സത്വര നടപടികൾ ഭരണതലത്തിൽ സ്വീകരിക്കണം.

22 ആഫ്രിക്കൻ പായൽ നശിപ്പിക്കാൻ വിദഗ്ധരുടെ സഹായം തേടണം.

23 കാഡാപദ്ധതിയിൽ പെടുത്തി പാടത്തിലൂടെ ആവശ്യമായ സ്ഥലത്തു റോഡുകൾ നിർമ്മിക്കാൻ വേണ്ടതു ചെയ്യണം.

24 ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കർഷകർക്ക് എളുപ്പത്തിൽ കടംവാങ്ങുവാനുള്ള സൗകര്യം ഏർപ്പെടുത്തണം.

25 പാടം നികത്തുന്നതിനെതിരായ സർക്കാർ നിയമങ്ങൾ കർശനമായി നടപ്പാക്കണം. സാമൂഹ്യസമ്മർദ്ദം ഉയർത്തിക്കൊണ്ടുവരികയും വേണം.

26 കൃഷിഭവൻെറ സബ്സെൻറർ കൂത്താളിയിൽ സ്ഥാപിക്കണം.

27 വിള ഇൻഷുറൻസ് സൗജന്യമാക്കണം.

28 ഉപദേശകസമിതി കർഷകർക്കു മൻഗണന നൽകി പുനഃസംഘടിപ്പിക്കണം.

29 നെൽകൃഷിയുടെ ഉല്പാദനബോണസ് വർദ്ധിപ്പിക്കണം.

30 കെനാൽപുറം പോക്കിൽ തെങ്ങും ഫലവൃക്ഷങ്ങളും വെച്ചുപിടിപ്പിക്കണം.

## സാദ്ധ്യതകൾ

1 കാർഷികോല്പന്ന വിപണനത്തിനായി ആഴ്ചചന്തകൾ തുടങ്ങാം.

2 കോഴിവളർത്തൽ തുടങ്ങാം.

3 കൂൺകൃഷി ആരംഭിക്കാം.

4 പുഷ്പകൃഷി തുടങ്ങാം.

5 മൾബറി കൃഷി തുടങ്ങാം.

6 വെറ്റിലകൃഷി തുടങ്ങാം.

7 തേനീച്ചവളർത്തൽ തുടങ്ങാം.

8 കോൺക്രീറ്റ്, കല്ലുമതിലുകൾക്കു പകരം ജൈവമതിലുകൾ നിർമ്മിക്കാം.

## കൂത്താളിഗ്രാമപഞ്ചായത്ത് ഭൂമിസംബന്ധിച്ചവിവരങ്ങൾ (കൃഷിഭവൻ രേഖ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 370 ഏക്ര 80 സെൻറ് |
| പുരയിടം | 2360 ഹെക്ടർ |
| പുറമ്പോക്ക് | ഇല്ല |
| കൃഷിയോഗ്യതരിശ് | ഇല്ല. |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 230 ഹെക്ടർ |

## പഞ്ചായത്തിലെ കൃഷിഭൂമിയുടെ വിസ്തീർണ്ണം

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് | | | |
| ഒന്നാംവിള | 86 ഹെക്ടർ | 129000 കി.ഗ്രാം. | 1500 കി.ഗ്രാം/ഹെക്ടർ |
| രണ്ടാംവിള | 110 ഹെക്ടർ | 176000 കി.ഗ്രാം | 1600 കി.ഗ്രാം/ഹെക്ടർ |
| മൂന്നാംവിള | 100 " | 170000 കി.ഗ്രാം | 1700 കി.ഗ്രാം/ഹെക്ടർ |
| പയർ | 10 " | 4360 കി.ഗ്രാം | 436കി.ഗ്രാം/ഹെക്ടർ |
| തെങ്ങ് | 1350 " | 13500000 Nos | 40/1 തെങ്ങ് |
| [illegible] | 50 " | 262500 കി.ഗ്രാം | 10 കി.ഗ്രാം/ 1 വാഴ |
| [illegible]ച്ചീനി | 30 " | 361650 കി.ഗ്രാം | 12055 കി.ഗ്രാം/1ഹെക്ടർ |
| കുരുമുളക് | 45 " | 37935 കി.ഗ്രാം | 843 ഹെക്ടർ |
| പ്ലാവ് | - | 16870 എണ്ണം | - |
| കശുമാവ് | 12 | 30300 കി.ഗ്രാം | 2525 കി.ഗ്രാം/1 ഹെക്ടർ |
| മാവ് | | 15780 Nos | - |
| റബ്ബർ | 8 ഹെക്ടർ | [illegible]000 കി.ഗ്രാം | 15 കി.ഗ്രാം/1മരം |
| കവുങ്ങ് | 120 ഹെക്ടർ | 1637160 കി.ഗ്രാം. | 13643 കി.ഗ്രാം/ഹെക്ടർ |

# 4

# മൃഗസംരക്ഷണം,മത്സ്യബന്ധനം

മറ്റ് പല മേഖലകളിലും എന്നപോലെ മൃഗസംരക്ഷണരംഗത്തും സുദീർഘമായ പാരമ്പര്യം അവകാശപ്പെടാവുന്ന ഒരു പഞ്ചായത്താണ് കൂത്താളി. നൂറ്റാണ്ടുകൾക്കപ്പുറം വമ്പിച്ച കന്നുകാലി സമ്പത്ത് ഈ പഞ്ചായത്തിലുണ്ടായിരുന്നതായി പറയപ്പെടുന്നു. നാടുവാഴിയുടെ കോവിലകത്തേക്ക് പാലും, തൈരും ലഭിക്കുന്നതിന് വേണ്ടി കാലിമേയ്ക്കാൻ അവിഞ്ഞാട്ട് നാടുവാഴി പലർക്കും ഭൂമി ദാനമായി കൊടുത്തിരുന്നതായി പഴമക്കാർ ഓർക്കുന്നു. ഏതാണ്ട് അഞ്ച് പതിറ്റാണ്ടു മുമ്പുവരെ നൂറുമുതൽ ഇരുന്നൂറുവരെ പശുക്കളെ വളത്തിയിരുന്ന അപൂർവ്വം ചില കുടുംബങ്ങളുംചില കുടുംബങ്ങളും ഉണ്ടായിരുന്നു. മറ്റ് തൊഴിലുകളിൽ ഉണ്ടായിരുന്നതുപോലെ കന്നുകാലി വളർത്തലിലും സാമുദായിക പരിഗണനന ഉണ്ടായിരുന്നുവെന്നത് ഒരു പ്രത്യേകതയായിരുന്നു.

വളർത്തുമൃഗങ്ങൾ കൃഷിയുടെ ഒരു അവിഭാജ്യഘടകമായിരുന്നു. വിശാലമായ പാടശേഖരങ്ങളിൽ കയറൂരിവിട്ട് മേയ്ക്കുന്ന സമ്പ്രദായമായിരുന്നു അന്നുണ്ടായിരുന്നത് ഇന്നത്തെപ്പോലെ മതിലുകളോ വേലികളോ ഉണ്ടായിരുന്നില്ല. എല്ലാ ഇടത്തരം വൻകിടകൃഷിക്കാരുടെ വീടുകളിലും ഉഴവുകാളകൾ ഉണ്ടാകുമായിരുന്നു. ഉഴവുകാളകളും കാളകളെകെട്ടുന്ന ആലകളും കൃഷിക്കാരന്റെ പ്രൗഢിയുടെ ലക്ഷണമായി കരുതിയിരുന്നു.

കാള, പശു, എരുമ, പോത്ത്, ആട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ ഒരു കാലത്ത് ഔഷധഗുണമുള്ള പാലും നെയ്യും സമ്മാനച്ചിരുന്ന കാലികൾ പ്രസിദ്ധമായിരുന്നെങ്കിലും ഇന്ന നാമാവശേഷമായിത്തീർന്നിരിക്കുകയാണ്. വളർത്തുപക്ഷികളിൽ പ്രധാനം അന്നും ഇന്നും നാടൻ കോഴികളാണ്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾക്കിടയിൽ വളർത്തു മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. പാടശേഖരങ്ങൾ പറമ്പുകളായി മാറിയതും കൃഷിരീതിയിൽ വന്നമാറ്റവുമാണ് ഇതിന് മുഖ്യകാരണം. കാർഷിക വൃത്തിയിൽ കാളകളുടെ ഉപയോഗം കുറഞ്ഞത് കാരണം ഉഴവുകാളകൾ നാമമാത്രമായി. പശുക്കളുടെ എണ്ണത്തിൽ കുറവു വന്നെങ്കിലും ഗുണത്തിൽ വമ്പിച്ച മാറ്റമാണ് ഉണ്ടായിട്ടുള്ളത്. നിലവിലുള്ള പശുക്കളിൽ ഏതാണ്ട് പകുതിയോളം അത്യുല്പാദന ശേഷിയുള്ള സങ്കരയിനത്തിൽ പെട്ടവയാണ്.

കേരളത്തിൽ കഴിഞ്ഞ മൂന്നു ദശാബ്ദങ്ങൾക്കിടയിൽ മൃഗസംരക്ഷണരംഗത്ത് ഉണ്ടായിട്ടുള്ള വളർച്ചയും വികാസവും പരിശോധിച്ചാൽ പ്രകടമാകുന്ന വസ്തുത ക്ഷീരോല്പാദനത്തിലും ഉപഭോഗത്തിലും ഉണ്ടായ ഗണ്യമായ വർദ്ധനയാണ്. ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാനകാര്യം നാടൻ പശുക്കളിൽ നിന്നുള്ള ഉല്പാദനം 30%

മാത്രം കൂടിയപ്പോൾ മേൽത്തരം പശുക്കളിൽ നന്നുള്ള ഉല്പാദനം 80% വർദ്ധിക്കുകയുണ്ടായി എന്നതാണ്. ഉയർന്ന ജനിതകഗുണങ്ങളുള്ള കന്നുകാലികളുടെ സംരക്ഷണത്തിന് ശാസ്ത്രീയ പരിചരണവും പോഷകസമൃദ്ധമായ തീറ്റയും ആവശ്യമാണ്. പോഷകസമൃദ്ധമായ കാലിത്തീറ്റയുടെ വിലക്കയറ്റവും ആധുനിക പരിചരണരീതിയിലുള്ള പരിശീലനക്കുറവും കൂത്താളി പഞ്ചായത്തിലെ മൃഗസംരക്ഷണമേഖല പരീക്ഷണശാലാ നിലവാരം വരെ എത്തിയില്ല എന്നതുമാത്രമല്ല സംസ്ഥാന ശരാശരിയോളം പോലും എത്താൻ കഴിഞ്ഞില്ല എന്നതാണ് വസ്തുത. മൃഗസംരക്ഷണ സേവനരംഗത്ത് ഈ പഞ്ചായത്തിലാകെയുള്ളത് ഒരു വെറ്റിനറി ഡിസ്പൻസറി മാത്രമാണ്. ക്ഷീരവിപണരംഗത്താകട്ടെ സംഘടിതമായ യാതൊരുശ്രമവും ഇന്നുവരെ ഉണ്ടായിട്ടില്ല.

കോഴിയിറച്ചി, ആട്ടിറച്ചി, മാട്ടിറച്ചി, മുട്ട, എന്നിവയുടെ കാര്യത്തിൽ അയൽ സംസ്ഥാനങ്ങളുടെ ഒരു വിപണിയാണ് മറ്റു പ്രദേശങ്ങൾ പോലെ നമ്മുടെ പഞ്ചായത്തും. ഇക്കാരണത്താൽ ഗുണമേന്മയില്ലാത്ത മാംസത്തിൻെറയും മുട്ടയുടെയും ഉപഭോക്താക്കളായി മാറിയിരിക്കുകയാണ് നാമെല്ലാവരും. ഇത് പരിഹരിക്കാനാവശ്യമായ കൂട്ടായശ്രമം അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

## മൃഗസംരക്ഷണരംഗത്ത് നാം നേരിടുന്ന പ്രശ്നങ്ങൾ

1 കന്നുകാലി, കോഴി എന്നിവയ്ക്കാവശ്യമായ ഗുണമേന്മയുള്ള തീറ്റകൾ ചുരുങ്ങിയ ചിലവിൽ ലഭിക്കുന്നില്ല.
2 പശുവളർത്തൽ ലാഭകരമല്ല.
3 ക്ഷീര വിപണനത്തിന് സൗകര്യമില്ല.
4 ഗുണമേന്മയുള്ള മാംസം, മുട്ട എന്നിവ ലഭിക്കുന്നില്ല.
5 അത്യുല്പാദനശേഷിയുള്ള കന്നുകാലികൾക്ക് രോഗബാധകൂടുന്നു.
6 മൃഗസംരക്ഷണരംഗത്ത് തൊഴിലവസരം വർദ്ധിക്കുന്നില്ല.
7 ഇറച്ചിക്കോഴിയുടെയും മുട്ടക്കോഴിയുടെയും കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
8 പുതിയ സാങ്കേതിക വിദ്യയും വിദ്യാപരിജ്ഞാനവും പ്രോത്സാഹനവും കൃഷിക്കാർക്ക് ലഭിക്കുന്നില്ല.
9 അലഞ്ഞ് തിരിയുന്ന പട്ടികൾ സമൂഹത്തിന് ശല്യമാകുന്നു.

## നിർദ്ദേശങ്ങൾ

1 കാർഷികോല്പന്നങ്ങളുടെ ഉപോല്പന്നങ്ങൾ ഉപയോഗിച്ചുള്ള ഒരു കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ് (Feed mixing unit) നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുക. തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുക.
2 അത്യുല്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ പ്രചരണം വ്യാപകമാക്കുക- ഒരു കർഷകനെക്കൊണ്ട് ഒന്നിൽകൂടുതൽ പശുക്കളെ വളർത്താൻ പ്രേരിപ്പിക്കുക.
3 കൃഷിക്കാർക്ക് കടമായും സബ്സിഡിയായും ധനസഹായം നൽകുക. ഈ ധനസഹായം ദുരുപയോഗം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം- സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തുക. നമ്മുടെ പഞ്ചായത്തിൽ മൂന്ന് കേന്ദ്രങ്ങൾ (കിഴക്കൻ പേരാമ്പ്ര, പൈതോത്ത്, കൂത്താളി) പാൽ സൊസൈറ്റികൾ രൂപീകരിച്ച് വിപണനം വിപുലീകരിക്കുക.
4 ഇറച്ചിക്കോഴി വളത്തുന്നതിന് വാർഡിൽ ഒരു യൂണിറ്റ് എന്ന നിലയ്ക്ക് വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാം. മാംസത്തിനുള്ള ആടുകളെ വളർത്തുന്നതി

ന് ഒരു വാർഡിൽ ചുരുങ്ങിയത് നൂറു കുടുംബങ്ങളിൽ ആട്‌വളർത്തലിന് പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. എല്ലാ വീടുകളിലും മുട്ടക്കോഴികളെ വളർത്തുന്നതിന് കുഞ്ഞുങ്ങളെ വിതരണം ചെയ്യാനും മുട്ടശേഖരിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കാം. പന്നി, മുയൽ എന്നിവയെ ലാഭകരമായി വളർത്തുന്നതിന് പദ്ധതികൾ ഉണ്ടാവണം. താറാവിനെ വളർത്താൻ പ്രോത്സാഹനം കൊടുക്കേണ്ടതാണ്. ആധുനിക സൗകര്യത്തോടുകൂടിയുള്ള അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കണം.

5 മൃഗാശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക (ലബോറട്ടറി ഉൾപ്പെടെ) ഫോണും സ്വന്തമായി വാഹനവും ലഭ്യമാക്കണം. വെറ്റിനറി സർജൻെറ നിർദ്ദേശാനുസരണമുള്ള ഔഷധങ്ങൾ മാത്രം ആശുപത്രിയിൽ ലഭ്യമാക്കുക. പ്രത്യുല്പാദനത്തിന് പഞ്ചായത്തിൽ മൃഗാശുപത്രി കൂടാതെ രണ്ട് കൃത്രിമ ബീജദാന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക. നല്ലയിനം തൊഴുത്തുകളും ആട്ടിൻകൂടുകളും കോഴിക്കൂടുകളും നിർമ്മിക്കുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നല്കുക.

6 തൊഴിലവസരം വർദ്ധിക്കുന്നതിനു വേണ്ടി തേനീച്ച വളർത്തൽ മത്സ്യം വളർത്തൽ എന്നിവ വ്യാപിപ്പിക്കുക.

7 ഇറച്ചിക്കോഴി മുട്ടക്കോഴി എന്നിവയുടെ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന Hakchary -ബ്ലോക്കടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

8 കന്നുകാലി പ്രദർശനവും സെമിനാറും സംഘടിപ്പിക്കുക. കന്നുകാലികളുടെ മത്സരം സംഘടിപ്പിച്ച് സമ്മാനങ്ങൾ നല്കുക.

9 വളർത്തു നായകൾക്ക് ലൈസൻസ് കൊടുക്കുകയും പ്രതിരോധകുത്തിവെപ്പ് നടത്തുകയും അലഞ്ഞ് നടക്കുന്ന പട്ടികളെ കൊല്ലുകയും ചെയ്യുക.

10 ബ്ലോക്കടിസ്ഥാനത്തിൽ ഒരു ക്ഷീരസംസ്ക്കരണ വിതരണകേന്ദ്രം ആരംഭിക്കേണ്ടതാണ്.

ഇന്നു പഞ്ചായത്തിൽ നിലവിലുള്ളവളർത്തുമൃഗങ്ങളുടെയു (പട്ടിക 1) പക്ഷികളുടെയും (പട്ടിക 2) സ്ഥിതിവിവരകണക്കും രോഗവും ചികിത്സയും സംബന്ധിച്ച വിവരവും (പട്ടിക 3) താഴെ ചേർക്കുന്നു.

## രോഗവിവരങ്ങൾ    പട്ടിക 3

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ Digeothic diseases | 1808 | 32 | 385 | 51 | 112 | 218 | 4 | - | - | - |
| 2 | ശ്വാസകോശസംബന്ധം pirotory disases | 745 | 18 | -425 | | 2 | -115 | - | - | - | |
| 3 | ഉപാപചയ സംബന്ധം Metabolic diseases | 285 | 4 | -230 | | 82 | -52 | - | - | - | |
| 4 | ധാതുലവണങ്ങളുടെ അഭാവം eficiency diseases | -H2 | | -17 | - | | -25 | - | - | - | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 5 പരാദരോഗങ്ങൾ rasictic diseases | 240 | -5 | 160 | - | -46 | - | - | - | | |
| 6 പ്രത്യുല്പാദനവ്യവസ്ഥയുമായിബന്ധപ്പെടുക Gynacological discrders | 327 | - | 4 | - | 2 | - | - | - | - | - |
| 7 വന്ധ്യത (Infertility) | 42 | - | - | - | - | - | - | - | - | - |
| 8 അകിടുവീക്കം (astifis) | 180 | 2 | 18 | - | - | - | - | - | - | - |
| 9 മുടന്തൻ പന്നി Ephemeral Fever | 280 | 12 | - | - | - | - | - | - | - | - |
| 10 പകർച്ചവ്യാധികൾ Confagion diseases | 312 | 80 | - | - | | -480 | - | - | - | - |
| 11 ത്വക്രോഗങ്ങൾ (Skin diseases) | 480 | 8 | 130 | | -12 | - | | -22 | - | - |

കൂത്താളി ഗ്രാമപഞ്ചായത്ത്

## 4.1 വളർത്തു മൃഗ സംഖ്യ പട്ടിക -1

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളവത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | ഇല്ലാത്തത് | | | | |
| 1 | 01 | 08 | 0 | 6 | 26 | 78 | 18 | 40 | 2 | 2 | 1 | 95 | 112 | 0 |
| 2 | 3 | 16 | 1 | 3 | 67 | 144 | 21 | 34 | 6 | 2 | 4 | 57 | | 0 |
| 3 | 7 | 26 | 2 | 8 | 74 | 128 | 34 | 30 | 4 | 1 | 0 | 167 | | 0 |
| 4 | 1 | 2 | 0 | 14 | 61 | 138 | 21 | 31 | 0 | 2 | 0 | 90 | | 0 |
| 5 | 2 | 8 | 2 | 12 | 74 | 147 | 47 | 79 | 8 | 2 | 2 | 103 | | 0 |
| 6 | 2 | 16 | 2 | 5 | 70 | 142 | 23 | 35 | 2 | 0 | 2 | 39 | | 0 |
| 7 | 1 | 6 | 2 | 10 | 34 | 61 | 25 | 38 | 2 | 1 | 2 | 44 | | 0 |
| 8 | 2 | 4 | 2 | 4 | 72 | 112 | 48 | 33 | 6 | 4 | 4 | 50 | | 0 |
| ആകെ | 19 | 96 | 11 | 62 | 478 | 872 | 237 | 320 | 30 | 14 | 15 | 645 | 112 | 0 |

## വളർത്തുപക്ഷിസംഖ്യ പട്ടിക -2

| പൂവൻകോഴി | പിടക്കോഴി മുട്ടയിടുന്നത് | പിടക്കോഴി മുട്ട ഇടാത്തത് | താറാവ് ആൺ | പെൺ | മറ്റുള്ളവ |
|---|---|---|---|---|---|
| 610 | 2907 | 1306 | 9 | 43 | 8 |

# 5

# വിദ്യാഭ്യാസം

കൂത്താളി പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പര്യാലോചന ചെയ്യുമ്പോൾ അതിൻെറ പ്രാചീനതയിലേക്ക് ഒരു എത്തിനോട്ടം ഏറെ പ്രസക്തിയുള്ളതു തന്നെ. വർഷങ്ങൾക്കുമുമ്പുതന്നെ ഇറിടെ നാട്ടാശാന്മാരുടെ കീഴിലുള്ള കുടിപ്പള്ളി കൂടങ്ങളും ഇവയ്ക്കുപുറമേ ഏകാധ്യാപക വിദ്യാലയങ്ങളും എലിമെൻററി സ്കൂളുകളും ഉണ്ടായിരുന്നു. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങളിലൊന്നായ കല്ലോട് ജി. എൽ. പി. സ്കൂകൾ ഇന്നും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കൂത്താളി ഹൈസ്കൂൾ സ്ഥാപിതമായത് 1983ലാണ്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി 2 ട്യൂട്ടോറിയൽ കോളേജുകൾ മാത്രമേ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. കുട്ടികൾ സാങ്കേതിക വിദ്യാഭ്യാസത്തിനും ഉയർന്ന പഠനത്തിനും സമീപ പട്ടണങ്ങളായ പേരാമ്പ്ര, കൊയിലാണ്ടി, വടകര, കോഴിക്കോട് എന്നിവിടങ്ങളെയാണ് ആശ്രയിക്കുന്നത്. ഏറ്റവും അടുത്ത മെഡിക്കൽ കോളേജ് ജില്ലാ ആസ്ഥാനമായ കോഴിക്കോട്ടാണ് സ്ഥിതി ചെയ്യുന്നത്.

ഈ പഞ്ചായത്തിൽ മൊത്തം 12 അങ്കണവാടികൾ പ്രവർത്തിക്കുന്നു. മിക്ക അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളുണ്ട്. ഏതാണ്ടു അഞ്ഞൂറോളം വിദ്യാർത്ഥികൾ തൊട്ടടുത്തുള്ള പഞ്ചായത്തുകളിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്നു. പേരാമ്പ്രയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം താരതമ്യേന കുറവാണ്. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക 1-ൽ ചേർത്തിരിക്കുന്നു. വിദ്യാലയങ്ങളിലെ അധ്യാപകരിൽ ഭൂരിഭാഗവും പുരുഷന്മാരാണ്. പട്ടിക-6 ൽ പരിശോധിക്കുക.

ഒന്നാം പട്ടികയിൽ പ്രസ്താവിക്കപ്പെട്ട വിദ്യാലയങ്ങളിൽ മിക്കവയിലും വിദ്യാർത്ഥികൾ കുറഞ്ഞുവരികയാണ്. ഈ പഞ്ചായത്തിൽ പെട്ട പനക്കാട് ആസാദ് ഹിന്ദ് എ. എൽ. പി. സ്കൂളിൻെറ അംഗീകാരം 1982-ൽ റദ്ദാക്കപ്പെടുകയുണ്ടായി. ജനന നിരക്കിലെ കുറവും യാത്രാസൗകര്യങ്ങളുടെ അപര്യാപ്തയുമാണ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നതിനുള്ള മുഖ്യകാരണങ്ങൾ.

പഞ്ചായത്തിലെ വളരെ പഴക്കം ചെന്ന കല്ലോട് ജി. എൽ. പി. സ്കൂളിന് ഇന്നും സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല. ഇതിൻെറ പൂർവ്വ ചരിത്രമാകട്ടെ സഞ്ചാരി സ്വഭാവം പുലർത്തുന്നതുമാണ്. ഈ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. സൗകര്യങ്ങളുടെ അപര്യാപ്തത കാരണം വിദ്യാർത്ഥികൾ വളരെ കുറവാണ്. സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി പ്രകാരമുള്ള സംഖ്യ ഈ സ്കൂളിന് നഷ്ടപ്പെട്ടു. ഈ സ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങാൻ നാട്ടുകാർ ശ്രമിച്ചെങ്കിലും ഇതുവരെയും ശ്രമം വിജയിച്ചിട്ടില്ല.

പഞ്ചായത്തിലെ മറ്റൊരു സ്കൂളായ പേരാമ്പ്ര ഈസ്റ്റ് മാപ്പിള എൽ. പി സ്കൂളിൻെറ സ്ഥിതിയും ഏതാണ്ടിതുപോലെ തന്നെ. ഈ സ്കൂളിൽ സ്റ്റാഫ്റൂമോ, ഓഫീസ്റൂമോ പാചകമുറിയോ, മൂത്രപ്പുരയോ

വേണ്ടത്ര ഫർണിച്ചറോ ഇല്ല. സ്കൂൾ കെട്ടിടത്തിനുള്ളിൽ വേണ്ടത്ര വെളിച്ചമോ ശുദ്ധവായുവോ ലഭിക്കുന്നില്ല.

പഞ്ചായത്തിലെ മിക്ക സ്കൂളുകൾക്കും വൈദ്യുതി കണക്ഷൻ ഇല്ല. മൂന്ന് സ്കൂളുകൾക്ക് മാത്രമേ ഈ സൗകര്യമുള്ളു. സ്റ്റാഫ് റും, കക്കൂസ്, പാചകപ്പുര എന്നിവ മിക്ക സ്കൂളുകളിലും ഇല്ല. പഠനോപകരണങ്ങൾ , കുടിവെള്ള സൗകര്യം എന്നിവയും മിക്ക സ്കൂളുകളിലുമില്ല. വിവിധ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2-ൽ കൊടുത്തിരിക്കുന്നു. പഠനോപകരണങ്ങളുടെ വൈരള്യവും എടുത്തു പറയേണ്ടതു തന്നെ. പട്ടിക-7 പരിശോധിക്കുക.

പഞ്ചായത്തിലെ പ്രീ-പ്രൈമറി തലത്തിൽ പ്രവർത്തിക്കുന്ന ഏക ഇംഗ്ലീഷ് മീഡിയം സ്കൂകളിന് സ്വന്തമായി കെട്ടിടമില്ലാത്തിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് കേന്ദ്ര ഗവൺമെൻറ് സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ വിദ്യാർത്ഥികൾ ലോവർ പൈമ്രറി സ്കൂകളിലേക്ക് പരമാവധി 2 കി. മീ ദൂരവും അപ്പർ പ്രൈമറിയിലേക്ക് 3 കി. മീ ദൂരവും ഹൈസ്കൂളിലേക്ക് 5 കി. മീ ദുരവുമാണ് സഞ്ചരിക്കുന്നത്.

വിദ്യാലയങ്ങളിലെ പഠന നിലവാരം പൊതുവെ താഴ്ന്നതാണ്. ട്യൂഷൻ സൗകര്യങ്ങളുടെ അഭാവവും അടുത്ത പട്ടണത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കും സമീപ പഞ്ചായത്തിലെ മറ്റ് സ്കൂളുകളിലേയ്ക്കുമുള്ള വിദ്യാർത്ഥികളുടെ പ്രവാഹവും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. അതുകാരണം മിക്ക സ്കൂളിലേയും ഡിവിഷൻ കുറഞ്ഞുവരുന്നു. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് പൊതുവേ കുറവാണ്. പഞ്ചായത്തിലെ പകുതിയോളം വിദ്യാർത്ഥികളുടെ പഠന നിലവാരം പ്രതീക്ഷിത നിലവാരത്തിലും താഴെയാണ്. സ്കൂളുകളിലെ മൊത്തം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം , പഠനിലവാരം, കൊഴിഞ്ഞ്പോക്ക് എന്നിവ സംബന്ധമായ കണക്കുകളും മറ്റ് വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സംബന്ധമായ കണക്കുകളും പട്ടിക 4 ലും 5 ലും രേഖപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കൂത്താളി ഹൈസ്കൂളിലെ വിജയശതമാനം ആദ്യകാലത്തെ അപേക്ഷിച്ച് ഇന്ന് താരതമ്യേന കുറവാണ്. ഈ സ്കൂളിലെ എസ്. എസ്. എൽ. സി ബാച്ചിൻെറ 1986 തൊട്ട് 1996 വരെയുള്ള വിജയശതമാന കണക്ക് പട്ടിക 3 ൽ ചേർത്തിരിക്കുന്നു.

പാഠ്യേതര പ്രവർത്തന രംഗത്തും പഞ്ചായത്തിലെ സ്കൂളുകൾ പരിമിതിയെ അതിലംഘിച്ച് മുമ്പന്തിയിലാണ്. പേരാമ്പ്ര വെസ്റ്റ് യു. പി. സ്കൂൾ, കൂത്താളി എ. യു. പി, കൂത്താളി ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങൾ പ്രവൃത്തി പരിചയ രംഗത്തും കായികരംഗത്തും സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വോളിബോളിൽ നേഷനൽ ലെവലിൽ പങ്കെടുത്തിട്ടുള്ള വിദ്യാർത്ഥികൾ കൂത്താളി ഹൈസ്കൂളിലുണ്ട്. വിദ്യാർത്ഥികൾക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയാത്തത് സാഹചര്യക്കുറവുമൂലമാണ്. മിക്ക സ്കൂളുകൾക്കും കളിസ്ഥലങ്ങളില്ല.

സാക്ഷരതാ സമിതിയുടെ പ്രവർത്തനഫലമായി പഞ്ചായത്തിലെ നിരക്ഷരായിരുന്നവരിൽ പകുതിയോളവും ഇന്ന് സാക്ഷരരാണ്. പഞ്ചായത്തിൽ രണ്ട് ജനവിദ്യാക്രേന്ദങ്ങളാണുള്ളത്.

## പ്രശ്നങ്ങൾ

1. മിക്ക സ്കൂളുകളിലും അധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം വേണ്ടത്ര സജീവമല്ല.
2. ഹൈസ്കൂൾ ക്ലാസുകളിലെ ഇംഗ്ലീഷ് പഠന നിലവാരം വളരെ മോശമാണ്.
3. പഠനത്തിൽ പൊതുവെ വിദ്യാർത്ഥികൾ വിമുഖത കാണിക്കുന്നു.
4. മിക്ക സ്കൂളുകളിലും പഠനത്തിനനുകൂലമായ ഭൗതിക സാഹചര്യങ്ങളില്ല.
5. മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കുഞ്ഞോത്ത്, ഏരംതോട്ടം, പനക്കാട് എന്നീ പ്രദേശങ്ങളിൽ പുതുതായി എൽ. പി. സ്കൂ

ളുകൾ ആരംഭിക്കണം.

2. കല്ലൂർ, കുത്താളി എൽ.പി. സ്കൂൾ, കല്ലോട് ജി. എൽ. പി സ്കൂൾ, പൈതോത്ത് ജി. എൽ. പി, പേരാമ്പ്ര ഈസ്റ്റ് മാപ്പിള എൽ. പി. എന്നീ സ്കൂളുകൾ യു. പി. സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യണം.
3. പഞ്ചായത്തിലെ 6ാം വാർഡിൽ ഒറ്റ വിദ്യാഭ്യാസ സ്ഥാപനം പോലുമില്ല. പ്രസ്തുത വാർഡിൽ ഒരു എൽ. പി, സ്കൂൾ ആരംഭിക്കണം. പൈതോത്ത് ഭാഗത്ത് ഒരു. യു. പി. സ്കൂൾ ആരംഭിക്കണം.
4. കല്ലോട് ജി. എൽ. പി. സ്കൂളിന് സ്വന്തമായി കെട്ടിടവും സ്ഥലവും നിർമ്മിക്കണം.
5. വെങ്ങപ്പറ്റ ജി. യു. പി. സ്കൂളിൽ കുടിവെള്ള സൗകര്യവും ചുറ്റുമതിലും ഏർപ്പെടുത്തണം.
6. യു. പി. സ്കൂളുകളിൽ ലാബ് സൗകര്യം വർദ്ധിപ്പിക്കണം.
7. സ്കൂളുകളിലെ ലൈബ്രറി സൗകര്യം പ്രൈമറി തലം മുതൽ മെച്ചപ്പെടുത്തണം.
8. പഞ്ചായത്ത് സ്പോർട്സ് കിറ്റ്സ് സൗജന്യമായി സ്കൂളുകളിൽ വിതരണം ചെയ്യണം.
9. കളിസ്ഥലങ്ങൾ ഉണ്ടാക്കി കായികരംഗത്തെ പ്രോത്സാഹിപ്പിക്കണം.
10. പരീക്ഷാ സമ്പ്രദായത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധപ്പെടുത്തണം.
11. അദ്ധ്യാപകരുടെ ബോധനരീതി മെച്ചപ്പെടുത്താൻ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകണം.
12. പ്രതിമാസ അധ്യാപക സംഗമങ്ങൾ സംഘടിപ്പിക്കണം.
13. സ്കൂൾ കോംപ്ലെക്സ് പ്രവർത്തനം ശക്തിപ്പെടുത്തണം.
14. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം.
15. മാതൃസംഗമങ്ങൾ ഊർജ്ജിതപ്പെടുത്തി അധ്യാപക രക്ഷാകർത്തൃബന്ധം ശക്തിപ്പെടുത്തണം.
16. ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്താൻ ഇംഗ്ലീഷ് ഐച്ഛിക വിഷയമായെടുത്ത അധ്യാപകരെ നിയമിക്കണം.
17. വിദ്യാഭ്യാസ സമിതികളുടേയും പ്രസമ്പർക്ക സമിതികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തണം.
18. സംഗീതം, ചിത്രകല, കൈവേല എന്നിവയ്ക്ക് പ്രോത്സാഹനം നല്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
19. അധ്യാപകരെ സെൻസസ് പോലുള്ള ജോലികളിൽ നിന്ന് ഒഴിവാക്കി സ്കൂൾ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.
20. സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷിക്ക് അർഹമായ പരിഗണനയും പ്രോത്സാഹനവും നൽകണം.
21. കുട്ടികളിൽ അക്ഷരബോധവും,അക്കബോധവും ഉറപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
22. അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചക്കഞ്ഞി നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

## പട്ടിക 1

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം-1996-97 | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | ജി. എൽ. പി. കല്ലോട് | ഗവൺമെൻറ് | 32 | 39 | 71 | 3 | – | 3 |
| 2. | ജി. എൽ.പി. പൈതോത്ത് | ഗവൺമെൻറ് | 81 | 78 | 159 | 5 | 1 | 6 |
| 3. | പേരാമ്പ്ര ഈസ്റ്റ് എ.എം.എൽ.പി | എയിഡഡ് | 70 | 65 | 135 | 3 | 3 | 6 |
| 4. | കല്ലൂർകൂത്താളി എം.എം.എൽ. പി | എയിഡഡ് | 112 | 111 | 223 | 4 | 5 | 9 |
| 5. | വെങ്ങപ്പറ്റ ജി. യു. പി | ഗവൺമെൻറ് | 207 | 231 | 438 | 9 | 7 | 16 |
| 6. | പേരാമ്പ്ര വെസ്റ്റ് എ.യു. പി. | എയിഡഡ് | 206 | 154 | 360 | 11 | 4 | 15 |
| 7. | കൂത്താളി എ. യു പി. | എയിഡഡ് | 558 | 542 | 1100 | 18 | 14 | 32 |
| 8. | കൂത്താളി ഹൈസ്കൂൾ | എയിഡഡ് | 450 | 464 | 914 | 26 | 12 | 38 |
| | | | 1716 | 1684 | 3400 | 79 | 46 | 125 |

പട്ടിക 2

| വിദ്യാലയ സൗകര്യങ്ങൾ | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | പാചക മുറി | കളിസ്ഥലം | കിണർ | ചുറ്റുമതിൽ |
| 1 | ജി.എൽ.പി. കല്ലോട് | സ്ഥലം ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2. | ജി. എൽ. പി. പൈതോത്ത് | 5 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 3. | പേരാമ്പ്ര ഈസ്റ്റ് എ. എം. എൽ. പി . | സ്ഥലം ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4. | കല്ലൂർ കുത്താളി എ.എം. എൽ. പി | 50സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 5. | വെങ്ങപ്പറ്റ ജി.യു. പി | $1^{1/2}$ ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | താല്ക്കാലികം | ഉണ്ട് | ഇല്ല | ഇല്ല |
| 6. | പേരാമ്പ്ര വെസ്റ്റ് എ. യു. പി. | $1^{1/2}$ ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | കൂത്താളി എ. യു. പി. | 75 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഭാ. ികം |
| 8. | കൂത്താളി ഹൈസ്കൂൾ | $3^{1/2}$ ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഉണ്ട് പര്യാപ്തമല്ല | ഉണ്ട് | ഇല്ല |



485

പട്ടിക 3

കൂത്താളി ഹൈസ്കൂൾ എസ്. എസ്. എൽ.സി. വിജയശതമാനം (1986-96)

| ക്രമ നമ്പർ | വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| 1. | 1986 | 103 | 68 | 66 |
| 2. | 1987 | 200 | 76 | 38 |
| 3. | 1988 | 198 | 58 | 30 |
| 4. | 1989 | 260 | 92 | 36 |
| 5. | 1990 | 284 | 118 | 42 |
| 6. | 1991 | 283 | 89 | 34 |
| 7. | 1992 | 260 | 88 | 36 |
| 8. | 1993 | 261 | 92 | 36 |
| 9. | 1994 | 278 | 99 | 36 |
| 10. | 1995 | 249 | 89 | 33 |
| 11 | 1996 | 263 | 80 | 30 |

പട്ടിക-4ൽ -1

സ്കൂളിന്റെ പേര്: ജി [illegible] പി. സ്കൂൾ, കല്ലോട്

കുട്ടികളുടെ പൊതു നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30% ൽ താഴെ മാർക്ക് നേടുന്നവർ | 30-40% മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ നേടുന്നവർ |
|---|---|---|---|---|---|---|
| I | 23 | 5 | 5 | 5 | 4 | 4 |
| II | 15 | 4 | 3 | 3 | 3 | 2 |
| III | 14 | 4 | 3 | 3 | 2 | 2 |
| IV | 19 | 6 | 5 | 4 | 2 | 2 |

പട്ടിക-4ൽ- 2

സ്കൂളിന്റെ പേര്: ജി. എൽ. പി. പൈതോത്ത്

കുട്ടികളുടെ പൊതു നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30% ൽ താഴെ മാർക്ക് നേടുന്നവർ | 30-40% മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ നേടുന്നവർ |
|---|---|---|---|---|---|---|
| I | 39 | 1 | - | - | 8 | 30 |
| II | 53 | 4 | 6 | 10 | 23 | 10 |
| III | 36 | 10 | 16 | 4 | 5 | 1 |
| IV | 26 | 7 | 7 | 7 | 3 | 2 |

പട്ടിക 4-ൽ- 3

സ്കൂളിൻെറ പേര്: പേരാമ്പ്ര ഈസ്റ്റ് എ. എം. എൽ. പി.

കുട്ടികളുടെ പഠന നിലവാരം

| ക്ലാസ് | ആകെ | 30% ന് താഴെ കുട്ടികൾ | 30-40% മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ നേടുന്നവർ |
|---|---|---|---|---|---|---|
| I | 28 | 3 | 4 | 2 | 2 | 17 |
| II | 35 | 2 | 5 | 3 | 5 | 20 |
| III | 19 | 3 | 1 | 1 | 5 | 9 |
| IV A | 26 | - | 3 | 8 | 3 | 12 |
| IV B | 27 | 5 | 8 | 6 | 4 | 4 |

പട്ടിക-4ൽ- 4

സ്കൂളിൻെറ പേര്: കല്ലൂർ കൂത്താളി എ. എം. എൽ. പി.

കുട്ടികളുടെ പഠന നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30% ൽ താഴെ മാർക്ക് നേടുന്നവർ | 30-40% മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ |
|---|---|---|---|---|---|---|
| I | 54 | 10 | 8 | 6 | 10 | 20 |
| II | 56 | 13 | 15 | 10 | 8 | 10 |
| III | 56 | 15 | 20 | 10 | 5 | 6 |
| IV | 57 | 16 | 21 | 6 | 10 | 4 |

പട്ടിക 4-ൽ -5

സ്കൂളിൻെറ പേര്: കവങ്ങപ്പറ്റ ജി. യു. പി. കുട്ടികളുടെ പൊതു നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30% ൽ താഴെ മാർക്കുനേടുന്നവർ | 30-40% മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ നേടുന്നവർ |
|---|---|---|---|---|---|---|
| I | 67 | 14 | 7 | 8 | 7 | 31 |
| II | 71 | 5 | 5 | 5 | 7 | 49 |
| III | 59 | 14 | 12 | 15 | 5 | 13 |
| IV | 61 | 13 | 12 | 15 | 10 | 11 |
| V | 65 | 27 | 19 | 3 | 9 | 7 |
| VI | 53 | 21 | 17 | 4 | 6 | 5 |
| VII | 62 | 31 | 5 | 16 | 5 | 5 |

പട്ടിക 4-ൽ -6

സ്കൂളിൻെറ പേര്: പേരാമ്പ്ര വെസ്റ്റ് എ. യു. പി. സ്കൂൾ കുട്ടികളുടെ പൊതു നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30% ന്ന് താഴെ മാർക്ക് നേടുന്നവർ | 30-40% ൽ മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ നേടുന്നവർ |
|---|---|---|---|---|---|---|
| III | 28 | 2 | 10 | 5 | 4 | 7 |
| IV | 26 | 1 | 9 | 6 | 5 | 5 |
| V | 59 | 5 | 20 | 18 | 10 | 6 |
| VI | 105 | 10 | 45 | 25 | 15 | 10 |
| VII | 56 | 11 | 25 | 10 | 5 | 5 |



489

പട്ടിക -4ൽ- 7

സ്കൂളിൻെറ പേര്: കൂത്താളി എ. യു. പി. സ്കൂൾ — കുട്ടികളുടെ പൊതു നിലവാരം

| ക്ലാസ് | ആകെ കുട്ടികൾ | 30% ൽ താഴെ മാർക്കുനേടിയവർ | 30-40% ൽ മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ |
|---|---|---|---|---|---|---|
| I | 97 | 13 | 60 | 24 | - | - |
| II | 84 | 18 | 56 | 7 | 3 | - |
| III | 98 | 14 | 40 | 12 | 20 | 12 |
| IV | 110 | 18 | 50 | 5 | 20 | 17 |
| V | 227 | 42 | 108 | 40 | 30 | 7 |
| VI | 273 | 48 | 130 | 30 | 50 | 15 |
| VII | 280 | 40 | 120 | 60 | 30 | 30 |

പട്ടിക-4ൽ- 8

സ്കൂളിൻെറ പേര്: കൂത്താളി ഹൈസ്കൂൾ — കുട്ടികളുടെ പൊതു നിലവാരം

| ക്ലാസ് | ആകെ | 30% ൽ താഴെ കുട്ടികൾ | 30-40% ൽ മാർക്ക് നേടുന്നവർ | 40-50 % മാർക്ക് നേടുന്നവർ | 50-60 % മാർക്ക് നേടുന്നവർ | 60% നുമേൽ |
|---|---|---|---|---|---|---|
| VIII | 345 | 250 | 40 | 25 | 20 | 5 |
| IX | 290 | 210 | 35 | 20 | 15 | 10 |
| X | 200 | 200 | 29 | 20 | 15 | 15 |



490

| | പട്ടിക 5. പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് (SC/ST പ്രത്യേകം ചേർത്തിക്കുന്നു) | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ മൊത്തം എണ്ണം | | | SC/ST തോറ്റു പഠിക്കുന്നവർ | | | പഠനം നിറുത്തിയവർ | | | മറ്റുള്ളവർ | | | | | |
| | | | | | | | | | | | | | | പഠനം നിറുത്തിയവർ | | | തോറ്റു പഠിക്കുന്നവർ | | |
| ക്രമ | സ്കൂളിൻെറ പേര് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ജി. എൽ. പി. കല്ലോട് | 32 | 39 | 71 | 7 | 4 | 11 | - | - | - | - | - | - | 2 | - | 2 | - | 1 | 1 |
| 2 | ജി.എൽ.പി. പൈതോത്ത് | 81 | 78 | 159 | 12 | 10 | 22 | 2 | 2 | 4 | - | - | - | - | - | - | 2 | 3 | 5 |
| 3 | പേരാമ്പ്ര ഈസ്റ്റ് എ. എം. എൽ. പി. | 70 | 65 | 135 | 6 | 3 | 9 | 1 | - | 1 | - | - | - | - | - | - | 2 | 3 | 5 |
| 4. | കല്ലൂർ കുത്താളി എ. എം. എൽ. പി. | 112 | 111 | 223 | 28 | 29 | 57 | 1 | 1 | 2 | - | - | - | - | - | - | 4 | 1 | 5 |
| 5. | വെങ്ങപ്പറ്റ ജി. യു. പി. | 207 | 231 | 438 | 27 | 18 | 45 | 1 | 1 | 2 | - | - | - | 1 | - | 1 | 13 | 7 | 20 |
| 6. | പേരാമ്പ്ര വെസ്റ്റ് എ. യു. പി. | 206 | 154 | 360 | 25 | 20 | 45 | 2 | 3 | 5 | - | - | - | 3 | 2 | 5 | 10 | 7 | 17 |
| 7. | കുത്താളി എ. യുപി. | 558 | 542 | 1100 | 70 | 51 | 121 | 8 | 4 | 12 | 1 | - | 1 | 3 | 3 | 6 | 40 | 29 | 69 |
| 8. | കുത്താളി | 450 | 464 | 914 | 59 | 54 | 113 | 12 | 6 | 18 | 1 | 1 | 2 | 12 | 5 | 17 | 77 | 33 | 110 |

പട്ടിക- 6 -പഞ്ചായത്തിലെ അധ്യാപകരുടെ യോഗ്യതാസംബന്ധമായ വിവരങ്ങൾ:-

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അധ്യാപകരുടെ എണ്ണം | യോഗ്യത | SSLC TTC | BA/BSc B. Ed | MA/MSC B. ED | Hindi Sahithya Acharya | Arabic | Sanskrit | Under | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി. എൽ. പി. കല്ലോട് | 3 | | 3 | - | - | - | - | - | - | |
| 2 | ജി. എൽ. പി. പൈതോത്ത് | 6 | | 4 | 1 | - | - | 1 Afzal UL-Ulma | - | - | |
| 3. | പേരാമ്പ്ര ഈസ്റ്റ് എ. എം. എൽ. പി. | 6 | | 5 | - | - | - | 1 " | - - | - - | |
| 4. | കല്ലൂർ കുത്താളി എൽ. പി. | 9 | | 8 | - | - | - | 1 Afzal Ul-Ulma Lower | - | - | |
| 5. | വെങ്ങപ്പറ്റ ജി. യു പി. | 16 | | 9 | 2 | 1 | 1 Rashtra Bhash sahithÃa | 1 " | 1 Sanskrit Teacher Exam | 1 Ad-b-Faz-al LTT | |
| 6. | പേരാമ്പ്ര വെസ്റ്റ് എ. യു. പി. | 15 | | 7 | 2 | 2 | 1 | 1 | 1 | 1 Urdu Hi-gher Exam | |
| 7. | കുത്താളി എ. . യുപി. | 32 | | 22 | 4 | - | 2 Rashtra Visarath | 2 " | 1 Sanskrit Exam | 1 Urdu Exam | Diploma in Craft Maths |
| 8. | കുത്താളി ഹൈസ്കൂൾ | 38 | | - | 28 | 4 | 3 | 1 " | 1 M-A,B.ED | 1 BA. BED | K & T Need work |

പട്ടിക -7- പഞ്ചായത്തിലെ സ്കൂളുകളിലെ പഠനോപകരണങ്ങളുടെ വിവരം

| ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ബ്ലാക് ബോർഡ് | | മാതൃ സംഗമം | പി. ടി. ഐ |
| ക്രമ നമ്പർ | സ്കൂളിൻെറ പേര് | റേഡിയോ | ടേപ്പ് | ടി. വി. | വി. സി.ആർ. വി. സി. പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് ഹെഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളവർ | നിലവിലുള്ളത് | സജീവം ആണ്/ അല്ല | സജീവം ആണ്/ അല്ല |
| 1. | ജി. എൽ. പി. കല്ലോട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 1 | 2 | ആണ് | പ്രവർത്തിക്കുന്നു. |
| 2. | ജി. എൽ. പി. പൈതോത്ത് | ഇല്ല | ഉണ്ട് | - | - | - | - | - | - | - | 4 | ആണ് | ആണ് |
| 3. | പേരാമ്പ്ര ഈസ്റ്റ് എ. എം. എൽ. പി. | ഉണ്ട് | ഉണ്ട് | - | - | - | - | - | - | - | 5 | ആണ് | ആണ് |
| 4. | കല്ലൂർ കൂത്താളി എ. എം.എൽ. പി. | ഇല്ല | ഉണ്ട് | - | - | - | - | - | - | 6 | 8 | ഉണ്ട് | ഉണ്ട് |
| 5. | വെങ്ങപ്പറ്റ ജി. യു. പി. | ഉണ്ട് | ഇല്ല | - | - | - | - | - | - | - | 14 | സജീവം | ആണ് |
| 6. | പേരാമ്പ്ര വെസ്റ്റ് എ. യു. പി. | ഉണ്ട് | ഇല്ല | - | - | - | - | - | - | 2 | 13 | ആണ് | ആണ് |
| 7. | കൂത്താളി എ. യു. പി. | ഇല്ല | ഇല്ല | - | - | - | - | - | - | - | 25 | ആണ് | ഇല്ല |
| 8. | കൂത്താളി ഹൈസ്കൂൾ | ഉണ്ട് | ഇല്ല | - | - | - | - | - | - | 2 | 21 | ഇല്ല | ഉണ്ട് |

494

# 6

# കുടിവെള്ളവും പൊതുജനാരോഗ്യവും

"ശുദ്ധവായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം" ഒരു ജനതയുടെ ആരോഗ്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി കൂത്താളി പഞ്ചായത്തിലെ ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 1919 കിണറുകളുള്ളതിൽ 674 കിണർ എല്ലാ കാലത്തും വെള്ളം ലഭിക്കാത്തവയാണ്. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിൻെറ 75% ഭാഗങ്ങളും കുന്നുകളും താഴ്വര പ്രദേശങ്ങളുമാണ്. ആയത് കൊണ്ട് തന്നെ 65% ആളുകളും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ് കൊടും വരൾച്ച കാലത്ത് കുന്നിൻ മുകളിൽ നിന്ന് 1/2 കി. മീ ദൂരം താഴെ വന്ന് കുടിവെള്ളം ശേഖരിക്കുന്ന പ്രദേശങ്ങൾ ധാരാളമാണ്. വരൾച്ച കാലങ്ങളിൽ പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലെ ചെറിയ ചെറിയ റോഡുകളിലൊക്കെ തന്നെ സർക്കാർ ചിലവിൽ വാഹനങ്ങളിൽ കൊണ്ടുവന്ന് വിതരണം നടത്തുന്നു. കുടിവെള്ളത്തിന് വേണ്ടി പാത്രങ്ങൾ നിരത്തി കാത്തിരിക്കുന്നത് സാധാരണമാണ് . മഴക്കാലത്ത് പോലും 1/2 കി. മീ. ദൂരം സഞ്ചരിച്ച് കുടിവെള്ളം ശേഖരിക്കുന്ന ചില പ്രദേശങ്ങളും ഇവിടെ ഉണ്ട്. പൊതുജലവിതരണ പദ്ധതികളൊന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. വിരലിലെണ്ണാവുന്ന കുഴൽ കിണറുകളും എല്ലാകാലവും ഒരു പോലെ ഉപയോഗിക്കാൻ കഴിയാത്ത കുറെ പൊതുകിണറുകളും മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളു. കൂരാച്ചുണ്ടു പഞ്ചായത്തിൽ നിന്നും ഉത്ഭവിച്ച് കൂത്താളി പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തു കൂടി ചെമ്പ്ര പുഴ (4. 2 കി. മീ. ദൂരം) കടന്നുപോകുന്നുണ്ടെങ്കിലും ഇത് ഉപയോഗപ്പെടുത്താൻ ഇത്വരെ കഴിഞ്ഞിട്ടില്ല. ഈ പുഴ ഉപയോഗപ്പെടുത്തികൊണ്ട് പഞ്ചായത്തിൽ ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്ന തോടൊപ്പം കൃഷി ആവശ്യത്തിനു ഉപയോഗപ്പെടുത്താവുന്നതാണ്. പെരുവണ്ണാമൂഴിയിൽ നിന്നും വരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പുലൈൻ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും ഉൾപ്രദേശങ്ങളിലേക്ക് പ്രസ്തുത ലൈൻ പോയിട്ടില്ല.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കൂത്താളി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നിർദ്ദേശിക്കപ്പെട്ടതിൽ മുന്തൂക്കം മിനി വാട്ടർ സപ്ലൈ സ്കീമുകൾക്കാണ്. ഒരു മേജർ പദ്ധതി (ചെമ്പ്ര പുഴയിൽ കിരമ്പില മൂലയിൽ കിണറും, പുവ്വാറ കുന്നിൽ ടാങ്കും) അടക്കം 18 ശുദ്ധജല വിതരണ പദ്ധതികളാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ടത്. കൂടാതെ വിവിധ വാർഡുകളിൽ പല ഭാഗങ്ങളിലായി 37 കിണറുകൾ പുതുതായി കുഴിക്കാൻ ഗ്രാമസഭ ശുപർശ ചെയ്യുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള ലഭ്യതയുടെ കണക്ക് താഴെ പട്ടികയിൽ പറഞ്ഞപ്രകാരമാണ്.

| കുത്താളി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള ലഭ്യതയുടെ കണക്ക് | | | | | | | | |
|---|---|---|---|---|---|---|---|---|
| വാർഡ് | ആകെ വീടുകൾ | സ്വന്തമായി കിണറുള്ളത് | വെള്ളം സു ലഭമായി ലഭിക്കുന്നത് | കിണർ ഇല്ലാത്തത് | പൊതു കിണർ | പൊതു കുളം | സ്വകാര്യ കുളം | കുഴൽ കിണർ |
| I | 360 | 216 | 145 | 143 | 6 | - | 6 | ഉപയോഗ പ്രദമല്ല |
| II | 453 | 314 | 126 | 139 | 3 | - | 2 | - |
| III | 503 | 316 | 262 | 187 | 5 | 1 | 5 | 1 |
| IV | 534 | 404 | 18 | 130 | 5 | - | 1 | - |
| V | 248 | 119 | 80 | 120 | 3 | - | 1 | 1 |
| VI | 291 | 185 | 140 | 106 | 2 | 1 | 4 | - |
| VII | 254 | 151 | 116 | 103 | 1 | - | 4 | - |
| VIII | 452 | 214 | 188 | 238 | 5 | 1 | 5 | 2 |
| ആകെ | 3095 | 1919 | 1245 | 1175 | 30 | 3 | 28 | 5 |

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പട്ടികയിൽ പറഞ്ഞ മിനി വാട്ടർ സപ്ലൈ സ്കീമുകൾക്ക് പുറമെ താഴെ പറയുന്ന കാര്യങ്ങൾ കൂടി ചെയ്യേണ്ടിയിരിക്കുന്നു.

ഒന്നാം വാർഡിൽ പെരുവണ്ണാമൂഴിയിൽ നിന്നും വരുന്ന പൈപ്പു ലൈനുകൾ ഒന്നാം വാർഡിലെ ഈരാഞ്ഞിമ്മൽ, മൊയോർകുന്ന് കോളനി എന്നിവിടങ്ങളിലേക്ക് നീട്ടിയാൽ വാർഡിലെ കുടിവെള്ള പ്രശ്നമനുഭവിക്കുന്ന ഏതാണ്ട് പകുതിഭാഗത്തുള്ള വീട്ടുകാർക്കും ആശ്വാസകരമായിരിക്കും. കൂടാതെ ഉപയോഗശൂന്യമായികിടക്കുന്ന ഈരാഞ്ഞിമ്മൽ മേലെയുള്ള കുഴൽ കിണർ റിപ്പയർ ചെയ്യുക. പൊതുകിണറുകൾ ആഴം കൂട്ടി വരൾച്ച കാലങ്ങളിലും വെള്ളം ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക എന്നീ കാര്യങ്ങളും അടിയന്തിരമായും ചെയ്യേണ്ടതാണ്.

രണ്ടാം വാർഡിൻെറ 85% പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് പുറമേ പെരുവണ്ണാമുഴിയിൽ നിന്നും വരുന്ന പൈപ്പുലൈൻ 2/6 വഴി ചാത്തൻ ക്കോട്ട വരേയും ചെറുവത്ത് താഴത്തുനിന്നും കുറുവട്ടേരി ഭാഗത്തേക്കും കുത്താളി നിന്നും വടക്കെ പറമ്പിൽ മേലെ വരേയും ചെമ്പോടൻ പൊയിൽ നിന്ന് പാലോറെമ്മൽ താഴെവരെയും, മഹിമബസ്സ് സ്റ്റോപ്പിൽ നിന്ന് പുവ്വാറച്ചാലിൽ താഴവരെയും, ചെമ്പോടൻ പൊയിലിൽ നിന്ന് കട്ടയാട്ടുവഴി, കുഞ്ഞോത്ത് പാറക്കും അടിയന്തിര പ്രാധാന്യത്തോടെ നീട്ടേണ്ടതാണ്. കൂടാതെ പുവ്വാറച്ചാലിൽ സ്വകാര്യവ്യക്തിയുടെ കൈവശമുള്ള കുളം (പഞ്ചായത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചത്) എത്രയും പെട്ടെന്ന് റിപ്പയർ ചെയ്യുകയും ഏരംതോട്ടം, പുവ്വാറകുന്ന് എന്നീസ്ഥലങ്ങളിലെ പ്രകൃതി നീരുറവകൾ സംരക്ഷിച്ച് പൈപ്പ് വഴി കുടിവെള്ളം താഴ്ന്ന പ്രദേശങ്ങളിൽ എത്തിക്കേണ്ടതുമാണ്. പൊതുകിണർ റിപ്പയർ ചെയ്യേണ്ടതാണ്.

മൂന്നാം വാർഡിൽ 75% വീട്ടുകാരും കുടിവെള്ള രൂക്ഷത അനുഭവിക്കുന്നു. പെരുവണ്ണാമുഴിയിൽ നിന്നും വരുന്ന പൈപ്പുലൈൻ നെല്ലിയുള്ളതിൽ കോളനി, വെള്ളപാറക്കൽ കോളനി, കാപ്പുമ്മൽ കോളനി എന്നിവിടങ്ങളിലേക്ക് നീട്ടേണ്ടതാണ്. കൂടാതെ വാർഡിലെ പൊതുകിണറുകൾ ആഴം കൂട്ടി അടിഭാഗം ഇടിഞ്ഞത് കെട്ടി സംരക്ഷിക്കേണ്ടതാണ്

കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും ചുവടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(പട്ടിക 1)

പട്ടിക 1

## പഞ്ചായത്തിലെ കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| ക്രമ നമ്പർ | വാർഡ് | വാട്ടർ ടാങ്ക് നിർമ്മിക്കേണ്ടുന്ന സ്ഥലം | ജലസ്രോതസ്സ് | വെള്ളമെത്തിക്കാൻ കഴിയുന്ന പ്രദേശങ്ങൾ | ഉപയോഗം ലഭിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | ഒന്ന് | മൊയോർ കുന്ന് | നെരോത്ത് താഴെ കുളം നിർമ്മിക്കുക | മൊയോർകുന്ന് കോളനിയിലും പരിസരത്തും | 80 |
| 2. | | ഈരാഞ്ഞിമ്മൽ | അംഗൻ വാടിക്കടുത്ത പഞ്ചായത്ത് കിണർ | ഈരാഞ്ഞിമ്മൽ ഭാഗം | 25 |
| 3. | രണ്ട് | പൂവ്വാറമല | ചെമ്പ്രപുഴയിൽ കരിമ്പിലമൂലയിൽ ഭാഗത്ത് | പൂവ്വാറമല ഏരം തോട്ടം, കരിമ്പിൽ മൂല ഉൾപ്പെടെ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും | |
| 4. | | നാഗത്ത്കുന്ന് | വെൻമേരികണ്ടി കിണർ | വെൻമേരിക്കണ്ടി, ചാത്തോത്ത്, നടുവിലക്കണ്ടി | 40 |
| 5. | മൂന്ന് | കട്ടയാട്കുന്ന് | ചേനായിപുഴ | കരന്തിരികണ്ടൻ കുന്ന്,കട്ടയാട് | 75 |
| 6. | | കാപ്പുമ്മൽ ലക്ഷം വീട് | വെള്ളൂകുളം | കാപ്പുമ്മൽ ലക്ഷം വീടും പരിസരവും | 25 |
| 7. | | പൊലിയൻ കുന്ന് | ഉണ്ണികണ്ടിയിലെ കിണറും കുളവും | പുലിക്കോട് കോളനി, പൊലിയൻ കുന്ന് | 60 |
| 8. | | കൊമ്പൻ തറ | കുണ്ടിലക്കണ്ടിയിലെ കളം | കൊമ്പൻ തറ | 42 |
| 9. | നാല് | ചേമ്മല | നീരുറവയും, സ്വകാര്യവ്യക്തി | ചേമ്മല, മമ്പാട് മാവുള്ള ചാലിൽ, പശ്നിപറമ്പ് | 51 |
| 10. | | പാലോറ കുന്ന് | യുടെ കുളവും പാലോറ താഴ | പാലോറ കുന്ന്, ചെട്ട്യാൻ ചോല, ആശാരിമുക്ക് | 30 |
| 11. | | വാഴയിൽ കുന്ന് | കിണർ അരിക്കൻചാൽ കുളം | കിഴക്കേടത്ത്തറ, പള്ളിയാറക്കണ്ടി, വാഴയിൽ, അരീക്കൻ ചാൽ | 42 |
| 12. | | നിടൂളികുന്ന് | താന്നിക്കണ്ടിപുഴ | നിടുളിമീത്തൽ ലക്ഷം വീട് | 25 |
| 13 | അഞ്ച് | മുഞ്ഞോറകുന്ന് | വയലിൽ കുളം നിർമ്മിക്കുക. | തണ്ടോറപ്പാറ, അംഗൻവാടി കണ്ണൻ കുന്ന്, മുഞ്ഞോറ, പുത്തൻ പുരയിൽ മീത്തൽ | 60 |
| 14 | | കുരുവത്ത്കണ്ടികുന്ന് | ചെട്ട്യാൻ കണ്ടിതാഴ വയലിൽ കിണർ കുഴിക്കുക. | കൊരത്തിഞ്ഞാട്കുന്ന്, ചെട്ട്യാൻ കണ്ടികുന്ന് | 20 |
| 15 | ആറ് | കുട്ടിക്കുന്ന് | ചായികുളം | കുട്ടിക്കുന്ന്, പുറയംകോട്, മുണ്ടക്കുറ്റി, അരീക്കൽ | 120 |
| 16. | ഏഴ് | പേരാമ്പ്രകുന്ന് | കണ്ണോത്ത് സ്കൂളിന്നടുത്ത് കിണർ കുഴിക്കുക | പേരാമ്പ്രകുന്ന്, ആശാരിക്കണ്ടി, തെയ്യത്താംകണ്ടി | 35 |
| 17 | | പുള്ളുവൻ ത | വയലിൽ കിണർ കുഴിക്കുക | പുള്ളുവൻ തറ | 45 |
| 18 | എട്ട് | വെട്ടിയോട്ട്കുന്ന് | വയലിൽ കിണർ കുഴിക്കുക | വെട്ടിയോട്ട് ഭാഗം | 40 |

( പട്ടിക 3 ൽ 2) ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന മിനി വാട്ടർ സ്കീം



496

നാലാം വാർഡിൽ 80% പ്രദേശത്തും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. പട്ടികയിൽ പറഞ്ഞ വാട്ടർ സപ്ലൈ സ്കീമിന് പുറത്ത് കോക്കുന്നു പ്രദേശത്തുകാർക്ക് കുടിവെള്ളമെത്തിക്കാൻ കായണ്ണ പഞ്ചായത്തിലുള കല്ലിങ്കൽ വാട്ടർ സപ്ലൈ സ്കീം ഉപയോഗപ്പെടുത്താവുന്നതാണ്. ചേമ്പുമല, മമ്പാട്, പഷ്ണി പറമ്പ്, മാവുള്ള ചാലിൽ എന്നിവിടങ്ങളിലെക്കുള്ള ഈ പ്രശ്നം പരിഹരിക്കാൻ അതിന് സമീപത്തുള്ള സ്വകാര്യവ്യക്തിയുടെ കൈവശമുള്ള സ്ഥലത്തുള്ള നീരുറവ ഉപയോഗപ്പെടുത്താവുന്നതാണ്. പൊതുകിണറുകൾ ആഴം കൂട്ടി റിപ്പേർ ചെയ്യേണ്ടതാണ്.

അഞ്ചാം വാർഡിൽ പട്ടികയിൽ പറഞ്ഞ വാട്ടർ സപ്ലൈ സ്കീമുകൾക്ക് പുറമെ തണ്ടോറപാറയിൽ ഒരു പൊതുകിണർ കുഴിച്ചാൽ പ്രസ്തുത പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. നിട്ടൂളി മീത്തൽ ലക്ഷം വീട് കോളനിയിലെ കിണർ, കുരുവത്ത് കണ്ടിമീത്തൽ ഹരിജൻ കോളനിയിലെ കിണർ (രണ്ടും പൊതുകിണർ)ആഴംകൂട്ടി റിങ്ങ് താഴ്ത്തി വിപുലീകരിക്കേണ്ടതാണ്.

ആറാം വാർഡിൽ വേനൽ കാലത്ത് വെള്ളം വറ്റിപോകുന്ന കിണറുകളാണ് വാർഡിലെ മരുതോറ കുന്ന്, മുണ്ടകുറ്റികുന്ന് എന്നിവ. ഇവ ആഴം കൂട്ടി അടിഭാഗം കെട്ടി സംരക്ഷിക്കേണ്ടതാണ്. കൂടാതെ കലയാട്ടു പുറത്ത് കുന്നിൽ പഞ്ചായത്ത് കിണർ കുഴിക്കണം.

ഏഴാം വാർഡിൽ പഞ്ചായത്തു വകയിലുള്ള എല്ലാ കിണറുകളും കൂടുതൽ ആഴം കൂട്ടി അടിഭാഗം കെട്ടി സംരക്ഷിക്കേണ്ടതാണ്.

എട്ടാം വാർഡിൽ ആശാരിക്കണ്ടിയിലെ പഞ്ചായത്ത് കിണ[illegible] അടിഭാഗം കെട്ടിസംരക്ഷിക്കേണ്ടതാണ്. ഹരിജൻ കോളനിയിൽ കുടിവെള്ളമെത്തിക്കാൻ ശ്രദ്ധചെലുത്തണം.

## വാർഡുതിരിച്ച് കുടിവെള്ളക്ഷാമം രൂക്ഷമായി നിലനിൽക്കുന്ന സ്ഥലങ്ങൾ താഴെ പറയുന്നവയാണ് (ഗ്രാമസഭാ റിപ്പോർട്ട്)പട്ടിക 2

| വാർഡ് | സ്ഥലത്തിൻെറ പേര് |
|---|---|
| I | മൊയോർ കുന്ന് ഹരിജൻ കോളനി, പാറാട്ടുപാറ, മുണ്ടോട്ടിൽ , ഈരാഞ്ഞിമ്മൽ ഹരിജൻ കോളനി |
| II | ചാത്തങ്കോട്ട്കുന്ന്, പുവ്വാറകുന്ന്, കുറുവട്ടേരി, ഏര[illegible]തോട്ടം, മാങ്ങോട്ടിൽ, മേലെ, ചെമ്പോട് [illegible] കുന്ന്, കരിമ്പു[illegible]മൂലകുന്ന്. |
| III | കുഞ്ഞോത്ത്കുന്ന്, കരിന്ത[illegible]ണ്ടൻ കുന്ന്, കാപ്പുമ്മ[illegible]കുന്ന, കട്ടയാട്ടു[illegible]ന്ന്[illegible]ലി[illegible]പറമ്പിൽ, നാഗത്ത്, ച[illegible]ാത്ത്, വെള്ള[illegible]ക്കൽ കോളനി, നെല്ലിയുള്ള തിറ[illegible]കോളനി[illegible]രികണ്ടി |
| IV | പൊലിയൻ കുന്ന്, പാലോറ, ആശാരിമുക്ക്, പുലിക്കോട്ടുകോളനി, കെ[illegible]വന്തറ, ചേമ്പുമലയിൽ, വാഴയിൽ കുന്ന്, കോക്കുന്ന്, കൊരട്ടി, മമ്പാട്ട്, വാവുള്ള ചാലിൽ, ചെട്ട്യാൻ ചോല, പഷ്ണിപറമ്പ്, തുളുവൻ കുന്ന്. |
| V | നിട്ടൂളി മീത്തൽ ലക്ഷം വീട്, കോളനി, തണ്ടോറപാറകോളനി, കണ്ണൻകുന്ന്, കരുവത്ത്കണ്ടികോളനി, പുത്തൻ പുരയിൽ മീത്തൽ, കൊരഞ്ഞികാട്കുന്ന്, ചെട്ട്യാൻ കണ്ടിമീത്തൽ, തരിപ്പകുന്ന് |
| VI | മുണ്ടുകുറ്റി കുന്ന്, പുറയങ്കോട്ട്, അരീക്കൽ കുന്ന്, കുട്ടികുന്ന്, മരുതോറ, കിളിയമ്പിലായി, |
| VII | ആശാരികണ്ടി ഹരിജൻ കോളനി, പേരാമ്പ്രകുന്ന്, പാറാടികുന്ന്, കണ്ണോത്ത്, |
| VIII | പുള്ളുവൻ തറ, ഹരിജൻ കോളനി, വേട്ടിയോട്ടുകുന്ന്, ഹരിജൻകോളനി, ആശാരിപറമ്പത്ത്, പുല്ല്യോട്ട്കുന്ന്, നരികുന്ന്, നെല്ലിയുള്ളതിൽ, ഈർപ്പാറ[illegible]ചയിൽ, മാണിക്കോത്ത്, മറയത്തും കണ്ടിമീത്തൽ, |

മനപാടിചാലിൽ, കിഴക്കയിൽ, മീത്തൽ, പുത്തൻ പുരയിൽ

## പ്രാവർത്തികമാക്കാവുന്ന മറ്റുനിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുഴിച്ചും വരുമ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.
2. ഇതിന് ബോധവൽക്കരണപരിപാടി നടപ്പിലാക്കുക.
3. ചെമ്പ്ര പുഴയിൽ ഏരം തോട്ടത്തിൽതാഴെ പുറയങ്കോട്ട്താഴെ, താന്നികണ്ടി, മാമ്പാട്ടിൽ എന്നിവിടങ്ങളിൽ പുഴക്കടിയിൽ ജലനിരപ്പിനു സമമായി പ്ലാസ്റ്റിക് തടയിണ നിർമ്മിക്കുക.
4. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ ഇടുക.
5. മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടകിണറുകളും ഉപയോഗപ്പെടുത്തുക

## ആരോഗ്യം

1970 കാലഘട്ടംവരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും നാട്ടുവൈദ്യന്മാരെ ആശ്രയിച്ചായിരുന്നു. ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും തന്നെ അക്കാലത്ത് പഞ്ചായത്തിൽ നിലവിലില്ലായിരുന്നു. പേരുകേട്ട പല നാട്ടുവൈദ്യന്മാരും അക്കാലത്ത് ഇവിടെ ഉണ്ടായിരുന്നു. ഇന്നത്തെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ പോലെ അക്കാലത്തും ചില പ്രത്യേക രോഗത്തിന് ചികിത്സിക്കാൻ പ്രത്യേക വൈദ്യന്മാരുണ്ടായിരുന്നു. നാട്ടിലും, കാട്ടിലും കിട്ടുന്ന പച്ച മരുന്നുകൾക്ക് പുറമേ മന്ത്രവാദവും അക്കാലത്തെ ചികിത്സാ സമ്പ്രദായങ്ങളായിരുന്നു. നാട്ടിൻ പുറങ്ങളിലുള്ള വീടുകളിലൊക്കെ പച്ചമരുന്നു ചെടികൾ വെച്ചുപിടിപ്പിക്കുന്നത് അക്കാലത്ത് സർവ്വസാധാരണമായിരുന്നു.

ഇവിടെ നിന്ന് ആദ്യമായി ഡോക്ടർ ബിരുദം നേടിയ ആൾ പിൽകാലത്ത് കേരള രാഷ്ട്രീയത്തിൽ തിളങ്ങി നിന്ന പരേതനായ ഡോക്ടർ കെ. ജി. അടിയോടിയായിരുന്നു. പേരാമ്പ്ര ഗവൺമെൻറ് ആശുപത്രി സ്ഥാപിച്ചപ്പോൾ നല്ലൊരു വിഭാഗമാളുകൾ ചികിത്സക്കായി ആശ്രയിച്ചിരുന്നത് അവിടെയായിരുന്നു.

പഞ്ചായത്തിൽ 1971 ൽ ആദ്യമായി ഒരു ഗവൺമെൻറ് ആരോഗ്യകേന്ദ്രം തുറന്നത് ഹോമിയോഡിസ്പൻസറിയാണ്. അന്ന് വാടകകെട്ടിടത്തിൽ തുടങ്ങിയ ഡിസ്പെൻസറി പല പലകെട്ടിടങ്ങളിലേക്ക് മാറി ഇന്നും വാടക കെട്ടിടത്തിൽ തന്നെ സ്ഥിതിചെയ്യുന്നു. പിന്നീട് 1990 ൽ കിഴക്കൻ പേരാമ്പ്ര ഐ. പി. പി സബ്ബ് സെൻറർ(പനക്കാട് സ്ഥിതിചെയ്യുന്നു) പ്രവർത്തനമാരംഭിച്ചു. മൂന്നാമതായി 1991 ൽ കിഴക്കൻ പേരാമ്പ്രയിൽ ഗവൺമെൻറ് പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിതമായി. ഇത് പ്രവർത്തനം തുടങ്ങിയത് വാടക കെട്ടിടത്തിലാണെങ്കിലും നാട്ടുകാരുടെ സഹകരണത്തോടെ വാങ്ങിയ ഒരേക്കർ സ്ഥലത്ത് പഞ്ചായത്ത് 1992-93 94-95 വർഷത്തെ ജെ. ആർ. വൈ ഫണ്ടുപയോഗിച്ചു നിർമ്മിച്ച സ്വന്തം കെട്ടിടത്തിലേക്ക് 1996 ൽ മാറ്റപ്പെട്ടു. രണ്ടാം വാർഡിലെ മാങ്ങോട്ടിൽ മേലെ അനുവദിച്ച സബ്ബ് സെൻറർ കെട്ടിടത്തിൻെറ പണി പൂർത്തിയെങ്കിലും ഇത് വരെ തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന സർക്കാർ കൂത്തളി ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിക്ക് മാത്രമനുവദിച്ച അഞ്ചുവർഷത്തെ ചികിത്സാപദ്ധതി (എം. സി. ടി. കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ പദ്ധതി ) വളരെ വിജയകരമായിരുന്നുവെങ്കിലും ജനങ്ങൾക്കിടയിൽ വേണ്ടത്ര ബോധവൽക്കരണം നടത്താൻ കഴിയാത്തതിനാൽ പദ്ധതി തുടർന്നു നടത്താൻ കഴിഞ്ഞില്ല.

പഞ്ചായത്തിൽ ആരോഗ്യരംഗത്ത് കാര്യമായ പ്രവർത്തനം നടത്താൻ പറ്റിയ സ്ഥാപനങ്ങളൊന്നും തന്നെ നിലവിലില്ല. ഉള്ളത് തന്നെ ശൈശവ ദിശ കൈവിട്ടിട്ടുമില്ല. സ്വകാര്യരംഗത്ത് പി. എൻ. വി. ഫാർമസി എന്ന ആയുർവ്വേദ മരുന്ന് നിർമ്മാണ ശാലയല്ലാതെ മറ്റു സ്ഥാപനങ്ങളൊന്നും നിലവിലില്ല.

പഞ്ചായത്തിൽ നിന്നുള്ള ഭൂരിഭാഗമാളുകളും തൊട്ടടുത്തുള്ള പേരാമ്പ്ര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന

കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും സ്വകാര്യ ആസുപത്രികളുമാണ് ശുശ്രൂഷക്കായി ആശ്രയിക്കുന്നത്.

ഭൂരിഭാഗമാളുകളും സ്ഥിരമായ സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. കുട്ടികളുടെ എണ്ണം സംസ്ഥാന ശരാശരിക്കൊപ്പമാണിവിടെ. ശിശുമരണനിരക്ക് വളരെ കുറവാണ്. ജനനനിരക്ക്, 11.66 ഉം മരണനിരക്ക്, 4. 9 ആണ്.

കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികൾ പഞ്ചായത്തിൽ നിലവിലില്ല. ഇതിനായി ചുരുങ്ങിയത് 4 കി. മീ ദൂരം പോകണം. വിദഗ്ദ്ധ ചികിത്സക്കായി 40 കി. മീ. ദൂരത്തിലധികം സഞ്ചരിക്കേണ്ടതായുണ്ട്. ഗ്രാമസഭകളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽ രോഗരഹിതവും, ആരോഗ്യപൂർണ്ണവുമായ ഒരു മാതൃകാ പഞ്ചായത്ത് എന്ന നമ്മുടെ ലക്ഷ്യം നിറവേറും.

## സ്ഥാപനങ്ങളും സേവനങ്ങളും

കൂത്താളി പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രൈമറി ഹെൽത്ത് സെൻറർ-കിഴക്കൻ പേരാമ്പ്ര
2. ഹോമിയോ ഡിസ്പെൻസറി -കൂത്താളി
3. ഐ. പി. പി. സബ്ബ് സെൻറർ-പനക്കാട്

ഇവയിൽ മൊത്തം 10 ജീവനക്കാരാണുള്ളത്.

പ്രൈമറി ഹെൽത്ത് സെൻററിൽ മുഴുവൻ സമയ ഡോക്ടർ ഇല്ല. ആരോഗ്യസംരക്ഷണ കാര്യത്തിൽ മരുന്നുകളോളമോ അതിലുപരിയോ ബോധവൽക്കരണ പരിപാടികൾക്കുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരിൽ കാണുന്ന നിഷ്ക്രിയത്വം ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പഞ്ചായത്തിലെ രോഗ വിവരം സംബന്ധിച്ച പട്ടിക താഴെ പറയും പ്രകാരമാണ്.

### പ്രൈമറിഹെൽത്ത് സെൻറർ: രോഗങ്ങൾ സംബന്ധിച്ച വിവരം.

| വർഷം | ഔട്ട് പേഷ്യൻറിൻെറ എണ്ണം | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | മറ്റു രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1993 | 12707 | 908 | 162 | 4068 | 7569 | 12707 |
| 1994-95 | 8868 | 658 | 64 | 3002 | 5172 | 8896 |
| 1995-96 | 5506 | 468 | 36 | 2133 | 3373 | 5506 |

### ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി

| വർഷം | ഔട്ട്പേഷ്യൻറ് |
|---|---|
| 1992-93 | 20520 |
| 1993-94 | 19387 |
| 1994-95 | 24951 |
| 1995-96 | 29395 |

## കക്കൂസ്

പൊതുജനാരോഗ്യത്തെ കുറിച്ചു പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യം ശുചിത്വമാണ്. ഇതിന് പ്രധാനമായും വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 764 വീടുകളിൽ തീരെ കക്കൂസ്സുകളില്ല. ഉള്ള വീടുകളിലെ കക്കൂസിൽ പകുതി കുഴികക്കൂസുകളാണ്. ഇത് മൂലമുള്ള രോഗങ്ങൾ താരതമ്യേന കൂടുതലായികണ്ടുവരുന്നു. പഞ്ചായത്തിലെ കക്കൂസുകൾ സംബന്ധിച്ച കണക്കുകൾ താഴെ പറയുന്ന പ്രകാരമാണ്.

### വിവിധ വാർഡുകളിലെ കക്കൂസിൻെറ സ്ഥിതി വിവരം

| വാർഡ് | വീടുകളുടെ എണ്ണം | കക്കൂസുള്ള വീടുകളുടെ എണ്ണം | സെപ്റ്റിക് | E. S. P. (കുഴികക്കൂസ്) | മറ്റുള്ളവ | തീരെ (ഇല്ലാത്തവ) |
|---|---|---|---|---|---|---|
| I | 360 | 277 | 98 | 149 | 30 | 76 |
| II | 453 | 303 | 76 | 227 | - | 150 |
| III | 503 | 408 | 184 | 221 | 3 | 95 |
| IV | 534 | 452 | 96 | 351 | 5 | 82 |
| V | 248 | 124 | 62 | 62 | - | 124 |
| VI | 291 | 192 | 150 | 37 | 5 | 99 |
| VII | 254 | 169 | 130 | 39 | - | 85 |
| VIII | 452 | 406 | 267 | 139 | - | 46 |
| ആകെ | 3095 | 2331 | 1063 | 925 | 43 | 757 |

**ഗ്രാമസഭകളുടെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസു നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും പരിഹാരങ്ങളും താഴെ കാണും വിധം സംഗ്രഹിക്കാം.**

| തടസ്സകാരണം | പരിഹാരം |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധ സർക്കാർ [illegible], സന്നദ്ധ സംഘടനകൾ തുടങ്ങ[illegible]യുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. സ്ഥലപരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിലും | പൊതുവ[illegible] ഒരു സപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാ[illegible]ുന്ന[illegible]. |
| 3. [illegible]വശ്യകത [illegible]ണ്ടത്ര ബോദ്ധ്യ[illegible]പ്പെ[illegible]തിരിക്കൽ | ആരോ[illegible]ബ[illegible]വൽക്കരണയൂനിറ്റിൻെറ പ്രവർത്തനം വിപുല[illegible]ക്കുക. |

## ആൾമറ[illegible]ില്ലാത്ത കിണർ

വെള്ളം മലിനമാകാതിരി[illegible]ക്കാൻ കിണറുകൾക്ക് ആൾമറ നിർബന്ധമാണ്. ആൾമറയില്ലാത്ത കിണറുകളിൽ മലിനജലം കുത്തിയൊ[illegible]ുകാൻ കാരണമാവുന്നു. പഞ്ചായത്തിലെ മൊത്തമുള്ള കിണറുകളിൽ പകുതി എണ്ണത്തിന്നു ആൾമറയില്ല. പാവപ്പെട്ട വീ[illegible]ുകളിലെ ആൾമറയില്ലാത്ത കിണറുകൾക്ക് ആൾമറ കെട്ടാൻ ധനസഹായം നൽകേണ്ടതാണ്. ഈ കിണറുകളിൽ പകുതി എണ്ണത്തിന് ആൾമറയില്ല. കി[illegible]റു

കളുടെ സ്ഥിതി വിവരകണക്ക് താഴെപറയും പ്രകാരമാണ്.

## വിവിധ വാർഡുകളിലെ കിണറുകളുടെ സ്ഥിതിവിവര കണക്ക്

| വാർഡ് | മൊത്തം വീടുകൾ | മൊത്തം കിണറുകൾ | ആൾമറ യുള്ളത് | ആൾമറ ഇല്ലാത്തത് | തീരെ ഇല്ലാത്തത് |
|---|---|---|---|---|---|
| I | 360 | 223 | 93 | 130 | 136 |
| II | 453 | 314 | - | 95 | 139 |
| III | 503 | 316 | 107 | 109 | 187 |
| IV | 534 | 404 | 157 | 247 | 130 |
| V | 248 | [illegible] | 44 | 75 | 129 |
| VI | 291 | 185 | 79 | 106 | 106 |
| VII | 254 | 151 | 86 | 65 | 103 |
| VIII | 452 | 214 | 132 | 82 | 238 |
| ആകെ | 3095 | 1926 | 917 | 902 | 1168 |

## പരിസര ശുചിത്വം

വ്യവസായ വൽകരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസര മലിനീകരണം വളരെ ഗുരുതരമല്ല. എന്നിരുന്നാലും പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിൽ നിന്നും ശുചീകരണത്തിൻെറ കാര്യത്തിലുള്ള അഭാവത്തെ കുറിച്ചുള്ള പരാതികൾ ഗ്രാമസഭയിൽ വരികയുണ്ടായി. അതിൽ പ്രധാനമായും വിറക് അടുപ്പിൽ നിന്നുള്ള പുകശല്യം. ഇത് മൂലമുണ്ടാകുന്ന രോഗങ്ങൾ തലവേദന, ജലദോഷം യഎന്നിവ പൊതുവെ കണ്ടുവരുന്നു. മൊത്തം വീടുകളിലുള്ള അടുപ്പുകളിൽ 5% വിറകടുപ്പുകളാണ്. ഈച്ച, കൊതുക് ഇവ മൂലമുണ്ടാകുന്ന മലിനീകരണവും രോഗവും കൂടുതുലായികണ്ടുവരുന്നു. (ഒരു ജോഡി ഈച്ചകൾ ഒരു വേനൽ കാലത്ത് 3, 25, 92,320 ഈച്ചകളെ ഉല്പാദിപ്പിക്കുന്നു. റോഡ് സൈഡിൽ വെച്ചുള്ള മത്സ്യം വില്പന, ഹോട്ടലുകൾ , ശീതള പാനിയസ്ഥാപനങ്ങൾ എന്നിവയിലെ വൃത്തിയില്ലായ്മ എന്നിവയെല്ലാം പ്രധാന പ്രശ്നങ്ങളാണ്. ഇത് സംബന്ധിച്ച പരിഹാര നിർദ്ദേശങ്ങൾ താഴെ സംഗ്രഹിക്കുന്നു.

| പ്രശ്നങ്ങൾ | പരിഹാരം |
|---|---|
| സാധാരണ വിറകടുപ്പിൽ നിന്നുള്ള പുക | പുകയില്ലാത്ത അടുപ്പുകൾ വിവിധ ഏജൻസികളുടെ ധനസഹാ യത്താൽ വിതരണം നടത്തുക. |
| ഈച്ച, കൊതുക് ഇവ മൂലമുള്ള ശല്യം | പരിസരം വൃത്തിയായി സൂക്ഷിക്കുക. ചപ്പുചവറുകളും ഭക്ഷണ അവശിഷ്ടങ്ങളും വലിച്ചെറിയാതെ കമ്പോസ്റ്റു കുഴിയുണ്ടാ ക്കി അതിൽ നിക്ഷേപിക്കുക. (ഇത് വളമായി ഉപയോഗിക്കാം) |
| റോഡ്സൈഡിൽ വെച്ചുള്ള മത്സ്യം വില്പന | കുത്താളി ടൌൺ പരിസരത്ത് മത്സ്യമാർക്കറ്റ് നിർമ്മിക്കുക |
| ഹോട്ടൽ, ശീതള പാനീയ സ്ഥാപന ങ്ങളിലെ വൃത്തിയില്ലായ്മ | ഭക്ഷണപദാർത്ഥങ്ങൾ ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കുക. അത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. |

## പാരമ്പര്യവൈദ്യമേഖല

വാമൊഴിയായും വരമൊഴിയായും തലമുറകളിലൂടെ പകർന്നുകിട്ടുന്ന അറിവുകളുടെ സംഗ്രഹമാണ് പാരമ്പര്യ വൈദ്യം. ഇത്തരത്തിലുള്ള ചില കുടുംബങ്ങൾ കുത്താളി പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരുടെകൂടിച്ചേരൽ സംഘടിപ്പിക്കുക വഴി പലതായി ചിതറികിടക്കുന്ന വൈദ്യവിജ്ഞാനം ഏകോപിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ആയുർവ്വേദ രംഗത്ത് രൂക്ഷമായിവരുന്ന ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തല ഔഷധ സസ്യസൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്.

പഞ്ചായത്ത് വാസികളുടെ പൊതുആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവപ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തെക്കുറിച്ച് ജനങ്ങളിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക, നേത്രദാനത്തിൻെറ മഹത്വം ബോധ്യപ്പെടുത്തുക വഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപമാക്കുകയും ജില്ലാ നേത്രബാങ്കുമായി ബന്ധപ്പെട്ടു പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവഅടിയന്തിര പ്രധാന്യമർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയാൽ, "ശുചിത്വഗ്രാമം ആരോഗ്യഗ്രാമം" എന്നത് യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്ക് കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

❖

503

# 7

# വ്യവസായം

വ്യവസായ സ്ഥാപനങ്ങളെന്നു വിളിക്കാവുന്ന യാതൊന്നും നമ്മുടെ പഞ്ചായത്തിലില്ല. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പരമ്പരാഗത വ്യവസായ സ്ഥാപനമാണ് 1953 ൽ സ്ഥാപിതമായ കൂത്താളി നെയ്ത്തു സഹകരണസംഘം. സംഘവുമായി ബന്ധപ്പെട്ട് സ്ഥിരമായി ജോലി ചെയ്യുന്ന 200 ഓളം തൊഴിലാളികൾ ഉൾപ്പെടെ 400നടുത്ത് അംഗങ്ങളാണ് ഈ സ്ഥാപനത്തിലുള്ളത്. നേരത്തെ പ്രാദേശികാവശ്യങ്ങൾക്കുവേണ്ടി തുണിത്തരങ്ങൾ ഉല്പാദിപ്പിക്കപ്പെട്ട സ്ഥാനത്ത് ഇപ്പോൾ നല്ല ഇനം വിദേശ ഓർഡർ തുണിത്തരങ്ങൾ ഉല്പാദിപ്പിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിദേശ മാർക്കറ്റിൽ വമ്പിച്ച പ്രിയമുണ്ടായിരുന്ന ക്രേപ്പ് തുണിത്തരങ്ങൾ ഒട്ടേറെ യുവാക്കൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ ക്രേപ്പിൻെറ വിപണി നഷ്ടപ്പെട്ടതോടെ ഈ രംഗത്ത് ജോലിചെയ്തിരുന്ന തൊഴിലാളികൾക്ക് മറ്റുമേഖലകൾ തേടേണ്ടിവന്നു. പരമ്പരാഗത ശീലങ്ങളിൽ മുറുകെ പിടിച്ചുകൊണ്ടുള്ള പഴയ രീതിയിലുള്ള ഉല്പാദന സമ്പ്രദായമാണ് പ്രായേണ നിലനിൽക്കുന്നത്. ആധുനിക വൽക്കരണത്തിനുവേണ്ടി ആരംഭിക്കപ്പെട്ട വർക്ക് ഷെഡ്ഡും നല്ല ഇനം തറികളും ഉപയോഗപ്പെടുത്താൻ കഴിയാത്തത് സംഘത്തിനു ബാധ്യതയായി. സമീപകാലത്ത് നടപ്പാക്കപ്പെട്ട പാക്കേജ് പദ്ധതിയിലൂടെ വർക്ക്ഷെഡ്ഡിൽ ആധുനിക രീതിയിൽ തൊഴിൽ പരിശീലിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആധുനിക കാലഘട്ടത്തിലെ മാറി വരുന്ന അഭിരുചികൾക്കനുസൃതമായി ആഭ്യന്തര വിദേശ വിപണികൾ ലക്ഷ്യമാക്കി തുണിത്തരങ്ങൾ ഉല്പാദിപ്പിക്കാനുള്ള വൈദഗ്ദ്ധ്യം നേടാൻ കഴിഞ്ഞാൽ വളരെയേറെ തൊഴിൽ സാധ്യതയുള്ള മേഖലയാണിത്.

1988 ൽ ആരംഭിച്ച വനിതാ സോപ്പു നിർമ്മാണ യൂനിറ്റിൻെറ കെട്ടിടം പണി പൂർത്തീകരിക്കപ്പെടുകയും യന്ത്രങ്ങൾ ഇറക്കുകയും ചെയ്തുവെങ്കിലും ഇതേവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഐ. ആർ. ഡി. പി. പദ്ധതിയിൽപെടുത്തി ആരംഭിച്ച കറിപൌഡർ യൂനിറ്റിൻെറ പ്രവർത്തനവും നിലച്ചിരിക്കുകയാണ്.

യന്ത്രവൽകൃത ചകിരി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന ചകിരി ഉപയോഗിച്ചുകൊണ്ട് നാരും കയറുൽപ്പന്നങ്ങളും നിർമ്മിക്കാൻ കഴിയുന്ന ഈ രംഗത്ത് ഒട്ടേറെ പേർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതയുണ്ട്.

കേരളാ സർവ്വോദയസംഘത്തിൻെറ ആഭിമുഖ്യത്തിൽ കൂത്താളിയിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രത്തിൽ 57 യുവതികൾ പരിശീലിക്കുന്നുണ്ട്. നെയ്ത്തുരംഗത്ത് 15 പേരും നൂൽനൂൽപ്പുരംഗത്ത് 42 പേരും.

ഒരു ആയുർവ്വേദ ഔഷധ നിർമ്മാണ യൂനിറ്റും ഒരു ഈർച്ചമില്ലും ഒരു ഓയിൽ മില്ലും ഈ പഞ്ചായത്തിൽ

പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1) കൈത്തറി വ്യവസായരംഗത്ത് റിബേറ്റ് കിട്ടാൻ കാലതാമസം നേരിടുന്നു.
2) വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്.
3) വൈദ്യുതി ലഭിക്കായ്മ
4) ഖാദിരംഗത്ത് കൂലിയുടെ അപര്യാപ്തത.
5) വ്യവസായ സംരംഭകരുടെ ആത്മ വിശ്വാസമില്ലായ്മ.
6) സർക്കാർ സഹായത്തിനുള്ള കാലതാമസവും സാങ്കേതികത്വവും.

## സാധ്യതകൾ

1) കൈത്തറി വ്യവസായം ആധുനികവൽക്കരിക്കുക.
2) തയ്യൽ പരിശീലനം നടത്തിയ സ്ത്രീകളുടെ സഹകരണസംഘം രൂപീകരിക്കുക.
3) നാളികേരം കൊണ്ട് വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായം ആരംഭിക്കുക.
4) ഹോളോബ്രിക്സ്, സിമൻറുപയോഗിച്ചുള്ള ഗൃഹ നിർമ്മാണ സാമഗ്രികൾ എന്നിവ ഉണ്ടാക്കുന്ന വ്യവസായം ആരംഭിക്കുക.

# 8

# സഹകരണമേഖല

ജനകീയാസൂത്രണ പ്രക്രിയയിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായകമായ പങ്കാണ് നിർവ്വഹിക്കാനുള്ളത്. ഇന്ത്യക്കു തന്നെ മാതൃകയായി വളർന്നുവരുന്ന കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ചക്കനുസൃതമായി നമ്മുടെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ വളർന്നുവന്നിട്ടില്ല. സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സ്വകാര്യപണമിടപാടുകാരെ ആശ്രയിക്കേണ്ടസ്ഥിതിയാണ് പഞ്ചായത്തിലെ ഭൂരിപക്ഷം പാവപ്പെട്ട ജനങ്ങൾക്കുമുള്ളത്. സഹകരണസ്ഥാപനങ്ങളുടെ അപര്യാപ്തതയിൽ നിന്നാണ് സ്വകാര്യ പണമിടപാടുകാർ വളർന്നുവന്നത്. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ സാമ്പത്തികമായ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന രൂപത്തിലേക്ക് നമ്മുടെ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ വളർന്നുവരേണ്ടതുണ്ട്.

മൂന്നു സഹകരണസ്ഥാപനങ്ങൾ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. കൂത്താളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക്, കൂത്താളി നെയ്ത്തു സഹകരണസംഘം, കൂത്താളി പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം, കൂത്താളി ഹൈസ്കൂൾ, വെങ്ങപ്പറ്റ ജി. യു. പി. സ്കൂൾ എന്നിവിടങ്ങളിലെ സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോറുകളും പ്രവർത്തനം നടത്തുന്നുണ്ട്. 5, 6, വാർഡുകളിൽ ഓരോ യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങൾ സമീപ കാലത്ത് റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

പേരാമ്പ്ര റീജ്യനൽ കോ-ഓപ്പറേറ്റീവ് ബേങ്ക്, കൊയിലാണ്ടി താലൂക്ക് സഹകരണ കാർഷിക വികസന ബേങ്ക്, മേപ്പയൂർ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിലും കൂത്താളിയും ഉൾപ്പെടുന്നു. ഇവയിലെല്ലാം കൂടി അംഗങ്ങളായവർ 2500 ഓളമേ ഉള്ളൂ.

1994 ൽ പ്രവർത്തനം ആരംഭിച്ച കൂത്താളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്കിൽ 350 മെമ്പർമാർ മാത്രമേയുള്ളൂ. 14,000ത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിലെ ഈ സഹകരണസംഘത്തിൽ മെമ്പർഷിപ്പ് ഇത്രയും കുറവായത് ഈ പ്രസ്ഥാനത്തോടുള്ള നമ്മുടെ സമീപനം വ്യക്തമാക്കുന്നു. 22 ലക്ഷം രൂപ നിക്ഷേപവും സ്വർണ്ണപ്പണയ വായ്പ 11 ലക്ഷം രൂപയും 4 ലക്ഷം രൂപ കാർഷിക വായ്പയുമാണ് ഇപ്പോഴുള്ളത്. പഞ്ചായത്തിലെ 18 അംഗങ്ങൾക്ക് 1,28, 500 ക. മേപ്പയൂർ ഹൌസിംഗ് സൊസൈറ്റി ഭവന നിർമ്മാണ വായ്പയായി നൽകിയിട്ടുണ്ട്. വീടുനിർമ്മാണത്തിന് വായ്പ ലഭിക്കേണ്ടവർക്ക് വളരെ ദൂരെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ബന്ധപ്പെടുകയെന്നത് പ്രയാസകരമാണ്.

ഈ പഞ്ചായത്തിലെ ആയിരത്തോളം വരുന്ന മെമ്പർമാർക്ക് പേരാമ്പ്ര റീജ്യനൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. കാർഷിക കടമായി 2. 5 ലക്ഷം രൂപയും മറ്റു

കടങ്ങളായി 48 ലക്ഷം രൂപയും കൂത്താളിയിൽ വായ്പ നൽകിയിട്ടുണ്ട്. 40 ലക്ഷം രൂപയോളം പഞ്ചായത്തിൽ നിന്നും ബേങ്കിൽ നിക്ഷേപമുണ്ട്.

കൂത്താളിയിലെ അഞ്ഞൂറോളം അംഗങ്ങളുള്ള കാർഷിക വികസന ബേങ്ക് 7, 65, 000 ക കാർഷിക കടവും 4, 67,000 ക കാർഷികേതര കടവും 4, 25, 500 രൂപ ഭവന നിർമ്മാണ വായ്പയും നൽകിയിട്ടുണ്ട്.

1988 ൽ പ്രവർത്തനം ആരംഭിച്ച പട്ടിക ജാതി സഹകരണ സംഘം കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ല. 131 അംഗങ്ങളുള്ള ഈ സ്ഥാപനം തുടക്കത്തിൽ ചില പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയെങ്കിലും അവ തുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞില്ല. കൂത്താളിയിൽ ഒരു തയ്യൽ പരിശീലനകേന്ദ്രം നടത്തുന്നുണ്ട്. ഒട്ടേറെ മേഖലകളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാനതൊഴിൽ മേഖലയായ കൈത്തറി രംഗത്ത് 1953 ൽ ആരംഭിക്കപ്പെട്ടതാണ് കൂത്താളി നെയ്ത്തു സഹകരണസംഘം. ഇരുനൂറോളം മെമ്പർമാർ ഈ രംഗത്ത് ജോലി ചെയ്യുന്നു. റിബേറ്റിനെ ആശ്രയിച്ചുള്ള തുണി വില്പന സംഘത്തിന് പ്രയാസമുണ്ടാക്കാറുണ്ട്. ഇരുപത്തഞ്ചുലക്ഷത്തിലേറെ രൂപ വില വരുന്ന തുണി വർഷത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. 10 ലക്ഷം രൂപ സർക്കാർ ഓഹരി മൂലധനം ലഭിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1) അർഹതയുള്ളവരെ സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി ചേർക്കുന്നില്ല.
2) സംഘങ്ങളിലെ വായ്പാ കുടിശ്ശിക വർദ്ധിക്കുന്നു.
3) പട്ടികജാതി സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
4) നെയ്ത്തു സഹകരണസംഘത്തിന് റിബേറ്റു തുക സർക്കാറിൽ നിന്നു കൃത്യമായി ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1) പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി സംഘടിപ്പിക്കപ്പെട്ട സംഘങ്ങളിൽ അർഹരായവരെ മുഴുവൻ അംഗങ്ങളാക്കുക.
2) അംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റത്തക്ക നിലയിലേക്ക് സ്ഥാപനങ്ങൾ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3) പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരെയും സംഘത്തിൽ അംഗങ്ങളാക്കുകയും അവർക്ക് വ്യത്യസ്ത തൊഴിലുകൾ നൽകാൻ കഴിയുന്ന രീതിയിൽ സംഘം പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക
4) നെയ്ത്തു സഹകരണസംഘത്തിനു കിട്ടാൻ ബാക്കിയാവുന്ന റിബേറ്റ് തുക യഥാസമയം അനുവദിക്കുക.
5) സഹകരണ ബേങ്കുകളിൽ നിന്നു വാങ്ങുന്ന വായ്പകൾ കൃത്യമായി അടച്ചുതീർക്കുന്നതിനുള്ള ബോധവൽക്കരണ മുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുക.
6) വായ്പകൾ ദുരുപയോഗപ്പെടുത്തുന്ന രീതി നിരുത്സാഹപ്പെടുത്തുക.
7) കന്നുകാലി വളർത്തൽ ലാഭകരമാക്കുന്നതിന് കിഴക്കൻ പേരാമ്പ്ര, പൈതോത്ത്, കൂത്താളി എന്നിവിടങ്ങളിൽ പാൽ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
8) വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
9) സഹകരണസ്റ്റോറുകൾ ആരംഭിക്കുക.

# 9

# പാർപ്പിടം സാമൂഹ്യക്ഷേമം

ജനങ്ങളിലേറെയും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കൂത്താളി പഞ്ചായത്തിൽ പാർപ്പിടം എന്ന 'വിലയേറിയ' സ്വപ്നം യാഥാർത്ഥ്യമാക്കാൻ കാത്തിരിക്കുന്ന നൂറുകണക്കിന് കുടുംബങ്ങളുണ്ട്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളിൽ ഭൂരിപക്ഷത്തിനും പാർപ്പിട നിർമ്മാണത്തിനും നിലവിലുള്ള പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ പദ്ധതികളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും സഹായവും വായ്പയും ആണ് മുഖ്യ ആശ്രയം. ഭവന നിർമ്മാണം സംബന്ധിച്ച് ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം ലഭിച്ച വിവരമനുസരിച്ച് പഞ്ചായത്തിൽ 812 വീടുകൾ ഇനിയും അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത സർവ്വെപ്രകാരം 1986-87 മുതൽ 1995-96വരെ വർഷങ്ങളിൽ എൻ. ആർ. ഇ. പി, ആർ. എൽ. ഈ ജി. പി, ഐ. എ. വൈ, ജെ. ആർ. വൈ, എം. ഡബ്ല്യൂ. എസ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം 99 ആണ്. സർക്കാർ പരിപാടികളിലൂടെ ലഭിക്കുന്ന സഹായം പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിൽ പരിമിതമായ തോതിൽ മാത്രം സഹായിക്കുന്നതായി കാണാൻ കഴിയും. അപേക്ഷകരുടെ ബാഹുല്യവും പദ്ധതികളിലൂടെ അനുവദിക്കാവുന്ന ശുഷ്ക്കമായ ഫണ്ടും മുൻനിർത്തി വിചിന്തനം ചെയ്യുമ്പോൾ പാർപ്പിട പ്രശ്നം വ്യക്തിയുടെ, കുടുംബത്തിൻെറ സ്വകാര്യ പ്രശ്നം എന്നു പരിഗണിക്കുന്ന രീതി മാറി ഒരു സാമൂഹ്യബാധ്യത എന്ന നിലക്ക് കൈകാര്യം ചെയ്യപ്പെടുന്നതിൻെറ വ്യാപ്തി ഏറെ വർദ്ധിക്കേണ്ടിയിരിക്കുന്നു എന്നു വ്യക്തമാവുന്നു.

**ഭവന നിർമ്മാണം സംബന്ധിച്ച് 1986-87 മുതൽ 1995-96വരെയുള്ള വിവരങ്ങൾ കാണിക്കുന്ന പട്ടിക**

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I.R.D.P സർവ്വെ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1. | 123 | 28 | 25 | 3 | 95 |
| 2. | 154 | 9 | 5 | 4 | 145 |
| 3. | 157 | 16 | 10 | 6 | 141 |
| 4. | 76 | 9 | 4 | 5 | 67 |
| 5. | 75 | 7 | - | 7 | 68 |
| 6. | 78 | 7 | 2 | 5 | 71 |
| 7. | 87 | 7 | 2 | 5 | 80 |
| 8. | 161 | 16 | 12 | 4 | 145 |
| ആകെ | 911 | 99 | 60 | 39 | 812 |

*(അവലംബം വി. ഇ. ഒ മാരുടെ റിപ്പോർട്ട്.)*

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വീടുകളുടെ ഇനം തിരിച്ചുള്ള പട്ടിക. (വാർഡു തലത്തിൽ സർവ്വെ നടത്തി ലഭിച്ചത്).

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | കുടിൽ | സമ്മിശ്രം | ആകെ |
|---|---|---|---|---|---|---|
| 1. | 21 | 182 | 92 | 27 | 31 | 353 |
| 2. | 40 | 171 | 141 | 40 | 61 | 453 |
| 3. | 56 | 196 | 208 | 43 | - | 503 |
| 4. | 30 | 188 | 263 | 53 | - | 534 |
| 5. | 25 | 60 | 87 | 76 | - | 248 |
| 6. | 30 | 114 | 130 | 7 | - | 21 |
| 7. | 23 | 103 | 78 | 50 | - | 254 |
| 8. | 36 | 116 | 150 | 102 | - | 404 |

പാർപ്പിട നിർമ്മാണ രംഗത്ത് മാറിവരുന്ന സാഹചര്യത്തിനനുസരിച്ച് വാസ്തുശില്പ മാതൃകയിലും മാററം വരുന്നുണ്ട്. കോൺക്രീറ്റ് വീടുകൾ കൂടുതൽ സ്വീകാര്യമായിക്കൊണ്ടിരിക്കുന്നു. ഓലമേഞ്ഞതും ഓട് മേഞ്ഞതുമായ വീടുകൾക്ക് വേണ്ടിവരുന്ന ആവർത്തന ചെലവുകളും മരം മുതലായ നിർമ്മാണ സാമഗ്രികളുടെ വൈരള്യവും വർദ്ധിച്ചവിലയും കോൺക്രീറ്റ് വീടു പണിയുന്നതിന് ആളുകളെ പ്രേരിപ്പിക്കുന്നു. അടുത്തകാലം വരെ സമൂഹത്തിൽ നിലനിന്നിരുന്ന പരസ്പര വിശ്വാസവും കൂട്ടായ്മയും പാർപ്പിട രംഗത്തും സ്വാധീനം ചെലുത്തിയിരുന്നു. വീട് ഓലമേയുന്നതിനും പുതിയ വീട് നിർമ്മിക്കുന്നതിലും പ്രതിഫലേച്ഛ കൂടാതെയുള്ള കൂട്ടായ്മ നമ്മുടെ ഗ്രാമങ്ങളിൽ ഒരു സവിശേഷതയായിരുന്നു. മരം, ഓല തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കും പ്രയാസമേറെയുണ്ടായിരുന്നില്ല. എന്നാൽ മാറിവന്ന കാലത്തോടൊപ്പം മനുഷ്യബന്ധങ്ങളിൽ നിന്നും ചോർന്നുപോയ ആർദ്രത പാർപ്പിട നിർമ്മാണ രംഗത്തും അന്യവൽക്കരണം സൃഷ്ടിക്കുന്നു. കോൺക്രീറ്റു കെട്ടിടങ്ങളുടെ വ്യാപനത്തോടൊപ്പം പാർപ്പിട നിർമ്മാണ രംഗത്ത് കച്ചവടവൽക്കരണം വ്യാപിച്ചിരിക്കുന്നതായി കാണാം. വീട് നിർമ്മാണത്തിൻെറ എല്ലാ ഘട്ടങ്ങളും കോൺട്രാക്ട് സമ്പ്രദായത്തിൽ നടത്തപ്പെടുന്ന രീതി പ്രചാരത്തിലായിരിക്കുന്നു. ഗൾഫ് പണം പാർപ്പിട നിർമ്മാണരംഗത്ത് നല്ല സ്വാധീനം ചെലുത്തുന്നതായി കാണാൻ കഴിയും. പുതിയതായി നിർമ്മിക്കപ്പെടുന്ന വലിയ വീടുകളേറെയും ഗൾഫ് പണത്തിൻെറ ധാരാളിത്ത സൂചനകൾ നൽകുന്നു.

പാർപ്പിട നിർമ്മാണ രംഗത്ത് ദുർവ്യയം വളരെ കൂടുതലാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ വൈദഗ്ധ്യമില്ലായ്മയാണ് പ്രധാനകാരണം. ബഹുനില കോൺക്രീറ്റ് കെട്ടിടങ്ങൾപോലും പ്രത്യേക സാങ്കേതിക വൈദഗ്ധ്യം ഇല്ലാത്തവരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നത് സാധാരണമാണ്. നിർമ്മാതാവും കോൺട്രാക്റ്റ് ഏറെറടുത്ത് നടത്തുന്നവരും പാർപ്പിടത്തിൻെറ ലക്ഷ്യങ്ങളെയോ നിർമ്മാതാവിൻെറ ആവശ്യങ്ങളെയൊ പരിഗണിക്കാതെ സങ്കീർണ്ണവും ദുർവ്യയം ഏറിയതുമായ കെട്ടിട മാതൃകകൾ പിന്തുടരുന്നു. ഇത്തരം സമ്പ്രദായങ്ങൾ നിരുത്സാഹപ്പെടുത്തുകയും, ഈ മേഖലയിൽ ജനങ്ങൾക്ക് വേണ്ട ബോധം പകർന്നു കൊടുക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്.

പാർപ്പിട നിർമ്മാണ കാര്യങ്ങൾക്ക് ഇടത്തരക്കാർക്ക് ആശ്രയം ധനകാര്യ സ്ഥാപനങ്ങളാണ്. എൽ. ഐ. സി, കാൻഫിൻ, ഹഡ്കൊ, കെ. എച്ച്. ബി, കെ. ഡി. സിബാങ്ക്, മററു സഹകരണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും പാർപ്പിട നിർമ്മാണ വായ്പ ലഭിച്ചിട്ടുള്ള ചുരുക്കം ആളുകളുണ്ട്. മേപ്പയൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭവന നിർമ്മാണ സഹകരണ സംഘത്തിൻെറ പരിധിയിൽ ഉൾപ്പെടുന്ന കൂത്താളിയിൽ പ്രസ്തുത സ്ഥാപനവും കുറേ ആളുകൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂത്താളി വീവേഴ്സ് സൊസൈറ്റി അതിൻെറ മെമ്പർമാർക്ക് വീട് പണിയുന്നതിന് സഹായമനുവദിച്ചിട്ടുണ്ട്. അതു സംബന്ധിച്ച കണക്ക്: 1990 മുതൽ 1992വരെ 7 വീടുകൾക്ക് 6000രൂപ വീതം ഗ്രാൻറ്, 1992 മുതൽ 1996വരെ 15 വീടുകൾക്ക് 10,000 രൂപ

വീതം ഗ്രാൻറ്.

കൂത്താളിയിലെ ലക്ഷം വീട് കോളനികളിലും 4 സെൻറ് കോളനികളിലും ജീവിക്കുന്നവരുടെ പാർപ്പിടങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. പാർപ്പിട സ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള വഴി സൗകര്യത്തിൻെറ അപര്യാപ്തത മുതൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അടക്കമുള്ള ഒട്ടേറെ ദുരിതങ്ങൾ ഇവർക്കൊപ്പം കുടിപാർക്കുന്നു. ലക്ഷം വീടുകളിൽപ്പെട്ട വീടുകൾ പലതും മുറിച്ചുവരുകളും പൊളിഞ്ഞുവീഴാറായ മേൽക്കൂരയുള്ളവയുമാണ്. ഒരു കുടുംബത്തിനുവേണ്ട മിനിമം സൗകര്യങ്ങൾപോലും ലഭിക്കുന്നവയല്ല ലക്ഷം വീട് കോളനികളിലെ വീടുകൾ. 4 സെൻറ് കോളനികളിലും സമാനമായ അവസ്ഥയാണ് നിലനിൽക്കുന്നത്. തങ്ങളുടെ വരുമാനം ഉപയോഗിച്ച് വീടു നിർമ്മിക്കാൻ സാധ്യത തീരെയില്ലാത്തവരാണ് 4 സെൻറ് ലഭിച്ചിട്ടുള്ളവർ. സർക്കാർ നൽകുന്ന ധനസഹായവും വായ്പയും മാത്രം ആശ്രയിച്ചാണ് ഇവർ വീട് നിർമ്മിക്കുന്നത്. ഇതിനായി ഇന്നു ലഭിക്കുന്ന ഏററവും കൂടിയ സംഖ്യ 22000 രൂപയാണ്. ഗതാഗത സൗകര്യമില്ലാത്തതും ഭവന നിർമ്മാണ സാമഗ്രികളൊന്നും തന്നെ ലഭ്യമല്ലാത്തതുമായ ചുററുപാടിൽ കഴിയുന്ന ആളുകളെ സംബന്ധിച്ച് മേൽപറഞ്ഞ സംഖ്യ തികച്ചും അപര്യാപ്തമാണെന്നതാണ് അനുഭവം. കടത്തുകൂലിയിലും മററുമായി വരുന്ന വലിയ ചെലവ് ഇതിന് കാരണമാണ്. ദുർബല വിഭാഗങ്ങളുടെയിടയിൽ പലരും പഞ്ചായത്ത് വിലകൊടുത്തുവാങ്ങി സൗജന്യമായി നൽകിയ 4 സെൻറ് സ്ഥലത്ത് പാർപ്പിടം നിർമ്മിച്ച് താമസിക്കാൻ കഴിയാതെ തികച്ചും അനാരോഗ്യകരമായ ചുററുപാടുകളിൽ കൂട്ടുകുടുംബജീവിതം നയിക്കുന്നവരാണ്.

**വിവിധ പദ്ധതികളിലായി ദുർബല വിഭാഗങ്ങൾക്ക് വീട് അനുവദിച്ച കണക്കുകൾ കാണിക്കുന്ന പട്ടിക**

**വിവിധ പരിപാടികൾ പ്രകാരം അനുവദിച്ച വീടുകൾ**

| വർഷം | MWS | JRY | IAY |
|---|---|---|---|
| 1992-93 | 16 | 1 | - |
| 1993-94 | 2 | - | - |
| 1994-95 | 5 | 6 | - |
| 1995-96 | 3 | 2 | 18 |
| 1996-97 | - | 2 | 11 |

പാർപ്പിട നിർമ്മാണ സാമഗ്രികളിൽ ചെങ്കല്ല്, കരിങ്കല്ല് എന്നിവ പഞ്ചായത്തിൽ ധാരാളമായി ലഭിക്കുന്നു. താന്നിക്കണ്ടി, കടിയങ്ങാട് പുഴയോരങ്ങളിൽ താമസിക്കുന്നവർ മണൽ പുഴയിൽ നിന്നും എടുത്താണ് പാർപ്പിടം നിർമ്മിക്കുന്നത്. പരമാവധി മിതവ്യയം എന്ന പരിസ്ഥിതി അനുകൂലമുദ്രാവാക്യം വ്യാപകമാക്കേണ്ടതിൻെറ പ്രാധാന്യം കൂടുതൽ ബോധ്യപ്പെടുത്തുന്ന രീതിയിലാണ് കരിങ്കല്ലും ചെങ്കല്ലും ഇന്നുപയോഗിച്ചു തീർത്തുകൊണ്ടിരിക്കുന്നത് ചെങ്കല്ല് കയററിയ 10 ലോറികളെങ്കിലും ദിവസേന പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നായി പുറം പ്രദേശങ്ങളിലേക്ക് പോകുന്നു. ഗതാഗത സൗകര്യം ലഭ്യമായ സ്ഥലങ്ങളിലുള്ള കരിങ്കല്ല് ഏതാണ്ട് തീർന്നിരിക്കുന്നു.

കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദനം വലിയ തോതിലൊന്നും കൂത്താളിയിൽ നടക്കുന്നില്ല. സിമൻറും പാറപ്പൊടിയും ഉപയോഗിച്ച് ഹോളോബ്രിക്സ് നിർമ്മിക്കുന്ന ഒരു കേന്ദ്രം കിഴക്കൻ പേരാമ്പ്രയിൽ പരിമിതമായ തോതിൽ പ്രവർത്തിച്ചുവരുന്നു. ചെലവു കുറഞ്ഞ രീതിയിൽ ഉല്പാദിപ്പിക്കുന്ന സാമഗ്രികളൊന്നും തന്നെ പ്രചാരത്തിലില്ല.

വീടുകൾക്കിടയിലുള്ള അകലം കുറഞ്ഞുവെങ്കിലും മനുഷ്യർ തമ്മിലുള്ള അകലം വർദ്ധിച്ചുവെന്നു കാണിക്കുന്ന രീതിയിൽ കരിങ്കല്ല്, ചെങ്കല്ല്, ഇഷ്ടിക, സിമൻറ് കട്ട എന്നിവ ഉപയോഗിച്ചുള്ള മതിലുകൾ ഉയർത്തുന്ന സമ്പ്രദായം വർദ്ധിച്ചുവരുന്നു. പഴയ നാളുകളിൽ നിലനിന്നിരുന്ന സസ്യവേലികൾ പുനഃസ്ഥാപിക്കുന്നത് കൃഷിക്ക് വളം ലഭിക്കുന്നതിനും മനുഷ്യന് ആരോഗ്യം നിലനിർത്തുന്നതിനും വളരെ സഹായിക്കുന്നു എന്ന ബോധം പാർപ്പിടത്തെക്കുറിച്ചുള്ള സങ്കൽപ്പത്തോടൊപ്പം പ്രചരിക്കുന്നത് അഭികാമ്യമാണ്.

പാർപ്പിട നിർമ്മാണ രംഗത്ത് തൊഴിലാളികളുടെ കൂലിനിരക്ക് വളരെ ഉയർന്നതാണ്. തൊഴിലാളികളെ ആവശ്യത്തിനു ലഭിക്കുന്നില്ല. എന്ന സ്ഥിതി നിലനിൽക്കുന്നു. കൂടുതൽ പേരും തൊഴിൽ തേടി പേരാമ്പ്രയിലേക്കും മററു ടൗൺ പ്രദേശങ്ങളിലേക്കും പോകുകയാണ്.

## പാർപ്പിട നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ

1. ദുർബല വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ പാർപ്പിടങ്ങൾ ഏറിയ പങ്കും ശോചനീയാവസ്ഥയിലാണ്. ഓല കൊണ്ട് മറച്ചതും മഴക്കാലത്തു ചോർന്നൊലിക്കുന്നതുമായ വീടുകൾ മാററി പണിയുന്നതിനുള്ള സാമ്പത്തിക ശേഷിയില്ല.
2. സർക്കാർ സഹായത്തോടെ പൂർത്തിയാക്കിയ വീടുകൾ പലതും സാമ്പത്തിക പരിമിതിമൂലം ഗുണം കുറഞ്ഞ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് പണിതതിനാൽ കുറഞ്ഞ കാലത്തിനുള്ളിൽ ചെലവേറിയ റിപ്പയർ ആവശ്യമായി വരുന്നു.
3. ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു കിട്ടുന്നതിലുള്ള കാലതാമസം. അപേക്ഷിക്കുന്നവർക്ക് പലപ്പോഴും ധനസഹായം ലഭിക്കുന്നില്ല. ധനസഹായത്തുക പാർപ്പിട നിർമ്മാണത്തിന് തികച്ചും അപര്യാപ്തമാണ്.
4. കെട്ടിട നിർമ്മാണ വസ്തുക്കളായ മരം, ഓട്, സിമൻറ്, കമ്പി, ഇഷ്ടിക മുതലായവയുടെ അനിയന്ത്രിതമായ വിലക്കയററം.
5. ഭൂമി വിലയിലുണ്ടായ വൻ വർദ്ധന, ഗതാഗത സൗകര്യങ്ങൾക്ക് നൽകുന്ന പരിഗണന എന്നിവയുടെ ഫലമായി താരതമ്യേന വിലകുറവായ നെൽവയലുകൾ നികത്തി വീടും മററു കെട്ടിടങ്ങളും നിർമ്മിക്കുന്നതിലേക്ക് നയിക്കുന്നു.
6. ഭവന നിർമ്മാണ രംഗത്ത് സഹകരണ മേഖലയുടെ പ്രവർത്തനം ഇല്ല.
7. ചെലവുകുറഞ്ഞ നിർമ്മാണ രീതികൾ പ്രചരിപ്പിക്കപ്പെടുന്നില്ല. വിദഗ്ധ തൊഴിലാളികളും സാങ്കേതിക പരിജ്ഞാനവും ലഭ്യമല്ല.

## പരിഹാര നിർദ്ദേശങ്ങൾ- സാധ്യതകൾ

1. പാർപ്പിട നിർമ്മാണ രംഗത്ത് സഹകരണ സംരംഭങ്ങൾക്കുള്ള സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുക. ഒരു സാമൂഹ്യസംരംഭമാക്കി പാർപ്പിട നിർമ്മാണ പ്രവർത്തനം രൂപപ്പെടുത്തുക.
2. ചെലവുകുറഞ്ഞ നിർമ്മാണ രീതികൾ പ്രചരിപ്പിക്കുക. ചെലവു കുറഞ്ഞ നിർമ്മാണ വസ്തുക്കൾ വികസിപ്പിച്ചെടുക്കാൻ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ സഹായം കൂത്താളിയിലും ലഭ്യമാക്കുക.
3. സിമൻറ്, കമ്പി, ഇഷ്ടിക മുതലായ പാർപ്പിട നിർമ്മാണ വസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുക. ഇവയുടെ വിലക്കയററം നിയന്ത്രിക്കുക.
4. പാർപ്പിട നിർമ്മാണത്തെക്കുറിച്ച് വ്യക്തമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തി ഈ രംഗത്ത് ദുർവ്യയവും വിഭവശോഷണവും പരമാവധി കുറക്കുക.
5. തൊഴിലാളികൾക്ക് പരിശീലനം നൽകി തൊഴിൽ രംഗത്ത് വൈദഗ്ധ്യവും സാങ്കേതിക പരിജ്ഞാനവും ലഭ്യമാക്കുക. തൊഴിലാളി സംഘടനകൾക്ക് നല്ല സ്വാധീനമുള്ള കൂത്താളിയിൽ അവയുടെ സഹായത്തോടെ ഇതിനുള്ള സാഹചര്യം ഒരുക്കാവുന്നതാണ്.
6. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ വഴി സഹായം ലഭിക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക. വിവിധ പദ്ധതികൾ വഴി ലഭിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുക. പാർപ്പിടം നിർമ്മിക്കുന്ന സ്ഥലം ഗതാഗത സൗകര്യം എന്നിവ കൂടി പരിഗണിച്ച് ധനസഹായത്തുക നിശ്ചയിക്കുക.
7. ഗ്രാമപഞ്ചായത്തുകൾ വഴി വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക.

# സാമൂഹ്യക്ഷേമം

ഗ്രാമങ്ങളിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള ബഹുമുഖ പദ്ധതികളാണ് ഗ്രാമവികസന വകുപ്പ് ബ്ലോക്കുകളിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

## സംയോജിത ഗ്രാമവികസന പരിപാടി (ഐ. ആർ. ഡി. പി.)

1981-82 മുതൽ 1995-96വരെ ഐ. ആർ. ഡി. പി. പദ്ധതിപ്രകാരം കൂത്താളി പഞ്ചായത്തിൽ 672 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. ഇതിൽ 249 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്. ഇതുവരെ നടന്ന പ്രവർത്തനത്തിൻെറ ഫലമായി 198 കുടുംബങ്ങളെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഐ. ആർ. ഡി. പി.യുടെ മറ്റൊരനുബന്ധ പരിപാടിയാണ് കൈത്തൊഴിലുപകരണ വിതരണ പരിപാടി ഈ പരിപാടിപ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ തൊഴിലുപകരണങ്ങൾ വാങ്ങാൻ ശരാശരി 2000 രൂപ വരെ ധനസഹായം നല്കുന്നുണ്ട്. കൂത്താളി പഞ്ചായത്തിൽ ഇതുവരെ സഹായം ലഭിച്ചവരുടെ കണക്ക് പട്ടിക നോക്കുക.

| വാർഡ് | ഐ. ആർ. ഡി. പി സർവ്വെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവർ | ഇനി സഹായത്തിന് അർഹത യുള്ളവരുടെ എണ്ണം |
|---|---|---|---|
| 1. | 5 | 3 | 2 |
| 2. | 8 | 2 | 6 |
| 3. | 4 | 2 | 2 |
| 4. | 8 | 6 | 2 |
| 5. | 10 | 1 | 9 |
| 6. | 1 | 1 | - |
| 7. | 5 | 2 | 3 |
| 8. | 15 | 8 | 7 |
| ആകെ | 56 | 25 | 31 |

*(അവലംബം: കൂത്താളി പനക്കാട് വി. ഇ. ഒ.മാരുടെ റിപ്പോർട്ട്.)*

ഗ്രാമീണ വനിതാ-ശിശു വികസന പരിപാടി (ഡി. ഡബ്ല്യു. സി. ആർ. എ) അനുസരിച്ച് കൂത്താളി പഞ്ചായത്തിൽ ആനുകൂല്യം ലഭിച്ചവരുടെ കണക്ക് പട്ടികയിൽ ചേർക്കുന്നു.

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ചവർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|---|
| 1. | സുരഭികറിപൗഡർ നിർമ്മാണം | 1994-95 | 10 | പ്രവർത്തിക്കുന്നില്ല |
| 2. | പുലരിമാറ്റ് വീവിംഗ് | 1995-96 | 10 | ആരംഭിച്ചു |
| 3. | ഡയറിയൂണിറ്റ് | 1991-92 | 10 | പ്രവർത്തിക്കുന്നില്ല |
| 3. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 1994-95 | 10 | പ്രവർത്തിക്കുന്നുണ്ട് |

*(അവലംബം: കൂത്താളി-പനക്കാട് വി. ഇ. ഒ.മാരുടെ റിപ്പോർട്ട്)*

## മില്യൺവെൽപദ്ധതി (എം. ഡബ്ല്യു. എസ്)

പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും മററു ദുർബ്ബലവിഭാഗങ്ങൾക്കും വീടുനിർമ്മിക്കാനും കിണറ് കുഴിക്കാനും സഹായധനം നല്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവരുടെ കണക്ക് താഴെ ചേർക്കുന്നു 1992 - 93 മുതൽ 96- 97വരെ 26 പേർക്ക് വീട് അനുവദിച്ചു.

ഇന്ദിരാ ആവാസ് യോജന (ഐ. എ. വൈ.), ജവഹർറോസ്ഗർ യോജന എന്നിവ വഴിയും പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും മററ് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും വീടു നിർമ്മിക്കാൻ ധനസഹായംനല്കുന്നുണ്ട്. 1992 മുതൽ 96-97വരെ ജെ. ആർ. വൈ. പ്രകാരം 11ഉം ഐ. എ. വൈ. പ്രകാരം 29ഉം

വീടുകാം അനുവദിച്ചിട്ടുണ്ട്.

## അംഗവൻവാടികാം

കുത്താളിഗ്രാമപഞ്ചായത്തിൽ 12 അംഗൻവാടികാം പ്രവർത്തിക്കുന്നു. രണ്ട് സെൻററുകാംക്ക് സ്വന്തം കെട്ടിടമില്ല. മഹിളസമാജങ്ങാം: കുത്താളിഗ്രാമപഞ്ചായത്തിൽ എട്ടു വാർഡുകളിലായി 6 മഹിളാ സമാജങ്ങാം പ്രവർത്തിക്കുന്നുണ്ട്.

**ക്ഷേമനിധിബോർഡുകാം:** സംഘടിത-അസംഘടിതമേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികാംക്ക് വിവിധതരം ക്ഷേമനിധി ബോർഡുകാം പ്രവർത്തിക്കുന്നുണ്ട്.

വിധവകളുടെ പെണ്മക്കളുടെ വിവാഹത്തിന് 2000 ക വരെ സാമ്പത്തിക സഹായം നല്കുന്ന പരിപാടിയുണ്ട്.

ശാരീരിക-മാനസിക വൈകല്യം ബാധിച്ചവർക്കുള്ള വിവിധയിനം സാമ്പത്തിക സഹായങ്ങാം നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം കുത്താളി ഗ്രാമപഞ്ചായത്തിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

| വില്ലേജ് വർഷം (കുത്താളി) | വിധവ | വികലാംഗ പെൻഷൻ | വാർദ്ധക്യം | ക്ഷയരോഗ പെൻഷൻ | ക്യാൻസർ രോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|
| 1991-92വരെ | 52 | 44 | 22 | 5 | - | - | - |
| 92-93 | - | 7 | - | - | - | 18 | - |
| 93-94 | 4 | 1 | - | 3 | - | - | - |
| 94-95 | 4 | - | 1 | 2 | 1 | - | - |
| 95-96 | 14 | 2 | - | 5 | - | 46 | - |
| 96-97 | 5 | - | - | 3 | - | 24 | 81 |
| പേരാമ്പ്ര | | | | | | | |
| 91-92വരെ | 17 | 21 | 7 | 2 | - | - | - |
| 92-93 | 3 | 1 | - | 2 | - | - | - |
| 93-94 | 4 | - | - | 2 | - | - | - |
| 94-95 | 1 | 3 | - | 4 | 1 | - | - |
| 95-96 | 7 | 2 | - | - | - | 95-96വരെ190 | 28 |
| ആകെ | 73 | 81 | 30 | 28 | 2 | 278 | 109 |

*(അവലംബം: 1)പേരാമ്പ്ര-കുത്താളി വില്ലേജ് ഓഫീസുകളിലെ പെൻഷൻ രജിസ്റ്റർ*
*2 )കോഴിക്കോട്-കൊയിലാണ്ടി എംപ്ലോയ്മെൻറ് എക്സ്ചെയിഞ്ച്)*

## പ്രശ്നങ്ങാം

1. ഐ. ആർ. ഡി. പി. സർവ്വെയിൽ അർഹതയുള്ള പല കുടുംബങ്ങളും ഒഴിഞ്ഞുപോകുന്നു.
2. ദുർബ്ബല ജനവിഭാഗങ്ങാം കടം ലഭ്യമാക്കാൻ വേണ്ടി ധനകാര്യസ്ഥാപനങ്ങാം ആവശ്യപ്പെടുന്ന ഈട് നല്കാൻ കഴിയുന്നില്ല.
3. ഈ രംഗത്ത് സാർവ്വത്രികമായി അഴിമതിയും കൈക്കൂലിയും നടക്കുന്നതായി ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നു.
4. ഐ. ആർ. ഡി. പി. ധനസഹായം ഉപയോഗിച്ച് തുടങ്ങുന്ന സംരംഭങ്ങളെക്കുറിച്ചുള്ള പരിശോധന നടക്കുന്നില്ല.
5. വായ്പയും സബ്സിഡിയും ദുരുപയോഗപ്പെട്ടുപോകുന്നു.

6. ഡി. ഡബ്ല്യു. സി. ആർ. എ. പദ്ധതിയിൽ ആരംഭിക്കുന്ന യൂണിററുകാം പലതും നിലനില്ക്കുന്നില്ല.

7. ദുർബ്ബല ജനവിഭാഗങ്ങാംക്ക് ഭവനനിർമ്മാണത്തിന് വിവിധ പദ്ധതികാം മുഖേന നല്കിവരുന്ന ഗ്രാൻറ് വളരെ പരിമിതമാണ്.

8. പട്ടികജാതി-പട്ടികവർഗ്ഗ, വനിത തുടങ്ങിയകോർപ്പറേഷനുകളുടെ ക്ഷേമ പ്രവർത്തനങ്ങാം പ്രസ്തുത വിഭാഗത്തിന് ലഭിക്കുന്നില്ല.

9. വിധവകാംക്കും മിശ്രവിവാഹിതർ തുടങ്ങിയ മററു ജനവിഭാഗങ്ങാംക്കും നല്കുന്ന ധനസഹായത്തിന് അപേക്ഷിച്ചാൽ ലഭിക്കാൻ കാലതാമസം വരുന്നു.

10. മാനസികവും-ശാരീരികവുമായി വൈകല്യം ഉള്ളവർക്കുള്ള പെൻഷൻ അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭിക്കുന്നില്ല.

## അംഗൻവാടി - പ്രശ്നങ്ങാം

1. രണ്ട് അംഗൻവാടികാംക്ക് കെട്ടിടമില്ല.
2. കക്കൂസ്-ചുററുമതിൽ, കിണറുകാം എന്നിവയില്ല.
3. കളിപ്പാട്ടങ്ങാം ആവശ്യത്തിനില്ല.
4. പാചകത്തിനും പലവ്യഞ്ജനങ്ങാം വാങ്ങാനും നല്കുന്ന അലവൻസ് പര്യാപ്തമല്ല
5. കെട്ടിട നിർമ്മാണത്തിന് അനുവദിക്കുന്ന ഫണ്ട് പര്യാപ്തമല്ല.
6. ജനസംഖ്യാനുപാതികമായി പുതിയ അംഗൻവാടികാം വാർഡുകളിൽ സ്ഥാപിക്കുക.

## I പരിഹാര നിർദ്ദേശങ്ങാം

1. ഐ. ആർ. ഡി. പി. സർവ്വെ ശാസ്ത്രീയമായി നിർവ്വഹിക്കണം
2. സർവ്വെ ലിസ്റ്റിൽ പെടുത്താനുള്ള വരുമാന പരിധി 25000 ക ആക്കി ഉയർത്തണം.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കണം
4. ഐ. ആർ. ഡി. പി. ഗുണഭോക്താക്കളുടെ സംരംഭങ്ങളെ സ്ഥിരമായി ശ്രദ്ധിക്കാനും ഉപദേശ നിർദ്ദേശങ്ങാം നല്കാനും സംവിധാനമുണ്ടാവണം
5. വായ്പയും സബ്സിഡിയും ദുരുപയോഗപ്പെട്ടുപോകാതിരിക്കാൻ ഉറപ്പുണ്ടാക്കണം.

## II അംഗൻവാടികാം

1. കിണറുകളും കക്കൂസുകളും നിർമ്മിക്കാനും കളിപ്പാട്ടങ്ങാം വാങ്ങാനും ധനസഹായം നല്കുക.
2. കെട്ടിട നിർമ്മാണത്തിന് നല്കിവരുന്ന തുക വർദ്ധിപ്പിക്കുക
3. ചുററുമതിലുകാം നിർബന്ധമാക്കുക.
4. പച്ചക്കറി, പലവ്യഞ്ജനം എന്നിവ വാങ്ങാനും വിറകിനുള്ള അലവൻസും വർദ്ധിപ്പിക്കുക.
5. ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.
6. അംഗൻവാടി ജീവനക്കാർ നടത്തേണ്ട ആനുവൽ സർവ്വേക്ക് പ്രത്യേകം അലവൻസ് അനുവദിക്കുക.

## III ഡി. ഡബ്ല്യ സി. ആർ. എ.

1. അംഗങ്ങളുടെ പരിധി അഞ്ച് ആക്കി കുറയ്ക്കുകയും പ്രവർത്തന മൂലധനം 25000 ആക്കി വർദ്ധിപ്പിക്കുകയും ചെയ്യുക.
2. ആരംഭിക്കുന്ന തൊഴിൽ സംരംഭത്തെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുക.

3. പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഉല്പ്പന്നങ്ങൾക്ക് വിപണന സൗകര്യമുണ്ടാക്കുക.

IV ഐ. എ. വൈ, ജെ. ആർ. വൈ, എം. ഡബ്ല്യു. എസ്, എന്നീ പദ്ധതി മുഖേനയുള്ള ഭവന നിർമ്മാണത്തിനുള്ള ഗ്രാൻറ് വർദ്ധിപ്പിക്കുക.

V വിവിധ വിഭാഗം ക്ഷേമകോർപ്പറേഷനുകളുടെയും ബോർഡുകളുടെയും പ്രവർത്തനം ഗ്രാമപഞ്ചായത്തുതലത്തിലേക്ക് വ്യാപിപ്പിക്കണം.

VI വിധവ-അഗതി-വികലാംഗർ എന്നിവർക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. നിബന്ധനകൾ ഉദാരമാക്കുക.

2. അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭിക്കുമെന്നതിന് ഉറപ്പുണ്ടാക്കുക.

VIII 1. കർഷകത്തൊഴിലാളി ക്ഷേമനിധി ഫലപ്രദമായി നടപ്പിലാക്കുക.

2. കർഷകത്തൊഴിലാളി പെൻഷൻ അനർഹരെ ഒഴിവാക്കി, അർഹതയുള്ള മുഴുവൻ പേർക്കും ലഭ്യമാക്കുക.

3. കർഷകത്തൊഴിലാളി പെൻഷൻ വരുമാന പരിധി ഉയർത്തുക.

4. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കുക.

❖

# 10

# ഗതാഗതം ഊർജ്ജം

ഏതൊരു പഞ്ചായത്തിൻെറയും വികസനത്തിൽ മുഖ്യമായ ഒരു ഘടകം ആ പ്രദേശത്തെ റോഡുകളും, അതിലെ ഗതാഗത സൗകര്യങ്ങളുമാണല്ലൊ. കൂത്താളി ഗ്രാമപഞ്ചായത്തിൽ ആകെ 55.620 കി. മീ നീളത്തിൽ റോഡുകൾ ഉണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പിൻെറതായി 8 കി. മീ റോഡുകളാണുള്ളത്. ഇതിൽ 3, കി.മീ പേരാമ്പ്ര- കുറ്റ്യാടി റോഡിൽ സ്റ്റെയിറ്റ് ഹൈവേയിൽ ഉൾപ്പെട്ടതാണ്. ബാക്കി വരുന്ന 5 കി. മീറ്ററിൽ, 4 കി. മീ താന്നിക്കണ്ടിപാലം വഴിയുള്ള പേരാമ്പ്ര-ചക്കിട്ടപാററോഡിലും, 1. കി. മീ മൂരികുത്തി-കൈപ്രം കടവു റോഡിലുമാണ്. ബാക്കി 47.620 കി. മീ റോഡ് പഞ്ചായത്തിൻെറ അധീനതയിൽ ഉള്ളതാണ്. പഞ്ചായത്തിലെ വിളയാട്ടുകണ്ടിമുക്ക് എന്ന സ്ഥലത്തുനിന്ന് തുടങ്ങി ചങ്ങരോത്ത് പഞ്ചായത്തിലെ ലാസ്റ്റ് പന്തിരിക്കര അവസാനിക്കുന്നതും പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന കെ. ടി. കുഞ്ഞിരാമൻ നായരുടെ നാമധേയത്തിൽ അറിയപ്പെടുന്നതുമായ കെ. ടി. റോഡിൻെറ കൂത്താളി പഞ്ചായത്തിൽപെട്ട ഭാഗം ഇതേവരെ ടാർ ചെയ്തിട്ടില്ല. മൊത്തത്തിൽ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്റ്റെയിറ്റ് ഹൈവേ റോഡ് മാത്രമെ ഗതാഗതയോഗ്യമായുള്ളു.

## പ്രശ്നങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള ഗ്രാമീണ റോഡുകൾ കാനകളില്ലാത്തതിനാലും, മററു അററകുററപ്പണികൾ യഥാസമയം നടത്താത്തിനാലും ഗതാഗതസൗകര്യമുള്ളവയല്ല. പഞ്ചായത്തിൻെറ സാമ്പത്തിക പരിമിതിയും, റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും കാരണം നിലവിലുള്ള ഗ്രാമീണറോഡുകൾ വേണ്ടവിധം സംരക്ഷിക്കാനും ഗതാഗതയോഗ്യമാക്കാൻ കഴിയാത്ത അവസ്ഥയുമാണ് ഇന്നുള്ളത്. പഞ്ചായത്തിൽകൂടി കടന്നുപോകുന്ന പൊതുമരാമത്തുവകുപ്പിൻെറ പ്രധാന റോഡായ പേരാമ്പ്ര-ചക്കിട്ടപാറ റോഡ് ഏതാണ്ട് പത്തോളം വർഷം മുമ്പ് ടാർ ചെയ്തതാണ്. പ്രസ്തുത റോഡിൻെറ കൂടുതൽ ഭാഗവും വയലിലൂടെ കടന്നു പോകുന്നതിനാലും കാനകൾ നികന്ന് മഴക്കാലത്ത് റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാലും, ഭാരംകയററിയ ലോറി നിരന്തരം പോകുന്നതിനാലും ഇന്ന് പൊട്ടിപ്പൊളിഞ്ഞ് താറുമാറായിരിക്കയാണ്. ഇതിനാൽ ജീപ്പ് യാത്രപോലും ഈ റോഡിൽ ഇന്ന് ദുഷ്ക്കരമാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട മറെറാരു റോഡാണ് കൂത്താളി ടൗണിൽ നിന്നും -കൂത്താളി ഹൈസ്ക്കൂളിലേക്കുള്ളത്. ഇത് കൂത്താളിനിന്നും തുടങ്ങി 500 മീറ്റർ ദൂരം ടാർ ചെയ്തിട്ടുണ്ട്. ഈ റോഡും ഇന്നു ഗതാഗതയോഗ്യമല്ല.

## സാധ്യതകൾ

പഞ്ചായത്തിൽ നിലവിലുള്ള ഗ്രാമീണ റോഡുകൾ ജനപങ്കാളിത്തത്തോടെ മുൻഗണനാ ക്രമത്തിൽ അററക്കുററപ്പണികൾ നടത്തുക .കാനകൾ ആവശ്യമുള്ള റോഡുകൾക്ക് ആയത് ഉണ്ടാക്കുകയും, കൽവർട്ടറുകൾ വേണ്ട സ്ഥലങ്ങളിൽ അവ നിർമ്മിക്കുകയും വേണം. പ്രധാനപ്പെട്ട റോഡുകൾ ടാറിംഗ് ഉൾപ്പെടെ നടത്തി പൂർത്തീകരിക്കേണ്ടതാണ്. മുൻഗണന ക്രമത്തിൽ പുതിയ റോഡുകൾ നിർമ്മിക്കണ്ടതാണ്. റോഡുകൾ പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്. പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഈ ഇനത്തിൽ മതിയായ ഫണ്ട് അനുവദിക്കേണ്ടതും, നിലവിലുള്ള നിയമത്തിൽ ഭേദഗതിവരുത്തേണ്ടതുമാണ്.

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

## A. റോഡുകൾ

| | | |
|---|---|---|
| 1. | കരുവത്ത്താഴെ-പുത്തൻ പുരക്കത്താഴെ റോഡ്വീതികൂട്ടി ടാർ ചെയ്യൽ. | വാർഡ് I |
| 2. | ഇടത്തുംകണ്ടിതാഴ-പാറാട്ടുപാററോഡ് മുണ്ടോട്ടിൽ കനോത്ത്റോഡുമായി ബന്ധിപ്പിക്കൽ | ” |
| 3. | നിരവത്ത്താഴെ-പുലച്ചാളക്കണ്ടിറോഡ് | ” |
| 4. | ചെമ്പോടൻപൊയിൽ-പൂവ്വാറഏരംതോട്ടം വഴി 2/6 വരെയുള്ള റോഡ് ടാർ ചെയ്യൽ | വാർഡ് II |
| 5. | ചെമ്പോടൻ പൊയിൽ കട്ടയാട്ട്-കരിമ്പില മൂലവഴി ഏരതൊട്ടംവരെയുള്ളറോഡ് | ” |
| 6. | കൂത്താളിഅമ്പലം-മാങ്ങോട്ടിൽവഴി-വടക്കെപെറമ്പിൽ നമുക്ക്വരെയുള്ള റോഡ് | ” |
| 7. | പൂവാറച്ചാൽ-കരിമ്പിലിമൂലറോഡ് | ” |
| 8. | പൂവാറച്ചാൽ-കരിങ്കൽവരെയുള്ള റോഡ് | ” |
| 9. | കുട്ടിപറമ്പിൽ-കല്ലാട്ട്റോഡ് മാങ്ങോട്ടിൽ വഴി (പുതുതായി നിർമ്മിക്കൽ) | ” |
| 10. | കുന്നനുമ്മൽ താഴ-ഇല്ലത്തും കണ്ടിറോ് (പുതുതായി നിർമ്മിക്കൽ) | ” |
| 11. | കുഞ്ഞോത്ത്പാറ-ഒറവുകണ്ടംചാലിൽ റോഡ് അറ്റക്കുറ്റപ്പണി നടത്തൽ | ” |
| 12. | കൂത്താളി-കുഞ്ഞാളിഹൈസ്ക്കൂൾറോഡ് ടാർ ചെയ്യൽ | വാർഡ് III |
| 13. | കൂത്താളി-കുഞ്ഞോത്ത് റോഡിൽ ചെമ്പോടൻ പൊയിൽ മുതൽ കുഞ്ഞോത്ത് ഭാഗം വീതികൂട്ടി ടാർ ചെയ്യൽ | ” |
| 14. | പുതിയെടുത്ത് മുക്കിൽ നിന്നും കട്ടയാട്ട് റോഡിന് കാവങ്ങാളി വയലിലൂടെ ഒരു ലിങ്ക് റോഡ് പണിയൽ | ” |
| 15. | പൂളച്ചാലിൽകോളനി-പള്ളിത്താഴെ-മൊയോർകുന്ന് റോഡ് ടാർട്ട് ഗതാഗതയോഗ്യമാക്കൽ | ” |
| 16. | കൂത്താളി-കൂത്താളിതെരുറോഡ് ഗതാഗതയോഗ്യമാക്കൽ | ” |
| 17. | പുതിയടുത്ത്കണ്ടി-കുഞ്ഞോത്ത്പാറ റോഡ് ഗതാഗതയോഗ്യമാക്കൽ | ” |
| 18. | നടുവിലക്കണ്ടിഭാഗത്ത് പുതുതായി നിർമ്മിച്ച റോഡ് ഗതാഗതയോഗ്യമാക്കൽ | ” |
| 19. | ആശാരിമുക്ക്-പൈതോത്ത്റോഡ് ഗതാഗതയോഗ്യമാക്കൽ | വാർഡ് IV |
| 20. | ആശാരിമുക്ക്-കോടേരിച്ചാൽ കനാൽ റോഡുമെയിൻ റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കൽ | ” |
| 21. | കോടേരിച്ചാൽ-മമ്പാട്ടിൽ റോഡ് ഗതാഗതയോഗ്യമാക്കൽ | ” |
| 22. | പൈതോത്ത്മുക്ക്-കണ്ണിപൊയിൽ റോഡ് ഗതാഗതയോഗ്യമാക്കൽ | ” |
| 23. | പള്ളിയാറക്കണ്ടിമുക്ക്-കോരങ്കണ്ടിതാഴറോഡ് ഗതാഗതയോഗ്യമാക്കൽ | ” |

| | | |
|---|---|---|
| 24. | കല്ലുങ്കൽ-മണികുലുക്കിറോഡ് ഗതാഗതയോഗ്യമാക്കൽ | " |
| 25. | മാമ്പള്ളി-മമ്പാട്ട്റോഡ് ഗതാഗതയോഗ്യമാക്കൽ | " |
| 26. | പുലിക്കോട്ട് കോളനിറോഡ് | " |
| 27. | കുയ്യണ്ടമഠം-മാമ്പള്ളിറോഡ് ടാർ ചെയ്യൽ | വാർഡ് V |
| 28. | താന്നിക്കണ്ടിലക്ഷം വട് റോഡ്. വലിയപറമ്പിൽ താഴെവരെ നീട്ടി കുയ്യണ്ടമഠം റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യൽ | " |
| 29. | വളയംകണ്ടം-തണ്ടോറപ്പാറ റോഡ്. മുത്തോറവരെ എത്തിച്ച് വികസിപ്പിക്കൽ | " |
| 30. | കരുവത്ത്കണ്ടി-കോളനിവഴി-കുയ്യണ്ടമഠത്തിൽ താഴെവരെ നന്നാക്കി ടാർ ചെയ്യൽ | " |
| 31. | മാമ്പള്ളി-താന്നിക്കണ്ടിറോഡ് പൂർത്തീകരിക്കൽ | വാർഡ് V |
| 32. | കല്ലുനിരവത്ത്-മുത്തോറവഴി-മൃഗാശുപത്രിവരെയുള്ള റോഡ്(പുതിയറോഡ്) | " |
| 33. | കരുവത്ത്കണ്ടിതാഴ-വലിയപറമ്പിൽ താഴ റോഡ്(പുതിയത്) | " |
| 34. | പ്രൈമറി ഹെൽത്ത് സെൻറർ റോഡ്. മുത്തോറവരെ എത്തിച്ച് ടാർ ചെയ്യൽ (പുതിയത്) | " |
| 35. | വളയംകണ്ടി മുതൽ-മാമ്പള്ളിപാലംവരെ കനാൽ റോഡ് ടാർ ചെയ്യൽ | " |
| 36. | വിളയാട്ടുകണ്ടിമുക്ക്-പന്തിരിക്കരറോഡ് ടാർ ചെയ്യൽ | വാർഡ് VI |
| 37. | കരുവത്ത്കണ്ടിതാഴെ-കോക്കാട്ട്-പന്തിരിക്കര റോഡ് ഗതാഗതയോഗ്യമാക്കൽ | " |
| 38. | കൈപ്പാംകണ്ടി മഠത്തിൽ മുക്ക്റോഡ് ഗതാഗത യോഗ്യമാക്കൽ | " |
| 39. | മരുതോറ കല്ലം കണ്ടിതാഴ കനാൽ റോഡ് | " |
| 40. | തയ്യിൽതാഴെ-കണ്ണിപ്പൊയിൽ കനാൽ റോഡ് (പുതിയത്) | " |
| 41. | അരീക്കൽ മുക്ക്-വള്ളിപററോഡ് (പുതിയത്) | " |
| 42. | ദൈവത്തുംതറ-വലിയപറമ്പിൽ റോഡ്(പുതിയത്) | " |
| 43. | പുതിയടുത്ത്താഴ-കണ്ണോത്ത്സ്കൂൾ വഴി-കനാൽവരെയുള്ള റോഡ് പാറാടികുന്നുമ്മൽ താഴെവരെയുള്ള റോഡും (ടാർ ചെയ്യൽ) | വാർഡ് VII |
| 44. | ചാത്തോത്ത്താഴെ-പാലയാട്ട് അമ്പലംവഴി കൊത്തിയപാറവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കൽ | " |
| 45. | വളയംകണ്ടം അക്വഡറ്റ് മുതൽ-ഇടിയോട്ടിൽ മീത്തൽ അക്വഡറ്റ്വരെ കനാൽറോഡ് ടാർ ചെയ്യൽ | " |
| 46. | പുത്തൻപുരക്കൽ താഴ-മാണിക്കോത്ത്കണ്ടി-തയ്യുള്ളപറമ്പിൽ താഴ വഴി ആശാരിക്കണ്ടി ഹരിജൻ കോളനിറോഡ് (പുതുതായി നിർമ്മിക്കൽ) | " |
| 47. | പാലയാട്ട് അമ്പലം - കനാൽമുക്ക് റോഡ് (പുതുതായി നിർമ്മിക്കൽ) | വാർഡ് VII |
| 48. | മൂരികുത്തി-വണ്ണത്താംമൂഴിറോഡ് ഗതാഗതയോഗ്യമാക്കൽ | വാർഡ് VIII |
| 49. | വലിയമുററം-തോട്ടത്തിൽ മുക്ക് റോഡ് | " |
| 50. | പുള്ളുവൻതറ - 2/6 റോഡ് | " |
| 51. | മഹിമാനഗർ-ഏരന്തോട്ടം, പൈതോത്ത്-കോടേരിച്ചാൽ ബൈപ്പാസ്റോഡ് | " |

## നടപ്പാതകൾ :-

| | | |
|---|---|---|
| 1. | കരുവോത്ത് മീത്തൽ 4 സെൻറുകോളനി - കനാലുമായി ബന്ധിപ്പിക്കുന്ന നടപ്പാത | വാർഡ് I |
| 2. | മുണ്ടോട്ടിൽ-കുടിയാളംകണ്ടി നടപ്പാത | " |
| 3. | പള്ളിപ്പറമ്പ്-മൂരികുത്തിനടപ്പാത | " |
| 4. | അരയങ്ങാട്ടുതാഴ-മുണ്ടോട്ടിൽ നടപ്പാത | " |

| | | |
|---|---|---|
| 5. | കേളൻമുക്കിൽ നിന്നും - കാപ്പുമ്മൽ ഭാഗത്തേക്കുള്ള നടപ്പാത | വാർഡ് III |
| 6. | താന്നിക്കണ്ടി-ചേനായിക്കൽവഴി-പുറയങ്കോട്ട് നടപ്പാത | " |
| 7. | വെള്ളുച്ചാലിൽ-വെള്ളപാറക്കൽ നടപ്പാത | " |
| 8. | കോറോത്ത് താഴ നടപ്പാത | " |
| 9. | പൈതോത്ത്-കുളപ്പുറത്ത്താഴ നടപ്പാത | വാർഡ് IV |
| 10. | കുഴിമണ്ണിൽ - പാണ്ടിക്കോട്ട് നടപ്പാത | " |
| 11. | ഒണിയിൽ-കനാൽ റോഡ് നടപ്പാത | " |
| 12. | നടക്കൽതാഴ-താന്നിക്കണ്ടിപാലം നടപ്പാത(പനക്കാട്ട് വയലിൽകൂടി) | " |
| 13. | കണ്ണൻകുന്ന്-സ്രാമ്പിതാഴനടപ്പാത | വാർഡ് V |
| 14. | താന്നിക്കണ്ടിപുഴതീരത്തുകൂടി-മാമ്പള്ളിവരെ നടപ്പാത | " |
| 15. | തണ്ടോറപ്പാറ-പുത്തൻപുരയിൽ മീത്തൽ നടപ്പാത | " |
| 16. | പാറാടികുന്ന്-കപ്പാച്ചികണ്ടിനടപ്പാത | വാർഡ് VII |
| 17. | കയിപ്പാംകണ്ടി-കണ്ണോത്ത്സ്കൂൾ നടപ്പാത | വാർഡ് VII |

## പാലങ്ങൾ

| | | |
|---|---|---|
| 1. | പുറയംകോട്ട് പുഴക്ക് കുറുകെ നിർമ്മിക്കുന്ന പാലത്തിൻെറ പണിപൂർത്തീകരിക്കൽ | വാർഡ് II&VI |
| 2. | അച്ചംമഠത്തിൽ തോടിന് കോൺക്രീറ്റ് പാലം പണിയൽ | വാർഡ് II |
| 3. | കുഴിമണ്ണിൽ സ്ഥിരമായ കോൺക്രീറ്റ് നടപ്പാലം | വാർഡ് IV |
| 4. | തണ്ടോറപ്പാറ മുത്തോറ റോഡിൽ പുത്തൻ പുരയിൽ താഴെ തോടിനു നടപ്പാലം | വാർഡ് V |
| 5. | മാണിക്കോത്തുകണ്ടിതാഴെ തോടിനു നടപ്പാലം നിർമ്മിക്കൽ | വാർഡ് VII |

# ഊർജ്ജം

ഏതൊരു പ്രദേശത്തിൻെറയും വികസന പ്രശ്നത്തെപ്പററി ചിന്തിക്കുമ്പോൾ പ്രസ്തുത പ്രദേശം കാർഷിക-വ്യാവസായിക രംഗത്ത് എത്രമാത്രം പുരോഗതി കൈവരിച്ചു എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. ഈ വികസനം സാദ്ധ്യമാകണമെങ്കിൽ വൈദ്യുതിയുടെ ലഭ്യത പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കണം. നമ്മുടെ പഞ്ചായത്തിൻെറ വൈദ്യുതിയുടെ ലഭ്യത തുലോം പരിമിതമാണ്. മൊത്തമുള്ള 3095 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചവ വെറും 806 മാത്രമാണ്. പതിനൊന്ന് ഹരിജൻ കോളനികളിൽ മൂന്നെണ്ണത്തിൽ മാത്രമാണ് ഭാഗികമായെങ്കിലും വൈദ്യുത കണക്ഷൻ ലഭിച്ചവ.

വ്യാവസായിക-കാർഷിക രംഗത്ത് കാര്യമായ സംഭാവനയർപ്പിക്കാൻ ഈ പഞ്ചായത്തിൽ കഴിയാത്തതിൻെറ പ്രധാനകാരണങ്ങളിലൊന്ന് വൈദ്യുതിയുടെ ലഭ്യതയിലുള്ള അഭാവമാണ്. പഞ്ചായത്തിൽ മൊത്തം ഉപയോഗിക്കുന്ന വൈദ്യുതിയിൽ ഏറിയഭാഗവും ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി മാത്രമാണ്. വൈദ്യുതി ഉപയോഗിച്ച് നടത്തുന്ന വിരലിലെണ്ണാവുന്ന വ്യവസായ സ്ഥാപനങ്ങൾ മാത്രമേ ഇവിടെ പ്രവർത്തിക്കുന്നുള്ളു.

പഞ്ചായത്ത് പരിധിയിൽ നാല് എൽ. ടി. ട്രാൻസ്ഫോർമറുകൾ മാത്രമാണ് സ്ഥാപിക്കപ്പെട്ടത്. 64 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പാചകവാതകം വളരെ ചുരുക്കം വീടുകളിൽ മാത്രമേ ഉപയോഗിക്കുന്നുള്ളു. ഭൂരിഭാഗം വീടുകളും വിറകാണ് പാചകത്തിനുപയോഗിക്കുന്നത്. 80% വീടുകളും മണ്ണെണ്ണ വിളക്ക് ഉപയോഗിക്കുമ്പോൾ ചുരുക്കം ചില വീടുകളിൽ സൗരോർജ്ജവിളക്കുകളും കാണാൻ സാധിക്കും. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ വ്യാ

പകമായിട്ടില്ല.

കാർഷികാവശ്യത്തിന് മോട്ടോർ പ്രവർത്തിപ്പിക്കാൻ കൃഷിക്കാർ മണ്ണെണ്ണയും ഡീസലും ഉപയോഗിക്കുന്നു.

## പ്രശ്നങ്ങൾ

പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്ന പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വൈദ്യുതി ലഭ്യമല്ല. അതേപോലെ വോൾട്ടേജ് പ്രശ്നം, പ്രസരണ നഷ്ടം എന്നിവ പരിഹരിക്കപ്പെടാതെ കിടക്കുന്നു.

ചില വീടുകളിലെങ്കിലും വോൾട്ടേജ് സ്റ്റെബിലൈസറുകൾ ഉപയോഗിക്കുന്നതിൻെറ ഫലമായി ഉണ്ടാകുന്ന വോൾട്ടതാ പ്രശ്നങ്ങൾ രൂക്ഷമാണ്.

വൈദ്യുതി ലഭിക്കുന്നതിന്നുവേണ്ടി മിനിമം ഗ്യാരണ്ടിയിൽ ഉൾപ്പെടുത്തി അപേക്ഷ നൽകിയവർക്ക് ഇതേവരെ കണക്ഷൻ ലഭിച്ചിട്ടില്ല.

പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു.

സൗരോർജ്ജ വിളക്കുകൾക്ക് അപേക്ഷ നൽകിയവർക്ക് അത് ലഭിക്കാൻ കാലതാമസം നേരിടുന്നു. ഗോബർ ഗ്യാസ് പ്ലാൻറിനെ പററി കൂടുതൽ അറിവില്ലായ്മയും, ഉള്ളവ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയും.

വന നശീകരണത്തിൻെറ പശ്ചാത്തലത്തിൽ സമീപ ഭാവിയിൽ അനുഭവപ്പെടാൻ പോകുന്ന വിറക് ക്ഷാമം.

## പരിഹാരമാർഗ്ഗങ്ങൾ

നമ്മുടെ സംസ്ഥാനം മൊത്തമായി വൈദ്യുതികമ്മി നേരിടുന്നതിനാൽ ഉള്ള വൈദ്യുതിയിലെ പ്രസരണ നഷ്ടം കഴിയുന്നത്ര കുറയ്ക്കാനുള്ള മാർഗ്ഗങ്ങളാണ് ആദ്യമായി സ്വീകരിക്കേണ്ടത്. വൈദ്യുത ലൈനിൽ തട്ടുന്ന വൃക്ഷ ശിഖരങ്ങൾ വെട്ടിമാററാനും, ട്രാൻസ്ഫോർമറുകളും വൈദ്യുത ലൈനുകളും ഇടക്കിടെ പരിശോധിക്കാനും അററകുററപ്പണികൾ നടത്താനും ഇന്ന് നിലവിലുള്ള മാർഗ്ഗങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണം. വോൾട്ടേജ് കമ്മി പരിഹരിക്കാനാവശ്യമായ ട്രാൻസ്ഫോമർമറുകൾ സ്ഥാപിക്കണം.

കുഞ്ഞോത്ത്, കിഴക്കൻ പേരാമ്പ്ര, ആശാരിമുക്ക്, പുറയംകോട് എന്നീ ഭാഗങ്ങളിൽ മിനിമം ഗ്യാരണ്ടി പ്രകാരം അപേക്ഷ നൽകിയവർക്ക് ഉടൻ തന്നെ കണക്ഷൻ നൽകേണ്ടതാണ്.

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത മുഴുവൻ ഹരിജൻ കോളനി, ലക്ഷംവീട് കോളനി, നാല്സെൻറ് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

വൈദ്യുത ഉപഭോക്താക്കൾക്ക് 'എനർജി സെയ്‌വർ' (കുറഞ്ഞ വാട്സ് ഉള്ള ബൾബുകൾ) സബ്സിഡി നിരക്കിൽ വിതരണം ചെയ്താൽ വൈദ്യുതി ലാഭിക്കാൻ കഴിയും. കൂടാതെ ട്യൂബുകൾ സ്ഥാപിക്കാനുള്ള ഏർപ്പാട് ചെയ്യുക.

വിറക് ക്ഷാമം മുൻകൂട്ടികണ്ടുകൊണ്ട് പഞ്ചായത്തിലെ എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കാനാവശ്യമായ ബോധവൽക്കരണം നടത്തുക.

തെരുവുവിളക്കുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക.

നിലവിലുള്ള സ്ലാബ് സമ്പ്രദായത്തിന് പകരം ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കാനുള്ള സമ്പ്രദായം വേണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കയാണ്. കൂടാതെ ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത മീറ്ററുകൾ മാററി സ്ഥാപിക്കാനാവശ്യമായ ഏർപ്പാടുകൾ ഇലക്ട്രിസിറ്റി ബോർഡ് ചെയ്യേണ്ടതാണ്. പരമ്പരാഗതമല്ലാത്ത ഊർജ്ജസ്രോതസ്സ് (സൗരോർജ്ജം) ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന സോളാർ കുക്കറുകളും വിളക്കുകളും കുറഞ്ഞ വിലയിൽ ലഭ്യമാക്കണം.

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ നിർമ്മിച്ച് വിറകിൻെറ ഉപയോഗം കുറക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

### വീടുകൾ വൈദ്യുതികരിച്ചത് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ആകെവീടുകൾ | വൈദ്യുതീകരിച്ച വീടുകൾ |
|---|---|---|
| ഒന്ന് | 360 | 196 |
| രണ്ട് | 453 | 171 |
| മൂന്ന് | 503 | 147 |
| നാല് | 534 | 57 |
| അഞ്ച് | 248 | 13 |
| ആറ് | 291 | 19 |
| ഏഴ് | 254 | 99 |
| എട്ട് | 452 | 104 |
| ആകെ | 3095 | 806 |

### പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ വിവരം

| | | |
|---|---|---|
| 1. | കൂത്താളി ടൗൺ | 63 KWA |
| 2. | കൂത്താളി ഹൈസ്കൂൾ റോഡ് | 100 KWA |
| 3. | ആശാരിക്കണ്ടി(ഹരിജൻകോളനി) | 63 KWA |
| 4. | പൈതോത്ത് | 100 KWA |

# 11

# സംസ്ക്കാരം

വളരെ പ്രാചീനമായ ഒരു സംസ്ക്കാരത്തിൻെറ പിന്തുടർച്ചാവകാശികളാണ് കുത്താളിയിലെ ജനങ്ങൾ. മഹാശിലായുഗത്തിൻെറ സ്മാരകങ്ങളായി ഇന്നും നിലനിൽക്കുന്ന കുടക്കല്ലുകൾ ഇത് സ്പഷ്ടമാക്കുന്നു. അന്നത്തെ ജനജീവിതത്തെക്കുറിച്ചും സാമൂഹ്യചര്യാക്രമങ്ങളെക്കുറിച്ചും ചെത്തിയ കല്ലിനപ്പുറം നമ്മൾക്കൊന്നുമറിയില്ല. കാലങ്ങളിലൂടെ, അനവധി പരിണാമങ്ങളിലൂടെ ആ ആദിമ സംസ്ക്കാരം നാടുവാഴിത്തത്തിലേക്കും തുടർന്ന് നഗരവൽക്കരണത്തിലേക്കും വളർന്നെത്തുകയായിരുന്നു.

കേരളത്തിലെ മറ്റേതൊരു നാടുവാഴി ഭരണത്തെയും പോലെ സേച്ഛാധികാരവും ആഡംബരജീവിതവും അവയുടെ സാമൂഹ്യപ്രത്യാഘാതങ്ങളും സമാനമായ രീതിയിൽ കുത്താളിയിലും നിലനിന്നിരുന്നു. ജാതി വ്യവസ്ഥയിൽ അടിയുറച്ച സാമൂഹ്യഘടന, അയിത്തം തുടങ്ങിയ ആചാരങ്ങളിൽ അധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങൾ, ഭൂമിയുടെ അവകാശത്തിലൂടെ നിർണ്ണയിക്കപ്പെടുന്ന അധികാര സമ്പദ്‌വ്യവസ്ഥ, ഇവയെ ആസ്പദിച്ച് നിലനിൽക്കുന്ന ചൂഷണ-മർദ്ദനങ്ങളുടെ ശൃംഖല ഒരു ഭാഗത്തും ശാസ്ത്രീയ ക്ഷേത്രകലകളുടെ പോഷണം മറുഭാഗത്തും വളർന്നുവന്നു.

കുത്താളി മഠത്തോടനുബന്ധിച്ചുള്ള നാടകശാലയിൽ കൂത്ത്, കഥകളി, നൃത്തം തുടങ്ങിയ ക്ഷേത്രകലകൾ അഭ്യസിപ്പിക്കുകയും അരങ്ങേറുകയും പതിവായിരുന്നു. മഠത്തിൻെറ സവിശേഷതയായി പറയാവുന്നത് അവിടെ കുടിയിരുത്തിയിരുന്ന നിഴൽദേവത (ഛായാഭഗവതി) സങ്കൽപ്പമാണ്. ഇത് മററു ദേവതാസങ്കൽപ്പങ്ങളിൽ നിന്ന് തികച്ചും വേറിട്ടുനിൽക്കുന്നു. കളിവിളക്കിൻെറ നിഴൽ വീഴാത്ത തൂണുകളോടുകൂടിയവയായിരുന്നു കുത്താളിയിലെ നാടകശാല എന്നത് ഇതുമായി ബന്ധപ്പെട്ട് ചിന്തിക്കാവുന്നതാണ്. കുത്താളി എന്ന സ്ഥലനാമത്തിൻെറ ഉൽപ്പത്തി കൂത്താട്ടുപള്ളി( പള്ളി എന്നത് രാജകീയതയെ കുറിക്കുന്നു) ലോപിച്ചോ കൂത്ത് ആളുന്ന പ്രദേശം എന്ന അർത്ഥത്തിലോ കൂത്തിൻെറ ആളി (ആളി= തോഴി) എന്ന അർത്ഥത്തിലോ ആണെന്ന് പറയാം. ഏതായാലും അത് കുത്താളിയുടെ, കലാ പാരമ്പര്യത്തിൽ അധിഷ്ഠിതമായ സമ്പന്നമായ ഒരു സാംസ്ക്കാരിക പാരമ്പര്യത്തെയാണ് കുറിക്കുന്നത്.

ഇതിനു സമാന്തരമായി സാധാരണ ജനങ്ങളുടെ നാടൻ കലകളും പുഷ്ടിപ്പെട്ടുവന്നു. തെയ്യം, തിറ, തോറ്റം തുടങ്ങിയ അനുഷ്ഠാനകലകളും ഞാട്ടിപ്പാട്ട്, കോൽക്കളിപ്പാട്ട് തുടങ്ങിയ അനുഷ്ഠാനേതര കലകളും അമ്പെയ്ത്ത്, വാൾപ്പയറ്റ് തുടങ്ങിയ ആയോധനകലകളും സജീവമായിരുന്നു. ഈയടുത്തകാലം വരെ കുത്താളിയുടെ ദിനരാത്രങ്ങളെ താളനിർഭരമാക്കിയിരുന്ന ഞാട്ടിപ്പാട്ടുകളും പറയത്തുടി മേളങ്ങളും ഈ പാരമ്പര്യത്തിൻെറ തുടർ കണ്ണി

കളാണ്.

ഉത്സവങ്ങൾ വിശ്വാസികളുടെ മാത്രമല്ല, സമൂഹത്തിൻെറ മൊത്തത്തിലുള്ള കൂട്ടായ്മകളുടെ വാർഷികവേദികളാണ്. സ്ത്രീ പുരുഷഭേദമെന്യേ കച്ചവട ആവശ്യങ്ങൾക്കായി കൂടിച്ചേരുകയും സഹവർത്തിത്വവും സഹകരണവും ഊട്ടിയുറപ്പിക്കുകയും അയൽ പ്രദേശങ്ങളുമായി ബന്ധപ്പെടുകയും ചെയ്യുന്നതിൽ ഉത്സവങ്ങൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. വിദൂര ദേശങ്ങളിൽപോലും പേരുകേട്ട രത്നവ്യാപാര കേന്ദ്രമായിരുന്നുവത്രെ പനക്കാട് ശ്രീ പയ്യോർമല ഭഗവതി ക്ഷേത്രത്തിലെ പാട്ടുത്സവവേദി. പഞ്ചായത്തിലെ മററ് പ്രധാന ക്ഷേത്രങ്ങൾ കൂത്താളികമ്മോത്ത് വിഷ്ണു ക്ഷേത്രം, പാലയാട്ട് ശ്രീകൃഷ്ണക്ഷേത്രം, പുറയങ്കോട് ശിവക്ഷേത്രം. കൂത്താളി തെരുഗണപതിക്ഷേത്രം, എന്നിവയാണ്.. ഇവയേറെയും നൂറ്റാണ്ടുകളോളം പഴക്കമുള്ളവയാണ്.

കൂളിക്കാവ്, പൈതോത്ത്കാവ്, കുടകുരുത്തി, തിടങ്ങഴിക്കൽ, പുറയങ്കോട്ടുമ്മൽ എന്നിവിടങ്ങളിലാണ് പ്രധാനമായും കാവുകളുള്ളത്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട മുസ്ലീം ദേവാലയങ്ങൾ കിഴക്കൻ പേരാമ്പ്ര(ജുമാമസ്ജിദ്) കൂത്താളി മസ്ജിദ്(ഉമറുൽ ഫാറൂഖ്), പൈതോത്ത്, കല്ലൂർ നരിക്കോട്ടുമ്മൽ എന്നിവിടങ്ങളിലാണ്. ഇവകൂടാതെ നിസ്കാര സാമ്പ്രികൾ മൂരികുത്തി, കൈപ്പാംകണ്ടി, ആശാരിക്കണ്ടി, മുണ്ടക്കുററി, കിഴക്കെമൊത്തിൽ, കാവങ്ങാളി, നടക്കൽ, ചാത്തോത്ത് എന്നിവിടങ്ങളിലായുണ്ട്.

നാടുവാഴിഭരണത്തിൻെറ അവസാനം, ബ്രിട്ടീഷ് ഭരണത്തിൻെറ സ്വാധീനം, ദേശീയ നവോത്ഥാനവും ആധുനിക വിദ്യാഭ്യാസവും സൃഷ്ടിച്ച ഉണർവ് എന്നിങ്ങനെ പല തലങ്ങളിലായി ഉണ്ടായ മാറ്റങ്ങൾ കൂത്താളിയുടെ സാംസ്ക്കാരിക ധാരയെ പരിവർത്തിപ്പിച്ചു.

അവസാനത്തെ നാടുവാഴിക്ക് അന്തരവനില്ലാതെ വന്നത്, അവകാശികളില്ലാത്ത സ്വത്ത് കണ്ടുകെട്ടുന്ന അറ്റാലടക്കം(doctrine of lapse) എന്ന നിയമപ്രകാരം കൂത്താളി മൂപ്പിൽ നായരുടെ ഭൂമി ബ്രിട്ടീഷ് സർക്കാരിലേക്ക് ലയിക്കുന്നതിനിടയാക്കി. ജനങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്ന ബ്രിട്ടീഷ് നിയമങ്ങൾ വ്യാപകമായ പ്രതിഷേധത്തിന് വഴിവെച്ചു. നാടുവാഴിയുടെ നായാട്ടാഘോഷത്തിനു ശേഷം കാടുകയറി പുനംകൃഷിക്കുള്ള സ്ഥലം കണ്ടെത്തുകയും കൃഷി നടത്തുകയും ചെയ്യുന്നതിന് സാധാരണക്കാർക്ക് ഉണ്ടായിരുന്ന അവകാശം നിഷേധിക്കപ്പെട്ടപ്പോൾ അത് പ്രത്യക്ഷമായ സമരരൂപം കൈക്കൊണ്ടു. അയിത്തോച്ചാടന പ്രക്ഷോഭത്തിൻെറ ഭാഗമായി നടന്ന സാംസ്ക്കാരിക പ്രവർത്തനങ്ങൾ കീഴാളരുടെ ആത്മബോധത്തെയും സംഘബലത്തെയും ഉണർത്തിയെടുത്തു. അധികാരത്തിൻെറ ആചാര മര്യാദകൾ കനിഞ്ഞുനല്കിയ സാമൂഹ്യബന്ധങ്ങൾക്കുപകരം മാനുഷികതയിലൂന്നിയ ഇടപെടലുകൾക്ക് തുടക്കം കുറിക്കാൻ ആധുനിക വിദ്യാഭ്യാസം സഹായിച്ചു. അങ്ങനെ സമൂഹം പുതിയ പന്ഥാവുകൾ കണ്ടെത്തിത്തുടങ്ങി.

സമൂഹത്തിൻെറ സമസ്തമേഖലകളിലും മാറ്റങ്ങൾ കണ്ടുതുടങ്ങി. പഴയ വിശ്വാസങ്ങൾ പലതും തിരസ്ക്കരിക്കപ്പെട്ടു. ഉത്സവാഘോഷങ്ങൾക്ക് പ്രാധാന്യം കുറയുകയും കച്ചവടാവശ്യങ്ങൾ എപ്പോഴും നിറവേറ്റാമെന്നുവരികയും ചെയ്തു. വേഷത്തിലും പാർപ്പിട നിർമ്മാണത്തിലും ആഹാര രീതികളിൽ പോലും മാറ്റങ്ങൾ കണ്ടുതുടങ്ങി. ഇതോടൊപ്പം സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സംഘങ്ങളും സംഘടനകളും നിലവിൽ വന്നു.

എഴുപതുകളിൽ ഫ്രൻറ്സ് ആർട്സ് തിയേറ്റേഴ്സ് കലാരംഗത്ത് സജീവമാകുകയും അനവധി കലാകാരന്മാർക്ക് വളരാനുള്ള വേദിയൊരുക്കുകയും ചെയ്തു. അമേച്ചർ നാടകരംഗത്ത് പല നേട്ടങ്ങളും കൈവരിക്കാൻ കൂത്താളിക്ക് ഇതുപകരിച്ചു. എന്നാൽ കൂത്താളിയുടെ സാംസ്ക്കാരിക പാരമ്പര്യത്തെ ആവാഹിച്ചത് കായികരംഗത്തുള്ള അതിൻെറ നേട്ടങ്ങളാണ്. കോഴിക്കോട് ജില്ലാ അമേച്ചർ അത്ലറ്റിക് അസോസിയേഷനെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് കൂത്താളിയിൽ വർഷംതോറും നടത്തിയ റൂറൽ സ്പോർട്സ് മേളകൾ ഉദാഹരണങ്ങൾ. സർവ്വശ്രീ പി. വി. കെ. നമ്പ്യാർ, കെ. ഒ. ബാലകൃഷ്ണൻ, വി. വി. അപ്പ നായർ, ദാമുകൂത്താളി, കല്ലാട്ട് നാരായണൻ, തുടങ്ങിയവരുടെസേവനം ഇവിടെ എടുത്തുപറയേണ്ടതാണ്. അതേകാലത്തു തന്നെ ശ്രീ. പി. ബാലചന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ നിലവിൽ വന്ന 'ഇൻറലിജൻഷ്യ' സാംസ്ക്കാരികരംഗത്ത് ഉൾക്കാഴ്ചയുള്ള പരിവർത്തനങ്ങൾ വരുത്തു

കയുണ്ടായി. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപം കൊടുത്ത 'ഖൊരാനാകുവിസ് ക്ലബ്' ഈ തരത്തിൽ ആദ്യത്തേതാണ്. കഥകളിയും, കവിയരങ്ങും ഒരേ പോലെ നടത്തിയ 'ഇൻറലിജൻഷ്യ' യുവാക്കളെ സംഘടിപ്പിക്കുന്നതിലും കർമ്മപഥങ്ങളിലേക്കു തിരിച്ചുവിടുന്നതിലും വായനപ്രചരിപ്പിക്കുന്നതിലും ഗണ്യമായ സംഭാവനകൾ നല്കുകയുണ്ടായി. വോളിബോളിൽ ജില്ലയിലെ മികച്ച കളിക്കാരെ സംഭാവന ചെയ്യാൻ കൂത്താളിക്കുകഴിഞ്ഞിട്ടുണ്ട്. ഒരു ലഹരിപോലെ വോളിബോളിനെ കൂത്താളിക്കാർ നെഞ്ചേറ്റി.

സാംസ്ക്കാരിക രംഗത്തുണ്ടായ ഈ ഉണർവ്വിനെ ഉപയോഗപ്പെടുത്തി മുന്നേറാൻ പിന്നീട് കൂത്താളിക്കു കഴിഞ്ഞില്ല. കേരളത്തിൽ മൊത്തത്തിലുണ്ടായ മാന്ദ്യത്തിൻെറ പശ്ചാത്തലത്തിൽ വേണം ഇതിനെ വിലയിരുത്താൻ. നഗരവൽക്കരണം വ്യാപകമാവുകയും കമ്പോളങ്ങൾ സജീവമാവുകയും ഗതാഗത രംഗത്തും മററു സാങ്കേതിക രംഗങ്ങളിലും അഭൂതപൂർവ്വമായ പുരോഗതി ഉണ്ടാവുകയും എല്ലാംകൂടി ജീവിത നിലവാരത്തെ മെച്ചപ്പെടുത്തുകയും ചെയ്തു. കാർഷികമേഖലയുടെ ആദായം കുറഞ്ഞതും, ജനസംഖ്യാവർദ്ധനവ് സ്ഫോടനാത്മകമായതുവഴിയുണ്ടായ തൊഴിലില്ലായ്മയും, മത്സരങ്ങളും മനുഷ്യനെ തിരക്കുകളിൽ തള്ളിവിട്ടു അങ്ങിനെ സാംസ്ക്കാരികമായ സ്വത്വം ഗ്രാമങ്ങൾക്കുനഷ്ടമാവുകയും കൂത്താളിയും ആഗോളമനുഷ്യന്മാരുടെ സമൂഹമാവുകയും ചെയ്തു.

കലാസാഹിത്യസാംസ്ക്കാരിക രംഗത്ത് പതിനാലോളം സംഘടനകളും 21 ഓളം കായികസംഘടനകളും ഇന്ന് കൂത്താളി ഗ്രാമപഞ്ചായത്തിലുണ്ട്. പലതും നാമമാത്രമാണ്, ചിലത് വാർഷികാഘോഷങ്ങളിലും കേരളോത്സവങ്ങളിലും മാത്രം ഒതുങ്ങുകയാണ്. 'ആതിര'ബാലജനസഖ്യം' ഒരളവുവരെ വേറിട്ടുനില്ക്കുന്നു. കുട്ടികളെ കണ്ടെത്തുകയും വേദിയൊരുക്കുകയും ചെയ്യാൻ ഇവർ ശ്രമിക്കുന്നുണ്ട്. ആകാശവാണിയിൽ ബാലലോകം പരിപാടികൾ നടത്തിയതും പഠനയാത്രകളും ബാലികാ ക്യാമ്പുകളും മററും സംഘടിപ്പിക്കുന്നതും പ്രസ്താവ്യമാണ്. കിഴക്കൻ പേരാമ്പ്രയിലുള്ള സംഘടനകൾ വോളിബോൾ പാരമ്പര്യം സൂക്ഷിക്കുകയും കൃത്യമായ പരിശീലനത്തിലൂടെ മുന്നേറുകയും ചെയ്യുന്നത് ആശാവഹമാണ്. ഫുട്ബോൾ, ക്രിക്കററ്, തുടങ്ങിയ കളികൾക്ക് കടിയങ്ങാടിനെ ആശ്രയിച്ചവർക്ക് കൂത്താളിയിൽ കെ. ജി. അടിയോടി സ്മാരക സ്റേറഡിയം വന്നത് ഒരാശ്വാസമാണ്. സ്റ്റേഡിയം പകൽ മുഴുവനും പലതരം കളികൾക്കൊണ്ട് നിറഞ്ഞതാണ് എന്നതു തെളിയിക്കുന്നത് കായിക പാരമ്പര്യത്തെ തന്നെയാണ്. പഞ്ചായത്തിൽ കുറച്ചുമാത്രം പ്രചാരമുള്ളതാണെങ്കിലും കൊരട്ടി തുടങ്ങിയ സ്ഥലങ്ങളിലുള്ള കബഡി ടീമുകൾ ഉന്നത നിലവാരം പുലർത്തുന്നവയാണ്. സംസ്ഥാന യൂത്ത് വോളിക്കും കേരളോത്സവം ജില്ലാതല വോളിക്കും ആതിഥ്യം വഹിച്ചതിനും വിജയപ്രദമാക്കിയതിനും പിന്നിൽ കൂത്താളിയുടെ സ്പോർട്സ്മാൻ സ്പിരിററ് പ്രകടമാണ്. ഇടക്കാലത്ത് നിലച്ചുപോയെങ്കിലും കഴിഞ്ഞ രണ്ട് മൂന്നു വർഷങ്ങളായി കൂത്താളിയിൽ ലോക്കൽ ഫുട്ബോൾ ടൂർണമെൻറുകൾ ചിട്ടയായി നടന്നുവരുന്നു. പ്രാദേശികമായുള്ള ക്രിക്കററ് ടൂർണമെൻറുകളും സംഘടിപ്പിക്കപ്പെടുന്നുണ്ട്. ഇളം തലമുറയ്ക്ക് ഫുട്ബോളിൽ നിന്നു ക്രിക്കററിലേക്ക് അഭിരുചി മാറുന്നതായും നമുക്ക് കാണാൻ കഴിയും.

ചെമ്പോടൻപൊയിൽ പ്രദേശത്ത് യുവാക്കൾ കോൽക്കളിപരിശീലനം നടത്തുന്നുണ്ട്. നാമവശേഷമാകുന്ന കായിക വിനോദങ്ങളോട് കാണിക്കുന്ന ഈ താൽപ്പര്യം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വായനശാലകളുടെ കാര്യത്തിൽ കൂത്താളിപഞ്ചായത്തിൻെറ കാര്യം ശോചനീയമാണ്. ആകെ മൂന്ന് വായനശാലകളും ഒരു ഗ്രന്ഥശാലയുമാണ് സ്കൂൾലൈബ്രറികൂടാതെ കൂത്താളി പഞ്ചായത്തിലുള്ളത്. പഞ്ചായത്ത് ലൈബ്രറിയാകട്ടെ വേണ്ടത്ര വിജ്ഞാനപ്രദമല്ലാത്തതുമാണ്.

കേരളസർക്കാർ പ്രൊഫഷണൽ നാടകങ്ങൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ജൂറിയുടെ സ്പെഷ്യൽ അവാർഡ് നേടിയ മുഹമ്മദ്പേരാമ്പ്ര കൂത്താളി പഞ്ചായത്തുകാരനാണ്. കൂത്താളി ഹൈസ്ക്കൂൾ വോളിബോൾ ടീം ഈ വർഷത്തെ ജില്ലാ ചാമ്പ്യന്മാരാണ്. ബഷീർ എൻ. കെ. (ദേശീയ സ്കൂൾ വോളി ടീം), മുഹമ്മദ്കുന്നത്ത് (സംസ്ഥാന സ്കൂൾ വോളിടീം )ദീപ്തി കെ. എസ്സ്, ദിവ്യ എം, ബിനിത പി. സി (സംസ്ഥാന സ്കൂൾ വോളി ടീം) എന്നിവർക്ക് സെലക്ഷൻ ലഭിച്ചു എന്നത് കൂത്താളിക്ക് അഭിമാനിക്കാവുന്ന ഒരു നേട്ടമാണ്. കൂത്താളി ഹൈസ്ക്കൂൾ ടീം സ്കൂൾ വോളിബോളിൽ ഈ വർഷത്തെ ചാമ്പ്യന്മാരാണ്.

ടെലിവിഷൻെറ സ്വാധീനം കൂത്താളിയുടെ കലാ-കായിക സംസ്കൃതിയെ ഏറെ ദോഷകരമായി സ്വാധീനിച്ചി

ട്ടുണ്ട്. വായനയും, പരസ്പരം നിലനിന്നിരുന്ന സജീവമായ ഇടപെടലുകളും കുറയുന്നതിന് ഈ സ്വാധീനം ഇടയാക്കി. കലാപ്രവർത്തനങ്ങൾക്ക് ഏററവുമധികം ആസ്വാദകരെ ലഭിച്ചിരുന്ന കുത്താളിയിൽ ഈയടുത്ത കാലത്തായി ഇത്തരം പ്രവർത്തനങ്ങൾക്ക് വേണ്ട ജനപങ്കാളിത്തമില്ലാതെ പോവുന്നതിന് പ്രധാനകാരണം ഈ സ്വാധീനമാണ്. പഞ്ചായത്തിൽ ഇപ്പോൾ ഏകദേശം 135 ടി. വികളാണ് ഉള്ളത്.

കുത്താളിയുടെ സാംസ്ക്കാരികരംഗം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. സാംസ്ക്കാരികരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ വേണ്ടത്ര പ്രോത്സാഹനമില്ലാതെ ചലനരഹിതാമാവുന്നു.
2, സാംസ്ക്കാരിക രംഗത്ത് വനിതകളുടെ ഇടപെടൽകുറവ്.
3, അമ്പെയ്ത്ത്, കോൽക്കളി പോലുള്ള നാടൻ കായികവിനോദങ്ങൾ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.
4, വായനശാലകളുടെയും ലൈബ്രറികളുടെയും ദൗർലഭ്യം,
5, പഞ്ചായത്ത് ലൈബ്രറിയിലെ പുസ്തകങ്ങളുടെ താണ നിലവാരം.
6, ഒട്ടും സൗകര്യമില്ലാത്ത മിനിസ്റ്റേഡിയം.
7, പഞ്ചായത്തിൻെറ മററു മേഖലകളിൽ കളിസ്ഥലങ്ങളുടെ അഭാവം.
8., ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം നിലനിൽക്കുന്ന സാംസ്ക്കാരിക മൂല്യങ്ങളെ തകിടം മറിക്കുന്നു.
9, വ്യാജവാറ്റ്, ശീട്ടുകളി തുടങ്ങിയ അനാശാസ്യപ്രവർത്തനങ്ങൾ വ്യാപകമാവുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1, നാടൻകലാരൂപങ്ങളേയും കായിക വിനോദങ്ങളെയും സംരക്ഷിക്കാൻ ബോധപൂർവ്വമായ ഇടപെടലുകൾ നടത്തുക.
2, കുത്താളി മിനിസ്റ്റേഡിയത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
3, കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പഞ്ചായത്ത്തല മത്സരങ്ങൾക്ക് വേദിയൊരുക്കുകയും ചെയ്യുക.
4, പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ നിലവാരമുള്ള പുതിയ പുസ്തകങ്ങൾ വാങ്ങുക.
5, കായികതാരങ്ങൾക്ക് സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുക.
6, പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും പുതിയ വായനശാലകളും ലൈബ്രറികളും ജനകീയ സഹകരണത്തോടെ ആരംഭിക്കുക.
7, വിവാഹധൂർത്ത്, മദ്യപാനം, ശീട്ടുകളി തുടങ്ങിയ പ്രവണതകൾക്കെതിരെ ഫലപ്രദമായ ബോധവൽക്കരണം നടത്തുക.
8, അമച്വർ നടകസംഘങ്ങളും ഫിലിം സൊസൈറ്റികളും രൂപീകരിക്കുക.
9, കായികരംഗത്തെ പുത്തൻ പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തിയെടുക്കുന്നതിനും ഒരു സ്ഥിരം കോച്ചിങ്ങ് ക്യാമ്പ് ആരംഭിക്കുക

# 12

# വനിതാക്ഷേമം

സാമൂഹ്യസാംസ്ക്കാരിക മേഖലകളിൽ ഏറെ പുരോഗതിനേടിയ ഒരു സമൂഹത്തിൽ ആ പുരോഗതിയുടെ ഉൽപ്പന്നമെന്ന നിലക്ക് പഞ്ചായത്തിലെ വനിതകാം മെച്ചപ്പെട്ട ജീവിത നിലവാരം നിലനിർത്തുന്നുണ്ടെങ്കിലും സാമൂഹ്യ ജീവിതത്തിൽ ശക്തമായ ഇടപെടലുകളോ നേതൃത്വപരമായ പങ്കാളിത്തമോ സ്ത്രീ പക്ഷത്തു നിന്നുണ്ടായിട്ടില്ല. ജന്മിത്വത്തിൻെറയും തമ്പുരാൻ ഭരണത്തിൻെറയും അവശിഷ്ടങ്ങാം ഏറെക്കാലം കൂത്താളിയുടെ മനസിനെ നിയന്ത്രിച്ചിരുന്നുവെന്നതും സ്ത്രീകളുടെ സംഘബോധം സജീവമാകാത്തതിൻെറ കാരണമാകാം.

1991ലെ സെൻസസ് പ്രകാരം കൂത്താളിയിലെ ജനസംഖ്യയിൽ 6923 പുരുഷന്മാരും 6916 സ്ത്രീകളും ഉണ്ട്. കേരളം സമ്പൂർണ സാക്ഷരത കൈവരിച്ചെങ്കിലും സ്ത്രീകാം സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ ഏറെ പിന്നിൽ തന്നെയാണ്. കൂത്താളി പഞ്ചായത്തിൽ വിദ്യാലയങ്ങളിലെ കണക്കുകാം പരിശോധിച്ചാൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെക്കാാം കൂടുതലാണെങ്കിലും മത്സര പരീക്ഷകളിലും സാങ്കേതിക തൊഴിൽ രംഗങ്ങളിലും വനിതകളുടെ പങ്കാളിത്തം കുറവാണെന്ന്കാണാം.

പഞ്ചായത്തിലെ വനിതകളിൽ ഏതാണ്ട് 90%പേർ ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരാണ്. വിദ്യാസമ്പന്നരായ സ്ത്രീകാംപോലും സാമൂഹ്യസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നില്ല. ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന വനിതകാം പോലും ഉന്നത വിദ്യാഭ്യാസം നേടാനും ഉയർന്നജോലികാം നേടാനും ശ്രമിക്കുന്നത് വളരെ കുറവാണ്.

ആരോഗ്യകാര്യത്തിലും വനിതകാം പൊതുവെ പിന്നോക്കം നിൽക്കുന്നു. പി. എച്ച്. സി, എ. എൻ. എം, ഹോമിയോ ഡിസ്പെൻസറി എന്നിവയിലെ കണക്കുകാം അനുസരിച്ച് രോഗികാം കൂടുതലും വനിതകളാണ്. സ്ത്രീരോഗ വിദഗ്ധരുടെ അഭാവം പഞ്ചായത്തിലുണ്ട്. ഗർഭിണികാംക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികാംക്കും പോഷകാഹാരവും വിററാമിൻ ഗുളികകളും കുത്തിവെപ്പുകളും ലഭിച്ചുവരുന്നുണ്ട്. അഞ്ചു ശതമാനത്തോളം വീടുകളിൽ മാത്രമേ പുകയില്ലാത്ത അടുപ്പ് നിലവിലുള്ളു. അടുപ്പിച്ചുള്ള പ്രസവങ്ങളും സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നു. കുടുംബാസൂത്രണ ശസ്ത്രക്രിയക്ക് വിധേയരാകുന്നത് 90% സ്ത്രീകളാണെന്ന് കാണാം.

തൊഴിൽ കാർഷികമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നതായി കാണാം. കെട്ടിടനിർമ്മാണം , റോഡ് നിർമ്മാണം മുതലായ രംഗങ്ങളിലാണ് ഇന്ന് കൂടുതൽ സ്ത്രീകളും ജോലിയിലേർപ്പെടാൻ താല്പര്യം കാണിക്കുന്നത്. സ്ഥിരമായി ജോലിയുള്ള സ്ത്രീകളുടെ എണ്ണം വളരെകുറവാണ്. പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത്, കുട്ട നിർമ്മാണം, മുറം നിർമ്മാണം മൺപാത്രനിർമ്മാണം എന്നീ മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകാം

പഞ്ചായത്തിലുണ്ട്. ഈ തൊഴിലുകൾ ഏറ്റെടുക്കുന്നതിൽ പുതിയ തലമുറ വൈമുഖ്യം കാണിക്കുന്നു.

തയ്യൽ പരിശീലനം ലഭിച്ച 500നടുത്ത് സ്ത്രീകൾ ഉണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. 90 തയ്യൽ മെഷിനുകൾ സൗജന്യമായി ഇവിടെ വിതരണം ചെയ്തിട്ടുണ്ട്. തയ്യൽ ഉപജീവനമാർഗമായി സ്വീകരിച്ച സ്ത്രീകളുടെ എണ്ണം വിരലിലെണ്ണാവുന്നതാണ്. ഡി. ഡബ്ല്യു. സി. ആർ. എയുടെ കീഴിൽ നടത്തുന്ന വനിതാ തൊഴിൽ ശാലകൾ പഞ്ചായത്തിലുണ്ട്. അവയുടെ പ്രവർത്തനം വിജയകരമായ രീതിയിലല്ല. 4 യൂണിറ്റുകൾ പ്രവർത്തനം നിർത്തിയിരിക്കുന്നു.

സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ ജോലി ചെയ്താലും ലഭിക്കുന്ന വേതനം വ്യത്യസ്തമാണ്. സ്ത്രീക്ക് പുരുഷനേക്കാൾ കുറഞ്ഞ കൂലിമാത്രമാണ് എല്ലാ രംഗത്തും ലഭിക്കുന്നത്. കർഷകതൊഴിലാളിയായ സ്ത്രീക്ക് 30-45 രൂപ വേതനം ലഭിക്കുമ്പോൾ പുരുഷന് 60-75 രൂപ ലഭിക്കുന്നു. കെട്ടിട നിർമ്മാണ രംഗത്ത് സ്ത്രീക്ക് 50-80 രൂപ ലഭിക്കുമ്പോൾ പുരുഷന് 100-150 രൂപ ലഭിക്കുന്നു.

ബഹുഭൂരിപക്ഷം സ്ത്രീകളും വീടുകളിൽ ഒതുങ്ങിക്കൂടി കഴിയുന്നവരാണ്. സാമൂഹ്യ പ്രവർത്തനരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. വനിതകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടുകൊണ്ടുവരേണ്ടതാണ്. സത്രീധന സമ്പ്രദായം വനിതകളുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്നു.

മഹിളാ സമാജങ്ങളും വിവിധ വനിതാ സംഘടനകളും നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം നാമമാത്രമാണ്. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ പഞ്ചായത്തിൽ പൊതുവെ വളരെ കുറവാണ്.

**സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ**

1, തൊഴിൽ രംഗത്ത് സ്ത്രീകൾ നേരിടുന്ന വിവേചനം.

2, മഹിളാ സമാജങ്ങളുടെയും, മഹിളാ സംഘടനകളുടെയും പ്രവർത്തനക്ഷമത ഇല്ലായ്മ.

3, പരമ്പരാഗത തൊഴിൽ മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ.

4, കാർഷിക മേഖലയിലേക്ക് സ്ത്രീകൾ കടന്നുവരുന്നില്ല.

5, മാധ്യമങ്ങൾ സ്ത്രീകളെ മോശമായ രീതിയിൽ ചിത്രീകരിക്കുന്നതിനാലുള്ള പ്രശ്നങ്ങൾ.

56, ആരോഗ്യ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ.

**പരിഹാര നിർദ്ദേശങ്ങൾ**

1, തുല്യജോലിക്ക് തുല്യവേതനം എന്ന ആശയം നടപ്പിലാക്കുക.

2, പരമ്പരാഗത തൊഴിൽ മേഖലകളെ പ്രോത്സാഹിപ്പിക്കുക.

3, മഹിളാ സമാജങ്ങളിലൂടെയും വനിതാ സഹകരണ സംരംഭങ്ങൾ വഴിയും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. മെറ്റൽ നിർമ്മാണം, അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രം, കുട, സോപ്പ് മുതലായവയുടെ നിർമ്മാണം വിപണനം എന്നീ രംഗങ്ങളിൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർധിപ്പിക്കുക.

4, പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.

5, ഡി. ഡബ്ല്യു. സി. ആർ. എ യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ട അംഗങ്ങളുടെ എണ്ണം സംബന്ധിച്ച നിബന്ധന 10 മുതൽ 20വരെ എന്നത് 5 മുതൽ 10 വരെ എന്നാക്കി കുറക്കുക.

6, കൃഷി പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

7, പുഷ്പകൃഷി പച്ചക്കറികൃഷി, ഔഷധസസ്യകൃഷി എന്നിവയിൽ പ്രോത്സാഹനം നൽകുക.

❖

# 13

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

അയിത്തവും മററു സാമൂഹ്യാനാചാരങ്ങളും സജീവമായിരുന്ന പഴയകാലത്ത് പരിഷ്കൃതസമൂഹത്തിൽ നിന്നും വലിയ ഒരളവുവരെ പുറത്തുനിർത്തപ്പെട്ടിരുന്ന പുലയൻ സമുദായാംഗങ്ങളാണ് പട്ടികജാതിയിൽ ഈ പഞ്ചായത്തിൽ ഏറെയും ഉള്ളത്. ഇവരുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ അതാതു കാലങ്ങളിൽ ഒട്ടേറെ പദ്ധതികരം ആവിഷ്ക്കരിക്കപ്പെട്ടുവെങ്കിലും വളരെ കുറഞ്ഞ അളവിൽ മാത്രമേ അവയുടെ ഗുണഫലം ഈ വിഭാഗത്തിനു ലഭ്യമായിട്ടുള്ളൂ.

ലഭ്യമായ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകളിലെ മൊത്തം ജനസംഖ്യയുടെ 10%പേർ പട്ടികജാതിയിൽ പെട്ടവരാണ്. 640 സ്ത്രീകളും 671 പുരുഷന്മാരുമടക്കം മൊത്തം 1311 പേർ (വാർഡടിസ്ഥാനത്തിൽ പട്ടികജാതി ജനസംഖ്യ പട്ടിക 1ൽ ചേർത്തിരിക്കുന്നു)

പട്ടിക 1

വാർഡ് അടിസ്ഥാനത്തിൽ പട്ടികജാതി ജനസംഖ്യ

| വാർഡ് | പുരുഷന്മാർ | സ്ത്രീകാം | ആകെ |
|---|---|---|---|
| 1 | 90 | 104 | 194 |
| 2 | 40 | 33 | 73 |
| 3. | 149 | 99 | 248 |
| 4. | 61 | 59 | 120 |
| 5. | 98 | 92 | 190 |
| 6. | 37 | 33 | 70 |
| 7 | 96 | 100 | 196 |
| 8. | 100 | 120 | 220 |
| ആകെ | 671 | 640 | 1311 |

ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിലായി 11 അംഗീകൃത ഹരിജൻ കോളനികാം ആണുള്ളത്. ഇതിൽ മൊയോർ കുന്ന് ഐ. എച്ച്. ഡി. പി കോളനിയാണ്. (കോളനികളുടെ വിശദവിവരങ്ങാം പട്ടിക 2ൽ ചേർത്തിരിക്കുന്നു)

പട്ടിക 2

അംഗീകൃത ഹരിജൻ കോളനികളും ജനസംഖ്യയും

| വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങാം | ജനസംഖ്യ | വൈദ്യുതിലഭിച്ചകുടുംബങ്ങാം |
|---|---|---|---|---|
| 1. | ഈരാഞ്ഞിമ്മൽ | 27 | 99 | 2 |
| " | മൊയോർകുന്ന് ഐ. എച്ച്. ഡി. പി | 45 | 158 | 20 |
| 2. | - - | - | - | - |
| 3. | നെല്ലിയുള്ളതിൽ കുന്ന് | 32 | 148 | 21 |
| 4. | പുലിക്കോട്ടുമീത്തൽ | 17 | 68 | ഇല്ല |
| 5. | നിടൂളിമീത്തൽ | 16 | 75 | " |
| " | കുരുവത്ത്കണ്ടിമീത്തൽ | 10 | 47 | " |
| " | തണ്ടോറപ്പാറ | 12 | 42 | 4 |
| 6. | - - | - | - | - |
| 7. | ആശാരിക്കണ്ടി | 42 | 181 | 32 |
| 8. | പുള്ളുവൻതറ | 21 | 96 | - |
| " | വേട്ടിയോട്ടുകുന്ന് | 13 | 56 | - |
| " | ആശാരിപറമ്പ് | 12 | 68 | - |
| ആകെ | - 11- | 247 | 1038 | 79 |

മററുപ്രദേശങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കാവസ്ഥയിലാണ് കോളനികാം നിലകൊള്ളുന്നത് മിക്കകോളനികളിലും കുടിവെള്ളപ്രശ്നം വളരെ രൂക്ഷമാണ്. നെല്ലിയുള്ളതിൽ കോളനി മാത്രമാണ് ഇതിനൊരപവാദമായിട്ടുള്ളത്. ഗതാഗത സൗകര്യമില്ലായ്മയും കോളനി നിവാസികളെ നേരിടുന്ന ഒരു ഗൗരവപ്രശ്നമാണ്. കോളനികളിലെ മിക്കവീടുകളുടെയും സ്ഥിതി ശോചനീയമാണ്.

പഞ്ചായത്തിലെ മിക്ക കോളനികളിലും ആരോഗ്യകരമായ പരിസ്ഥിതി സംവിധാനം തീരെ അപര്യാപ്തമാണ്. ചപ്പുചവറുകാം ശരിയാംവണ്ണം നീക്കം ചെയ്യാനുള്ള സംവിധാനം തീരെയില്ല. വീടുകളിലെ മലിനജലം അലക്ഷ്യമായി പുറത്തേക്കൊഴുക്കുന്നത് പരിസര ശുചിത്വത്തിന്ന് ദോഷം ചെയ്യുന്നു.

247 പട്ടികജാതി കുടുംബങ്ങളാണ് എട്ടുവാർഡുകളിലായി താമസിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ ജനവിഭാഗങ്ങാം നടത്തുന്ന പരമ്പരാഗത കൈത്തൊഴിലുകളും മുഖ്യവരുമാനമാർഗ്ഗമായി ഉപയോഗപ്പെടുന്നില്ല. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഉല്പ്പന്നങ്ങളുടെ വിപണിയുടെ പ്രയാസവും ഈ തൊഴിലിൽ നിന്നും ആളുകളെ പിറകോട്ടുനീക്കുന്നു. കൂടുതൽ ആദായകരമായ തൊഴിലിലേക്ക് (കാർഷികവും കെട്ടിടനിർമ്മാണരംഗവും) പുരുഷന്മാർ ചുവടുമാററിയപ്പോാം പരമ്പരാഗതകൈത്തൊഴിലുകാം സ്ത്രീകളുടെ ഭാഗികജോലിയായി മാറുകയാണ് ചെയ്തത്

പഴയതലമുറയിലെ അപൂർവ്വം ചിലർ മാത്രം പ്രാഥമിക വിദ്യാഭ്യാസം ആർജ്ജിച്ച സ്ഥാനത്ത് പുതിയ തലമുറ പൂർണ്ണമായും സാക്ഷരരാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വളരെ പരിമിതമാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം, തോറ്റുപഠിക്കുന്നവരുടെ എണ്ണം, പഠനം നിർത്തിയവരുടെ എണ്ണം, ലംപ്സംഗ്രാൻറ് ലഭിക്കുന്നവരുടെ എണ്ണം എന്നിവ പട്ടിക 3ൽ ചേർത്തിരിക്കുന്നു. പട്ടിക ജാതിക്കാരിൽ പൊതുവെ കാണുന്ന പ്രവണത എസ്. എസ്. എൽ. സിക്ക് ശേഷം ബഹുഭൂരിപക്ഷവും തുടർന്ന് പഠിക്കാൻ തയ്യാറാവുന്നില്ലെന്നതാണ്.

പട്ടി 3

പട്ടികജാതിവിദ്യാർത്ഥികളുടെ പഠനവിവരം

| വാർഡ് | ആകെഎണ്ണം | | തോറ്റുപഠിക്കുന്നവർ | | പഠനം നിർത്തിയവർ | | ലംപ്സംഗ്രാൻറ് ലഭിച്ചവർ | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1. | 7 | 4 | 2 | 2 | 1 | 1 | | |
| 2. | 12 | 10 | 1 | 1 | - | - | | |
| 3. | 6 | 3 | 1 | 1 | - | - | | |
| 4. | 28 | 29 | 1 | 1 | - | - | | |
| 5. | 27 | 18 | 2 | 3 | - | - | | |
| 6. | 25 | 20 | 8 | 4 | - | - | | |
| 7. | 70 | 51 | - | - | - | - | | |
| 8. | 59 | 54 | 12 | 6 | - | - | | |
| ആകെ | 234 | 189 | 27 | 18 | 1 | 1 | 231 | 187 |

പട്ടികജാതിയിൽപെട്ട ചെറുന്യൂനപക്ഷമായ സാംബവരും ആദിആന്ധ്രവിഭാഗത്തിൽപ്പെട്ടവരും തങ്ങളുടേതായ ചില പ്രത്യേക ജീവിത രീതിയിൽ മാററം വരുത്താൻ വൈമുഖ്യം കാണിക്കുന്നു. തികച്ചും ജാതീയമായ ഒരു വൃത്തത്തിലാണ് അവരുടെ ജീവിതരീതി ചിട്ടപ്പെടുത്തുന്നത്. സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനോ മാറുന്ന ചുറ്റുപാടുകളുമായി പ്രതികരിക്കാനോ ഈ വിഭാഗക്കാർ പൊതുവേ വൈമുഖ്യം കാട്ടുന്നു.

## പ്രശ്നങ്ങൾ

1. പട്ടയം ലഭിക്കാത്തതിനാൽ റേഷൻകാർഡുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത പട്ടികജാതി കുടുംബങ്ങൾ വിവിധ കോളനികളിലുണ്ട്.
2. കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
3. കോളനികളിലേക്ക് വാഹനഗതാഗതയോഗ്യമായ റോഡുകളില്ല.
4. മിക്ക കോളനികളിലും വീടുകൾ കേടുപറ്റിയവയാണ്.
5. പരമ്പരാഗത കൈത്തൊഴിലുകൾ തകർച്ച നേരിടുന്നു.
6. മിക്കവീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
7. പട്ടികജാതിക്കാരുടെ വാസസ്ഥലങ്ങളിൽ ശുചിത്വക്കുറവ് അനുഭവപ്പെടുന്നു.
8. പട്ടികജാതി വിദ്യാർത്ഥികൾ വിദ്യാഭ്യാസ നിലവാരത്തിൽ പൊതുവേ പിന്നണിയിലാണ്.

## നിർദ്ദേശങ്ങൾ

1, കോളനികളിലെ കൈവശക്കാരായവർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം.

2, കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള സമയബന്ധിത പരിപാടി നടപ്പാക്കുക

3, കോളനി റോഡുകൾ നിർമ്മിക്കുന്നതിന് ഇന്നു നിലവിലുള്ള അപ്രയോഗികമായ നിബന്ധനകൾ ഒഴിവാക്കുക.

4, വീടുകൾ നിർമ്മിക്കാനും പൂർത്തികരിക്കാനും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനും ധനസഹായം നൽകുക.

5, പരമ്പരാഗത കൈത്തൊഴിലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിൻെറ ഭാഗമായി തോട്, പുഴ എന്നിവയുടെ ഓരങ്ങളിൽ കൈതനട്ടുപിടിപ്പിക്കുക.

6, ആരോഗ്യപരിപാലനത്തിന് ബോധവൽക്കരണ പരിപാടി നടപ്പാക്കുക.

7, പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യയൂനിഫോറവും പഠനോപകരണങ്ങളും നൽകുക.

8, വിദ്യാഭ്യാസം നേടിയ യുവതീ-യുവാക്കൾക്ക് തൊഴിൽ നൽകാനുള്ള സംരംഭങ്ങൾ ആരംഭിക്കുക.

9, സൗകര്യപ്രദമായ സ്ഥലത്ത് പൊതുശ്മശാനം നിർമ്മിക്കുക.

# 14

# വിഭവസമാഹരണം

സംസ്ഥാനത്തിലെ തന്നെ ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. വ്യവസായ സ്ഥാപനങ്ങളോ വിനോദനികുതി ഈടാക്കാനുള്ള സിനിമാശാലകളോ കുത്താളിയിലില്ല. പരിമിതമായ സർക്കാർ സ്ഥാപനങ്ങളും വിദ്യാലയങ്ങളും മാത്രമാണ് ഇവിടെയുള്ളത്. ജീവനക്കാരുടെ തൊഴിൽ നികുതിയും വീട്ടുനികുതിയും മാത്രമാണ് തനതുവരുമാന മാർഗ്ഗം. ജീവനക്കാർക്ക് ശമ്പളം നൽകാൻ പോലും കഴിയാത്തത്ര കുറവാണ് വരുമാനം. ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചും കാർഷികോല്പാദനം വർദ്ധിപ്പിച്ചു കൊണ്ടുംമാത്രമേ ഇവിടെ വരുമാന വർദ്ധന സാധ്യമാകയുള്ളൂ (പഞ്ചായത്തിൻെറ സാമ്പത്തിക നിലയുടെ പട്ടികകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.). കെട്ടിട നികുതി ചുമത്തുന്നതിൽ ഇന്നു സ്വീകരിക്കുന്ന രീതി മാറ്റേണ്ടതുണ്ട്. വാർഷിക വാടകയുടെ നിശ്ചിത ശതമാനം നികുതി ഈടാക്കുന്നതിനുപകരം ശാസ്ത്രീയമാർഗ്ഗം സ്വീകരിക്കേണ്ടിയിരിക്കുന്നു. കെട്ടിട നിയന്ത്രണനിയമം ബാധകമാക്കാത്ത പഞ്ചായത്തായതുകൊണ്ടു തറ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ നികുതി ചുമത്താനും കഴിയില്ല. നിലവിലുള്ള കെട്ടിടനികുതി ചുമത്തുന്ന രീതി ധാരാളം ആക്ഷേപങ്ങൾക്കിട നൽകുന്നുണ്ട്. ഏക്കറിന് 20 ക എന്ന പൊതുമാനദണ്ഡമാണ് ഇന്ന് ഭൂനികുതി പിരിവിൻെറ അടിസ്ഥാനം. ഈ രീതിയും ശാസ്ത്രീയമായി പുനഃപരിശോധിക്കേണ്ടതുണ്ട്. തരിശുഭൂമിയ്ക്കും ഏറെ ഫലഭൂയിഷ്ടമായ ഭൂമിക്കും ഒരേ നികുതി എന്നതിനു പകരം ഭൂമിയുടെ കിടപ്പും തരവും നോക്കി നികുതി ഈടാക്കുന്ന രീതി അനുവർത്തിക്കാവുന്നതാണ്. ഈ രീതി കുററമററതാക്കാൻ വില്ലേജ് ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും കമ്മററികൾ രൂപീകരിക്കാവുന്നതാണ്.

ഭൂമി കൈമാററം ചെയ്യുമ്പോൾ യഥാർത്ഥ വിലയുടെ ചെറിയൊരു ഭാഗം മാത്രമേ രേഖയിൽ കാണുകയുള്ളു. ഇതുമൂലം സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ടുന്ന വരുമാനത്തിൽ വലിയതോതിൽ ചോർച്ച സംഭവിക്കുന്നു. ഓരോ

പ്രദേശത്തെയും ഭൂമിയുടെ മിനിമം മാർക്കററ് വില ശാസ്ത്രീയമായി നിർണ്ണയിക്കാനുള്ള സംവിധാനം ഉണ്ടായാൽ ഈ ചോർച്ച ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. റവന്യൂ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്നസംയുക്ത കമ്മിററിക്ക് ഇക്കാര്യം നിർവ്വഹിക്കാവുന്നതാണ്.

കൂത്താളി കമ്മോത്ത് അമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന ചന്ത കൂടുതൽ ആകർഷകമാക്കുക. വിവിധ വകുപ്പുകളുടെ സ്റ്റാളുകളും വിജ്ഞാനപ്രദമായ എക്സിബിഷനുകളും വിനോദപരിപാടികളും സംഘടിപ്പിക്കുക. ഇവ നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുക്കുക.

## ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ

1. ഒരു നിശ്ചിത തുകയ്ക്ക് മേൽ നിർമ്മാണ ചിലവുവരുന്ന വീടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.
2. വ്യാപാരടിസ്ഥാനത്തിൽ കയററിപ്പോകുന്ന ചെങ്കല്ല്, കരിങ്കല്ല്, മെററൽ എന്നിവയ്ക്ക് ടാക്സ് ചുമത്തുക.
3. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുള്ള ചോർച്ച പരിഹരിക്കാൻ ഭൂമിയ്ക്ക് മിനിമം വില നിർണ്ണയിക്കുക.
4. അഞ്ചിൽ കൂടുതൽ ആളുകൾ ജോലിചെയ്യുന്ന ചെറുകിട തൊഴിൽ സ്ഥാപനങ്ങൾക്ക് നികുതി ചുമത്തുക
5. കൂത്താളി, വിളയാട്ടുകണ്ടി, തണ്ടോറപ്പാറ, പൈതോത്ത് എന്നീ കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
6. നാടൻചിട്ടി നടത്തിപ്പുകാരിൽ നിന്ന് നികുതി ഈടാക്കാനുള്ള സാധ്യതകൾ പരിഗണിക്കുക.
7. വികസനപ്രവർത്തനങ്ങളിൽ മനുഷ്യാധ്വാനം സംഭാവനയായി നൽകാനുള്ള താല്പര്യം വളർത്തിയെടുക്കുക. റോഡ്, തോട്, എന്നിവയുടെ നിർമ്മാണത്തിലും റിപ്പയറിലും എന്നതുപോലെ പരിസരശുചീകരണത്തിലും ഇതുപയോഗപ്പെടുത്തുക.

പട്ടിക I

1.16 ഗ്രാൻറ് വിവരങ്ങൾ (1995-96)

റഫ: ഗ്രാൻറ് രജിസ്റ്ററും സ്പെഷൽ ഗ്രാൻറ് രജിസ്റ്ററും

| V.R.M | M.I | V.T.C | അടിസ്ഥാന നികുതി | സ്പെഷൽ ഗ്രാൻറ് | J.R.Y | അൺടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|
| 15203/- | 371/- | 85941/- | 25665/ | S.R.V 399700/-<br>Esst:Grant 26188/- | 360275/- | 361920/- | 1275263/- |

പട്ടിക II

1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

Ref: R

സ്ഥാപനങ്ങളുടെ എണ്ണം

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണകടകൾ | മററുള്ളവ | ആകെ | ആകെഫീസ് |
|---|---|---|---|---|---|---|
| 1. | 6 | 2 | - | - | 8 | 464-75 |
| 2. | 4 | 2 | 4 | 5 | 15 | 719-50 |
| 3. | 4 | - | 5 | 11 | 20 | 531-25 |
| 4. | 16 | 2 | - | 2 | 20 | 825-00 |
| 5. | 5 | 1 | 2 | 6 | 14 | 644-50 |
| 6. | 3 | - | 2 | - | 5 | 156-25 |
| 7. | 7 | 1 | 2 | - | 10 | 437-50 |
| 8. | 14 | 1 | 13 | 11 | 39 | 1531-25 |
| | 59 | 9 | 28 | 35 | 131 | 5310-00 |

പട്ടിക III

1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref:C.B

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 83383- 75 | 83383 75 | - |
| സർവ്വീസ്ചാർജ്ജ് | - - | - - | |
| തൊഴിൽനികുതി | 26860 - | 26860 - | - |
| വാഹനനികുതി | - - | - - | - |
| വിനോദനികുതി | - - | - - | - |
| അഡീ.വിനോദനികുതി | - - | - - | - |
| പ്രദർശന നികുതി | - - | - - | - |
| പ്രദർശനനികുതിയിൻമേലുള്ള സർചാർജ്ജ് | - - | - - | - |
| ചന്തവരവ് | - - | - - | - |
| ലാൻഡ്സെസ്സ് | - - | - - | - |
| ലൈസൻസ്ഫീസ് | 5310 - | 5310 - | - |
| കെട്ടിടനികുതി സർച്ചാർജ്ജ് | - - | - - | |
| വസ്തുകൈമാററ നികുതി 75% | 95767 - | 95767 - | - |
| വസ്തുകൈമാററനികുതി 25% | - - | - - | - |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ | 152287 - | 152287 - | - |
| സംഭാവന | - - | - - | - |
| ഡെപ്പോസിറ്റ് | 25903 30 | 25903 30 | - |
| മറ്റുള്ളവ(ഗ്രാൻറുകൾ) | 914988 - | 914988 - | - |
| ആകെ | 1304499 05 | 1304499 05 | - |

പട്ടിക IV

**1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)**

| ഇനം | തുക |
|---|---|
| ഭരണം | 467746/- |
| പൊതുമരാമത്ത് | 886179/- |
| വിദ്യാഭ്യാസം | 8108/- |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 42428/- |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 7106/- |
| മററുള്ളവ | 204784-15 |
| ആകെ | 1616651-15 |

പട്ടിക V

1.25 പൊതു സാമ്പത്തിക നില

| | പൊതുകണക്ക് | മൂലധനകണക്ക് | കടംസംബന്ധിച്ചകണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| മുൻബാക്കി | 1336324/73 | | |
| വരവ് | 397361/60 | 811620/- | 95517/90- |
| ചെലവ് | 932641/15 | 577375/- | 106635/- |

# 15

# പിൻവാക്ക്

ആസൂത്രണപ്രക്രിയയിൽ നൂതനാദ്ധ്യായം രചിച്ചുകൊണ്ട് 9ാം പദ്ധതി ജനകീയ പദ്ധതിയാക്കി നടപ്പിലാക്കാൻ കേരളസർക്കാർ തീരുമാനിച്ചിരിക്കയാണല്ലോ പേരാമ്പ്ര സി. കെ. ജി കോളേജിൽ വെച്ച് സെപ്തംബർ 3,4,5 തിയ്യതികളിലായി നടന്ന ഒന്നാം ഘട്ട പരിശീലനത്തിൽ 6 പേർ പഞ്ചായത്തിൽ നിന്നു പങ്കെടുത്തു. ജനകീയാസൂത്രണ പ്രസ്ഥാനത്തെ സംബന്ധിച്ച് വിശദീകരിക്കാനും സ്വാഗതസംഘം രൂപീകരിക്കാനും കൂത്താളി എ. യു. പി സ്കൂളിൽ സെപ്തംബർ 11നു വിളിച്ചുചേർത്ത യോഗത്തിൽ സ്ത്രീകളുൾപ്പെടെ ഇരുനൂറിലേറെ പേർ പങ്കെടുത്തത് ഈ പരിപാടിയോട് ജനങ്ങൾക്കുള്ള അതീവ താല്പര്യം വിളിച്ചോതുന്നതായിരുന്നു. സെപ്തംബർ 16, 17, 18, 19 തീയ്യതികളിൽ നടന്ന വാർഡുതല സംഘാടകസമിതി രൂപീകരണ യോഗങ്ങളിലും ശ്രദ്ധേയമായ ജനപങ്കാളിത്തമുണ്ടായിരുന്നു.

പഞ്ചായത്തുതല പരിശീലന പരിപാടിയിൽ 51 പേരാണ് പങ്കെടുത്തത്.

ജനകീയാസൂത്രണത്തിൻെറ ഏററവും പ്രധാനപ്പെട്ട മുന്നൊരുക്ക പരിപാടിയായ ഗ്രാമസഭകളിലെയും ജനപങ്കാളിത്തം വമ്പിച്ച തോതിലുള്ളതായിരുന്നു. 17% മുതൽ 43% വരെ ജനങ്ങൾ ഗ്രാമസഭകളിൽ പങ്കെടുത്തുകൊണ്ട് അതാതു പ്രദേശത്തെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയുണ്ടായി. (ഗ്രാമസഭാപങ്കാളിത്തം: പട്ടിക ചേർത്തിട്ടുണ്ട്)

പുതിയ വികസന ധാരണകൾ ജനങ്ങൾ നെഞ്ചേററിയതിൻെറ ആവേശകരമായ അനുഭവമാണ് നവമ്പർ 1ൻെറ പുനരർപ്പണദിനത്തിൽ പ്രകടമായത്. ചുരുക്കം ചില വാർഡുകളൊഴിച്ചാൽ എല്ലാ വാർഡുകളിലും നടന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ വമ്പിച്ച ജനപങ്കാളിത്തം ദൃശ്യമായി. ഒട്ടേറെ പുതിയ റോഡുകൾ നിർമ്മിക്കാനും നിലവിലുള്ളവ അററകുററപ്പണികൾ നടത്തുവാനും കഴിഞ്ഞു. 18 നിർമ്മാണ പ്രവർത്തനങ്ങളിലായി 900ത്തോളം ആളുകൾ അന്ന് പ്രവർത്തന രംഗത്തിറങ്ങി.

ഈ പ്രവർത്തനങ്ങളിലെല്ലാം ആത്മാർത്ഥമായി സഹകരിച്ച എല്ലാവർക്കും ഞങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ വികസന റിപ്പോർട്ട് രൂപപ്പെടുത്തുന്നതിന്നാവശ്യമായ വിവരങ്ങൾ നൽകിയ വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥർക്കും ഇതിനുവേണ്ട സഹായം നൽകിയ എല്ലാവർക്കും ഞങ്ങളുടെ കൃതജ്ഞത.

| കുത്താളി പഞ്ചായത്ത് ഗ്രാമസഭകൾ | | | | | | | |
|---|---|---|---|---|---|---|---|
| വാർഡ് | ഗ്രാമസഭ ചേർന്ന തിയ്യതി | പങ്കെടുത്തവർ | | ആകെ | വാർഡിലെ മൊത്തം വോട്ടർമാർ | ശതമാനം |
| | | സ്ത്രീകൾ | പുരുഷന്മാർ | | | |
| 1 | 29. 9. 96 | 111 | 205 | 316 | 1024 | 31% |
| 2 | 21. 9. 96 | 145 | 220 | 365 | 1423 | 26% |
| 3 | 29. 9. 96 | 132 | 280 | 412 | 1685 | 24% |
| 4. | 2. 10. 96 | 118 | 326 | 444 | 1880 | 24% |
| 5. | 29. 9. 96 | 150 | 187 | 337 | 835 | 40% |
| 6. | 21. 9. 96 | 93 | 178 | 271 | 1059 | 26% |
| 7. | 2.10.96 | 132 | 215 | 347 | 813 | 43% |
| 8. | 15. 9. 96 | 61 | 165 | 226 | 1297 | 17% |
| | ആകെ | 942 | 1776 | 271.8 | 10016 | |



# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

**ആമുഖം**
കെ.കെ.ബാലകൃഷ്ണൻ
പി.സി.ഗോപിനാഥൻമാസ്റ്റർ
എം. ശ്രീധരൻ
പി.പി.കാർത്ത്യായനി ടീച്ചർ
ടി.അപ്പമാസ്റ്റർ

**മൃഗസംരക്ഷണം**
കെ.കെ.ഗോപാലൻമാസ്റ്റർ
ഉമ്മർ തണ്ടോറ
ഡോ:സുരേഷ് ഓറനാടി

**കുടിവെള്ളം, പൊതുജനാരോഗ്യം**
സി.കെ.മാലതി
പി.സി.രാധാകൃഷ്ണൻ
ഇബ്രാഹിം കൂത്താളി

**ഗതാഗതം, ഊർജ്ജം**
എം.ശ്രീധരൻ
മഹിമ രാഘവൻ നായർ
വി.കെ.രാധാകൃഷ്ണൻ

**കൃഷി**
ടി.അപ്പ മാസ്റ്റർ
കെ.പി.രാധാകൃഷ്ണൻനമ്പ്യാർ
എം.ജി.നാരായണൻ നായർ
എം.ബാലൻ

**വിദ്യാഭ്യാസം**
പി.സി.ഗോപിനാഥൻമാസ്റ്റർ
ഇ.പി.കാർത്ത്യായനി ടീച്ചർ
കെ.കെ.ഇബ്രായിമാസ്റ്റർ

**വ്യവസായം**
കെ.കെ.ബാലകൃഷ്ണൻ
കെ.എം.ഗോവിന്ദൻ

**പാർപ്പിടം, സാമൂഹ്യക്ഷേമം**
പി.കെ.സുജീവൻ
പി.കൃഷ്ണദാസ്

**സംസ്കാരം**
ബിശ്വജിത്ത്
പി.വി.കെ.നമ്പ്യാർ
കെ.വി.ചന്ദ്രശേഖരൻ
ടി.വി.മുരളി

**പട്ടികജാതി/പട്ടികവർഗ്ഗവികസനം**
ടി.സി.രാമൻനമ്പ്യാർ
പി.എം.മോഹനൻ
കെ.സി.കുമാരൻ
കെ.രാജൻമാസ്റ്റർ
കെ.കെ.ബാലൻ
വി.എം.രവീന്ദ്രൻ

**വനിത**
പി.പി.കാർത്ത്യായനിടീച്ചർ
ശ്രീവിലാസ് വിമല
കെ.ആയിഷടീച്ചർ
കെ.കെ.മിനിമോൾ

**സഹകരണം**
പി.എം.രാഘവൻ
പി.കെ.നാരായണൻനായർ
പി.കൃഷ്ണൻകുട്ടിനായർ

**വിഭവസമാഹരണം**
കെ.കെ.ബാലകൃഷ്ണൻ
ഒ.വിജയൻ


കവർ : കൂത്താളി പഞ്ചായത്തിൽ പൈതോത്ത് ഇന്നും നിലനിൽക്കുന്ന കുടക്കല്ലുകൾ.

ഫോട്ടോ : നിഷാത് സ്റ്റുഡിയോ, പേരാമ്പ്ര

ഡിസൈൻ & ലേഔട്ട് : സോമനാഥൻ . പി

ടൈപ്പ് സെറ്റിങ്ങ്& അച്ചടി : റെഡ്സ്റ്റാർ ഓഫ്സെറ്റ് പ്രിന്റേഴ്സ് - കോഴിക്കോട്

## കൂത്താളി പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് മേപ്പിൽ നമ്പർ പ്രകാരമുള്ള സ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്ത് ഓഫീസ്
2. വില്ലേജ് ഓഫീസ്
3. ഗവ: ഹോമിയോ ഡിസ്പെൻസറി
4. പ്രൈമറി ഹെൽത്ത് സെൻറർ, കിഴക്കൻ പേരാമ്പ്ര
5. പ്രൈമറി സബ് സെൻറർ
6. കൃഷി ഭവൻ
7. വെറ്ററിനറി ഡിസ്പെൻസറി
8. വി. ഇ. ഒ. ഓഫീസ്
9. കൂത്താളി ഹൈസ്കൂൾ
10. കൂത്താളി എ. യു. പി. സ്കൂൾ
11. പേരാമ്പ്ര വെസ്റ്റ് എ. യു. പി. സ്കൂൾ
12. വെങ്ങപ്പറ്റ ജി.യു. പി. സ്കൂൾ
13. കല്ലോട്-പൈതോത്ത് ജി. എൽ. പി. സ്കൂൾ
14. പൈതോത്ത് ജി.എൽ. പി.സ്കൂൾ
15. കല്ലൂർ -കൂത്താളി എ. എൽ. പി. സ്കൂൾ
16. ഈസ്റ്റ് മാപ്പിള എ. എൽ. പി. സ്കൂൾ (ഈസ്റ്റ് പേരാമ്പ്ര)
17. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് കൂത്താളി
18. ബ്രാഞ്ച്പോസ്റ്റ് ഓഫീസ് -തണ്ടോറപ്പാറ
19. കൂത്താളി പഞ്ചായത്ത് സർവ്വീസ്-കോ-ഓപ്പറേറ്റീവ് ബാങ്ക്
20. കൂത്താളി വീവേഴ്സ് സൊസൈറ്റി
21. കൊയിലാണ്ടി താലൂക്ക് മാർക്കറ്റിംഗ് സൊസൈറ്റി
22. ഖാദി നൂൽപ്പ് -നെയ്ത്തു കേന്ദ്രം ( കെ. എസ്. എസ്. കണ്ണൂർ)



ആശംസകളോടെ:

കൂത്താളിഗ്രാമപഞ്ചായത്ത്

539

അധികാരം ജനങ്ങളിലേക്ക്

# വികസന രേഖ '96





## പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്

"പാലേരി അവിഞ്ഞാട്ട് കൂത്താളി നായന്മാരുടെ അഥവാ പയ്യോർമല നായന്മാരുടെ കീഴിലായിരുന്നു പയ്യോർമല നാട്. ഇവർ സ്വതന്ത്രരായ നാടുവാഴികളായിരുന്നു. കുടുമ്പ്രനാട് രാജവംശത്തോടും സാമൂതിരിയോടുമുള്ള അവരുടെ ആശ്രിതത്വം കേവലം നാമമാത്രമായിരുന്നു. ആധുനിക കുറുമ്പ്രനാട് താലൂക്കിലെ താഴെപ്പറയുന്ന അംശങ്ങൾ പഴയ പയ്യോർ മലനാടിന്റെ ഭാഗമായിരുന്നു."

| | | | |
|---|---|---|---|
| പാലേരി | പേരാമ്പ്ര | കാരയാട് | ചെറുവണ്ണൂർ |
| കായണ്ണ | ഇരിങ്ങത്ത് | മേപ്പയ്യൂർ | |

*–ലോഗന്റെ മലബാർ മാന്വൽ*

# അധികാരം ജനങ്ങളിലേക്ക്

MAP OF PERAMBRA PANCHAYATH




ജനകീയാസൂത്രണം

# പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

(1996 നവംബർ 14-ന് വികസന സെമിനാർ)

*

## പത്രാധിപ സമിതി

വി. രാമചന്ദ്രൻമാസ്റ്റർ
കോളിയോട്ട് മാധവൻ
ആർ. കെ. രവിവർമ്മ
ടി. എം. ബാലകൃഷ്ണൻമാസ്റ്റർ
ടി. ശിവദാസൻ
എ. അമ്മത്മാസ്റ്റർ
കെ. പി. ഗംഗാധരൻനമ്പ്യാർ
കെ. യു. നാരായണൻമാസ്റ്റർ
പി. ബാലൻ അടിയോടി
കെ. ടി. പത്മാവതി

# സ്മരണാഞ്ജലി

1956 ഫിബ്രവരി 27-ാം തീയതി ആരംഭിച്ച എരവട്ടൂർ പഞ്ചായത്ത് സമീപ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 1963-ൽ പേരാമ്പ്ര പഞ്ചായത്തായി. കഴിഞ്ഞ 40 വർഷത്തിനിടയിൽ പ്രഗത്ഭരായ പലരും പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളായിരുന്നിട്ടുണ്ട്.


ആദ്യത്തെ പ്രസിഡണ്ടായിരുന്ന ശ്രീ. കോറോത്ത് ഗോവിന്ദൻനായർ, മെമ്പർമാരായ ശ്രീമാന്മാർ നടുക്കണ്ടിയിൽ കുഞ്ഞാലി, കെ ടി കുഞ്ഞികൃഷ്ണൻ നായർ, കോളോത്ത് കുഞ്ഞിക്കേളപ്പ പണിക്കർ, ഒലിപ്പള്ളി ബാലകൃഷ്ണൻനായർ എന്നിവരും പിന്നീട് ദീർഘകാലം പേരാമ്പ്ര പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. ആർ. നാരായണൻനായർ, മെമ്പർമാരായിരുന്ന ശ്രീമാന്മാർ വെങ്കല്ലിൽ കുഞ്ഞിക്കണാരൻ നായർ, കിളയിൽ കോരൻ, എൻ. കെ. കുഞ്ഞിക്കുട്ടി, എൻ. പി. ബാലൻ, പി. കെ. ഗോവിന്ദൻ എന്നീ വ്യക്തികളും ഇന്ന് നമ്മോടൊപ്പമില്ല.

പേരാമ്പ്രയിലെ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് കാലയവനികക്കുള്ളിൽ മറഞ്ഞ മഹത് വ്യക്തികളുടെ സ്മരണക്ക് മുമ്പിൽ ഞങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കേരളം.




# പഞ്ചായത്ത് ഭരണസമിതി



കെ കുഞ്ഞമ്മത് മാസ്റ്റർ
(പ്രസിഡണ്ട്)




ടി ശിവദാസൻ
(വൈസ്പ്രസിഡണ്ട്)




ടി പി കുഞ്ഞനന്തൻ
(സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ)



കിഴിഞ്ഞാണ്യം
കുഞ്ഞിരാമൻ



കെ എം ദാമോദരൻ



കെ വി ദാമോദരൻ നായർ



രേണുക കേളോടത്ത്



ആർ കെ രവിവർമ



സി സി യശോദ



എ അമ്മത് മാസ്റ്റർ



സി എം ഗീത



എം സരസ്വതി


# പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | പേരാമ്പ്ര പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | മേഞ്ഞാണ്യം, എരവട്ടൂർ |
| ബ്ലോക്ക് പഞ്ചായത്ത് | - | പേരാമ്പ്ര |
| ജില്ലാ പഞ്ചായത്ത് | - | കോഴിക്കോട് |
| താലൂക്ക് | - | കൊയിലാണ്ടി |
| അസംബ്ലി മണ്ഡലം | - | പേരാമ്പ്ര |
| വിസ്തീർണ്ണം | - | 26.12 സ്ക്വ. കി.മീ. |
| അതിരുകൾ | - | കിഴക്ക്: കായണ്ണ, ചക്കിട്ടപാറ പഞ്ചായത്തുകൾ |
| | | പടിഞ്ഞാറ്: ചെറുവണ്ണൂർ, നൊച്ചാട് പഞ്ചായത്തുകൾ |
| | | വടക്ക്: കൂത്താളി, വേളം, ചങ്ങരോത്ത് പഞ്ചായത്തുകൾ |
| | | തെക്ക്: നൊച്ചാട്, കായണ്ണ പഞ്ചായത്തുകൾ |
| ജനസംഖ്യ | - | 22,270 |
| പുരുഷന്മാർ | - | 11,778 |
| സ്ത്രീകൾ | - | 10,482 |
| ജനസാന്ദ്രത | - | 857 |
| അക്ഷരാഭ്യാസമുള്ളവർ | - | 20,240 |
| വാർഡുകൾ | - | 12 |
| പ്രസിഡണ്ട് | - | കെ. കുഞ്ഞമ്മദ്മാസ്റ്റർ |
| വൈസ് പ്രസിഡണ്ട് | - | ടി. ശിവദാസൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | - | ടി. പി. കുഞ്ഞനന്തൻ |
| പഞ്ചായത്ത് സെക്രട്ടറി | - | പി. സത്യാനന്ദൻ |

# ജനകീയാസൂത്രണം കേരളത്തിൽ

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



# വിഷയവിവരം


| | | | |
|---|---|---|---|
| 1. | ആമുഖവും ചരിത്രപശ്ചാത്തലവും | – | 11 |
| 2. | കൃഷി – ജലസേചനം | – | 17 |
| 3. | മൃഗസംരക്ഷണം – മത്സ്യബന്ധനം | – | 27 |
| 4. | സാമൂഹ്യക്ഷേമം | – | 30 |
| 5. | കുടിവെള്ളം – പൊതുജനാരോഗ്യം | – | 39 |
| 6. | വ്യവസായം | – | 43 |
| 7. | സഹകരണം | – | 48 |
| 8. | വിദ്യാഭ്യാസം | – | 52 |
| 9. | സംസ്കാരം | – | 58 |
| 10. | ഗതാഗതം– ഊർജം | – | 61 |
| 11. | പട്ടികജാതി – പട്ടികവർഗക്ഷേമം | – | 70 |
| 12. | വനിതാക്ഷേമം | – | 73 |
| 13. | വിഭവസമാഹരണം | – | 75 |

# ആമുഖവും ചരിത്രപശ്ചാത്തലവും

പഴയ കുറുമ്പ്രനാട് താലൂക്കിലെ എരവട്ടൂരംശത്തിലെ ജനങ്ങളുടെ അഭ്യർത്ഥനയുടെ ഫലമായി 1956 ജനുവരിയിൽ എരവട്ടൂർ പഞ്ചായത്ത് നിലവിൽവന്നു. എരവട്ടൂർ വില്ലേജിലെ എരവട്ടൂർ, കൈപ്രം, എടവരാട് എന്നീ ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരുന്നു ആ പഞ്ചായത്ത്. എരവട്ടൂർ നാരായണവിലാസം യുപി സ്കൂളിൽ വെച്ച് നടന്ന കൈപൊക്കി വോട്ടെടുപ്പിലൂടെയാണ് ആദ്യ ഭരണസമിതി തെരഞ്ഞെടുത്തത്. ശ്രീ. കോറോത്ത് ഗോവിന്ദൻനായർ പ്രസിഡണ്ടായുള്ള ഭരണസമിതിയിൽ ആകെ എട്ട് അംഗങ്ങൾ ഉണ്ടായിരുന്നു. ഭരണസമിതിയിൽ സ്ത്രീ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. അക്കാലത്ത് പഞ്ചായത്തിൽ കാര്യനിർവഹണഉദ്യോഗസ്ഥന്റെ ചുമതലകൂടി പ്രസിഡണ്ടിൽ നിക്ഷിപ്തമായിരുന്നു. പേരാമ്പ്രക്കാരൻകൂടിയായിരുന്ന ശ്രീ. ഒ. ചന്തുമേനോൻ ചെയർമാനായുള്ള പഞ്ചായത്ത് ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം പഴയ എരവട്ടൂർ പഞ്ചായത്തും മേഞ്ഞാണ്യം അംശവും കല്പത്തൂരംശത്തിന്റെ കിഴിഞ്ഞാണ്യം ദേശവും കല്ലോടംശത്തിന്റെ കല്ലോട് ദേശവും ഉൾപ്പെടുത്തിക്കൊണ്ട് 1-1-1962ന് പേരാമ്പ്ര പഞ്ചായത്ത് നിലവിൽവന്നു. 1963 ജനുവരി വരെ മുൻ ഭരണസമിതി അധികാരത്തിൽ തുടർന്നു. പിന്നീട് 1963 ഡിസംബർവരെ സർക്കാർ നിയമിച്ച ആപ്പീസറാണ് പഞ്ചായത്ത് ഭരിച്ചത്. 1963 ഡിസംബറിൽ ആദ്യത്തെ ഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. പി കെ അപ്പനായർ പ്രസിഡണ്ടായിട്ടുള്ള ഭരണസമിതിയിൽ എട്ട് അംഗങ്ങൾക്കു പുറമെ നോമിനേറ്റ്ചെയ്യപ്പെട്ട ഒരു വനിതാഅംഗവുമാണ് ഉണ്ടായിരുന്നത്. ഈ ഭരണസമിതിയിൽ ഒരു ദ്വയാംഗമണ്ഡലത്തിലെ തെരഞ്ഞെടുപ്പിലൂടെയാണ് പട്ടികജാതി-പട്ടികവർഗത്തിന് പ്രാതിനിധ്യം നൽകിയത്. 1965 ഏപ്രിൽ മാസത്തിൽ ശ്രീ. അപ്പനായർ ഭരണസമിതി അംഗത്വം രാജിവെച്ചതിനെത്തുടർന്ന് ശ്രീ. ആർ നാരായണൻനായർ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1979 വരെ പ്രസ്തുത ഭരണസമിതി അധികാരത്തിൽ തുടർന്നു. ഇക്കാലത്തിനിടയിൽ ഇന്ത്യാരാജ്യത്ത് പ്രഖ്യാപിക്കപ്പെട്ട അടിയന്തരാവസ്ഥ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രമേയം അംഗീകരിച്ചതിന്റെപേരിൽ ഭരണസമിതി അംഗങ്ങളെ അറസ്റ്റ്ചെയ്ത് ജയിലിലടക്കുകയുണ്ടായി. 1979-84 കാലത്ത് ശ്രീ. എ കെ പത്മനാഭൻമാസ്റ്ററുടെയും 1984-88 കാലത്ത് അഡ്മിനിസ്ട്രേറ്റർ ഭരണവും 1988-95 കാലത്ത് ശ്രീ. കെ കുഞ്ഞമ്മദ്മാസ്റ്ററുടെയും നേതൃത്വത്തിലുള്ള ഭരണസമിതികളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. 1988-95 കാലത്ത് രണ്ട് വനിതാസംവരണ വാർഡുകളും ഒരു പട്ടികജാതി-പട്ടികവർഗ സംവരണവാർഡും ആയിരുന്നു ഉണ്ടായിരുന്നത്. 1995-ൽ നാല് വനിതാസംവരണ വാർഡുകൾ ഉണ്ടായിരുന്നു. അതിൽ ഒന്ന് പട്ടികജാതി-പട്ടികവർഗ വനിതാ സംവരണ വാർഡായിരുന്നു.

## ചരിത്ര പശ്ചാത്തലം

ഇരുപതാം നൂററാണ്ടിന്റെ ആദ്യദശകങ്ങളിൽ പയ്യോർമല എന്നാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. പഞ്ചായത്തിന്റെ പല ഭാഗങ്ങളും കൃഷിക്ക് ഉപയോഗിക്കാതെ കാട്പിടിച്ച് കിടന്നിരുന്നു. തെങ്ങ്, കുരുമുളക് തുടങ്ങിയ വാണിജ്യവിളകളും നെല്ലും ആയിരുന്നു പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗങ്ങൾ.

ഇന്നത്തെ ഗവ. യു പി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിനടുത്ത് ഏകദേശം 100 വർഷംമുമ്പ് ബാസൽമിഷ്യൻകാരാണ് ആദ്യമായി പേരാമ്പ്രയിൽ ഒരു വിദ്യാലയം സ്ഥാപിച്ചത്. 1910-ലാണ് പേരാമ്പ്രയിലെ ആദ്യത്തെ സർകാർ സ്ഥാപനമായ പോസ്റ്റാപ്പീസ് ആരംഭിച്ചത്. ഈ പോസ്റ്റാപ്പീസിൽ 1950-കളിൽ പ്രസിദ്ധ നാടകകൃത്തും സാഹിത്യകാരനുമായ ശ്രീ. കെ ടി മുഹമ്മദ് ഗുമസ്ഥനായി ജോലിചെയ്തിരുന്നു.

ആദ്യകാലഘട്ടത്തിൽ പേരാമ്പ്രയിലും ഭൂമിയുടെ അവകാശം ചില ജന്മികുടുംബങ്ങളിലും ദേവസ്വത്തിലും നിക്ഷിപ്തമായിരുന്നു. ഇസ്ലാം മതത്തിൽപ്പെട്ട നടുക്കണ്ടി കുടുംബക്കാരൊഴികെ ഭൂവുടമകളെല്ലാംതന്നെ സവർണ്ണ ഹിന്ദുക്കളായിരുന്നു.

1938-39 കാലത്താണ് ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ പേരാമ്പ്രയിലേക്ക് വ്യാപിച്ചത്. ഇന്ത്യൻ നേഷനൽ കോൺഗ്രസിന്റെ കൊടിക്കീഴിൽ ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ഈ പ്രദേശത്തെ ചില വ്യക്തികളെ ആകർഷിച്ചിരുന്നു. പിൽക്കാലത്ത് കമ്യൂണിസ്റ്റ്പാർടിയുടെ പ്രവർത്തകനായിമാറിയ ശ്രീ. വി വി ചാത്തു വൈദ്യരും ശ്രീമാന്മാർ പടവെട്ടി കുഞ്ഞിരാമൻനായർ, ചെറുവറ്റ നാരായണൻനായർ, ഉണ്ണിക്കിട്ടൻനായർ, ചാത്തു

ചെട്ട്യാർ, കൂത്താളി കൃഷ്ണൻനായർ, മഠത്തിൽ കുഞ്ഞികൃഷ്ണൻനായർ എന്നിവരുമാണ് ആദ്യകാല ദേശീയപ്രസ്ഥാനത്തിലെ പ്രവർത്തകർ. ശ്രീ. കെ. ടി കുഞ്ഞിരാമൻനായർ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്ക് പേരാമ്പ്രഭാഗത്ത് നേതൃത്വം നൽകിയിരുന്നു. പേരാമ്പ്ര സബ്റജിസ്ട്രാപ്പീസിൽ ക്ലാർക്കായി ജോലിചെയ്തിരുന്ന ശ്രീ. കെ പി ആർ ഗോപാലൻെറ പ്രവർത്തനം എരവട്ടൂർ ഭാഗത്ത് ദേശീയപ്രസ്ഥാനത്തിൽ ഇടതുപക്ഷത്തിൻെറ സ്വാധീനം വർധിപ്പിക്കാനിടയാക്കി. 1939-ൽ ശ്രീ. വി വി ഗിരി പേരാമ്പ്ര സന്ദർശിക്കുകയുണ്ടായി. ശ്രീ. ഗിരി പ്രസംഗിച്ച ഇന്നത്തെ ഗവ. യു പി സ്കൂൾ മൈതാനം പിന്നീട് ഗിരിമൈതാനം എന്നറിയപ്പെട്ടു.

അക്കാലത്ത് കൂത്താളി മൂപ്പിൽനായരുടെ വകയായ വനഭൂമിയിൽ ഈ പ്രദേശത്തെ കൃഷിക്കാർ പുനംകൃഷി നടത്തിയിരുന്നു. മൂപ്പിൽനായർ കുടുംബത്തിൽ അവകാശികൾ ഇല്ലാതായതിനെത്തുടർന്ന് വനഭൂമി സർകാർ ഏറ്റെടുക്കുകയും പുനംകൃഷി നടത്താനുള്ള സൗകര്യം നിഷേധിക്കപ്പെടുകയുംചെയ്തപ്പോൾ, അവകാശസമരവുമായി കർഷകസംഘം രംഗത്തുവന്നു. കൂത്താളി എസ്റ്റേറ്റ് സമരത്തിൻെറ സിരാകേന്ദ്രമായി പേരാമ്പ്ര മാറി. ഈ സാമൂഹ്യമാറ്റ പ്രക്രിയയിൽ കൃഷിക്കാരുടെ മുന്നേറ്റത്തിന് നേതൃത്വംകൊടുത്തത് കേരളീയൻ, എ വി കുഞ്ഞമ്പു, കേളുവേട്ടൻ, എം കുമാരൻമാസ്റ്റർ, യു കുഞ്ഞിരാമൻ എന്നീ കമ്യൂണിസ്റ്റ്പാർടി നേതാക്കളായിരുന്നു. അതേ കാലഘട്ടത്തിൽതന്നെയാണ് ബീഡിത്തൊഴിലാളികളുടെ സംഘടിതപ്രസ്ഥാനത്തിനും പേരാമ്പ്രയിൽ തുടക്കമിട്ടത്. 1946-ൽ നമ്പിത്തോത്ത് മാധവിഅമ്മയെ കുടിയൊഴിപ്പിച്ചതിനെതിരെ സംഘടിതപ്രക്ഷോഭം നടക്കുക യുണ്ടായി.

ഐത്താചരണത്തിന്നെതിരെ കുളത്തിൽ കുളിക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള സമരമാണ് സാമൂഹ്യപരിഷ്കരണ ശ്രമത്തിൻെറ ആദ്യപടി. കല്ലോട് സ്ഥാപിക്കപ്പെട്ട പഞ്ചമ സ്കൂളും ശ്രീ. ടി പി ആർ നമ്പീശൻെറ നേതൃത്വത്തിൽ പറയജാതിക്കാരെ ഉദ്ധരിക്കാൻവേണ്ടി നടത്തിയ ശ്രമങ്ങളും ഈ രംഗത്ത് ശ്രദ്ധേയമായവയാണ്.

1925-ലാണ് ആദ്യമായി പേരാമ്പ്രയിൽ ബസ്ഗതാഗതം ആരംഭിച്ചത്. അന്നത്തെ ബസ്സുടമകൾ ശ്രീ. വൈത്തിപ്പട്ടരും പേരാമ്പ്രക്കാരനായിരുന്ന ശ്രീ. സി പി കണ്ണചെട്ട്യാരും ആയിരുന്നു. അക്കാലത്ത് ആരോഗ്യരംഗത്ത് ശ്രീ. ശിവരാമകൃഷ്ണയ്യർ എന്ന അലോപ്പതി ഡോക്ടറുടെ സേവനവും പേരാമ്പ്രക്കാർക്ക് ലഭ്യമായിരുന്നു. പേരാമ്പ്രയിലെ ഗോശാലക്കൽ താമസിച്ചുകൊണ്ടാണ് വടക്കുംകൂർ രാജരാജവർമ്മ സംസ്കൃതസാഹിത്യചിരിത്രം എഴുതിയത്. ശ്രീ. എ ജി കെ നായരുടെ മാതാവും ഒരു സംസ്കൃത പണ്ഡിതയായിരുന്നു. തിരുവനന്തപുരം ശ്രീ ഉത്രാടംതിരുനാൾ ആശുപത്രിയിൽ സേവനം നടത്തുന്ന പ്രസിദ്ധ ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ ഡോ. ജയകൃഷ്ണൻ ഗോശാലക്കലെ അംഗമാണ്.

പേരാമ്പ്രയിലും പരിസരത്തുമുള്ള സ്കൂളുകളുടെ വ്യാപനവും 1948 മുതൽ ഹൈസ്കൂൾ വിദ്യാഭ്യാസം നേടാനുള്ള സൗകര്യവും വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുചാട്ടംതന്നെ ഉണ്ടാക്കി. 1957 മുതൽ നടപ്പിലായിത്തുടങ്ങിയ ഭൂപരിഷ്കരണങ്ങൾ ദരിദ്രകൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതനിലവാരത്തിലും സാമൂഹ്യരംഗത്തും വമ്പിച്ച മാറ്റമുണ്ടാക്കി. പാട്ടവ്യവസ്ഥ നിർത്തലാക്കിയതും കുടികിടപ്പവകാശസ്ഥാപനവും ഗ്രാമപ്രദേശത്തെ പിന്നോക്കവിഭാഗങ്ങളിൽ പുത്തനുണർവ്വ് പകർന്നു. പിന്നോക്കവിഭഗങ്ങളും സ്ത്രീകളും വിദ്യാഭ്യാസംനേടാൻ മുന്നോട്ടു വന്നുതുടങ്ങി.

കിഴക്കൻ മലയോരത്ത് മധ്യതിരുവിതാംകൂറിൽനിന്നുള്ള കുടിയേറ്റം പേരാമ്പ്രയെ ഒരു വാണിജ്യകേന്ദ്രമാക്കി മാറ്റാൻ ഉതകി. ഞായറാഴ്ചകളിൽ ഇവിടെ നടക്കുന്ന ചന്ത കോഴിക്കോട് ജില്ലയിലെ ഏറ്റവും വലിയ ആഴ്ചച്ചന്തയാണ്. 1920 കാലഘട്ടത്തിൽ ശ്രീ. ചീക്കിലോട്ടമ്മതിൻെറ ഓടിട്ട പീടികയടക്കം നാലഞ്ച് കച്ചവട പീടികകൾ മാത്രമുണ്ടായിരുന്ന പേരാമ്പ്ര അതിവേഗം മലഞ്ചരക്ക് വിപണനകേന്ദ്രമായി മാറി. 1946-ൽ ആരംഭിച്ച ആദ്യത്തെ സഹകരണസ്ഥാപനമായ പി സി സി സൊസൈററിയാണ് ഇന്ന് റീജിനൽ കോ-ഓപ്പറേറ്റീവ് ബേങ്കായി മാറി പ്രവർത്തനം തുടരുന്നത്. മാറിമാറി വന്ന പഞ്ചായത്ത് ഭരണസമിതികൾ പേരാമ്പ്രയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചു. അതോടൊപ്പം സംസ്ഥാന ധനകാര്യമന്ത്രിയായിരുന്ന ശ്രീ. ഡോ. കെ ജി അടിയോടിയുടെ സേവനങ്ങളും പേരാമ്പ്രയുടെ വളർച്ചക്ക് സഹായിച്ചു.

പഞ്ചായത്ത് ബസ്സ്റ്റാൻറ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സുകൾ, കമ്യൂണിറ്റി ഹാൾ, ഓപ്പൺഎയർ ഓഡിറ്റോറിയം, സാംസ്കാരികനിലയം, ടാക്സി സ്റ്റാൻറ് എന്നിങ്ങനെയുള്ള ഒട്ടേറെ സൗകര്യങ്ങൾ പേരാമ്പ്ര പട്ടണത്തിൽ ഉണ്ടെങ്കിലും ജനങ്ങളുടെയും വാഹനങ്ങളുടെയും തിരക്ക് താങ്ങാനുള്ള സൗകര്യം പേരാമ്പ്രയിൽ ഇല്ല.


കാർഷികമേഖലയിലെ ശോചനീയാവസ്ഥ, പറയത്തക്ക യാതൊരു വ്യവസായങ്ങളും ഇല്ലാത്ത സ്ഥിതി, രൂക്ഷ മായ തൊഴിലില്ലായ്മ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലെ നിലവാരത്തകർച്ച്, സാംസ്കാരികരംഗത്തെ പ്രവർത്തനങ്ങളുടെ അപര്യാപ്തത, സ്ത്രീകൾ, പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ സാമ്പത്തിക സാമൂഹ്യ മണ്ഡ ലങ്ങളിലെ പങ്കാളിത്തക്കുറവ് എന്നിങ്ങനെ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

കൂട്ടായ ശ്രമത്തിലൂടെ മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും എന്നതിൽ ആത്മവിശ്വാസം വളർ ത്തുന്ന ഒന്നായിരുന്നു 1996 നവംബർ ഒന്നിന് നടന്ന പുനരർപ്പണ പരിപാടി - ജനകീയാസൂത്രണ പരിപാടി -പഞ്ചായത്തിൽ.

നമ്മുടെ രാജ്യത്ത് ഒമ്പതാം പഞ്ചവത്സരപദ്ധതി 1997 ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കുകയാണ്. സ്വാതന്ത്ര്യസ മ്പാദനത്തിനുശേഷം ഭാഷാ സംസ്ഥാന രൂപീകരണത്തോടെയാണ് മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന മലബാറും തിരുകൊച്ചിയും കൂടിച്ചേർന്ന് കേരളമെന്ന ഈ കൊച്ചു സംസ്ഥാനം രൂപമെടുക്കുന്നത്. കേരള സംസ്ഥാ നത്തിൻെറയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവത്തിന് കേരളസർകാർ നേതൃത്വം നൽകുന്നു. കേരളത്തിലെ ഒമ്പതാംപദ്ധതിക്ക് ജനകീയാസൂത്രണ പ്രക്രിയയിലൂടെ രൂപംനൽകാൻ പോവുകയാണ്. പുതിയൊരു വികസനസംസ്കാരം ജനപങ്കാളിത്തത്തോടെ വളർത്തിയെടുക്കാൻ തുടക്കം കുറിച്ചിരിക്കുന്നു.

ഈ പുത്തൻ കാൽവെപ്പിലെ ആദ്യപടിയായി പേരാമ്പ്ര പഞ്ചായത്തിൽ സി കെ ജി എം കോളേജിൽവെച്ച് 1996 സപ്തംബർ മൂന്ന്, നാല്, അഞ്ച് തിയ്യതികളിൽ ജില്ലാതല പരിശീലകർക്കുള്ള ക്ലാസുകൾ നൽകി. പഞ്ചായത്തിൽനി ന്ന് എട്ടു പേർ പ്രസ്തുത ക്ലാസിൽ പങ്കെടുത്തു. തുടർന്ന് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽനിന്നും തെരഞ്ഞെടു ക്കപ്പെട്ട 40 പരിശീലകർക്കുള്ള ഒന്നാംഘട്ട ക്ലാസുകൾ സപ്തംബർ 14-ന് നടത്തപ്പെട്ടു. ആദ്യഘട്ട പ്രവർത്തനത്തിൽ മുഖ്യമായത് രണ്ട് കാര്യങ്ങളായിരുന്നു. വിശേഷാൽ ഗ്രാമസഭകളുടെ സമ്മേളനവും ഒമ്പതാംപദ്ധതിക്ക് രൂപംകൊടു ക്കുമ്പോൾ വികസനരംഗത്ത് നാം നേരിടുന്ന വെല്ലുവിളികളും പരിഹാരങ്ങളും സാധ്യതകളും എന്തൊക്കെയെന്ന് വിശദമായ ചർച്ചയും. സപ്തംബർ 15 മുതൽ ഒക്ടോബർ രണ്ട് വരെയുള്ള രണ്ടാഴ്ചക്കാലംകൊണ്ട് പേരാമ്പ്ര പഞ്ചാ യത്തിലെ 12 വാഡുകളിൽ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകളിൽ പങ്കെടുത്തവർ വ്യത്യസ്ത ഗ്രൂപ്പുകളായി പിരി ഞ്ഞ് വികസനപ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്യുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന കാര്യങ്ങൾ അടങ്ങിയ റിപ്പോർട്ട് പൊതുസഭയിൽ വായിച്ചംഗീകരിക്കുകയുംചെയ്തു. ഗ്രാമസഭയിൽ ശരാശരി ഓരോ വാർഡിലെയും വോ ട്ടർമാരുടെ 20 ശതമാനത്തിലധികം പേർ പങ്കെടുക്കുകയുണ്ടായി. ആകെ പങ്കെടുത്ത 3809 പേരിൽ 2743 പേർ പുരു ഷന്മാരും 1066 പേർ സ്ത്രീകളുമായിരുന്നു. പ്രവർത്തനത്തിൻെറ അടുത്തപടി സ്ഥിതിവിവരക്കണക്ക് ശേഖരണമാ യിരുന്നു. ജില്ലാപഞ്ചായത്ത്തല പരിശീലകർ വിവിധ ഓഫീസുകൾ കയറിയിറങ്ങി ആവശ്യമായ ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു. ശേഖരിച്ച വിവരങ്ങളടങ്ങിയ രേഖ 1996 ഒക്ടോബർ ആറിന് പേരാമ്പ്രയിൽ നടന്ന ജില്ലാതല വിവരശേഖ രണചടങ്ങിൽവെച്ച് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കപ്പെട്ടു. പ്രാഥമിക വിവരശേഖരണത്തിനായി ഒക്ടോ ബർ 14, 15 തിയ്യതികളിൽ രണ്ട് ഗ്രൂപ്പുകൾ പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്ന് ഭൂപ്രകൃതി, മൺതരങ്ങൾ, കൃഷി എന്നിവയെക്കുറിച്ച് പഠനം നടത്തി.

വികസനറിപ്പോർട്ട് തയ്യാറാക്കൽ, വികസന സെമിനാർ സംഘടിപ്പിക്കൽ, ടാസ്ക് ഫോഴ്സ് രൂപീകരണം എന്നിവ സംബന്ധിച്ച ജില്ലാതല പരിശീലനം പേരാമ്പ്ര ഗവർമെണ്ട് കോളേജിൽ ഒക്ടോബർ 21, 22, 23 തിയ്യതിക ളിൽ നടത്തപ്പെട്ടു. തുടർന്ന് പരിശീലകർ യോഗംചേർന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീകരിച്ചു. കൂടാതെ ഒക്ടോ ബർ 25-ന് പഞ്ചായത്തിലെ വിവിധ ആപ്പീസുകളിലെ സ്ഥാപനമേധാവികളുടെ യോഗംചേർന്ന് ചർച്ചകൾ നടത്തി. ഒക്ടോബർ 28-ന് രണ്ടാംഘട്ട പഞ്ചായത്ത്തല ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയിൽ പഞ്ചായത്ത്തല പരിശീല കർക്കുപുറമെ പഞ്ചായത്തിലെ പരിചയസമ്പന്നരായ ആളുകളും ഉദ്യോഗസ്ഥരും പങ്കെടുക്കുകയുണ്ടായി. കേരള പ്പിറവിദിനമായ നവംബർ ഒന്നിന് നടന്ന പുനരർപ്പണപരിപാടിയുടെ ഭാഗമായി 12 വാർഡുകളിൽ 33 പദ്ധതികൾ ശ്രമദാനത്തിൽകൂടി നടത്തി. അതിൽ 1775 പേർ പങ്കെടുത്തു. 2,12,700 രൂപയുടെ പ്രവർത്തനം നടന്നു.



പേരാമ്പ്ര - ഭൂപ്രകൃതി
ഗ്രാമപ്പഞ്ചായത്ത്
N
W
E
S
കുറ്റ്യാടിപ്പുഴ
കൂത്താളി പഞ്ചായത്ത്
ചെറുവണ്ണൂർ പഞ്ചായത്ത്
ചക്കിട്ടപാറ പഞ്ചായത്ത്
നൊച്ചാട്
ചെറുവണ്ണൂർ പഞ്ചായത്ത്
കായണ്ണ പഞ്ചായത്ത്
നൊച്ചാട് പഞ്ചായത്ത്
പുഴത്തീരം
മലമ്പ്രദേശം
വയൽ
കുളം
കുന്നിനും വയലിനും ഇടയ്ക്കുള്ള സമതലം
വെള്ളം കെട്ടിനില്ക്കുന്നസ്ഥലം
തോട്
KUN

# Transect - 1




| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | പുഴത്തീരം | ചെറിയ<br>ചെരിവ് | കുന്നിൻമണ്ട | കുത്തനെയുള്ള<br>ചെരിവ് | വയൽ (താഴ്ന്ന<br>പ്രദേശം) | ഉയർന്ന പീഠഭൂമി |
| മൺതരം | മണൽ<br>മണൽമണ്ണ് | ചെമ്മണ്ണ്<br>വെട്ടുകല്ല് | ചെമ്മണ്ണ്<br>വെട്ടുകല്ല്<br>കരിങ്കല്ല് | ചെമ്മണ്ണ്<br>വെട്ടുകല്ല് | ചെളിമണ്ണ്<br>പശിമരാശി<br>മണ്ണ് | വെട്ടുകല്ല്<br>കുട്ടക്കല്ല്<br>ഒറ്റപ്പെട്ട പാറകൾ |
| സസ്യാവരണം | തെങ്ങ്<br>ഇടവിള | തെങ്ങ്<br>റബ്ബർ | റബ്ബർ<br>കശുമാവ്<br>തെങ്ങ് | റബ്ബർ<br>തെങ്ങ് | നെല്ല്<br>വാഴ<br>കവുങ്ങ് | റബ്ബർ<br>തരിശ് |
| പരിസ്ഥിതി<br>പ്രശ്നങ്ങൾ | വെള്ളക്കെട്ട്<br>പുഴത്തീരം<br>ഇടിച്ചിൽ<br>മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | പാറ<br>പൊട്ടിക്കൽ | മണ്ണൊലിപ്പ് | പാടം<br>നികത്തൽ<br>വെള്ളക്കെട്ട് | വെട്ടുകല്ല്<br>ഖനനം |

# Transect -2



| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | നിരപ്പായ<br>സ്ഥലം | ചെറു<br>ചരിവ് | ഉയർന്ന<br>കുന്നുകളുടെ<br>മുകൾപ്പരപ്പ് | താഴ്വര<br>പ്രദേശം | വെള്ളം കെട്ടി<br>നിൽക്കാത്ത<br>വയൽ | ചതുപ്പ്<br>നിലങ്ങൾ |
| മൺതരം | ചെമ്മണ്ണ്<br>ചരൽ കലർന്ന<br>മണ്ണ് | ചെമ്മണ്ണ്<br>വെട്ടുകല്ല് | വെട്ടുകല്ല്<br>കരിങ്കൽ പാറ | കല്ലും<br>വളക്കൂറുള്ള<br>മണ്ണും | കമ്മൻമണ്ണ്<br>പൊടിമണ്ണ് | ചെളിമണ്ണ് |
| സസ്യാവരണം | തെങ്ങ്<br>മിശ്രകൃഷി | തെങ്ങ്<br>റബ്ബർ | തരിശ്<br>കശുമാവ് | വിവിധ സസ്യ<br>ജാലങ്ങൾ | നെല്ല്<br>കവുങ്ങ് | നെല്ല് |
| പരിസ്ഥിതി<br>പ്രശ്നങ്ങൾ | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | പാറ<br>പൊട്ടിക്കൽ | മണ്ണൊലിപ്പ് | മണ്ണിട്ട്<br>നികത്തൽ | വെള്ളക്കെട്ട് |


Transect 3
Transect
Transect





# 1

# കൃഷി-ജലസേചനം

കാർഷികമേഖലയായിരുന്ന ഈ പഞ്ചായത്തിൽ ഈ നൂറ്റാണ്ടിൻെറ ആരംഭത്തോടെതന്നെ കാർഷികവൃത്തി ആരംഭിച്ചിരുന്നു.

ഗോശാലക്കൽ എടത്തിൽ നായർ, കൂത്താളി മൂപ്പിൽ നായർ തുടങ്ങിയ വൻകിട ജന്മികളുടെ വകയായിരുന്നു കൃഷിസ്ഥലങ്ങൾ മുഴുവനും. ഭൂപരിഷ്കരണനിയമത്തിൻെറ ഭാഗമായി പ്രസ്തുത ഭൂമി കുടിയാന്മാർക്ക് ലഭിച്ചതിനെത്തുടർന്നാണ് വ്യാപകമായി കൈവശഭൂമിയിൽ സ്ഥിരവിളകളായ തെങ്ങ്, കവുങ്ങ് മുതലായവ കൃഷിചെയ്യാൻ ആരംഭിച്ചത്. വയലുകൾ കൈവശംവന്നുചേർന്ന കുടിയാന്മാർ വയൽ നികത്തി പുരയിടംവെക്കുകയും സ്ഥിരം കൃഷി തുടങ്ങുകയും ചെയ്തതും ഇതിനുശേഷമാണ്.

പണ്ടൊക്കെ ഒന്നാംവിള കഴിഞ്ഞാൽ പാടങ്ങൾ കന്നുകാലികളെ മേയ്ക്കാൻ ഒഴിച്ചിടുകയായിരുന്നു പതിവ്. ജലലഭ്യതയുടെ അഭാവം കാരണം രണ്ടും മൂന്നും പുകിൽ കൃഷിയെന്ന ചിന്തപോലും അന്നത്തെ കർഷകർക്കുണ്ടായിരുന്നില്ല. വിതാണ്ടൻ തുടങ്ങിയ നെല്ലും പുല്ലും സുലഭമായുണ്ടാകുന്ന വിത്തിനങ്ങളാണ് അന്ന് പൊതുവെ കൃഷിചെയ്തുവന്നിരുന്നത്. നീർക്കെട്ട് കൂടുതലുള്ള സ്ഥലങ്ങളിൽ കുട്ടാടൻ തുടങ്ങിയ വിത്തിനങ്ങളും കൃഷിചെയ്തിരുന്നു.

വയൽ നികത്തി പുരയിടം വെക്കുന്നതും സ്ഥിരവിളകൾ കൃഷിചെയ്യുന്നതും പതിവായിത്തീർന്നിരിക്കുന്നു. ഇതിനെതിരെ പ്രയോഗിക്കാൻ നിയമമുണ്ടെങ്കിലും വിപുലമായ സാമൂഹ്യഇടപെടലുകൾക്കു മാത്രമേ ഫലപ്രദമായി ഇത് നിയന്ത്രിക്കാൻ കഴിയൂ. നെൽപ്പാടങ്ങൾ നികത്തിയത് പച്ചക്കറി കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. പണ്ട് ഒന്നാം വിള വെടുപ്പ് കഴിഞ്ഞാൽ മകരം മുതൽ മേടംവരെ വയലുകളിൽ കർഷകർ സംഘംചേർന്ന് വെള്ളരി, കുമ്പളം, കയപ്പ, പടവലം, പീച്ചിങ്ങ, വെണ്ട, ചീര, ഇളവൻ, മത്തൻ തുടങ്ങിയ പച്ചക്കറികൾ സമൃദ്ധമായി ഉല്പാദിപ്പിച്ചിരുന്നു. 'ഉച്ചാലിനു നട്ടാൽ വിഷുവിന് ഇലത്തെമ്പിൽ' എന്നൊരു ചൊല്ല്തന്നെ ഇവിടങ്ങളിലുണ്ട്.

ഗ്രാമങ്ങളുടെ നഗരവത്കരണം കൃഷിയെ പ്രതികൂലമായി ബാധിച്ച ചില സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ചെറിയ ഒരു ഗ്രാമമായിരുന്ന ഈ പഞ്ചായത്ത് സാമാന്യം വലിയ ഒരു പട്ടണമായി മാറിയത് വളരെ ചുരുങ്ങിയ കാലം കൊണ്ടാണ്. നാലു ഭാഗത്തുമുള്ള വയലുകളെ വിഴുങ്ങിക്കൊണ്ട് പട്ടണം അതിവേഗം വളർന്നുവരുന്നു.

556

# പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്ത് ഓഫീസ്
2. കൃഷിഭവൻ ഓഫീസ്
3. കൃഷി-ജോയന്റ് ഡയരക്ടറുടെ ഓഫീസ്
4. സീഡ് ഫാം ഓഫീസ്
5. ഇറിഗേഷൻ ഡിവിഷൻ ഓഫീസ് (കുറ്റ്യാടി)
6. ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് (കുറ്റ്യാടി)
7. വാട്ടർ അതോറിറ്റി
8. സോയിൽ കൺസർവേഷൻ ഓഫീസ്
9. സബ് റജിസ്ട്രാർ ഓഫീസ്
10. സബ് ട്രഷറി
11. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
12. പോസ്റ്റാഫീസ്
13. പോലീസ് സ്റ്റേഷൻ
14. ഇലക്ട്രിസിറ്റി മേജർ സെക്ഷൻ
15. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്
16. കാർഷികാദായ നികുതി ഓഫീസ്
17. ഐ സി ഡി എസ് ഓഫീസ്
18. കോടതി
19. സ്പെഷൽ തഹസിൽദാർ (എൽ ആർ) ഓഫീസ്.
20. റവന്യൂ ഇൻസ്പക്ടറുടെ ഓഫീസ്
21. മേഞ്ഞാണ്യം വില്ലേജ് ഓഫീസ്
22. എരവട്ടൂർ വില്ലേജ് ഓഫീസ്
23. സർക്കിൾ ഇൻസ്പക്ടർ ഓഫീസ്
24. പി ഡബ്ല്യൂ ഡി ഓഫീസ് (റോഡ്സ് ആന്റ് ബിൽഡിങ്ങ്)
25. പി ഡബ്ല്യു ഡി ഓഫീസ് (ബ്രിഡ്ജസ്)
26. കമ്യൂണിറ്റി ഹെൽത്ത് സെന്റർ
27. മൃഗാശുപത്രി
28. മാവേലി സ്റ്റോർ
29. ടെലിഫോൺ എക്സ്ചേഞ്ച്
30. മേഞ്ഞാണ്യം ബ്രാഞ്ച് പോസ്റ്റാഫീസ്
31. കിഴിഞ്ഞാണ്യം ,,
32. എരവട്ടൂർ ,,
33. എടവരാട് ,,
34. റെഗുലേറ്റിങ്ങ് മാർക്കറ്റ്
35. റബ്ബർ ബോഡ് ഓഫീസ്
36. ലോക്കൽ ലൈബ്രററി
37. ഹാന്റക്സ് സെയിൽസ് ഡിപ്പോ
38. ലൈഫ് ഇൻഷൂറൻസ് ഓഫീസ്.

## വാണിജ്യ ബേങ്കുകൾ

1. കേരള സ്റ്റെയിറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
2. കനറാ ബേങ്ക്
3. സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ
4. സൗത്ത് മലബാർ ഗ്രാമീണ ബേങ്ക്
5. നെടുങ്ങാടി ബേങ്ക്.

## സഹകരണ സ്ഥാപനങ്ങൾ

1. കെ ഡി സി ബേങ്ക്
2. റീജനൽ കോ-ഓപ്പറേറ്റീവ് ബേങ്ക്
3. കൊയിലാണ്ടി താലൂക്ക് കാർഷിക ഡവലപ്പ്മെന്റ് ബേങ്ക്
4. കൊയിലാണ്ടി താലൂക്ക് മാർക്കറ്റിങ്ങ് സൊസൈറ്റി
5. പയ്യോർമല വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

## സ്വകാര്യ ആശുപത്രികൾ

1. ദീജ ഹോസ്പിറ്റൽ
2. ബ്രദേർസ് ക്ലിനിക്ക്
3. ശങ്കർ ക്ലിനിക്ക്
4. നിർമ്മല ക്ലിനിക്ക്

## സിനിമാശാലകൾ

1. സംഗം ടാക്കീസ്
2. മേഘ്ലാ തിയേറ്റർ
3. കൃഷ്ണഗീത മൂവീസ്
4. വർഷ ടാക്കീസ്.

557

പേരാമ്പ്ര പട്ടണത്തിലെ ഇളമാരൻകുളങ്ങര ക്ഷേത്രത്തിനു പടിഞ്ഞാറ് വശം (ഒന്നാംവാഡിലെ) പടിഞ്ഞാറെ വയൽ എന്നറിയപ്പെട്ടിരുന്ന വിസ്തൃതമായ നെൽപ്പാടം ഇന്ന് നിലവിലില്ല. ഒരു സ്വകാര്യആശുപത്രിയും നൂറുകണക്കിന് ടെറസ് വീടുകളും ഉള്ള ഈ പ്രദേശം പേരാമ്പ്രയിലെ ആൾത്തിരക്കുള്ള Residential area ആയിത്തീർന്നിരിക്കുന്നു. പഞ്ചായത്തിലെ രണ്ടാംവാഡിലെ മണവയലും പേരുമാത്രം അവശേഷിച്ചുകൊണ്ട് ആളുകൾ തിങ്ങിത്താമസിക്കുന്ന ഒരു സ്ഥലമായി മാറിക്കഴിഞ്ഞു. കോൺക്രീറ്റ് കെട്ടിടങ്ങളുടെ കാടുകളായി നഗരത്തിന്റെ നാലുഭാഗവും വയലുകൾ മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. ഇറക്കുമതിചെയ്യുന്ന പച്ചക്കറി, മുട്ട, കോഴി എന്നിവയുടെ ലഭ്യത നഗരവത്കരണത്തിൽ സുലഭമായതോടെ പഞ്ചായത്തിന്റെ പല വാഡുകളിലും പുരയിട കൃഷിസമ്പ്രദായത്തിൽ മാറ്റംവന്നിട്ടുണ്ട്.

10,452 സ്ത്രീകളും 11,778 പുരുഷന്മാരുമടക്കം ഈ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ 22,230 ആണ്. പഞ്ചായത്തിലെ 38% ജനങ്ങളും പത്ത് സെൻറിൽ താഴെമാത്രം ഭൂമിയുള്ളവരും 55% ജനങ്ങൾ ഒരു ഏക്കറിൽ താഴെ ഭൂമി കൈവശമുള്ളവരുമാണ്. ഓരോ കുടുംബത്തിന്റെയും ഭൂമി ജനസംഖ്യാവർധനവിനനുസരിച്ച് കൂടുതൽ കൂടുതൽ തുണ്ടവത്കരിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ തെങ്ങുകൃഷിക്കും നെൽകൃഷിക്കും ശാസ്ത്രീയകൃഷിമുറകൾ നടപ്പാക്കാൻ സംഘകൃഷി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. കൃഷിയെമാത്രം ആശ്രയിച്ച് ജീവിക്കുന്നവർ 10 ശതമാനത്തിൽ താഴെമാത്രമേയുള്ളു. ഉല്പാദനവർധനവിലുള്ള താല്പര്യം പൊതുവെ കുറവാണ്. ഉദ്യോഗസ്ഥരായ കൃഷിക്കാരിൽ ഈ താല്പര്യം തീരെ കുറവാണ്. കർഷകത്തൊഴിലാളി കുടുംബങ്ങളിലെ പുതിയ തലമുറ കാർഷികപ്രവൃത്തിയിൽ വൈമുഖ്യംകാണിക്കുന്നതുകൊണ്ട് കർഷകത്തൊഴിലാളികളുടെ ലഭ്യത അസാമാന്യമായി കുറഞ്ഞുവരുന്നു.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലും പട്ടണവുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ വിശേഷിച്ചും സമീപകാലങ്ങളിൽ ബഹുനില കെട്ടിടങ്ങളുടെ നിർമാണം വളരെ കൂടിവരുന്നുണ്ട്. ഗൾഫ്പണത്തിന്റെ ഒഴുക്ക് ഈ പ്രവർത്തനങ്ങളെ ത്വരിതഗതിയിലാക്കിയതോടെ കർഷകത്തൊഴിലാളികളിൽ വലിയ വിഭാഗം കെട്ടിടനിർമാണരംഗത്തേക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. താരതമ്യേന കൂടുതൽ കൂലിയും തൊഴിൽസൗകര്യങ്ങളുമാവാം ഈ മാറ്റത്തിനു കാരണം. പൊതുവെ കർഷകത്തൊഴിലാളികളുടെ അലഭ്യത കാർഷികമേഖലയെ തളർത്തുന്നതിന് ഒരു ഘടകമായിരിക്കുന്നു.

കൂടുതൽ സ്ഥലത്തും നെൽകൃഷിയാണ് പണ്ടുണ്ടായിരുന്നതെങ്കിൽ ഇന്ന് മുന്നിൽ നിൽക്കുന്നത് തെങ്ങുകൃഷിതന്നെയാണ്. കോഴിക്കോട് ജില്ലയിലെ സർക്കാർ ഉടമയിൽ പ്രവർത്തിക്കുന്ന രണ്ട് നെൽവിത്തുൽപാദന കേന്ദ്രങ്ങളിലൊന്ന് ഈ പഞ്ചായത്തിലാണ്. 11.964 ഹെക്ടർ വിസ്തീർണമുള്ള ഈ ഫാമിൽ 8.612 ഹെക്ടർ വയലാണ്. ഒരു കൃഷി ഓഫീസർക്കും ഒരു കൃഷി അസിസ്റ്റൻറിനും പുറമെ 4 ആൺതൊഴിലാളികളും 19 പെൺതൊഴിലാളികളും ഇവിടെ ജോലിചെയ്യുന്നുണ്ട്. പ്രതിവർഷം 20-25 മെ. ടൺ നെൽവിത്ത് ഈ ഫാമിൽ ഉൽപാദിപ്പിക്കുന്നുണ്ട്. ജില്ലയുടെ മൊത്തം ഉൽപാദനവുമായി തട്ടിച്ചുനോക്കുമ്പോൾ ഉൽപാദനം കുറവാണ്. ജലസേചനസൗകര്യത്തിന്റെ കുറവുകാരണം ഈ സർക്കാർ സ്ഥാപനത്തിൽ മൂന്ന് വിത്ത് നെല്ലുൽപ്പാദനം നടക്കുന്നില്ല. പക്ഷെ, ഈ കാലത്ത് 1.6 ഹെക്ടറിൽ നാമമാത്രമായി പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. ഈ പച്ചക്കറി വിത്തുൽപ്പാദനത്തിന് മാത്രമായതുകൊണ്ട് പഞ്ചായത്തിലെ പച്ചക്കറി ഉപഭോഗത്തിന് ലഭിക്കുന്നില്ല. 5 ഹെക്ടർ സ്ഥലത്തെങ്കിലും (മൂന്നാം വിളയുടെ സ്ഥലത്ത്) പച്ചക്കറികൃഷി നടത്താൻ ഇന്ന് സൗകര്യമുണ്ട്. അത് പൂർണമായും ഉപയോഗിച്ചാൽ പഞ്ചായത്തിലെ പച്ചക്കറി ലഭ്യതയിൽ വലിയ മാറ്റം വരുത്താൻ സഹായകമാണ്.

## ഭൂവിനിയോഗം

(അവലംബം - കൃഷിഭവൻ രേഖ)

| | |
|---|---|
| നെല്ല് ഒന്നാംവിള | 419 ഹെക്ടർ |
| നെല്ല് രണ്ടാംവിള | 225 ഹെക്ടർ |
| നെല്ല് മൂന്നാംവിള | 350 ഹെക്ടർ |
| തെങ്ങ് | 1582 |
| കുരുമുളക് | 60 |
| കവുങ്ങ് | 20 |
| വാഴ | 50 |
| കശുമാവ് | 45 |
| റബ്ബർ | 20 |
| കൈതച്ചക്ക | 5 |
| മരച്ചീനി | 10 |
| വെറ്റിലക്കൊടി | 1 |
| പയർ | 10 |
| മറ്റ് പച്ചക്കറികൾ | 10 |

# പ്രധാന തോടുകൾ

തരിപ്പമലയുടെ ചരിവ്പ്രദേശത്തുനിന്നാരംഭിക്കുന്നതും വഴിയിൽ ഗോശാലക്കൽ താഴെ വെച്ച് പൊൻപറമലയുടെ കിഴക്കേ ചരിവിൽനിന്ന് വരുന്ന ജലം കൂടി യോജിച്ച് ഒഴുകുന്നതുമായ മരക്കാടിത്തോട് ഈ പഞ്ചായത്തിലെ 1, 2, 4, 6, 8, 9, 11 വാർഡുകളെ സ്പർശിച്ച് കല്ലൂർമൂഴിയിൽ വെച്ച് കുറ്റ്യാടിപുഴയിൽ പതിക്കുന്നു. വയൽവിതാനത്തിനും താഴെയായി മാത്രം ഒഴുകുന്ന ഈ തോട് ജലനിർഗമനമാർഗമായല്ലാതെ ജലസേചനത്തിന് പൊതുവെ ഉപയോഗ്യമല്ല. ചില സ്ഥലങ്ങളിൽ വി. സി. ബി. ഇട്ട് വെള്ളം കെട്ടി ജലസേചനം നടത്തിയിരുന്നെങ്കിലും ഇപ്പോൾ അവ പ്രവർത്തനക്ഷമമല്ല. മാത്രമല്ല കുറ്റ്യാടി ജലസേചനപദ്ധതിയിൽനിന്നും കൃഷിയാവശ്യത്തിന് തുറന്നുവിടുന്ന വെള്ളത്തിൽ ഭൂരിഭാഗവും ഈ തോടിലൂടെ ഒഴുകിപ്പോകുന്നത് കാരണം പാഴായിപ്പോകുന്നുണ്ട്. ഇങ്ങനെയാണെങ്കിലും ഇറിഗേഷൻ വകുപ്പ് ഈ തോടിനെ ജലസേചനസഹായിയായി തന്നെയാണ് കണക്കാക്കിയിട്ടുള്ളത്.

നഗരത്തിലെ അഴുക്കുകളും മാലിന്യങ്ങളും ഈ തോടിൽ നിക്ഷേപിക്കുക വഴി പരിസ്ഥിതി മലിനീകരണവും ജലനിർഗമനതടസവും ഒരുപോലെ അനുഭവപ്പെടുന്ന അവസ്ഥയാണിന്നുള്ളത്. ഇതിന്റെ ഫലമായി ചില വർഷങ്ങളിൽ പേരാമ്പ്രയിൽ വെള്ളപ്പൊക്കമുണ്ടായതായും അനുഭവമുണ്ട്. നാടൻ മീൻപിടുത്തവുമായി ബന്ധപ്പെട്ട് ഈ തോടിന്റെ കരകൾ പലവശവും ഇടിഞ്ഞുപോയിട്ടുണ്ട്.

വാല്യക്കോട് മുതൽ ആവളപാണ്ടി വരെ ഒഴുകുന്നതാണ് ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാന തോട്. കുവ്വേലകുനിതാഴ മുതൽ കുറ്റ്യോട്ട് താഴ വരെ തോട് വീതികൂട്ടാനും ജലനിർഗമനം സുഗമമാക്കാനും ഇരുവശത്തുമുള്ള സ്ഥലമുടമകളായ കർഷകരുടെ സമ്മതം വാങ്ങി ഈ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി എട്ട് വർഷംമുമ്പ് തന്നെ കൃഷിവകുപ്പിന് സമർപ്പിച്ചെങ്കിലും ഫലപ്രദമായ നടപടികൾ ഒന്നുമുണ്ടായില്ല. മൊളൈറ്റിതാഴ മുതൽ മുണ്ടപുറത്ത് താഴ വരെയുള്ള തോടും ഇറിഗേഷൻ ആവശ്യത്തിന് കിട്ടുന്ന കനാൽ ജലം ഉപയോഗശൂന്യമായി ഒഴുകിപ്പോകാനാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. കുന്നിക്കൽത്താഴ മുതൽ കല്ലിങ്കൽ വരെയുള്ള തോടാണ് മറ്റൊന്ന്. ഏച്ചിക്കുന്ന്താഴ മുതൽ മുണ്ടയിൽതാഴ വരെയുള്ള തോടും വേണ്ടത്ര ജലസേചനത്തിന് ഉപയോഗപ്പെടുന്നില്ല. പിലാറത്ത്താഴ മുതൽ എളമ്പിലിയത്ത്മൂഴി വരെയുള്ള തോടും മേൽപറഞ്ഞ അവസ്ഥയിലാണ്.

## നെൽപ്പാടങ്ങളുടെ വിസ്തീർണ്ണവും കർഷകരുടെ എണ്ണവും

(അവലംബം - കൃഷിഭവൻ രേഖ)

### നിലവിലുള്ള പാടശേഖര കമ്മിറ്റികൾ

| | | | | | |
|---|---|---|---|---|---|
| 1. | അഴകത്ത് പാടശേഖരം | 20 | ഹെക്ടർ | 98 | കർഷകർ |
| 2. | വൈങ്കുളം പാടശേഖരം | 25 | ,, | 95 | ,, |
| 3. | ചാമക്കുന്നുമ്മൽതാഴ പാടശേഖരം | 25 | ,, | 105 | ,, |
| 4. | ജ്യോതി പാടശേഖരം | 40 | ,, | 108 | ,, |
| 5. | മരുതേരി പാടശേഖരം | 10 | ,, | 36 | ,, |
| 6. | എള്ളുംകോട്ട് പാടശേഖരം | 18 | ,, | 55 | ,, |
| 7. | വിക്രംകണ്ടിത്താഴ പാടശേഖരം | 12 | ,, | 38 | ,, |
| 8. | വെങ്ങപ്പറ്റ പാടശേഖരം | 17 | ,, | 75 | ,, |

പാടശേഖരക്കമ്മിറ്റികൾ നിലവിൽ വരാത്ത പാടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| | | | | | |
|---|---|---|---|---|---|
| 1. | പാണ്ടിക്കോട് വയൽ | 8 | ഹെക്ടർ | 20 | കർഷർ |
| 2. | എടാണിയിൽ താഴവയൽ | 5 | ,, | 13 | ,, |
| 3. | കറ്റയാട്ട്താഴ വയൽ | 10 | ,, | 25 | ,, |
| 4. | കുതിരോട്ട്താഴ വയൽ | 30 | ,, | - | |

കുതിരോട്ട്താഴ വയൽ ഒന്നാവിളക്ക് മാത്രമേ കൃഷിക്കുപയോഗിക്കാൻ കഴിയൂ. മറ്റ് സമയങ്ങളിൽ നീർക്കെട്ടുകൊണ്ട് വിളയിറക്കാൻ കഴിയുന്നില്ല.

## നീർമറി പദ്ധതി

92-93 സാമ്പത്തികവർഷത്തിൽ ആരംഭിച്ചതും പേരാമ്പ്ര, കൂത്താളി, ചങ്ങരോത്ത് എന്നീ പഞ്ചായത്തിൽ ഉൾപ്പെട്ട 758 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നതുമായ മേഞ്ഞാണ്യം നീർമറിയുടെ ആസ്ഥാനം ഈ പഞ്ചായത്തിലാണ്. 36 ലക്ഷം രൂപ എട്ടാംപദ്ധതിയിൽ ഇതിന് വകയിരുത്തിയിട്ടുണ്ട്. പക്ഷെ, 19 ലക്ഷം രൂപ മാത്രമേ ഇതുവരെ ചെലവഴിച്ചു കഴിഞ്ഞിട്ടുള്ളൂ. നീർത്തടപദ്ധതിപ്രദേശത്തുള്ള കർഷകർക്ക് നല്ലയിനം നടീൽവസ്തുക്കളും ജൈവവള കൃഷിക്ക് പറ്റിയ വളച്ചെടിവിത്തുകളും അടുക്കളത്തോട്ടത്തിന് പച്ചക്കറിവിത്തുകളും ഈ പദ്ധതിയുടെ കീഴിൽ ലഭിച്ചുവരുന്നു.

## പ്രത്യേക ഘടകപദ്ധതി

പ്രത്യേക ഘടകപദ്ധതിപ്രകാരം നാല് ഹരിജൻകോളനികളിലായി 2,39,899 രൂപയുടെ വികസനപദ്ധതി കൃഷിഭവനിൽനിന്നും തയ്യാറാക്കി അനുമതിക്കായി അയച്ചുകഴിഞ്ഞിട്ടുണ്ട്.

കാർഷികമേഖലയിൽ യുവജനങ്ങൾക്ക് തൊഴിൽദാനപദ്ധതിയനുസരിച്ച് 95 പേർ കൃഷിഭവനിൽ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ പുരോഗതി ഈ കാര്യത്തിൽ ഇല്ല.

കേരളത്തിൻെറ പല ഭാഗങ്ങളിലും വിതരണം നടത്താനുള്ള തെങ്ങിൻതൈ ഉൽപ്പാദനത്തിനുവേണ്ടി സർക്കാർ വിത്തുതേങ്ങ സംഭരിക്കുന്ന മേഖലയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു. ഒരു ലക്ഷത്തിലധികം വിത്തുതേങ്ങ ഈ പഞ്ചായത്തിൽനിന്നും ശേഖരിക്കാറുണ്ട്.

തെങ്ങിന് കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾ പൊതുവെ കണ്ടുവരുന്നു. പറമ്പുകളിൽ ജലസേചന സൗകര്യം കുറവായതിനാൽ നാളികേര ഉല്പാദനം കുറവാണ്. പ്രതിവർഷവരുമാനം ശരാശരി തെങ്ങൊന്നിന് 35 മാത്രമേയുള്ളൂ. പരമ്പരാഗത രീതിയിലാണ് കൊപ്രനിർമാണം നടക്കുന്നത്. ശാസ്ത്രീയമായ കൊപ്ര ഡ്രയറുകൾ ഉപയോഗത്തിലില്ല. കൊപ്രവിപണനകേന്ദ്രങ്ങൾ പേരാമ്പ്ര പട്ടണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

കേരളത്തിൽ ആകെയുള്ള മൂന്ന് റഗുലേറ്റഡ് മാർക്കറ്റിൽ ഒന്ന് പ്രവർത്തിക്കുന്നത് ഈ പഞ്ചായത്തിലാണ്. കാർഷികോൽപ്പന്ന വിപണനത്തിലെ ഇടത്തട്ടുകാരുടെ ചൂഷണം കുറക്കാനും കർഷകന് പരമാവധി വില കിട്ടുവാനുമുള്ള സംവിധാനം എന്ന നിലയിൽ അമ്പതുകളിൽ ആരംഭിച്ച ഈ മാർക്കറ്റ് ഇന്ന് നാമമാത്ര പ്രവർത്തനവുമായി മുരടിച്ചുനിൽക്കുന്നു. റഗുലേറ്റഡ് മാർക്കറ്റിൻെറ വിപുലീകരണത്തിനായി അക്വയർ ചെയ്ത, ഒരു ഹെക്ടറോളം സ്ഥലം അനാഥമായി കിടക്കുന്നു. കോഴിക്കോട് ജില്ലയിൽ ഇതിനടുത്ത പഞ്ചായത്തായ നടുവണ്ണൂരിൽ സ്ഥാപിച്ചുകഴിഞ്ഞതും പ്രവർത്തനക്ഷമമാകാൻ പോകുന്നതുമായ കേര ഫെഡിൻെറ നാളികേര കോംപ്ലക്സിലേക്കാവശ്യമായ കൊപ്രസംഭരണം മുഴുവനും നടത്താൻ പാകത്തിൽ പേരാമ്പ്രയിലെ റഗുലേറ്റഡ് മാർക്കറ്റ് വികസിപ്പിച്ചെടുക്കാവുന്നതാണ്. ആസൂത്രണത്തിലെ അപാകത കാരണം ഇന്ന് ഇത് പ്രയോഗക്ഷമമല്ല.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ഈ പഞ്ചായത്തിൽ നടക്കുന്നില്ല. ഇറക്കുമതിയെ ആശ്രയിക്കുന്നു. വെറ്റിലക്കൊടി കൃഷിക്ക് പറ്റിയ പ്രദേശങ്ങളുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗിക്കുന്നില്ല. മണ്ണ്പരിശോധനയുടെ കാര്യത്തിലും കൃഷിക്കാർ വിമുഖരാണ്. പൊതുവെ അമ്ലത കൂടുതലുള്ള മണ്ണാണ് പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ഉള്ളത്. കുമ്മായത്തിൻെറ ലഭ്യതയും ഉപയോഗവും കൂട്ടേണ്ടതുണ്ട്.

ഗ്രാമസഭ ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ടുന്ന പ്രശ്നങ്ങൾ:

1) മൊത്തത്തിൽ കൃഷി ലാഭകരമല്ല.

2) നെൽകൃഷി നഷ്ടമാണ്.

3) പഞ്ചായത്തിൽ 15.1 സ്ഥലത്ത് നീർക്കെട്ട് കൃഷിയെ ബാധിക്കുന്നു.

4) നല്ലയിനം നടീൽവസ്തുക്കൾ ലഭ്യമല്ല.

5) കർഷകത്തൊഴിലാളികളെ ലഭിക്കുന്നില്ല.

6) അമ്ലത കൂടുതലുള്ള മണ്ണാണ്.

7) മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം സാർവത്രികമല്ല.

8) ജലസേചനസൗകര്യങ്ങൾ പരിമിതം.

9) പറമ്പുകളിൽ ജലസേചനം ഇല്ല.

10) തെങ്ങിന് കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നിവ കണ്ടുവരുന്നു.

11) ജൈവവള ലഭ്യത കുറവാണ്.

12) കൃഷിഭവന്റെ സേവനം പര്യാപ്തമല്ല.

13) പച്ചക്കറികൃഷി വിരളമാണ്.

14) പൂവ് കൃഷിചെയ്യുന്ന സമ്പ്രദായം ഇല്ല.

# പരിഹാരനിർദേശങ്ങൾ

1) ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം നടത്തുക. പല വാർഡുകളിലും താഴെ വയലിൽനിന്നും ജലം കുന്നിൻമുകളിലുള്ള ടാങ്കുകളിലെത്തിച്ച് ജലസേചനം ഉറപ്പാക്കുക. (ഉദാഹരണത്തിന് പൊൻപറക്കുന്ന്, കൂനേരിക്കുന്ന്, മരുതോറക്കുന്ന്, ചേർമല, കണ്ണോത്ത്കുന്ന് ആനേരിക്കുന്ന്, വല്ലാറ്റമല, പൈത്തുമ്പമല, നെടിഞ്ഞിൽപറ്റക്കുന്ന്, മാമ്പറക്കുന്ന്, മഠത്തിൽമീത്തൽക്കുന്ന്, ആറാട്ട്കാപ്പ്, കട്ക്കാട്കുന്ന്, തരിപ്പ്മല, കുളപ്പുറത്തുമീത്തൽ, അരീക്കൻചാൽമീത്തൽ, ഊത്രോത്ത്മീത്തൽ, ഉണ്ണിക്കുന്ന്, മണ്ണാൻകുന്ന്, കാപ്പുമല, കൈപ്പറംകുന്ന്, നരിമഞ്ചക്കൽമീത്തൽ തുടങ്ങിയവ)

2) വയൽ നടുവിലൂടെ പോകുന്ന ഇറിഗേഷൻ കനാലുകളിൽനിന്ന് പാർശ്വത്തോടുകൾ നിർമിച്ച് ഇരുകരയുടെയും സമീപത്തുള്ള വയലുകളിൽ ജലസേചനസൗകര്യം ഉണ്ടാക്കുക.

3) പാൽ സൊസൈറ്റി (കാർഷിക കൂട്ടായ്മയിലൂടെ) ഉണ്ടാക്കി ഗ്രാമീണതൊഴിൽ മേഖലയിലും ജൈവവളലഭ്യതയിലും വർധനവുണ്ടാക്കും.

4) ശാസ്ത്രീയ കൊപ്രഡ്രയറുകൾ കൃഷിവകുപ്പിന്റെ സഹായത്തോടെ സ്ഥാപിക്കുക.

5) മണ്ണിന്റെ അമ്ലാംശം കുറവുചെയ്യുന്നതിന് കുമ്മായപ്രയോഗം വിപുലപ്പെടുത്താനും മണ്ണ് പരിശോധനക്ക് അനുസൃതമായി വളപ്രയോഗം നടത്താനുമുള്ള ബോധവൽക്കരണം. കൃഷിവകുപ്പ് സഹായത്തോടെ എല്ലാ വീടുകളിലും പച്ചക്കറികൃഷി എന്ന സങ്കൽപം കാർഷികകൂട്ടായ്മയിലൂടെ സംഘടിപ്പിക്കൽ.

6) പലയിനം നാടൻവാഴകളും (മൈസൂർ, പൂവൻ, കദളി) പുനരുജ്ജീവിപ്പിക്കാൻ ഒരു വീട്ടിൽ 5 വാഴ എന്ന നിലയിൽ കർഷകകൂട്ടായ്മയോടെയും കൃഷിഭവൻ സഹായത്തോടെയും ഒരു പദ്ധതി നടപ്പിലാക്കുക.

7) പഞ്ചായത്തിലെ പ്രധാന തോടുകൾ വീതികൂട്ടി, വശം കെട്ടി ജലസേചനസൗകര്യം വർധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

8) സർക്കാർ ഉടമസ്ഥതയിലുള്ള സീഡ്ഫാമിൽ 5 ഹെക്ടർ സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി നടത്താൻ സൗകര്യമുണ്ട്. അത് പൂർണമായും ഉപയോഗപ്പെടുത്തുക. ജലസേചനസൗകര്യം ഏർപ്പെടുത്തി ഉൽപാദനം കൂട്ടുക.

9) റഗുലേറ്റഡ് മാർക്കറ്റിന്റെ വക തരിശായി കിടക്കുന്ന സ്ഥലം മറ്റുപയോഗത്തിന് വേണ്ടിവരുന്ന സമയംവരെ പച്ചക്കറികൃഷിക്ക് ഉപയോഗിക്കാൻ സൗകര്യമുണ്ടാക്കുക.

10) റഗുലേറ്റഡ് മാർക്കറ്റ് വിപുലപ്പെടുത്തി കാർഷികഉല്പാദന വിപണസാധ്യത വർദ്ധിപ്പിക്കുക.

11) കർഷക കൂട്ടായ്മയിലൂടെ ആയക്കെട്ട് പ്രദേശങ്ങളിൽ നെൽകൃഷി നടപ്പാക്കാൻ ശ്രമിക്കുക. ഇതുവഴി ജലലഭ്യതയുടെ ആവശ്യം ഏകീകരിക്കാൻ ശ്രമിക്കുക.

12) പുതിയ നീർത്തടപദ്ധതികൾ ആരംഭിക്കുക.

| തെങ്ങ് | | | | രോഗം ബാധിച്ച തെങ്ങുകൾ | | | | |
|---|---|---|---|---|---|---|---|---|
| വിസ്തീർണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെംബ്ലീസംഗ് | മറ്റുള്ളവ | ആകെ |
| 1582 ഹെ. | 193636 | 9488204 | 9681840 | 1840 | 1280 | 1820 | 230 | 5170 |

അനുബന്ധം - 5


## മണ്ണു സംരക്ഷണം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശത്തിന്റെ വിസ്തീർണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെനീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | മഞ്ചേരിക്കുന്ന് ഹരിജൻ കോളനി | 3240 (ഹെക്ടർ) | 1250 മീറ്റർ | 70,000/- | 23 | 17-3-'95 | 30-3-96 | 3.0017 (ഹെക്ടർ) | 20 | 39156 |
| 2. | മേഞ്ഞാണ്യം വാട്ടർഷെഡ് NWDPRA | 758 (ഹെക്ടർ) | - K.M. | 1152000/- | - | 4-4-93 | - | 402 (ഹെക്ടർ) | 942 | 702600 |
| 3. | പാറപ്പുറം ഹരിജൻ കോളനി | 3298 (ഹെക്ടർ) | - | 25300 | 19 | 15-11-84 | 3-12-87 | 2.85 (ഹെക്ടർ) | 18 | 18022 |


മേഞ്ഞാണ്യം വാട്ടർ ഷെഡ് (N W D P R A) പേരാമ്പ്ര - കൂത്താളി - ചങ്ങരോത്ത് എന്നീ പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്നു. ആയതിനാൽ പഞ്ചായത്ത് വിസ്തീർണ്ണം ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ബന്ധപ്പെട്ട ടീംലീഡറുടെ ആപ്പീസിൽനിന്ന് ലഭിക്കുന്നതാണ്.

ടീം ലീഡറുടെ ആപ്പീസ്: പേരാമ്പ്ര കൃഷിഭവൻ

195



പേരാമ്പ്ര പഞ്ചായത്ത് – വിദ്യാഭ്യാസ സ്ഥാപനങ്ങൾ
N
W
E
S
1. A.M.L.P.S. എടവരാട്
2. M.L.P.S. എരവട്ടൂർ
3 N.V.U.P. എരവട്ടൂർ.
4 P.H.S.S. പേരാമ്പ്ര
5. A.L.P.S. കല്ലോട്
6. G.U.P.S. പേരാമ്പ്ര
7. A.U.P.S. പേരാമ്പ്ര
8. ദാറുന്നുജൂം യത്തീംഖാന
9 വൃന്ദാവൻ. യു.പി. എസ്.
10 ALPS മരുതേരി
11. NIM.L.P.S
12. St. ഫ്രാൻസിസ് സ്കൂൾ.
13 C.K.G കോളേജ്

## കൃഷികൾ - പേരാമ്പ്ര പഞ്ചായത്ത്









# 2

# മൃഗസംരക്ഷണം, മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ രണ്ട് പാൽസൊസൈറ്റികൾ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ പേരാമ്പ്ര പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ മിൽമ പാലാണ് ഉപയോഗിക്കുന്നത്. പ്രതിദിനം 1500 ലിറ്റർ പാൽ മിൽമ വഴി വിതരണംചെയ്യുന്നു. വീടുകളിൽ പശുവിനെ വളർത്തുന്നവർ സ്വന്തം ഉപയോഗം കഴിഞ്ഞ് 500 ലിറ്റർ പാൽ വിൽപ്പന നടത്തുന്നു. ശരാശരി ഒരു കുപ്പി പാലിന് 8 രൂപ വരെയാണ് ഉല്പാദകർ കൊടക്കുന്ന വില. കാലിത്തീറ്റക്കായി ഒ. കെ., പിണ്ണാക്ക്, പാലക്കാടൻ വൈക്കോൽ എന്നിവ പ്രധാനമായി ഉപയോഗിക്കുന്നു. ശാസ്ത്രീയമായ പുൽവളർത്തുകേന്ദ്രങ്ങൾ ഇല്ല. സമ്പുഷ്ടിപ്പെടുത്തിയ വൈക്കോൽ ഉപയോഗം ഇല്ല.

പേരാമ്പ്രയിൽ ഒരു വെറ്ററിനറി പോളി ക്ലിനിക്ക് ഉണ്ടെങ്കിലും പട്ടണപ്രാന്തങ്ങളിലുള്ളവർക്ക് മാത്രമേ ഇതിന്റെ ഉപയോഗം പരമാവധി ലഭിക്കുന്നുള്ളൂ. മൃഗാശുപത്രിക്ക് സ്വന്തമായി വാഹനമില്ല. എങ്കിലും പ്രജനനപരിപാടികളും രോഗചികിത്സയും ചെറിയ അളവിൽ നടത്തുന്നുണ്ട്. 200-ൽ അധികം മൃഗങ്ങളെ പ്രതിമാസം പോളിക്ലിനിക്കിൽ ചികിത്സാർഥം എത്തിക്കുന്നുണ്ട്. വീടുകളിൽ പോയി 250-ലധികം മൃഗങ്ങളെ ചികിത്സിക്കുന്നുണ്ട്. ലൈസൻസുള്ള കശാപ്പുശാലകളിൽ പ്രതിദിനം 200 കിലോ ഇറച്ചി വില്പന ഈ പഞ്ചായത്തിൽ നടക്കുന്നുണ്ട്. മാംസവ്യാപാരത്തിൽ 80% കോഴിയിറച്ചിയാണ്. പ്രതിമാസം 8 ടൺവരെ കോഴികളെ മാംസാവശ്യത്തിന് പേരാമ്പ്ര പഞ്ചായത്തിൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിൽ വെറ്ററിനറി പോളിക്ലിനിക്കിൽനിന്ന് വളർത്തുനായ്ക്കൾക്ക് പേവിഷബാധക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നുണ്ട്. 11 രൂപയാണ് വാക്സിന് വില ഈടാക്കുന്നത്. 1996 എപ്രിൽ മുതൽ ഇതുവരെ 32 വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തി. പശുക്കൾക്ക് വന്ധ്യതാപരിശോധന, കോഴിവസന്തക്കെതിരെ പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയവക്ക് വേണ്ടി ഗോരക്ഷാകേമ്പുകൾ നടത്തിവരുന്നുണ്ട്.

കറവുള്ള 3346 നാടൻപശുക്കളും 394 സങ്കരയിനം പശുക്കളും ഈ പഞ്ചായത്തിലുണ്ട്. കറവയില്ലാത്ത 1829 നാടൻപശുക്കളും 334 സങ്കരയിനം പശുക്കളുമാണുള്ളത്. ആകെയുള്ള 46 എരുമകളിൽ 31 എണ്ണം കറവുള്ളവയാണ്.

1430 ആടുകളും 618 പട്ടികളും ഈ പഞ്ചായത്തിലുണ്ട്. ആകെ മൃഗസംഖ്യ പഞ്ചായത്തിൽ 920 വരും. ആകെയുള്ള 4415 പിടക്കോഴികളിൽ 2206 എണ്ണം മുട്ടയിടുന്നതാണ്. പൂവൻകോഴികൾ 1938 എണ്ണമാണ്. പഞ്ചായത്തിലെ 1, 2, 5, 9, 10, 11, 12 വാർഡുകളിൽ വളർത്തുതാറാവുകൾ 36 എണ്ണമുണ്ട്. ഇതിൽ 20 എണ്ണം പെൺതാറാവുകളാണ്. കോഴി വളർത്തുകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. ഇറക്കുമതിയെ തന്നെ ആശ്രയിക്കുന്നു. എരുമ, ആട് എന്നിവയെ വളരെ ചെറിയ അളവിൽ മാത്രമേ വളർത്തുന്നുള്ളൂ. ഏതാണ്ട് നൂറിൽ താഴെ കാളകളെ നിലം ഉഴാൻ ഉപയോഗിക്കുന്നുണ്ട്. പ്രജനനാവശ്യത്തിന് നാമമാത്രമായി മാത്രമേ കാളകളെ വളർത്തുന്നുള്ളൂ. പ്രതിദിനം ഈ പഞ്ചായത്തിൽ പതിനായിരത്തിൽ കുറയാത്ത മുട്ടയുടെ ഉപഭോഗം നടക്കുന്നുണ്ട്. ഇതും ഇറക്കുമതിയെ ആശ്രയിക്കുന്നു.

## പരിഹാരനിർദേശങ്ങൾ

1) കോഴിവളർത്തുകേന്ദ്രങ്ങൾ സ്വകാര്യ ഉടമസ്ഥതയിൽ ആരംഭിക്കാനുള്ള പ്രോത്സാഹനവും ബോധവൽക്കരണവും സഹായവും നൽകുക. കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും കാര്യത്തിൽ സ്വയംപര്യാപ്തത. ഇതുവഴി ഗ്രാമീണ തൊഴിൽമേഖലയിൽ (പ്രത്യേകിച്ചും വനിതകളുടെയും വീട്ടമ്മമാരുടെയും) ഉണർവുണ്ടാക്കുക.

2) തീറ്റപ്പുൽവളർത്തലിലും സമ്പുഷ്ട വൈക്കോൽ നിർമാണത്തിലും ബോധവൽക്കരണം.

3) മുയൽവളർത്തൽ, കാടവളർത്തൽ എന്നിവ പ്രോത്സാഹിപ്പിച്ച് മാംസലഭ്യതയും വർധിപ്പിക്കുക.

4) പശുവളർത്തൽ പ്രോത്സാഹിപ്പിക്കാൻ എല്ലാ വാർഡുകളിലും കൂട്ടായ്മയോടെ പാൽ സൊസൈറ്റികൾ ആരംഭിക്കാനും ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ച് ഊർജോൽപാദനത്തിനും ജൈവവളലഭ്യത വർധിപ്പിക്കാനുമുള്ള പദ്ധതികൾക്ക് രൂപംകൊടുക്കുക.

### മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ മത്സ്യവളർത്തുകേന്ദ്രങ്ങൾ ഇല്ല. പ്രതിദിനം 10 ടൺ വിവിധതരം മത്സ്യങ്ങൾ ഇവിടെ വിപണനത്തിനെത്തുന്നുണ്ട്. ഇവിടെ 95% കടൽമത്സ്യങ്ങളാണ്. മത്തി, അയല എന്നിവയാണ് പ്രധാന കടൽമത്സ്യവിപണനം. വളരെ ചെറിയ അളവിൽ മറ്റു നല്ല മത്സ്യങ്ങൾ വിപണനംചെയ്യപ്പെടുന്നുണ്ട്. ഇത് മൊത്തം വിപണനത്തിൻെറ 5% മാത്രമേ വരുന്നുള്ളൂ. പഞ്ചായത്ത് എത്ര പരിശ്രമിച്ചിട്ടും മാർക്കറ്റിൻെറ ശുചിത്വം വേണ്ടത്ര പരിപാലിക്കാൻ കഴിയുന്നില്ല. കേരളത്തിലെ മാതൃകാപരമായ മത്സ്യമാർക്കറ്റാണ് പഞ്ചായത്ത് നിർമ്മിച്ചതെങ്കിലും വിപണനം നടത്തുന്നവരും ഉപഭോഗം നടത്തുന്നവരും ഇവിടെ ശുചിത്വം പാലിക്കാൻ സന്നദ്ധത കാട്ടുന്നില്ല.

## പരിഹാര നിർദേശങ്ങൾ

1) പഞ്ചായത്തിൻെറ അധീനതയിലുള്ള നരിക്കിലാപുഴയിൽ ശുദ്ധജലമത്സ്യകൃഷി ആരംഭിക്കുക, ഗണപതികണ്ടി താഴകുളം, കടുക്കുഴി എടവലത്ത് താഴകുളം എന്നിവ ശുദ്ധജലമത്സ്യകൃഷിക്കുപയോഗിക്കുക.

2) മത്സ്യ-ഇറച്ചി മാർക്കറ്റുകളുടെ ശുചിത്വം നിലനിർത്താൻ കച്ചവടക്കാരിലും നാട്ടുകാരിലും ബോധവൽക്കരണം ഊർജിതപ്പെടുത്തുക.

**രാസവള-കീടനാശിനി വിതരണം - പേരാമ്പ്ര പഞ്ചായത്ത്**

| സ്ഥാപനം | 93-94 രാസവളം | 93-94 കീടനാശിനി ഖരം | 93-94 കീടനാശിനി ദ്രവം | 94-95 രാസവളം | 94-95 കീടനാശിനി ഖരം | 94-95 കീടനാശിനി ദ്രവം | 95-96 രാസവളം | 95-96 കീടനാശിനി ഖരം | 95-96 കീടനാശിനി ദ്രവം |
|---|---|---|---|---|---|---|---|---|---|
| സഹകരണം-2<br>സ്വകാര്യം-2 | 391567 | 195 | 2170 | 390578 | 135 | 1900 | 314071 | 120 | 1736 |

## അനുബന്ധം - 3

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്


### 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 1025.61 |
| പുരയിടം | 4091.06 |
| പുറമ്പോക്ക് | 296.43 |
| കൃഷിയോഗ്യ തരിശ് | 5.00 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | - |
| ആകെ | 5418.10 |

### 3.2 - വിള വിസ്തീർണവും ഉല്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 419 ഹെക്ടർ | 628500 K.g. | 1500 |
| നെല്ല് (രണ്ടാംവിള) | 225 ,, | 377500 ,, | 1500 |
| നെല്ല് (മൂന്നാംവിള) | 350 ,, | 875000 ,, | 2500 |
| പയർ | 10 ,, | 6000 ,, | 600 |
| എള്ള് | - | - | - |
| പച്ചക്കറികൾ | 10 ,, | 60,000 ,, | 6000 |
| തെങ്ങ് | 1582 ,, | 9681840 ,, | 6120 |
| വാഴ | 50 ,, | 100000 ,, | 20000 |
| മരച്ചീനി | 10 ,, | 50,000 ,, | 5,000 |
| കുരുമുളക് | 60 ,, | 3000 ,, | 500 |
| പ്ലാവ് | - | - | - |
| കശുമാവ് | 45 ,, | 45,000 ,, | 1000 |
| മാവ് | - | - | - |
| റബ്ബർ | 20 ,, | 30,000 ,, | 6000 |
| കവുങ്ങ് | 50 ,, | 12,500 ,, | 25,000 |
| കൈതച്ചക്ക | 5 ,, | | |

568



# 3

# സാമൂഹ്യക്ഷേമം

സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ഒട്ടേറെ ജനങ്ങൾ നമുക്കിടയിലുണ്ട്. അവരുടെ ഉന്നമനത്തിലൂടെ മാത്രമേ നാടിനെ പുരോഗതിയിലേക്ക് നയിക്കാനാവൂ. സർവമേഖലയിലും സമത്വമുള്ള ഒരു ജനത നാടിൻെറ അഭിമാനമാണ്. ദൗർഭാഗ്യവശാൽ ഈ അവസ്ഥയിലെത്തിച്ചേരാൻ നമുക്ക് സാധിച്ചിട്ടില്ല. സാമൂഹ്യവും ചരിത്രപരവുമായ ഒട്ടേറെ കാരണങ്ങൾ ഇതിനുണ്ട്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്ക് ഉയിർത്തെഴുന്നേൽപ്പിൻെറ പാതയിലൂടെ മുന്നേറാൻ വ്യക്തമായ ദിശാബോധവും സഹായവും നൽകേണ്ടതുണ്ട്. അപ്പോൾ മാത്രമേ അവരെ നാടിൻെറ പുരോഗതിയുടെ കണ്ണികളായി വിളക്കിച്ചേർക്കാൻ കഴിയുകയുള്ളു. അതിനുതകുന്നതാകണം സാമൂഹ്യ ക്ഷേമപരിപാടികൾ. ദാരിദ്ര്യനിർമാർജനം എന്നത് മുഖ്യലക്ഷ്യമാകണം ഈ പദ്ധതികൾക്ക്. ഈയൊരടിത്തറയിൽ നിന്നുകൊണ്ടുമാത്രമേ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ,വിലയിരുത്താനാകൂ.

ഗ്രാമങ്ങളിലെ പാവപ്പെട്ട ജനങ്ങളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്താനുള്ള ബഹുമുഖ പദ്ധതികളാണ് ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പേരാമ്പ്ര പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി 1025 കുടുംബങ്ങളാണുള്ളത്. ഇതിൽ 232 പേർ പട്ടികജാതിയിൽപെടുന്നു. ഇവരുടെ ഉയർച്ചയായിരിക്കണം ഇവിടെ നടക്കുന്ന ഏതൊരു ക്ഷേമപദ്ധതിയുടെയും ലക്ഷ്യം. ദാരിദ്ര്യനിർമാർജനം എന്ന ലക്ഷ്യം നേടിയെടുക്കുവാനായി കേന്ദ്ര സംസ്ഥാന ഗവർമെണ്ടുകൾ തുല്യതോതിൽ ചിലവ് പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ഗ്രാമ വികസന പരിപാടി. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുകയാണ് ഈ കുടുംബ പദ്ധതിയുടെ ലക്ഷ്യം. വാർഷിക കുടുംബവരുമാനം 11000 രൂപയിൽ താഴെയുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഐ ആർ ഡി പി സർവെ ലിസ്റ്റിൽ നിന്നും ഏറ്റവും പാവപ്പെട്ടവരെ ആദ്യം സഹായിക്കുക എന്ന രീതിയനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. എട്ടാം പദ്ധതിയിൽ കഴിഞ്ഞ നാലുവർഷങ്ങളിലായി പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 265 കുടുംബങ്ങളെ സഹാ

യിച്ചിട്ടുണ്ട്. അവരിൽ 122 പേർ പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവരാണ്. ഗവർമെണ്ടിൽ നിന്ന് ലഭിക്കുന്ന സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പയും ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പരിപാടിയിൽ സർവെ ലിസ്റ്റിലുള്ള വളരെ കുറഞ്ഞ കുടുംബങ്ങൾക്കേ സഹായം നൽകാൻ കഴിഞ്ഞിട്ടുള്ളു.

കൈത്തൊഴിലുപകരണ വിതരണ പരിപാടി ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി 1992-93 മുതൽ നടപ്പിലാക്കിവരുന്നു. ഈ പരിപാടി സംയോജിത ഗ്രാമവികസന പരിപാടിയുടെ മറ്റൊരു അനുബന്ധ പരിപാടിയാണ്. മരപ്പണി, ഇരുമ്പ് പണി, സ്വർണപ്പണി, ലോട്ടറി വില്പന, ചെരിപ്പ് നിർമാണം എന്നി തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെയാണ് ഈ പദ്ധതി മുഖേന സഹായിക്കുന്നത്. ഒരാൾക്ക് ശരാശരി 2000 രൂപയുടെ വൈദ്യുതി ഉപയോഗിച്ചുള്ള ഉപകരണങ്ങളാണെങ്കിൽ 4500 രൂപ വരെയുള്ള സഹായമാണ് ഈ പദ്ധതിമുഖേന ലഭ്യമാക്കുന്നത്. ഉപകരണങ്ങളുടെ വിലയുടെ പത്തു ശതമാനം ഗുണഭോക്താവ് നൽകണം. ഈ പദ്ധതിയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ 72 കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്.

ട്രൈസം: (**Training of Rural youth for self Employment**)_ ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട, കുടിൽ വ്യവസായ സർവീസ് മേഖലയിൽ സ്വയംതൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണിത്. പരിശീലനത്തിനുശേഷം ഐ ആർ ഡി പി മുഖേന വായ്പയും സബ്സിഡിയും കൊടുത്ത് നിശ്ചിത തൊഴിൽ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്നു. ഐ ആർ ഡി പിയുടെ ഒരു അനുബന്ധ പരിപാടിയാണിത്. പ്രതിവർഷം ഒരു ബ്ലോക്കിൽ 40 പേർക്ക് ഈ പദ്ധതിയിൽ പരിശീലനം നൽകുന്നു. പരിശീലനാർഥികൾക്ക് സ്റ്റൈപ്പൻറും പരിശീലകർക്ക് പാരിതോഷികവും നൽകുന്നു. എട്ടാം പദ്ധതിയിൽ മൊത്തം പഞ്ചായത്തിൽ 42 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പക്ഷേ, തങ്ങൾ പരിശീലിച്ച തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കുന്നവർ കുറഞ്ഞപേരെയുള്ളു. അധികംപേരും മറ്റ് തൊഴിൽ സാധ്യതകൾ നേടി പോയവരാണ്. പരിശീലിച്ച തൊഴിലാളികളുടെ ജീവിതം മുന്നോട്ട് നയിക്കാൻ സാഹചര്യമില്ലാത്തതിനാലാണ് അവർ ആ രംഗത്തോട് വിടപറയുന്നത്. പരിശീലിച്ച തൊഴിലിൽ ഉറച്ചുനിൽക്കാനുള്ള സാഹചര്യം അവർക്കുണ്ടാകേണ്ടതുണ്ട്. പ്രാദേശിക സവിശേഷതകളും സാഹചര്യങ്ങളും ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. മണ്ണിനേയും മനുഷ്യനേയും അറിഞ്ഞുകൊണ്ടുള്ള വികസനമേ സ്ഥായിയാകൂ.

ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (DWCRA): ഐ ആർ ഡി പിയുടെ അനുബന്ധമായി നടപ്പിലാക്കുന്ന ഒരു പരിപാടിയാണിത്. ഈ പരിപാടി പ്രകാരം വനിതകളുടെ കുടുംബ വരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകിവരുന്നു. വ്യക്തികൾക്കല്ല-വനിതകളുടെ ഗ്രൂപ്പുകൾക്കാണ് ഈ പദ്ധതിയിൽ സഹായം നൽകുന്നത്. ഓരോ ഗ്രൂപ്പിലും പത്തുമുതൽ പതിനഞ്ചുവരെ അംഗങ്ങളുണ്ടായിരിക്കണം. നമ്മുടെ പഞ്ചായത്തിൽ എട്ടാം പദ്ധതിയിൽ 4 DWCRA യൂനിറ്റ് അനുവദിച്ചിട്ടുണ്ട്. ഇത്തരം DWCRA ഗ്രൂപ്പുകൾക്ക് ഇനിയും നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്. സാമൂഹ്യ പിന്നോക്കാവസ്ഥ കാരണം വീടുകളിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്ന വനിതകളെ ഉയർത്തിക്കൊണ്ടുവരാനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്താനും സഹായിക്കുന്ന ഇത്തരം പദ്ധതികൾ ഇനിയും വ്യാപിപ്പിക്കേണ്ടതുണ്ട്.

ഇന്ദിര ആവാസ് യോജന:ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും സ്വന്തമായി 2 സെൻറ് ഭൂമി കൈവശമുള്ളവർക്കും വാസയോഗ്യമായ വീടില്ലാത്തവർക്കും വീട് നിർമ്മിക്കാൻ സഹായധനം നൽകുന്ന ഒരു പദ്ധതിയാണിത്. എട്ടാം പദ്ധതിയിൽ അനുവദിച്ച 33 വീടുകളിൽ 17 എണ്ണം ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. വീടുകൾ ആവശ്യമുള്ള 200 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയാണ് വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്തതിന് കാരണം. ഇനിയും വീട്‌വെക്കാൻ സഹായം ലഭിച്ചിട്ടില്ലാത്ത 167 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സ്വന്തമായി ഒരു കിടപ്പാടം ഇല്ലാത്ത ജീവിത സുരക്ഷിതത്വം നഷ്ടപ്പെട്ട ഈ കുടുംബങ്ങൾക്ക് വീട് വെക്കുകയെന്നത് അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട ഒരു പ്രവർത്തനമാണ്.

സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത 1340 വീട്ടുകാരെയാണ് ഐ ആർ ഡി പി സർവെയിൽ കണ്ടെത്തിയത്. കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി (CRSP) വഴി ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ സഹായം ലഭിക്കുന്നു. 8-ാം പദ്ധതിയിൽ 112 കക്കൂസുകൾ പൂർത്തിയാക്കാൻ സഹായം നൽകിയിട്ടുണ്ട്. സാമ്പത്തിക പരാധീനത തന്നെയാണ് കക്കൂസ് നിർമ്മിക്കാതിരിക്കുന്നതിന് പ്രധാന കാരണമായി ഗ്രാമസഭ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്നത്. ഒരു ഗ്രാമത്തിൻെറ മൊത്തം ആരോഗ്യ പ്രശ്നമായി ഇതിനെ കണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ബാക്കി കുടുംബങ്ങൾക്കുകൂടി കക്കൂസ് നിർമ്മിച്ച് കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം.

ശുദ്ധജലം ലഭിക്കുന്നതിനും ശുചിത്വം പാലിക്കുന്നതിനും ഉതകുന്നതരത്തിലുള്ള കിണർ വേണ്ടവർ ഈ പഞ്ചായത്തിൽ 200 ൽപരം കുടുംബങ്ങൾ ഉണ്ട്. മില്യൻവെൽ പദ്ധതിപ്രകാരം പാവങ്ങൾക്ക് കിണർ കുഴിക്കാനുള്ള സഹായധനം നൽകുന്നുണ്ട്. മുഖ്യമായും പട്ടികജാതി പട്ടികവർഗക്കാർക്കാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഐ ആർ ഡി പി സർവെ പ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. എട്ടാം പദ്ധതിയിൽ കിണർ കുഴിക്കുന്നതിന് വേണ്ടി ഈ പഞ്ചായത്തിൽ 41 പേർക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 5 വീടുകളും അനുവദിച്ചിട്ടുണ്ട്. പക്ഷേ പണി പൂർത്തിയായിട്ടില്ല.

പൊതുവെ ദാരിദ്ര്യനിർമാർജന പദ്ധതികൾ കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ ഉപയോഗപ്പെടുന്നുള്ളു എന്നതാ

ണ് വാസ്തവം. അർഹരായ പലരും ഈ രംഗത്ത് നിന്ന് തഴയപ്പെടുമ്പോൾ അനർഹർ ചിലരെങ്കിലും കടന്നുവരുന്നു എന്നത് ഇത്തരം നടത്തിപ്പിൻെറ അപാകതകളിലൊന്നാവാം. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ പലരും അപേക്ഷകൾ കൊടുക്കുന്നതിനുപോലും തടസ്സമാകുന്നു. മറ്റൊരു പ്രശ്നം ചുവപ്പുനാടയാണ്. ഔപചാരികതകളുടെ ഊരാക്കുടുക്കുകളിലൂടെ ഇഴഞ്ഞുനീങ്ങുമ്പോൾ കാലമേറെ കടന്നുപോകുന്നു. ആവശ്യക്കാരന് പലപ്പോഴും തൻെറ അപേക്ഷയിന്മേൽ മറുപടിപോലും കിട്ടാതെ പോകുന്നു. യഥാസമയം ആനുകൂല്യം കിട്ടാത്ത ഒരവസ്ഥ ഇതുമൂലം സംജാതമാകുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞ സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർക്ക് മുഴുവൻ മറ്റ് പരിഗണനകളില്ലാതെ പെൻഷൻ നൽകാനുള്ള സംവിധാനം ഉണ്ടാകണം എന്നതാണ് ഇതിനൊരു പോംവഴി.

രോഗം, അംഗവൈകല്യം, അവശത, അനാഥത്വം എന്നിവകൊണ്ട് ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായുള്ള പദ്ധതികൾ പഞ്ചായത്തിൽ കുറേപ്പേർക്ക് ഗുണം ചെയ്യുന്നുണ്ട്. ഓരോ വർഷവും ഈയിനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കപ്പെടുന്നത് ടി ബി രോഗികൾക്കാണ്. കുട്ടികളിൽ പ്രൈമറി കോംപ്ലക്സ് എന്ന രോഗം പഞ്ചായത്തിൽ കൂടുതലുണ്ട്.

ഇതിനുപുറമെ കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം എന്നിവ ലഭിക്കുന്ന ധാരാളം പേരുണ്ട്. വിവിധ പെൻഷനുകൾക്കായി കാത്തിരിക്കുന്നവരും ഒട്ടനവധിയാണ്. ഇവരുടെ അപേക്ഷയിന്മേൽ തീരുമാനമുണ്ടാവാൻ കാലതാമസം നേരിടുന്നുവെന്ന് ഗ്രാമസഭയിലൂടെ പരാതിയുന്നയിച്ചിട്ടുണ്ട്. ഐ ആർ ഡി പി സർവെയിലൂടെ കണ്ടെത്തിയവർക്ക് പുറമെ ഇനിയും ധാരാളം പേർ ധനസഹായങ്ങൾക്ക് അർഹരായവരുണ്ടെന്ന് ഗ്രാമസഭകൾ അറിയിക്കുന്നു. അവർക്കുകൂടി ഗുണപ്രദമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമ പ്രവർത്തനരംഗത്ത് മാർഗദർശനം നൽകിക്കൊണ്ട് നെടുംതൂണുകളായി മാറേണ്ടതാണ് അങ്കണവാടികൾ. ഒരു പ്രദേശത്തിൻെറ സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രമായ പഠനം പൂർണ അർഥത്തിൽ ഇന്ന് നടക്കുന്നത് അവയിലൂടെയാണ്. അതിനാൽ അങ്കണവാടികൾക്ക് വികസന പ്രക്രിയയിൽ നിർണായകമായ സ്ഥാനമുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 23 അങ്കണവാടികളാണുള്ളത്. ഇവയിൽ പകുതിയിലധികം എണ്ണത്തിനും കെട്ടിടമില്ല. പലതും ഓലഷെഡിൽ പ്രാഥമിക സൗകര്യത്തിനുപോലും സൗകര്യമില്ലാതെ പ്രവർത്തിക്കുന്നവയാണ്. സ്ത്രീകളുമായി അങ്കണവാടികൾക്കുള്ള ബന്ധം ഏറെ വലുതാണ്. പക്ഷേ നമ്മുടെ പഞ്ചായത്തിൽ പത്തുശതമാനം സ്ത്രീകൾപോലും ഈ സാധ്യത ഉപയോഗപ്പെടുത്തുന്നില്ല. അവരുടെ ആരോഗ്യ പ്രശ്നങ്ങളും ശിശുപരിപാലന രീതികളും മറ്റും അങ്കണവാടി ക്ലാസുകളിലൂടെ കൂടുതൽ മനസ്സിലാക്കാനുള്ള അവസരമാണ് ബന്ധപ്പെടലിൻെറ അഭാവത്തിലൂടെ നഷ്ടപ്പെടുന്നത്. വനിതകൾക്ക് ഒന്നിച്ച് കൂടി തങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കഴിയുന്ന വേദികളാക്കി അങ്കണവാടികളെ ഉയർത്തേണ്ടതുണ്ട്.

അങ്കണവാടികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മഹിളാ സംഘങ്ങൾ മിക്കവാറും നിർജീവങ്ങളാണ്. അവയെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനോന്മുഖമാക്കേണ്ടിയിരിക്കുന്നു. മഹിളാ സമാജത്തിലെ പ്രവർത്തകർക്കായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചാൽ ഇതിന് കഴിയുമെന്നാണ് ഗ്രാമസഭ ചർച്ചകൾ നൽകുന്ന സൂചന. മഹിളാ സ്ഥാപനങ്ങളും മഹിളകളെ കൂടുതൽ ഉന്നതിയിലേക്ക് നയിക്കാൻ കാര്യമായ പങ്ക് വഹിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. അവരെ തങ്ങളിലേക്ക് ആകർഷിക്കാനും അതുവഴി സമൂഹവുമായി കൂടുതൽ ബന്ധപ്പെടുത്താനും ഈ പ്രസ്ഥാനങ്ങൾ ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

ദാരിദ്ര്യ നിർമാർജന പദ്ധതിയെക്കുറിച്ച് പലരും അറിയുന്നില്ല. അതിനാൽ അവയുടെ ഗുണം ന്യൂനപക്ഷത്തിന് മാത്രം. ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല. പെൻഷനുകൾക്ക് അപേക്ഷ കൊടുത്ത് കിട്ടാതെ കാത്തിരിക്കുന്നവർ ധാരാളമുണ്ട്.

ഐ ആർ ഡി പി പദ്ധതിപ്രകാരം സഹായം കിട്ടേണ്ടവരുടെ ലിസ്റ്റിൽ പെട്ടവർക്ക് മുഴുവൻ സഹായം കിട്ടുന്നില്ല.

അർഹരായ മുഴുവൻ പേരെയും ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

വീട് നിർമാണത്തിനും മറ്റുമുള്ള ധനസഹായം അപര്യാപ്തമാണ്.

തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിലെടുക്കാനുള്ള അവസരക്കുറവ്.

അങ്കണവാടികൾക്ക് ഭൗതിക സാഹചര്യങ്ങളില്ല. മഹിളാ സംഘ പ്രസ്ഥാനങ്ങൾ പ്രവർത്തനങ്ങൾ വേണ്ടത്ര ഊർജിതമായി നടത്തുന്നില്ല.

## നിർദേശങ്ങൾ

ദാരിദ്ര്യ നിർമാർജന പദ്ധതികൾ അർഹരായവരിലെത്തിക്കാനുള്ള പ്രചാരണ സംവിധാനങ്ങളുണ്ടാകണം.

സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. അപേക്ഷ നൽകുന്നവർക്ക് അതിന്മേലുള്ള തീരുമാനം പെട്ടെന്നറിയിക്കാനുള്ള സംവിധാനമുണ്ടാകണം.

ആനുകൂല്യങ്ങൾക്കർഹരായ മുഴുവൻ പേരെയും കണ്ടെത്താനുള്ള സമഗ്രമായ സർവെ നടത്തണം.

സഹായധനം ആവശ്യത്തിന് തികയുംവിധം ഉയർത്തേണ്ടതുണ്ട്.

60 വയസ്സ് കഴിഞ്ഞ് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന മുഴുവൻ പേർക്കും മറ്റ് പരിഗണനകളില്ലാതെ പെൻഷൻ നൽകാനുള്ള സംവിധാനമുണ്ടാകണം.

അങ്കണവാടികൾക്ക് ഭൂമിയും കെട്ടിടവും ഉണ്ടാക്കാനുള്ള സംവിധാനം വേണം.

മഹിളാ സംഘങ്ങളെയും പ്രസ്ഥാനങ്ങളെയും പ്രവർത്തനോന്മുഖമാക്കി മാറ്റണം.

## സാധ്യതകൾ

പഞ്ചായത്ത്തലത്തിൽ സന്നദ്ധ സംഘങ്ങളുടെ സഹായത്തോടെ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രചാരണം സംഘടിപ്പിക്കുക. ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവെയും രാഷ്ട്രീയ പാർടി, സന്നദ്ധസംഘടന, ക്ലബ് ഇവയുടെ സഹായത്തോടെ നടത്തുക.

അർഹരായവർക്ക് പെൻഷൻ ലഭിക്കാൻ പഞ്ചായത്തിലെ രാഷ്ട്രീയ പാർടി നേതാക്കൾ, സാമൂഹ്യ സാംസ്കാരിക നേതാക്കൾ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.

അങ്കണവാടി കെട്ടിടങ്ങൾക്ക് ഇപ്പോൾ അനുവദിക്കുന്ന തുക വർധിപ്പിക്കണം. കളിക്കോപ്പുകൾ, ഊഞ്ഞാൽ, സൈക്കിൾ എന്നിവ നൽകാൻ സംവിധാനംവേണം.

മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാര വിതരണ കേന്ദ്രങ്ങളും പ്രതിരോധ ചികിത്സാ സമ്പ്രദായങ്ങളുമുണ്ടാക്കാം.

വനിതകൾക്കായി എല്ലാ വാർഡിലും ഒന്നോ രണ്ടോ പുതിയ DWCRA യൂനിറ്റുകൾ ആരംഭിക്കണം.

വികലാംഗർക്കായി പുതിയ തൊഴിൽ പദ്ധതികൾ കണ്ടെത്തണം.

കമ്പ്യൂട്ടർ സാക്ഷരതക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താം.

പഞ്ചായത്തിലെ പൊതുവിതരണ സമ്പ്രദായം: പഞ്ചായത്തിൽ 10 റേഷൻ ഷാപ്പുകളും ഒരു മാവേലി സ്റ്റോറുമാണ് പ്രവർത്തിക്കുന്നത്. സഹകരണ സ്റ്റോറുകൾ, സ്കൂൾ സഹകരണ സംഘങ്ങൾക്ക് കീഴിലുള്ളവ മാത്രമേ പ്രവർത്തിക്കുന്നുള്ളു.

## പ്രശ്നങ്ങൾ

പഞ്ചായത്തിൽ പല റേഷൻ ഷാപ്പുകളിലും......... ലധികം കാർഡുടമകളുണ്ട്. ഇത് ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്നു.

ചില പ്രദേശങ്ങളിൽ റേഷൻ ഷാപ്പുകളിലേക്ക് കാർഡുടമകൾ വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു.

മാവേലി സ്റ്റോറുകൾ പേരിന് മാത്രമാണ് പ്രവർത്തിക്കുന്നത്.

റേഷൻ ഷാപ്പിലൂടെ വിതരണം ചെയ്യുന്നത് ഗുണമേന്മ കുറഞ്ഞ അരിയാണ്.

മണ്ണെണ്ണ വിതരണം തീരെ കാര്യക്ഷമമല്ല.

## സാധ്യതകൾ

കൂടുതൽ റേഷൻ കടകൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്. ശരാശരി 250 കാർഡിന് ഒന്നുവീതം ഷോപ്പുകൾ വേണം. രണ്ട് കിലോ മിറ്റർ ദൂരത്തിനിടയിൽ ഒരു റേഷൻ ഷാപ്പ് ആവശ്യമാണ്.

പഞ്ചായത്തിൽ ഒന്നോ രണ്ടോ മാവേലി സ്റ്റോറുകൾ സ്ഥാപിക്കാം.

ടൗണിൽ ഒരു സൂപ്പർ മാർക്കറ്റ് തുടങ്ങാവുന്നതാണ്. പൊതുവിതരണ ശൃംഖലയിൽ പച്ചക്കറി സ്റ്റാളുകൾ തുടങ്ങാവുന്നതാണ്.

മണ്ണെണ്ണ പെർമിറ്റ് പഞ്ചായത്ത്വഴി നൽകാനുള്ള നടപടികൾ സ്വീകരിക്കണം. •

അനുബന്ധം - 12

# പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | എൻ.ഇ. | ഇ. | ആകെ | മേജർ (12 വയസ്സിനു മുകളിൽ) | മൈനർ (3-12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ്വഴി വിതരണം ചെയ്തത് (ലി) | കാർഡ്വഴി വിതരണം ചെയ്തത് (ലി) |
| 1991-92 | 3406 | 1212 | 4618 | 20354 | 4607 | 24961 | 15143 | 1172 | 231 | 188 | 1116 | 464 | 18314 | 140 | 8698 | 143306 |
| 1992-93 | 3086 | 1261 | 4347 | 18483 | 4271 | 22754 | 14487 | 1107 | 82 | 243 | 1067 | 122 | 17708 | 144 | 6644 | 159490 |
| 1993-94 | 3028 | 1442 | 4470 | 18180 | 4267 | 22447 | 14465 | 1096 | 161 | 299 | 1070 | 73 | 17164 | 160 | 9640 | 159736 |
| 1994-95 | 3278 | 1480 | 4758 | 19551 | 4471 | 24022 | 15136 | 1299 | 82 | 463 | 1126 | 150 | 18256 | 226 | 11554 | 150840 |
| 1995-96 | 3175 | 1579 | 4754 | 20357 | 3992 | 24349 | 14554 | 1773 | 132 | 317 | 1126 | - | 17902 | 237 | 15154 | 149221 |

572

# പാർപ്പിടം

പാർപ്പിടരംഗത്ത് പഴയ കേരള വീടുകളിൽനിന്ന് പുതിയ കോൺക്രീറ്റ് സൗധങ്ങളിലേക്കുള്ള മാറ്റം ഏറെ ശ്രദ്ധേയമാണ്. പഞ്ചായത്തിൽ എത്തിച്ചേരുന്ന ഗൾഫ് പണത്തിൻെറ നല്ലൊരു ഭാഗവും ചെലവഴിക്കപ്പെടുന്നത് പാർപ്പിടരംഗത്താണ്. ഒരുവശത്ത് കൂറ്റൻ കെട്ടിടങ്ങൾ ഉയരുമ്പോൾ സൗകര്യപ്രദമായ ഭവനങ്ങളുടെ അഭാവവും തീരെ വീടില്ലാത്തവരും ഈ പഞ്ചായത്തിൽ ഉണ്ട്. (പട്ടിക നോക്കുക).

### ദരിദ്രജനങ്ങളുടെ ഭവനനിർമ്മാണം സംബന്ധിച്ച വിവരങ്ങൾ

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം : 520
വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ : 132
പൂർത്തികരിച്ചത് : 97
അനുവദിച്ചതിൽ ഇനിയും പൂർത്തീകരിക്കാനുള്ള വീടുകൾ : 35
ഇനിയും അനുവദിക്കേണ്ട വീടുകൾ : 388

പേരാമ്പ്ര പഞ്ചായത്തിൻെറ പലയിടങ്ങളിലും വീട് നിർമ്മാണം നടത്തുന്നത് വയലുകൾ നികത്തപ്പെട്ടിട്ടാണ്. ഇത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുപോലെ ഭാരിച്ച ചെലവുള്ളതാകുകയും ചെയ്യുന്നു.

കോൺക്രീറ്റ് വീടുകളുടെ ചെലവ് വളരെയേറെ വർദ്ധിക്കുകയാണ്. സിമൻറ്, കമ്പി, വെട്ട്കല്ല്, ബോളർ, മെറ്റൽ എന്നിവയുടെ ഭീമമായ വിലവർദ്ധനവ് ഇടത്തരക്കാരിൽ പലരേയും കടക്കാരാക്കുന്നുണ്ട്. 87-88 കാലത്ത് 70 രൂപ വിലയുണ്ടായിരുന്ന സിമൻറിന് 96-ൽ 188 വരെ വില വർദ്ധിച്ചിട്ടുണ്ട്. വെട്ട്കല്ലിന് 1000-ത്തിന് 1200 രൂപയിൽനിന്ന് 8500 രൂപവരെ വർദ്ധിച്ചിട്ടുണ്ട്. കോൺക്രീറ്റ് യൂനിറ്റിന് 87-88ൽ 1200 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 2200 രൂപയാണ്. സർക്കാർ ജീവനക്കാർക്ക് മാത്രമേ പ്രധാനമായും എൽ. ഐ. സി., ഹഡ്കോ, ദേശസാൽകൃത ബേങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്ന് ഭവനനിർമ്മാണ വായ്പ ലഭ്യമാകുന്നുള്ളൂ. ഹൗസിങ്ങ് സൊസൈറ്റി വഴി ഇടക്കാലത്ത് ദുർബലവിഭാഗങ്ങൾക്ക് സാമ്പത്തികസഹായം നലകുമെന്ന് പറഞ്ഞെങ്കിലും അതിൻെറ സാങ്കേതികപ്രശ്നങ്ങൾ കാരണം സാമാന്യജനത്തിന് ഈ സഹായം ലഭിക്കുന്നില്ല.

ജെ. ആർ. വൈ., ആർ. എൽ. ഇ. പി., എൻ. ആർ. ഇ. പി., ജെ. എ. വൈ എന്നിവ മുഖാന്തിരം അനുവദിക്കപ്പെടുന്ന വീടുകൾക്ക് ഇപ്പോൾ നൽകിവരുന്ന 15,500 രൂപ വീട് പണി പൂർത്തീകരിക്കാൻ തീർത്തും അപര്യാപ്തമാണ്. പലപ്പോഴും വളരെ ദരിദ്രരായ പട്ടികവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അർഹതക്കനുസൃതമായി വീട് അനുവദിക്കുമ്പോൾ ഈ തുകകൊണ്ട് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഇതിൻെറ പ്രതിവിധി സാധ്യമാകുന്നവർക്ക് ലോൺ അനുവദിക്കുക എന്നതാകുമ്പോൾ ഏറ്റവും ദരിദ്രരായവർ തള്ളപ്പെടുകയാണ് ചെയ്യുന്നത്.

ഭവനനിർമ്മാണരംഗത്ത് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കെട്ടിടനിർമ്മാണ മേഖലയിലാണിന്ന് പഞ്ചായത്തിലെ മൊത്തം തൊഴിലാളികളിൽ 70 ശതമാനവും പണിയെടുക്കുന്നത്. ഫ്ളോറിംഗിന് മാർബിൾ, കടപ്പ എന്നിവയാണ് വീടുകൾക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നത്. ഇത് നമ്മുടെ നാടിൻെറ സമ്പത്ത് നല്ലൊരു ഭാഗവും മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നതിന് കാരണമാകുന്നു. കെട്ടിടനിർമ്മാണരംഗത്ത് തൊഴിലാളികൾക്ക് ലഭിക്കുന്ന തൊഴിൽദിനങ്ങളും സാധനസാമഗ്രികളുടെ ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നുണ്ട്.

## പ്രശ്നങ്ങൾ

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില രൂക്ഷമായി കുതിച്ചുയരുന്നു. (ബോളർ, മെറ്റൽ, സിമൻറ്, ഇരുമ്പ്, മാർബിൾ, കടപ്പ).

നിർമ്മാണതൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യ കെട്ടിടനിർമ്മാണത്തിൽ പ്രയോഗിക്കുന്നതിൽ വൈദഗ്ദ്ധ്യമില്ല.

ചെലവ് കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രചാരണങ്ങൾ വളരെ കുറവാണ്.

ഹൗസിംഗ് സൊസൈറ്റികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

വായ്പകൾ ഇടത്തരക്കാർക്കും സാധാരണക്കാർക്കും ലഭ്യമാക്കുന്നതിന് കഴിയുന്നില്ല.

ദരിദ്രവിഭാഗങ്ങൾക്ക് ഇപ്പോൾ ജെ. ആർ. വൈ. പദ്ധതികളിലും മറ്റും അനുവദിക്കുന്ന തുക 22,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള വിലവർദ്ധനവിനെ അപേക്ഷിച്ച് ഇത് പരിമിതമാകുന്നു.

ഭവനരഹിതരായ പലർക്കും സ്വന്തമായി സ്ഥലമില്ല.

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലാണ് കോളനി നിവാസികൾ പലരും താമസിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിലേക്ക് വാഹനസൗകര്യമില്ലാത്തതുമൂലം കെട്ടിടനിർമ്മാണച്ചെലവ് വർദ്ധിക്കുന്നു. ഇവരുടെ വീടുകളിൽ കക്കൂസ് നിർമ്മാണത്തിനും കിണർ കുഴിക്കുന്നതിനും സ്ഥലപരിമിതിയും ഒരു പ്രശ്നമാണ്.

574

കെട്ടിടനിർമ്മാണത്തിൽ ദുർവ്യയവും ധൂർത്തും ക്രമാതീതമായി വർദ്ധിക്കുന്നു.

## സാദ്ധ്യതകൾ, പരിഹാരങ്ങൾ

ഭവനനിർമ്മാണ സഹകരണസംഘം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം. ഹൗസിങ്ങ് ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

കെട്ടിടനിർമ്മാണസാമഗ്രികളുടെ അമിതമായ വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ നടപടികൾ ഉണ്ടാകണം.

ശാസ്ത്രീയമായ രീതിയിൽ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രചാരണം നടക്കണം.

സാങ്കേതികവിദഗ്ദ്ധരുടെ സഹായത്തോടെ ഇന്നത്തെ കെട്ടിടനിർമ്മാണ മേഖലയിലെ ദുർവ്യയവും ധൂർത്തും അവസാനിപ്പിക്കണം.

കെട്ടിടങ്ങൾക്ക് സ്ലാബ് നിർണ്ണയിക്കുക.

ഉയർന്ന സ്ലാബുകാർക്ക് കൂടുതൽ നികുതി ചുമത്തുക.

ദരിദ്രജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കാൻ വെറും സാമ്പത്തികസഹായം മാത്രമല്ല സാങ്കേതികസഹായവും നൽകണം.

'നിർമ്മിതി' പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തിൽ ആസൂത്രിത വീടുകൾ, ജെ. ആർ. വൈ., അൺടൈഡ് പോലുള്ള പദ്ധതികളിൽ പട്ടികജാതി വിഭാഗത്തിന് നിർമ്മിച്ച് കൊടുക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകണം.

ഹൗസിങ്ങ്ബോർഡും സൊസൈറ്റികളും അമിതമായ പലിശ, സങ്കീർണമായ ജാമ്യവ്യവസ്ഥ എന്നിവയിൽ മാറ്റം വരുത്തണം.

പാവപ്പെട്ട വിഭാഗങ്ങൾക്ക് ഇന്ന് വീടുകൾ മാത്രം അനുവദിക്കപ്പെട്ടാൽ പോര. സ്ഥലത്തിന്റെ അമിതമായ വിലമൂലം അവർക്ക് സ്ഥലം സ്വന്തമാക്കുന്നതിനുള്ള കഴിവില്ല. മിച്ചഭൂമികളും പുറമ്പോക്കും മാത്രം ഈ ആവശ്യത്തിന് പ്രയോജനപ്പെടുത്തിയാൽ പോര. വികസനത്തിന്റെ പുറംപോക്കുകളിൽ കഴിയുന്ന ജനവിഭാഗത്തെ ഉയർത്തുകയെന്ന സാമൂഹ്യബാദ്ധ്യത നിറവേറ്റാൻ സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്ഥലം അകിസിഷൻ നടത്താൻ പഞ്ചായത്ത് തയ്യാറാകേണ്ടിവരും. വീടുകളുടെ അനാവശ്യമായ വലുപ്പം നിയന്ത്രിക്കപ്പെടണം.

| വാർഡ് | വീടുകളുടെ എണ്ണം | ഓട്/ടെറസ്സ് | ഓലക്കുടിൽ |
|---|---|---|---|
| 1. | 446 | 329 | 135 |
| 2. | 477 | 353 | 124 |
| 3. | 502 | 350 | 152 |
| 4. | 561 | 273 | 288 |
| 5. | 365 | 226 | 139 |
| 6. | 470 | 318 | 152 |
| 7. | 332 | 206 | 126 |
| 8. | 500 | 304 | 196 |
| 9. | 506 | 279 | 227 |
| 10. | 502 | 369 | 133 |
| 11. | 497 | 288 | 209 |
| 12. | 480 | 320 | 160 |
| ആകെ | 5656 | 3615 | 2041 |

575

## അനുബന്ധം - 11
## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്
### (11-1) - IRDP സർവ്വേ പ്രകാരം- ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബ ങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ച തുവഴി ദാരിദ്ര്യരേ ഖയ്ക്കു മുകളി ലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ് ക്കു താഴെയുള്ള ആകെ കുടുംബ ങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 203 | 2 | 130 | 22 | 42 | 291 |
| II | 137 | 14 | 149 | 36 | 48 | 227 |
| III | 285 | 9 | 48 | 9 | 7 | 331 |
| IV | 285 | 19 | 38 | 15 | 9 | 319 |
| V | 195 | 13 | 35 | 12 | 11 | 224 |
| VI | 288 | 12 | 42 | 10 | 13 | 327 |
| VII | 143 | 8 | 95 | 23 | 29 | 219 |
| VIII | 231 | 12 | 186 | 32 | 65 | 352 |
| IX | 236 | 2 | 95 | 21 | 32 | 299 |
| X | 174 | 5 | 87 | 19 | 28 | 233 |
| XI | 230 | 8 | 80 | 23 | 27 | 283 |
| XII | 163 | 4 | 91 | 19 | 31 | 223 |
| ആകെ | 2570 | 108 | 1076 | 241 | 362 | 3328 |

### (11-5) - ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം


| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബ ങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളി ലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരി ക്കാനുള്ള വീട് | ഇനിയും അനുവദി ക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 275 | 4 | 5 | 6 | |
| I | 46 | 10 | 10 | - | 36 |
| II | 87 | 30 | 30 | - | 57 |
| III | 63 | 17 | 11 | 6 | 46 |
| IV | 58 | 16 | 9 | 7 | 42 |
| V | 71 | 46 | 37 | 9 | 25 |
| VI | 49 | 33 | 27 | 6 | 16 |
| VII | 33 | 4 | 3 | 1 | 29 |
| VIII | 83 | 11 | 9 | 2 | 72 |
| IX | 158 | 11 | 10 | 1 | 147 |
| X | 119 | 18 | 17 | 1 | 101 |
| XI | 95 | 11 | 9 | 2 | 84 |
| XII | 114 | 9 | 8 | 1 | 105 |
| ആകെ | 976 | 226 | 180 | 36 | 760 |

## (11- 6) - കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 81 | 2 | 2 | 79 |
| II | 74 | 2 | 2 | 72 |
| III | 113 | 14 | 13 | 99 |
| IV | 118 | 5 | 2 | 113 |
| V | 109 | 8 | 6 | 101 |
| VI | 112 | 7 | 4 | 105 |
| VII | 74 | 6 | 4 | 68 |
| VIII | 93 | 11 | 8 | 82 |
| IX | 108 | 6 | 6 | 102 |
| X | 137 | 21 | 16 | 116 |
| XI | 123 | 6 | 6 | 17 |
| XII | 130 | 2 | - | 128 |
| ആകെ | 1272 | 90 | 69 | 1082 |

## (11- 9) - ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് നമ്പർ | IRDP സർവേപ്രകാരം ഗ്രാമീണ കൈത്തറിത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| I | 17 | 7 | 10 |
| II | 4 | 1 | 3 |
| III | 7 | 4 | 3 |
| IV | 10 | 8 | 2 |
| V | 9 | 8 | 1 |
| VI | 23 | 18 | 5 |
| VII | 5 | 5 | - |
| VIII | 3 | 2 | 1 |
| IX | 5 | 5 | - |
| X | 4 | 4 | - |
| XI | 4 | 3 | 1 |
| XII | 2 | 2 | - |
| ആകെ | 93 | 67 | 26 |



# 4

# കുടിവെള്ളം • പൊതുജനാരോഗ്യം

പഞ്ചായത്തിലെ സമതലപ്രദേശങ്ങളിലും കുന്നിൻചരിവിലെ നീരൊഴുക്കുള്ള പ്രദേശങ്ങളിലുമൊഴികെ പ്രധാന മലമ്പ്രദേശങ്ങളിലാണ് രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നത്. വടക്ക്- പടിഞ്ഞാറ് കുറ്റ്യാടിപ്പുഴയും പടിഞ്ഞാറുഭാഗത്ത് ഒരു പുഴയിലും ചേരാതെ തടാകംപോലെ നിൽക്കുന്ന നരിക്കിലാപ്പുഴയും. കിഴക്ക് - തെക്കുഭാഗത്ത് ചെമ്പ്രപ്പുഴയുമാണ് പ്രധാന ജലസ്രോതസ്സുകൾ. സമതല പ്രദേശങ്ങളിൽ ഭൂഗർഭ ജലം സുലഭമാണ്. മുഖ്യ കുടിനീർശ്രോതസ്സ് കിണറുകൾ തന്നെയാണ്.

പഞ്ചായത്തിൽ ആകെയുള്ള 6,355 വീടുകളിൽ 2,500 എണ്ണം കിണറുകളില്ലാത്തവയാണ് 1,500 കുടുംബങ്ങൾ പൊതുകിണറുകളെ ആശ്രയിക്കുന്നു. മഞ്ചേരിക്കുന്ന് ഹരിജൻകോളനി, പൊൻപറ കോളനി എന്നിവിടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ ജലവിതരണപദ്ധതിയും ചോർമല സാംബവകോളനിയിൽ പഞ്ചായത്തിൻെറ ശുദ്ധജലവിതരണസംവിധാനവും നിലവിലുണ്ട്. കാപ്പുമ്മൽ കോളനി ആനേരിക്കുന്ന് എന്നിവിടങ്ങളിൽ രണ്ടു ശുദ്ധജലവിതരണപദ്ധതികൾ വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ടൗണിലും പരിസരത്തും ശുദ്ധജലവിതരണപദ്ധതി 1965 മുതൽ നിലവിലുണ്ട്. പഞ്ചായത്തിൽ 33 പൊതു കിണറുകളും 10 കുഴൽകിണറുകളും 74 പൊതുടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 18 പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം ലക്ഷ്യമിടുന്ന പെരുവണ്ണാമൂഴി പദ്ധതിയിൽ പേരാമ്പ്രയും ഉൾപ്പെടുന്നു. ടൗണിലൂടെ ഇതിൻെറ പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെലമ്പവളവ്- മലാതോട്ടത്തിൽ ഒരു കൂറ്റൻ ടാങ്ക് പണിതിട്ടുമുണ്ട്.

## രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള ഭാഗങ്ങൾ

ഒന്നാം വാർഡിലെ പൊൻപറക്കുന്ന്, പരപ്പിൽമീത്തൽ, കണ്ണമ്പത്ത് ചാൽ, മരുതോറച്ചാൽ കുന്നത്ത് ഭാഗം 2-ാം വാർഡിലെ ചേർമല സാംബവകോളനി, പാറപ്പുറം കോളനി, നടുക്കണ്ടിമീത്തൽ, മലാത്തോട്ടത്തിൽ, പൊൻപറഭാഗം,

മൂന്നാം വാർഡിലെ ആനേരിക്കുന്ന്, കണ്ണോത്ത്കുന്ന്, പനമ്പറ കുന്ന്, മായിച്ചേരിക്കണ്ടി അടിയോടിക്കുന്ന്, വെള്ളയോട്ടുചാൽ ഭാഗം, നാലാം വാർഡിലെ കൈപ്രംകുന്ന്, കാപ്പുമല, അരക്കുന്ന്, കണ്ണങ്കോട്ട് താഴ, അണിയേരി മീത്തൽ, മുള്ളങ്കുന്ന്, ഈന്തിലാട്ട് താഴ അഞ്ചാംവാർഡിലെ കോളോറമല, കുട്ടിക്കുന്ന്, ആനേരിക്കാവ്, പറച്ചേരി മീത്തൽ ആറാംവാർഡിലെ ചേണിയക്കുന്ന് ഈന്തിലാട്ട്മീത്തൽ മൊട്ടന്തറ, ഏഴ്, എട്ട് വാർഡുകളിലെ മാമ്പറക്കുന്ന്, മീറങ്ങാട്ട്, ചിരുതക്കുന്ന്, പിലാത്തോട്ടത്തിൽ പാറാട്ടുപാറ, നീലോത്ത്മീത്തൽ, മലപ്പാടിക്കണ്ടി, കാപ്പുമ്മൽ, പൈന്തുമ്പമല, നിടിഞ്ഞിൽപ്പറ്റ, കേളോത്ത്മീത്തൽ, ഒൻപത്, പതിനൊന്ന് വാർഡുകളിൽപ്പെടുന്ന ഉണ്ണിക്കുന്ന്, കാപ്പുമ്മൽ, മണികുലുക്കിത്താഴ, തെക്കേപറമ്പിൽ പുളിയാറപ്പുറം, ചാത്തോത്ത് കുന്ന് ഏടവനക്കണ്ടി പുന്നച്ചാൽ, കടുക്കാട്ടുമ്മൽ, നടുപറമ്പിൽ, മൂലപറമ്പിൽ, മലയിൽ, ചെമ്മാരി ആലോക്കൂട്ടത്തിൽ, കരുവഞ്ചേരി കോളനി, നെല്ല്യാടികണ്ടി, കല്ലുള്ളപറമ്പ്, പത്താംവാർഡിലെ നായർപറ്റക്കുന്ന്, പച്ചോളത്ത് കുളമുള്ളപറമ്പിൽ ഭാഗം, മരുതേരി, വാഴയിൽ മീത്തൽ, വെങ്ങപ്പറ്റ, പന്ത്രണ്ടാം വാർഡിലെ കാപ്പുമ്മൽ, കണ്ണിപ്പൊയിൽ, നീർച്ചാൽഭഗം, നിടുഞ്ചേരിപ്പറ്റ ഭാഗം, ആറാട്ടുമല ഭാഗങ്ങളിലാണ് ഏറ്റവുംകൂടുതൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നത്.

## പരിഹാര മാർഗ്ഗങ്ങൾ

ഒന്നാംവാർഡിലെ നിലവിലുള്ള പൊൻപറ ശുദ്ധജലപദ്ധതി നാട്ടുകാർ സംഭാവന നൽകിയ ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി വിപുലീകരിച്ചാൽ ജലക്ഷാമമുള്ള മുഴുവൻ പ്രദേശങ്ങളിലും വെള്ളമെത്തിക്കാം. ടൗണിൽ ജലവിതരണം നടത്തുന്ന വാട്ടർ അതോറിറ്റി ടാങ്ക് കുറച്ചുകൂടി ഉയർത്തിയാൽ കൂനേരിക്കുന്നിലെ ജലക്ഷാമത്തിന് പരിഹാരമാവും. രണ്ടാംവാർഡിൽ ചേർമലയുടെ ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടിയാൽ എന്നും പ്രശ്നമുയർത്തുന്ന സാംബവകോളനി, പാറപ്പുറം കോളനി, ലക്ഷംവീട് കോളനി, നടുക്കണ്ടി മീത്തൽ, നൊച്ചാട് പഞ്ചായത്തിലെ ചേർമല ഭാഗം, എന്നിവിടങ്ങളിലെ രൂക്ഷമായ ജലക്ഷാമം ഒറ്റ പദ്ധതികൊണ്ട് പരിഹരിക്കാം. മലാത്തോട്ടത്തിൽ പെരുവണ്ണാമൂഴി പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ടാങ്കിൽനിന്നും പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിച്ചാൽ അവിടത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാം. നരിക്കിലാപുഴയിൽനിന്ന് വെള്ളം ശേഖരിച്ച് 3-ാം വാർഡിലെ കണ്ണോത്ത്കുന്ന് മായിച്ചേരിക്കണ്ടി ഭാഗത്തെ കുടുംബങ്ങൾക്ക് ജലവിതരണം നടത്താം. അടിയോടി കുന്ന് എൻ വി യു പി സ്കൂൾ ഭാഗത്ത് പൊതുകിണർ കുഴിച്ചാൽ അവിടത്തെ പ്രശ്നം പരിഹരിക്കാം. നാട്ടുകാർ സ്ഥലംനൽകാൻ സന്നദ്ധമാണ്. വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള ആക്കൂപറമ്പ്- ആനേരിക്കുന്ന് ജലവിതരണപദ്ധതി കുറേക്കൂടി വിപുലീകരിച്ചാൽ അവിടത്തെ പ്രശ്നത്തിന് പരിഹാരമാവും. തുടക്കമിട്ട കൈപ്രം ഹരിജൻ കോളനി- കാപ്പുമ്മൽ കോളനി ശുദ്ധജല വിതരണപദ്ധതി പൂർത്തീകരിക്കുകയും അളത്തൂർകുന്ന്, ലക്ഷംവീട് നിവാസികൾക്കുകൂടി കുടിവെള്ളം ലഭ്യമാകത്തക്കവിധം വിപുലീകരിക്കുക. അരക്കുന്ന്, കണ്ണങ്കോട്തറ, അണിയേരിമീത്തൽ, മുള്ളങ്കുന്ന് ഭാഗത്ത് ജലക്ഷാമത്തിന് പരിഹാരം കാണാൻ ഈന്തിലാട്ട് പഞ്ചായത്തിന് നൽകിയ സ്ഥലത്ത് കിണർ കുഴിക്കുക. നറക്കൻകുന്ന് ഹരിജൻ കോളനിയിലെ ശുദ്ധജലവിതരണ പദ്ധതി വിപുലീകരിച്ച് കുടിവെള്ളക്ഷാമമനുഭവിക്കുന്ന മറ്റു നാല്പതോളം വീട്ടുകാർക്കും പ്രയോജനപ്പെടുത്താം. മഞ്ചേരിക്കുന്ന് കോളനി പദ്ധതി വിപുലീകരിച്ച്, പിലാറത്ത്മല, ചാവേലക്കണ്ടി തെക്കേട്ടിൽ ഭാഗങ്ങളിലെ നാൽപതോളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുത്താം. കുട്ടിക്കുന്ന്, എടത്തുംകുന്ന്, പിലാറത്ത്മല ഭാഗത്തേക്ക് കൂടി മഞ്ചേരിക്കുന്ന് പൈപ്പ് ലൈൻ നീട്ടിയാൽ 90 കുടുംബങ്ങൾക്ക് കുടിനീർ ലഭ്യമാക്കാം.

കൊളോറച്ചാൽമീത്തൽ, കോളോറമല, മഠത്തിൽമീത്തൽ, കുട്ടിക്കുന്ന്, ആനേരിക്കാവ് ഭാഗം, പറച്ചേരി മീത്തൽ തുടക്കമിട്ട പദ്ധതി പൂർത്തീകരിച്ചാൽ ഒറ്റ പദ്ധതിയാക്കി കുടിവെള്ളമെത്തിക്കാം. ചേണിയക്കുന്ന് ഭാഗത്ത് ടാങ്ക് കെട്ടി ജലവിതരണപദ്ധതി നടപ്പാക്കുക. ഈന്തിലാട്ട് മീത്തൽ, മൊട്ടന്തറ ഭാഗത്ത് ഒരു കിണർ കുഴിക്കുക. മാമ്പറ കുന്നിന്റെ മുകളിൽ മതിയായ കപ്പാസിറ്റിയുള്ള ഒരു ടാങ്ക് കെട്ടി ഒരു ശുദ്ധജലപദ്ധതി നടപ്പാക്കിയാൽ ഏഴ്, എട്ട് വാർഡുകളിലെ മീറങ്ങാട്ട്, പാറാട്ടുപാറ, നിടിഞ്ഞിൽപ്പറ്റ, കൊരക്കൊറ്റേമ്മൽ, കേളോത്ത് മീത്തൽ, പിലാത്തോട്ടത്തിൽ, പുതിയോട്ടിൽ, പൈന്തുമ്പമല, ചിരുതക്കുന്ന്, തിരുവോത്ത് മീത്തൽ, ഭാഗത്തെ ഏതാണ്ട് കുടുംബങ്ങൾക്ക് ഒരു പദ്ധതി കൊണ്ട് കുടിവെള്ളമെത്തിക്കാൻ കഴിയും. പതിനൊന്നാം വാർഡിലെ ജലക്ഷാമമനുഭവപ്പെടുന്ന എടവനക്കണ്ടി പുന്നച്ചാൽ, കടുക്കാട്ടുമ്മൽ, നടുപ്പറമ്പിൽ, മൂലപറമ്പിൽ മലയിൽ തരിപ്പമലകോളനി, പുളിയാറയിൽ, ആയിടത്തിൽ ലക്ഷംവീട്,ചെമ്മാരി ആലോക്കൂട്ടത്തിൽഭാഗത്തും ഒമ്പതാം വാർഡിലെ ഉണ്ണിക്കുന്ന് കക്കോട്ടയിൽ ഭാഗത്തും വെള്ളമെത്തിക്കുന്നതിന് ദ്വാരകയിൽ കിണർ കുഴിച്ച് തരിപ്പമലയിൽ ടാങ്ക് പണിത് ജലവിതരണപദ്ധതി നടപ്പാക്കിയാൽ ഒരു പദ്ധതിയിൽനിന്ന് ഇത്രയും പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയും. ഒൻപതാം വാർഡിലെതന്നെ കാപ്പുമ്മൽ മണികുലുക്കി ഭാഗത്ത് നിർദ്ദിഷ്ട പദ്ധതിയിൽനിന്ന് വെള്ളമെത്തിക്കാം. തെക്കെ പറമ്പിൽ, പാണ്ടിക്കോട് പഞ്ചാ

യത്ത് കിണർ റിപ്പേർചെയ്ത് കുഴിച്ചാൽ, ആറാട്ടുകാപ്പിൽ ടാങ്ക് നിർമ്മിച്ച് പദ്ധതി നടപ്പാക്കി ആ ഭാഗങ്ങളിലെ കുടിവെള്ളപ്രശ്നംപരിഹരിക്കാം. നിർദ്ദിഷ്ട കാപ്പുമ്മൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പത്താംവാർഡിലെ നായർപറ്റകുന്ന്, അടിയോട്ടിൽ, എടക്കാട്, മണികുലുക്കി, കണിയാങ്കണ്ടി ചച്ചോളത്ത് മീത്തൽ, ചാലപ്പറ്റകുന്ന്, കോക്കുന്ന്, പാലയാട്ടുപറമ്പ്, ചീരാമ്പത്ത് കുന്ന്, വാഴയിൽ മീത്തൽ മരുതേരി കാരെപ്പൊയിൽ ഭാഗത്തും വെള്ളമെത്തിക്കാം. നിലവിലുള്ള കല്ലിങ്കൽ ജലവിതരണ പദ്ധതി വിപുലീകരിച്ച് നായർപറ്റ കുന്നിൽ ടാങ്ക് കെട്ടി ജലവിതരണം നടത്തിയും ചാളപ്പറ്റ കുന്ന് ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് കിണർ നന്നാക്കിയും കുടിവെള്ളമെത്തിക്കാം. പാലയാട്ടുപറമ്പ്, ചീരാമ്പത്ത്, നിടുമ്പറമ്പത്ത് ഭാഗങ്ങളിൽ ഒരു ടാങ്ക് പണിത് താഴേഭാഗത്തേക്ക് വെള്ളമെത്തിക്കാം. ഒൻപതാം വാർഡിലെ പുളിയാറകുന്നത്ത് കിണർ കുഴിച്ചാൽ അവിടത്തെ പ്രശ്നത്തിന് പരിഹാരമാവും. ചാത്തോത്ത് കുന്ന് കിണർ നന്നാക്കുക. നേരത്തെ നിർദ്ദേശിച്ച ആറാട്ടുകാപ്പിൽ ടാങ്കിൽനിന്നുതന്നെ നെരവത്ത്പൊയിൽ ആറാട്ട്കാപ്പിൽ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം. പതിനൊന്നാംവാർഡിലെ കനാൽഭാഗത്ത് കിണർ കുഴിച്ച് ഉയർന്ന ഭാഗത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തിയാൽ കരുവഞ്ചേരി കോളനി, കക്കറേമ്മൽ, കൊരുവും തലയ്ക്കൽ ഭാഗത്തെ 130 വീടുകളിലെ കുടിനീർ ക്ഷാമത്തിന് പരിഹാരമാവും. നെല്ല്യാടികണ്ടി മലയിൽ ടാങ്ക് പണിത് അതിനു ചുറ്റുമുള്ള സ്ഥലങ്ങളിലും കല്ലുള്ളപറമ്പിൽ, കൈനാവിൽപറ്റ മുകളിലും വെള്ളമെത്തിക്കാം. നിർദ്ദിഷ്ട കാപ്പുമ്മൽ പദ്ധതി വിപുലീകരിച്ച് പന്ത്രണ്ടാംവാർഡിലെ, കുഴിപറമ്പിൽ, കുണ്ടിലക്കണ്ടി, കാപ്പുമ്മൽ, നീർച്ചാൽ, അരിക്കൽ ചാൽ, കണ്ണിപൊയിൽ ലക്ഷംവീട്, ഭാഗംവരെ കുടിവെള്ളമെത്തിക്കാം. കൊമ്മിണിയോട്ട് കാക്കോട്ടയിൽ ഭാഗത്ത് നിർദ്ദേശിക്കപ്പെട്ട തരിപ്പമല പദ്ധതിയിൽ നിന്ന് വെള്ളമെത്തിക്കാം. പുളിയാറപ്പുറം, നരിമഞ്ചയ്ക്കൽ ഭാഗം പഞ്ചായത്ത് സ്റ്റേഡിയത്തിന് സമീപം ടാങ്ക് പണിത് കുന്നുമ്മൽ അപ്പുമാസ്റ്ററുടെ കിണർ നന്നാക്കി ജലവിതരണം നടത്താം. ഇതേ പദ്ധതിയിൽ നിന്നുതന്നെ കുളപ്പുറത്ത്മീത്തൽ, പുത്തൻപുരയിൽ ഭാഗത്ത് വെള്ളം കൊടുക്കാം. കണ്ണിപൊയിൽ ലക്ഷംവീട് കിണർ മാറ്റി കുഴിക്കണം. സ്ഥലം സംഭാവന, ടാങ്ക് പണിയൽ, ധനസമാഹരണം തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ വിഭവസമാഹരണം നടത്താൻ സാധ്യതയുള്ളവയും നിർദ്ദേശിക്കപ്പെട്ടവയിലുണ്ട്.

## പൊതുജനാരോഗ്യം, പരിസര ശുചിത്വം

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യനിലവാരം താരതമ്യേന മെച്ചപ്പെട്ടുനിൽക്കുന്നു. മരണനിരക്കും ആയുർദൈർഘ്യവും ശിശുമരണനിരക്കും കേരള ശരാശരിയിൽ നിൽക്കുന്നു. കുടുംബാസൂത്രണ രംഗത്ത് സന്താനനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ ഉയർന്നുനിൽക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. എങ്കിലും കേരളത്തിൽ പൊതുവെ വർദ്ധിച്ചുവരുന്ന രോഗാതുരത ഇവിടെയും പ്രകടമാണ്. സ്വകാര്യ ചികിത്സാസ്ഥാപനങ്ങളെയാണ് ജനങ്ങൾ അധികവും ആശ്രയിക്കുന്നത്. 1962ൽ ആരംഭിച്ച പ്രാഥമിക ആരോഗ്യകേന്ദ്രം കമ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തിയിട്ടുണ്ടെങ്കിലും വേണ്ടത്ര സൗകര്യങ്ങളോ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയോ, ആവശ്യമായ സ്റ്റാഫിനെയോ ഇതുവരെ നിയമിച്ചിട്ടില്ല. ആശുപത്രിയിൽ ശുചിത്വം പാലിക്കപ്പെടുന്നില്ല. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ 3 വാർഡുകളിൽ ഈ ആശുപത്രിക്കു കീഴിൽ 3 സബ്സെൻററുകൾ പ്രവർത്തിക്കുന്നു. കെട്ടിടമുണ്ടാക്കിയെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല. നാലോളം പാരമ്പര്യ വൈദ്യന്മാരും മർമ്മചികിത്സകരും പ്രശസ്തനായ ഒരു വിഷചികിത്സകനും (9-ാം വാർഡിൽ) ഹോമിയോ ഡോക്ടർമാരും പഞ്ചായത്തിലുണ്ട്. ഇതുവരെ പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കപ്പെട്ടിട്ടില്ല. ഏതാണ്ട് പതിനൊന്നോളം സ്വകാര്യ- അലോപ്പതി-ആയുർവേദ ഹോമിയോ ക്ലിനിക്കുകളും പരിശോധനാകേന്ദ്രങ്ങളും പേരാമ്പ്രയിലുണ്ട്.

6,355 വീടുകളുള്ള പഞ്ചായത്തിൽ രണ്ടായിരത്തോളം വീടുകൾക്ക് കക്കൂസുകളില്ല. കോളനി പ്രദേശങ്ങളിലുള്ളവരാണ് ഏറ്റവുംകൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നത്. പരിസരശുചിത്വം പരിപാലിക്കുന്നതിൽ ഏറ്റവും ഉയർന്ന പരിഗണനനൽകി പരിഹാരം കാണേണ്ട ഒരു പ്രശ്നമാണ് പേരാമ്പ്ര ടൗണിലെ മാലിന്യസംസ്കരണം. മാലിന്യങ്ങൾ നീക്കംചെയ്യാൻ ആധുനിക സൗകര്യമുള്ള ട്രാക്റ്ററും ടെയിലറും ഇതിനകം ലഭ്യമാക്കികഴിഞ്ഞെങ്കിലും ശാസ്ത്രീയ മാലിന്യ സംസ്കരണം ഇനിയും സാധ്യമാകേണ്ടിയിരിക്കുന്നു. സർക്കാർ ഇതിനായി വിട്ടുതന്ന സ്ഥലത്ത് ഒരു ട്രഞ്ചിംഗ് ഗ്രൗണ്ട് നിർമ്മിക്കാനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മരക്കാടി തോട്ടിലെ മാലിന്യനിക്ഷേപം പഞ്ചായത്ത് മാർക്കറ്റിലെ മത്സ്യമാംസവില്പന സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, ടൗണിലെ അഴുക്കുചാലിലെ നിർമ്മാണത്തകരാറുമൂലം ഒഴിക്കില്ലായ്മ, ഇതുമൂലമുണ്ടാകുന്ന കൊതുകുവളർച്ച, ട്രാഫിക്ക് തടസ്സം കൂടി സൃഷ്ടിക്കുന്ന പെരുകിവരുന്ന

വാഹനങ്ങളിൽനിന്നുള്ള മലിനീകരണം, ടൗണിലെ കച്ചവടക്കാരുടെയും ജനങ്ങളുടെയും തികഞ്ഞ അലംഭാവം. ഇതൊക്കെയാണ് ഈ രംഗത്തെ പ്രശ്നങ്ങൾ. പഞ്ചായത്ത് നടപടി സ്വീകരിക്കാറുണ്ടെങ്കിലും അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളുടെയും കന്നുകാലികളുടെയും ശല്യവും വർദ്ധിച്ചുവരുന്നുണ്ട്.

## പരിഹാരമാർഗ്ഗങ്ങൾ


ഗവ. ആശുപത്രി വികസനത്തിനായി വിട്ടുകിട്ടിയ മുഴുവൻ സ്ഥലവും പ്രയോജനപ്പെടുത്തി ആവശ്യമായ വാർഡുകൾ പണിയുക. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും മറ്റു സ്റ്റാഫിനെയും നിയമിക്കുക. പോസ്റ്റുമോർട്ടം സൗകര്യമേർപ്പെടുത്തുക, മാതൃശിശുസംരക്ഷണ കേന്ദ്രം ആരംഭിക്കുക, തുടങ്ങിയ നടപടി സ്വീകരിച്ച് പ്രധാന ചികിത്സാകേന്ദ്രമായി ഗവ. ആശുപത്രിയെ വികസിപ്പിക്കണം. ഹെൽത്ത് അധികൃതർ ആരോഗ്യപ്രവർത്തനങ്ങൾ ശരിയായി നടത്തുന്നത് ഉറപ്പുവരുത്തുക. ഇപ്പോൾ പ്രവർത്തിക്കുന്ന സബ്സെൻററുകൾ കാര്യക്ഷമമാക്കുക. കെട്ടിടംപണി പൂർത്തിയായ 3, 10, 11 വാർഡുകളിലെ സബ്സെൻററുകൾ തുറന്നുപ്രവർത്തിപ്പിക്കുക. 4-ാം വാർഡിലെ സബ്സെൻററിൽ ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗമായ കണ്ണിപൊയിൽ ഒരു പുതിയ സബ്സെൻറർ തുറക്കണം. പഞ്ചായത്തിലെ എല്ലാ വാർഡുകളുമായി ബന്ധപ്പെടുത്തി സമഗ്രമായ ഒരു ആരോഗ്യസർവ്വേ ജനകീയസഹകരണത്തോടെ നടത്തണം. പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തണമെങ്കിൽ ഇത് സാധ്യമാവണം. പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം. സാധ്യതകൾ പ്രയോജനപ്പെടുത്തി ഒരു വിഷചികിത്സാ മർമ്മചികിത്സാ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ചികിത്സാകേന്ദ്രത്തോടനുബന്ധിച്ച് ഒരു ഔഷധത്തോട്ടവും വളർത്തിയെടുക്കണം.

വിവിധ സർക്കാർ ഏജൻസികളുടെയും ഗുണഭോക്താവിൻെറ സംഭാവനയും പഞ്ചായത്തിൻെറ ധനസഹായത്തോടെയും ചിലവു കുറഞ്ഞ രീതിയിലുള്ള കക്കൂസ് നിർമ്മാണമാതൃക വികസിപ്പിച്ചെടുത്തും പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തിയും ദുർബ്ബലവിഭാഗത്തിൽപ്പെടുന്ന മുഴുവനാളുകളുകൾക്കും കക്കൂസ് ലഭ്യമാക്കാനുള്ള ഒരു പരിപാടി ആവിഷ്കരിക്കുക. (Rural peoplers Sanitation Programme).

പേരാമ്പ്ര ടൗണിലെ ശുചിത്വപരിപാലനത്തിന് പൗരബോധമുണർത്താൻ പര്യാപ്തമായ ഒരു ക്ലീൻ ക്യാമ്പയിന് രൂപംനൽകുക. സമഗ്രമായ അഴുക്കുചാൽ പദ്ധതി, മരക്കാടി തോടിനെ മാലിന്യമുക്തമാക്കൽ, മത്സ്യ- മാർക്കറ്റിലെ മത്സ്യവില്പന നിയന്ത്രിച്ച് മാലിന്യങ്ങൾ അതാതുദിവസം ശുചീകരിച്ച് സംസ്കരിക്കൽ, ടൗണിലെ അഴുക്കുചാലിലെ കൊതുകു നിർമ്മാർജ്ജനം- മൂത്രപ്പുരയും കക്കൂസും നിർമ്മിക്കൽ, ഹോട്ടലുകളിലെ ശുചിത്വപരിശോധന, മാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റൽ, തുടങ്ങിയ പരിപാടികൾ ഉൾപ്പെടുത്തിയും ഇതോടൊപ്പം പഞ്ചായത്ത് തുടങ്ങിവെച്ച ട്രാഫിക് നിയന്ത്രണ പരിപാടികളും ഒന്നിച്ചുചേർത്തുകൊണ്ടുള്ള ടൗണിലെ ശുചിത്വ പരിപാലനം നിത്യജീവിതത്തിൻെറ ഭാഗമായി മാറ്റുകയുംചെയ്യുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന ഒരു ക്യാംപയിൻ നടപ്പാക്കുകയുംവേണം.

നരിക്കിലാപുഴ ഭിത്തികെട്ടി സംരക്ഷിക്കുക, മലിനീകരണം തടയുക, കോളനി പ്രദേശങ്ങളിൽ ആരോഗ്യബോധവൽക്കരണപരിപാടികൾ നടപ്പാക്കുക, പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണത്തിനും നിർമ്മാണത്തിനും ജനകീയ മുൻകൈയിൽ ഒരു സൊസൈറ്റിക്ക് രൂപംനൽകുക. അമിതമായ കീടനാശിനി പ്രയോഗം നിയന്ത്രിക്കുക. അംഗൻവാടികളിൽ പ്രാഥമികസൗകര്യവും ശുദ്ധജലവിതരണവും ലഭ്യമാക്കുക. സ്വകാര്യ ആശുപത്രികളിൽനിന്ന് അഴുക്കുചാലിലേക്ക് മലിനജലം ഒഴുക്കുന്നതിനെതിരെ നടപടി സ്വീകരിക്കുക. 'ആരോഗ്യവും പരിസരശുചിത്വവും പരസ്പരബന്ധിതമായ ഒരു ജീവിതപ്രക്രിയ'. ഈ ആശയം പ്രചരിപ്പിക്കുന്നതിന് ഒരു ബോധവൽക്കരണപരിപാടിയ്ക്ക് രൂപംനൽകുക:

●



# 5

# വ്യവസായം

വ്യാവസായികമായി ഈ പഞ്ചായത്തിൻെറ അവസ്ഥ വളരെ പിന്നോക്കമാണ്. വൻകിട വ്യവസായങ്ങൾ തീരെ ഇല്ല. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന പേരാമ്പ്ര പോലുള്ള പട്ടണത്തിൽ വൻകിട വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാധ്യതകൾ ആരായേണ്ടതാണ്. ഇവിടെയുള്ള 6000-ത്തോളം തൊഴിലാളികളിൽ കുറഞ്ഞ ശതമാനം മാത്രമാണ് വ്യവസായമേഖലയിൽ ജോലിചെയ്യുന്നത്. ഇതിൽ ഏകദേശം 500-ഓളം പേർ പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നു. മുറം, കുട്ട, കൈതോലപായ, മൺപാത്രനിർമാണം, ചൂടി, കൈത്തറി നെയ്ത്ത് മുതലായവയാണ് പ്രധാന പരമ്പരാഗത വ്യവസായങ്ങൾ.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 36 വ്യവസായസ്ഥാപനങ്ങളിൽ 675-ഓളം പേർ ജോലിചെയ്തുവരുന്നു. പരമ്പരാഗത, കുടിൽവ്യവസായ തൊഴിലാളികളുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ കാണിച്ച പട്ടികയിൽ കൊടുക്കുന്നു.

| | വിഭാഗം | തൊഴിലാളികൾ | വാർഡുകൾ |
|---|---|---|---|
| 1. | കൈത്തറി | 125 | 1, 2, 3 |
| 2. | കയർ | 30 | കുറഞ്ഞപേർ എല്ലാ വാർഡുകളിലും |
| 3. | പായ | 70 | 2, 3, 4, 5, 6, 10, 11 |
| 4. | മുറം, കുട്ട നിർമ്മാണം | 30 | 2, 4, 9, 12 |
| 5. | മൺപാത്ര നിർമ്മാണം | 35 | 6 |
| 6. | ഇരുമ്പ് പണിക്കാർ | 75 | വിവിധ വാർഡുകളിൽ |
| 7. | സ്വർണ്ണപണിക്കാർ | 90 | വിവിധ വാർഡുകളിൽ |

പഞ്ചായത്തിൽ ആധുനിക മേഖലകളിൽ ചെറുതും വലുതുമായ 22-ഓളം വ്യവസായ യൂനിറ്റുകൾ പ്രവർത്തിക്കുന്നു. അവയിൽ പലതും നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. തടികൾ ഈർന്നുകൊടുക്കുന്ന ഈർച്ചമില്ലുകൾ ലാഭത്തിൽ നടക്കുന്നുണ്ടെങ്കിലും ഓയിൽ മില്ലുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഓയിൽമില്ലുകളിൽ ഉൽപാദിപ്പിക്കുന്ന പ്രധാന ഉൽപന്നം വെളിച്ചെണ്ണയാണ്. വിതരണസമ്പ്രദായം മെച്ചപ്പെടുത്തിയാൽ കൂടുതൽ മാർക്കറ്റിന് സാധ്യതയുണ്ട്. വെളിച്ചെണ്ണയും നല്ലെണ്ണയും ഉൽപാദിപ്പിച്ചിരുന്ന പരമ്പരാഗത രീതി ഇന്ന് തീരെ ഇല്ല. വീടുകളിൽ പഴയരീതിയിലുള്ള ഈ എണ്ണ ആട്ടൽ സമ്പ്രദായം ആധുനീകരിച്ചു നടപ്പാക്കേണ്ടതാണ്.

വ്യവസായ യൂനിറ്റുകൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| വ്യവസായത്തിൻെറ പേര് | തൊഴിലാളികളുടെ എണ്ണം | | | മൊത്തം യൂനിറ്റുകൾ | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|
| | 20-ൽ കുറഞ്ഞത് | 20നും 50നും ഇടയിൽ | 50-ന് മേൽ | | |
| തടി | 8 | – | 1 | 5 | 40 |
| തുണി | – | – | 1 | 1 | 85 |
| ഭക്ഷ്യവസ്തു സംസ്കരണം | 13 | – | – | 2 | 26 |
| എഞ്ചിനീയറിംഗ് | 8 | – | – | 4 | 32 |
| ടയർ റീസോഴ്സ് | 7 | – | – | 2 | 14 |
| ഓയിൽമിൽ | 5 | – | – | 4 | 20 |
| ബുക്ക് ബയൻറിംഗ് | 3 | – | – | 4 | 12 |
| ഫ്ളോർമിൽ | 3 | – | – | 7 | 21 |
| എംബ്രോയ്ഡറി, റെഡിമെയ്ഡ് | 2 | – | – | 6 | 12 |
| മൊത്തം | | | | 35 | 262 |

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രധാനപ്പെട്ടത് കൈത്തറിയാണ്. ഈ വിഭാഗത്തിൽ ഭൂരിഭാഗം തൊഴിലാളികളും വീട്ടിൽവെച്ച് സാധാരണ തറികളിൽ വസ്ത്രം നിർമ്മിച്ച് സൊസൈറ്റി മുഖാന്തിരവും സ്വകാര്യ സ്ഥാപനങ്ങളിൽ കൊടുത്തും ഉപജീവനം നടത്തുന്നു. ഈ വിഭാഗത്തിന് കാര്യമായ പുരോഗതി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏക സഹകരണസംഘമാണ് പയ്യോർമല ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. 30-3-1945ൽ മദ്രാസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് പ്രകാരം എഫ്. 1160 നമ്പ്രായി രജിസ്റ്റർ ചെയ്യുകയും 2-5-1945ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ സ്ഥാപനത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് പരേതനായ ആശാരിക്കണ്ടിയിൽ കണ്ണൻ എന്ന ആളായിരുന്നു. സംഘത്തിൻെറ പ്രവർത്തനമൂലധനം ഇപ്പോൾ 30 ലക്ഷം രൂപയാണ്. 18 ലക്ഷം റിസർവ് ബേങ്ക് ലോണും 7 ലക്ഷം രൂപ ഗവർമെണ്ട് ഷെയറുമാണ്. സംഘത്തിൻെറ വക എൻ. സി. ഡി. സി. വർക്ക്ഷെഡിൽ 25 തറികൾ ഉണ്ടെങ്കിലും 5 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുള്ളൂ. സംഘം നേരിടുന്ന പ്രധാന പ്രശ്നം പരിചയസമ്പന്നരായ വിദഗ്ധ തൊഴിലാളികളുടെ അഭാവം, നൂലിൻെറ വിലക്കയറ്റം, ആവശ്യമായ ഫണ്ടില്ലായ്മ എന്നിവയാണ്.

സംഘത്തിൻെറ ഉൽപന്നങ്ങൾ ഹാൻറക്സ് ഏജൻറുമാർ മുഖേനയുള്ള പൊതുമാർക്കറ്റ്, റിട്ടെയിൽ വിൽപന ഡിപ്പോ എന്നിവ മുഖേനയാണ് വിറ്റഴിച്ചുവരുന്നത്. ഉൽപാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വർധനവുണ്ടാക്കാൻ കഴിഞ്ഞെങ്കിലും വില്പനയിൽ പുരോഗതി നേടാൻ കഴിഞ്ഞില്ല. പൊതുമാർക്കറ്റിൻെറ നിലവാരവുമായി മത്സരിക്കാൻ കഴിയാത്തതാണ് കാരണം.

## കയർ

കയർ, ചകിരിനാര് എന്നിവ പൊതുമാർക്കറ്റിൽ കൊണ്ടുപോയി ആദ്യകാലത്ത് വിറ്റിരുന്നത്ര പേർ ഈ രംഗത്ത് ജോലിചെയ്യുന്നില്ല. പുതിയ തലമുറ ഈ ജോലി ചെയ്യാൻ തയ്യാറാവുന്നില്ല. ചകിരി പൂഴ്ത്തി നാര് നിർമ്മിക്കാൻ പറ്റിയസ്ഥലം ഇവിടെയില്ല. അതുകൊണ്ട് ഈ വ്യവസായത്തിന് ഭാവി തുലോം കുറവാണ്.

## പായ

പായ നെയ്ത്തിന്നാവശ്യമായ കൈതോല ഇപ്പോൾ സുലഭമല്ല. നേരത്തെയുള്ളത് നശിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഉള്ളത് സംരക്ഷിക്കാൻ വേണ്ടത് ചെയ്യണം. ഈ മേഖലയിൽ 70-ഓളം തൊഴിലാളികൾ ഇപ്പോൾ ഉണ്ട്.

## കുട്ടനിർമ്മാണം

ഈ തൊഴിൽ നടത്തിക്കൊണ്ടിരിക്കുന്നത് സാംബവർ എന്ന പട്ടികജാതിക്കാരാണ്. ഇവർക്ക് ഇവ നിർമിക്കാനാവശ്യമായ ഈറ്റ, ഓട എന്നിവ പഞ്ചായത്തിന്റെ പുറത്തുനിന്നാണ് ലഭിക്കുന്നത്. പഞ്ചായത്തിനകത്ത് ഇവയൊന്നും തീരെ കിട്ടുന്നില്ല. സർക്കാർ വനത്തിൽനിന്ന് കുറഞ്ഞ വില്യ്ക്ക് ഇവർക്ക് മൊത്തമായി ലഭിക്കാനുള്ള സൗകര്യമുണ്ടാക്കണം.

## മൺപാത്രനിർമ്മാണം

35-ഓളം തൊഴിലാളികൾ കുടുംബസമേതം ഈ രംഗത്ത് ജോലിചെയ്യുന്നു. ഇവരുടെ അസംസ്കൃതവസ്തുവായ കളിമണ്ണ് പണ്ടത്തതുപോലെ കിട്ടാൻ പ്രയാസമുണ്ട്. ഈ വ്യവസായം സഹകരണ മേഖലയിൽ ആരംഭിച്ചൽ പുരോഗതി ഉണ്ടാകുന്നതാണ്. അലൂമിനിയ പാത്രങ്ങളുടെ ഉപയോഗത്തോടെ മൺപാത്രവ്യവസായം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കയാണ്. കളിമണ്ണ് ലഭിക്കുന്നതിനുള്ള സൗകര്യവും പുതുതായി വിപണി കണ്ടെത്താനുള്ള മാർഗവും അവലംബിച്ചാൽ മാത്രമേ ഈ വ്യവസായം നിലനിൽക്കുകയുള്ളൂ.

ഈ പഞ്ചായത്തിൽ സിഡ്കോയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് 1975-ൽ ആണ് ആരംഭിച്ചത്. തുടക്കത്തിൽ ഒമ്പതോളം വിവിധ യൂനിറ്റുകൾ ഇവിടെ പ്രവർത്തിച്ചുവന്നു. പലതും നഷ്ടത്തിലായതിനാൽ തുടരാൻ കഴിയാതെ ചിലത് നിർത്തുകയും ചിലത് കൈമാറുകയും ചെയ്തു. വ്യവസായം തുടങ്ങുന്നതിന് സഹായധനം നൽകിയത് കെ. എഫ്. സി.യും നെടുങ്ങാടി ബേങ്കുമായിരുന്നു. ഇവിടെ ഉൽപാദിപ്പിച്ച വസ്തുക്കൾ പൊതുമാർക്കറ്റിൽ വിറ്റഴിക്കാൻ കഴിയാതെ വരുന്നു. ഇതിന് കാരണം പൊതുമാർക്കറ്റിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് ഇതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതാണ്. മറ്റു സംസ്ഥാനങ്ങളിൽ 4% വിൽപ്പന നികുതി ഈടാക്കുമ്പോൾ കേരളത്തിൽ 10% വിൽപ്പനനികുതി ഈടാക്കുന്നു. ലേബർചാർജും താരതമ്യേന കൂടുതലാണ്. യൂനിറ്റ് കൈമാറുമ്പോൾ നേരത്തെയുള്ള ഉടമ വരുത്തിയ കുടിശിക മുഴുവനും പുതിയ തൊഴിൽസംരംഭം അടക്കേണ്ടിവരുന്നു. മിനി ഇൻഡസ്ട്രിയൽ വ്യവസായം നേരിടുന്ന ഒരു പ്രധാന വെല്ലുവിളി വൈദ്യുതി വേണ്ട രീതിയിൽ ലഭിക്കാത്തതാണ്. ചുരുക്കത്തിൽ ചെറുകിട വ്യവസായങ്ങളെ നിലനിർത്താൻ ആവശ്യമായ പ്രവർത്തനം സർക്കാരിന്റെ ഭാഗത്തുനിന്ന് നടക്കുന്നില്ല.

ഈ വ്യവസായങ്ങൾ പരാജയപ്പെടാൻ കാരണം വ്യവസായവുമായി യാതൊരു ബന്ധവുമില്ലാത്ത, സാങ്കേതികപരിചയം തീരെ ഇല്ലാത്തവർ നടത്തിയതിനാലായിരുന്നു.

### മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വ്യവസായ യൂനിറ്റുകളുടെ വിവരണം

| 1995-ൽ ആരംഭിച്ചത് | തൊഴിൽ | ലാഭ/നഷ്ടം | ഇപ്പോൾ നിലനിൽക്കുന്നത് | തൊഴിൽ | ലാഭ/നഷ്ടം |
|---|---|---|---|---|---|
| 1. എം. സി. ഓയിൽ മിൽസ് | 3 | നഷ്ടം | എം. സി. ഓയിൽ മിൽസ് | 3 | നഷ്ടം |
| 2. ഡൽക്കോ ഫുഡ് പ്രൊഡക്ട്സ് | 6 | നഷ്ടം | ഓവൽ ഫ്രഷ് ഫുഡ്സ് | 26 | ലാഭം |
| 3. ശിവ ഇൻഡസ്ട്രിയൽ | 8 | നഷ്ടം | ഭീമാ ഇൻഡസ്ട്രിയൽ | 15 | ലാഭം |
| 4. മൈത്രി എഞ്ചിനീയേഴ്സ് | 3 | ലാഭം | മൈത്രി എഞ്ചിനീയേഴ്സ് | 3 | ലാഭം |
| 5. ശാന്താ ബുക്ക് കമ്പനി | 10 | നഷ്ടം | ശാന്താ ബുക്ക് കമ്പനി | 3 | ലാഭം |
| 6. വികോസ് വിമൻസ് കോ-ഓപ്. സൊസൈറ്ററി | 30 | നഷ്ടം | അലങ്കാർ പ്ലാസ്റ്റിക്സ് | 3 | ലാഭം |
| 7. വിജി ഫുട്വെയേഴ്സ് | 3 | നഷ്ടം | രൂപം ഇലട്രോപാം | 4 | ലാഭം |
| 8. വിഗ്നേശ്വര പ്ലാസ്റ്റിക്സ് | 2 | നഷ്ടം | ഫ്ളോർമിൽ | 3 | ലാഭം |
| 9. രാജീവ് ഇലക്ട്രിക്ക് | 2 | നഷ്ടം | | | |

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിച്ചപ്പോൾ വ്യവസായം തുടങ്ങിയ ഉടമകൾ ഇപ്പോൾ മേൽപറഞ്ഞതിൽ മൂന്ന് പേർ മാത്രമാണ് നിലവിലുള്ളത്. ബാക്കിയുള്ളവർ യൂനിറ്റുകൾ കൈമാറ്റം ചെയ്തതാണ്.

വനിതകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ച വികോസ് (എംബ്രോയ്ഡറിംഗ്) എന്ന സ്ഥാപനം ശൈശവദിശയിൽതന്നെ പ്രവർത്തനം അവസാനിപ്പിക്കേണ്ടിവന്നു. ഈ വ്യവസായങ്ങൾക്ക് താഴെ പറയുന്ന പരിഹാരങ്ങൾ ഉണ്ടായാൽ മാത്രമേ തുടർന്ന് നിലനിൽക്കാനാവുകയുള്ളൂ.

1) ആവശ്യമായ വോൾട്ടേജോടെ വൈദ്യുതി ലഭിക്കണം.
2) അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കണം.
3) വിൽപന നികുതി ഇളവ് വരുത്തണം.
4) സബ്സിഡി യഥാസമയം ലഭിക്കണം.
5) വിപണി കണ്ടെത്താനാവശ്യമായ സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.
6) വിദഗ്ധ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കണം.
7) മലിനീകരണപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവ് കുറഞ്ഞ പദ്ധതികൾ ആവിഷ്കരിക്കണം.
8) ഇന്നുള്ള സ്ഥലസൗകര്യം വിപുലപ്പെടുത്തണം.

ഗ്രാമസഭയിൽനിന്നുള്ള നിർദേശങ്ങളും തുടങ്ങാവുന്ന വ്യവസായങ്ങളുടെ പേരും താഴെ കൊടുക്കുന്നു.

1) ബുക്ക് ബൈൻറിംഗ്.
2) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
3) ഓയിൽമിൽ (വെളിച്ചെണ്ണ).
4) ഫ്ളോർമിൽ.
5) വുഡ്സ് ഇൻഡസ്ട്രീസ്.
6) ഹോളോബ്രിക്സ് നിർമ്മാണം.
7) മെഴുകുതിരി നിർമ്മാണം.
8) സോപ്പ് നിർമ്മാണം.
9) റബ്ബർകുട്ട നിർമ്മാണം. റബ്ബർ ഉപയോഗിച്ച് ഗ്ലൗസ് നിർമ്മാണം.
10) ഇലക്ട്രോണിക്ക് സാധനങ്ങളുടെ അസംബ്ലിംഗ്.
11) അച്ചാർ നിർമ്മാണം.
12) പ്രിൻറിംഗ്.
13) തീപ്പെട്ടി നിർമ്മാണം.
14) തേനീച്ചവളർത്തൽ.
15) അവിൽ നിർമ്മാണം, അപ്പനിർമ്മാണം.
16) ടയർ റീസോളിംഗ്.
17) പപ്പടനിർമ്മാണം.
18) നാളികേര സംസ്കരണം.
19) മെറ്റൽ നിർമ്മാണം.
20) കണ്ണടയുടെ ഫ്രെയിം നിർമ്മാണം.
21) കുട നിർമ്മാണം.
22) സിമൻറ്കാൽ, ജാലകം, പൈപ്പ് തുടങ്ങിയ ഗൃഹോപകരണ നിർമ്മാണം.

23 വാർണീഷ്, പെയിൻറ്, സാൻഡ് പേപ്പർ നിർമ്മാണം

24) ചന്ദനത്തിരി.

25) പേപ്പർപൾപ്പ് ഉപയോഗിച്ച് കരകൗശലവസ്തുക്കളുടെ നിർമ്മാണം.

26) ചെങ്കൽ വ്യവസായം.

27) സ്റ്റോൺ ക്രഷർ യൂനിറ്റ് ഈ വ്യവസായം തുടങ്ങുമ്പോൾ വിപണിയെപ്പറ്റി കൂടുതൽ ചർച്ചചെയ്യണം. ഇവക്ക് മാർക്കറ്റിൽ നിലവിലുള്ള പല കമ്പനികളുടെ ഉൽപ്പന്നങ്ങളുമായി മത്സരിക്കേണ്ടിവരും.

വാർണിഷ്, പെയിൻറ് നിർമ്മാണവ്യവസായം പേരാമ്പ്ര പഞ്ചായത്തിലോ സമീപപ്രദേശങ്ങളിലോ ഇല്ല. വൻകിട കമ്പനികളുടെ വസ്തുക്കളാണ് വിപണിയിൽ ഉള്ളത്. ഇത്തരം വസ്തുക്കൾ വിപണയിൽ വിറ്റഴിക്കാൻ സർക്കാരിൻെറ ഭാഗത്തുനിന്ന് സഹായം ലഭിക്കണം.

ചെങ്കൽവെട്ട് ഈ പഞ്ചായതിലെ പ്രധാന തൊഴിലാണ്. ഈ രംഗത്ത് ചെറിയ യന്ത്രങ്ങൾ ഉപയോഗിച്ച് തൊഴിൽ സാധ്യത വർധിപ്പിക്കണം. കരിങ്കൽ പൊട്ടിക്കാൻ സ്റ്റോൺ ക്രഷർ ഉപയോഗിക്കുന്ന കാര്യവും ആലോചിക്കണം. ഈ കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാൻ ഇടവരരുത്.

കെട്ടിടനിർമാണത്തിന് ആവശ്യമായ ഗ്രിൽസ് നിർമ്മാണ യൂനിറ്റുകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും കുറെക്കൂടി യൂനിറ്റുകൾ തുടങ്ങുന്നതിന് സാധ്യതയുണ്ട്.

കുട നിർമ്മാണത്തിന് സാധ്യതയുണ്ടോ എന്ന് പരിശോധിക്കാം. കണ്ണടയുടെ ഫ്രെയിം നിർമ്മിക്കുന്ന വ്യവസായ യൂനിറ്റ് ഇവിടെയോ സമീപത്തോ ഇല്ല. ആയത് സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയാൽ വിജയിക്കാൻ സാധ്യതയുണ്ട്.

പോളിത്തീൻ ബാഗ് നിർമ്മാണയൂനിറ്റ് ഇവിടെ തീരെ ഇല്ല. ആയതിന് ധാരാളം വിപണി സാധ്യതയുണ്ട്. ഇത്തരം യൂനിറ്റുകൾക്ക് വമ്പിച്ച സാധ്യതയുള്ളതാണ്.

ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ല. ആയത് തുടങ്ങാൻ സാധ്യതയും ആരായണം. കുന്നത്തറ ടെക്സ്റ്റൈൽസും നടുവണ്ണൂരിലെ നാളികേര കോംപ്ലക്സും തൊട്ടടുത്തുള്ള വ്യവസായസ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങൾ വേണ്ടത്ര അഭിവൃദ്ധിപ്പെട്ടാൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്കും തൊഴിൽസാധ്യത വർധിക്കും.

## പൊതുനിർദേശങ്ങൾ

1) വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റ് ഇന്നുള്ളതിൽന് പുറമെ ഒന്നുകൂടി സ്ഥാപിക്കുക.


2) പരമ്പരാഗത വ്യവസായങ്ങൾക്ക് ഇന്നുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായത് ചെയ്യുക. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക. അസംസ്കൃതവസ്തുക്കൾ നവീകരിക്കാനുള്ള പരിപാടി തയ്യാറാക്കുക. സാമ്പത്തികസഹായം ചെയ്യുക. സാങ്കേതികപരിശീലനം ഏർപ്പെടുത്തുക.

3) സഹകരണാടിസ്ഥാനത്തിൽ പുതിയ വ്യവസായസംരഭങ്ങൾ ആരംഭിക്കുക. വനിതകൾക്ക് പ്രോത്സാഹനം കൊടുക്കുക.

4) ഗൾഫിൽ ജോലിചെയ്യുന്നവരുടെ നിക്ഷേപം സമാഹരിച്ച് പഞ്ചായത്തിൽ വ്യവസായങ്ങൾ ആരംഭിക്കുക.

5) ഇന്നത്തെ വൈദ്യുതി ദൗർലഭ്യം പരിഹരിച്ച് വ്യവസായത്തിന് ആവശ്യമായ രീതിയിൽ വൈദ്യുതി ലഭ്യമാക്കുക.

6) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി ഉദാരമാക്കുക.



# 6

## സഹകരണം

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൻെറ വികസനരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ സഹകരണമേഖലയ്ക്ക് ചെയ്യാൻ കഴിയും. എന്നാൽ വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾ മാത്രമാണ് ഈ പ്രദേശത്തെ സഹകരണമേഖലയിൽ പ്രവർത്തിച്ചുവരുന്നത്. പേരാമ്പ്രയിലെ സഹകരണമേഖലയെ താഴെ കാണിച്ചപ്രകാരം വിഭജിക്കാവുന്നതാണ്.

**സഹകരണമേഖല**

- **വായ്പാ സഹകരണസംഘങ്ങൾ (ക്രെഡിറ്റ്)**
  - **1) പേരാമ്പ്ര റീജ്യനൽ കോ- ഓപ്പറേറ്റീവ് ബേങ്ക്**
  - **2) കൊയിലാണ്ടി താലൂക്ക് കാർഷിക വികസന സഹകരണ ബേങ്ക് - ശാഖ**
- **വായ്പേതര സംഘങ്ങൾ (നോൺ ക്രെഡിറ്റ്)**
  - **കൊയിലാണ്ടി താലൂക്ക് അഗ്രിക്കൾച്ചറൽ കോ- ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി (മാർക്കറ്റിങ്ങ്)**
  - **പയ്യോർമല ഹാൻഡ്‌ലൂം വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (വ്യവസായം)**
  - **പേരാമ്പ്ര ബ്ലോക്ക് ഹരിജൻ ലേബർ സഹകരണസംഘം**
  - **കോളേജ്/സ്കൂൾ സഹകരണ സ്റ്റോറുകൾ (കോളേജ് സ്റ്റോർ- 1, സ്കൂൾ സ്റ്റോറുകൾ- 3**

ഓരോ സഹകരണ സ്ഥാപനത്തിലെയും പ്രധാന സ്ഥിതിവിവരക്കണക്കുകൾ താഴെ കാണിച്ച പ്രകാരമാണ്.

| പേര് | അംഗങ്ങളുടെ എണ്ണം | ആരംഭിച്ച വർഷം | തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺഓവർ |
|---|---|---|---|---|---|
| 1) പേരാമ്പ്ര റീജ്യനൽ സഹകരണ ബേങ്ക്, കൊയിലാണ്ടി താലൂക്ക് | 5384 | 1959 | 18 | 15 ലക്ഷം | 27,88,664 |
| 2) അഗ്രികൾച്ചറൽ കോ. ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി | 4239 | 1960 | 12 | 374115 | 140.2 ലക്ഷം |
| 3) പയ്യോർമല ഹാൻഡ്‌ലൂം വീവേഴ്സ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി | 486 | 1945 | 6 | 1268810 | 25 ലക്ഷം |
| 4) പേരാമ്പ്ര ബ്ലോക്ക് ഹരിജൻ ലേബർ സഹകരണ സംഘം | 173 | 1983 | 1 | 17300 | ഡോർമൻറ് സൊസൈറ്റി |

1959ൽ രൂപീകൃതമായ പേരാമ്പ്ര റീജ്യനൽ കോ- ഓപ്പറേറ്റീവ് ബേങ്ക് വായ്പാമേഖലയിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചുവരുന്നത്. ഈ സ്ഥാപനം 1784123 രൂപയുടെ കാർഷിക വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 16,76,914 രൂപ ഹ്രസ്വകാല കാർഷിക വായ്പയും 1,07,209 രൂപ മധ്യകാല വായ്പയും ആണ്. ആൾജാമ്യ കടം, കാർഷികേതര മധ്യകാല കടം, ഉപഭോക്തൃ വായ്പകൾ, ഐ ആർ ഡി പി വായ്പകൾ എന്നീ ഇനങ്ങളിൽ 1,24,06,877 രൂപയും ഡെപ്പോസിറ്റ് ലോൺ, സ്വർണ്ണപണ്ടം പണയകടം, മറ്റു കടങ്ങൾ എന്നീ ഇനങ്ങളിൽ 1,62,23,033 രൂപയും ഇതിനകം വിതരണംചെയ്തിട്ടുണ്ട്. ഇപ്രകാരം ബേങ്ക് ആകെ 2,04,13,033 രൂപയാണ് വിതരണംചെയ്തിട്ടുള്ളത്. ഈ ബേങ്കിന് 50 ലക്ഷം രൂപ അംഗീകൃത ഓഹരിമൂലധനമുണ്ടെങ്കിലും പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 15 ലക്ഷം രൂപ മാത്രമാണ്. ഇതിൽ 3,27,500 രൂപയുടെ സർക്കാർ പങ്കാളിത്തവുമുണ്ട്.

പൊതു ഖജനാവിൽനിന്ന് സ്ഥിരംനിക്ഷേപമായി 2,53,40,862 രൂപയും ഹ്രസ്വകാല നിക്ഷേപമായി 90,74,872 രൂപയും സമാഹരിച്ച ഈ സ്ഥാപനം ജില്ലാ സഹകരണബേങ്ക്, എൻ സി ഡി സി എന്നീ സ്ഥാപനങ്ങളിൽനിന്ന് 13,78,758 രൂപ വായ്പ വാങ്ങിയിട്ടുണ്ട്. ബേങ്കിന് പിരിഞ്ഞുകിട്ടാനുള്ള അവധിബാക്കി കടം 60,38,518 രൂപയാണ്. ഇത് ആകെ വിതരണംചെയ്ത വായ്പയുടെ 36% വരും. ബേങ്കിൻെറ പുരോഗതിക്ക് തടസ്സംനില്ക്കുന്ന പ്രധാന ഘടകം ഈ അവധിബാക്കി കടമാണ്. ബേങ്കിൻെറ ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. കെ കെ ബാലകൃഷ്ണനാണ്. ബേങ്ക് രൂപീകൃതമായ വർഷം പ്രസിഡണ്ട് ശ്രീ. എം ആർ കിടാവ് ആയിരുന്നു.

കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ ഉദ്ദേശ്യം കാർഷികോല്പന്നങ്ങളുടെ വിപണനമാണെങ്കിലും ഫലപ്രദമായ രീതിയിൽ പ്രസ്തുതലക്ഷ്യം നിറവേറ്റാൻ ഈ സ്ഥാപനത്തിന് കഴിയുന്നില്ല. അപ്പെക്സ് സ്ഥാപനത്തിൽനിന്ന് യാതൊരു സാമ്പത്തികസഹായവും ഈ സ്ഥാപനത്തിന് ലഭിക്കുന്നില്ല. കശുവണ്ടി കുത്തകസംഭരണം നടത്തിയ കാലയളവിൽ ഈ സംഘം ലാഭകരമായ രീതിയിൽ പ്രവർത്തിച്ചിരുന്നു. 8 ലക്ഷം രൂപ അംഗീകൃത ഓഹരിമൂലധനമുള്ള ഈ സ്ഥാപനത്തിന് 3,74,115 രൂപ മാത്രമാണ് പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം. ഇതിൽ സർക്കാർ ഓഹരികൾ മാത്രം 2,88,700 രൂപയ്ക്കുള്ളതാണ്. താലൂക്ക് മുഴുവൻ പ്രവർത്തനപരിധിയുള്ള ഈ സ്ഥാപനത്തിന് 4,239 അംഗങ്ങൾ മാത്രമേയുള്ളൂ.

588

പേരാമ്പ്ര ബ്ലോക്ക് ഹരിജൻ ലേബർ സഹകരണസംഘത്തിന് സ്വന്തമായ ഭൂമിയും കെട്ടിടവും ഉണ്ടെങ്കിലും പ്രവർത്തനം നിലച്ച മട്ടാണ്. പേരാമ്പ്ര ബ്ലോക്ക് മുഴുവൻ പ്രസ്തുത സ്ഥാപനത്തിൻെറ പ്രവർത്തനപരിധിയിൽ പെടും. ഒരു ജീവനക്കാരൻ മാത്രമുള്ള പ്രസ്തുത സഹകരണസംഘത്തിന് 3 ഭരണസമിതി അംഗങ്ങൾ മാത്രമേ സംഘം നിയമാവലി പ്രകാരം ഉള്ളൂ. ഫലപ്രദവും കാര്യക്ഷമതയുമുള്ള മാനേജ്മെൻറിൻെറ അഭാവം വർക്കുകൾ സംഘടിപ്പിക്കുന്നതിന് കഴിയാത്ത അവസ്ഥയിലേക്ക് ഈ സ്ഥാപനത്തെ എത്തിച്ചിരിക്കുന്നു. 20,500 രൂപയുടെ അംഗീകൃത ഓഹരിമൂലധനമുള്ള പേരാമ്പ്ര ബ്ലോക്ക് ഹരിജൻ ലേബർ സഹകരണസംഘത്തിൻെറ സമാഹരിക്കപ്പെട്ട ഓഹരിമൂലധനം കേവലം 17,300 രൂപ മാത്രമാണ്. 100 രൂപ ഓഹരിവിലയിൽ 90% സർക്കാർ ഗ്രാൻറാണ്. 45,000 രൂപയ്ക്കുള്ളതാണ്.

വ്യാവസായികമേഖലയിൽ പ്രവർത്തിക്കുന്ന ഏക സഹകരണസ്ഥാപനമാണ് പയ്യോർമല ഹാൻഡ്‌ലൂം വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി. 25 ലക്ഷം രൂപയുടെ വാർഷിക ടേൺഓവർ ഉള്ള പ്രസ്തുത സംഘം 3 ലക്ഷം രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ഒരു കോളേജ് സഹകരണസംഘവും 3 സ്കൂൾ സഹകരണസ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്.

ദീർഘകാലകാർഷിക വായ്പകൾ വിതരണംചെയ്യുന്ന കൊയിലാണ്ടി താലൂക്ക് കാർഷികവികസന ബേങ്കിൽ പേരാമ്പ്ര പഞ്ചായത്തിൽനിന്ന് ഏകദേശം 300 അംഗങ്ങളുണ്ട്.

## പ്രശ്നങ്ങൾ

കാർഷിക സഹകരണ വായ്പാ മേഖലയിൽ ഏറ്റവും ദോഷകരമായി തീർന്നിട്ടുള്ളത് വർദ്ധിച്ചുവരുന്ന അവധി ബാക്കി കടമാണ്. ഈ പ്രദേശത്ത് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന പേരാമ്പ്ര റീജ്യനൽ കോ- ഓപ്പറേറ്റീവ് ബേങ്കിൻെറ അവധി ബാക്കികടം 60,38,515 രൂപയാണ്. മൊത്തം വിതരണംചെയ്ത വായ്പയുടെ 36% വരുന്ന സംഖ്യയാണ് ഇത്. വിതരണംചെയ്യപ്പെടുന്ന വായ്പകൾ ശരിയായ ഉദ്ദേശ്യത്തിന് വിനിയോഗിക്കപ്പെടാറില്ല എന്നതാണ് സത്യം. കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്ന ആവശ്യത്തിനുവേണ്ടി വാങ്ങുന്ന വായ്പകൾ പലതും ഉപഭോഗ ആവശ്യത്തിനാണ് വിനിയോഗിക്കപ്പെടുന്നത്. ശരിയായ ആവശ്യത്തിനുതന്നെയാണോ വായ്പകൾ വിനിയോഗിക്കപ്പെടുന്നത് എന്ന് അന്വേഷിക്കുവാൻ ബേങ്കിന് ഫീൽഡ് ആപ്പീസർമാരെ നിയോഗിക്കാവുന്നതാണ്. ഭരണസമിതിയും ജീവനക്കാരും നിക്ഷേപം സ്വീകരിക്കുന്നതിൽ കാണിക്കുന്ന ഉത്സാഹം കുടിശ്ശിക പിരിക്കുന്നതിലും കാണിക്കേണ്ടതാണ്. കൂടാതെ "ലിങ്കിങ്ങ് ഓഫ് ക്രഡിറ്റ് വിത്ത് മാർക്കറ്റിങ്ങ്" എന്ന തത്വം അതായത് ഉല്പന്നങ്ങൾ മാർക്കറ്റിങ്ങ് സൊസൈറ്റിയിലൂടെ മാത്രമേ വിപണനംചെയ്യാവൂ എന്നത് പ്രവർത്തികമാക്കേണ്ടതാണ്. ഇത് മാർക്കറ്റിങ്ങ് സഹകരണ സൊസൈറ്റിയുടെ വ്യാപാരം വർധിപ്പിക്കുന്നതിലും സഹയകരമായിരിക്കും.

ആധുനിക ബേങ്കിങ്ങ് രീതികൾ സഹകരണ ബേങ്കിലെ ജീവനക്കാരെ പരിശീലിപ്പിക്കേണ്ടതാണ്. അവധിബാക്കി കടം പിരിവിനുവേണ്ടിയുള്ള ആർബിട്രേഷൻ/ എക്സിക്യൂഷൻ നടപടികൾ കൂടുതൽ ഫലപ്രദമായി സ്വീകരിക്കുന്നതിന് ജുഡീഷ്യൽ അധികാരങ്ങൾ വർദ്ധിക്കുന്ന തരത്തിൽ സഹകരണനിയമത്തിൽ കാലോചിതമായ ഭേദഗതികൾ വരുത്തുന്നത് അഭികാമ്യമായിരിക്കും. സഹകരണ വിദ്യാഭ്യാസം കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഹകരണസംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും നല്കേണ്ടതുണ്ട്.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ എല്ലാ സഹകരണസ്ഥാപനങ്ങളിലും അംഗീകൃത ഓഹരിമൂലധനവും പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും തമ്മിലുള്ള വ്യത്യാസം ആശങ്കയ്ക്കിടം നല്കുന്നതാണ്. കാർഷിക വായ്പാവിതരണരംഗത്ത് പ്രവർത്തിക്കുന്ന പേരാമ്പ്ര റീജ്യനൽ സഹകരണബേങ്കിൽപോലും 50 ലക്ഷം അംഗീകൃത ഓഹരി മൂലധനമുള്ളപ്പോൾ 15 ലക്ഷം മാത്രമാണ് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം. എല്ലാ കൃഷിക്കാരും കാർഷികവായ്പാ സഹകരണബേങ്കിൽ അംഗത്വമെടുത്തിരിക്കണം എന്ന അവബോധം സൃഷ്ടിക്കാൻ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കണം. ഇത്

സർക്കിൾ സഹകരണ യൂനിയനും സംസ്ഥാന സഹകരണയൂനിയനും ചെയ്യാവുന്നതാണ്.

മാർക്കറ്റിങ്ങ് രംഗത്ത് പ്രവർത്തിക്കുന്ന കൊയിലാണ്ടി താലൂക്ക് അഗ്രിക്കൾച്ചറൽ മാർക്കറ്റിങ്ങ് സൊസൈറ്റിക്ക് 140.2 ലക്ഷം രൂപ വാർഷിക ടേൺഓവറുള്ളപ്പോൾ 1.14 ലക്ഷം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യമായ ഫണ്ടിൻെറ അഭാവം കാർഷികോല്പന്നങ്ങളുടെ വിപണനത്തെ ദോഷകരമായി ബാധിക്കുന്നത്. ഒരു ഓഹരിയുടെ വില 20 രൂപ മാത്രമാണ്. മാറിയ സാഹചര്യത്തിൽ ഒരു ഓഹരിയുടെ വില 100 രൂപയെങ്കിലും ആക്കണം. അംഗങ്ങളെ ചേർക്കുന്ന പ്രവണത മാനേജ്മെൻറിൻെറ ഭാഗത്ത്നിന്ന് ഉണ്ടായാലേ കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ ഓഹരിമൂലധനം വർധിപ്പിക്കാൻ കഴിയുകയുള്ളൂ. നേരത്തെ സൂചിപ്പിച്ച 'ലിങ്കിങ്ങ് ഓഫ് ക്രഡിറ്റ് വിത്ത് മാർക്കറ്റിങ്ങ്' എന്ന തത്വം പ്രാവർത്തികമാക്കുകയും വേണം. പേരാമ്പ്ര ടൗണിൻെറ ഹൃദയഭാഗത്ത് മാർക്കറ്റിങ്ങ് സൊസൈറ്റിക്ക് സ്വന്തമായുള്ള 18 സെൻറ് സ്ഥലത്തുള്ള കെട്ടിടത്തിൻെറ ഭദ്രത നശിച്ചിരിക്കുന്നതിനാൽ മുഴുവൻ സ്ഥലവും ഉപയോഗിച്ച് പുതിയ കെട്ടിടം പണിയുകയും സംഘത്തിനാവശ്യമുള്ള മുറികൾ ഒഴികെ ബാക്കിയുള്ള മുറികൾ പലിശരഹിതനിക്ഷേപം സെക്യൂരിറ്റിയായി നിശ്ചയിച്ച് വാടകയ്ക്ക് നല്കിയാൽ സംഘത്തിൻെറ ആസ്തിയും വരുമാനവും വർദ്ധിയ്ക്കും. അങ്ങനെയുണ്ടാകുന്ന നേട്ടം കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് കാര്യക്ഷമമായി ഉപയോഗിക്കാവുന്നതാണ്.

പേരാമ്പ്രയിലെ 3 സ്കൂൾ സഹകരണസംഘങ്ങളും കൂടി ഒരു കേന്ദ്ര യൂനിറ്റാക്കി മാനേജ്മെൻറിൽ വിദ്യാർഥികൾക്ക് പങ്കാളിത്തം നല്കേണ്ടതാണ്. അതുവഴി സഹകരണം സംബന്ധിച്ച അറിവ് വിദ്യാർഥികൾക്ക് ലഭിക്കും. ഇപ്പോൾ അതാത് സ്കൂളുകളിലെ ഒരു അധ്യാപകനാണ് സെക്രട്ടരിയുടെ ചുമതല വഹിക്കുന്നത്. ഇക്കാരണത്താൽ പ്രസ്തുത അധ്യാപകന് അധ്യാപനത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയാറില്ല. കൂടാതെ സഹകരണ എക്കൗണ്ടിങ്ങിലുള്ള പരിചയക്കുറവ്, സഹകരണനിയമത്തിലുള്ള അജ്ഞത എന്നിവ സ്റ്റോറുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. ആയതിനാൽ മുമ്പ് സൂചിപ്പിച്ച കേന്ദ്ര യൂനിറ്റിൽ അധ്യാപകർക്ക് പകരം സഹകരണ ട്രെയിനിങ്ങ് ലഭിച്ച ജീവനക്കാരെ നിയമിക്കേണ്ടതാണ്. പലപ്പോഴും സഹകരണ എക്കൗണ്ടിങ്ങ് അറിയാത്തത് കാരണം സർക്കാർ സഹായംപോലും സ്കൂൾ സ്റ്റോറിന് ലഭ്യമാക്കാൻ നിലവിലുള്ള സ്കൂൾ സഹകരണ സംഘം സെക്രട്ടരിമാർ തയ്യാറാവാറില്ല. ഇങ്ങനെ സർക്കാർ സഹായധനം ലാപ്സാവുന്ന അവസ്ഥ സംജാതമാകാറുണ്ട്.

## സാധ്യതകൾ

വളരെ വേഗത്തിൽ നഗരവൽക്കരിക്കപ്പെടുന്ന പേരാമ്പ്ര ടൗൺ ആസ്ഥാനമായി ഒരു അർബ്ബൻ സഹകരണ ബേങ്കും ഹൗസിങ്ങ് സൊസൈറ്റിയും ഇല്ല. ഇപ്പോൾ മേപ്പയൂർ കോ- ഓപ്പറേറ്റീവ് അർബ്ബൻ ബേങ്കിൻെറ പരിധിയിലാണ് ഈ പ്രദേശം ഉള്ളത്. പ്രസ്തുത ബേങ്കിന് ഈ പ്രദേശത്തിൻെറ വ്യാവസായിക- വാണിജ്യ വായ്പാവശ്യങ്ങൾ നിറവേറ്റാനുള്ള സാഹചര്യം ഇല്ല. ആയതിനാൽ ഒരു സഹകരണ അർബ്ബൻ ബേങ്ക് പേരാമ്പ്ര ടൗൺ ആസ്ഥാനമാക്കി ആരംഭിക്കേണ്ടതാണ്. മേപ്പയൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഹൗസിങ്ങ് സൊസൈറ്റിയെ ആണ് ഹൗസിങ്ങ് ലോണുകൾക്ക് ഈ പ്രദേശത്തുകാർ ആശ്രയിക്കുന്നത്. ഒരു ഹൗസിങ്ങ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങാനുള്ള എല്ലാ സാധ്യതകളും ഇവിടെയുണ്ട്.

## തുടങ്ങാൻ നിർദ്ദേശിക്കപ്പെട്ട സഹകരണ സ്ഥാപനങ്ങൾ

ക്ഷീരോല്പാദക സഹകരണ സംഘം, കോഴിവളർത്തൽ സഹകരണസംഘം, പഴം സംസ്കരണ സഹകരണസംഘങ്ങൾ, പാൽ സംസ്കാരണസഹകരണ സംഘങ്ങൾ, പ്രിൻറിങ്ങ് സഹകരണസംഘം, കോ- ഓപ്പറേറ്റീവ് ബസ് സർവ്വീസ് സഹകരണസംഘം, വനിതാ സഹകരണസംഘങ്ങൾ, കേരാധിഷ്ഠിത വ്യവസായ സഹകരണസംഘം, സഹകരണ ടെയ്ലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, മത്സ്യം വളർത്തൽ സഹകരണസംഘം, സഹകരണാടിസ്ഥാനത്തിൽ വനിതാ ഹോട്ടൽ, സഹകരണ ആയുർവേദ ആശുപത്രി, പന്നിവളർത്തൽ സഹകരണസംഘം, സഹകരണ കോഴിഫാം, താറാവ് ഫാം, തേനീച്ച വളർത്തൽ സഹകരണസംഘം, കയർ സഹകരണസംഘം, സഹകരണ ബേക്കറി, സഹകരണാടിസ്ഥാനത്തിൽ പായ നെയ്ത്ത്, കുടനിർമ്മാണയൂനിറ്റുകൾ.



# 7

# വിദ്യാഭ്യാസം

വിദ്യാഭ്യാസ തൽപ്പരരായ നാട്ടുകാരുടെ ശ്രമങ്ങളും ബാസൽമിഷനെപ്പോലുള്ള വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനങ്ങളും പേരാമ്പ്രയുടെ വിദ്യാഭ്യാസ പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട് ബാസൽ മിഷൻെറ കീഴിൽ പ്രവർത്തനമാരംഭിച്ച ബോഡ് സ്കൂളാണ് പേരാമ്പ്രയിലെ ആദ്യ വിദ്യാലയം. മന്ദഗതിയിലായിരുന്ന പേരാമ്പ്രയിലെ വിദ്യാഭ്യാസ രംഗം സജീവമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചവരുടെ മുൻനിരയിൽ സ്വാതന്ത്ര്യ സമരസേനാനിയായ ശ്രീ. കെ ടി കുഞ്ഞിരാമൻനായർ, ഹയർ എലിമെൻററി സ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ. കുഞ്ഞിരാമൻ എഴുത്തച്ഛൻ, പേരാമ്പ്ര ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. കെ ആർ. കേരളവർമ്മ എന്നിവരായിരുന്നു.

മദ്രസ്സാ വിദ്യാഭ്യാസത്തിൽ മാത്രം വിദ്യയെ കണ്ടെത്തിയിരുന്ന പേരാമ്പ്രയിലെ മുസ്ലിംസമൂഹത്തിന് ഭൗതിക വിദ്യാഭ്യാസത്തിൻെറ കൈത്തിരി കത്തിച്ച് നൽകിയത് മലപ്പുറത്തുനിന്നും പേരാമ്പ്രയിൽ താമസമാക്കിയ സൈതാലിക്കുട്ടി മൗലവിയുടെ പ്രവർത്തനമായിരുന്നു. അദ്ദേഹത്തിൻെറ സംഭാവനയാണ് നുസ്റത്തുൽ ഇസ്ലാം മദ്രസ്സ എൽ പി സ്കൂൾ (ഇന്നത്തെ എൻ ഐ എം എൽ പി എസ്) ഹരിജനങ്ങളുടെ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ പേരാമ്പ്രയിൽ സ്വാതന്ത്ര്യലബ്ധിക്ക് വളരെ മുമ്പെ തുടങ്ങിയിരുന്നു. ഹരിജനങ്ങൾക്കായി സ്ഥാപിച്ച കല്ലോടുള്ള പഞ്ചമസ്കൂൾ (ഇന്നത്തെ കല്ലോട് എ എൽ പി എസ്) ഈ ശ്രമത്തിൻെറ ഭാഗമാണ്. സാമ്പവരുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനുവേണ്ടി കൊയിലാണ്ടി താലൂക്കിൽ സ്ഥാപിച്ച ആദ്യ വിദ്യാലയമാണ്-പേരാമ്പ്രയിലെ ഗവർമെണ്ട് ഹരിജൻ വെൽഫയർ സ്കൂൾ. സ്വന്തം സമുദായക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി പ്രസ്തുത സ്കൂൾ സ്ഥാപിക്കുന്നതിൽ ശ്രീ ചാത്തൻ വൈദ്യരുടെയും മകൻ ഗോപാലൻെറയും പരിശ്രമം ഇവിടെ എടുത്തുപറയാതിരിക്കാൻ വയ്യ.

1948 ജൂൺ മാസം നാലാം തീയതി സ്വാതന്ത്ര്യസമര സേനാനി ശ്രീ. സി കെ ഗോവിന്ദൻനായർ ഉദ്ഘാടനം ചെയ്ത പേരാമ്പ്ര ഹൈസ്കൂൾ ആണ് ഈ പഞ്ചായത്തിലെ പതിനഞ്ച് വിദ്യാലയങ്ങളുടെ കേന്ദ്ര ബിന്ദു. 2800-ൽ അധികം കുട്ടികൾ പഠിക്കുന്ന പ്രസ്തുത സ്കൂൾ 1991-ൽ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്തത് പഞ്ചായത്തിലെ വിദ്യാലയമേഖലയിൽ വന്ന പുരോഗതിയിൽ എടുത്തുപറയത്തക്കതാണ്. സംസ്ഥാന അധ്യാപക അവാർഡിന് അർഹ

നായ ശ്രീ. വി രാമചന്ദ്രൻനായരാണ് ഹയർ സെക്കണ്ടറി സ്കൂളിൻെറ ഇപ്പോഴത്തെ പ്രിൻസിപ്പാൾ. ഇതിന് മുമ്പ് പേരാമ്പ്ര ഹൈസ്കൂൾ അധ്യാപകനും പിന്നീട് കൂത്താളി ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായിരുന്ന ശ്രീ. എ കെ കരുണാകരൻ നായർക്കും സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ നാല് യു പി സ്കൂളുകളും പത്ത് എൽ പി സ്കൂളുകളുമാണുള്ളത്. ആയതിൽ ഒരു എൽ പി സ്കൂൾ അംഗീകൃത അൺ എയ്ഡഡും ഒന്ന് അംഗീകാരമില്ലാത്തതുമാണ്. ആകെയുള്ള പതിനഞ്ച് വിദ്യാലയങ്ങളിൽ രണ്ടെണ്ണം മാത്രമാണ് സർകാർ മേഖലയിൽ ഉള്ളത്. അതിലൊന്നാണ് ഇരുപത്തഞ്ച് കുട്ടികൾ മാത്രം പഠിക്കുന്ന ഹരിജൻ വെൽഫെയർ സ്കൂൾ. ബാക്കിയെല്ലാം സ്വകാര്യമേഖലയിൽ ഉള്ള വിദ്യാലയങ്ങളാണ്. ഇതിന് പുറമെ ഒരു ഗവർമെണ്ട് ആർട്സ് കോളേജും ഒൻപത് പാരലൽ കോളേജുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഒന്ന് വനിതാ കോളേജ് ആണ്. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

## സ്കൂളിൻെറ പൊതുവിവരണം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | മരുതേരി മാപ്പിള എൽ പി എസ് | എയ്ഡഡ് | 34 | 20 | 54 | 4 |
| 2. | നാരായണവിലാസം എ യു പി എസ് | ,, | 291 | 284 | 575 | 20 |
| 3. | പേരാമ്പ്ര എ യു പി എസ് | ,, | 433 | 427 | 860 | 30 |
| 4. | പേരാമ്പ്ര ജി യു പി എസ് | സർക്കാർ | 129 | 97 | 226 | 13 |
| 5. | പേരാമ്പ്ര എച്ച് എസ് എസ് | എയ്ഡഡ് | 1465 | 1360 | 2825 | 90 |
| 6. | കല്ലോട് എ എൽ പി എസ് | ,, | 126 | 96 | 222 | 9 |
| 7. | കിഴിഞ്ഞാണ്യം എൽ പി എസ് | ,, | 84 | 93 | 177 | 6 |
| 8. | സെൻറ് ഫ്രാൻസിസ് എൽ പി എസ് | അൺഎയ്ഡഡ് (അംഗീകൃതം) | 243 | 188 | 431 | 14 |
| 9. | എരവട്ടൂർ എ എം എൽ പി എസ് | എയ്ഡഡ് | 92 | 73 | 165 | 7 |
| 10. | എടവരാട് എം എൽ പി എസ് | ,, | 75 | 79 | 154 | 6 |
| 11. | ജ്ഞാനോദയം എൽ പി എസ് | ,, | 64 | 67 | 131 | 5 |
| 12. | എൻ ഐ എം എൽ പി എസ് | ,, | 67 | 68 | 135 | 5 |
| 13. | ജി ഡബ്ല്യൂ എൽ പി പേരാമ്പ്ര | സർക്കാർ | 12 | 13 | 25 | 2 |
| 14. | അജയ് കിൻറർഗാർട്ടൻ | അംഗീകാരമില്ല | 41 | 38 | 79 | 4 |
| 15. | വൃന്ദാവനം എ യു പി എസ് | എയ്ഡഡ് | 201 | 205 | 406 | 19 |
| | ആകെ എണ്ണം | | 3357 | 3108 | 6465 | 234 |

പ്രൈമറിതലം തുടങ്ങി ഹയർ സെക്കണ്ടറി വരെ വിദ്യാർഥികൾ ഏറെ യാത്രചെയ്യേണ്ടി വരുന്നതും ഹയർ സെക്കണ്ടറി സ്കൂളിൽ കുട്ടികളുടെ ബാഹുല്യം കാരണവും വിജയശതമാനം ഉയർന്ന നിലവാരം കാണിക്കുന്നില്ല. പഞ്ചായത്തിൻെറ വടക്കും തെക്കും അധിവസിക്കുന്ന കുട്ടികൾക്ക് ഹയർ സെക്കണ്ടറി സ്കൂളിൽ എത്താൻ ശരാശരി അഞ്ച് കിലോമീറ്റർ ദൂരം കാൽനടയായി സഞ്ചരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിദ്യാലയങ്ങൾ തീരെ ഇല്ലാത്ത വാഡുകളിൽ നിന്ന് കുട്ടികൾ സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിൽ പ്രവേശനം നേടുകയാണ് ചെയ്യുന്നത്. പഞ്ചായത്തിൻെറ വിവിധ മേഖലകളിൽനിന്ന് വിദ്യാർഥികൾ 10-ഉം 15-ഉം കിലോമീറ്റർ അകലങ്ങളിലുള്ള പടത്തുക്കടവ്, കുളത്തുവയൽ, കല്ലാനോട് എന്നീ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലും നഗരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പ്രവേശനം തേടിപ്പോകുന്നു.

അക്കാദമിക് നിലവാരം - എസ് എസ് എൽ സി വിജയശതമാനം

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| പരീക്ഷക്ക് ഇരുന്നവർ | 558 | 624 | 614 | 616 | 643 |
| ജയിച്ചവർ | 241 | 224 | 230 | 247 | 228 |
| വിജയശതമാനം | 43.18 | 36 | 37.5 | 41 | 35.5 |

വിദ്യാലയ സർവെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അധ്യാപകരിൽ സ്ത്രീകൾ പുരുഷന്മാരോട് ഒപ്പത്തിനൊപ്പം നിൽക്കുന്നു എന്നതാണ്. ആകെയുള്ള 234 പേരിൽ 117 പേർ സ്ത്രീകളാണ്. പഞ്ചായത്തിലെ അധ്യാപകരിൽ പലരും വേണ്ടത്ര ഇൻസർവീസ് ട്രെയിനിങ്ങിന് വിധേയരായിട്ടില്ല. പല വിദ്യാലയങ്ങളിലും വൈദ്യുതി കണക്ഷൻ, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, സ്റ്റാഫ് മുറി, കക്കൂസ്, മൂത്രപ്പുര, കളിസ്ഥലം, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, പാചകപ്പുരകൾ, ചുറ്റുമതിൽ, ഫർണീച്ചറുകൾ എന്നീ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു.

പട്ടിക - (സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ - അടുത്തപേജിൽ)

മുൻമന്ത്രി ഡോ. കെ ജി അടിയോടിയുടെ ശ്രമഫലമായി 1975-ൽ ഒരു ജൂനിയർ കോളേജായി പ്രവർത്തനം തുടങ്ങിയ ഗവർമെണ്ട് സി കെ ജി എം കോളേജ് മലയോര മേഖലയിലെ ഏതാനും പഞ്ചായത്തുകളിലെ വിദ്യാർഥികളുടെ ഉപരിപഠന കേന്ദ്രമാണ്. 1991-ൽ ഡിഗ്രി ക്ലാസുകൾ കൂടി ഈ കോളേജിൽ ആരംഭിച്ചു. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ പോരായ്മയായി നിലനിൽക്കുന്നത് സാങ്കേതിക സ്ഥാപനങ്ങളുടെ അഭാവമാണ്. പ്രൈവറ്റ് മേഖലയിലുള്ള രണ്ടോ മൂന്നോ ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു എൽ ബി എസ് കമ്പ്യൂട്ടർ സബ് സെൻററും മാത്രമാണ് ഉള്ളത്. പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ പ്രൊഫഷണൽ വിദ്യാലയങ്ങൾ തീരെ ഇല്ല.

കഴിഞ്ഞ കുറെ വർഷങ്ങളിലെ സ്ഥിതിവിവരക്കണക്ക് പരിശോധിച്ചാൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പ്രവേശനം തേടുന്ന കുട്ടികളുടെ എണ്ണം താഴോട്ട് വരുന്നതായും ഏക അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ പ്രവേശന നിരക്ക് വർധിച്ചുവരുന്നതായും കാണാൻ കഴിയുന്നു.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള ഇരുപത്തിമൂന്ന് അംഗൻവാടികളിൽ പതിനെട്ടെണ്ണത്തിന് മാത്രമെ സ്വന്തമായി കെട്ടിടവും സ്ഥലവും ഉള്ളൂ. മൂന്ന് എണ്ണത്തിന് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടം ആയിട്ടില്ല. 8, 11 വാർഡുകളിലെ അംഗൻവാടികൾ സ്വന്തം സ്ഥലവും കെട്ടിടവും ഇല്ലാത്ത നിലയിൽ പ്രവർത്തിക്കുകയാണ്. 2-ാം വാർഡിൽ സ്ഥലവും കെട്ടിടവും ലഭിക്കുകയാണെങ്കിൽ ഒരു അംഗൻവാടികൂടി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൻെറ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ മറ്റൊരു സ്ഥാപനമാണ് ദാറുന്നുജൂംയതിംഖാന. ഈ സ്ഥാപനത്തിൽ 150-ൽപരം അനാഥക്കുട്ടികൾ താമസിച്ചു പഠിക്കുന്നു.

## വിദ്യാഭ്യാസം-ഗ്രാമതല ചർച്ചകളുടെ ക്രോഡീകരണം

*നിലവിലുള്ള പ്രശ്നങ്ങൾ:*

1) പഞ്ചായത്തിലെ ജനസംഖ്യ പരിഗണിക്കുമ്പോൾ നിലവിലുള്ള എൽ പി, യു പി, ഹൈസ്കൂൾ എന്നിവയുടെ എണ്ണം അപര്യാപ്തമാണ്.

2) ഉള്ള വിദ്യാലയങ്ങൾ ചില പ്രത്യേക ഭാഗങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. 6, 8, 11, 12 എന്നീ വാഡുകളിൽ വിദ്യാലയങ്ങൾ തീരെ ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നു.

3) സാങ്കേതിക പ്രൊഫഷണൽ വിദ്യാലയങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ നിലവിലില്ല.

4) പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ മാത്രമായതിനാൽ ഇവിടെയുള്ള കുട്ടികളുടെ ബാഹുല്യം വിജയശതമാനത്തെ കാര്യമായി ബാധിക്കുന്നു.

5) ഭൂരിപക്ഷം വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങളും പഠനനിലവാരവും വളരെ പരിതാപകരമാണ്.

6) വിദ്യാലയങ്ങളിലെത്താൻ പല വാഡുകളിലെയും കുട്ടികൾ രണ്ട് കി. മീ. മുതൽ എട്ട് കി. മീറ്റർ വരെ നടന്നു സഞ്ചരിക്കേണ്ട സ്ഥിതി നിലനിൽക്കുന്നു.

593

7) മിക്ക വിദ്യാലയങ്ങളിലും ഗ്രന്ഥാലയങ്ങളോ, ലബോറട്ടറി സൗകര്യങ്ങളോ ഇല്ല.

8) പഞ്ചായത്തിൽ നിലവിലുള്ള ഏക ഗവൺമെണ്ട് കോളേജായ സി കെ ജി എം കോളേജിൽ സയൻസ് ഗ്രൂപ്പുകളോ പോസ്റ്റുഗ്രാജ്വേറ്റ് കോഴ്സുകളോ ഏർപ്പെടുത്തിയിട്ടില്ല.

9) വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടത്താനുള്ള പ്രയാസങ്ങൾ നിലവിലുണ്ട്.

10) കുട്ടികളുടെ കലാപരവും കായികപരവുമായ കഴിവുകൾ വികസിപ്പിക്കാൻ പറ്റിയ സാഹചര്യങ്ങൾ മിക്ക വിദ്യാലയങ്ങളിലും നിലവിലില്ല.

11) പഞ്ചായത്തിലെ രണ്ടാം വാർഡിൽ നിലവിലുള്ള ഹരിജൻ വെൽഫെയർ സ്കൂൾ ഫലപ്രാപ്തിക്ക് ഉതകുന്നില്ല.

12) പുതുതായി നിലവിൽ വന്ന വിദ്യാഭ്യാസ സമിതികൾ പല വാർഡുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

13) വിദ്യാർഥികളുടെ മതപഠനത്തിനുള്ള സമയം അവരുടെ സ്കൂൾ വിദ്യാഭ്യാസത്തെ ബാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. വ്യത്യസ്ത വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന വ്യത്യസ്ത സമയക്രമവും പഠനരംഗത്തെ ബാധിക്കുന്നു.

14) നിലവിലുള്ള വലിയൊരു ശതമാനം അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളോ, ആവശ്യമുള്ള ഫർണിച്ചറുകളോ, കളിക്കോപ്പുകളോ ഇല്ല. മിക്ക അംഗൻവാടികളുടെയും പ്രവർത്തനം തൃപ്തികരമല്ല.

15) ആവശ്യമായത്ര അംഗൻവാടികൾ പഞ്ചായത്തിൽ ഇന്ന് നിലവിലില്ല.

16) തുടർ സാക്ഷരതാപ്രവർത്തനം പഞ്ചായത്തിൽ ഫലപ്രദമായി നടക്കുന്നില്ല.

## പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ

1) പേരാമ്പ്ര പഞ്ചായത്തിൻെറ വ്യാപ്തിയും ജനസംഖ്യാ വർധനവും കണക്കിലെടുത്ത് പുതുതായി രണ്ട് എൽ പി സ്കൂളുകളും രണ്ട് യു പി സ്കൂളുകളും ഒരു ഹൈസ്കൂളും നിർബന്ധമായും അനുവദിക്കേണ്ടിയിരിക്കുന്നു.

2) വിദ്യാലയങ്ങൾ അനുവദിക്കുമ്പോൾ 4, 5, 6, 8, 11, 12 എന്നീ വാർഡുകൾക്ക് പ്രയോജനം ലഭിക്കുന്ന വിധമായിരിക്കണം.

3) സാങ്കേതിക വിദ്യാലയങ്ങളൊന്നുമില്ലാത്ത പേരാമ്പ്ര പഞ്ചായത്തിൽ വ്യത്യസ്ത കേന്ദ്രങ്ങളിലായി ഒരു ഐ ടി ഐയും ഒരു നഴ്സറി ടീച്ചേഴ്സ് ട്രെയിനിങ്ങ് സെൻററും ഗവർമെണ്ട് മേഖലയിൽ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം.

4) പേരാമ്പ്ര പഞ്ചായത്തിലുള്ള കുട്ടികൾക്കുപകരിക്കുന്ന പൈതോത്ത് ഗവ. എൽ പി സ്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികളുണ്ടാകണം.

5) പേരാമ്പ്ര പഞ്ചായത്തിൻെറ കേന്ദ്ര ഭാഗത്ത് സ്ഥിതിചെയ്യുന്ന പേരാമ്പ്ര ഗവ. യു പി സ്കൂളിന് കെട്ടിടം പണിയുകയും അപ്ഗ്രേഡ് ചെയ്യുകയും വേണം.

6) പേരാമ്പ്രയിൽ നിലവിലുള്ളതും കുറേ പഞ്ചായത്തുകൾക്ക് ആശ്രയവുമായ ഗവ. സി കെ ജി എം കോളേജിൽ സയൻസ് ഗ്രൂപ്പും പി ജി കോഴ്സും ആരംഭിക്കണം.

7) വിദ്യാലയങ്ങളിലെ മോശമായിക്കൊണ്ടിരിക്കുന്ന പഠനനിലവാരം ഉയർത്താനായി ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. അധ്യാപകരുടെ പരിശീലനത്തിനായുള്ള ഒരു കേന്ദ്രം ഉടനെ സ്ഥാപിക്കണം. വിദ്യാലയത്തിൻെറ പിന്നോക്കാവസ്ഥക്കുള്ള കാരണങ്ങൾ കണ്ടുപിടിച്ച് ഫലപ്രദമായ പരിഹാരനടപടികളെടുക്കാൻ വാർഡുതലത്തിലുള്ള വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഉദ്യോഗസ്ഥ തലത്തിലുള്ള വിദ്യാലയ പരിശോധന കാര്യക്ഷമമായും നിരന്തരമായും നടക്കുന്നുവെന്നുറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. വിദ്യാലയാന്തരീക്ഷം ആകർഷകമാക്കാൻ കലാകായികരംഗം സമ്പുഷ്ടമാക്കാനുള്ള നടപടികൾ അത്യാവശ്യമാണ്.

8) മതപഠനം കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കാതിരിക്കത്തക്കവിധം ഇന്നത്തെ സ്കൂൾ സമയം മാറ്റി നിശ്ചയിക്കേണ്ടിയിരിക്കുന്നു. സ്കൂൾ സമയം കാലത്ത് എട്ട് മണി മുതൽ 1 മണി വരെ എന്ന രീതിയിലേക്ക് മാറ്റിയാൽ ബാക്കി

594

വരുന്ന സമയം മതപഠനത്തിനും തൊഴിൽ പരിശീലനത്തിനും ഉപകരിക്കുന്നതാണ്. സ്കൂൾ കലണ്ടർ ഏകീകരിക്കാനുള്ള സാധ്യതയും ഇതുമൂലം ഉണ്ടാകുന്നതാണ്.

9) 20 അംഗൻവാടികൾകൂടി പേരാമ്പ്ര പഞ്ചായത്തിന് അനുവദിച്ചാൽ എണ്ണത്തിലുള്ള അപര്യാപ്തത പരിഹരിക്കാൻ കഴിയും. ഇങ്ങനെ അനുവദിക്കുമ്പോൾ പഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളും പരിഗണിക്കപ്പെടേണ്ടതാണ്.

10) അംഗനവാടികളിലെ ഭൗതിക സാഹചര്യങ്ങൾ ഉടനടി പരിഷ്കരിക്കുന്നതോടൊപ്പം അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനവേതന വ്യവസ്ഥകളും പരിഷ്കരിക്കേണ്ടിയിരിക്കുന്നു.

11) പ്രൈമറി വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കാൻ ഭക്ഷണസാധനങ്ങൾ പഞ്ചായത്ത് നേരിട്ട് സ്കൂളിലെത്തിക്കാനുള്ള ഏർപ്പാട് ചെയ്യണം. പാകം ചെയ്യാനുള്ള മതിയായ ചെലവ് നൽകുന്ന കാര്യത്തിലും പഞ്ചായത്ത് ചുമതലയേൽക്കേണ്ടിയിരിക്കുന്നു.

12) നവസാക്ഷരർ നിരക്ഷരരായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ വാർഡുകൾതോറും ജനവിദ്യാ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം.

13) പേരാമ്പ്ര പഞ്ചായത്തിൻെറ കേന്ദ്ര ഭാഗത്തായി ഒരു വൊക്കേഷണൽ ഗൈഡൻസ് സെൻറർ സ്ഥാപിക്കാനുള്ള നടപടികളുണ്ടാകണം.

*പ്രശ്നങ്ങൾ*

പഞ്ചായത്തിലെ അംഗൻവാടികളിൽ മിക്കതിലും കുടിവെള്ളം, യൂറിനൽ, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളോ ഇല്ല. പലതിലും വേണ്ടത്ര കളിക്കോപ്പുകളില്ല.

*സാധ്യതകൾ:*

1) പേരാമ്പ്ര ഗവ. യു പി സ്കൂളിന് കെട്ടിടം പണിതാൽ ഹൈസ്കൂളായി ഉയർത്താൻ കഴിയും.

2) 4, 5, 12 എന്നീ വാർഡുകളിൽ വിദ്യാലയങ്ങൾ നിർമ്മിക്കാൻ സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാണ്.

3) വാർഡുകളിൽ പുതുതായി അംഗൻവാടികൾ നിർമ്മിക്കാനാവശ്യമായ സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാണ്.

4) പേരാമ്പ്ര പഞ്ചായത്ത് 2-ാം വാർഡിലുള്ള ഹരിജൻ വെൽഫെയർ സ്കൂൾ, വെൽഫെയർ ഹോസ്റ്റലായി മാറ്റാവുന്നതാണ്. ഇന്നവിടെ പഠിക്കുന്ന കുട്ടികളെ അടുത്ത സ്കൂളിലേക്ക് മാറ്റാവുന്നതുമാണ്.

5) 2-ാം വാർഡിൽ അംഗൻവാടിക്കുവേണ്ടി സ്ഥലവും കെട്ടിടവും നൽകാൻ നാട്ടുകാർ തയ്യാറാണ്.

6) ജനങ്ങളിൽ ഒരു ബോധവത്ക്കരണം നടക്കുന്നതോടെ അംഗൻവാടികൾക്കാവശ്യമായ കളിപ്പാട്ടങ്ങളും മറ്റും സംഭാവനയായി ലഭിക്കാൻ സാധ്യതയുണ്ട്.

7) കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലം നൽകാൻ നാട്ടുകാർ തയ്യാറാവുന്നതോടെ ജെ ആർ വൈ, അൺടൈഡ് തുടങ്ങിയ സ്കീമുകളിൽ പെടുത്തി കെട്ടിടങ്ങൾ പണിയാവുന്നതാണ്.

## സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നം. | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | പാചക മുറി | മൂത്രപ്പുര | കക്കൂസ് | കളി സ്ഥലം | കിണർ | വൈദ്യുതി | റേഡിയോ ടേപ്പ് റിക്കാഡ്സ് | ചുറ്റു മതിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | മരുതേരി മാപ്പിള എൽ പി എസ് | 30 സെൻറ് | ഇല്ല | -- | -- | 175 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | | | ടേപ്പ് റെക്കോഡ് | ഇല്ല |
| 2. | നാരായണവിലാസം എ യു പി എസ് | 85 സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | 1200 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | | | ഇല്ല | ഉണ്ട് |
| 3. | പേരാമ്പ്ര എ യു പി എസ് | 75 സെ. | ഉണ്ട് | ഉണ്ട് | ഉണ്ട് | 1500 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | റേഡിയോ | ഉണ്ട് |
| 4. | പേരാമ്പ്ര ജി യു പി എസ് | 56 സെ | ഉണ്ട് | ഉണ്ട് | ഉണ്ട് | 1300 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | | ഉണ്ട് | റേഡിയോ | ഉണ്ട് |
| 5. | പേരാമ്പ്ര എച്ച് എസ് എസ് | 14 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 12000 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഉണ്ട് | റേഡിയോ ടേപ്പ്റിക്കോർഡ് | ഇല്ല |
| 6. | കല്ലോട് എ എൽ പി എസ് | 25 സെ. | ഉണ്ട് | | ഇല്ല | 225 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | | | ഇല്ല | ഇല്ല |
| 7. | കിഴിഞ്ഞാണ്യം എൽ പി എസ് | 5 സെ. | ഉണ്ട് | ഇല്ല | ഉണ്ട് | 200 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | | ഇല്ല | ഇല്ല |
| 8. | സെൻറ് ഫ്രാൻസിസ് എൽ പി എസ് | 1.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 800 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | റേഡിയോ ടേപ്പ് | ഇല്ല |
| 9. | എരവട്ടൂർ എ എം എൽ പി | 20 സെ. | ഉണ്ട് | ഇല്ല | ഇല്ല | 165 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | | റേഡിയോ - ടേപ്പ് | ഇല്ല |
| 10. | എടവരാട് എം എൽ പി | 25 സെ. | ഉണ്ട് | ഇല്ല | ഇല്ല | 180 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | | | റേഡിയോ ടേപ്പ് | ഇല്ല |
| 11. | ജ്ഞാനോദയം എൽ പി | 10 സെ | ഉണ്ട് | ഇല്ല | ഇല്ല | 150 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | | | റേഡിയോ ടേപ്പ് റിക്കാർഡ് | ഇല്ല |
| 12. | എൻ ഐ എം എൽ പി എസ് | 10 സെ | ഉണ്ട് | ഇല്ല | ഇല്ല | 250 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | റേഡിയോ ടേപ്പ് റിക്കാർഡ് | ഇല്ല |
| 13. | ജി ഡബ്ല്യു എൽ പി പേരാമ്പ്ര | 80 സെ | | -- | ഇല്ല | 75 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | | റേഡിയോ ടേപ്പ് റിക്കോഡ് | ഇല്ല |
| 14. | അജയ് കിൻറർഗാർട്ടൻ | 20 സെ. | ഉണ്ട് | ഉണ്ട് | -- | 300 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | | | ഇല്ല | ഉണ്ട് |
| 15. | വൃന്ദാവനം എ യു പി എസ് | 1.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | 1110 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | | ഇല്ല | ഉണ്ട് |



# 8

# സംസ്കാരം

സംസ്ക്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരനാചാരങ്ങളും എല്ലാം അതിൽ പെടും. മറ്റേതൊരു പ്രദേശത്തേയുംപോലെ പേരാമ്പ്രയിലും കലാപ്രവർത്തനങ്ങൾ ആദ്യകാലത്ത് നടന്നിരുന്നത് ക്ഷേത്രങ്ങളോടനുബന്ധിച്ചായിരുന്നു. ക്ഷേത്രകലകളിലെല്ലാം തന്നെ പരമ്പരാഗതമായി മുതിർന്ന തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്ക് കൈമാറുന്ന രീതിയാണുണ്ടായിരുന്നത്. ഉത്സവങ്ങളോടനുബന്ധിച്ച് വ്യത്യസ്ത ജാതിക്കാർ പ്രത്യേക കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്നു. ഹരിജനങ്ങളുടെ കുതിരക്കോലം, മലയൻകളി, ആശാരിക്കളി ഇവ ഉദാഹരണങ്ങളാണ്. കർക്കടകമാസത്തിൽ വീടുകൾതോറും ഭഗവതിപ്പാട്ടു നടത്തുന്ന സമ്പ്രദായം ഇപ്പോഴും പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ തുടരുന്നുണ്ട്. മിഥുനമാസത്തിന്റെ അവസാനദിവസം കലിയന് കൊടുക്കുക എന്ന ചടങ്ങ് കാർഷികവിഭവങ്ങളുടെ വർദ്ധനവിനായി ആചരിച്ചിരുന്നു.

കാർഷികവൃത്തിയിലെ പ്രധാന ഘട്ടങ്ങളിൽ നടത്തുന്ന ചില ചടങ്ങുകൾ കർഷകരുടെ ഇടയിൽ സാധാരണമായുണ്ടായിരുന്നു. കൊയ്ത്തിന് തൊട്ടുമുമ്പ് ഭക്തിപൂർവ്വം നടത്തുന്ന ചടങ്ങുകളാണ് കളം പെരുക്കലും ഇല്ലം നിറയും. വിഷുനാളിൽ കണികാണുന്നതും കാളകളെ കുളിപ്പിച്ച് കുറി തൊടുവിച്ച് വിത്തിറക്കാൻ തുടക്കം കുറിക്കുന്നതുമായ ചടങ്ങുകൾ സമൂഹത്തിൽ കൃഷിക്കുള്ള പ്രാധാന്യം സൂചിപ്പിക്കുന്നു. വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള പ്രാധാന്യം വിളിച്ചോതുന്നതുമാണ് നവരാത്രി ആഘോഷങ്ങൾ.

ഈ പഞ്ചായത്തിൽ മുമ്പുണ്ടായിരുന്ന ചില നാടൻ കലകൾ തെയ്യം, കോൽക്കളി, വടക്കൻപാട്ട്, അറബെയ്ത്ത്, മുടിയേറ്റ്, കോലംതുള്ളൽ, ദഫ്മുട്ട്, നാടൻപാട്ടുകൾ, തുടിമുട്ട്, പുലിക്കളി, മലയൻകളി, സാംബവരുടെ ഇടയിലുള്ള ചില പാരമ്പര്യകലകൾ എന്നിവയായിരുന്നു. ഇവയിൽ പലതും ഇന്ന് നാമാവശേഷമായി തീർന്നിട്ടുണ്ട്. ഇത്തരം കലകൾ പരിപോഷിപ്പിച്ചെടുക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ 16 ക്ഷേത്രങ്ങളും 10 മുസ്ലിം പള്ളികളും ഒരു ക്രിസ്ത്യൻപള്ളിയുമാണുള്ളത്. ഇതിൽ പാണ്ടിക്കോട് പരദേവതക്ഷേത്രം സർക്കാരിന്റെ കീഴിലുള്ളതാണ്. ധാരാളം വരുമാനമുള്ള ഒരു ക്ഷേത്രമാണ് ഇത്. എങ്കിലും

അവിടെയുള്ള ജീവനക്കാരുടെ വേതനം മെച്ചപ്പെട്ടതല്ല.

കാലം കടന്നുപോയതോടെ ക്ഷേത്രകലകളുടെ പ്രാധാന്യം കുറഞ്ഞുവന്നു. എഴുത്തും അച്ചടിയും വ്യാപകമായതോടെ നാടകങ്ങൾ, നൃത്തരൂപങ്ങൾ എന്നിങ്ങനെയുള്ള കലാരൂപങ്ങൾ സമൂഹത്തിൽ സാധാരണയായി. നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കലാ-സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ അമേച്വർ സംഘങ്ങളും പ്രൊഫഷണൽ ട്രൂപ്പുകളുമുണ്ട്

ആധുനിക നാടകരൂപത്തിന് എക്കാലത്തും നിറഞ്ഞ സദസ്സ് ഒരുക്കുന്നതിൽ പേരാമ്പ്രക്കാർ മുന്നിലുണ്ട്. നാടകരചനയിലും അവതരണത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പേരാമ്പ്രക്കാർക്ക് കഴിഞ്ഞിട്ടുണ്ട്. പ്രൊഫഷണൽ നാടകരംഗത്ത് അറിയപ്പെടുന്ന നടനായ മുഹമ്മദ് പേരാമ്പ്ര ഒരു നാടകസംവിധായകൻ കൂടിയാണ്. ശ്രീ. ആർ കെ രവിവർമ്മ, രാജൻ തിരുവോത്ത്, വി കെ ബാലചന്ദ്രൻ എന്നിവർ നാടകരചനയിൽ ശ്രദ്ധേയമായ സംഭാവനകൾ നല്കിയിട്ടുണ്ട്.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങളുടെ പേരുവിവരം ചുവടെ കൊടുക്കുന്നു. സ്ഥാപനങ്ങൾ.

| സ്ഥാപനങ്ങൾ | വാർഡ് | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | |
| വായനശാലകൾ | 1 | 1 | 2 | 1 | 1 | 4 | | | | 3 | | 1 | 14 |
| ഗ്രന്ഥാലയങ്ങൾ | 1 | | | | | | | 1 | | | | 1 | 3 |
| കലാസമിതികൾ (അമേച്വർ) | | | 7 | 3 | 3 | 8 | | | 2 | 2 | 3 | 4 | 32 |
| " " പ്രൊഫഷണൽ | | | | | | 1 | 1 | | | | | | 2 |
| റക്രിയേഷൻ ക്ലബ്ബുകൾ | | | | | | 1 | | | 2 | 4 | 3 | 2 | 12 |
| സാംസ്കാരിക നിലയങ്ങൾ | | | | | | | | 1 | | | | | 1 |
| ജനവിദ്യാ കേന്ദ്രങ്ങൾ | | | 1 | 1 | | | | | | | | 1 | 3 |

## സാംസ്കാരികരംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ

1). എല്ലാവർക്കും പ്രയോജനകരമാംവിധം വായനശാലകളോ ഗ്രന്ഥാലയങ്ങളോ നിലവിലില്ല.

2). 12 വാർഡുകളുള്ള പേരാമ്പ്ര പഞ്ചായത്തിൽ ആകെ രണ്ട് ഗ്രന്ഥാലയങ്ങൾ മാത്രമാണ് നിലവിലുള്ളത്. ജനസംഖ്യ പരിഗണിക്കുമ്പോൾ ഇവയിൽത്തന്നെ വേണ്ടത്ര പുസ്തകങ്ങൾ ലഭ്യമല്ല.

3). പഞ്ചായത്തിൽ പൊതുവെ വളരുന്ന തലമുറയുടെ വായനാശീലം കുറഞ്ഞുവരുന്നതായി കാണുന്നു.

4). സ്ത്രീകളുടെ വായനാശീലം വളരെ പരിതാപകരമാണ്.

5). വായനാശീലമുള്ളവരിൽ പൈങ്കിളി സാഹിത്യത്തോടുള്ള ആഭിമുഖ്യം കൂടിവരുന്നു.

6).കലാകായികരംഗങ്ങളുടെ പോഷണത്തിനാവശ്യമായ സ്ഥാപനങ്ങൾ കുറവാണ്.

7). നാടൻ കലകളുടെ വളർച്ചയെ സഹായിക്കുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.

8). യുവതലമുറയ്ക്ക് ലഹരിവസ്തുക്കളോടും മയക്കുമരുന്നുകളോടുമുള്ള ആഭിമുഖ്യം കൂടിവരുന്നു.

9). പഞ്ചായത്ത് കേന്ദ്രമായ പേരാമ്പ്ര ടൗണിലും വിദ്യാലയപരിസരങ്ങളിലും അശ്ലീലപോസ്റ്ററുകളുടെ വ്യാപ്തി

കൂടിവരുന്നു.

10). ഗ്രാമപ്രദേശങ്ങളിൽ വ്യാജവാറ്റും പണം വെച്ച് ശീട്ടുകളിയും പെരുകുന്നതുമൂലം മോഷണവും പിടിച്ചുപറിയും നിത്യസംഭവങ്ങളായി മാറുന്നു.

12). യുവതലമുറയുടെ കായികപരിശീലനത്തിനുപകരിക്കുന്ന പൊതുസ്ഥലങ്ങൾ ഗ്രാമതലത്തിൽ ഇല്ലാത്ത അവസ്ഥ നിലനില്ക്കുന്നു.

## പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ

1). എല്ലാ വാർഡുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഓരോ വായനശാലയും ഗ്രന്ഥാലയവും നിലവിലുണ്ടെന്നുറപ്പുവരുത്താൻ വേണ്ട നടപടി സ്വീകരിക്കുക.

2). നിലവിലുള്ള ഗ്രന്ഥാലയങ്ങളും വായനശാലകളും കാര്യക്ഷമമാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

3). വാർഡുകളിൽ നിലവിലുള്ള സന്നദ്ധസംഘടനകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4). സ്ത്രീകളുടെ വായനാശീലം വളർത്താനുപകരിക്കുംവിധം മൊബൈൽ ലൈബ്രറി സമ്പ്രദായം നിലവിൽ വരാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

5). വാർഡുതലത്തിൽ ജനവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഗ്രാമീണ ജനതയുടെ സാംസ്കാരിക നിലവാരം ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുക.

6). വിദ്യാലയങ്ങളിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി യുവതലമുറയുടെ വായനാശീലം പരിപോഷിപ്പിക്കുക.

7). വിദ്യാലയപരിസരത്ത് ലഹരിവസ്തുക്കളുടെയും മയക്കുമരുന്നുകളുടെയും വില്പന പൂർണ്ണമായും തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

8).ഹൈസ്കൂൾതലം മുതൽ വിദ്യാലയങ്ങളിൽ സാംസ്കാരിക മൂല്യച്യുതിക്കെതിരായി ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

9). ഗ്രാമതലത്തിൽ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ സമൂഹത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാംസ്കാരികാധഃപതനത്തിനെതിരായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് പ്രോത്സാഹനം നല്കുക.

10). അശ്ലീലപടങ്ങളുടെയും പോസ്റ്ററുകളുടെയും പ്രചാരം തടയാൻ വേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുക.

11). പഞ്ചായത്ത് തലത്തിൽ സന്നദ്ധ സംഘടനാ പ്രവർത്തകർക്ക് നേതൃത്വപരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

12). കാര്യക്ഷമമായി പ്രവർത്തിക്കുന്ന കലാ-കായിക ക്ലബ്ബുകൾക്ക് പഞ്ചായത്ത് വേണ്ട പ്രോത്സാഹനം നൽകുക.

13). ഗ്രാമങ്ങളിൽ നാടൻകലകളിൽ പ്രാവീണ്യം നേടിയവരെ സംഘടിപ്പിച്ച് പഞ്ചായത്ത് തലത്തിൽ നാടൻ കലകളുടെ പരിശീലനത്തിനായുള്ള കേന്ദ്രം ആരംഭിക്കണം.

14). പേരാമ്പ്ര പഞ്ചായത്തിൻെറ കേന്ദ്രഭാഗത്ത് സ്ഥിതി ചെയ്യുന്ന കമ്യൂണിറ്റിഹാൾ ആവശ്യമായ പരിഷ്കരണ പ്രവൃത്തികൾ നടത്തി വിപുലീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

15). പൊതുസ്ഥലങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടുന്ന സ്ഥാപനങ്ങളിലും സാമൂഹ്യവിരുദ്ധരുടെ ശല്യം തടയാൻ വേണ്ട നപടികൾ കാര്യക്ഷമമാക്കുക.

16). ടി വി പരിപാടികളുടെ നിലവാരം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ഇത്തരം മാധ്യമങ്ങൾ പൊതുജനങ്ങൾക്കുപകരിക്കുംവിധം സ്ഥാപിക്കുകയും ചെയ്യുക. ഇതിനാവശ്യമായ വൈദ്യുതിയുടെ ലഭ്യത ഉറപ്പു വരുത്തുകയും വേണം.

## സാദ്ധ്യതകൾ


1). വാർഡുകളിൽ ഗ്രന്ഥാലയങ്ങളും വായനശാലകളും പണിയാൻ സ്ഥലം സംഭാവനയായി ലഭിക്കുന്നതാണ്.

2). പല വാർഡുകളിലും ഗ്രന്ഥാലയങ്ങൾ ആരംഭിക്കാൻ യുക്തമായ കെട്ടിടങ്ങൾ നിലവിലുണ്ട്.

3). ആവശ്യമായ പ്രോത്സാഹനം നൽകിയാൽ ഫലപ്രദമായി നടത്താൻ കഴിയുന്ന പ്രൊഫഷണൽ നാടകസംഘങ്ങളും അമേച്വർ നാടകഗ്രൂപ്പുകളും പഞ്ചായത്തിലെ 6, 8, 9 എന്നീ വാർഡുകളിൽ നിലവിലുണ്ട്.

4). ആവശ്യമായ പ്രോത്സാഹനം നൽകിയാൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന ഗ്രന്ഥാലയങ്ങൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ നിലവിലുണ്ട്.

599



9

# ഗതാഗതം – ഊർജ്ജം

ഏതൊരു പ്രദേശത്തിൻെറയും വികസനാവശ്യമായ പശ്ചാത്തലസൗകര്യങ്ങളിൽ പ്രധാനപ്പെട്ടതാണ് ഗതാഗതം. കേരളത്തിലെ ഗ്രാമങ്ങളിൽ കഴിഞ്ഞ ഏതാനും ദശകങ്ങളിൽ നടന്ന ഏറ്റവും പ്രധാന വികസനപ്രവർത്തനം ഏതെന്ന് ചോദിച്ചാൽ റോഡ് നിർമ്മാണം എന്ന ഉത്തരമാണ് ലഭിക്കുക എന്നതിൽ സംശയമില്ല. അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ ഉയർന്ന ശരാശരി റോഡ്ലഭ്യത ഇന്ന് കേരളത്തിനുണ്ട്. ഇക്കാര്യത്തിൽ പ്രാദേശികസന്നദ്ധപ്രവർത്തനത്തിനും ജനപങ്കാളിത്തത്തിനും വലിയ പങ്കുണ്ട്. ഗ്രാമപഞ്ചായത്തിൻെറ ചെലവിനങ്ങൾ പരിശോധിച്ചാൽ റോഡ്, നടപ്പാത അറ്റകുറ്റപ്പണികൾ എന്നിവക്കായി ഭീമമായ തുക ചെലവഴിച്ചതായി കാണാം.

ഉൽപാദനരംഗത്ത് മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുന്ന പല പദ്ധതികളുടെയും വിഹിതം റോഡ്നിർമ്മാണത്തിന് തിരിച്ചുവിട്ടതായും കാണാൻ കഴിഞ്ഞിട്ടുണ്ട്.

പുതുതായി നിർമ്മിക്കപ്പെടുന്ന റോഡുകൾ ഉയർത്തുന്ന പാരിസ്ഥിതികപ്രശ്നങ്ങളും നാം കാണേണ്ടതുണ്ട്. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന കൃഷിഭൂമി നികത്തലിനും തൽഫലമായി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിനും മുഖ്യകാരണം അശാസ്ത്രീയമായ റോഡ് നിർമ്മാണമാണ്. റോഡ് നിർമ്മാണത്തിൻെറ ഭാഗമായി ധാരാളം മരങ്ങൾ മുറിച്ചുമാറ്റപ്പെടുന്നത് മണ്ണൊലിപ്പിനും ഇടയാക്കുന്നു. വയലുകൾക്ക് കുറുകെ റോഡ് നിർമ്മിക്കുമ്പോൾ ജലനിർഗമനം അസാധ്യമാവുകയും വെള്ളക്കെട്ടുണ്ടായി കൃഷിനാശത്തിലേക്ക് നയിക്കുകയും ചെയ്യും. ഇക്കാരണങ്ങളാൽ പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ നാം പലവട്ടം ചർച്ചചെയ്തേ തീരുമാനമെടുക്കാവൂ.

പഞ്ചായത്തിൽ ടാർ ചെയ്തതും ചെയ്യാത്തതുമായ റോഡുകൾ എല്ലാ വാർഡുകളിലുമുണ്ട്. ആകെ 116 കി. മീ. നീളത്തിലുള്ള ചെറുതും വലുതുമായ റോഡുകളാണുള്ളത്. ഈ റോഡുകളെല്ലാം കാലാകാലങ്ങളിൽ സംരക്ഷിച്ചുനിർത്തുക എന്നുള്ളത് വളരെയധികം സാമ്പത്തികബാധ്യതയുള്ള ഒരു കാര്യമാണ്. പേരാമ്പ്ര – എടവരാട് – ആവള റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

നമ്മുടെ റോഡ്ശൃംഖല വിപുലമാണെങ്കിലും ഉള്ള റോഡുകൾ പലതും ഗതാഗതയോഗ്യമല്ല. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാത്തതും ആവശ്യത്തിന് ഫണ്ടില്ലാത്തതുമാണ് ഇതിന് കാരണം. പല പദ്ധതികളിലും റോഡ് ടാർ ചെയ്യാൻ വീതി ചുരുങ്ങിയത് 6 മീറ്ററിൽ വേണമെന്ന് നിഷ്കർഷിക്കുന്നു. അതിനാൽ ജെ. ആർ. വൈ. പോലുള്ള ഫണ്ടുകൾ ഉപയോഗിച്ച് 6 മീറ്ററിൽ താഴെയുള്ള റോഡുകളുടെ പണി ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുന്നില്ല. ഇതുമൂലം ഫണ്ട് ഒരു പ്രത്യേക മേഖലകളിൽ ഒതുങ്ങിപ്പോവുന്നു.

100-ൽപ്പരം ബസ്സുകളും മറ്റനേകം വാഹനങ്ങളും കടന്നുപോവുന്ന സ്റ്റേറ്റ് ഹൈവേയുടെ നാല് കി. മി. ഭാഗമാണ് പേരാമ്പ്ര പഞ്ചായത്തിലുള്ളത്. ഇപ്പോഴുള്ള ബസ്സ്റ്റാൻറിൽ ഉൾക്കൊള്ളാൻ കഴിയുന്നില്ല. റോഡിൻെറ വീതി കുറവും ജനത്തിരക്കും പേരാമ്പ്ര ടൗണിൽ പലപ്പോഴും ഗതാഗതക്കുരുക്ക് ഉണ്ടാക്കുന്നു. സ്റ്റേറ്റ് ഹൈവേയുടെ ഇടതുഭാഗത്ത് കൈതക്കൽ മുതൽ കല്ലോട് വരെ ഒരു ബൈപ്പാസ് നിർമ്മിച്ചാൽ ഇതിന് പരിഹാരമുണ്ടാകും.

ടാർ ചെയ്ത റോഡുകൾ പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞ് യാത്രായോഗ്യമല്ലാതായിട്ടുണ്ട്. മൺറോഡുകൾ മഴക്കാലങ്ങളിൽ ചെളികാരണം നടക്കാൻപോലും പറ്റാത്ത അവസ്ഥയിലാണ്. മൺറോഡുകളിലൂടെയും മെറ്റൽ റോഡുകളിലൂടെയും വേനൽക്കാലങ്ങളിൽ കടന്നുപോകുന്ന വാഹനങ്ങൾ വായുവിലുയർത്തുന്ന പൊടിപടലങ്ങൾ വായുമലിനീകരണത്തിനും ശ്വാസകോശരോഗങ്ങൾക്കും കാരണമാവുന്നുണ്ട്.

വൈദ്യുതലൈനുകൾ കടന്നുപോകുന്ന റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

## പരിഹാരമാർഗങ്ങൾ

റോഡ് നിർമ്മാണം ഉപഭോക്താക്കളായ ജനങ്ങളിൽനിന്നും മറച്ചുവെച്ചുകൊണ്ട് നടക്കുന്ന തികഞ്ഞ ഔദ്യോഗിക പ്രവർത്തനമാണ്. ഇതിന് മാറ്റം വരേണ്ടതാണ്. ഒരു പ്രദേശത്തിൽ കൂടെ കടന്നുപോകുന്ന റോഡിൻെറ നിർമ്മിതിയിൽ തദ്ദേശീയർക്ക് പങ്കാളിത്തമുണ്ടാകണം. ഇങ്ങനെയായാൽ അഴിമതി അവസാനിപ്പിക്കാനും റോഡിൻെറ ഗുണനിലവാരം ഉയർത്താനും കഴിയും. റോഡിൻെറ വശങ്ങളിലെ അഴുക്കുചാൽ നിർമ്മാണം വഴി പലയിടങ്ങളിലുമുള്ള റോഡ് പൊട്ടിപ്പൊളിയുന്നത് ഒഴിവാക്കാം.

പല പദ്ധതികളും റോഡ് ടാർ ചെയ്യാൻ വീതി ആറ് മീറ്റർ വേണമെന്ന നിർബന്ധം പിടിക്കുന്നത് ഒഴിവാക്കേണ്ടതാണ്. കേരളംപോലെ ജനസാന്ദ്രത കൂടിയ പ്രദേശത്ത് ഇത്തരത്തിലുള്ള നിയമങ്ങൾ തികച്ചും അശാസ്ത്രീയമാണ്. അതിനാൽ ആറ് മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളും ടാർ ചെയ്യാനാവശ്യമായ നിയമനിർമ്മാണം വേണം.

വിദ്യാർഥികളുടെ സുരക്ഷ കണക്കിലെടുത്ത് വിദ്യാലയങ്ങളോടടുത്ത ഭാഗങ്ങളിലെ റോഡുകളിൽ വരമ്പുകൾ സ്ഥാപിക്കണം.

യാത്രക്കാരുടെ ആധിക്യം കാരണം കാലത്തും വൈകീട്ടും ജനങ്ങൾ ഏറെ ദുരിതമനുഭവിക്കുന്ന ഈ സമയങ്ങളിൽ കെ. എസ്. ആർ. ടി. സി. പ്രത്യേക സർവീസ് നടത്തി പ്രശ്നം പരിഹരിക്കണം. ഈ സമയങ്ങളിൽ സ്കൂൾ-കോളേജ് വിദ്യാർഥികൾക്ക് പ്രത്യേകം ബസ് ഏർപ്പെടുത്തണം. റോഡുകളുടെ അറ്റകുറ്റപ്പണി പഞ്ചായത്ത് യഥാസമയം നിർവഹിക്കുകയാണെങ്കിൽ കൂടുതൽ റിപ്പയർ ആവശ്യമില്ല. കാലതാമസവും ഒഴിവാക്കാൻ കഴിയും.

അനേകം പുതിയ റോഡുകൾക്കുള്ള നിർദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ആ പ്രദേശത്തുള്ള ജനങ്ങളുടെ യാത്രാക്ലേശത്തിന് പരിഹാരമായിട്ടാണ് ഇക്കാര്യം ചൂണ്ടിക്കാണിക്കപ്പെട്ടത്.

## സാധ്യതകൾ

റോഡുകൾ നിർമ്മിക്കുമ്പോൾ അതിൻെറ ഗുണഭോക്താക്കളുടെ സഹായം അഭ്യർത്ഥിക്കാവുന്നതാണ്. അവർ പദ്ധതി ഏറ്റെടുത്താൽ ആത്മാർത്ഥത കൂടും എന്നതിനാൽ വിനിയോഗിക്കപ്പെടുന്ന തുകകൊണ്ട് കൂടുതൽ പ്രവൃത്തി നിർവഹിക്കാം.

നിർമ്മിക്കപ്പെട്ട റോഡുകളുടെ പരിപാലനത്തിനായി ജനകീയ കമ്മിറ്റികൾ രൂപീകരിക്കാം.

വിവിധ രാഷ്ട്രീയകക്ഷികൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ റോഡുകളും നടപ്പാതകളും നിർമ്മിക്കാൻ ശ്രമിക്കണം. ആഘോഷം പോലെ ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

ദേശീയപ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കാൻ ഈ രീതിയിലുള്ള സന്നദ്ധപ്രവർത്തനം നിർദ്ദേശമായി വരണം.

## കഴിഞ്ഞ ആറ് മാസത്തിനകം നടത്തിയ പ്രവൃത്തി

| ക്ര.ന. | പ്രവൃത്തി നടത്തിയ സ്ഥലത്തിന്റെ പേര് | വാർഡ് | മുടക്കിയ സംഖ്യ |
|---|---|---|---|
| 1. | മരുതേരി പൊയിലൂർപാറ റോഡ് - റിപ്പയർ | 10 | 41,443.00 |
| 2. | കക്കാട്ട്താഴ മരുതേരിച്ചാലിൽ റോഡ് | 11 | 33,348.00 |
| 3. | പേരാമ്പ്ര മരുതേരി വാളൂർ റോഡ് - ടാർ ചെയ്യൽ | 10 | 3,80,558.00 |
| 4. | വേവുക്കണ്ടി ഫുട്പാത്ത് - റിപ്പയർ | 3 | 42,564.00 |
| 5. | കനാൽമുക്ക് - ആനേരിക്കുന്ന് റോഡ് | 3 | 85,474.00 |
| 6. | നൊട്ടിക്കണ്ടിത്താഴ-ഞാണിയത്തെരു - റിപ്പെയർ | 1 | 22,114.00 |
| 7. | കോടേരിച്ചാൽ വെങ്ങപ്പറ്റ റോഡ് | 10 | 80,084.00 |
| 8. | പഞ്ചായത്ത് ഓഫീസ് ഹൈസ്കൂൾ റോഡ് | 2 | 50,854.00 |
| 9. | കൈപ്രം ഹരിജൻകോളനി ഫുട്പാത്ത് | 4 | 58,160.00 |
| 10 | തരിപ്പമല ഫുട്പാത്ത് | 11 | 48,317.00 |
| 11. | കൊട്ടിയംപുരം ഫുട്പാത്ത് | 4 | 21,518.00 |

## പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | ദൂരം കി.മീ. | വീതി (മീറ്റർ) | ഉടമസ്ഥത പഞ്ചായത്ത് (പി) പി.ഡബ്ല്യു.ഡി | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കലുങ്ക് വേണ്ടത് | അറ്റകുറ്റ പ്പണി നട ത്തേണ്ടത് |
|---|---|---|---|---|---|---|---|---|---|---|
| 1. | പേരാമ്പ്ര ചേനോളി റോഡ് | 1 | 1.500 | 4 | പി. | √ | √ | √ | √ | √ |
| 2. | പേരാമ്പ്ര ഹൈസ്കൂൾ വാല്യക്കോട് റോഡ് | 2 | 2.500 | 4 | പി. | √ | | √ | √ | √ |
| 3. | കല്ലോട് കല്ലൂർ റോഡ് | 6 | 4.500 | 3 | പി. | | √ | √ | √ | √ |
| 4. | കൈപ്രം എടവരാട് റോഡ് | 4 | 2.500 | 4 | പി. | √ | √ | √ | √ | √ |
| 5. | എരവട്ടൂർ കൈപ്രം റോഡ് | 4 | 4.500 | 3 | പി. | | | √ | √ | √ |
| 6. | പോതിപ്പാറ വാഴുന്നോർവയൽ റോഡ് | 5 | 1.000 | 4 | പി. | | | √ | √ | √ |
| 7. | എടപ്പാറതാഴ വെള്ളിയോടൻകണ്ടി റോഡ് | 7 | 2.400 | 3 | പി. | | | √ | √ | √ |
| 8. | പെട്രോൾപമ്പ് റോഡ് | 11 | 1.500 | 3 | പി. | | | √ | √ | √ |
| 9. | കക്കാട് മരുതേരി റോഡ് | 11 | 2.500 | 4 | പി. | | | √ | √ | √ |
| 10. | മരുതേരി പുറ്റംപൊയിൽ റോഡ് | 11 | 100 | 2.50 | പി. | | | √ | √ | √ |
| 11. | എരവട്ടൂർ കുട്ടോത്ത് റോഡ് | 3 | 100 | 3 | പി. | | | √ | √ | √ |
| 12. | എടവരാട് കുട്ടോത്ത് റോഡ് | 5 | 1.00 | 6 | പി. | | | √ | √ | √ |
| 13. | കല്ലോട് കൈപ്രം റോഡ് | 6 | 1.500 | 4 | പി. | √ | √ | √ | √ | √ |
| 14. | പുറ്റംപൊയിൽ കണ്ണിപ്പൊയിൽ റോഡ് | 9 | 2.00 | 3 | പി. | | | √ | √ | √ |
| 15. | പുതിയെടത്ത് താഴ വടക്കയിൽ റോഡ് | 8 | 1.500 | 2.9 | പി. | | | √ | √ | √ |
| 16. | പേരാമ്പ്ര മരുതേരി റോഡ് | 11 | 3.00 | 6 | പി. | √ | √ | √ | √ | √ |
| 17. | തൈക്കണ്ടി കുമ്മിളിയോട്ടുമുക്ക് റോഡ് | 11 | 1.00 | 3 | പി. | | | √ | √ | √ |
| 18. | പുതിയിടത്തുകണ്ടി വെങ്കൽകുന്നുമ്മൽ നടുക്കണ്ടിതാഴറോഡ് | 2 | 1.500 | 8 | പി. | | | √ | √ | √ |
| 19. | കോടേരിച്ചാൽ വടക്കേക്കര റോഡ് | 10 | 2.00 | 3 | പി. | | | √ | √ | √ |
| 20. | കുറ്റിപ്പറ്റക്കെ ഏമ്പിയത്ത്മൂഴി റോഡ് | 5 | 1.500 | 4 | പി. | | | √ | √ | √ |
| 21. | പുതിയടത്തുകണ്ടി കുട്ടോത്ത് റോഡ് | 4 | 2.00 | 4 | പി. | | | √ | √ | √ |
| 22. | തങ്ങക്കണ്ടി കൈപ്രം റോഡ് | 4 | 1.500 | 4 | പി. | | | √ | √ | √ |
| 23. | കണ്ണോത്തറ കല്ലോടിതാഴ റോഡ് | 8 | 1.500 | 3.2 | പി. | | | √ | √ | √ |
| 24. | പഞ്ചായത്ത് ഓഫീസ് പേരാമ്പ്ര ഹൈസ്കൂൾ റോഡ് | 2 | 0.750 | 4 | പി. | | √ | √ | √ | √ |
| 25. | മുരിച്ചാണ്ടി വെളിയോടൻകണ്ടി റോഡ് | 7 | 2.000 | 4 | പി. | | | √ | √ | √ |
| 26. | പൊറായിൽമുക്ക് കൊയിലാറപാറ റോഡ് | 11 | 1.000 | 6 | പി. | | | √ | √ | √ |
| 27. | ആക്കുപറമ്പ് എടക്കിൽ റോഡ് | 3 | 4.000 | 4 | പി. | | | √ | √ | √ |
| 28. | റജിസ്ട്രാഫീസ് പോസ്റ്റാഫീസ് റോഡ് | 1 | 1.00 | 35 | പി. | | | √ | √ | √ |
| 29. | മുണ്ടോട്ടിൽ കല്ലാട് റോഡ് | 7 | 1.500 | 4 | പി. | | | √ | √ | √ |
| 30. | എരവട്ടൂർവയൽ എയരത്ത്മുക്ക് റോഡ് | 4 | 0.750 | 4 | പി. | | | √ | √ | √ |
| 31. | മാത്തിൽതാഴ തരിപ്പമല റോഡ് | 11 | 1.500 | 4 | പി. | | | √ | √ | √ |
| 32. | കല്ലടിത്താഴ എളമ്പിലാശ്ശേരി റോഡ് | 8 | 1.500 | 4 | പി. | | | √ | √ | √ |
| 33 | പാറാട്ടുപാറ കോരൻകണ്ടിതാഴ റോഡ് | 8 | 2.000 | 4 | പി. | | | √ | √ | √ |

## പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി (തുടർച്ച)

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | ദൂരം കി.മീ. | വീതി (മീറ്റർ) | ഉടമസ്ഥത പഞ്ചായത്ത് (പി) പി.ഡബ്ല്യു.ഡി | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|
| 34. | ഉണ്ണിക്കുന്നുംചാൽ- കണ്ണിപ്പൊയിൽ റോഡ് | 9 | 1.500 | 4 | പി. | | | √ | √ | √ | |
| 35. | കക്കാട് മരുതോറച്ചാൽ റോഡ് | 1 | 2.000 | 4 | പി. | | | √ | √ | √ | |
| 36. | എളമ്പിലാട്ട് ഏറ്റുമ്മൽ റോഡ് | 4 | 1.200 | 4 | പി. | | | √ | √ | √ | |
| 37. | വാളംപൊയിൽമുക്ക് ചാളക്കുന്ന് റോഡ് | 9 | 1.590 | 6 | പി. | | | √ | √ | √ | |
| 38. | എടത്തുംകുന്ന് കുട്ടോത്ത് റോഡ് | 5 | 1.050 | 4 | പി. | | | √ | √ | √ | |
| 39. | വലിയപറമ്പിൽ താഴ പുത്തൻപുരയിൽ റോഡ് | 1 | 1.110 | 3.20 | പി. | | | √ | √ | √ | |
| 40. | നൊട്ടിക്കണ്ടിമുക്ക് ഞാണിയത്ത്തെരു റോഡ് | 1 | 2.000 | 4 | പി. | | | √ | √ | √ | |
| 41. | ഗണപതികണ്ടിതാഴ ചാലിൽമീത്തൽ റോഡ് | 4 | 1.000 | 4 | പി. | | | √ | √ | √ | |
| 42. | പാറാട്ടുപാറ മുണ്ടോട്ടിൽ റോഡ് | 7 | 1.000 | 4.5 | പി. | | | √ | √ | √ | |
| 43. | പേരാമ്പ്ര ചേനോളി റോഡ് | 1 | 0.080 | 1 | പി. | | | √ | √ | √ | എഫ്.പി. |
| 44. | എരവട്ടൂർ കനാൽമുക്ക് ആനേരിക്കുന്ന് റോഡ് | 3 | 1.170 | 6 | പി. | | | √ | √ | √ | ശ്ര.ദാ. |
| 45. | എടപ്പാറക്കണ്ടി തെന്നൽക്കണ്ടി ഫുട്പാത്ത് | 7 | 0.500 | 4 | പി. | | | √ | √ | √ | എഫ്.പി. |
| 46. | മലപ്പാടികണ്ടി പൂതേരിക്കയം ഫുട്പാത്ത് | 8 | 0.700 | 4 | പി. | | | √ | √ | √ | ,, |
| 47. | അമ്പലക്കണ്ടി ശിശുമന്ദിരം ഫുട്പാത്ത് | 2 | 0.600 | 4.5 | പി. | | | √ | √ | √ | ,, |
| 48. | താന്തോന്നിക്കണ്ടി സീഡ്ഫാം ഫുട്പാത്ത് | 2 | 0.073 | 1.5 | പി. | | | √ | √ | √ | ,, |
| 49. | കോടേരിച്ചാൽ പച്ചോലത്ത്താഴ ഫുട്പാത്ത് | 10 | 380 | 4 | പി. | | | √ | √ | √ | ,, |
| 50. | കല്ലോട് ബസ്സ്റ്റോപ്പ് തച്ചറത്തുകണ്ടി ഫു.പാ. | 6 | 0.480 | 3 | പി. | | | √ | √ | √ | ,, |
| 51. | കിഴക്കേപ്പറമ്പ് താഴെ വലിയപറമ്പ് ഫു.പാ. | 3 | 0.650 | 3 | പി. | | | √ | √ | √ | ,, |
| 52. | കിഴക്കേക്കര താഴ കണ്ണോത്തുകുന്ന് ഫുട്പാത്ത് | 4 | 0.220 | 3 | പി. | | | √ | √ | √ | ,, |
| 53. | മുള്ളൻകുന്നുമ്മൽ കുറുങ്ങോട്ടുമീത്തതൽ ഫു.പാ. | 4 | 0.580 | 3 | പി. | | | √ | √ | √ | ,, |
| 54. | അജിത സോമിൽ പൊൻപറക്കുന്ന് ഫു.പാ. | 2 | 0.50 | 3 | പി. | | | √ | √ | √ | ,, |
| 55 | വാഴുന്നോർവയൽ കോക്കുന്ന് ഫു.പാ. | 10 | 0.650 | 3 | പി. | | | √ | √ | √ | ,, |
| 56 | പേരാമ്പ്ര എ.യു.പി.സ്കൂൾ മരുതോറച്ചാൽ ഫു.പാ. | 1 | 1.450 | 5 | പി. | | | √ | √ | √ | ,, |
| 57. | നഗരത്ത്പറമ്പത്ത് കുറുക്കൻകണ്ടിതാഴ ഫു.പാ. | 1 | 0.370 | 3 | പി. | | | √ | √ | √ | ,, |
| 58. | വേവൂർതാഴ റിക്രിയേഷൻക്ലബ്ബ് ഫു.പാ. | 3 | 0.580 | 4 | പി. | | | √ | √ | √ | ,, |
| 59. | കണ്ണോത്തുകുന്ന് പനമ്പ്രക്കുന്ന് ഫു.പാ. | 4 | 0.630 | 3 | പി. | | | √ | √ | √ | ,, |
| 60. | പേരാമ്പ്ര ജി.യു.പി.സ്കൂൾ പേരാമ്പ്ര കോർട്ട് റോഡ് | 1 | 0.800 | 3 | പി. | | | √ | √ | √ | |
| 61. | പൊറായിൽമുക്ക് കനാൽപാലം റോഡ് | 2 | 1.000 | 3 | പി. | | | √ | √ | √ | |
| 62. | മുറിച്ചാണ്ടിതാഴ വെളിയോടൻകണ്ടി റോഡ് | 7 | 1.400 | 3.3 | പി. | | | √ | √ | √ | |
| 63. | കക്കാട്താഴ മരുതേരി റോഡ് | 4 | 0.600 | 4 | പി. | | | √ | √ | √ | |
| 64. | കല്ലോട് മുണ്ടോട്ടിൽ പാറാട്ടുപറ റോഡ് | 7 | 1.200 | 4 | പി. | | | √ | √ | √ | |
| 65 | പുതിയടത്ത്താഴ വടക്കയിൽമീത്തൽ റോഡ് | 4 | 1.400 | 4 | പി. | | | √ | √ | √ | |
| 66. | എരവട്ടൂർ കൈപ്പേലി റോഡ് | 3 | 2.000 | 4 | പി. | | | √ | √ | √ | |
| 67. | ആവള ചേനായി റോഡ് | 5 | 2.500 | 3 | പി. | | √ | √ | √ | √ | |

## 1996 നവംബർ ഒന്ന് - പുനരർപ്പണദിനം
## പ്രവൃത്തി നടന്ന റോഡുകളും ഫുട്പാത്തുകളും

604

| ക്രമ നമ്പർ | റോഡ് - ഫുട്പാത്ത് | വാർഡ് | മനുഷ്യ പ്രയത്നം | മതിപ്പ് സംഖ്യ |
|---|---|---|---|---|
| 1. | പേരാമ്പ്ര ചേനോളി റോഡ് വീതികൂട്ടൽ | 1 | 50 | 6,000 |
| 2. | മരുതോറച്ചാൽ കക്കാട്ട്താഴ | 1 | 25 | 3,000 |
| 3. | പേരാമ്പ്ര ഹൈസ്കൂൾ-പാറപ്പുറം കോളനി റോഡ് | 2 | 135 | 15,000 |
| 4. | ശിശുമന്ദിരം-ചെലമ്പവളവ് റോഡ് | 2 | 50 | 5,500 |
| 5. | കോമത്ത്താഴ വേവുവ്മീത്തൽ ഫുട്പാത്ത് | 3 | 23 | 2,500 |
| 6. | പറമ്പത്ത് വെള്ളയോട്ടുചാലിൽ റോഡ് | 3 | 50 | 6,000 |
| 7. | തറേക്കണ്ടി കുഞ്ഞിപ്പറമ്പത്ത്താഴ നടപ്പാലം | 3 | 10 | 1,500 |
| 8. | കനാൽമുക്ക് കുട്ടോത്ത് റോഡ് | 3 | 10 | 1,500 |
| 9. | നാഗത്തിടത്തിൽ മൂർക്കോത്ത്താഴ നടപ്പാത | 3 | 65 | 8,000 |
| 10. | പൂഞ്ഞാറത്ത്പാറ കൊട്ടിൽതാഴ നടപ്പാത | 4 | 85 | 8,500 |
| 11. | കരുവാരത്ത്മുക്ക് പാടശേഖരം കൊറ്റോത്ത്താഴ റോഡ് | 5 | 118 | 15,000 |
| 12. | മഞ്ചേരിക്കുന്ന് റോഡ് ഉയരം കൂട്ടൽ | 5 | 22 | 2,500 |
| 13. | ചേണിയക്കുന്ന് റോഡ് | 6 | 88 | 10,000 |
| 14. | പരിച്ചേരിക്കുന്ന് റോഡ് | 6 | 70 | 8,000 |
| 15. | കല്ലൂക്കരതാഴ -പാതിരിക്കോട് റോഡ് | 7 | 80 | 9,000 |
| 16. | പഞ്ചായത്ത് ആപ്പീസ്-ചിരുതോന്ന് റോഡ് | 7 | 50 | 6,000 |
| 17. | മലപ്പാടികണ്ടിതാഴ പുത്തിരക്കണ്ടം റോഡ് - റിപ്പയർ | 8 | 55 | 6,000 |
| 18. | മലപ്പാടികണ്ടിതാഴ എരവഞ്ഞി അമ്പലം റോഡ് | 8 | 20 | 2,000 |
| 19. | പുതിയടത്ത്താഴ ഊത്രോത്ത് മീത്തൽ റോഡ് | 8 | 68 | 7,000 |
| 20. | വെള്ളിയോടൻകണ്ടി ശ്മശാനം റോഡ് | 8 | 6 | 700 |
| 21. | പാണ്ടിക്കോടമ്പലം മാമ്പള്ളിക്കനാൽ നടപ്പാത | 9 | 50 | 6,000 |
| 22. | കോടേരിച്ചാൽ കനാൽപ്പാലം ചാത്തോത്ത്താഴ നടപ്പാത | 9 | 51 | 6,000 |
| 23. | ഉണ്ണിക്കുന്നുംചാൽ വിക്രംകണ്ടിതാഴ നടപ്പാത | 9 | 17 | 2,000 |
| 24. | കോടേരിച്ചാൽ മരുതേരി റോഡ് | 10 | 63 | 7,000 |
| 25. | കൊട്ടപ്പുറം കനാൽ റോഡ് | 10 | 150 | 20,000 |
| 26. | മരുതേരി ബാലവാടി നെല്ല്യാടിക്കണ്ടി സ്കൂൾ റോഡ് | 11 | 52 | 5,500 |
| 27. | പൊറായിൽമുക്ക് കനാൽറോഡ് | 11 | 110 | 12,000 |
| 28. | പുന്നച്ചാലിൽ നടപ്പാത റിപ്പെയർ | 11 | 17 | 2,000 |
| 29. | കക്കാട്ത്താഴ മരുതേരി റോഡ് | 11 | 38 | 4,000 |
| 30. | തരിപ്പമല നടപ്പാത | 11 | 45 | 4,500 |
| 31. | ചാമുണ്ടിത്തറ കുഴിച്ചാൽ നടപ്പാത | 12 | 75 | 8,000 |
| 32. | കോരൻകണ്ടി-കുണ്ടിലക്കണ്ടി-അരീക്കൻചാലിൽ റോഡ് | 12 | 75 | 8,000 |
| | ആകെ | | 1735 | 2,08,700 |

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകർ സംബന്ധിച്ച വിവരം

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി.മീ.) | വീതി (മീ.) | ബസ്സ് |
|---|---|---|---|---|---|
| 1. | കുറ്റ്യാടി ഉള്ള്യേരി റോഡ് | P.W.D. | 4.000 | 12 | ഉണ്ട് |
| 2. | പേരാമ്പ്ര പയ്യോളി റോഡ് | ,, | 1.000 | 8 | ഉണ്ട് |
| 3. | പൈതോത്ത് റോഡ് ചെമ്പ്ര റോഡ് ലിങ്ക് റോഡ് | ,, | 1.000 | 6 | ഇല്ല |
| 4. | പേരാമ്പ്ര ചാനിയംകടവ് റോഡ് | ,, | 3.500 | 6 | ഉണ്ട് |
| 5. | കല്ലോട് എടവരാട് റോഡ് | ,, | 3.000 | 6 | ഉണ്ട് |
| 6. | കല്ലോട് കൈപ്രം റോഡ് | ,, | 3.000 | 6 | ഇല്ല |
| 7. | പേരാമ്പ്ര ചേനോളി റോഡ് | ,, | 1.000 | 3 | ഇല്ല |
| 8. | പേരാമ്പ്ര മരുതേരി റോഡ് | ,, | 1.500 | 4 | ഇല്ല |
| 9. | പേരാമ്പ്ര താനിക്കണ്ടിപാലം റോഡ് | ,, | 3.000 | 6 | ഇല്ല |
| 10. | കോർട്ട് റോഡ് (ബൈപ്പാസ്) | | 0.750 | 4 | ഇല്ല |
| 11. | പേരാമ്പ്ര – ചെമ്പ്ര റോഡ് | 11 | 5.000 | 6 | ഉണ്ട് |

## പഞ്ചായത്തിൽ ഉടനെ ടാർ ചെയ്യേണ്ടുന്ന റോഡുകൾ

| നമ്പർ | റോഡ് | വാർഡ് | ദൂരം (കി.മീ.) | വിതി (മീ.) |
|---|---|---|---|---|
| 1. | കല്ലോട് കല്ലൂർ റോഡ് | 6 | 2.000 | 4 |
| 2. | എടവരാട് കുട്ടോത്ത് റോഡ് | 5 | 1.000 | 6 |
| 3. | മുറിച്ചാണ്ടി വെള്ളിയോടൻകണ്ടി റോഡ് | 7 | 2.000 | 4 |
| 4. | പേരാമ്പ്ര ചേനോളി റോഡ് (റീ ടാറിംഗ്) | 1 | 1.500 | 3 |
| 5. | പഞ്ചായത്ത് ആപ്പീസ് ഹൈസ്കൂൾ റോഡ് | 2 | 0.750 | 4 |
| 6. | പൊൻപറ കോളനി റോഡ് | 1 | 0.400 | 6 |
| 7. | പേരാമ്പ്ര ഹൈസ്കൂൾ ചിലമ്പവളവ് റോഡ് | 2 | | |
| 8. | എരഞ്ഞിമുക്ക് കുട്ടേത്ത് റോഡ് | 4 | | |
| 9. | കക്കനണ്ടിതാഴ -അങ്ങാടി കൈറോഡ് | 4 | | |
| 10. | ഈന്തിലാട്ട് ഒലിപ്പല്ലിമീത്തൽ റോഡ് | 4 | | |
| 11. | എരഞ്ഞിയമ്പലം-കല്ലൂക്കര-മുണ്ടോട്ടിൽ റോഡ് | 7 | | |
| 12. | ഉണ്ണിക്കുന്ന് കണ്ണിപ്പൊപായിൽ റോഡ് | 12 | | |

# ഊർജ്ജം

നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ പശ്ചാത്തല സൗകര്യങ്ങൾക്കുള്ള സ്ഥാനം ഏറെ ശ്രദ്ധേയമാണ്. പരമ്പരാഗതമായി ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം, വെള്ളം ഇതൊക്കെയാണ് പശ്ചാത്തലസൗകര്യത്തിന്റെ പ്രധാനഭാഗങ്ങൾ. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ആളോഹരി ഊർജ്ജ ഉപയോഗം കുറവാണ്. കേരളത്തിന്റെ ശരാശരി ഊർജ്ജ ഉപയോഗം ഇന്ത്യൻ ശരാശരിയിലും താഴെയാണ്. ഊർജ്ജത്തിന്റെ അളവും മാത്രമല്ല ഗുണവും വർദ്ധിപ്പിക്കണം. താഴ്ന്ന വോൾട്ടേജ്, അസ്ഥിരത ഇവയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ രീതിയിലുള്ള ഊർജ്ജം ഉപയോഗിക്കുന്നത് വികസന പ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്നു.

1956-ലാണ് പേരാമ്പ്ര പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ഇന്ന് പേരാമ്പ്രയിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു സെക്ഷൻ ആപ്പീസ് പ്രവർത്തിച്ചുവരുന്നു. ഇതിന് കീഴിൽ പഞ്ചായത്തിൽ 12 LT ട്രാൻസ്ഫോമറുകളാണുള്ളത്.

1. No. I പേരാമ്പ്ര.
2. ,, IIപേരാമ്പ്ര.
3. No. III പേരാമ്പ്ര.
4. ,, IVപേരാമ്പ്ര.
5. പാണ്ടിക്കോട്
6. പാറാട്ട്പാറ.
7. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.
8. കല്ലോട്
9. സീഡ്ഫാം.
10. എരവട്ടൂർ No. I
11. എരവട്ടൂർ No. II
12. കൈപ്പുറം.

ലൈനിന്റെ നീളം 20000 -ത്തോളം മീറ്റർ വരും. 1993 വരെ ലഭിച്ച അപേക്ഷകൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 256 അപേക്ഷകൾക്ക് (ഓർഡിനറി) വൈദ്യുതി കണക്ഷൻ നൽകാൻ ബാക്കിയുണ്ട്. പഞ്ചായത്തിൽ 6 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്.

1. ചാളപ്പാറകുന്ന്, 2. കല്ലോട്, 3. കൈപ്പുറം, 4. പാറപ്പുറം, 5. ചേർമല സാംബവ കോളനി, 6. കിഴിഞ്ഞാണ്യം.

കുടിർജ്യോതി പദ്ധതി പ്രകാരം വെള്ളിയോടൻകണ്ടി ലക്ഷംവീട് കോളനി വൈദ്യുതീകരിച്ചിട്ടുണ്ട്. അത് കൂടാതെ ഈ സ്കീമിൽ മറ്റു എട്ട് വീട്ടുകാർക്കും വൈദ്യുതി ലഭിച്ചിട്ടുണ്ട്. ഉപാധിരഹിതഫണ്ട് ഉപയോഗിച്ച് കല്ലോട് ഹരിജൻ കോളനിയും വിവിധ കോളനികളിലായി പതിനഞ്ച് പട്ടികജാതി പട്ടികവർഗക്കാർക്കും വയറിങ്ങ് നടത്തി കണക്ഷൻ കിട്ടാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാളക്കുന്ന് ഹരിജൻ കോളനിയും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പാണ്ടിക്കോട്, കോടേരിച്ചാൽ, വെങ്ങപ്പറ്റ പ്രദേശവും വൈദ്യുതീകരിക്കാൻ കഴിഞ്ഞു. മരുതേരി പ്രദേശം വൈദ്യുതീകരിക്കാൻ മിനിമം ഗ്യാരണ്ടി ഒപ്പിട്ട് പിന്നോക്കപ്രദേശം എന്ന നിലയിൽ മുൻഗണന പട്ടികയിൽ വന്നിരുന്നു.

## പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ച്.

പ്രധാന റോഡിന്റെ വശങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും കത്താത്ത അവസ്ഥയിലാണ്. ഇവയുടെ പരിപാലനം വേണ്ടരീതിയിൽ നടക്കുന്നില്ല. മാത്രമല്ല ഗ്രാമസഭകളിൽനിന്ന് തെരുവ് വിളക്കുകൾക്കായി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിട്ടുണ്ട്.

തെരുവ് വിളക്കുകൾ:-

| | |
|---|---|
| (a) ബൾബുകൾ: | 177 |
| (b) ട്യൂബുകൾ: | 44 |
| (c) സോഡിയം വേപ്പർ: | 29 |
| ആകെ: | 250 |

തെരുവ് വിളക്കുകൾ കത്തിക്കുന്നതിനായി പഞ്ചായത്ത് 51,864 രൂപയാണ് (വാർഷികം) ചെലവഴിക്കുന്നത്. ഇത് മൊത്തം വരുമാനത്തിൻെറ 7.4% വരും എന്നത് ശ്രദ്ധിക്കപ്പെടണം. കത്താത്ത ബൾബിൻെറ ചാർജ്ജ് അടക്കേണ്ടിവരുന്നുണ്ട്.

വീടുകളിൽ പ്രധാന ഇന്ധനം വിറകാണ്. മണ്ണെണ്ണ, ഗ്യാസ് തുടങ്ങിയ ഇന്ധനങ്ങളുടെ ഉപഭോഗം വളരെ കുറവാണ്. വിറകിൻെറ ലഭ്യത നാട്ടിൻപുറങ്ങളിൽ പോലും കുറഞ്ഞുവരികയാണ്. ഇത് ജനസംഖ്യാ വർദ്ധനവിൻെറ ഫലമായുണ്ടായ ഭൂമി തുണ്ടവൽക്കരണത്തിൻെറയും വീട് നിർമാണത്തിൻെറയും അനന്തരഫലമായുണ്ടായതാണ്. ശാസ്ത്രസാഹിത്യപരിഷത്തും ANERT ഉം പഞ്ചായത്തിൽ 300-ഓളം പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ:

വൈദ്യുത ലൈനുകളുള്ള എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഉടനെ സ്ഥാപിക്കണമെന്ന് എല്ലാ ഗ്രാമസഭകളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. കൂടാതെ വോൾട്ടേജ് ക്ഷാമത്തിൻെറ പരാതികളും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നു. നമ്മുടെ പല ഇലക്ട്രിക്ക് ഉപകരണങ്ങളും വേണ്ട രീതിയിൽ പ്രവർത്തിക്കാത്തതിനും കേടുപാടുകൾ വന്ന് നശിക്കുന്നതിനും വോൾട്ടേജ് കമ്മി ഒരു കാരണമാണ്.

പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി ഉടൻ എത്തിക്കേണ്ട നടപടി ഉണ്ടാകണം.

### പരിഹാരമാർഗങ്ങൾ:

കേരളം മൊത്തത്തിൽ വൈദ്യുതി കമ്മി നേരിടുന്നതിനാൽ പ്രസരണനഷ്ടം കഴിയുന്നത്ര കുറയ്ക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കണം. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റുന്ന പ്രവർത്തനം ശരിയായ രീതിയിൽ പ്ലാൻചെയ്ത് നടപ്പാക്കണം. ട്രാൻസ്ഫോമറുകളും വൈദ്യുതലൈനുകളും ഇടയ്ക്കിടെ പരിശോധിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും ഇന്ന് നിലവിലുള്ള മാർഗങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണം. വൈദ്യുതിയുടെ അമിതോപഭോഗം തടയാൻ ബോധവൽക്കരണം നടത്തണം. ഇന്ന് ഇത് കൂടുതൽ പവർകട്ട് ഏർപ്പെടുത്തുന്ന കാലയളവിൽ മാത്രമാണ് ചെയ്യുന്നത്. വൈദ്യുതോപകരണങ്ങൾ വിപണിയിലെത്തുംമുമ്പെ അതിൻെറ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടികൾ ആവിഷ്കരിക്കണം. വോൾട്ടേജ് കമ്മി പരിഹരിക്കാനാവശ്യമായ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം.

കുറഞ്ഞ വാട്സുള്ള "എനർജി സേയ്വർ" ബൾബുകൾ സബ്സിഡി നിരക്കിൽ കൊടുക്കാൻ തയ്യാറായാൽ വൈദ്യുതി ലാഭിക്കാം. ഇത് വൈദ്യുതി ഉൽപാദനത്തിന് തുല്യമായ മാർഗമാണ്. ബൾബുകളേക്കാൾ ട്യൂബ് ലൈറ്റുകൾക്ക് പ്രാധാന്യം കൊടുക്കുകയും സ്ഥാപിക്കുകയും വേണം. ഇതും വൈദ്യുതി ലാഭിക്കാനുള്ള ഉപാധിയാണ്.

തെരുവ് വിളക്കുകൾ സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനം കാരണം നശിപ്പിക്കപ്പെടുന്നുണ്ട്. ഇത് തടയാൻ പ്രാദേശികമായി കമ്മിറ്റികൾ രൂപമെടുക്കണം. പഞ്ചായത്ത് സ്ഥാപിച്ച തെരുവുവിളക്കുകൾ ഉപയോഗിക്കുന്ന വൈദ്യുതി എത്രയെന്ന് കൃത്യമായി നിർണ്ണയിച്ച് അതിന്നുള്ള ചാർജ്ജ് മാത്രം ഈടാക്കണം. പ്രത്യേകം മീറ്റർ സ്ഥാപിക്കാവുന്നതാണ്.

ഇന്ന് നിലവിലുള്ള സ്ലാബ് സമ്പ്രദായത്തിന് പകരം ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കാനുള്ള സമ്പ്രദായം വേണമെന്ന് പല ഗ്രാമസഭകളും ആവശ്യപ്പെട്ടു. കൂടാതെ മീറ്ററുകൾ പലതും ശരിയായ രീതിയിലല്ല പ്രവർത്തിക്കുന്നത് എന്നതിനാൽ അവ പരിശോധിക്കാനും മാറ്റി സ്ഥാപിക്കാനും ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാവണം. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ സൗരോർജ്ജം ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന സോളാർ കുക്കറുകളും വിളക്കുകളും കുറഞ്ഞ വിലയിൽ ലഭ്യമാക്കണം. ഈ മേഖലയിൽ കൂടുതൽ ഗവേഷണം നടത്തേണ്ടതാണ്.

ഇന്ധനലാഭത്തിനും നമ്മുടെ ആരോഗ്യത്തിനും വേണ്ടി പുകയില്ലാത്ത അടുപ്പുകൾ വീടുകളിൽ സ്ഥാപിക്കണം. ഇതിന് കൂടുതൽ സബ്സിഡി നൽകി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും എത്തിക്കാൻ ശ്രമിക്കണം. ഗ്യാസ് കണക്ഷൻ ലഭിക്കാനുള്ള താമസം ഒഴിവാക്കാൻ ശ്രമിക്കണം.



# 10

# പട്ടികജാതി–പട്ടികവർഗക്ഷേമം

വേരാമ്പ്ര പഞ്ചായത്തിൽ പട്ടികവർഗ വിഭാഗങ്ങളിൽപെടുന്ന ഒരു കുടുംബം മാത്രമേയുള്ളു എന്ന് ആദ്യമായി റിപ്പോർട്ട് ചെയ്യട്ടെ. പട്ടികജാതിയിൽപ്പെട്ട വിവിധ സമുദായക്കാർ ഈ പഞ്ചായത്തിൻെറ 12 വാർഡുകളിൽ ഒറ്റപ്പെട്ടും കോളനികളിലായും വസിക്കുന്നു. ഏറ്റവും ഒടുവിലത്തെ സ്ഥിതിവിവര കണക്കനുസരിച്ച് മൊത്തം ജനസംഖ്യയുടെ (പഞ്ചായത്തിലെ) 8 ശതമാനത്തിലേറെ പട്ടികജാതി വിഭാഗങ്ങളാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 26 കോളനികളിലായി 596 കുടുംബങ്ങൾ താമസിക്കുന്നു. ഒറ്റപ്പെട്ട വീടുകളിലായി നൂറോളം പട്ടികജാതി കുടുംബങ്ങളും ഒരു പട്ടികവർഗ കുടുംബവും താമസിക്കുന്നു. ഇവരിൽ 241 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെ ആണെന്ന കാര്യം പ്രത്യേകം പ്രസ്താവിക്കട്ടെ. ഇവരിൽ വാസയോഗ്യമല്ലാത്ത 329 വീടുകളുണ്ട്. സ്വന്തമായി കക്കൂസില്ലാത്ത 271 കുടുംബങ്ങളുണ്ട്. വൈദ്യുതീകരിക്കാത്ത 178 വീടുകളുണ്ട്.

## കുടിവെള്ളം

പൊൻപാറ കോളനി, നറക്കൺകുന്ന് കോളനി എന്നിവിടങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികൾ നിലവിലുണ്ട്. മഞ്ചേരിക്കുന്ന് ഐ എച്ച് ഡി പി കോളനി, കാപ്പുമല, ക്രൈപ്രം, ചാളക്കുന്ന് എന്നീ കോളനികളിൽ ശുദ്ധജലവിതരണ പദ്ധതി പൂർത്തിയായി ഈ സാമ്പത്തിക വർഷം തന്നെ കമീഷൻ ചെയ്യുന്നതാണ്.

പ്രവൃത്തി ആരംഭിക്കാനിരിക്കുന്ന കോളനികളാണ് ആനേരിക്കുന്ന്, കാപ്പുമ്മൽ, നെല്ല്യാടിക്കണ്ടി, ചേർമല സാംബവകോളനി എന്നിവ.

കിഴിഞ്ഞാണ്യം, നടുക്കണ്ടി മീത്തൽ, പാറപ്പുറം, മാക്കൂട്ടം, കണ്ണോത്ത്കുന്ന്, തിരുത്തൂർകുന്ന്, കൊളോർമല,

കല്ലോട്, പിലാത്തോട്ടം, തെങ്ങൻകണ്ടി, മാമ്പറമ്മൽ, നെടിഞ്ഞിൽപറ്റ, പാലയാട്ട്പറമ്പ്, നായർപററകുന്ന്, കരുവഞ്ചേരി കുന്ന്, തരിപ്പമല, ചാലപ്പറ്റ, ചാത്തോത്ത്കുന്ന് എന്നീ കോളനികളിൽ ശുദ്ധജലപദ്ധതി നടപ്പിലാക്കണം.

## കോളനി റോഡുകളും നടപ്പാതകളും

ഒന്നാം വാർഡിൽ കോളനിയും കണ്ണമ്പത്ത്ചാലും ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കണം. രണ്ടാം വാർഡിൽ ചേർമലയിലെ കോളനികൾ ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കണം. മൂന്നാം വാർഡിലെ മാക്കൂട്ടം കോളനിയിലെ കിഴക്കേപറമ്പ് വെള്ളയോട്ചാൽ റോഡ് ടാർ ചെയ്യണം. ഈ വാർഡിലെ ആനേരിക്കുന്ന് കോളനി റോഡ് ആക്കൂപ്പറമ്പുമായി ബന്ധിപ്പിച്ച് ടാർ ചെയ്യണം. ഇവിടെ തന്നെ പാലയാട്ട്-കൂടത്തിൽതാഴെ ഒരു നടപ്പാത നിർമിക്കണം. കണ്ണോത്ത്കുന്ന്-തെക്കണ്ടി ഭാഗം നടപ്പാത നിർമിക്കണം. കണ്ണോത്ത്-കുട്ടോത്ത് റോഡുമായി ബന്ധിപ്പിക്കണം. അഞ്ചാം വാർഡിൽ മഞ്ചേരിക്കുന്ന് റോഡ് ഗതാഗതയോഗ്യമാക്കണം. തിരുവോത്ത്മുക്ക് നെല്ലിക്കുത്ത്താഴെ നടപ്പാത നിർമിക്കണം. വാട്ടർടാങ്കിൻെറ അടുത്തേക്ക് നടപ്പാത നിർമ്മിക്കണം. നറക്കൽകുന്ന് വഴി കോറോത്ത് റോഡുമായി ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കണം.

ആറാം വാർഡിൽ മൂരികുത്തിവഴി കൊളോർമലയിലേക്ക് റോഡ് നിർമ്മിക്കണം. കൈപ്രം കോളനി റോഡ് ഗതാഗതയോഗ്യമാക്കണം. കാരപ്പറമ്പിൽ നിന്ന് തച്ചറമ്പത്ത്കണ്ടി വഴി പോകുന്ന റോഡ് ചാമക്കുന്ന് ഈത്തിലാട്ട്താഴെ റോഡുമായി ബന്ധിപ്പിക്കണം. എരവട്ടൂർ വില്ലേജ് ഓഫീസിൻെറ അടുത്ത് നിന്ന് മൂശാരികണ്ടി താഴേക്ക് നടപ്പാത നിർമ്മിക്കണം. ഏഴാം വാർഡിൽ കോളനി റോഡ് ടാർ ചെയ്യണം. കോളനി റോഡ് ഹരിജൻ മാമ്പറമല ശ്മശാനത്തിൽക്കൂടി ഉപകാരപ്രദമായി നിർമ്മിക്കണം. കേളോത്ത്മീത്തൽ റോഡ് പാറാട് പാറയുമായി ബന്ധിപ്പിച്ച് ടാർ ചെയ്യണം. എട്ടാം വാർഡിൽ കാപ്പുമ്മൽ കോളനി ഗതാഗതയോഗ്യമാക്കണം.

ഒമ്പതാം വാർഡിൽ ചാത്തോത്ത്താഴെ മുതൽ ചാത്തോത്ത്കുന്നുവരെ നടപ്പാത നിർമ്മിക്കണം. പത്താം വാർഡിൽ ചാലപ്പറ്റകുന്നിൽ കൂടി കടന്ന് പോകുന്ന റോഡ് കനാൽമുക്കുമായി ബന്ധിപ്പിക്കാൻ കനാലിന് കുറുകെ പാലം നിർമ്മിച്ച് റോഡ് ഗതാഗതയോഗ്യമാക്കണം. നായർപറ്റ കോളനി റോഡ് വീതികൂട്ടി ടാർ ചെയ്യണം. പതിനൊന്നാം വാർഡിലെ തരിപ്പമ്മൽ കോളനിയിലേക്കുള്ള നടപ്പാത വീതികൂട്ടി ടാർ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കണം. 12-ാം വാർഡിൽ കൊളപ്പുറം മുക്കിൽനിന്ന് ചാളക്കുന്ന് കോളനിയിലേക്ക് റോഡ് നിർമ്മിക്കണം.

## തൊഴിൽ പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും

പഞ്ചായത്തിലെ എല്ലാ കോളനികളിലും പായ് നെയ്ത്തും കുട്ട, മുറം മടയൽ മുതലായ കുലത്തൊഴിലുകൾ കൂട്ടമായി ചെയ്യുന്നതിനാവശ്യമായ സൗകര്യം ഇന്നില്ലാത്തതിനാൽ പൊതുപണിശാലകളും സംഭരണശാലകളും നിർമ്മിക്കേണ്ടതാണ്. പേരാമ്പ്രയിലെ സ്റ്റേറ്റ് സീഡ് ഫാമിൽ ഹരിജൻ തൊഴിലാളികളെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തിലെ എല്ലാ കോളനികളിലും സ്വയംതൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി തുന്നൽ പരിശീലന കേന്ദ്രവും റെഡിമെയ്ഡ് യൂനിറ്റും അച്ചാർ നിർമ്മാണം, അവിൽ നിർമ്മാണ യൂനിറ്റ്, മെറ്റൽ യൂനിറ്റ്, സിമൻറ് ഇഷ്ടിക യൂനിറ്റ്,. ബുക്ക് ബൈൻറിങ്ങ് യൂനിറ്റ്, ക്ഷീരോല്പാദന യൂനിറ്റ്, മരസാമാന നിർമ്മാണ യൂനിറ്റ് എന്നിവയും റൈസ്മില്ലും ആവശ്യാനുസരണം സ്ഥാപിക്കേണ്ടതാണ്. ഗ്രൂപ്പ് പച്ചക്കറികൃഷി യൂനിറ്റ് ആരംഭിക്കുകയും വേണം.

പരമ്പരാഗത തൊഴിലുകൾ വിപുലപ്പെടുത്തുന്നതിനാവശ്യമായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സാമ്പത്തിക സഹായവും അസംസ്കൃത പദാർഥവും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

## വിദ്യാഭ്യാസം

വിദ്യാഭ്യാസ കാര്യത്തിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ മറ്റ് മുന്നോക്ക സമുദായങ്ങളുടെ ഒപ്പത്തിനൊപ്പം തന്നെയാണെന്ന് സർവേ രേഖപ്പെടുത്തുന്നു. പഞ്ചായത്തിലെ 659 പട്ടികജാതി വിദ്യാർഥികൾ പഠനം തുടരുന്നുണ്ട്. 189 വിദ്യാർഥികൾ തോറ്റിട്ടും പഠിക്കുന്നവരായുണ്ട്. പഠനം നിർത്തിയവർ വെറും ഇരുപതുപേർ മാത്രമേയുള്ളൂ.

610

സാംസ്കാരിക ഉന്നമനത്തിനായി പഞ്ചായത്തിലെ എല്ലാ കോളനികളിലും വായനശാല സ്ഥാപിക്കുകയും അതോടനുബന്ധിച്ച് പൊതു റേഡിയോയും ടെലിവിഷൻ സെറ്റും നൽകുകയും വേണം. കൂടാതെ വിദ്യാർഥികൾക്ക് പഠന സൗകര്യത്തിനാവശ്യമായ മേശ, കസേര എന്നിവ നൽകി പ്രോത്സാഹനം നൽകേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത എല്ലാ പട്ടികജാതി വിഭാഗത്തിൻെറ വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകണം. വീട്ടുനമ്പറില്ലാത്തവർക്ക് നമ്പർ നൽകുകയും റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് അത് ലഭ്യമാക്കുകയും ചെയ്യണം. കെട്ടിടനിർമ്മാണ നിയമത്തിൽ നിന്ന് പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ ഒഴിവാക്കണം.

വിവിധ ഏജൻസികളിൽ നിന്ന് ധനസഹായം ലഭിച്ചിട്ട് തിരിച്ചടക്കാൻ പ്രയാസമനുഭവപ്പെടുന്ന കുടുംബങ്ങളെ ഇളവുകൾ നൽകി സഹായിക്കണം.

പേരാമ്പ്ര ഷോപ്പിങ്ങ് കോംപ്ലക്സിൽ പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള മുറികൾ അവർക്കു തന്നെ ലഭ്യമാക്കണം. കേന്ദ്ര-സംസ്ഥാന സർകാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും അനുവദിക്കുന്ന സഹായങ്ങൾ അർഹതപ്പെട്ട സമുദായത്തിന് തന്നെ ലഭിക്കുമെന്ന് ഉറപ്പുണ്ടാക്കണം.

ആവശ്യാനുസരണം പൊതു ശ്മശാനം അനുവദിക്കുകയും നിലവിലുള്ളത് സംരക്ഷിക്കുകയും വേണം. പേരാമ്പ്ര പട്ടണം കേന്ദ്രീകരിച്ച് ഒരു പട്ടികജാതി പട്ടികവർഗ സഹകരണസംഘം രൂപീകരിക്കണം.

ചേർമല സാംബവ കോളനിയിലെ താമസക്കാർക്ക് വീട്, കക്കൂസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ ഈ വിഭാഗത്തിൻെറ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായവിധം സമുദായങ്ങൾക്കിടയിൽ താമസിക്കാനുതകുംവിധം സൗകര്യങ്ങൾ ഉണ്ടാക്കണം.

## ലക്ഷം വീട്:

ചേർമല, കരിങ്ങാറ്റിമീത്തൽ, വെള്ളിയോടൻകണ്ടി, കണ്ണിപ്പൊയിൽ, ആയടത്തിൽ മീത്തൽ എന്നീ ലക്ഷംവീടുകളിൽ അധിവസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും മറ്റു പാവപ്പെട്ടവർക്കും ഇന്ന് നിലവിലുള്ള ഇരട്ട വീടുകൾക്ക് പകരം ഒറ്റ വീടുകൾ നിർമ്മിക്കാനാവശ്യമായ ധനസഹായം നൽകി ഇത്തരക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തണം. പ്രാഥമികാവശ്യങ്ങളും നൽകണം.

## പരിഹാരമാർഗം:

കുടിവെള്ളം- 2, 3, 4 വാർഡുകളിലെ കോളനികളിൽ ശുദ്ധജലം എത്തിക്കാൻ നരിക്കിലാട്ട് കേന്ദ്രീകരിച്ച് വിപുലമായ പദ്ധതി ആസൂത്രണം ചെയ്യണം.

കല്ലോട് ഏഴാം വാർഡിലുള്ള മൃഗാശുപത്രി കിണറ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കോളേജ് കുന്നിൽ ടാങ്ക് നിർമ്മിച്ച് 6, 7 വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണം.

പത്താം വാർഡിൽ നായർപറ്റക്കുന്നിൽ ടാങ്ക് കെട്ടി ഒരു ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കാം.

തരിപ്പമലയിൽ ടാങ്ക് നിർമ്മിച്ച് ഒരു ജലവിതരണപദ്ധതി നടപ്പിലാക്കിയാൽ 11-ാം വാർഡിൽ 100ൽ പരം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുത്താം.

## വിദ്യാഭ്യാസം-ക്ഷേമം

പേരാമ്പ്രയിൽ ഒരു ഐ ടി സിയും ഹരിജൻ ഹോസ്റ്റലും സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.



# 11

# വനിതാ ക്ഷേമം

ഒരു സമൂഹത്തിന്റെ അവിഭാജ്യഘടകമാണ് സ്ത്രീ. കേരളത്തിലെ സ്ത്രീകൾക്ക് സാക്ഷരതാരംഗത്ത് മുന്നേറാൻ കഴിഞ്ഞെങ്കിലും സമൂഹത്തിൽ ലഭിക്കുന്ന പദവിയിൽ അവൾ ഇന്നും അവഗണിക്കപ്പെടുകയാണ്. പൊതുരംഗത്ത് പ്രവർത്തനനിരതമായ ഒട്ടേറെ പേർ ഉണ്ടെങ്കിലും ഭൂരിപക്ഷവും ഒതുങ്ങിക്കൂടാനുള്ള പ്രവണതയാണ് കാണിക്കുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്. സ്ത്രീക്ക് അർഹമായ അവകാശങ്ങൾ ലഭിച്ചേതീരൂ. സ്ത്രീപുരുഷ സമത്വത്തിലൂടെ മാത്രമേ ഒരു വികസിത സമൂഹം കെട്ടിപ്പടുക്കാൻ സാധിക്കൂ. സ്ത്രീവിഭാഗത്തിന്റെ അവസ്ഥ വിലയിരുത്തുമ്പോൾ കേരളത്തിന്റെ ഈ പൊതു സ്ഥിതിയിൽ നിന്നു ഒട്ടും വ്യത്യസ്തമല്ല പേരാമ്പ്ര.

1991 ലെ സെൻസസ് അനുസരിച്ച് 10482 സ്ത്രീകളും 11788 പുരുഷന്മാരുമാണ് ഉള്ളത്. ജില്ലയിൽ കൂടുതൽ സ്ത്രീകളാണെങ്കിലും ഈ പഞ്ചായത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകൾ ഒരു ചെറിയ ശതമാനം കുറവാണ്. സാക്ഷരതാ രംഗത്ത് സ്ത്രീകൾ മുൻപന്തിയിലാണ്.

പത്താം ക്ലാസിന് ശേഷവും പെൺകുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ സാങ്കേതിക വൈദഗ്ദ്ധ്യം വേണ്ട രംഗങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്. ഡിഗ്രി തലത്തിന് മുകളിലെത്തുന്ന പെൺകുട്ടികൾ വിരളം. പ്രൈമറി ഹെൽത്ത് സെൻററിലെയും സഹകരണ ആശുപത്രികളിലെയും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടെയും കണക്കനുസരിച്ച് രോഗികളായെത്തുന്നവർ ഭൂരിപക്ഷവും സ്ത്രീകളാണ്. ശാസ്ത്രസാഹിത്യപരിഷത്ത് നടത്തിയ സർവെയിലും ഈ വസ്തുത തന്നെയാണ് കാണുന്നത്.

കാർഷികമേഖലയുടെ തകർച്ച കാരണം സ്ത്രീകൾ കെട്ടിട നിർമാണ തൊഴിൽരംഗത്തേക്ക് കടന്നിരിക്കുന്നു. കാർഷിക മേഖലയെ അപേക്ഷിച്ച് വരുമാനത്തിലുള്ള വർധനവാണ് ഈ രംഗത്തേക്ക് സ്ത്രീകളെ ആകർഷിക്കുന്നത്. ചുമട്ടുതൊഴിലാളികളായും സ്ത്രീകൾ ജോലിയെടുക്കുന്നുണ്ട്. തയ്യൽതൊഴിൽ ചെയ്യുന്ന സ്ത്രീകളും ഉണ്ട്. ഗൃഹാങ്കണ

ങ്ങളാണ് തൊഴിൽവേദിയായി തെരഞ്ഞെടുക്കുന്നത്. തൊഴിൽരംഗത്ത് പുരുഷന്മാരെക്കാൾ വേതനം കുറവാണ് സ്ത്രീകൾക്ക്. പായ നെയ്ത്തും കുട്ടമടയൽ, മുറം ഉണ്ടാക്കൽ എന്നീ പരമ്പരാഗത തൊഴിലിലും ഏർപ്പെടുന്ന സ്ത്രീകളും ഉണ്ട്. ഈ പരമ്പരാഗത തൊഴിലിനുവേണ്ട അസംസ്കൃത പദാർഥങ്ങളുടെ അപര്യാപത്ത ഈ രംഗത്ത് മങ്ങലേൽപ്പിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും പകുതിയിലധികവും സ്ത്രീകളാണ്.

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 15-20 ശതമാനം സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. വിദേശത്ത് ജോലി ചെയ്യുന്ന ഒട്ടേറെ പുരുഷന്മാർ ഉള്ളതുകാരണം അത്തരം കുടുംബങ്ങളുടെയും നിയന്ത്രണം സ്ത്രീകൾ ഏറ്റെടുക്കേണ്ടിവന്നിട്ടുണ്ട്. അതിനാൽ അവരുടെ ഉത്തരവാദിത്തം കൂടുതൽ വർധിക്കുന്നു.

പഞ്ചായത്തിൽ സ്ത്രീകൾ മാത്രമായി നടത്തുന്ന ഒരു ക്ഷീരോല്പാദന യൂനിറ്റുണ്ടായിരുന്നു. നാല് സ്ത്രീകൾ നടത്തിയിരുന്ന ഈ യൂനിറ്റ് ലാഭകരമല്ലാത്തതുകൊണ്ട് അവിടെ ഇപ്പോൾ ഹോട്ടലാണ് നടത്തുന്നത്. സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള എട്ടോളം തയ്യൽ പരിശീലന കേന്ദ്രങ്ങളും സ്ത്രീകൾ നടത്തുന്ന രണ്ട്മൂന്ന് റെഡിമെയ്ഡ് കേന്ദ്രങ്ങളും ഉണ്ട്. മൂന്ന് ബ്യൂട്ടിപാർലറും ഉണ്ട്. മിനി വ്യവസായ യൂനിറ്റുകളിലും സ്ത്രീ തൊഴിലാളികളാണ് കൂടുതൽ. ഇതിന് കാരണം കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യാൻ സ്ത്രീകളെ കിട്ടുന്നു എന്നതുകൊണ്ടാണ്. ഖാദി കേന്ദ്രവുമായി ബന്ധപ്പെട്ടു ജോലി ചെയ്യുന്ന സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. ഇങ്ങനെ സ്ത്രീകൾ പല മേഖലകളിലും രംഗത്തുണ്ടെങ്കിലും പൊതുരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. ഭരണരംഗത്തടക്കം സ്ത്രീകളുടെ പങ്കാളിത്തം നിയമംമൂലം വർധിച്ചിട്ടുണ്ടെങ്കിലും പൊതുപ്രവർത്തനരംഗത്തേക്ക് സ്ത്രീകൾ കടന്നുവരാൻ മടിക്കുന്നത് സമൂഹത്തിൽ നേരിടേണ്ടിവരുന്ന അവജ്ഞയും പുരുഷമേധാവിത്വത്തിന്റെ പരമ്പരാഗത ധാരണകളുമാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

സാക്ഷരതാ പ്രവർത്തനരംഗത്ത് കൂടുതലും സ്ത്രീകളായിരുന്നു. അവസരവും പ്രോത്സാഹനവും ലഭിച്ചാൽ സ്ത്രീകൾ പ്രവർത്തനരംഗത്ത് വരാൻ തയ്യാറാണ് എന്നാണ് ഇത് കാണിക്കുന്നത്. മഹിളാ സമാജങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനം തൃപ്തികരമല്ല. വനിതകളെ ആകർഷിക്കത്തക്ക വിധത്തിലുള്ള പ്രവർത്തനം കാഴ്ചവെക്കാൻ ഈ സംഘടനകൾക്ക് കഴിഞ്ഞിട്ടില്ല. മഹിളാ സമാജങ്ങൾ പലതും നിർജീവങ്ങളാണ്.

സ്ത്രീകൾ നേതൃത്വം നൽകുന്ന ബഹുജന സംഘടനകൾ നാമമാത്രമാണ്. രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന സ്ത്രീകളും വിരളമാണ്. ഈ രംഗത്ത് അവരുടെ ഉയർച്ചക്ക് വ്യാപകമായ ബോധവല്ക്കരണം അനിവാര്യമാണ്.

പഞ്ചായത്തിൽ മദ്യനിരോധനംകൊണ്ട് വളരെയേറെ നേട്ടമുണ്ടായിട്ടുണ്ട്. സമ്പൂർണ മദ്യനിരോധനം ഈ പഞ്ചായത്തിലെ സ്ത്രീകൾ ആവശ്യപ്പെടുന്നു. വനിതകൾക്ക് നേരെയുള്ള കയ്യേറ്റങ്ങളും അതിക്രമങ്ങളും പഞ്ചായത്തിന്റെ പല ഭാഗത്തും നടക്കുന്നുണ്ട്. മയക്കുമരുന്നിന്റെ വ്യാപനവും മദ്യപാനവും ഇതിന് ഒരു കാരണമായി കാണുന്നുണ്ട്. സ്ത്രീധന പ്രശ്നവും ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട് വിവാഹം വൈകുകയോ മുടങ്ങുകയോ ചെയ്ത സംഭവങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

പൊതുരംഗത്ത് ഇറങ്ങാൻ സ്ത്രീകളിൽ പൊതുവെ കാണുന്ന വൈമുഖ്യം അവരോടുള്ള അവജ്ഞ, തൊഴിൽരംഗത്തുള്ള വിവേചനങ്ങൾ, തൊഴിലവസരക്കുറവ്, കാർഷികരംഗത്തെ മുരടിപ്പുകൊണ്ടുണ്ടായ പ്രശ്നങ്ങൾ, സ്ത്രീധന, സ്ത്രീപീഡന പ്രശ്നങ്ങൾ, പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യക്കുറവ് മുതലായവ പഞ്ചായത്തിൽ വനിതകൾ നേരിടുന്ന പൊതുപ്രശ്നങ്ങളാണ്.

## നിർദേശങ്ങൾ

വനിതകൾക്ക് സ്വന്തമായുള്ള തൊഴിൽ മേഖലകൾ സൃഷ്ടിക്കുകയും അതുവഴി സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യുന്നതിലൂടെ ഇന്ന് നിലനിൽക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകുകയും തൊഴിലിന് വേണ്ട അസംസ്കൃത വസ്തുക്കൾ നിർലോഭമായി ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ഈ രംഗത്ത് ഉറച്ച് നിൽക്കാനുള്ള ബോധവല്ക്കരണം നടത്തുകയും വേണം. കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ഈ രംഗത്ത് നിന്നും അകന്നുപോയ സ്ത്രീകളെ രംഗത്തേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും വേണം. വനിതാ സഹകരണ വ്യവസായ യൂനിറ്റുകൾ തുടങ്ങണം. അച്ചാർ, മെഴുകുതിരി, ചന്ദനത്തിരി, കുറ്റിമുല്ല കൃഷി, പച്ചക്കറിത്തോട്ടം, പശു, ആട്, കോഴി മുതലായവ വളർത്തൽ തുടങ്ങിയ ചെറുകിട വ്യവസായസംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിലും അല്ലാതെയും നടത്താൻ സ്ത്രീകൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

പേരാമ്പ്രയിലുള്ള തയ്യൽ കേന്ദ്രങ്ങൾ ഏകോപിപ്പിച്ച് അവയുടെ പ്രവർത്തനം വ്യവസ്ഥാപിതവും സാങ്കേതികവുമാക്കിയാൽ കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരം ലഭിക്കും. പേരാമ്പ്രയിൽ 12 ഓളം സ്ത്രീകൾ സംഘടിച്ച് ഒരു ഹോട്ടൽ ആരംഭിക്കാൻ ശ്രമിച്ചെങ്കിലും കെട്ടിടം ഇല്ലാത്തതിനാൽ തുടങ്ങാൻ കഴിഞ്ഞില്ല. അത് ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ധാരാളം ക്വാറികളുള്ള ഈ പഞ്ചായത്തിൽ മെറ്റൽ യൂനിറ്റുകൾ ആരംഭിക്കാനുള്ള സഹായസഹകരണങ്ങൾ നൽകണം. സ്ത്രീകളെ പൊതുരംഗത്ത് കൊണ്ടുവരാനുള്ള ബോധവല്ക്കരണം നൽകാൻ പഞ്ചായത്ത് സഹായിക്കണം.



12

# വിഭവസമാഹരണം

സാമ്പത്തികമായി ഭദ്രതയുള്ള ഒരു സ്പെഷൽഗ്രേഡ് പഞ്ചായത്താണ് പേരാമ്പ്ര. പഞ്ചായത്തിൻെറ തനത് വരുമാനത്തിൽ ക്രമമായ വർദ്ധനവുണ്ട്.

പട്ടിക – 1 വരുമാനമാർഗ്ഗങ്ങൾ

| വരവ് ഇനം | 90–91 | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|---|
| തൊഴിൽ നികുതി | 2,59,702 | 3,24,007 | 2,52,330 | 2,76,030 | 3,35,910 | 2,51,552 |
| കെട്ടിടനികുതി | 2,80,658 | 3,08,984 | 4,47,590 | 4,85,865 | 5,31,607 | 5,94,934 |
| വിനോദനികുതി | 4,32,044 | 4,62,422 | 4,51,857 | 5,95,403 | 6,11,626 | 6,97,373 |
| നികുതിയേതര വരുമാനം | 6,92,195 | 7,24,926 | 10,70,077 | 18,15,191 | 18,75,187 | 14,57,775 |
| സംസ്ഥാന നികുതിവിഹിതം | 36,757 | 34,869 | 36,413 | 35,824 | 48,896 | 49,973 |
| അൺടൈഡ് ഫണ്ട് | 1,50,000 | 1,60,000 | 1,66,800 | 1,75,000 | 2,37,730 | 2,52,480 |
| ഗ്രാൻറുകൾ | 37,867 | 37,408 | 34,028 | 49,534 | 43,321 | 2,83,703 |
| ജെ.ആർ.വൈ. | 4,81,266 | 4,08,909 | 4,20,800 | 7,83,700 | 3,32,431 | 6,03,007 |

ചെലവിനങ്ങളിൽ എസ്റ്റാബ്ലിഷ്മെൻറ് ചെലവ് മൊത്തം ചെലവുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ നിയന്ത്രിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

പട്ടിക – 2 പ്രധാന ചെലവിനങ്ങൾ

| ചെലവിനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് | 5,25,730 | 5,68,752 | 7,21,020 | 7,45,922 | 8,75,037 |
| പൊതുമരാമത്ത് | 97,083 | 5,98,461 | 91,053 | 5,63,072 | 15,13,970 |
| മറ്റ് വികസനചെലവുകൾ | 59,585 | 35,679 | 77,312 | 44,076 | 8,40,066 |

1995-96 വർഷത്തെ പൊതുമരാമത്ത് പണി സംബന്ധിച്ച ചെലവുകൾ പരിശോധിച്ചാൽ റോഡിന് വേണ്ടിയാണ് ഏറ്റവും കൂടുതൽ വിഹിതം നീക്കിവെച്ചിരിക്കുന്നത് എന്ന് കാണാം. കാർഷികപ്രാധാന്യമുള്ള തോട് നിർമ്മാണം ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. റോഡ്നിർമ്മാണത്തിന് 6,06,214 രൂപ ചെലവാക്കിയപ്പോൾ തോട് നിർമ്മാണത്തിന് ഇത്രയൊന്നുംതന്നെ ചെലവാക്കിയതായി കാണുന്നില്ല. എന്നാൽ നടപ്പാലങ്ങൾക്ക് 72,529 രൂപ ചെലവിട്ടതായി കാണുന്നു. പഞ്ചായത്തിൻെറ ശ്രദ്ധ ഉൽപാദനവർദ്ധനവിന് സഹായകമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടണമെന്നതാണ് ഇത് സൂചിപ്പിക്കുന്നത്.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. വായ്പാധനം ഉപയോഗിച്ച് പഞ്ചായത്ത് നിർമ്മിച്ച കച്ചവടകേന്ദ്രങ്ങൾ ആദായകരമായ നിലയിലാണുള്ളത്. പേരാമ്പ്ര പോലീസ് സ്റ്റേഷന് സമീപം കേരള സംസ്ഥാന റൂറൽ ഡവലപ്മെൻറ് ബോർഡ് സഹായത്തോടെ 11,05,232 രൂപ ചെലവ്ചെയ്ത് നിർമ്മിച്ച കച്ചവടകേന്ദ്രത്തിൽനിന്നും വർഷത്തിൽ 1,20,056 രൂപ വാടകയിനത്തിൽ ലഭിക്കുന്നുണ്ട്. 20,46,864 രൂപ ചെലവ്ചെയ്ത് നിർമ്മിച്ച മത്സ്യമാർക്കറ്റ്, അറവുശാല, ഷോപ്പിങ്ങ്കോംപ്ലക്സ് കെട്ടിടങ്ങളിൽനിന്ന് പ്രതിവർഷം 5,54,379 രൂപ വാടകയായി ലഭിക്കുന്നു. 3,35,000 രൂപ കടത്തിലേക്ക് തിരിച്ചടച്ചാൽ 2,19,379 രൂപ പഞ്ചായത്തിന് ലഭിക്കുന്നു. മേൽകൊടുത്ത കണക്കുകൾ സൂചിപ്പിക്കുന്നത് കെ. എസ്. ആർ. ഡി. ബി.യുടെ ധനസഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് പഞ്ചായത്തിലെ സൗകര്യങ്ങളും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കാൻ സഹായകരമാണ് എന്നാണ്. നിലവിലുള്ള കമ്യൂണിറ്റി ഹാൾ നിൽക്കുന്ന സ്ഥലത്ത് ഒരു ബഹുനിലക്കെട്ടിടം പണിയാവുന്നതാണ്. ഓഡിറ്റോറിയം വിവാഹമണ്ഡപമായി ഉപയോഗിക്കാൻ സൗകര്യമുണ്ടാക്കുകയാണെങ്കിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നല്ലൊരു മാർഗമാവും.

ഗ്രാമസഭാ ചർച്ചകളിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെട്ടു.

★ എല്ലാ വാർഡുകളിലും പൊതുവായി നാളികേരം, ഏത്തക്കുല, അടയ്ക്ക മുതലായ കാർഷികവിഭവങ്ങളുണ്ട്.

★ പാറ പൊട്ടിക്കാൻ സാധ്യതുള്ളവയാണ് 1, 2, 7, 8, 9, 10, 11 എന്നീ വാർഡുകൾ.

★ കൈതോല ധാരാളമായി 4, 5, 10 എന്നീ വാർഡുകളിലുണ്ട്.

★ ശുദ്ധജലതടാകങ്ങൾ ഉപയോഗിച്ച് മത്സ്യം വളർത്താൻ എല്ലാ വാർഡുകളിലും സൗകര്യമുണ്ട്. കൂടാതെ നരിക്കിലാപ്പുഴ, കുറ്റ്യാടിപ്പുഴ, കല്ലുങ്കൽപുഴ, കൊട്ടപ്പുറത്ത്തോട് എന്നിവ ജലവിഭവസമാഹരണത്തിന് വമ്പിച്ച സാധ്യതകളുള്ളവയാണ്.

★ ഒന്നാം വാർഡിൽ കൈത്തറി, 2, 9 വാർഡുകളിൽ ഈറ്റ ഉപയോഗിച്ച് കുട്ട, മുറം എന്നിവ ഉണ്ടാക്കൽ. വാർഡ് 6-ൽ കളിമൺപാത്ര നിർമ്മാണം. വാർഡ് 8-ൽ കരകൗശലം എന്നീ രംഗങ്ങളിലും പരിശീലനം ലഭിച്ചവരുണ്ട്. തയ്യൽ അറിയുന്ന സ്ത്രീകൾ എല്ലാ വാർഡുകളിലും പൊതുവായുണ്ട്.

★ ചെങ്കല്ല് വെട്ടുന്നതിന് സാധ്യതകളുള്ള വാർഡുകളാണ് 3, 4, 5, 6, 9, 10, 11, 12 എന്നിവ.

★ ഒരു വർഷം നാൽപ്പതിനായിരം തൊഴിൽദിനങ്ങൾ നൽകാൻ സന്നദ്ധരായവരെ സംഘടിപ്പിക്കാൻ പഞ്ചായത്തിന് കഴിയും.

★ 340-ഓളം ഗൾഫ് മലയാളികൾ പഞ്ചായത്തിലുണ്ട്. അവരുടെ വരുമാനം ഉപയോഗപ്പെടുത്താൻ കഴിയും.

★ ആറാട്ട്കാപ്പുമല, വയലാമ്പ്രക്കുന്ന്, കുറ്റ്യാടി ജലസേചനപദ്ധതിയുടെ കനാലിനിരുവശത്തുമുള്ള സ്ഥലം, സർക്കാർ ഓഫീസ് വളപ്പുകൾ എന്നിവ കൃഷിക്കുപയുക്തമാക്കാൻ കഴിയും.

★ കുറ്റ്യാടിപ്പുഴയിൽനിന്നും ലഭിക്കുന്ന പൂഴി ഉപയോഗപ്പെടുത്താവുന്നതാണ്.

★ നിർമ്മാണതൊഴിലാളികളുടെയും വിദഗ്ദ്ധതൊഴിലാളികളുടെയും രജിസ്ട്രേഷൻ, കോൺട്രാക്ടർമാർ, സ്വകാര്യ പ്രക്ടീസ് നടത്തുന്ന ഡോക്ടർമാർ, വക്കീലന്മാർ, പെൻഷൻകാർ എന്നിവരിൽനിന്നും നാമമാത്രമായ നികുതി ഈടാക്കൽ എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

★ പഞ്ചായത്തിലെ വാടകക്കെട്ടിടങ്ങൾക്ക് ഈടാക്കുന്ന നികുതി യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. കെട്ടിടം വാടകക്ക് കൊടുക്കുന്ന രേഖകൾ പരിശോധിച്ച് നികുതി ചുമത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്തതിർത്തിയിൽ താഴെ പറയുന്ന ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1) സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ – കാർഷികവികസന ശാഖ.
2) കനറാ ബേങ്ക്.
3) നെടുങ്ങാടി ബേങ്ക്.
4) സൗത്ത് മലബാർ ഗ്രാമീൺ ബേങ്ക്.
5) പേരാമ്പ്ര റീജ്യനൽ കോ-ഓപ്പ്. ബേങ്ക്.
6) കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക് ശാഖ.
7) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ്.
8) കൊയിലാണ്ടി താലൂക്ക് ഭൂവികസന ബേങ്ക്.

ഇവക്ക് പുറമെ ഏഴ് സ്വകാര്യ ബേങ്കുകളും ഒട്ടേറെ സ്വകാര്യ പണമിടപാടുകാരും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ പണമിടപാടുകാർ ഭീമമായ പലിശ ഈടാക്കിയാണ് കടം കൊടുക്കുന്നത്. കടം വാങ്ങുന്നവർ കടക്കെണിയിലേക്ക് നയിക്കപ്പെടുന്ന ഒരവസ്ഥയുണ്ട്. ഉപഭോഗവസ്തുക്കൾക്ക് വേണ്ടിയുള്ള അമിതമായ ആഗ്രഹം, ഭവനനിർമ്മാണം, വിവാഹചടങ്ങുകളിലെ ധാരാളിത്തം ഇവയാണ് സാമാന്യേന അമിതപലിശക്ക് കടം വാങ്ങുന്നവരുടെ ദൗർബല്യങ്ങൾ. സാമൂഹ്യബോധവൽക്കരണമാണ് പരിഹാരമാർഗം.

വ്യവസായസംരംഭകരുടെ എണ്ണത്തിൽ കുറവ്, പ്രവർത്തനക്ഷമമായ പദ്ധതികളുടെ അഭാവം എന്നിവയാണ് വ്യാവസായിക പദ്ധതികൾക്ക് കടംകൊടുക്കുന്നതിൽ ബേങ്കുകൾക്ക് തടസ്സമായി അനുഭവപ്പെടുന്നത്. നഷ്ടത്തിലേക്ക് എത്തിച്ചേരുന്ന വ്യവസായസംരംഭങ്ങൾ കടസംഖ്യയുടെ തിരിച്ചടവിനെ സാരമായി ബാധിക്കുന്നു. മാനേജ്മെൻറ്, മാർക്കറ്റിങ്ങ്, തുടങ്ങിയവയിലെ വൈദഗ്ദ്ധ്യമില്ലായ്മയാണ് ഇതിന് കാരണം. വായ്പയായി ലഭിക്കുന്ന സംഖ്യ മുഴുവനും തന്നെ ഉൽപാദനവർധനവിന് അനുഗുണമായ നിലയിൽ ചെലവ് ചെയ്യപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. പേരാമ്പ്രയിലെ രണ്ട് ദേശസാൽകൃത ബേങ്കുകൾ ഉൽപാദനമേഖലയിൽ നൽകിയ വായ്പകൾ താഴെ കൊടുക്കുന്നു.

| ഇനം | ഭാരതീയ സ്റ്റേറ്റ് ബേങ്ക് | കനറാ ബേങ്ക് |
|---|---|---|
| കാർഷികവായ്പ | 84,82,000 | 60,13,452 |
| ചെറുകിട വ്യവസായം | 7,12,000 | 2,43,400 |


വായ്പാതുകയുടെ വിനിയോഗം ഉൽപാദനവർദ്ധനവിൽ എങ്ങനെ പ്രതിഫലിച്ചിരിക്കുന്നു എന്ന കാര്യത്തിൽ ശാസ്ത്രീയമായ പഠനവും വിലയിരുത്തലും ആവശ്യമാണ്. കച്ചവട, ഉപഭോഗ ആവശ്യങ്ങൾക്ക് വായ്പ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളാണ് ബേങ്കുകളിൽ ധാരാളമായി ലഭിക്കുന്നത്. ഉൽപാദനാവശ്യങ്ങൾക്ക് നൽകിയ വായ്പാതുകയിൽത്തന്നെ ഉപഭോഗവസ്തുക്കൾ വാങ്ങാൻ ചെലവാക്കുന്നതുമൂലം കൃത്യമായ തിരിച്ചടവിനെ സാരമായി ബാധിക്കുന്ന അനുഭവമുണ്ട്. സർക്കാർ സംവിധാനമുപയോഗിച്ച് നിർദ്ദേശിക്കപ്പെടുന്ന വായ്പാനിർദ്ദേശങ്ങൾക്ക് അടിസ്ഥാനമായ പദ്ധതികൾ പോലും പലപ്പോഴും പ്രവർത്തനക്ഷമമായവയല്ല. വായ്പാസംഖ്യ പൂർണ്ണമായി ഉപയോഗിക്കാത്തതുമൂലം ഈ രംഗത്ത് പ്രശ്നങ്ങളുണ്ട്. ചുരുക്കത്തിൽ വായ്പാ ലഭ്യതയുടെ അഭാവമല്ല ശാസ്ത്രീയമായ പഠനത്തിലൂടെ നിർദ്ദേശിക്കപ്പെടുകയും പൂർണഉത്തരവാദിത്തത്തിലൂടെ നടപ്പിലാക്കപ്പെടുകയും ചെയ്യുന്ന പദ്ധതിയുടെ അഭാവമാണ് ഈ മേഖലയിലെ മുഖ്യ പ്രശ്നം.



അധികാരം ജനങ്ങളിലേക്ക്

ഇന്ത്യൻ ഗ്രാമീണന്റെ കാര്യത്തിൽ
അതിപ്രാചീനമായ സംസ്കാരം
അസംസ്കൃതിയാൽ മൂടപ്പെട്ടു
ഒളിഞ്ഞുകിടക്കുന്നു. ആ മൂടൽ
മാറ്റി അവന്റെ ദാരിദ്ര്യവും
നിരക്ഷരത്വവും ഇല്ലാതാക്കിയാൽ
ഒരു സ്വതന്ത്ര പൗരന്റെ ഏറ്റവും
നല്ല മാതൃക നിങ്ങൾക്ക്
കാണാൻ കഴിയും.

മഹാത്മജി.



# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം



അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്.


## ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത്



## ജനകീയ ആസൂത്രണം

# വികസന റിപ്പോർട്ട്

# ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത്




ജനകീയ ആസൂത്രണം - വികസന റിപ്പോർട്ട്

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി
# ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത്
# വികസന സെമിനാർ





"എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."

– മഹാത്മാ ഗാന്ധി.

## പത്രാധിപ സമിതി

സി. എം. ഗോവിന്ദൻ

പി. വാസുമാസ്റ്റർ

ഇ. എസ്സ്. ജെയിംസ്

ആവള ഹമീദ്

കുഞ്ഞിമാത ടി. കെ

പൗളിൻ ജോണി

മാത്യു മലയാറ്റൂർ

എം. മുരളി


Cover & Art work : Shajan Thomas

D.T.P. & LAYOUT : VIVA PRINT, Perambra

Printing

VIVA PRINT, PERAMBRA

Phone: 0493 -251022

## പേജുകളിലൂടെ...............


1. ആമുഖം
2. പഞ്ചായത്ത് - പൊതുവിവരം
3. സാമൂഹിക - സാംസ്കാരിക - കുടിയേറ്റ ചരിത്രം
4. ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി
5. വികസനമേഖലകൾ

 5-1 കൃഷിയും ജലസേചനവും
 5-2 മൃഗസംരക്ഷണവും - മത്സ്യബന്ധനവും
 5-3 വിദ്യാഭ്യാസം
 5-4 കുടിവെള്ളവും - പൊതുജനാരോഗ്യവും
 5-5 വ്യവസായം
 5-6 ഗതാഗതം - ഊർജ്ജം - മാർക്കറ്റ്
 5-7 പാർപ്പിടവും - സാമൂഹ്യക്ഷേമവും
 5-8 സംസ്കാരം
 5-9 വനിതാക്ഷേമം
 5-10 സഹകരണ മേഖല
 5-11 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
 5-12 വിഭവസമാഹരണം
 5-13 ടൂറിസം

6 ഉപസംഹാരം

# ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി





സി. എം ഗോവിന്ദൻ (പ്രസിഡണ്ട്)



ശ്രീമതി. ഏലിക്കുട്ടി വർഗ്ഗീസ്
(വൈസ് പ്രസിഡണ്ട്)



വർഗ്ഗീസ് ചെറിയാൻ മുക്കള്ളിൽ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



ആവള ഹമീദ്



പി. പി ഗോപാലൻ



ടി.കെ കുഞ്ഞിമാത



ബേബി കാപ്പു കാട്ടിൽ



ജെസി തോമസ്



പൗളിൻ ജോണി



സി.പി ദേവസിക്കുട്ടി മാസ്റ്റർ



ആർ നാരായണി (സെക്രട്ടറി)

# 1

# ആമുഖം

## ജനകീയാസൂത്രണ പ്രസ്ഥാനം എന്ത്? എന്തിന്?

1997 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്ന ഇന്ത്യയുടെ ഒമ്പതാം പഞ്ചവത്സര പദ്ധതി കേരളത്തിൽ ജനപങ്കാളിത്തത്തോടു കൂടി നടപ്പാക്കാനാണ് സംസ്ഥാന ഗവർമെന്റും ആസൂത്രണ ബോർഡും തീരുമാനിച്ചിരിക്കുന്നത്. ഒമ്പതാം പദ്ധതിയുടെ അടങ്കലിന്റെ 35 40% തുകക്ക് വരുന്ന വികസന പദ്ധതികൾ താഴെത്തട്ടിൽ നിന്നു തന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അധികാരവികേന്ദ്രീകരണത്തിന്റെയും പഞ്ചായത്ത് രാജ് നിയമത്തിന്റെയും പശ്ചാത്തലത്തിൽ ജനകീയാസൂത്രണത്തിന് മഹത്തായ സ്ഥാനമുണ്ട്. വികസന പ്രക്രിയയിൽ ഗ്രാമീണ ജനതക്ക് നേരിട്ട് പങ്കാളികളാവാനും അതുവഴി ദ്രുതഗതിയിലുള്ളതും സമതുലിതമായതും സ്ഥായിയുമായ ഒരു പുത്തൻ വികസന സംസ്കാരം രൂപപ്പെടുത്തി എടുക്കാനും കഴിയും. പദ്ധതി നിർദ്ദേശത്തിൽ മാത്രമല്ല അതിന്റെ നടത്തിപ്പിലും ഗ്രാമീണ ജനതക്ക് പങ്കാളിത്തവും മേൽനോട്ടവും കൈവരുന്നു. ജനങ്ങൾ അവർക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കുമ്പോൾ ജനകീയാഭിലാഷങ്ങൾ സാക്ഷാത്കരിക്കപ്പെടുകയും പ്രവർത്തികളുടെ നടത്തിപ്പിൽ ഉണർവ്വും ആവേശവും കൈവരിക്കുകയും ചെയ്യും എന്നത് നിസ്തർക്കമാണ്.


1996 ആഗസ്റ്റ് 17ന് സായാഹ്നത്തിൽ തിരുവനന്തപുരത്തു വെച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്, സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ പുരോഗതിയുടെ നാഴികക്കല്ലായ ഒരു സുപ്രധാന പ്രവർത്തനത്തിന് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്, തുടക്കം കുറിച്ചു. രാഷ്ട്ര പിതാവിന്റെ സ്വപ്നത്തിന് പ്രവർത്തന രൂപം നൽകുന്ന ഈ മഹത്തായ പ്രക്രിയയിലൂടെ കേരളം ഇന്ത്യയ്ക്ക് തന്നെ മാതൃകയാവുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും അണിനിരത്തി കേരള ഗവൺമെന്റും, ആസൂത്രണ ബോർഡും രൂപം കൊടുത്ത ജനകീയാസൂത്രണപ്രസ്ഥാനം വികേന്ദ്രീകരണാസൂത്രണത്തെ യാഥാർത്ഥ്യമാക്കുന്നു. ഒൻപതാം പദ്ധതിയുടെ നിർദ്ദേശങ്ങൾ രൂപീകൃതമാവുന്ന വിശേഷാൽ ഗ്രാമസഭകൾ ഈ പഞ്ചായത്തിൽ എല്ലാ വാർഡിലും വിജയകരമായി നടന്നിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും ബഹുജന സന്നദ്ധ സംഘടനകളും വിശേഷാൽ ഗ്രാമസഭ വിജയിപ്പിക്കുന്നതിനു സ്തുത്യർഹമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ചക്കിട്ടപാറ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു നേതൃത്വം നൽകാൻ അഞ്ചു ജില്ലാതല പരിശീലകർ, പരിശീലന കേമ്പുകളിൽ സംബന്ധിക്കുക

യും, പഞ്ചായത്ത് തലത്തിൽ 72 പ്രവർത്തകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ 1-ാം ഘട്ട പരിശീലനം 10-9-96നും, 2-ാം ഘട്ട പരിശീലനം 29-10-96നും ആയിരുന്നു നടന്നത്. പഞ്ചായത്ത് ഭരണ സമിതിയുടേയും, ജില്ലാപഞ്ചായത്ത് തല പരിശീലകരും ജനകീയാസൂത്രണത്തെപ്പറ്റി വിപുലമായ പ്രചാരണവും ബോധവൽക്കരണവും നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ 10 വാർഡുകളിലും ഗ്രാമസഭ ചേരുകയും ആകെ 2102 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

## ഗ്രാമസഭകളുടെ വിവരം

| വാർഡ് | തിയ്യതി | സ്ഥലം | പങ്കെടുത്തവർ | | |
|---|---|---|---|---|---|
| | | | സ്ത്രീ | പുരുഷൻ | ആകെ |
| 1 | 14.9.96 | അംഗൻവാടി | 43 | 134 | 177 |
| 2 | 15.9.96 | ചെമ്പനോട H.S | 16 | 117 | 133 |
| 3 | 29.9.96 | ICUPS പൂഴിത്തോട് | 42 | 301 | 343 |
| 4 | 22.9.96 | G.L.P. കൂട്ടുകൃഷിഫാം | 54 | 257 | 311 |
| 5 | 22.9.96 | ഹോമിയോ ഡിസ്പെൻസറി | 52 | 120 | 172 |
| 6 | 15.9.96 | St. ആന്റണീസ് L.P.S | 18 | 173 | 191 |
| 7 | 14.9.96 | G.L.P.S | 40 | 128 | 168 |
| 8 | 21.9.96 | S.G.H.S.K. | 14 | 131 | 145 |
| 9 | 21.9.96 | പുഷ്പ എൽ.പി നരിനട | 36 | 158 | 194 |
| 10 | 29.9.96 | ഫാത്തിമ U.P.S. | 49 | 219 | 268 |
| ആകെ | - - | - - | 364 | 1738 | 2102 |


നാടിന്റെ വികസന പ്രശ്നങ്ങൾ ആഴത്തിൽ ചർച്ചചെയ്യുകയും സാധ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.



# 2

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : ചക്കിട്ടപാറ, ചെമ്പനോട, പേരാമ്പ്ര (ഭാഗികം) |
| ബ്ലോക്ക് പഞ്ചായത്ത് | : പേരാമ്പ്ര |
| താലൂക്ക് | : കൊയിലാണ്ടി |
| ജില്ല | : കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : പേരാമ്പ്ര |
| പാർലമെന്റ് മണ്ഡലം | : വടകര |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : ചെമ്പനോട, ചക്കിട്ടപാറ |
| ഗ്രെയിഡ് | : ഫസ്റ്റ് ഗ്രെയിഡ് |
| വിസ്ത്രീർണ്ണം | : 142.45 ച.കി.മീ. |
| അതിരുകൾ | : വടക്ക് : മരുതോങ്കര, ചങ്ങരോത്ത് പഞ്ചായത്തുകൾ<br>തെക്ക് : കായണ്ണ, കൂരാച്ചുണ്ട് പഞ്ചായത്തുകൾ<br>കിഴക്ക് : വയനാട് ജില്ല<br>പടിഞ്ഞാറ്: ചങ്ങരോത്ത്, കൂത്താളി പഞ്ചായത്തുകൾ |
| ജനസംഖ്യ | : 20,360 (1991) |
| വാർഡുകൾ | : 10 (പത്ത്) |
| പ്രസിഡണ്ടിന്റെ പേര് | : ശ്രീ. സി. എം. ഗോവിന്ദൻ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : ശ്രീമതി ഏലിക്കുട്ടി വർഗീസ് |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ | : ശ്രീ. വർഗ്ഗീസ് ചെറിയാൻ, മുക്കള്ളിൽ |



# 3

# സാമൂഹ്യ – സാസ്കാരിക കുടിയേറ്റചരിത്രം

മലയോര കർഷക് ഗ്രാമാണ് ചക്കിട്ടപാറ. ഏതാണ്ട് 55 വർഷങ്ങൾക്ക് മുൻപ് കൊടും കാടായിരുന്ന കാട്ടാനയും കാട്ടു പന്നിയും സൈ്വര്യ വിഹാരം നടത്തിയിരുന്ന ഈ പ്രദേശം കുടിയേറ്റ കർഷകരുടെ അദ്ധ്വാന ഫലമായി കനകം വിളയുന്ന ഭൂമിയായി മാറി.

വർഷങ്ങൾക്ക് മുൻപ് തെരുവപുല്ല് കൃഷിനടത്തി, അത് വാറ്റാനുള്ള ചെമ്പ് സ്ഥാപിച്ചത് ഒരു പാറയിലായിരുന്നു. ആദിമ നിവാസികളായ കുറുമർ ചെമ്പ് കണ്ട് ചക്കാണെന്ന് തെറ്റിദ്ധരിച്ച് അവർ ആ പാറയെ 'ചക്ക് ഇട്ട പാറ' എന്നു വിളിച്ചു എന്നാണ് ഐതിഹ്യം. ഇതാണ് ചക്കിട്ടപാറ ഗ്രാമം.

പഴയ കറുമ്പ്രനാട് താലൂക്കിൽ 1954ൽ എരവട്ടൂർ, പേരാമ്പ്ര, എന്നീ പഞ്ചായത്തുകൾ രൂപീകരിക്കപ്പെടുകയും പേരാമ്പ്ര പഞ്ചായത്തിന്റെ ആസ്ഥാനമായി ചക്കിട്ടപാറ തീരുമാനിക്കപ്പെടുകയും ചെയ്തു. പ്രസ്തുത പഞ്ചായത്ത് മെമ്പർമാരരായി ഞെഴുകങ്ങാട്ടിൽ ചാക്കോ, തടത്തിൽ അബ്രാഹം, വാലുവണ്ണേൽ അബ്രഹാം, വിഷഹാരി കുഞ്ഞികൃഷ്ണൻ നായർ തുടങ്ങിയവർ 'കൈപൊക്കി' വോട്ടിലൂടെ തെരഞ്ഞെടുക്കപ്പെടുകയും ഞെഴുകങ്ങാട്ടിൽ ചാക്കോയെ പ്രസിഡന്റായും തെരഞ്ഞെടുത്തു. 1963 ഓടുകൂടി എരവട്ടൂർ പഞ്ചായത്തിന്റെ പേർ പേരാമ്പ്ര എന്നും ഇന്ന് ചക്കിട്ടപാറ അടക്കമുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അന്നത്തെ പേരാമ്പ്ര പഞ്ചായത്തിന്റെ പേർ കൂത്താളി എന്ന് ആവുകയും ചെയ്തു. പ്രസ്തുത കൂത്താളി പഞ്ചായത്തിന്റെ ആസ്ഥാനം ചക്കിട്ടപാറയോ കൂത്താളിയോ എന്ന തർക്കം ഉൽഭവിക്കുകയും കുറെക്കാലം പഞ്ചായത്ത് ആസ്ഥാനം ചക്കിട്ടപാറയിലും കൂത്താളിയിലും പ്രവർത്തിച്ചു. കുറച്ചു കാലം പിള്ളപ്പെരുവെണ്ണയിലും പ്രവർത്തിച്ചിരുന്നു. 1963ൽ നടന്ന ബാലറ്റ് വോട്ടെടുപ്പിൽ കെ.ടി. ദേവസ്യ, ഒള്ളോമന വർഗ്ഗീസ്, മൂലയിൽ ജോർജ്, പി. വി. കുഞ്ഞിരാമൻ നമ്പ്യാർ, പി. എം. നാരായണമാരാർ, എന്നിവർ മെമ്പർമാരായും പി. വി. കുഞ്ഞിരാമൻ നമ്പ്യാർ പ്രസിഡന്റും പി.എം നാരായണൻ മാരാർ വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ചു. പഞ്ചായത്തിന്റെ ആസ്ഥാനത്തെക്കുറിച്ച് നിലനിന്ന തർക്കങ്ങൾക്ക് വിരാമം ഇട്ടുകൊണ്ട് 24–10–1971 ന് കൂത്താളി പഞ്ചായത്തിലെ കിഴക്കൻ മലയോരപ്രദേശങ്ങളെ ഉൾപ്പെടുത്തി ചക്കിട്ടപാറ പഞ്ചായത്ത് രൂപീകരിക്കുകയും ചെയ്തു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസറുടെ 8.11. 1971....B2/9235/70 ാം നമ്പർ ഉത്തരവിൻ പ്രകാരം 1971 നവം:23ാം തീയതി സായാഹ്നത്തിൽ പേരാമ്പ്ര B.D.O യുടെ സാന്നിധ്യത്തിൽ ചക്കിട്ടപാറ പഞ്ചായത്തിന്റെ പ്രഥമ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. സർവ്വശ്രീ കെ. ടി. ദേവസ്യ പ്രസിഡണ്ടും, ഓള്ളോമന വർഗ്ഗീസ് വൈസ്പ്രസിഡന്റും, എം.വി ജോർജ്ജ് മെമ്പറുമായുള്ള മൂന്നംഗ ഭരണ സമിതിയാണ് ഭരണം നടത്തിയിരുന്നത്.

ശ്രീ. എം. കെ. ജോസഫ് മുളക് കൊടിയ നാനിക്കൽ, ശ്രീ. കെ. ടി. വർക്കി എന്നിവർ സംഭാവന ചെയ്ത 15 സെന്റെ സ്ഥലത്താണ് ഇന്നത്തെ പഞ്ചായത്ത്

കെട്ടിടം സ്ഥിതി ചെയ്യുന്നത്. 5.10.73 ന് ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. കെ. ജി. അടിയോടി പഞ്ചായത്ത് കെട്ടിടത്തിന് തറക്കല്ലിട്ടു. 1975 ജൂലായിൽ റവന്യൂ മന്ത്രി ആയിരുന്ന ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ, ശ്രീ.കെ. ജി. അടിയോടിയുടെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. അവുക്കാദർ കുട്ടി നഹ ഉദ്ഘാടനം നിർവ്വഹിച്ചു.

പിറവിയെടുക്കുമ്പോൾ പേരാമ്പ്ര വില്ലേജിലെ കുറച്ചു ഭാഗവും പിള്ളപ്പെരുവണ്ണ വില്ലേജുമായിരുന്നു പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നത്. ഇപ്പോൾ ചെമ്പനോട, ചക്കിട്ടപാറ, പേരാമ്പ്ര (ഭാഗികം) എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്.

ചക്കിട്ടപാറ ഗ്രാമത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വളർച്ചയെക്കുറിച്ച് സ്മരിക്കുമ്പോൾ കുടിയേറ്റ ചരിത്രവും കൂട്ടുകുടുംബ വ്യവസ്ഥിതിയും ജന്മി കുടിയാൻ കാലഘട്ടവും മുഖ്യഘടകമാണ്. 1942 കളിൽ തിരുവതാം കൂറിൽ നിന്നും കുടിയേറി പാർത്ത അദ്ധ്വാനശീലരായ കർഷകരാണ് ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. 1942ൽ തുടങ്ങി 1970കളുടെ തുടക്കത്തിൽ അവസാനിച്ച മലബാർ കുടിയേറ്റ ചരിത്രത്തിന് നമ്മുടെ പഞ്ചായത്തിലും അതി പ്രധാനമായ ഒരു സ്ഥാനമുണ്ട്. കുടിയേറ്റ കർഷകർ വനഭൂമി വെട്ടി തെളിച്ച് കാർഷികോത്പാദനം തുടങ്ങി. റബ്ബറും, തെങ്ങും, മരച്ചീനിയും ഈ വനഭൂമിയിൽ കനകം കൊയ്തു. കാട്ടുമൃഗങ്ങളോടും പകർച്ച വ്യാധിയോടും, വിഷപാമ്പുകളോടും പോരാടി പ്രതികൂല സാഹചര്യത്തിൽ പോലും അടി പതറാതെ കർമ്മ ഭൂമിയിൽ ഉറച്ചു നിന്ന് ഉയർത്തികൊണ്ടു വന്ന കാർഷിക സംസ്കാരം നമുക്കുണ്ട്. സഹനതയുടെ ഒരുപാട് കഥപറയുവാനുള്ള ആ കാലഘട്ടം കുടിയേറ്റ സംസ്കാരത്തിന്റേതാണ്. കുടിയേറി പാർത്ത ക്രിസ്ത്യൻ മത വിശ്വാസികളുടെ ചിരകാലാഭിലാഷമായി സെന്റ ജോർജ്ജ് ദേവാലയം കുളത്തുവയലിൽ സ്ഥാപിതമായി.

കാടു വെട്ടതെളിച്ചപ്പോൾ കാണപ്പെട്ട വലിയ കുളവും,എണ്ണമറ്റ കിണറുകളും, പുരാതന ക്ഷേത്രാവശിഷ്ടങ്ങളും ഈ പ്രദേശത്തിന് കുടിയേറ്റത്തിനു മുൻപും മൺമറഞ്ഞു കിടക്കുന്ന ഒരു ചരിത്രമുണ്ടെന്നതിന്റെ സൂചനകളാണ്. അവിഞ്ഞാട്ട് മൂത്തവർ വകസ്ഥലങ്ങളും, കൂത്താളി മൂപ്പിൽ വക സ്ഥലങ്ങളും; എം. പി. മൊയ്തു, പെരിങ്ങാടി മൊയ്തു വക സ്ഥലങ്ങളും, ഓടചാർത്തും, വാക്കാൽ ചാർത്തുമായി കുടിയേറ്റകാർക്കും, കുടിയാൻമാർക്കും കിട്ടിതുടങ്ങി.

ഐതിഹാസികമായ നിരവധി അവകാശ സമരങ്ങളുടെ തീച്ചൂളയിൽ വെന്തുരുകി പാകപ്പെട്ട് വന്നതാണ് ഇന്നത്തെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥ. മലബാറിലെ കാർഷിക സമരങ്ങളിൽ പ്രധാനപ്പെട്ട കൂത്താളി സമരം നടന്നത് ചക്കിട്ടപാറ പഞ്ചായത്തിലാണ്. കൂത്താളി നായർക്ക് അനന്തരാവകാശികൾ ഇല്ലാതെ വന്നപ്പോൾ, നിയമം വഴി ഗവൺമെന്റിൽ ലയിച്ച വൻ ഭൂമി കർഷകർക്കു പതിച്ചു നല്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 1946-47 കാലഘട്ടത്തിൽത കർഷകർ നടത്തിയ സമരം ഒരു കാലഘട്ടത്തിന്റെ ഇതിഹാസമായിരുന്നു. അഖിലേന്ത്യ ശ്രദ്ധ പിടിച്ചു പറ്റിയ ഈ സമരത്തിന് A. K. G, ഏ. വി. കുഞ്ഞമ്പു എന്നിവരുടെ ശക്തമായ പിന്തുണ ഉണ്ടായിരുന്നു. 1952ൽ മുതുകാട് കർഷകരെ മുഴുവൻ കുടിയിറക്കിയതിനെതിരെ നടന്ന ശക്തമായ സമരവും കൂത്താളി കൂട്ടുകൃഷിഫാമിന് ബീജാവാപം നല്കിയ 'കൃഷിഭൂമി കർഷകർക്ക്' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടുള്ള കൂത്താളിതരിശുഭൂമി സമരവും ഈ പഞ്ചായത്തിലാണ് നടന്നത്.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോൺഗ്രസ് നടത്തിയ പല സമരങ്ങളുടേയും പ്രചരണാർത്ഥം സി.കെ ഗോവിന്ദൻ നായർ, കെ. ടി. കുഞ്ഞിരാമൻ നായർ എന്നിവർ ഇവിടെ വരികയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഖാദിപ്രസ്ഥാനത്തിന്റെയും, ഭൂ ദാന പ്രസ്ഥാനത്തിന്റെയും സാന്നിധ്യം ഇവിടെ ഉണ്ടായിട്ടുണ്ട്.

1944ൽ ചക്കിട്ടപാറയിലാണ് ഈ പഞ്ചായത്തിലെ ആദ്യ വിദ്യാലയം സ്ഥാപിതമായത്. കുടിയേറ്റ കർഷകരുടെ ശ്രമഫലമായാണ് പഞ്ചായത്തിലെ മിക്ക റോഡുകളും പാലങ്ങളും സ്ഥാപിതമായത്. ചക്കിട്ടപാറ, ചെമ്പനോട എന്നിവടങ്ങളിൽ നിന്നും പേരാമ്പ്ര, കുറ്റ്യാടി എന്നീ സ്ഥലങ്ങളിൽ ചെന്നാണ് ജനങ്ങൾ സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്തത്. കുറ്റ്യാടി പദ്ധതിയുടെ ആഗമനം കർഷകർക്ക് ഏറെ ആശ്വാസകരമായെങ്കിലും താൻ താലോലിച്ച് വളർത്തിയ ഭൂവിഭാഗങ്ങൾ കൈവിട്ട് കർഷകർക്ക് പല മേഖലകളിലേക്കും ചേക്കേറേണ്ടി വന്നു. ആയിരകണക്കിന് ഏക്കർ കൃഷി ഭൂമി പദ്ധതിയുടെ ഉപയോഗത്തിന് വിട്ടുകൊടുത്തുകൊണ്ടുള്ള അന്നത്തെ കർഷകരുടെ വിശാലമനസ്കതയ്ക്കുമുമ്പിൽ കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. പക്ഷേ, ഇത് ഈ പഞ്ചായത്തിന്റെ കാർഷിക സാമ്പത്തിക പുരോഗതിക്ക് മങ്ങലേല്പ്പിക്കുകയും ചെയ്തു.

27-9-1979ൽ അധികാരമേറ്റ പഞ്ചായത്തിലെ രണ്ടാമത്തെ ഭരണ സമിതിയുടെ പ്രസിഡണ്ട് ശ്രീ. കെ.

റ്റി. ദേവസ്യയും വൈസ് പ്രസിഡണ്ട് ശ്രീ. ആർ. രവീന്ദ്രനും ആയിരുന്നു. മെമ്പർമാരായി സർവ്വ ശ്രീ.സി. ജെ. സെബാസ്റ്റ്യൻ, ജോസഫ് പള്ളുരുത്തി,സി. ജെ. ജോൺ, മറിയാമ്മ ജോർജ്ജ്,പി. വി. രാഘവൻ, കെ. എം. ജോസഫ് കെ. പി. കുഞ്ഞൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.


1–2–1988ൽ അധികാരം എറ്റെടുത്ത പഞ്ചായത്തിലെ മൂന്നാമത്തെ ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. പി. ജെ തോമസ്സ് മാസ്റ്ററും വൈസ് പ്രസിഡണ്ട് ശ്രീ. സി. എം. ഗോവിന്ദനും ആയിരുന്നു. മെമ്പർമാരായി സർവ്വശ്രീ അഗസ്റ്റിൻ മലയാറ്റൂർ,അഗസ്റ്റിൻ തോമസ്സ്,കുഞ്ഞിമാത ടി.കെ, ആർ. രവീന്ദ്രൻ, ജോസ് മാളിയേക്കൽ, സി. ജെ. ജോൺ,തങ്കമ്മ ജോസഫ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട പലസ്ഥാപനങ്ങളും, ഈ പഞ്ചായത്തിലാണ്. ജില്ലാകൃഷിഫാം, കേന്ദ്രസുഗന്ധ വിളഗവേഷണതോട്ടം, പ്ലാന്റേഷൻ കോർപ്പറേഷൻ, കുറ്റ്യാടി പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാം, റബ്ബർ ബോർഡ് നഴ്സറി,ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് തുടങ്ങിയവ.

പഴയ പ്രശ്നങ്ങൾ പലതും നാം തരണം ചെയ്തു. ജനജീവിതവുമായി ബന്ധപ്പെട്ട് പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുക സ്വാഭാവികമാണല്ലോ. ഇവയും നമുക്ക് പരിഹരിച്ച് മുന്നോട്ട് പോകാം. ചക്കിട്ടപാറ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ നമുക്ക് ഇങ്ങനെ ക്രോഡീകരിക്കാം.

1. കാർഷിക മേഖലയുടെ ശോചനീയാവസ്ഥ
2. രൂക്ഷമായ തൊഴിലില്ലായ്മ
3. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ക്ഷേമപ്രവർത്തനത്തിന്റെ നിലവാരമില്ലായ്മ
4. കുടിവെള്ളക്ഷാമം
5. സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുവാനുള്ള സ്ത്രീകളുടെ വൈമുഖ്യം.

"സ്വാതന്ത്ര്യം വർദ്ധിക്കുന്തോറും വിനയവും അച്ചടക്കവും വർദ്ധിക്കണം. വിനയത്തിൽ നിന്നും അച്ചടക്കത്തിൽ നിന്നും ഉണ്ടാകുന്ന സ്വാതന്ത്ര്യത്തിനു മാഹാത്മ്യം കൂടും"



# 4

# ഭൂപ്രകൃതി ജലപ്രകൃതി, ജനപ്രകൃതി

## ഭൂപ്രകൃതി:

കോഴിക്കോട് ജില്ലയിൽ വിസ്തീർണ്ണത്തിൽ ഒന്നാം സ്ഥാനത്ത് സ്ഥിതിചെയ്യുന്നു. സമുദ്ര നിരപ്പിൽ നിന്ന് 47 മീറ്റർ ഉയരത്തിൽ നിലകൊള്ളുന്നു. വടക്കു,കിഴക്കു ഭാഗത്തു സ്ഥിതിചെയ്യുന്ന കരിങ്കണ്ണി, താളിപ്പാറ, മുതുകാട്, പേരാമ്പ്ര എസ്റ്റേറ്റ് എന്നീ സ്ഥലങ്ങളിൽ നിന്നും ക്രമേണ ഉയരം കുറഞ്ഞ് തെക്ക് പടിഞ്ഞാറോട്ട് ചരിഞ്ഞാണ് പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പ്. കേരള ഭൂപ്രകൃതി മലനാട് എന്നറിയപ്പെടുന്ന ഇവിടെ ധാരാളം കുന്നുകളും മലകളും നിറഞ്ഞതാണ്. 500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പയ്യാനി കോട്ടമലയാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ഭൂപ്രകൃതി അനുസരിച്ച് മൂന്ന് മേഖലകളാക്കി പഞ്ചയത്തിനെ വിഭജിക്കാം.

(I)

| | | |
|---|---|---|
| 1 | ചരിവ് പ്രദേശങ്ങൾ | 75% |
| 2 | നിരന്ന പ്രദേശങ്ങൾ | 17% |
| 3 | വനമേഖല | 8% |

ഭൂ വിസ്തൃതിയിൽ 75% വരുന്ന ചരിവ് പ്രദേശത്ത് റബർ, തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, എന്നിവ കൃഷി ചെയ്യുന്നു. Northern Mid-Land എന്ന കാർഷിക കാലാവസ്ഥ മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാണിത്.

ഭൂവിസ്തൃതിയിൽ 17% വരുന്ന നിരന്ന പ്രദേശത്ത് തെങ്ങ് സമൃദ്ധമായി വളരുന്നു. ഇടവിളകളായി കവുങ്ങ്, വാഴ, മരച്ചീനി, മഞ്ഞൾ തുടങ്ങിയവയും കൃഷിചെയ്യുന്നു. നാമമാത്രമായ വയൽ ഈ മേഖലയിലാണ്. എല്ലാവാർഡുകളിലും നിരന്ന പ്രദേശങ്ങൾ ഉണ്ട്.

പെരുവണ്ണാമൂഴി ഫോറസ്റ്റ് റെയിഞ്ചിൽ പെടുന്ന 2611 ഏക്കർ വനം ഇവിടെയാണ്. 4, 5, 3, 1 വാർഡുകളിൽ വ്യാപിച്ചു കിടക്കുന്ന ഈ നിക്ഷിപ്തവനമേഖലയിൽ വൻ വൃക്ഷങ്ങൾ ഇടതൂർന്ന് വളരുന്നു. പ്രാദേശിക കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഈ വനഭൂമിയിൽ നിന്നും വന വിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്ന ആദിവാസി ജനവിഭാഗം ഇവിടെ ഉണ്ട്. ഇവരിൽ കുറെ പേർ വനത്തിനുള്ളിൽ തന്നെ യാണ് താമസം. മാൻ, കാട്ടുപോത്ത്, കാട്ടുപന്നി, മുള്ളൻ പന്നി, ആന എന്നീ വന്യമൃഗങ്ങളും നിരവധി പക്ഷികളും അപൂർവ്വ ഇനം സസ്യങ്ങളും ഉൾപ്പെടെ നല്ലൊരു ജൈവ സമ്പത്ത് ഇവിടെയുണ്ട്. ചക്കിട്ടപാറ പഞ്ചായത്തിലെ 4-ാം വാർഡിലും കക്കയം മുതൽ വയനാട് അതിർത്തിവരെയും വ്യാപിച്ചുകിടക്കുന്ന 400 ഏക്കർ വനം മുറിച്ച് നീക്കാനുള്ള സ്വകാര്യ വ്യക്തികളുടെ നീക്കത്തെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. അപൂർവ്വ ഔഷധസസ്യങ്ങളുടെയും നിരവധി വന്യമൃഗങ്ങളും വനവിഭവങ്ങളുടെ അതുല്യമായ ശേഖരവുമുള്ള ഈ വനമേഖല സംരക്ഷിക്കേണ്ടതുണ്ട്. ഈ വനത്തിലൂടെ ഒഴുകിയെത്തുന്ന ഓനിപ്പുഴയിലാണ് നിർദ്ദിഷ്ട ഓനിപ്പുഴ പദ്ധതി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഓനിപ്പുഴ പദ്ധതിയുടെ നിർമ്മാണം നടക്കണമെങ്കിൽ, പ്രാദേശിക കാലാവസ്ഥയെ നിയന്ത്രിക്കുന്ന വനമേഖലയെ സംരക്ഷിക്കാൻ, ജനകീയ ഇടപെടലുകൾ അനിവാര്യമാണ്.

## (ii) മൺ തരങ്ങൾ:

പഞ്ചായത്തിൽ കറുത്തമണ്ണാണ് ഭൂരിഭാഗവും കാണുന്നത്. ചെമ്മണ്ണ്, ചരൽമണ്ണ്, ഇവരണ്ടും ഇടകലർന്ന മണ്ണ്, എന്നിവയും ഇവിടെ കണ്ടു വരുന്നു. ധാരാളം

മഴലഭിക്കുന്ന ഇവിടങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്.ഇരുവശങ്ങളിലേക്കും ചരിഞ്ഞു നില്ക്കുന്ന ഭൂപ്രദേശമായതു കൊണ്ട് വളക്കൂറുള്ള മണ്ണുകളെല്ലാം ശക്തിയായ മഴയിൽ കുത്തിയൊലിച്ചു പോകുന്നു. ഉപരിതലത്തിലെ നേരിയ മൺപാളികൾ കഴിഞ്ഞാൽ ചിലപ്രദേശത്ത് പാറയുള്ളതുകൊണ്ട് വിളകളുടെ ഉത്പാദനക്ഷമതയെ കാര്യമായി ബാധിക്കുന്നു.

## (iii) ജലലഭ്യത:

മഴയെ ആശ്രയിച്ചുള്ള കാർഷിക രീതിയാണ് ഇവിടെയുള്ളത്. ശരാശരി 3900 മില്ലീമീറ്റർ മഴലഭിക്കുന്നുണ്ട്. വർഷപാതത്തിന്റെ കണക്ക് പരിശോധിച്ചാൽ ജൂൺ, ജൂലായ്, മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കുറവ്, ജനുവരി, ഫെബ്രുവരി മാസങ്ങളിലും മഴവെള്ളം കെട്ടിനില്ക്കാത്ത ഒരു ഭൂപ്രകൃതിയാണ് ഇവിടെയുള്ളത്. പഞ്ചായത്തിൽ കൂടെ ഒഴുകുന്ന പ്രധാന പുഴയായ കുറ്റ്യാടി പുഴ, കടന്തറ പുഴ, ഓനിപ്പുഴ അതിർത്തിയിൽ കൂടെ ഒഴുകുന്ന ചെമ്പ്ര പുഴ,നെടുവാൽ പുഴ, എന്നിവയും, 39 തോടുകളും 49 കുളങ്ങളും അടങ്ങിയതാണ് പഞ്ചായത്തിലെ ഉപരിതല ജല സ്രോതസ്സ്. കുറ്റ്യാടി പദ്ധതിയുടെ പെരുവണ്ണാമൂഴി ജലസംഭരണി ഇവിടെയാണ്. താരതമ്യേന മെച്ചപ്പെട്ട ഭൂഗർഭ ജലസമ്പത്ത് ഇവിടെയുണ്ട്.

## (iv) ജനപ്രകൃതി:

അവലംബം കാനേഷുമാരി കണക്ക് 1991.

1991 ലെ കണക്ക് പ്രകാരം ചക്കിട്ടപാറ പഞ്ചായത്തിലെ ജനസംഖ്യ 20,360ആണ്. ഇതിൽ 10,371 പുരുഷന്മാരും 9,981 സ്ത്രീകളുമാണ്. വിശദമായ കണക്ക് പട്ടിക 1 ൽ കൊടുക്കുന്നു.

പട്ടിക 1

| വാർഡ് നമ്പർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 808 | 792 | 1600 |
| 2 | 875 | 797 | 1672 |
| 3 | 1241 | 1127 | 2368 |
| 4,10 | 1901 | 1683 | 3584 |
| 5 | 816 | 813 | 1629 |
| 6 | 1321 | 1380 | 2701 |
| 7 | 1056 | 1031 | 2087 |
| 8 | 1172 | 1217 | 2389 |
| 9 | 1181 | 1149 | 2330 |
| ആകെ | 10371 | 9,989 | 20,360 |

പഞ്ചായത്തിലെ ജനസാന്ദ്രത 144 ആണ്.

ജില്ല സംസ്ഥാനത്ത് യഥാക്രമം 1118ഉം 749 ഉം ആണ്.

പഞ്ചായത്തിലെ ആകെ വീടുകൾ 4644 ആണ്. ശരാശരി വീടൊന്നിന് 5 അംഗങ്ങൾ ഉണ്ട് എന്ന് കണക്കാക്കപ്പെടുന്നു. പട്ടികജാതി, പട്ടിക വർഗ്ഗത്തിൽ പെട്ടവർ ജനസംഖ്യയുടെ 15.25 % വരും. നിരക്ഷരുടെ എണ്ണം തുച്ഛമാണ്. സാക്ഷരതാ നിരക്ക് 93% ആണ്. മൊത്തം ജനസംഖ്യയുടെ 32.70% ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. അവരിൽ ഭാഗികമായി തൊഴിലുള്ളവരും, മുഖ്യതൊഴിലുള്ളവരും ഉൾപ്പെടുന്നു. തൊഴിൽ പങ്കാളിത്ത നിരക്ക് പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

തൊഴിലെടുക്കുന്നവരുടെ എണ്ണം1991ലെ കണക്ക്

| ഇനം | പുരുഷന്മാർ | സ്ത്രീ | മൊത്തം |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 4687 | 1032 | 5719 |
| ഭാഗിക തൊഴിലുകൾ | 539 | 401 | 940 |
| മൊത്തം | 5226 | 433 | 6659 |

*(അവലംബം . 1991 സെൻസസ്).*



# 5-1

# കൃഷിയും ജലസേചനവും

കാർഷികമേഖലയായ ഈ മലയോര ഗ്രാമത്തിൽ 1942കളിൽ തന്നെ കുടിയേറ്റം ആരംഭിച്ചിരുന്നു. അദ്ധ്വാനശീലരായ കർഷകർ കൊടും കാടും കാട്ടുമൃഗങ്ങളും നിറഞ്ഞ ഈ പ്രദേശത്ത് എത്തി കൃഷി ആരംഭിച്ചു. ജൻമിമാരുടെയും എസ്റ്റേറ്റ് മുലാളിമാരുടെയും അധീനതയിലായിരുന്ന വനഭൂമി വാങ്ങി,കാട്ടാനയോടും കാട്ടുപന്നിയോടും കടുവയോടും, മലയോരങ്ങളിൽ അന്ന് മരണതാണ്ഡവമാടിയിരുന്ന മലമ്പനിയോടും ഏറ്റുമുട്ടി ജീവൻ സംരക്ഷിക്കേണ്ടതായി വന്നു. മരങ്ങളിൽ ഏറുമാടങ്ങൾ നിർമിച്ചു. ഉറ്റവരും ഉടയവരും കൺമുമ്പിൽ മരിച്ചു വീഴുന്നത് കണ്ടും അവരുടെ ശവക്കുഴികൾക്കു മുകളിൽ ചവിട്ടി നിന്നു കൊണ്ട്,പ്രതികൂല സാഹചര്യങ്ങൾക്കെതിരെ പോരടിച്ച് പിടിച്ചു നിന്ന അദ്ധ്വാന ശീലരായ ഒരു തലമുറ അദ്ധ്വാനത്തിന്റെ മഹത്വം കൊണ്ട് ഈ മണ്ണിനെ പൊന്നു വിളയുന്ന കൃഷിഭൂമിയാക്കി മാറ്റുകയും, മണ്ണിന്റെ മണമുള്ള വിയർപ്പിന്റെ ഗന്ധമുള്ള ഒരു കർഷക സംസ്കാരം പടുത്തുയർത്തുകയും ചെയ്തു.

ഇന്ന് കാണുന്ന ആരാധനാലയങ്ങളും റോഡുകളും സ്ക്കൂളുകളും ആതുരാലയങ്ങളും പഴയ തലമുറയുടെ അദ്ധ്വാനത്തിന്റെ ജീവൻ തുടിക്കുന്ന പ്രതീകങ്ങളാണ്. അവരുടെ അർപ്പണ ബോധത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും മുമ്പിൽ തലകുനിച്ചു കൊണ്ട് കോഴിക്കോട് ജില്ലയിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്തായ ചക്കിട്ടപാറ ഒമ്പതാം പദ്ധതിയുടെ ആസൂത്രണത്തിൽ കൃഷിയുടെയും ജലസേചനത്തിന്റെയും മേഖലകളിലേക്ക് കടന്നു ചെല്ലുന്നു.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂവുടമകളും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്. ഭൂമി സംബന്ധിച്ച വിവരങ്ങൾ പട്ടിക ഒന്നിൽ ചേർക്കുന്നു.

| | പട്ടിക 1 | |
|---|---|---|
| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
| 1 | ഒരു ഹെക്ടറിൽ താഴെ | 3755 |
| 2 | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 482 |
| 3 | രണ്ട് ഹെക്ടറിനു മുകളിൽ | 55 |
| | ആകെ | 4292 |

*(അവലംബം വില്ലേജ് രേഖകൾ)*

കുറ്റ്യാടി ജലസേചന പദ്ധതിയുടെ വിശാലമായ ജലസമ്പത്ത്, നിത്യ ഹരിത വനമായ പെരുവണ്ണാമൂഴി റിസർവ്വ് ഫോറസ്റ്റ്, പൊതുമേഖലാസ്ഥാപനവും നിവവധി കടുംബങ്ങളുടെ ആശ്രയവുമായ പേരാമ്പ്ര എസ്റ്റേറ്റ്, ജില്ലാകൃഷിഫാം, കേന്ദ്ര ഗവ: സ്ഥാപനമായ ദേശീയ സുഗന്ധ വിളഗവേഷണ കേന്ദ്രം, കൃഷി ഭവൻ എന്നിവയെല്ലാം കൊണ്ട് അനുഗ്രഹീതമായ ഈ പഞ്ചായത്ത് വികസനത്തിന്റെ മേഖലയിൽ എത്രയോ

വിസ്തൃതി കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിന്റെ വിസ്തൃതി ഒറ്റ നോട്ടത്തിൽ

പട്ടിക 2

| നമ്പർ | മേഖല തിരച്ച് | വിസ്തീർണ്ണം |
|---|---|---|
| 1 | കാർഷിക മേഖല | 23354.7 ഏക്കർ |
| 2 | പ്ലാന്റേഷൻ കോർപ്പറേഷൻ വക പേരാമ്പ്ര എസ്റ്റേറ്റ് | 3866.50 ,, |
| 3 | സുഗന്ധ വിള ഗവേഷണ കേന്ദ്രം | 250.00 ,, |
| 4 | ജില്ലാ കൃഷി ഫാം കൂത്താളി | 100.00 ,, |
| 5 | ഫോറസ്റ്റ് | 2611.00 ,, |
| 6 | കുറ്റ്യാടി ജലസേചന പദ്ധതി വക സ്ഥലം | 3212.40 ,, |
| 7 | റബ്ബർ ബോർഡിന്റെ കീഴിൽ പെരുവണ്ണാമൂഴി റബ്ബർ നഴ്സറി | 7.50 ,, |
| 8 | തരിശു ഭൂമി | 442.00 ,, |
| 9 | പാറ, പുഴ, റോഡ് തുടങ്ങിയ പുറം പോക്ക് | 1621.4 ,, |
| | ആകെ | 35,465.5 ,, |

ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ആദ്യകാലം മുതൽ പുരയിടങ്ങളിൽ നെല്ല്, മരച്ചീനി, ചേമ്പ്, ചേന തുടങ്ങിയ വിളകളും പിന്നീട് തെങ്ങ്, റബ്ബർ, കവുങ്ങ്, കുരുമുളക്, കശുമാവ്, ഇഞ്ചി,മഞ്ഞൾ, കൊക്കോ എന്നിവയും കൃഷിചെയ്യാൻ തുടങ്ങി. വനഭൂമി കൃഷിഭൂമിയായി മാറിയതോടെ കാർഷികോൽപ്പന്നങ്ങളുടെ വൻവർദ്ധനയുണ്ടായി. പഞ്ചായത്തിലെ കാർഷിക രംഗത്ത് നെല്ലിന്റെ ഉൽപാദനം നാമമാത്രമാണ്. കേവലം 12ഹെക്ടറിൽ മാത്രമാണ് നെല്ലുൽപാദനം നടക്കുന്നത്.

നാണ്യവിളകൾക്ക് പ്രാധാന്യമുള്ള ഒരു കാർഷിക ഉൽപാദന സമ്പ്രദായമാണ് ഇവിടെ നിലനിൽക്കുന്നത്. പ്രധാന നാണ്യവിളകളായ തെങ്ങ്, റബ്ബർ, കുരുമുളക്, കവുങ്ങ്, കശുമാവ് എന്നിവ പഞ്ചായത്തിന്റെ എല്ലാഭാഗത്തും കൃഷിചെയ്യുന്നുണ്ട്. മുഖ്യവിളയായ തെങ്ങിന്റെയും കുരുമുളകിന്റെയും ഉൽപാദന ക്ഷമത കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. ജലസേചനത്തിന്റെ അഭാവം, അശാസ്ത്രീയമായ വളപ്രയോഗം, അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെയും തൈകളുടെയും അഭാവം, ധനസഹായത്തിന്റെ കുറവ്, വിളകളെ ബാധിക്കുന്ന വിവിധ രോഗങ്ങൾ, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുക, ഇവയൊക്കെയാണ് ഉൽപാദന ക്ഷമത കുറയുവാനുള്ള കാരണങ്ങളായി കണ്ടുവരുന്നത്.

തെങ്ങുകൃഷിയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 3-ൽ ചേർക്കുന്നു.

പട്ടിക 3

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| തെങ്ങുകൃഷി വിസ്തീർണ്ണം | | | | | രോഗങ്ങൾ | | |
|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | ബഡ്റൂഡ്സ് | ചെന്നീരൊലിപ്പ് | ആകെ |
| 1 | 180 Hect | 8400 | 20400 | 28,800 | 650 | 260 | 910 |
| 2 | 230 ,, | 11040 | 25760 | 36,800 | 1600 | 230 | 1830 |
| 3 | 220 ,, | 10560 | 24,640 | 35,200 | 1800 | 370 | 2170 |
| 4 | 190 ,, | 9120 | 21,280 | 30,400 | 500 | 340 | 840 |
| 5 | 175 ,, | 8400 | 19,600 | 28,000 | 400 | 260 | 660 |
| 6 | 125 ,, | 6000 | 14,000 | 20,000 | 400 | 250 | 650 |
| 7 | 125 ,, | 6000 | 14,000 | 20,000 | 250 | 230 | 480 |
| 8 | 125 ,, | 6000 | 14,000 | 20,000 | 300 | 200 | 500 |
| 9 | 145 ,, | 6960 | 16240 | 23,200 | 400 | 560 | 960 |
| 10 | 105 ,, | 5040 | 11,760 | 16,800 | 300 | 210 | 510 |
| ആകെ | 1620 ,, | 77,520 | 1,81,680. | 2,59,200 | 6,240 | 2,910 | 9,510 |

*(അവലംബം: കൃഷിഭവൻ രേഖകൾ)*

അനുകൂലമായ കാലാവസ്ഥ, ഭൂതലപ്രകൃതി, ശക്തമായ ആഭ്യന്തര വിപണി, എന്നിവയുടെ ഒത്തുചേരൽ മൂലം ഈ പഞ്ചായത്തിൽ നാണ്യവിളയായ റബ്ബറിന്റെ ഉൽപാദനം വളരെ നല്ല രീതിയിൽ നടക്കുന്നു. റബറുൽപാദനത്തിൽ റബർ ബോർഡിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ 3866.5 ഏക്കർ സ്ഥലത്ത് റബ്ബർ കശുമാവ് എന്നിവ കൃഷി ചെയ്യുന്നു. ശാസ്ത്രീയമായ രീതികളിലൂടെ റബറിന്റെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുകയും റബർകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളിൽ കൃഷി തുടങ്ങുകയും വേണം.

റബ്ബർ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയ റബർ കൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 4 ൽ ചേർക്കുന്നു.

പട്ടിക 4

| വർഷം | കൃഷിക്കാർ | റീപ്ലാന്റ് ഹെക്ടർ | പുതുകൃഷി ഹെക്ടർ |
|---|---|---|---|
| 1992 | 50 | 11.57 | 10.60 |
| 1993 | 34 | 8.80 | 9.97 |
| 1994 | 30 | 5.32 | 7.07 |
| 1995 | 20 | 8.42 | 2.76 |
| 1996 | 40 | 10.95 | 14.85 |
| ആകെ | 174 | 45.06 | 45.25 |

*(റബ്ബർ ബോർഡ് പേരാമ്പ്ര ഫീൽഡ് ഓഫീസിൽ നിന്ന്)*

ഇന്ത്യക്ക് വിദേശനാണ്യം നേടിത്തരുന്ന കുരുമുളക് കൃഷി ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഉണ്ടെങ്കിലും നാമമാത്രമാണ് ചെറുകിട കർഷകർ തങ്ങളുടെ മുഖ്യവിളകളുടെ കൂട്ടത്തിൽ ഇടവിളകളായിട്ടാണ് കുരുമുളക് കൃഷി ചെയ്യുന്നത്. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുകയും കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കുകയും ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾ തടയുകയും ചെയ്താൽ ഇന്നുള്ളതിന്റെ എത്രയോ ഇരട്ടി കുരുമുളക് ഉൽപാദിപ്പിക്കാൻ കഴിയും. പഞ്ചായത്തിലെ കാർഷിക വിളകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 5ൽചേർക്കുന്നു.

പട്ടിക 5

കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന്റെ വ്യാപ്തി

(മട്ടർ പ്ലയർ ഉപയോഗിച്ചും പ്രാദേശിക അന്വേഷണം വഴിയും)

ഇ. എ. ആർ. എസ്സ്

1994–95

| No. | ഇനം | ഉൽപാദനമുള്ളത് | ഉൽപാദനമില്ലാത്തത് |
|---|---|---|---|
| 1 | തെങ്ങ് | 181,680 | 77,520 |
| 2 | റബ്ബർ (പേരാമ്പ്ര എസ്റ്റേറ്റ് ഒഴികെ) | 2,75,500 | 49,500 |
| 3 | കമുക് | 2,79,480 | 1,77,435 |
| 4 | കുരുമുളക് | 1,75,780 | 64430 |
| 5 | കശുമാവ് | 13120 | 9540 |
| 6 | കൊക്കൊ | 9660 | |
| 7 | ജാതി | 1780 | |
| 8 | കറുവപ്പട്ട | 150 | |
| 9 | കാപ്പി | 1000 | |
| 10 | ഗ്രാംപു | 350 | |
| 11 | ഏലം | 25 | |
| 12 | കരിമ്പ് | 2290 | |

അരികഴിഞ്ഞാൽ നമ്മുടെ ഭക്ഷ്യാഹാരമായ മരച്ചീനി പഞ്ചായത്തിലെ എല്ലാ വാർഡിലും കൃഷിചെയ്യുന്നുണ്ടെങ്കിലും സ്വയം പര്യാപ്തതയുടെ കാര്യത്തിൽ ഇന്നും പിന്നിലാണ്. വനങ്ങളോടടുത്തുള്ള പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളുടെ ശല്യം മൂലം വിള നശിക്കുന്നു. മറ്റുപ്രദേശങ്ങളിലാവട്ടെ എലിശല്യം രൂക്ഷവും വേണ്ട തരത്തിൽ ശ്രമിച്ചാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്താൻ കഴിയുന്ന ഒരു കൃഷിയാണ് മരച്ചീനി.

മഞ്ഞൾ, ഇഞ്ചി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ പുരയിടങ്ങളിൽ മാത്രമാണ് കൃഷിചെയ്യുന്നത്. ഇടവിളകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6

**വിളകളും ഉത്പാദനവും**

| No. | വിളകൾ | വിസ്തീർണ്ണം | ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|---|
| 1 | പയർ | 8 Hect | 5 ടൺ | 625 k.g. |
| 2 | പച്ചക്കറി | 15 Hect | 50 മെട്രിക് ടൺ | 3333 kg/Hect |
| 3 | വാഴ | 100 Hect | 700 ,, | 7000 kg/Hect |
| 4 | മരച്ചീനി | 90 Hect | 1700 ,, | 18888 kg/Hect |
| 5 | കുരുമുളക് | 750 Hect | 330 ,, | 440 kg/Hect |
| 6 | പ്ലാവ് | 25 Hect | 1875 ,, | 7.5 മെട്രിക് ടൺ/ ,, |
| 7 | കശുമാവ് | 50 Hect | 50 ,, | 1000 kg/Hect |
| 8 | മാവ് | 10 Hect | 44 ,, | 4375 kg/Hect |

*(അവലംബം: കൃഷിഭവൻ രേഖകൾ)*

വൻതകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാർഷിക വിളയാണ് കവുങ്ങ്. മഞ്ഞളിപ്പുരോഗം കാരണം പഞ്ചായത്തിലെ 70% ത്തിലധികം കവുങ്ങുകളും ഇതിനകം തന്നെ നശിച്ചുകഴിഞ്ഞു. പ്രതിവിധി കാണാൻ കഴിയാത്ത ഒരു രോഗമായി ഇന്നും നിലനിൽക്കുന്നു. കൂടാതെ മഹാളിരോഗവും കവുങ്ങിനെ നന്നായി ബാധിക്കുന്നുണ്ട്.

## നെൽകൃഷി:

ആദ്യഘട്ടത്തിൽ വനം വെട്ടിത്തെളിച്ച് തെരുവപ്പുൽകൃഷി, രാമച്ച കൃഷി, നെൽകൃഷി, എന്നിവ കൂടുതൽ നടത്തിയിരുന്നു. ഇതിൽ നെൽ കൃഷിക്കായിരുന്നു കൂടുതൽ പരിചരണവും ശ്രദ്ധയും നൽകിയിരുന്നത്. വീടിനോടു ചേർന്നുള്ള ചെറിയ തൊടികളിൽ പോലും നെൽകൃഷി മഴയെ ആശ്രയിച്ചു നടത്തിയിരുന്നു. കാലക്രമത്തിൽ കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് കുറേ നെൽപ്പാടങ്ങൾ നഷ്ടപ്പെടുവാനിടയായി. പലസവിശേഷതകളോടും കൂടിയ നാടൻ വിത്തിനങ്ങളാണ് അന്നുപയോഗിച്ചിരുന്നത്.

## വിത്തിനങ്ങൾ:

ആര്യൻ,കർത്താര്യൻ, തവളക്കണ്ണൻ, വെള്ളാരൻ, കരക്കൊയ്യാള, വെള്ളക്കൊയ്യാള, കുറുവ, മുണ്ടകൻ എന്നിവയായിരുന്നു പ്രധന നെൽവിത്തുകൾ. ജൈവവളത്തെ മാത്രം ആശ്രയിച്ചായിരുന്നു അന്ന് കൃഷി നടത്തിയിരുന്നത്.

പാടങ്ങളിൽ ഇടവിളയായി എള്ള്, പയറ്, മുതിര, ചാമ, മുത്താറി എന്നിവയും കിഴങ്ങു വർഗ്ഗങ്ങളായ ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ് എന്നിവയും കൃഷി ചെയ്തിരുന്നു. ഇവയെ മാത്രം ആശ്രയിച്ചുള്ള ഭക്ഷണരീതിയായിരുന്നു. ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്.

കർഷകർ വീട് വയ്ക്കുന്നതിനും തെങ്ങുകൃഷി ചെയ്യുന്നതിനും വേണ്ടി വയലുകൾ നികത്താൻ തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉൽപാദനക്രമത്തിൽ മാറ്റം വരാൻ തുടങ്ങി.

1970 ഓടെ ഇടത്തരം കർഷകരും പാടം നികത്തുന്നതിന് തുടക്കം കുറിച്ചു. ഇത് വ്യപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി, നീർക്കെട്ടുകൾ രൂപം കൊള്ളുന്നതിന് കാരണമായി. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞതോടെ അവർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിഞ്ഞു. ഇതോടൊപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടുവാനും ജീവിതവരുമാന മാർഗ്ഗം കൃഷിയിൽ നിന്നും വ്യതിചലിച്ച് മറ്റുമേഖലകളിലേക്ക് മാറുകയും ചെയ്തു. കൂലി നിലവാരം ഉയർന്നുവരുന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞുവന്നു. ഇവയെല്ലാം നെൽവയൽ നികത്തുന്നതിന്റെ ആക്കം വർദ്ധിപ്പിച്ചു.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷകതൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതരതൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷക തൊഴിലാളികളുടെ എണ്ണക്കുറവിനും, വയലുകൾ തെങ്ങുകൃഷിക്കും, ഗൃഹനിർമ്മാണത്തിനും വേണ്ടി നികത്തുക എന്ന പ്രക്രിയയുടെ ഗതിവേഗത്തിനും കാരണമായി.

കാർഷികവൃത്തിയോടു വന്ന സമീപനത്തിന്റെ ഭാഗമായി പറമ്പിൽ കൃഷിചെയ്തിരുന്ന ഇടവിളകളുടെ ഉൽപാദനത്തിലും ഗണ്യമായ കുറവു വരാനിടയായി. പുരയിടങ്ങളിലിപ്പോൾ തെങ്ങൊഴികെയുള്ള മറ്റു കൃഷികളെല്ലാം നാമാവശേഷമായി എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല. മറ്റുകാർഷിക വിളകളുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങിന് കുറഞ്ഞ പരിചരണം പോരാ എന്ന വസ്തുത അവശേഷിക്കുന്നു.

ജനസംഖ്യയിലുണ്ടായ വർദ്ധനവ് കാർഷിക മേഖലയെ തകർക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.കാർഷിക ആവശ്യത്തിനായി ഉപയോഗിച്ചിരുന്ന കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച്ചു പോന്നിരുന്ന സ്ഥിതിക്കു മാറ്റമുണ്ടായി. ഇപ്പോളുള്ളവ തന്നെ മണ്ണിടിഞ്ഞുവീണ് നികന്നു കൊണ്ടിരിക്കുകയാണ്. നെൽകൃഷിയെ

സംബന്ധിച്ച വിവരങ്ങൾ പട്ടിക 7ൽ കൊടുത്തിരിക്കുന്നു.

പട്ടിക 7

| No. | വിള | വിസ്തീർണ്ണം | ഉൽപാദനം | ഉൽപാദന ക്ഷമത |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 12 ഹെക്ടർ | 264 ക്വിന്റൽ | 360 ക്വിന്റൽ |
| 2 | നെല്ല് (രണ്ടാം വിള) | 12 ഹെക്ടർ | 264 ക്വിന്റൽ | 360 ക്വിന്റൽ |
| 3 | നെല്ല് (മൂന്നാം വിള) | -- -- | -- -- | -- -- |

*(അവലംബം കൃഷിഭവൻ.)*

## വളം:

സഹകരണമേഖലയിലുള്ള രണ്ടും സ്വകാര്യ മേഖലയിലുള്ള രണ്ടും ഉൾപ്പെടെ 4 വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. 85% വും രാസവളങ്ങളാണ് കൃഷിക്കുപയോഗിക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തതുകൊണ്ട് കൃഷി ചിലവ് അനാവശ്യമായി വർദ്ധിക്കുന്നു. മാത്രമല്ല മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നതും. ജൈവവളങ്ങൾ കുറഞ്ഞതോതിലേ ഉപയോഗിക്കുന്നുള്ളൂ. ആവശ്യമായ അളവിൽ ജൈവവളം ലഭ്യമല്ലാത്തതാണ് മുഖ്യകാരണം. രാസവളവും കീടനാശിനിയും കൂടതലായി പ്രയോഗിക്കുന്നതുകൊണ്ട് മണ്ണിരയുടെ പ്രവർത്തനം കുറഞ്ഞു വരുന്നു. രാസവള കീടനാശിനി വിപണനത്തിന്റെ വിവരങ്ങൽ പട്ടിക 8ൽ കൊടുത്തിരിക്കുന്നു.

പട്ടിക 8

**രാസവള കീടനാശിനി വിപണനം**

| പേര് | 1993-94 | | | 94-95 | | | 95-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | | കീടനാശിനി | രാസവളം | | കീടനാശിനി | രാസവളം | | കീടനാശിനി |
| | KG | ദ്രവം | ഖരം | KG | ദ്രവം | ഖരം | KG | ദ്രവം | ഖരം |
| സഹകരണം | 138577 | 15-Lr | 1070 Kg | 154094 | 14-Lr | 3-10 Kg | 132736 | 132-Lr | 248 Kg |
| സ്വകാര്യം | 2800 | 10.Lr | 55Kg | 27500 | 2-Lr | 50 Kg | 57250 | 04-Lr | 200 Kg |

## കീടനാശിനികൾ:

നെല്ല്, പച്ചക്കറികൾ, വാഴ, റബ്ബർ തുടങ്ങിയ വിളകൾ ക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗി ക്കുന്നത്. കീടനാശിനികൾ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ചു കാണുന്നില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

## കാർഷികോപകരണങ്ങൾ:

ആധുനിക രീതിയിലുള്ള യന്ത്രോപകരണങ്ങൾ കൃഷിക്കുപയോഗിക്കാൻ തുടങ്ങിയതോടെ നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കാർഷിക ഉപകരണങ്ങളെ സംബന്ധിച്ച വാർഡുതിരിച്ചുള്ള കണക്ക് പട്ടിക 9-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 9

കാർഷികോപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡുകൾ | നാടൻ കലപ്പ | റോക്സ്പ്രെയർ | നാപ്സ്സാക്ക് സ്പ്രെയർ |
|---|---|---|---|
| 1 | 3 | 10 | 8 |
| 2 | 3 | 28 | 18 |
| 3 | 3 | 27 | 14 |
| 4 | 3 | 24 | 12 |
| 5 | 2 | 20 | |
| 6 | 2 | 17 | 11 |
| 7 | 1 | 15 | 10 |
| 8 | 1 | 13 | 12 |
| 9 | 2 | 10 | 11 |
| 10 | 1 | 11 | 10 |
| ആകെ | 23 | 175 | 117 |

*(അവലംബം കൃഷിഭവൻ)*

## കൂലിനിരക്ക്:

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, കൃഷി മാന്യമായ തൊഴിലല്ല എന്നുള്ള യുവാക്കളുടെ

മിഥ്യാധാരണ എന്നിവയാണ് മുഖ്യ കാരണങ്ങൾ. 1181 കർഷകതൊഴിലാളി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 60 രൂപയും സ്ത്രീയ്ക്ക് 50 രൂപയുമാണ്. നിലവിൽ ഒരു ഏകീകൃത കൂലി നിരക്ക് ഇല്ല.

## കാർഷിക വായ്പ:

സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവയാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ബാങ്കുകൾ. ഇതു കൂടാതെ പേരാമ്പ്ര കാർഷിക വികസന ബാങ്ക്, പേരാമ്പ്ര സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കെ.ഡി.സി ബാങ്ക് എന്നിവടങ്ങളിൽ നിന്നും വർഷം തോറും കാർഷിക വായ്പ ലഭിക്കാറുണ്ട്. കൃഷിക്കുവേണ്ടി അനുവദിക്കപ്പെടുന്ന വായ്പകൾ പലപ്പോഴും മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്നതാണ് പൊതുവേ ഉയർന്നുവരുന്ന അഭിപ്രായങ്ങൾ. വായ്പ സംബന്ധിച്ച വിവരങ്ങൾ പട്ടിക 10ൽ കൊടുക്കുന്നു.

പട്ടിക 10

1996–ൽ ബാങ്കുകൾ കൊടുത്ത വായ്പകൾ

| No. | ബാങ്കുകൾ | കാർഷികവായ്പകൾ |
|---|---|---|
| 1. | കൊയിലാണ്ടി കാർഷിക വികസന ബാങ്ക് | 30,00000 ക. |
| 2. | സർവ്വീസ് സഹകരണ ബാങ്ക് ചക്കിട്ടപാറ | 1, 41, 78, 405 ക. |
| 3. | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ചക്കിട്ടപാറ | 10, 15, 000ക. |
| 4. | സൗത്ത് ഇന്ത്യൻ ബാങ്ക് ചെമ്പനോട | 28, 46, 000ക. |
| 5. | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പൂഴിത്തോട് | 52, 37, 000ക. |
| 6. | ഭാരതീയ സ്റ്റേറ്റ് ബാങ്ക് | 300000 ക. |
| | ആകെ | 2, 67, 76, 405 ക. |

## ജലസേചനം:

മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന ഈ പഞ്ചായത്തിൽ 2 ഘട്ടങ്ങിളിലായിട്ടാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്ത് വരെ ലഭിക്കുന്ന കാലവർഷവും സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവുമാണ് കൃഷിക്ക് ആശ്രയം. വർഷത്തിൽ ശരാശരി 3900 മില്ലീമീറ്റർ മഴ ലഭിക്കുന്നു. ജില്ലയിൽ ഏറ്റവുംകൂടുതൽ മഴ ലഭിക്കുന്നത് ചക്കിട്ടപാറ പഞ്ചായത്തിലെ പൂഴിത്തോട്, ചെമ്പനോട, മുതുകാട് എന്നിവടങ്ങളിലാണ്.

പഞ്ചായത്തിലെ വർഷപാതം കാണിക്കുന്ന സൂചനകൾ പട്ടിക 11–ൽ കൊടുത്തിരിക്കുന്നു.

പട്ടിക 11

പഞ്ചായത്ത് പ്രദേശത്തെ വർഷപാതം

| No. | മാസം | 1993 മി.മി | 1994 മി.മി | 1995 മി.മി | 1996 മി.മി |
|---|---|---|---|---|---|
| 1. | ജനുവരി | -- | -- | -- | -- |
| 2. | ഫെബ്രുവരി | -- | -- | -- | -- |
| 3. | മാർച്ച് | 52.9 | -- | 3.2 | -- |
| 4. | ഏപ്രിൽ | 74.1 | 289.9 | 305.47 | 67.6 |
| 5. | മെയ് | 376.7 | 145.6 | 451.06 | 148.8 |
| 6. | ജൂൺ | 865.1 | 1613.8 | 766.7 | 729.0 |
| 7. | ജൂലായ് | 1184.6 | 1218.6 | 1113.4 | 1095.5 |
| 8. | ഓഗസ്റ്റ് | 387.3 | 781.12 | 716.5 | 756.0 |
| 9. | സെപ്റ്റംബർ | 170.5 | 349.68 | 346.2 | 280.1 |
| 10. | ഒക്ടോബർ | 576.8 | 554.00 | 208.8 | 192.4 |
| 11. | നവംബർ | 271.4 | 86.6 | 242.8 | -- |
| 12. | ഡിസംബർ | -- | -- | -- | -- |
| | ആകെ | 3959.4 | 5039.3 | 4154.13 | 3269.4 |

## മണ്ണ്-ജല സംരക്ഷണം:

മുൻകാലങ്ങളിൽ വരമ്പുകളിട്ടും കൊള്ളുകൾ മാടിയും കല്ലുകയ്യാലകൾ തീർത്തും മരങ്ങൾ അതിർത്തികളിൽ വച്ചുപിടിപ്പിച്ചുമാണ് മണ്ണു സംരക്ഷണം നടപ്പാക്കിയിരുന്നത്. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനവും ഭൂമിയുടെ തുണ്ടുവത്കരണവും കാർഷിക വൃത്തിയോടുള്ള വിമുഖതയും മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. മണ്ണ് സംരക്ഷവുമായി ബന്ധപ്പെട്ട വിവരങ്ങൾ പട്ടിക 12ൽ കൊടുത്തിരിക്കുന്നു.

പട്ടിക 12

### മണ്ണു സംരക്ഷണം

| SL. No. | പദ്ധതിയുടെ പേര് | പ്രദേശ വിസ്തീർണ്ണം | അടങ്കൽ തുക | മൊത്തം ഗുണ ഭോക്താ ക്കളുടെ എണ്ണം | പദ്ധതി ആരംഭിച്ച വർഷം | പൂർത്തി യായ വർഷം | സംരക്ഷി ക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം കിട്ടിയ ഗുണഭോ ക്താക്കൾ | തുക |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. | നരേന്ദ്ര ദേവ് ഗിരിജൻ കോളനി മുതുകാട് | 9.363H | 274360 | 19 | 28.2.95 | തുടരുന്നു | 1938H | 4 | 32064 |
| 2. | മണ്ണിടിച്ചിൽ സംരക്ഷണം നരേന്ദ്രദേവ് ഹരിജൻ കോളനി | 2.2258H | 102000 | 9 | 10.3.'95 | " | 1.6H | 5 | 27937 |
| 3. | പടത്തുകടവ് മണ്ണു സംരക്ഷണം (വാർഡ് 1) | 22.32H | 381200 | 36 | 30.11.'91 | " | 3.76H | 16 | 120853 |

*(അവലംബം: മണ്ണു സംരക്ഷണ കേന്ദ്രം, പേരാമ്പ്ര)*

## കൃഷിഭവൻ:

1987-ലാണ് കൃഷിഭവൻ ഈ പഞ്ചായത്തിൽ നിലവിൽ വന്നത്. വളരെ പ്രതീക്ഷയോടെ ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനങ്ങൾ പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ എത്തിയിട്ടുള്ളൂ. ഒരു കൃഷി ഓഫീസറും മൂന്ന് അസിസ്റ്റന്റുമാരുമുള്ള കൃഷിഭവന്റെ പ്രവർത്തനം വേണ്ട രീതിയിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കൃഷിഭവൻ വിതരണം ചെയ്ത നടീൽവസ്തുക്കളുടെ വിവരങ്ങൾ പട്ടിക 13ൽ കൊടുത്തിരിക്കുന്നു.

പട്ടിക 13

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 395 | 405 | 600 |
| കശുമാവ് | -- | 405 | 160 |
| കുരുമുളക് | 3000 | Nil | 4000 |
| കവുങ്ങ് | 400 | 200 | 500 |

*(അവലബം: കൃഷിഭവൻ)*

കൃഷിവകുപ്പ് കൃഷിഭവനുകൾ മുഖേന താഴെ പറയുന്ന പദ്ധതികൾ നടത്തുന്നു.

1. അരക്കനട്ട് ഡവലപ്മെന്റ് സ്കീം,
2. വിള ഇൻഷൂറൻസ് പദ്ധതി
3. കമ്മേർസിയൽ ഫ്ളോറി കൾച്ചറൽ സ്കീം.
4. പൾസസ് ഡവലപ്മെന്റ് സ്കീം.
5. ഡി.ആർ.ഡി.എ സ്കീം.
6. ഇന്റർഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഡവലപ്മെന്റ് ഓഫ് സ്പൈസസ്.
7. കോമ്പ്രഹെൻസീവ് കോക്കനട്ട് ഡെവലപ്മെന്റ് പ്രോഗ്രാം (സി.സി.ഡി.പി).
8. യൂസ് ഓഫ് പ്ലാസ്റ്റിക് ഇൻ അഗ്രികൾച്ചർ.
9. മണ്ണുപരിശോധന.
10. കാഷ്യൂ ഡവലപ്മെന്റ് സ്കീം.
11. ഗ്രൂപ്പ് ഫാമിംഗ് സ്കീം.
12. ഡവലപ്മെന്റ് ഓഫ് വെജിറ്റബിൾ.
13. ബയോഗ്യാസ് ഡവലപ്മെന്റ് സ്കീം,
14. ഓർഗാനിക് മസൂർ സ്കീം,
15. പബ്ലിക് പാർട്ടിസിപ്പേഷൻ സ്കീം,
16. സ്പെഷൽ എംപ്ലോയിമെന്റ് പ്രോഗ്രാം,
17. സ്പെഷൽ കമ്പോണന്റ് പ്ലാൻ/ട്രൈബൽ സബ് പ്ലാൻ,
18. ഒപ്പെക് വാട്ടർ ഷഡ് പ്ലാൻ,
19. ക്വാളിറ്റി കൺട്രോൾ പ്രോഗ്രാം.
20. ട്രേഡിംഗ് സ്കീം.

പഞ്ചായത്തിൽ ഈ പദ്ധതികൾ ഒന്നുംതന്നെ ഫലപ്രദമായി നടക്കുന്നില്ല. ഇവ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ കാർഷിക ഉത്പാദന രംഗത്ത് വൻ പുരോഗതി ഉണ്ടാക്കാൻ സാധിക്കും.

## പ്രതികൂലമായ കാലാവസ്ഥ:

കാറ്റ്, വരൾച്ച, അതിവർഷം, ഇടിമിന്നൽ, ഉരുൾപൊട്ടൽ എന്നീ പ്രകൃതി ക്ഷോഭങ്ങൾ മൂലം കാർഷിക വിളകൾക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിക്കുന്ന ഒരു പഞ്ചായത്താണ് ഇത്. ദുരിതാശ്വാസ നടപടികളുടെ വിവരം പട്ടിക 14-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 14

ദുരിതാശ്വാസ ഫണ്ട് വിതരണം

| വർഷം | നാശനഷ്ടം സംഭവിച്ചവരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|
| 1993-94 | 176 | 176 | 22689 |
| 1994-95 | 91 | 91 | 38412 |
| 1995-96 | 22 | 22 | 37900 |
| എണ്ണം | 289 | 289 | 99001 |

*(അവലംബം കൃഷിഭവൻ)*

ഈ പഞ്ചായത്തിലെ കർഷകരെ സംബന്ധിക്കുന്ന വിവരം പട്ടിക 15 ൽ കൊടുത്തിരിക്കുന്നു.

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | നാമമാത്ര കർഷകർ | 2090 |
| 2 | ചെറുകിട കർഷകർ | 1985 |
| 3 | വൻകിട കർഷകർ | 20 |

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

## പ്രശ്നങ്ങൾ:

1. ജലസേചന സൗകര്യമില്ലായ്മ, മഴയെ മാത്രം ആശ്രയിക്കുന്നു.
2. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം. മണ്ണറിഞ്ഞുള്ള കൃഷിരീതിയുടെ അഭാവം.
3. ജൈവവളങ്ങളുടെ ഉപയോഗം നാമമത്രമാണ്.
4. കാട്ടുമൃഗങ്ങളുടെയും എലിയുടെയും ശല്യം നിമിത്തം കൃഷി സംരക്ഷിക്കാൻ കഴിയുന്നില്ല.
5. കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
6. കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
7. കൃഷി വിജ്ഞാനം ലഭ്യമല്ല.
8. കൃഷി ഭവനിൽ നിന്ന് വേണ്ട രീതിയിൽ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമല്ല.
9. മണ്ണൊലിപ്പ് രൂക്ഷമായതിനാൽ ഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നു.
10. കൃഷികൾക്ക് വിവിധ ഇനം രോഗങ്ങൾ കണ്ടുവരുന്നു.

<u>തെങ്ങ്</u>: വേരുചീയൽ, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലി, മച്ചിങ്ങാ പൊഴിച്ചിൽ, ഓലകരിയൽ, മഞ്ഞളിപ്പ്, മണ്ടമുരടിപ്പ്.

<u>റബ്ബർ</u>: പട്ടമരപ്പ്, ചീക്ക്, ഇലപ്പുള്ളിരോഗം, കമ്പുണങ്ങൽ.

<u>കവുങ്ങ്</u>: വേരുചീയൽ, കൂമ്പുചീയൽ, മഞ്ഞളിപ്പ്, മഹാളി.

<u>കുരുമുളക്</u>: ദ്രുതവാട്ടം, തണ്ടു ചീയല്

<u>കശുമാവ്</u>: ഇലകരിയൽ, പൂവുകരിയൽ, തേയില കൊതുക്, തടിതുരപ്പൻ പുഴു, ചെന്നീരൊലിപ്പ്

<u>വാഴ</u>: കൂമ്പു ചീയൽ, കുറുനാമ്പ്, വേരുചീയൽ

11. കൈവശഭൂമിക്കു പട്ടയം ലഭിക്കാതിരിക്കുകയും അതു നിമിത്തം കാർഷിക ലോൺ കിട്ടാതിരിക്കുകയും ചെയ്യുന്നു.
12. വേണ്ടത്ര കർഷക തൊഴിലാളികളെ ലഭിക്കുന്നില്ല.
13. രാസവളങ്ങളുടെയും. ജൈവവളങ്ങളുടെയും അമിതമായ വിലവർദ്ധനവ്.
14. വൈദ്യുതി വേണ്ട തോതിൽ ലഭ്യമല്ല.
15. വേണ്ടത്ര ഗതാഗത സൗകര്യമില്ല.
16. പെരുവണ്ണാമൂഴി ഡാമിലെ ജലം കൃഷിക്കു ലഭ്യമല്ല.

## സാധ്യതകൾ:

1. തടയണ, ചീർപ്പ്, കുളങ്ങൾ, കിണറുകൾ, ഡ്രിപ്പ് ഇറിഗേഷൻ,
കമ്മ്യൂണിറ്റി ഇറിഗേഷൻ, സ്പ്രിംഗ്ളർ, ഇത്തരം സംവിധാനങ്ങള്‍ത വഴി കൃഷിക്ക് ജലം ലഭ്യമാക്കണം.
2. ആവശ്യമായ സ്ഥലങ്ങളിൽ വൈദ്യുതിയും പമ്പുസെറ്റ് സൗകര്യവും ഏർപ്പെടുത്തണം.

3. അണക്കെട്ടിലെ വെള്ളം കൃഷിക്ക് ലഭ്യമാക്കണം.
4. മണ്ണ്, ഇല എന്നിവ പരിശോധിക്കാൻ അതാതു സ്ഥലങ്ങളിൽ സംവിധാനം ഉണ്ടാക്കണം.
5. ജൈവവളങ്ങളുടെ വൻതോതിലുള്ള ലഭ്യത ഉറപ്പുവരുത്തണം. പച്ചില വളവിത്തുകൾ, ബാക്ടീരവളം എന്നിവ ലഭ്യമാക്കണം.
6. കാട്ടുമൃഗങ്ങളിൽ നിന്ന് കൃഷിയെ രക്ഷിക്കാൻ മുള്ളുകമ്പിവേലി, മതിലുകൾ എന്നിവ നിർമ്മിക്കുക. വനങ്ങളുടെ അതിർത്തിയിൽ വൈദ്യുതി കമ്പികൾ സ്ഥാപിച്ച് കാട്ടുമൃഗങ്ങളിൽ നിന്ന് സംരക്ഷണം നൽകുക.
7. കൊപ്ര സംസ്കരണ കേന്ദ്രം ആരംഭിക്കുകയും മറ്റു സസ്യഎണ്ണകളുടെ ഇറക്കുമതി നിയന്ത്രിക്കുകയും ചെയ്യുക.
8. കാർഷികയന്ത്രോപകരണങ്ങൾ വിതരണം ചെയ്യുക.
9. വാർഡുകൾ തോറും ബോധവൽക്കരണം നടത്തുകയും പച്ചക്കറി കൃഷി വികസിപ്പിക്കുകയും ചെയ്യുക.
10. മണ്ണൊലിപ്പ് നിവാരണ പദ്ധതി നടപ്പിലാക്കുകയും പുഴയോരങ്ങളുടെയും തോടുകളുടെയും മുഴുവൻ പാർശ്വങ്ങൾ കെട്ടുകയും ചെയ്യുക.
11. കൃഷിയെ ബാധിക്കുന്ന വിവിധരോഗങ്ങൾക്ക് സമയാസമയങ്ങളിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും രോഗ പ്രതിരോധ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.
12. കൃഷിഭവൻ, കൃഷി വിജ്ഞാന കേന്ദ്രം, കൃഷിഫാം, ദേശീയ സുഗന്ധവിള ഗവേഷണ തോട്ടം, എന്നീ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുക.
13. കൈവശ ഭൂമിയ്ക്ക് പട്ടയം കൊടുക്കുക.
14. സമഗ്രമായ എലി നശീകരണ പദ്ധതി നടപ്പിലാക്കുക.
15. അത്യുൽപാദനശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും സബ്സിഡികളോടെ ലഭ്യമാക്കുക.
16. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രം, സ്പെയർ എന്നിവ സാമ്പത്തിക സഹായത്തോടെ ലഭ്യമാക്കുക.
17. തേനീച്ച വളർത്തൽ, ഔഷധ സസ്യങ്ങൾ വളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കുക.
18. രോഗം വന്ന കവുങ്ങ്, കശുമാവ്, തെങ്ങ്, കുരുമുളക് എന്നിവ പുനകൃഷിയ്ക്ക് സഹായം ലഭ്യമാക്കുക.
19. പച്ചക്കറി കൃഷിയ്ക്കു പ്രോത്സാഹനം നല്കുക.
20. കർഷകർക്കും കർഷകതൊഴിലാളികൾക്കും അപകട ഇൻഷൂറൻസ് ഏർപ്പെടുത്തുക.
21. പെരുവണ്ണാമൂഴി ആസ്ഥാനമായി കാർഷിക കോളേജ് അനുവദിക്കുക.
22. പഞ്ചായത്ത് മുഴുവൻ നീർമറി പ്രദേശമായി പ്രഖ്യാപിക്കുക.
23. തരിശുഭൂമിയിൽ കൃഷിചെയ്യാൻ പ്രോത്സാഹനം നൽകുകയും എല്ലാ വിളകൾക്കും സൗജന്യ ഇൻഷൂറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

### അനുബന്ധം:

1. ഔഷധ സസ്യങ്ങൾ:- പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ സംരക്ഷിക്കുക.
2. നഴ്സറി:- ധാരാളം വിപണന സാധ്യതയുള്ള ഫ്ളോറികൾച്ചറൽ, ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല ഇവയുടെ നഴ്സറികൾ ആരംഭിക്കുകയും പഞ്ചായത്തിൽ പ്രചരിപ്പിക്കുകയും ചെയ്യുക.

## ജലലഭ്യത:

### വാർഡ് - 1

വെള്ളച്ചാൽ പറമ്പൻ, കോളനി എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ, മൈനർ ഇറിഗേഷൻ ഇവ നടപ്പിലാക്കുക.

### വാർഡ് - 2

മൂത്തവീട് പുഴ, കടന്തറപ്പുഴ എന്നിവയ്ക്ക് തടയണ നിർമ്മിക്കുക. കാട്ടിക്കുളം പുത്തരിപ്പാറ, ആലമ്പാറ, ചെമ്പനോട എസ്റ്റേറ്റ്, മിച്ചഭൂമി എന്നിവടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക.

### വാർഡ് - 3

മാവട്ടം ചെറുകിട ജലസേചനപദ്ധതി ആരംഭിക്കുക. കുറത്തിപ്പാറ, ആലംപാറ, ചെറുകുന്ന്, കരിങ്ങണ്ണി, താളിപ്പാറ എന്നീ ഭാഗങ്ങളിൽ തടയണകൾ നിർമ്മിക്കുക. കുറത്തിപ്പാറ, ചോപ്പുങ്കൽ പറമ്പ്, ആയിത്തമറ്റത്തിൽ പറമ്പ്, കവറുള്ള കൊല്ലി, പൂഴിത്തോട് അങ്ങാടി എന്നിവിടങ്ങളിൽ കുളം കുഴിക്കുക. മൂത്താട്ടുപുഴയ്ക്ക് തലയ്ക്കൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുക.

## വാർഡ് 4

സീതപ്പാറ ചെറുകിട ജലസേചന പദ്ധതി ആരംഭിക്കുക. പയ്യാനിക്കോട്ട തടയണ നിർമ്മിക്കുക. പുഷ്പഗിരി, നരേന്ദ്രദേവ് കോളനി, പേരാമ്പ്ര എസ്റ്റേറ്റ് 3-ാം ബ്ലോക്ക് റവന്യൂ സ്ഥലം 4-ാം ബ്ലോക്ക്, 2-ാം ബ്ലോക്ക് എന്നിവടങ്ങളിൽ കുളം കുഴിക്കുക.

## വാർഡ് – 5

അളകാപുരി ഭാഗത്ത്, വട്ടോത്ത് ഭാഗത്ത്, 21 പാലത്തിനു താഴെ കുളം നിർമ്മിക്കുക. പേരാമ്പ്ര എസ്റ്റേറ്റിനകത്ത് നിലവിലുള്ള കുളം വിസ്തൃതമാക്കുക.

## വാർഡ് – 6

ഡാമിൽ നിന്ന് വെള്ളം പമ്പ്ചെയ്യുക, പിള്ളപ്പെരുവണ്ണ കനാൽ പൂളച്ചാൽ അമ്പാട്ടുപടിക്കൽ എന്നീ ഭാഗത്തേക്കു നീട്ടുക. അവിടെ കുളം നിർമ്മിക്കുക. താഴത്തുവയൽ ഭാഗത്തു നിന്ന് കൈക്കനാൽ ചക്കിട്ടപാറയിലേക്ക് നീട്ടുക.

## വാർഡ് – 7

ഡാമിന്റെ മെയിൻ കനാലിൽ നിന്ന് മുടിയൻ ചാൽ മുതൽ കൊത്തിയപാറ വരെ കൈക്കനാൽ നിർമ്മിക്കുക. പിള്ളപ്പെരുവണ്ണ, മുടിയൻചാൽ, താഴത്തുവയൽ, കുളത്തുംതറ എന്നിവടങ്ങളിൽ കുളം നിർമ്മിക്കുക.

## വാർഡ് – 8


ഇത്തിൾ കുന്ന് മുക്കിൽ തടയണ നിർമ്മിക്കുക, ചെമ്പ്ര പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കോട്ടക്കുന്നിൽ ടാങ്കുനിർമ്മിച്ച് താന്നിയോട്, മുക്കള്ളിൽ, ചെമ്പ്രക്കുന്ന്, കല്ലായിക്കുന്ന് എന്നിവടങ്ങളിൽ വെള്ളം എത്തിക്കുക.

## വാർഡ് – 9

കൂടക്കൊല്ലി, മറുമണ്ണ, പെരുംകൈത, കാളങ്ങാലി, നരിനട, കൊണ്ടാട്ടുകൊല്ലി എന്നിവടങ്ങളിൽ കുളം നിർമ്മിക്കുക. ചക്കിട്ടപാറ അമ്പലക്കുളം പുനരുദ്ധരിക്കുക.

## വാർഡ് – 10

പിലാവുള്ളതിൽ കുഞ്ഞിക്കണാരൻ വടക്കേത്തടത്ത് പൗലോസ്, ചെമ്പ്രക്കാട്ട് നീലാണ്ടൻ, കോൺവെന്റ് എന്നിവരുടെ സ്ഥലങ്ങളിലും ചെങ്കോട്ടക്കൊല്ലി വയൽ, അംബേദ്കർ മുക്ക്, എന്നിവടങ്ങളിലും കുളം നിർമ്മിക്കുക. അംബേദ്കർ ഗ്രാമത്തിലെ കുളം വിസ്തൃതമാക്കുക. കമ്യൂണിറ്റി ഇറിഗേഷൻ നടപ്പിലാക്കുക.



# 5-2

# മൃഗസംരക്ഷണം മത്സ്യബന്ധനം

തൊഴിലുള്ളവർക്ക് ഒരു ഉപതൊഴിലായും തൊഴിലില്ലാത്തവർക്ക് മുഖ്യതൊഴിലായും ഉപയോഗിക്കാവുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണം. ദൈനംദിന വരുമാന വർദ്ധനവിനുപരിയായി മുട്ട, പാൽ മാംസം തുടങ്ങിയ പോഷക പ്രധാനങ്ങളായ ആഹാര വസ്തുക്കളുടെ ഉൽപാദന വർദ്ധനവും സാധ്യമാവുന്നു. ബയോഗ്യാസ് മുതലായ പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളുടെ ആവിർഭാവവും കൃഷിയ്ക്ക് ആവശ്യമായ ജൈവവളം ലഭിക്കുകയും ചെയ്യുന്നു. മാംസ സംസ്കരണം, വിപണനം, ഉപോൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ ഉൽപാദനം, ഉപഭോഗം എന്നിവയിലൂടെ നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും.

പശു, എരുമ, കാള, ആട്, പന്നി എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ, വളർത്തുപക്ഷികളിൽ കോഴിയും, താറാവ് വളർത്തൽ നാമമാത്രമാണ്. ചക്കിട്ടപാറയിൽ സ്ഥിതിചെയ്യുന്ന സർക്കാർ മൃഗാശുപത്രിയും പെരുവണ്ണാമൂഴിയിലെ ദേശീയ സുഗന്ധവിള കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ കേന്ദ്രവും ആണ് പഞ്ചായത്തിലെ മൃഗപരിപാലന കേന്ദ്രങ്ങൾ. ഭൂമിശാസ്ത്രപരമായ വലിപ്പംകൊണ്ട് മൃഗാശുപത്രിയുടെ സേവനം എല്ലാ പ്രദേശങ്ങളിലും ലഭിക്കുന്നില്ല. മലമ്പ്രദേശമായതിനാൽ 50% കാലിത്തീറ്റയും പച്ചപ്പുല്ലാണ്. അത്യുൽപ്പാദനശേഷിയുള്ള പശുക്കളുടെ എണ്ണം കുറവാണ്. ലാഭകരമായി നടത്താൻ കഴിയുന്ന ഇറച്ചിക്കോഴി കൃഷിയുടെ സാധ്യത ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. മൃഗസംരക്ഷണം കൊണ്ടുമാത്രം ഉപജീവനം നടത്തുന്ന കുടുംബങ്ങൾ ഇവിടെയുണ്ട്.

മൃഗാസ്പത്രി വഴി നടപ്പാ ക്കിക്കൊണ്ടിരി ക്കുന്ന നിരവധി പദ്ധതികൾ പേ വിഷ നിർമ്മാർജ്ജന പദ്ധതി, കാലിരോഗ വിമുക്ത മേഖല പദ്ധതി, ബീജസങ്കലന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ആടുവളർത്തൽ പദ്ധതി, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി തുടങ്ങിയ ഫലപ്രദമായി നടപ്പാക്കാൻ കഴിയണം. ബയോഗ്യാസ് പ്ലാന്റുകൾ വിരലിലെ ണ്ണാവുന്നവ മാത്രം. സർക്കാരിന്റെ വിവിധ ധനസഹായ പദ്ധതികൾ മൃഗപരിപാലന മേഖലയ്ക്ക് സബ്സിഡി യോടുകൂടി ലഭിക്കുന്നുണ്ടെങ്കിലും അവയൊന്നും ശരിയായ തരത്തിൽ വിനിയോഗിക്കപ്പെടുന്നില്ല. മൃഗപരിപാലനത്തിലൂടെ ലഭിക്കുന്ന ജൈവവളം ഇവിടുത്തെ കാർഷിക മേഖലയുടെ ഉപയോഗത്തിന് തികയാത്തതുകൊണ്ട് മറ്റ് പ്രദേശങ്ങളെ ആശ്രയ ിക്കേണ്ടി വരുന്നു.

## പ്രധാന പ്രശ്നങ്ങൾ:

1. കാലിത്തീറ്റയുടെ വിലവർദ്ധനവ്
2. തീറ്റപ്പുൽ ലഭിക്കുന്നില്ല.
3. മൃഗങ്ങളിൽ കാണുന്ന രോഗങ്ങൾ പരാദ രോഗം, അകിടുവീക്കം, കുളമ്പുരോഗം, ദഹനസംബന്ധമായ രോഗം, പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടരോഗം.
4. ക്ഷീരവിപണന സൗകര്യങ്ങൾ പരിമിതമാണ്.
5. ശാസ്ത്രീയ തൊഴുത്തിന്റെയും ചാണകക്കുഴിയുടെയും അഭാവം
6. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗികസംവിധാനം അപര്യാപ്മാണ്.
7. പേപ്പട്ടി ശല്യം അനുഭവപ്പെടുന്നു.
8. കാലികൾക്ക് 90% ത്തിനും യാതൊരുവിധ ഇൻഷൂറൻസ് ആനുകൂല്യവുമില്ല.
9. കോഴിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമല്ല. മുട്ടക്കോഴികളെയും, ഇറച്ചിക്കോഴികളെയും, ലാഭകരമായി നടത്താൻ കഴിയുന്നില്ല.

## സാധ്യതകൾ:

1. കാലിത്തീറ്റ നിർമ്മാണം ആരംഭിക്കുക.
2. ചെമ്പനോട, മുതുകാട് എന്നിവടങ്ങിളിൽ മൃഗാസ്പത്രി സ്ഥാപിക്കുകയും ചക്കിട്ടപാറ മൃഗാസ്പത്രി ആധുനിക സൗകര്യങ്ങളോടുകൂടി വിപുലീകരിക്കുകയും ചെയ്യുക.
3. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക.
4. മൃഗങ്ങളുടെ രോഗങ്ങൾക്ക് ഉടൻ ചികിത്സ ലഭ്യമാക്കുക.
5. ക്ഷീരവിപണനത്തിനുള്ള സൗകര്യം എല്ലാ വാർഡുകളിലും ലഭ്യമാക്കുക.
6. ശാസ്ത്രീയ തൊഴുത്തും ചാണകക്കുഴിയും നിർമ്മിക്കാനാവശ്യമായ ധനസഹായം നൽകുക.
7. നല്ലയിനം പശുക്കുട്ടികളെയും കോഴികളെയും ലഭ്യമാക്കുക.
8. പേ വിഷബാധക്കെതിരെ കുത്തിവെയ്പ്പ് നടത്തുകയും വളർത്തുനായ്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.
9. മുയൽ, താറാവ്, പന്നി, ഇവ വളർത്തുന്നതിന് പ്രോത്സാഹനവും സഹായവും നൽകുക.
10. മിൽമ വഴി പാൽ സംഭരിക്കുക, പൂഴിത്തോട് കേന്ദ്ര മായി പാൽ സൊസൈറ്റി സ്ഥാപിക്കുക.
11. വെറ്റിനറി സബ് സെന്ററുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

## മത്സ്യബന്ധനം:

പെരുവണ്ണാമൂഴി ജലസേചന പദ്ധതിയുടെ ജലസംഭരണി ഈ പഞ്ചായത്തിലാണെങ്കിലും ശുദ്ധജല മത്സ്യകൃഷിയ്ക്ക് ധാരാളം സാധ്യതയുള്ള ഈ സംവിധാനം വേണ്ടത്ര ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. പെരുവണ്ണാമൂഴി ഹരിജൻ മത്സ്യതൊഴിലാളി സഹകരണ സംഘം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയുമാണ് സംഘത്തിന്റെ ലക്ഷ്യം. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൽ 403 അംഗങ്ങളുണ്ട്. ജില്ലയിലെ ഏക ഹരിജൻ മത്സ്യ സഹകരണ സംഘമാണിത്. കട്ല, സൈപ്രൻസ്, മൃഗാല, ഗ്രാസ്കാർപ്പ്, സിൽവർ കാപ്പ്, രോഹു എന്നീ അത്യത്പാദന ശേഷിയുള്ള ഇനം മത്സ്യകുഞ്ഞുങ്ങളെ ഹാച്ചറിൽ ഉൽപാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ധാരാളം പുഴകളും കുളങ്ങളും ചക്കിട്ടപാറ, കൂരാച്ചുണ്ട്, പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നു. 1056 ഹെക്ടർ വിസ്തീർണ്ണമുള്ള റിസർവോയറും ഉപയോഗിച്ച് ശുദ്ധജല മത്സ്യകൃഷി നല്ല രീതിയിൽ ഇവിടെ നടത്താൻ കഴിയും. പഞ്ചായത്തിലെ ജനങ്ങളുടെ മത്സ്യ ആവശ്യങ്ങൾ നിറവേറ്റുന്നത് പുറത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം ഉപയോഗിച്ചാണ്. മത്സ്യവിപണനം നടത്തുന്ന 50 ഓളം തൊഴിലാളികൾ ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവധഭാഗങ്ങളിൽ മത്സ്യമാർക്കറ്റ് നിലവിലില്ല.

## പ്രധാന പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ പുഴകളും, കുളങ്ങളും മത്സ്യകൃഷി നടത്താൻ ഉപയോഗിക്കുന്നില്ല.
2. മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
3. റിസർവോയർ പൂർണ്ണമായി ഉപയോഗിക്കുന്നില്ല.

## സാധ്യതകൾ:

1. പെരുവണ്ണാമൂഴി മത്സ്യതൊഴിവാളി സഹകരണസംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി ഉൽപ്പാദനവും വിതരണവും വർദ്ധിപ്പിച്ച് തൊഴിൽ സാധ്യത വിപുലീകിരിക്കുക.
2. പുഴകളും കുളങ്ങളും മത്സ്യ കൃഷിയ്ക്ക് ഉപയുക്തമാക്കുക.
3. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക.
4. മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.



# 5-3

# വിദ്യാഭ്യാസം

മനുഷ്യന്റെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്. ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് നാം ഇന്ന് അവലംബിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ വികലമാണ്. ശിശു കേന്ദ്രീകൃത വിദ്യാഭ്യാസ രീതി സ്വീകരിക്കേണ്ടതിന് പകരം പരീക്ഷാ കേന്ദ്രീകൃതമായ വിദ്യാഭ്യാസ രീതി നിലനിൽക്കുന്നു. കുട്ടികൾക്ക് പങ്കാളിത്തമില്ലാത്ത പഠനം, താങ്ങാനാവാത്തതും അശാസ്ത്രീയവുമായ സിലബസ് എന്നിവ പിഞ്ചോമനയുടെ നൈസർഗ്ഗിക ഭാവനകൾ നശിപ്പിക്കുന്നു; പഠനത്തോട് വിരസത അനുഭവപ്പെടുന്നു. വിദ്യാഭ്യാസം സിദ്ധിച്ച ഒരാൾക്ക് ഉപജീവനമാർഗ്ഗത്തിന് വേണ്ടിയുള്ള ഒരു തൊഴിലും ചെയ്യാനുള്ള പരിജ്ഞാനം ലഭിക്കുന്നില്ല. അധ്യാപകവിദ്യാർത്ഥി അനുപാത വർധന വ്യക്തിപരമായി കൂടുതൽ ശ്രദ്ധചെലുത്തുവാൻ സാധിക്കാത്ത അവസ്ഥ സൃഷ്ടിക്കുന്നു. ഗുമസ്തൻമാരെ മാത്രം സൃഷ്ടിക്കുവാനുള്ള മെക്കാളെ പ്രഭു അടിച്ചേല്പിച്ച വിദ്യാഭ്യാസം കൊണ്ട് നേട്ടങ്ങൾ കുറയുന്നുവെന്ന് മാത്രമല്ല, യുവാക്കളിൽ നിരാശബോധം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു എന്ന ഖേദകരമായ സത്യം നമ്മെ തുറിച്ചുനോക്കുന്നു. ഇതൊന്നും പഞ്ചായത്ത് തലത്തിൽ പരിഹൃതമാകുന്ന പ്രശ്നങ്ങൾ അല്ലെങ്കിലും വിദ്യാഭ്യാസ രംഗത്തെ അപചയത്തിന്റെ അവസ്ഥയിൽ എല്ലാവരും പങ്കാളികളാണല്ലോ. വസ്തുത ഇതായിരിക്കെ വളരെയധികം പ്രതിഭാധനരെ സൃഷ്ടിക്കുവാൻ നമുക്ക് കഴിയുന്നുവെന്ന് ആശ്വാസകരമാണ്.

1944ൽ ആണ് ചക്കിട്ടപാറയിൽ ആദ്യവിദ്യാലയം സ്ഥാപിതമായത്. ആവടുക്ക L.P.സ്ക്കൂൾ ആയിരുന്ന ഇന്നത്തെ സെന്റ് ആന്റണീസ് L.P. സ്ക്കൂൾ1944ൽ ആയല്ലൂരച്ചൻ വിലയ്ക്ക് വാങ്ങുകയും മലയോര മേഖലയിൽ വിദ്യാഭ്യാസ പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും ചെയ്തു. 1954-ൽ റവ: ഫാദർ സി.ജെ. വർക്കിയുടെ ശ്രമഫലമായി സ്ഥാപിച്ച സെന്റ് ജോർജ്സ് ഹൈസ്ക്കൂൾ കുളത്തുവയൽ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസകാര്യത്തിൽ നൽകിയ സംഭാവന അതുല്യമാണ്. പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്ക്കൂൾ 2-ാം വാർഡായ ചെമ്പനോടയിൽ സ്ഥിതിചെയ്യുന്നു. 1974-ൽ സ്ഥാപിതമായ സെന്റ് ജോസഫ് ഹൈസ്ക്കൂൾ ചെമ്പനോട 1,2,3,4,5,10 വാർഡുകളിലെ വിദ്യാഭ്യാസ പുരോഗതിക്ക് മഹത്തായ സംഭാവന നല്കുന്നുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ രണ്ട് ഹൈസ്ക്കൂളും, 4 യു.പി.സ്ക്കൂളും, 5 എൽ.പി. സ്ക്കൂളും നിലവിലുണ്ട്. പഞ്ചായത്തിലെ വിദ്യാലയ വിവരങ്ങൾ പട്ടിക 1 ലും 2 ലുമായി കൊടുക്കുന്നു.

## പട്ടിക 1
## വിദ്യാലയ വിവരങ്ങൾ

| No. | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | SC - ST കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സെന്റ് ജോർജ്ജ് H.S, കുളത്തുവയൽ | എയിഡഡ് | 735 | 776 | 1511 | 16 | 35 | 51 | 70 | 74 | 144 |
| 2. | സെന്റ് ജോസഫ്സ് H.S, ചെമ്പനോട | എയിഡഡ് | 612 | 598 | 1210 | 17 | 15 | 32 | 139 | 111 | 250 |
| 3. | G.U.P.S പ്ലന്റേഷനൻ | സർക്കാർ | 50 | 32 | 82 | 4 | - | 4 | 17 | 12 | 29 |
| 4. | ഫാത്തിമ U.P.S, പെരുവണ്ണാമൂഴി | എയിഡഡ് | 266 | 218 | 484 | 5 | 13 | 18 | 61 | 64 | 125 |
| 5. | സെന്റ് ജോസഫ്സ് U.P.S, ചെമ്പനോട | എയിഡഡ് | 250 | 245 | 495 | 3 | 14 | 17 | 67 | 60 | 127 |
| 6. | I.U.P.S പൂഴിത്തോട് | എയിഡഡ് | 99 | 90 | 189 | 3 | 5 | 8 | 2 | 3 | 5 |
| 7. | G.L.P.S പിള്ളപ്പെരുവണ്ണ | സർക്കാർ | 53 | 50 | 103 | 4 | - | 4 | 5 | 6 | 11 |
| 8. | പുഷ്പ എൽ.പി.എസ്സ്, നരിനട | എയിഡഡ് | 68 | 57 | 125 | 2 | 3 | 5 | 3 | 1 | 4 |
| 9. | G.L.P.S. കളക്ടീവ് ഫാം | സർക്കാർ | 12 | 12 | 24 | 4 | - | 4 | 6 | 3 | 9 |
| 10. | സെന്റ് ആന്റണീസ് L.P.S. ചക്കിട്ടപാറ | എയിഡഡ് | 227 | 246 | 473 | 4 | 11 | 15 | 25 | 30 | 55 |
| 11. | സെന്റ് ജോർജജസ് L.P.S. കുളത്തുവയൽ | എയിഡഡ് | 110 | 112 | 222 | 3 | 6 | 9 | 10 | 10 | 20 |
| .. | | ----- | 2482 | 2436 | 4918 | 65 | 102 | 167 | 505 | 374 | 779 |

## പട്ടിക 2

## വിദ്യാലയ സൗകര്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ

| No. | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് | സ്റ്റാഫ് റൂം | ലബോറട്ടറി റൂം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | ലൈബ്രറി |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | സെന്റ് ജോർജ്ജ് H.S, കുളത്തുവൽ | 250 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | സെന്റ് ജോസഫ്സ് H.S, ചെമ്പനോട | 300 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | പെരുവണ്ണാമൂഴി U.P.S. | 250 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | ഐ.പി.യു.പി.എസ്സ്, പൂഴിത്തോട് | 225 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 5. | U.P.S. പ്ലാന്റേഷൻ | 300 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 6. | സെന്റ് ജോസഫ്സ് U.P.S, ചെമ്പനോട | 200 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 7. | G.L.P.S, പിള്ളപ്പെരുവണ്ണ | 200 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 8. | ജി. എൽ. പി, കലക്റ്റീവ് ഫാം | 250 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 9. | പുഷ്പ എൽ.പി.എസ്സ്, നരിനട | 75 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 10. | സെന്റ് ആന്റണീസ് എൽ. പി.എസ്, ചക്കിട്ടപാറ | 150 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 11. | സെന്റ് ജോർജജസ് എൽ.പി കുളത്തുവയൽ | 100 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

പല വിദ്യാലങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. സർക്കാർ വിദ്യാലയങ്ങളിലാകട്ടെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും താഴ്ന്ന അക്കാദമിക് നിലവാരവുമാണുള്ളത്.

പട്ടിക 3

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്**

| എൽ.പി | | | യു.പി | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 947 | 99 | 9.5 | 1250 | 286 | 4 | 2721 | 394 | 7 |

ആകെയുള്ള 11 സ്ക്കൂളുകളിൽ 3 എണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. ഇതിൽ രണ്ട് L.P. സ്ക്കൂളുകളും ഒരു യു.പി. സ്ക്കൂളുമാണുള്ളത്. ഇതിൽ കലക്ടീവ് ഫാം ഗവ: എൽ.പി.സ്ക്കൂൾ പ്ലാന്റേഷൻ യു.പി. സ്ക്കൂൾ എന്നിവ "Un Economic"ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലെ S.S.L.C വിജയശതമാനം പട്ടിക 4–ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4 പരിശോധിച്ചാൽ പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളിലേയും വിജയശതമാനം കുറഞ്ഞുവരുന്നതായി കാണാം.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഐ. ടി. ഐ. തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസത്തിനും മറ്റു ഉന്നത വിദ്യാഭ്യാസത്തിനും ഇവിടെ നിന്ന് 40, 60, കിലോമീറ്റർ ദൂരെയുള്ള വടകര, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പോകേണ്ടിവരുന്നു. പേരാമ്പ്ര C.K.G. കോളേജ് അപ്ഗ്രേഡ് ചെയ്യുകയും കമ്പ്യൂട്ടർ ബി.എസ്.സി, ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.എസ്.സി മൈക്രോ ബയോളജി, ബി.എസ്.സി. ബയോകെമിസ്ട്രി, ബിസിനസ് മാനേജ്മെന്റ്, MBA, MCA, ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് B.S.W, BSC ഇൻഫർമേഷൻ ടെക്നോളജി, എന്നീ കോഴ്സുകൾ ആരംഭിക്കുകയും ചെയ്താൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള അസൗകര്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നത് ആശ്വാസകരമാണ്. അനൗദ്യോഗിക വിദ്യാഭ്യാസ രംഗത്ത് ഗ്രന്ഥശാലകളും വായനശാലകളുംനല്ലരീതിയിൽപ്രവർത്തിക്കുന്നുണ്ട്സാക്ഷരതാ വിദ്യാഭ്യാസപരിപാടിപഞ്ചായത്തിൽപ്രവർത്തിക്കുന്നില്ല

ഗ്രാമസഭ ചർച്ച കളിലൂടെയും വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായങ്ങളിലൂടെയും ഉരുത്തിരിഞ്ഞു വന്ന പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4

S.S.L.C വിജയശതമാനം 1992 – 1996

| ചെമ്പനോട H.S | | | | | | കുളത്തുവയൽ H.S | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| വർഷം | പരീക്ഷയ്ക്ക് ഇരുന്നവർ | ജയിച്ചവർ | ശതമാനം | ഫസ്റ്റ് ക്ലാസ്സ് | കൂടുതൽ മാർക്ക് | വർഷം | പരീക്ഷയ്ക്ക് ഇരുന്നവർ | ജയിച്ചവർ | ശതമാനം | ഫസ്റ്റ് ക്ലാസ്സ് | കൂടുതൽ മാർക്ക് |
| 1991-92 | 195 | 148 | 76% | 28 | 509 | 1991-92 | 178 | 115 | 65% | 39 | 503 |
| 1992-93 | 210 | 129 | 60.5% | 18 | 532 | 1992-93 | 238 | 119 | 50% | 23 | 538 |
| 1993-94 | 194 | 122 | 63% | 27 | 490 | 1993-94 | 245 | 107 | 43.5% | 19 | 518 |
| 1994-95 | 187 | 117 | 63% | 25 | 519 | 1994-95 | 257 | 106 | 41% | 16 | 487 |
| 1995-96 | 183 | 101 | 55% | 26 | 537 | 1995-96 | 240 | 105 | 44% | 26 | 532 |

1. ഹയർ സെക്കണ്ടറി സ്ക്കൂൾ സൗകര്യമില്ല.

2. പഞ്ചായത്തിലെ IV, V, X, VII എന്നീ വാർഡുകളിൽ നിന്നും 8 മുതൽ 15 വരെ കിലോമീറ്റർ ദൂരം സഞ്ചരിച്ചുവേണം ഹൈസ്ക്കൂളിലെത്താൻ.

3. പല സ്ക്കൂളുകളിലേയും ഭൗതിക സൗകര്യം തൃപ്തികരമല്ല.

4. സ്ക്കൂൾ വിദ്യാർത്ഥികളുടെ നിരക്ഷരത ഇപ്പോഴും നിലനില്ക്കുന്നു.

5. ഹൈസ്ക്കൂൾ തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യമില്ല.

6. എല്ലാ വാർഡുകളിലും അപ്പർപ്രൈമറി സ്ക്കൂൾ സൗകര്യമില്ല.

7. സ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു.

8. കലാകായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര സംവിധാനമോ പ്രോത്സാഹനമോ സൗകര്യമോ ഇല്ല.

9. അധ്യാപകരിൽ ഭൂരിപക്ഷവും വനിതകളായിരുന്നതിനാൽ പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.

10. അനൗപചാരിക വിദ്യാഭ്യാസത്തിന് സംവിധാനമില്ല.

11. എസ്.എസ്.എൽ.സി. വിജയശതമാനം കുറഞ്ഞുവരുന്നു.

12. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ രക്ഷിതാക്കളുടെ ജാഗ്രത കുറവ്.

**സാധ്യതകൾ:**

1. കുളത്തുവയൽ, ചെമ്പനോട ഹൈസ്ക്കൂളുകളിൽ ഹയർ സെക്കണ്ടറി സ്ക്കൂൾ സംവിധാനം ഏർപ്പെടുത്തുക.

2. IV, V, X, വാർഡുകൾ കേന്ദ്രീകരിച്ച് ഹൈസ്ക്കൂൾ ആരംഭിക്കുക.

3. നിലവിലുള്ള എൽ.പി. സ്ക്കൂളുകൾ ആവശ്യാനുസരണം അപ്ഗ്രേഡ് ചെയ്യുക.

(1) ചക്കിട്ടപാറ എൽ.പി. സ്ക്കൂൾ

(2) പിള്ളപ്പെരുവണ്ണ ജി.എൽ.പി.

(3) നരിനട പുഷ്പ എൽ.പി.

4. സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

5. പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ അദ്ധ്യാപകർക്ക് എല്ലാ വിഷയത്തിലും ഇൻസർവീസ് കോഴ്സ് ഏർപ്പെടുത്തുക.

6. പഠനനിലവാരം അനുസരിച്ചു മാത്രം കുട്ടികൾക്കു ക്ലാസ്സ് കയറ്റം നൽകുക.

7. സിലബസ് ലഘൂകരിക്കുക.

8. കലാകായിക വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം അധ്യാപകരെ എല്ലാ സ്ക്കൂളുകളിലും നിയമിക്കുക.

9. L.S.S/U.S.S സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുക.

10. പഞ്ചായത്തിനുള്ളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

12. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം, കുടകൾ, പുസ്തകങ്ങൾ എന്നിവ സൗജന്യമായി നല്കുക.

13. പി.ടി.എ, മാതൃസംഗമം എന്നിവ കൂടുതൽ സജീവമാക്കുക. വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങൾ സജീവമാക്കികൊണ്ട് വിദ്യാർത്ഥികളെ സ്ക്കൂളുകളിലേയ്ക്ക് ആകർഷിക്കാൻ നമുക്ക് കഴിയണം.

14. ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്തുക.

പ്രാഥമിക ജ്ഞാന സമ്പാദനത്തിനപ്പുറം ജീവിതം രൂപപ്പെടുത്തുന്ന, മുന്നോട്ടു നയിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന സമഗ്രമായ ഒരു ഉപാധിയായി വിദ്യാഭ്യാസ രംഗം മാറണം.



# 5-4

# കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളിൽ പ്രാധാനപ്പെട്ടതാണ് കുടിവെള്ളം. ശുദ്ധജലം, ശുദ്ധവായു, സമീകൃതാഹാരം ഇവ ശരിയായ അളവിൽ ലഭിക്കുന്നതിലൂടെ മാത്രമേ വ്യക്തിയുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിയൂ. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാവുകയുള്ളൂ. ആരോഗ്യമുള്ള സമൂഹം രാജ്യത്തിന്റെ സമ്പത്താണ്. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കുക എന്ന മനോഭാവത്തിലേക്ക് നാം മാറണം. പരിസര ശുചിത്വം, വ്യക്തി ശുചിത്വം, ബോധവൽക്കരണം ഇവ സമ്പൂർണ്ണ ആരോഗ്യം എന്ന ലക്ഷ്യത്തിലെത്തിച്ചേരാനുള്ള ഉപാധിയാക്കാം.

ചക്കിട്ടപാറ പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ് കിണറുകളാണ്. 4644 ഓളം വീടുകളുള്ളതിൽ 60% ത്തിനും സ്വന്തമായി കിണറുകളുണ്ട്. കുടിവെള്ളത്തിനായി 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. എല്ലാവർക്കും യഥേഷ്ടം കുടിവെള്ളം ലഭിക്കാനുള്ള സംവിധാനം പഞ്ചായത്തിൽ കാര്യക്ഷമമല്ല. 86 പൊതു ടാപ്പുകളും 7 പൊതു കുഴൽ കിണറുകളും 20 പൊതു കിണറുകളും അടങ്ങിയതാണ് പഞ്ചായത്തിന്റെ പൊതുജലവിതരണ ശൃംഖല. കുടിവെള്ളത്തിന് എല്ലാ വാർഡുകളിലും ഭാഗികമായി ക്ഷാമം നേരിടാറുണ്ട്. കുഴൽ കിണറുകൾ ഈ പഞ്ചായത്തിൽ പ്രായോഗികമല്ല.

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകൾക്കും സ്വന്തമായി കക്കൂസ് ഇല്ല. പൊതുകക്കൂസ്, മൂത്രപ്പുര ഇവ പഞ്ചായത്തിൽ എവിടെയും നിലവിലില്ല. പരിസര ശുചിത്വത്തിന് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. പെരുവണ്ണാമൂഴിയിലുള്ള പ്രൈമറി ഹെൽത്ത് സെന്ററും ചെമ്പനോടയിലെ ആയുർവ്വേദ ആസ്പത്രിയും മുതുകാട്ടിലെ ഹോമിയോ ആശുപത്രിയും പന്നിക്കോട്ടൂരുള്ള പ്രൈമറി ഹെൽത്ത് സെന്ററും ചെമ്പനോടയിലെ പ്രാഥമിക കുടുംബക്ഷേമ കേന്ദ്രവും ചക്കിട്ടപാറ സബ്സെന്ററും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. പെരുവണ്ണാമൂഴിയിലെ P.H.C യുടെ പ്രവർത്തനം കാര്യക്ഷമമല്ല. 15 ജീവനക്കാരുള്ള ഹെൽത്ത് സെന്റർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം ഒഴിഞ്ഞുകൊടുക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടമെന്റ് ആവശ്യപ്പെട്ടിരുന്നു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം സൗജന്യമായി തരാമെന്നേറ്റിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന P.H.C യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിക്കൊണ്ടുവരാനുള്ള പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. പന്നിക്കോട്ടൂർ ഹരിജൻ കോളനിയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന P.H.C യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. വിപുലമായ സൗകര്യങ്ങളോടുകൂടിയ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ഇപ്പോൾ തന്നെ ലഭ്യമാണ്. നരിനടയിൽ പണി പൂർത്തിയായ സബ്സെന്റർ പ്രവർത്തനം തുടങ്ങിയിട്ടില്ല. സബ്സെന്റർ ഇല്ലാത്ത മറ്റു വാർഡുകളിൽ സബ്സെന്റർ ആരംഭിക്കണം. ഹെൽത്ത് വർക്കർമാർ പഞ്ചായത്തിലെ മുഴുവൻ വീടുകളും സമയബന്ധിതമായി സന്ദർശിക്കേണ്ടതാണ്. മുതുകാട്ടിലെ ഹോമിയോ ഡിസ്പെൻസറി സഹകരണ ഡിപ്പാർട്ടുമെന്റിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കുടിവെള്ളം പൊതുജനാരോഗ്യം തുടങ്ങിയവയെ സംബന്ധിച്ച പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ:

1. ജലസ്രോതസുകൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

2. ശുദ്ധജല വിതരണത്തിനുള്ള മാവട്ടം, ശീതപ്പാറ പദ്ധതികൾ നിലവിൽ വന്നിട്ടില്ല.

3. പെരുവണ്ണാമൂഴി ഡാമിൽ നിന്നും കുടിവെള്ളം ലഭിക്കുന്നില്ല.

4. പൈപ്പുലൈൻ നീട്ടാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടില്ല.

5. പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

6. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രാത്രി കാലങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

7. ആരോഗ്യകേന്ദ്രത്തിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവുകൾ. പഞ്ചായത്തിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്ന ആശുപത്രിയില്ല.

8. നരിനടയിലെP.H.C സബ്സെന്റർ പ്രവർത്തനം തുടങ്ങിയിട്ടില്ല.

9. പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ സബ് സെന്ററുകളില്ല.

10. ഭൂരിപക്ഷം വീടുകൾക്കും കക്കൂസ് ഇല്ല.

11. ബഹുഭൂരിപക്ഷം വീടുകളും പുകയുള്ള അടുപ്പുകൾ ഉപയോഗിക്കുന്നു.

12. സ്ക്കൂൾ ആരോഗ്യ പരിപാടി ഫലപ്രദമായി നടക്കുന്നില്ല.

13. കൊതുകുശല്യം അനുഭവപ്പെടുന്നു.

16. പൊതു ശ്മശാനം ഇല്ല.

## സാദ്ധ്യതകൾ:

1. കിണർ, കുളം എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവ നന്നാക്കുകയും ചെയ്യുക.

2. മാവട്ടം, ശീതപ്പാറ ശുദ്ധജലപദ്ധതികൾ നടപ്പിലാക്കുകയും പദ്ധതിയുടെ പരിധിയിൽ കൂടുതൽ പ്രദേശം ഉൾപ്പെടുത്തുകയും ചെയ്യുക..

3. പെരുവണ്ണാമൂഴി ഡാമിൽ നിന്നുള്ള വെള്ളം കൊണ്ട് 6,7,8,9 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുക.

4. പൈപ്പു സംവിധാനം വാർഡുകൾ തോറും നടപ്പിലാക്കുക.

5. ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.

6. പെരുവണ്ണാമൂഴി P.H.C കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.

7. പന്നിക്കോട്ടൂർ P.H.C ക്ക് സ്വന്തം കെട്ടിടവും സ്ഥിരം ഡോക്ടറെയും നിയമിക്കണം.

8. പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക.


9. എല്ലാ വീടുകളിലും കക്കൂസ് നിർബന്ധമാക്കുക.

10. പുകയില്ലാത്ത അടുപ്പുകൾ സാർവ്വത്രികമാക്കുക. അനർട്ടിന്റെ സേവനം ലഭ്യമാക്കുക.

11. ആരോഗ്യ പ്രവർത്തകരുടെ സ്ക്കൂൾ സന്ദർശനം, ഭവന സന്ദർശനം എന്നിവ കാര്യക്ഷമമാക്കുക.

12. കൊതുകുകളെ നശിപ്പിക്കാനുള്ള സംവിധാനം നടപ്പിൽ വരുത്തുക.

13. പഞ്ചായത്തിൽ പൊതു ശ്മശാനം നിർമ്മിക്കുക.



5-5

# വ്യവസായം

വ്യവസായ മേഖലയ്ക്ക് ചക്കിട്ടപാറ പഞ്ചായത്തിന്റെ സംഭാവന വളരെ ശുഷ്കമാണ്. നല്ല ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പഞ്ചായത്താണ് ചക്കിട്ടപാറ. കുറഞ്ഞ വിലയ്ക്ക് ഭൂമി കിട്ടുന്നതിനുള്ള സൗകര്യം, വെള്ളത്തിന്റെയും അസംസ്കൃത വിഭവത്തിന്റെയും ലഭ്യത, എന്നിവ അനുകൂല ഘടകമാണെങ്കിലും മൂലധനത്തിന്റെ അഭാവം, ഊർജ പ്രതിസന്ധി, വിപണന സാധ്യത കുറവ്, സർവ്വോപരി വ്യവസായ ബോധവൽക്കരണത്തിന്റെ അഭാവം ഇവയെല്ലാം ഈ പഞ്ചായത്തിലെ വ്യവസായ വൽക്കരണത്തെ പ്രതികൂലമായി ബാധിച്ചു. പ്രധാനപ്പെട്ട വ്യവസായ ശാലകളോ, ചെറുകിട കുടിൽ വ്യവസായങ്ങളുടെ സമഗ്ര ഉൽപാദക യൂണിറ്റുകളോ ഇവിടെയില്ല. വ്യവസായിക വൃത്തിയിൽ ഏർപ്പെട്ടുകഴിയുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം. പഞ്ചായത്തിൽ ഇന്നു നിലനിൽക്കുന്ന ചെറുകിട വ്യവസായത്തിന്റെ വിവരം പട്ടിക 1 ൽ കൊടുക്കുന്നു.

**പഞ്ചായത്തിലെ വ്യവസായം**

പട്ടിക 1

| No. | വിഭാഗം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| 1. | എണ്ണമിൽ - 4 | 4 | 4 | -- | 4 |
| 2. | സോമിൽ | 1 | 5 | -- | 5 |
| 3. | ഫോർമിൽ | 2 | 2 | -- | 2 |
| 4 | പെയിന്റ് ഫാക്ടറി | 1 | 5 | -- | 5 |
| 5. | വെൽഡിംഗ് യൂണിറ്റ് | 2 | 4 | -- | 4 |
| 6. | സോപ്പ് | 1 | 2 | -- | 2 |
| 7. | ക്ഷീരോത്പ്പാദനം | 3 | -- | 12 | 12 |
| 8. | ബേക്കറി | 4 | 8 | -- | 8 |
| 9. | സോഡാ നിർമ്മാണം | 2 | 4 | -- | 4 |
| 10. | കരിങ്കൽ ക്വാറി | 5 | 150 | 200 | 350 |

തിരുവിതാംകൂറിൽ നിന്ന് കുടിയേറി മണ്ണിനോട് മല്ലിടുന്ന ജനങ്ങൾ ഭൂരിഭാഗവും അധിവസിക്കുന്ന ഈ പ്രദേശത്ത് പ്രധാന ഉൽപ്പന്നങ്ങളായ നാളികേരം, റബ്ബർ, അടയ്ക്ക, പ്രകൃതി വിഭവങ്ങൾ (പാറ, ചെങ്കല്ല്) എന്നിവ ഉപയോഗിച്ചുള്ള ഉപോൽപ്പന്നങ്ങളുടെ നിർമ്മാണസാധ്യത കൂടുതലുണ്ട്. അർദ്ധ സംസ്കൃത സാധനങ്ങളായ കൊപ്രയിൽ നിന്നും വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നു. ജനങ്ങളുടെ ക്രയശേഷി വ്യവസായിക മേഖലയിലേക്ക് തിരിച്ചുവിടുന്ന യാതൊരു പ്രക്രിയയും 8 പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിട്ടും ഇവിടെ നടന്നിട്ടില്ല. കുറ്റ്യാടി ജലവൈദ്യുത പദ്ധതി ഉൾക്കൊള്ളുന്ന പ്രദേശമാണെങ്കിലും കേരളത്തിന്റെ പ്രതിശീർഷ വൈദ്യുതി ഉപയോഗത്തിന്റെ ശരാശരിയുടെ നാലിലൊന്ന് പ്രയോജനം പോലും ഇവിടുത്തെ ജനങ്ങൾക്ക് ലഭിക്കാത്ത അവസ്ഥയിൽ ജനങ്ങൾ വ്യവസായ സംരഭങ്ങൾ ആരംഭിക്കുവാൻ മടികാണിക്കുന്നു. ഈ മലയോരമേഖലയിൽ റബ്ബർ അടിസ്ഥാനമാക്കിയുള്ള വ്യവസായം ആരംഭിക്കുവാൻ സാധ്യതയുണ്ടെങ്കിലും അതിന്റെ വിപണനം, ഈ രംഗത്ത് വർദ്ധിച്ചുവരുന്ന മത്സരം, മാർക്കറ്റിംഗ് കേന്ദ്രങ്ങളുമായുള്ള ദൂരം ഇവയൊക്കെ പ്രശ്നങ്ങളായവശേഷിക്കുന്നു.

ബാങ്കിംഗ് മേഖലയിൽ നിലനിൽക്കുന്ന വായ്പാ നിക്ഷേപ അനുപാതത്തിന്റെ കുറവനുഭവപ്പെടുന്ന പഞ്ചായത്താണിത്. ദേശസാൽകൃത ബാങ്കുകളടക്കം ധാരാളം ബേങ്കുകൾ പഞ്ചായത്തിലുണ്ട്.

സാങ്കേതിക പരിജ്ഞാനമുള്ള യുവതീയുവാക്കൾ പ്രവർത്തന മേഖലകൾ തേടി നഗരങ്ങളിലേക്കും ഇതര പ്രദേശങ്ങളിലേക്കും ചേക്കേറുന്ന പ്രവണത കണ്ടു വരുന്നു. ഊർജ്ജപ്രതിസന്ധി പരിഹരിക്കുകയും ജില്ലാടിസ്ഥാനത്തിൽ മാർക്കറ്റിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പഞ്ചായത്ത് തലത്തിൽ വ്യവസായ വികസന ഓഫീസുകൾ ആരംഭിക്കുകയും തൊഴിൽ രംഗത്ത് അസ്ഥിരത സൃഷ്ടിക്കുവാനുള്ള ബോധപൂർവ്വമായ നീക്കങ്ങൾ ഉപേക്ഷിക്കുകയും ചെയ്ത് വ്യവസായ വൃത്തിയിലേയ്ക്ക് പ്രവേശിക്കുവാൻ ജനങ്ങളെ മാനസികമായി സജ്ജരാക്കി ഈ പഞ്ചായത്തിൽ ഒരു വ്യവസായ അനുകൂല സാഹചര്യം സൃഷ്ടിച്ചാൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ രക്ഷിക്കുവാനും അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായ വില കിട്ടുവാനും തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുവാനും കഴിയും എന്നത് തർക്കമറ്റ കാര്യമാണ്.

ബാങ്കുകളും സർക്കാർ ഏജൻസികളും ജനങ്ങളും സാങ്കേതിക തടസ്സവാദങ്ങളെ അതിജീവിച്ചുകൊണ്ട് ഏകോപിച്ചുള്ള പ്രവർത്തനം സാധ്യമാക്കിയാൽ അത് ഈ മേഖലയിൽ ഒരു വ്യാവസായിക വിപ്ലവത്തിന് തുടക്കം കുറിക്കാനും നമ്മുടെ പ്രദേശത്ത് ഒരു പരിവർത്തനത്തിന്റെ ശംഖൊലി മുഴക്കാനും കഴിയും.

**ഗ്രാമസഭകളിൽ നിന്നുംവന്ന വ്യവസായത്തെ സംബന്ധിച്ച പ്രശ്നങ്ങൾ**

1. വ്യവസായ സംരംഭകരുടെ അപര്യാപ്തതയും സാങ്കേതി പരിജ്ഞാന കുറവും.

2. മൂലധന സമാഹരണത്തിനുള്ള പരാധീനതകൾ.

3. വൈദ്യുതി ക്ഷാമം

4. ഗതാഗത സൗകര്യക്കുറവ്.

5. വ്യവസായ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിനെ കുറിച്ചുള്ള ഉൽക്കണ്ഠ.

6. തൊഴിൽ മേഖലകളിലെ ഇടപെടലിനെ ക്കുറിച്ചുള്ള ഭയാശങ്കകൾ.

7. റബ്ബർ, റബ്ബർ തടി, അടയ്ക്ക, നാളികേരം തുടങ്ങിയവയുടെ വ്യാവസായിക അഭാവം.

**റബ്ബർ കൊണ്ടു വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുവാൻ കഴിയുന്ന വസ്തുക്കൾ.**

| വിഭാഗം | No. | ഇനം |
|---|---|---|
| ജനറൽ എസ്.സി | 1. | ത്രെഡ് റബ്ബർ |
| | 2. | റബ്ബർ ബാന്റ് |
| | 3. | ബലൂൺ |
| | 4. | മൈക്രോ സെല്ലുലാർ ഷീറ്റ് |
| | 5. | റബ്ബർ കോൺഡംസ് |
| | 6. | കൈയ്യുറ |
| | 7. | ഫോം ബെഡ് |
| | 8. | റബ്ബർതടി സംസ്കരണം |
| | 9. | പ്ലാസ്റ്റിക് അടിസ്ഥാന വ്യവസായം |


**തെങ്ങിന്റെ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് ചെയ്യാൻ സാധ്യതയുള്ള സംരംഭങ്ങൾ.**

| വിഭാഗം | No. | ഇനം |
|---|---|---|
| ജനറൽ എസ്.എസ്.ഐ. | 1. | കൊപ്ര സംസ്കരണം |
| | 2. | വെളിച്ചെണ്ണ ഉൽപാദിപ്പിക്കൽ |
| | 3. | യന്ത്രം ഉപയോഗിച്ച് ചകിരിനാര് നിർമ്മിക്കൽ |
| | 4. | യന്ത്രവൽകൃത ചൂടി നിർമ്മാണം |
| | 5. | ചകിരിച്ചോർ ഉപയോഗിച്ച് ജൈവവളം |
| | 6. | ചിരട്ടപ്പൊടി |
| | 7. | കോക്കനറ്റ് ചോക്കലറ്റ്, നാളികേരപൗഡർ, ക്രീമുകളും ചമ്മന്തിപ്പൊടിയും |
| | 8. | വെളിച്ചെണ്ണ ബോട്ടിലിംഗ്, മാർക്കറ്റിംഗ് |
| | 9. | തേങ്ങാവെള്ളം ഉപയോഗിച്ച് ലഘുപാനീയം |
| | 10. | ചാർക്കോൾ, ഓയിൽ. |

**നിർദ്ദേശിക്കപ്പെട്ട മറ്റു വ്യവസായങ്ങൾ**

| വിഭാഗം | No. | ഇനം |
|---|---|---|
| ജനറൽ എസ്.എസ്.ഐ. | 1. | മിനറൽ വാട്ടർ ബോട്ടിലിംഗ് |
| | 2. | വാഷിംഗ് സോപ്പ് |
| | 3. | ഇലക്ട്രോണിക് ചോക്ക്, സാറ്റലൈറ്റ് ഡിഷ് ആന്റിന റിസീവർ |
| | 4. | അമേരിക്കൻ ഡയമണ്ട് പാകപ്പെടുത്തൽ |
| | 5. | കശുമാങ്ങാ ഫെനി |
| | 6. | സിമന്റ്, പോസ്റ്റ്, കരിങ്കല്ല് |
| | 7. | ഇഷ്ടിക, കട്ടില, ജനല, കരിങ്കല്ല് ഉപയോഗിച്ച് |
| | 8. | പ്ലാസ്റ്റിക് ബോട്ടിൽ |
| | 9. | അടയ്ക്ക സംഭരിച്ച് പാക്കറ്റുകളാക്കുക. |
| | 10. | സ്റ്റോൺ ക്രഷർ ആരംഭിക്കുക |
| | 11. | ഇലക്ട്രോണിക് കമ്പ്യൂട്ടർ, DTP, റ്റ്യൂബ്, സോഫ്റ്റ്വേർ ഈ വ്യവസായ യൂണിറ്റുകൾ |
| | 12. | പരമ്പരാഗത കുടിൽ വ്യവസായം |
| | 13. | ഖാദി ഗ്രാമവ്യവസായം |
| | 14. | ചക്കിട്ടപാറയിൽ മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക. |
| | 15. | പഞ്ചായത്തും സഹകരണ ബാങ്കും യോജിച്ച് ഒരു ജോയന്റ് സ്റ്റോക്ക് കമ്പനി രജിസ്റ്റർ ചെയ്താൽ നിർദ്ദേശിക്കപ്പെട്ട വ്യവസായങ്ങൾ തുടങ്ങാൻ കഴിയും. |
| | 16. | പയ്യാനി കോട്ടയിലെ ഇരുമ്പയിര് ഖനന സാധ്യത പരിശോധിക്കുക. |
| | 17. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം. |

> **"ശ്രമത്തിലാണ്, ഫല പ്രാപ്തിയിലല്ല സംതൃപ്തി ഉള വാകുന്നത്. സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു."**



5-6


# ഗതാഗതം
# ഊർജ്ജം, മാർക്കറ്റ്

നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക് തിരിച്ചറിഞ്ഞവരാണ് നമ്മുടെ പൂർവ്വികർ. ഈ തിരിച്ചറിവിന്റെ പരിണിതഫലമാണ് 1950ൽ കുളത്തുവയൽ പള്ളിവികാരി ഫാദർ മിരാൻഡയുടെ നേതൃത്വത്തിൽ ശ്രമദാനമായി നിർമ്മിച്ച 6.5 കി.മീ. നീളമുള്ള ചക്കിട്ടപാറ പേരാമ്പ്ര റോഡ്. ഇന്നുകാണുന്ന ഭൂരിഭാഗം റോഡുകളും നിർമ്മിച്ചത് തദ്ദേശവാസികൾ സ്ഥലം സംഭാവന നൽകിയതുവഴിയും ശ്രമദാനത്തിലൂടെയുമാണ്.

ചക്കിട്ടപാറ പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ട്. 213 കി.മീറ്റർ നീളമുള്ള പഞ്ചായത്തിലെ റോഡ് ശൃംഖലയിൽ 44 കി.മീറ്റർ മാത്രമാണ് ടാർ ചെയ്തത്.

ടാർ ചെയ്യാത്ത മൺറോഡുകളുടെ പൊതു സ്ഥിതി വളരെ പരിതാപകരമാണ്. റോഡുകൾക്ക് ഓവുചാലുകളും കൾവർട്ടുകളും ഇല്ല. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ പഞ്ചായത്തിന് കഴിയുന്നില്ല. ഒരു പ്രദേശത്തിന്റെ വികസനത്തിനു അടിസ്ഥാന ഘടകമായ റോഡിനു നമ്മുടേതുപോലുള്ള വിസ്തൃതമായ പഞ്ചായത്തിൽ സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. ദേശീയ പ്രാധാന്യമുള്ള പൂഴിത്തോട് പടിഞ്ഞാറത്തററോഡ് നിർമ്മാണം ഉടൻ പൂർത്തിയാക്കിയാൽ ഗതാഗതരംഗത്ത് വൻ പുരോഗതി നേടാനാകും. ഇപ്പോൾ പരിഗണനയിലിരിക്കുന്ന വടകര നഞ്ചൻകോട് റെയിൽവേ ലൈൻ യാഥാർത്ഥ്യമാകുന്നതോടെ റെയിൽവെ ഭൂപടത്തിൽ നമുക്ക സ്ഥാനം പിടിക്കാൻ കഴിയും. അതുവഴി പഞ്ചായത്തിന്റെ സർവ്വമേഖലകളിലും വമ്പിച്ച പുരോഗതിക്ക് വഴിയൊരുക്കാൻ കഴിയും.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ടാർ‌ച്ചേണ്ട റോഡുകളുടെയും, പുതുതായി വെട്ടേണ്ട മൺറോഡുകളുടെയും മുൻഗണനാ ക്രമപ്രകാരം പട്ടിക 1 ൽ കൊടുക്കുന്നു. .



## പുതുതായി ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് നമ്പർ | കോഡ് | റോഡിന്റെ പേര് | നീളം ( കി.മീ) |
|---|---|---|---|
| I | 01 | കൂവപ്പൊയിൽ, ത്രിവേണി, ചവറം മൂഴി, ഒറ്റക്കണ്ടം | 2.00 |
| | 02 | കോളനിമുക്ക് ഹരിജൻകോളനി മുത്തേട്ടുപുഴറോഡ് | .800 |
| | 03 | അഞ്ചാനിമുക്ക് തിമിരപ്പാലം റോഡ് | .400 |
| | 04 | തിമിരിപ്പാലം നേഴ്സറി സ്ക്കൂൾ മുത്തേട്ടുപുഴ റോഡ് | .700 |
| | 05 | നേഴ്സറി സ്ക്കൂൾ ചാത്തം കൊല്ലി റോഡ് | .700 |
| | 06 | പറമ്പിൽ വെള്ളച്ചാൽ റോഡ് | 500 |
| | 07 | പറമ്പൽ മീൻതത്തിപ്പാറ റോഡ് | 1.00 |
| | 08 | നഴ്സറി സ്ക്കൂൾ ആലക്കൽ പി. ടി.റോഡ് | 600 |
| | 09 | കൂവപ്പൊയിൽ പുല്ലാന്നിക്കാവ് റോഡ് | .300 |
| II | 01 | കാട്ടിക്കുളം ചെങ്കോട്ട കൊല്ലി കോളനിറോഡ് | 3.166 |
| | 02 | താമര മുക്ക് ചവറം മൂഴി റോഡ് | 2.900 |
| | 03 | ചെമ്പനോട മണ്ണാത്തിച്ചിറ റോഡ് | 0. 250 |
| | 04 | കുമ്പടിയാങ്കൽക്കവല കല്ല്യാണക്കടവ് പാലം | 1.500 |
| | 05 | വെട്ടിക്കാലമുക്ക് കാട്ടിക്കുളം റോഡ് (ലിങ്ക് റോഡ്) | 0.500 |
| | 06 | അമ്യാം മണ്ണ് നെടുവാലി റോഡ് | 1.250 |
| | 07 | കാട്ടിക്കുളം വടക്കേമുറി മുക്ക് | 1.000 |
| | 08 | ചെമ്പനോട കാട്ടിക്കുളം (സിമിത്തേരി വഴി) | 2.00 |
| | 09 | മുത്തേട്ടു പുഴ എസ്റ്റേറ്റ് മുക്ക് | 1.500 |
| | 10 | വെട്ടിക്കാല മുക്ക് മുത്താട്ട് പുഴയോരം | 1.144 |
| | 11 | ഹരിജൻ കോളനി മുത്തേട്ടുപുഴറോഡ് മൂഴേമുക്ക് റോഡ് | 0.800 |
| | 12 | അമ്യാം മണ്ണ് ചെമ്പനോടകടവ് വണ്ണാത്തിച്ചിറോഡ് | 1.500 |
| III | 01 | പൂഴിത്തോട് ആലംപാറ റോഡ് | 1. 900 |
| | 02 | മാവട്ടംപശുക്കടവ് ഹിൽഹൈവെ റോഡ് | 2.250 |
| | 03 | ഒഴുകയിൽ പടി ആലം പാറ റോഡ് | 1.750 0 |
| | 04 | സിക്കുവളവ്-ആലംപാറ റോഡ് | 1.500 |
| | 05 | കുറത്തിപ്പാറ സെന്റർമുക്ക് റോഡ് | 1.000 |
| | 06 | ബദൽ റോഡ് – താളിപ്പാറ റോഡ് | 6.000 |
| | 07. | പൂഴിത്തോട് – എക്കൽ മല റോഡ് | 1.200 |
| | 08. | പൂഴിത്തോട് – കബറുള്ള കെല്ലി ബദൽ റോഡ് | 2.300 |

| | | | |
|---|---|---|---|
| | 09. | പുഴിത്തോട് - മാവട്ടം റോഡ് | 2.250 |
| | 10. | ചെറുകുന്ന് - കറുകയിൽ മുക്ക് റോഡ് | 1.800 |
| | 11. | ആലംപാറ - പനക്കം കടവ് റോഡ് | 1.750 |
| | 12. | കുറത്തിപ്പാറ- ആലംപാറ റോഡ് | 2.200 |
| | 13. | പുഴിത്തോട് -വെട്ടികക്കൽ കടവ് റോഡ് | 1.600 |
| IV | 01. | മുതുകാട് - മൂന്നാം ബ്ലോക്ക് റോഡ് | 2.850 |
| | 02. | 21 പാലം - 4 -ാം ബ്ലോക്ക് റോഡ് | 3.600 |
| | 03. | മുതുകാട് 21 പാലം -നരേന്ദ്ര ആദിവാസി കോളനി | 1.400 |
| | 04. | മുതുകാട് ചെങ്കോട്ടക്കൊല്ലി - കലക്ടീവ് ഫാം - കുഴൽകിണർ റോഡ് | 3.800 |
| V | 01. | മുതുകാട് റിസർവോയർ റോഡ് (5 -ാം ബ്ലോക്ക് റോഡ്) | 800 |
| | 02 | പാട്ടശേരി മുക്ക് റിസർവോയർ റോഡ് | 800 |
| VI | 01. | പാറത്തറ - കാഞ്ഞിരക്കടവ് റോഡ് | 2.000 |
| | 02. | ചക്കിട്ടപാറ - കുന്ദമംഗലം റോഡ് | 1.500 |
| | 03. | കെ.വൈ.ഐ.പി - ചക്കിട്ടപാറ റോഡ് | 2.400 |
| | 04. | ചക്കിട്ടപാറ - കുറ്റിപ്പിലായി റോഡ് | 1.500 |
| | 05. | വെള്ളപ്പാക്കൽ- മാത്തൂർ റോഡ് | 1.000 |
| | 06. | ബാങ്കു പടി - സി.എസ്. ഐ റോഡ് (വൈക്കം പാറ) | 1.000 |
| | 07. | റേഷൻ കട - കുറ്റിപ്പിലായ് റോഡ് | 1.000 |
| | 08. | റേഷൻകട - സി.എസ്. ഐ പള്ളി റോഡ് | 1.500 |
| | 09. | പിള്ളപ്പെരുവണ്ണ - കൊത്തിയപാറ റോഡ് | 1.000 |
| | 10. | നാലുസെന്റ് - കോളനി (മണ്ഡപം) | 1.000 |
| VII | 01. | മുക്കവല - ചങ്ങരോത്ത് പഞ്ചായത്ത് ലിമിറ്റ് | 2.600 |
| | 02. | ടെംബിൾ ജംഗ്ഷൻ - കൂവപ്പൊയിൽ | 1.600 |
| | 03. | പിള്ള പെരുവണ്ണ - കൂവപ്പൊയിൽ റോഡ് | 1.500 |
| | 04. | മുക്കവല അക്വഡേറ്റ് റോഡ് | 1.100 |
| | 05. | കൊത്തിയപാറ - പിള്ളപ്പെരുവവണ്ണ ജംഗ്ഷൻ | .800 |
| | 06. | കൊത്തിയപാറ - പുല്ലത്തു മൂല | .850 |

| | | | |
|---|---|---|---|
| | 07. | മുടിയൻചാൽ - കുളത്തും തറ റോഡ് | .400 |
| | 08. | അമ്പലമുക്ക് - മുടിയൻ ചാൽ | .800 |
| | 09. | അക്വഡേറ്റ് - ശാന്തിപ്പാറ മിച്ചഭൂമി കോളനി റോഡ് | .440 |
| | 10. | താഴത്തുവയൽ പിള്ളപ്പെരുവണ്ണ(ഇറിഗേഷൻ) റോഡ് | |
| VIII | 01. | മുക്കള്ളിൽ - തലക്കോട്ടറ - താന്നിയോട റോഡ് | 1.560 |
| | 02. | മാവുള്ള ചാലിൽ - കൂടക്കല്ല്- തലക്കോട്ടറ - മുക്കള്ളിൽ റോഡ് | |
| | 03. | മുക്കവല - താന്നിയോട് -(അക്വഡേറ്റ് ) | |
| | 04. | ചെമ്പ്ര പള്ളിക്കുന്ന് (റോഡ്) | .800 |
| | 05. | ചക്കിട്ടപാറ - കുളത്തുവയൽ ഹൈസ്കൂൾ റോഡ് | |
| | 06. | മുക്കവല - ഹെസ്കൂൾ റോഡ് | 1.550 |
| | 07. | താന്നിയോട് - തലക്കോട്ടറ - മാവുള്ളചാൽ റോഡ് | |
| IX | 01. | ചക്കിട്ടപാറ - നരിനട - കൂരാചച്ചുണ്ട് റോഡ് | 6.250 |
| | 02. | നരിനട - കണ്ണാടിപ്പാറ റോഡ് (വഴി ഉള്ളാട്ടിൽ പടി) | .350 |
| | 03. | ചക്കിട്ടപാറ - പള്ളിക്കുന്ന് - നരിനട റോഡ് | 4.800 |
| | 04. | ചക്കിട്ടപാറ - കൂടക്കൊല്ലി ജംഗ്ഷൻ (എസ്സ്. എച്ച. കോൺവെന്റ് വരെ) | 1.850 |
| | 05 | ചക്കിട്ടപാറ - കണ്ണാടിപ്പാറ റോഡ് | 1.200 |
| | 06 | ചക്കിട്ടപാറ - നരിനട - തോണിക്കടവ് റോഡ് (വഴി, വില്വാരി) | 4.560 |
| | 07 | നരിനട - കാളങ്ങാല്ലി റോഡ് | 1.600 |
| | 08 | വില്യാരി - മറുമണ്ണുമുക്ക് റോഡ് (വഴി മൂന്ന് സെന്റ സൈറ്റ്) | 1.500 |
| | 09 | വില്യാരി - എടവനപ്പാറ റോഡ് | 2.100 |
| | 10 | പെരുംചേരി മുക്ക് - പെരുംകൈത മുക്ക് | 1.000 |
| | 11 | കൂടക്കൊല്ലി - അഞ്ച് കണ്ടംമുക്ക് മുതൽ - കാരിപ്പടി വരെ | .300 |
| X | 01 | പെരുവണ്ണാമൂഴി - വട്ടക്കയം - പട്ടയക്കോളനി - രണ്ടാം ബ്ലോക്ക് - | |
| | | മുതുകാട് റോഡ് (ചെങ്കോട്ടക്കൊല്ലി കോളനി വഴി) | 7.000 |
| | 02 | ചെകുത്താൻ മുക്ക്(അമ്പേദ്ക്കർ മുക്ക്) പട്ടയം കോളനി റോഡ് | 1.500 |
| | 03 | കുഴൽ കിണർ - അംഗൻവാടി - പമ്പ് ഹൗസ് റോഡ് | 2.000 |
| | 04 | എർത്ത്ഡാം - നിരങ്ങും പാറവയൽ റോഡ് റോഡ് | 1.000 |

റോഡ് നിർമ്മാണം പോലെ തന്നെ പഞ്ചായത്തിലെ വിവധ നടപ്പാലങ്ങളുടെ നിർമ്മാണവും പ്രാധാന്യമർഹിക്കുന്നു. വാർഡുതല ആവശ്യങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ് I- പന്നിക്കോട്ടൂർ കോളനി- മൂത്തോട്ടു പുഴക്ക് പാലം

വാർഡ് II - നെടുവാൻ വടക്ക് പുഴയ്ക്ക് ചവറൻമൂഴി ഭാഗത്തും തറക്കുന്നേൽ ഭാഗത്തും നടപ്പാലം

വാർഡ് III - (1) ഇല്യാനി പുഴയ്ക്ക് നടപ്പാലം , (2) കുറത്തിപ്പാറ കടന്തറപ്പുഴയ്ക്ക് നടപ്പാലം ,

(3) താളിപ്പാറ 2-ാം ചീളിക്ക് നടപ്പാലം

വാർഡ് IV - (1) മുതുകാട് ആദിവാസി കോളനിക്ക് നടപ്പാലം

വാർഡ് VII - (1) പുല്ലത്ത് മൂല കനാലിന് പാലം

വാർഡ് VIII - (1) കല്ലായിക്കുന്നേലേക്ക് കനാലിന് നടപ്പാലം (2) മാവുള്ളചാലിൽ കനാലിന് പാലം

വാർഡ് X ചെങ്കോട്ടകൊല്ലി കോളനിയിൽ അമ്പലക്കടവിൽ ഓനിപ്പുഴക്ക് ഒരു നടപ്പാലം.

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് നമ്പർ | കോഡ് | റോഡിന്റെ പേര |
|---|---|---|
| I | 01 | വട്ടക്കണ്ടി മുക്ക്തോട്ടരികത്തു റോഡ് |
| | 02 | കൃഷിഫാം മുറംതൂക്കിക്കുന്ന് റോഡ് |
| | 03 | ചീങ്കൻപ്പടി തിമിരിക്കുന്ന് റോഡ് |
| II | 01 | അമ്മ്യാംമണ്ണ് -പരപ്പുപാറ നെടുവാൽ പാലംവരെ റോഡ് |
| | 02 | മരുതോലി മുക്ക് - കെട്ടുപുരക്കുന്ന് - ആലംപാറ റോഡ് |
| | 03 | പുത്തിരിപ്പാറ - വൈതിരി മുക്ക് - പുല്ലംപ്ലാവ് മുക്കിലേക്കുള്ള റോഡ് |
| | 01 | 3-ാം ബ്ലോക്കിൽ നിന്നും സോമരാജൻ കുന്ന് റോഡ് 1 കി.മീറ്റർ |
| IV | 02 | പള്ളുരുത്തി മുക്ക് ആദിവാസി കോളനി റോഡ് 1500 മീറ്റർ |
| | 03 | ആദിവാസി കോളനി 4-ാം ബ്ലോക്ക് റോഡ്, കുടിയേറ്റമേഖല റോഡ് (കുടിയേറ്റമേഖല 1-ാം ബ്ലോക്ക്) 3, 600 മീ.) |
| V | 01 | എസ്റ്റേറ്റ് മുക്ക് (റിസർവോയർ അതിർത്തി മുതുകാട് താഴത്തങ്ങായി റോഡ്) |
| | 02 | പ്ലാന്റേഷൻ 28-ൽ നിന്നും കക്കയം പവർഹൗസുമായി ബന്ധിപ്പക്കുന്ന റോഡ് |
| VI. | 01 | റേഷൻ കട - കുറ്റിപ്പിലായി റോഡ് |
| | 02 | തോണക്കര കുഞ്ഞൂട്ടി പടിക്കൽ കുറ്റിപ്പിലായി റോഡ് ഢകക 02 മുടിയൻചാൽ അണാർത്തിമുക്ക് റോഡ് (വാഴയിൽ താഴ) |

| | | |
|---|---|---|
| | 02 | മുടിയൻചാൽ എരവുചിറ താഴെ മുക്ക് റോഡ് |
| VIII | 01 | തലക്കോട്ടറ കോട്ടക്കുന്ന് താന്നിയോട്, റോഡ് – മുക്കവല റോഡ് |
| IX | 01 | പെരുംചേരി മുക്ക്ചിറയ്ക്കൽ പടി റോഡിൽ ചിറയ്ക്കൽ പടി മുക്ക് ശങ്കരവയൽ അതിർത്തിവരെ (വഴി, അമ്പലം) പെരുംകൈത 350 മീ. |
| | 02 | കൂടക്കൊല്ലി – ചിറ്റേട്ട് മുക്ക് വള്ളീൽ പടിവരെ (വഴി, ചിരട്ടവയൽ പടി) 350 മീ. |
| | 03 | വില്ല്യാരി മുക്ക് എടമനപ്പാറ റോഡിൽ എഴുത്താണി പടി മുതൽ പൊന്തടുത്തപാറ 400 മീ. വിജയന്റെ മുക്കുവരെ |
| X | 01 | മുതുകാട് താഴത്തങ്ങാടി നമ്പ്യാർ മുക്ക് റോഡ് 0.600 മീ. |
| | 02 | എസ്റ്റേറ്റ് മുക്ക് വട്ടക്കയം റോഡ് 1 കി.മീ. |
| | 03 | കുഴൽ കിണർ രണ്ടാം ബ്ലോക്ക് ചെങ്കോട്ടകൊല്ലി റോഡ് 1.200 കി.മീ. |

## ഗതാഗത രംഗത്തെ പ്രശ്നങ്ങൾ

1. റോഡുകൾ ഗതാഗതയോഗ്യമല്ല

2, വാർഡുകളിലെ പ്രധാന റോഡുകൾ PWD ഏറ്റെടുത്തിട്ടില്ല.

3. നിലവിലുള്ള റോഡുകൾ അതേ വീതിയിൽ ടാറിങ്ങിന് സാദ്ധ്യമാവുന്നില്ല.

4. നിലവിലുള്ള റോഡുകളിൽ ബസ്സ് ഗതാഗതം കുറവാണ്.

5. പൂഴിത്തോട് പടിഞ്ഞാറെത്തറ റോഡിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു.

## നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങൾ

1. വാർഡുകളിലെ പ്രധാന റോഡുകൾ PWD ഏറ്റെടുക്കുക. (പട്ടിക കാണുക)

2, നിലവിലുള്ള പ്രധാന റോഡുകൾ അതേപടി ടാറിടാൻ അനുവാദം ലഭിക്കുക.

3. നിലവിലുള്ള റൂട്ടുകളിൽ ബസ്സ് ഗതാഗതം ലഭ്യമാക്കുകയും നിലവിലില്ലാത്തിടത്ത് പുതിയത് ആരംഭിക്കുകയും ചെയ്യുക.

# ഊർജ്ജം

1972ലെ ഒരു സായാഹ്നത്തിൽ ചക്കിട്ടപാറയിലെ ചില വീടുകളിൽ ഏതാനും ബൾബുകൾ പ്രകാശിച്ചതോടെയാണ് ആധുനിക പുരോഗതിയുടെ അടിസ്ഥാന ഘടകമായ വൈദ്യുതി ഇവിടെ എത്തിയത്. നീണ്ട 24 വർഷങ്ങൾ കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ ഒരു വാർഡും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല. മലബാറിലെ പ്രധാന വൈദ്യുത ഉൽപാദന കേന്ദ്രമായ കക്കയം പവ്വർ സ്റ്റേഷനോട് തൊട്ടടുത്ത് കിടക്കുന്ന പ്രദേശമായിട്ടുപോലും വൈദ്യുതി എല്ലാ വാർഡിലും ഇല്ല എന്നത് നമ്മുടെ ദുര്യോഗമാണ്. കുറ്റ്യാടിയിലുള്ള 110 ഗഢ സബ്ബ് സ്റ്റേഷനിൽ നിന്നാണ് നമുക്ക് ഇപ്പോൾ വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ കരന്റ് ചാർജ്ജ് അടയ്ക്കുന്നതിന് 820 കി.മീ. അകലത്തിലായി സ്ഥിതിചെയ്യുന്ന പേരാമ്പ്രയിൽ പോകേണ്ടിവരുന്നു. വിദ്യുഛക്തിയി ഉപഭോക്താക്കളിൽ ഭൂരിഭാഗവും ഗാർഹിക ഉപഭോക്താക്കളാണ്.

**പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം താഴെ കൊടുക്കുന്നു.**

| നമ്പർ | പേര് | എണ്ണം |
|---|---|---|
| 1. | ചെമ്പനോട | 2 |
| 2. | മൂഴി | 3 |
| 3. | പിള്ളപ്പെരുവണ്ണ | 1 |
| 4. | അണ്ണക്കൊട്ടൻ ചാൽ | 1 |
| 5. | ചക്കിട്ടപാറ | 1 |
| 6. | പള്ളിക്കുന്ന് | 1 |
| 7. | ചെമ്പ്ര | 1 |
| 8. | മുക്കള്ളിൽ | 1 |
| 9. | ARS കൂത്താളി | 1 |
| 10. | മുതുകാട് | 1 |
| 11. | CPCRI | 1 |
| 12. | പ്ലാന്റേഷൻ | 1 |
| 13. | ചെങ്കോട്ടകൊല്ലി | 1 |
| ആകെ | -- | 17 |

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെപ്പറ്റി പരാതിയുള്ളവരാണ്. അധികൃതരുടെ കണക്കനുസരിച്ച് 40 W ന്റെ 92 തെരുവ് വിളക്കുകളാണ് പ്രകാശിക്കുന്നത്. തെരുവ് വിളക്ക് ചാർജ്ജിനത്തിൽ പഞ്ചായത്ത് തൻ വർഷം ചെലവ് ചെയ്ത തുക 12121 രൂപയാണ്.സോഡിയം വേപ്പർ ട്യൂബ് എന്നിവ പഞ്ചായത്തിൽ നിലവിലില്ല. പഞ്ചായത്തിലെ ആകെ വൈദ്യുത ലൈനിന്റെ നീളം 210 KM ആണ്. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും പാചകാവശ്യത്തിനുള്ള ഇന്ധനമായി ഉപയോഗിക്കുന്നത് വിറകാണ്.

**പ്രശ്നങ്ങൾ:**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. ഹരിജൻ, ആദിവാസി കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.

3. പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ്.

4. തെരുവുവിളക്കുകൾ അപര്യാപ്തമാണ്.

5. കക്കയം പവ്വർസ്റ്റേഷനിലെ വൈദ്യുതി നേരിട്ട് ഉപയോഗിക്കാൻ കഴിയുന്നില്ല.

**സാധ്യതകൾ:**

1. മാവട്ടം, ഓനിപ്പുഴ മിനി ഹൈഡൽ പ്രൊജക്ടുകൾ ഉടൻ നടപ്പിലാക്കുക

2. പഞ്ചായത്തിൽ വൈദ്യുത ബോർഡിന്റെ മേജർ സെക്ഷൻ ഓഫിസ് പ്രവർത്തനം ആരംഭിക്കുക.

3. സാധ്യമായ സ്ഥലങ്ങളിൽ ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.

4. വൈദ്യുതി ബോർഡ് ജീവനക്കാരുടെ സഹായത്തോടെ പ്രേക്ഷണ വിതരണ നഷ്ടം കുറയ്ക്കുക.

5. ചക്കിട്ടപാറയിൽ 110 KV സബ് സ്റ്റേഷൻ അനുവദിക്കുക.

6. സൗരോർജ്ജ ഗൃഹോപകരണങ്ങൾ സാമ്പത്തിക സഹായത്തോടെ അനർട്ട് മുഖേന ലഭ്യമാക്കുക.

7. വൈദ്യുതി ലഭിക്കാത്ത ഒറ്റപ്പെട്ട വീടുകൾ സാമ്പത്തിക സഹായത്തോടെ അനർട്ട് മുഖേന സൗരോർജ്ജ പദ്ധതി നടപ്പിലാക്കുക.

8. പുകയില്ലാത്ത അടുപ്പ് സാർവ്വത്രികമാക്കുക.

## മാർക്കറ്റ്

ആഴ്ചച്ചന്തകൾ നിലവിലില്ലാത്ത ഒരു ഗ്രാമ പഞ്ചായത്താണ് നമ്മുടേത്. കാർഷിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത് സ്വകാര്യ കച്ചവട സ്ഥാപനങ്ങളിലൂടെയാണ്. നാളികേരം, റബ്ബർ, അടയ്ക്ക, തുടങ്ങിയവയാണ് പ്രധാന കാർഷിക വിളകൾ. ഇവയിൽ പ്രധാന ഉൽപ്പന്നമായ റബ്ബറിനും നാളികേരത്തിനും ഒരു പൊതുവിപണിയോ, വിശ്വസിക്കാവുന്ന വിപുലമായ സ്വകാര്യ വിപണിയോ ഇല്ല എന്ന വസ്തുത പരിതാപകരമാണ്. കർഷകർ അവരുടെ കാർഷിക ഉൽപ്പന്നങ്ങൾ കച്ചവടക്കാർ പറയുന്ന വിലയ്ക്ക് കൊടുക്കേണ്ടിവരുന്നു.

പഞ്ചായത്ത് തലത്തിൽ ആഴ്ചചന്തകൾ തുടങ്ങുകയും ഉല്പന്ന വിപണനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം. കാർഷിക ഉൽപ്പന്നങ്ങൾ വിപണനത്തിനു സഹകരണാടിസ്ഥാനത്തിൽ വിപണനകേന്ദ്രം ആരംഭിക്കണം.



5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാത്ത നിരവധി ജനവിഭാഗങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മനുഷ്യന്റെ അടിസ്ഥാനാവശ്യമായ പാർപ്പിടം പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗത്തിനും ലഭ്യമാക്കാത്ത വികസന പ്രക്രിയയോട് നമുക്ക് നീതി പുലർത്താൻ കഴിയില്ല. സമഗ്ര പാർപ്പിട നിർമ്മാണപദ്ധതി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും അതിലൂടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയും.

ചക്കിട്ടപാറ പഞ്ചായത്തിലെ 4644 വീടുകളിൽ 2413 എണ്ണം ഓലമേഞ്ഞ വീടുകളും 1892 ഇടത്തരം വീടുകളും 539 കോൺക്രീറ്റ് വീടുകളും ആണ്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി പുതിയ വീടുകൾ പണിതുവരുന്നുണ്ട്. പുതിയ വീടുകളുടെ നിർമ്മാണത്തിനായി അമിതമായി പണം ധൂർത്തടിക്കുന്ന പ്രവണത കുറവാണ്. ഭവന നിർമ്മാണ രംഗത്ത് അനുഭപ്പെടുന്ന വർദ്ധിച്ചുവരുന്ന നിർമ്മാണചെലവ്, വിദഗ്ദ തൊഴിലാളികളുടെ ലഭ്യത കുറവ്, വായ്പാ ലഭ്യതയിലനുഭവപ്പെടുന്ന വിഷമം.....ഇവ പാർപ്പിട നിർമ്മാണരംഗത്തെ രൂക്ഷ പ്രശ്നമായി അവശേഷിക്കുന്നു. ഭവനനിർമാണ രംഗത്ത് പന്തിരിക്കര ഹൗസിംഗ് സൊസൈറ്റി, ചക്കിട്ടപാറ സർവ്വീസ് സഹകരണ ബാങ്ക്, LIC, കാൻഫിൻ ഹോംസ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. സർക്കാർ ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമാണത്തിനു നൽകുന്ന ധനസഹായതുക അപര്യാപ്തമാണ്.പാർപ്പിട പ്രശ്നം പരിഹരിക്കുവാ നാവശ്യമായ രീതിയിൽ ഭവനനിർമാണ സഹകരണ സംഘം സ്ഥാപിക്കേണ്ടതുണ്ട്.

ദുർബല വിഭാഗക്കാർക്ക് വീടുവയ്ക്കാൻ 10സെന്റ് സ്ഥലം സൗജന്യമായി നൽകുകയും പഴയ വീട് റിപ്പയർ ചെയ്യുന്നതിനാവശ്യമായ നടപടികൾ എടുക്കുകയും ചെയ്യേണ്ടതാണ്.

ഇവിടെയുള്ള 19 അംഗൻ വാടി കളിൽ ഭൂരിഭാഗത്തിനും സ്വന്താമായി കെട്ടിടമോ സ്ഥലമോ ഇല്ല. കളിക്കോപ്പുകളുടെ അപര്യപ്തതയും കുടിക്കാനുള്ള ശുദ്ധജലത്തിന്റെ കുറവും അനുഭവപ്പെടുന്നുണ്ട്. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും വലിയ പ്രശ്നം തന്നെയാണ്. ആരോഗ്യ സംഹക്ഷണ പ്രവർത്തകരുടെ ഭവന സന്ദർശനവും അംഗൻവാടി സന്ദർശനവും കാര്യക്ഷമമാക്കേണ്ടതുണ്ട്. അംഗനവാടികളെ പറ്റിയുള്ള വിവരം താഴെചേർക്കുന്നു.

പട്ടിക 3

## അംഗൻ വാടികളുടെ വിവരം

| ക്രമനമ്പർ | വാർഡ് | എണ്ണം | അംഗൻ വാടി പേര് | നമ്പർ | കെട്ടിടം | സ്ഥലം |
|---|---|---|---|---|---|---|
| 1 | 1 | 1 | നഴ്സറി | | ഉണ്ട് | |
| 2 | 2 | 1 | ചെമ്പനോട് | 105 | ഉണ്ട് | |
| 3 | 3 | 2 | ആലംമ്പാറ | 7 | ഉണ്ട് | |
| 4 | | | പൂഴിത്തോട് | 104 | ഉണ്ട് | |
| 5 | 4 | 2 | നരേന്ദ്ര ക്കോളനി | 143 | ഇല്ല | ഉണ്ട് |
| 6 | | | മുതുകാട് കലക്ടീവ് ഫാം | 106 | ഇല്ല | ഉണ്ട് |
| 7 | 5 | 1 | പ്ലാന്റേഷൻ | 12 | ഇല്ല | ഇല്ല |
| 8 | 6 | 2 | വൈക്കം പാറ | 2 | ഉണ്ട് | |
| 9 | | | അണ്ണൻക്കുട്ടൻ ചാൽ | 4 | ഇല്ല | ഉണ്ട് |
| 10 | 7 | 4 | മുടിയൻ ചാൽ | 4 | ഇല്ല | ഉണ്ട് |
| 11 | | | കൊത്തിയ പാറ | 6 | ഉണ്ട് | |
| 12 | | | പെരുവണ്ണാമൂഴി | 2 | ഇല്ല | |
| 13 | | | പിള്ളപ്പെരുവണ്ണ | 102 | ഉണ്ട് | |
| 14 | 8 | 2 | താന്നിയോട് | 5 | ഇല്ല | ഉണ്ട് |
| 15 | | | മുക്കള്ളിൽ | 8 | ഉണ്ട് | |
| 16 | 9 | 3 | നരിനട | 9 | ഇല്ല | |
| 17 | | | മറുമണ്ണ് | 10 | ഉണ്ട് | |
| 18 | | | ചക്കിട്ടപാറ സന്തോഷ് | 101 | ഉണ്ട് | |
| 19 | 10 | 2 | ചെങ്കോട്ടകൊല്ലി | 1 | ഉണ്ട് | |
| 20 | | | എസ്റ്റേറ്റ്മുക്ക് | 11 | ഉണ്ട് | |

പഞ്ചായത്തിൽ 379 പേർക്ക് കർഷകതൊഴിലാളി പെൻഷനും 140 പേർക്ക് തൊഴിലില്ലായ്മ വേതനവും ലഭിക്കുന്നുണ്ട്. വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം പരിമിതമാണ്. വികലാഗ പെൻഷൻ അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല. സാമൂഹ്യ ക്ഷേമരംഗത്ത് കേന്ദ്രസംസ്ഥാന ഗവണ്മെന്റുകൾ നിരവധി പ്രവർത്തനപദ്ധതികൾ നടപ്പാക്കുന്നുണ്ട്. പക്ഷെ ഇതൊന്നും കാര്യക്ഷമമല്ല. വിവിധ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് ചുമട്, ടാപ്പിംഗ്, മത്സ്യ, ചെങ്കൽ, കർഷക തൊഴിലാളി ഇവർക്ക് ഫലപ്രദമായ സാമൂഹ്യ സുരക്ഷിതത്വ പദ്ധതി നിലവിലില്ല.


ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ച കളുടെയും ശേഖരിക്കപ്പെട്ട വിവരങ്ങളടെയും അടിസ്ഥാനത്തിൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രധാന പ്രശ്നങ്ങൾ**

1. മുന്നോക്ക വിഭാഗത്തിലുള്ള ദുർബല വിഭാഗങ്ങൾക്ക പാർപ്പിട നിർമ്മാണത്തിന് ആനുകൂല്യം ലഭ്യമല്ല.
2. ദുർബല വിഭാഗങ്ങൾക്ക് വീടുവെയ്ക്കാൻ 10 സെന്റു സ്ഥലമെങ്കിലും ലഭിക്കുന്നില്ല.
3. ഭവന നിർമ്മാണത്തിനും പഴയ വീട് റിപ്പേർ ചെയ്യുന്നതിനും ഉയർന്ന തോതിലുള്ള സബ്സിഡിയോട് കൂടിയുള്ള വായ്പ ലഭിക്കുന്നില്ല.
4. ഹൗസിംഗ് കോംപ്ലക്സ് ഇല്ല.
5. വഴിവിളക്കുകൾ ഇല്ല.
6. പൊതു കക്കൂസ്, മൂത്രപ്പുര, മത്സ്യമാർക്കറ്റ്, അറവു ശാല തുടങ്ങിയവ ഇല്ല.
7. ക്ഷേമപദ്ധതികളുടെ പലതിന്റെയും നടത്തിപ്പ് കാര്യക്ഷമമല്ല.
8. പഞ്ചായത്ത് പൂർണ്ണ മദ്യവിമുക്തമല്ല.
9. വിദഗ്ദധതൊഴിലാളികൾക്ക് പ്രയാസം
10. കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക
2. വീട് വയ്ക്കാൻ 10 സെന്റിൽ കുറയാത്ത ഭൂമി ലഭ്യമാക്കുക.
3. ഹൗസിംഗ് കോംപ്ലക്സുകളും വഴിവിളക്കുകളും സ്ഥാപിക്കുക.
4. പൊതുകക്കൂസ്, മൂത്രപ്പുര, അറവുശാല, മത്സ്യമാർക്കറ്റ്, തുടങ്ങയവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.
5. ക്ഷേമപദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്ത് മുഖേനയാക്കുക.
6. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.
7. കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് ലഭ്യമാക്കുകയും വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുക.
8. വൃദ്ധമന്ദിരം, അഗതി മന്ദിരം ഇവ നിർമ്മിക്കാനാവശ്യമായ പരിപാടി തയ്യാറാക്കുക.
9. ക്ഷേമ പദ്ധതികൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.
10. അംഗൻ വാടി കളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുക.
11. വിവിധ തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷിതത്വ നടപടികൾ നടപ്പിലാക്കുക.



# 5-8

# സംസ്കാരം

ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിന്റെ സാംസ്കാരിക സ്വത്വത്തിലേക്ക് നയിക്കുന്ന കൈവഴികളിലൂടെ സഞ്ചരിക്കുമ്പോൾ സവിശേഷതകളുടെ ഒട്ടേറെ പ്രകാശ ധാരകൾ നമുക്ക് കാണാൻ കഴിയും.

കുറുമർ, കുറിച്യർ, പണിയർ കരിമ്പാലന്മാർ തുടങ്ങിയ ആദിവാസികളുടെ സാംസ്കാരിക സവിശേഷതകളുടെ കേളീരംഗങ്ങളായിരുന്ന കാവുകളും ബലിപീഠങ്ങളും പ്രാകൃത ആരാധനാലയങ്ങളും ദൈവപ്രീതിക്കായ് സ്വന്തം ശിരസ്സ് പോലും വെട്ടിപ്പൊളിക്കുമ്പോഴാണ് ത്യാഗബോധത്തോടെ അനുഗ്രഹിക്കുകയെന്നും ദൈവങ്ങളെ ആവാഹിച്ചു അരുളപ്പാടുളുതിർക്കുകയും ചെയ്യുന്ന കോമരങ്ങൾ രൂപപ്പെടുത്തിയെടുത്ത മിത്തുകൾ ഇന്നും ചക്കിട്ടപാറയിലെ പൗരസഞ്ചയത്തിന്റെ സ്മൃതി മണ്ഡലങ്ങളിൽ തെളിഞ്ഞുനില്ക്കുന്നു.

തങ്ങളെ ചൂഷണം ചെയ്യാൻ ശ്രമിച്ച ശക്തികളോടുള്ള പ്രതിഷേധം പോലും തെയ്യങ്ങളിലൂടെയും തിറകളിലൂടെയും മറ്റു അനുഷ്ഠാനകലാരൂപങ്ങളിലൂടെയും ആവിഷ്കരിക്കാൻ ഈ ആദിവാസികൾ ശ്രമിച്ചിരുന്നതായി ചരിത്ര പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. കളംവര, തുടികൊട്ടിപ്പാട്ട് തുടങ്ങിയ അനുഷ്ഠാനങ്ങൾ ഇന്നും ഈ സമുദായങ്ങളിൽ നലനില്ക്കുന്നു. തീണ്ടൽ, തൊടീൽ, തിരണ്ടുകല്യാണം തുടങ്ങിയ ആചാരക്രമങ്ങൾ ആദിവാസികളുടെ ഇടയിൽ നമുക്ക കാണാൻ കഴിയും.

പെരുവേൽ ഇടം എന്ന ക്ഷേത്രത്തിന്റെ ഉത്സവ പറമ്പായിരുന്നുവത്രെ ഇന്നത്തെ ചക്കിട്ടപാറ അങ്ങാടി. ആദിവാസികളുടെ ഈ വിഹാര ഭൂമിയിൽ കാലം രചിച്ച മാറ്റങ്ങളുടെ ഫലമായി നമ്പൂതിരമാർ അവരുടെ സംസ്കാരം സംക്രമിപ്പിക്കുകയും അങ്ങനെ ഇല്ലങ്ങളും ക്ഷേത്രങ്ങളും ഉയരുകയും ചെയ്തു. നൂറ്റാണ്ടുകൾ പഴക്കമുള്ള പിള്ളപ്പെരുവണ്ണയിടം ക്ഷേത്രത്തിനു ചുറ്റുമുള്ള നമ്പൂതിരി ഇല്ലങ്ങളായ പുളിക്കൽ, തലച്ചിറ, പനമറ്റം പറമ്പ്, കാപ്പുകാട്, വളയത്ത്, പുറ്റ്നാനിക്കൽ, നെല്ലിമല എന്നിവിടങ്ങളിൽ നിന്ന് ചക്കിട്ടപാറ ക്ഷേത്രത്തിൽ ഉത്സവം കാണാൻ വരാറുണ്ടായിരുന്നുവെന്ന് ചക്കിട്ടപാറയുടെ ചരിത്രം നന്നായറിയാവുന്ന പഴമക്കാർ പറയുന്നു. നമ്പൂതിരി അന്തർജ്ജനങ്ങൾക്ക് നടക്കാൻ പ്രത്യേകം നടപ്പാതയും കുളിക്കാൻ ജലാശയങ്ങളും ഉണ്ടായിരുന്നുവത്രെ. എന്നാൽ പഴയക്ഷേത്രങ്ങളുടെയും ചരിത്ര സമ്പത്തുകളുടെയും സാംക്കാരികത്തനിമ വിളിച്ചോതുന്ന ചുമർ ചിത്രങ്ങളും വിഗ്രഹങ്ങളും കാലപ്രവാഹത്താൽ ശിഥിലമായി. ഈ സുവർണ്ണകാല ശൈഥില്യത്തിനു കാരണം തേടി പോകുന്ന ഏതൊരാളും പാശ്ചാത്യ പകി ട്ടുകളോടു കൂടിയ ആധുനിക നാഗരിക സംസ്കാരത്തിന്റെ അധിനിവേശ ചരിത്രത്തിലേക്കാണെത്തുക.

ചക്കിട്ടപാറയിൽ ആധുനിക കൃഷി സംവിധാന ങ്ങളും യുക്തി ബോധത്തോടു കൂടിയ ശാസ്ത്രീയ ജീവിത രീതിയും എത്തിച്ചതിൽ കുടിയേറ്റ കർഷകർ മഹത്തായ

സംഭാവനകളാണ് നൽകിയത്. കാട്ടു മൃഗങ്ങളോടും മാരക രോഗങ്ങളോടും പടപൊരുതി വന്യമായ ഒരു പ്രദേശത്തെ സമ്പന്നമാക്കാനുള്ള കഠിന യത്നങ്ങൾക്കിടയിൽ സ്വന്തം സാംസ്കാരിക നിലവാരത്തെ കുറിച്ച് താത്പര്യം നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു തലമുറ ഇവിടെ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് ഇന്നു കാണുന്ന ലൈബ്രറികൾ വായനശാലകൾ, വിദ്യാലയങ്ങൾ, പള്ളികൾ, ആതുരാലയങ്ങൾ, മഠങ്ങൾ, അനാഥാലയങ്ങൾ റോഡുകൾ എന്നിവ.

സാംസ്കാരിക രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച റവ. ഫാദർ C.J. വർക്കി, മടുക്കാവുങ്കൽ തോമസ്, മാത്തൂർ ചെറിയാൻ കാപ്പുകാട്ടിൽ അഗസ്റ്റിൻ വൈദ്യർ, സി. ജെ. വർക്കി. പി. വി. തോമസ് മാസ്റ്റർ, അഗസ്റ്റിൻ കൊമ്മറ്റത്തിൽ, പി. കെ. ജോസഫ് പുളിക്കൽ, മണിക്കൊമ്പേൽ തോമസ്, മൂലയിൽ സാർ, സി. ജെ. ജോസഫ് ചെറിയംപുറം, കെ.ആർ ചെറിയാൻ മാസ്റ്റർ, എം. കുമാരൻ മാസ്റ്റർ, എൻ. സി. ജോസ്, വളയത്ത് ചാക്കോ, കളറുപാറ ചാക്കോ എന്നിവർ ഈ നാടിന്റെ വളർച്ചയിൽ ശ്രദ്ധപതിപ്പിച്ചവരാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കൃസ്ത്യൻ ദേവാലയങ്ങൾ, സ്കൂളുകൾ, സന്യാസിനി മഠങ്ങൾ, ആശുപത്രി, പോസ്റ്റോഫീസ്, ഇലക്ട്രിസിറ്റി ഓഫീസ്, അനാഥാലയം, ടെലഫോൺ എക്സ്ചേഞ്ച്, കഹകരണബാങ്ക്, പാരലൽ കോളേജുകൾ എന്നിവ ഇവരുടെ പ്രയത്നഫലമായുണ്ടായവയാണ്.

അനേകം സാംസ്കാരിക നായകന്മാരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി കാലാകാലങ്ങളായി നിലനിന്നിരുന്ന അജ്ഞത, അന്ധവിശ്വാസം, അനാചാരങ്ങൾ, എന്നിവയെ അകറ്റി നിർത്തുവാനും കലാ സാംസ്കാരിക തലങ്ങളിൽ നവോന്മേഷം പകരുവാനും പ്രതികരണശേഷിയുള്ള യുവതലമുറയെ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. സാംസ്കാരിക നായകന്മാരുടെ പരിശ്രമത്തിന്റെ ഫലമായി ഉണ്ടായ ഇരുപതോളം സാംസ്കാരി പ്രസ്ഥാനങ്ങൾ പഞ്ചായത്തിന്റെ അവബോധം വിളിച്ചറിയിക്കുന്നു.

വായന കേവലം വിനോദമോ, നേരം പോക്കോ അല്ലെന്നും വായന തിരിച്ചറിവിന്റേയും അന്വേഷണത്തിന്റെയും ചിന്തയുടെയും വൈജ്ഞാനിക സമ്പാദനത്തിന്റെയും ഉപാധിയായി മാറ്റുന്നതിലും പ്രസ്തുത കലാ സാംസ്കാരിക ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ വിവിധ മതസ്ഥർ അവരുടെ ആഘോഷങ്ങളിലും ഉത്സവങ്ങളിലും പരസ്പര സഹകരണം പുലർത്തി പോരുന്നുണ്ട്. ക്രിസ്ത്യൻ തിരുനാളാഘോഷത്തിനും ഹൈന്ദവ ക്ഷേത്രോത്സവങ്ങളിലും മുസ്ലീം പെരുന്നാളുകളിലും നാന ജാതി മതസ്ഥർ ഉത്സാഹത്തോടെ പങ്കെടുക്കാറുണ്ട്. വിവധ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തന കേന്ദ്രമാണ് ചക്കിട്ടപാറ. വ്യത്യസ്ഥ ആശയത്തിന്റെ വ്യക്താക്കളാണെങ്കിലും നാടിന്റെ വികസന കാര്യത്തിൽ ഒന്നിച്ചു നിൽക്കുകയും സമധാനാന്തരീക്ഷത്തെ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കുവാൻ അക്ഷീണം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. മതസൗഹാർദ്ദത്തിന്റെയും സഹകരണ മനോഭാവത്തിന്റെയും കാര്യത്തിൽ ചക്കിട്ടപാറ പഞ്ചായത്ത് മാതൃകയാണ്.

കായികരംഗത്തും, കലാരംഗത്തും മികവ് തെളിയിച്ച ധാരാളം പേർക്ക് ജൻമം കൊടുത്ത പഞ്ചായത്താണ് ചക്കിട്ടപാറ. എഷ്യാഡിൽ ഇന്ത്യയെ പ്രതിനിധീകരിച്ച N.C. ചാക്കോ, ദേശീയ വോളിബോൾ താരം സി.എ എൽസമ്മ, രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ നേടിയ കിഴക്കേടത്ത് തോമസ്, പ്രമുഖ ദേശീയ അത്ലറ്റ് ഷൈനി വർഗീസ്, പ്രശസ്ത വോളിബോൾ താരങ്ങളായ ഓലിക്കൽ ജോർജ്, എൻ.സി. ജോസഫ്, കെ.ജെ. ജോൺ എൻ. സി. ജോജോ,വട്ടകുളത്ത് വി.കെ ജോസഫ്, M.A. മേരി, പി. ഡി. അനുപമ ,C.V അശോകൻ, വിമൽ കുമാർ പി. ടി, രാജു കര്യാക്കോസ്. എൻ. സി. മൈക്കിൾ തുടങ്ങിയവർ കായിക രംഗത്തും നാടക കലാ രംഗത്ത് പ്രശസ്തരായ പ്രശസ്തരായ കൊഴക്കോടൻ നാരായണൻ നായർ, പൊന്നമ്മ ഭാസ്കരൻ തുടങ്ങിയവരും ഈ രംഗത്ത് ഇന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കലാ സാഹിത്യകാരന്മാരും, പഞ്ചായത്തിന്റെ മഹത്വം ഉയർത്തിക്കാട്ടിയവരാണ്.

സമൂഹത്തിനെ കാർന്ന് കൊണ്ടിരിക്കുന്ന മദ്യ മയക്കുമരുന്നിനെതിരെ പ്രവർത്തിക്കുന്നതിൽ ഈ പഞ്ചായത്തിലെ വിവിധ ക്ലബ്ബുകളും, സാംസ്കാരി സംഘടനകളും, സാമൂഹ്യ പ്രവർത്തകരും, സാംസ്കാരിക കേരളത്തിന് മാതൃകയാണ്. അന്ധബധിര മൂകന്മാരെ കണ്ടെത്തി വിദ്യാഭ്യാസവും, പ്രോത്സാഹനവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ പ്രയത്നിക്കുന്ന പെരുവണ്ണാമൂഴിയിലെ സ്നേഹസദനം ശ്രദ്ധേയമാണ്. ഈരംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾക്ക് മതിയായ പ്രോത്സാഹനം ആവശ്യമാണ്.

പഞ്ചായത്തിലെ പ്രധാന നാടക ട്രൂപ്പുകളിലൊന്നായ സംഗമം തീയേറ്റേഴ്സ് പ്രശസ്തമായിരുന്നു. ക്ഷേത്രഅനുഷ്ഠാനകലകളും, ആദിവാസി കലാരൂപങ്ങളും, നാടൻ കലകളും, നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. ഇവയെ

വളർത്തിക്കൊണ്ടു വരുവാൻ പ്രോത്സാഹനവും, സഹായവും നൽകേണ്ടിയിരിക്കുന്നു.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റവും അതിപ്രസരവും മാധ്യമങ്ങളിലെ സംസ്കാരിക അപചയവും വിവേചിച്ചറിഞ്ഞ് തിരിച്ചറിവിന്റെയും ബോധനത്തിന്റെയും മേഖലയിലെത്തിക്കുവാൻ ഗ്രാമങ്ങളിലെ സാംസ്കാരിക സംഘടനകൾക്കും ഗ്രന്ഥശാലകൾക്കും പഞ്ചായത്ത് മുന്നിട്ടിറങ്ങി പ്രോത്സാഹനവും സഹയവും നൽകേണ്ടിയിരിക്കുന്നു.

സാഹിത്യരംഗങ്ങളിൽ നവപ്രതിഭകളെ കണ്ടെത്തുന്നതിന് സ്ഥാപിതമായ വള്ളത്തോൾ കലാസാഹിത്യ വേദികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. സാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച തോമസ് വർക്കി മാസ്റ്റർ, കഥാകൃത്ത് എം. ജയാനന്ദൻ എന്നിവർ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. യശഃശരീരനായ എം. സിറിയക് മഹാപിള്ള മാപ്പിളക്കുന്നേലിന്റെ സാഹിത്യ രംഗത്തുള്ള സംഭാവനകൾ അവിസ്മരണീയമാണ്.

മുഴുവൻ സമയ സാംസ്കാരിക പ്രവർത്തകനും സംഘാടകനുമായിരുന്ന മൺമറഞ്ഞ വാലുമണ്ണയിൽ അബ്രഹാം എന്ന കുട്ടിച്ചേട്ടൻ വരും തലമുറക്ക് മാതൃകയാണ്.

### ചക്കിട്ടപാറ പഞ്ചായത്തിലെ ഗ്രന്ഥശാലകൾ

| ക്രമനമ്പർ | പേര് | സ്ഥാ. വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | സന്തോഷ് ലൈബ്രറി ചക്കിട്ടപാറ | 1963 | 345 | 5001 | C | 65 | സാംസ്കാരിക പ്രവർത്തനം കലാകായിക പ്രവർത്തനം സിമ്പോസിയം, സെമിനാർ |
| 2. | റീജനൽ ലൈബ്രറി പിള്ളപെരുവണ്ണ | 1993 | 35 | 400 | Nil | 15 | കായിക രഗംത്തെ പ്രവർത്തനങ്ങൾ |
| 3. | സഹൃദയ ലൈബ്രറി നരിനട | 1974 | 40 | 500 | Nil | 20 | കായിക ഗെയിംസ് മത്സരങ്ങൾ |
| 4. | റിക്രിയേഷൻ സെന്റർ ചെമ്പനോട | 1955 | 50 | 4000 | C | 35 | കായിക മത്സരങ്ങൾ കലാമത്സരങ്ങൾ |
| 5. | പ്രകാശ് ലൈബ്രറി പൂഴിത്തോട് | 1975 | 75 | 1150 | Nil | 20 | സാംസ്കാരിക പ്രവർത്തനം |
| 6. | പ്രതിഭ പെരുവണ്ണാമൂഴി | 1989 | 50 | 1025 | Nil | 25 | കായിക് മത്സരങ്ങൾ ഗെയിംസ് |
| 7. | രാജീവ് ഗാന്ധി സാംസ്കാരിക നിലയം ചെമ്പ്ര | 1994 | 100 | 2500 | Nil | 25 | പ്രവർത്തനം നടക്കുന്നില്ല. |
| 8. | തപസ്യ മുതുകാട് | 1986 | 75 | 1000 | Nil | 25 | കായിക പ്രവർത്തനം |

## ക്ലബ്ബുകളുടെയും സംഘടനകളുടെയും പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | സ്ഥാ. വർഷം | അംഗങ്ങൾ | അഫിലിയേഷൻ ഉണ്ടോ | കെട്ടിടം ഉണ്ടോ | റേഡിയോ ടി.വി | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | യുവരശ്മി | 1995 | 50 | Regd | Nil | Nil | സാംസ്കാരിക പ്രവർത്തനം |
| 2 | വീനസ് സീതമാറ മുതുകാട് | 1993 | 30 | Regd | yes | പത്രം ഉണ്ട് | സാംസ്കാരിക പ്രവർത്തനം |
| 3 | യുവരശ്മി ഉദയനഗർ മുതുകാട് | 1993 | 25 | Regd | yes | പത്രം | സാംസ്കാരിക പ്രവർത്തനം |
| 4 | ഗ്രാമോദയ മുതുകാട് | 1986 | 50 | Regd | Yes | പത്രം | സാംസ്കാരിക കലാ കായിക പ്രവർത്തനങ്ങൾ |
| 5 | അംബേദ്കർ കലാ സാംസ്കാരിക വേദി, മുതുകാട് | 1995 | 100 | Regd. | സ്വന്തം സ്ഥലം ഉണ്ട് | ഇല്ല | സാമൂഹ്യ സാംസ്കാരിക കായിക രംഗത്ത് പ്രവർത്തിക്കുന്നു. |
| 6. | റിവർ സൈഡ്, മുതുകാട് | 1990 | 60 | Regd. | സ്വന്തം സ്ഥലം ഉണ്ട് | പത്രം | സാംസ്കാരിക പ്രവർത്തനം |
| 7. | മൈത്രി കുറത്തിപ്പാറ | 1993 | 50 | Regd. | ഇല്ല | ഇല്ല | സാംസ്കാരിക പ്രവർത്തനം |
| 8. | യംഗ് മെൻസ്, പൂഴിത്തോട് | 1993 | 40 | Regd. | Nil | Nil | Nil |
| 9. | വികാസ്, ചെമ്പനോട | 1985 | 50 | Regd. | Nil | Nil | N" |
| 10. | ജ്യോതി പന്നിക്കോട്ടൂർ | 1990 | | Regd. | Nil | Nil | കല ായിക മത്സരങ്ങൾ സാംസ്കാരിക പ്രവർത്തനങ്ങൾ |
| 11. | ഫ്രന്റ്സ്, പൊൻമലപ്പാറ 1 | 993 | 40 | Regd. | Yes | പത്രം ഉണ്ട് | കലാകായിക മത്സരങ്ങൾ സാംസ്കാരിക പ്രവർത്തനങ്ങൾ |
| 12. | ഉദയ, പിള്ളപ്പെരുവണ്ണ | 1965 | 20 | Regd. | Yes | പത്രം | Nil |
| 13 | ചലഞ്ച് മുതുകാട് | 1996 | 15 | Regd | Nil | Nil | Nil |
| 14. | ഗ്രാമവേദി പിള്ളപ്പെരുവണ്ണ | 1996 | 50 | Un Regd | Nil | Nil | സാംസ്കാരിക പ്രവർത്തനം |
| 15. | സംഘശക്തി കൊളത്തുന്തറ | 1993 | 100 | Regd | Yes | പത്രം | കലാകായിക പ്രവർത്തനം |

| | | | | | | | |
|---|---|---|---|---|---|---|---|
| 16. | സർഗ്ഗ കൊത്തിയപാറ | 1995 | 25 | Regd | Nll | പത്രം | കലാകായിക പ്രവർത്തനങ്ങൾ |
| 17. | പ്രതീക്ഷ ചക്കിട്ടപാറ | 1988 | 60 | Regd | Nil | പത്രം | കായികം ഗെയിംസ് |
| 18. | കാസിനോ ചക്കിട്ടപാറ | 1985 | 50 | Regd | Nil | TV പത്രം | കായികം ഗെയിംസ് |
| 19. | യുറീക്കാ ചെമ്പ്ര ശാസ്ത്രക്ലബ്ബ് | 1992 | 25 | Regd | Nil | പത്രം | ശാസ്ത്രപ്രവർത്തനം |
| 20 | ത്രിവേണി മുക്കള്ളിൽ | 1992 | 40 | Regd | Nil | പത്രം | കായികം ഗെയിംസ |
| 21. | സാഗരിക അണ്ണക്കൊട്ടൻ ചാൽ | 1991 | 40 | Regd | Nil | പത്രം | കലാകായിക പ്രവർത്തനം |
| 22. | ചലഞ്ച് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 1996 | 50 | Regd | Nil | പത്രം | സാംസ്കാരിക പ്രവർത്തനം |

ഗ്രാമങ്ങളിലെ വഴി വിളക്കുകളാണ് ഗ്രന്ഥശാലകൾ. മഹാകവി പി. കുഞ്ഞിരാമൻ നായർ ഉദ്ഘാടനം ചെയ്ത ചക്കിട്ടപാറയിലെ സന്തോഷ് ലൈബ്രറിയും ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ ഉദ്ഘാടനം ചെയ്ത ചെമ്പനോട റിക്രിയേഷൻ സെന്റർ ലൈബ്രറിയുമാണ് ഈ പഞ്ചായത്തിലെ ആദ്യകാല ഗ്രന്ഥശാലകൾ. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന സാംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ പല വാർഡുകളിലും സാംസ്കാരിക നിലയങ്ങളോ വായനശാലകളോ ഇല്ല.

2. വായനാശീലം കുറയുന്നു

3. വായനശാലകൾക്കും ക്ലബ്ബുകൾക്കും കെട്ടിടമോ ഭൗതിക സാഹചര്യങ്ങളോ ഇല്ല.

4. കലാകായിക പ്രതിഭകളോടുള്ള അവഗണന

5. കലാസമിതികളിലെ രാഷ്ട്രീയ അതിപ്രസരം

6. കലാസമിതികളെയും ഗ്രന്ഥശാലകളെയും പരസ്പരം ബന്ധിപ്പിക്കുന്ന കമ്മിറ്റിയുടെ അപര്യാപ്തത.

## സാധ്യതകൾ:

1. സാംസ്കാരിക നിലയങ്ങളും വായനശാലകളും എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

2. ക്ലബ്ബുകൾക്കും വായനശാലകൾക്കും കെട്ടിടങ്ങളും മറ്റു ഭൗതിക സൗകര്യങ്ങളും അനുവദിക്കുക. (ഫർണ്ണിച്ചർ, കെട്ടിടം, ഗ്രൗണ്ട്, ടി.വി, റേഡിയോ, പത്രം)

3. നല്ല പുസ്തകങ്ങൾ ലഭ്യമാക്കുക.

4. ദൃശ്യശ്രാവ്യ ഉപകരണങ്ങളും പത്ര മാസികകളും ലഭ്യമാക്കുക

5. കലാസമിതികളെയും ഗ്രന്ഥശാലകളെയും യോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തല സമിതിക്ക് രൂപം നൽകുക.

6. ഗ്രന്ഥശാലകളും ക്ലബുകളും രാഷ്ട്രീയത്തിനതീതമായ സാമൂഹ്യപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാൻ ബോധവൽക്കരണം നടത്തുക.

7. സ്പോർട്സ് ഉപകരണങ്ങൾ ക്ലബുകൾക്കും സംഘടനകൾക്കും അനുവദിച്ചു കൊടുക്കുക.

8. പഞ്ചായത്തിൽ സുസജ്ജമായ ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.

9. ചക്കിട്ടപാറ സ്റ്റേഡിയം നിർമ്മിക്കുക.

10. മുതുകാട്, പൂഴിത്തോട്, താന്നിയോട് എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുക.



5-9

# വനിത ക്ഷേമം

വനിതാ ക്ഷേമത്തിന് വളരെയധികം പ്രാധാന്യം കൊടുത്തിട്ടുള്ള ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ വീടുകളിൽ ഒതുങ്ങി കൂടുകയാണ്.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ മുമ്പ് സ്ത്രീ പങ്കാളിത്വം വളരെ കുറവായിരുന്നു. എന്നാൽ ഇന്ന് സ്ത്രീ പങ്കാളിത്വം ഉണ്ടെങ്കിലും, സാമൂഹ്യ പ്രവർത്തകരായ സ്ത്രീകളെ അവഗണനയോടെ വീക്ഷിക്കുന്ന ഒരു സമൂഹമാണുള്ളത്. പഴയകാലങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ചുരുക്കമായെ ലഭിച്ചിരുന്നുള്ളൂ. ആഘോഷങ്ങളിലും, പൊതുപരിപാടികളിലും സ്ത്രീകളുടെ പങ്കാളിത്വം വിരളമായിരുന്നു. ആൺകുട്ടികളോടൊപ്പമോ, അതിൽ കൂടുതലോ വിദ്യാഭ്യാസ രംഗത്തും കായിക രംഗത്തും ഈ പഞ്ചായത്തിലെ പെൺകുട്ടികൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് പുരുഷന്മാരോളം സ്ഥാനം ലഭിച്ചിട്ടില്ല. ആറ് വയസ്സിൽ താഴെയുള്ള കുട്ടികളുടെ കാര്യമെടുത്താലും പെൺകുട്ടികളേക്കാൾ കൂടുതൽ ആൺകുട്ടികളാണ്. 1996ലെ ജനസംഖ്യാ കണക്കു പ്രകാരം 10788 പുരുഷന്മാരും 10453 സ്ത്രീകളുമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. സംസ്ഥാനാടിസ്ഥാനത്തിൽ ജനസംഖ്യയിൽ സത്രീകൾ കൂടുതലാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ വ്യത്യസ്തമാണ്.

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്വം കൂടുതലുണ്ട്. എന്നാൽ ഉയർന്ന ജോലിയിൽ കൂടുതലും പുരുഷന്മാരാണ്. സ്ക്കൂൾ ജീവനക്കാരിൽ കൂടുതൽ സ്ത്രീകളും. സ്ത്രീകളെ പുരുഷന്മാരോടൊപ്പം ഉയർത്താതെ സ്ത്രീകൾക്കെതിരായി നിൽക്കുന്ന സാമൂഹ്യ പ്രതിലോമശക്തികളെ തടയാനാവില്ല.

ചക്കിട്ടപാറ പഞ്ചായത്തിൽ 23 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. മഹിളാസമാജങ്ങൾ മുഖേന സാമൂഹ്യപ്രവർത്തനങ്ങൾക്ക് അവസരം ലഭിക്കുന്നുണ്ടെങ്കിലും, അതിൽ പങ്കുചേരുന്നവർ വിരളമാണ്.

വനിതകൾ മാത്രമായി ജോലിചെയ്യുന്ന തൊഴിൽ മേഖലകൾ ചെറിയ തോതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 5 DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സഹകരണാടിസ്ഥാനത്തിൽ വായ്പയോടുകൂടിയ ക്ഷീരോത്പാദക സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സ്ത്രീകൾക്ക് നേരെയുള്ള അക്രമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കുറവാണ്. എന്നാൽ സ്ത്രീധന പ്രശ്നത്തിൽ പീഢനമനുഭവിക്കുന്നവർ വിരളമായിട്ടുണ്ടുതാനും.

പുരുഷന്മാരോടൊപ്പം സ്ത്രീകൾക്ക് സാമൂഹ്യ പങ്കാളിത്വം ലഭിക്കുന്നില്ല. വിവിധ തൊഴിൽ മേഖലകളിൽ പുരുഷന്മാരാണ് കൂടുതൽ. ചക്കിട്ടപാറ പഞ്ചായത്തിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ ജോലിചെയ്യുന്ന മേഖലകളാണ് പ്ലാന്റേഷൻ കോർപ്പറേഷൻ, കൂത്താളി

ജില്ലാ കൃഷിഫാം, പെരുവണ്ണാമൂഴി ഇറിഗേഷൻ മേഖല എന്നിവ. പ്ലാന്റേഷൻ കോർപ്പറേഷനിൽ 95 പുരുഷന്മാരും 402 സ്ത്രീകളും ജില്ലാ കൃഷിഫാമിൽ 16 പുരുഷന്മാരും 47 സ്ത്രീകളും ജോലി ചെയ്യുന്നു. പ്രസ്തുത മേഖലകളിൽ 40 ശതമാനം പേരും മറ്റു പഞ്ചായത്തുകളിൽ നിന്നുള്ളവരാണ്. കരിങ്കൽ കോറികളും, ചെങ്കൽ മടകളും കാർഷികമേഖലയുമാണ് സ്ത്രീകൾ ജോലിചെയ്യുന്ന മറ്റു തുറകൾ. 19 അംഗൻവാടികളിലായി 36 പേർ ജോലിചെയ്യുന്നു. 7 മഹിളാപ്രധാൻ ഏജന്റുമാരും പഞ്ചായത്തിൽ ജോലിചെയ്യുന്നുണ്ട്.

വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. കന്നുകാലി വളർത്തൽ മാത്രം ഉപജീവനമാക്കിയവർ 2 ശതമാനമാണ്. കോഴി വളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ, പച്ചക്കറി തോട്ട നിർമ്മാണം എന്നിവയിലും സ്ത്രീകൾ ഏർപ്പെടുന്നു. കോഴിവളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ, അടുക്കളതോട്ട നിർമ്മാണം, ക്ഷീരോത്പന്ന നിർമ്മാണം എന്നിവയിൽ സ്ത്രീകൾക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കേണ്ടതുണ്ട്.

കൂലിപ്പണിക്കാരായ ചെറിയൊരു വിഭാഗം സ്ത്രീകൾ ഈ പഞ്ചായത്തിൽ ഉണ്ട്. പുരുഷന്മാരും സ്ത്രീകളും തമ്മിൽ കൂലിയിൽ അന്തരം നിലനിൽക്കുന്നു. കാർഷിക മേഖലയിലെ മുരടിപ്പുകാരണം അധ്വാനഭാരം കൂടുതലുള്ള കെട്ടിട നിർമ്മാണം റോഡുപണി, പാറമടയിലെ പണി എന്നിവ സ്ത്രീകൾ ചെയ്യേണ്ടി വരുന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

## പ്രശ്നങ്ങൾ

1.സാങ്കേതിക വൈദഗ്ധ്യം കുറഞ്ഞ മേഖലകളിൽ ജോലിചെയ്യുന്നു.

2. തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.

3. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക്. വാട്ടർ കണക്ഷനുള്ള മൂത്രപുരകൾ ലഭ്യമല്ല.

4. പൊതുരംഗത്ത് വനിതാ പങ്കാളിത്തക്കുറവ്.

5. സൈക്കിൾ സവാരി, കളരിപ്പയറ്റ്, കരാട്ടെ എന്നിവ പരിശീലിക്കാനുള്ള സംവിധാനം ഇല്ല.

6. വനിതാ സഹകരണ സംഘങ്ങൾ നിലവിലില്ല.

7. മദ്യപാനം മൂലം കുടുംബങ്ങളിൽ വനിതകൾക്ക് പ്രയാസം നേരിടുന്നു.

8. ആരോഗ്യ രംഗത്ത് വേണ്ടത്ര പരിഗണന ലഭ്യമല്ല.

9. സ്ത്രീ രോഗ വിദഗ്ദ്ധന്റെ സേവനവും ഹെൽത്ത് വർക്കരുടെ സേവനവും ലഭ്യമല്ല.

10. വനിതകൾക്കായി വായന ശാലകൾ പ്രവർത്തിക്കുന്നില്ല.

11. പുകയുള്ള അടുപ്പുകൾ ഉപയോഗിക്കുന്നു.

12. മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ സമയാസമയത്തിനുള്ളിൽ ലഭിക്കുന്നില്ല.

13. സ്ത്രീധന പീഠനം സ്ത്രീകളോടുള്ള അതിക്രമം ഇവ നിലനില്ക്കുന്നു.

14. ജനസംഖ്യാനുപാതികമായി ബഹുജന സംഘടനകളിൽ സ്ത്രീകൾക്ക് പ്രതിനിത്യമില്ല.

15. സ്ത്രീകളുടെ നേതൃഗുണം കണ്ടെത്തുന്ന ഒരു പരിപാടിയും നിലവിലില്ല.

16. മൃഗപരിപാലനം, പക്ഷിവളർത്തൽ, അടുക്കളത്തോട്ടം എന്നിവയ്ക്ക് പ്രോത്സാഹനമില്ല.

## സാധ്യതകൾ

1. വനിതകൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ പഞ്ചായത്തിൽ ആരംഭിക്കുക.

2. തൊഴിൽ രംഗത്ത് സംവരണം ഉറപ്പാക്കുക.

3. പഞ്ചായത്തിലുള്ള മുഴവൻ സ്ക്കൂളുകളിലും വാട്ടർ കണക്ഷനുള്ള മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക.

4. സ്ത്രീകളുടെ പൊതു രംഗത്തുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കുകയും സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യുക.

5. സൈക്കിൾ സവാരി, കളരിപ്പയറ്റ്, കരാട്ടെ എന്നിവ പഠിക്കാനുള്ള സ്ഥാപനം ആരംഭിക്കുക.

6. വനിതാ സഹകരണ സംവിധാനങ്ങൾ ആരംഭിക്കുക.

7. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക

8. 24 മണിക്കൂർ പ്രവർത്തിക്കുന്ന ആസ്പത്രി ഉണ്ടായിരിക്കുക.

9. സ്ത്രീ രോഗനിർണ്ണയത്തിനുവേണ്ടി ഒരു ലേഡി ഡോക്ടറുടെ സേവനം ലഭ്യമാക്കണം

10. വനിതകൾക്കായി വിവിധ ഭാഗങ്ങളിൽ വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുക.

11. പുകയില്ലാത്ത അടുപ്പുകൾ നിർബന്ധമാക്കുക.


12. മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ സമായാസമയങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

13. സ്ത്രീധനം കർശനമായി നിരോധിക്കുകയും സ്ത്രീകൾക്കുനേരെ അതിക്രമങ്ങൾ തടയാൻ ശക്തമായ നിയമ നിർമാണം നടപ്പാക്കുകയും ചെയ്യുക.

14. വനിതാ ക്ലബ്ബ്, വായനശാല ഇവ സ്ഥാപിക്കുക.

15. ശാരീരിക സാമൂഹിക അക്രമങ്ങൾ ക്കെതിരെ വനിതാ സെൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിൽ വരണം.

16. ചുമട്, പാറമടയിലെ പണി, മുതലായ അധ്വാനം കൂടിയ ജോലികൾ സ്ത്രീകളെ ശാരീരികമായി ബാധിക്കുന്നു. അതിനാൽ കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് കൃഷിപ്പണികളിൽ സ്ത്രീകളെ പങ്കാളികളാക്കുക.



5-10

# സഹകരണം

1955 - ൽ ഭൂദാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ വിനോബജി കാൽനടയായി പേരാമ്പ്രയിൽ വന്നതിനു ശേഷമാണ് ചക്കിട്ടപാറ പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ 'ഭൂദാന ഗ്രാമം' ഉടലെടുത്തത്.ശ്രീ. മണിക്കൊമ്പേൽ തോമസ് എന്നയാൾ ദാനമായി നൽകിയ സ്ഥലത്താണ് സംഘം പ്രവർത്തനം ആരംഭിച്ചത്. തലച്ചിറ തോമസ്, നമ്പീശൻ മാസ്റ്റർ, വളയത്ത് ചാക്കോ, കാപ്പുകാട്ടിൽ കൊച്ചേട്ടൻ എന്നിവർ നേതൃത്വം നല്കി. 1957ൽ 'പുലരി ഗ്രാമദാൻ സർവ്വോദയ സഹകരണ സംഘം' എന്ന പേരിൽ രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് ഇന്ന് കോഴിക്കോട് ജില്ലയിലാകെ അറിയപ്പെടുന്ന ചക്കിട്ടപാറ സർവ്വീസ് സഹകരണബാങ്കായി രൂപപ്പെട്ടത്. 42 അംഗങ്ങളോടെ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് ഇന്ന് 7,261ൽ പരം അംഗങ്ങൾ ഉണ്ട്.

കർഷകരെ ഋണബാധ്യതയിൽ നിന്നും രക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ഈ ബാങ്ക് 1969ലെ കേരള സഹകരണ നിയമത്തിന് വിധേയമായി പ്രവർത്തിക്കുന്നു. വിവിധയിനം വായ്പകൾ ബാങ്ക് നല്കുന്നുണ്ട്. ബാങ്കിന്റെ ശാഖ ചെമ്പനോടയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

1994ൽ കോഴിക്കോട് ജില്ലയിലെ ഏറ്റവും നല്ലസഹകരണബാങ്കിനുള്ള അവാർഡും 1995ൽ കൊയിലാണ്ടി താലൂക്കിലെ ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള അവാർഡും ഈ ബാങ്ക് കരസ്ഥമാക്കി. ഈ ബാങ്കിന്റെ അംഗീകൃത പ്രവർത്തനം മൂലധനം 31,50,000 രൂപയാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു സഹകരണ സ്ഥാപനങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. പിള്ളപ്പെരുവണ്ണ ക്ഷീരോത്പാദക സഹകരണ സംഘം
2. മുതുകാട് ക്ഷീരോല്പാദക സഹകരണ സംഘം
3. പെരുവണ്ണാമൂഴി ഹരിജൻ മത്സ്യതൊഴിലാളി സഹകരണ സംഘം
4. റബ്ബർ ഉല്പാദക സഹകരണ സംഘം ചക്കിട്ടപാറ
5. പെരുവണ്ണാമൂഴി ടൂറിസം സൊസൈറ്റി
6. പന്നിക്കോട്ടൂർ ഹരിജൻ സഹകരണ സംഘം
7. റബ്ബർ ഉല്പാദക സംഘം പൂഴിത്തോട്

മേൽ സഹകരണ സംഘങ്ങളിൽ ഒന്നിനുപോലും വേണ്ടത്ര പ്രവർത്തന വിജയം നേടാൻ കഴിഞ്ഞിട്ടില്ല. സഹകരണ സംഘങ്ങളുടെ വിജയം ജനങ്ങളുടെ ആത്മാർത്ഥതയോടെയുള്ള പ്രവർത്തനമാണ്.

## ഗ്രാമ സഭകളിലൂടെ ഉയർന്നു വന്ന സഹകരണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. ക്ഷീരോല്പാദക രംഗത്തെ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
2. സഹകരണ ബാങ്കിന്റെ ശാഖകൾ പ്രധാന സ്ഥലങ്ങളിൽ ഇല്ല.
3. വായ്പാ നയം ഉദാരമല്ല.
4. മാവേലി സ്റ്റോർ സഹകരണ കാർഷിക നഴ്സറി ഇവ ഇല്ല.

## സഹകരണ രംഗം അഭിവൃദ്ധിപ്പെടുത്താൻ ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ പൊതു വികസനത്തിന് സഹകരണ സംഘങ്ങൾ മുഖ്യ പങ്കുവഹിക്കുക.
2. സഹകരണ സംഘത്തിന്റെ ശാഖ മുതുകാട്ടിലും മറ്റു ആവശ്യമുള്ള സ്ഥലങ്ങളിലും സ്ഥാപിക്കുക.
3. മാവേലി സ്റ്റോർ സഹകരണ കാർഷിക നഴ്സറി വനിതാ സഹകരണ സം ഘം നിർമ്മാണ തൊഴിലാളി സഹകരണ സംഘം എന്നിവ ആരംഭിക്കുക.

# 5-11

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15% പട്ടികജാതി വിഭാഗക്കാരാണ്. 1991ലെ സെൻൻസസ് പ്രകാരം അംഗസംഖ്യ 3004 ആണ്. ഈ പഞ്ചായത്തിൽ 6 അംഗീകൃത കോളനികളും അംഗീകാരത്തിന് സമർപ്പിച്ച 2 കോളനികളുമുണ്ട്. 6 കോളനികളിലായി 599 കുടുംബങ്ങൾ താമസിക്കുന്നു. അംഗീകാരം ലഭിക്കാത്ത 2 കോളനികളിലായി 82 കുടുംബങ്ങളും വിവിധ ഭാഗങ്ങളിലായി ഒറ്റപ്പെട്ടുതാമസിക്കുന്നവർ വേറെയുമുണ്ട്. കോളനികളുടെ

പട്ടിക താഴെ കൊടുക്കുന്നു.

## അംഗീകാരം ലഭിച്ച കോളനികൾ

| വാർഡ് | കോളനിയുടെ പേര് | വീട് എണ്ണം |
|---|---|---|
| 1. | പന്നിക്കോട്ടൂർ പട്ടികജാതി കോളനി | 225 |
| 2. | പുത്തരിപ്പാറ കോളനി | 40 |
| 3. | | |
| 4. | ഒന്നാം ബ്ലോക്ക് കോളനി | 39 |
| 5. | | |
| 6. | പൊൻമലപ്പാറ കോളനി | 50 |
| 7. | വള്ളിപ്പറ്റ കോളനി | 100 |
| 8. | | |
| 9. | | |
| 10. | ചെങ്കോട്ടക്കൊല്ലി അംബേദ്കർ കോളനി | 145 |
| | ആകെ | 599 |

### *അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ*

1. മുതുകാട് മൂന്നാം ബ്ലോക്ക് ശീതപ്പാറ കോളനി –64വീടുകൾ

2. 4ാം ബ്ലോക്ക് കോളനി –18 വീടുകൾ

വിദ്യാഭ്യാസ സാമൂഹ്യ മേഖലയിൽ പരിമിതമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് ഉയർച്ച നേടാൻ കഴിഞ്ഞിട്ടില്ല. ഭൂപരിഷ്കരണ നിയമങ്ങളും മറ്റും ഇവരുടെ സാമൂഹ്യ പുരോഗതിക്ക് സഹായകരമായിട്ടുണ്ട്. സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പദ്ധതികളും വേണ്ടത്ര ഇവർക്കു ലഭിക്കുന്നില്ല. സർക്കാർ സൗജന്യങ്ങൾ കോളനികളിൽ താമസിക്കുന്നവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. ആയതിനാൽ ഒറ്റപ്പെട്ടു

താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1. വിദ്യാഭ്യാസം:

വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര ശ്രദ്ധ ഇപ്പോഴും കൈവന്നിട്ടില്ല. വിദ്യാർത്ഥികളുടെ ഇടയ്ക്കുവച്ചുള്ള പഠനം നിർത്തൽ, വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ബോധവത്കരണത്തിന്റെ അപര്യാപ്തത, മുതലായവ വിദ്യാഭ്യാസരംഗത്ത് വളരെയധികം പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. കോളനികളിലെ കുട്ടികൾക്കുവേണ്ടി സായാഹ്ന ക്ലാസ്സുകൾ നടത്തുകയും സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം പഠനം പൂർത്തീകരിക്കാൻ കഴിയാത്ത കുട്ടികൾക്ക് സാമ്പത്തിക സഹായം പഞ്ചായത്ത് മുഖേന ലഭ്യമക്കണ്ടതുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത കോളനികളിലും നിലവിലുണ്ട്.

### തൊഴിൽ:

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കർഷക തൊഴിലാളികളാണ്. പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും ഈ വിഭാഗത്തിലുണ്ട്. കുട്ടനെയ്ത്ത്, പായ നെയ്ത്ത്, മുറം നിർമ്മിക്കൽ എന്നിവയിൽ സ്ത്രീകളും പുരുഷന്മാരും പങ്കുചേരുന്നു. കാർഷികമേഖലയിൽ തൊഴിൽ കുറയുമ്പോൾ മറ്റു മേഖലകളിൽ തൊഴിലെടുക്കാറാണ് പതിവ്. പുരുഷന്മാർക്ക് 60 രൂപയും സ്ത്രീകൾക്ക് 50 രൂപയും കൂലി കിട്ടുന്നു. ഇവർക്ക് ഉരജീവനത്തിന് സ്ഥിരം സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാം.

### പാർപ്പിടം:

പട്ടികജാതിക്കാർ അധികവും താമസിക്കുന്നത് കോളനികളിലാണ്. ഒറ്റപ്പെട്ട നിരവധി കുടുംബങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി താമസിക്കുന്നു. സ്വന്തമായി ഭൂമിയുണ്ടെങ്കിലും പാർപ്പിട സൗകര്യമില്ലാത്തവർ നിരവധിയാണ്. വീട് നിർമ്മിക്കുന്നതിൽ ഇപ്പോൾ ലഭ്യമാവുന്ന തുക അപര്യാപ്തമാകയാൽ ഭാഗികമായേ വീട് പണിയാൻ സാധിക്കുന്നുള്ളൂ. വിവിധ വകുപ്പുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വായ്പകൾ എടുത്ത് വീട് നിർമ്മിച്ചിട്ടുള്ളവർ വലിയ കടക്കെണിയിൽ കുടുങ്ങിയിട്ടുണ്ട്. ഭൂമിയുടെ രേഖ ഇത്തരം ഓഫീസുകളിൽപെട്ടുപോയതിനാൽ മറ്റാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ഒരു കുടുംബത്തിന് ഒരു കക്കൂസും എങ്കിലും നിർബന്ധമായും ഉണ്ടാകേണ്ടതാണ്. കോളനികൾക്ക് പുറത്തു താമസിക്കുന്ന പട്ടിക ജാതിക്കാർക്കും മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കേണ്ടതാണ്.

### ശുദ്ധജലം വൈദ്യുതി:

മിക്ക കോളനികളിലും കുടിവെള്ള സംവിധാനങ്ങൾ നിലവിലില്ല. പൊതു കിണറുകളോ, ടാപ്പുകളോ സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ നടപടിയെടുക്കേണ്ടതാണ്. ഭൂരിപക്ഷം കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളുടെയും ശേഖരിച്ച വിവരണങ്ങളുടെയും അടിസ്ഥാനത്തിൽ പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്ക് വിഘാതമയി നിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

### പ്രശ്നങ്ങൾ:

1. പട്ടികജാതി കോളനി, പട്ടികജാതി സങ്കേതങ്ങൾ, പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്നതുമായ സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
2. പരമ്പരാഗതമായ തൊഴിൽ സൗകര്യങ്ങളില്ല.
3. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.
4. പട്ടികജാതി വിഭാഗങ്ങൾക്കുള്ള സഹകരണ സംഘങ്ങൾ ഇല്ല.
5. വനവിഭവങ്ങൾ ശേഖരിക്കാൻ കഴിയുന്നില്ല.
6. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമല്ല.
7. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
8. പൊതു ശ്മശാനമില്ല.
9. തരിശുഭൂമിയിൽ കൃഷി ചെയ്യുന്നില്ല.
10. സാംസ്കാരികമായി പുരോഗതി പ്രാപിച്ചിട്ടില്ല.
11. റോഡ്, വൈദ്യുതി, തുടങ്ങിയ സൗകര്യങ്ങൾ പരിമിതങ്ങളാണ്.
12. ആരോഗ്യ സംരക്ഷണ പരിപാടിയിൽ വേണ്ടത്ര ശ്രദ്ധ ലഭ്യമല്ല.
13. ഗവ: പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
14. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് ലഭിക്കുന്ന വായ്പാസൗകര്യങ്ങൾ കാര്യക്ഷമമല്ല.
15. ക്ഷേമപദ്ധതികളെപ്പറ്റി ബോധവൽക്കരിക്കണം ചെയ്യുന്നില്ല.

677

**സാധ്യതകൾ:**

1. പട്ടികജാതി കോളനികളിലമറ്റു പ്രദേശങ്ങളിലും പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കണം.

2. പരമ്പരാഗത തൊഴിൽ മേഖല പുരോഗതി പ്രാപിക്കാൻ തക്ക നടപടികൾ സ്വീകരിക്കണം.

3. വിദ്യാഭ്യാസപരമായും. സാംസ്കാരികപരമായും ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ നടപ്പിലാക്കണം.

4. പട്ടികജാതിക്കാർക്ക് സഹകരണ സംഘങ്ങൾ ആരംഭിക്കണം.

5. വനവിഭവങ്ങൾ ശേഖരിക്കാനുള്ള തടസ്സങ്ങൾ നീക്കണം.

6. സ്വന്തമായി ഭൂമിയില്ലാത്തവർക്ക്, കൃഷി ചെയ്യുവാനും വീടു വയ്ക്കാനുമുള്ള ഭൂമി ലഭ്യമാക്കണം.

7. പൊതു ശ്മശാനം അനുവദിക്കണം.

8. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് പട്ടയം ലഭ്യമാക്കണം.

9. തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനാവശ്യമായ പ്രോത്സാഹനം നൽകണം.

10. സാംസ്കാരികമായി പുരോഗതി പ്രാപിക്കുവാൻ കലാവേദികളും, ക്ലബ്ബുകളും, ഗ്രന്ഥശാലകളും ആരംഭിക്കണം. നിലവിലുള്ള സംഘടനകളെയും, സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കണം.

11. റോഡ്, വൈദ്യുതി തുടങ്ങിയവ എത്താത്ത കോളനികളിൽ അവ ലഭ്യമാക്കുകയും ഉള്ളവ വിപുലീകരിക്കുകയും ചെയ്യുക.

12. PHC യുടെ ആരോഗ്യ സംരക്ഷണ പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുക.

13. ഗവ: പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ബോധവൽക്കരണവും, ആവശ്യമായ സഹായവും ലഭ്യമാക്കുക.

14. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് സ്വയം തൊഴിൽ ആരംഭിക്കുവാനുള്ള വായ്പാപദ്ധതികൾ നടപ്പിലാക്കുക.

15. സ്പെഷ്യൽ റിക്രൂട്ടുമെന്റു വഴി നിയമനം ഊർജ്ജിതപ്പെടുത്തുക.

വിവിധ വാർഡിലെ കോളനികളിൽ നടപ്പാക്കേണ്ടുന്ന പദ്ധതികളുടെ രൂപരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.

## പട്ടികജാതി ക്ഷേമം

**അനുബന്ധം.**

| വാർഡ് | ക്രമ നമ്പർ | വികസന പദ്ധതി |
|---|---|---|
| I | 1. | നിലവിലുള്ള വീതികുറഞ്ഞ പാലത്തിനു പകരം വാഹനങ്ങൾ കടന്നുപോകുവാനുള്ള പാലം നിർമ്മിക്കണം. |
| | 2. | നിരക്ഷരത പരിഹരിക്കുവാൻ ഫലപ്രദമായ പരിപാടികൾ സംഘടിപ്പിക്കുക. |
| | 3. | റോഡുകൾ ടാർ ചെയ്യണം |
| | 4. | ഒരു യു.പിസ്ക്കൂൾ സ്ഥാപിക്കുകയും PHCയ്ക്ക് സ്ഥിരം കെട്ടിടം പണിയുകയും ചെയ്യണം. |
| | 5. | കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കാൻ കോളനിയുടെ ചുറ്റും മതിൽ കെട്ടുക. |
| | 6. | പഴയ വീടുകൾക്ക് അറ്റകുറ്റപ്പണി നടത്തുക. |
| | 7. | പന്നിക്കോട്ടൂരിൽ സാംസ്കാരിക നിലയം സ്ഥാപിക്കുക. |

| വാർഡ് | ക്രമ നമ്പർ | വികസന പദ്ധതി. |
|---|---|---|
| II. | 1. | കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കണം. |
| | 2. | സ്വന്തമായി വീടില്ലാത്തവർക്ക് വീടുനിർമ്മിക്കാനാവശ്യമായ സഹായം ലഭ്യമാക്കണം. |
| | 3. | സൗജന്യ റേഷൻ ലഭ്യമാക്കണം. |
| III. | 1. | പട്ടികജാതി കോളനി അനുവദിക്കണം. |
| | 2. | സ്വന്തമായി വീടും ഭൂമിയും റേഷൻകാർഡും, കക്കൂസും ഇല്ലാത്തവർക്ക് അത് ലഭ്യമാക്കാനാവശ്യമായ പരിപാടി ആവഷ്കരിക്കണം. |
| | 3. | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സർക്കാർ ഭൂമി പതിച്ചുകൊടുക്കുക. |
| | 4. | വനത്തിൽ നിന്നും അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിക്കാൻ സാമ്പത്തിക സഹായം നൽകണം. |
| | 5. | കുടിവെള്ളം, വൈദ്യുതി എന്നിവയും പട്ടികജാതിക്കാർക്കുള്ള സഹകരണ സംഘവും വേണം. |
| IV. | 1. | ഒന്നാം ബ്ലോക്ക് സെറ്റിൽമെന്റ് കോളനിയിൽ കുടിവെള്ളം എത്തിക്കണം. |
| | 2. | കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നൽകണം. |
| | 3. | വീടില്ലാത്തവർക്ക് വീടു നിർമ്മിക്കാനാവശ്യമായ സഹായമെത്തിക്കണം. |
| | 4. | വിദ്യാഭ്യാസകാര്യങ്ങൾക്ക് ഊന്നൽ നൽകണം. |
| | 5. | ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുക. |
| | 6. | വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക. |
| V. | 1. | 25% പട്ടികജാതിക്കാർക്കും വീടുകളില്ല. ആവശ്യമുള്ള സ്ഥലങ്ങളിൽ കിണറ് കുഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. |
| | 2. | മണ്ണു സംരക്ഷണ പദ്ധതി ഊർജ്ജിതപ്പെടുത്തണം. |
| | 3. | പട്ടികജാതി സഹകരണ സംഘങ്ങളുടെ സേവനം വിപുലീകരിക്കുക. |
| | 4. | ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുക. |
| | 5. | കോളനിയിൽ അല്ലാതെ താമസിക്കുന്ന പട്ടികജാതിക്കാർക്കും എല്ലാവിധ ആനുകൂല്യങ്ങളും ലഭ്യമാക്കണം. |
| VI. | 1. | പൊൻമലപ്പാറ കോളനി,. വാഞ്ചു കോളനി എന്നിവിടങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കണം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. |

| | | |
|---|---|---|
| VII. | 1. | വള്ളിപ്പറ്റ കോളനിയിൽ കുടിവെള്ളം വൈദ്യുതി എന്നിവ എത്തിക്കണം. |
| | 2. | മുടിയൻചാലിൽ പുതിയതായി ഒരു ഹരിജൻ കോളനി അനുവദിക്കണം. |
| VIII. | 1. | തലക്കോട്ടര, കല്ലായിക്കുന്ന് യോജിപ്പിച്ച് പട്ടികജാതി കോളനി അനുവദിക്കണം. |
| IX. | 1. | കാളങ്ങലി പ്രദേശം ഹരിജൻ കോളനിയായി അംഗീകരിക്കണം |
| | 2. | സാങ്കേതി വിദ്യാഭ്യാസത്തിനുവേണ്ടി I TC സ്ഥാപിക്കണം. |
| | 3. | ഇറിഗേഷൻ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യാനുള്ള അനുവാദവും, സഹായവും നൽകണം. |
| | 1. | ചെങ്കോട്ടക്കൊല്ലിയിൽ പൊതുശ്മശാനം അനുവദിക്കുക. |
| | 2. | മിച്ചഭൂമി വിതരണം നടത്തുമ്പോൾ പട്ടികജാതിക്കാർക്ക് മുൻഗണന നൽകുക. |
| | 3. | വീടു നിർമ്മിക്കാനുള്ള ധനസഹായം 25000 രൂപയായി വർദ്ധിപ്പിക്കുക. |
| | | കോളനിയിൽ മുഴുവൻ വൈദ്യുതി എത്തിക്കുകയും വയറിംഗ് ചെയ്യുകയും ചെയ്യുക. |
| | 4. | ലോൺ ക്ലോസ് ചെയ്തിട്ടും ബാങ്കുകളിൽ നിന്ന് രേഖകൾ മടക്കിക്കൊടുക്കാതിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുക. |
| | 5. | അംബേദ്കർ കോളനിയിലെ സാംസ്കാരിക നിലയത്തിന് ഡിഷ് ആന്റിന സ്ഥാപിക്കുക. |
| | 6. | റോഡുകൾ ടാർ ചെയ്യുകയും ബസ് സർവ്വീസ് പുനരാരംഭിക്കുയും ചെയ്യുക. |
| | 7. | ആവശ്യമായ സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുകയും ഓനിപുഴയ്ക്ക് അമ്പലക്കടവിൽ കോൺക്രീറ്റ് നടപ്പാലം നിർമ്മിക്കുകയും ചെയ്യുക. |
| | 8. | റോഡിന് കലുങ്കുകളും സ്ട്രീറ്റുലൈറ്റുകളും സ്ഥാപിക്കുക. |
| | 9. | കൃഷിചെയ്യാൻ ധനസഹായം ലഭ്യമാക്കുക. |
| | 10. | സഹകരണ സംഘം പ്രവർത്തനക്ഷമമാക്കുകയും പമ്പരാഗത കുടിൽ വ്യവായങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക. |
| | 11. | ചെങ്ങോട്ടക്കൊല്ലി അംബേദ്കർ ഗ്രാമത്തിലെ സാംസ്കാരി കേന്ദ്രത്തിലേക്ക് ആവശ്യമായ ഉപകരണങ്ങളും പുസ്തകങ്ങളും മറ്റു മാധ്യമങ്ങളും അനുവദിക്കണം. |
| | 12. | സാംസ്കാരിക കേന്ദ്രത്തിലേക്ക് അനുവദിച്ചിരിക്കുന്ന TV സെറ്റ് കേടുപാടുകൾ തീർക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുകയോ, ഗ്രാമപഞ്ചായത്തിൽ നിന്ന് കേടുപാടുകൾ തീർത്തുകൊടുക്കുകയോ ചെയ്യുക. |
| | 13. | അംബേദ്കർ ഗ്രാമത്തിൽ ഒരു മിനിസ്റ്റേഡിയം നിർമ്മിക്കുക. |
| 14. | | കൺസ്യൂമർ സ്റ്റോർ അനുവദിക്കണം. |

## പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ പട്ടികവർഗ്ഗക്കാരുടെ അംഗസംഖ്യ 1991ലെ കണക്കനുസരിച്ച് 101 ആണ്. അംഗീകൃത കോളനി മുതുകാട് നരേന്ദ്ര കോളനിയാണ്. 3-ാം വാർഡിലെ ആലമ്പാറയിൽ അംഗീകരിക്കാത്ത കോളനിയുണ്ട്. ഇപ്പോൾ 22 കുടുംബങ്ങളിലായി 44 പുരുഷന്മാരും 35 സ്ത്രീകളുമടക്കം 79 പേർ കോളനിയിൽ താമസിക്കുന്നുണ്ട്. കോളനിക്കു പുറത്ത് 3 കുടുംബങ്ങളിലായി 22 പേർ താമസിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർ താമസിക്കുന്ന ആലംമ്പാറ കോളനി സർക്കാർ അംഗീകരിക്കണം. 1996 ൽ പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവരുടെ അംഗസംഖ്യ 120 ആണ്. നരേന്ദ്രദേവ കോളനി നിവാസികൾക്ക് 1 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. വീടുകൾ ഒന്നും തന്നെ വാസയോഗ്യമല്ല. 3 കുടുംബങ്ങൾക്ക് വീട്, സ്ഥലം എന്നിവയില്ല. ശുദ്ധജലം ലഭ്യമല്ല. വിവധ പദ്ധതികളിൽ പെടുത്തി 3 കിണറുകൾ കോളനിയിൽ നിർമ്മിച്ചിട്ടുണ്ട്. റോഡുകളുണ്ടെങ്കിലും ടാർ ചെയ്തിട്ടില്ല. വീടുകളിലൊന്നും കക്കൂസ് ഇല്ല. അംഗൻവാടി പ്രവർത്തിക്കുന്നണ്ടെങ്കിലും കെട്ടിടമില്ല. ഇവരുടെ പ്രധാന ജീവിതമാർഗ്ഗം വനവിഭവ ശേഖരണത്തിലൂടെയാണ്.

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമാണ് ഇവിടെയുള്ളവർ. 20 ഓളം കുട്ടികൾ അംഗൻവാടിയിൽ പഠിക്കുന്നു. കോളനി വൈദ്യുതീകരിച്ചിട്ടില്ല. കൃഷിഭവന്റെ സഹായം കിട്ടുന്നുവെങ്കിലും കൃഷി അഭിവൃദ്ധിപ്പെട്ടിട്ടില്ല.

ചക്കിട്ടപാറ പഞ്ചായത്തിലെ 3-ാം വാർഡിലെ ആലംബാറ താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് സ്വന്തമായി വീടോ, സ്ഥലമോ ഇല്ല. ആലംബാറ മൂത്തവീടു പുഴയ്ക്കു സമീപം വനത്തിൽ പത്തോളം പട്ടിക വർഗ്ഗക്കാർ താമസിക്കുന്നുണ്ട്. ഇവർക്ക് റേഷൻ കാർഡോ, മറ്റു സൗകര്യങ്ങളോ ഇല്ല. ആലംബാറ ആദിവാസി കോളനിയായി അംഗീകരിക്കേണ്ടതാണ്. അതുപോലെതന്നെ മുതുകാട് ചെങ്കോട്ടക്കൊല്ലി അംബേദ്കർ ഗ്രാമത്തിൽ 8 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പട്ടികവർഗ്ഗ കോളനി നിവാസികൾക്കനുവദിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമസഭയിൽ വന്ന പൊതു ചർച്ചകളിലൂടെയും അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ ക്ഷേമത്തിന് വിഘാതമായി നിൽക്കുന്ന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

**പ്രശ്നങ്ങൾ:**

1. കോളനിയിലെ റോഡ് ടാർ ചെയ്തിട്ടില്ല.
2. ഇരുപത്തിയൊന്നു പാലം നരേന്ദ്ര കോളനിയിൽ മെയിൻ റോഡിൽ നിന്നും എളുപ്പത്തിൽ കോളനിയിൽ എത്തിച്ചേരാൻ ഉള്ള ഒരു കിലോമീറ്റർ റോഡ് മുറിച്ചു പോകുന്ന തോടിന് കുറുകെ നടപ്പാലമില്ല.
3. ആലമ്പാറ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വീടും സ്ഥലവും ലഭ്യമായിട്ടില്ല.
4. റേഷൻകാർഡും സൗജന്യ റേഷനും ലഭ്യമായിട്ടില്ല.
5. വനവിഭവങ്ങൾ ശേഖരിക്കാൻ കഴിയുന്നില്ല.
6. ആലമ്പാറ കോളനിയെ പട്ടികവർഗ്ഗ കോളനിയായി അംഗീകരിച്ചിട്ടില്ല.
7. വിദ്യാഭ്യാസസാമ്പത്തികസാമൂഹ്യ പുരോഗതിക്കുവേണ്ടി ബോധവൽക്കരണം നടത്തണം.
8. അംഗൻവാടിയിൽ ഭൗതിക സാഹചര്യം തൃപ്തികരമല്ല. കളിക്കോപ്പുകളില്ല.
9. പട്ടികവർഗ്ഗക്കാർക്കായി ഒരു സഹകരണ സംഘം നിലവിലില്ല.

**സാധ്യതകൾ:**

1. നരേന്ദ്രദേവ കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതമാക്കുക.
2. എളുപ്പത്തിൽ കോളനിയിലെത്താവുന്ന റോഡിന് TXD ഭാഗത്ത് തോടിന് നടപ്പാലം നിർമ്മിക്കുക.
3. ആലംബാറ താമിസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വീടും സ്ഥലവും ലഭ്യമാക്കുക.
4. റേഷൻകാർഡും സൗജന്യ റേഷനും ലഭ്യമാക്കണം.
5. വന വിഭവങ്ങൾ ശേഖരിക്കാനുള്ള തടസ്സം ഒഴിവാക്കുക.
6. ആലംബാറകോളനിയെ പട്ടികവർഗ്ഗ കോളനിയായി അടിയന്തിരമായി അംഗീകരിക്കുക.
7. വിദ്യാഭ്യാസ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കുവേണ്ടി ബോധവൽക്കരണം നടത്തുക.
8. അംഗൻവാടിക്ക് കെട്ടിടവും കളിക്കോപ്പുകളും ഫർണിച്ചറും ലഭ്യമാക്കുക.
9. പട്ടികവർഗ്ഗക്കാർക്കായി ഒരു സഹകരണസംഘം രൂപീകരിക്കുക.

പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പാക്കിവരുന്ന നിരവധി പദ്ധതികൾ അവലോകനം ചെയ്തതിൽ നിന്നും പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നില്ലാ എന്നു കാണുന്നു. വീട് നിർമ്മാണം, റോഡു നിർമ്മാണം, കാർഷിക വികസനം, മൃഗ സംരക്ഷണം, മണ്ണ് സംരക്ഷണം, ആരോഗ്യസാമൂഹ്യക്ഷേമ പദ്ധതികൾ എല്ലാംതന്നെ യഥാർത്ഥ ഗുണഭോക്താവിൽ എത്തുന്നില്ല. ഇവ പരിഹരിക്കാൻ കഴിയണം. ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചു നൽകാനുള്ള ആത്മാർത്ഥതയുള്ള ലക്ഷ്യബോധമുള്ള പദ്ധതികൾ നടപ്പിലാക്കണം.

5-12

# വിഭവസമാഹരണം

ഒരു പ്രദേശത്തിന്റെ വികസനത്തിന് അടിസ്ഥാനഘടകം അവിടെ ലഭ്യമായിട്ടുള്ള വിഭവങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തായതുകൊണ്ടുതന്നെ ജനങ്ങളുടെ പ്രധാന വരുമാനം കൃഷി മേഖലയിൽ നിന്നാണ്. പഞ്ചായത്തിൽ ഇന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണച്ചെലവിന് ഉപയോഗിക്കുമ്പോൾ വകസന പ്രവർത്തനങ്ങൾക്ക് ചിലവഴിക്കാൻ വരുമാനം തികയാതെ വരുന്നു. വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത പഞ്ചായത്ത് ഫലപ്രദമായി നടപ്പിലാക്കുന്നില്ല. നികുതി നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കരിക്കാതിരിക്കുകയും വരുമാനം വർദ്ധിപ്പിക്കാനുള്ള വിമുഖതയുമാണ് ഇതിന് പ്രധാന കാരണം.

വൈവിധ്യമാർന്ന വനവിഭവങ്ങളും മറ്റു അസംസ്കത പദാർത്ഥങ്ങളും ഇവിടെ ലഭ്യമാണ്. ഇവ ഫലപ്രദമായി ഉപയോഗിച്ചാൽ പഞ്ചായത്തിനും ജനങ്ങൾക്കും സാമ്പത്തികമായി പുരോഗതി കൈവരിക്കാം.

പഞ്ചായത്തിന്റെ ഇന്നത്തെ പ്രധാന വരുമാനമാർഗ്ഗങ്ങൾ തൊഴിൽ നികുതി, കെട്ടിടനികുതി, സംസ്ഥാന നികുതി വിഹിതം, അൺടൈഡ്സ് ഫണ്ട് , ഗ്രാന്റുകൾ എന്നിവയാണ്.

പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. ചക്കിട്ടപാറ സർവ്വീസ് സഹകരണ ബേങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് ചെമ്പനോട, യൂണിയൻ ബാങ്ക് പൂഴിത്തോട് എന്നിവയാണ്.

കാർഷികോൽപന്നങ്ങളായ തേങ്ങ റബ്ബർ എന്നീ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്താൻ കഴിയും. വന വിഭവങ്ങളുപയോഗിച്ച് കുടിൽ വ്യവസായവും വളർച്ചയിലെത്തിക്കാൻ കഴിയും. പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിലെ വിവിധ പരിപാടികൾ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യന്റെ അദ്ധ്വാനശേഷി ഉപയോഗപ്പെടുത്താം. പഞ്ചായത്തിൽ ഒരു സിനിമാ ശാല ആരംഭിക്കകയാണെങ്കിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

## കെട്ടിട നികുതി:

പഞ്ചായത്തിന്റെ കെട്ടിട നികുതി സമ്പ്രദായം കാര്യക്ഷമമാക്കേണ്ടതുണ്ട്. വൻകിട കെട്ടിടങ്ങൾക്ക് പ്രത്യേകം നികുതി ഈടാക്കാവുന്നതാണ്. ജന പങ്കാളിത്തത്തോടെ നികുതി പിരിവും ഊർജ്ജിതമാക്കണം.

## തൊഴിൽ നികുതി:

തൊഴിൽ നികുതിയിനത്തിൽ ഏറ്റവും കൂടുതൽ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നത് പേരാമ്പ്ര എസ്റ്റേറ്റിൽ നിന്നാണ്. തൊഴിൽ നികുതി നൽകുന്ന മുഴുവൻ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസ്

പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. വരുമാനത്തിനനുസൃതമായി എല്ലാവരിൽ നിന്നും നികുതി ഈടാക്കാവുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**വിനോദ നികുതി:**

പഞ്ചായത്തിൽ ഒരു സിനിമാതിയറ്റർ ആരംഭിച്ചാൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

**മറ്റു ധനാഗമന മാർഗ്ഗങ്ങൾ:**

പെരുവണ്ണാമൂഴി ടൂറിസ്റ്റുകേന്ദ്രത്തിലെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കൻ കഴിയും.

**ഖനനം:**

5-ാം വാർഡിലെ പയ്യാനിക്കോട്ട ഇരുമ്പയിര് ഖനനത്തിന് സാദ്ധ്യതയുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. പദ്ധതി നടപ്പായാൽ ധാരാളം ആളുകൾക്ക് തൊഴിൽ ലഭിക്കുകയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യും. വിവിധ ഭാഗങ്ങളിലെ പുഴകളിൽ നിന്ന് മണൽ വാരുന്നതിന് പ്രത്യേകം ഫീസ് ഏർപ്പെടുത്തിയാൽ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം. (പരിസ്ഥിതി പ്രശ്നം ഉണ്ടാകാത്ത രീതിയിൽ).

ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം പരമാവധി തുക സ്വരൂപിച്ചാൽ വരുമാനം വർദ്ധിപ്പിക്കാം.

**മനുഷ്യാദ്ധ്വാനവും ബോധവൽക്കരണവും**

പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് അതാതു പ്രദേശത്തെ മനുഷ്യാദ്ധ്വാന ഉപയോഗപ്പെടുത്താവുന്നതാണ്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സാമൂഹ്യപ്രവർത്തകരെ ഉപയോഗിക്കാവുന്നതാണ്.

ഗ്രാമസഭാ ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിഭവസമാഹരണം സംബന്ധിച്ച പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രശ്നങ്ങൾ:**

1. പുറംപോക്കുഭൂമിയും മിച്ചഭൂമിയും പഞ്ചായത്തിന് ലഭ്യമാക്കുക.

2. വീട്ടു നികുതി കാര്യക്ഷമമായി നടപ്പാക്കുന്നില്ല.

3. വൻകിട കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഈടാക്കുന്നില്ല.

4. പാറകൾ ഇരുമ്പയിര് എന്നിവ ഖനനം ചെയ്യുന്നില്ല.

5. മനുഷ്യാദ്ധ്വാനം ഉപയോഗകപ്പെടുത്തുന്നില്ല.

6. സിനിമാശാലകൾ ഇല്ല.

**സാധ്യതകൾ:**

1. പുറംപോക്കുഭൂമി മിച്ചഭൂമി എന്നിവ പഞ്ചായത്തിന് ലഭ്യമാക്കുക.

2. വീട്ടു നികുതി കാലോചിതമയി പരിഷ്കരിക്കുകയും വൻകിട കെട്ടിടങ്ങൾക്ക് പ്രത്യേകം നികുതി ഏർപ്പെടുത്തുകയും ചെയ്യുക.

3. പാറകൾ, ഉരുമ്പയിര്, എന്നിവ ഖനനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

4. പൊതുപ്രവർത്തനങ്ങളിൽ മനുഷ്യശക്തി ഉപയോഗപ്പെടുത്തുക.

5. പഞ്ചായത്തിൽ സിനിമാശാലകൾ ആരംഭിക്കുക.

6. പഞ്ചായത്തിന് വരുമാനം വർദ്ധിക്കാനുള്ള മറ്റു സാദ്ധ്യതകൾ കണ്ടെത്തുക.

## 5-13

# ടൂറിസം

കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം നേടിയ പെരുവണ്ണാമൂഴി ഈ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്താണ്. കാനന ഭംഗിയുടെ പശ്ചാത്തലത്തിൽ സ്ഥിതി ചെയ്യുന്ന നീല ജലാശയം. ഇതിൽ മുങ്ങി കുളിച്ചു നിൽക്കുന്ന ഇടവിട്ടിടവിട്ടുള്ള ചെറു ദ്വീപുകൾ പോലെ തോന്നിക്കുന്ന മനോഹരമായ കുന്നുകൾ. പ്രകൃതി അതിന്റെ സൗന്ദര്യം വാരിക്കോരി ചൊരിഞ്ഞിരിക്കുന്ന പ്രദേശം. ടൂറിസ്റ്റുകൾക്ക് ആസ്വദിക്കാനുള്ള മനസിനു കുളിർമേയകുന്ന അകൃത്രിമമായ സൗന്ദര്യ ദർശനം. പർവ്വത നിരകളുടെ അപൂർവ്വ സംഗമം. അവാച്യമായ കാനന ഭംഗി. മീനുകൾ പുളകച്ചാർത്തുകൾ സൃഷ്ടിക്കുന്ന ജലാശയത്തിന്റെ പ്രൗഢ ഗംഭീരമായ അഗാധ നീലിമ. തുരുത്തുകളിൽ ചേക്കേറാൻ വെമ്പുന്ന പക്ഷികളുടെ ചിറകടിയൊച്ചകൾ. ഇവയെല്ലാം അനുഭൂതികളുടെ പാരമ്യത്തിലെത്തിക്കുന്ന ജലാശയത്തിലൂടെ ബോട്ടു യാത്ര. ഈ പ്രകൃതി ഭംഗിയെല്ലാം ആസ്വദിച്ചുകൊണ്ടും വീക്ഷിച്ചുകൊണ്ടും 450 അടി ഉയരത്തിൽ പ്രൗഢ ഗംഭീരമായി തലയുയർത്തി നിൽക്കുന്ന പയ്യാനി കോട്ട........... വിനോദ സഞ്ചാരതത്തിന് ഒരു ഗ്രാമത്തിനു നൽകാവുന്ന പശ്ചാത്തല സൗകര്യമായ ഈ സൗന്ദര്യം നമുക്ക് ഉപയോഗപ്പെടുത്തിക്കൂടെ?

ചക്കിട്ടപാറ പഞ്ചായത്തിലെ ഈ ടൂറിസ്റ്റു കേന്ദ്രത്തെപ്പറ്റിയുള്ള അറിവ് കേരളത്തിനു തുറന്നു കാട്ടിയത്, മുൻ മന്ത്രിയും എം. പി യുമായിരുന്ന ഡോ. കെ.ജി അടിയോടിയും പിന്നീട് കോഴിക്കോട് കലക്ടറായിരുന്ന കെ. ജയകുമാറുമാണ്. അവരുടെ പ്രയത്ന ഫലമായി അണക്കെട്ടിനോടനുബന്ധിച്ച് ഒരു പൂന്തോട്ടവും ജലാശയത്തിൽ കൂടി 5 കി.മി ദൂരം കക്കയം വരെ ബോട്ടു യാത്രയും സംഘടിപ്പിച്ചിരുന്നു. ദിവസവും വന്നെത്തിക്കൊണ്ടിരിക്കുന്ന 2000 ത്തോളം ടൂറിസ്റ്റുകൾക്കും പഠന സംഘങ്ങൾക്കും ജലാശയത്തിലെ വിവിധ ദ്വീപുകളും പക്ഷി സങ്കേതവും സന്ദർശിക്കുവാൻ ഇന്നും അവസരം ലഭിച്ചുകൊണ്ടിരിക്കുന്നു.

വനം വകുപ്പിന്റെ കീഴിലുള്ള ഒരു മുതല വളർത്ത് കേന്ദ്രവും സ്നേക്ക് പാർക്കും ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. നാമാവശേഷമായി മാറിയ മാൻ വളർത്തു കേന്ദ്രവും പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. ഡോ. കെ. ജി അടിയോടിയുടെ നിര്യാണവും കലക്ടറുടെ സ്ഥലമാറ്റവും ടൂറിസത്തിന്റെ വളർച്ച മന്ദഗതിയിലാക്കി.

മനോഹരമായ ജലധാരകളോടു കൂടിയ നല്ല പൂന്തോട്ടം, ആധുനിക സൗകര്യങ്ങളുള്ള ചിൽഡ്രൻസ് പാർക്ക്, വർണ്ണ ഭംഗിയോടുകൂടിയ ഇലക്ട്രിസിറ്റി ലൈറ്റുകൾ എന്നിവ ആവശ്യമാണ്. ഇവിടെ വന്നെത്തിക്കൊണ്ടിരിക്കുന്ന ടൂറിസ്റ്റുകൾക്കും പഠനത്തിനെത്തുന്ന വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രഥമിക സൗകര്യങ്ങൾ ലഭ്യമല്ല. നല്ല ഭക്ഷണ ശാലകളുടെ അഭാവം പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഡാമിനു മുകളിലൂടെയുള്ള റോപ്പ് വേ, വിശാലമായ ജലപ്പരപ്പിലൂടെയുള്ള ബോട്ട് യാത്ര എന്നിവ ഏതൊരു സഞ്ചാരിയുടെയും സ്വപ്നമാണ്. അവിടവിടങ്ങളിലായി സ്ഥിതി ചെയ്യുന്ന കൊച്ചു കൊച്ചു ദ്വീപുകളിൽ കോട്ടേജുകൾ പണിതാൽ സഞ്ചാരികളെ ആകർഷിക്കാൻ

കഴിയും. ഒരു വന്യ മൃഗ പാർക്ക് സ്ഥാപിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് പെരുവണ്ണാമൂഴി. അടുത്തുള്ള ഫോറസ്റ്റ് റേഞ്ചിന്റെ കീഴിലുള്ള സ്ഥലത്ത് സിംഹം കടുവ തുടങ്ങിയ വന്യ മൃഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാഴ്ച ബംഗ്ലാവിന് സാധ്യത ഏറെയുണ്ട്. സാമ്പത്തികമായി ഒരു ചാർജ്ജ് ഈടാക്കാനും സാധിക്കും.

ദേശീയ സുഗന്ധവിള ഗവേഷണ കേന്ദ്രം ഗവേഷണ വിദ്യാർത്ഥികളേയും വിജ്ഞാന കുതുകികളേയും ആകർഷിക്കുന്നതാണ്. മത്സ്യ സമ്പത്തുകൊണ്ട് അനുഗൃഹീതമായ പെരുവണ്ണാമൂഴി ജലാശയത്തിനു സമീപം ഒരു ശുദ്ധജല അക്വേറിയം സ്ഥാപിക്കുന്നതിന് വേണ്ട എല്ലാ സാധ്യതകളുമുണ്ട്. പെരുവണ്ണാമൂഴിയിൽ നിന്ന് 10. കി.മി അകലെ സ്ഥിതി ചെയ്യുന്ന പയ്യാനിക്കോട്ട മല കയറ്റം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പയ്യാനി കോട്ടയിൽ നിന്ന് 5 കി.മി ദൂരത്തിലാണ് കക്കയം പവ്വർ ഹൗസ് സ്ഥിതി ചെയ്യുന്നത്. പയ്യാനി കോട്ടയും കക്കയം പവ്വർഹൗസും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട്, റോഡ് നിർമ്മിക്കേണ്ടിയിരിക്കുന്നു. പെരുവണ്ണാമൂഴിയിൽ ഡാം പരിസരം ഉൾപ്പെടുത്തി ടൂറിസ്റ്റുകൾക്ക് കുതിര സവാരി ഏർപ്പെടുത്താവുന്നതാണ്.

## പ്രശ്നങ്ങൾ

1. പെരുവണ്ണാമൂഴി ഡാമിന് പ്രവേശന കവാടം നിലവിലില്ല.

2. ബസ്സ് സ്റ്റാൻഡോ, ടാക്സി സ്റ്റാൻഡോ നിലവിലില്ല.

3. ശുദ്ധ ജല അക്വേറിയമോ പാമ്പു വളർത്തൽ കേന്ദ്രമോ ഇല്ല

4. മുതല വളർത്തു കേന്ദ്രം നാമമാത്രമാണ്. കാഴ്ച ബംഗ്ലാവ് ഇല്ല.

5. വന്യമൃഗ പാർക്ക് ഇല്ല. പയ്യാനി കോട്ട മലകയറ്റം പ്രോത്സാഹനം ഇല്ല.

6. പ്രഥമിക സൗകര്യങ്ങളില്ല. ഹോട്ടൽ സൗകര്യമില്ല.

7. സംഗീത ജലധാരയില്ല. ദീപാലങ്കാരമില്ല. കുതിര സവാരിയില്ല.

8. നീന്തൽ കുളമില്ല. ദ്വീപുകളിൽ റിസോർട്ടുകൾ നിലവിലില്ല.

9. കെ.ടി.ഡി.സി ഹോട്ടൽ നിലവിലില്ല. ഷോപ്പിംഗ് കോംപ്ലക്സ് ഇല്ല.

## സാധ്യതകൾ

1. ഡാമിനു താഴത്ത് മനോഹരമായ ഒരു പ്രവേശന കവാടം നിർമ്മിക്കണം.

2. ഇറിഗേഷൻ പരിസരത്ത് ബസ് സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ് എന്നിവ നിർമ്മിക്കുക.

3. നിലവിലുള്ള പൂന്തോട്ടം വിപുലീകരിച്ച് മോടി പിടിപ്പിച്ച് സംഗീത ജലധാരകൾ നിർമ്മിക്കുക.

4. കുട്ടികളുടെ പാർക്കും അക്വേറിയവും നിർമ്മിക്കുക.

5. പ്രാഥമിക സൗകര്യങ്ങൾ, മുതല വളർത്തു കേന്ദ്രം, പാമ്പു വളർത്തു കേന്ദ്രം എന്നിവ വിപുലീകരിക്കുക.

6. മലകയറ്റത്തെ പ്രോത്സാഹിപ്പിക്കുക, ഹോട്ടൽ സൗകര്യം ഉണ്ടാക്കുക.

7. മാൻ വളർത്തു കേന്ദ്രം, കാഴ്ച ബംഗ്ലാവ് എന്നിവ നിർമ്മിക്കുക.

8. വന്യ മൃഗ പാർക്കും റോപ്പ് വേയും ബോട്ട് സർവ്വീസും നടപ്പിലാക്കുക.

9. ഡാമിനു താഴെയുള്ള പുഴയോട് ചേർത്ത് വെള്ളം കെട്ടി നിർത്തി കളിപ്പൊയ്ക ഉണ്ടാക്കുക. ഐസ്ക്രീം പാർലർ നിർമ്മിക്കുക.


10. കുതിര സവാരി ആരംഭിക്കുക. ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കുക.

11. നീന്തൽ കുളം റിസോർട്ടുകൾ എന്നിവ നിർമ്മിക്കുക.

12. പയ്യാനി കോട്ട കക്കയം റോഡ് നിർമ്മിക്കുക.

13. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ബസ് സർവ്വീസ് ആരംഭിക്കുക.

14. പെരുവണ്ണാമൂഴിയെ കേന്ദ്ര ഗവൺമെന്റിന്റെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുക.



# 6

# ഉപസംഹാരം

ജനങ്ങളുടെ ഭൗതിക ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന സാമൂഹ്യ പ്രക്രിയയാണ് വികസനം. വികസനത്തെപ്പറ്റി ഇന്നു നിലനിൽക്കുന്ന നിസ്സംഗത മാറണം. റോഡും പാലവുമാണ് വികസനം എന്ന ഇന്നത്തെ നിലയിൽ നിന്ന്, വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്കപ്പുറം, കാർഷിക വ്യവസായിക ഉൽപ്പാദന വർദ്ധവിലേക്ക്, അതുവഴി സേവന മേഖലയുടെ വികാസത്തിലേക്ക് നമ്മുടെ വികസന തന്ത്രം മാറണം. എല്ലാവർക്കും തൊഴിൽ, വിദ്യാഭ്യാസം, ഭക്ഷണം, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം ഇവ ലഭ്യമാക്കുന്ന സാമൂഹ്യ വികസന പ്രക്രിയയിലേക്ക് നാം മാറണം.

വികസനത്തിന്റെ അടിസ്ഥാന ഘടകമാണ് ധനം. വേണ്ടത്ര വരുമാനമില്ലാതെ, വികസനം അസാധ്യമാണ്. പഞ്ചായത്തിന്റെ ഇന്നുള്ള വരുമാനം കൊണ്ട് വികസന പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ വരുമാനത്തിന്റെ പുതിയ മേഖലകൾ കണ്ടെത്താൻ നമുക്കു കഴിയണം. യാഥാർത്ഥ്യ ബോധത്തോടെ പദ്ധതികൾ രൂപീകരിച്ച് സാമ്പത്തിക ഏജൻസികൾക്ക് സമർപ്പിച്ച് ഫണ്ട് കണ്ടെത്താവുന്നതാണ്. സർക്കാർ നൽകുന്ന 40% തുക തന്നെ കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് വലിയ മാറ്റങ്ങൾക്ക് കാരണമാവും.

ജനകീയ ആസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ വികസനം, സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ ഔദാര്യമല്ലെന്നും അതു ജനങ്ങളുടെ അവകാശമാണെന്നുള്ള അവബോധം സാർവ്വത്രികമായി ഉണ്ടാകണം.

ഇന്നു നിലനിൽക്കുന്ന അഴിമതിയും അരാജകത്വവും ഫലപ്രദമായ ജനകീയ ഇടപെടലുകളിലൂടെ പരിഹരിക്കാൻ കഴിയണം. പദ്ധതി നടത്തിപ്പിലുള്ള ചോർച്ച തടയാൻ കഴിയണം. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തണം.

രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിലൂടെയും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിലൂടെയും മാത്രമെ വികസനം അതിന്റെ പൂർണ്ണത നേടുകയുള്ളൂ. ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തഴയപ്പെടുന്ന ജനവിഭാഗങ്ങളെ മോചിപ്പിക്കാൻ വിവിധ പ്രവർത്തനങ്ങൾ സംയോജിതമായി നടപ്പിലാക്കണം. അനുദിനം ദുസ്സഹമായിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജനതയുടെ ജീവിതം പുഷ്ടിപ്പെടുത്തിക്കൊണ്ട്, പാവപ്പെട്ടവന്റെ നിലനിൽപ്പിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നമുക്ക് മുന്നേറണം.

ഗ്രാമസഭകളിലൂടെ ജനങ്ങൾ പ്രകടമാക്കിയ വികസന പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കണം. അവരുന്നയിച്ച നിർദ്ദേശങ്ങളെ വിശദമായി പഠിച്ച് പ്രൊജക്ടുകൾ ഉണ്ടാക്കണം. മുൻഗണനാക്രമം നിർണ്ണയിച്ച് പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ദ സംഘം നിരന്തരം പ്രവർത്തിക്കണം.

കക്ഷിരാഷ്ട്രീയ ബോധത്തിൽ നിന്നും വികസനത്തിന്റെ രാഷ്ട്രീയ ബോധത്തിലേക്ക് ബഹുജനസംഘടനകളും ജനങ്ങളും ഉയരുകയും ജനശക്തിയെ വികസനപ്രക്രിയയിൽ പങ്കാളികളാക്കുന്ന ചാലകശക്തിയായി പ്രവർത്തിപ്പിക്കാനും നമുക്ക് കഴിയണം. അതുകൊണ്ട് തന്നെ വികസന റിപ്പോർട്ട് സമ്പുഷ്ടമാക്കി പ്രശനങ്ങൾ പരിഹരിക്കാനുള്ള പ്രതിജ്ഞാബദ്ധത നിലനിർത്തിയേ പറ്റൂ.

ഈ വികസന റിപ്പോർട്ട് കുറ്റമറ്റതാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. റിപ്പോർട്ട് തയ്യാറാക്കാൻ നിരവധിപേരുടെ സഹായം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന വികസനപ്രതീക്ഷയെ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ വികസന റിപ്പോർട്ട് ചക്കിട്ടപാറ പഞ്ചായത്ത് വികസന സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു; വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും പരിഷ്ക്കാരത്തിനും വേണ്ടി..........

**ഭരണ സമിതി**

## വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

### 1. കൃഷി - ജലസേചനം
C.P. ദേവസിക്കുട്ടി (കൺവീനർ)
D.ജോസഫ് മാസ്റ്റർ
പള്ളുരുത്തി ജോസഫ്
K.R ചെറിയാൻ
എ.വി ഷാജു

### 2. മത്സ്യബന്ധനം മൃഗസംരക്ഷണം
P.P. ഗോപാലൻ (കൺവീനർ)
ജെയിംസ് E.A
C.K. മോഹനൻ
K.P.T. ബാലൻ

### 3. വിദ്യാഭ്യാസം
പൗളിൻ ജോണി (കൺവീനർ)
കുഞ്ഞമ്മദ് മാസ്റ്റർ
ബേബി മാസ്റ്റർ
K.J. അഗസ്റ്റിൻ
K.M. ജോസ്
ഫ്രാൻസിസ് വല്ലൂർ
പി.ടി ജോസഫ്

### 4. കുടിവെള്ളവും പൊതുജനാരോഗ്യവും
ജെസ്സി തോമസ് (കൺവീനർ)
K.P. മനോഹരൻ
T.K. ഗോപാലൻ

### 5. വ്യവസായം
വർഗ്ഗീസ് ചെറിയാൻ മുക്കള്ളിൽ (കൺവീനർ)
ജോർജ്ജ് വളയത്ത്
E.S. ജെയിംസ്
പ്രാകശൻ M.K
ജോസ് കാരിവേലിൽ

### 6. ഗതാഗതം, ഊർജം, മാർക്കറ്റ്
ബേബി കാപ്പുകാട്ടിൽ (കൺവീനർ)
V.M. അബൂബക്കർ
സെബാസ്റ്റ്യൻ പുഞ്ചാക്കുന്നേൽ
ജോസ് വല്ലൂർ

### 7. പാർപ്പിടവും സാമൂഹ്യക്ഷേമവും
ഏലിക്കുട്ടി വർഗ്ഗീസ് (കൺവീനർ)
മോളി തലച്ചിറ
N.A. ബാലകൃഷ്ണൻ

### 8. സംസ്കാരം
പോൾസൺ കെ.എം. (കൺവീനർ)
V.V. കുഞ്ഞിക്കണ്ണൻ
റഷീദ് മുതുകാട്
P.R. പ്രസന്നൻ

### 9. വനിതാക്ഷേമം
കുഞ്ഞിമാത T.K (കൺവീനർ)
C.K. ശശി
മോളി പൈലോ
A.M ഗംഗാധരൻ

### 10. സഹകരണം
തങ്കമ്മ ജോസഫ് (കൺവീനർ)
സുരേഷ് N.S
എം.ജെ. ത്രേസ്യ

### 11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
C.M. ഗോവിന്ദൻ (കൺവീനർ)
ടോമി അമ്പാട്ട്
C.K. അഗസ്റ്റിൻ
ചിയാമു മാസ്റ്റർ

### 12. വിഭവ സമാഹരണം
ഹമീദ് ആവള (കൺവീനർ)
T.K. ചന്ദ്രഹാസൻ
സത്യൻ K.C

### 13. ടൂറിസം
മാത്യു മലയാറ്റൂർ (കൺവീനർ)
O.C. കുഞ്ഞിക്കേളപ്പൻ
നാണു കോറോത്ത്
M. മുരളി

# അധികാരം ജനങ്ങൾക്ക്



**അധികാരവികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമ തല ആസൂത്രണം**

**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**

**നാൽപ്പത് ശതമാനം പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്**

**വികസനപ്രക്രിയ അഴിമതിരഹിതമാകുന്നു**

**ബഹുജന സഹകരണം അനിവാര്യം**